# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2019 ജൂൺ 27, വ്യാഴം

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി-ഇൻ-ചാർജ്

**ശ്രീ. സി. ജോസ്**

ചീഫ് എഡിറ്റർ

**ശ്രീമതി വി.ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

424/21

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..30

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..86

(iii) അടിയന്തര ചോദ്യം ..

**II തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 2210-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ..422

**III അടിയന്തരപ്രമേയ നോട്ടീസ്** ..422

**IV ശ്രദ്ധ ക്ഷണിക്കൽ**

(1) ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്

—ശ്രീമതി സി. കെ. ആശ

(രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല) ..424

**V സബ്മിഷൻ**

(1) അഗ്നിരക്ഷാനിലയം

—ശ്രീ. ചിറ്റയം ഗോപകുമാർ ..428

(2) ധനസഹായ അപേക്ഷകൾക്കുള്ള കാലാവധി

—ശ്രീ. അൻവർ സാദത്ത് ..429

(3) താലൂക്ക് രൂപീകരണം

—ശ്രീ. പി. സി. ജോർജ് ..431

(4) തുക അനുവദിക്കൽ

—ശ്രീ. എ. പ്രദീപ്കുമാർ ..433

(5) സ്മാരകം

—ശ്രീ. എസ്. ശർമ്മ ..435

(6) ക്യാൻസർ ചികിത്സാ സൗകര്യം

—ശ്രീ. കെ. ബാബു ..437

*പേജ്*

(7) മെഡിക്കൽ കോളേജിന്റെ നിർമ്മാണം

—ശ്രീ. എൻ. എ. നെല്ലിക്കുന്ന് ..439

(8) ലക്ചറർ നിയമനം

—ശ്രീ. എ. എൻ. ഷംസീർ ..442

(9) തടവുകാർ ജയിൽചാടിയ സംഭവം

—പ്രതിപക്ഷനേതാവ്
(ശ്രീ.രമേശ് ചെന്നിത്തല) ..443

(10) പാരിസ്ഥിതിക പ്രശ്നം

—ശ്രീ. വി. ഡി. സതീശൻ ..445

(11) കഞ്ചിക്കോട്-പുതുശ്ശേരി വ്യവസായ മേഖല

—ശ്രീ. ഷാഫി പറമ്പിൽ ..449

**VI റിപ്പോർട്ടുകളുടെ സമർപ്പണം**

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, X, XII, XIV എന്നിവയുടെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടുകളും 2018-19 സാമ്പത്തിക വർഷത്തെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ടുകളും സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനെട്ട്പത്തൊൻപത് റിപ്പോർട്ടുകളും ..452

**VII ധനകാര്യം**

(1) 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ..453

(2) 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ..454

ധനാഭ്യർത്ഥന നമ്പർ —VIII — എക്സൈസ് ..455

ധനാഭ്യർത്ഥന നമ്പർ—XXIV — തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും ..459

ധനാഭ്യർത്ഥന നമ്പർ —XXV — പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ന്യൂനപക്ഷവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ..462

**അനുബന്ധം** ..575

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

*2019 ജൂൺ 27, വ്യാഴം*


| വാല്യം 176] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 16 |
|---|---|---|


നിയമസഭ 2019 ജൂൺ മാസം 27-ാം തീയതി വ്യാഴാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### I. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.. ഓർഡർ… ചോദ്യം നമ്പർ *451

### ഇ-ഓഫീസ് സംവിധാനം

1 (*451) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ഓഫീസ് സംവിധാനം ഏതൊക്കെ തലങ്ങളിലാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളത്;

(ബി) കേന്ദ്ര സർക്കാരിന് കീഴിലുള്ള എൻ.ഐ.സി. വികസിപ്പിച്ചെടുത്ത ഇ-ഓഫീസിന് പകരം പുതിയ സോഫ്റ്റ്‌വെയറിന് രൂപം നൽകുന്നതിനായി കേരള ഐ.ടി. മിഷൻ എന്നാണ് ടെണ്ടർ ക്ഷണിച്ചത്;

(സി) ഇതുപ്രകാരം എത്ര സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു; വിശദാംശം നൽകുമോ;

(ഡി) പുതിയ സംവിധാനത്തിന് എത്ര തുക മുടക്കേണ്ടിവന്നു;

(ഇ) നിലവിലുള്ള ഇ-ഓഫീസ് സംവിധാനം പിൻവലിക്കുന്നതിന് തീരുമാനിച്ചത് എന്ത് അടിസ്ഥാനത്തിലാണ്;

(എഫ്) ഇ-ഓഫീസ് പരിഷ്കരിക്കണമെന്ന് എൻ.ഐ.സി.-യോട് രേഖാമൂലം ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ അവരുടെ പ്രതികരണം എന്തായിരുന്നു; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) സർക്കാർ ഓഫീസുകൾ കടലാസ്‌രഹിതമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകൾ, 14 കളക്ടറേറ്റുകൾ, 15 സബ് ഡിവിഷൻ ഓഫീസുകൾ, 60 ഡയറക്ടറേറ്റുകൾ/ കമ്മീഷണറേറ്റുകൾ/മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ മുഴുവൻ വകുപ്പുകൾക്കുംവേണ്ടിയുള്ള പുതിയ ഡിജിറ്റൽ വർക്ക്പ്ലേസ് സൊല്യൂഷനുവേണ്ടിയുള്ള ടെണ്ടർ പ്രസിദ്ധീകരിച്ചത് 30-05-2019-ലാണ്.

(സി & ഡി) ടെണ്ടർ നടപടികൾ പൂർത്തിയായാൽ മാത്രമേ ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

(ഇ&എഫ്) ഇ-ഓഫീസിന് നിരവധി പോരായ്മകളുണ്ടായിരുന്നതിനാൽ പ്രസ്തുത വിഷയം 19-1-2017-ൽ കൂടിയ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഇ-ഗവേണൻസുമായി ബന്ധപ്പെട്ട സംസ്ഥാനതല അപെക്സ് കമ്മിറ്റി പരിഗണനയ്ക്കെടുക്കുകയും ഇ-ഓഫീസ് വെർഷൻ 2.0 തയ്യാറാക്കാൻ എൻ.ഐ.സി.-യെ ചുമതലപ്പെടുത്തുകയും സർക്കാർ ഉത്തരവ് പ്രകാരം ആയതിനുള്ള നിർദ്ദേശം എൻ.ഐ.സി.-ക്ക് നൽകുകയും ചെയ്തു. 2017 മാർച്ച് മാസത്തിൽ ഇ-ഓഫീസ് പ്രതിസന്ധി രൂക്ഷമായതിനാൽ 25-03-2017-ൽ അന്നത്തെ ചീഫ് സെക്രട്ടറി ഒരു അടിയന്തര യോഗം വിളിക്കുകയും ഇ-ഓഫീസിലെ പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കണമെന്നും വെർഷൻ 2.0 തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം 18-4-2017-നുമുമ്പ് സമർപ്പിക്കണമെന്നും നിർദ്ദേശം നൽകി. എന്നാൽ ഇ-ഓഫീസിലെ പ്രശ്നങ്ങൾക്ക് പരിഹാരമാകുകയോ പുതിയ വെർഷൻ 2.0 തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം എൻ.ഐ.സി. നൽകുകയോ ചെയ്തില്ല. പ്രസ്തുത സാഹചര്യത്തിൽ പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നതിനായി ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി 5 അംഗ സെക്രട്ടറിതല കമ്മിറ്റി 17-7-2017-ലെ ഉത്തരവുപ്രകാരം രൂപീകരിച്ചിരുന്നു. 26-7-2017-ൽ കൂടിയ പ്രസ്തുത സമിതിയുടെ ആദ്യ യോഗത്തിൽ സംസ്ഥാനത്തെ മുഴുവൻ വകുപ്പുകൾക്കുംവേണ്ടിയുള്ള ഒരു പുതിയ ഫയൽ പ്രോസസ്സിംഗ് സോഫ്റ്റ്‌വെയർ ഓപ്പൺ മാർക്കറ്റിൽനിന്നും വാങ്ങുന്നതിന് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പുതിയ ഡിജിറ്റൽ വർക്ക്പ്ലേസ് സൊല്യൂഷനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചത്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, മുഖ്യമന്ത്രി നൽകിയ ഉത്തരം വസ്തുതാപരമല്ല. 25-3-2017-ൽ അന്നത്തെ ചീഫ് സെക്രട്ടറി ഒരു യോഗം വിളിക്കുകയും ഇ-ഓഫീസ് പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിനായി വെർഷൻ 2.0 തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം 18-4-2017-ൽ മുമ്പുള്ള ഗവൺമെന്റ് എൻ.ഐ.സി.-ക്ക് കൊടുക്കുകയും ചെയ്തു. നിശ്ചയിച്ച തീയതിക്കുമുമ്പ് നൽകിയില്ലെങ്കിലും എൻ.ഐ.സി. പിന്നീട് സബ്മിറ്റ് ചെയ്തിട്ടുണ്ട്. ഒരു മാസമാണ് അതിന് സമയം നൽകിയത്. 26-7-2017-ൽ സമിതി കൂടി ശിപാർശ ചെയ്തിട്ടും രണ്ടുകൊല്ലം കഴിഞ്ഞാണ് ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്നത്. എൻ.ഐ.സി. സമർപ്പിച്ച റിപ്പോർട്ടിന് കാലതാമസമുണ്ടായിയെന്നുപറഞ്ഞ് മാറ്റിവച്ച് ഇതിന്റെ മുഴുവൻ ചുമതലയും സ്വകാര്യ മേഖലയ്ക്ക് കൈമാറാനുള്ള കാരണമെന്താണെന്ന് അങ്ങ് അന്വേഷിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, നല്ലനിലയിൽ കാര്യങ്ങൾ പോകുമെന്ന ധാരണയുടെ അടിസ്ഥാനത്തിലായിരുന്നു എൻ.ഐ.സി.-യെ ഏൽപ്പിച്ചത്. എൻ.ഐ.സി. നേരത്തെ അവകാശപ്പെട്ട കാര്യങ്ങൾ നടന്നില്ല എന്നുള്ളതാണ് വസ്തുത. എൻ.ഐ.സി. ആദ്യം പറഞ്ഞിരുന്നത് ഡി.ഡി.എഫ്.എസ്. ഫയലിംഗിനും ഫയൽ നീക്കത്തിനുമുള്ള സോഫ്റ്റ്‌വെയറും ഇ-ഓഫീസ് വിവിധോദ്ദേശ്യമായ സിസ്റ്റവുമാണെന്നാണ്. ഇ-ഓഫീസ് തയ്യാറാക്കിയ എൻ.ഐ.സി.-ക്ക് സംസ്ഥാന തലത്തിലും ജില്ലാതലങ്ങളിലും നല്ല രീതിയിൽ പ്രവർത്തിക്കുന്ന സംവിധാനങ്ങളുള്ള തുകൊണ്ട് സോഫ്റ്റ്‌വെയർ വിന്യാസത്തിനും പിന്നീടുള്ള മെയിന്റനൻസിനും ആയത് സഹായകരമാകും. എൻ.ഐ.സി. തന്നെ തയ്യാറാക്കിയതായതിനാൽ IDEAS-ഉം അതുപോലെ ഇ-ഡിസ്ട്രിക്ട് പോലുള്ള സംവിധാനങ്ങളുമായി വളരെ വേഗം സംയോജിപ്പിക്കാൻ കഴിയും. എൻ.ഐ.സി.-ക്ക് സ്വന്തമായി ദേശീയതലത്തിൽ നെറ്റ്‌വർക്കുള്ളതിനാൽ കേന്ദ്ര-സംസ്ഥാന സർക്കാരുമായുമുള്ള കത്തിടപാടുകൾ നടത്താൻ സാധിക്കും. എൻ.ഐ.സി. നൽകുന്ന സോഫ്റ്റ്‌വെയറും പിന്നീടുള്ള പരിഷ്കാരങ്ങളും സൗജന്യമായിരിക്കും. ട്രെയിനിംഗ്, നെറ്റ്‌വർക്കിംഗ്, കസ്റ്റമൈസേഷൻ എന്നിവയ്ക്കുമാത്രമേ ചെലവുണ്ടാകുകയുള്ളൂ എന്നിങ്ങനെയാണ് അറിയിച്ചിരുന്നത്. പക്ഷേ മലയാളം ടൈപ്പ് ചെയ്യുന്നതിനും നോട്ടിംഗിലും ഡ്രാഫ്റ്റിംഗിലുമുള്ള അലൈൻമെന്റിലും പേജ് നാവിഗേഷനുമുള്ള ബുദ്ധിമുട്ടും വിവിധ മാനദണ്ഡങ്ങൾ പ്രകാരമുള്ള റിപ്പോർട്ടുകൾ ലഭിക്കാത്ത അവസ്ഥയും വന്നു. ഒരു ഫയലിൽത്തന്നെ വിവിധതരം നമ്പറുകളുള്ളതുകൊണ്ട് ആയത് പിന്നീട് കണ്ടുപിടിക്കുന്നതിനും ഫയലുകളും തപാലുകളും സെർച്ച് ചെയ്ത് കണ്ടുപിടിക്കു ന്നതിനുമുള്ള ബുദ്ധിമുട്ടുവന്നു. ഒരു ചെറിയ കാര്യം ചെയ്യുന്നതിനുതന്നെ വളരെയധികം മൗസ് ക്ലിക്കുകൾ ആവശ്യമായി വരുന്ന അവസ്ഥയുണ്ടായി. സോഫ്റ്റ്‌വെയറിൽ ഉപയോഗിച്ചിരുന്ന സാങ്കേതിക വിദ്യ കാലപ്പഴക്കമുള്ളതായിരുന്നു. ഫയൽ ഓപ്പൺ ആകുന്നതിന് വലിയ

കാലതാമസംവന്നു. മറ്റ് വകുപ്പുകളിലേയ്ക്കും സെക്ഷനുകളിലേയ്ക്കും ഫയലുകൾ സ്ഥിരമായി ട്രാൻസ്ഫർ ചെയ്യാനോ പല ദിവസങ്ങളിലും പൂർണ്ണമായോ ഭാഗികമായോ ഇ-ഓഫീസിലേയ്ക്ക് ലോഗിൻ ചെയ്യാൻ സാധിക്കാനോ കഴിയാത്ത അവസ്ഥ വന്നു. എൻ.ഐ.സി.-യുമായി സർവ്വീസ് ലെവൽ എഗ്രിമെന്റില്ലാത്ത അവസ്ഥയുമുണ്ടായി. ഇതെല്ലാംകൂടി വന്നപ്പോഴാണ് എൻ.ഐ.സി.-യെ മാറ്റുന്നതിന് സെക്രട്ടറിതല കമ്മിറ്റി തീരുമാനമെടുക്കുന്നത്.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാനൊരു ഐ.ടി. എക്സ്പേർട്ടൊന്നുമല്ല, ഒരു സാധാരണക്കാരനാണ്. പക്ഷേ ഇൻഡ്യയിൽ ആന്ധ്രാപ്രദേശ് ഒഴികെ മറ്റെല്ലാ സംസ്ഥാനങ്ങളിലെയും ഐ.ടി. മാനേജ് ചെയ്യുന്നത് എൻ.ഐ.സി. ആണ്. അങ്ങുപറഞ്ഞതുപോലെ കേന്ദ്ര ഗവൺമെന്റുമായും മറ്റ് സംസ്ഥാനങ്ങളുമായി ഐ.ടി. മേഖലയിലുള്ള കമ്മ്യൂണിക്കേഷൻ നടത്തുന്നതിന് എൻ.ഐ.സി.-യെ ആശ്രയിക്കുന്നതായിരുന്നു നല്ലത്. പോരായ്മകളുണ്ടെങ്കിൽ അവ കണ്ടെത്തി പരിഹരിക്കാൻ സംവിധാനമുണ്ടാക്കുന്നതിനുപകരം അതുമുഴുവൻ മാറ്റി പുതിയ സംവിധാനം കൊണ്ടുവന്നാൽ തെറ്റുകൾ ആവർത്തിക്കും. ഒരു സമ്പ്രദായവും പൂർണ്ണമാകുകയില്ല. രണ്ട് വർഷത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിലുണ്ടായ പോരായ്മ കണ്ടെത്തി പരിഹരിക്കാൻ ശ്രമിക്കുന്നതിനുപകരം ടെക്നോപാർക്കിലെ ഒരു സ്വകാര്യ കമ്പനിയെ ഏൽപ്പിച്ച് ചെയ്യാൻ പോകുന്നതുമൂലം മുഴുവൻ തെറ്റുകളും ആവർത്തിക്കാൻ പോകുകയാണെന്ന് അറിയിക്കുന്നു. ദയവായി ഇക്കാര്യങ്ങൾ പരിശോധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, എൻ.ഐ.സി.-യുമായി വിവിധ ഘട്ടങ്ങളിൽ കാര്യങ്ങൾ ചർച്ച ചെയ്തിരുന്നു. അതിന്റെ ഭാഗമായി എൻ.ഐ.സി., സെക്രട്ടേറിയറ്റിലെ നെറ്റ്‌വർക്കിംഗ് ഉപകരണങ്ങളുടെ കാര്യക്ഷമതയില്ലായ്മയും അനക്സ് 2-ലെ മുഴുവൻ ഡിസ്ട്രിബ്യൂഷൻ സ്വിച്ചുകളും പഴയ കോൺഫിഗറേഷനിലുള്ള കമ്പ്യൂട്ടറുകളും മാറ്റിസ്ഥാപിക്കണമെന്ന് നിർദ്ദേശിക്കുകയായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഭീമമായ തുക ചെലവഴിച്ച് അനക്സ് 2-ലെ മുഴുവൻ ഡിസ്ട്രിബ്യൂഷൻ സ്വിച്ചുകളും മാറ്റിസ്ഥാപിക്കുകയും ആയിരത്തോളം കമ്പ്യൂട്ടറുകൾ പുതുതായി വാങ്ങി സ്ഥാപിക്കുകയും ചെയ്തു. പക്ഷേ, ഇ-ഓഫീസിലെ പ്രശ്നങ്ങൾക്ക് യാതൊരു പരിഹാരവും ഉണ്ടാകാത്തതിനാൽ വലിയ ആക്ഷേപം ഉന്നയിച്ച ഘട്ടത്തിലാണ് ഇതിനൊരു പരിഹാരം കണ്ടെത്തുന്നതിന് അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം) ചെയർമാനും അഡീഷണൽ ചീഫ് സെക്രട്ടറി (ആസൂത്രണ സാമ്പത്തികകാര്യം) മെമ്പറും പ്രിൻസിപ്പൽ സെക്രട്ടറി (പൊതുഭരണം), പ്രിൻസിപ്പൽ സെക്രട്ടറി (ഉദ്യോഗസ്ഥ ഭരണ പരിഷ്കാരം), സെക്രട്ടറി (ഇലക്ട്രോണിക്സും വിവര സാങ്കേതികവും) മറ്റ് മെമ്പർമാരുമായിട്ടുള്ള കമ്മിറ്റി ഇതുപരിശോധിച്ച് റിപ്പോർട്ട് നൽകാൻ ചീഫ്

സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ തീരുമാനിക്കുന്നത്. ഇതിന്റെ ഭാഗമായാണ് റിപ്പോർട്ട് വന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതും. നമ്മുടെ അനുഭവത്തിൽ എൻ.ഐ.സി.-യുടെ പെർഫോമൻസ് നന്നായില്ല. മാത്രമല്ല, മറ്റുതരത്തിലുള്ള സംവിധാനങ്ങൾ ഉപയോഗിക്കുന്നത് ഒരു സംസ്ഥാനം മാത്രമല്ല, മറ്റ് പല സംസ്ഥാനങ്ങളുമുണ്ട്. അവിടെപ്പോയി ഇവർ ഒരു പഠനം നടത്തിയിട്ടുമുണ്ട്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, അങ്ങിപ്പോൾ മറുപടിയിൽ പറഞ്ഞത് 2017 മാർച്ച് മാസത്തിൽ ഇ-ഓഫീസ് പ്രതിസന്ധി രൂക്ഷമായതിനാലാണ് ഇക്കാര്യങ്ങളൊക്കെ ചെയ്തതെന്നാണ്. 3-4-2019-ൽ എൻ.ഐ.സി. സർക്കാരിനയച്ച കത്തിൽ പറയുന്നത് കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റിന്റെ ഇ-ഓഫീസ് ഇൻസ്റ്റലേഷൻ ഏകദേശം 11 ലക്ഷം ഇലക്ട്രോണിക് ഫയലും 4000 യൂസേഴ്സും ഉണ്ടെന്നാണ്. മാർച്ച് മാസം എന്നുപറയുന്നത് സർക്കാരിന്റെ ബില്ലുകൾ ക്ലിയർ ചെയ്യുന്നതും ഏറ്റവും കൂടുതൽ ഗവൺമെന്റ് ആക്ടീവാകുന്ന സമയവുമാണ്. ആ സമയത്ത് ഒരു technical glitch (സാങ്കേതിക തകരാർ) വരുന്നത് ഒരുപക്ഷേ സ്വാഭാവികമായിരിക്കും. നമ്മുടെ 4000 കമ്പ്യൂട്ടർ, നേരത്തെ അങ്ങ് പറഞ്ഞതുപോലെതന്നെ പഴയ സോഫ്റ്റ്‌വെയറും സെർവറുകളും മാറ്റുകയാണെങ്കിൽ നാളെ വർദ്ധിച്ച തുകയിൽ പ്രൈവറ്റ് സ്ഥാപനം പുതിയൊരു സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്താലും ഈ പ്രശ്നങ്ങൾതന്നെയുണ്ടാകും. ഹാർഡ്‌വെയറും സോഫ്റ്റ്‌വെയറും ഒരുമിച്ച് മാറ്റി അത് കാര്യക്ഷമമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗം ഐ.ടി.കാര്യങ്ങൾ അറിയാവുന്ന ആളാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് കൈകാര്യം ചെയ്യുന്ന മുഴുവൻ ആളുകളും അതായത് വിവര സാങ്കേതിക വകുപ്പ്, കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ, സ്റ്റേറ്റ് ഇ-ഗവേണൻസ് മിഷൻ ടീം, കെൽട്രോൺ, സ്റ്റേറ്റ് ഡാറ്റാ സെന്റർ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരെല്ലാം ഇ-ഓഫീസിന്റെ പ്രകടനം മോശമാണെന്ന് തുടർച്ചയായി പരാതിപ്പെടുകയായിരുന്നു. മാർച്ച് മാസത്തിലാണ് ഏറ്റവും കൂടുതൽ കാര്യങ്ങൾ നിർവ്വഹിക്കേണ്ടത്. അപ്പോഴാണ് പൂർണ്ണ സ്തംഭനാവസ്ഥയിലേയ്ക്ക് നീങ്ങിയത്. ഇതിന്റെയൊക്കെ ഭാഗമായിട്ടാണ് മറ്റൊരു സംവിധാനം ആലോചിക്കേണ്ടി വന്നത്. ഇതിന്റെ ഭാഗമായി അവരുമായി വിവിധ ഘട്ടത്തിൽ ചർച്ച നടത്തി. അതിൽ എൻ.ഐ.സി. കേരള, ഡൽഹി ഘടകങ്ങളുമായി പലവട്ടം ചർച്ച നടത്തിയിട്ടും ഇ-ഓഫീസിന്റെ പ്രവർത്തനത്തിൽ യാതൊരുവിധ പുരോഗതിയുമുണ്ടായില്ല. മാത്രമല്ല, ഒരുതവണയല്ല, രണ്ടുമൂന്നുവർഷം തുടർച്ചയായി പ്രധാന സന്ദർഭങ്ങളിൽ ഇതാകെ സ്തംഭിച്ചുപോകുന്ന അവസ്ഥ ഉണ്ടാവുകയും ചെയ്തു. അങ്ങനെയാണ് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല അപെക്സ് കമ്മിറ്റി ഇവരോട് ഇ-ഓഫീസ് വെർഷൻ 2.0 തയ്യാറാക്കണമെന്ന് ആവശ്യപ്പെടുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, സ്വതന്ത്ര സോഫ്റ്റ്വെയറായിരിക്കും എന്ന ഉശിരൻ പ്രഖ്യാപനത്തോടുകൂടിയാണ് അങ്ങയുടെ ഗവൺമെന്റ് അധികാരത്തിൽ വന്നത്. അതിൽനിന്ന് നയപരമായ മാറ്റമാണ് ഇപ്പോൾ ഈ നടപടിയിലൂടെ ഉണ്ടായിരിക്കുന്നത്. രോഗം അറിയാതെ ചികിത്സ നടത്തുന്ന സമ്പ്രദായത്തിലേയ്ക്കാണ് നമ്മൾ പൊയ്ക്കൊണ്ടിരിക്കുന്നത്. എല്ലാ സ്ഥലത്തും ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടണമെന്നതാണ് എൻ.ഐ.സി.-യുടെ പ്രധാനപ്പെട്ട നിർദ്ദേശം. ഇത് മന്ദഗതിയിലാകാനുള്ള കാരണം ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടാത്തതാണ്. ഇക്കാര്യത്തിൽ പ്രാഥമിക ജ്ഞാനമുള്ള എല്ലാപേർക്കും അറിയാം ഇതിന്റെ സ്പീഡ് വേണമെങ്കിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ വേണമെന്ന്. ഇതുവരെ സെക്രട്ടേറിയറ്റിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ മാറ്റിയിടാൻ തയ്യാറായിട്ടില്ല. ഇത് വേറെ ആർക്കോ കൊടുക്കാനുള്ള ഏർപ്പാടും തൽഫലമായി സർക്കാരുമായി ബന്ധപ്പെട്ട നിർണ്ണായക വിവരങ്ങൾ ഒരു സ്വകാര്യ ഏജൻസിയിലേയ്ക്ക് പോവുകയുമാണ്. ഈ കാലഘട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ട സ്വത്തെന്നുപറയുന്നത് ഡാറ്റയാണ്. ആ ഡാറ്റ മുഴുവൻ ഒരു സ്വകാര്യ ഏജൻസിക്ക് പോവുകയാണ്. അതിന്റെ സുതാര്യത നഷ്ടപ്പെടുകയാണ്. ഓരോ വർഷവും ഇതിൽ വരുന്ന ഓരോ മാറ്റങ്ങൾക്കും പുതിയ തുക അവർ ആവശ്യപ്പെടും. മറ്റൊരു പ്രശ്നം, ആന്വൽ മെയിന്റനൻസ് കോൺട്രാക്ടിന് ഭീമമായ തുക ആവശ്യപ്പെടും. എൻ.ഐ.സി. ഇപ്പോൾ ചെയ്തിരിക്കുന്ന സംവിധാനങ്ങൾക്ക് എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ അത് പരിഹരിക്കാനാവശ്യമായ സമയം കൊടുക്കാതെ കുഴപ്പം മുഴുവൻ അവരുടേതാണെന്ന് വരുത്തിത്തീർക്കാനുള്ള പരിപാടിയല്ലേ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതിൽ എല്ലാവരുടെയും സേവനത്തിന് നമ്മൾ പണം കൊടുക്കേണ്ടിവരും. എൻ.ഐ.സി.-യുടെ സേവനത്തിനും പണം കൊടുത്തിട്ടുണ്ട്. ആകെ 11,06,25,722 (11 കോടി ആറ് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി എഴുന്നൂറ്റി ഇരുപത്തിരണ്ട്) രൂപ അവർക്ക് കൊടുത്തതായിട്ടാണ് കണക്കുകൾ കാണുന്നത്. സേവനത്തിന് കാശ് കൊടുക്കുകയെന്നത് സ്വാഭാവികമാണ്. പക്ഷേ, നമ്മുടെ അനുഭവം, നിർണ്ണായക ഘട്ടങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് ഒട്ടേറെ പ്രയാസങ്ങളുണ്ടാകുകയും ആകെ സ്തംഭിച്ചുപോകുന്ന അവസ്ഥയുണ്ടാകുകയും ചെയ്തു എന്നുള്ളതാണ്. പരിഹരിക്കാൻ അവർ പറഞ്ഞ കാര്യങ്ങൾ മുഴുവൻ ഗവൺമെന്റ് ചെയ്തിട്ടും അതിന് പരിഹാരമായില്ല. വീണ്ടും അവരെ വിളിച്ച് ചർച്ച ചെയ്തു. പക്ഷേ ഒരുതരത്തിലുള്ള നടപടികളും അവരുടെ ഭാഗത്തുനിന്നുണ്ടായില്ല. അവർ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല. അതിന്റെ ഭാഗമായിട്ടാണ് മാർക്കറ്റിലുള്ള സോഫ്റ്റ്വെയർ സമ്പാദിക്കാനുള്ള ശ്രമം നടത്തുന്നത്. അത് ആർക്ക് എന്നൊക്കെയുള്ളത് ഇനി വരാൻ പോകുന്നതേയുള്ളൂ. ടെണ്ടർ നടപടികളിൽ നിൽക്കുകയാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, എൻ.ഐ.സി. സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നത് നിലവിലെ ഗവൺമെന്റ് സെക്രട്ടറിമാരും ജില്ലാ കളക്ടർമാരുമാണ്. അവർ ഇതിന്റെ അപാകതകൾ സംബന്ധിച്ച് രേഖാമൂലം എന്തെങ്കിലും പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; അതുപോലെ ഇത് സ്ഥാപിക്കുമ്പോൾ എത്ര രൂപ ചെലവ് വന്നുവെന്ന് പറയാൻ കഴിയില്ലെന്നാണ് അങ്ങയുടെ മറുപടി. എന്നാൽ എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; എസ്റ്റിമേറ്റഡ് കോസ്റ്റ് എത്രയാണ്; ശ്രീ. വി. ഡി. സതീശൻ ഇവിടെ ചൂണ്ടിക്കാട്ടിയതുപോലെ, വാർഷിക മെയിന്റനൻസിന് ഓരോ വർഷവും എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നു; അതിനെ സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; വിലയിരുത്തിയിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, വരാൻ പോകുന്നതിന്റെ കണക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായിട്ടുമാത്രമേ പറയാൻ കഴിയൂ. ഇവിടെ എല്ലാവർക്കും പരാതികളുണ്ടായി. സാധാരണഗതിയിൽ ഏത് ഗവൺമെന്റായാലും ഉള്ള സിസ്റ്റമനുസരിച്ച് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടറിതല മീറ്റിംഗുകൾ നടത്താറുണ്ട്. അതിൽ ഇതുമായി ബന്ധപ്പെട്ട പരാതികൾ പലപ്പോഴും ചർച്ച ചെയ്യപ്പെടും. അങ്ങനെയുള്ള സെക്രട്ടറിതല മീറ്റിംഗുകളുടെ അടിസ്ഥാനത്തിലാണ് ഇതിന് തുടക്കം കുറിക്കുന്നത്. അങ്ങനെയാണ് ഇക്കാര്യത്തിൽ തീരുമാനം വരുന്നത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, മറ്റുപല സംസ്ഥാനങ്ങളിലും പോയി ഇക്കാര്യം പഠിച്ചുവെന്ന് അങ്ങിവിടെ സൂചിപ്പിക്കുകയുണ്ടായി. അതിൽ രസകരമായ കാര്യം, കേരളത്തെക്കാൾ ഫയൽനീക്കം കുറവുള്ള ഗുജറാത്ത്, തെലങ്കാന, രാജസ്ഥാൻ, ഝാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലേയ്ക്കാണ് ഇവിടെനിന്നും പഠിക്കാൻ പോയത്. ഇതിൽ ഒരു സ്റ്റേറ്റിൽ ഇപ്പോഴും പേപ്പർ ഫയലാണ് മൂവ് ചെയ്തുകൊണ്ടിരിക്കുന്നത്. വേറൊരു സ്റ്റേറ്റിൽ ഇ-ഫയലിംഗ് ആരംഭിച്ചിട്ടേയുള്ളൂ. ഗുജറാത്താണ് ആ കാര്യത്തിൽ അല്പമെങ്കിലും മെച്ചപ്പെട്ടുനിൽക്കുന്നത്. അതും കേരളത്തിന്റെ അത്രവരുന്നില്ല. അവിടെ പഠിക്കാൻ പോയ ആളുകൾ റിപ്പോർട്ട് സമർപ്പിക്കുന്നതിനുമുമ്പുതന്നെ കൈമാറാനുള്ള ടെണ്ടർ നടപടികളിലേയ്ക്ക് ഐ. ടി. മിഷൻ കടക്കുകയാണ്. ആ ഐ.ടി. മിഷന്റെ ഇപ്പോഴത്തെ ഡയറക്ടർക്കും മുമ്പത്തെ ഡയറക്ടർക്കും ഇതിനോട് എതിർപ്പുണ്ടായിരുന്നു. അതുകൊണ്ടായിരിക്കണം ഐ. ടി. മിഷൻ ക്വാട്ട് ചെയ്ത ടെന്ററിനകത്തുനിന്നും സാങ്കേതികാനുമതി ഫൈനലായി കൊടുക്കുന്ന കമ്മിറ്റിക്കകത്തുനിന്നും ഐ.ടി.മിഷൻ ഡയറക്ടറെപ്പോലും മാറ്റി നിർത്തിയിരിക്കുന്നത്. എന്നിട്ട് ധനകാര്യ വകുപ്പിലെ ഒരു കരാർ ഉദ്യോഗസ്ഥനെയാണ് നിയമിച്ചിരിക്കുന്നത്. ഈ നീക്കങ്ങൾ അല്പം സംശയാസ്പദമാണെന്ന് അങ്ങേയ്ക്ക് തോന്നുന്നുണ്ടോ; കമ്മീഷൻ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുമുമ്പ് ഇത്തരമൊരു തീരുമാനമെടുക്കുന്നതിന്റെ പിന്നിലെ വ്യഗ്രത എന്തായിരുന്നു?

ശ്രീ. പിണറായി വിജയൻ: സർ, ഇവർ പരിശോധിച്ച സംസ്ഥാനങ്ങളിൽ ടെണ്ടർ നടപടികളിലൂടെ പുതിയ ഡിജിറ്റൽ വർക്ക്പ്ലേസ് സൊല്യൂഷൻ തെരഞ്ഞെടുത്തിട്ടുണ്ട്. ആ സംസ്ഥാനങ്ങളിലെ ഡിജിറ്റൽ വർക്ക്പ്ലേസ് സൊല്യൂഷനുകൾ ഇ-ഓഫീസിനെക്കാളും യൂസർ ഫ്രണ്ട്‌ലിയാണെന്ന് ഈ ടീമുകൾ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. ഇക്കാര്യങ്ങൾ സംശയാസ്പദമാണെന്ന് എനിക്കിതുവരെ തോന്നിയിട്ടില്ല.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഭരണം മാറുന്ന, അതായത് എൽ.ഡി.എഫ്.-ഉം. യു.ഡി.എഫ്.-ഉം മാറിമാറി ഭരിക്കുന്ന സന്ദർഭങ്ങളിൽ നിലവിലുള്ള സോഫ്റ്റ്‌വെയർ ചെറിയ കുറ്റങ്ങൾ പറഞ്ഞ് മാറ്റുന്ന പ്രവണത കാണുന്നുണ്ട്. അപ്പോൾ കുറേ കമ്പ്യൂട്ടർ എക്സ്പെർട്ടുകൾ വരും, എന്നിട്ട് ചെറിയ പ്രശ്നങ്ങൾ പറയും. കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമൊക്കെ കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി വളരെ വലിയ തുക ചെലവഴിച്ച് കുറേയധികം സോഫ്റ്റ്‌വെയറുകളും ബിൽഡിംഗ് ആപ്ലിക്കേഷനുമൊക്കെ ഉണ്ടാക്കിയിരുന്നു. അതിൽ ചെറിയ പ്രശ്നങ്ങൾ പറഞ്ഞു. ഐ.കെ.എം. കുറെ ഡെവലപ്പ് ചെയ്തു. ഇപ്പോൾ ഐ.കെ.എം.-ന്റെ സോഫ്റ്റ്‌വെയർ മാറ്റിയിട്ട് പുതിയ കുറേ സോഫ്റ്റ്‌വെയറുകൾ കൊണ്ടുവരുന്നുണ്ട്. ഇത് പരിശോധിക്കാൻ ഏതെങ്കിലും സമിതിയുണ്ടോ; കൃത്യമായി പരിശോധിച്ചിട്ടുതന്നെയാണോ ഇതുപോലുള്ള മാറ്റങ്ങൾ സർക്കാർ അനുവദിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, ഭരണം മാറുന്നതനുസരിച്ച് ഇത്തരം കാര്യങ്ങൾ മാറുന്നതല്ല. ഭരണത്തിന്റെ തുടർച്ചയായി മാറിവരുന്ന സെക്രട്ടറിമാരുടെ അനുഭവത്തിലുണ്ടായ പ്രയാസങ്ങൾ വച്ചുകൊണ്ടാണ് ഇങ്ങനെയൊരു നിലപാടെടുത്തിട്ടുള്ളത്. അവരുടെ നിർദ്ദേശത്തിന്റെ ഭാഗമായിട്ടാണ് പിന്നീട് കാര്യങ്ങൾ നീങ്ങിയിട്ടുള്ളത്. അതിൽ ഗവൺമെന്റ് പിന്നീട് സമ്മതം കൊടുത്തിട്ടുണ്ടാകും. അതല്ലാതെ മന്ത്രിസഭയോ മന്ത്രിമാരോ ഇനിഷ്യേറ്റീവെടുത്ത് നടപ്പാക്കുന്ന കാര്യമായിട്ടല്ല ഇത് വന്നിട്ടുള്ളത്. സെക്രട്ടറിതല യോഗങ്ങളിൽ വന്ന പ്രശ്നങ്ങളുടെ ഭാഗമായിട്ടുണ്ടായിട്ടുള്ളതാണ്. സെക്രട്ടേറിയറ്റിൽ ഇ-ഗവേണൻസിന് തുടക്കം കുറിച്ചത് 31-1-2009-ലാണ്. അതുമുതൽ വിവിധ ഘട്ടങ്ങളിൽ വിവിധ പരിഷ്കരണങ്ങളുണ്ടായിട്ടുണ്ട്. ചിലത് തീർത്തും അപ്രായോഗികമാണെന്ന് കണ്ട് മാറ്റുന്ന നില വന്നിട്ടുണ്ട്. അവസാനമാണ് എൻ.ഐ.സി.-യുടെ ഇ-ഓഫീസ് സംവിധാനത്തിലേയ്ക്ക് വന്നത്. അതും പ്രശ്നമാണെന്ന് കണ്ടപ്പോഴാണ് ഇപ്പോഴത്തെ നിലയിലേയ്ക്ക് മാറുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഭരണകക്ഷിയിലെ ഒരാളും ചോദ്യങ്ങൾ ചോദിക്കുന്നില്ല.

മി. സ്പീക്കർ: അവർ ചോദ്യങ്ങൾ ചോദിക്കാതിരുന്നാലും ബുദ്ധിമുട്ടാണോ; ഉപചോദ്യങ്ങൾ ചോദിക്കണമോയെന്ന് അവരല്ലേ തീരുമാനിക്കേണ്ടത്.

ശ്രീ. പി. സി. ജോർജ്: സർ, ആദ്യകാലം മുതൽ ഇതിനെതിരെ പരാതി കൊടുത്ത പൊതുപ്രവർത്തകനാണ് ഞാൻ. നമ്മുടെ മൊബൈലിൽ ഓരോ ദിവസവും വരുന്ന മാറ്റങ്ങൾ എത്രയോ വലുതാണ്. കമ്പ്യൂട്ടർ സംവിധാനങ്ങളിൽ അപ്പപ്പോൾ മാറ്റങ്ങൾ വരും. ആ സാഹചര്യമുണ്ടാകുമ്പോൾ അതിനനുസരിച്ച് മോഡിഫിക്കേഷൻ വരുത്തുക എന്നതല്ലാതെ മറ്റൊരു മാർഗ്ഗമില്ല. അല്ലെങ്കിൽ ആ മൊബൈൽ മാറ്റിയെടുക്കേണ്ടി വരും; ഇതേ മാർഗ്ഗമുള്ളൂ. ഇപ്പോൾ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ വീട് എവിടെയാണെന്ന് ബട്ടൺ അമർത്തിയാൽ പ്രൈവറ്റ് കമ്പനിക്കാരന് കിട്ടാൻ പോകുകയാണ്. അതിന്റെ ആവശ്യമുണ്ടോ?

മി. സ്പീക്കർ: അതിപ്പോഴും ഗൂഗിളിൽ സെർച്ച് ചെയ്താൽ ലഭിക്കും.

ശ്രീ. പി. സി. ജോർജ്: ഞാനൊരു ഉദാഹരണം പറഞ്ഞതാണ്. ഞാൻ പറയുന്നത്, പ്രൈവറ്റ് മേഖലയ്ക്ക് കൊടുക്കുക എന്നുപറഞ്ഞാൽ അത് കേരളത്തെ വിൽക്കുന്നതിന് തുല്യമാണ്. ഒരു കാറിന്റെ ടാക്സ് ഒരു രൂപ വർദ്ധിപ്പിച്ചാൽ, ഒരു അംബാസിഡർ കാറിന് എത്ര രൂപ ലഭിക്കുമെന്ന് ഇതിലൂടെ ഒരു കാർ കച്ചവടക്കാരനറിയാനാകും. രേഖകൾ മുഴുവനും ലഭിക്കുകയാണ്. സാങ്കേതികമായ മുഴുവൻ വിവരങ്ങളും ഒരു പ്രൈവറ്റ് കമ്പനിക്ക് കൊടുക്കുന്നത് ഗുണകരമല്ലെന്ന അഭിപ്രായം എളിയവനായ എനിക്കുണ്ട്. അതിനാൽ അങ്ങെടുത്ത തീരുമാനം പുനഃപരിശോധിച്ച് കേരളത്തെ മറ്റുള്ളവന് വിൽക്കാൻ അവസരമൊരുക്കാതിരിക്കാനുള്ള ശക്തമായ നടപടി സ്വീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത്തരമൊരു കാര്യത്തിന് നിർബന്ധിതമായ സാഹചര്യത്തിലാണ് സെക്രട്ടറിതല കമ്മിറ്റിതന്നെ ഇങ്ങനെയൊരു നിലപാടെടുത്തിട്ടുള്ളത്. കാരണം, പലഘട്ടത്തിലും ഭരണസ്തംഭനമുണ്ടാകുകയാണ്. അതിന് പരിഹാരം ഒരു തരത്തിലും ഉണ്ടാകുന്നില്ല. അത്തരമൊരു അവസ്ഥ തുടരാൻ പറ്റില്ലെന്നതുകൊണ്ടാണ് ഓപ്പൺ മാർക്കറ്റിൽനിന്നും സോഫ്റ്റ്‌വെയർ വാങ്ങുന്ന നില സ്വീകരിക്കുന്നത്. അത് ആരാണെന്ന് ഇപ്പോൾ തീരുമാനിച്ചിട്ടില്ല. ടെണ്ടർ നടപടികളിലാണ്. ഇവിടെ വന്ന ആശങ്കകളുടെ അടിസ്ഥാനത്തിലുള്ള കരുതലുകൾ എടുക്കുന്ന കാര്യത്തിൽ എന്തുചെയ്യാൻ പറ്റുമെന്നുള്ളത് ആലോചിക്കാം.

## പൊതുവിതരണരംഗം ശാക്തീകരിക്കുന്നതിന് നടപടി

2 (*452) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണരംഗം ശാക്തീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ഭക്ഷ്യഭദ്രതാ നിയമത്തിന്റെ ഭാഗമായി എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കിയിട്ടുണ്ടോ; ആയതിന്റെ പുരോഗതി വ്യക്തമാക്കുമോ;

(സി) ഇ-പോസ് മെഷീനുകൾ ഇലക്ട്രോണിക് വെയിംഗ് ബാലൻസുമായി ബന്ധിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പുസാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കുമോ; ആയതിന്റെ ഗുണഫലങ്ങൾ അറിയിക്കുമോ;

(ഡി) നവീകരണ പ്രവൃത്തികൾ എല്ലാ റേഷൻകടകളിലും നടപ്പാക്കിയിട്ടുണ്ടോ; ആയതിന്റെ വിവരങ്ങൾ അറിയിക്കുമോ;

(ഇ) റേഷൻ വ്യാപാരികൾക്ക് നൽകുന്ന അടിസ്ഥാന കമ്മീഷനും വില്പനയ്ക്ക് ആനുപാതികമായി നൽകുന്ന അധിക കമ്മീഷനും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(എഫ്) പൊതുവിതരണ ശൃംഖലയുടെ പ്രവർത്തനം സുതാര്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, (എ) സംസ്ഥാനത്തെ പൊതുവിതരണ രംഗം ശാക്തീകരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. റേഷൻ കാർഡുടമകൾക്ക് അർഹമായ റേഷൻ കൃത്യമായ അളവിൽ വിതരണം ചെയ്യുന്നു.
2. പൊതുവിതരണ രംഗം അഴിമതിമുക്തമാക്കുന്നതിന് സാധിച്ചു.
3. സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം ആരംഭിച്ചു.
4. റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഗുണഭോക്താവിനുതന്നെ റേഷൻ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നു.
5. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും.
6. റേഷൻ കാർഡുകൾ കിട്ടുന്നതിന് ഓൺലൈനായി അപേക്ഷിക്കാവുന്ന സംവിധാനം നിലവിൽ വന്നു.

7. സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും വാതിൽപ്പടി വിതരണത്തിലൂടെ റേഷൻ സാധനങ്ങൾ നേരിട്ടെത്തിക്കുന്നു.

8. വാതിൽപ്പടി വിതരണം നിരീക്ഷിക്കുന്നതിന് സപ്ലൈ ചെയിൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ ഉപയോഗിച്ചുവരുന്നു.

9. ഗുണഭോക്താക്കൾക്ക് റേഷൻ വിഹിതം സംബന്ധിച്ച് എസ്.എം.എസ്. സന്ദേശം നൽകിവരുന്നു.

10. മൊബൈൽ ആപ് വഴി റേഷൻ കാർഡ് വിവരങ്ങളും റേഷൻ സാധനങ്ങളുടെ വിവരങ്ങളും ലഭ്യമാക്കുന്നു.

11. ഡിജിലോക്കർ സംവിധാനത്തിൽ റേഷൻ കാർഡുകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

12. റേഷൻ കടകൾ വൈവിധ്യവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

13. റേഷൻ വ്യാപാരികൾക്ക് 1-12-2018 മുതൽ പുതിയ കമ്മീഷൻ പാക്കേജ് നടപ്പിലാക്കി. ഇ-പോസ് മെഷീൻ ത്രാസുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

14. സംസ്ഥാനത്തെ ഏത് റേഷൻ കടയിൽനിന്നും റേഷൻ വാങ്ങാവുന്ന സംവിധാനം (പോർട്ടബിലിറ്റി) നിലവിൽ വന്നിട്ടുണ്ട്. ഭക്ഷ്യ കമ്മീഷൻ പ്രവർത്തനം തുടങ്ങി. വിജിലൻസ് കമ്മിറ്റികൾ ഉടൻ നിലവിൽ വരുന്നതാണ്.

(ബി) ഉണ്ട്. ആയതിന്റെ 4 കമ്പോണന്റുകളായ ഗുണഭോക്താക്കളുടെ വിവരം ഡിജിറ്റൈസ് ചെയ്യുക, റേഷൻ കടകളിൽ വാതിൽപ്പടി വിതരണം നടപ്പാക്കുന്നതുൾപ്പെടെയുള്ള സപ്ലൈ ചെയിൻ മാനേജ്മെന്റ് സംവിധാനം, റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണം, പരാതിപരിഹാര സംവിധാനവും സുതാര്യതാ പോർട്ടലും എന്നിവ നടപ്പിൽ വരുത്തി.

<u>ഗുണഭോക്താക്കളുടെ വിവരം ഡിജിറ്റലൈസ് ചെയ്യുക</u>

റേഷൻ കാർഡ് ഡാറ്റ മുഴുവനും ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. ഇ-സർവ്വീസസ് മുഖേന പുതിയ റേഷൻ കാർഡിനും മറ്റ് കാർഡ് അനുബന്ധ സേവനങ്ങൾക്കും ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള സംവിധാനം സംസ്ഥാനത്തുടനീളം 2018 ആഗസ്റ്റ് 4-ന് നിലവിൽ വന്നു. നാളിതുവരെ 28 ലക്ഷത്തിൽപ്പരം അപേക്ഷകൾ ഈ സംവിധാനത്തിലൂടെ ലഭിച്ചിട്ടുണ്ട്.

സപ്ലൈ ചെയിൻ മാനേജ്മെന്റ്

എല്ലാ റേഷൻ കടകളിലും വാതിൽപ്പടി വിതരണം മുഖേന റേഷൻ നേരിട്ടെത്തിക്കുന്നതിന് സപ്ലൈകോയെ ചുമതലപ്പെടുത്തി. എസ്.സി.എം.എസ്. ആപ്ലിക്കേഷൻ മുഖേന റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ കൈകാര്യം ചെയ്യുന്നു.

റേഷൻകടകളുടെ കമ്പ്യൂട്ടർവൽക്കരണം

എല്ലാ റേഷൻകടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. epos.kerala.gov.in എന്ന പോർട്ടൽ മുഖേന ട്രാൻസാക്ഷൻ വിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്ന സംവിധാനവും സംസ്ഥാനത്തെ ഏത് റേഷൻ കടയിൽനിന്നും റേഷൻ വാങ്ങാവുന്നവിധം സംസ്ഥാനതല പോർട്ടബിലിറ്റി സംവിധാനവും നിലവിലുണ്ട്.

സുതാര്യതാ പോർട്ടലും പരാതി പരിഹാര സംവിധാനവും

റേഷൻ കാർഡുകളുടെ വിവരങ്ങൾ, റേഷൻ വിതരണം, സ്റ്റോക്ക് പൊസിഷൻ തുടങ്ങിയ കാര്യങ്ങൾ പൊതുജനങ്ങൾക്ക് പരിശോധിക്കാവുന്ന വിധം civilsupplieskerala.gov.in എന്ന പോർട്ടലും പരാതികൾ ഓൺലൈനായി രേഖപ്പെടുത്തുന്നതിന് pq.civilsupplieskerala.gov.in എന്ന പോർട്ടലും നിലവിലുണ്ട്. കൂടാതെ 1967 എന്ന ടോൾ ഫ്രീ നമ്പരായി ഒരു കാൾ സെന്റർ സംവിധാനവും കമ്മീഷണറേറ്റിൽ സ്ഥാപിച്ചിട്ടുണ്ട്.

(സി) ഇലക്ട്രോണിക് വെയിംഗ് ബാലൻസുമായി ബന്ധിപ്പിക്കുന്ന പ്രക്രിയ ഈ സാമ്പത്തിക വർഷംതന്നെ പൂർത്തീകരിക്കുന്നതിനായി തയ്യാറാക്കിയ RFP (Request for Proposal) പബ്ലിഷ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുമൂലം ഉപഭോക്താവിന് കൃത്യമായ അളവിൽ അർഹതപ്പെട്ട വിഹിതം ലഭിക്കും. തൂക്കക്കുറവ് എന്ന പരാതി പരിഹരിക്കപ്പെടും.

(ഡി) റേഷൻകട നവീകരണത്തിന്റെ ഭാഗമായി റേഷൻകടകൾക്ക് ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും ആയത് നടപ്പിൽ വരുത്തുന്നതിന് ഒരു റേഷൻകടയ്ക്ക് 2,500 രൂപ വീതം സാമ്പത്തിക സഹായം നൽകുന്നതിനായി 3,50,00,000 (മൂന്ന് കോടി അൻപത് ലക്ഷം രൂപ) അനുവദിച്ചു. റേഷൻകടകൾ നവീകരണം താഴെപ്പറയുന്ന രീതിയിലാണ് ചെയ്തിട്ടുള്ളത്:

1. ചുവപ്പും മഞ്ഞയും നിറത്തിൽ നിശ്ചിത മാതൃകയിൽ ബോർഡുകൾ സ്ഥാപിക്കുക.

2. നിശ്ചിത മാതൃകയിലുള്ള സ്റ്റോക്ക് ബോർഡ്/വിലവിവരപ്പട്ടിക ജനങ്ങൾക്ക് കാണത്തക്ക രീതിയിൽ സ്ഥാപിക്കുക.

3. കടയുടെ ഉൾവശം വൈറ്റ് വാഷ് ചെയ്യുക.

4. ഷട്ടർ/ഡോർ എന്നിവ അംഗീകരിച്ച മാതൃകയിൽ പെയിന്റ് ചെയ്യുക.

(ഇ) 45 ക്വിന്റൽ വരെ പ്രതിമാസ വിൽപ്പന നടത്തുന്ന റേഷൻ വ്യാപാരിക്ക് സപ്പോർട്ടീവ് പേമെന്റ് ഉൾപ്പെടെ 18,000 രൂപ അടിസ്ഥാന കമ്മീഷൻ ലഭിക്കുന്ന രീതിയിൽ പുതിയ കമ്മീഷൻ പാക്കേജ് 1-12-2018 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. അപ്രകാരം 45 ക്വിന്റലിന് മുകളിൽ വിൽപ്പന നടത്തുന്ന റേഷൻ വ്യാപാരിക്ക് 18,000 രൂപയ്ക്ക് പുറമേ അധികമായി വിൽപ്പന നടത്തുന്ന ഓരോ ക്വിന്റലിനും 180 രൂപ നിരക്കിൽ കമ്മീഷൻ ലഭിക്കുന്നതായിരിക്കും.

(എഫ്) പൊതുവിതരണ സംവിധാനം കൂടുതൽ കാര്യക്ഷമവും സുതാര്യവും ഫലപ്രദവും ജനോപകാരപ്രദവുമാക്കുകയെന്ന ലക്ഷ്യത്തോടെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013, 01-11-2016-ൽ നടപ്പിലാക്കിയിട്ടുണ്ട്. എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ, ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീനുകളുടെ ഉപയോഗം എന്നിവ നടപ്പിൽ വന്നതോടുകൂടി പൊതുവിതരണ രംഗം കൂടുതൽ സുതാര്യവും കാര്യക്ഷമവുമായി. ഇതിന്റെ ഭാഗമായി കാർഡുടമകൾക്ക് അവരുടെ പ്രതിമാസ വിഹിതം സംബന്ധിക്കുന്ന അറിയിപ്പുകൾ എസ്.എം.എസ്. അലെർട്ടായി നൽകിവരുന്നു. റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ ക്രിയാത്മകവും ഫലപ്രദമായും തടയുന്നതിന് വകുപ്പിലെ ജില്ലാതലം മുതൽ താലൂക്കുതലം വരെയുള്ള പരിശോധനാ ഉദ്യോഗസ്ഥർ നിരന്തരം പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ സംസ്ഥാനതല പരിശോധനാ സംഘവും പരിശോധന നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

റേഷനിംഗ് ഇൻസ്പെക്ടർമാർ അവരവരുടെ ഫർക്കയിലെ എല്ലാ എ.ആർ.ഡി.-കളും മാസത്തിൽ ഒരു തവണ കർശനമായി പരിശോധിക്കുന്നതിനും ആയത് താലൂക്ക് സപ്ലൈ ആഫീസർമാർ സൂപ്പർ ചെക്ക് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം 10 റേഷൻ കാർഡുകളെങ്കിലും പരിശോധിച്ച് പരിശോധനയുടെ അടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ

സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്നും എ.ആർ.ഡി.-കളിൽ റേഷൻ സാധനങ്ങളുടെ സ്റ്റോക്ക് ഉറപ്പ് വരുത്തുന്നതിനും റേഷൻ വ്യാപാരികൾ കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും റേഷൻ കടകളിൽ വിലവിവരപ്പട്ടിക, വിതരണത്തോത് എന്നിവ ഉപഭോക്താക്കൾ കാണത്തക്ക രീതിയിൽ പ്രദർശിപ്പിച്ചിട്ടുണ്ടോയെന്നും, ഭക്ഷ്യധാന്യങ്ങളുടെ സാമ്പിൾ പാക്കറ്റ് പ്രദർശിപ്പിക്കുന്നതിനും ആയത് തന്നെയാണോ വിതരണം ചെയ്യുന്നതെന്ന് ഉറപ്പുവരുത്തുന്നതിനും വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. താലൂക്ക് സപ്ലൈ ഓഫീസർമാർ/സിറ്റി റേഷനിംഗ് ഓഫീസർമാർ മൂന്ന് മാസത്തിലൊരിക്കൽ അവരുടെ അധികാര പരിധിയിലുള്ള എല്ലാ എ.ആർ.ഡി.-കളും പരിശോധിക്കുന്നതിനും റേഷനിംഗ് ഇൻസ്പെക്ടർമാർ നടത്തിയ 50% പരിശോധനകളിൽ സൂപ്പർചെക്ക് നടത്തുന്നതിനും ജില്ലാ സപ്ലൈ ഓഫീസർമാർ ജില്ലയിലെ മുഴുവൻ ഫർക്കകളിലെയും കുറഞ്ഞത് 2 റേഷൻകട എന്ന നിലയ്ക്ക് എല്ലാ ഫർക്കയിലും പ്രതിമാസ പരിശോധന നടത്തുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. മേഖലാ ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ, ജില്ലകളുടെ പ്രവർത്തനം അവലോകനം ചെയ്ത് പരിശോധനകൾ യഥാവിധി നിരീക്ഷിച്ച്, ന്യൂനതകളും അപാകതകളും കണ്ടെത്തുന്നപക്ഷം അതിനുത്തരവാദികളായ എ.ആർ.ഡി.-കൾക്കും ഗോഡൗൺ സൂക്ഷിപ്പുകാർക്കുമെതിരെ നടപടിയെടുക്കുന്നതിനും വീഴ്ച വരുത്തിയ മറ്റ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ പൊതുവിതരണരംഗം ശാക്തീകരിക്കാൻ ഒട്ടേറെ നടപടികൾ സ്വീകരിച്ച കാലയളവാണിത്. സംസ്ഥാനത്തെ 14,293 റേഷൻ കടകളിൽ ഇ-പോസ് സ്ഥാപിച്ച് വിതരണം സുതാര്യമാക്കി. റേഷൻ കാർഡുകൾ ഓൺലൈനായി അപേക്ഷിക്കാനുള്ള സൗകര്യം തയ്യാറായി. ഇപ്പോൾ പരമാവധി ഒരാഴ്ചയ്ക്കുള്ളിൽ റേഷൻ കാർഡ് ലഭിക്കുന്ന അവസ്ഥ സംജാതമായി. എല്ലാ റേഷൻ കടകളിലും വാതിൽപ്പടി വിതരണം സാധ്യമാക്കി. റേഷൻ വിതരണം സംബന്ധിച്ച എസ്.എം.എസ്. സന്ദേശം വിതരണത്തിനുമുമ്പും ശേഷവും കാർഡ് ഉടമകൾക്ക് ലഭ്യമാക്കി. റേഷൻ കടകൾ നവീകരിക്കുകയും ഏകീകൃത നിറവും മാതൃകയും നിശ്ചയിക്കുകയും ചെയ്തു. പരാതി പരിഹാരത്തിന് ഓൺലൈൻ പോർട്ടൽ പ്രവർത്തനം തുടങ്ങി. 1967 എന്ന ടോൾഫ്രീ നമ്പറിൽ പരാതി പരിഹാരത്തിന് വിളിക്കാൻ സാധിക്കും. റേഷൻ വ്യാപാരികൾക്കുള്ള കുറഞ്ഞ പ്രതിഫലം 18,000 രൂപയായി നിശ്ചയിച്ചു. ഏത് കടയിൽനിന്നും കാർഡ് ഉടമകൾക്ക് ധാന്യം വാങ്ങാൻ സാധിക്കുന്ന പോർട്ടബിലിറ്റി നടപ്പിൽ വന്നു. ആധാർ സീഡിംഗ് 99 ശതമാനം പൂർത്തിയായി. ഭക്ഷ്യ ഭദ്രതാ നിയമത്തിലെ എല്ലാ വ്യവസ്ഥകളും

പൂർത്തീകരിച്ചു. റേഷൻ കാർഡ് ഡിജിറ്റലൈസ് ചെയ്യൽ പൂർത്തിയായി. എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ പൂർത്തിയായി. ഭക്ഷ്യ കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചു. അങ്ങനെ സാധ്യമായ എല്ലാ വഴികളിലൂടെയും കേരളത്തിന്റെ പൊതുവിതരണ രംഗം സുതാര്യമാക്കാനും സംശുദ്ധമാക്കാനുമുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. വളരെ ഫലപ്രദമായി ഇന്ന് കേരളത്തിലെ പൊതുവിതരണ രംഗം മുന്നോട്ട് പോകുകയാണ്.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: സർ, ഭക്ഷ്യവിപണിയിലെ തട്ടിപ്പുകൾ, കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, അവധി വ്യാപാരം, കൃത്രിമ വിലക്കയറ്റം എന്നിവ തടയുന്നതിന് ജസ്റ്റിസ് വാധ്വ കമ്മിറ്റി റിപ്പോർട്ട് ശിപാർശ ചെയ്യുന്ന വിധത്തിലുള്ള പരാതി പരിഹാര കമ്മീഷൻ രൂപവൽക്കരിച്ചിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്താണ്?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, പരാതി പരിഹാരത്തിന് നടപടികളെല്ലാം വളരെ ഫലപ്രദമായി സ്വീകരിച്ചു എന്നുള്ളതാണ് ഇവിടെ സൂചിപ്പിച്ചത്. അതോടൊപ്പം ജില്ലയിൽ പരാതി പരിഹാരത്തിന് എ.ഡി.എം. അദ്ധ്യക്ഷനായി സമിതികൾ രൂപീകരിച്ചു. സംസ്ഥാന കമ്മീഷന്റെ പ്രവർത്തനവും ഫലപ്രദമായി മുന്നോട്ട് പോകാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: സർ, മിതമായ നിരക്കിൽ മെച്ചപ്പെട്ട ഭക്ഷണം നൽകുന്നതിന് അക്രെഡിറ്റഡ് ഹോട്ടലുകളുടെ ശൃംഖല കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുമെന്ന് പറഞ്ഞിരുന്നു. ഈ നടപടി എത്രത്തോളമായെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ഭക്ഷ്യ ഉല്പന്നങ്ങളുടെ വില ക്രമീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു. ഹോട്ടലുകളെ അക്രെഡിറ്റഡ് ഏജൻസികളാക്കി ഏറ്റെടുക്കുന്നതിന്റെ പ്രായോഗിക നടപടികളെക്കുറിച്ച് ഗൗരവമായി ആലോചിക്കുന്നുണ്ട്. അതിന് ഇനിയും കുറേക്കൂടി സമയം വേണ്ടിവരും. രണ്ട് ജില്ലകളിൽ വിശപ്പുരഹിത കേരളം പദ്ധതിയിൽപ്പെടുത്തി ഫലപ്രദമായ പ്രവർത്തനം ആരംഭിച്ചതിന്റെ അടിസ്ഥാനത്തിൽ മറ്റ് ജില്ലകളിലേയ്ക്കുകൂടി അതിന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ ശ്രമിക്കുകയാണ്.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, സംസ്ഥാനത്ത് ഭക്ഷ്യ-പൊതുവിതരണ രംഗം വളരെ ശക്തമായ നിലയിലാണ് മുന്നോട്ട് പോകുന്നത്. നമ്മുടെ സംസ്ഥാനത്ത് നിരവധി ആളുകൾക്ക് റേഷൻ കാർഡുകൾ നൽകുന്നുണ്ട്. എന്നാൽ കേരളത്തിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ഏകദേശം 50 ലക്ഷത്തിലധികം വരുന്ന ഇതര സംസ്ഥാന തൊഴിലാളികൾ

കേരളത്തിലുണ്ടെന്നാണ് പറയുന്നത്. അവരുടെ ജീവിതവും താമസവും ഭക്ഷണവുമെല്ലാം വളരെ പ്രയാസകരമാണ്. ഇതര സംസ്ഥാന തൊഴിലാളികൾക്കുകൂടി ടെമ്പററി റേഷൻ കാർഡ് നൽകി അവർക്കും ഭക്ഷ്യധാന്യം കിട്ടുന്നുവെന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ; അതോടൊപ്പം നമ്മുടെ സംസ്ഥാനത്ത് നിരവധി ചാരിറ്റി പ്രവർത്തനം നടത്തുന്ന സംഘടനകളുണ്ട്. അവർക്ക് നേരത്തേ കൃത്യമായി റേഷൻ കിട്ടിക്കൊണ്ടിരുന്നു. അതിപ്പോൾ കൃത്യമായി ലഭിക്കുന്നുണ്ടോ; അത് കൃത്യമായി കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച, ഇതര സംസ്ഥാന തൊഴിലാളികളുടെ വിഷയം കേന്ദ്രത്തെ അറിയിക്കുക യുണ്ടായി. എന്നാൽ അതിനായി യാതൊരുവിധ അലോട്ട്മെന്റും വർദ്ധിപ്പിച്ച് നൽകിയിട്ടില്ല. എന്നാൽ ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കാൻ പോകുന്ന I.M.P.D.S. (Integrated Management for Public Distribution System) സമ്പ്രദായം പ്രാവർത്തികമാകുമ്പോൾ ഇതര സംസ്ഥാന തൊഴിലാളികൾക്ക് റേഷൻ കാർഡുമായി ഇവിടെ വന്ന് നമ്മുടെ പി.ഡി.എസ്. സിസ്റ്റത്തിൽനിന്ന് റേഷൻ വാങ്ങാനുള്ള സംവിധാനം ഒരുങ്ങുമെന്നാണ് വിവക്ഷിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ ഏത് വ്യക്തിക്കും ഏത് റേഷൻ കടകളിൽനിന്നും ധാന്യം വാങ്ങാവുന്ന അവസ്ഥയുണ്ടാക്കിയിട്ടുണ്ട്. രാജ്യമൊട്ടാകെ അങ്ങനെയുള്ള അവസ്ഥയുണ്ടാക്കാനാണ് കേന്ദ്ര ഗവൺമെന്റ് ഐ.എം.പി.ഡി.എസ്.-ലൂടെ ഉദ്ദേശിക്കുന്നത്. വെൽഫെയർ സ്ഥാപനങ്ങൾക്ക് നേരത്തേ അലോട്ട്മെന്റ് ഉണ്ടായിരുന്നു. എന്നാൽ N.F.S.A.(National Food Security Act) നടപ്പാക്കുന്ന ഘട്ടത്തിൽ വെൽഫെയർ സ്ഥാപനങ്ങൾക്ക് പ്രത്യേകമായി അലോട്ട് ചെയ്തിരുന്ന ധാന്യം കേന്ദ്രം നിർത്തലാക്കിയപ്പോൾ പ്രയാസമുണ്ടായി. 14.25 ലക്ഷം മെട്രിക് ടൺ ധാന്യത്തിൽ നമുക്ക് ലഭിക്കുന്ന ടൈഡ് ഓവർ അലോട്ട്മെന്റിൽനിന്നും ഒരു ഭാഗം പങ്കുവച്ച് വെൽഫെയർ സ്ഥാപനങ്ങൾക്ക് ആദ്യം കുറച്ചളവിൽ അരി കൊടുത്തു. എന്നാൽ പൂർണ്ണമായ തോതിൽ കൊടുക്കാൻ സാധിച്ചില്ല. എന്നാൽ ഇപ്പോൾ കേന്ദ്രം ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വെൽഫെയർ സ്ഥാപനങ്ങൾക്കും പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന ഹോസ്റ്റലുകളിലെ അന്തേവാസികൾക്കും ത്വക്ക് രോഗാശുപത്രികൾ, മാനസിക രോഗാശുപത്രികൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും ധാന്യം കൊടുക്കാൻ കഴിയുന്ന വലിയൊരു പദ്ധതി കേന്ദ്രം അംഗീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. അതുപ്രകാരം ഒരു സ്ഥാപനത്തിലെ അന്തേവാസിയായ ഒരു വ്യക്തിക്ക് 15 കിലോ ധാന്യം (10.5 കിലോ അരി 5.65 രൂപ നിരക്കിലും 4.5 കിലോ ഗോതമ്പ് 4.15 രൂപ നിരക്കിലും) ലഭ്യമാക്കുന്നുണ്ട്. സംസ്ഥാനത്തെ 99000 പേർക്ക് ഇപ്പോൾ വെൽഫെയർ സ്ഥാപനങ്ങൾ വഴി ഭക്ഷ്യധാന്യം കൊടുത്തു

കൊണ്ടിരിക്കുകയാണ്. നമ്മുടെ അലോട്ട്മെന്റനുസരിച്ച് കുറേക്കൂടി വിപുലീകരിക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. ഇന്നലെ ആരോഗ്യ വകുപ്പുമന്ത്രിയുമായി കൂടിയാലോചിച്ചു. സാധ്യമായത്ര കേന്ദ്രങ്ങളിൽ ഈ സ്കീം ഫലപ്രദമായി നടപ്പിലാക്കാനുള്ള കാര്യങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കിയത് ഉൾപ്പെടെയുള്ള ഭക്ഷ്യ വകുപ്പിന്റെ മാതൃകാപരമായ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയാണ്. കേരളത്തിലെ റേഷൻകട ശൃംഖല റേഷൻ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽമാത്രം നിലനിർത്താൻ കഴിയുമെന്ന് തോന്നുന്നില്ല. അതുകൊണ്ട് ഇവയെ ഒരു നിയന്ത്രിത വില വിപണന ശൃംഖലയായി വളർത്തിയെടുക്കാനും വൈവിധ്യവൽക്കരിക്കാനും ആധുനികവൽക്കരിക്കാനും ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; കൂടാതെ, നെഞ്ചുരോഗ/കുഷ്ഠരോഗ ആശുപത്രികളിൽ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലായതിനുശേഷം അരി വിതരണം നിർത്തിവച്ചതിന്റെ ഫലമായി അവിടെയെത്തുന്ന രോഗികളുടെ ഭക്ഷണകാര്യങ്ങളിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന അവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, സംസ്ഥാനത്തെ റേഷൻകടകൾ വൈവിദ്ധ്യവൽക്കരണത്തിലേയ്ക്ക് കടക്കുകയാണ്. അതിന്റെ അടിസ്ഥാന ത്തിൽ സപ്ലൈകോ വിതരണം ചെയ്യുന്ന നോൺ സബ്സിഡി ഉല്പന്നങ്ങൾ വിതരണം ചെയ്യാനുള്ള തീരുമാനം എടുത്തെങ്കിലും അത് ഫലപ്രദമായി മുന്നോട്ടുപോയില്ല. അതുകൊണ്ട് റേഷൻ സംഘടനാ ഭാരവാഹികളുമായി ചർച്ചചെയ്ത് ശബരി ഉല്പന്നങ്ങളും കുപ്പിവെള്ളവും റേഷൻ കടവഴി ആദ്യഘട്ടത്തിൽ വിതരണം ചെയ്യാൻ തീരുമാനമെടുക്കുകയും അതിന്റെ നടപടികളുമായി മുന്നോട്ടുപോവുകയുമാണ്. 45 ക്വിന്റൽ ധാന്യം വിതരണം ചെയ്യുന്ന ഒരു റേഷൻ വ്യാപാരിക്ക് ഏറ്റവും കുറഞ്ഞത് 18,000 രൂപ കിട്ടുന്ന പാക്കേജ് ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. 45 ക്വിന്റലിന് മുകളിലുള്ള ഓരോ ക്വിന്റലിനും 180 രൂപ കമ്മീഷൻ നൽകുന്ന പദ്ധതിയാണ് ഗവൺമെന്റ് അംഗീകരിച്ചത്. വെൽഫെയർ സ്ഥാപനങ്ങൾക്ക് നൽകുന്ന ധാന്യത്തെ സംബന്ധിച്ച് ഞാൻ നേരത്തെ പറഞ്ഞിരുന്നു. ത്വക്ക് രോഗ, നെഞ്ചുരോഗ, മാനസിക രോഗാശുപത്രികളിലെ അന്തേവാസികൾക്ക് ആ പദ്ധതിപ്രകാരമുള്ള ധാന്യങ്ങൾ ലഭ്യമാക്കാനുള്ള നടപടികളാണ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്.

ശ്രീ. എൽദോ എബ്രഹാം: സർ, ഗോഡൗണുകളിൽനിന്ന് റേഷൻ കടകളിലേയ്ക്ക് വിതരണംചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ തൂക്കിനൽകണമെന്ന നിബന്ധന കർശനമായി പാലിക്കപ്പെടാത്ത ഏതെങ്കിലും കേന്ദ്രങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ അവർക്കെതിരെ കർശന നടപടി സ്വീകരിച്ചിട്ടുണ്ടോ; തകരാറിലായ ഇ-പോസ് മെഷീന് പകരം പുതിയ മെഷീൻ നൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ?

ശ്രീ. പി. തിലോത്തമൻ: സർ, എ.ആർ.ഡി.-കളിൽനിന്ന് റേഷൻ കടയിലേയ്ക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്യുമ്പോൾ തൂക്കിനൽകണമെന്ന് കർശനമായി നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം ചെയ്യാത്ത ചില സ്ഥലങ്ങളുണ്ട്. നമ്മുടെ ശ്രദ്ധയിൽ വരുന്നതിനൊക്കെ അപ്പോൾത്തന്നെ ഇടപെട്ട് പരിഹാരം ഉണ്ടാക്കുന്നുണ്ട്. സംസ്ഥാനത്തെ മുഴുവൻ ഗോഡൗണുകളിലും സി.സി.ടി.വി ക്യാമറ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഒരു കാരണവശാലും ധാന്യത്തിന്റെ തൂക്കം നോക്കാതെ നൽകരുതെന്ന നിർദ്ദേശത്തിൽ കർക്കശമായ നിലപാടെടുത്ത് മുന്നോട്ടുപോകാൻ ശ്രമിക്കുകയാണ്. ഇ-പോസ് മെഷീൻ തകരാറിലാകുന്നുവെന്ന പരാതി ഇപ്പോഴുണ്ടാകുന്നില്ല. അതിന്റെ റെക്ടിഫിക്കേഷൻ നടത്തിക്കഴിഞ്ഞു. ഏതെങ്കിലും സന്ദർഭത്തിൽ ഏതെങ്കിലും കടയിൽ ഇ-പോസ് മെഷീൻ പ്രവർത്തിക്കാതെ വന്നാൽ മാന്വലായി കൊടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. അത് സ്ഥിരമായി നൽകാൻ അനുവദിക്കില്ല. അക്കാര്യത്തിൽ കർശനമായി നിരീക്ഷണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എം. വിൻസെന്റ്: സർ, സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്ത ആളുകൾ, മാരകരോഗം ബാധിച്ചിട്ടുള്ള ആളുകൾ, വാടകവീട്ടിൽ താമസിക്കുന്ന ആളുകൾ എന്നിവർപോലും റേഷൻ കാർഡിനുള്ള മുൻഗണനാ ലിസ്റ്റിൽപ്പെട്ടിട്ടില്ല. അവർ അപേക്ഷ നൽകുമ്പോൾ ഗവൺമെന്റ് പറയുന്നത് മുൻഗണനാ ലിസ്റ്റിൽപ്പെട്ട ആരെയെങ്കിലും അയോഗ്യരാണെന്നുകണ്ട് മാറ്റിയാൽ അത്രയും ആളുകൾക്ക് പകരം മാത്രമേ ഉൾപ്പെടുത്താൻ സാധിക്കൂ എന്നാണ്. മത്സ്യത്തൊഴിലാളികൾ, പട്ടികജാതിക്കാർ എന്നിവർ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടേണ്ടവരാണ്. റേഷൻ ധാന്യത്തിന്റെ കാര്യം മാത്രമല്ല, ആശുപത്രിയിലെ ചികിത്സ, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങൾക്ക് മുൻഗണനാ കാർഡ് വളരെയധികം പ്രയോജനം ചെയ്യും. അതിനാൽ സർക്കാർ പ്രത്യേക പരിഗണന നൽകി, വീടോ സ്ഥലമോ ഇല്ലാത്ത ദാരിദ്ര്യം അനുഭവിക്കുന്ന അത്തരം ആളുകൾക്ക് മുൻഗണനാ കാർഡ് കിട്ടേണ്ട അവകാശമില്ലേ? അതുകൊണ്ട് ഭക്ഷ്യ ഭദ്രതാ നിയമത്തിൽ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചതിൽ കൂടുതൽ എണ്ണം വരുമ്പോൾ ഗവൺമെന്റ് പ്രത്യേക അസിസ്റ്റൻസ് കൊടുത്ത് അവരെക്കൂടി മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, മുൻഗണനാ ലിസ്റ്റിൽ ഒരു കോടി അമ്പത്തിനാല് ലക്ഷത്തി നാൽപ്പതിനായിരം പേരെയാണ് കേന്ദ്രം അനുവദിച്ചിരിക്കുന്നത്. അതിൽ ഒരാൾ കൂടാൻ പാടില്ല. എന്നാൽ സംസ്ഥാനത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് അതിനുപരിയായി ടൈഡ് ഓവർ അലോട്ട്മെന്റ് ധാന്യത്തിൽനിന്നും നാം 121 ലക്ഷം ആളുകൾക്ക് സ്റ്റേറ്റ് സബ്സിഡി കൊടുത്ത് നീല കാർഡ് നൽകി ധാന്യ വിതരണം നടത്തുന്നുണ്ട്. ആശുപത്രിയിൽ ലഭിക്കേണ്ട ആനുകൂല്യങ്ങൾക്കും മറ്റും നീല കാർഡ്

പരിഗണിക്കുമെന്ന വിജ്ഞാപനം ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ളതുകൊണ്ട് സഹായം ലഭിക്കുന്നതിനൊന്നും ഒരു തടസ്സവുമുണ്ടാവില്ല. മത്സ്യത്തൊഴിലാളികളും പരമ്പരാഗത മേഖലയിലെ തൊഴിലാളികളും ഉൾപ്പെടെയുള്ള പാവപ്പെട്ടവർ അർഹതപ്പെട്ട മുൻഗണനാ പട്ടികയിൽ വരണമെന്ന് ഗവൺമെന്റ് നിശ്ചയിച്ചിട്ടുണ്ട്. ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ അവർ നൽകുന്ന അപേക്ഷയിൽ മാർക്ക് നൽകി വെയിറ്റിംഗ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. അർഹതയില്ലാത്തവരെ കണ്ടെത്തി ഒഴിവാക്കി അർഹതയുള്ളവരെ ഉൾപ്പെടുത്തുന്ന നടപടിക്രമങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. അനർഹരെ കണ്ടെത്തി അവർക്കുപകരം അർഹരായ 21660 പേരെ മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ 3000 അനർഹരെ കണ്ടെത്തിയിട്ടുണ്ട്. അത്രയും അർഹരായ ആളുകളെ വീണ്ടും ഉൾപ്പെടുത്തും. ഈ പ്രക്രിയ പൂർത്തിയാകുമ്പോൾ 45000 പേരായി വെയിറ്റിംഗ് ലിസ്റ്റ് കുറയും. അവരെയും ഒന്നര മാസത്തിനുള്ളിൽ പട്ടികയിൽ ഉൾപ്പെടുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് മുൻഗണനാ പട്ടികയിൽ ധാന്യം വാങ്ങാത്ത 70000 പേരെ കണ്ടെത്തി ഐഡന്റിഫൈ ചെയ്ത് ഫീൽഡുതല പരിശോധന നടത്തി ബോധ്യപ്പെട്ട് അവരെ ഒഴിവാക്കി അർഹതപ്പെട്ടവരെ ചേർക്കുമ്പോൾ കുറ്റമറ്റ മുൻഗണനാ പട്ടിക മാറും. ഓൺ ഗോയിംഗ് പ്രോസസ് എന്ന നിലയിൽ അത് നമ്മുടെ സംസ്ഥാനത്ത് തുടരുമ്പോൾ പരാതിക്ക് പരിഹാരമാകും.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, കേരളത്തിലെ സാധാരണ ജനങ്ങൾക്ക് ലഭിക്കേണ്ട റേഷൻ ഭക്ഷ്യധാന്യങ്ങൾ ഉദ്യോഗസ്ഥരും കരാറുകാരുംകൂടി കരിഞ്ചന്തയിൽ വിറ്റഴിക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി കഴക്കൂട്ടം മേനംകുളം ഗോഡൗണിൽനിന്ന് 148 ചാക്ക് അരിയും അമരവിള ഗോഡൗണിൽനിന്ന് 448 ചാക്ക് അരിയും പിടികൂടിയതായി വാർത്തകളിൽ കാണുന്നു. കരിഞ്ചന്തയില്ലാതാക്കുന്നതിനുവേണ്ടി ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; കൂടുതൽ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് ഒരുക്കമാണോ, ഇക്കാര്യങ്ങൾ വിശദീകരിക്കുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ഈ രംഗത്ത് നടന്നിരുന്ന ക്രമക്കേടുകളും അഴിമതിയും അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിച്ചപ്പോൾ അത് ഏറെക്കുറെ ഒഴിവാക്കാനായി. കേന്ദ്രം അനുവദിക്കുന്ന ധാന്യത്തിന്റെ 60% മാത്രമാണ് ജനങ്ങളിലേയ്ക്കെത്തുന്നത്, ബാക്കി 40% ധാന്യവും ചോർന്നുപോകുന്നുവെന്നാണ് PDS സിസ്റ്റത്തെക്കുറിച്ച് ഇതിനുമുമ്പ് നടത്തിയ എല്ലാ പഠനങ്ങളും സൂചിപ്പിച്ചിരുന്നത്. അതിനാണ് മാറ്റമുണ്ടാക്കുന്നത്. എന്നാലും ചില സ്ഥലങ്ങളിൽ പ്രശ്നങ്ങൾ ഉണ്ടായി എന്ന് കണ്ടെത്തിയിട്ടുണ്ട്. അഴിമതിക്കാരായ ആളുകളെ കർശനമായി നേരിട്ടിട്ടുണ്ട്. ഒരുകാരണവശാലും അത് തുടർന്നുകൊണ്ടുപോകാൻ അനുവദിക്കുന്ന പ്രശ്നമില്ല. അതുകൊണ്ടാണ് end to end computerization മുഖേനയും ഗോഡൗണിൽ സി.സി.ടി.വി. സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള സുതാര്യത ഉറപ്പുവരുത്തുന്ന നടപടികളുമായി മുന്നോട്ടുപോകാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഭക്ഷ്യ സുരക്ഷാ നിയമം നിലവിൽ വന്നിട്ട് ഏകദേശം രണ്ട് വർഷമായി. വാതിൽപ്പടി വിതരണം കൃത്യമായി നടക്കുന്നില്ലെന്ന പരാതി വ്യാപകമാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുണ്ടായിട്ടും റേഷൻകടകളിൽ കൃത്യമായ അളവിലും തൂക്കത്തിലും സാധനങ്ങൾ എത്തുന്നില്ല. നിരന്തരമായ പരാതി ഉണ്ടായപ്പോൾ നടത്തിയ മിന്നൽ പരിശോധനയിൽ നെടുമങ്ങാട് NFSA ഗോഡൗണിൽ മാത്രം 50 ലക്ഷം രൂപയുടെ റേഷൻ സാധനങ്ങൾ തിരിമറി നടത്തിയതായി വാർത്താമാധ്യമങ്ങളിലും വർത്തമാന പത്രത്തിലും വാർത്ത വന്നിരുന്നു. കേരളത്തിലെ മിക്ക ഡിപ്പോകളിലെയും സ്ഥിതി ഇതുതന്നെയാണ്. ഡിപ്പോയിലെ ഉദ്യോഗസ്ഥരും അവിടത്തെ തൊഴിലാളികളും അടങ്ങുന്ന മാഫിയയാണ് ഇത് നിയന്ത്രിക്കുന്നത്. പരാതി നൽകുന്നവരെ പീഡിപ്പിക്കുകയാണ് മാഫിയാ സംഘം ചെയ്യുന്നത്. ഇതുമായി ബന്ധപ്പെട്ട് പരിശോധന നടത്തിയപ്പോൾ ഗുരുതരമായ അഴിമതി നടത്തിയതായി കണ്ടെത്തിയഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ? അഴിമതിയില്ലാതാക്കുന്നതിനുള്ള എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. തിലോത്തമൻ: സർ, ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കിയിട്ട് രണ്ട് വർഷമേ ആയിട്ടുള്ളൂവെന്ന് പറയുന്നത് ശരിയല്ല. പ്രസ്തുത നിയമം 2013-ലാണ് പാർലമെന്റ് പാസ്സാക്കിയത്. 2014-ൽ എല്ലാ സംസ്ഥാനങ്ങളിലും അത് നടപ്പാക്കണമായിരുന്നു. ഈ ഗവൺമെന്റ് വന്ന ശേഷം 2016 നവംബർ മാസം മുതൽ നടപ്പാക്കിത്തുടങ്ങി. 2017 മേയ് മാസം മുതൽ വാതിൽപ്പടി വിതരണം ആരംഭിച്ചു. ഈ നിയമം സംസ്ഥാനത്ത് നടപ്പാക്കാൻ തുടങ്ങിയിട്ട് രണ്ടര വർഷമായി. അതിന്റെ സുതാര്യത ഉറപ്പാക്കിക്കൊണ്ട് ഗോഡൗണുകളിൽനിന്ന് എ.ആർ.ഡി.-കളിലേയ്ക്ക് പോകുന്ന ധാന്യത്തിന്റെയും എ.ആർ.ഡി.-കളിൽനിന്ന് ജനങ്ങളിലേയ്ക്ക് എത്തിക്കുന്ന ധാന്യത്തിന്റെയും കാര്യത്തിൽ കൃത്യത ഉറപ്പുവരുത്താനാണ് ഇ-പോസ് മെഷീനും end to end computerization-ഉം നടപ്പിൽ വരുത്തിയത്. എന്നാലും ചില സ്ഥലങ്ങളിൽ ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ട്. അതിൽ കർക്കശമായ നിലപാടെടുത്തിട്ടുണ്ട്. അതൊരു സാർവ്വത്രികമായ ഇടപാടാണെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയായില്ല. ഈ രംഗത്തുണ്ടായിരുന്ന എല്ലാ ക്രമക്കേടുകളും അവസാനിപ്പിക്കാനാവശ്യമായ എല്ലാ നടപടികളും ഞങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, പൊതുവിതരണ സമ്പ്രദായം നന്നായി പോകുന്നുവെങ്കിലും പരിഗണന നൽകേണ്ട വിഭാഗങ്ങൾ, അതായത് പഞ്ചായത്തിന്റെ ലിസ്റ്റിലുള്ള ആശ്രയ പദ്ധതിയിലെ മുഴുവൻ പേരെയും ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; പലപ്പോഴും നിബന്ധനവച്ച് നോക്കുമ്പോൾ ഒന്നോ രണ്ടോ പേരുള്ള ആളുകൾ ലിസ്റ്റിൽനിന്നും പുറത്താകുന്നത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, ക്ലേശഘടകങ്ങൾ നിശ്ചയിച്ചപ്പോൾ ആശ്രയ പദ്ധതിയിലുള്ളവരെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അവർക്കും പ്രത്യേക മാർക്ക് നൽകിക്കൊണ്ടാണ് മുൻഗണനാ പട്ടികയിലുൾപ്പെടാനുള്ള അർഹത നിശ്ചയിച്ചത്. അപ്പോൾ 45000 ആൾക്കാരെ ശേഷിക്കുന്നവരായുള്ളൂ. അവരെയും ഉൾക്കൊള്ളിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, ഇ-പോസ് സംവിധാനം വന്നതോടുകൂടി പലപ്പോഴും റേഷൻകടകളിൽനിന്നും സാധനങ്ങൾ വാങ്ങാൻ കഴിയാതെ മടങ്ങേണ്ട സ്ഥിതിയാണുള്ളത്. അതിന് കാരണം നെറ്റ് കണക്ഷനില്ലെന്നു ള്ളതാണ്. എല്ലാ റേഷൻകടക്കാർക്കും നെറ്റ് കണക്ഷൻ കൊടുത്തിട്ടില്ല. പല റേഷൻകടക്കാരും വൈ ഫൈ സംവിധാനം അവരുടെ സ്വന്തം ചെലവിൽ ഏർപ്പെടുത്തിയതാണ് . അതുകൊണ്ട് എല്ലാ റേഷൻ കടക്കാർക്കും നെറ്റ് കണക്ഷനും ഹൈ സ്പീഡ് ആക്സസിലുള്ള ഇന്റർനെറ്റ് കണക്ടിവിറ്റിയും ലഭ്യമാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചാൽ മാത്രമേ ഇ-പോസ് സംവിധാനംകൊണ്ട് സാധാരണക്കാർക്ക് ലഭിക്കേണ്ട സേവനം കൃത്യമായി ലഭ്യമാകുകയുള്ളൂ. അതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, നെറ്റ് കണക്ടിവിറ്റിയുടെ പ്രശ്നം ഇപ്പോഴില്ല. അതെല്ലാം കറക്ട് ചെയ്തു. ഇനി എവിടെയെങ്കിലും അവശേഷിക്കുന്നുവെങ്കിൽ തീർച്ചയായും അതിന് പരിഹാരമുണ്ടാക്കാം. നെറ്റ് കണക്ടിവിറ്റിയുടെ പേരിൽ റേഷൻ കൊടുക്കാൻ കഴിയാത്ത ഒരു അവസ്ഥയുണ്ടാകരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ നെറ്റ് കിട്ടാതെ വന്നാൽ അത്തരം സ്ഥലങ്ങളിൽ റേഷൻ മാനുവലായി കൊടുക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. റേഷൻ ലഭ്യമാകാത്ത സാഹചര്യം ഒരു കാരണവശാലുമുണ്ടാകില്ല.

ശ്രീ. കെ. ബാബു: സർ, കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് സെറീന വില്യംസിനും വീനസ് വില്യംസിനും ഉൾപ്പെടെയാണ് റേഷൻ കാർഡ് വിതരണം ചെയ്തത്. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം അർഹതപ്പെട്ട മുഴുവനാളുകൾക്കും റേഷൻ കാർഡ് വിതരണവും ഇ-പോസ് മെഷീനിലൂടെ ഭക്ഷ്യധാന്യ വിതരണവും വാതിൽപ്പടിയിലൂടെ ഭക്ഷ്യധാന്യം എത്തിക്കുന്ന നടപടിയും നടപ്പിലാക്കിയതിന് ഞാൻ അഭിനന്ദിക്കുന്നു. ആദിവാസി സമൂഹമുൾപ്പെടെ അധിവസിക്കുന്ന കോളനികളിൽ പഞ്ഞമാസക്കാലത്ത് നൽകുന്ന സൗജന്യ റേഷൻ വിതരണം എത്രകണ്ട് നടപ്പിലാക്കിയിട്ടുണ്ട് ?

ശ്രീ. പി. തിലോത്തമൻ: സർ, ആദിവാസികളെല്ലാവരും എ.എ.വൈ. കാർഡുടമകളാണ് . ആദിവാസികളുൾപ്പെടെ സംസ്ഥാനത്തെ 25 ലക്ഷം എ.എ.വൈ. കാർഡുടമകൾക്ക് സമ്പൂർണ്ണ സൗജന്യമാണ് നൽകുന്നത്.

ആദിവാസികൾക്ക് ഊരുകളിൽ ധാന്യം എത്തിക്കുന്ന ഗവൺമെന്റ് പദ്ധതി തൃശ്ശൂരിലും പത്തനംതിട്ടയിലും നടപ്പിലാക്കിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ അതിനുവേണ്ട ഒരുക്കങ്ങളെല്ലാം പൂർത്തിയായിട്ടുണ്ട്. ഈ സാമ്പത്തിക വർഷം വയനാട് ഉൾപ്പെടെ സംസ്ഥാനത്തെമ്പാടും ആദിവാസികളുടെ ഊരുകളിലേയ്ക്ക് ധാന്യം എത്തിക്കുന്ന പദ്ധതി വളരെ വിജയകരമായി നടപ്പാക്കാനുള്ള ആലോചനയാണ് നടന്നുകൊണ്ടിരിക്കുന്നത്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, ബി.പി.എൽ. മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി തോട്ടം തൊഴിലാളികളുടെ നിരവധി അപേക്ഷകളാണ് സപ്ലൈ ഓഫീസിൽ കെട്ടിക്കിടക്കുന്നത്. അതുപോലെ ആദിവാസികളിൽ നിരവധിപേർക്ക് എ.പി.എൽ. കാർഡാണെന്നുള്ളതും കാണാൻ കഴിയും. ഇതെല്ലാം അപേക്ഷകളായി അവിടെ കെട്ടിക്കിടപ്പുണ്ട്. ഒരു പ്രത്യേക അദാലത്ത് നടത്തി സപ്ലൈ ഓഫീസ് അടിസ്ഥാനത്തിൽ അത് പെട്ടെന്ന് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, ഇപ്പോൾ അപേക്ഷകളൊന്നും കെട്ടിക്കിടപ്പില്ല. പുതുതായി ചെല്ലുന്ന അപേക്ഷകൾ മാത്രമേ കാണുകയുള്ളൂ. അപേക്ഷകളെല്ലാം പ്രോസസ് ചെയ്ത് അവർക്ക് മാർക്ക് നിശ്ചയിച്ച് വെയിറ്റിംഗ് ലിസ്റ്റിൽ ഉൾപ്പെടുത്തി നിർത്തിയിരിക്കുകയാണ്. അനർഹരെ കണ്ടുപിടിച്ച് ഒഴിവാക്കുന്ന മുറയ്ക്ക് പ്രയോറിറ്റി അടിസ്ഥാനത്തിൽ അവരെ ഉൾപ്പെടുത്തുന്ന നടപടികളാണ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. വയനാട് ജില്ലയിലെ പ്രശ്നങ്ങൾ പ്രത്യേകമായി പരിഗണിക്കുന്നതാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, അനർഹരെ ഒഴിവാക്കുന്ന കാര്യം വളരെ വേഗത്തിൽ നടക്കുന്നുണ്ട് . പക്ഷേ അർഹരെ ഉൾപ്പെടുത്തുന്നില്ല എന്നുള്ളത് വസ്തുതയാണ് . ഗോഡൗണുകളിൽ ഇപ്പോൾ മിച്ച ഭക്ഷ്യധാന്യം കെട്ടിക്കിടക്കുകയാണ് . ഇത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള നമ്മുടെ വിഹിതം വെട്ടിക്കുറയ്ക്കാൻ സാധ്യതയുണ്ട്. അതോടൊപ്പം ഗോഡൗണുകൾ വാടകയ്ക്ക് എടുക്കുന്നതുമായി ബന്ധപ്പെട്ട് വലിയ അഴിമതി നടക്കുന്നുണ്ടോ എന്ന് സംശയിക്കുകയാണ്. ആലത്തൂർ താലൂക്കിലെ കണ്ണമ്പ്രയിലും കാവശ്ശേരിയിലുമുള്ള ഗോഡൗണുകൾ നിർത്തലാക്കി പാലക്കാട് താലൂക്കിന്റെ സമീപത്തുകിടക്കുന്ന കോട്ടായിയിലെ ഗോഡൗണിലേയ്ക്ക് മാറ്റാൻ പരിശ്രമിക്കുകയാണ്. ഇത് അഴിമതിയുടെ ഭാഗമാണെന്ന് ഞാൻ സംശയിക്കുന്നു. കാരണം കോട്ടായിയിൽനിന്ന് ആലത്തൂർ താലൂക്കിലെ പാലക്കുഴി പോലുള്ള പ്രദേശത്ത് എത്തണമെങ്കിൽ 60 -70 കിലോമീറ്റർ ലോറി സഞ്ചരിക്കണം. വലിയ രൂപത്തിലുള്ള നഷ്ടം ഈ സമൂഹത്തിനുണ്ടാകുകയാണ്. ഇത്തരത്തിലുള്ള ഗോഡൗൺ എടുക്കുന്നതുമായി ബന്ധപ്പെട്ട അഴിമതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഉണ്ടെങ്കിൽ അത് പരിഹരിക്കുമോ; താലൂക്ക് കേന്ദ്രങ്ങളിലുള്ള ഗോഡൗണുകൾ നിർത്തലാക്കാൻ പോകുന്നത് തടയാൻ സന്നദ്ധമാകുമോ; സഹകരണ സംഘങ്ങൾ അപേക്ഷ കൊടുത്തിട്ടും അതിന് പരിഗണിക്കാതിരിക്കുന്നത് ഏത് താല്പര്യത്തിലാണ് എന്നതെല്ലാം പരിശോധിക്കാൻ സന്നദ്ധമാകുമോ?

ശ്രീ. പി. തിലോത്തമൻ: സർ, വെയർഹൗസിംഗ് കോർപ്പറേഷൻ വഴിയാണ് മിക്കവാറും ഗോഡൗണുകൾ എടുത്തത് . അല്ലാത്ത ചില സ്ഥലങ്ങളിൽ സപ്ലൈകോയ്ക്ക് നേരിട്ട് എടുക്കേണ്ടിവന്നിട്ടുണ്ട്. അതിലൊക്കെ വല്ല പ്രശ്നങ്ങളുമുണ്ടോ എന്നുള്ളത് പരിശോധിക്കാം. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ഏത് കാരണത്താലാണ് എന്നുള്ളത് പ്രത്യേകമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം. നമ്മുടെ റേഷൻ ധാന്യത്തിൽ 85 ശതമാനം മാത്രമാണ് ഉപഭോക്താക്കൾ വന്ന് വാങ്ങിക്കൊണ്ടുപോകുന്നത് . ബാക്കിയുള്ളത് ശേഷിക്കുന്നു. മിച്ചം വരുന്ന ധാന്യം ഗോഡൗണുകളിൽ സ്റ്റോക്കുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വസ്തുതയാണ് . മുൻഗണനാ പട്ടിക സംശുദ്ധമാക്കാൻ കഴിയാതെ വന്ന സാഹചര്യത്തിലാണ് ഇത്രയും ധാന്യം മിച്ചം വന്നിട്ടുള്ളത് . അത് തയ്യാറാക്കാൻ കേന്ദ്രം നമുക്ക് സമയം അനുവദിച്ചുതന്നിരുന്നില്ല. വളരെ ധൃതി പിടിച്ച് ഈ പദ്ധതി നടപ്പാക്കേണ്ട സാഹചര്യത്തിൽ മുൻഗവൺമെന്റ് തയ്യാറാക്കിയ പട്ടിക പ്രസിദ്ധീകരിച്ച് അതിന് ധാന്യം കൊടുക്കുന്ന സമ്പ്രദായമാണ് സ്വീകരിച്ചത് . മിച്ചം വന്ന ധാന്യം എങ്ങനെ വിനിയോഗിക്കുമെന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ് . ബഹുമാനപ്പെട്ട അംഗം പറഞ്ഞ പ്രശ്നം ഗൗരവത്തോടുകൂടി എടുക്കുന്നതാണ്.

## എം.പി.-മാരുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ സംവിധാനം

3 (*453) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. എം. ഉമ്മർ:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസനാവശ്യങ്ങൾക്കായി സംസ്ഥാനത്തുനിന്നുള്ള രാജ്യസഭ, ലോക്സഭാ അംഗങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് പ്രവർത്തിച്ചുവരുന്നത്; വിശദമാക്കാമോ;

(ബി) കേന്ദ്രത്തിൽ പുതിയ സർക്കാർ നിലവിൽ വന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി എം.പി.-മാരുടെ യോഗം വിളിച്ചുചേർത്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) എം.പി. സെല്ലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) സംസ്ഥാനത്തുനിന്നുള്ള പാർലമെന്റ് അംഗങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഓരോ പാർലമെന്റ് സമ്മേളനം ആരംഭിക്കുന്നതിനുമുമ്പും പാർലമെന്റ് അംഗങ്ങളുടെ സമ്മേളനം വിളിച്ചുചേർത്ത് കേരളത്തിന്റെ വികസന ആവശ്യങ്ങൾ സംബന്ധിച്ച് പാർലമെന്റിൽ ഉന്നയിക്കേണ്ട പൊതുവിഷയങ്ങൾ ചർച്ചചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തുനിന്നുള്ള പാർലമെന്റ് അംഗങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ന്യൂഡൽഹി കേരള ഹൗസിൽ ഒരു എം.പി. സെൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തിന്റെ വിവിധങ്ങളായ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി പാർലമെന്റ് അംഗങ്ങൾ ഉന്നയിക്കുന്ന വിഷയങ്ങളിൽ തുടരന്വേഷണം നടത്തി അതുസംബന്ധിച്ചുള്ള വിവരങ്ങൾ യഥാസമയം പാർലമെന്റ് അംഗങ്ങളെ അറിയിക്കുന്നതടക്കമുള്ള പ്രവർത്തനങ്ങൾ എം.പി. സെൽ മുഖേന ചെയ്തുവരുന്നു.

(ബി) ഇല്ല. സത്യപ്രതിജ്ഞ ചെയ്യുന്നതിനുമുമ്പായി പാർലമെന്റ് അംഗങ്ങളുടെ യോഗം വിളിച്ചുചേർക്കാൻ കഴിയുമായിരുന്നില്ല. അടുത്ത പാർലമെന്റ് സമ്മേളനത്തിന് മുന്നോടിയായി അംഗങ്ങളുടെ യോഗം വിളിച്ചുചേർക്കുന്നതാണ്.

(സി) സംസ്ഥാനത്തുനിന്നുള്ള പാർലമെന്റ് അംഗങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും അംഗങ്ങൾ പാർലമെന്റിൽ ഉന്നയിക്കുന്ന വിഷയങ്ങളിൽ തുടരന്വേഷണം നടത്തി വിവരങ്ങൾ അറിയിക്കുന്നതടക്കമുള്ള കാര്യങ്ങൾ ചർച്ചചെയ്ത് അംഗങ്ങളുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2007 മുതൽ ന്യൂഡൽഹി കേരള ഹൗസിൽ ഒരു എം.പി. സെൽ പ്രവർത്തിച്ചുവരുന്നു.

എം.പി. സെല്ലിന്റെ പ്രവർത്തനത്തിനായി റെസിഡന്റ് കമ്മീഷണറുടെ മേൽനോട്ടത്തിൽ കേരള ഹൗസ് ലെയ്സൺ ഓഫീസിൽ ഒരു ഓഫീസ് പ്രവർത്തിച്ചുവരുന്നുണ്ട് . എന്നാൽ എം.പി. സെല്ലിന് മാത്രമായി ഒരു ഓഫീസ് നിലവിലില്ല .

എം.പി. സെല്ലിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് കേരള ഹൗസ് ലെയ്സൺ വിംഗിലെ രണ്ട് അസിസ്റ്റന്റ് ലെയ്സൺ ഓഫീസർമാർക്ക് അധിക ചുമതല നൽകിയിട്ടുണ്ട് . പാർലമെന്റ് അംഗങ്ങൾക്ക് വിവിധ വിഷയങ്ങൾ സംബന്ധിച്ച് കത്തുകളും മെമ്മോറാണ്ടങ്ങളും തയ്യാറാക്കുന്നതിനായി ആവശ്യപ്പെടുന്ന മുറയ്ക്ക് അസിസ്റ്റന്റ് ലെയ്സൺ ഓഫീസർ/കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നിവരുടെ സേവനം ലഭ്യമാക്കിവരുന്നുണ്ട്.

ന്യൂഡൽഹിയിൽ എത്തുന്ന പാർലമെന്റ് അംഗങ്ങൾക്ക് വാഹനസൗകര്യവും സ്ഥിരമായി എം.പി. ക്വാർട്ടേഴ്സും ലഭ്യമാകുന്നതുവരെ കേരള ഹൗസിൽ താമസസൗകര്യവും നൽകുന്നുണ്ട്.

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, കേരളത്തിന്റെ ആവശ്യങ്ങൾ കേന്ദ്രത്തിൽനിന്ന് നേടിയെടുക്കുന്നതിനും കേരളം സമർപ്പിക്കുന്ന പുതിയ പദ്ധതികൾക്ക് അംഗീകാരം നേടിയെടുക്കുന്നതിനും കേന്ദ്ര പദ്ധതികൾ യഥാസമയം കേരളത്തിൽ നടപ്പിലാക്കുന്നതിനുമൊക്കെ എം.പി.-മാരുടെ ഡൽഹിയിലുള്ള പ്രവർത്തനങ്ങളുടെ ഏകോപനവും ഇടപെടലുമൊക്കെ വളരെ അനിവാര്യമാണെന്ന് നമുക്കറിയാം. അതിന്റെ അടിസ്ഥാനത്തിലാണ് പാർലമെന്റ് സമ്മേളനങ്ങൾക്കുമുമ്പ് എം.പി.-മാരുടെ യോഗം സംസ്ഥാനത്ത് വിളിച്ചുകൂട്ടുന്നത് . എന്നാൽ ഇപ്പോൾ കേരളത്തിൽനിന്നുള്ള 20 എം.പി.-മാരും പ്രതിപക്ഷത്തുള്ളവരാണ് . അവരെല്ലാവരും ഒരു ടീമായി പ്രവർത്തിക്കാൻ തീരുമാനമെടുത്ത സാഹചര്യത്തിൽ കേരളത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി പാർലമെന്റ് സമ്മേളനത്തിന് മുമ്പുമാത്രം യോഗംചേരുക എന്നുള്ള അവസ്ഥ മാറ്റി കൂടുതൽ യോഗങ്ങൾ സംഘടിപ്പിക്കാനും അവരുമായി കാര്യങ്ങൾ ചർച്ചചെയ്ത് അത് നേടിയെടുക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, തീർച്ചയായും എം.പി.-മാരുടെ സേവനം കൂടുതലായി ഉപയോഗപ്പെടുത്തേണ്ട തരത്തിൽ തന്നെയാണ് ഗവൺമെന്റ് നടപടികൾ സ്വീകരിച്ചുവരുന്നത് . എം.പി.-മാർ കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് സംസ്ഥാന വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ സംസ്ഥാനത്തുനിന്നുള്ള വിവരങ്ങൾകൂടി ശേഖരിച്ചുകൊണ്ട് കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താറുണ്ട് . സംസ്ഥാന ഗവൺമെന്റ് ആവശ്യമായ വിവരങ്ങൾ എം.പി.-മാർക്ക് ലഭ്യമാക്കാറുണ്ട് . പുതിയ പ്രശ്നങ്ങൾ വരുമ്പോൾ അതും എം.പി.-മാരുടെ ശ്രദ്ധയിൽപ്പെടുത്താറുണ്ട് . അതുപോലെ എല്ലാ സമ്മേളനങ്ങളുടെയും മുന്നോടിയായി സാധാരണ എം.പി.-മാരുടെ യോഗം നടക്കാറുണ്ട് , അതിൽ കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യാറുമുണ്ട് . അതിനൊന്നും ഒരു കുറവും ഇതുവരെയില്ല. കുറേക്കൂടി ശക്തിപ്പെടുത്താൻ തന്നെയാണ് ആലോചിക്കുന്നത് .

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, ഡൽഹിയിൽ പ്രവർത്തിക്കുന്ന എം.പി. സെല്ലിന്റെ പ്രവർത്തനത്തിന് പ്രത്യേകമായ സ്റ്റാഫോ ഓഫീസോ ഇല്ല. ഈ പ്രത്യേക സാഹചര്യത്തിൽ ആ ഓഫീസ് ശക്തമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പുതിയ ഓഫീസ് , പുതിയ സ്റ്റാഫിന്റെ നിയമനം അത്തരം കാര്യങ്ങളിൽ ശ്രദ്ധകാണിച്ചാൽ കുറെക്കൂടി ഫലപ്രദമായി പദ്ധതികളുടെ നടത്തിപ്പ് സുഗമമാക്കാൻ കഴിയും. അക്കാര്യം ആലോചിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, എം.പി.-മാർക്ക് അവരുടെ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാധാരണ നിലയിലുള്ള സംവിധാനങ്ങളുണ്ട്. അവ ഉപയോഗിച്ച് കേരള ഹൗസിൽ സർക്കാരുമായി ബന്ധപ്പെട്ടുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന് കഴിയും. ആ വിവരങ്ങൾ നൽകുന്നതിന് ഒരു തടസ്സവും ഉണ്ടാകുന്നില്ല. വിവരങ്ങൾ കൈമാറുന്നതിനുള്ള സംവിധാനങ്ങൾ നല്ല രീതിയിൽ ഏർപ്പെടുത്താവുന്നതാണ്.

ശ്രീ. എം. ഉമ്മർ: സർ, പുതിയ ഗവൺമെന്റിന്റെ ആദ്യ പാർലമെന്റ് സമ്മേളനം നടക്കുകയാണ്. ആദ്യ സമ്മേളനത്തിൽ തന്നെ എം.പി.-മാർക്ക് കേരളത്തിന്റെ ആവശ്യങ്ങൾ സഭയിൽ ഉന്നയിക്കുന്നതിനായി അവരെ enlighten ചെയ്യത്തക്ക വിധത്തിൽ, ഒന്നുകിൽ ഈ സഭ നടക്കുമ്പോൾ ഡൽഹിയിൽ അല്ലെങ്കിൽ കേരളത്തിൽ വച്ച് എം.പി.-മാരുടെ പ്രത്യേക യോഗം ചേരുന്നത് സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സാധാരണ പാർലമെന്റ് ചേരുന്നതിന് മുമ്പാണ് സമ്മേളനം ചേരുന്നത്. ഇത്തവണ സംഭവിച്ചത്, അവരാരും സത്യപ്രതിജ്ഞ നടത്തിയില്ല, എം.പി.-മാർ ആയില്ല. എം.പി.-മാർ ആകുന്നതിനുമുമ്പ് എങ്ങനെയാണ് എം.പി.-മാരുടെ സമ്മേളനം വിളിക്കുന്നത്? അതുകൊണ്ട് എം.പി.-മാരുടെ സമ്മേളനം സഭ തുടങ്ങുന്നതിനു മുമ്പ് വിളിച്ചുചേർക്കാൻ സാധിച്ചില്ല. ഇനി തുടർച്ചയായി വിളിക്കുന്ന നടപടി തന്നെയാണ് സ്വീകരിക്കുന്നത്. സഭ നടക്കുന്നതിനിടെ വിളിച്ചാൽ സ്വാഭാവികമായും ചില പ്രയാസങ്ങൾ അവർക്കുണ്ടാകുമെന്നുള്ളതുകൊണ്ട് ആ ഉദ്ദേശ്യമില്ല.

ശ്രീ. ടി. എ. അഹമ്മദ് കബീറിനുവേണ്ടി ശ്രീ. പി. ഉബൈദുള്ള: സർ, എം.പി.-മാരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഡൽഹിയിൽ ഒരു എം.പി. സെൽ പ്രവർത്തിക്കുന്നുണ്ട്. തലസ്ഥാന നഗരിയിൽ സെക്രട്ടേറിയറ്റ് കേന്ദ്രീകരിച്ച് മറ്റൊരു സെൽ ഉണ്ടാകുന്നത് കൂടുതൽ സഹായകരമാകുമെന്നാണ് എന്റെ അഭിപ്രായം. കേന്ദ്ര പദ്ധതികൾ പലതും സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്നില്ല. കഞ്ചിക്കോട് കോച്ച് ഫാക്ടറിക്കുവേണ്ടി രണ്ട് പതിറ്റാണ്ടായി നടത്തിക്കൊണ്ടിരിക്കുന്ന ശ്രമം യാഥാർത്ഥ്യമാക്കാനുള്ള ഇടപെടൽ നടത്തിയിട്ടുണ്ടോ; തുടർന്ന് പുതിയതായി തെരഞ്ഞെടുത്ത എം.പി.-മാരുടെ സേവനംകൂടി പ്രയോജനപ്പെടുത്തി അതിനാവശ്യമായ സമ്മർദ്ദം കേന്ദ്ര സർക്കാരിൽ ചെലുത്തുമോ?

ശ്രീ. പിണറായി വിജയൻ: സർ, കോച്ച് ഫാക്ടറിയുടെ കാര്യം കേരളത്തോടുള്ള അവഗണനയുടെ ഭാഗമായി തുടരുന്ന പ്രശ്നമാണ്. അത്തരം കാര്യങ്ങളിൽ നല്ല രീതിയിൽ ശബ്ദമുയർത്തുക എന്നതാണ് സാധാരണഗതിയിൽ സാധിക്കുന്നത്. അത് ഇപ്പോഴും നടക്കുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്. അത്തരം കാര്യങ്ങൾ നമുക്ക് നീക്കാവുന്നതാണ്.

ഡോ. എം. കെ. മുനീർ: സർ, ഡൽഹിയിൽ നമുക്കൊരു സെൽ ഉണ്ട്. എം.പി.-മാരുടെ ദീർഘകാലമായുള്ള ആവശ്യമാണ് liaison officer ആയി ഒരാൾ കേരളത്തിൽ ഉണ്ടാകണമെന്നുള്ളത്. എല്ലാ ഉദ്യോഗസ്ഥരുമായി വെവ്വേറെ ബന്ധപ്പെടുന്നതിനുള്ള അസൗകര്യം മാനിച്ചുകൊണ്ട് ഇവിടെ liaison-നുവേണ്ടി ഒരു ഓഫീസറെക്കൂടി നിയമിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, അതിന് എം.പി.-മാരെ സഹായിക്കുന്നതിന് ഒരു സ്റ്റാഫിനെ നിയമിക്കുന്നുണ്ട്. സെക്ഷൻ ഓഫീസർ വരെയുള്ളവരുടെ സേവനമാണ് ഇതിനായി വിട്ടുകൊടുക്കുന്നത്. അവരെ ഉപയോഗിച്ചുകൊണ്ട് അവർക്ക് വിവരങ്ങൾ ശേഖരിക്കാവുന്നതേയുള്ളൂ. അതിനുവേണ്ടി പ്രത്യേകം liaison officer എന്നത് പ്രായോഗികമായ കാര്യമല്ല. കാരണം ഇവിടെയാകുമ്പോൾ ഏത് വകുപ്പുമായി ബന്ധപ്പെട്ടും വിവരങ്ങൾ ശേഖരിക്കാൻ സാധിക്കാവുന്നതേയുള്ളൂ. ഡൽഹിയിൽ പ്രത്യേക സംവിധാനമായതുകൊണ്ടാണ് അവിടത്തെ കേരള ഹൗസും മറ്റ് കാര്യങ്ങളുമായി ബന്ധപ്പെടുന്നതിനുള്ള സൗകര്യങ്ങൾ വരുന്നത്.

## (iii) അടിയന്തര ചോദ്യം

### വിദ്യാർത്ഥികളെ ലക്ഷ്യമിട്ടുള്ള മണിചെയിൻ തട്ടിപ്പ്

ശ്രീ. മോൻസ് ജോസഫ്: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിചെയിൻ തട്ടിപ്പിലൂടെ സംസ്ഥാനത്തെ വിദ്യാർത്ഥികളെ കെണിയിൽ വീഴ്ത്തുന്നതായുള്ള പരാതിയിൽ പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) തലസ്ഥാനത്തെ പത്താം ക്ലാസ് മുതൽ പ്രൊഫഷണൽ കോളേജ് വരെയുള്ള വിദ്യാർത്ഥികൾ ഈ തട്ടിപ്പിന് ഇരയായിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിക്കാതിരിക്കാൻ ഈ തട്ടിപ്പിന്റെ ഉറവിടം കണ്ടെത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ;

(സി) സ്വകാര്യ മണിചെയിൻ തട്ടിപ്പുസംഘം തലസ്ഥാനത്ത് ഓഫീസ് ആരംഭിച്ച് പ്രവർത്തനം തുടങ്ങിയത് സംബന്ധിച്ച് നാട്ടുകാർ പരാതിപ്പെട്ടിട്ടും പോലീസ് നടപടി സ്വീകരിച്ചില്ല എന്ന ആക്ഷേപം ഗൗരവമായി പരിശോധിക്കുമോ;

(ഡി) വിദ്യാർത്ഥികൾക്ക് നഷ്ടപ്പെട്ട പണം തിരികെ ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) മണിചെയിൻ തട്ടിപ്പിലൂടെ 2,38,000 രൂപ വഞ്ചിച്ചെടുത്തു എന്ന് കാണിച്ച് അഖിൽ, എബിൻ തോമസ്, നിളാമ്മുദ്ദീൻ എന്നിവർ ചേർന്ന് 15-6-2019-ന് തിരുവനന്തപുരം സിറ്റി

ജില്ലാ പോലീസ് മേധാവി മുമ്പാകെ സമർപ്പിച്ച പരാതി മണ്ണന്തല പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ.-യ്ക്ക് നിയമ നടപടികൾ സ്വീകരിക്കുന്നതിനായി 18-6-2019-ന് അയച്ചുകൊടുത്തു. ഇക്കാര്യത്തിൽ മണ്ണന്തല പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1198/2019 u/s 420 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

(ബി - ഡി) പത്താം ക്ലാസ് മുതൽ പ്രൊഫഷണൽ കോളേജ് വരെയുള്ള വിദ്യാർത്ഥികൾ തട്ടിപ്പിന് ഇരയായിട്ടുണ്ടോ എന്ന കാര്യവും സ്വകാര്യ മണി ചെയിൻ തട്ടിപ്പ് സംഘം തലസ്ഥാനത്ത് ഓഫീസ് ആരംഭിച്ച് പ്രവർത്തനം തുടങ്ങിയത് സംബന്ധിച്ചും അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, അടിയന്തര ചോദ്യം അനുവദിച്ചതിന് അങ്ങേയ്ക്കും ആ ചോദ്യം പരിഗണിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും നന്ദി പറയുന്നു. കേരളത്തിലെ വിദ്യാർത്ഥികൾക്കിടയിൽ വളരെ ആശങ്കയോടെ നോക്കിക്കാണുന്ന പ്രശ്നമാണ് മാധ്യമങ്ങൾ പുറത്തുകൊണ്ടുവന്നിരിക്കുന്നത്. ഇപ്പോൾ ഇതിന്റെ ഗൗരവം എത്രമാത്രം ഉണ്ടെന്നുള്ളത് സംബന്ധിച്ച് ആഴങ്ങളിലേയ്ക്ക് അന്വേഷണം നടത്തിയാൽ മാത്രമേ അറിയാൻ സാധിക്കൂ. ഇപ്പോഴത്തെ റിപ്പോർട്ടനുസരിച്ച് പത്താം ക്ലാസ് മുതൽ പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾവരെ ഈ കെണിയിൽ വീണിരിക്കുന്നതായാണ് മനസ്സിലാക്കാൻ കഴിയുന്നത്. വളരെ ഗൗരവമായി പ്രശ്നത്തെ കാണേണ്ടതായിട്ടുണ്ട്. ഇന്ന് വന്നിരിക്കുന്ന പുതിയ വളർച്ചയുടെ സാഹചര്യങ്ങൾ, സാമൂഹ്യരംഗത്ത് വരുന്ന സ്വാധീനിക്കലുകൾ, പരസ്യങ്ങൾ ഇതെല്ലാം കുട്ടികളെ വഴിതെറ്റിക്കുന്ന സ്ഥിതിവിശേഷം മുന്നിൽ കാണുമ്പോൾ തീർച്ചയായും വളരെ ഗൗരവമായ ഇടപെടൽ ഇക്കാര്യത്തിൽ ആവശ്യമാണ്. ഇപ്പോൾ തലസ്ഥാനത്ത് ഓഫീസ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതായാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. കുട്ടികളിൽനിന്നും തട്ടിയെടുത്ത പണം തിരിച്ചുകൊടുത്തിട്ടില്ലെന്ന രക്ഷിതാക്കളുടെ പരാതി പോലീസ് സ്റ്റേഷനിൽ വന്നിട്ടുണ്ട്. കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? സാധാരണ ഇത്തരം തട്ടിപ്പ് സംഘങ്ങളെല്ലാം ഒരു സ്ഥലത്ത് തുടങ്ങി മറ്റ് സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന പ്രവണതയാണ് പലപ്പോഴും കാണാറുള്ളത്. അതുകൊണ്ടുതന്നെ വളരെ ജാഗ്രത ആവശ്യമാണെന്നുള്ളതാണ് ഇക്കാര്യത്തിൽ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഇത്തരത്തിലുള്ള കാര്യങ്ങളിൽ ജാഗ്രത ഉറപ്പുവരുത്താനും നിയന്ത്രിക്കാനും കഴിയുന്ന വിധത്തിൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പോലീസ് വകുപ്പ് ആവശ്യമായ ഇടപെടൽ നടത്തി നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത്തരമൊരു പുതിയ തട്ടിപ്പ് രീതി കർശനമായ നടപടിയിലൂടെ നേരിടേണ്ടതായി വരും. അതിൽ ഒരു തരത്തിലുള്ള ആശങ്കയും ഉണ്ടാകേണ്ടതായിട്ടില്ല. ഇത് തടയുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. അക്കാര്യത്തിൽ പോലീസ് ജാഗ്രതയോടെ നീങ്ങും. വിദ്യാഭ്യാസ വകുപ്പുമായി യോജിച്ചുകൊണ്ടുതന്നെ ഇക്കാര്യത്തിൽ ആവശ്യമായ പ്രവർത്തനങ്ങളും നടത്തും.

ശ്രീ. പി. ടി. തോമസ്: സർ, മണിചെയിൻ തട്ടിപ്പ് ചൂണ്ടിക്കാണിച്ചതുപോലെ സ്കൂളുകളുടെ പരിസരങ്ങളിൽ സാമൂഹ്യവിരുദ്ധർ കറങ്ങി നടക്കുകയാണ്. അതിനകത്ത് തീവ്രവാദ സംഘടന, മയക്കുമരുന്ന്, മദ്യം ഉൾപ്പെടെയുള്ള ലഹരിവസ്തുക്കൾ വിൽക്കുന്ന ആളുകളുമുണ്ട്. എല്ലാത്തരം സാമൂഹ്യവിരുദ്ധ ശക്തികളും സ്കൂളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും കേന്ദ്രീകരിച്ചുകൊണ്ട് ബസ് സ്റ്റോപ്പുകൾ, സ്കൂളുകളുടെ പരിസരങ്ങൾ, തൊട്ടടുത്തുള്ള കടകൾ തുടങ്ങിയവയാണ് അവരുടെ കേന്ദ്രം. ഇത് നിരീക്ഷിക്കാൻ ശക്തമായ നടപടി ഉണ്ടാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത് പൊതുസമൂഹം ഉൾപ്പെടെ ഗൗരവമായി കാണേണ്ട കാര്യമാണ്. കാരണം വിദ്യാർത്ഥികളെ ഡ്രഗ് മാഫിയ ലക്ഷ്യമിടുന്നുണ്ട് എന്നുള്ളത് തന്നെയാണ് നമ്മളെ ഭയപ്പെടുത്തുന്ന പ്രശ്നം. അതുമായി ബന്ധപ്പെട്ട് കർശന നടപടികൾ സ്വീകരിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. മിക്കവാറും സ്കൂളുകൾക്ക് ആവശ്യമായ സെക്യൂരിറ്റി സംവിധാനവും ചുറ്റുമതിലുമില്ല. എല്ലാ സ്കൂളുകൾക്കും പെട്ടെന്ന് ചുറ്റുമതിൽ നിർമ്മിക്കാൻ കഴിഞ്ഞെന്നുവരില്ല. എന്നാൽ സ്കൂളുകളിലെ പി.ടി.എ. മുൻകയ്യെടുത്ത് ഗാർഡിനെ നിയമിക്കുന്നത് നല്ലതായിരിക്കും. സ്കൂൾ പരിസരത്തിനുള്ളിൽ സ്കൂളിലേയ്ക്ക് വരേണ്ട ആവശ്യമില്ലാത്തവരാരും കടക്കാൻ പാടില്ല. അത് പൂർണ്ണമായും തടയുന്ന അന്തരീക്ഷം സ്കൂൾ പരിസരത്തുണ്ടാകണം. സ്കൂളുകളിൽ ഗാർഡിനെ നിയമിച്ചാൽ അത് തടയാൻ സാധിക്കും. അതോടൊപ്പം ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചപോലെ ചില സ്കൂളുകളുടെ പരിസരത്തുള്ള കടകൾ ലഹരിവസ്തുക്കൾ വിൽക്കുന്ന സ്ഥിതിയുണ്ട്. അക്കാര്യത്തിൽ കർശനമായ നടപടിയെടുക്കും. ഏതെങ്കിലും ഒരു കടയിൽ അത്തരത്തിലുള്ള സാധനങ്ങൾ പിടികൂടിയാൽ പിന്നെ ആ കട പ്രവർത്തിക്കാൻ അനുവദിക്കാത്ത അവസ്ഥ വേണം. മാതൃകാപരമായ നടപടിയായി വരണം. അതോടൊപ്പം കുട്ടികളുടെ ഇടയിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന എൻ.സി.സി., സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്. സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് ബോധവൽക്കരണം നടക്കേണ്ടതായിട്ടുണ്ട്. വിദ്യാർത്ഥി സംഘടനകളുടെ കുറവുകളെ സംബന്ധിച്ച് ചില വിദ്വാന്മാർ പറയാറുണ്ട്. പക്ഷേ വിദ്യാർത്ഥി സംഘടനകൾ പ്രവർത്തിക്കുന്ന സ്ഥലത്ത് മയക്കുമരുന്നുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉണ്ടാകാറില്ല. സ്കൂളുകളിൽ വിദ്യാർത്ഥി

സംഘടനകളുടെ പ്രവർത്തനം കുറഞ്ഞുവരുന്നതും പ്രശ്നമായി തീർന്നിട്ടുണ്ട്. അത്തരം കാര്യങ്ങളിൽ കുട്ടികളെ ബോധവൽക്കരിക്കുക ഏറ്റവും പ്രധാനമാണ്. അതോടൊപ്പം കുട്ടികളുടെ കാര്യം നോക്കുന്നതിന് മെന്റർ എന്ന സംവിധാനം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. അതായത് കുറച്ച് കുട്ടികളെ ഒരു അദ്ധ്യാപകൻ/അദ്ധ്യാപിക നിരീക്ഷിക്കണം, അവർ ആ കുട്ടികളുടെ മെന്ററായിരിക്കും. അങ്ങനെയൊരു സംവിധാനം കൊണ്ടുവരാൻ വിദ്യാഭ്യാസ വകുപ്പ് ആലോചിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെ ഒട്ടേറെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ: ഒരു കിലോ വരെയുള്ള കഞ്ചാവ് പിടിച്ചാൽ ജാമ്യം ലഭിക്കുന്ന അവസ്ഥയാണുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അത് ഒരു സെൻട്രൽ ആക്ടാണ്. കാരണം പല ഔഷധങ്ങൾക്കുവേണ്ടി കഞ്ചാവ് പോലുള്ള സാധനങ്ങൾ ഉപയോഗിക്കേണ്ടി വരുന്നതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് അത് ഏർപ്പെടുത്തിയിരിക്കുന്നത്. അത് മാറ്റണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതാണ്. കേന്ദ്ര ഗവൺമെന്റ് മാറ്റാൻ തയ്യാറുമല്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

#### ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണം

4(*454) ശ്രീ. കാരാട്ട് റസാഖ്:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ ഭീഷണിയായിത്തീർന്നിട്ടുള്ള ജീവിതശൈലീ രോഗങ്ങളെ നിയന്ത്രിക്കാൻ കുടുംബാരോഗ്യ സംവിധാനത്തിന്റെ രൂപീകരണം എത്രമാത്രം ഫലപ്രദമായിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) മരുന്നുകൾ വഴി അസുഖം നിയന്ത്രിക്കുന്നതോടൊപ്പം ജീവിതശൈലീ രോഗം വരാതിരിക്കാൻ നിത്യജീവിതത്തിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് വ്യാപകമായ ബോധവൽക്കരണ പ്രവർത്തനം നടത്താൻ പദ്ധതിയുണ്ടോ;

(സി) കാൻസർ ചികിത്സാ സൗകര്യം ഇരട്ടിയാക്കുകയെന്ന ലക്ഷ്യം നേടാനായി നടത്തി വരുന്ന പ്രവർത്തനം അറിയിക്കാമോ;

(ഡി) സാന്ത്വന ചികിത്സ രംഗത്ത് നിലവിൽ സന്നദ്ധ സംഘടനകൾ നടത്തുന്ന വിപുലമായ ഇടപെടൽ കൂടി പരിഗണിച്ച് അത്തരം സംഘടനകൾക്ക് വേണ്ട പിന്തുണ നൽകുന്നതിനും സാന്ത്വന പരിചരണ സംവിധാനം കൂടുതൽ വ്യാപിപ്പിക്കുന്നതിനും നടപടിയെടുക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, (എ) നഗരവൽക്കരണത്തിന്റെയും ആധുനികവൽക്കരണത്തിന്റെയും ഭാഗമായി കേരളത്തിലെ ജനങ്ങളുടെ ജീവിതശൈലിയിലുണ്ടായ കാതലായ ശൈലീമാറ്റത്തിന് അനുസൃതമായി ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സംസ്ഥാന സർക്കാർ ആരംഭിച്ച അമൃതം ആരോഗ്യം പദ്ധതിവഴി ജീവിതശൈലീ രോഗങ്ങളെ മുൻകൂട്ടി കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിച്ചുവെങ്കിലും അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പൂർണ്ണതോതിൽ നടപ്പിലാക്കപ്പെട്ടത് 'ആർദ്രം' പദ്ധതിയിലൂടെയുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങൾ നിലവിൽ വന്നതിനുശേഷമാണ്. ആഴ്ചയിൽ ഒരു ദിവസം മാത്രമുണ്ടായിരുന്ന ജീവിതശൈലീ നിയന്ത്രണ ക്ലിനിക്കുകൾ ഇപ്പോൾ എല്ലാ ദിവസവും ഒരു സ്റ്റാഫ് നഴ്സിന്റെ നേതൃത്വത്തിലുള്ള പ്രീ-ചെക്ക് സംവിധാനത്തിലൂടെ എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും പ്രവർത്തന സജ്ജമാണ്. രക്താതി സമ്മർദ്ദം, പ്രമേഹം, ബി.എം.ഐ. എന്നീ പ്രാഥമിക പരിശോധന കൂടാതെ HbA1C പരിശോധന, കൊളസ്ട്രോൾ, വൃക്കരോഗങ്ങൾ എന്നിവയുടെ പ്രാഥമിക പരിശോധനകൂടി ഉൾപ്പെടുത്തി പരിശോധനാ സംവിധാനം ശക്തിപ്പെടുത്തിയിരിക്കുന്നു. ഗുരുതര ശ്വാസകോശ രോഗമായ COPD നിയന്ത്രിക്കുന്നതിനുള്ള 'ശ്വാസ് പദ്ധതി'യും വിഷാദ രോഗം കണ്ടെത്തുന്നതിനുള്ള 'ആശ്വാസ് പദ്ധതി'യും എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും പ്രവർത്തന സജ്ജമാണ്. ഡയബറ്റിക് ഫൂട്ട് ക്ലിനിക്കുകൾ, ഡയബറ്റിക് റെറ്റിനോപ്പതി ക്ലിനിക്കുകൾ എന്നിവയും ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രാവർത്തികമായി ക്കൊണ്ടിരിക്കുകയാണ്. ആർദ്രം പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളിൽ ചികിത്സയോടൊപ്പംതന്നെ ഫീൽഡ്തല പ്രവർത്തനങ്ങൾക്കും പ്രാമുഖ്യം നൽകുന്നതിനാൽ ജീവിതശൈലിയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണവും അത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സംവിധാനം ആരംഭിക്കുക വഴി പ്രമേഹ രോഗ നിർണ്ണയവും ബന്ധപ്പെട്ട ലാബ് പരിശോധനകളും ഇവിടെത്തന്നെ ചെയ്യുന്നതിനും രോഗശമന പുരോഗതി വിലയിരുത്താനും കഴിയുന്നു. രോഗം പ്രാരംഭ

ദിശയിലുള്ളവർക്ക് ബോധവൽക്കരണവും വ്യായാമം പ്രോത്സാഹിപ്പിക്കൽ, ഭക്ഷണ നിയന്ത്രണ പ്രവർത്തനങ്ങളും ചെയ്തുവരുന്നു. പ്രമേഹം, രക്തസമ്മർദ്ദം എന്നിവയുടെ തുടർ ചികിത്സ ലഭ്യമാക്കുക വഴി ഈ രോഗങ്ങളുടെ സങ്കീർണ്ണതകൾ കുറയ്ക്കുന്നതിനും അവ നേരത്തേ കണ്ടെത്തുന്നതിനും കഴിയുന്നു. കുടുംബാരോഗ്യ തലത്തിലും ഫീൽഡ് തലത്തിലും വ്യായാമത്തിനായുള്ള ഫിറ്റ്നസ് സെന്ററുകൾ, നടപ്പാതകൾ, നടത്ത കൂട്ടായ്മ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ ജീവിതശൈലീ രോഗങ്ങളെ ഫലപ്രദമായി നേരിടുന്നതിനും ഈ രോഗങ്ങളുടെ നിയന്ത്രണ നിരക്ക് വർദ്ധിപ്പിക്കുന്നതിനും സാധ്യമായിട്ടുണ്ട്.

(ബി) ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് പ്രധാനപ്പെട്ട ഒരു ഘടകം ജീവിതശൈലിയിൽ വരുത്തേണ്ട ആരോഗ്യപരമായ മാറ്റങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണമാണ്. ആരോഗ്യപരമായ ഭക്ഷണ രീതി, ചിട്ടയായ വ്യായാമം, പുകവലി, മദ്യപാനം തുടങ്ങിയ ലഹരിയിൽ നിന്നുള്ള മുക്തി എന്നിവയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയിലൂടെ നടപടികൾ സ്വീകരിച്ചുവരുന്നു. ആർദ്രം പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളിൽ ചികിത്സയോ ടൊപ്പംതന്നെ ഫീൽഡ്തല പ്രവർത്തനങ്ങൾക്കും പ്രാമുഖ്യം നൽകുന്നതിനാൽ ജീവിതശൈലിയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണവും അത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇതിനായി ആരോഗ്യ പ്രവർത്തകരോടൊപ്പം ആശ വോളന്റിയർമാരെയും ആരോഗ്യ സേനാ പ്രവർത്തകരെയും പരിശീലനം നൽകി പ്രാദേശിക തലത്തിൽ ജീവിതശൈലീ നിയന്ത്രണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നു. ക്യാൻസർ രോഗ നിർണ്ണയത്തിന് കാരണമാകുന്ന ജീവിതശൈലികളും ജീവിത സാഹചര്യങ്ങളും സംബന്ധിച്ചും രോഗത്തിനെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ചും ആർ.സി.സി.-യുടെ ഉപകേന്ദ്രങ്ങളായ ഏർളി ഡിറ്റക്ഷൻ സെന്ററുകൾ വഴി മുൻകൂർ ക്യാൻസർ നിർണ്ണയ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസുകളും നടത്തിവരുന്നുണ്ട്. കൂടാതെ മുൻകൂർ ക്യാൻസർ രോഗ നിർണ്ണയത്തിനായി ഡോക്ടർമാർക്കും നഴ്സുമാർക്കും ആർ.സി.സി.-യിൽ പരിശീലനങ്ങളും നൽകിവരുന്നുണ്ട്.

(സി) ക്യാൻസർ ചികിത്സാ സൗകര്യം ഇരട്ടിയാക്കുന്നതിനായി ആർ.സി.സി. തലത്തിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. ലോകോത്തര നിലവാരത്തിലുള്ള രോഗ നിർണ്ണയം/ചികിത്സ നൽകുന്നു.
2. ക്യാൻസർ രോഗം മുൻകൂട്ടി കണ്ടുപിടിക്കുന്നതിനും ക്യാൻസർ നിയന്ത്രണത്തിനുമായി ആർ.സി.സി.-യുടെയും ആർ.സി.സി.-യുടെ

ഉപകേന്ദ്രങ്ങളുടെയും ആഭിമുഖ്യത്തിൽ ക്യാൻസർ മുൻകൂർ നിർണ്ണയ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിച്ചുവരുന്നു.

3. സന്നദ്ധ സംഘടനകളുടെയും പൊതുസ്ഥാപനങ്ങളുടെയും സഹകരണത്തോടെ അർബുദബോധനയജ്ഞം, മുൻകൂർ ക്യാൻസർ നിർണ്ണയ പദ്ധതി, പൊതുമാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.

4. ആരോഗ്യ മേഖലയിലെ നഴ്സുമാർക്കും ഡോക്ടർമാർക്കും മുൻകൂർ ക്യാൻസർ നിർണ്ണയത്തിനും നിയന്ത്രണത്തിനുമുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.

5. അക്കാഡമിക് നിലവാരം വർദ്ധിപ്പിക്കുന്നതിനായി സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ, ഗവേഷണ പ്രോജക്ടുകൾ എന്നിവ നടത്തുന്നു.

6. ക്യാൻസർ ചികിത്സയിൽ മൾട്ടി ഡിസിപ്ലിനറി ക്ലിനിക്കുകൾ ഏർപ്പെടുത്തി ആർ.സി.സി.-യിലെ വിവിധ സ്പെഷ്യാലിറ്റികളിലുള്ള ഡോക്ടർമാരുടെ സംയോജിത സേവനം ലഭ്യമാക്കി ചികിത്സയുടെ ഗുണനിലവാരം മെച്ചപ്പെടുത്തി.

ഇതുകൂടാതെ ആർ.സി.സി.-യിൽ അത്യാധുനിക പീഡിയാട്രിക് ഓങ്കോളജി വിഭാഗം തുടങ്ങി. പുതിയ ഔട്ട് പേഷ്യന്റ് ബ്ലോക്ക് ആരംഭിച്ചു. PET CT scanner, SPECT scanner എന്നിവ സ്ഥാപിച്ചു. ആർ.സി.സി.-യുടെ പാലക്കാടും എറണാകുളത്തുമുള്ള ഉപകേന്ദ്രങ്ങളെ സംയോജിപ്പിച്ചുകൊണ്ട് ടെലിമെഡിസിൻ സംവിധാനവും ആരംഭിച്ചിട്ടുണ്ട്. ക്യാൻസർ രോഗികൾക്ക് കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പത്ത് നില കെട്ടിടം നിർമ്മിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ഇതുകൂടാതെ നിലവിലുള്ള കെട്ടിടത്തിനോട് ചേർന്ന് ആർ.സി.സി.-ക്ക് 187.22 കോടി രൂപ ചെലവിൽ പതിനാല് നില കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകി. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൊച്ചി ക്യാൻസർ സെന്ററിൽ പ്രതിവർഷം 25000-ത്തോളം രോഗികൾക്ക് ചികിത്സ ലഭ്യമാക്കാനുള്ള സൗകര്യമൊരുക്കാനും കെട്ടിടം പണിയാനും ഉപകരണങ്ങൾ വാങ്ങാനുമായി കിഫ്ബി പദ്ധതി വഴി 385 കോടി രൂപ അനുവദിച്ചു. ഈ സർക്കാർ അധികാരമേറ്റശേഷമാണ് കൊച്ചി ക്യാൻസർ റിസർച്ച് സെന്ററിൽ ഔട്ട് പേഷ്യന്റ് വിഭാഗം പ്രവർത്തനം തുടങ്ങിയത്. (2016 നവംബർ 1-ാം തീയതി). ഇൻപേഷ്യന്റ് സേവനം അധികം വൈകാതെ ആരംഭിക്കുന്നതാണ്. ഇതിനായി തസ്തികകളും സൃഷ്ടിക്കുകയുണ്ടായി.

മലബാർ ക്യാൻസർ സെന്ററിൽ ചികിത്സോപകരണങ്ങൾ സ്ഥാപിക്കുന്നതിനായി 10 കോടി രൂപ ചെലവഴിച്ചു. ഇതുകൂടാതെ മാസ്റ്റർ പ്ലാനിന്റെ ഭാഗമായുള്ള പീഡിയാട്രിക് ഓങ്കോളജി വിഭാഗത്തിന്റെയും ലബോറട്ടറി വിഭാഗത്തിന്റെയും പണി പൂർത്തീകരിച്ചുവരുന്നു. മലബാർ ക്യാൻസർ സെന്ററിനെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആന്റ് റിസർച്ചായി ഉയർത്തുന്നതിന് തയ്യാറാക്കിയ ഡി.പി.ആർ. അംഗീകരിച്ച് 179 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതിന് കിഫ്ബി അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ നിർവ്വഹണ ഏജൻസി സ്വീകരിച്ചുവരികയും ചെയ്യുന്നു. കേരള ക്യാൻസർ കൺട്രോൾ സ്ട്രാറ്റജി പ്രകാരം സംസ്ഥാനത്ത് ആർ.സി.സി., എം.സി.സി., കൊച്ചി ക്യാൻസർ സെന്റർ എന്നീ കേന്ദ്രങ്ങളെ ഏകോപിപ്പിച്ച് ജനസംഖ്യാധിഷ്ഠിത ക്യാൻസർ കൺട്രോൾ രജിസ്ട്രി ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സംസ്ഥാന സർക്കാർ നടപ്പിലാക്കി ക്യാൻസർ സ്ട്രാറ്റജിക് ആക്ഷൻ പ്ലാനിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളെ ശാക്തീകരിക്കുന്നതിനും എല്ലാ തലങ്ങളിലും ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ കോർത്തിണക്കിക്കൊണ്ട് ഒരു ക്യാൻസർ ഗ്രിഡ് രൂപീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. റീജിയണൽ ക്യാൻസർ സെന്ററുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയും മെഡിക്കൽ കോളേജുകളിൽ ഓങ്കോളജി യൂണിറ്റുകൾ ആരംഭിക്കുകയും ജില്ലാ ആശുപത്രികളിൽ ക്യാൻസർ കെയർ യൂണിറ്റുകൾ ശക്തിപ്പെടുത്തി താഴേത്തട്ടിലുള്ള ആശുപത്രികളിൽ പ്രൈമറി ക്യാൻസർ കെയർ സംവിധാനങ്ങൾ ഒരുക്കിയും ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ച ജില്ലാ ക്യാൻസർ കെയർ പദ്ധതിയിലൂടെ സംസ്ഥാനത്ത് 23 ആശുപത്രികളിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള പ്രാഥമിക ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) പാലിയേറ്റീവ് കെയർ രംഗത്ത് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സാന്ത്വനം ചികിത്സാ പദ്ധതിയോടൊപ്പം 300-ലേറെ സന്നദ്ധ സംഘടനകൾ നടപ്പിലാക്കുന്ന പദ്ധതികൾ നിലവിലുണ്ട്. സാമ്പത്തികമായ ഇടപാടുകൾ ഒഴികെ മറ്റ് മേഖലകളിൽ ഈ സംഘടനകൾ നടത്തുന്ന പാലിയേറ്റീവ് കെയർ പദ്ധതിയുമായി സംസ്ഥാന സാന്ത്വന ചികിത്സാ പദ്ധതി സഹകരണത്തിൽ ഏർപ്പെടാറുണ്ട്. ഇത് ശാക്തീകരിക്കുന്ന തരത്തിലുള്ള നവീകരിച്ച സർക്കാർ ഉത്തരവ് നിലവിൽ വന്നതിനാൽ സാന്ത്വന പരിചരണ രംഗത്ത് സന്നദ്ധ സംഘടനകളുമായുള്ള സഹകരണം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഇതര സംസ്ഥാനക്കാർക്ക് പ്രവേശനം

5(*455) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഇതര സംസ്ഥാനക്കാർക്ക് അഡ്മിഷൻ നൽകണമെന്ന നിർദ്ദേശം സംസ്ഥാനത്തുള്ളവരെ പ്രതികൂലമായി ബാധിക്കുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രതികൂലമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ&ബി) ബഹു. സുപ്രീം കോടതിയുടെ 10-05-2019-ലെ WP(C) No.380/2019 നമ്പർ കേസിലെ ഇടക്കാല വിധിയുടെ അടിസ്ഥാനത്തിൽ കേരളത്തിന് പുറത്തുള്ള വിദ്യാർത്ഥികൾക്കും (NK-II) സ്വകാര്യ-സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. കോഴ്സിന് പ്രവേശനം നേടുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് അവസരം നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് ജി.ഒ.(സാധാ) നം.1387/2019/ആ.കു.വ. 10-6-2019 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർ വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും അതിൻപ്രകാരം NK-II വിഭാഗത്തിൽപ്പെടുന്ന 6987 വിദ്യാർത്ഥികൾ അപേക്ഷിക്കുകയും അതിൽ 4030 അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ന്യൂനതകളുള്ള അപേക്ഷകളിന്മേൽ ന്യൂനത പരിഹരിക്കുന്നതിനായി മെമ്മോ നൽകിയിട്ടുമുണ്ട്. ഇതര സംസ്ഥാനക്കാർക്ക് അഡ്മിഷൻ നൽകേണ്ടി വരുമ്പോൾ കേരളത്തിലെ വിദ്യാർത്ഥികളെ പ്രതികൂലമായി ബാധിക്കുമോ എന്നത് ഈ വർഷത്തെ പ്രവേശന നടപടികൾ അവസാനിച്ചാൽ മാത്രമേ അറിയാൻ സാധിക്കുകയുള്ളൂ. ഇത് സർക്കാർ കോളേജുകളിലെ ആൾ ഇന്ത്യ ക്വാട്ട സീറ്റുകൾക്ക് സമാനമായ അവസ്ഥയാണ് സംജാതമാകുന്നത്. കാരണം കേരളത്തിലെ കുട്ടികൾക്ക് മറ്റ് സംസ്ഥാനങ്ങളിലെ സ്വാശ്രയ കോളേജുകളിൽ നിലവിൽ അഡ്മിഷൻ എടുക്കാൻ സാധിക്കുന്നുണ്ട്.

## ഭരണനിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

6(*456) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് സിവിൽ സർവ്വീസിൽ വ്യാപകമായി ഉണ്ടായിരുന്ന അഴിമതി ഇല്ലാതാക്കുന്നതിനും ഭരണനിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ച നടപടികളുടെ ഫലമായി ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമാക്കിത്തീർക്കാൻ സാധിച്ചിട്ടുണ്ടോ;

(ബി) വിവിധ വകുപ്പുകളിൽ നിന്നുമുള്ള സേവനങ്ങൾ സമയബന്ധിതമായും അഴിമതി രഹിതമായും ലഭ്യമാകുന്നതിന് ഇ-ഗവേണൻസ് ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടി അറിയിക്കാമോ; വിവിധ സേവനങ്ങൾക്കായി സമീപിക്കുന്നവർ സർക്കാർ ഓഫീസുകളിൽ നിരന്തരം കയറിയിറങ്ങേണ്ടിയിരുന്ന സ്ഥിതിക്ക് അറുതി വരുത്താനായിട്ടുണ്ടോ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം, ആധുനീകരണ പ്രവർത്തനത്തിന്റെ ഫലമായി അപേക്ഷ നൽകി നൂറുമണിക്കൂറിനകം ലഭ്യമാകുന്നതിനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ;

(ഡി) ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, (എ) ഉണ്ട്.

(ബി) വിവിധ വകുപ്പുകളിൽനിന്നുള്ള സേവനങ്ങൾ സമയബന്ധിതമായും അഴിമതിരഹിതമായും ജനങ്ങളിലെത്തിക്കുന്നതിനായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഇ-ഡിസ്ട്രിക്ട്

ജില്ലാതലത്തിലുള്ള സർക്കാർ സേവനങ്ങൾ വളരെ ലളിതമായി ഓൺലൈൻവഴി പൊതുജനങ്ങൾക്ക് എത്തിക്കാൻ ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 24 റവന്യൂ സർട്ടിഫിക്കറ്റുകൾ, 500-ൽപ്പരം പണം ഒടുക്കൽ സേവനങ്ങൾ മുതലായവ ഈ പദ്ധതി മുഖേന നൽകിവരുന്നു. കൂടാതെ

വിവരാവകാശം, പരാതി പരിഹാരം എന്നീ സേവനങ്ങളും ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ ലഭ്യമാണ്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ (റവന്യൂ കോർട്ട് കേസ്) സംബന്ധിച്ച സേവനങ്ങൾ ഇ-ഡിസ്ട്രിക്ട് വഴി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വനം വകുപ്പിന്റെ ആറ് സേവനങ്ങളും ഈ പദ്ധതി മുഖാന്തരം ലഭ്യമാണ്.

2. ഇ-ഓഫീസ്

സെക്രട്ടേറിയറ്റിൽ നിയമ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് സംവിധാനം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. പുറമേ 14 കളക്ടറേറ്റുകളിലും മുപ്പതിലധികം വകുപ്പുകളുടെ ഡയറക്ടറേറ്റുകളിലും കമ്മീഷണറേറ്റുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

3. ഫ്രണ്ട്സ് ജനസേവന കേന്ദ്രം

ഐ.ടി. മിഷന്റെ കീഴിലുള്ള ഫ്രണ്ട്സ് ജനസേവന കേന്ദ്രം എല്ലാ ജില്ലാ കേന്ദ്രങ്ങളിലും പ്രവർത്തിച്ചുവരുന്നു.

4. സർക്കാർ കോൾ സെന്റർ

വിവിധ സർക്കാർ വകുപ്പുകൾ നൽകുന്ന സേവനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന സംശയങ്ങൾക്ക് ടെലിഫോൺ മുഖേന പരിഹാരം നൽകുകയെന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം ജനസേവന കേന്ദ്രത്തോട് ചേർന്ന് കോൾ സെന്റർ പ്രവർത്തിച്ചുവരുന്നു. നിലവിൽ പ്രസ്തുത സേവനങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും ലഭ്യമാണ്. ഇപ്പോൾ 64 വകുപ്പുകൾ കോൾ സെന്ററുമായി ചേർന്ന് പ്രവർത്തിക്കുന്നു.

5. സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ

നാഷണൽ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി എല്ലാ സർക്കാർ സേവനങ്ങളും പൊതുജനങ്ങൾക്കായി ഒരു പോർട്ടലിലൂടെ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ 2012-ൽ ആരംഭിച്ചതാണ് ഈ പദ്ധതി. നവീകരിച്ച പോർട്ടൽ വഴി 55-ലധികം സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

6. മൊബൈൽ ഗവേണൻസ്

സംസ്ഥാനത്തെ മികച്ച മൊബൈൽ വ്യാപനവും വ്യാപ്തിയും കണക്കിലെടുത്ത് മൊബൈൽ ഗവേണൻസ് പദ്ധതിയുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സേവനങ്ങൾ സമയബന്ധിതവും അനായാസവുമായി ഒരു മൊബൈൽ ഫോണിലൂടെ ഏത് സമയത്തും ജനങ്ങൾക്ക് ലഭ്യമാക്കുന്ന എം-കേരളം മൊബൈൽ ആപ്ലിക്കേഷൻ പൂർത്തിയായിട്ടുണ്ട്.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് സഹായത്തിനായുള്ള അപേക്ഷ സ്വീകരിക്കുന്നത് മുതൽ ഗുണഭോക്താവിന് സഹായധനം കൈമാറുന്നതുവരെയുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായും ഓൺലൈനിലൂടെയാണ് നടത്തുന്നത്. ഗുണഭോക്താവിന് നേരിട്ടോ അക്ഷയ കേന്ദ്രങ്ങൾ വഴിയോ ഓൺലൈനിലൂടെ അപേക്ഷ സമർപ്പിക്കാനാവും. ഇത്തരത്തിൽ സമർപ്പിക്കുന്ന അപേക്ഷകൾ തൽസമയം ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ ഓൺലൈൻ റിപ്പോർട്ടിനായി കൈമാറുന്നു. റവന്യൂ ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് സഹിതം ലഭിക്കുന്ന അപേക്ഷ പരിശോധിച്ച് തുക അനുവദിക്കുകയും ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറുകയും ചെയ്യുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് സഹായത്തിനായുള്ള അപേക്ഷ തീർപ്പാക്കാൻ 2016-ൽ ശരാശരി 175 ദിവസം എടുത്തിരുന്നപ്പോൾ 2017-ൽ അത് 91 ദിവസമായും 2018-ൽ 26 മണിക്കൂർ മുതൽ ശരാശരി 22 ദിവസമായും കുറയ്ക്കാനായി. ഇത്തരത്തിൽ കൈക്കൊണ്ട നടപടികളിലൂടെ അർഹരായവർക്ക് ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ സഹായം കൈമാറാൻ കഴിയുന്നുണ്ട്.

(ഡി) വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അതത് വകുപ്പിന് കീഴിൽ വരുന്ന നിയമനാധികാരികൾ ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് വകുപ്പ് സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണെന്നും ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കാൻ സെക്രട്ടറി തലത്തിൽ ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് കർശന നിർദ്ദേശം നൽകേണ്ടതാ ണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പ് നടത്തുന്ന പരിശോധനയിൽ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ടോ എന്നതും ഉൾപ്പെടുത്തിയിട്ടുണ്ട്.

## മരുന്നുവില നിരീക്ഷിക്കാൻ സംവിധാനം

7(*457) ശ്രീ. എം. മുകേഷ്:
ശ്രീ. ജോർജ് എം. തോമസ്:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർദൈർഘ്യം കൊണ്ടും ജീവിതശൈലീ രോഗങ്ങൾ വ്യാപകമായത് കൊണ്ടും എണ്ണായിരം കോടിയോളം രൂപയുടെ ഔഷധങ്ങൾ വിറ്റഴിക്കുന്ന

സംസ്ഥാനത്ത് മരുന്നുവില നിരീക്ഷിക്കാൻ പുതുതായി ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനം അറിയിക്കാമോ;

(ബി) മരുന്നുവില നിയന്ത്രണാധികാരം കേന്ദ്ര സർക്കാരിന് മാത്രമായതിനാൽ ഇക്കാര്യത്തിൽ ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ അറിയിക്കാമോ;

(സി) കാരുണ്യ കമ്മ്യൂണിറ്റി വിലവിവര പട്ടികയിൽ നിന്ന് മനസ്സിലാക്കാവുന്നത് പോലെ വിലയേറിയ നിരവധി മരുന്നുകൾക്ക് കാരുണ്യ ഫാർമസി വില്പന വിലയേക്കാൾ പലമടങ്ങ് (ചില മരുന്നുകൾക്ക് 6-7 ഇരട്ടി വരെ) എം.ആർ.പി രേഖപ്പെടുത്തിയിരിക്കുന്നത് മരുന്നുകടകൾക്ക് രോഗികളെ ചൂഷണം ചെയ്യാനുള്ള വഴിയൊരുക്കിയിരിക്കുന്നതിനാൽ കൂടുതൽ കാരുണ്യ ഫാർമസികൾ സ്ഥാപിച്ച് വില നിയന്ത്രിക്കാൻ പദ്ധതിയുണ്ടോ;

(ഡി) സ്വകാര്യ-സർക്കാർ ആശുപത്രികളിൽ ഡോക്ടർമാർ മരുന്നുകളുടെ രാസനാമം കുറിക്കുന്നത് നിർബന്ധമാക്കിയും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലൂടെ ജനറിക് മരുന്നുകൾ കൂടി വിതരണം ചെയ്തും വില നിയന്ത്രണം ലക്ഷ്യമിടുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സർ, (എ) സംസ്ഥാനത്ത് വിറ്റഴിക്കുന്ന മരുന്നുകളുടെ വില നിരീക്ഷിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി (എൻ.പി.പി.എ.)-യെയാണ് അധികാരപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനത്ത് മരുന്നുവില നിരീക്ഷിക്കുന്നതിനായി കേരള സ്റ്റേറ്റ് ഫാർമസ്യൂട്ടിക്കൽ പ്രൈസ് മോണിറ്ററിംഗ് & റിസോഴ്സ് യൂണിറ്റ് സൊസൈറ്റി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ പുതിയതായി രൂപീകരിച്ചിട്ടുണ്ട്.

(ബി) എൻ.പി.പി.എ. നിശ്ചയിച്ച വിലയേക്കാൾ കൂടുതൽ പരമാവധി ചില്ലറ വില്പന (എം.ആർ.പി.) വില ലേബലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഇത്തരം മരുന്ന് നിർമ്മാതാക്കൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി എൻ.പി.പി.എ. അറിയിക്കുന്നതും ലേബലിൽ രേഖപ്പെടുത്തിയിരിക്കുന്ന എം.ആർ.പി.-യെക്കാൾ കൂടുതലായി സംസ്ഥാനത്തെ ഔഷധ വ്യാപാരികൾ വില ഈടാക്കുന്നതായി കണ്ടാൽ ടി സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ് നിലവിലെ നടപടിക്രമം.

(സി) പുതിയതായി ആരംഭിച്ച 20 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളും 2 ഡിപ്പോകളും ഉൾപ്പെടെ നിലവിൽ 68 കാരുണ്യ ഫാർമസികളും 6 കാരുണ്യ ഡിപ്പോകളുമാണ് സംസ്ഥാനത്തുള്ളത്. 140 നിയമസഭാ നിയോജക മണ്ഡലങ്ങളിലും കാരുണ്യ ഫാർമസിയുടെ സാന്നിധ്യം ഉറപ്പാക്കി മരുന്ന് വിപണന മേഖലയിലെ ചൂഷണം തടയുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ബ്രാൻഡഡ് നാമത്തിലല്ലാതെ രാസനാമത്തിൽത്തന്നെ ലഭ്യമാകുന്ന മരുന്നുകളാണ് ജനറിക് മരുന്നുകൾ. ഉപഭോക്താക്കളിൽനിന്നും ലഭിക്കുന്ന കുറിപ്പടികൾ നിരീക്ഷണവിധേയമാക്കി ഫാസ്റ്റ് മൂവിംഗ് ഡ്രഗ്സ് തരംതിരിച്ച് തെരഞ്ഞെടുക്കപ്പെട്ട 94 ഇനം ജനറിക്സ് മരുന്നുകൾ സംഭരിക്കുകയും പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിൽ സ്ഥിതിചെയ്യുന്ന ഫാർമസികൾ, എറണാകുളം ജനറൽ ആശുപത്രിയിൽ സ്ഥിതിചെയ്യുന്ന ഫാർമസി മുതലായ 5 ഫാർമസികളിൽ ടി ജനറിക് മരുന്നുകൾ വിൽക്കുന്നതിന് മാത്രമായി ഒരു കൗണ്ടർ ആരംഭിക്കുകയും ചെയ്തു. ടി നടപടിക്ക് ഉപഭോക്താക്കളുടെ ഇടയിൽ സ്വീകാര്യത ലഭിച്ചതായി ബോധ്യപ്പെട്ടതിനാൽ രണ്ടാം ഘട്ടമായി 40 ഇനം ജനറിക് മരുന്നുകൾകൂടി സംഭരിച്ച് വിതരണം ചെയ്തുവരുന്നു. മൂന്നാം ഘട്ടമായി ജനറിക് മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി WHO - GMP (World Health Organization - Good Manufacturing Practice), COPP (Certificate of Pharmaceutical Product) തുടങ്ങിയ നിബന്ധനകൾ പാലിച്ച് ഉൽപ്പാദിപ്പിക്കപ്പെടുന്ന മരുന്നുകൾമാത്രം പരിഗണിച്ച് 40 ഇനം ജനറിക് മരുന്നുകൾ വാങ്ങുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിച്ചുവരുന്നു. കാരുണ്യ ഫാർമസിവഴി കൗണ്ടറിലൂടെ വിൽക്കുന്നതിന് പുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി പ്രകാരം നിർവ്വഹിക്കുന്ന മരുന്ന് വിതരണത്തിലും ലഭ്യമായ ജനറിക് മരുന്നുകൾ ഉൾപ്പെടുത്തി ജനറിക് മരുന്ന് വിതരണത്തിന്റെ ശാക്തീകരണം ഉറപ്പാക്കുന്നു.

## പാർശ്വവത്കരിക്കപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷിതത്വം

8(*458) ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. പി. ഉണ്ണി:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർശ്വവൽക്കരിക്കപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും സാമ്പത്തിക സഹായം നൽകുന്നതിനും സാമൂഹ്യനീതി വകുപ്പ് നടത്തി വരുന്ന പ്രവർത്തനം അറിയിക്കാമോ;

(ബി) അംഗപരിമിതർ, മാനസിക വെല്ലുവിളി നേരിടുന്നവർ തുടങ്ങിയവർക്കായുള്ള ക്ഷേമ, ശാക്തീകരണ പദ്ധതികൾ എന്തെല്ലാമാണ്;

(സി) സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ അന്തേവാസികളുടെ എണ്ണത്തിനനുസൃതമായി ജീവനക്കാരെ നിയമിക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(ഡി) പ്രാരംഭ ഇടപെടലിലൂടെ വൈകല്യം തടയുന്നതിനും വൈകല്യം ബാധിച്ചവരെ പുനരധിവസിപ്പിക്കാനും വിദ്യാഭ്യാസത്തിനും തൊഴിലിനും അവസരങ്ങൾ ഒരുക്കുന്നതിനുമുള്ള പദ്ധതികൾ എന്തെല്ലാമാണ്?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, (എ&ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള താമസക്കാരുടെ എണ്ണത്തിന് ആനുപാതികമായിട്ടാണ് വ്യത്യസ്ത വിഭാഗം ജീവനക്കാരെയും അനുവദിച്ചിട്ടുള്ളത്. എന്നാൽ പല ക്ഷേമ സ്ഥാപനങ്ങളിലും അനുവദിക്കപ്പെട്ട താമസക്കാരുടെ എണ്ണത്തിന് അതീതമായി താമസക്കാരുണ്ട്. എന്നാൽ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ എണ്ണത്തിന് അനുസൃതമായിട്ടാണ് മൾട്ടിടാസ്ക് കെയർ പ്രൊവൈഡർമാരെ നിയമിച്ചിട്ടുള്ളത്. സ്ഥാപനത്തിലെ അന്തേവാസികളുടെ എണ്ണം, സ്ഥിരം ജീവനക്കാരുടെ വിശദാംശം, മിഷൻ മുഖേന അനുവദിക്കേണ്ട ജീവനക്കാരുടെ എണ്ണം, ഇപ്രകാരം അധിക ജീവനക്കാരെ ആവശ്യപ്പെടുന്നതിനുള്ള കാരണം എന്നിവ ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ടുമാരിൽനിന്നും നിശ്ചിത പ്രൊഫോർമയിൽ വാങ്ങുകയും ആയത് പരിശോധിച്ചശേഷം മിഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയോടുകൂടിയാണ് ജീവനക്കാരെ ക്ഷേമ സ്ഥാപനങ്ങളിൽ അനുദിക്കുന്നത്. ഇപ്രകാരം നിലവിൽ 14 ജില്ലകളിലെ 70 ക്ഷേമ സ്ഥാപനങ്ങളിലായി 269 ജീവനക്കാരെ മിഷന്റെ കെയർ പ്രൊവൈഡർമാരെ നിയോഗിക്കുന്ന പദ്ധതി മുഖേന അനുവദിച്ചിട്ടുണ്ട്.

(ഡി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനുള്ള സംവിധാനങ്ങൾ

9(*459) ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. കെ. രാജൻ :

ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനും അസുഖങ്ങൾക്ക് ചികിത്സ നല്കുന്നതിനുമുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ജനനം മുതൽ പതിനെട്ട് വയസ്സ് ആകുന്നതുവരെയുള്ള കാലത്ത് കുട്ടികൾ നേരിടുന്ന തീവ്ര അസുഖങ്ങൾക്ക് രോഗങ്ങളുടെ തോത് അനുസരിച്ച് ചികിത്സിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കുമോ;

(സി) ഹൃദ്യം പദ്ധതി വഴി സൗജന്യ ഹൃദയശസ്ത്രക്രിയ നടപ്പാക്കുന്നുണ്ടോ; എങ്കിൽ പദ്ധതി സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) ടൈപ്പ് വൺ പ്രമേഹം ബാധിച്ച കുട്ടികൾക്കുള്ള ചികിത്സാ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ഇ) ഓട്ടിസം, സെറിബ്രൽ പാൾസി എന്നിവ ബാധിച്ച കുട്ടികളുടെ ചികിത്സക്കുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(എഫ്) ശ്രവണശേഷി ഇല്ലാത്ത കുട്ടികൾക്ക് ശ്രവണശേഷി ലഭ്യമാക്കുന്നതിനുള്ള ചികിത്സാ പദ്ധതികൾ സംബന്ധിച്ചുള്ള വിവരങ്ങൾ അറിയിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, (എ) കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനായുള്ള പ്രതിരോധ കുത്തിവയ്പുകൾ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും നൽകിവരുന്നു. വിവിധതരം സ്കീമുകളായ രാഷ്ട്രീയ ബാൽ സ്വാസ്ത്യ കാര്യക്രം (RBSK), ആരോഗ്യ കിരണം, മിഠായി പദ്ധതി, ഹൃദ്യം പദ്ധതി, താലോലം, ക്യാൻസർ സുരക്ഷ എന്നിവ മുഖാന്തരം കുട്ടികൾക്കായി സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. കുട്ടികൾക്ക് വരുന്ന രോഗങ്ങൾ ചികിത്സിക്കുന്നതിനുള്ള സംവിധാനം എല്ലാ സർക്കാർ ആശുപത്രികളിലും നിലവിലുണ്ട്.

ജില്ലാ ആശുപത്രികളിലും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിലും ഒട്ടുമിക്ക താലൂക്ക് ആശുപത്രികളിലും ശിശുരോഗ വിദഗ്ധന്റെ സേവനം ലഭ്യമാണ്.

പ്രസവം നടക്കുന്ന ആശുപത്രികളിൽ NBCC (New Born Care Corner) ഉണ്ട്. ഇതുകൂടാതെ, തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ NBSU (New Born Stabilization Unit), SNCU (Special Born Care Unit) എന്നിവ നിലവിലുണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പും കേന്ദ്ര ആരോഗ്യ ക്ഷേമ മന്ത്രാലയവും യോജിച്ച് വാക്സിൻകൊണ്ട് തടയാൻ കഴിയുന്ന മാരക രോഗങ്ങൾ വരാതിരിക്കാനായി ഇമ്മ്യൂണൈസേഷൻ പദ്ധതി കേരളത്തിൽ നടപ്പാക്കി വരുന്നുണ്ട്. യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം പ്രകാരം പോളിയോ, ഹെപ്പറ്റൈറ്റിസ് ബി, ബി.സി.ജി. പെന്റാവാലന്റ്, എം. ആർ., ഡി.റ്റി.പി., ഡി.റ്റി. എന്നിവയുള്ള വാക്സിനുകൾ സൗജന്യമായി നൽകുന്നുണ്ട്.

(ബി) നിലവിലുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു. ജനനീ ശിശു സുരക്ഷ കാര്യക്രം (JSSK) പദ്ധതിപ്രകാരം ഒരു വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ, മരുന്നുകൾ ലബോറട്ടറി പരിശോധനകൾ എന്നിവ ലഭ്യമാണ്.

RBSK: ജനിതക രോഗങ്ങൾ ബാധിച്ച 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പ്രധാനപ്പെട്ട 30 അസുഖങ്ങൾക്കുള്ള ശസ്ത്രക്രിയ ഉൾപ്പെടെയുള്ള സൗജന്യ ചികിത്സ നൽകുന്നു.

ആരോഗ്യ കിരണം: ജനിതക രോഗം ഒഴികെയുള്ള മറ്റ് രോഗങ്ങൾക്ക് 18 വയസ്സുവരെ ചികിത്സ നൽകിവരുന്നു.

മിഠായി പദ്ധതി: കുട്ടികൾക്കുണ്ടാകുന്ന ഡയബറ്റിക് രോഗങ്ങൾക്ക് സൗജന്യ ചികിത്സ നൽകിവരുന്നു.

ഹൃദ്യം പദ്ധതി: ജന്മനായുള്ള ഹൃദയ സംബന്ധമായ അസുഖങ്ങളുള്ള കുട്ടികൾക്ക് 18 വയസ്സുവരെ സൗജന്യ ചികിത്സ നൽകിവരുന്നു.

ക്യാൻസർ സുരക്ഷ: 18 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യമായി ക്യാൻസർ ചികിത്സ ലഭ്യമാക്കുന്നു.

താലോലം പദ്ധതി: 18 വയസ്സുവരെയുള്ള കുട്ടികൾക്ക് വൃക്ക രോഗങ്ങൾ, കാർഡിയോ വാസ്കുലാർ സംബന്ധമായ രോഗങ്ങൾ, സെറിബ്രൽ പാൾസി, ബ്രിറ്റിൽ ബോൺ ഡിസീസ്, ഹീമോഫീലിയ, തലാസീമിയ, സിക്കിൾസെൽ അനീമിയ തുടങ്ങിയ വിവിധ രോഗങ്ങൾക്ക് താലോലം പദ്ധതി വഴി സൗജന്യ ചികിത്സ നൽകിവരുന്നു.

(സി) ഹൃദ്യം പദ്ധതിവഴി സൗജന്യ ഹൃദയ ശസ്ത്രക്രിയ നടപ്പാക്കുന്നുണ്ട്. ജനനം മുതൽ 18 വയസ്സുവരെയുള്ള കുട്ടികളിലെ ഹൃദ്രോഗത്തിന് പൂർണ്ണമായും സൗജന്യ ചികിത്സ ലഭ്യമാണ്. എന്നാൽ ജന്മനായുള്ള ഹൃദ്രോഗം യഥാസമയം കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും കാലതാമസം നേരിടുന്നു. യഥാസമയം കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കാനും ഫോളോ അപ് നടപടികളെ ഏകീകരിക്കാനും വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സംസ്ഥാന സർക്കാർ ദേശീയ ആരോഗ്യ മിഷൻ മുഖാന്തരം ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഹൃദ്യം. ഈ പദ്ധതിയിൽ ഒരു സോഫ്റ്റ്‌വെയർ വഴി ഹൃദ്രോഗമുള്ള കുട്ടികളെ രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ നിരീക്ഷിക്കുകയും പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു.

(ഡി) ടൈപ്പ് 1 പ്രമേഹ ബാധിതരായിട്ടുള്ള കുട്ടികൾക്കായി കേരള സർക്കാരും കേരള സാമൂഹ്യ സുരക്ഷാ മിഷനും സംഘടിപ്പിച്ചിട്ടുള്ള ഒരു പദ്ധതിയാണ് മിഠായി. 2018 മേയിൽ മിഠായി പദ്ധതി ഉദ്ഘാടനം ചെയ്തു. 18 വയസ്സുവരെയുള്ളതും വാർഷിക വരുമാനം 2 ലക്ഷം രൂപയ്ക്ക് താഴെയുള്ളതും കേരളത്തിൽ സ്ഥിരതാമസമാക്കിയിട്ടുള്ളതുമായ കുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മിഠായി വെബ്സൈറ്റ് വഴിയും ടോൾഫ്രീ നമ്പർ വഴിയും കേരള സാമൂഹിക സുരക്ഷാ മിഷനിൽ പേര് രജിസ്റ്റർ ചെയ്യുന്ന കുട്ടികൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുക. ഇതിനായി ഓരോ മെഡിക്കൽ കോളേജിലും (തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കോട്ടയം) മിഠായി ക്ലിനിക് ആരംഭിച്ചിട്ടുണ്ട്. ഈ ക്ലിനിക്കിൽ വിദഗ്ദ്ധ ഡോക്ടർമാർ, നഴ്സ്, മെഡിക്കൽ കൗൺസിലർ, ഡയറ്റീഷ്യൻ എന്നിവരുടെ സേവനം ലഭ്യമാണ്. തിങ്കളാഴ്ച ഡയബറ്റിക് ക്ലിനിക്കിലൂടെയും ബാക്കി ദിവസങ്ങളിൽ അല്ലാതെയും മരുന്നുകൾ കൊടുക്കാറുണ്ട്. ഈ പദ്ധതിയിലൂടെ ഇൻസുലിൻ മരുന്നുകൾ, ഇൻസുലിൻ പേന, ഗ്ലൂക്കോമീറ്റർ, സ്ട്രിപ്പ് ലാൻസെറ്റ്, യൂറിൻ കീറ്റോൺ സ്ട്രിപ്പ് തുടങ്ങിയവ പൂർണ്ണമായും സൗജന്യമായി നൽകുന്നു.

(ഇ) കേരളത്തിലെ 6 മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, മഞ്ചേരി, കോഴിക്കോട്) ശിശുരോഗ വിഭാഗത്തിന് കീഴിൽ ഓട്ടിസം നോഡൽ സെന്റർ പ്രവർത്തിച്ചുവരുന്നു. ഓട്ടിസം നോഡൽ സെന്ററിൽനിന്നും സമഗ്രമായ വിദഗ്ദ്ധ ചികിത്സയും തെറാപ്പിയും നൽകുന്നു. ഓട്ടിസം, സെറിബ്രൽ പാൾസി എന്നിവ ബാധിച്ച കുട്ടികളുടെ ചികിത്സ വിവിധ തെറാപ്പികളിലൂടെ റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ (Regional Early Interventation Centres) മുഖാന്തരം മെഡിക്കൽ കോളേജുകളിൽ നൽകിവരുന്നു. താലോലം പദ്ധതി മുഖാന്തരവും സെറിബ്രൽ പാൾസി രോഗത്തിന് സൗജന്യ ചികിത്സ നൽകിവരുന്നു.

ആർ.ബി.എസ്.കെ. പ്രോഗ്രാമിന്റെ ഭാഗമായി ദേശീയ ആരോഗ്യ ദൗത്യം വഴി എല്ലാ ജില്ലകളിലും ഒരു ജില്ലാതല പ്രാരംഭ ഇടപെടൽ കേന്ദ്രം പ്രവർത്തിച്ചുവരുന്നു. കുട്ടികളിലെ വളർച്ചയും വികാസവുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങളും വൈകല്യങ്ങളുമായി ജനനം മുതൽ 18 വയസ്സുവരെയുള്ള കുട്ടികളെ പരിശോധിക്കാനും സമയാധിഷ്ഠിതമായി മെച്ചപ്പെട്ട ചികിത്സ നൽകുന്നതിനും ജില്ലാതല ആശുപത്രികളിൽ പ്രവർത്തിക്കുന്ന നൂതനമായ സ്ഥാപനമാണ് ഡി.ഇ.ഐ.സി.(1/ജില്ല)

ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങി രോഗങ്ങൾക്കുള്ള വിവിധ ചികിത്സാ സേവനങ്ങൾ ഡി.ഇ.ഐ.സി.-യിൽ നിന്നും ലഭ്യമാകുന്നതാണ്.

(എഫ്) എൻ.പി.പി.സി.ഡി. - (നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ & കൺട്രോൾ ഓഫ് ഡെഫ്നസ്) എന്ന പദ്ധതി നാഷണൽ ഹെൽത്ത് മിഷന്റെ കീഴിൽ ചെവിയും കേൾവിയും ബന്ധപ്പെട്ട രോഗങ്ങൾ നിർണ്ണയിക്കുവാനും നിയന്ത്രിക്കുവാനുമുള്ളതാണ്. എല്ലാ ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട ഒരു ജനറൽ ആശുപത്രിയോ ഒരു ജില്ലാ ആശുപത്രിയോ കേന്ദ്രമാക്കി ഈ പദ്ധതി പ്രവർത്തിച്ചുവരുന്നു. 14 കേന്ദ്രങ്ങളിലും നാഷണൽ പ്രോഗ്രാമിനുവേണ്ടി നിയമിതരായ ഉദ്യോഗസ്ഥരുണ്ട്. ചെവിയുടെ ശസ്ത്രക്രിയയിൽ വിദഗ്ധനായ ഒരു ഇ.എൻ.റ്റി. സ്പെഷ്യലിസ്റ്റ് ഡോക്ടറും 3 ഓഡിയോളജി സ്റ്റാഫുകളുമാണ് ഉദ്യോഗസ്ഥരായിട്ടുള്ളത്. ഈ പ്രോഗ്രാമിന്റെ ശരിയായ പ്രവർത്തനത്തിന് വേണ്ടിയുള്ള ഉപകരണങ്ങൾ നാഷണൽ ഹെൽത്ത് മിഷൻ (എൻ.എച്ച്.എം.) മുഖേന കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ.) വഴി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും വിതരണം പൂർത്തീകരിക്കുകയും താലൂക്കാശുപത്രികളിലേയ്ക്കും കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (സി.എച്ച്.സി.) പ്രൈമറി ഹെൽത്ത് സെന്റർ (പി.എച്ച്.സി.)കളിലേക്കും വേണ്ട ഉപകരണങ്ങളുടെ കൈമാറ്റം നടന്നുകൊണ്ടിരിക്കുകയുമാണ്.

## പോലീസ് സേനയുടെ പരിശീലനം നവീകരിക്കാൻ നടപടി

10(*460) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയുടെ പരിശീലനത്തിലുള്ള പോരായ്മകൾ പരിഹരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പോലീസ് അക്കാദമിയിലും പോലീസ് ട്രെയിനിംഗ് കോളേജിലും മികച്ച അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കി പോലീസ് സേനയ്ക്ക് പരിശീലനം നല്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(സി) ആധുനിക രീതിയിലുള്ള പരിശീലനവും പരേഡും സേനയിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) ആർമി സെലക്ഷൻ രീതിയിലുള്ള ഫിസിക്കൽ ടെസ്റ്റ് സമ്പ്രദായം പോലീസ് സെലക്ഷനിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) പോലീസിലെ കാലപ്പഴക്കം ചെന്ന ഫിസിക്കൽ ടെസ്റ്റ് രീതി മാറ്റി ആധുനിക രീതിയിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) പരമ്പരാഗത പോലീസ് പരിശീലനത്തിലെ പോരായ്മകൾ പരിഹരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് സേനയുടെ പരിശീലന പരിപാടികൾ, പരിശീലന വിഷയങ്ങൾ എന്നിവ താഴെപ്പറയുന്ന കാലോചിതമായ മാറ്റങ്ങൾ വരുത്തി ശാസ്ത്രീയമായി പരിഷ്കരിച്ചിട്ടുണ്ട്:

- ശാസ്ത്രീയ പരിശീലന മുറകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം.
- പോലീസ് സബ് ഇൻസ്പെക്ടർ, പോലീസ് കോൺസ്റ്റബിൾ തസ്തികകൾക്ക് പരിഷ്കരിച്ച ട്രെയിനിംഗ് സിലബസ്.
- പോലീസ്-പൊതുജന ബന്ധം മെച്ചപ്പെടുത്തുന്നതിനായി സോഫ്റ്റ് സ്കിൽ മോഡ്യൂൾ ഉൾപ്പെടുത്തിയ പരിശീലനം.
- പുരുഷ/വനിതാ ട്രെയിനികൾക്ക് പരിശീലനം നൽകുന്നതിനായി വനിതാ പരിശീലകർ.
- വനിതാ/ശിശു അതിക്രമങ്ങൾ സംബന്ധിച്ച കേസുകളിൽ ഇരയ്ക്ക് പരമാവധി പരിരക്ഷ നൽകുന്നതിനുള്ള പരിശീലനം.
- ഐ.ടി. ട്രെയിനിംഗ്, സി.സി.ടി.എൻ.എസ്. സൈബർ ക്രൈം തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയ ട്രെയിനിംഗ് കോഴ്സുകൾ.
- ട്രെയിനിംഗ്/പോലീസ് സേവന ന്യൂനതകൾ പരിഹരിക്കുന്നതിനായി റിസർച്ച് & പബ്ലിക്കേഷൻ വിംഗ്.
- ചെന്നൈ കമാൻഡോ ട്രെയിനിംഗ് സ്കൂളിൽനിന്നും കമാൻഡോ പരിശീലനം.

- KATS-ൽ നിന്നും ജംഗിൾ ഓപ്പറേഷൻസിൽ പരിശീലനം.
- കേരളാ പോലീസ് അക്കാഡമിയിലെ ഇ-ലേണിംഗ് സംവിധാനമായ KeLs (കേരള പോലീസ് അക്കാഡമി ഇ-ലേണിംഗ് സിസ്റ്റം)
- നിയമ/ശാസ്ത്ര വിഷയങ്ങളിലെ ഓൺലൈൻ ജേർണലുകൾ ഇലക്ട്രോണിക് ബുക്കുകൾ/ട്രെയിനിംഗ് വീഡിയോകൾ എന്നിവ ലഭ്യമാക്കുന്നതിന് വൈഫൈ സംവിധാനം.
- വിവിധ തരം സ്ഫോടക വസ്തുക്കൾ കണ്ടെത്തുന്നതിനും നിർവ്വീര്യമാക്കുന്നതിനുമുള്ള സംസ്ഥാനത്തെ ആദ്യ സംയോജിത പരിശീലന കേന്ദ്രം Counter IED Training Centre.
- സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിലേയ്ക്കായി സൈബർ ഫോറൻസിക് ട്രെയിനിംഗ് ലാബ്.
- പോലീസ് കോൺസ്റ്റബിൾ പരിശീലനത്തിനായി രണ്ട് ട്രെയിനിംഗ് സെന്ററുകൾ, ആർമറർ ട്രെയിനിംഗ് സ്കൂൾ, ഇന്റലിജൻസ് ട്രെയിനിംഗ് സ്കൂൾ ഇവ ആരംഭിക്കുന്നതിനുള്ള നടപടി.
- പോലീസ് സേനാംഗങ്ങൾക്ക് വിദഗ്ധ പരിശീലനം നൽകുന്നതിനായി ഇന്റർഗ്രേറ്റഡ് പോലീസ് റിക്രൂട്ട് ട്രെയിനിംഗ് സെന്റർ (പകർപ്പ് അനുബന്ധമായി ചേർക്കുന്നു*
- പരിശീലന പരിപാടികളിൽ വൈദഗ്ധ്യവും പരിചയവുമുള്ള പരിശീലകരെ ഉൾപ്പെടുത്തിയ ശാസ്ത്രീയമായ പരിശീലനം.
- 2018 വർഷം ഇയർ ഓഫ് ട്രെയിനിംഗ് ആന്റ് ലേണിംഗ് ആയി പ്രഖ്യാപിക്കുകയും ഡി.ജി.പി. മുതൽ സി.പി.ഒ. വരെയുള്ള 52876 പേർക്ക് പരിശീലനം നൽകുകയും ചെയ്തു.

(ബി) പരിശീലന പരിപാടികളിൽ വൈദഗ്ധ്യവും പരിചയവുമുള്ള പരിശീലകരെ പോലീസ് അക്കാഡമിയിലും പോലീസ് ട്രെയിനിംഗ് കോളേജിലും നിയമിച്ചിട്ടുണ്ട്. ടി ഉദ്യോഗസ്ഥരെ ഉപയോഗിച്ചുള്ള ശാസ്ത്രീയമായ പരിശീലനമാണ് പോലീസ് സേനയ്ക്ക് നൽകിവരുന്നത്. ഇതിന് പുറമേ നിയമം, ഫോറൻസിക് സയൻസ്, ഐ.ടി. തുടങ്ങിയ വിഷയങ്ങളിൽ പ്രാവീണ്യമുള്ള അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തി പരിശീലനാർത്ഥികൾക്കാവശ്യമായ ക്ലാസുകൾ നൽകിവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആധുനിക രീതിയിലുള്ള പരേഡിനായി ഡ്രിൽ നഴ്സറി, ഫയറിംഗ് പ്രാക്ടീസിനായി ഫയറിംഗ് സിമുലേറ്റർ എന്നിവ കേരള പോലീസ് അക്കാഡമിയിൽ സ്ഥാപിച്ചിട്ടുണ്ട്. 1939-ൽ ബ്രിട്ടീഷുകാർ കൊണ്ടുവന്ന ലാത്തി ഡ്രില്ലിൽ പോലീസിന് സ്വാതന്ത്ര്യ പ്രസ്ഥാനങ്ങളെ അടിച്ചമർത്തുന്നതിനുവേണ്ടി സമരമുഖത്തുള്ള പൊതുജനങ്ങളുടെ തലയിലും കഴുത്തിലും മുഖത്തും വയറിലും അടിക്കുന്നതിനായുള്ള വളരെ പ്രാകൃത പരിശീലന പരിപാടികളാണ് നിലവിലുണ്ടായിരുന്നത്. എന്നാൽ ഈ സർക്കാർ പോലീസ് ഉദ്യോഗസ്ഥർക്ക് ജനക്കൂട്ടത്തിനും പരമാവധി പരിക്കുകൾ കുറച്ചുകൊണ്ട് ജനക്കൂട്ടത്തെ നേരിടുമ്പോൾ മനുഷ്യാവകാശങ്ങൾ ഹനിക്കപ്പെടാതെ പോലീസ് നടപടികൾ സ്വീകരിക്കാൻ സേനയ്ക്ക് ആധുനിക രീതിയിലുള്ള ലാത്തി ഡ്രിൽ, ഷീൽഡ് ഡ്രിൽ, വെപ്പൺ ട്രെയിനിംഗ് എന്നിവ നൽകാൻ 3-3-2019-ലെ എക്സിക്യൂട്ടീവ് ഡയറക്ടീവ് 08/2019 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു).*

(ഡി&ഇ) നിലവിൽ ഫിസിക്കൽ ടെസ്റ്റിൽ മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

## ക്യാൻസർ ചികിത്സയ്ക്ക് മാർഗ്ഗരേഖ

11(*461) ശ്രീ. അൻവർ സാദത്ത്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗചികിത്സയ്ക്ക് മാർഗ്ഗരേഖ നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) അർബുദരോഗമില്ലാത്ത രജനി എന്ന വീട്ടമ്മയെ കോട്ടയം മെഡിക്കൽ കോളേജിൽ അർബുദ ചികിത്സയ്ക്ക് വിധേയയാക്കിയിട്ടുണ്ടോ; ഇക്കാര്യത്തെക്കുറിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയോ;

(സി) ഏത് സാഹചര്യത്തിലാണ് കോട്ടയം മെഡിക്കൽ കോളേജിൽ പ്രസ്തുത യുവതിയ്ക്ക് അർബുദ ചികിത്സ നടത്തേണ്ടി വന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കാൻസർ ചികിത്സ സംബന്ധിച്ച മാർഗ്ഗരേഖ പാലിക്കുന്നതിൽ ഡോക്ടർമാരുടെ ഭാഗത്ത് നിന്നും എന്തെങ്കിലും പാകപ്പിഴ സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, (എ) നിലവിൽ അന്താരാഷ്ട്ര തലത്തിലും ദേശീയ തലത്തിലും ക്യാൻസർ ചികിത്സാ മാർഗ്ഗരേഖകൾ നിലവിലുണ്ട്. ഇതിനെല്ലാം പുറമേ അതാത് ക്യാൻസർ സെന്ററുകളിലും മെഡിക്കൽ കോളേജുകളിലും അവരുടെ ഭൗതിക സാഹചര്യവും രോഗിയുടെ രോഗാവസ്ഥകളും പരിഗണിച്ച് ഡിപ്പാർട്ട്മെന്റ് തലത്തിൽ ചർച്ച നടത്തി ത്രിതല പരിശോധനകൾ നടത്തിയാണ് ചികിത്സ നിർണ്ണയിക്കുന്നത്. ക്യാൻസർ ചികിത്സയ്ക്കുള്ള മാർഗ്ഗരേഖ സംസ്ഥാന തലത്തിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ചികിത്സയ്ക്കായി കോട്ടയം മെഡിക്കൽ കോളേജിൽ എത്തിയിരുന്ന ശ്രീമതി രജനി അർബുദരോഗ ചികിത്സയുടെ ഭാഗമായി നൽകുന്ന കീമോതെറാപ്പിക്ക് വിധേയയായിട്ടുണ്ട്. ഇക്കാര്യത്തിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ പ്രാഥമിക അന്വേഷണം നടത്തുകയും ടി അന്വേഷണത്തിൽ ചികിത്സാപിഴവുള്ളതായി കണ്ടെത്തിയിട്ടില്ലായിരുന്നു. ഈ സാഹചര്യത്തിൽ ടി സംഭവവുമായി ബന്ധപ്പെട്ട് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഉന്നതതല കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടത്തിവരുന്നു.

(സി) ഇപ്പോൾ നടന്നുവരുന്ന അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഈ കാര്യത്തിൽ വ്യക്തത വരുത്താൻ സാധിക്കുകയുള്ളൂ.

(ഡി) കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ പ്രാഥമികമായി നടത്തിയ അന്വേഷണ റിപ്പോർട്ടിൽ ക്യാൻസർ ചികിത്സ സംബന്ധിച്ച മാർഗ്ഗരേഖ പാലിക്കുന്നതിൽ ഡോക്ടർമാരുടെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ചയുള്ളതായി കണ്ടെത്തിയിട്ടില്ല. എന്നിരുന്നാലും ടി വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ച് വീണ്ടും അന്വേഷണം നടത്തിവരികയാണ്.

**റേഷൻ കടകളുടെ നവീകരണം**

12(*462) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. എസ്. ശർമ്മ:
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി റേഷൻ കടകൾ നവീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) റേഷൻ കടകളുടെ നവീകരണത്തിനായുള്ള തുക മുൻകൂറായി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) റേഷൻ കടകൾ വഴി കൂടുതൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്ത് അവയുടെ പ്രവർത്തനം വൈവിദ്ധ്യവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ചില്ലറ റേഷൻ വ്യാപാരികൾക്ക് ലഭിക്കുന്ന അടിസ്ഥാന കമ്മീഷൻ എത്രയെന്നും ഭക്ഷ്യധാന്യങ്ങളുടെ വിൽപ്പനയ്ക്ക് ആനുപാതികമായി അധിക കമ്മീഷൻ ലഭിക്കുന്നതിന് ഇതിൽ വ്യവസ്ഥയുണ്ടോയെന്നും അറിയിക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, (എ&ബി) റേഷൻ കട നവീകരണത്തിന്റെ ഭാഗമായി റേഷൻ കടകൾക്ക് ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും ആയത് നടപ്പിൽ വരുത്തുന്നതിന് ഒരു റേഷൻ കടയ്ക്ക് 2,500 രൂപവീതം സാമ്പത്തിക സഹായം നൽകുന്നതിനായി 3,50,00,000 (മൂന്ന് കോടി അൻപത് ലക്ഷം രൂപ) അനുവദിച്ചു. മൂന്ന് റേഷൻ കടകൾ നവീകരണം താഴെപ്പറയുന്ന രീതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്:

1. ചുവപ്പും മഞ്ഞയും നിറത്തിൽ നിശ്ചിത മാതൃകയിൽ ബോർഡുകൾ സ്ഥാപിക്കുക.
2. നിശ്ചിത മാതൃകയിലുള്ള സ്റ്റോക്ക് ബോർഡ്/വിലവിവരപ്പട്ടിക ജനങ്ങൾക്ക് കാണത്തക്ക രീതിയിൽ സ്ഥാപിക്കുക.
3. കടയുടെ ഉൾവശം വൈറ്റ് വാഷ് ചെയ്യുക.
4. ഷട്ടർ/ഡോർ എന്നിവ അംഗീകരിച്ച മാതൃകയിൽ പെയിന്റ് ചെയ്യുക.

റേഷൻ കടകളുടെ വൈവിധ്യവൽക്കരണം സംബന്ധിച്ച കാര്യങ്ങളും പരിഗണിച്ചുവരുന്നു.

(സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി റേഷൻ കടകളെ വൈവിധ്യവൽക്കരിക്കുന്നതിന് സപ്ലൈകോ വഴി വിൽക്കുന്ന സബ്സിഡി ഇതര സാധനങ്ങൾ റേഷൻ കടകൾ വഴി വിൽപ്പന നടത്തുന്നത് സംബന്ധിച്ചുള്ള പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്.

കൂടാതെ റേഷൻ കടകൾ വഴി കുപ്പിവെള്ളവും ശബരി ഉല്പന്നങ്ങളും വിൽക്കുന്നത് സംബന്ധിച്ച വിഷയത്തിൽ 11-6-2019-ന് ബഹു. ഭക്ഷ്യ

പൊതുവിതരണ വകുപ്പുമന്ത്രി റേഷൻ വ്യാപാരി സംഘടനാ പ്രതിനിധികളുമായി നടത്തിയ യോഗത്തിൽ കുപ്പിവെള്ളവും ശബരി ഉല്പന്നങ്ങളും മറ്റ് ഉല്പന്നങ്ങളും റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിന് തത്വത്തിൽ തീരുമാനിക്കുകയും ഒരു താലൂക്കിൽ ഒരു കടയിൽ കുപ്പിവെള്ളം, ശബരി ഉല്പന്നങ്ങളും എന്നിവ വിൽപ്പന നടത്തുന്നത് സംബന്ധിച്ച പൈലറ്റ് പ്രോജക്ട് നടപ്പിൽ വരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

റേഷൻ കടകളിലെ ഇ-പോസ് മെഷീൻ വഴി മൈക്രോ എ.ടി.എം. സംവിധാനം ആരംഭിക്കുന്നതിനായി വിവിധ ബാങ്കുകളുടെ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (EoI) പരിശോധിച്ചുവരുന്നു.

(ഡി) 45 ക്വിന്റൽ വരെ പ്രതിമാസ വിൽപ്പന നടത്തുന്ന റേഷൻ വ്യാപാരിക്ക് സപ്പോർട്ടീവ് പേമെന്റ് ഉൾപ്പെടെ 18,000 രൂപ അടിസ്ഥാന കമ്മീഷൻ ലഭിക്കുന്ന രീതിയിൽ പുതിയ കമ്മീഷൻ പാക്കേജ് 1-12-2018 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. അപ്രകാരം 45 ക്വിന്റലിന് മുകളിൽ വിൽപ്പന നടത്തുന്ന റേഷൻ വ്യാപാരിക്ക് 18,000 രൂപയ്ക്ക് പുറമേ അധികമായി വിൽപ്പന നടത്തുന്ന ഓരോ ക്വിന്റലിനും 180 രൂപ നിരക്കിൽ കമ്മീഷൻ ലഭിക്കുന്നതായിരിക്കും.

## അന്തർസംസ്ഥാന നദീജല കരാറുകൾ

13(*463) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർസംസ്ഥാന നദീജലകരാറുകളായ മുല്ലപ്പെരിയാർ, ശിരുവാണി, പറമ്പിക്കുളം-ആളിയാർ എന്നിവയുടെ മുഖ്യവ്യവസ്ഥകൾ വ്യക്തമാക്കുമോ;

(ബി) തമിഴ്‍നാട് നിരന്തരമായി പറമ്പിക്കുളം-ആളിയാർ കരാർ ലംഘിക്കുന്ന പ്രശ്നം പരിഹരിക്കുവാൻ നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ; കാലാവധി കഴിഞ്ഞ പ്രസ്തുത കരാർ പുതുക്കുവാൻ ശ്രമം നടക്കുന്നുണ്ടോ;

(സി) മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട് കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും ഉള്ള ഭീഷണി കണക്കിലെടുത്ത് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; പുതിയ ഡാമിനായുള്ള സാധ്യതാപഠനത്തിന് പാരിസ്ഥിതികാനുമതി ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) പ്രസ്തുത കരാറുകളിലെ മുഖ്യവ്യവസ്ഥകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 1988 മുതൽ തമിഴ്നാടുമായി ഉദ്യോഗസ്ഥ തലത്തിലും സർക്കാർ തലത്തിലും നടന്ന കരാർ പുനരവലോകന ചർച്ചകളിലുമെല്ലാം തമിഴ്നാട് നടത്തിയ കരാർ ലംഘനങ്ങൾ കേരളം ഉന്നയിച്ചിട്ടുണ്ട്. 2012-13 ജലവർഷത്തിൽ, കരാർ പ്രകാരം തമിഴ്നാട് ജലം ലഭ്യമാക്കാത്തതിനെ തുടർന്ന് സുപ്രീം കോടതിയിൽ കേരളം അസൽ അന്യായം (OS No. 2/2013) ഫയൽ ചെയ്തിരുന്നു. തുടർന്ന് പറമ്പിക്കുളം-ആളിയാർ പദ്ധതി പ്രദേശത്ത് പാലാറിനും നല്ലാറിനും കുറുകെ അനധികൃതമായി തമിഴ്നാട് നിർമ്മിക്കുന്ന തടയണകൾക്കെതിരെ അസ്സൽ അന്യായം OS No. 2/2013-നോട് ചേർത്ത് സുപ്രീം കോടതിയിൽ കേരളം ഒരു ഐ.എ. കൂടി ഫയൽ ചെയ്തിട്ടുണ്ട്. ഇതിൽ കോടതി നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കരാർ പ്രകാരം ജലം ലഭ്യമാക്കുന്നതിന് കേരളം നിരന്തരം ഇടപെടലുകൾ നടത്തിവരുന്നു. കൂടാതെ കരാർ പ്രകാരം ജലം ലഭ്യമാക്കണമെന്ന ആവശ്യം ജെ.ഡബ്ല്യു.ആർ. ബോർഡ് യോഗങ്ങളിലും കേരളം ശക്തമായി ഉന്നയിക്കാറുണ്ട്. തമിഴ്നാടിന്റെ കരാർ ലംഘനങ്ങളും ജെ.ഡബ്ല്യു.ആർ. ബോർഡ് യോഗങ്ങളിൽ അവതരിപ്പിക്കാറുണ്ട്. ഇക്കഴിഞ്ഞ 28-1-2019-ൽ നടന്ന 101-ാമത് ജെ.ഡബ്ല്യു.ആർ. ബോർഡ് യോഗത്തിൽ തമിഴ്നാട് നടത്തിയ കരാർ ലംഘനങ്ങൾ കേരളം ഉന്നയിക്കുകയും അത് പരിഹരിക്കാനുള്ള നടപടികൾ എടുക്കാൻ തമിഴ്നാടിനോട് ആവശ്യപ്പെടുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ ഇരു സംസ്ഥാനങ്ങളും തമ്മിലുണ്ടായ അഭിപ്രായ വ്യത്യാസങ്ങൾ ജെ.ഡബ്ല്യു.ആർ. ബോർഡ് ചെയർമാനായ ഐ.എസ്.ഡബ്ല്യു. ചീഫ് എഞ്ചിനീയർ ഇരു സർക്കാരിനെയും അറിയിക്കുകയും ഉചിതമായ നടപടികൾ കൈക്കൊള്ളാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇനിവരുന്ന പുനരവലോകന ചർച്ചകളിലും തമിഴ്നാട് നടത്തിയ കരാർ ലംഘനങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതാണ്.

പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം 1988-ൽ തന്നെ ആരംഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും മുഖ്യമന്ത്രിതലത്തിലും നിരവധി ചർച്ചകൾ ഇരു സംസ്ഥാനങ്ങളും തമ്മിൽ നടന്നുവെങ്കിലും കരാറുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരസ്പര ധാരണയിൽ എത്തിച്ചേരാത്തതിനാൽ കരാർ പുനരവലോകനം ഇതുവരെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

യാഥാർത്ഥ്യമായിട്ടില്ല. ഏറ്റവും ഒടുവിൽ 19-1-2018-ന് തിരുവനന്തപുരത്ത് സെക്രട്ടറി തലത്തിൽ ചർച്ച നടന്നിരുന്നു. 2-5-2018-ന് ന്യൂഡൽഹിയിൽ കേന്ദ്ര ജല കമ്മീഷൻ വിളിച്ചുചേർത്ത തെക്കൻ സംസ്ഥാനങ്ങളുടെ റീജിയണൽ കോൺഫറൻസിന്റെ തുടർ നടപടികളുടെ ചർച്ചയിൽ പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം സംബന്ധിച്ച് ചർച്ച ചെയ്തിരുന്നു. ഏറ്റവുമൊടുവിൽ ചേർന്ന 28-01-2019-ൽ നടന്ന 101-ാമത് ജെ.ഡബ്ല്യു.ആർ. ബോർഡ് യോഗത്തിൽ കരാർ പുനരവലോകനം ചെയ്യാനുള്ള നടപടികൾ എടുക്കാൻ കേരളം തമിഴ്നാടിനോട് ആവശ്യപ്പെടുകയുണ്ടായി. കൂടാതെ പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ തമിഴ്നാട് നടത്തിയ എല്ലാ കരാർ ലംഘനങ്ങളും കേരളം ഉന്നയിക്കുകയും പി.എ.പി. കരാറിലെ ഷെഡ്യൂൾ V പ്രകാരം ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിൽ നിക്ഷിപ്തമായുള്ള അധികാരങ്ങളും ഉത്തരവാദിത്വങ്ങളും വിനിയോഗിക്കുന്നതിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും തയ്യാറില്ലെന്നും പ്രസ്തുത ബോർഡ് മീറ്റിംഗിൽ കേരളം തമിഴ്നാടിനെ അറിയിച്ചു. കേരളത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് തമിഴ്നാടുമായി തുടർ ചർച്ചകൾ നടത്തി, മെച്ചപ്പെട്ട ജലവിഹിതം നേടിയെടുത്ത് കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള സാധ്യതകൾ സംസ്ഥാനം ആരാഞ്ഞുവരികയാണ്.

(സി) 2014 മേയ് 7-ലെ ബഹു. സുപ്രീം കോടതിയുടെ ഉത്തരവുപ്രകാരം കേന്ദ്ര ജല കമ്മീഷനിലെ പ്രതിനിധി ചെയർമാനായും കേരളത്തിന്റെയും തമിഴ്നാടിന്റെയും ഓരോ പ്രിതിനിധികൾ അംഗങ്ങളായും രൂപീകരിച്ച മൂന്നംഗ മേൽനോട്ട സമിതി കാലാകാലങ്ങളിൽ ഡാം പരിശോധന നടത്തുകയും ഡാമിന്റെ ബലക്ഷയവും സുരക്ഷാകാര്യങ്ങളും സൂക്ഷ്മനിരീക്ഷണം നടത്തുകയും ആവശ്യമായ നടപടികൾ ശിപാർശ ചെയ്യുകയും ചെയ്യുന്നുണ്ട്. കൂടാതെ ഇതിനോടനുബന്ധിച്ച് രൂപീകരിച്ച മുല്ലപ്പെരിയാർ മേൽനോട്ട ഉപസമിതി മുല്ലപെരിയാർ ഡാമിൽ ഇടയ്ക്കിടെ പരിശോധന നടത്തി (പ്രത്യേകിച്ച വർഷകാലത്തിന് മുൻപും വർഷകാലത്തും) റിപ്പോർട്ടുകൾ നൽകാറുണ്ട്. ഇതുകൂടാതെ, അഡ്വക്കേറ്റ് റസ്സൽ ജോയി 2017-ൽ സമർപ്പിച്ച റിട്ട് ഹർജി (സിവിൽ) നമ്പർ 878-നുമേൽ പുറപ്പെടുവിച്ച സുപ്രീം കോടതി വിധിയനുസരിച്ചും 2005-ലെ ദുരന്ത നിവാരണ ആക്ടിന്റെ 9-ാം സെക്ഷൻ അനുസരിച്ചും മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിധത്തിലുള്ള ദുരന്തങ്ങൾ ഉണ്ടാകുന്ന പക്ഷം അവയെ നേരിടുന്നതിലേയ്ക്കായി സുസജ്ജമായിരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനായി കേന്ദ്ര സർക്കാർ നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സബ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. തുടർന്ന് ഇതുമായി ബന്ധപ്പെട്ട് കേരള സർക്കാർ 4-9-2018-ൽ ഒരു എക്സിക്യൂട്ടീവ് സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

നിലവിലെ മുല്ലപ്പെരിയാർ ഡാമിന്റെ ബലക്ഷയം കണക്കിലെടുത്ത് കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിനായി മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് പണിയുന്നതിനുള്ള അനുമതിക്കായുള്ള നടപടികൾ കേരളം സ്വീകരിച്ചുവരുന്നു. മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം പെരിയാർ കടുവ സങ്കേത മേഖലയിലായതിനാൽ പാരിസ്ഥിതികാനുമതി (Environmental clearance), Forest clearance, Wild Life clearance, Tiger Conservation Authority-യുടെ ക്ലിയറൻസ് എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. ഇതിന്റെ പ്രാരംഭ നടപടിയെന്ന നിലയ്ക്ക് പാരിസ്ഥിതികാനുമതി ലഭ്യമാക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഭാരത സർക്കാരിന്റെ പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 2018 നവംബർ 14-ന് EIA പഠനത്തിനുള്ള ToR-നുള്ള അംഗീകാരം നിബന്ധനകളോടെ നൽകുകയുണ്ടായി. പരിസ്ഥിതി ആഘാത പഠനത്തിനാവശ്യമായ അടിസ്ഥാന വിവരശേഖരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനായി ഹൈദ്രാബാദിലെ പ്രഗതി ലാബ്സ് & കൺസൾട്ടന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. പെരിയാർ ടൈഗർ റിസർവ് വനമേഖലയിൽ EIA പഠനം നടത്തുന്നതിനുള്ള അനുമതി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ലഭ്യമാക്കിയിട്ടുണ്ട്. ഇതേത്തുടർന്ന് EIA പഠനവുമായി ബന്ധപ്പെട്ട അടിസ്ഥാന വിവര ശേഖരണ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുവാൻ പ്രഗതി ലാബ്സ് ആൻഡ് കൺസൾട്ടന്റ്സ് കമ്പനിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## കേരള സ്റ്റാർട്ടപ് മിഷൻ

14(*464) ശ്രീ. പി. വി. അൻവർ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. വി. ജോയി:
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈഭവമുള്ള യുവാക്കളെ സംരംഭകരാക്കുക എന്ന ലക്ഷ്യത്തോടെ കേരള സ്റ്റാർട്ടപ് മിഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) വിദ്യാർത്ഥികളുടെ വിജ്ഞാനവും വൈദഗ്ദ്ധ്യവും വർദ്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; കേരളത്തിൽ മികച്ച സ്റ്റാർട്ടപ് അന്തരീക്ഷം സൃഷ്ടിക്കുകയെന്ന ഉദ്ദേശ്യത്തോടെ നടത്തുന്ന സ്റ്റാർട്ടപ് ഉച്ചകോടിയുടെ പ്രയോജനം വിലയിരുത്തിയിട്ടുണ്ടോ;

(സി) നിലവിൽ എത്ര സ്റ്റാർട്ടപ് സംരംഭങ്ങൾ ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്; സംസ്ഥാനത്തെ ഐ.ടി. രംഗത്ത് കുതിപ്പ് നൽകാൻ സ്റ്റാർട്ടപ് സംരംഭങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഐ.ടി. നയത്തിന് ഈ മേഖലയിൽ ചലനാത്മകത സൃഷ്ടിക്കാൻ സാധ്യമായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) സംസ്ഥാനത്ത് മികച്ച സ്റ്റാർട്ടപ് ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള സർക്കാരിന്റെ നോഡൽ ഏജൻസിയാണ് കേരള സ്റ്റാർട്ടപ് മിഷൻ. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി വിവിധ ഘടകങ്ങളടങ്ങിയ യുവ സംരംഭകത്വ വികസന പദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വൈഭവമുള്ള യുവാക്കളെ സംരംഭകരാക്കുക എന്നതും പ്രസ്തുത ലക്ഷ്യത്തിന്റെ ഭാഗമാണ്.

(ബി) വിദ്യാർത്ഥികളുടെ വിജ്ഞാനവും വൈദഗ്ദ്ധ്യവും വർദ്ധിപ്പിക്കുകയും സംരംഭകത്വത്തിൽ താല്പര്യം ജനിപ്പിക്കുന്നതിനും ലക്ഷ്യമിട്ടാണ് യുവ സംരംഭകത്വ വികസന പദ്ധതിയുടെ ഘടകമായ ഇവാഞ്ചലൈസേഷൻ നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി 226 കോളേജുകളിൽ ഇന്നവേഷൻ ആൻഡ് ഡെവലപ്മെന്റ് സെന്ററുകൾ (IEDC) ഇതിനകം സ്ഥാപിച്ചിട്ടുണ്ട്.IEDC-കൾ സ്ഥാപിതമാകുമ്പോൾ തന്നെ അതിന്റെ പ്രവർത്തനച്ചെലവിനായി ഓരോ IEDC-ക്കും 2 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. കൂടാതെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ 50 IEDC-കൾക്ക് ഓരോ ലക്ഷം രൂപ വീതം അധിക ഗ്രാന്റായി കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. കൂടാതെ വിവിധ വർക്ക്ഷോപ്പുകൾ, സാങ്കേതിക പരിപാടികൾ തുടങ്ങിയവ IEDC-കൾ കേന്ദ്രീകരിച്ച് ICT അക്കാഡമിയുടെ സഹായത്തോടെ നടത്തിവരുന്നു. സാങ്കേതികതയിലും നൂതനതയിലും സംരംഭകത്വത്തിലും വിദ്യാർത്ഥികളിൽ താല്പര്യം ജനിപ്പിക്കുകയും അതിലൂടെ മികച്ച സാങ്കേതിക സ്റ്റാർട്ടപ്പുകളെ സൃഷ്ടിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ കഴിഞ്ഞ 3 വർഷമായി IEDC സമ്മിറ്റുകൾ നടത്തിവരുന്നു. 2016-17-ൽ തിരുവനന്തപുരത്തും 2017-18-ൽ അങ്കമാലിയിലും 2018-19-ൽ കാഞ്ഞിരപ്പള്ളിയിലുമാണ് ഈ പരിപാടി സംഘടിപ്പിച്ചത്. പങ്കെടുത്തവരുടെ പങ്കാളിത്തം കൊണ്ടുതന്നെ ശ്രദ്ധേയമായ പരിപാടികളായിരുന്നു ഇത്. 2018-19-ലെ പരിപാടിയിൽ 3500-ലധികം വിദ്യാർത്ഥികളാണ് പങ്കെടുത്തത്. IEDC-കളിലൂടെ ധാരാളം മികച്ച സ്റ്റാർട്ടപ്പുകളെ സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധ നേടിയ ജെൻ റോബോട്ടിക്സ്, ലമാര, ന്യൂറോ പ്ലക്സ്, ശാസ്ത്ര റോബോട്ടിക്സ് തുടങ്ങിയവ IEDC-കളിലൂടെ രൂപം പ്രാപിച്ചതാണ്.

(സി) കേന്ദ്ര സർക്കാരിന്റെ സ്റ്റാർട്ടപ് ഇന്ത്യയുടെ വെബ്സൈറ്റിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 1651 സ്റ്റാർട്ടപ്പുകളുണ്ട്. സംസ്ഥാനത്തെ ഐ.ടി. മേഖലയിലെ പുരോഗതിയിൽ സ്റ്റാർട്ടപ്പുകളും കാര്യമായ പങ്കുവഹിക്കുന്നുണ്ട്.

(ഡി) സംസ്ഥാന ഐ.ടി. നയത്തിന്റെ ഭാഗമായി സാങ്കേതിക നൂതനതയും സംരംഭകത്വ നയവും ഉപനയം 7 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ വിഭാവന ചെയ്യുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായുള്ള പദ്ധതികളാണ് കേരള സ്റ്റാർട്ടപ് മിഷനിലൂടെ സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്റ്റാർട്ടപ് മേഖലയിൽ 157 കോടി രൂപയിലധികം മൂല്യം സൃഷ്ടിക്കുന്നതിനും 1500-ഓളം ഉല്പന്നങ്ങൾക്ക് രൂപം കൊടുക്കുന്നതിനും 15000-ലധികം പേർക്ക് തൊഴിൽ നൽകുന്നതിനും കഴിഞ്ഞിട്ടുണ്ട്.

**ഇ-ഹെൽത്ത് പദ്ധതി**

15(*465) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രോഗീ പരിശോധനയും ചികിത്സാക്രമങ്ങളും ഭരണനിർവ്വഹണവും സംയോജിതമായ സോഫ്റ്റ്‌വെയർ സിസ്റ്റം മുഖേന ക്രോഡീകരിച്ച് ആയാസരഹിതമായ ചികിത്സ ഉറപ്പാക്കുന്ന ഇ-ഹെൽത്ത് പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(ബി) ഇ-ഹെൽത്ത് പദ്ധതി നിലവിൽ ഏതെല്ലാം ജില്ലകളിലാണ് പ്രവർത്തന സജ്ജമായിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ആശുപത്രികളിൽ രോഗികളുടെ നീണ്ട ക്യൂ ഒഴിവാക്കുന്നതിന് രോഗീ സൗഹൃദ ഒ.പി. കൗണ്ടറുകൾ സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) ആരോഗ്യ സേവന രംഗത്ത് സൂക്ഷ്മഘടകങ്ങൾ മുതൽ ഉയർന്ന മേഖല വരെയുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് സംസ്ഥാനത്തെ ജനങ്ങളുടെ ആരോഗ്യ വിവരങ്ങൾ സോഫ്റ്റ്‌വെയർ മുഖേന ക്രോഡീകരിച്ച് ശാസ്ത്രീയവും

ഫലപ്രദവുമായി പുനരുപയോഗത്തിന് സജ്ജമാക്കുന്നതിന് നടപ്പാക്കുന്ന പദ്ധതിയാണ് ഇ-ഹെൽത്ത്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ഉൾപ്പെടെ 12 ആശുപത്രികളിൽ പരീക്ഷണാടിസ്ഥാനത്തിൽ 2016-ൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കി. നിലവിൽ 55 ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

ആർദ്രം പദ്ധതിയിലുൾപ്പെടെ 170 ആശുപത്രികളിൽ 62 എണ്ണത്തിൽ ഇ-ഹെൽത്ത് പദ്ധതി ഉദ്ഘാടനത്തിന് സജ്ജമായിട്ടുണ്ട്. (പട്ടിക അനുബന്ധമായി ചേർക്കുന്നു.*) ആർദ്രം പദ്ധതിയിൽപ്പെട്ട മറ്റ് 90 ആശുപത്രികളിലും 8 മെഡിക്കൽ കോളേജുകളിലും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ഈ സ്ഥാപനങ്ങളിൽ നടപ്പ് സാമ്പത്തിക വർഷംതന്നെ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. മറ്റ് മെഡിക്കൽ കോളേജുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ആരോഗ്യ വകുപ്പിന് കീഴിൽ ആലപ്പുഴ, എറണാകുളം, ഇടുക്കി, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട ആരോഗ്യ കേന്ദ്രങ്ങളിലും തിരുവനന്തപുരം ജില്ലയിലെ എല്ലാ സർക്കാർ ആശുപത്രികളിലും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

(സി) സംസ്ഥാനത്തെ ജനങ്ങളുടെ അടിസ്ഥാന ആരോഗ്യ വിവര ശേഖരണത്തിന്റെ ഭാഗമായി പരിശീലനം സിദ്ധിച്ച 95000 ആരോഗ്യ പ്രവർത്തകരെ ഉപയോഗിച്ച് 2.5 കോടി ആളുകളുടെ വിവരങ്ങൾ ഇ-ഹെൽത്ത് സോഫ്റ്റ്‌വെയർ മുഖേന ശേഖരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ചികിത്സ തേടിയെത്തുന്നവർക്ക് ആരോഗ്യ തിരിച്ചറിയൽ കാർഡ് (UHID കാർഡ്) നൽകുന്നതിനും ഈ സേവനത്തിലൂടെ ഒരിക്കൽ ചികിത്സ നേടിയ ഏത് വ്യക്തിക്കും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ള കേരളത്തിലെ ഏത് സർക്കാർ ആശുപത്രിയിൽനിന്നും മുൻകാല ചികിത്സയുടെ അടിസ്ഥാന വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നതിനും ഇ-ഹെൽത്ത് സംവിധാനം സഹായകമാണ്. ഒ.പി. രജിസ്ട്രേഷൻ, ക്യൂ മാനേജ്മെന്റ്, അഡ്വാൻസ് ബുക്കിംഗ് എന്നിവ ഈ പദ്ധതിയുടെ മറ്റൊരു സവിശേഷതയാണ്. ആശുപത്രികളിലെ തിരക്ക് ഒഴിവാക്കുന്നതിനും ചികിത്സ തേടിയെത്തുന്നവർക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആയാസരഹിതമായി സേവനം ലഭ്യമാക്കുന്നതിന് തിരുവനന്തപുരം മെഡിക്കൽ കോളേജിന് പുറമേ തിരുവനന്തപുരം ജനറൽ ആശുപത്രി, തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പുലയനാർകോട്ടയിലെ നെഞ്ച് രോഗാശുപത്രി, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, എറണാകുളം, മഞ്ചേരി, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി ഒ.പി. വിഭാഗത്തിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. രോഗികൾക്ക് ഇരിപ്പിടം, കുടിവെള്ളം, വിശ്രമ സ്ഥലത്ത് ആവശ്യമായ ഫാനുകൾ, ആവശ്യത്തിന് ശുചിമുറികൾ, ഡോക്ടറെ കാണുന്നതിന് ഇലക്ട്രോണിക് ടോക്കൺ സംവിധാനം, അഡ്വാൻസ് ബുക്കിംഗ് എന്നിവ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## സമ്പൂർണ്ണ ട്രോമാ കെയർ പദ്ധതി

16(*466) ശ്രീ. ഡി. കെ. മുരളി:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. ആർ. രാജേഷ്:
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് അപകടങ്ങളിൽപ്പെട്ട് മരണമടയുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രധാനപ്പെട്ട ആശുപത്രികളിൽ ട്രോമ കെയർ സംവിധാനം ഏർപ്പെടുത്തുന്നതിന് സമ്പൂർണ്ണ ട്രോമ കെയർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) അപകടങ്ങൾ കൊണ്ടുണ്ടാകുന്ന അംഗവൈകല്യം കുറയ്ക്കുന്നതിന് പ്രസ്തുത പദ്ധതിയുടെ ഭാഗമായി, ഡോക്ടർമാരും നേഴ്സമാരും ഉൾപ്പെട്ട ടീമിന് ഡൽഹിയിലെ ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് മുഖേന പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) റോഡപകടങ്ങളിൽപ്പെടുന്നവരെ എത്രയും വേഗം ആശുപത്രികളിൽ എത്തിക്കുന്നതിന് വിപുലമായ രീതിയിൽ ആധുനിക ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, (എ) സംസ്ഥാനത്ത് റോഡപകടങ്ങളിൽപ്പെട്ട് പരിക്കേൽക്കുന്നവരുടെ ജീവൻ രക്ഷിക്കുന്നതിന് എല്ലാ

മെഡിക്കൽ കോളേജുകളിലും സമ്പൂർണ്ണ ട്രോമാ കെയർ സംവിധാനം നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ എല്ലാ മെഡിക്കൽ കോളേജുകളിലും ട്രോമാ കെയർ സംവിധാനം നിലവിലുണ്ട്. ദേശീയ പാതയോരത്ത് സ്ഥിതിചെയ്യുന്ന മെഡിക്കൽ കോളേജുകളിൽ സമ്പൂർണ്ണ ട്രോമാ കെയർ സംവിധാനം നടപ്പിലാക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. ദേശീയ പാതയോരത്തുള്ള ആലപ്പുഴ മെഡിക്കൽ കോളേജിൽ സമ്പൂർണ്ണ ട്രോമാ കെയർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതിയും തുടർ അനുമതികളും നൽകിയിട്ടുണ്ട്. ഈ ആശുപത്രിയിൽ മൂന്ന് കോടി രൂപ ചെലവിൽ നിലവിലുള്ള കാഷ്വാലിറ്റിയിൽ ട്രോമാ കെയർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

ദേശീയ പാതകളിൽ നാറ്റ്പാക് നടത്തിയ പഠനങ്ങളിൽ കണ്ടെത്തിയിട്ടുള്ള ബ്ലാക്ക് സ്പോട്ടുകൾക്ക് സമീപമുള്ള ആശുപത്രികളിൽ ഘട്ടംഘട്ടമായി ട്രോമാ കെയർ സംവിധാനം ശക്തിപ്പെടുത്തിവരുന്നു. സംസ്ഥാനമൊട്ടാകെ പ്രവർത്തനസജ്ജമാകുന്ന വിധത്തിൽ 315 ആംബുലൻസുകൾ ഉൾപ്പെടുന്ന കാൾ സെന്റർ ബേസ്ഡ് ആംബുലൻസ് സേവനം ഈ വർഷം ആഗസ്റ്റ് മാസത്തോടെ പ്രവർത്തന സജ്ജമാകും. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിലാണ് ഇത് നടന്നുവരുന്നത്. ഇതിനുപുറമേ തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ 108 ആംബുലൻസ് സംവിധാനവും നിലവിലുണ്ട്. വാഹനാപകടങ്ങളിൽ ഗുരുതരമായി പരിക്കേൽക്കുന്ന രോഗികളുടെ ജീവൻ രക്ഷിക്കുന്നതിന് പ്രധാനപ്പെട്ട ജനറൽ ആശുപത്രി/ജില്ലാ ആശുപത്രി/ താലൂക്കാശുപത്രി എന്നിവിടങ്ങളിൽ ഘട്ടംഘട്ടമായി അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർക്കും നഴ്സുമാർക്കും ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ പരിശീലനം നൽകിയിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളിലും അക്യൂട്ട് ട്രോമാ ലൈഫ് സപ്പോർട്ട് ട്രെയിനിംഗും നടത്തിവരുന്നുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിലെ ഡോക്ടർമാർക്കും നഴ്സുമാർക്കും ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ ആഭിമുഖ്യത്തിൽ ട്രോമാ കെയർ പരിശീലനം നൽകിയിട്ടുണ്ട്. ജില്ലകളിൽത്തന്നെ പരിശീലനം നൽകുന്നതിനായി ജില്ലാ ആശുപത്രികളിൽ ട്രെയിനീസ് സ്കിൽ ലാബുകൾ സ്ഥാപിക്കുന്നതിന് ഉപകരണങ്ങൾ വാങ്ങുന്നതിന്

മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്കിൽ ലാബുകൾക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള തുക 2019-20-ലെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.ടി.പി. മുഖേന സേഫ് കോറിഡോർ പദ്ധതി പ്രകാരം എം.സി. റോഡിൽ അടൂർ-കഴക്കൂട്ടം റോഡിൽ, അടൂർ ജനറൽ ആശുപത്രി, കൊട്ടാരക്കര താലൂക്കാശുപത്രി, വാമനപുരം പ്രാഥമികാരോഗ്യ കേന്ദ്രം കന്യാകുളങ്ങര കുടുംബാരോഗ്യകേന്ദ്രം എന്നിവിടങ്ങളിൽ 7.44 കോടി രൂപയുടെ ഉപകരണങ്ങൾക്കും രണ്ട് ആംബുലൻസുകൾക്കും അനുമതി നൽകിയിട്ടുണ്ട്.

(സി) കേരളത്തിൽ വാഹനങ്ങളുടെ സാന്ദ്രത ഒരു ചതുരശ്ര കിലോമീറ്ററിന് 15358 ആണ്. ഇത് മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെയധികം കൂടുതലാണ്. അതിനാൽ വാഹനാപകടങ്ങളും ഇവിടെ കൂടുതലാണ്. വാഹനാപകടങ്ങളിൽപ്പെടുന്ന എല്ലാവരുടെയും ജീവൻ രക്ഷിക്കുക എന്നുള്ളത് ശ്രമകരമായ കാര്യമാണ്. എന്നാൽ പഠനങ്ങൾ തെളിയിക്കുന്നത് വാഹനാപകടങ്ങളിൽ ഹൃദയസംബന്ധമായതും നാഡീവ്യൂഹ സംബന്ധമായ പരിക്കുപറ്റുന്നവർക്ക് 15 മിനിട്ടിനുള്ളിൽ മരണം സംഭവിക്കുന്നുവെന്നുള്ളതാണ്. ഇതിൽ 50 ശതമാനത്തോളം ആളുകളെ സുശക്തമായൊരു ട്രോമാ കെയർ സംവിധാനം ഉണ്ടെങ്കിൽ രക്ഷിക്കാൻ കഴിയും. ഇതിനായി ട്രോമാ കെയർ സംവിധാനങ്ങളുടെ ഭാഗമായി ആംബുലൻസ് നെറ്റ്‌വർക്കുകൾ സജ്ജമാക്കേണ്ടതുണ്ട്. ആധുനിക ചികിത്സാ സംവിധാനങ്ങളുള്ള ആംബുലൻസുകളും പരിശീലനം നേടിയ ടെക്നീഷ്യനും ഉണ്ടെങ്കിൽ അപകടം നടന്ന സ്ഥലത്തുനിന്നും പരിക്ക് പറ്റിയ ആളെ ആശുപത്രിയിൽ എത്തിക്കുന്നതിന് മുമ്പുതന്നെ ജീവൻ രക്ഷിക്കാനുള്ള ചികിത്സയും മരുന്നും നൽകി ജീവൻ രക്ഷിക്കാനും അംഗവൈകല്യങ്ങൾ തടയാനും കഴിയും.

പ്രസ്തുത വാഹനങ്ങൾ ട്രോമാ കെയർ സെന്ററുകളും ആശുപത്രിയും കണക്കാക്കി എത്രയുംപെട്ടെന്ന് അപകടത്തിൽ പരിക്ക് പറ്റിയ ആളെ ചികിത്സയ്ക്കായി ആശുപത്രിയിലേയ്ക്ക് എത്തിക്കാൻ വേണ്ട വിധത്തിലാണ് വിന്യസിക്കാൻ വിഭാവന ചെയ്തിരിക്കുന്നത്. സമഗ്രമായ ട്രോമാ കെയർ സംവിധാനത്തിന് അത്യാവശ്യമായ മൂന്ന് ഘടകങ്ങളാണ് ഒരുക്കേണ്ടത്.

1. അപകടത്തിൽപ്പെട്ട വ്യക്തിയെ എത്രയുംപെട്ടെന്ന് ചികിത്സാ കേന്ദ്രത്തിൽ എത്തിക്കുക.
2. ചികിത്സാ കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുക.
3. സാങ്കേതിക പരിജ്ഞാനമുള്ള ജീവനക്കാരുടെ സേവനം ചികിത്സാ കേന്ദ്രത്തിലും ആംബുലൻസിലും ലഭ്യമാക്കുക.

ഇതിനുവേണ്ടി കേരളത്തിലെ റോഡ് സേഫ്റ്റി അതോറിറ്റിയുടെ മേൽനോട്ടത്തിൽ ദേശീയ, സംസ്ഥാന, ഉൾനാടൻ പാതകളിൽ ഏറ്റവും കൂടുതൽ വാഹനാപകടം ഉണ്ടാകുന്ന ബ്ലാക്ക് സ്പോട്ടുകളെ ജി.ഐ.എസ്. മാപ്പിംഗിലൂടെ കണ്ടെത്തിയിരുന്നു. സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിൽ സഞ്ചരിക്കുന്ന അത്യാധുനിക ജീവൻരക്ഷാ നെറ്റ്‌വർക്ക് ആംബുലൻസുകളിൽ മേൽപറഞ്ഞ ബ്ലാക്ക് സ്പോട്ടുകളിൽ അടിയന്തര സാഹചര്യത്തിൽ ആംബുലൻസുകൾ ലഭ്യമാകുന്ന തരത്തിലായിരിക്കും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

ഈ വിന്യസിക്കുന്ന വാഹനങ്ങളിൽ എല്ലാംതന്നെ ജി.പി.എസ്. ഉള്ളതാണ്. അതിനാൽത്തന്നെ അപകട അറിയിപ്പ് കൺട്രോൾ റൂമിൽ കിട്ടിയാലുടൻതന്നെ ജി.പി.എസ്. ഉപയോഗിച്ച് ഏറ്റവും അടുത്തുള്ള ആംബുലൻസ് ഏതാണെന്ന് അറിയുകയും പരിക്കിന്റെ വിവരങ്ങൾ അറിഞ്ഞശേഷം അതനുസരിച്ച് ചികിത്സ ലഭിക്കുന്ന ആശുപത്രിയിലേയ്ക്ക് എത്തിക്കാനും കഴിയും.

നിലവിൽ തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ മാത്രം നടത്തിവരുന്ന 108 ആംബുലൻസുകളുടെ സേവനം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് 2018 മാർച്ചിൽ ഇ-ടെണ്ടർ ക്ഷണിച്ചിരുന്നു. ഇ-ടെണ്ടർ നേടിയ മെസ്സേഴ്സ് ജി.വി.കെ.ഇ.എം.ആർ.ഐ. എന്ന കമ്പനിയുമായി 315 ആംബുലൻസുകൾ സംസ്ഥാന വ്യാപകമായി വിന്യസിക്കുന്നതിന് സമ്മതപത്രം ഒപ്പുവെച്ചിട്ടുണ്ട്. ആംബുലൻസ് സംവിധാനം ഏകോപിപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ടെണ്ടർ നേടിയ കമ്പനിയുമായി ഒപ്പുവച്ച കരാർ പ്രകാരം 2019 ആഗസ്റ്റ് മാസത്തോടെ 315 ആംബുലൻസുകളും പൂർണ്ണസജ്ജമായി പ്രവർത്തനം ആരംഭിക്കത്തക്ക രീതിയിലാണ് നടപടികൾ പുരോഗമിക്കുന്നത്.

## നഗരങ്ങളിലെ അന്തരീക്ഷ മലിനീകരണം

17(*467) ശ്രീ. റോജി എം. ജോൺ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല നഗരങ്ങളിലെയും അന്തരീക്ഷ മലിനീകരണ തോത് അപകടകരമാം വിധത്തിൽ വർദ്ധിക്കുന്നതും ശ്വസിക്കുവാനുള്ള വായുവിന്റെ ഗുണനിലവാരം മോശമാകുന്നതുമായ സാഹചര്യം നിലവിലുണ്ടോ;

(ബി) നാഷണൽ ക്ലീൻ എയർ പ്രോഗ്രാം പ്രകാരം 2024 ഓടെ അന്തരീക്ഷ മലിനീകരണ തോത് ഇരുപതു മുതൽ മുപ്പത് ശതമാനം വരെ കുറയ്ക്കുവാൻ നടപടി സ്വീകരിക്കേണ്ട നഗരങ്ങളുടെ കൂട്ടത്തിൽ സംസ്ഥാനത്തെ ഏതെങ്കിലും നഗരമുണ്ടോ; വിശദമാക്കുമോ;

(സി) ഇതിനായി വർഷംതോറും കുറയ്ക്കേണ്ട മലിനീകരണത്തിന്റെ ടാർഗറ്റ് കേന്ദ്രപരിസ്ഥിതി മന്ത്രാലയം നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതനുസരിച്ച് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള 34 മാന്വൽ മോണിറ്ററിംഗ് സ്റ്റേഷനുകൾ, 5 കണ്ടിന്യൂവസ് ആമ്പിയന്റ് മോണിറ്ററിംഗ് സ്റ്റേഷനുകൾ എന്നിവയിൽനിന്നുള്ള പരിശോധനാ ഫലം അനുസരിച്ച് നിലവിൽ അന്തരീക്ഷ മലിനീകരണത്തോത് അപകടകരമായ വിധത്തിൽ വർദ്ധിക്കുന്നതായോ ശ്വസിക്കാനുള്ള വായുവിന്റെ ഗുണനിലവാരം മോശമാകുന്നതായോ കാണുന്നില്ല.

(ബി & സി) നാഷണൽ ക്ലീൻ എയർ പ്രോഗ്രാം പ്രകാരം 2024-ഓടെ അന്തരീക്ഷ മലിനീകരണത്തോത് 20% മുതൽ 30% വരെ കുറയ്ക്കാൻ നടപടി സ്വീകരിക്കേണ്ട നഗരങ്ങളുടെ കൂട്ടത്തിൽ സംസ്ഥാനത്തെ ഒരു നഗരവും ഉൾപ്പെട്ടിട്ടില്ല.

**നിഷിനെ സർവ്വകലാശാലയാക്കുന്നതിന് നടപടി**

18(*468) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. എം. ഉമ്മർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിഷിനെ സർവ്വകലാശാലയാക്കി മാറ്റുന്ന കാര്യത്തിൽ ഈ സർക്കാർ സ്വീകരിച്ച നയപരിപാടികൾ വിശദമാക്കാമോ;

(ബി) നിഷിനെ സർവ്വകലാശാലയായി ഉയർത്തുന്നതിൽ നിന്ന് കേന്ദ്രസർക്കാർ പിൻമാറിയ സാഹചര്യത്തിൽ ഇതിനായി സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിക്കുമോ;

(സി) നിലവിൽ കേരള സർവ്വകലാശാലയും ആരോഗ്യ സർവ്വകലാശാലയും കീഴിൽ പ്രവർത്തിക്കുന്ന നിഷിന്റെ സാങ്കേതികമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഈ സ്ഥാപനത്തെ സർവ്വകലാശാലയാക്കുന്ന കാര്യത്തിൽ നടപടികൾ സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) 2015-16 സാമ്പത്തിക വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ നിഷിനെ കേന്ദ്ര സർവ്വകലാശാലയാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ താല്പര്യം അറിയിച്ചിരുന്നു. എന്നാൽ രാജ്യസഭയിൽ ചോദ്യത്തിന് മറുപടിയായി നാഷണൽ യൂണിവേഴ്സിറ്റി വടക്കുകിഴക്കൻ മേഖലയിൽ സ്ഥാപിക്കാനാണ് തീരുമാനമെന്ന് അറിയിച്ചെങ്കിലും ഔദ്യോഗിക അറിയിപ്പ് ഇതുവരെ ലഭിച്ചിട്ടില്ല. നിഷിനെ കേന്ദ്ര സർവ്വകലാശാലയാക്കുന്നതിനുള്ള പ്രൊപ്പോസലിന്മേൽ അനുകൂലമായ തീരുമാനം എടുക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര സാമൂഹ്യ നീതി വകുപ്പിന് 19-11-2018-ൽ കത്തയച്ചിട്ടുണ്ട്. കേന്ദ്രത്തിൽനിന്നും ഔദ്യോഗിക മറുപടി ലഭിക്കാത്തതിനാൽ നിഷിനെ സംസ്ഥാനതലത്തിലുള്ള സർവ്വകലാശാലയാക്കി മാറ്റുന്നതിനുള്ള സാധ്യതകളും പരിശോധിച്ചുവരുന്നു.

(ബി) നിഷിനെ കേന്ദ്ര സർവ്വകലാശാലയാക്കി മാറ്റുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചതിൽ കേന്ദ്ര സർക്കാരിൽനിന്നും ഔദ്യോഗിക മറുപടി ലഭിച്ചിട്ടില്ല. സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ നിഷിനെ സംസ്ഥാനത്തിന്റെ ഉടമസ്ഥതയിലുള്ള സർവ്വകലാശാലയായി ഉയർത്തുന്ന കാര്യം ഗൗരവമായി പരിശോധിച്ചുവരുന്നു.

(സി) നിലവിൽ നിഷിനെ കേന്ദ്ര സർവ്വകലാശാലയാക്കി മാറ്റുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചതിൽ കേന്ദ്ര സർക്കാരിൽനിന്നും ഔദ്യോഗികമായി മറുപടി ലഭിച്ചിട്ടില്ല. നിഷിനെ സംസ്ഥാന ഉടമസ്ഥതയിലുള്ള സർവ്വകലാശാലയാക്കുന്ന വിഷയവും ഗൗരവമായി പരിശോധിച്ചുവരുന്നു.

**അഗ്നിശമന സേനയുടെ ഫയർ ആഡിറ്റിംഗ്**

19(*469) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ അടിക്കടി ഉണ്ടാകുന്ന അഗ്നിബാധ ഗൗരവമായി എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരത്തെ അഗ്നിശമന സേനാവിഭാഗം അടുത്തിടെ ഫയർ ആഡിറ്റിംഗ് നടത്തിയിരുന്നോ; പ്രസ്തുത ആഡിറ്റിംഗിൽ കണ്ടെത്തിയ വസ്തുതകൾ എന്തൊക്കെയാണെന്നറിയിക്കാമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ സുരക്ഷാമാനദണ്ഡങ്ങൾ ഒരുക്കണമെന്ന നിർദ്ദേശം സ്ഥാപന ഉടമകൾക്ക് നൽകിയിട്ടും അവ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ഡി) ഫയർ ആഡിറ്റിംഗിൽ കണ്ടെത്തിയ വീഴ്ചകൾ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ഉണ്ട്. തലസ്ഥാന നഗരിയിൽ അടുത്തയിടെയുണ്ടായ അഗ്നിബാധകളുടെ പശ്ചാത്തലത്തിൽ അഗ്നിപ്രതിരോധ നടപടികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വ്യാപാര വ്യവസായ സ്ഥാപനങ്ങളിലും ബഹുനില കെട്ടിടങ്ങളിലും ഷോപ്പിംഗ് മാൾ, തിയേറ്റർ എന്നിവിടങ്ങളിലും ഫയർ ആഡിറ്റ് നടത്തിവരുന്നു. അഗ്നിശമന സംവിധാനങ്ങൾ ഒരുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. പൊതുവേ ആവശ്യമായ സുരക്ഷാ നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നതിൽ വ്യാപാര സ്ഥാപനങ്ങളും കെട്ടിട ഉടമകളും വിമുഖത കാണിക്കുന്നുണ്ട്. നോട്ടീസ് നൽകിയിട്ടും അഗ്നിശമന സംവിധാനങ്ങൾ ഒരുക്കാത്ത സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കും കത്ത് നൽകിയിട്ടുണ്ട്. അതോടൊപ്പം ബഹുനില കെട്ടിടങ്ങളിലും വ്യാപാര സ്ഥാപനങ്ങളിലും താമസിക്കുന്നതും ജോലി ചെയ്യുന്നവരുമായ ആളുകൾക്ക് അഗ്നിശമന ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലന പരിപാടി എല്ലാ ജില്ലകളിലും വകുപ്പിന്റെ നേതൃത്വത്തിൽ നൽകിവരുന്നു.

(ബി) നടത്തിയിരുന്നു. ഇപ്പോഴും അത് തുടരുന്നു. വ്യാപാര സ്ഥാപനങ്ങളിലും കെട്ടിടങ്ങളിലും ഗോഡൗണുകളിലും അഗ്നിബാധ തടയുന്നതിന് വകുപ്പിലെ ഉദ്യോഗസ്ഥർ നടത്തിയ ഫയർ ആഡിറ്റിംഗിൽ വിവിധ കെട്ടിടങ്ങളിൽ അഗ്നിശമന സംവിധാനങ്ങൾ പ്രവർത്തനക്ഷമ മല്ലാതിരിക്കുക, ഓപ്പൺ ടെറസ്സുകൾ കെട്ടിയടച്ച നിലയിലായിരിക്കുക, അടിയന്തര രക്ഷാമാർഗ്ഗങ്ങളായ സ്റ്റെയർകേസുകൾ പൂട്ടിയിട്ടിരിക്കുക, സ്റ്റെയർകേസിലേയ്ക്കുള്ള വഴികളും സ്റ്റെയർകേസുകളും വിവിധ വസ്തുക്കൾ കൊണ്ട് തടസ്സപ്പെടുത്തിയിരിക്കുക, അനധികൃതമായ കൂട്ടിച്ചേർക്കലുകൾ കെട്ടിടത്തിൽ വരുത്തുക, കൈവശഗണം വ്യത്യാസപ്പെടുത്തുക, പെട്ടെന്ന് തീ

പിടിക്കാൻ സാധ്യതയുള്ള പാഴ് വസ്തുക്കൾ കൂട്ടിയിട്ടിരിക്കുക, രക്ഷാ പ്രവർത്തന വേളകളിൽ അഗ്നിശമന വാഹനങ്ങൾക്ക് കടന്ന് ചെല്ലുന്നതിനായുള്ള വഴികളിൽ അനധികൃത നിർമ്മാണം നടത്തുക തുടങ്ങിയ അപാകതകൾ കണ്ടെത്തുകയുണ്ടായി. ചില കച്ചവട സ്ഥാപനങ്ങളിലും കെട്ടിടങ്ങളിലും ഇലക്ട്രിക്കൽ വയറിംഗ് സംവിധാനം പഴയ രീതിയിലാണ്. ഇതും അപകടത്തിന് കാരണമാകുന്നുണ്ട്. ചില കെട്ടിടങ്ങളിൽ അഗ്നിപ്രതിരോധ സംവിധാനങ്ങൾ പലതും അറ്റകുറ്റപ്പണി നടത്താത്തതിനാൽ പ്രവർത്തന രഹിതമാണ്.

(സി) മതിയായ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കണമെന്ന കർശനമായ നിർദ്ദേശം നൽകിയിട്ടും ചില ഉടമകൾ അത് പ്രാവർത്തികമാക്കിയിട്ടില്ല. ഇവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കും കത്ത് നൽകിയിട്ടുണ്ട്.

(ഡി) സ്വീകരിച്ചുവരുന്നു. ഫയർ ഓഡിറ്റിംഗിൽ കണ്ടെത്തിയ വീഴ്ചകൾ പരിഹരിക്കുന്നതിന് നിർദ്ദേശിച്ച് നോട്ടീസ് നൽകിയിട്ടും അവ പ്രവർത്തന ക്ഷമമാക്കിയിട്ടില്ലാത്ത കെട്ടിടങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ക്രമസമാധാനപാലനത്തിൽ പോലീസ് കൈവരിച്ച പുരോഗതി

20(*470) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രമസമാധാനപാലനവും കുറ്റാന്വേഷണവും വേർതിരിക്കുന്നതിനുള്ള പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) വർഗ്ഗീയ പ്രചരണങ്ങൾ തടയുന്നതിനും വർഗ്ഗീയ കലാപങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) ഹർത്താലിന്റെ മറവിൽ പൊതു സ്വകാര്യ സ്വത്തുക്കൾ തകർക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്നും ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് എതിരെ എന്തൊക്കെ ശിക്ഷാനടപടികളാണ് സ്വീകരിക്കുന്നതെന്നും അറിയിക്കുമോ;

(ഡി) ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കി ജനങ്ങൾക്ക് സ്വൈര്യജീവിതം ഉറപ്പാക്കുക എന്ന പ്രാഥമിക ഉത്തരവാദിത്തം നിറവേറ്റുന്നതിൽ കേരളാ പോലീസ് കൈവരിച്ച പുരോഗതി വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ ക്രമസമാധാന നില മെച്ചപ്പെടുത്തുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റാന്വേഷണത്തിനും സഹായകമായ സംവിധാനം എന്ന നിലയിൽ സി.സി.ടി.വി.സംവിധാനം എല്ലാ റോഡുകളിലും പൊതുസ്ഥലങ്ങളിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ക്രമസമാധാനപാലനവും കുറ്റാന്വേഷണവും വേർതിരിക്കുന്നതുമായി ബന്ധപ്പെട്ട് ഒന്നാം ഘട്ടത്തിൽ 196 പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ഇൻസ്പെക്ടർമാർ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി പ്രവർത്തിച്ചുവരുന്ന നിലവിലെ 7 പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടെ ആകെ 203 സ്റ്റേഷനുകളിൽ പ്രസ്തുത സംവിധാനം നിലവിൽ വന്നു.

പ്രസ്തുത നടപടിയുടെ രണ്ടാം ഘട്ടത്തിൽ 268 പോലീസ് സ്റ്റേഷനുകളിൽക്കൂടി ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ.-മാരായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ഇതിൽ 167 പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ.-മാരായി നിയമിക്കുകയും ചെയ്തു.

ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ.-മാരായി നിയമിച്ച പോലീസ് സ്റ്റേഷനുകളിലെല്ലാം ക്രമസമാധാനവും കുറ്റാന്വേഷണവും വേർതിരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

(ബി) വർഗ്ഗീയ സംഘർഷങ്ങൾ/വർഗ്ഗീയ കലാപങ്ങൾ എന്നിവയുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ പ്രസ്താവനകളും പ്രസംഗങ്ങളും നടത്തുന്നവർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 153(A) വകുപ്പ് പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

സാമൂഹ്യ മാധ്യമങ്ങളിലൂടെ വർഗ്ഗീയ ചേരിതിരിവ് ഉണ്ടാക്കുന്ന രീതിയിൽ പ്രചാരണം നടത്തുന്നവർക്കെതിരെ 153(A) IPC വകുപ്പ് പ്രകാരം നിയമനടപടികളും Manual of Guidelines to Prevent and Control Communal Disturbances and to Promote Communal Harmony, 2005 പ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ഹർത്താലിന്റെ മറവിൽ പൊതുമുതൽ നശിപ്പിക്കുന്നത് തടയുന്നതിനും ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടാൽ കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിക്കാനും നഷ്ടപരിഹാരം ഈടാക്കാനും Prevention of Damage to Public Property Act, 1984 പ്രകാരം വ്യവസ്ഥയുണ്ട്. ഇതുസംബന്ധിച്ച് 8-1-2019-ൽ The Kerala Prevention of Damage to Private Property and Payment of Compensation Ordinance 2019 പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധമായി ചേർക്കുന്നു*)

(ഡി) ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകി ജനങ്ങൾക്ക് സ്വൈര്യജീവിതം ഉറപ്പാക്കുന്നതിനായി പോലീസ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

- വിവിധ രാഷ്ട്രീയ പാർട്ടികൾ/സമുദായ സംഘടനാ നേതാക്കന്മാരെ ഉൾപ്പെടുത്തി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ മാസത്തിലൊരിക്കൽ സാമുദായിക സൗഹൃദ സമ്മേളനങ്ങൾ നടത്തുന്നുണ്ട്.
- ലോക്കൽ പോലീസ്/സ്റ്റേറ്റ്, ജില്ലാ സ്പെഷ്യൽ ബ്രാഞ്ചുകൾ/കമ്മ്യൂണിറ്റി പോലീസ് സംരംഭങ്ങളുടെ സഹായത്തോടെ വർഗ്ഗീയ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽനിന്നും മുൻകൂർ വിവരശേഖരണം നടത്തി ജാഗ്രത പാലിക്കാൻ പൊതുജനങ്ങൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിവരുന്നു.
- സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥരെ നിയമിച്ച് കുറ്റാന്വേഷണവും ക്രമസമാധാനപാലനവും വേർതിരിച്ച് കാര്യക്ഷമമായ പോലീസ് സംവിധാനം.
- ക്രമസമാധാന പ്രശ്ന സാധ്യത മുൻകൂട്ടിക്കണ്ട് നടപടി സ്വീകരിക്കാൻ ജില്ലാ സ്പെഷ്യൽ ബ്രാഞ്ച്, ഷാഡോ വിഭാഗം എന്നിവ പ്രവർത്തിക്കുന്നു.
- സബ് ഡിവിഷണൽ ഡിവൈ.എസ്.പി.-മാർക്കാണ് അവരുടെ അധികാരപരിധിയിലെ ഗുരുതര സ്വഭാവമുള്ള കേസുകളുടെ അന്വേഷണ ചുമതല.
- പൊതുജന സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പിക്കറ്റ് പോസ്റ്റുകൾ, മൊബൈൽ പട്രോളിംഗ്, ജനമൈത്രി സുരക്ഷാ പദ്ധതി, പിങ്ക് പട്രോൾ, പിങ്ക് ബീറ്റ്, നിർഭയ, വനിതാ ഹെൽപ് ഡെസ്ക്, സ്ത്രീ സുരക്ഷയ്ക്കായി സ്വയംരക്ഷാ പദ്ധതി എന്നിവ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, ജ്വല്ലറികൾ, ഫാക്ടറികൾ എന്നിവിടങ്ങളിലെ സി.സി.ടി.വി. സംവിധാനം പോലീസുമായി ബന്ധപ്പെടുത്തി നിർവ്വഹിക്കുന്നതിനായി Central Intrusion Monitoring System, റെസിഡൻഷ്യൽ അസോസിയേഷനുകൾ/അപ്പാർട്ട്മെന്റുകൾ എന്നിവിടങ്ങളിലെ സി.സി.ടി.വി. സംവിധാനം പോലീസ് വകുപ്പിന്റെ കമാന്റ് & കൺട്രോൾ സെന്ററുമായി ബന്ധപ്പെടുത്തി നിരീക്ഷണം, കുറ്റാന്വേഷണത്തിന് സഹായകമായ സി.സി.ടി.വി. ദൃശ്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള Video Analytics/Small Surveillance Project എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രസ്തുത സംവിധാനങ്ങളുടെ കാര്യക്ഷമത പരിശോധിക്കുന്നതിനായി കഴക്കൂട്ടം പോലീസ് സ്റ്റേഷൻ പരിധിയിൽ Pilot Implementation നടത്തുന്നതിന് സി-ഡിറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ പ്രവർത്തനം**

21(*471) ശ്രീ. എം. സ്വരാജ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുടനീളം ഗുണമേന്മയുള്ള മരുന്നുകൾ ലാഭേച്ഛയില്ലാതെ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ പ്രവർത്തനം ഈ സർക്കാർ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ടോയെന്നറിയിക്കുമോ;

(ബി) എല്ലാ മരുന്നുകളും വിപണി വിലയിൽ നിന്നും എത്ര ശതമാനം വിലക്കുറവിലാണ് കാരുണ്യ ഫാർമസി വഴി നൽകുന്നത്;

(സി) കാൻസർ, ഹീമോഫീലിയ, വൃക്കരോഗം തുടങ്ങിയവ ബാധിച്ചവർക്ക് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ഡി) മുതിർന്ന പൗരന്മാർക്കും ശയ്യാവലംബരായ രോഗികൾക്കും ആവശ്യമായ മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴി സൗജന്യമായി വീട്ടിൽ എത്തിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, (എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 20 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളും 2 കാരുണ്യ മെഡിസിൻ ഡിപ്പോകളും പുതുതായി ആരംഭിച്ചിട്ടുണ്ട്. തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ സ്ഥിതിചെയ്യുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ടി ആശുപത്രി പരിസരത്തുതന്നെ സൗകര്യമേറിയ പുതിയ കെട്ടിട സമുച്ചയത്തിലേയ്ക്ക് മാറ്റിസ്ഥാപിക്കുകയും പ്രവർത്തനസമയം 24 മണിക്കൂറാക്കി ദീർഘിപ്പിക്കുകയും ചെയ്തു. ഹരിപ്പാട് താലൂക്കാശുപത്രിയിൽ സ്ഥിതിചെയ്യുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായ ഒരു കെട്ടിടത്തിലേയ്ക്ക് മാറ്റിസ്ഥാപിക്കുകയും പ്രവർത്തനസമയം 8 മണിക്കൂറിൽനിന്നും 10.30 മണിക്കൂറായി ദീർഘിപ്പിക്കുകയും ചെയ്തു. എടവണ്ണ സാമൂഹ്യാരോഗ്യ കേന്ദ്രം, നെടുങ്കോലം രാമറാവു മെമ്മോറിയൽ താലൂക്കാശുപത്രി, നിലമ്പൂർ ജില്ലാ ആശുപത്രി, ആറ്റിങ്ങൽ താലൂക്കാശുപത്രി, പരിയാരം മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ സമീപഭാവിയിൽത്തന്നെ കാരുണ്യ ഫാർമസി ആരംഭിക്കുന്നതാണ്.

(ബി) മരുന്നുകൾക്ക് പരമാവധി 12%, സർജിക്കൽ ഐറ്റംസ്/ കൺസ്യൂമബിൾസ് ഗണത്തിൽപ്പെടുന്നവയ്ക്ക് ശരാശരി 15% എന്ന രീതിയിൽ മാർജിൻ നിശ്ചയിച്ചാണ് കാരുണ്യ ഫാർമസിയിലെ വില്പന വില തീരുമാനിക്കപ്പെടുന്നത്.

(സി) ക്യാൻസർ, ഹീമോഫീലിയ, വൃക്കരോഗം എന്നിവ ബാധിച്ചവർക്ക് ആവശ്യമായിട്ടുള്ള മരുന്നുകൾ വിവിധ കേന്ദ്ര/സംസ്ഥാനാവിഷ്കൃത പദ്ധതികൾ മുഖാന്തരം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ ലഭ്യമാക്കിവരുന്നു.

സുകൃതം ചികിത്സാ പദ്ധതി, വിവിധ കേന്ദ്ര/സംസ്ഥാനാവിഷ്കൃത പദ്ധതികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ, എന്നിവയിലെല്ലാം രജിസ്റ്റർ ചെയ്തിട്ടുള്ള ക്യാൻസർ രോഗികൾക്ക് മിതമായ നിരക്കിൽ ഗുണമേന്മയുള്ള മരുന്നുകൾ കാരുണ്യ ഫാർമസി മുഖേന ലഭ്യമാക്കിവരുന്നു.

സംസ്ഥാനത്താകമാനം കാരുണ്യ ബെനവലന്റ് ഫണ്ടിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏകദേശം 1,075 ഹീമോഫീലിയ രോഗികളുടെ ചികിത്സയ്ക്കാവശ്യമായ ഫാക്ടറുകളും ഫീബയും സംഭരിച്ച് ടി മരുന്നുകൾ കാരുണ്യ ഫാർമസിയുടെ വിവിധ ഔട്ട്‌ലെറ്റുകൾ വഴി സൗജന്യമായി തുടർച്ചയായി വിതരണം ചെയ്തുവരുന്നു. കാരുണ്യ ബെനവലന്റ് ഫണ്ടിൽ ചേർക്കപ്പെട്ടിട്ടില്ലാത്ത രോഗികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്.

Continuous Ambulatory Peritoneal Dialysis-ന് വിധേയരാകുന്ന വൃക്കരോഗികൾക്ക് CAPD പദ്ധതി പ്രകാരം പ്രതിമാസം 17,500 രൂപ വരെ വിലയുള്ള പെരിട്ടോണിയൽ ഡയാലിസിസിന് ആവശ്യമായ ദ്രാവകങ്ങൾ (Fluids) കൊറിയർ മുഖാന്തരം വീടുകളിൽ എത്തിച്ചുനൽകുന്ന പദ്ധതിക്ക് കാരുണ്യ ഫാർമസികൾ സേവനദാതാക്കളായി പ്രവർത്തിക്കുന്നു. ടി ഗുണഭോക്താക്കളെയെല്ലാം കാരുണ്യ ഫാർമസിയുടെ ഫാമിലി മെഡിസിൻ കാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കാരുണ്യയുടെ വില്പന തുകയ്ക്ക് മേൽ 2% കിഴിവും നൽകി വരുന്നു.

(ഡി) തുച്ഛമായ സർവ്വീസ് ചാർജ്ജ് ഈടാക്കി ആവശ്യക്കാർക്ക് മരുന്നുകൾ വീട്ടിലെത്തിച്ച് നൽകുന്ന ഫാമിലി മെഡിസിൻ കാർഡ് പദ്ധതി പൈലറ്റടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിവരുന്നു. ടി പദ്ധതിയിൽ അംഗമാകുന്നവർക്ക് പ്രാരംഭത്തിൽ 2,500 രൂപ നൽകുമ്പോൾ രജി.നം. പതിപ്പിച്ച ഒരു കാർഡ് നൽകുകയും തുടർന്ന് കുറിപ്പടിപ്രകാരം മരുന്നുകൾ വീട്ടിലെത്തിച്ച് നൽകുകയും ചെയ്യുന്നു. കൂടുതൽ തുക നൽകി ഗുണഭോക്താവിന് കാർഡ് റീഫിൽ ചെയ്യാവുന്നതും അതിനനുസൃതമായി മരുന്നുകൾ വിതരണം ചെയ്യുന്നതുമാണ്. കാരുണ്യയുടെ വില്പന വിലയിൽനിന്നും 2% കിഴിവ് ടി ഗുണഭോക്താക്കൾക്ക് നൽകിവരുന്നു. നിലവിൽ ഏകദേശം മുന്നൂറ്റിയമ്പതോളം ഗുണഭോക്താക്കളുള്ള ഈ പദ്ധതി മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## വെന്റിലേറ്ററിൽ കിടത്തി സാമ്പത്തിക ചൂഷണം

22(*472) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്നവർക്ക് മസ്തിഷ്ക മരണം സംഭവിച്ചാലും വെന്റിലേറ്ററിൽ കിടത്തി സാമ്പത്തിക ചൂഷണം നടത്തുന്നുവെന്ന പരാതികൾ ഉണ്ടായിട്ടുണ്ടോ;

(ബി) മസ്തിഷ്ക മരണം സംഭവിച്ചാലുടൻ ബന്ധുക്കളെ വിവരം അറിയിക്കണമെന്ന വ്യവസ്ഥ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, (എ) ഉണ്ട്.

(ബി) മസ്തിഷ്ക മരണം നിർണ്ണയിക്കുന്നതിനുള്ള (Universal Brain Death Certification) മാനദണ്ഡം നിശ്ചയിക്കുന്നതിനായി തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ന്യൂറോളജി വിഭാഗം മേധാവി ഡോ. തോമസ് ഐപ്പിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ഈ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ മസ്തിഷ്ക മരണം സംഭവിച്ചാലുടൻ ബന്ധുക്കളെ അറിയിക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ദേശീയ വിദഗ്ദ്ധന്മാരും സംസ്ഥാനത്തെ ന്യൂറോളജിസ്റ്റുകളും അനസ്തേഷ്യ വിദഗ്ദ്ധന്മാരും ഉൾപ്പെട്ട ഒരു ശിൽപ്പശാലയിൽ ടി റിപ്പോർട്ട് ചർച്ച ചെയ്യുകയുണ്ടായി. ടി ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾകൂടി കണക്കിലെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

## പോലീസ് കമ്മീഷണറേറ്റുകൾ

23(*473) ശ്രീ. ടി. വി. ഇബ്രാഹിം :

ഡോ. എം. കെ. മുനീർ :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളക്ടർമാർക്കുള്ള മജിസ്റ്റീരിയൽ അധികാരം നിലനിർത്തി ക്കൊണ്ടുതന്നെ തിരുവനന്തപുരത്തും കൊച്ചിയിലും ഐ.ജി. റാങ്കിലുള്ള ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പോലീസ് കമ്മീഷണറേറ്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം അധികാരങ്ങളാണ് കമ്മീഷണറേറ്റുകൾക്ക് നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം മാറ്റം വരുത്തേണ്ടതിന്റെ ആവശ്യകത എന്തെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ-സി) 23-1-2013-ലെ മന്ത്രിസഭാ തീരുമാനം ഐറ്റം നമ്പർ 2919 പ്രകാരം 2011-ലെ കേരള പോലീസ് ആക്ടിലെ 15(2), 15(3), 15(4) എന്നീ സെക്ഷനുകൾ ആധാരമാക്കി തിരുവനന്തപുരത്തും കൊച്ചിയിലും മെട്രോപൊളിറ്റൻ പോലീസ് സംവിധാനം ആരംഭിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച നിർദ്ദേശത്തിൽ 2007-ലെ കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ടിലെ 3(2) സെക്ഷൻ പ്രകാരമുള്ള അധികാരം ഒഴിവാക്കി തിരുവനന്തപുരം/കൊച്ചി പോലീസ് കമ്മീഷണർക്ക് ജില്ലാ മജിസ്ട്രേറ്റിന്റെ അധികാരത്തോടുകൂടി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റായി നിയമിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചുകൊണ്ട് ഈ സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 29-1-2013-ലെ ജി.ഒ.(എം.എസ്.) നം.29/2013/ആഭ്യന്തരം സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ മെട്രോപൊളിറ്റൻ പോലീസ് സംവിധാനം കൊണ്ടുവന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നില്ല.

കമ്മീഷണറേറ്റ് നിലവിൽ വരുന്നതോടെ നഗരപരിധിയിലെ കുറ്റാന്വേഷണവും ക്രമസമാധാനപാലനവും കാര്യക്ഷമമാവുകയും കുറ്റകൃത്യം തടയുന്നതിന് നഗരത്തിലെ പോലീസിന് അധികാരവും ശക്തിയും കൂടുതൽ ലഭിക്കുന്നുവെന്നതാണ് ഇതിന്റെ സവിശേഷത. ഇതിലൂടെ സാധാരണ നിലയിൽ ക്രമസമാധാനം നഗരങ്ങളിൽ കൂടുതൽ ഭദ്രമാക്കി നിർത്താനാകും എന്നതാണ് ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനം. കേന്ദ്ര സർക്കാർ 1977-ൽ പോലീസ് സേനയുടെ വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നാഷണൽ പോലീസ് കമ്മീഷനെ നിയമിച്ചിരുന്നു. പ്രസ്തുത കമ്മീഷൻ 1979 മുതൽ 1981 വരെ 8 റിപ്പോർട്ടുകൾ സമർപ്പിക്കുകയുണ്ടായി. അതിലെ ഒരു പ്രധാന ശിപാർശയാണ് അഞ്ച് ലക്ഷമോ അതിൽക്കൂടുതലോ ജനസംഖ്യയുള്ള നഗരങ്ങളിൽ പോലീസ് കമ്മീഷണറേറ്റ് സ്ഥാപിക്കണം എന്നത്. ഇതിനുപുറമേ ബഹു. ജസ്റ്റിസ് കെ. ടി. തോമസ് ചെയർമാനായ കേരള പോലീസ് പെർഫോർമൻസ് ആൻഡ് അക്കൗണ്ടബിലിറ്റി കമ്മീഷൻ 21-03-2005-ൽ സമർപ്പിച്ച റിപ്പോർട്ടിൽ 3.42(സി) ശിപാർശ പ്രകാരം തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി നഗരങ്ങളിലെ കമ്മീഷണർ ഓഫീസുകൾ പോലീസ് കമ്മീഷണറേറ്റുകളായി ഉയർത്തി ഡി.ഐ.ജി. റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥരെ കമ്മീഷണറായി നിയമിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

6-6-2019-ലെ ജി.ഒ. (ആർ.ടി.) നമ്പർ 3230/2019/പൊ.ഭ.വ. ഉത്തരവ് പ്രകാരം ഈ നഗരങ്ങളിൽ ഐ.ജി. റാങ്കിലുള്ള ഉദ്യോഗസ്ഥരെ പോലീസ് കമ്മീഷണർമാരായി നിയമിച്ച് ഉത്തരവായിട്ടുണ്ട്.

കേരളത്തിന്റെ സവിശേഷമായ സാഹചര്യത്തെക്കൂടി ഉൾക്കൊണ്ടു കൊണ്ടും പൊതുവായ അഭിപ്രായങ്ങൾകൂടി കണക്കിലെടുത്തും കൊണ്ടായിരിക്കും ഏതെല്ലാം അധികാരങ്ങൾ കൈമാറണമെന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുക.

**തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ**

24(*474) ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം,കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ സംബന്ധിച്ച പുതുക്കിയ പദ്ധതി രേഖ കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) പദ്ധതി നടത്തിപ്പിലെ കാലതാമസം മൂലം പദ്ധതി ചെലവ് ഭീമമായി വർദ്ധിക്കുമെന്നത് വസ്തുതയല്ലേ; എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ നിന്നും പിന്നോട്ടുപോകാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ പദ്ധതിരേഖ പരിശോധിക്കാൻ ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു സെക്രട്ടറിതല സമിതിയെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത സമിതി പുതുക്കിയ ഡി.പി.ആർ. അവലോകനം ചെയ്യുകയും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പദ്ധതി നടത്തിപ്പിൽ കാലതാമസം ഉണ്ടായിട്ടില്ല. പുതുക്കിയ പദ്ധതി രേഖയ്ക്ക് അംഗീകാരം നൽകുന്നതിനുമുൻപ് ആവശ്യമായ പരിശോധനകളാണ് നടന്നുവരുന്നത്.

### മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നടപടി

25(*475) ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് വിൽക്കുന്ന മരുന്നുകളിൽ ഇരുപതുശതമാനത്തോളം ഗുണനിലവാരമില്ലാത്തവയാണെന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഗുണനിലവാര പരിശോധന കാര്യക്ഷമമാക്കാൻ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) സർക്കാർ ആശുപത്രികളിലൂടെ വിതരണം ചെയ്യുന്ന മരുന്നുകൾ വാങ്ങുമ്പോൾ അവയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്; സംസ്ഥാനത്ത് മരുന്നു പരിശോധനയ്ക്കുള്ള ലബോറട്ടറി സൗകര്യങ്ങൾ അറിയിക്കാമോ;

(സി) പൊതുമാർക്കറ്റിൽ വിൽക്കപ്പെടുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്ക്, അവ വില കൊടുത്തു വാങ്ങേണ്ടതിനാൽ, ആവശ്യമായ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ;

(ഡി) സ്വകാര്യ ആശുപത്രികളുടെ ഫാർമസി വഴി വിൽക്കുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്താറുണ്ടോ; വ്യക്തമാക്കുമോ;

(ഇ) സർക്കാർ ആശുപത്രികളിലേക്കുള്ള മെഡിക്കൽ ഉപകരണങ്ങൾ, ലബോറട്ടറികളിൽ പരിശോധനകൾക്കുപയോഗിക്കുന്ന റീ ഏജന്റ് എന്നിവയുടെ നിലവാര നിർണയത്തിന് സ്വീകരിച്ചു വരുന്ന നടപടി അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) സംസ്ഥാനത്ത് വിപണിയിൽ ലഭ്യമായിട്ടുള്ള മരുന്നുകളുടെ ഗുണനിലവാര പരിശോധന വളരെ കാര്യക്ഷമമായിട്ടാണ് നടത്തിവരുന്നത്. ഒരു മരുന്നിന് അതിനായി നിഷ്കർഷിച്ചിട്ടുള്ള എല്ലാ ഗുണനിലവാര മാനദണ്ഡങ്ങളും കർശനമായി പാലിച്ചെന്ന് ഉറപ്പ് വരുത്തിയതിനുശേഷം മാത്രമേ വിപണിയിൽ എത്തിക്കുവാൻ പാടുള്ളൂവെന്ന് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയത് ഉറപ്പുവരുത്തുന്നതിലേയ്ക്കായി രാജ്യത്തുടനീളമുള്ള ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥർ മരുന്നുല്പാദന ശാലകൾ നിരന്തരം പരിശോധിക്കുകയും വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇപ്രകാരം നിർമ്മിക്കുന്ന ഓരോ ബാച്ച് മരുന്നുകളുടെയും തീവ്രമായ ഗുണനിലവാര പരിശോധന നിർമ്മാണ ഘട്ടങ്ങളിൽത്തന്നെ ഉറപ്പാക്കിയശേഷമാണ് നിർമ്മാതാക്കൾ അത് വിപണിയിൽ എത്തിക്കുന്നത്. വിപണിയിൽ എത്തിയ ശേഷവും പ്രസ്തുത മരുന്നുകളുടെ ഷെൽഫ് ലൈഫിന്റെ അവസാനഘട്ടം വരെ നിശ്ചിത ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിലേയ്ക്കുവേണ്ടി ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലുമുള്ള മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ (സർക്കാർ/സ്വകാര്യ) എന്നിവിടങ്ങളിൽനിന്നും റാൻഡം സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി മരുന്ന് പരിശോധനാ ലബോറട്ടറിയിലേയ്ക്ക് അയയ്ക്കുന്നുണ്ട്. നിശ്ചിത ഗുണനിലവാരം ഇല്ലാത്തതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ വിതരണ ശൃംഖല കണ്ടെത്തി അവ വിപണിയിൽനിന്നും പിൻവലിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുകയും നിർമ്മാതാക്കൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ഗുണനിലവാര പരിശോധനയുടെ ഭാഗമായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ദർഘാസ് ക്ഷണിക്കുമ്പോൾത്തന്നെ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽനിന്നും ഫാർമസി കോളേജിൽനിന്നുമുള്ള വിദഗ്ദ്ധർ ഉല്പാദകരുടെ ഫാക്ടറി സന്ദർശിച്ച് ഔഷധ നിർമ്മാതാക്കൾ അവകാശപ്പെടുന്ന രീതിയിൽ മരുന്ന് ഉല്പാദിപ്പിക്കാനും കാര്യക്ഷമത പരിശോധിക്കാനുമുള്ള സൗകര്യമുണ്ടെന്ന് ഉറപ്പ് വരുത്തിയശേഷം ആ കമ്മിറ്റിയുടെ

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ദർഘാസ് ഉടമ്പടിയിൽ പ്രസ്തുത ഔഷധ നിർമ്മാതാക്കളെ ഉൾപ്പെടുത്തുന്നത്. ക്വാളിറ്റി കൺട്രോൾ വിഭാഗം ഗുണനിലവാരം ഉറപ്പാക്കുന്നതിന് അടുത്ത നടപടിയായി എംപാനൽഡ് ലാബുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. വിദഗ്ദ്ധ കമ്മിറ്റി ലാബുകളിൽ സന്ദർശനം നടത്തി അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് എംപാനൽഡ് ലാബുകളെ തെരഞ്ഞെടുക്കുന്നത്. എംപാനൽഡ് ലാബുകളുടെ പരിശോധനാഫലം ക്വാളിറ്റി കൺട്രോൾ വിഭാഗം നിരന്തരം സൂക്ഷ്മ പരിശോധന നടത്തുകയും ചെയ്യാറുണ്ട്. ഓരോ വർഷവും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽനിന്നും 10 ശതമാനത്തിൽ കുറയാതെ സാമ്പിളുകൾ ശേഖരിച്ച ശേഷം (DDMS സോഫ്റ്റ്‌വെയർ ആട്ടോമാറ്റിക്കായി തെരഞ്ഞെടുക്കുന്നു). മരുന്നുകളുടെയും ഉത്പാദകരുടെയും പേരും മറ്റ് വിവരങ്ങളും മായ്ച്ച് ഡി.ഡി.എം.എസ്. സോഫ്റ്റ്‌വെയർ നൽകുന്ന സാമ്പിൾ കോഡ്/ലേബൽ പതിപ്പിക്കുകയും ഇങ്ങനെ ഡീ കോഡ് ചെയ്യുന്ന സാമ്പിളുകളാണ് എംപാനൽഡ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിലേയ്ക്ക് അയച്ച് ഗുണനിലവാര പരിശോധന നടത്തിക്കൊണ്ടിരിക്കുന്നത്. എംപാനൽഡ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളെ പരിശോധനയ്ക്കായി തെരഞ്ഞെടുക്കുന്നതും ഡി.ഡി.എം.എസ്. സോഫ്റ്റ്‌വെയർ പ്രകാരമാണ്. എംപാനൽഡ് ലാബുകളിലെ ഗുണനിലവാര പരിശോധനയിൽ പരാജയപ്പെടുന്ന മരുന്നുകളെ സ്ഥിരീകരണ പരിശോധനയ്ക്കായി സംസ്ഥാന സർക്കാരിന്റെ തിരുവനന്തപുരത്തുള്ള ഗുണനിലവാര പരിശോധനാ കേന്ദ്രത്തിലേക്ക് അയയ്ക്കുന്നു. പരിശോധനയിൽ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയാൽ ആ മരുന്നിന്റെ ഉപയോഗം (ഓൺലൈൻ സോഫ്റ്റ്‌വെയർ പ്രകാരം) നിർത്തലാക്കുകയും ചെയ്യുന്നു. ഗുണനിലവാരമുള്ളതായി കണ്ടെത്തിയാൽ പ്രസ്തുത മരുന്നിന് പുനരുപയോഗത്തിനുള്ള മോചനാനുമതി നൽകുന്നതാണ്.

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ ഏതെങ്കിലുമൊരു മരുന്നിനെക്കുറിച്ച് പരാതി ഉയർന്നാൽ പരാതിയുടെ നിജസ്ഥിതി മനസ്സിലാക്കിയശേഷം പ്രസ്തുത ബാച്ചിൽപ്പെട്ട മരുന്നിന്റെ ഉപയോഗം ഓൺലൈൻ സോഫ്റ്റ്‌വെയർ പ്രകാരം സംസ്ഥാന വ്യാപകമായി മരവിപ്പിക്കുകയും (Freeze Memo), പരാതി ലഭിച്ച സ്ഥാപനത്തിൽനിന്നും മരുന്ന് ശേഖരിച്ച് വിശദമായ ഗുണനിലവാര പരിശോധനയ്ക്കായി സംസ്ഥാന സർക്കാരിന്റെ തിരുവനന്തപുരത്തുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അയച്ച് ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. പരിശോധനയിൽ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയാൽ ആ മരുന്നിന്റെ ഉപയോഗം നിർത്തലാക്കുകയും ചെയ്യും. ഗുണനിലവാരമുള്ളതായി കണ്ടെത്തിയാൽ പ്രസ്തുത മരുന്നിന് പുനരുപയോഗത്തിനുള്ള മോചനാനുമതി നൽകുന്നതാണ്.

കൂടാതെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് സ്റ്റാറ്റ്യൂട്ടറി അനാലിസിസ് നടത്തുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് വിപണനം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്ക് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലായി മൂന്ന് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളാണുള്ളത്.

(സി) ഉണ്ട്.

(ഡി) സംസ്ഥാന വിപണിയിൽ ലഭ്യമായിട്ടുള്ള മരുന്നുകളുടെ ഗുണനിലവാര പരിശോധന, ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസ്, 1945-ൽ നിഷ്കർഷിക്കുന്ന രീതിയിൽ റാൻഡം സാംപ്ലിംഗിലൂടെയാണ് നടത്തുന്നത്. സ്വകാര്യ ആശുപത്രികളുടെ ഫാർമസികളിൽനിന്നും സാമ്പിളുകൾ ശേഖരിക്കുന്നുണ്ട്.

(ഇ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി വാങ്ങുന്ന എല്ലാ മെഡിക്കൽ ഉപകരണങ്ങളും സൂക്ഷ്മമായ ഗുണനിലവാര പരിശോധനയ്ക്ക് ശേഷമാണ് വാങ്ങുന്നത്. അതിനായി ദർഘാസ് രേഖകളിൽ ഓരോ ഉപകരണത്തിലും വേണ്ട വിശദമായ സ്പെസിഫിക്കേഷനുകൾ അതാത് യൂസർ ഡിപ്പാർട്ട്മെന്റിൽനിന്നോ പ്രസ്തുത ഉപകരണം ഉപയോഗിക്കുന്ന ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയോ ആരോഗ്യ വകുപ്പിലെയോ കീഴിലുള്ള ആശുപത്രികളിൽനിന്നുള്ള മുതിർന്ന ഉദ്യോഗസ്ഥരിൽനിന്നോ സ്വീകരിക്കുന്നതാണ്. കൂടാതെ ഓരോ ഉപകരണത്തിനും അന്താരാഷ്ട്ര ഗുണനിലവാര സർട്ടിഫിക്കറ്റുകളായ CE/BIS/FDA/ERTL (India) എന്നിവ നിഷ്കർഷിക്കാറുണ്ട്. ദർഘാസ് ക്ഷണച്ചതിനുശേഷം സമർപ്പിക്കപ്പെടുന്ന ഓരോ ദർഘാസ് ഓഫറുകളും വിദഗ്ദ്ധ സമിതി പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയശേഷം മാത്രമേ പ്രൈസ് ബിഡ് തുറക്കുകയും എൽ.1 ബിഡർക്ക് വിതരണ ഉത്തരവ് നൽകുകയും ചെയ്യാറുള്ളൂ. ലബോറട്ടറികളിൽ പരിശോധനകൾക്ക് ഉപയോഗിക്കുന്ന റീ ഏജന്റ് (Blood Diagnostics Kits & Reagents and Medical Devices)-ന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നതിലേയ്ക്കായി ദർഘാസിലെ അനുബന്ധത്തിൽ നിഷ്കർഷിച്ചിട്ടുള്ള എണ്ണം സാമ്പിളുകൾ, ബിഡർമാർ ദർഘാസ് വ്യവസ്ഥ പ്രകാരം നൽകേണ്ടതാണ്.

ഇപ്രകാരം നൽകുന്ന സാമ്പിളുകളിൽ ഓരോ ഐറ്റത്തിനും 4 ബ്ലയിൻഡ് സാമ്പിളുകളും 1 സെയിൽ പാക്കും അതോടൊപ്പം ഇൻ-ഹൗസ് ടെസ്റ്റ് റിപ്പോർട്ടും നൽകേണ്ടതാണ്.

ആരോഗ്യ വകുപ്പിൽനിന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽനിന്നും വിദഗ്ധരടങ്ങിയ ടെക്നിക്കൽ കമ്മിറ്റി ടി സാമ്പിളുകൾ വിലയിരുത്തുന്നതിനായി പ്രോട്ടോക്കോൾ തയ്യാറാക്കുന്നു. പ്രസ്തുത പ്രോട്ടോക്കോൾ കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് അംഗങ്ങൾ അംഗീകരിച്ചശേഷം ടി ഇനങ്ങളുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിലേയ്ക്കായി ബ്ലയിൻഡ് സാമ്പിളുകൾ കോഡ് ചെയ്ത് ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിച്ച വിവിധ ഗവൺമെന്റ് ആശുപത്രികളിലേയ്ക്ക് അയയ്ക്കുന്നു. ടി സാമ്പിളുകളുടെ പരിശോധന നടത്തിയശേഷം പരിശോധനാഫലം ടെക്നിക്കൽ കമ്മിറ്റി ചർച്ച ചെയ്ത് ഗുണനിലവാരമുള്ള സാമ്പിളുകൾ തെരഞ്ഞെടുക്കുന്നു.

മേൽപ്പറഞ്ഞ പ്രകാരം സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്ത സാമ്പിളുകളുടെ വിശദാംശങ്ങൾ സംസ്ഥാന ഡ്രഗ്സ് കൺട്രോളറും ഫാർമസി കോളേജിലെ ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റും (HOD) ഉൾപ്പെട്ട സബ് കമ്മിറ്റിയെ അറിയിക്കുകയും ടി കമ്മിറ്റിയുടെ അംഗീകാരം ലഭ്യമായശേഷം കോർപ്പറേഷന്റെ ബോർഡ് യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നു. മേൽപ്പറഞ്ഞ രീതിയിൽ സാമ്പിൾ വിലയിരുത്തി നടത്തി ഗുണനിലവാരം ഉറപ്പാക്കിയ ഇനങ്ങൾ മാത്രമാണ് ദർഘാസിൽ ഉൾപ്പെടുത്തുന്നത്. കൂടാതെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സംഭരിച്ച് വിതരണം ചെയ്യുന്ന ലബോറട്ടറികളിൽ പരിശോധനകൾക്ക് ഉപയോഗിക്കുന്ന റീ ഏജന്റുകൾക്ക് (Blood Diagnostics Kits & Reagents and medical devices), പരാതികൾ ഉയരുന്ന സാഹചര്യത്തിൽ ഗുണനിലവാര പരിശോധന നടത്തുന്നതിനായി സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ സഹായത്തോടുകൂടി നോയിഡയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോളജിക്കൽസിലും ഇതര സെൻട്രൽ ഡ്രഗ്സ് ലബോറട്ടറികളിലും അയയ്ക്കുന്നതിലേയ്ക്കായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

**കേരള പുനർ നിർമ്മാണ പരിപാടി**

26(*476) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. പി. കെ. ശശി:
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പുനർനിർമ്മാണ പരിപാടിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി നടത്തിയ വിദേശയാത്ര തല്പരകക്ഷികൾ പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ വിവാദമാക്കിയത് ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ബി) വിദേശ രാജ്യത്തിന്റെ സഹായം കേന്ദ്ര സർക്കാരിന്റെ അനുമതി കൂടാതെ വാങ്ങാൻ സാധിക്കുമോ എന്ന് വെളിപ്പെടുത്താമോ;

(സി) ദുരിതാശ്വാസ പ്രവർത്തനത്തിന് വിദേശസഹായം അങ്ങോട്ട് ആവശ്യപ്പെടാതെ തന്നെ വാഗ്ദാനം ചെയ്തിട്ടും അത് വാങ്ങാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയിരുന്നോ;

(ഡി) വിവിധ രാജ്യങ്ങളിലെ പ്രവാസി കേരളീയരിൽ നിന്നും ലോകബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സഹായം തേടാൻ മന്ത്രിമാരെ അയയ്ക്കാൻ കേരളം അനുമതി ആവശ്യപ്പെട്ടപ്പോൾ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തായിരുന്നു എന്നറിയിക്കാമോ;

(ഇ) ലോക ബാങ്കിൽ നിന്ന് എത്ര ധനസഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്; സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ഭാവനാപൂർണ്ണമായ പുനർനിർമ്മാണ പ്രക്രിയയെ ബോധപൂർവം വഴിമുടക്കുന്നവരുടെ നിലപാട് അതിജീവിച്ചുകൊണ്ട് പുനർനിർമ്മാണത്തിന്റെ കരട്ടുരേഖ അംഗീകരിച്ച് നിർവ്വഹണ ഘട്ടത്തിലേക്ക് നീങ്ങാൻ സാധ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) സദുദ്ദേശ്യത്തോടെ നടത്തിയ യാത്രകൾ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന വിധം വിവാദമാക്കിയത് ശ്രദ്ധയിൽപ്പെട്ടിരുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്. 2016-ലെ ദേശീയ ദുരന്ത നിവാരണ പദ്ധതി ഒൻപതാം അദ്ധ്യായം രണ്ടാം പാരഗ്രാഫ് അനുസരിച്ച് ഭാരത സർക്കാർ വിദേശ സഹായത്തിനുവേണ്ടി അഭ്യർത്ഥന നടത്തില്ലെന്നും സ്വമേധയാ ആരെങ്കിലും സഹായം വാഗ്ദാനം ചെയ്താൽ അതിന്മേൽ തീരുമാനമെടുക്കാനുള്ള അധികാരം ആഭ്യന്തര മന്ത്രാലയത്തിനും വിദേശ മന്ത്രാലയത്തിനും ആയിരിക്കുമെന്നും പ്രതിപാദിച്ചിരിക്കുന്നു.

(സി) സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെ തുടർന്ന് പുനരധിവാസ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിന് യു.എ.ഇ. അടക്കമുള്ള രാജ്യങ്ങൾ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. ആയത് സ്വീകരിക്കുന്നതിനായി കേന്ദ്ര സർക്കാർ അനുമതി നൽകിയിരുന്നില്ല.

(ഡി) വിവിധ രാജ്യങ്ങളിലേയ്ക്ക് വിവിധ മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും അടങ്ങുന്ന പ്രതിനിധി സംഘങ്ങളെ അയയ്ക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ അനുമതി തേടിയിരുന്നെങ്കിലും കേന്ദ്ര സർക്കാർ ബഹു. മുഖ്യമന്ത്രിക്കും നോർക്ക പ്രിൻസിപ്പൽ സെക്രട്ടറിക്കും മാത്രമേ യാത്രാനുമതി നൽകിയിരുന്നുള്ളൂ.

(ഇ) കേരള പുനർ നിർമ്മാണ പദ്ധതികൾക്കായി ലോക ബാങ്കിൽ നിന്ന് 5,137.34 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയ വായ്പ (DPL) സംബന്ധിച്ച ധാരണാപത്രം ഒപ്പിടുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വായ്പയുടെ ആദ്യ ഗഡു ലഭ്യമാക്കുന്നത് സംബന്ധിച്ച മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിവരുന്നു. പൊതുജനങ്ങളിൽനിന്നും വിഷയ വിദഗ്ധരിൽനിന്നും അഭിപ്രായ സ്വരൂപണം നടത്തി തയ്യാറാക്കിയ ആർ.കെ.ഡി.പി.-യുടെ അന്തിമ കരടിന് 22-05-2019-ന് മന്ത്രിസഭ അംഗീകാരം നൽകുകയുണ്ടായി. ആർ.കെ.ഡി.പി.-യുടെ അന്തിമ രൂപം പുറത്തിറക്കുകയും ചെയ്തു.

## പുരാവസ്തു വകുപ്പിന്റെ പ്രവർത്തന വിപുലീകരണം

27(*477) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീമതി യു. പ്രതിഭ:
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിന്റെ സമഗ്ര വികസനത്തിനും വകുപ്പിന്റെ പ്രവർത്തന നിലവാരം അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുന്നതിനുമായി മാർഗ്ഗരേഖകൾ സമർപ്പിക്കുന്നതിന് പഠനം നടത്താൻ സർക്കാർ/സർക്കാരിതര ഏജൻസികളെ ചുമതല ഏൽപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പുരാവസ്തു വകുപ്പിന്റെ സർവ്വ മേഖലകളിലും കാര്യക്ഷമതയും അറിവും വർദ്ധിപ്പിക്കുന്നതിനായി കാര്യശേഷി വികസന പരിപാടികളും അതിനുവേണ്ട പരിശീലന പരിപാടികളും ദേശീയ, അന്തർദേശീയ തലങ്ങളിൽ ആവിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇതിനായി ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത് എന്നറിയിക്കാമോ;

(ഡി) നിലവിലുള്ള സംരക്ഷിത സ്മാരകങ്ങൾക്ക് പുറമേ സംരക്ഷിത സ്മാരക പട്ടികയിൽ പുതുതായി ഇടം പിടിക്കുന്ന പൈതൃക നിർമ്മിതികൾ വിലയ്ക്കുവാങ്ങി വകുപ്പിന്റെ കീഴിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, (എ) പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി രൂപരേഖ തയ്യാറാക്കുന്നതിന് പരിഗണനാ വിഷയങ്ങൾ നിർണ്ണയിക്കുന്നതിനായി 16-8-2017-ലെ 506/2017/സാം.ക.വ.

നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള സമഗ്ര റിപ്പോർട്ട് വിദഗ്ദ്ധ സമിതി അംഗം കൂടിയായ ഡോ. പി. കെ. മൈക്കിൾ തരകന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്. പുരാവസ്തു വകുപ്പിന് കീഴിലുള്ള മ്യൂസിയങ്ങളുടെ കാലോചിതമായ പരിഷ്കാരം, വകുപ്പിലെ വിവിധ ഫാക്കൽറ്റികളുടെ ശാക്തീകരണം തുടങ്ങിയവ ലക്ഷ്യമിട്ടാണ് വിദഗ്ദ്ധ സമിതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. അതാത് വിഷയങ്ങളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും ഈ റിപ്പോർട്ടിൽ നിർദ്ദേശിക്കുന്നുണ്ട്. ജൂലൈ രണ്ടാം വാരത്തോടെ ഈ റിപ്പോർട്ട് സർക്കാരിന് ഔദ്യോഗികമായി സമർപ്പിക്കുന്നതാണെന്ന് പുരാവസ്തു വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങളെ കാലോചിതമായി പരിഷ്കരിക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയുള്ള നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. 2019 ജനവരി മാസം ന്യൂഡൽഹിയിലെ നാഷണൽ മ്യൂസിയം ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് ടെക്നിക്കൽ വിഭാഗം ജീവനക്കാർക്കുവേണ്ടി ഒന്നാം ഘട്ടമായി ദ്വൈവാര സമഗ്ര പരിശീലനം സംഘടിപ്പിക്കുകയുണ്ടായി. രണ്ടാംഘട്ട പരിശീലനം ഈ വർഷം കേരളത്തിൽ പൂർത്തിയാക്കുന്നതാണ്. മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്കുവേണ്ടിയുള്ള സമഗ്ര പരിശീലന പരിപാടി നടപ്പ് വർഷം സംഘടിപ്പിക്കുന്നതാണ്. ആയതിലേയ്ക്ക് സമർപ്പിച്ച പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കപ്പാസിറ്റി ബിൽഡിംഗ് പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ദേശീയ, അന്തർദേശീയ തലത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുരാവസ്തു വകുപ്പിലെ വനിതാ ജീവനക്കാരുടെ ശാക്തീകരണത്തിനും കാര്യശേഷി വികസനവുമായി ബന്ധപ്പെട്ടും 50 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷത്തെ പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട കർമ്മ പരിപാടികൾ ഈ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതാണ്.

(സി) ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയിലെ വിഷയ വിദഗ്ദ്ധരുടെ സേവനം വകുപ്പ് ആവശ്യമായ ഘട്ടങ്ങളിൽ തേടാറുണ്ട്. പരിശീലന പരിപാടികളിൽ ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയിലെ ഉദ്യോഗസ്ഥരുടെ സേവനം ലഭിച്ചിരുന്നു. കൺസർവേഷൻ പ്രവൃത്തികളിൽ ടി ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും വകുപ്പ് തേടിവരുന്നുണ്ട്. പുരാവസ്തു വകുപ്പിന്റെ ഉത്ഖനന പ്രവർത്തനങ്ങൾ ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ അനുമതിയോടുകൂടി മാത്രമേ നടപ്പിലാക്കുകയുള്ളൂ.

(ഡി) പൈതൃക നിർമ്മിതികൾ വിലയ്ക്ക് വാങ്ങുന്നത് ആ നിർമ്മിതിയുടെ സവിശേഷമായ പ്രത്യേകതകളും നിലവിലെ സാഹചര്യവും കണക്കിലെടുത്താണ്. ചരിത്ര പൗരാണിക മൂല്യമാണ് പ്രധാനമായും കണക്കാക്കുന്നത്. കലാപരവും വാസ്തുപരവുമായ സവിശേഷതകളും പ്രസ്തുത കെട്ടിടത്തിനുണ്ടായിരിക്കണം. വില നൽകി അത്തരം സ്മാരകങ്ങൾ ഏറ്റെടുക്കുന്നത് സർക്കാരിന്റെ നയപരമായ തീരുമാനത്തെയും സ്മാരകത്തിന്റെ പ്രാധാന്യത്തെയും ആശ്രയിച്ചാണിരിക്കുന്നത്. സ്മാരകം നിലനിൽക്കുന്ന പ്രദേശം ഉൾപ്പെടുന്ന ജില്ലയിലെ കളക്ടർ, റവന്യൂ ഉദ്യോഗസ്ഥർ എന്നിവർ സമർപ്പിക്കുന്ന വില നിർണ്ണയ റിപ്പോർട്ടും വകുപ്പിലെ ഉദ്യോഗസ്ഥർ സമർപ്പിക്കുന്ന നിർമ്മിതിയെപ്പറ്റിയുള്ള സമഗ്ര റിപ്പോർട്ടും പരിഗണിച്ചാണ് ഏറ്റെടുക്കൽ ജോലികൾ പൂർത്തിയാക്കുന്നത്. അതാതിടങ്ങളിലെ ചരിത്രപരവും പുരാവസ്തുപരവുമായ നിർമ്മിതികൾ തച്ചുതകർക്കപ്പെടാതി രിക്കുന്നതിനും ഉടമസ്ഥർക്ക് ന്യായമായ പ്രതിഫലം ലഭിക്കുമെന്ന അവസ്ഥ കൈവരുന്നതിനാലും ഇത്തരം ഏറ്റെടുക്കലുകളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ചങ്ങനാശ്ശേരിയിലെ കുമാരമംഗലത്ത് മന ഇത്തരത്തിൽ വകുപ്പ് വില നൽകി അടുത്തകാലത്ത് ഏറ്റെടുത്ത നിർമ്മിതിയാണ്.

### ഗ്യാസ് സിലിണ്ടറുകളുടെ സുരക്ഷാ പരിശോധന

28(*478) <u>ശ്രീമതി ഗീതാ ഗോപി:</u>
<u>ശ്രീ. ജി. എസ്. ജയലാൽ:</u>
<u>ശ്രീമതി ഇ. എസ്. ബിജിമോൾ:</u>
<u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചകവാതക വിതരണം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഗാർഹിക ആവശ്യത്തിനായി ലഭിക്കുന്ന ഗ്യാസ് സിലിണ്ടറുകൾ സുരക്ഷാ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ; വ്യക്തമാക്കാമോ;

(സി) പഴക്കമേറിയ സിലിണ്ടർ ഉപയോഗിക്കുന്നത് കാരണം ഗ്യാസ് ലീക്ക് ചെയ്ത് അപകടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം സിലിണ്ടറുകൾ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഇ) ഗ്യാസ് സിലിണ്ടർ വിതരണത്തിന് കൊണ്ടുവരുന്ന ജീവനക്കാർ

അധികതുക ആവശ്യപ്പെടുന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങളും വ്യവസ്ഥകളും അറിയിക്കുമോ;

(എഫ്) പാചക വാതക വിതരണം സംബന്ധിച്ച് ജനങ്ങൾക്കുള്ള ആക്ഷേപങ്ങളും പരാതികളും നല്കുന്നതിനും ആയത് പരിഹരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, (എ)നിലവിൽ ഓൺലൈൻ ബുക്കിംഗ് സീനിയോരിറ്റിയുടെ അടിസ്ഥാനത്തിലാണ് ഗ്യാസ് ഏജൻസികൾ സിലിണ്ടറുകൾ വിതരണം ചെയ്തുവരുന്നത്. സിലിണ്ടർ ബുക്ക് ചെയ്യുന്ന ഉപഭോക്താവിന് ബുക്കിംഗ് റഫറൻസ് നമ്പർ, സിലിണ്ടർ ലഭ്യമാകുന്ന തീയതി, ആയതിന്റെ വില എന്നിവ എസ്.എം.എസ്. അലേർട്ടായി ഏജൻസികൾ നൽകുന്നുണ്ട്. വിതരണം സുഗമവും കാര്യക്ഷമവും പരാതിരഹിതവും ആക്കുന്നതിനായി ഓയിൽ കമ്പനി ഉദ്യോഗസ്ഥരും വകുപ്പിലെ ഉദ്യോഗസ്ഥരും ഗ്യാസ് ഏജൻസികളിൽ പരിശോധനകൾ നടത്തുന്നുണ്ട്. മാത്രമല്ല, ഗ്യാസ് വിതരണവുമായി ബന്ധപ്പെട്ട് ഉപഭോക്താക്കളുടെ പരാതികൾ സ്വീകരിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികളും ജില്ലകളിൽ മൂന്ന് മാസത്തിലൊരിക്കൽ അതത് ജില്ലാ കളക്ടർമാർ, ഗ്യാസ് ഏജൻസികൾ, ഉപഭോക്തൃ സംഘടനാ പ്രതിനിധികൾ, ഓയിൽ കമ്പനി പ്രതിനിധികൾ, ഉപഭോക്താക്കൾ എന്നിവരുടെ ഓപ്പൺ ഫോറങ്ങളും അദാലത്തുകളും വിളിച്ചുചേർക്കുന്നുണ്ട്.

(ബി-ഡി) ഓയിൽ കമ്പനികളാണ് സംസ്ഥാനത്ത വിതരണം ചെയ്യുന്ന സിലിണ്ടറുകളുടെ സുരക്ഷ പരിശോധിച്ച് ഉറപ്പുവരുത്തുന്നത്. ഗാർഹികാവശ്യത്തിനായി ലഭിക്കുന്ന ഗ്യാസ് സിലിണ്ടറുകൾ ബോട്ടിലിംഗ് പ്ലാന്റുകളിൽ വച്ചുതന്നെ ഗ്യാസ് നിറയ്ക്കുന്നതിന് മുൻപും ഗ്യാസ് നിറച്ചതിനുശേഷവും വിശദമായ സുരക്ഷാ പരിശോധനയ്ക്ക് വിധേയമാക്കുകയും ഗ്യാസ് സിലിണ്ടർ റൂൾസ് പ്രകാരം നടത്തുന്ന പരിശോധനയിൽ യോഗ്യമെന്ന് കണ്ടെത്തുന്ന സിലിണ്ടർ മാത്രം ഉപയോഗിക്കുന്നതുവഴി പഴക്കമുള്ള സിലിണ്ടറുകൾ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. സിലിണ്ടറുകൾ ഉപയോഗിക്കുമ്പോൾ ഉപഭോക്താക്കൾ പാലിക്കേണ്ട സുരക്ഷാ ക്രമീകരണങ്ങളെക്കുറിച്ച് ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതിനുള്ള റെഗുലർ സേഫ്റ്റി ക്ലിനിക്കുകൾ അടക്കമുള്ള നടപടികൾ ഓയിൽ കമ്പനികൾ സ്വീകരിച്ചുവരുന്നുണ്ട്. പഴക്കമേറിയ സിലിണ്ടർ ഉപയോഗിക്കുന്നത് കാരണം ഗ്യാസ് ലീക്ക് ചെയ്ത് അപകടമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏജൻസികളുടെ ഷോറൂം ഓഫീസിൽ (ബില്ലിംഗ് പോയിന്റ് ഓഫീസ്) നിന്നും അഞ്ച് കിലോമീറ്റർ വരെയുള്ള ദൂരപരിധി ഫ്രീ സോണായി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ടി ഫ്രീ സോണിന് പുറത്തുള്ള മേഖലകളിൽ അതത് പ്രദേശത്തെ ഭൂപ്രകൃതിയുടെ പ്രത്യേകതകൾ കണക്കിലെടുത്ത് അതത് ജില്ലാ കളക്ടർമാർ വിതരണക്കൂലി നിശ്ചയിച്ച് നൽകുകയും ആയത് ഗ്യാസ് ഏജൻസികളിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നുണ്ട്. ടി തുക മാത്രമേ ഈടാക്കാവൂ എന്ന് ഗ്യാസ് ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകുകയും ആയത് പാലിക്കുന്നുണ്ടോയെന്ന് പരിശോധനകളിൽ ഉറപ്പ് വരുത്തുകയും ചെയ്യുന്നു. കൂടാതെ 18-6-2019-ൽ കൂടിയ യോഗത്തിൽ ഈ വിഷയത്തിൽ എണ്ണക്കമ്പനികളുടെ ഭാഗത്തുനിന്നും കൂടുതൽ ശക്തമായ നടപടികളും നിർദ്ദേശങ്ങളും ഉണ്ടാകണമെന്നും നിലവിൽ ഉപഭോക്താക്കളുടെ ഇത്തരത്തിലുള്ള പരാതികൾ പരിഹരിക്കാനുള്ള അദാലത്തുകളും ഓപ്പൺ ഫോറങ്ങളും കൃത്യമായി കൂടണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകാനും ജില്ലാ തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ മൂന്ന് മാസത്തിലൊരിക്കൽ സംസ്ഥാന തലത്തിൽ അവലോകനം ചെയ്യാനും തീരുമാനമായിട്ടുണ്ട്.

(എഫ്) ഉപഭോക്താക്കൾക്ക് ഗ്യാസ് ഏജൻസികളിൽ ലഭ്യമാകുന്ന പരാതി പുസ്തകത്തിൽ നേരിട്ട് പരാതി രേഖപ്പെടുത്താവുന്നതാണ്. ഇതിനുപുറമേ ഓയിൽ കമ്പനി സെയിൽസ് മാനേജർ, ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർ, ജില്ലാ സപ്ലൈ ഓഫീസർ എന്നിവർക്കും കൂടാതെ മൂന്ന് മാസത്തിലൊരിക്കൽ കളക്ടേറ്റിൽ വച്ച് നടക്കുന്ന ഓപ്പൺ ഫോറത്തിലും പരാതികൾ നൽകാവുന്നതാണ്. ഇപ്രകാരം വകുപ്പിൽ ലഭ്യമാകുന്ന പരാതികളിൽ വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ അടിയന്തരമായി അന്വേഷണം നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ജില്ലാതലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ മൂന്ന് മാസത്തിലൊരിക്കൽ സംസ്ഥാന തലത്തിൽ അവലോകനം ചെയ്യാനും തീരുമാനമായിട്ടുണ്ട്.

**മരുന്ന് വിതരണത്തിലെ പ്രതിസന്ധി**

29(*479) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിലേക്കുള്ള മരുന്ന് വിതരണം പ്രതിസന്ധിയിലായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്താണ്;

(ബി) സ്റ്റെന്റ് വിതരണ കമ്പനികൾക്ക് കുടിശ്ശിക തുക നൽകുവാനുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) അടിയന്തരമായി കുടിശ്ശിക തുക നൽകി പാവപ്പെട്ട രോഗികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, (എ) ഇല്ല. നടപ്പ് സാമ്പത്തിക വർഷം (2019-20) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽനിന്നും സ്പെഷ്യാലിറ്റി മരുന്നുകൾ ഉൾപ്പെടെ 158.374 കോടി രൂപയുള്ള ഇൻഡന്റാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് ലഭിച്ചിട്ടുള്ളത്. ഇൻഡന്റിന് ആനുപാതികമായുള്ള മരുന്നുകൾ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും വിതരണം നടത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം മെഡിക്കൽ കോളേജ് | - | 22,00,00,000 |
| ആലപ്പുഴ മെഡിക്കൽ കോളേജ് | - | 6,45,81,069 |
| കോട്ടയം മെഡിക്കൽ കോളേജ് | - | 6,04,22,370 |
| തൃശ്ശൂർ മെഡിക്കൽ കോളേജ് | - | 1,13,40,000 |
| കോഴിക്കോട് മെഡിക്കൽ കോളേജ് | - | 12,10,95,274 |
| ആകെ | | 47,74,38,713 |

(സി) ഇൻഷ്വറൻസ് കമ്പനികളിൽനിന്നും (സ്കീമുകളിൽനിന്ന്) തുക ലഭിക്കുന്ന മുറയ്ക്ക് കുടിശ്ശിക കൊടുത്തുതീർക്കുന്നതാണ്.

## സ്കൂളുകളിലെ ഉച്ചഭക്ഷണത്തിനായുള്ള ഭക്ഷ്യധാന്യ വിതരണം

30(*480) ശ്രീ. പി. ഉണ്ണി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ സ്കൂളുകളിൽ ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കി വരുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി കേന്ദ്രസർക്കാർ എന്തെല്ലാം ധനസഹായമാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയ്ക്കായി ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും ഇതിനായി എന്തെല്ലാം ഭക്ഷ്യധാന്യങ്ങളാണ് നൽകി വരുന്നതെന്നും അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, (എ) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായി സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) റെക്കറിംഗ്/നോൺ-റെക്കറിംഗ് വിഭാഗങ്ങളിലായാണ് സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് കേന്ദ്ര സർക്കാർ ധനസഹായം നൽകുന്നത്. റെക്കറിംഗ് വിഭാഗത്തിൽ ഭക്ഷ്യ ധാന്യത്തിന്റെ വിലയുടെ മുഴുവൻ തുകയും (കിലോഗ്രാമിന് 3 രൂപ നിരക്കിൽ) പൂർണ്ണമായും കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകുന്നു. പാചകച്ചെലവിന്റെയും ഉച്ചഭക്ഷണ പാചകത്തൊഴിലാളികൾക്കുള്ള ഓണറേറിയത്തിന്റെയും 60 ശതമാനവും (പാചകച്ചെ ലവിനത്തിൽ പ്രൈമറി വിദ്യാർത്ഥികൾക്ക് പ്രതിദിനം 4 രൂപ 35 പൈസ, അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്ക് 6 രൂപ 51 പൈസ എന്നീ നിരക്കുകളിലും പാചകത്തൊഴിലാളികളുടെ പ്രതിമാസ ഓണറേറിയമായ 1,000 രൂപയുടെ 60% എന്ന നിരക്കിലും) ഭക്ഷ്യധാന്യത്തിന്റെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഇനത്തിൽ മെട്രിക് ടണ്ണിന് 750 രൂപയും കേന്ദ്ര സർക്കാർ വഹിക്കുന്നു. ഇതിനുപുറമേ, മേൽപ്പറഞ്ഞ കാര്യങ്ങൾക്കുള്ള തുകയും 1.8% മാനേജ്മെന്റ് മോണിറ്ററിംഗ് & ഇവാല്വേഷൻ പ്രവർത്തനങ്ങൾക്കായും കേന്ദ്ര സർക്കാർ അനുവദിക്കുന്നു. നോൺ-റെക്കറിംഗ് വിഭാഗത്തിൽ കിച്ചൺ-കം-സ്റ്റോർ റൂമിന്റെ നിർമ്മാണത്തിന് സ്കൂളുകൾക്ക് അനുവദിക്കുന്ന തുകയും 60%-വും പുതിയ പാചകോപകരണങ്ങൾ വാങ്ങുന്നതിനും പഴയത് മാറ്റി പുതിയത് വാങ്ങുന്നതിനുള്ള ചെലവിന്റെ 60%-വും പാചകപ്പുര-കം-സ്റ്റോർ മുറിയുടെ അറ്റകുറ്റപ്പണികളുടെ (കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച, പത്ത് വർഷത്തിന്മേൽ പഴക്കമുള്ള പാചകപ്പുരകളുടെ അറ്റകുറ്റപ്പണികൾക്കാവശ്യമായ 10,000 രൂപയുടെ 60%) 60%-വും കേന്ദ്രം വഹിക്കുന്നു.

(സി) ഈ പദ്ധതിക്കായി അനുവദിച്ചിട്ടുള്ളത് ധാന്യം, അരി, പയർ വർഗ്ഗങ്ങൾ എന്നിവയാണ്. ഫുഡ് കോർപ്പറേഷൻ ഓഫ് (എഫ്.സി,ഐ) ഇന്ത്യയുടെ ഡിപ്പോകളിൽനിന്നും അരി ലിഫ്റ്റ് ചെയ്യാൻ സർക്കാർ സപ്ലൈകോയെ ചുമതലപ്പെടുത്തിയിരിക്കുന്നു. അങ്ങനെ ലിഫ്റ്റ് ചെയ്ത അരി സപ്ലൈകോയുടെ വിവിധ ഔട്ട്ലെറ്റുകൾ മുഖാന്തരം സ്കൂളുകളിൽ കുട്ടികൾക്കായി വിതരണം ചെയ്തുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### റീ ബിൽഡ് കേരള പദ്ധതിയിൽ ജർമ്മൻ സഹായം

1(T*4942) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള പദ്ധതിയിൽ ജർമൻ സർക്കാരിന്റെ സഹായത്തോടെ റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ഏതെങ്കിലും റോഡ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ & ബി) കേരള പുനർ നിർമ്മാണ പരിപാടിയുടെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് KSTP മുഖേന പുനർനിർമ്മിക്കേണ്ട റോഡുകൾ തെരഞ്ഞെടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഇതിൽ ഏകദേശം 450 കി.മീ. റോഡ് ജർമ്മൻ വികസന ബാങ്കായ KfW-ന്റെ സഹായത്തോടെ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. റോഡുകളുടെ മുൻഗണനാക്രമം പൂർത്തിയായാൽ മാത്രമേ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

### വിവിധ വകുപ്പുകൾ വാങ്ങിയ വാഹനങ്ങളുടെ കണക്ക്

2(4943) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് 15 മുതൽ 2019 മാർച്ച് 31 വരെയുള്ള കാലയളവിൽ വിവിധ വകുപ്പുകൾ എത്ര വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്;

(ബി) അതിൽ 15 ലക്ഷം രൂപയിലധികം വില വരുന്ന കാറുകൾ എത്രയെണ്ണമുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

---

* "T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## അഴിമതി ഇല്ലാതാക്കുന്നതിന് നടപടി

3(4944) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭരണതലത്തിലും ഉദ്യോഗസ്ഥ തലത്തിലുമുള്ള അഴിമതി ഇല്ലാതാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പൊതുപ്രവർത്തകരുടെയും ഉദ്യോഗസ്ഥരുടെയും സ്വത്ത് വിവരങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും പൊതുപ്രവർത്തകരും ഉദ്യോഗസ്ഥരും അനധികൃതമായി സ്വത്ത് സമ്പാദിച്ചിട്ടുണ്ടെങ്കിൽ അതിനെതിരെ സ്വീകരിക്കുന്ന നടപടികളും വ്യക്തമാക്കുമോ;

(സി) പൊതുപ്രവർത്തകർക്കും മുതിർന്ന ഉദ്യോഗസ്ഥർക്കും വിദേശ രാജ്യങ്ങളിലും ഇതര സംസ്ഥാനങ്ങളിലുമുള്ള സ്വത്തുക്കളും മറ്റ് ആസ്തികളും സംബന്ധിച്ച വിവരങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) അത് സംബന്ധിച്ച വിവരങ്ങൾ പൊതുജനമദ്ധ്യത്തിൽ എത്തിക്കുന്നവർക്ക് ആവശ്യമായ സംരക്ഷണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) വിജിലൻസിനെ പൂർണ്ണമായും ഫലപ്രദവും കാര്യക്ഷമവുമായ സ്വതന്ത്ര അന്വേഷണ ഏജൻസിയാക്കി മാറ്റുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ?

### ഉത്തരം

(എ) ഭരണതലത്തിൽ അഴിമതി പൂർണ്ണമായും ഇല്ലാതാക്കുന്നതിനായി അഴിമതി നിരോധന നിയമം 1988 അനുസരിച്ച് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/സത്വരാന്വേഷണം/ പ്രാഥമികാന്വേഷണം/മിന്നൽ പരിശോധന എന്നിവ നടത്തുകയും തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും മറ്റുള്ളവയിൽ വകുപ്പുതല നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ എൻക്വയറികളിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ 536 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ

പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിലും സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തി ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. അഴിമതി തടയുന്നതിനുവേണ്ടി പല വകുപ്പുകളിലും ഇന്റേണൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കൂടുതൽ വേഗത്തിലാക്കുന്നതിന്റെ ഭാഗമായി ഇ-ഗവേണൻസ് സംവിധാനം ഉപയോഗിച്ച് വെബ് അധിഷ്ഠിതമായ ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസ്സിംഗ് സിസ്റ്റം (IAPS) ആരംഭിച്ചിട്ടുണ്ട്.

കൂടാതെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനും അഴിമതി നിരോധന ബ്യൂറോയെ ശക്തിപ്പെടുത്തുന്നതിനുമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി തെളിവുകൾ സ്വീകരിക്കുന്നതിനും കേസ് അന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്.

2. വിജിലൻസ് യൂണിറ്റുകൾ തമ്മിലും വിജിലൻസ് ആസ്ഥാനവുമായും വാർത്താവിനിമയത്തിനായി പോലീസ് വകുപ്പിൽ ഉപയോഗിച്ചുവരുന്ന CoB (Communication Back Bone) സംവിധാനം ആരംഭിച്ചിട്ടുണ്ട്.

3. ഉദ്യോഗസ്ഥർ തമ്മിലുള്ള ആശയവിനിമയം വേഗത്തിലാക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ഓഫീസുകളിൽ വീഡിയോ കോൺഫറൻസിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്.

4. അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അന്വേഷണ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി 21 വാഹനങ്ങളും 7 ഡിജിറ്റൽ ക്യാമറകളും രഹസ്യ നിരീക്ഷണത്തിനുള്ള സാങ്കേതിക ഉപകരണങ്ങളും 201 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. കൂടാതെ 109 പ്രിന്റർ, 16 ഫോട്ടോകോപ്പി മെഷീൻ, 44 ഹൈസ്പീഡ് സ്കാനർ എന്നിവയും വാങ്ങിയിട്ടുണ്ട്.

5. വിജിലൻസ് അന്വേഷണം സംബന്ധിച്ച വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനായി വിജിലൻസ് അന്വേഷണം/കേസുകൾ എന്നിവ ഉൾക്കൊള്ളുന്ന ഡാറ്റാ ബാങ്കായ വിജിലൻസ് സ്യൂട്ട് കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ട്.

6. അഴിമതിമുക്ത കേരളം സാക്ഷാൽക്കരിക്കുന്നതിനും അഴിമതി കുറച്ചുകൊണ്ടുവരുന്നതിനുമായി ദൃശ്യമാധ്യമങ്ങൾ വഴിയും എഫ്.എം. ചാനൽ വഴിയും വിവിധ തരത്തിലുള്ള ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്.

7. അഴിമതിക്കെതിരായ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് വേഗത്തിൽ പരാതികൾ ലഭ്യമാക്കുന്നതിനായി 1064 എന്ന ടോൾ ഫ്രീ നമ്പരും 9447789100 എന്ന നമ്പരിൽ വാട്ട്സ് ആപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2017-ൽ വിജിലൻസ് വെബ് സൈറ്റ് നവീകരിക്കുകയും വെബ് സൈറ്റിലൂടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഇ-പെറ്റീഷൻ (www.publicvig. in) എന്ന സംവിധാനം ഏർപ്പെടുത്തുകയും പരാതികൾ ഡിജിറ്റലൈസ് ചെയ്ത് IAPS (Internal Administrative Processing System) മുഖേന വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ യൂണിറ്റ് ഓഫീസുകളിലേയ്ക്ക് വേഗത്തിൽ കൈമാറുകയും നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

8. ഒരു കോടിയിലധികം രൂപയുടെ അഴിമതി വെളിച്ചത്ത് കൊണ്ടുവരുന്നവർക്കുവേണ്ടി വാർഷിക അവാർഡ് അഞ്ചുലക്ഷം രൂപ സർക്കാർ ഉത്തരവ് പ്രകാരം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി-ഡി) പൊതുപ്രവർത്തകരും ഉദ്യോഗസ്ഥരും അനധികൃതമായി സ്വത്ത് സമ്പാദിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രമാക്കി 3 സ്പെഷ്യൽ സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഓഫീസുകളിൽ ഉദ്യോഗസ്ഥന്മാരെയും മറ്റ് പൊതുപ്രവർത്തകരെയും സംബന്ധിക്കുന്ന സ്വത്ത് സമ്പാദ്യ വിഷയത്തിൽ രഹസ്യാന്വേഷണങ്ങൾ നടത്തുകയും തെളിവുകളുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ഇ) സർക്കാർ പരിശോധിച്ചുവരുന്നു.

### ഭരണരംഗം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് നടപടി

4(4945) <u>ശ്രീ. ജെയിംസ് മാത്യു:</u>
<u>ശ്രീ. പുരുഷൻ കടലുണ്ടി:</u>
<u>ശ്രീ. രാജു എബ്രഹാം:</u>
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണരംഗം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന സിവിൽ സർവ്വീസ് അഴിമതി രഹിതമാക്കുന്നതിനും സർക്കാർ ഓഫീസുകളിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും എന്തെല്ലാം കർശന നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഭരണനിർവ്വഹണം ലളിതവും സുതാര്യവുമാക്കുന്നതിന് വിവരസാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) എല്ലാ വകുപ്പുകളിലും ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവ ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് അനായാസമായി ലഭ്യമാക്കുന്നതിന് കൂടുതൽ ജനസേവനകേന്ദ്രങ്ങൾ ആരംഭിക്കുമോ;

(എഫ്) സംസ്ഥാനത്ത് സീറോ ടോളറൻസ് കറപ്ഷൻ എന്നത് പൂർണ്ണമായി പ്രാവർത്തികമാക്കുന്നതിനായി എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കാൻ സാധിക്കുന്നതെന്ന് പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പരിഷ്കരിച്ച സംസ്ഥാന പരിശീലന നയപ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG) മുഖേന പരിശീലനം നൽകിവരുന്നു.

സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ 1-1-2018 മുതൽ ഗവ. സെക്രട്ടേറിയറ്റിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കിയത് കൂടാതെ സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവയിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. എല്ലാ വകുപ്പുകളിലും 6 മാസത്തിനകവും സിവിൽ സ്റ്റേഷനുകളിൽ 3 മാസത്തിനകവും സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പാക്കാൻ 6-5-2019-ലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

സിവിൽ സർവ്വീസ് ശക്തമാക്കുന്നതിനായി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നതിനുള്ള ചട്ടങ്ങൾ വിജ്ഞാപനം ചെയ്തു. പ്രസ്തുത ചട്ടങ്ങളിൽ വരുത്തേണ്ട ചില ഭേദഗതികൾ സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാന സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും കൂടുതൽ

ജനോപകാരപ്രദമായ മാറ്റങ്ങൾ ആവിഷ്കരിക്കുന്നതിനും സിവിൽ സർവ്വീസ് ആധുനികവൽക്കരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് രൂപീകരിച്ച നാലാം ഭരണ പരിഷ്കാര കമ്മീഷന്റെ റിപ്പോർട്ടുകൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സംസ്ഥാന സിവിൽ സർവ്വീസ് അഴിമതിരഹിതമാക്കുന്നതിന് അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/ സത്വരാന്വേഷണം/പ്രാഥമികാന്വേഷണം/മിന്നൽ പരിശോധന എന്നിവ നടത്തുകയും തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സസ്പെൻഷൻ/മറ്റ് വകുപ്പുതല നടപടികൾ ആവശ്യമായവയിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ സർക്കാരിലേയ്ക്ക് ശിപാർശ നൽകുകയും ചെയ്യുന്നു. കൂടാതെ പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിലും സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തി ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. അഴിമതി തടയുന്നതിനുവേണ്ടി മറ്റ് വകുപ്പുകളിലെ ഇന്റേണൽ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ ഓഫീസുകളിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി മിക്ക വകുപ്പുകളിലും ഫയൽ നീക്കം ഇലക്ട്രോണിക് മാധ്യമത്തിലൂടെ ആക്കിയിട്ടുണ്ട്. ഈ സംവിധാനത്തിൽ പൊതുജനങ്ങൾക്ക് അവർ സമർപ്പിച്ചിരിക്കുന്ന അപേക്ഷകൾ സംബന്ധിച്ച വിവരം യഥാസമയം മനസ്സിലാക്കാൻ സാധിക്കുന്നു.

(സി) ഭരണ നിർവ്വഹണ രംഗത്ത് ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി വിവിധ സർക്കാർ സേവനങ്ങൾ യഥാസമയം ജനങ്ങളിലെത്തിക്കാനും ഭരണനിർവ്വഹണം ലളിതവും സുതാര്യവുമാക്കാനും സാധിക്കുന്നുണ്ട്. സർക്കാർ സേവനങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനുള്ള അക്ഷയ കേന്ദ്രങ്ങൾ, ജനസേവന കേന്ദ്രങ്ങൾ എന്നിവ മികച്ച പൗരസേവന കേന്ദ്രങ്ങളായി ഇതിനോടകംതന്നെ മാറിയിട്ടുണ്ട്. സർക്കാർ ഓഫീസുകൾ കടലാസ് രഹിതമാക്കുന്നതിനും ഇ-ഓഫീസ് സംവിധാനം സഹായകമാകുന്നു. സേവനങ്ങൾ സമയബന്ധിതമായും അഴിമതിരഹിതമായും ജനങ്ങളിലെത്തിക്കുന്നതിനായി ഇ-ഡിസ്ട്രിക്ട്, ഇ-ഓഫീസ്, ഫ്രണ്ട്സ് ജനസേവനകേന്ദ്രം, സർക്കാർ കോൾ സെന്റർ, സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് (എസ്.എസ്.ഡി.ജി.), മൊബൈൽ ഗവേണൻസ് മുതലായ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ഡി) എല്ലാ വകുപ്പുകളിലും ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇ-ഡിസ്ട്രിക്ട്, ഇ-ഓഫീസ്, എസ്.എസ്.ഡി.ജി. തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

ജില്ലാതലത്തിലുള്ള സർക്കാർ സേവനങ്ങൾ വളരെ ലളിതമായി ഓൺലൈൻ വഴി പൊതുജനങ്ങൾക്ക് എത്തിക്കുകയെന്നതാണ് ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ ലക്ഷ്യം. നാഷണൽ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകൾ നൽകുന്ന എല്ലാ സേവനങ്ങളും ഒരു പോർട്ടലിൽക്കൂടി ലഭ്യമാക്കുക എന്ന ആശയം മുൻനിർത്തിയാണ് സ്റ്റേറ്റ് സർവ്വീസസ് ഡെലിവറി ഗേറ്റ് വേ (എസ്.എസ്.ഡി.ജി.) എന്ന പദ്ധതി വികസിപ്പിച്ചെടുത്തിട്ടുള്ളത്. പൊതുവായ സേവന ലഭ്യതാ സംവിധാനത്തിലൂടെ കാര്യക്ഷമത, സുതാര്യത, വിശ്വാസ്യത എന്നിവ ഉറപ്പുവരുത്താൻ കഴിയുന്നു. വിവിധ വകുപ്പുകളുടെ 58 ഓളം സേവനങ്ങൾ നിലവിൽ എസ്.എസ്.ഡി.ജി. പോർട്ടൽ മുഖേന നൽകിവരുന്നുണ്ട്. കൂടാതെ അക്ഷയ കേന്ദ്രങ്ങൾ, ജനസേവന കേന്ദ്രങ്ങൾ എന്നിവ മുഖേന വിവിധ സർക്കാർ സേവനങ്ങൾ സമയബന്ധിതമായി ജനങ്ങളിലെത്തിക്കാനും കഴിയുന്നുണ്ട്.

സംസ്ഥാനത്ത് മികച്ച മൊബൈൽ വ്യാപനം കണക്കിലെടുത്ത് മൊബൈൽ ഗവേണൻസ് പദ്ധതിയുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സേവനങ്ങൾ അനായാസമായി ഒരു മൊബൈൽ ഫോണിലൂടെ ഏത് സമയത്തും ജനങ്ങൾക്ക് ലഭ്യമാക്കുന്ന എം-കേരളം മൊബൈൽ ആപ്ലിക്കേഷൻ നിലവിൽ വന്നിട്ടുണ്ട്. എസ്.എസ്.ഡി.ജി. പോർട്ടലിലും എം-കേരളം ആപ്പിലും ഇ-ഡിസ്ട്രിക്ടിലും കൂടുതൽ സേവനങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) സംസ്ഥാന സർക്കാർ അനുവദിക്കുന്നതും സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതുമായ ജനസേവന കേന്ദ്രങ്ങളാണ് അക്ഷയ കേന്ദ്രങ്ങൾ. ഒരു ലൊക്കേഷനിൽ അക്ഷയ കേന്ദ്രം ആവശ്യമാണെന്ന് കാണിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം പാസ്സാക്കുന്ന പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ ശിപാർശ സഹിതം അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ പരിഗണിച്ച് ആവശ്യമായ എണ്ണം അക്ഷയ കേന്ദ്രങ്ങൾ സർക്കാർ അനുവദിച്ചുവരുന്നുണ്ട്.

(എഫ്) സംസ്ഥാനത്ത് സീറോ ടോളറൻസ് കറപ്ഷൻ എന്നത് പൂർണ്ണമായി പ്രാവർത്തികമാക്കുന്നതിനും ഭരണതലത്തിൽ അഴിമതി പൂർണ്ണമായും

ഇല്ലാതാക്കുന്നതിനുമായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കൂടുതൽ വേഗത്തിലാക്കുന്നതിന്റെ ഭാഗമായി ഇ-ഗവേണൻസ് സംവിധാനം ഉപയോഗിച്ച് വെബ് അധിഷ്ഠിതമായ ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസ്സിംഗ് സിസ്റ്റം (IAPS) ആരംഭിച്ചിട്ടുണ്ട്. കൂടാതെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനും അഴിമതി നിരോധന ബ്യൂറോയെ ശക്തിപ്പെടുത്തുന്നതിനുമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി ഡിജിറ്റൽ തെളിവുകൾ സ്വീകരിക്കുന്നതിനും കേസ് അന്വേഷണം കൂടുതൽ കാര്യക്ഷമ മാക്കുന്നതിനുമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്.

2. വിജിലൻസ് യൂണിറ്റുകൾ തമ്മിലും വിജിലൻസ് ആസ്ഥാനവുമായും വാർത്താവിനിമയത്തിനായി പോലീസ് വകുപ്പിൽ ഉപയോഗിച്ചുവരുന്ന CoB (Communication Back Bone) സംവിധാനം ആരംഭിച്ചിട്ടുണ്ട്.

3. ഉദ്യോഗസ്ഥർ തമ്മിലുള്ള ആശയവിനിമയം വേഗത്തിലാക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ഓഫീസുകളിൽ വീഡിയോ കോൺഫറൻസിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്.

4. അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അന്വേഷണ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി 21 വാഹനങ്ങളും 7 ഡിജിറ്റൽ ക്യാമറകളും രഹസ്യ നിരീക്ഷണത്തിനുള്ള സാങ്കേതിക ഉപകരണങ്ങളും 201 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. കൂടാതെ 109 പ്രിന്റർ, 16 ഫോട്ടോകോപ്പി മെഷീൻ, 44 ഹൈസ്പീഡ് സ്കാനർ എന്നിവയും വാങ്ങിയിട്ടുണ്ട്.

5. വിജിലൻസ് അന്വേഷണം സംബന്ധിച്ച വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനായി വിജിലൻസ് അന്വേഷണം/കേസുകൾ എന്നിവ ഉൾക്കൊള്ളുന്ന ഡേറ്റാ ബാങ്കായ വിജിലൻസ് സ്യൂട്ട് കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ട്.

6. അഴിമതിക്കെതിരായ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് വേഗത്തിൽ പരാതികൾ ലഭ്യമാക്കുന്നതിനായി 1064 എന്ന ടോൾ ഫ്രീ

നമ്പരും 9447789100 എന്ന നമ്പരിൽ വാട്സ് ആപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2017-ൽ വിജിലൻസ് വെബ്സൈറ്റ് നവീകരിക്കുകയും വെബ്സൈറ്റിലൂടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഇ-പെറ്റീഷൻ(www.publicvig.in)എന്ന സംവിധാനം ഏർപ്പെടുത്തുകയും പരാതികൾ ഡിജിറ്റലൈസ് ചെയ്ത് IAPS (Internal Administrative Processing System) മുഖേന വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ യൂണിറ്റ് ഓഫീസുകളിലേയ്ക്ക് വേഗത്തിൽ കൈമാറുകയും നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

7. ഒരു കോടിയിലധികം രൂപയുടെ അഴിമതി വെളിച്ചത്ത് കൊണ്ടുവരുന്നവർക്കുവേണ്ടി വാർഷിക അവാർഡ് അഞ്ചുലക്ഷം രൂപ ഏർപ്പെടുത്തിയിട്ടുണ്ട്.

## വകുപ്പുകളിലെ രേഖകളുടെ പകർപ്പിന് ഈടാക്കുന്ന ഫീസ്

5(4946) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകൾ നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് വിവരാവകാശ നിയമപ്രകാരമല്ലാതെ നൽകേണ്ട രേഖകളുടെ പകർപ്പ് നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ളത് പലപ്പോഴും ഉയർന്ന നിരക്കിലുള്ള ഫീസാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ രേഖകൾ ലഭിയ്ക്കുന്നതിനേക്കാൾ കുറഞ്ഞ നിരക്കിൽ വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ചാൽ രേഖകൾ ലഭിയ്ക്കുന്ന സ്ഥിതിവിശേഷം നിലവിലുള്ളതുകാരണം അപേക്ഷകർ പലപ്പോഴും ഇത്തരം രേഖകൾ ലഭിയ്ക്കുന്നതിന് വിവരാവകാശ നിയമത്തെ ആശ്രയിക്കേണ്ടി വരാറുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിവരാവകാശ നിയമപ്രകാരമുള്ള ഇത്തരം അപേക്ഷകൾ വർദ്ധിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് വിവിധ വകുപ്പുകൾ നിശ്ചിത ഫീസ് നിർണ്ണയിച്ച് നൽകുന്ന രേഖകളുടെ പകർപ്പിന് ഈടാക്കുന്ന ഫീസ്, വിവരാവകാശ നിയമത്തിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിന് ആനുപാതികമാക്കുന്ന കാര്യം പരിഗണിയ്ക്കുമോ?

ഉത്തരം

(എ &ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## സർക്കാർ വാഹനങ്ങളിൽ മലയാളത്തിലുള്ള ബോർഡുകൾ

6(4947) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ വാഹനങ്ങളിലെ ബോർഡുകൾ മലയാളത്തിൽ ആക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഏതെല്ലാം വകുപ്പുകളിൽ വാഹന ബോർഡുകൾ മലയാളത്തിൽ ആക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ബോർഡുകളിലെ എഴുത്ത് മലയാളത്തിൽ ആക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) 14-3-2017-ലെ സ.ഉ. (അച്ചടി) നമ്പർ 4/2017/ഉ.ഭ.പ.വ. പ്രകാരം കേരളത്തിലെ സർക്കാർ/അർദ്ധ സർക്കാർ/സ്വയംഭരണ/സഹകരണ/പൊതുമേഖല/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ബോർഡുകൾ മുൻവശത്ത് മലയാളത്തിലും പിൻവശത്ത് ഇംഗ്ലീഷിലും ഒരേ വലിപ്പത്തിൽ എഴുതി പ്രദർശിപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വാഹനങ്ങളുടെ ബോർഡുകൾ മുൻവശത്ത് മലയാളത്തിലും പിൻവശത്ത് ഇംഗ്ലീഷിലും ഒരേ വലുപ്പത്തിൽ എഴുതി പ്രദർശിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് മേൽ പ്രസ്താവിച്ച ഉത്തരവുപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

## സർക്കാർ ഓഫീസുകളിലെ സൗകര്യങ്ങൾ

7(4949) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾ കൂടുതലായി എത്തുന്ന സർക്കാർ ഓഫീസുകളിൽ അവർക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതിനായി എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പൊതുജനങ്ങൾ എത്തുന്ന ഓഫീസുകളിൽ ശൗചാലയം ശുചിയാക്കുന്നതിന് ജീവനക്കാരില്ലാത്ത സ്ഥലങ്ങളിൽ ഇക്കാര്യത്തിനായി കുടുംബശ്രീയെ ചുമതലപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## നവകേരള സൃഷ്ടിക്കായി ആവിഷ്കരിച്ച പദ്ധതികൾ

8(4950) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിന് മുമ്പ് ഉണ്ടായിരുന്ന കേരളമല്ല ഒരു പുതിയ കേരളമാണ് സൃഷ്ടിക്കുക എന്നതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) സംസ്ഥാനത്ത് ഉണ്ടായ പ്രളയത്തിൽ ജനങ്ങളുടെ സ്വത്തിനുണ്ടായ നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കൂടുതൽ കേന്ദ്ര വിഹിതം അനുവദിപ്പിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിന് സാധിച്ചിട്ടുണ്ടോ;

(ഡി) ഹൈക്കോടതി നിയോഗിച്ച അമിക്കസ് ക്യൂറി പ്രളയം മനുഷ്യ നിർമ്മിതമാണെന്ന് കണ്ടെത്തി ഹൈക്കോടതിയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇത് പ്രളയത്തിന് അടിസ്ഥാനമായ കാരണം സംബന്ധിച്ച സർക്കാരിന്റെ കണ്ടെത്തലുകൾക്ക് ഘടകവിരുദ്ധമായത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) പ്രളയത്തെ ധീരമായി അഭിമുഖീകരിച്ചതിനുശേഷം അടിയന്തര രക്ഷാപ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകിയ സർക്കാർ തുടർന്ന് ഈ ദുരന്തത്തെ ഒരു വെല്ലുവിളിയായിക്കണ്ട് ഒരു നവകേരളം പടുത്തുയർത്തുന്നതിനും അതുവഴി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമായുള്ള പുനർ നിർമ്മാണ പ്രവർത്തനങ്ങളിലാണ് ശ്രദ്ധപതിപ്പിച്ചിട്ടുള്ളത്.

കഴിഞ്ഞ സാമ്പത്തിക വർഷത്തെ പദ്ധതി പുനഃക്രമീകരിച്ച് വിവിധ വകുപ്പുകൾ അടിയന്തര പുനർനിർമ്മാണ പദ്ധതികൾ ഏറ്റെടുത്തു. നടപ്പുസാമ്പത്തിക വർഷത്തെ പദ്ധതിയിലും പ്രളയാനന്തര അടിയന്തര പുനർ നിർമ്മാണ പദ്ധതികൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്.

പുനർനിർമ്മാണ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് (RKI) രൂപം നൽകി.

പ്രളയത്തിൽ തകർന്ന സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായുള്ള നയരേഖയായ കേരള പുനർ നിർമ്മാണ വികസന പരിപാടി (Rebuild Kerala Development Programme (RKDP))-യുടെ കരട് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ രൂപപ്പെടുത്തുകയും 21-05-2019-ൽ ചേർന്ന മന്ത്രിസഭാ യോഗം പ്രസ്തുത രേഖയ്ക്ക് അംഗീകാരം നൽകുകയും ചെയ്തു. ഭാവിയിൽ

ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്നവിധം കരുത്തോടെയും പ്രകൃതി സൗഹൃദപരമായും അത്യന്താധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി കേരളത്തെ പുൻനിർമ്മിക്കുക എന്നതാണ് കേരള പുനർ നിർമ്മാണ വികസന പരിപാടി ലക്ഷ്യമിടുന്നത്. കേരള പുനർനിർമ്മാണ വികസന പരിപാടി (RKDP) വിവിധ ഫണ്ടിംഗ് ഏജൻസികൾക്ക് മുമ്പാകെ അവതരിപ്പിച്ച് പദ്ധതികൾക്ക് സഹായം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ലോക ബാങ്കിൽനിന്ന് 5,137.34 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL) ജർമ്മൻ ബാങ്കായ KfW-ൽനിന്ന് 1,458 കോടി രൂപ (സംസ്ഥാന വിഹിതം ഉൾപ്പെടെ)യുടെ വായ്പ എന്നിവ സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു.

(ബി) പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങൾ മേഖല തിരിച്ച് കണക്കാക്കു ന്നതിനും ആവശ്യമായ പുനരുജ്ജീവന, പുനർനിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിനും ലോക ബാങ്ക്, ഐക്യരാഷ്ട്ര സംഘടന, യൂറോപ്യൻ യൂണിയൻ എന്നിവയുടെ നേതൃത്വത്തിൽ Post Disaster Assessment (PDNA) നടത്തിയിട്ടുണ്ട്. ഈ പഠനത്തിന്റെ റിപ്പോർട്ട് പ്രകാരം വിവിധ മേഖലകളിലായി മൊത്തം 26,720 കോടി രൂപയുടെ നഷ്ടമാണുണ്ടായിട്ടുള്ളത്. ഈ നഷ്ടം മറികടക്കാനുള്ള പുനരുജ്ജീവന പ്രവർത്തനങ്ങൾക്കായി മൊത്തം 31,000 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) പ്രളയാനന്തരം അടിയന്തര സഹായമായി കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്നും 2,904.85 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ തദ്ദേശസ്വയംഭരണം, കൃഷി, ഗ്രാമവികസനം, ദുരന്തനിവാരണം തുടങ്ങിയ വിവിധ വകുപ്പുകൾ കൂടുതൽ സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഹൈക്കോടതി നിയോഗിച്ച അമിക്കസ് ക്യൂറി ബഹു. ഹൈക്കോട തിയിൽ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ടിനോട് പൊതുവേ യോജിക്കാൻ സാധിക്കില്ലെന്ന നിലപാടാണ് സർക്കാരിനുള്ളത്. ബഹു. ഹൈക്കോടതി മുമ്പാകെ സർക്കാർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ 2018 ആഗസ്റ്റ് മാസത്തിലെ വെള്ളപ്പൊക്കം അതിതീവ്രമായ മഴ കാരണമാണ്. ഇന്ത്യയിലെ നദികളിലെ പ്രളയ നിയന്ത്രണം, ജലസേചനം, ജലഗതാഗതം, കുടിവെള്ള വിതരണം, ജലവൈദ്യുതോൽപ്പാദനം തുടങ്ങിയവയുടെ നിയന്ത്രണം, പരിപാലനം, വിനിയോഗം എന്നിവയ്ക്ക് ആധികാരികമായി ചുമതലപ്പെടുത്തിയിരി ക്കുന്നത് കേന്ദ്ര ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേന്ദ്ര ജലകമ്മീഷനെയാണ്. കേന്ദ്ര ജലകമ്മീഷൻ കേരളത്തിലെ പ്രളയത്തെക്കുറിച്ച് ആഴത്തിൽ പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിൽ 2018 ഓഗസ്റ്റ് 8, 9, 15, 16, 17 തീയതികളിൽ കേരളത്തിൽ പെയ്ത അതിതീവ്രമഴയാണ് പ്രളയത്തിന് കാരണമായതെന്ന് പരാമർശിക്കുന്നുണ്ട്.

## ജനസാന്ത്വനം പദ്ധതി

9(4952) ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസാന്ത്വനം പദ്ധതി പ്രകാരം എത്ര അപേക്ഷകൾ നാളിതുവരെ ലഭിച്ചിട്ടുണ്ട്;

(ബി) പദ്ധതിപ്രകാരം അപേക്ഷ സമർപ്പിയ്ക്കുന്നതിനിടയിൽ തിക്കിലും തിരക്കിലും പെട്ട് തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ മരണമടഞ്ഞ വയോധികയുടെ ആശ്രിതർക്ക് എന്തെല്ലാം സഹായം നൽകിയിട്ടുണ്ട്;

(സി) പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ എത്ര അപേക്ഷകർക്ക് ആകെ എത്ര രൂപയുടെ സഹായം നൽകിയിട്ടുണ്ട്; ജില്ലതിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ജനസാന്ത്വനം പദ്ധതി പ്രകാരം നാളിതുവരെ 3,48,650 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) അടിയന്തര ധനസഹായമായി 10,000 (പതിനായിരം) രൂപ നൽകിയിട്ടുണ്ട്.

(സി) ടി പദ്ധതിയിൽനിന്ന് നാളിതുവരെ സഹായങ്ങൾ അനുവദിച്ച് നൽകിയിട്ടില്ല.

## മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും വിദേശയാത്രകൾ

10(4953) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ ഭരണകാലത്ത് മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും അവരെ അനുഗമിച്ച ഉദ്യോഗസ്ഥരുടെയും വിദേശയാത്രകൾക്ക് എന്തു തുക ചെലവായിയെന്നും ഏതു ഫണ്ടിൽ നിന്ന് ചെലവഴിച്ചുവെന്നും അറിയിക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

## പൊതുഭരണ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ

11(4954) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ വകുപ്പിൽ നിന്നും അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി, സെക്ഷൻ ഓഫീസർ എന്നീ

തസ്തികകളിൽ ഉള്ളവർ സെക്രട്ടറിയേറ്റിന് പുറത്തു ജോലി ചെയ്യുന്ന ഡെപ്യൂട്ടേഷൻ/കേഡർ സ്ട്രെംങ്ത് ഓഫീസുകളുടെ വിവരം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി തസ്തികകളുടെയും ഏതെല്ലാം ഓഫീസുകളിലെയും ഡെപ്യൂട്ടേഷൻ നിയമനം / കേഡർ സ്ട്രെംങ്താണ് അവസാനിപ്പിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അണ്ടർ സെക്രട്ടറി തലം മുതൽ അഡീഷണൽ സെക്രട്ടറിതലം വരെയുള്ള ഉദ്യോഗസ്ഥർ സെക്രട്ടേറിയറ്റിന് പുറത്ത് ജോലിചെയ്യുന്ന ഓഫീസുകളുടെ പട്ടികയും സെക്ഷൻ ഓഫീസർ പദവിയിലുള്ള ഉദ്യോഗസ്ഥർ സെക്രട്ടേറിയറ്റിന് പുറത്ത് ജോലി ചെയ്യുന്ന ഓഫീസുകളുടെ പട്ടികയും അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) തസ്തിക ഉൾപ്പെടെ ഓഫീസുകളുടെ പട്ടിക അനുബന്ധം* ആയി ചേർത്തിട്ടുണ്ട്.

**ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി**

12(4955) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ നിലവിലുള്ള ഒഴിവുകൾ/ പ്രതീക്ഷിത ഒഴിവുകൾ എന്നിവ യഥാസമയം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ വിവിധ വകുപ്പുകൾ 2019 വർഷത്തിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ/ പ്രതീക്ഷിത ഒഴിവുകൾ വകുപ്പും തസ്തികയും തിരിച്ച് അറിയിക്കാമോ;

(സി) മലപ്പുറം ജില്ലയിൽ റവന്യൂ വകുപ്പിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ 2019 വർഷത്തിൽ എത്ര പ്രതീക്ഷിത ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവുകൾ യഥാസമയം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യാത്തതിനുള്ള കാരണം അറിയിക്കാമോ;

(ഡി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന വകുപ്പ് മേധാവികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ 2019 കലണ്ടർ വർഷത്തിൽ ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കണമെന്ന് വിവിധ സർക്കുലറുകളിലൂടെ എല്ലാ വകുപ്പ് തലവന്മാർക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഭരണ വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളുടെ കാര്യാലയങ്ങളിൽ നേരിട്ട് പരിശോധന നടത്തി റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ അത് കണ്ടെത്തി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിവിധ വകുപ്പുകളിൽനിന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, മലപ്പുറം ജില്ലാ ഓഫീസിൽ 2019 വർഷത്തിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകൾ എന്നിവ വകുപ്പും തസ്തികയും തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ലാൻഡ് റവന്യൂ വകുപ്പിൽനിന്നും 2 പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഭരണ വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി**

13(4956) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാരിന് കീഴിലുള്ള വിവിധ വകുപ്പുകളിൽ വരുന്ന ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ സർക്കാർ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ തസ്തികകളിൽ 2019 കലണ്ടർ വർഷത്തിൽ ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കണമെന്ന് വിവിധ സർക്കുലറുകളിലൂടെ എല്ലാ വകുപ്പ് തലവന്മാർക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഭരണ വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളുടെ കാര്യാലയങ്ങളിൽ നേരിട്ട് പരിശോധന നടത്തി റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ അത് കണ്ടെത്തി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർ നിയമനം**

14(T +4957) ശ്രീ. റോജി എം. ജോൺ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ നിയമനത്തിന് റിയാബിനെ ഒഴിവാക്കി പ്രൊഫഷണൽ സെലക്ഷൻ ബോർഡ് രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സെലക്ഷൻ ബോർഡിലെ അംഗങ്ങൾ ആരൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ഏതൊക്കെ സ്ഥാപനങ്ങളിലെ നിയമനമാണ് ഈ ബോർഡ് രൂപീകരിച്ചശേഷം നടത്തിയതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രൊഫഷണൽ സെലക്ഷൻ ബോർഡ് രൂപീകരിച്ചശേഷം ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിലെ എം.ഡി. ഉൾപ്പെടെയുള്ള ഉന്നത നിയമനങ്ങൾ പ്രസ്തുത ബോർഡുവഴി അല്ലാതെ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ എന്നും അതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കുമോ?

---

\+ "T"മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ നിയമനത്തിന് ജസ്റ്റിസ് കെ. കെ. ദിനേശൻ ചെയർമാനായി പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് (PESB) പുനഃസംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ബോർഡിൽ റിയാബ് ചെയർമാനും അംഗമാണ്.

(ബി) 13-12-2018-ലെ സ.ഉ. (എം.എസ്) 30/2018/പി&ഇ.എ. പ്രകാരം PESB-യുടെ അംഗങ്ങളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. ജസ്റ്റിസ് കെ. കെ. ദിനേശൻ - ചെയർമാൻ ഹൈക്കോടതി ജഡ്ജി (Rtd.)
2. നിലവിൽ ഓംബുഡ്സ്മാൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (Local Government Institutions)
3. ചീഫ് സെക്രട്ടറി - അംഗം
4. അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് - മെമ്പർ സെക്രട്ടറി
5. സെക്രട്ടറി, വ്യവസായ വകുപ്പ് - അംഗം
6. ചെയർമാൻ പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആന്റ് ഇന്റേർണൽ ഓഡിറ്റ് ബോർഡ് (RIAB)- അംഗം

(സി) താഴെപ്പറയുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് മാനേജിംഗ് ഡയറക്ടർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

(1) കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്

(2) മലബാർ സിമന്റ്സ് ലിമിറ്റഡ്

(3) ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്

(4) കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

(5) കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്

(6) കേരള ആർട്ടിസൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

(7) സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്

(8) കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

(9) ആറളം ഫാമിംഗ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ്

(ഡി) വിവരം ശേഖരിച്ചുവരുന്നു.

## കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ്

15(4958) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവീസ് റൂൾസ് ഭേദഗതി ചെയ്ത് പുതുതായി ഉൾപ്പെടുത്തിയ തസ്തികകൾക്ക് പി.എസ്.സി. നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ലാസ്റ്റ് ഗ്രേഡ് സബോർഡിനേറ്റ് സർവീസ് പ്രകാരം എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) സബോർഡിനേറ്റ് സർവീസിലുൾപ്പെട്ട ഡ്യൂപ്ലിക്കേറ്റ് മെഷീൻ ഓപ്പറേറ്റർ പോലുള്ള തസ്തികകളിൽ സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട ഓഫീസ് അറ്റൻഡന്റുമാർക്ക് കാറ്റഗറി ചെയ്ഞ്ച് (പ്രമോഷൻ) ചെയ്യുവാൻ എന്തെങ്കിലും നിയമതടസ്സം നിലവിൽ ഉണ്ടോ; വ്യക്തമാക്കാമോ;

(ഡി) നിലവിൽ മത്സരപരീക്ഷകൾ നടത്താൻ പി.എസ്.സി.ക്ക് സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

### ഉത്തരം

(എ) പി.എസ്.സി. നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പൊതുഭരണ സെക്രട്ടേറിയറ്റിലെ 40 ഒഴിവുകളും നിയമ വകുപ്പുകളിലെ 4 ഒഴിവുകളും ധനവകുപ്പിലെ 4 ഒഴിവുകളും ഉൾപ്പെടെ 48 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 3-2-2016-ലെ G.O.(P)No.8/2016/GAD ഉത്തരവ് പ്രകാരം സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുള്ള ഡ്യൂപ്ലിക്കേറ്റ് മെഷീൻ ഓപ്പറേറ്റർ, ലിഫ്റ്റ് ഓപ്പറേറ്റർ എന്നീ തസ്തികകളിൽ ഒഴികെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ടിട്ടുള്ള ഓഫീസ് അറ്റൻഡന്റുമാർക്ക് കാറ്റഗറി ചെയ്ഞ്ച് (പ്രൊമോഷൻ) ചെയ്യുന്നതിന് നിയമ തടസ്സമില്ല. ഡ്യൂപ്ലിക്കേറ്റ് മെഷീൻ ഓപ്പറേറ്റർ, ലിഫ്റ്റ് ഓപ്പറേറ്റർ എന്നീ തസ്തികകളുടെ നിയമന രീതി "By transfer from Last Grade Servants in the Secretariat" ആയതിനാലും 24-4-2018-ലെ G.O(P)No.6/18/P&RD ഉത്തരവ് പ്രകാരം ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തിക കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സെപെഷ്യൽ റൂളിൽനിന്നും ഒഴിവാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതിനാലുമാണ് ഈ തടസ്സം.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഫെയർകോപ്പി സൂപ്രണ്ട് തസ്തിക ഗസറ്റഡ് ആക്കാൻ നടപടി

16(4959) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ ഫെയർ കോപ്പി സൂപ്രണ്ട് തസ്തിക ഗസറ്റഡ് തസ്തികയാക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) വിവിധ വകുപ്പുകളിലെ ടൈപ്പിസ്റ്റ് തസ്തികയുടെ പേര് കംപ്യൂട്ടർ അസിസ്റ്റന്റ് എന്നാക്കി മാറ്റാനുള്ള പത്താം ശമ്പള കമ്മീഷൻ ശിപാർശയുടെ തുടർനടപടികൾ എന്തായി എന്ന് വ്യക്തമാക്കാമോ;

(സി) ടൈപ്പിസ്റ്റുമാർക്ക് പ്രൊമോഷൻ വഴി ഗസറ്റഡ് തസ്തിക അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) ടൈപ്പിസ്റ്റ് തസ്തിക നിർത്തലാക്കുവാൻ തീരുമാനമുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടില്ല.

(ബി) അടുത്ത ശമ്പള പരിഷ്കരണ കമ്മീഷന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നിലവിൽ ടൈപ്പിസ്റ്റ് തസ്തികയുടെ പ്രൊമോഷൻ ചാനലിൽ ഗസറ്റഡ് തസ്തിക ഉൾപ്പെടുന്നില്ല.

(ഡി) തീരുമാനിച്ചിട്ടില്ല.

## ഓൺലൈൻ മുഖേന പൊതു സ്ഥലംമാറ്റം

17(4961) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണ പരിഷ്കരണ വകുപ്പിൽനിന്നുള്ള 25-2-2017-ലെ സ.ഉ.(പി)നമ്പർ 3/2017.ഉ.ഭ.പ.വ.നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഏതെല്ലാം വകുപ്പുകളിലെ പൊതുസ്ഥലംമാറ്റമാണ് ഓൺലൈൻ മുഖേനയാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഓൺലൈൻ മുഖേന പൊതുസ്ഥലംമാറ്റം നടപ്പാക്കുന്നതിൽ എന്തെങ്കിലും സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടോ; വിശദാംശം നൽകുമോ;

(സി) അച്ചടി വകുപ്പിൽ ഓൺലൈൻ മുഖേനയാണോ പൊതുസ്ഥലംമാറ്റം നടത്തുന്നത്; അല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വൊക്കേഷണൽ ഹയർ സെക്കണ്ടറി, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം എന്നിവിടങ്ങളിൽ സ്ഥലംമാറ്റം ഓൺലൈൻ സമ്പ്രദായം മുഖേന നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് വകുപ്പുകളിൽ പൊതു സ്ഥലംമാറ്റം ഓൺലൈൻ മുഖേന നടപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു.

(സി) സ്ഥലംമാറ്റം ഓൺലൈൻ മുഖേനയാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

## പട്ടികജാതി-പട്ടികവർഗ്ഗ വനിതാ ജീവനക്കാർക്കുള്ള സൗകര്യങ്ങൾ

18(4962) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ (പൊതുഭരണ,നിയമ,ധന വകുപ്പുകളിലെ) പട്ടികജാതി പട്ടികവർഗ്ഗ വനിതാ ജീവനക്കാർക്കുവേണ്ടി അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഏതെങ്കിലും മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സെൽ രൂപീകരിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ സെൽ മുമ്പാകെ പ്രസ്തുത ജീവനക്കാരുടെ പരാതികൾ വന്നിട്ടുണ്ടോ; എങ്കിൽ ഇവയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) സെക്രട്ടേറിയറ്റിലെ പട്ടികജാതി പട്ടികവർഗ്ഗ ജീവനക്കാർക്ക് വേണ്ടി എന്തെങ്കിലും പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) അവർക്ക് പ്രത്യേകം ട്രെയിനിംഗ് നൽകുന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) പരിശോധിച്ചുവരുന്നു.

## സർക്കാർ സർവ്വീസിലെ ജീവനക്കാരുടെ എണ്ണം

19(4963) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ സർവ്വീസിൽ ഓരോ വകുപ്പിലും ജോലി ചെയ്തുവരുന്ന സ്ഥിരം ജീവനക്കാരുടെയും താല്ക്കാലിക ജീവനക്കാരുടെയും എണ്ണം വകുപ്പുതിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

## ഗവൺമെന്റ് സെക്രട്ടേറിയറ്റ് സർവ്വീസിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ

20(4964) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റ് സർവ്വീസിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ ഉൾപ്പെടുത്തിയിട്ടും ഗ്രേഡിൽ വ്യത്യാസം വരാത്ത സാഹചര്യത്തിൽ അവരുടെ പ്രൊമോഷൻ തസ്തികയായ ഡ്യൂപ്ലിക്കേറ്റ് മെഷീൻ ഓപ്പറേറ്ററിൽ (റോണിയോ ഓപ്പറേറ്റർ) മറ്റ് വിഭാഗത്തിലെ ജീവനക്കാരെ ഉൾപ്പെടുത്തിയത് ഏത് ഉത്തരവ് പ്രകാരമെന്ന് അറിയിക്കുമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഓഫീസ് അറ്റൻഡന്റിന് നിലവിൽ ബൈട്രാൻസ്ഫറിലൂടെയുള്ള അസിസ്റ്റന്റ് നിയമനം നൽകുന്നത് എത്ര ശതമാനമാണെന്നും നിലവിലെ നിയമപ്രകാരം അവർക്ക് അവകാശപ്പെട്ടത് എത്രയാണെന്നും അറിയിക്കുമോ;

(സി) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഓഫീസ് അറ്റൻഡന്റ് ഒഴിവുകൾ പി.എസ്.സി. നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി നാളിതുവരെ വിജ്ഞാപനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഓഫീസ് അറ്റൻഡന്റിന് നിലവിൽ ബൈ ട്രാൻസ്ഫറിലൂടെയുള്ള അസിസ്റ്റന്റ് നിയമനം നൽകുന്നത് 4 ശതമാനമാണ്. അസിസ്റ്റന്റ് തസ്തികയിലെ 15 എണ്ണം ഇപ്രകാരം അവകാശപ്പെട്ടതാണ്.

(സി) 48 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

## തുടർച്ചാനുമതി നൽകിയിട്ടുള്ള തസ്തികകൾ

21(4965) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകൾ, ബോർഡ്, കമ്പനി, കോർപ്പറേഷൻ, പ്രോജക്ടുകൾ എന്നിവയിലെ ഏതെല്ലാം തസ്തികകൾക്കാണ് തുടർച്ചാനുമതി നൽകിയിട്ടുള്ളത്; വിശദമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇപ്രകാരം 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ തസ്തികകൾക്ക് ധനകാര്യ വകുപ്പിൽ നിന്നും തുടർച്ചാനുമതി ലഭ്യമായിട്ടുള്ള വിവിധ വകുപ്പുകൾ, ബോർഡ്, കമ്പനി, കോർപ്പറേഷൻ, പ്രോജക്റ്റുകൾ എന്നിവ ഏതെല്ലാം; പ്രസ്തുത കാലയളവിൽ ഇതിലെ ഏതെല്ലാം തസ്തികകൾക്കാണ് തുടർച്ചാനുമതി ലഭിച്ചിട്ടുള്ളത്;

(സി) 2018-19 സാമ്പത്തിക വർഷത്തിൽ ധനകാര്യ വകുപ്പ് തുടർച്ചാനുമതി നിഷേധിച്ച വകുപ്പ്, കമ്പനി, കോർപറേഷൻ, ബോർഡ്, പ്രൊജക്റ്റ് എന്നിവ ഏതെല്ലാമാണെന്നും ഇവയിൽ തുടർച്ചാനുമതി നിഷേധിച്ച തസ്തികകൾ ഏതെല്ലാമാണെന്നും ഈ സർക്കാരിന്റെ കാലത്ത് വെട്ടിക്കുറച്ച തസ്തികകൾ ഏതെല്ലാമെന്നും വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) ഒരു പ്രത്യേക ആവശ്യത്തിനുവേണ്ടി മാത്രം സൃഷ്ടിക്കപ്പെടുന്നതും ആവശ്യം പൂർത്തീകരിച്ചുകഴിയുമ്പോൾ നിർത്തലാക്കുകയും ചെയ്യുന്ന ഓഫീസുകൾക്കും തസ്തികകൾക്കുമാണ് തുടർച്ചാനുമതി ആവശ്യമുള്ളത്. ഓരോ വകുപ്പും നൽകുന്ന ശിപാർശ പരിശോധിച്ചാണ് തുടർച്ചാനുമതി നൽകാറുള്ളത്. പല വകുപ്പുകളിലും ഇത്തരത്തിൽ തുടർച്ചാനുമതി ആശ്യമുള്ള തസ്തികകളുണ്ട്. റവന്യൂ വകുപ്പിന് കീഴിലുള്ള LA യൂണിറ്റുകൾ, ലാന്റ് ട്രിബ്യൂണലുകൾ, സർവ്വേ വകുപ്പിന് കീഴിലുള്ള റീസർവ്വേ ഓഫീസുകൾ, പോലീസ് വകുപ്പ്, വിജിലൻസ് വകുപ്പ്, വനംവകുപ്പ്, ജലസേചന വകുപ്പ്, ആരോഗ്യ വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, വിവിധ കമ്മീഷനുകൾ, പ്രോജക്റ്റുകൾ എന്നിവിടങ്ങളിൽ തുടർച്ചാനുമതി ആവശ്യമുള്ള തസ്തികകളുണ്ട്. കൂടാതെ All India Service-ലെ Ex-cadre തസ്തികകളും തുടർച്ചാനുമതിയിലാണ് നിലനിർത്തിപ്പോരുന്നത്. ഇത്തരത്തിലുള്ള ഓഫീസുകളുടെ പേരും ജീവനക്കാരുടെ എണ്ണവും തസ്തികയും സംബന്ധിച്ച് ക്രോഡീകരിച്ച വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല.

### സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സ്പോർട്സ് സംഘടന

22(4966) <u>ശ്രീ. പി. സി. ജോർജ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടറിയേറ്റ് ജീവനക്കാരുടെ സ്പോർട്സ് സംഘടനയായ സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷൻ പിരിച്ചുവിടുവാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അസോസിയേഷന് പകരം പുതിയതായി രൂപീകരിച്ച സംഘടന ഏതാണ്; പ്രസ്തുത സംഘടനയുടെ ബൈലോയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത സംഘടനയിലേയ്ക്ക് എത്ര പേരെ ഭാരവാഹികളായി തെരഞ്ഞെടുത്തു; ആരെല്ലാം;ആരെല്ലാമാണ് മെമ്പർമാർ എന്നും ഇവരെല്ലാം സിവിൽ സർവ്വീസ് കായികമേളയിൽ പങ്കെടുക്കുന്നവർ ആണോ എന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷൻ എന്ന പേരിൽ ഒരു സംഘടന ഗവ. സെക്രട്ടേറിയറ്റിൽ പ്രവർത്തിച്ചുവന്നിരുന്നു. പ്രസ്തുത സംഘടനയ്ക്ക് കൃത്യമായ രജിസ്ട്രേഷനോ കമ്മിറ്റി കൂടുന്നതിന്റെയോ തെരഞ്ഞെടുപ്പ് നടത്തിയതിന്റെയോ രേഖകളോ ഉണ്ടായിരുന്നില്ല. കൃത്യമായ സംഘടനാ സംവിധാനമില്ലാതെ മൂന്നോ നാലോ വ്യക്തികൾ കേന്ദ്രീകരിച്ച് സിവിൽ സർവ്വീസ് മീറ്റിന് ആളുകളെ നിശ്ചയിക്കുന്ന ഒരു സംവിധാനമാണ് നിലവിലുണ്ടായിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ കായിക ഇനങ്ങളിൽ പങ്കെടുക്കുന്നവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച്, ഒരു സംഘടന രജിസ്റ്റർ ചെയ്ത് കൃത്യമായ ഒരു ബൈലോ പ്രകാരം മെമ്പർഷിപ്പ് പ്രവർത്തനങ്ങൾ നടത്തി സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷൻ, കേരള എന്ന പേരിൽ പ്രവർത്തിച്ചുവരുന്നു.

(ബി) സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷൻ, കേരള ഒരു സംഘടനയ്ക്കും പകരം രൂപീകരിച്ചതല്ല. സംഘടനയുടെ ബൈലോ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷൻ, കേരളയ്ക്ക് 15 അംഗ ഭരണ സമിതിയാണുള്ളത്. ഭരണസമിതി ഭാരവാഹികളുടെയും മെമ്പർമാരുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീ. വിജയദേവ് ജി. - പ്രസിഡന്റ്

2. ശ്രീ. വിപിൻ ശ്യാം - വൈസ് പ്രസിഡന്റ്

3. ശ്രീ. അനിൽകുമാർ എൻ. എസ്. - വൈസ് പ്രസിഡന്റ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

4. ശ്രീമതി റോസ് മേരി പ്രസില്ല- സെക്രട്ടറി

5. ശ്രീ. അനിൽ കുമാർ എ. - ജോയിന്റ് സെക്രട്ടറി

6. ശ്രീ. ഗുലാബ് കുമാർ ആർ., ജോയിന്റ് സെക്രട്ടറി

7. ശ്രീ. പ്രദീപ് കുമാർ എം.- ട്രഷറർ

8. ശ്രീ. അരുൺ എം.ജെ. - എക്സിക്യൂട്ടീവ് മെമ്പർ

9. ശ്രീ. രാജേഷ് കുമാർ സി.പി. - എക്സിക്യൂട്ടീവ് മെമ്പർ

10. ശ്രീമതി ഷർമി ഉലഹന്നാൻ -എക്സിക്യൂട്ടീവ് മെമ്പർ

11. ശ്രീ. അനീഷ് കുമാർ ആർ. - എക്സിക്യൂട്ടീവ് മെമ്പർ

12. ശ്രീ. കൃഷ്ണദേവ് ആർ. എൽ.-എക്സിക്യൂട്ടീവ് മെമ്പർ

13. ശ്രീ. ആർ. എസ്. ശ്രീകുമാർ - എക്സിക്യൂട്ടീവ് മെമ്പർ

14. ശ്രീ. ബിനു കുമാർ - എക്സിക്യൂട്ടീവ് മെമ്പർ

15. ശ്രീ. ഹരീഷ് ടി. -എക്സിക്യൂട്ടീവ് മെമ്പർ

ടി സമിതിയിലെ ഭൂരിഭാഗം അംഗങ്ങളും സിവിൽ സർവ്വീസ് ഉൾപ്പെടെ വിവിധ കായിക മേളകളിൽ പങ്കെടുക്കുന്നവരാണ്.

**കെട്ടിക്കിടക്കുന്ന ഫയലുകൾ**

23(4967) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ 2019 മാർച്ച് 31-ന് തീർപ്പാക്കാതെ കെട്ടിക്കിടക്കുന്ന ഫയലുകൾ എത്രയെണ്ണമെന്ന് വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഫയലുകളിൽ സമയബന്ധിതമായി തീരുമാനം എടുക്കുന്നതിന് എന്തെങ്കിലും പുതിയ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഫയലുകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസമുണ്ടാകുന്നത് ഒഴിവാക്കുന്നതിനും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഫയൽ നീക്കം ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിവിധ വകുപ്പുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിലേയ്ക്കായി ഫയൽ അദാലത്തുകൾ നടത്തിവരുന്നു. മൂന്നുമാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകം നീക്കിവയ്ക്കാനും പഞ്ചദിന ചട്ടം നിർബന്ധമായും പാലിക്കാനുമുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. e-office സംവിധാനത്തിലൂടെ ഫയൽ നീക്കം ത്വരിതഗതിയിലാക്കിവരുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അഭാവത്തിൽ മറ്റൊരു ഉദ്യോഗസ്ഥന് ചുമതല വഹിക്കാനാകുന്ന തരത്തിൽ ലിങ്ക് ഓഫീസർ സിസ്റ്റം നടപ്പിലാക്കിയതും ഫയൽ നീക്കം ത്വരിതപ്പെടുത്തിയിട്ടുണ്ട്.

## ബി.എസ്.എൻ.എൽ. കരാർ തൊഴിലാളികളുടെ ശമ്പളം

24(4968) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എസ്.എൻ.എൽ.-ൽ പണി ചെയ്യുന്ന കരാർ തൊഴിലാളികളുടെ ശമ്പളം മുടങ്ങിയത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പരാതിയുടെ അടിസ്ഥാനത്തിൽ ഇവർക്ക് ശമ്പളം നൽകുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബി.എസ്.എൻ.എൽ. കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായതിനാലും ടി സ്ഥാപനത്തെ സംബന്ധിച്ച സമുചിത സർക്കാർ, കേന്ദ്രസർക്കാർ ആയതിനാലും ബി.എസ്.എൻ.എൽ. തൊഴിലാളികളുടെ പരാതിയിന്മേൽ സംസ്ഥാന തൊഴിൽ വകുപ്പിന് തുടർനടപടികൾ സ്വീകരിക്കാൻ കഴിയില്ല. അതിനാൽ പരാതികളിൽ തുടർനടപടികൾക്കായി റീജിയണൽ ലേബർ കമ്മീഷണർ (സെൻട്രലിന്) കൈമാറിയിട്ടുണ്ട്.

## പുതിയ കമ്മീഷനുകൾ

25(4969) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം പുതിയ കമ്മീഷനുകൾ രൂപീകരിച്ചിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ നിയമിച്ച കമ്മീഷനുകൾ യഥാസമയം റിപ്പോർട്ട് ലഭ്യമാക്കാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നിലവിൽ ഏതെല്ലാം കമ്മീഷനുകൾക്കാണ് കാലാവധി ദീർഘിപ്പിച്ചു നൽകിയത്; വിശദമാക്കാമോ;

(ഡി) കമ്മീഷനുകൾ സമർപ്പിച്ച റിപ്പോർട്ടുകളിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**ലൈറ്റ് ആന്റ് സൗണ്ട് തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ**

26(T* 4970) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ വ്യവസായ രംഗത്തെ പരസ്യത്തിന് മൈക്ക് സെറ്റ് പ്രവർത്തിപ്പിക്കുന്നതിന് അനുവാദം ലഭിക്കുന്നതിനുവേണ്ടി ലൈറ്റ് ആൻഡ് സൗണ്ട് വെൽഫെയർ അസോസിയേഷൻ ഓഫ് കേരളയുടെ സംസ്ഥാന ജനറൽ സെക്രട്ടറി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(സി) ലൈറ്റ് ആൻഡ് സൗണ്ട് പന്തൽ മേഖല വളരെ അപകടം പിടിച്ച ഒന്നായതിനാൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിക്ക് കൈമാറിയിട്ടുണ്ട്.

(സി) ലൈറ്റ് & സൗണ്ട് പന്തൽ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകാവുന്നതാണ്. ഈ ക്ഷേമനിധി ബോർഡിന്റെ പദ്ധതിയിലെ നിലവിലെ വ്യവസ്ഥകൾ പ്രകാരം ലൈറ്റ് & സൗണ്ട് പന്തൽ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് പ്രത്യേകമായി ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല. എന്നാൽ ഈ ക്ഷേമനിധി ബോർഡിലെ എല്ലാ അംഗങ്ങളെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിലും ലൈറ്റ് & സൗണ്ട് പന്തൽ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് അംഗങ്ങളാകാവുന്നതാണ്. പ്രസ്തുത പദ്ധതിപ്രകാരം പദ്ധതിയംഗങ്ങൾക്ക് മരണാനന്തര ആനുകൂല്യവും അപകട ആനുകൂല്യവും ലഭിക്കുന്നതിന് അവർ ആം ആദ്മി ബീമാ യോജനയിൽ അംഗങ്ങളാകേണ്ടതാണ്. എന്നാൽ നിലവിൽ ആം ആദ്മി ബീമാ യോജനയ്ക്ക് പകരം പി.എം.ജെ.ജെ.ബി.വൈ. (പ്രധാൻ മന്ത്രി ജീവൻ ജ്യോതി ബീമാ യോജന) എന്ന പദ്ധതിയാണ് നിലവിലുള്ളത് എന്നതിനാൽ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിലെ മുഴുവൻ അംഗങ്ങളേയും പ്രധാൻ മന്ത്രി ജീവൻ ജ്യോതി ബീമാ യോജനയിൽ അംഗങ്ങളാക്കുന്നതിനുവേണ്ടി അസംഘടിത തൊഴിലാളികൾ എന്ന വിഭാഗം പ്രധാൻ മന്ത്രി ജീവൻ ജ്യോതി ബീമാ യോജനയിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

## ഐ.എ.എസ്. ഉദ്യോഗസ്ഥരുടെമേൽ നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം

27(4971) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.എസ് ഉദ്യോഗസ്ഥരുടെ മേൽ നടപടിയെടുക്കുവാനോ പിഴ ചുമത്താനോ ഉള്ള അധികാരം ആൾ ഇന്ത്യ സർവ്വീസ് റൂൾസ് പ്രകാരം ആർക്കാണെന്നറിയിക്കുമോ;

(ബി) മുൻ കോഴിക്കോട് കളക്ടറുടെ മേൽ ധനകാര്യ വകുപ്പ് പിഴ ചുമത്തിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഉത്തരവിലെ പിഴവ് ചൂണ്ടിക്കാട്ടി മുൻ കോഴിക്കോട് കളക്ടറുടെ കത്ത് ലഭിച്ചിരുന്നുവോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നറിയിക്കാമോ?

### ഉത്തരം

(എ) ആൾ ഇന്ത്യ സർവ്വീസ് റൂൾസ് (ഡിസിപ്ലിൻ & അപ്പീൽ), 1969 പ്രകാരം സംസ്ഥാന കേഡറിൽ ജോലി ചെയ്യുമ്പോൾ സംസ്ഥാന സർക്കാരിനും കേന്ദ്രസർക്കാരിന്റെ കീഴിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുമ്പോൾ കേന്ദ്ര സർക്കാരിനുമാണ് ഐ.എ.എസ്. ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും പിഴ ചുമത്തുന്നതിനുമുള്ള അധികാരം. ഐ.എ.എസ്. ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും പിരിച്ചുവിടുന്നതിനോ നീക്കം ചെയ്യുന്നതിനോ ഉള്ള അധികാരം കേന്ദ്ര സർക്കാരിൽമാത്രം നിക്ഷിപ്തമാണ്.

(ബി&സി) മുൻ കോഴിക്കോട് കളക്ടർമാരിൽ ഏത് കളക്ടറുടെ കാര്യമാണ് പരാമർശിച്ചിരിക്കുന്നതെന്ന് ചോദ്യത്തിൽനിന്നും വ്യക്തമല്ല. എന്നിരുന്നാലും മുൻ കളക്ടറുടെ മേൽ എന്തെങ്കിലും തരത്തിലുള്ള പിഴ ചുമത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വാർഷിക പദ്ധതികൾ വേഗത്തിൽ നടപ്പിലാക്കുന്നതിന് നടപടി

28(4972) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റെടുക്കുന്ന പദ്ധതികൾ സമൂഹത്തിന് ഏറ്റവും പ്രയോജനകരമായും വേഗത്തിലും നടപ്പിലാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങളിലൂടെ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം കാരണം സംസ്ഥാനത്തെ പദ്ധതികൾ മന്ദഗതിയിലായ സാഹചര്യമുണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അത് മറികടക്കുന്നതിന് പെരുമാറ്റച്ചട്ടം അവസാനിക്കുന്ന വേളയിൽ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ഡി) 2019-20 ലെ പദ്ധതികളുടെ ഭരണാനുമതി എന്നത്തേക്ക് നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഇ) വാർഷിക പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്. പദ്ധതിച്ചെലവിന്റെ പുരോഗതി വിലയിരുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചീഫ് സെക്രട്ടറിയും എല്ലാ വകുപ്പ് സെക്രട്ടറിമാരും ഉൾപ്പെടുന്ന പദ്ധതിച്ചെലവ് അവലോകന കമ്മിറ്റി യോഗം എല്ലാ ത്രൈമാസങ്ങളിലും കൂടാറുണ്ട്. കൂടാതെ ഏറ്റെടുക്കുന്ന പദ്ധതികൾ സമൂഹത്തിന് ഏറ്റവും പ്രയോജനകരമായും വേഗത്തിലും നടപ്പിലാക്കുന്നതിനുതകുന്നവിധം Chief Minister's Web Portal for Project Monitoring എന്ന Web Portal-ലൂടെ ഒരു പദ്ധതി നിരീക്ഷണ സംവിധാനം നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. 2019-20 വാർഷിക പദ്ധതിയുടെ 31.56 ശതമാനവും സാമൂഹ്യവും സാമൂഹ്യസേവനപരവുമായ പദ്ധതികൾക്കായി നീക്കിവച്ചിരിക്കുന്നു.

(ബി) തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം കാരണം പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് കാലതാമസമുണ്ടായിട്ടുണ്ട്.

(സി) തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം അവസാനിച്ചതിനുശേഷം വിവിധ വകുപ്പുകളുടെ വർക്കിംഗ് ഗ്രൂപ്പുകൾ ചേരുകയും പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതിയുടെ അടങ്കൽ 30,610 കോടി രൂപയാണ്. ഇതിൽ 2,733.32 കോടി രൂപയുടെ പദ്ധതികൾ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് പുതിയതായി ഭരണാനുമതി ആവശ്യമില്ല. ഏപ്രിൽ, മേയ് മാസങ്ങളിൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിന്നിരുന്നുവെങ്കിലും 5,757.28 കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനോടകം ഭരണാനുമതി നൽകുകയുണ്ടായി. ബാക്കി തുകയ്ക്കുള്ള ഭരണാനുമതി സമയബന്ധിതമായി നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) മുൻഗണന ആവശ്യമുള്ളതും നടപടിക്രമങ്ങൾ പൂർത്തിയാക്കി നടപ്പാക്കാൻ തയ്യാറായതുമായ പദ്ധതികൾ ഗ്രീൻ ബുക്കിൽ പ്രതിപാദിക്കുന്ന രീതി 2016-17 വർഷം മുതൽ നടപ്പാക്കിവരുന്നു. ഗ്രീൻ ബുക്കിൽ ഉൾപ്പെട്ട മുൻഗണനാ പദ്ധതികൾ സാമ്പത്തികവർഷാരംഭം മുതൽതന്നെ നടപ്പാക്കുന്നതിന് വകുപ്പുകൾക്ക് അവസരം ലഭിക്കുന്നു. പുതിയതായി ഭരണാനുമതി ആവശ്യമുള്ള പദ്ധതികൾക്ക് വിവിധ വകുപ്പുകളുടെ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേരുകയും ഭരണാനുമതി നൽകുകയും ചെയ്യുന്നു. കൂടാതെ ഓരോ പദ്ധതിയും നടപ്പാക്കുന്നതിനാവശ്യമായ കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സമയക്രമം രേഖപ്പെടുത്തി ഒരു പദ്ധതി നിർവ്വഹണ കലണ്ടർ ഓരോ വകുപ്പും തയ്യാറാക്കി അതനുസരിച്ച് നിർവ്വഹണം നടത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

## പ്രളയ പുനർ നിർമ്മാണ പ്രവർത്തനങ്ങൾ

29(4973) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ പുനർനിർമ്മാണ പ്രവർത്തനങ്ങൾ, ദേശീയപാത വികസനം അടക്കമുള്ള കാര്യങ്ങളിൽ സഹായമഭ്യർത്ഥിച്ച് മുഖ്യമന്ത്രി പ്രധാനമന്ത്രിയെ കണ്ടിരുന്നോ;

(ബി) പ്രസ്തുത കൂടിക്കാഴ്ചയിൽ എന്തൊക്കെ ആവശ്യങ്ങളാണ് സംസ്ഥാനം മുന്നോട്ടുവച്ചത്;

(സി) സംസ്ഥാനത്തിന്റെ ഏതൊക്കെ ആവശ്യങ്ങൾ പരിഗണിക്കാമെന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) പ്രളയാനന്തര പുനർ നിർമ്മാണ പ്രക്രിയയിൽ കേന്ദ്രത്തിന്റെ സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായി 25-09-2018-ൽ കൂടിക്കാഴ്ച നടത്തുകയും സമഗ്രമായ ഒരു മെമ്മോറാണ്ടം പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു.

(ബി) സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി 3,000 കോടി രൂപ അനുവദിക്കുക, ലോക ബാങ്ക്, ADB, മറ്റ് ഏജൻസികൾ എന്നിവയിൽനിന്ന് ദീർഘകാല ലോൺ ലഭിക്കുന്നതിന് കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാക്കുക, പ്രളയാനന്തര പുനർ നിർമ്മാണത്തിന് സ്പെഷ്യൽ പാക്കേജ് അനുവദിക്കുക, സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19-ൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനത്തിൽനിന്നും 4.5 ശതമാനമായും 2019-20-ൽ 3.5 ശതമാനമായും ഉയർത്തുക, സെൻട്രലി സ്പോൺസേർഡ് സ്കീമുകൾക്കുള്ള ധനസഹായത്തിൽ 10% വർദ്ധന വരുത്തുക, 5,000 കോടി രൂപയുടെ സ്പെഷ്യൽ ഗ്രാന്റ് അനുവദിക്കുക, ദേശീയ ദുരന്ത നിവാരണ പ്രതികരണ നിധിയിൽനിന്നും 4,796 കോടി രൂപ അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിക്കുക തുടങ്ങിയ ആവശ്യങ്ങൾ സംസ്ഥാന സർക്കാർ മുന്നോട്ടുവച്ചിട്ടുണ്ട്.

(സി) ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർ നിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്. അതുപ്രകാരം കെ.എസ്.ടി.പി. പദ്ധതി ഉപയോഗിക്കാതിരുന്ന 45 ദശലക്ഷം യു.എസ്. ഡോളർ പ്രളയാനന്തര പുനർ നിർമ്മാണത്തിന്റെ ഭാഗമായി റോഡുകൾ പുനർനിർമ്മിക്കുന്നതിന് ഉപയോഗിക്കാൻ അനുമതി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കുമേൽ ചുമത്തുന്ന ജി.എസ്.ടി.-ക്ക് മേൽ ഒരു ശതമാനം സെസ് ചുമത്താൻ അനുമതി ലഭിച്ചിട്ടുണ്ട്. ദേശീയ ദുരന്ത നിവാരണ പ്രതികരണനിധിയിൽനിന്നും 2,904.85 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. ലോക ബാങ്ക്, കെ.എഫ്.ഡബ്ല്യു. എന്നിവയിൽനിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

## ലൈഫ് മിഷൻ, ഹരിത കേരളം മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിച്ച തുക

30(4974) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലേറിയ ശേഷം ആരംഭിച്ച ലൈഫ് മിഷൻ, ഹരിത കേരളം മിഷൻ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി കഴിഞ്ഞ മൂന്നുവർഷം എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് ലഭിച്ചുവരുന്ന സേവനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ഉത്തരം

(എ) ലൈഫ് മിഷൻ പദ്ധതിയിൻകീഴിൽ സംസ്ഥാന ബഡ്ജറ്റ് വിഹിതമായും ഹഡ്കോ, സഹകരണ ബാങ്ക് എന്നിവിടങ്ങളിൽനിന്നുള്ള വായ്പായിനത്തിലുമായി ആകെ 2,085.82 കോടി രൂപ കഴിഞ്ഞ മൂന്നുവർഷം ചെലവഴിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായ 1,247.57 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി കഴിഞ്ഞ മൂന്നുവർഷം 13,61,02,529 (പതിമൂന്നുകോടി അറുപത്തിയൊന്ന് ലക്ഷത്തി രണ്ടായിരത്തി അഞ്ഞൂറ്റി ഇരുപത്തി ഒൻപത്) രൂപ മാത്രം ചെലവഴിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ അർഹരായ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹികക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ് ലൈഫ് മിഷൻ എന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നത്. 2000-01 മുതൽ 2015-16 സാമ്പത്തിക വർഷംവരെ വിവിധ സർക്കാർ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടും വ്യത്യസ്ത കാരണങ്ങളാൽ സ്വന്തമായി അടച്ചുറപ്പുള്ള ഒരു കിടപ്പാടം എന്ന സ്വപ്നം പൂർത്തീകരിക്കാൻ കഴിയാത്ത കുടുംബങ്ങൾക്ക് അവരുടെ സ്വപ്ന ഭവനങ്ങൾ യാഥാർത്ഥ്യമാക്കുക എന്നതാണ് ഒന്നാം ഘട്ടമായി ലൈഫ് മിഷൻ ഏറ്റെടുത്ത ദൗത്യം. ഒന്നാം ഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം 94% ഇതിനോടകം പൂർത്തികരിച്ചുകഴിഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേരിട്ടുള്ള ശ്രദ്ധയും ദുർബല വിഭാഗങ്ങൾക്ക് കൈത്താങ്ങും പ്രത്യേകമായി നൽകി ഒന്നാം ഘട്ടത്തിൽ ബാക്കിയുള്ള ഭവനങ്ങൾ പൂർത്തീകരിക്കാനുള്ള തീവ്രശ്രമം നടന്നുവരുന്നു.

ലൈഫ് മിഷന്റെ രണ്ടാംഘട്ട പ്രവർത്തനമായ ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണമാണ് ഇപ്പോൾ പുരോഗമിച്ചുവരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അർഹരായി കണ്ടെത്തിയ ഗുണഭോക്താക്കളിൽ നാളിതുവരെ 87050 ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ട് ഭവന നിർമ്മാണം ആരംഭിക്കുകയും 14627-ഓളം വീടുകൾ ഇതിനോടകം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള അർഹരായ ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ട് ഭവന നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ലൈഫ് മിഷന്റെ മൂന്നാം ഘട്ടമായ ഭൂരഹിത ഭവനരഹിതർക്ക് വീട് നൽകുന്നതിനുവേണ്ടി സർവ്വേയിൽ കണ്ടെത്തിയ 337416 ഗുണഭോക്താക്കളിൽ രേഖകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ അർഹരായിട്ടുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കേരളത്തിൽ സ്ഥലത്തിന്റെ ലഭ്യതക്കുറവുമൂലം ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് ഈ ഗുണഭോക്താക്കളെ പുനരധിവസിപ്പിക്കുന്നതിനാണ് ലൈഫ് മിഷൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ ഭാഗമായി 14 ജില്ലകളിലും പൈലറ്റായി ഓരോ ഭവന സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ കേരളത്തിലൊട്ടാകെ 56 ഭവന സമുച്ചയങ്ങൾകൂടി നിർമ്മിക്കുന്നതിന് കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളുടെ പരിശോധനയും നടന്നുവരുന്നു. ഇതിലേയ്ക്കായി പ്രോജക്ട് കൺസൾട്ടൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ മിഷൻ ക്ഷണിച്ചുകഴിഞ്ഞു. 2020 ഒക്ടോബർ 31-ഓടുകൂടി ഇവയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനാണ് ലൈഫ് മിഷൻ ലക്ഷ്യമിട്ടിട്ടുള്ളത്. അടിമാലി ഗ്രാമപഞ്ചായത്തിൽ മച്ചിപ്ലാവ് എന്ന സ്ഥലത്ത് ഭവനം ഫൗണ്ടേഷൻ നിർമ്മിച്ച ഏഴ് നിലകളിലായുള്ള 217 ഫ്ലാറ്റുകൾ 24.83 കോടി രൂപയ്ക്ക് ലൈഫ് മിഷൻ വിലയ്ക്ക് വാങ്ങുകയും അടിമാലി ഗ്രാമപഞ്ചായത്തിലെ ഭൂരഹിത ഭവനരഹിതരായ 473 ഗുണഭോക്താക്കളിൽ അർഹരായിട്ടുള്ള 150 കുടുംബങ്ങൾക്ക് ഫ്ലാറ്റുകൾ കൈമാറുകയും ചെയ്തു. ബാക്കിയുള്ള ഫ്ലാറ്റുകൾ കൈമാറുന്നതിനുള്ള നടപടികൾ മിഷൻ സ്വീകരിച്ചുവരുന്നു.

ഹരിതകേരളം മിഷൻ മറ്റ് വകുപ്പുകളുമായി സഹകരിച്ചും അവയെ ഏകോപിപ്പിച്ചും ജനകീയ സഹകരണം ഉറപ്പാക്കിക്കൊണ്ടും പൊതുജനങ്ങൾക്ക് നൽകിവരുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമിയും മണ്ണും ജലവും വായുവും മലിനമാക്കാതെ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ജലസാന്നിധ്യം സ്രോതസ്സുകളിൽ എല്ലാ സമയവും ഉറപ്പാക്കാൻ ആവശ്യമുള്ള പാരിസ്ഥിതിക പുനഃസ്ഥാപന പ്രവൃത്തികൾ കണ്ടെത്തി നിർവ്വഹിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾക്കും തദ്ദേശസ്വയംഭരണ സർക്കാർ സ്ഥാപനങ്ങൾക്കും സമൂഹത്തിനൊന്നാകെയും ആവശ്യമായ സഹായ സംവിധാനങ്ങൾ ഒരുക്കുന്നു.
- പാരിസ്ഥിതിക സുരക്ഷയും ഉൽപ്പാദനക്ഷമതയും സ്വയംപര്യാപ്തതയും ലക്ഷ്യമിട്ടുകൊണ്ടുള്ള സംയോജിത പദ്ധതികളുടെ രൂപീകരണം.
- ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിലെ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കൽ.
- ജനപങ്കാളിത്തത്തോടെ ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പാക്കൽ.

- മഴവെള്ള സംഭരണം വ്യാപകമാക്കൽ.
- ഭൂഗർഭജല സംപോഷണംഉറപ്പാക്കൽ.
- ഫലവൃക്ഷങ്ങൾ, വിവിധോദ്ദ്യേശ്യ മരങ്ങൾ, ഔഷധ സസ്യങ്ങൾ എന്നിവ വ്യാപകമായി വച്ചുപിടിപ്പിക്കൽ .
- ജൈവകൃഷി പരമാവധി പ്രോത്സാഹിപ്പിക്കൽ.
- തരിശുരഹിത കേരളം സൃഷ്ടിക്കൽ.

## കൊല്ലം ജില്ലയിൽ ഹരിതകേരളം മിഷൻ

31(4975) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകേരളം മിഷൻ വഴി കൊല്ലം ജില്ലയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നു;

(ബി) പ്രവൃത്തികളുടെ അടങ്കൽ തുകയും പുരോഗതിയും വിശദമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## സി.ഡബ്ല്യൂ.ആർ.ഡി.എം.-നായി ഭൂമി നൽകിയവർക്ക് ജോലി

32(4976) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലുള്ള സി.ഡബ്ല്യൂ.ആർ.ഡി.എം. സ്ഥാപിക്കുന്നതിന് ഭൂമി നൽകിയവരുടെ ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതി പ്രകാരം ഇതുവരെ എത്ര പേർക്ക് ജോലി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇവരുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) അത്തരത്തിൽ സ്ഥലം നഷ്ടപ്പെട്ട ആലിക്കുട്ടിയുടെ മകൾ ജമീല, മോതിയുടെ മകൻ സാദിഫലി പി.എം. എന്നിവർക്ക് നാളിതുവരെ ജോലി ലഭ്യമാക്കിയിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അവർക്ക് എന്നത്തേയ്ക്ക് ജോലി നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വ്യക്തികൾക്ക് ജോലി നൽകുന്നത് സംബന്ധിച്ച ഫയലിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) 21 പേർക്ക് ജോലി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 27-07-1983-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 899/83/LBR പ്രകാരം ഭൂമി നൽകിയവർ ജീവിച്ചിരിപ്പില്ലെങ്കിലോ പ്രായപരിധി കഴിഞ്ഞാലോ ടിയാൾക്കാരുടെ താഴെപ്പറയുന്ന ബന്ധുക്കളെ പരിഗണിക്കാവുന്നതാണ്.

- വിധവ/വിഭാര്യൻ
- മകൻ
- മകൾ
- സഹോദരൻ
- സഹോദരി

ശ്രീമതി ജമീല, ശ്രീ. മോതി എന്നിവർ ഭൂമി വിട്ടുനൽകിയവരുടെ ആശ്രിതരായതിനാൽ സി.ഡബ്ല്യൂ.ആർ.ഡി.എം.-ൽ ജോലി നൽകുന്നതിനായി പരിഗണനാർഹരായിരുന്നു. എന്നാൽ ഇവർ നിയമനത്തിനായുള്ള പ്രായപരിധി കഴിഞ്ഞവരാണ്. ആയതിനാൽ ടിയാൾക്കാർക്ക് ജോലി നൽകാൻ നിർവ്വാഹമില്ല. ശ്രീ. സാദിഖ് അലി, ഭൂമി നൽകിയ വ്യക്തിയുടെ മകന്റെ (ശ്രീ. മോതി) മകൻ ആയതുകൊണ്ട് 27-07-1983-ലെ സർക്കാർ ഉത്തരവ് (സാധാ)നം.899/83/LBR പ്രകാരം ടിയാന് ജോലി നൽകുന്ന വിഷയം പരിഗണനാർഹമല്ല. കൂടാതെ സാദിഖ് അലിയുടെ പേര് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നാമനിർദ്ദേശം ചെയ്തിട്ടുമില്ല.

(ഡി) ഫയലിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**വൈറോളജി ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണ പുരോഗതി**

33(4977) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈറോളജി ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) വിവിധയിനം വൈറസുകളുടെ പരിശോധന, ഗവേഷണം എന്നിവ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) വൈറസ് രോഗ പരിശോധനയ്ക്കായി മറ്റുസംസ്ഥാനങ്ങളിലെ സ്ഥാപനങ്ങളെ ആശ്രയിക്കുന്ന രീതിക്ക് മാറ്റം വരുത്തുന്നതിന് കേന്ദ്ര സഹായവും സംസ്ഥാന വിഹിതവും ലഭ്യമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം വിശദീകരിക്കാമോ; ഈ ഇൻസ്റ്റിറ്റ്യൂട്ട് ഏതു വകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) കേരളത്തിൽ ലോക നിലവാരത്തിലുള്ള ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുകയും തിരുവനന്തപുരത്ത് തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുകയും ചെയ്തു. ഇതിന്റെ രണ്ടാംഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ഗ്ലോബൽ വൈറസ് നെറ്റ്‌വർക്ക് (GVN) എന്ന സംഘടനയിൽ അംഗത്വമെടുക്കാനുള്ള പ്രക്രിയകൾ പുരോഗമിക്കുകയാണ്. പ്രഗത്ഭരായ വൈറോളജിസ്റ്റുകളെ കണ്ടെത്തി നിയമനം നടത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആവശ്യമായ ഉപകരണങ്ങൾ വാങ്ങാനുള്ള നടപടി പുരോഗമിക്കുകയാണ്. ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്ക് അനിവാര്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ സജ്ജീകരിക്കുന്നത് ആരോഗ്യ രംഗത്തെ പുരോഗതിക്കും വൈറസ് മൂലമുള്ള പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിനുമുള്ള സജ്ജീകരണങ്ങളാണ്. രോഗനിർണ്ണയം, വൈറസിന്റെ ജനിതുകളുടെ വിശകലനം, ബൃഹത്തായ ഗവേഷണ നിരീക്ഷണങ്ങൾ നടത്താനുള്ള ആധുനിക സജ്ജീകരണങ്ങൾ എന്നിവ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ ഉണ്ടാകും. സമയബന്ധിതമായി പകർച്ചവ്യാധികൾ നേരിടാൻ ഈ സ്ഥാപനത്തിന്റെ പ്രവർത്തനം സഹായകരമാവുകയും പൂനെയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിൽ സാമ്പിളുകൾ അയച്ച് നിർണ്ണയം നടത്താൻ എടുക്കുന്ന കാലതാമസം ഒഴിവാക്കാനും സാധിക്കും. കേരളത്തിലെ മെഡിക്കൽ കോളേജുകളും ആശുപത്രികളും തമ്മിൽ

ബന്ധിപ്പിക്കുന്ന ആധുനിക നെറ്റ്‌വർക്കിംഗ് സംവിധാനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ സജ്ജീകരിക്കുന്നതുവഴി കേരളത്തിലെ വിടെയെങ്കിലും ഏത് അടിയന്തര സാഹചര്യമുണ്ടായാലും ജനങ്ങളെ ബോധവൽക്കരിക്കാനും ത്വരിതമായി നേരിടാനും സാധിക്കുന്നതാണ്. ഗ്ലോബൽ വൈറസ് നെറ്റ്‌വർക്കിന്റെ ഭാഗമാകുന്നതുവഴി ലോകപ്രശസ്തരായ വൈറോളജിസ്റ്റുകളുടെ സേവനവും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിവഴി നമ്മുടെ ആരോഗ്യ മേഖലയ്ക്ക് ലഭ്യമാകും.

(സി) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി എന്ന സ്ഥാപനം തികച്ചും സംസ്ഥാന സർക്കാരിന്റെ ഫണ്ടുപയോഗിച്ച് സജ്ജമാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. സ്ഥാപനം പ്രവർത്തനനിരതമാകുന്ന മുറയ്ക്ക് കേന്ദ്ര സഹായവും അന്താരാഷ്ട്ര സ്ഥാപനങ്ങളുടെ സഹായവും ആവശ്യാനുസരണം തേടുന്നതാണ്.

(ഡി) ഗ്ലോബൽ വൈറസ് നെറ്റ്‌വർക്ക് (GVN)-ന്റെ അംഗമാവുകവഴി ഇൻസ്റ്റിറ്റ്യൂട്ടിന് മറ്റ് 41 GVN സെന്ററുകളുമായി നെറ്റ്‌വർക്ക് നടത്താനും ആഗോള തലത്തിലുള്ള വൈറസ് രോഗങ്ങളെപ്പറ്റി ആശയവിനിമയം നടത്താനും രോഗനിർണ്ണയം നടത്താനും സാധിക്കും. ക്രമേണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ഒരു ഗ്ലോബൽ വൈറസ് നെറ്റ്‌വർക്ക് സെന്ററാകുന്നതുവഴി ഗവേഷണ രംഗത്തെ നൂതന പരിഷ്കാരങ്ങളും ഗവേഷണ വിവരങ്ങളും ഫലങ്ങളും സംയോജിതമായി വൈറസ് മൂലമുള്ള സാംക്രമിക രോഗങ്ങളെ ചെറുക്കാൻ സാധിക്കുന്നതാണ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ ആദ്യം പ്രവർത്തനമാരംഭിക്കുന്നത് ഡയഗ്നോസ്റ്റിക് ഫെസിലിറ്റിയാണ്. മോളിക്യുലർ ഡയഗ്നോസ്റ്റിസ് ത്വരിതഗതിയിൽ വൈറസുകളെ കണ്ടെത്താൻ സഹായിക്കുന്നു. ഇതിനായി എലിസ (ELISA), ഇലക്ട്രോൺ മൈക്രോസ്കോപ്പി, ഹൈ ത്രൂപുട്ട് റിയൽ ടൈം പി.സി.ആർ., നെക്സ്റ്റ് ജനറേഷൻ സെക്യുവെൻസിംഗ് ഫെസിലിറ്റി എന്നീ സംവിധാനങ്ങൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉണ്ടാകും. WHO നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളോടുകൂടി ഏറ്റവും കുറഞ്ഞ സമയത്തിൽ രോഗനിർണ്ണയം നടത്താനാകും. അത്യാധുനിക രോഗനിർണ്ണയവും രോഗാണുക്കളുടെ (വൈറസുകളെയും ബാക്ടീരിയകളെയും) ജനിതക ഘടനയിൽ അധിഷ്ഠിതമായ തിരിച്ചറിയലിനുമുള്ള സജ്ജീകരണങ്ങൾ ഇവിടെയുണ്ടാകും. വൈറസുകളുടെ ജനിതക ഘടന കണ്ടുപിടിക്കാനുള്ള നെക്സ്റ്റ് ജനറേഷൻ സീക്വൻസിംഗ് ഫെസിലിറ്റിയും ഇവിടെയുണ്ടാകും. ഇതിൽക്കൂടി കേരളത്തിലെവിടെയും പകർച്ചവ്യാധികളുണ്ടായാൽ തത്സമയം നിർണ്ണയം നടത്തുകവഴി നിപ പോലുള്ള മാരക പ്രഹരശേഷിയുള്ള വൈറസുകളെ ത്വരിതഗതിയിൽ ചെറുക്കാൻ സാധിക്കും.

കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയുടെ ബഹുമുഖമായ ഗവേഷണ പ്രക്രിയകൾ വൈറസുകളുടെ ജനിതകമാറ്റവും വൈറസ് വാഹകരായ കൊതുകുകൾ, മറ്റു ജന്തുക്കൾ (പക്ഷികൾ, വവ്വാലുകൾ, പന്നികൾ) എന്നിവയുടെ പങ്ക് നിരീക്ഷിച്ച് വൈറസുകൾ പകരുന്നത് തടയാനും സാധിക്കും. 8 ലബോറട്ടറികളാണ് സ്ഥാപനത്തിൽ ഉണ്ടാവുക. വൈറസുകളെപ്പറ്റി സമഗ്രമായ പഠനത്തിനും അവയുടെ ജനിതക ഘടന മനസ്സിലാക്കുന്നതിനും മനുഷ്യ ശരീരത്തിൽ വൈറസുകൾ പ്രവേശിക്കുമ്പോൾ ഉണ്ടാകുന്ന വ്യതിയാനങ്ങൾ, വൈറസ് സംക്രമണം നടത്തുന്ന കൊതുക് മുതലായ വൈറസ് വാഹികളായ ജീവികളെപ്പറ്റിയുള്ള പഠന സംവിധാനങ്ങൾ ലബോറട്ടറികളിൽ ഉണ്ടാകും. കൂടാതെ വൈറസ് സുരക്ഷാ മാനദണ്ഡങ്ങൾ BSL 3 Facility Level ആണ് സജ്ജമാക്കുന്നത്.

കേരളത്തിലെ മെഡിക്കൽ കോളേജുകളും ആശുപത്രികളും തമ്മിൽ ബന്ധിപ്പിക്കുന്ന ആധുനിക നെറ്റ്‌വർക്കിംഗ് സംവിധാനം സജ്ജീകരിക്കുന്നതുവഴി ഏത് അടിയന്തര സാഹചര്യവും കേരളത്തിലെവിടെയെങ്കിലും ഉണ്ടായാൽ ജനങ്ങളെ ബോധവൽക്കരിക്കാനും ത്വരിതമായി നേരിടാനും സാധിക്കുന്നതാണ്. ഇൻസ്റ്റിറ്റ്യൂട്ട് ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്.

## സി-ഡിറ്റിന്റെ സാമ്പത്തിക പ്രതിസന്ധി

34(4978) <u>ശ്രീ. ഷാഫി പറമ്പിൽ:</u>
<u>ശ്രീ. അൻവർ സാദത്ത്:</u>
<u>ശ്രീ. റോജി എം. ജോൺ:</u>
<u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റ് നിലവിൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ;എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രൊഫഷണൽ/മാനേജ്മെന്റ് യോഗ്യതകൾ സിദ്ധിച്ച ജീവനക്കാർ സി-ഡിറ്റിൽ ഉള്ളപ്പോൾ സർവ്വീസിൽ നിന്നും വിരമിച്ചവരെ നിയമിക്കുന്നത് വമ്പിച്ച ബാധ്യതയുണ്ടാക്കുന്നതിനാൽ ഇക്കാര്യം പുനഃപരിശോധിക്കുമോ;

(സി) നിലവിൽ സി-ഡിറ്റിൽ സർവ്വീസിൽ നിന്നും വിരമിച്ച എത്ര പേർക്ക് പുനർനിയമനം നൽകിയിട്ടുണ്ട്; ഏതൊക്കെ തസ്തികയിലെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സി-ഡിറ്റിന് നിലവിൽ സാമ്പത്തിക പ്രതിസന്ധിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) സി-ഡിറ്റിലെ രജിസ്ട്രാർ തസ്തികയിലേയ്ക്ക് പുതിയ നിയമന പരിപടികൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ തസ്തിക ഒഴിഞ്ഞുകിടക്കുന്ന സാഹചര്യം സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്നത് കണക്കിലെടുത്ത് രജിസ്ട്രാർ തസ്തികയിൽനിന്നും വിരമിച്ച ശ്രീ. ജി. ജയരാജിന് 1-3-2019 മുതൽ 31-5-2019 വരെ രജിസ്ട്രാറായി പുനർ നിയമനം നൽകിയിരുന്നു. സി-ഡിറ്റ് സർവ്വീസിൽനിന്നും വിരമിച്ച മറ്റാർക്കും നിലവിൽ സി-ഡിറ്റിൽ പുനർ നിയമനം നൽകിയിട്ടില്ല.

## സി-ഡിറ്റിൽ ധനകാര്യ വിജിലൻസ് സംവിധാനം

35(4979) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടിക്കണക്കിന് രൂപയുടെ അക്കൗണ്ട്സ് കൈകാര്യം ചെയ്യുന്ന സി-ഡിറ്റിൽ ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് മേധാവിയായി ആരെയാണ് നിയമിച്ചിട്ടുള്ളതെന്നും പ്രസ്തുത ഉദ്യോഗസ്ഥന്റെ യോഗ്യത എന്തൊക്കെയാണെന്നും വെളിപ്പെടുത്തുമോ;

(ബി) മലയാള ഭാഷാ വിദഗ്ധനെ ഈ തസ്തികയുടെ ചുമതല നൽകിയത് ഏത് സാഹചര്യത്തിലാണ്; വ്യക്തമാക്കാമോ;

(സി) സി-ഡിറ്റിന് ലഭിച്ച പ്രോജക്ടുകൾ മറ്റ് സ്വകാര്യ ഏജൻസികൾക്ക് പുറംകരാർ നൽകുന്നതിനുള്ള വ്യവസ്ഥകളും സാമ്പത്തിക ഇടപാടുകളും പരിശോധിച്ച് അംഗീകാരം നൽകുന്നതിനായി ഒരു ധനകാര്യ വിജിലൻസ് സംവിധാനത്തിന് സി-ഡിറ്റിൽ രൂപം നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) സി-ഡിറ്റിലെ ഡെലിഗേഷൻ ഓഫ് പവേഴ്സ് പ്രകാരം എല്ലാ പ്രവർത്തനാധികാരങ്ങളും രജിസ്ട്രാറിൽ നിക്ഷിപ്തമാണ്. എന്നാൽ അക്കൗണ്ടിന്റെ ചുമതലയുടെ സീനിയർ മാനേജർ (ഫിനാൻസ് ആന്റ് അക്കൗണ്ട്സ്)-ന്റെ അധിക ചുമതല താൽക്കാലികമായി ഡോ. വി. ഗോവിന്ദരുവിനാണ് നൽകിയിട്ടുള്ളത്. ഡോ. വി. ഗോവിന്ദരു സയൻസിൽ ഡോക്ടറേറ്റ് നേടിയിട്ടുള്ളയാളാണ്.

(ബി) മലയാള ഭാഷാ വിദഗ്ധന് ചുമതല നൽകിയിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## പരിസ്ഥിതി കോൺഗ്രസ്

36(4980) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പരിസ്ഥിതി കോൺഗ്രസ് എവിടെ വച്ചാണ് സംഘടിപ്പിച്ചത്; ഇതിനായി ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത പരിപാടി നടത്തിയതിന്റെ കണക്കുകൾ ക്രമീകരിച്ചിട്ടുണ്ടോ; ആയത് ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ;

(സി) പരിസ്ഥിതി കോൺഗ്രസിനായി അനുവദിയ്ക്കപ്പെട്ടതും പരിസ്ഥിതി കാലാവസ്ഥാവ്യതിയാന വകുപ്പിലെ വിവിധ പ്രോജക്ടുകൾക്ക് ലഭിച്ചതുമായ സർക്കാർ ഫണ്ട് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഏതെങ്കിലും ഉദ്യോഗസ്ഥന്റെ സ്വകാര്യ അക്കൗണ്ടിൽ നിക്ഷേപിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ സ്വീകരിച്ച നടപടി അറിയിക്കുമോ?

### ഉത്തരം

(എ) 2018 മാർച്ച് 20 മുതൽ 22 വരെ എനർജി മാനേജ്മെന്റ് സെന്റർ, ശ്രീകാര്യം, തിരുവനന്തപുരത്തുവച്ച് കേരള എൻവയോൺമെന്റ് ആന്റ് ക്ലൈമറ്റ് ചേഞ്ച് കോൺഗ്രസ് നടത്തുകയുണ്ടായി. ഇതിലേയ്ക്കായി ആകെ 7,43,176 രൂപ ചെലവായിട്ടുണ്ട്. ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഭക്ഷണം, താമസം - 2,74,728

യാത്രാചെലവ് - 1,39,885

ഗിഫ്റ്റ്, മൊമെന്റോ - 2,12,549

പ്രിന്റിംഗ്, ഫോട്ടോ, വീഡിയോ - 78,950

മറ്റ് ചെലവുകൾ - 37,064

(ബി) ഉണ്ട്. പ്രസ്തുത പരിപാടി നടത്തിയതിന്റെ മുഴുവൻ ബില്ലുകളും ട്രഷറിയിൽ ഹാജരാക്കി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് തുക കൈമാറിയിട്ടുണ്ട്. ഈ കാര്യാലയത്തിൽ 2019 ജനുവരി 31 വരെയുള്ള ധനവിനിയോഗം അക്കൗണ്ടന്റ് ജനറൽ ഓഡിറ്റിംഗ് നടത്തിയിട്ടുമുണ്ട്.

(സി) പരിസ്ഥിതി കോൺഗ്രസിനായി അനുവദിക്കപ്പെട്ടതും പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിലെ വിവിധ പ്രോജക്ടുകൾക്ക് ലഭിച്ചതുമായ സർക്കാർ ഫണ്ട് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഒരു ഉദ്യോഗസ്ഥന്റെയും പേരിലുള്ള സ്വകാര്യ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടില്ല. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ അക്കൗണ്ടിലേയ്ക്കാണ് തുക കൈമാറിയിട്ടുള്ളത്.

## ക്വാറികളും ക്രഷറുകളുംമൂലമുള്ള പരിസര മലിനീകരണം

37(4981) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങോം-വയക്കര ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽപെട്ട പെലേന, മടക്കാംപെയിൻ പ്രദേശത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായി കരിങ്കൽ ക്വാറികളും ക്രഷറുകളും പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഭീമമായ അളവിൽ ഭൂഗർഭജലം ഊറ്റിയെടുത്തുകൊണ്ടുള്ള ക്രഷറുകളുടെ പ്രവർത്തനം മൂലം ഉണ്ടായിട്ടുള്ള ജലദൗർലഭ്യം, പരിസരമലിനീകരണം എന്നിവ സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരാതി ലഭിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കുന്നതിനായി പരാതി കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിന് കൈമാറിയിട്ടുണ്ട്.

## ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ നടപടി

38(T+ 4982) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് നിലവിൽ നിയമമുണ്ടോ; ഉണ്ടെങ്കിൽ ആയതിനെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല മലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം, 1974 പ്രകാരം കേരള സംസ്ഥാന

+ "T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. ജലമലിനീകരണത്തിന് കാരണമാകുന്ന സ്ഥാപനങ്ങളെ ജലനിയമപ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. ഇത്തരം സ്ഥാപനങ്ങളെ അടച്ചുപൂട്ടുന്നതിനും നഷ്ടപരിഹാരം ഈടാക്കുന്നതിനും ടി നിയമത്തിൽ വ്യവസ്ഥയുണ്ട്. വ്യവസായ മലിനീകരണത്തിനെതിരെ ഫലപ്രദമായ നിയന്ത്രണ സംവിധാനം നിലവിലുണ്ട്. ജലാശയങ്ങളിലും മറ്റും അനധികൃതമായി മാലിന്യങ്ങൾ വലിച്ചെറിയുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇതുസംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേനയാണ്.

**കാലാവസ്ഥാ വ്യതിയാനം അടിസ്ഥാനമാക്കി കർമ്മ പദ്ധതികൾ**

39(4983) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള കാലാവസ്ഥാ വ്യതിയാനത്തിന്റെയും സംസ്ഥാനത്തിന്റെ മാറിവരുന്ന ഭൂപ്രകൃതി സവിശേഷതകളുടെയും പശ്ചാത്തലത്തിൽ ഇവ പരിഗണനയിലെടുത്തുകൊണ്ട് കാലാവസ്ഥാ നിരീക്ഷണം, ദുരന്തനിവാരണം എന്നീ മേഖലകളിൽ എന്തെങ്കിലും കർമ്മ പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) കാലാവസ്ഥാ ശാസ്ത്രജ്ഞരുടെയും പരിസ്ഥിതി വിദഗ്ദ്ധരുടെയും അഭിപ്രായങ്ങൾ അപഗ്രഥിച്ച് സമഗ്രമായ ഡാം മാനേജ്മെന്റ്, ഫ്ലഡ് ഏരിയ മാപ്പിങ്, ദുരന്തനിവാരണ മോണിറ്ററിങ് എന്നിവ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര ദുരന്ത ലഘൂകരണ പദ്ധതി പ്രകാരം കേന്ദ്ര കാലാവസ്ഥാ വകുപ്പിൽ നിക്ഷിപ്തമായ ചുമതലയായ സംസ്ഥാനത്തെ കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കാനും മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്താനും 256 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കാനും കേന്ദ്ര കാലാവസ്ഥാ

വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 100 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കുന്നതിനുള്ള സന്നദ്ധത കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചിട്ടുണ്ട്. അതിൽ 35 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുകയും ബാക്കി 65 എണ്ണം സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തിയുംവരുന്നു. സംസ്ഥാനത്ത് ഒരു റഡാർ കൂടി കോഴിക്കോട്-വയനാട് അതിർത്തിയിൽ സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ 10 തീർത്ഥാടന/ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികളും ഡിസ്പ്ലേ ബോർഡും സ്ഥാപിക്കാൻ കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് ആവശ്യപ്പെട്ടു. ഇവയ്ക്ക് പുറമേ 39 മാനുവൽ മഴമാപിനികൾ സ്ഥാപിക്കാൻ കേന്ദ്ര കാലാവസ്ഥാ വകുപ്പ് സ്ഥലം ആവശ്യപ്പെട്ടതനുസരിച്ച് ഇവ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഐ.എസ്.ആർ.ഒ.-യുടെ 65 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികളും പ്രവർത്തനക്ഷമമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രളയ സാധ്യതാ ഭൂപടം പരിഷ്കരിക്കുന്നതിനും ദുരന്ത നിവാരണ മോണിറ്ററിംഗ് നടത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## പൊല്യൂഷൻ കൺട്രോൾ ബോർഡ് തൃശ്ശൂർ ഡിവിഷൻ ഓഫീസ്

40(4984) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഡിവിഷൻ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ഓഫീസ് പറവട്ടാനിയിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) മലിനീകരണ നിയന്ത്രണ ബോർഡിന്റെ തിരുവനന്തപുരത്തെ കാര്യാലയത്തിൽ നിന്നും ഇക്കാര്യത്തിൽ അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഈ വിഷയം സംബന്ധിച്ച് മുഖ്യമന്ത്രിയുടെ ഓഫീസിലെ 23-3-2019-ലെ ജി-190203245/19/സി.എം.ഒ. നമ്പർ പ്രകാരം പൊല്യൂഷൻ കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറിയ്ക്ക് നൽകിയ നിർദ്ദേശത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ഓഫീസ് പറവട്ടാനിയിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(ബി) അനുമതി നൽകിയിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലാ കാര്യാലയം പ്രവർത്തിച്ചിരുന്ന പഴയ കെട്ടിടത്തിന്റെ ഉടമ അമിതമായ വെള്ളക്കരം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള നടപടികൾ മലിനീകരണ നിയന്ത്രണ ബോർഡിൽ സ്വീകരിച്ചുവരുന്നു.

## മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങളുടെ പഠനം

41(4985) ശ്രീ. പി. കെ. ബഷീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ മറ്റ് രാജ്യങ്ങളിലെ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ പഠിക്കുന്നതിനുവേണ്ടി ആരെല്ലാമാണ് വിദേശ രാജ്യങ്ങൾ സന്ദർശിച്ചത്;

(ബി) എങ്കിൽ അവർ സമർപ്പിച്ച റിപ്പോർട്ട് എന്തായിരുന്നു; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ആയതിന്റെ അടിസ്ഥാനത്തിൽ എന്തു നടപടികൾ സ്വീകരിച്ചു; വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ശുചിത്വമിഷൻ ആരംഭിച്ചത് എന്ത് ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുവേണ്ടിയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) നാളിതുവരെയായി എന്തെല്ലാം പ്രവർത്തനങ്ങളാണ് മാലിന്യ സംസ്കരണത്തിനും മാലിന്യനിർമ്മാർജ്ജനത്തിനുമായി ശുചിത്വ മിഷൻ കൈക്കൊണ്ടിട്ടുള്ളത്;

(ഇ) സംസ്ഥാനം മാലിന്യക്കൂമ്പാരമായി മാറുകയും തന്മൂലം പലതരം പകർച്ചവ്യാധികൾ പടർന്ന് പിടിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പൂർണ്ണമായും എല്ലാ മാലിന്യങ്ങളും സംസ്കരിക്കുന്നതിനു വേണ്ടി എന്തെല്ലാം പദ്ധതികളാണ് ശുചിത്വ മിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) മാലിന്യ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) ഈ സർക്കാർ കാലയളവിൽ മറ്റ് രാജ്യങ്ങളിലെ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ പഠിക്കുന്നതിന് ആരും വിദേശ രാജ്യങ്ങൾ സന്ദർശിച്ചിട്ടില്ല.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ-മാലിന്യ സംസ്കരണ മേഖലകളിൽ സാങ്കേതികവും നിർവ്വഹണവും സംബന്ധിച്ച പിന്തുണ നൽകാനാണ് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ശുചിത്വ മിഷൻ സ്ഥാപിതമായത്. ശുചിത്വ-മാലിന്യ സംസ്കരണ മേഖലകളിൽ ആശയ രൂപീകരണം, കർമ്മപരിപാടികൾ ആസൂത്രണം ചെയ്യൽ, സൃഷ്ടിപരമായ ശിൽപ്പശാലകൾ, പരിശീലനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ, മേഖലാ സംബന്ധിയായ പഠന ഗവേഷണങ്ങൾ, സന്ദർഭോചിതമായ പ്രസിദ്ധീകരണങ്ങൾ തുടങ്ങി മാലിന്യസംസ്കരണ മേഖലയിലെ മറ്റ് പ്രവർത്തനങ്ങളും ശുചിത്വ മിഷന്റെ ഉത്തരവാദിത്വങ്ങളിൽപ്പെടുന്നു. ഇതിന് പുറമെ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) കമ്മ്യൂണിക്കേഷൻ & കപ്പാസിറ്റി ഡെവലപ്മെന്റ് യൂണിറ്റ് (സി.സി.ഡി.യു.) എന്നിവ നടപ്പിലാക്കാനുള്ള സംസ്ഥാന നോഡൽ ഏജൻസിയായും മിഷൻ പ്രവർത്തിച്ചുവരുന്നു. ഹരിതകേരളം മിഷന്റെ ഭാഗമായി ശുചിത്വ മാലിന്യ സംസ്കരണ മേഖലകളിൽ നിർദ്ദേശിച്ചിട്ടുള്ള കർമ്മ പരിപാടികളുടെ നിർവ്വഹണ ഏജൻസിയും ശുചിത്വ മിഷനാണ്.

(ഡി)

- ഉറവിട ജൈവമാലിന്യ സംസ്കരണം: സ്ഥാപന തലത്തിലും സാമൂഹ്യതലത്തിലും കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ എന്നിവ ശുചിത്വ മിഷന്റെ സാങ്കേതിക സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്നു.
- പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ഓരോ വീട്ടിൽനിന്നും സ്ഥാപനത്തിൽനിന്നും ശേഖരിക്കുന്നതിന് ഹരിത കർമ്മസേന സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും രൂപീകൃതമായി. 603 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിച്ചിട്ടുണ്ട്. നിലവിൽ 505 എം.സി.എഫ്.-കൾ പ്രവർത്തനം ആരംഭിക്കുകയും 174 എണ്ണം നിർമ്മാണഘട്ടത്തിലുമാണ്. സംസ്ഥാനത്ത് ആദ്യഘട്ടത്തിൽ ആവശ്യമുള്ള 263 ആർ.ആർ.എഫ്-കളിൽ നാളിതുവരെ 107 എണ്ണം പ്രവർത്തനമാരംഭിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പദ്ധതി നിർവ്വഹണത്തിൽ സഹായിക്കുന്നതിന് സാങ്കേതിക പരിജ്ഞാനവും പ്രവർത്തന മികവുമുള്ള 2 അക്രെഡിറ്റഡ് ഏജൻസികൾ, 120 സേവനദാതാക്കൾ, 36 ഹരിതസഹായ സ്ഥാപനങ്ങൾ എന്നിവരുടെ സേവനവും ശുചിത്വ മിഷൻ ലഭ്യമാക്കിയിട്ടുണ്ട്.

- 2016 നവംബർ 1-ന് രാജ്യത്തെ വലിയ സംസ്ഥാനങ്ങളിൽ ആദ്യമായി വെളിയിട വിസർജ്ജ്യമുക്തമായി കേരളത്തെ പ്രഖ്യാപിക്കാൻ സാധിച്ചു. ആദിവാസി മേഖലകൾ, വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിൽ 174720 ശൗചാലയങ്ങൾ പുതുതായി നിർമ്മിച്ചു. 152 ബ്ലോക്കുകളും 941 ഗ്രാമപഞ്ചായത്തുകളും വെളിയിട വിസർജ്ജ്യമുക്തമായി പ്രഖ്യാപിച്ചു. നഗരപ്രദേശങ്ങളിൽ കൊച്ചി കോർപ്പറേഷനിലെ ഒരു വാർഡ് ഒഴികെ എല്ലാ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും ഇതിനോടകം വെളിയിട വിസർജ്ജ്യമുക്തമായി മാറിയിട്ടുണ്ട്.

- എല്ലാ ജില്ലകളിലും ഒരു ആശുപത്രി തെരഞ്ഞെടുത്ത് സ്വീവേജ് സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി 2018-ൽ ശുചിത്വ മിഷന്റെ സാങ്കേതിക/ സാമ്പത്തിക പിന്തുണയോടെ ആരംഭിച്ചു.

- ആലപ്പുഴ കനാലുകളുടെ നവീകരണത്തിന്റെ ഭാഗമായുള്ള പൈലറ്റ് പദ്ധതിയിൽ കനാലിന്റെ ഇരുവശവുമുള്ള വീടുകളിൽനിന്നുള്ള മലിനജലം സംസ്കരിക്കുന്നതിനുവേണ്ടി വികേന്ദ്രീകൃത മാതൃകയിൽ 140 കെ.എൽ.ഡി., 150 കെ.എൽ.ഡി. സംസ്കരണ ശേഷിയുള്ള രണ്ട് സ്വീവേജ് ട്രീറ്റ്മെന്റ് പദ്ധതികൾക്ക് അനുമതി ലഭ്യമാക്കി. ഇതിൽ 140 കെ.എൽ.ഡി. സംസ്കരണശേഷിയുള്ള പ്ലാന്റിന്റെ പണി 80 ശതമാനത്തോളം പൂർത്തിയായി.

- ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് ജനങ്ങളിൽ ഉണ്ടാകേണ്ട മാതൃകാപരമായ ശൈലി മാറ്റങ്ങളെക്കുറിച്ചും പൊതുജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനും സാധ്യമായ എല്ലാ മാർഗ്ഗങ്ങളിലൂടെയുമുള്ള പ്രചരണ പരിപാടികൾ സംഘടിപ്പിച്ചു.

- ഗ്രീൻ പ്രോട്ടോക്കോൾ എന്ന പരിസ്ഥിതി സൗഹൃദ ആശയം പ്രചരിപ്പിക്കുന്നതിന് ശുചിത്വ മിഷൻ മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു.

(ഇ) മഴക്കാല പൂർവ്വ ശുചീകരണം (ആരോഗ്യ ജാഗ്രത) – ശുചിത്വ മിഷൻ, എൻ.എച്ച്.എം., തനത് ഫണ്ട് എന്നിവ ഉപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ എല്ലാ വർഷവും നടത്തിവരുന്നു. ഖര-ദ്രവ മാലിന്യ സംസ്കരണത്തിന് സാങ്കേതിക-സാമ്പത്തിക സഹായം നൽകി തദ്ദേശ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണത്തിനായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ശുചിത്വമിഷൻ നേതൃത്വം നൽകിവരുന്നു.

കൂടാതെ ചുവടെ ചേർക്കുന്ന പദ്ധതികൾവഴി മാലിന്യ സംസ്കരണത്തായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ശുചിത്വ കേരളം (റൂറൽ)

ശുചിത്വ കേരളം (നഗരം)

സ്വച്ഛ്ഭാരത് മിഷൻ (ഗ്രാമീൺ)

സ്വച്ഛ്ഭാരത് മിഷൻ (അർബൻ)

(എഫ്) മാലിന്യ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് പ്രാദേശിക സാഹചര്യങ്ങൾക്കനുസരിച്ചുള്ള വികേന്ദ്രീകൃതവും കേന്ദ്രീകൃതവുമായ ഖര-ദ്രവ മാലിന്യ പരിപാലന പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

- നിലവിൽ 67% മുനിസിപ്പാലിറ്റികളിലും 51% ഗ്രാമപഞ്ചായത്തുകളിലും ഭാഗികമായെങ്കിലും വേർതിരിക്കൽ നടന്നുവരുന്നു. ഇത് 100 ശതമാനം എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- നിലവിൽ ദിവസേന ഉൽപ്പാദിപ്പിക്കപ്പെടുന്ന 7734 ടൺ ജൈവ മാലിന്യത്തിൽ 3494 ടൺ വീടുകളിലും സ്ഥാപനങ്ങളിലും കമ്മ്യൂണിറ്റി തലങ്ങളിലുമായി സംസ്കരിക്കപ്പെടുന്നു. ഉൽപ്പാദിപ്പിക്കപ്പെടുന്ന ജൈവ മാലിന്യത്തിന്റെ 45% വരും ഇത്. 13,09,478 ഗാർഹികതല കമ്പോസ്റ്റിംഗ്/ബയോമെഥനേഷൻ യൂണിറ്റ് സ്ഥാപിക്കാനുള്ള പ്രോജക്ടുകൾ നടപ്പിലാക്കിവരുന്നു. ഇതിലൂടെ മാലിന്യ സംസ്കരണശേഷി 71 ശതമാനമായി (അതായത് ദിവസേന 5491 ടൺ) ഉയർത്താനാകും.

- വാതിൽപ്പടി അജൈവമാലിന്യ ശേഖരണം (Door Collection) നിലവിൽ 67 നഗരസഭകളിലും 51% ഗ്രാമപഞ്ചായത്തുകളിലും ഭാഗികമായെങ്കിലും നടന്നുവരുന്നു.

- പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ ഓരോ വീട്ടിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ശേഖരിക്കുന്നതിന് ഹരിത കർമ്മസേന സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഹരിത കർമ്മസേന രൂപീകൃതമായി. 603 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിച്ചിട്ടുണ്ട്. നിലവിൽ 505 എം.സി.എഫ്.-കൾ പ്രവർത്തനം ആരംഭിക്കുകയും 174 എണ്ണം നിർമ്മാണഘട്ടത്തിലുമാണ്. ആകെ 263 ആർ.ആർ.എഫ്.-കളാണ് സംസ്ഥാനത്ത് ആദ്യഘട്ടത്തിൽ ആവശ്യമുള്ളത്. നാളിതുവരെ

107 എണ്ണം പ്രവർത്തനം ആരംഭിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പദ്ധതി നിർവ്വഹണത്തിൽ സഹായിക്കുന്നതിന് സാങ്കേതിക പരിജ്ഞാനവും പ്രവർത്തന മികവുമുള്ള 2 അക്രെഡിറ്റഡ് ഏജൻസികൾ, 120 സേവന ദാതാക്കൾ, 36 ഹരിത സഹായ സ്ഥാപനങ്ങൾ എന്നിവരുടെ സേവനവും ശുചിത്വ മിഷൻ ലഭ്യമാക്കിയിട്ടുണ്ട്.

- ഉറവിടത്തിൽ കമ്പോസ്റ്റിംഗ് സൗകര്യം ഇല്ലാത്തതുമൂലം വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും പൊതു ഇടങ്ങളിൽനിന്നും പുറന്തള്ളപ്പെടുന്ന ജൈവമാലിന്യങ്ങളും വാതിൽപ്പടി ശേഖരണം ഇല്ലാത്തതുമൂലം പുറന്തള്ളപ്പെടുന്ന അജൈവമാലിന്യങ്ങളും കേന്ദ്രീകൃത സംസ്കരണ പ്ലാന്റുകളിൽ എത്തിക്കേണ്ടതായിട്ടുണ്ട്. 9 ജില്ലകളിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ദിവസേന 3000 ടൺ മാലിന്യ സംസ്കരണം സാധ്യമാകുന്ന തരത്തിൽ മാലിന്യത്തിൽനിന്നും ഊർജ്ജം ഉൽപ്പാദന പ്ലാന്റുകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

## കരിമ്പുഴയിലെ കെ.എഫ്.ആർ.ഐ. തേക്ക് മ്യൂസിയം എന്നിവിടങ്ങളിലെ നിയമനങ്ങൾ

42(4986) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലെ കരിമ്പുഴയിലെ കെ.എഫ്.ആർ.ഐ./തേക്ക് മ്യൂസിയം എന്നിവിടങ്ങളിൽ എത്ര താൽക്കാലിക ജീവനക്കാരുണ്ട്; ഇവരുടെ പേര്, തസ്തിക, നിയമനം നൽകിയ വർഷം, യോഗ്യത, മാനദണ്ഡങ്ങൾ, ശമ്പളം തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇവിടെ പുതിയ താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; പ്രസ്തുത സ്ഥാപനങ്ങളിൽ നിയമനം നടത്തുന്ന അധികാരി ആരാണ്; വ്യക്തമാക്കാമോ;

(സി) കെ.എഫ്.ആർ.ഐ.-ന്റെ കീഴിൽ വരുന്ന കരിമ്പുഴ തേക്ക് മ്യൂസിയത്തിലെ 2016 മുതൽ 2019 ജൂൺ 15 വരെയുള്ള വരുമാനം, ചെലവ് എന്നിവ ഇനവും മാസവും തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) കരിമ്പുഴയിലെ കെ.എഫ്.ആർ.ഐ. തേക്ക് മ്യൂസിയം എന്നിവിടങ്ങളിൽ 22 താൽക്കാലിക ജീവനക്കാരുണ്ട്. ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്. നിയമനം നടത്തുന്ന അധികാരി സ്ഥാപന ഡയറക്ടറാണ്.

(സി) കരിമ്പുഴ തേക്ക് മ്യൂസിയത്തിലെ 2016 മുതൽ 2019 ജൂൺ 15 വരെയുള്ള വരുമാനം, ചെലവ് എന്നിവ ഇനവും മാസവും തിരിച്ച് അനുബന്ധമായി * ചേർത്തിട്ടുണ്ട്.

**കെ.എ.എസ്. വിജ്ഞാപനത്തിനുള്ള കാലതാമസം**

43(4987) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ജനുവരി ഒന്നിന് സംസ്ഥാനത്ത് നടപ്പാക്കിയ കെ.എ.എസിന്റെ അന്തിമ വിജ്ഞാപനം ഇനിയും പ്രസിദ്ധീകരിക്കാത്ത സാഹചര്യമെന്താണെന്ന് വെളിപ്പെടുത്താമോ;

(ബി) കരട് വിജ്ഞാപനത്തിന്റെ സംവരണ വ്യവസ്ഥയിൽ സർക്കാർ പിന്നീട് ഭേദഗതി നിർദ്ദേശിക്കുകയുണ്ടായോ;

(സി) എങ്കിൽ കെ.എ.എസ്. നിയമനത്തിന്റെ മൂന്നുധാരകളിലും സംവരണം ഏർപ്പെടുത്തി കൊണ്ടുള്ളതല്ലേ പുതിയ ഭേദഗതി എന്ന് വ്യക്തമാക്കാമോ;

(ഡി) 2018 ജനുവരിയിൽ കെ.എ.എസ് പ്രാബല്യത്തിൽ വന്നെങ്കിലും ആ വർഷം പി.എസ്.സി.-യുടെ വിജ്ഞാപനമുണ്ടാകാത്തതിനാൽ ഒട്ടേറെ പേർക്ക് പ്രായത്തിന്റെ പേരിൽ അവസരം നഷ്ടപ്പെട്ട സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(ഇ) എങ്കിൽ ഇതിനുള്ള പരിഹാരമായി എന്തെങ്കിലും പുതിയ നിർദ്ദേശം അന്തിമ വിജ്ഞാപനത്തിൽ സർക്കാർ ഉൾക്കൊള്ളിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (റൂൾസ്) എസ്.ആർ.ഒ. 861/2017 നമ്പരായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത റൂൾസിൽ വരുത്തേണ്ട ചില ഭേദഗതി നിർദ്ദേശങ്ങൾ പരിശോധനയിലാണ്.

(ബി & സി) കെ.എ.എസ്.-ൽ സ്ട്രീം II, III എന്നിവയിൽക്കൂടി സംവരണം ബാധകമാക്കുന്ന കാര്യം പരിഗണനയിലാണ്.

(ഡി) പ്രത്യേകം പരിശോധിച്ചിട്ടില്ല.

(ഇ) പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## എൽ.പി./യു.പി. അദ്ധ്യാപക നിയമനം

44(4988) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൽ.പി.എസ്.ടി., യു.പി.എസ്.ടി നിയമനത്തിന് പി. എസ്.സി.- യിൽ ഇതുവരെയായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യിക്കുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) വിവിധ ജില്ലകളിൽ എൽ.പി.എസ്.എ./യു.പി.എസ്.എ. തസ്തികകളിലേയ്ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ജില്ല | ഒഴിവുകളുടെ എണ്ണം | |
|---|---|---|
| | LPSA | UPSA |
| തിരുവനന്തപുരം | 248 | 57 |
| കൊല്ലം | 278 | 150 |
| ആലപ്പുഴ | 48 | 91 |
| പത്തനംതിട്ട | 151 | 34 |
| കോട്ടയം | 153 | 33 |
| ഇടുക്കി | 101 | 51 |
| എറണാകുളം | 199 | 105 |
| തൃശ്ശൂർ | 257 | 75 |
| പാലക്കാട് | 250 | 160 |
| മലപ്പുറം | 1044 | 350 |
| കോഴിക്കോട് | 105 | 329 |
| വയനാട് | 171 | 95 |
| കണ്ണൂർ | 160 | 103 |
| കാസർഗോഡ് | 428 | 141 |

(ബി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റിവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളുടെ കാര്യാലയങ്ങളിൽ നേരിട്ട് പരിശോധന നടത്തി റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ അത് കണ്ടെത്തി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## വിവിധ വകുപ്പുകളിലെ ക്ലാർക്ക് തസ്തിക

45(4989) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ ക്ലർക്ക് തസ്തികയിൽ ആശ്രിത നിയമനത്തിന് അപേക്ഷ നൽകിയവർക്ക് നിയമനം നൽകിയ ശേഷം ബാക്കിവന്ന ഒഴിവുകൾ മാത്രം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്താൽ മതിയെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഇത് പി.എസ്.സി.-യുടെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം പ്രതീക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് പ്രതിസന്ധി സൃഷ്ടിച്ചിട്ടില്ലേ എന്ന് വ്യക്തമാക്കാമോ;

(സി) വിവിധ വകുപ്പുകളിൽ എൽ.ഡി ക്ലർക്ക് തസ്തികയിലേയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നാമമാത്രമായ നിയമനം മാത്രമേ നടത്തിയിട്ടുള്ളൂ എന്നതിനാൽ മേല്പറഞ്ഞ തീരുമാനം പിൻവലിക്കുവാൻ നടപടി കൈക്കൊള്ളുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

## ബോർഡ്/കോർപ്പറേഷനുകളിൽ സ്പെഷ്യൽ റൂൾസ്

46(4990) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്ത കമ്പനി/ബോർഡ്/ കോർപ്പറേഷനുകളിൽ സ്പെഷ്യൽ റൂൾസ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

ഇനി ഏതെല്ലാം സ്ഥാപനങ്ങളിൽ ആണ് സ്പെഷ്യൽ റൂൾസ് തയ്യാറാക്കാൻ ബാക്കിയുള്ളത്; വിശദമാക്കുമോ;

(ബി) സ്പെഷ്യൽ റൂൾസ് രൂപീകരിക്കാത്ത സ്ഥാപനങ്ങളിൽ പ്രസ്തുത റൂൾസ് തയ്യാറാക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പി.എസ്.സി. മുഖേന നിയമനങ്ങൾ നടത്തുന്ന കമ്പനി/ ബോർഡ്/ കോർപ്പറേഷനുകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) കാറ്റഗറി 113/2017 കമ്പനി/ബോർഡ്/കോർപ്പറേഷൻ ലാസ്റ്റ് ഗ്രേഡ് സർവന്റ് തസ്തികയുടെ പി.എസ്.സി. റാങ്ക് പട്ടിക തയ്യാറാക്കുന്ന പ്രക്രിയ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തസ്തികയിലേയ്ക്ക് നിലവിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ;

(ഇ) കമ്പനി/ബോർഡ്/കോർപ്പറേഷനുകളിൽ കരാർ/ദിവസവേതന വ്യവസ്ഥയിൽ താത്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തസ്തികകളിൽ പി.എസ്.സി. ഉദ്യോഗാർത്ഥികൾക്ക് സ്ഥിര നിയമനം ലഭിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ 4 ബോർഡുകളിൽ വിശേഷാൽ ചട്ടം രൂപീകരിച്ച് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനെയാണ് നിയമനം നടത്തിവരുന്നത്. വിശേഷാൽ ചട്ടം രൂപീകരിച്ചിട്ടില്ലാത്ത ക്ഷേമനിധി ബോർഡുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. കേരള ബീഡി -ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്
2. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്
3. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്
4. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

5. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്
6. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്
7. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്
8. കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ക്ഷേമനിധി ബോർഡ്
9. കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്
10. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്
11. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്
12. കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്

(ബി) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽ സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിലെ സ്പെഷ്യൽ റൂൾ സർക്കാരിന്റെ പരിഗണനയിലാണ്.

കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ സ്പെഷ്യൽ റൂൾ രൂപീകരിച്ചിട്ടില്ല.

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലും സ്പെഷ്യൽ റൂൾ രൂപീകരിച്ചിട്ടില്ല. കാരണം 22-2-2002-ൽ ബോർഡിന്റെ മുഖ്യ വരുമാന മാർഗ്ഗമായ വ്യാപാരി അംശദായം പിരിക്കുന്നത് വ്യാപാരികൾ നൽകിയ ഹർജിയെ തുടർന്ന് ബഹു. കേരള ഹൈക്കോടതി റദ്ദാക്കുകയുണ്ടായി. ബോർഡിന്റെ വരുമാനത്തിന്റെ 85%ത്തോളം വരുന്ന വ്യാപാരി അംശദായം വഴിയുള്ള വരുമാനം നിലച്ചതോടെ ബോർഡ് സാമ്പത്തികമായി പ്രതിസന്ധിയിലായി. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി കാരണം നാമമാത്രമായ ജീവനക്കാരെ നിയമിച്ചാണ് ബോർഡ് പ്രവർത്തിച്ചുവരുന്നത്.

കേരള ആഭരണ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സ്പെഷ്യൽ റൂൾ നടപ്പാക്കിയിട്ടില്ല. കാരണം ടി ബോർഡിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ വ്യാപാരി സെസ്സും തൊഴിലാളി അംശദായവുമാണ്. സെസ്സുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ നിലവിൽ വ്യാപാരി സെസ്സ് പിരിവ് നടക്കുന്നില്ല. തൊഴിലാളികളിൽനിന്നുള്ള അംശദായം മാത്രമാണ് നിലവിലെ ഏക വരുമാന മാർഗ്ഗം. അതിനാൽ ബോർഡ് സാമ്പത്തിക പ്രതിസന്ധിയിലാണ്. സ്ഥിരമായി ജീവനക്കാരെ നിയമിക്കുന്നതുവഴി ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടേണ്ടതായി വരും.

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിലും സ്പെഷ്യൽ റൂൾ രൂപീകരിച്ചിട്ടില്ല.

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ സ്പെഷ്യൽ റൂൾ ബാധകമാക്കിയിട്ടില്ല. കാരണം ബോർഡിൽ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടറുടെ കാര്യാലയത്തിലെയും പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെയും ജീവനക്കാരാണ് ബോർഡിന്റെ ജോലികൾ അധികമായി ചെയ്യുന്നത്.

(സി) തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളിൽ 4 എണ്ണം വിശേഷാൽ ചട്ടം രൂപീകരിച്ച് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തിവരികയും യഥാസമയം ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകളെ പരസ്പരം ലയിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരികയാണ്. ഇതുകൂടി പരിഗണിച്ചാകും സ്പെഷ്യൽ റൂൾ രൂപീകരണം സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊള്ളുന്നത്.

(ഡി) ബാധകമല്ല.

(ഇ) തൊഴിൽ വകുപ്പിന് കീഴിലുള്ള ബോർഡുകളിൽ ദിവസവേതന വ്യവസ്ഥയിൽ താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. എന്നാൽ വിശേഷാൽ ചട്ടം നിലവിലുള്ളതുപ്രകാരം പി.എസ്.സി. വഴി നിയമനം നടത്തേണ്ട 4 ബോർഡുകളിൽ ചട്ടത്തിൽ പ്രതിപാദിക്കുന്ന എല്ലാ തസ്തികകളിലും പി.എസ്.സി. മുഖേന തന്നെയാണ് നിയമനം നടത്തുന്നത്. വിശേഷാൽ ചട്ടം ബാധകമാകുന്ന മുറയ്ക്ക് താൽക്കാലിക ജീവനക്കാരെ ഒഴിവാക്കി പി.എസ്.സി. മുഖേന സ്ഥിര നിയമനം നടത്തുന്നതാണ്.

## നൂതനമായ കോഴ്സുകൾ സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്താൻ നടപടി

47(4991) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നൂതനമായ കോഴ്സുകൾ പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് പ്രസ്തുത കോഴ്സുകൾ സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്താത്തതുകൊണ്ട് പി.എസ്.സി. വഴിയുള്ള അപേക്ഷ നൽകാൻ സാധിക്കാതെ വരുന്നത് കണക്കിലെടുത്ത് കോഴ്സുകൾ യഥാസമയം തന്നെ സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

നൂതനമായ കോഴ്സുകൾകൂടി ഉൾപ്പെടുത്തി വിവിധ തസ്തികകളുടെ യോഗ്യതകൾ പരിഷ്കരിക്കുന്നതിന് സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ രംഗത്ത് കാലാനുസൃതമായുണ്ടായ മാറ്റങ്ങൾക്കനുസരിച്ച് പൊതു തസ്തികകൾക്ക് കമ്പ്യൂട്ടർ പരിജ്ഞാനംകൂടി യോഗ്യതയായി ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും തദനുസൃതമായി വിശേഷാൽ ചട്ടങ്ങളിൽ മാറ്റം വരുത്താൻ നിർദ്ദേശിച്ചിട്ടുമുണ്ട്.

കൂടാതെ, വിവിധ സർക്കാർ വകുപ്പുകളിലും വകുപ്പുകളുടെ അധികാര പരിധിയിലുള്ള സ്ഥാപനങ്ങളിലും MBA യോഗ്യതയായി നിശ്ചയിക്കാൻ അനുയോജ്യമായ തസ്തികകൾ കണ്ടെത്തി ടി യോഗ്യതകൂടി ഉൾപ്പെടുത്തി ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഒരു യോഗ്യതയ്ക്ക് സമാനമായ/തത്തുല്യമായ യോഗ്യതകൾ ഏതൊക്കെയാണെന്ന് നിശ്ചയിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിന്റെകൂടി അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വിശേഷാൽ ചട്ടത്തിൽ/ എക്സിക്യൂട്ടീവ് ഉത്തരവിൽ താമസംവിനാ ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

## സ്പെഷ്യൽ റൂൾസ് ഇല്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങൾ

48(4992) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.യ്ക്ക് നൽകിയശേഷം സ്പെഷ്യൽ റൂൾസ് നിർമ്മിക്കാത്തതിനാൽ പ്രസ്തുത സ്ഥാപനങ്ങളിലേക്ക് പി.എസ്.സി. മുഖേന നിയമനം നടത്തുവാൻ സാധിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇനിയും സ്പെഷ്യൽ റൂൾസ് നിർമ്മിക്കാത്ത എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സ്ഥാപനങ്ങളിൽ അടിയന്തരമായി സ്പെഷ്യൽ റൂൾസ് നിർമ്മിച്ച് ആയതിലെ നിയമനങ്ങൾ പി.എസ്.സി. മുഖേനയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 16.

നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിന്റെ ഭാഗമായി നിയമന ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലാത്ത എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും സമയബന്ധിതമായി അവ രൂപീകരിക്കണമെന്നും സ്റ്റാഫ് ഘടന ഫിക്സ് ചെയ്യണമെന്നും അതിന്റെ അടിസ്ഥാനത്തിൽ നിയമനങ്ങൾ പി.എസ്.സി.-യുടെ പരിധിയിൽ കൊണ്ടുവരുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മേലധികാരികൾക്കും കർശന നിർദ്ദേശം നൽകിക്കൊണ്ട് 2-2-2019-ലെ PLGEA-BPE3/122/2016/PLGEA നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## പബ്ലിക് സർവ്വീസ് കമ്മീഷൻ അന്വേഷണ വിഭാഗത്തിലെ ജീവനക്കാർ

49(4993) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഹെഡ്ക്വാർട്ടേഴ്സിലെ അന്വേഷണ വിഭാഗം കമ്പ്യൂട്ടറൈസ് ചെയ്യുവാനും വിവരങ്ങൾ കൃത്യമായി ഉദ്യോഗാർത്ഥികൾക്ക് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പി.എസ്.സി.-യിലെ ഉദ്യോഗസ്ഥർക്ക് പബ്ലിക് റിലേഷൻസ് സംബന്ധിച്ച ട്രെയിനിംഗ് എറണാകുളത്ത് വച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥരെ അന്വേഷണ വിഭാഗത്തിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ അന്വേഷണ വിഭാഗത്തിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ കൃത്യമായി വിവരം നൽകാത്തതും ഉദ്യോഗാർത്ഥികളോട് മോശമായി പെരുമാറുന്നതും സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; പരാതികളിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഉദ്യോഗാർത്ഥികൾക്ക് വേണ്ട വിവരം നൽകുന്നതിനും അവരുടെ സംശയം ദൂരീകരിക്കുന്നതിനുമായി പ്രവർത്തിക്കുന്ന എൻക്വയറി വിഭാഗം കമ്പ്യൂട്ടറൈസ് ചെയ്ത് കമ്മീഷനുമായി ബന്ധപ്പെട്ട എല്ലാ വിവരവും ഉദ്യോഗാർത്ഥികൾക്ക് കൃത്യമായി നൽകിവരുന്നുണ്ട്.

(ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ പബ്ലിക് റിലേഷൻസ് സംബന്ധിച്ച് ട്രെയിനിംഗ് എറണാകുളത്തുവച്ച് നൽകിയിട്ടുണ്ട്. ട്രെയിനിംഗ് ലഭിച്ച ഉദ്യോഗസ്ഥരെ അന്വേഷണ വിഭാഗത്തിൽ നിയമിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഫോണിലൂടെയുള്ള അന്വേഷണങ്ങൾക്ക് പ്രതികരണമുണ്ടായില്ല എന്ന വിഷയത്തിൽ പരാതി ലഭിച്ചിരുന്നു. പരാതിക്കാരന് മറുപടി നൽകുകയും പരാതികൾക്ക് ഇടനൽകാത്തവിധം പ്രവർത്തിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അന്വേഷണ വിഭാഗത്തിന് നൽകുകയും ചെയ്തിട്ടുണ്ട്.

## പോലീസിൽ പട്ടികവർഗ്ഗക്കാർക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ്

50(4994) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്കായി സമീപകാലത്ത് പോലിസിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ടോ;

(ബി) എത്ര തസ്തികകളിലേക്കാണ് ഇപ്രകാരം സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയത് എന്നറിയിക്കാമോ;

(സി) ഇക്കാര്യത്തിൽ ക്യാബിനറ്റ് തീരുമാനം എന്നാണ് ആദ്യമായി എടുത്തത്;

(ഡി) റിക്രൂട്ട്മെന്റ് വിജ്ഞാപനം പി.എസ്.സി. എന്നാണ് പുറത്തിറക്കിയത്;

(ഇ) പട്ടികവർഗ്ഗക്കാർക്കായി കൂടുതൽ സ്പെഷ്യൽ റിക്രൂട്ട്മെന്റുകൾ നടത്തുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ;വ്യക്തമാക്കാമോ?

ഉത്തരം

(എ-ഇ) 17-12-2015-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 16-1-2016-ലെ സ.ഉ.(അ)നമ്പർ 13/16/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം പോലീസ് വകുപ്പിൽ മലപ്പുറം, വയനാട്, പാലക്കാട് ജില്ലകളിലെ ആദിവാസി യുവതി-യുവാക്കളിൽനിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റുവഴി നിയമനം നൽകുന്നതിനായി 75 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിരുന്നു.

എന്നാൽ 27-6-2016-ലെ സ.ഉ.(കൈ) നമ്പർ 183/2016/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം സ്പെഷ്യൽ ഡ്രൈവിനുവേണ്ടി സൃഷ്ടിച്ച തസ്തികകൾ വയനാട് ജില്ല (മുഴുവൻ), പാലക്കാട് (അട്ടപ്പാടി), മലപ്പുറം (നിലമ്പൂർ) എന്നീ പ്രദേശങ്ങൾക്കായി വിഭജിച്ച് നൽകിയും ഇതിൽ ആദിവാസി വിഭാഗത്തിലെ താഴെത്തട്ടിലുള്ള പണിയാൻ, അടിയാൻ, കാട്ടുനായ്ക്കർ വിഭാഗങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്തു. ഇതിനെത്തുടർന്നാണ് സംസ്ഥാന പോലീസ് മേധാവി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത്. തുടർന്ന് പബ്ലിക് സർവ്വീസ് കമ്മീഷന്റെ 29-4-2017-ലെ അസാധാരണ ഗസറ്റ് പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചു.

റിക്രൂട്ട്മെന്റ് നടപടികൾ തുടങ്ങിയപ്പോൾ മലപ്പുറം ജില്ലയിൽ പണിയാൻ, അടിയാൻ, കാട്ടുനായ്ക്കർ വിഭാഗങ്ങൾ കൂടുതലായി നിവസിക്കുന്നത് കാളികാവ്, അരീക്കോട് ബ്ലോക്കുകളിലാണെന്ന് ബോധ്യപ്പെട്ടതിനാൽ മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്കിനോടൊപ്പം കാളികാവ്, അരീക്കോട് ബ്ലോക്കുകളെക്കൂടി ഉൾപ്പെടുത്തി 12-7-2017-ലെ സ.ഉ.(കൈ)നമ്പർ 150/2017/ആഭ്യന്തരം നമ്പർ പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചു. അട്ടപ്പാടി ബ്ലോക്കിൽ പണിയാൻ, അടിയാൻ, കാട്ടുനായ്ക്കർ വിഭാഗങ്ങൾ കുറവായതിനാൽ ആ ബ്ലോക്കിലെ "most primitive" വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി 20-3-2018-ലെ സ.ഉ.(കൈ) നമ്പർ 43/2018/ആഭ്യന്തരം ഉത്തരവ് പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് പി.എസ്.സി. റിക്രൂട്ട്മെന്റ് നടപടികൾ പൂർത്തീകരിച്ച് 26-3-2018-ൽ നിയമന ശിപാർശ ഉദ്യോഗാർത്ഥികൾക്ക് നൽകി.

പ്രസ്തുത റിക്രൂട്ട്മെന്റിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ആദിവാസി വിഭാഗങ്ങളുടെ സാമ്പത്തിക സാമൂഹ്യ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് അവർ ഒടുക്കേണ്ട ബോണ്ട് തുകയും ജാമ്യ വ്യവസ്ഥയും ഒഴിവാക്കി നൽകാൻ 17-5-2018-ലെ സ.ഉ. (കൈ) നമ്പർ 88/2018/ആഭ്യന്തരം ഉത്തരവ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

സ്പെഷ്യൽ റിക്രൂട്ട്മെന്റുവഴി നിയമനം നൽകുന്നതിനായി 125 പോലീസ് കോൺസ്റ്റബിൾ തസ്തികകൂടി സൃഷ്ടിക്കാനുള്ള ശിപാർശ സംസ്ഥാന പോലീസ് മേധാവിയിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്.

പട്ടികവർഗ്ഗ പ്രാതിനിധ്യം കുറവ് നികത്തുന്നതിനായി പി.എസ്.സി. മുഖേന നടത്തുന്ന സ്പെഷ്യൽ റിക്രൂട്ട്മെന്റിൽ ഉൾപ്പെടുന്നതല്ല ഈ നിയമനം.

## സ്പെഷ്യൽ റൂൾസ് തയ്യാറാക്കാത്ത വകുപ്പുകൾ

51(4995) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. വഴി നിയമനം നൽകാൻ തീരുമാനിച്ചിട്ടും പല വകുപ്പുകളിലും സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം സ്പെഷ്യൽ റൂൾസ് തയ്യാറാക്കാനുള്ളത് ഏതൊക്കെ വകുപ്പുകളിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) അടിയന്തരമായി സ്പെഷ്യൽ റൂൾസ് തയ്യാറാക്കി പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. വകുപ്പുതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) വിശേഷാൽ ചട്ടം രൂപീകരിക്കുന്നതിന്/ഭേദഗതി വരുത്തുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

## ഡയറി ഫാം ഇൻസ്പെക്ടർ തസ്തികയിലെ റാങ്ക് ലിസ്റ്റ്

52(4996) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയറി ഫാം ഇൻസ്പെക്ടർ (കാറ്റഗറി നം 442/16) തസ്തികയിലെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റാങ്ക് ലിസ്റ്റ് അടിയന്തരമായി പ്രസിദ്ധീകരിച്ച് ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ഇല്ല. ഡയറി ഫാം ഇൻസ്പെക്ടർ (കാറ്റഗറി നമ്പർ 442/16) തസ്തികയിലെ നിയമനത്തിനായുള്ള ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനായി 2019 ജൂലൈ മാസത്തിൽ അഭിമുഖം നടത്താൻ പി.എസ്.സി. നിശ്ചയിച്ചിട്ടുണ്ട്. നിലവിൽ ടി തസ്തികയുടെ 97 (തൊണ്ണൂറ്റി ഏഴ്) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ്

53(4997) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സിഎൽ.ഡി. ടൈപ്പിസ്റ്റ് (കാറ്റഗറി 280/2018) തസ്തികയിലേക്കുള്ള വിജ്ഞാപനത്തിന് അപേക്ഷ സമർപ്പിച്ചവരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ പരീക്ഷക്കായി അപേക്ഷിച്ചിട്ടും പരീക്ഷ ഏഴുതാൻ കൺഫർമേഷൻ നൽകാത്തവരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) നിലവിലുള്ള എൽ. ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നത്തേയ്ക്കാണ് അവസാനിക്കുന്നതെന്ന് പറയാമോ; അടുത്ത റാങ്ക് ലിസ്റ്റ് എന്നത്തേക്ക് പ്രസിദ്ധീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് അപേക്ഷ സമർപ്പിച്ചവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | അപേക്ഷകരുടെ എണ്ണം | കൺഫർമേഷൻ നൽകാത്തവരുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 6196 | 948 |
| കൊല്ലം | 2762 | 448 |
| പത്തനംതിട്ട | 1463 | 228 |
| ആലപ്പുഴ | 2222 | 363 |
| കോട്ടയം | 2094 | 307 |
| ഇടുക്കി | 1247 | 168 |
| എറണാകുളം | 3204 | 514 |
| തൃശ്ശൂർ | 2673 | 522 |
| പാലക്കാട് | 2333 | 420 |
| മലപ്പുറം | 2529 | 471 |
| കോഴിക്കോട് | 2996 | 561 |
| വയനാട് | 929 | 168 |
| കണ്ണൂർ | 1922 | 347 |
| കാസർഗോഡ് | 865 | 158 |

(സി) നിലവിലുള്ള എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് പട്ടികയുടെ കാലാവധി 30-8-2019 വരെയാണ്. എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ അടുത്ത റാങ്ക് ലിസ്റ്റ് (കാറ്റഗറി നമ്പർ 280/18) പ്രസിദ്ധീകരിക്കുന്നതിനായി 6-7-2019-ന് പി.എസ്.സി. പരീക്ഷ നടത്താൻ നിശ്ചയിച്ചിരിക്കുകയാണ്.

## എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിലെ നിയമനം

54(4998) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2019 ജനുവരി 31-ന് മുമ്പ് മുഴുവൻ ഒഴിവുകളും പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യണമെന്ന സർക്കാർ ഉത്തരവ് നിലനിൽക്കെ അത് അവഗണിച്ച് വിവിധ വകുപ്പുകൾ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകൾ പൂഴ്ത്തി വച്ചുവെന്ന ആക്ഷേപം ഗൗരവമായി പരിശോധിക്കുമോ?

ഉത്തരം

സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ നിലവിലെ ഒഴിവുകൾ, പ്രതീക്ഷിത ഒഴിവുകൾ എന്നിവ യഥാസമയം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ വകുപ്പ് തലവന്മാർക്കും/നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇത്തരത്തിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ലെന്ന പരാതികൾ ലഭ്യമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഓഫീസുകളിൽ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ നേരിട്ട് പരിശോധനകൾ നടത്തുകയും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

## കമ്പനി/കോർപ്പറേഷൻ/ബോർഡ് ജൂനിയർ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

55(4999) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പനി/കോർപ്പറേഷൻ/ബോർഡ് ജൂനിയർ അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 399/17) തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് ഇതുവരെ എത്രപേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം ത്വരിതപ്പെടുത്തുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കമ്പനി/കോർപ്പറേഷൻ/ബോർഡ് ജൂനിയർ അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 399/17) തസ്തികയിലേയ്ക്കുള്ള നിയമനം നടത്തുന്നതിനായി 12-5-2018-ന് പി.എസ്.സി. ഒ.എം.ആർ. പരീക്ഷ നടത്തിയിട്ടുണ്ട്. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

(ബി) 549 (അഞ്ഞൂറ്റി നാൽപ്പത്തി ഒൻപത്) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകുന്നതാണ്. പി.എസ്.സി. മുഖേന നികത്തപ്പെടേണ്ട ഒഴിവുകൾ അവ ഉണ്ടാകുന്ന മുറയ്ക്കുതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## എറണാകുളം ജില്ലയിലെ എൽ.പി.എസ്.എ./യു.പി.എസ്.എ. നിയമനം

56(5000) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ എൽ.പി.എസ്.എ. (മലയാളം മീഡിയം) തസ്തികയിലേയ്ക്ക് 7-3-2019 ന് ശേഷം റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നൽകരുത് എന്ന് പി.എസ്.സി. ഉത്തരവ് ഉണ്ടോ; 13-3-2019-ലെ കമ്മിഷൻ ഉത്തരവിന്റെ പകർപ്പ് നൽകാമോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം, 7-3-2019-ന് മുമ്പ് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ ഉണ്ടാകുന്ന എൻ.ജെ.ഡി. ഒഴിവുകൾ 7-3-2019-ന് ശേഷം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയാണെങ്കിൽ ആ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് നിയമ തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) എറണാകുളം ജില്ലയിൽ യു.പി.എസ്.എ.(മലയാളം മീഡിയം) (കാറ്റഗറി നമ്പർ 276/17) ബൈട്രാൻസ്ഫർ വേക്കൻസിയിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇതിൽ എത്ര പേർ അപേക്ഷിച്ചുവെന്നും അപേക്ഷകരിൽ എത്ര പേർ ഇന്റർവ്യൂവിൽ പങ്കെടുത്തുവെന്നും ഇന്റർവ്യൂവിന് പങ്കെടുക്കാതിരുന്നതുമൂലമുണ്ടായ ഒഴിവുകൾ ഡയറക്ട് റിക്രൂട്ട്മെന്റിലേയ്ക്ക് മാറ്റി നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ബഹു. കെ.എ.ടി.-ന്റെ 79/19, 459/18 എന്നിവയിലുള്ള ഇടക്കാല ഉത്തരവുകൾ പ്രകാരം 7-3-2019 വരെ റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേയ്ക്കാണ് പി.എസ്.സി. നിയമന ശിപാർശ നൽകാൻ തീരുമാനിച്ചിരുന്നത്.

(ബി) ഇക്കാര്യത്തിൽ പി.എസ്.സി. നിയമോപദേശം തേടിയിരിക്കുകയാണ്.

(സി) 25 ഒഴിവുകൾ റിപ്പോർട്ട് ചെയ്തു. 23 പേർ അപേക്ഷിച്ചു. 6 പേർ ഇന്റർവ്യൂവിൽ പങ്കെടുത്തു. 17 പേരെ ഇന്റർവ്യൂവിന് ക്ഷണിച്ചതിനാൽ 17 ഒഴിവുകൾ മാറ്റിവച്ച് 8 ഒഴിവുകളിലേയ്ക്ക് നേരിട്ട് നിയമനത്തിന് പി.എസ്.സി. ശിപാർശ ചെയ്തു.

## ജൂനിയർ സയന്റിഫിക് ഓഫീസർ റാങ്ക് ലിസ്റ്റ്

57(5001) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 29-12-2015 ഗസറ്റ് വിജ്ഞാപന പ്രകാരം കാറ്റഗറി നമ്പർ 485/2015 ആയുള്ള ജൂനിയർ സയന്റിഫിക് ഓഫീസർ (കെമിക്കൽ എക്സാമിനേഷൻ ലാബ്) ന്റെ റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതിയും റാങ്ക് ലിസ്റ്റിന്റെ കാലാവധിയും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയുടെ പേര് സയന്റിഫിക് ഓഫീസർ എന്നായി പുനർനാമകരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് മുതലാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും പതിമൂന്ന് പേർക്ക് നിയമനം നല്കിയെങ്കിലും 9-4-2018-ന് ശേഷം വന്ന ഒഴിവുകളിലേയ്ക്ക് പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ കഴിയാത്തതിന്റെ സാഹചര്യം വ്യക്തമാക്കാമോ;

(ഡി) റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ട് ഏകദേശം ആറ് മാസം മാത്രമാകുകയും പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ചിലരുടെ പ്രായപരിധി കഴിയാറായ സാഹചര്യവും പരിഗണിച്ച് ലിസ്റ്റിൽനിന്നും നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 26-11-2018. പി.എസ്.സി. പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിന് ചില നിബന്ധനകൾക്ക് വിധേയമായി കുറഞ്ഞത് ഒരു വർഷവും പരമാവധി 3 വർഷവുമാണ് കാലാവധി.

(ബി) ഉണ്ട്. 9-4-2018-ലെ സ.ഉ. (അച്ചടി)നമ്പർ 16/2018/ആഭ്യന്തരം ഉത്തരവ് പ്രകാരം പുനർനാമകരണം ചെയ്തിട്ടുണ്ട്.

(സി&ഡി) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

## പാലക്കാട് ജില്ലയിലെ എൽ.പി./യു.പി. അദ്ധ്യാപക നിയമനം

58(5002) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ ഈ സർക്കാർ അധികാരമേറ്റതിന് ശേഷം എത്ര എൽ.പി.എസ്.എ., യു.പി.എസ്.എ. അദ്ധ്യാപകരെ പി.എസ്.സി മുഖാന്തരം നിയമിച്ചിട്ടുണ്ട് എന്നതിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റതിനുശേഷം പാലക്കാട് ജില്ലയിൽ നിയമിക്കപ്പെട്ട എൽ.പി.എസ്.എ./യു.പി.എസ്.എ.-മാരുടെ പട്ടിക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| നമ്പർ | വർഷം | എൽ.പി.എസ്.എ. | യു.പി.എസ്.എ. |
|---|---|---|---|
| 1 | 2016-17 | 164 | 151 |
| 2 | 2017-18 | 6 | Nil |
| 3 | 2018-19 | 7 | 1 |
| 4 | 2019-20 | 283 | 162 |

## ഓവർസിയർ തസ്തികയിലെ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ

59(5003) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം, ജലസേചനം എന്നീ വകുപ്പുകളിൽ ഗ്രേഡ് 1, ഗ്രേഡ് 3 ഓവർസീയർ തസ്തികകളിലെ ഏത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് പി. എസ്. സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട്, എത്രപേർക്ക് നിയമനം ലഭിക്കാനുള്ള സാധ്യതയുണ്ട് എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) നിലവിൽ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഓവർസിയർ തസ്തികയുടെ ഒഴിവുകൾ, നിയമന ശിപാർശ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വകുപ്പ് | തസ്തിക (ഓവർസിയർ) | നിലവിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ | പി.എസ്.സി. നിയമന ശിപാശയുടെ എണ്ണം |
|---|---|---|---|
| പൊതുമരാമത്ത്/ ജലസേചനം | ഗ്രേഡ്-I | ഇല്ല | 379 |
| പൊതുമരാമത്ത്/ ജലസേചനം | ഗ്രേഡ്-III | ഇല്ല | 2368 |
| തദ്ദേശസ്വയംഭരണ വകുപ്പ് | ഗ്രേഡ്-I | ഇല്ല | 566 |
| തദ്ദേശസ്വയംഭരണ വകുപ്പ് | ഗ്രേഡ്-III | 20 | 1045 |

പ്രസ്തുത റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകുന്നതാണ്.

## കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

60(5004) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി.-യുടെ (277/2018 നമ്പർ കാറ്റഗറി) വിജ്ഞാപന പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് എത്ര അപേക്ഷകരുണ്ടെന്ന് ജില്ലതിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) ഈ തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞിട്ടുണ്ടോ; എന്നത്തേയ്ക്ക് പുതിയ ലിസ്റ്റ് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 277/2018) തസ്തികയിലേയ്ക്ക് അപേക്ഷ സമർപ്പിച്ചവരുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | അപേക്ഷകരുടെ എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 2622 |
| കൊല്ലം | 1463 |
| പത്തനംതിട്ട | 899 |
| ആലപ്പുഴ | 1335 |
| കോട്ടയം | 1228 |

| (1) | (2) |
|---|---|
| ഇടുക്കി | 805 |
| എറണാകുളം | 1994 |
| തൃശ്ശൂർ | 1788 |
| പാലക്കാട് | 1374 |
| മലപ്പുറം | 1370 |
| കോഴിക്കോട് | 1834 |
| വയനാട് | 532 |
| കണ്ണൂർ | 1091 |
| കാസർഗോഡ് | 490 |

(ബി) ഉണ്ട്. അടുത്ത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനായി 6-7-2019-ന് പി.എസ്.സി. പരീക്ഷ നടത്താൻ നിശ്ചയിച്ചിട്ടുണ്ട്.

## ഗ്രാമവികസന വകുപ്പിലെ ലക്ചറർ ഗ്രേഡ്-I തസ്തികയുടെ നോട്ടിഫിക്കേഷൻ

61(5005) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിലെ ലക്ചറർ ഗ്രേഡ്-I തസ്തികകളുടെ നിയമന അധികാരിയും ഒഴിവുകൾ പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്യേണ്ടതും ഏത് വകുപ്പാണ് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലക്ചറർ ഗ്രേഡ്-I ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി. നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത് ഏത് വകുപ്പ് ഒഴിവ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കാമോ; ഇത് സ്പെഷ്യൽ റൂൾ പ്രകാരമാണോ എന്ന് വ്യക്തമാക്കാമോ;

(സി) സ്പെഷ്യൽ റൂളിന് വിരുദ്ധമായ നടപടികളിലൂടെ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച പി.എസ്.സി. നടപടി പുനഃപരിശോധിക്കുമോ;

(ഡി) നോട്ടിഫിക്കേഷനിൽ പറയുന്ന ഒഴിവുകൾക്ക് ശേഷം ഉണ്ടാകുന്ന ഒഴിവുകൾ നികത്തേണ്ടത് ഏത് വിധത്തിലാണ്; ലിസ്റ്റുകളുടെ കാലാവധി എത്ര നാളാണ്; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) 22-1-2010-ലെ G.O.(P)No.18/2010/LSGD നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയാണ് നിയമനാധികാരി. ഒഴിവുകൾ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്യേണ്ടത് തദ്ദേശസ്വയംഭരണ വകുപ്പാണ്.

(ബി&സി) 22-1-2010-ലെ G.O.(P)No.18/2010/LSGD നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിലാണ് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. സ്പെഷ്യൽ റൂൾ പ്രകാരമാണ് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

(ഡി) റാങ്ക് ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് റിപ്പോർട്ട് ചെയ്യുന്ന കൂടുതൽ ഒഴിവുകളിലേയ്ക്ക് ടി ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതാണ്. റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ മുൻ റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല.

## ഡ്രൈവർ ഗ്രേഡ് II റാങ്ക് ലിസ്റ്റിൽനിന്നും നിയമനം

62 (5006) <u>ശ്രീ. പി. സി. ജോർജ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. യുടെ കാറ്റഗറി നമ്പർ 016/2014 എൽ.ഡി.വി. ഡ്രൈവർ ഗ്രേഡ് II റാങ്ക് ലിസ്റ്റിൽ നിന്നും നിലവിൽ നിയമനം എവിടെ വരെയായി; വിശദമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് എത്ര ഒഴിവുകൾ ഇനി പ്രതീക്ഷിക്കുന്നു എന്നുള്ളത് വ്യക്തമാക്കാമോ;

(സി) സർക്കാർ വകുപ്പുകളുടെ ഹെഡ്ക്വാർട്ടറുകളിൽ ഉള്ള ഡ്രൈവർ സ്ഥിരം തസ്തികകളിൽ എത്ര എണ്ണം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) ഇവിടങ്ങളിലെ താൽക്കാലിക ഡ്രൈവർമാരെ ഒഴിവാക്കി പി.എസ്.സി. വഴി സ്ഥിരനിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കാറ്റഗറി നമ്പർ 016/2014 പ്രകാരമുള്ള എൽ.ഡി.വി. ഡ്രൈവർ ഗ്രേഡ് II റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമന നില ചുവടെ ചേർക്കുന്നു.

| ജില്ല | നിയമന നില |
|---|---|
| തിരുവനന്തപുരം | OC Rank - 121 (6 ഒഴിവുകൾ നിയമന ശിപാർശക്കായി അവശേഷിക്കുന്നു.) |
| കൊല്ലം | തെരഞ്ഞെടുപ്പ് നടന്നിട്ടില്ല. |
| ആലപ്പുഴ | OC Rank -24. |
| പത്തനംതിട്ട | OC Rank -16. |
| കോട്ടയം | OC Rank -27. |
| ഇടുക്കി | OC Rank -19. |
| എറണാകുളം | OC Rank -139. |
| തൃശ്ശൂർ | OC Rank -56 |
| പാലക്കാട് | OC Rank -60. |
| മലപ്പുറം | OC Rank -43. |
| കോഴിക്കോട് | OC Rank -20. |
| വയനാട് | OC Rank -6. |
| കണ്ണൂർ | OC Rank -26. |
| കാസർഗോഡ് | OC Rank -17. |

(ബി -ഡി) വിവരം ശേഖരിച്ചുവരുന്നു.

**ബൈ ട്രാൻസ്ഫർ നിയമനത്തിലെ വിവേചനം**

63 (5007) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ സിവിൽ വിഭാഗത്തിൽ (ബിൽഡിംഗ്, റോഡ്)പ്പെട്ട തേർഡ് ഗ്രേഡ് ഓവർസിയർമാർക്ക് ഉയർന്ന തസ്തികകളിലേയ്ക്ക്

പി.എസ്.സി. നടത്തുന്ന 10% ബൈ ട്രാൻസ്ഫർ നിയമനത്തിന് അപേക്ഷിക്കാമെന്നിരിക്കേ സമാനതസ്തികകളിൽ ജോലി ചെയ്യുന്ന പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിലെ ഓവർസിയർ (ത്രേഡ് ഗ്രേഡ്)/ലൈൻമാൻ തസ്തികയിലുള്ളവർക്ക് അപേക്ഷിക്കാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യം പരിശോധിക്കാനും ബൈ ട്രാൻസ്ഫർ നിയമനം ഇലക്ട്രിക്കൽ വിഭാഗത്തിലെ ഓവർസിയർ/ലൈൻമാൻമാർക്കും ബാധകമാക്കുവാനും നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബൈട്രാൻസ്ഫർ നിയമനം ഇലക്ട്രിക്കൽ വിഭാഗത്തിലെ ഓവർസിയർ/ലൈന്മാന്മാർക്കുംകൂടി ബാധകമാക്കാൻ പൊതുമരാമത്ത് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യേണ്ടതുണ്ട്. സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള ശിപാർശ ചീഫ് എഞ്ചിനീയറിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

**ആശ്രിത നിയമനത്തിലെ നടപടിക്രമങ്ങളിൽ കാലതാമസം**

64 (5008) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനത്തിനുള്ള അപേക്ഷയിന്മേൽ പ്രാഥമിക തലത്തിലുള്ള അന്വേഷണങ്ങൾക്കും റിപ്പോർട്ട് സമർപ്പിക്കുന്നതിനും ചില വകുപ്പുകൾ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ബി) ആശ്രിത നിയമനത്തിനുള്ള അപേക്ഷയിൽ പ്രായക്കൂടുതലുള്ള അപേക്ഷകർക്ക് നിയമനത്തിന് മുൻഗണന നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇല്ല. നിലവിൽ പരിഗണനയിലില്ല.

## സീനിയോറിറ്റി മറികടന്നുള്ള ആശ്രിത നിയമനങ്ങൾ

65 (5010) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശ്രിതനിയമന വ്യവസ്ഥ പ്രകാരമുള്ള നിയമന നടപടികളിൽ തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സി. ഇ. സെൽ തയ്യാറാക്കിയ ലിസ്റ്റിൽ നിരവധി പേർ വർഷങ്ങളായി ഉൾപ്പെട്ടിട്ടും നിയമനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലതാമസം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മുൻകാലങ്ങളിൽ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചുനൽകിയതിനാൽ ടി സൂപ്പർന്യൂമററി തസ്തികകളിൽ നിയമനം ലഭിച്ചവരുടെ ക്രമീകരണവുമായി ബന്ധപ്പെട്ട് ചില വകുപ്പുകളിൽനിന്നും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാൻ പറ്റുന്നില്ല എന്നതൊഴിച്ചാൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നമുറയ്ക്ക് ആശ്രിത നിയമനം നടന്നുവരുന്നു.

(സി) സ്വീകരിച്ചിട്ടുണ്ട്.

## ഇ-ഗവേണൻസ് പദ്ധതിയുടെ പുരോഗതി

66 (5012) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) അക്ഷയ ഉൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി നൽകിവരുന്ന സേവനങ്ങൾക്ക് അമിത ഫീസ് ഈടാക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് നിയന്ത്രിക്കുന്നതിനും സേവനങ്ങളുടെ ഫീസ് നിരക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ പ്രസ്തുത

സ്ഥാപങ്ങളിൽ പ്രദർശിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) അക്ഷയ കേന്ദ്രങ്ങൾ വ്യാപകമാക്കുന്നതിനും ഇ-സേവനങ്ങൾക്കായി സ്വകാര്യ സ്ഥാപനങ്ങൾ അമിത ഫീസ് ഈടാക്കുന്നത് തടയുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) അക്ഷയ എന്ന പേരിൽ സ്വകാര്യ ഇ-ജനസേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇ-ഗവേണൻസിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഇ-ഡിസ്ട്രിക്ട്

നാഷണൽ ഇ-ഗവേണൻസ് പ്ലാനിനുകീഴിലെ മിഷൻ മോഡ് പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ജില്ലാതലത്തിലുള്ള സർക്കാർ സേവനങ്ങൾ വളരെ ലളിതമായി ഓൺലൈൻവഴി പൊതുജനങ്ങൾക്ക് എത്തിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇ-ഡിസ്ട്രിക്ട് വഴി വിതരണം ചെയ്യുന്ന എല്ലാ സർട്ടിഫിക്കറ്റിലും അത് നൽകുന്ന ഉദ്യോഗസ്ഥന്റെ ഡിജിറ്റൽ സിഗ്നേച്ചർ രേഖപ്പെടുത്തിയിട്ടുണ്ടാകും. 24 റവന്യൂ സർട്ടിഫിക്കറ്റുകൾ, 500-ൽപ്പരം പണം ഒടുക്കൽ സേവനങ്ങൾ മുതലായവ ഈ പദ്ധതി മുഖേന നൽകിവരുന്നു. കൂടാതെ വിവരാവകാശം, പരാതി പരിഹാരം എന്നീ സേവനങ്ങളും ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ ലഭ്യമാണ്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ (റവന്യൂ കോർട്ട് കേസ്) സംബന്ധിച്ച സേവനങ്ങൾ ഇ-ഡിസ്ട്രിക്ട് വഴി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കൂടാതെ വനം വകുപ്പിന്റെ ആറ് സേവനങ്ങൾ നിലവിൽ ഈ പദ്ധതി മുഖാന്തരം നൽകിവരുന്നു.

2. ഇ-ഓഫീസ്

പരമ്പരാഗത രീതിയിൽ ഫയൽ കൈകാര്യം ചെയ്യുന്നതിനുപകരമായി പൂർണ്ണമായും ഡിജിറ്റലായി ഫയൽ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തമാകുന്ന കടലാസ് രഹിത സംവിധാനമാണ് ഇ-ഓഫീസ്. സർക്കാർ ഓഫീസുകൾ പേപ്പർരഹിതമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിലും എല്ലാ കളക്ടറേറ്റിലും 15 സബ് കളക്ടറേറ്റുകളിലും രണ്ട് താലൂക്ക് ഓഫീസുകളിലും ഒരു വില്ലേജ് ഓഫീസിലും 57 ഡയറക്ടറേറ്റുകളിലും/കമ്മീഷണറേറ്റുകളിലും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്.

3. സ്റ്റേറ്റ് പോർട്ടൽ (സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ)

വിവിധ സർക്കാർ വകുപ്പുകൾ നൽകിവരുന്ന എല്ലാ സേവനങ്ങളും പൊതുജനങ്ങൾക്കായി ഒരു പോർട്ടലിൽക്കൂടി ലഭ്യമാക്കുകയെന്ന ആശയം മുൻനിർത്തി നാഷണൽ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി 2012-ൽ ആരംഭിച്ചതാണ് ഈ പദ്ധതി. നവീകരിച്ച പോർട്ടൽ വഴി 58-ലധികം സർക്കാർ സേവനങ്ങൾ ഒരു ഏകജാലക സംവിധാനത്തിലൂടെ ജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

4. മൊബൈൽ ഗവേണൻസ്

എം-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി വികസിപ്പിച്ചെടുത്ത ഏകീകൃത മൊബൈൽ ആപ്ലിക്കേഷനാണ് എം-കേരളം. വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും 100-ൽപ്പരം സേവനങ്ങൾ സമയബന്ധിതവും അനായാസവുമായി ഒരു മൊബൈൽ ഫോണിലൂടെ ഏത് സമയത്തും ജനങ്ങൾക്ക് ലഭ്യമാകുന്ന എം-കേരളം മൊബൈൽ ആപ്ലിക്കേഷൻ പൂർത്തിയായിട്ടുണ്ട്.

ആപ്ലിക്കേഷനിലൂടെ വൈദ്യുതി ബിൽ, വെള്ളക്കരം എന്നിവ അടയ്ക്കുന്നതിനുള്ള സംവിധാനം, റവന്യൂ വകുപ്പിൽനിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ, ഭാഗ്യക്കുറിഫലം, മോട്ടോർ വാഹന വകുപ്പിൽനിന്നും ലഭിക്കുന്ന സേവനങ്ങൾ, പഞ്ചായത്ത്-മുനിസിപ്പാലിറ്റി-കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന ജനന-മരണ സർട്ടിഫിക്കറ്റുകൾ, വിവാഹ സർട്ടിഫിക്കറ്റ്, സംസ്ഥാന സർക്കാരിന്റെ വിവിധതരം ക്ഷേമ പദ്ധതികളെക്കുറിച്ച് അറിയുന്നതിനുള്ള സംവിധാനം എന്നിവ ലഭ്യമാക്കുന്നു.

5. ഫ്രണ്ട്സ് ജനസേവന കേന്ദ്രം

വിവര സാങ്കേതികവിദ്യയുടെ പ്രയോജനം സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2000-ൽ കേരള സർക്കാർ ഐ.ടി. മിഷന്റെ കീഴിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രം എന്ന പേരിൽ ആരംഭിച്ച ഏകജാലക സംവിധാനം 2001-ൽ മറ്റ് ജില്ലാ കേന്ദ്രങ്ങളിലും വ്യാപിപ്പിക്കുകയും ആയത് തൃപ്തികരമായ രീതിയിൽ പ്രവർത്തിച്ചുവരികയും ചെയ്യുന്നു. കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി, കോർപ്പറേഷൻ, യൂണിവേഴ്സിറ്റി, മോട്ടോർ വെഹിക്കിൾ, റവന്യൂ, സിവിൽ സപ്ലൈസ്, ബി.എസ്.എൻ.എൽ., ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, പോലീസ് കൾച്ചറൽ വെൽഫെയർ ബോർഡ് തുടങ്ങി വിവിധ വകുപ്പുകളുടെയും ബോർഡുകളുടെയും സേവനങ്ങൾ ഫ്രണ്ട്സ് വഴി നൽകിവരുന്നു. പൊതുജനങ്ങൾക്ക് വിവിധ ഓഫീസുകളിൽ പോകാതെതന്നെ വിവിധ വകുപ്പുകളിലേയ്ക്കുള്ള നികുതികളും ബില്ലുകളും ഒരു കേന്ദ്രത്തിൽതന്നെ അടയ്ക്കാനും അതുവഴി അവരുടെ സമയവും ധനവും ലാഭിക്കാനും കഴിയുന്നു.

6. സർക്കാർ കോൾ സെന്റർ

വിവിധ സർക്കാർ വകുപ്പുകൾ നൽകുന്ന സേവനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന സംശയങ്ങൾക്ക് ടെലിഫോൺ മുഖേന പരിഹാരം നൽകുക എന്ന ലക്ഷ്യത്തോടെയാണ് തിരുവനന്തപുരം ജനസേവന കേന്ദ്രത്തോട് ചേർന്ന് കോൾ സെന്റർ പ്രവർത്തിച്ചുവരുന്നത്. നിലവിൽ പ്രസ്തുത സേവനങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും ലഭ്യമാണ്. ഇപ്പോൾ 64 പ്രമുഖ വകുപ്പുകൾ കോൾ സെന്ററുമായി ചേർന്ന് പ്രവർത്തിക്കുന്നു.

7. വീഡിയോ കോൺഫറൻസിംഗ്

വിദൂര സ്ഥലങ്ങളിലുള്ള വ്യക്തികൾ തമ്മിൽ കമ്പ്യൂട്ടർ സാങ്കേതികവിദ്യ ഉപയോഗിച്ച് ആശയ വിനിമയം നടത്തുന്നതിനുള്ള ഉപാധിയാണ് വീഡിയോ കോൺഫറൻസിംഗ്. ജില്ലാ കളക്ടറേറ്റുകൾ, ഐ.ടി. മിഷൻ, വികാസ് ഭവൻ, സെക്രട്ടേറിയറ്റ്, മോട്ടോർ വെഹിക്കിൾസ് വകുപ്പ്, എക്സൈസ് വകുപ്പ്, തെരഞ്ഞെടുക്കപ്പെട്ട താലൂക്കുകൾ തുടങ്ങി വിവിധ ഓഫീസുകളെ ബന്ധിപ്പിച്ചുകൊണ്ട് നിലവിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം പ്രവർത്തിച്ചുവരുന്നു. പ്രതിവർഷം വിവിധ വകുപ്പുകളുടെ 500-ഓളം വീഡിയോ കോൺഫറൻസുകളാണ് ഈ സംവിധാനത്തിലൂടെ നടക്കുന്നത്.

(ബി) ഉണ്ട്. അക്ഷയ കേന്ദ്രങ്ങൾ മുഖേന നൽകുന്ന വിവിധ സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ച സർവ്വീസ് ചാർജ് മാത്രമേ ഈടാക്കാൻ പാടുള്ളൂവെന്ന് അക്ഷയ സംരംഭകർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വീസ് ചാർജ് സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ ബോർഡ് പൊതുജനങ്ങൾക്ക് വ്യക്തമായി കാണത്തക്കവിധം അക്ഷയ കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകുകയും സേവന നിരക്കുകൾ പൊതുജനങ്ങൾക്ക് മനസ്സിലാക്കുന്നതിനായുള്ള റേറ്റ് മെനു കാർഡ് അക്ഷയ കേന്ദ്രങ്ങളിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസ് ചാർജ് പ്രദർശിപ്പിക്കുന്നതിനായുള്ള ഏകീകൃത മാതൃകയിലുള്ള ബോർഡ് അക്ഷയ കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക സഹായവും സർക്കാർ നൽകിയിട്ടുണ്ട്. അമിത ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരിശോധിക്കുന്നതിനും അന്വേഷിച്ച് ശിക്ഷാ നടപടികളുൾപ്പെടെ സ്വീകരിക്കുന്നതിനും അക്ഷയ ഡയറക്ടർതലത്തിലും സർക്കാർതലത്തിലും സംവിധാനമൊരുക്കിയിട്ടുണ്ട്.

(സി) ഒരു ലൊക്കേഷനിൽ അക്ഷയ കേന്ദ്രം ആവശ്യമാണെന്ന് കാണിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം പാസ്സാക്കുന്ന പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ ശിപാർശ സഹിതം

അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ പരിഗണിച്ച് ആവശ്യമായ എണ്ണം അക്ഷയ കേന്ദ്രങ്ങൾ സർക്കാർ അനുവദിച്ച് വരുന്നുണ്ട്. അക്ഷയ കേന്ദ്രങ്ങൾ മുഖേന നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സർവ്വീസ് ചാർജ് സർക്കാർ നിശ്ചയിച്ചുനൽകിയിട്ടുണ്ട്. സ്വകാര്യ സ്ഥാപനങ്ങൾ ഇ-സേവനങ്ങൾ സർക്കാർ അനുമതിയോടെയല്ല ചെയ്യുന്നത്.

(ഡി) അക്ഷയ കേന്ദ്രങ്ങളുടെ ലോഗോയും സേവനങ്ങളും പ്രദർശിപ്പിച്ച് വ്യാജ അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമപ്രകാരമുള്ള രജിസ്ട്രേഷനുകൾ ഇല്ലാതെ അക്ഷയ കേന്ദ്രങ്ങളാണെന്ന് തെറ്റിദ്ധരിപ്പിച്ച് പ്രവർത്തിക്കുന്ന ഓൺലൈൻ കേന്ദ്രങ്ങൾ നിർത്തലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ജനസേവന കേന്ദ്രങ്ങൾ എന്ന പേരിൽ വ്യാപകമായി ഓൺലൈൻ സ്ഥാപനങ്ങൾ ആരംഭിക്കുന്നത് തടയുന്നതിലേയ്ക്കായി പുതിയ ഇത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്ന കാര്യത്തിൽ ജാഗ്രത പുലർത്തണമെന്നും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന അനധികൃത കേന്ദ്രങ്ങൾ നിർത്തലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതു ലോഗിനിലൂടെ പൗരന്മാർക്ക് ഇ-ഡിസ്ട്രിക്ട് സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വാണിജ്യാടിസ്ഥാനത്തിൽ ഓൺലൈൻ കേന്ദ്രങ്ങൾ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിലേയ്ക്കായി ഒരു രജിസ്റ്റേർഡ് യൂസർക്ക് ഒരുമാസം ലഭിക്കുന്ന പരമാവധി സർട്ടിഫിക്കറ്റുകളുടെ എണ്ണം 5 ആയി നിജപ്പെടുത്തുന്നതിനും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുന്നതിന് OTP സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അക്ഷയ കേന്ദ്രങ്ങളുടെ ലോഗിൻ ക്രിഡൻഷ്യൽസ് ദുരുപയോഗം ചെയ്യുന്നത് തടയുന്നതിലേയ്ക്കായി എല്ലാ അക്ഷയ കേന്ദ്രങ്ങളുടെയും നെറ്റ്‌വർക്ക് കണക്ഷൻ FTTH സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**കായംകുളം, മാവേലിക്കര മണ്ഡലങ്ങളിലെ അക്ഷയകേന്ദ്രങ്ങൾ**

67 (5013) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം, മാവേലിക്കര എന്നീ നിയോജകമണ്ഡലങ്ങളിൽ എത്ര വീതം അക്ഷയകേന്ദ്രങ്ങൾ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ?

ഉത്തരം

കായംകുളം നിയോജകമണ്ഡലത്തിൽ 25-ഉം മാവേലിക്കര നിയോജക മണ്ഡലത്തിൽ 24-ഉം അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അക്ഷയ കേന്ദ്രങ്ങളുടെ ലൊക്കേഷനുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സി-ഡിറ്റിനെ ഏൽപ്പിച്ച സർക്കാർ പദ്ധതികൾ

68 (5014) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സർക്കാർ പദ്ധതികളുടെ നടത്തിപ്പ് സി-ഡിറ്റിനെ ഏൽപ്പിച്ചിരുന്നോ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികളുടെ നടത്തിപ്പാണ് ഇത്തരത്തിൽ നൽകിയിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതികൾ സി-ഡിറ്റ് പുറംകരാർ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരത്തിൽ സ്വകാര്യ കമ്പനികൾക്ക് പുറംകരാർ നൽകുന്നതുവഴി സ്വകാര്യത നഷ്ടപ്പെടുന്നതിനും പ്രധാനപ്പെട്ട സർക്കാർ രേഖകൾ പരസ്യമാകുന്നതിനും ഗുരുതരമായ സുരക്ഷാവീഴ്ചയ്ക്കും കാരണമാകുമെന്നതിനാൽ പുറംകരാർ അവസാനിപ്പിച്ച് പ്രസ്തുത പദ്ധതികൾ സർക്കാർ ഏജൻസികൾ നേരിട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാരിനായി സി-ഡിറ്റ് നടപ്പിലാക്കുന്ന പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(സി & ഡി) സി-ഡിറ്റ് ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ നടത്തിപ്പ് സി-ഡിറ്റ് തന്നെയാണ് നിർവ്വഹിക്കുന്നത്. എന്നാൽ പദ്ധതികളുടെ പൂർത്തീകരണത്തിന് ചില പ്രത്യേക മേഖലകളിലുള്ള സാങ്കേതിക സഹായം ആവശ്യമാകുന്നപക്ഷം അത്തരം മേഖലകളിലെ വിദഗ്ദ്ധരുടെയും സ്ഥാപനങ്ങളുടെയും സഹായം പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി ലഭ്യമാക്കാറുണ്ട്.

## റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഓഫീസ്

69 (T*5015) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ അടിസ്ഥാന സൗകര്യങ്ങൾക്കായി എന്ത് തുക ചെലവഴിക്കാനാണ് അനുമതി നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ആർ.കെ.ഐ. ഓഫീസിനായി വാടകയ്ക്ക് കെട്ടിടം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരുടെ ഉടമസ്ഥതയിലുള്ള കെട്ടിടമാണ് എടുത്തതെന്നും അതിന്റെ പ്രതിമാസ വാടക എത്രയാണ് എന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത വാടകക്കെട്ടിടത്തിൽ ആർ.കെ.ഐ.യുടെ ഓഫീസ് പ്രവർത്തനത്തിന് വേണ്ടി സൗകര്യം ഒരുക്കുവാൻ എത്ര തുകയുടെ അനുമതിയാണ് നൽകിയത്;

(ഡി) ടെൻഡർ നൽകിയാണോ പ്രസ്തുത ഓഫീസ് സൗകര്യം ഒരുക്കുന്നത്; അല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് നടപ്പിലാക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട ഭരണപരമായ ചെലവുകൾക്കായി നടപ്പു സാമ്പത്തിക വർഷത്തിലേയ്ക്ക് മൊത്തം 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതികളുടെ ആസൂത്രണം, പദ്ധതി രേഖ തയ്യാറാക്കൽ, പദ്ധതികളുടെ ഏകോപനം, മേൽനോട്ടം, മൂല്യനിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട കൺസൽട്ടന്റുമാരുടെ പ്രതിഫലം, ഓഫീസ് സംവിധാനങ്ങൾ, രേഖകൾ തയ്യാറക്കൽ, വിവിധ തലങ്ങളിലുള്ള യോഗങ്ങളും സെമിനാറുകളും സംഘടിപ്പിക്കൽ തുടങ്ങിയ ചെലവുകൾക്കായാണ് തുക അനുവദിച്ചിട്ടുള്ളത്.

(ബി) റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നത് സെക്രട്ടേറിയറ്റ് നോർത്ത് ബ്ലോക്കിൽ വളരെ പരിമിതമായ സൗകര്യത്തിലാണ്.

റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിനുവേണ്ട സാങ്കേതിക-പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനായി സെക്രട്ടേറിയറ്റിന് തൊട്ടടുത്തുതന്നെയുള്ള Calsar Heather Tower എന്ന കെട്ടിടത്തിന്റെ ഒന്നാം നിലയിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഇതിനായി കെട്ടിട ഉടമയുമായി വാടക കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. വി. മാത്യു, മിത്രം ലെയ്ൻ, പരുത്തിപ്പാറ, മുട്ടട എന്നയാളിന്റെ ഉടമസ്ഥതയിലുള്ള സ്ഥലമാണ് വാടകയ്ക്ക് എടുത്തിട്ടുള്ളത്. ഒരു ചതുരശ്ര അടിക്ക് 50 രൂപ എന്ന നിരക്കിലാണ് (ആകെ 2973 ചതുരശ്ര അടി) പ്രതിമാസ വാടക നിശ്ചയിച്ചിട്ടുള്ളത്.

(സി) പ്രവൃത്തിയുടെ സാങ്കേതികാനുമതി പ്രകാരം ഓഫീസ് സജ്ജീകരിക്കുന്നതിന്റെ അടങ്കൽ തുക 53 ലക്ഷം രൂപ (ജി. എസ്. ടി., സെന്റേജ് ചാർജ്ജുകൾ ഒഴികെ) മാത്രമാണ്.

(ഡി) ഓഫീസ് സൗകര്യം ഒരുക്കുന്നതിനായി സർക്കാർ അക്രെഡിറ്റഡ് ഏജൻസിയായ കെ.എസ്.ഇ.ബി. ലിമിറ്റഡിനെ പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടന്റായി നിയമിച്ചിട്ടുണ്ട്. കെ. എസ്. ഇ. ബി. എൽ. ടെണ്ടർ നടപടിക്രമം പാലിച്ചുകൊണ്ട് പ്രവൃത്തി ചെയ്യിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്രളയ ദുരിതാശ്വാസനിധി

70(5016) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയ ദുരിതാശ്വാസ നിധിയിലേയ്ക്ക് മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് എത്ര കോടി രൂപ സഹായമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ലഭ്യമായ വിവരങ്ങൾ അനുസരിച്ച് മറ്റ് സംസ്ഥാന സർക്കാരുകളിൽ നിന്നും പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 25-6-2019 വരെ 150 കോടി രൂപ ലഭിച്ചിട്ടുണ്ട്.

## പ്രളയ ദുരിതാശ്വാസനിധിയിൽ പ്രവാസികളുടെ സംഭാവന

71 (5017) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ദുരിതാശ്വാസനിധിയിലേക്ക് 2019 ജൂൺ മാസം 5-ാം തീയതി വരെ എത്ര രൂപ പിരിഞ്ഞു കിട്ടിയെന്ന് അറിയിക്കുമോ;

(ബി) ഇതിൽ പ്രവാസികളുടെ സംഭാവന എത്രയെന്നും അവ ഏതൊക്കെ രാഷ്ട്രങ്ങളിൽ നിന്നാണ് ലഭിച്ചതെന്നും അറിയിക്കുമോ;

(സി) കേരളത്തിൽ നിന്നും ലഭിച്ച ആകെ തുകയെത്ര; ഇതിൽ സാലറി ചലഞ്ച് വഴി ലഭ്യമായ തുകയെന്ത്;

(ഡി) ഇതര സംസ്ഥാനങ്ങളിൽ നിന്നു ലഭ്യമായതെത്ര;

(ഇ) മന്ത്രിമാർ, എം.എൽ.എ.-മാർ, എം.പി.-മാർ എന്നിവരുടെ വിഹിതം വെളിപ്പെടുത്തുമോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി എത്ര തുക ലഭ്യമായി;

(എഫ്) പ്രളയ ദുരിതാശ്വാസനിധിയിൽ നിന്നും ഇതുവരെ ചെലവഴിച്ച തുക ഓരോന്നും ഇനം തിരിച്ച് അറിയിക്കുമോ?

ഉത്തരം

(എ) പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 2019 ജൂൺ മാസം 5-ാം തീയതിവരെ 4,196.38 കോടി രൂപ ലഭ്യമായിട്ടുണ്ട്.

(ബി) വിദേശ രാജ്യങ്ങളിലുള്ള വ്യക്തികളിൽനിന്നും വ്യക്തി കൂട്ടായ്മകളിൽനിന്നും മറ്റുമായി 93.93 കോടി രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

(സി) കേരളത്തിൽനിന്നും ലഭ്യമായ തുക പ്രത്യേകമായി ക്രോഡീകരിച്ചിട്ടില്ല. സാലറി ചലഞ്ച് വഴി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 1-6-2019 വരെ 1,097.22 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ഡി) ലഭ്യമായ വിവരങ്ങൾ അനുസരിച്ച് പ്രളയവുമായി ബന്ധപ്പെട്ട് മറ്റ് സംസ്ഥാന സർക്കാരുകളിൽനിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 150 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ഇ) മന്ത്രിമാരിൽനിന്നും 18.48 ലക്ഷം രൂപയും എം.എൽ.എ.-മാരിൽനിന്നും 78.11 ലക്ഷം രൂപയും എം.പി.-മാരിൽനിന്നും 17.10 ലക്ഷം രൂപയും ലഭ്യമായിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി ലഭ്യമായ സംഭാവനകൾ പ്രത്യേകം ക്രോഡീകരിച്ചിട്ടില്ല.

(എഫ്) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് പ്രളയവുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുക താഴെ സൂചിപ്പിക്കും പ്രകാരമാണ്.

| | | |
|---|---|---|
| ആശ്വാസ ധനസഹായം | - | 457.23 കോടി രൂപ |
| വീടും സ്ഥലവും നാശനഷ്ടം സംഭവിച്ചത് | - | 1,367.07 കോടി രൂപ |
| ചികിത്സാ ധനസഹായം | - | 12.29 ലക്ഷം രൂപ |
| കെയർ ഹോം പദ്ധതി | - | 44.98 കോടി രൂപ |
| കാർഷിക വായ്പ തിരിച്ചടവിന് | - | 54 കോടി രൂപ |
| ഉപജീവന കിറ്റ് (സിവിൽ സപ്ലൈസ്) | - | 42.73 കോടി രൂപ |
| പട്ടികജാതി വികസനക്ഷേമ വകുപ്പ് | - | 1.91 ലക്ഷം രൂപ |
| മരണപ്പെട്ടവരുടെ ആശ്രിതർക്ക് | - | 29 ലക്ഷം രൂപ |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഭൂമി നഷ്ടപ്പെട്ടവർക്ക് - 62.34 ലക്ഷം രൂപ

വീട് നിർമ്മാണ സ്ഥല സജ്ജീകരണത്തിന് - 20 ലക്ഷം രൂപ

എഞ്ചിനീയർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് - 10.35 ലക്ഷം രൂപ

**പ്രളയാനന്തര പുനർനിർമ്മിതി**

72 (5018) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയാനന്തര പുനർനിർമ്മിതിക്കായി വിദേശ രാജ്യങ്ങളുടെ സഹായം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പുനർനിർമ്മാണം പരിസ്ഥിതി സൗഹാർദ്ദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെത്തുടർന്ന് പുനരധിവാസ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിന് യു.എ.ഇ. അടക്കമുള്ള രാജ്യങ്ങൾ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. വിദേശ രാജ്യങ്ങളിലെ മലയാളികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും സഹായം ലഭിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ സന്ദർശനത്തിന്റെ ഫലമായും ഗൾഫ് രാജ്യങ്ങളിൽനിന്ന് വിവിധതരത്തിലുള്ള സഹായങ്ങൾ ലഭിച്ചു.

(ബി) സംസ്ഥാനത്ത് പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുള്ള സമഗ്ര രേഖയായ കേരള പുനർനിർമ്മാണ വികസന പരിപാടി (RKDP)യിൽ പരിസ്ഥിതി സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള പദ്ധതികളാണ് നടപ്പാക്കുകയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പരിസ്ഥിതി സൗഹൃദവും അതിജീവന ക്ഷമതയുള്ളതുമായ കേരളം എന്നതാണ് പുനർനിർമാണത്തിന്റെ ലക്ഷ്യം തന്നെ. പ്രസ്തുത രേഖയിലെ പരിസ്ഥിതിയും കാലാവസ്ഥാ മാറ്റവും എന്ന അദ്ധ്യായത്തിൽ കേരള പുനർനിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതികൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് വരുത്തേണ്ട നയപരവും സ്ഥാപനപരവും നിക്ഷേപപരവുമായ ഇടപെടലുകൾ നിർദ്ദേശിക്കുന്നു. അതിജീവനക്ഷമമായ പാരിസ്ഥിതിക ഇടപെടലുകളിലൂടെ സംസ്ഥാനത്തിന്റെ പരിസ്ഥിതി മേഖലയ്ക്കുണ്ടായ തകർച്ച പരിഹരിക്കേണ്ടത് ദുരന്ത സാധ്യത കുറയ്ക്കുന്നതിനും ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനും അത്യാവശ്യമാണ്. ഇതിനായി ചുവടെ പറയുന്നവയുമായി ബന്ധപ്പെട്ട ഇടപെടലുകളാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്.

- സ്ഥാപനതല സാങ്കേതികവിദ്യ, പങ്കാളിത്ത ശേഷി എന്നിവ വികസിപ്പിക്കൽ.
- പരിസ്ഥിതി ലോല നയം വികസിപ്പിക്കൽ.
- അതിജീവനക്ഷമത ഉറപ്പാക്കുന്നതിനായി പ്രവർത്തിക്കുന്ന വിവിധ സാമൂഹിക വിഭാഗങ്ങളെയും ബന്ധപ്പെട്ട ഏജൻസികളെയും ഒരുമിപ്പിക്കൽ.

## പ്രളയാനന്തര പുനർനിർമ്മിതിക്കായുള്ള ഉപദേശകസമിതിയുടെ പ്രവർത്തനം

73(5019) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർനിർമ്മിതിക്കായി രൂപീകരിച്ച ഉപദേശകസമിതി 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിനുശേഷം എത്ര യോഗങ്ങൾ എവിടെയെല്ലാം വച്ച് ഏതെല്ലാം തീയതികളിൽ ചേർന്നിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത യോഗങ്ങളുടെ യോഗനടപടിക്കുറിപ്പുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത യോഗങ്ങളിൽ എന്തെല്ലാം തീരുമാനങ്ങൾ എടുത്തിട്ടുണ്ടെന്നും പ്രസ്തുത തീരുമാനങ്ങളിൽ ഏതെല്ലാം നടപ്പിലാക്കിയിട്ടുണ്ടെന്നും അറിയിക്കുമോ?

ഉത്തരം

(എ) ആകെ 3 ഉപദേശകസമിതി യോഗങ്ങൾ ഇതുവരെ നടന്നിട്ടുണ്ട്. ഒന്നും രണ്ടും മൂന്നും യോഗങ്ങൾ യഥാക്രമം 22-10-2018, 13-11-2018, 20-3-2019 എന്നീ തീയതികളിൽ സെക്രട്ടേറിയറ്റിലെ മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽവച്ച് നടന്നു.

(ബി & സി) പ്രസ്തുത യോഗങ്ങളിൽ എടുത്ത തീരുമാനങ്ങളടങ്ങിയ യോഗ നടപടിക്കുറിപ്പുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*. ഉപദേശകസമിതിയുടെ നിർദ്ദേശങ്ങൾക്കും തീരുമാനങ്ങൾക്കും അനുസൃതമായി വിവിധ മേഖലകൾ ഉൾപ്പെടുത്തി ഒരു സമഗ്ര കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Programme. RKDP) മന്ത്രിസഭ അംഗീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പ്രളയത്തിൽ വീട് നഷ്ടപ്പെട്ടതിനുള്ള നഷ്ടപരിഹാരം

74 (5021) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ ആലത്തൂർ മണ്ഡലത്തിൽ എത്ര വീടുകൾക്ക് നാശനഷ്ടമുണ്ടായതായാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ഇതിൽ എത്രപേർക്ക് നഷ്ടപരിഹാരം നൽകിയെന്നുമുള്ള വിവരം പ്രസ്തുത നിയോജകമണ്ഡലത്തിലെ പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഉത്തരം

(എ) 858 വീടുകൾക്ക് നാശനഷ്ടം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്.

(ബി) പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട അപേക്ഷകരുടെയും തുക അനുവദിച്ചവരുടെയും വിവരം ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത് | ലഭിച്ച അപേക്ഷകൾ | തുക അനുവദിച്ചത് | തുക അനുവദിക്കാനുള്ളത് |
|---|---|---|---|
| ആലത്തൂർ | 115 | 106 | 9 |
| എരിമയൂർ | 97 | 85 | 12 |
| മേലാർക്കോട് | 69 | 61 | 8 |
| കിഴക്കഞ്ചേരി | 217 | 208 | 9 |
| വണ്ടാഴി | 106 | 92 | 14 |
| കുഴൽമന്ദം | 131 | 125 | 6 |
| തേങ്കുറിശ്ശി | 123 | 119 | 4 |
| **ആകെ** | **858** | **796** | **62** |

## മാവേലിക്കരയിലെ നാശനഷ്ടവും നഷ്ടപരിഹാരവും

75 (5022) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2018 ലെ പ്രളയത്തിൽ മാവേലിക്കര മണ്ഡലത്തിൽ എത്ര വീടുകൾക്കും കെട്ടിടങ്ങൾക്കുമാണ് നാശനഷ്ടം കണക്കാക്കിയിട്ടുള്ളതെന്നും നഷ്ടപരിഹാരത്തിന് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര പേർക്ക് നഷ്ടപരിഹാരം നൽകിയെന്നുമുള്ള വിവരം നാശനഷ്ടത്തിന്റെ തോത് അനുസരിച്ച് പഞ്ചായത്ത്, മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ വിശദമാക്കുമോ ?

ഉത്തരം

2018-ലെ പ്രളയത്തിൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ ഭവനനാശം സംഭവിച്ച 2100 അപേക്ഷകൾ ലഭിച്ചതിൽ 2100 വീട്ടുകൾക്ക് നാശനഷ്ടം കണക്കാക്കിയിട്ടുള്ളതാണ്. ആയതിന്റെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവന ലഭിച്ച സ്വർണ്ണം

76 (T+5023) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരിതാശ്വാസമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സ്വർണ്ണം സംഭാവനയായി ലഭിച്ചിട്ടുണ്ടോ;എങ്കിൽ എത്ര പവൻ;വ്യക്തമാക്കുമോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഏറ്റവും കൂടുതൽ സ്വർണ്ണം സംഭാവന നൽകിയ വ്യക്തി ആരാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത സ്വർണ്ണം ലേലം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ ആയതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ സ്വർണ്ണം സംഭാവനയായി ലഭിച്ചിട്ടുണ്ട്. 63.9125 പവൻ (511.300 gm.) സ്വർണ്ണ ഉരുപ്പടികൾ ലഭിച്ചിട്ടുണ്ട്.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ഏറ്റവും കൂടുതൽ സ്വർണ്ണം സംഭാവന നൽകിയ വ്യക്തി ശ്രീമതി ജൂബിലി W/o ത്രിദീപ് കുമാർ ചൗധരി, മുണ്ടുകാട്ടുവീട്, മാധ്യമം റോഡ്, മരട് പി.ഒ., എറണാകുളം ആണ്. ശ്രീമതി ജൂബിലി, 53.200 ഗ്രാം സ്വർണ്ണമാണ് സംഭാവനയായി നൽകിയത്. ബാങ്ക് ഓഫ് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇൻഡ്യ (BEFI) കേരള എന്ന സംഘടനയുടെ പേരിൽ 381.210 ഗ്രാം സ്വർണ്ണ ഉരുപ്പടികൾ സംഭാവനയായി ലഭിച്ചിട്ടുണ്ട്.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ സംഭാവനയായി ലഭിച്ച സ്വർണ്ണാഭരണങ്ങൾ വിൽക്കാൻ ക്വട്ടേഷൻ ക്ഷണിക്കുകയും നടപടികൾ പൂർത്തിയാക്കി വിൽപ്പന നടത്തുകയും ചെയ്തു. 511.300 ഗ്രാം സ്വർണ്ണാഭരണങ്ങളുടെ വിൽപ്പനയിലൂടെ 14,89,540 രൂപ (പതിനാല് ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി നാൽപ്പത് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് മുതൽക്കൂട്ടിയിട്ടുണ്ട്. കൂടാതെ ഇതിന്റെ 3% ജി.എസ്.ടി. തുകയും (44,686 രൂപ) ഈടാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

\+ 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

77 (5024) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര പേർക്കാണ് സഹായധനം അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 371011 പേർക്ക് ധനസഹായം അനുവദിച്ചി ട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ധനസഹായം

78 (5025) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ അപേക്ഷ നൽകിയവരിൽ, അപേക്ഷ നിരസിക്കപ്പെടുന്നവരെ അതിന്റെ കാരണം വ്യക്തമാക്കി വിവരം അറിയിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ബി) ചില ഉദ്യോഗസ്ഥർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ലഭിക്കുന്ന അപേക്ഷ അനന്തമായി നീട്ടിക്കൊണ്ടുപോകുന്നുണ്ടോ; ഇവർക്കെതിരെ വകുപ്പുതലനടപടികൾ സ്വീകരിക്കുമോ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ലഭിക്കുന്ന അപേക്ഷകളിന്മേൽ അതിവേഗം നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി) ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളുടെ മുൻഗണനയും അടിയന്തര സ്വഭാവവും കണക്കിലെടുത്ത് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചുവരുന്നുണ്ട്. വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 10,000 രൂപ വരെ ധനസഹായം അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാരേയും 15,000 രൂപ വരെ ധനസഹായം

അനുവദിക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്കും ബന്ധപ്പെട്ട തഹസീൽദാർമാർക്കും ഓൺലൈനായി നൽകിവരുന്നു. അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതിനായി Direct Beneficiary Transfer (DBT) സംവിധാനം നിലവിൽ വന്നിട്ടുണ്ട്. തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പരാതികൾ കൈകാര്യം ചെയ്യുന്നതിനായി ധനകാര്യ വകുപ്പിന്റെ കീഴിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ടെക്നിക്കൽ സപ്പോർട്ട് സെൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാസഹായം**

79 (5026) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന ചികിത്സാസഹായം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം അസുഖങ്ങൾക്കാണ് ധനസഹായം അനുവദിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളുടെ മുൻഗണനയും അടിയന്തര സ്വഭാവവും കണക്കിലെടുത്ത് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചുവരുന്നുണ്ട്. വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 10,000 രൂപ വരെ ധനസഹായം അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാരേയും 15,000 രൂപ വരെ ധനസഹായം അനുവദിക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്കും ബന്ധപ്പെട്ട തഹസീൽദാർമാർക്കും ഓൺലൈനായി നൽകിവരുന്നു. അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതിനായി Direct Beneficiary Transfer (DBT) സംവിധാനം നിലവിൽ വന്നിട്ടുണ്ട്. തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പരാതികൾ കൈകാര്യം ചെയ്യുന്നതിനായി ധനകാര്യ വകുപ്പിന്റെ കീഴിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ടെക്നിക്കൽ സപ്പോർട്ട് സെൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

(ബി) വൃക്ക, കരൾ, ഹൃദയം, തലച്ചോറ്, നാഡീവ്യൂഹം എന്നിവ സംബന്ധിച്ച മാരകരോഗങ്ങളും കാൻസറും അടക്കം ഏറിയ ചികിത്സാച്ചെലവ് വരുന്ന അസുഖങ്ങൾക്കൊക്കെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

**എൻഡോസൾഫാൻ ഇരകൾ**

80 (5027) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ആനുകൂല്യങ്ങളും സഹായങ്ങളും കൈപ്പറ്റുന്ന എത്രപേർ എൻഡോസൾഫാൻ ലിസ്റ്റിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് സഹായങ്ങളും ആനുകൂല്യങ്ങളും നൽകുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ഓരോ മാനദണ്ഡമനുസരിച്ച് കിട്ടുന്ന സഹായങ്ങൾ എന്താണെന്നും വിശദമാക്കാമോ;

(സി) എൻഡോസൾഫാൻ ഇരകൾക്ക് ഇതുവരെ എത്ര തുക സഹായമായി നൽകിയെന്നും ഇതിനുള്ള ഫണ്ട് എവിടെ നിന്ന് ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(ഡി) കേന്ദ്ര സർക്കാരിൽ നിന്നോ പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നോ എൻഡോസൾഫാൻ കമ്പനിയിൽ നിന്നോ നഷ്ടപരിഹാരം കിട്ടിയിട്ടുണ്ടോ എന്നും എങ്കിൽ എത്ര തുകയാണെന്നും വ്യക്തമാക്കാമോ;

(ഇ) എൻഡോസൾഫാൻ കമ്പനിയെയും പ്ലാന്റേഷൻ കോർപ്പറേഷനെയും സർക്കാർ നഷ്ടപരിഹാരത്തിനായി സമീപിച്ചിരുന്നുവോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് നടത്തിയ കത്തിടപാടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) 6235 പേർ.

(ബി) എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് പ്രതിമാസ പെൻഷൻ, സൗജന്യ ചികിത്സ, ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ പ്രകാരവും സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിലുള്ള ധനസഹായം എന്നിവ നൽകിവരുന്നു. പൂർണ്ണമായും കിടപ്പിലായവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ എന്നീ കാറ്റഗറിയിൽ ഉൾപ്പെട്ടവർക്ക് 5 ലക്ഷം രൂപ വീതവും ശാരീരിക വൈകല്യം ബാധിച്ചവർ, കാൻസർ രോഗികൾ എന്നീ കാറ്റഗറിയിൽ ഉൾപ്പെട്ടവർക്ക് 3 ലക്ഷം രൂപ വീതവും നൽകിവരുന്നു. മരണപ്പെട്ടവരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് (അർഹതപ്പെട്ടവർക്ക്) അനന്തരാവകാശ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിച്ച് നൽകുന്നു. കൂടാതെ

എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവരുടെ 2011 ജൂൺ 30 വരെ എടുത്തിട്ടുള്ള 3 ലക്ഷം രൂപവരെയുള്ള വായ്പകൾ സർക്കാർ ഉത്തരവിന് വിധേയമായി എഴുതിത്തള്ളുന്നുണ്ട്.

(സി) 1,98,69,59,819 രൂപ (നൂറ്റി തൊണ്ണൂറ്റിയെട്ട് കോടി അറുപത്തിയൊൻപത് ലക്ഷത്തി അൻപതിനായിരത്തി എണ്ണൂറ്റി പത്തൊൻപത് രൂപ മാത്രം) എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഇതുവരെ സഹായമായി നൽകിയിട്ടുണ്ട്. സർക്കാരിൽനിന്നും പ്ലാന്റേഷൻ കോർപ്പറേഷനിൽനിന്നും ഫണ്ട് ലഭ്യമായിട്ടുണ്ട്.

(ഡി) പ്ലാന്റേഷൻ കോർപ്പറേഷനിൽനിന്നും 58.105 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ 5 കോടി രൂപ 18-7-2011-ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകിയിട്ടുള്ളതാണ്.

(ഇ) കീടനാശിനി നിർമ്മാതാക്കളിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനായി കേരള സർക്കാരിനുവേണ്ടി തിരുവനന്തപുരം ജില്ലാ കളക്ടർ വാദിയായി, തിരുവനന്തപുരം സബ് കോടതി III-ൽ 15 കീടനാശിനി കമ്പനികൾക്കെതിരെ OS.2/2019 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട കത്തിടപാടുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

## മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി

81(5028) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിൽ വീഴ്ച വരുത്തിയതുമൂലം ജപ്തി ഭീഷണി നേരിടുന്നവർക്ക് പലിശയിളവും കടാശ്വാസവും അനുവദിക്കുന്നതിന് മുഖ്യമന്ത്രിയുടെ കടാശ്വാസപദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ആരെല്ലാമാണെന്നും ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഗുണഭോക്തൃനിർണയം, പദ്ധതി നടത്തിപ്പ് തുടങ്ങിയവയുമായി ബന്ധപ്പെട്ട് ഉണ്ടായേക്കാവുന്ന പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) 28-8-2016-ൽ സ.ഉ.(പി)118/2016/ധന. നമ്പരായി മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതിപ്രകാരം ഗുണഭോക്താക്കളെ രണ്ട് വിഭാഗമായി തരംതിരിക്കാവുന്നതാണ്.

അഞ്ചുലക്ഷം രൂപവരെയുള്ള വായ്പകളിൽ കടാശ്വാസത്തിന് അല്ലെങ്കിൽ വായ്പാപലിശ ഇളവിന് അർഹതയുള്ള, താഴെ വിവരിക്കുന്നവരെല്ലാം ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

1. കടാശ്വാസം (പൂർണ്ണമായും എഴുതിത്തള്ളുന്നത്)

i. റവന്യൂ വകുപ്പിൽനിന്ന് ലഭ്യമാക്കിയിട്ടുള്ള Low Income Group Housing (LIGH), Middle Income Group Housing (MIGH) വായ്പകളിലെ കുടിശ്ശിക തുക.

ii. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽനിന്ന് താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് (എൽ.ഐ.ജി.) അനുവദിച്ചതും മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ മുതലിന്റെ 200% എങ്കിലും തിരിച്ചടവ് നടത്തിയിട്ടുള്ളതുമായ വായ്പകൾ.

iii. വായ്പാ സ്ഥാപനങ്ങളിൽനിന്ന് അനുവദിക്കപ്പെട്ട പരാമവധി അഞ്ചുലക്ഷം രൂപവരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ മുതലിന്റെ 200% എങ്കിലും തിരിച്ചടവ് നടത്തിയതിൽ ബാക്കിനിൽക്കുന്ന തുക.

2. പലിശ/പിഴപ്പലിശ എഴുതിത്തള്ളുന്നത്

i. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽനിന്ന് താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് (എൽ.ഐ.ജി.) അനുവദിച്ചതും മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ മുതലിന്റെ 150% എങ്കിലും നാളിതുവരെ അടച്ചുതീർത്തുമായ വായ്പയിൽ ബാക്കിനിൽക്കുന്നതും മുതലിന്റെ 200% എത്തുന്നതുവരെയുള്ളതുമായ തുക. 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കണമെന്ന നിബന്ധനയിൽ പലിശയും പിഴപ്പലിശയും ഒഴിവാക്കി നൽകുന്നതാണ്.

ii. റവന്യൂ വകുപ്പ് ഒഴികെയുള്ള വായ്പാ സ്ഥാപനങ്ങളിൽനിന്ന് താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ചതും മുതലും പലിശയും

പിഴപ്പലിശയും ഉൾപ്പെടെ മുതലിന്റെ 150% എങ്കിലും നാളിതുവരെ അടച്ചുതീർത്തുമായ വായ്പയിൽ ബാക്കിനിൽക്കുന്നതും മുതലിന്റെ 200% എത്തുന്നതുവരെയുള്ളതുമായ തുക. 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കണമെന്ന നിബന്ധനയിൽ പലിശയും പിഴപ്പലിശയും ഒഴിവാക്കി നൽകുന്നതാണ്.

മേൽപ്രകാരം അർഹതാതുക കടാശ്വാസമായോ പലിശ/പിഴപ്പലിശയിളവായോ ആനുകൂല്യം ലഭിക്കാനിടയുള്ളതും താഴെപ്പറയുന്ന വായ്പാ സ്ഥാപനങ്ങളിൽനിന്ന് വായ്പയെടുത്ത (അർഹതാപ്പട്ടികയിൽ ഇടം നേടിയ) വ്യക്തി/നിയമാനുസൃത അനന്തരാവകാശി ഈ പദ്ധതിയുടെ ഗുണഭോക്താവാണ്.

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനുകൾ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികാലംഗക്ഷേമ കോർപ്പറേഷൻ എന്നീ സർക്കാർ സ്ഥാപനങ്ങളിൽനിന്നും റവന്യൂ വകുപ്പിൽനിന്നുമുള്ള വായ്പകളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) ഗുണഭോക്തൃ നിയമം, പദ്ധതി നടത്തിപ്പ് തുടങ്ങിയവയുമായി ബന്ധപ്പെട്ട് ഉണ്ടായേക്കാവുന്ന പരാതികൾ പരിഹരിക്കുന്നതിന് ഓരോ വായ്പാസ്ഥാപനവും പ്രത്യേക പരാതി പരിഹാര ഉദ്യോഗസ്ഥനെ നിയോഗിക്കേണ്ടതും പരാതിയിന്മേൽ പ്രസ്തുത ഉദ്യോഗസ്ഥൻ 30 (മുപ്പത്) ദിവസത്തിനകം തീർപ്പ് കൽപ്പിക്കേണ്ടതുമാണ്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി സഹായത്തിന് ഓൺലൈൻ അപേക്ഷ

82(5029) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് സഹായം ലഭിക്കുന്നതിന് ഓൺലൈനിൽ അപേക്ഷ സമർപ്പിക്കുന്നതിന് അടുത്ത കാലത്തായി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിനും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും കാലതാമസം ഉണ്ടായിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ഈ പദ്ധതിക്കുവേണ്ടി പുതിയ സോഫ്റ്റ്‌വെയർ നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ ആയതിൽ വന്നിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ ഒരു ബുദ്ധിമുട്ടും അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകർക്കില്ല.

(ബി) ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളുടെ മുൻഗണനയും അടിയന്തര സ്വഭാവവും കണക്കിലെടുത്ത് തുക അനുവദിച്ച് കഴിയുന്നത്ര വേഗത്തിൽ ഉത്തരവ് പുറപ്പെടുവിച്ചുവരുന്നുണ്ട്. അനുവദിക്കുന്ന തുക Direct Beneficiary Transfer (DBT) സംവിധാനംവഴി അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ലഭ്യമാകുന്നുണ്ട്.

(സി) ഉണ്ട്. JAVA PLATFORM-ലേയ്ക്ക് SOFTWARE സംവിധാനം മാറിയതിനാൽ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തന നിർവ്വഹണം സാധ്യമാകും.

**കണ്ണൂർ വിമാനത്താവളത്തിൽനിന്നുള്ള സർവ്വീസുകൾ**

83 (5030) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിൽനിന്നും ദിവസേനയുള്ള സർവ്വീസുകളുടെ എണ്ണം വ്യക്തമാക്കുമോ; ആയതിൽ ആഭ്യന്തര സർവ്വീസുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിനായി കിയാൽ മുഖേന നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള പ്രതിബന്ധങ്ങൾ നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ വിശദമാക്കാമോ?

ഉത്തരം

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നും 32 ആഭ്യന്തര സർവ്വീസുകൾ ഉൾപ്പെടെ ദിവസേന 48 അന്താരാഷ്ട്ര-ആഭ്യന്തര സർവ്വീസുകൾ നടത്തിവരുന്നു.

(ബി & സി) കൂടുതൽ വിദേശ വിമാന കമ്പനികൾ കണ്ണൂരിലേയ്ക്ക് സർവ്വീസ് നടത്തുന്നതിന് അനുമതി നൽകാൻ കേരള സർക്കാരും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയും കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്മേൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരുന്നു.

സ്പൈസ് ജെറ്റുമായി കിയാൽ ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ കണ്ണൂരിൽനിന്നും അഹമ്മദാബാദ്, കൊൽക്കത്ത, പൂനെ, ഡൽഹി, തിരുവനന്തപുരം എന്നീ ആഭ്യന്തര സർവ്വീസുകളും ദുബായ്, ജിദ്ദ, റിയാദ്, ഷാർജ, ബഹ്റൈൻ എന്നീ വിദേശ സർവ്വീസുകളും ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഗോ എയർ, കണ്ണൂരിൽനിന്നും ദമാമിലേയ്ക്കും ദുബായിലേയ്ക്കും സർവ്വീസ് നടത്താൻ ശ്രമം നടത്തിവരുന്നു.

വിദേശ വിമാനകമ്പനികൾക്ക് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് അന്താരാഷ്ട്ര സർവ്വീസുകളിൽ വർദ്ധനവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ഉഡാൻ പദ്ധതി

84 (5031) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ ഉഡാൻ പദ്ധതിയിൽ കോഴിക്കോട് വിമാനത്താവളത്തെയും ഉൾപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉഡാൻ പദ്ധതിയിൽ ഉൾപ്പെടുന്നതോടെ കുറഞ്ഞ ചെലവിൽ യാത്രക്കാർക്ക് ആഭ്യന്തര വിമാനയാത്രകൾ നടത്താനാകുമെന്ന നേട്ടമുണ്ടോ;

(സി) എങ്കിൽ ഒരു മണിക്കൂറിന് 2500 രൂപ എന്ന നിരക്കിൽ രാജ്യത്തെ വിവിധ നഗരങ്ങളിലേയ്ക്ക് സഞ്ചരിക്കാനാകുമെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനായി സർക്കാർ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽ ഇതിനകം സമ്മർദ്ദം ചെലുത്തുകയുണ്ടായോ;

(ഇ) ഇല്ലെങ്കിൽ ഭാവിയിൽ ഇതിനായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) കോഴിക്കോട് വിമാനത്താവളത്തെ ഉഡാൻ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ ഉന്നയിച്ചിട്ടില്ല. എന്നാൽ ഈ പദ്ധതിയിലുൾപ്പെടുത്തി ഡൽഹി-കോഴിക്കോട് റൂട്ടിൽ സർവ്വീസ് നടത്തുന്നതിന് ഇൻഡിഗോ എയർലൈൻസിന് അനുമതി നൽകിയിട്ടുണ്ട്. സർവ്വീസ് ആരംഭിച്ചിട്ടില്ല.

(ബി & സി) ഉണ്ട്. റീജിയണൽ കണക്ടിവിറ്റി സ്കീം (ആർ.സി.എസ്. സ്കീം-ഉഡാൻ)-ലെ വ്യവസ്ഥകൾക്കനുസൃതമായി എയർലൈൻ ഓപ്പറേറ്റർമാരുടെ സഹായത്തോടെ ആഭ്യന്തര റൂട്ടുകളിൽ ചെലവുകുറഞ്ഞ വിമാനയാത്ര സാധ്യമാകുമെന്ന് കരുതുന്നു.

(ഡി & ഇ) ആഭ്യന്തര വിമാന സർവ്വീസ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കോഴിക്കോട് വിമാനത്താവളത്തിൽനിന്നും ഉഡാൻ സ്കീമിൽ ഉൾപ്പെടുത്തി കോഴിക്കോട്-തിരുവനന്തപുരം-കോഴിക്കോട്, കോഴിക്കോട്-പൂനെ-കോഴിക്കോട് തുടങ്ങിയ റൂട്ടുകളിൽ വിമാന സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ സ്വീകരിച്ചുവരുന്നു.

## ഫ്ലോട്ടിംഗ് പാനൽ ഉപയോഗിച്ച് സൗരോർജ്ജ പദ്ധതി

85 (5032) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്ളോട്ടിംഗ് പാനൽ ഉപയോഗിച്ച് സൗരോർജ്ജ പദ്ധതി നടപ്പിലാക്കുവാൻ സിയാൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ സാങ്കേതികവിദ്യ എവിടെ നിന്നുമാണ് ലഭ്യമാക്കിയത്;

(സി) നിലവിൽ സിയാലിന്റെ മൊത്തം സൗരോർജ്ജ ശേഷി എത്ര മെഗാവാട്ടാണ്; പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതോടെ അത് എത്രയായി വർദ്ധിപ്പിക്കുവാൻ സാധിക്കും;വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 450 കിലോവാട്ട് സ്ഥാപിതശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് സ്ഥാപിക്കുന്ന പ്രവൃത്തി സിയാൽ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഫ്രഞ്ച് സാങ്കേതികവിദ്യയുടെ സഹായത്തോടെയാണ് ഇത് നടപ്പിലാക്കുന്നത്.

(സി) സിയാലിന്റെ നിലവിലുള്ള സ്ഥാപിതശേഷി 39 മെഗാവാട്ട് ആണ്. ഫ്ലോട്ടിംഗ് പ്ലാന്റ് പൂർത്തിയാക്കുന്നതോടെ ഇത് 39.5 മെഗാവാട്ട് ആയി വർദ്ധിക്കും.

## തിരുവനന്തപുരം വിമാനത്താവളത്തിന്റെ വരുമാനത്തിൽ ഇടിവ്

86 (5033) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിമാനത്താവളത്തെ വിമാനക്കമ്പനികൾ ഉപേക്ഷിക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം പ്രസ്തുത വിമാനത്താവളത്തിന്റെ വരുമാനത്തിൽ എന്ത് ഇടിവാണ് ഉണ്ടായിട്ടുള്ളതായി അറിയാമോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നും സർവ്വീസ് നടത്തിയിരുന്ന സൗദിയ, ഫ്ലൈ ദുബായ് എന്നീ വിമാന കമ്പനികൾ തങ്ങളുടെ പ്രവർത്തന സൗകര്യാർത്ഥം സർവ്വീസുകൾ കോഴിക്കോടിലേയ്ക്ക് മാറ്റിയിട്ടുണ്ട്. സിൽക്ക് എയർലൈൻസിന്റെ പ്രവർത്തനം അവസാനിപ്പിച്ചതിനാൽ അവരുടെ സഹോദര എയർലൈൻസായ സ്കൂട്ട് ദൈനംദിന സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. ജെറ്റ് എയർവേയ്സ് രാജ്യവ്യാപകമായി സർവ്വീസ് അവസാനിപ്പിച്ചതിനാൽ ടി വിമാന കമ്പനിക്ക് അനുവദിച്ചിരുന്ന സ്ലോട്ടുകളിൽ ഇൻഡിഗോ, സ്പൈസ് ജെറ്റ് എന്നിവ സർവ്വീസുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) വരുമാനത്തിൽ ഇടിവുണ്ടായിട്ടില്ല.

**കൊച്ചി മെട്രോ യാത്രക്കാർ**

87 (5034) ശ്രീ. എസ്. ശർമ്മ :
ശ്രീ. എം. സ്വരാജ് :
ശ്രീ. ബി. സത്യൻ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി നഗരത്തിലേ ഗതാഗതക്കുരുക്ക് ഒഴിവാക്കാനായി നിർമ്മിച്ച കൊച്ചി മെട്രോയിൽ നിലവിലുള്ള ശരാശരി പ്രതിദിന യാത്രക്കാർ എത്രയാണെന്ന് അറിയിക്കാമോ; ഇതിന്റെ പ്രവർത്തനനഷ്ടം കുറയ്ക്കുന്നതിന് നടപ്പാക്കാനുദ്ദേശിക്കുന്ന ടിക്കറ്റിതര വരുമാനമാർഗ്ഗങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ഉത്തരം

കൊച്ചി നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാനായി നിർമ്മിച്ച കൊച്ചി മെട്രോയിൽ 2019 മേയ് മാസത്തിലെ കണക്കുകൾപ്രകാരം ഏകദേശം 42327 യാത്രക്കാർ പ്രതിദിനം യാത്രചെയ്യുന്നുണ്ട്.

പ്രവർത്തനനഷ്ടം കുറയ്ക്കുന്നതിന് കൊച്ചി മെട്രോ സ്വീകരിച്ചിട്ടുള്ളതും നടപ്പിലാക്കാനുദ്ദേശിക്കുന്നതുമായ ടിക്കറ്റിതര വരുമാനമാർഗ്ഗങ്ങൾ താഴെപ്പറയുന്നവയാണ്.

1. മെട്രോ തൂണുകളിലും മീഡിയനുകളിലും പരസ്യം പ്രദർശിപ്പിക്കുന്നതിനുള്ള അവകാശം ലൈസൻസ് മുഖാന്തരം നൽകുക.

2. സ്റ്റേഷനുകൾക്കുള്ളിലും പുറത്തും അതുപോലെ ട്രെയിനുകൾക്കുള്ളിലും പുറത്തും പരസ്യം ചെയ്യാനുള്ള അവകാശം നൽകുക.

3. QR ടിക്കറ്റുകൾക്ക് മറുപുറത്ത് പരസ്യം നൽകുന്നതിനുള്ള അനുവാദം നൽകുക.

4. മെട്രോ സ്റ്റേഷനുകളുടെ പേരിനൊപ്പം സ്ഥാപനങ്ങളുടെ പേരുകൾ ചേർത്ത് പ്രദർശിപ്പിക്കുന്നതിനുള്ള അവകാശം നൽകുക.

5. സ്റ്റേഷനുകളിലുള്ള സ്ഥലസൗകര്യം വാണിജ്യാവശ്യങ്ങൾക്കായി വാടകയ്ക്ക് നൽകുക.

6. സ്റ്റേഷനുകൾക്കുള്ളിലുള്ള ഓഫീസിനുപയുക്തമായ സ്ഥലം വാടകയ്ക്ക് നൽകുക.

7. ടെലികോം ടവറുകൾ സ്ഥാപിക്കാൻ സ്ഥലം നൽകുക.

8. കാർ പാർക്കിംഗിനുള്ള സൗകര്യം വാടകയ്ക്ക് നൽകുക.

9. സ്റ്റേഷനുകളുടെ അകത്ത് ബാങ്കുകളുടെ എ.ടി.എം. സ്ഥാപിക്കുന്നതിനുള്ള സ്ഥലസൗകര്യം നൽകുക.

10. സ്റ്റേഷനുകളിലും ട്രെയിനുകളിലും സിനിമ മുതലായവ ദൃശ്യ ചിത്രീകരണം ചെയ്യാനുള്ള സൗകര്യം നൽകുക.

11. പനമ്പിള്ളി നഗറിൽ കാർ പ്രദർശനത്തിനുള്ള അനുമതി നൽകുക.

12. വയഡക്ടിനുതാഴെയുള്ള മീഡിയനുകളിൽ സ്പോൺസർഷിപ്പ് മുഖേന സൗന്ദര്യവൽക്കരിക്കുന്നത്.

13. പോഷക സർവ്വീസുകൾ നടപ്പിലാക്കുന്നത് മുഖാന്തരം കൂടുതൽ യാത്രക്കാരെ ആകർഷിക്കുക.

## ഇൻഫർമേഷൻസ് ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ

88 (5036) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് നടത്തിവരുന്ന മുഖ്യസേവനങ്ങൾ വ്യക്തമാക്കാമോ;

(ബി) സർക്കാരിന്റെ വികസന പ്രവർത്തനങ്ങളും സാംസ്കാരിക പ്രവർത്തനങ്ങളും ഫലപ്രദമായി ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാരിനും ജനങ്ങൾക്കുമിടയിലുള്ള വിവര വിനിമയത്തിന്റെ കണ്ണിയാണ് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്. സർക്കാരിന് ജനങ്ങളുമായി സംവദിക്കേണ്ട വിവരങ്ങൾ നേരിട്ടും വിവിധ മാധ്യമങ്ങൾവഴിയും ഫീൽഡ് പബ്ലിസിറ്റി, കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ മുഖേനയും സമൂഹത്തിന്റെ താഴെത്തട്ടുവരെ എത്തിക്കുകയും ജനങ്ങളുടെ പ്രതികരണം സർക്കാരിനെ അറിയിക്കുകയുമാണ് വകുപ്പിന്റെ പ്രധാന ചുമതല. സമൂഹവും സർക്കാരും തമ്മിലുള്ള ആശയ വിനിമയത്തിന്റെ അർത്ഥവത്തായ പാരസ്പര്യം ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ഉറപ്പാക്കുന്നു.

വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങളും സേവനങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(ബി) സർക്കാരിന്റെ വികസന പ്രവർത്തനങ്ങളും സാംസ്കാരിക പ്രവർത്തനങ്ങളും ഫലപ്രദമായി ജനങ്ങളിലെത്തിക്കാൻ വകുപ്പ് നടത്തുന്ന പ്രവർത്തനം അനുബന്ധമായി ചേർക്കുന്നു.*

**നോർക്ക പുനരധിവാസ പദ്ധതി**

89(5037) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :</u>
<u>ശ്രീ. ഷാഫി പറമ്പിൽ :</u>
<u>ശ്രീ. പി. ടി. തോമസ് :</u>
<u>ശ്രീ. സണ്ണി ജോസഫ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികൾക്ക് നോർക്ക പുനരധിവാസ പദ്ധതിയുടെ ഭാഗമായി എന്തൊക്കെ സഹായങ്ങളാണ് നൽകുന്നത്;

(ബി) ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ ലോൺ അനുവദിക്കാറുണ്ടോ; എങ്കിൽ 2018-ൽ എത്രപേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) ഇക്കാര്യത്തിൽ ബാങ്കുകൾ വേണ്ടത്ര സഹകരണം നൽകുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഇടപെട്ട് പ്രവാസികളുടെ പുനരധിവാസത്തിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികൾക്കുവേണ്ടി നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന പുനരധിവാസ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ കൂടുതൽ ഫലപ്രദമായ നടത്തിപ്പിനായി ഗുണഭോക്താക്കൾക്ക് താൽപ്പര്യമുള്ള മേഖലകളിൽ പരിശീലന കളരികൾ, ബോധവൽക്കരണ സെമിനാറുകൾ എന്നിവ നടത്തിവരുന്നു. ഇതിനുപുറമേ സംരംഭകർക്ക് പദ്ധതി സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകുക, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുക, അത് ബാങ്കുകൾക്ക് സ്വീകാര്യമാകത്തക്കരീതിയിൽ വിശകലനം നടത്തുക, സംരംഭം തുടങ്ങുന്നതിനുവേണ്ട വിവിധ നടപടിക്രമങ്ങളെക്കുറിച്ച് മാർഗ്ഗനിർദ്ദേശം നൽകുക എന്നിവ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സർക്കാർ ഏജൻസി മുഖാന്തരം ചെയ്യുന്നുണ്ട്. മാത്രമല്ല, ഇത്തരം തൊഴിൽ സംരംഭങ്ങൾക്ക് ആദ്യ ആറുമാസം ആവശ്യമായ സഹായങ്ങൾ നൽകിവരുന്നുണ്ട്.

നിലവിൽ നോർക്കാ റൂട്ട്സുമായി ധാരണാപത്രം ഒപ്പിട്ടിട്ടുള്ള 13 ധനകാര്യ സ്ഥാപനങ്ങൾ മുഖാന്തരം ലോൺ നൽകിവരുന്നുണ്ട്. ഇതിൽ സൗകര്യപ്രദമായത് തെരഞ്ഞെടുത്ത് ഗുണഭോക്താവ് സമർപ്പിക്കുന്ന അപേക്ഷ പ്രസ്തുത ധനകാര്യ സ്ഥാപനത്തിലേയ്ക്ക് ശിപാർശ ചെയ്ത് അയയ്ക്കുകയും ആയത് പരിശോധിച്ച് ധനകാര്യ സ്ഥാപനങ്ങൾ അവയുടെ നിബന്ധനകൾക്ക് വിധേയമായി വായ്പ അനുവദിക്കുകയുമാണ് ചെയ്യുന്നത്.

(ബി) ഉണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ 791 ഗുണഭോക്താക്കൾക്ക് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതിപ്രകാരം ചെറുകിട വ്യവസായങ്ങൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

(സി) നോർക്ക പുനരധിവാസ പദ്ധതിയുടെ തുടക്കത്തിൽ ചില ബാങ്കുകളുടെ സഹകരണമില്ലായ്മ ശ്രദ്ധയിൽപ്പെട്ടു. എന്നാൽ സർക്കാർ സമയോചിതമായി ഇടപെട്ടതിനെത്തുടർന്ന് ഈ പ്രശ്നം പരിഹരിക്കപ്പെട്ടിട്ടുണ്ട്. ഈ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഇപ്പോൾ കേരള ഫിനാൻഷ്യൽ കോർപ്പറേഷനും ഫെഡറൽ ബാങ്കും ഉൾപ്പെടെ നിലവിൽ 13 ധനകാര്യ സ്ഥാപനങ്ങൾ പ്രസ്തുത പദ്ധതിയുമായി സഹകരിച്ചുവരുന്നു. ലോൺ നൽകുന്നതിന് ഓരോ ബാങ്കിലും നിലനിൽക്കുന്ന നിബന്ധനകൾ മനസ്സിലാക്കി പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും അതിനനുസൃതമായി ലോൺ ലഭ്യമാക്കാൻ ഗുണഭോക്താക്കളെ സഹായിക്കുന്നതിനും സർക്കാർ ഏജൻസിയായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നോർക്ക റൂട്ട്സിന്റെ ഭാഗത്തുനിന്നും ബാങ്കുകളുമായി നേരിട്ട് ഇടപെട്ട് ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കാറുണ്ട്.

കേരളത്തിൽ 800 ബ്രാഞ്ചുകളുള്ളതും നല്ലൊരു ശതമാനം എൻ.ആർ.ഐ. അക്കൗണ്ടുള്ളതുമായ ഫെഡറൽ ബാങ്ക്, 16 ശാഖകളും 3 മേഖലാ ഓഫീസുകളുമുള്ള കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ എന്നിവരുടെ സഹകരണംമൂലം ഈ പദ്ധതിവഴിയുള്ള ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് ഉണർവ്വും ഊർജ്ജവും നൽകാൻ കഴിയുന്നതാണ്.

## പ്രവാസികളുടെ മൃതദേഹം സൗജന്യമായി നാട്ടിലെത്തിക്കുന്ന പദ്ധതി

90 (5038) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് വച്ച് മരണമടയുന്ന പ്രവാസികളുടെ മൃതദേഹം സൗജന്യമായി നാട്ടിലെത്തിക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാകാൻ അടിയന്തരമായി ബന്ധപ്പെടേണ്ട കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉദ്യോഗ ദാതാവ്, സ്പോൺസർമാർ, എംബസി, വ്യക്തികൾ, സംഘടനകൾ തുടങ്ങിയവവഴി നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന സഹായ സംവിധാനങ്ങൾ ലഭിക്കാതെവരുന്ന സാഹചര്യത്തിൽ ഗൾഫ് രാജ്യങ്ങളിൽ മരണമടയുന്ന പ്രവാസി മലയാളികളുടെ ഭൗതികശരീരം നാട്ടിലെത്തിക്കുന്നതിനായാണ് നോർക്ക എമർജൻസി റിപാട്രിയേഷൻ ഫണ്ടിന്റെ ഉപപദ്ധതിയായി നോർക്ക അസിസ്റ്റഡ് ബോഡി റിപാട്രിയേഷൻ സ്കീം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഈ രണ്ട് പദ്ധതികൾക്കുമായി 72 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. Air India/Air India Express എന്നിവരുമായി ബന്ധപ്പെട്ട കേന്ദ്രീകൃത സംവിധാനംവഴിയാണ് പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ആയതിന് നോർക്ക റൂട്ട്സ് എയർ ഇൻഡ്യയുമായി ഒപ്പിടാനുള്ള ധാരണാപത്രം (MoU) സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) നോർക്ക-റൂട്ട്സിന്റെ ഗ്ലോബൽ കോൺടാക്ട് സെന്ററിലെ ചുവടെപ്പറയുന്ന ടോൾഫ്രീ നമ്പരുകളിൽ അടിയന്തര ഘട്ടങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

1800 425 3939 (ഇൻഡ്യയിൽനിന്നും)

00918802012345 (വിദേശത്തുനിന്നും)

## നോർക്ക പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രൻസ് പദ്ധതി

91 (5039) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നോർക്ക റൂട്ട്സ് നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്;

(ബി) നോർക്ക പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രൻസ് പദ്ധതി പ്രകാരം എന്ത് തുകയാണ് മൂലധന സബ്സിഡിയായി നൽകുന്നത്;

(സി) വായ്പ കൃത്യമായി അടയ്ക്കുന്നവർക്ക് പലിശ സബ്സിഡി അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) തിരികെയെത്തിയ പ്രവാസികളെ സംരംഭകരാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും പുതിയ സംരംഭങ്ങൾ സർക്കാർ നടപടികൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങ് നൽകുന്നതിനും തിരികെയെത്തിയ പ്രവാസികളുടെ ജീവിതമാർഗ്ഗത്തിനായി ഒരു സുസ്ഥിര സംരംഭക മാതൃക വികസിപ്പിച്ചെടുക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതയിൻകീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിട വ്യവസായം, സർവ്വീസ് മേഖല, നിർമ്മാണ മേഖല, ബിസിനസ്സ് എന്നീ മേഖലകളിൽ വായ്പ നൽകിവരുന്നുണ്ട്.

പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനുവേണ്ടി മേഖലാടിസ്ഥാനത്തിൽ പരിശീലന കളരികൾ, ബോധവൽക്കരണ സെമിനാറുകൾ എന്നിവ നടത്തുന്നു. ഇതിനുപുറമേ അപേക്ഷകർക്ക് പദ്ധതി സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകുക, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുക, പ്രോജക്ട് റിപ്പോർട്ട് ബാങ്കുകൾക്ക് സ്വീകാര്യമാകത്തക്ക രീതിയിൽ വിശകലനം നടത്തുക, സംരംഭം തുടങ്ങുന്നതിനുവേണ്ട വിവിധ നടപടിക്രമങ്ങളെക്കുറിച്ച് മാർഗ്ഗനിർദ്ദേശം നൽകുക എന്നിവ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സർക്കാർ ഏജൻസി മുഖാന്തരം ചെയ്യുന്നുണ്ട്. മാത്രമല്ല, ഇത്തരം തൊഴിൽ സംരംഭങ്ങൾക്ക് ആദ്യ ആറുമാസം ആവശ്യമായ സഹായങ്ങൾ നൽകിവരുന്നുണ്ട്.

നിലവിൽ നോർക്കാ റൂട്ട്സുമായി ധാരണാപത്രം ഒപ്പിട്ടിട്ടുള്ള 13 ധനകാര്യ സ്ഥാപനങ്ങൾ മുഖാന്തരം സ്വയം തൊഴിൽ വായ്പ നൽകിവരുന്നുണ്ട്. ഇതിൽ സൗകര്യ പ്രദമായത് തെരഞ്ഞെടുത്ത് ഗുണഭോക്താവ് സമർപ്പിക്കുന്ന അപേക്ഷ പ്രസ്തുത ധനകാര്യ സ്ഥാപനത്തിലേയ്ക്ക് ശിപാർശ ചെയ്ത് അയയ്ക്കുകയും ആയത് പരിശോധിച്ച് ധനകാര്യ സ്ഥാപനങ്ങൾ അവയുടെ നിബന്ധനകൾക്ക് വിധേയമായി വായ്പ അനുവദിക്കുകയുമാണ് ചെയ്യുന്നത്.

(ബി) മൂലധനച്ചെലവിന്റെ 15% (പരമാവധി 3 ലക്ഷം രൂപവരെ) മൂലധന സബ്സിഡി നൽകുന്നു.

(സി) ഉണ്ട്. കൃത്യമായി ലോൺ തിരിച്ചടയ്ക്കുന്നവർക്ക് പ്രോത്സാഹനമായി 4 വർഷത്തേയ്ക്ക് 3% പലിശ സബ്സിഡി അനുവദിക്കുന്നുണ്ട്.

## ഐ.ജി. റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് മജിസ്റ്റീരിയൽ അധികാരം

92 (5040) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിലെ ഐ.ജി.റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് മജിസ്റ്റീരിയൽ അധികാരം നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) നിലവിൽ മജിസ്റ്റീരിയൽ അധികാരം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥരുടെ കാര്യത്തിൽ എന്ത് തീരുമാനമാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ജുഡീഷ്യൽ സ്വഭാവമുള്ള ഇത്തരം അധികാരങ്ങൾ കൈമാറുന്നത് വ്യാപകമായ അധികാരദുർവിനിയോഗത്തിന് കാരണമാകും എന്ന ആക്ഷേപം സർക്കാർ പരിശോധിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) 23-1-2013-ലെ മന്ത്രിസഭാ തീരുമാനം ഐറ്റം നം.2919 പ്രകാരം 2011-ലെ കേരള പോലീസ് ആക്ടിലെ 15(2), 15(3), 15(4) എന്നീ സെക്ഷനുകൾ ആധാരമാക്കി തിരുവനന്തപുരത്തും കൊച്ചിയിലും മെട്രോപൊളിറ്റൻ പോലീസ് സംവിധാനം ആരംഭിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച നിർദ്ദേശത്തിൽ 2007-ലെ കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് പ്രിവെൻഷൻ

ആക്ടിലെ3(2) സെക്ഷൻ പ്രകാരമുള്ള അധികാരം ഒഴിവാക്കി, തിരുവനന്തപുരം/ കൊച്ചി പോലീസ് കമ്മീഷണർക്ക് ജില്ലാ മജിസ്ട്രേറ്റിന്റെ അധികാരത്തോടുകൂടി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റായി നിയമിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചുകൊണ്ട് ഈ സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 29-1-2013-ലെ ജി.ഒ.(എം.എസ്.)നമ്പർ 29/2013/ആഭ്യന്തരം സർക്കാർ ഉത്തരവുപ്രകാരം തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ മെട്രോപൊളിറ്റൻ പോലീസ് സംവിധാനം കൊണ്ടുവന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നില്ല.

കമ്മീഷണറേറ്റ് നിലവിൽ വരുന്നതോടെ നഗരപരിധിയിലെ കുറ്റാന്വേഷണവും ക്രമസമാധാനപാലനവും കാര്യക്ഷമമാകുകയും കുറ്റകൃത്യം തടയുന്നതിന് നഗരത്തിലെ പോലീസിന് അധികാരവും ശക്തിയും കൂടുതൽ ലഭിക്കുന്നുവെന്നതാണ് ഇതിന്റെ സവിശേഷത. ഇതിലൂടെ സാധാരണ നിലയിൽ ക്രമസമാധാനം നഗരങ്ങളിൽ കൂടുതൽ ഭദ്രമാക്കി നിർത്താനാകും എന്നതാണ് ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനം.

കേന്ദ്രസർക്കാർ 1977-ൽ പോലീസ് സേനയുടെ വിവിധതരത്തിലുള്ള പ്രവർത്തനങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നാഷണൽ പോലീസ് കമ്മീഷനെ നിയമിച്ചിരുന്നു. പ്രസ്തുത കമ്മീഷൻ 1979 മുതൽ 1981 വരെ 8 റിപ്പോർട്ടുകൾ സമർപ്പിക്കുകയുണ്ടായി. അതിലെ ഒരു പ്രധാന ശിപാർശയാണ് അഞ്ച് ലക്ഷമോ അതിൽക്കൂടുതലോ ജനസംഖ്യയുള്ള നഗരങ്ങളിൽ പോലീസ് കമ്മീഷണറേറ്റ് സ്ഥാപിക്കണം എന്നത്. ഇതിനുപുറമേ ബഹുമാനപ്പെട്ട ജസ്റ്റിസ് കെ. ടി. തോമസ് ചെയർമാനായ കേരള പോലീസ് പെർഫോമൻസ് ആൻഡ് അക്കൗണ്ടബിലിറ്റി കമ്മീഷൻ 21-3-2005-ൽ സമർപ്പിച്ച റിപ്പോർട്ടിൽ 3.42(സി) ശിപാർശപ്രകാരം തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി നഗരങ്ങളിലെ കമ്മീഷണർ ഓഫീസുകൾ പോലീസ് കമ്മീഷണറേറ്റുകളായി ഉയർത്തി ഡി.ഐ.ജി. റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥരെ കമ്മീഷണറായി നിയമിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

6-6-2019-ലെ ജി.ഒ. (ആർ.ടി.)നമ്പർ 3230/2019/പൊ.ഭ.വ. ഉത്തരവു പ്രകാരം ഈ നഗരങ്ങളിൽ ഐ.ജി. റാങ്കിലുള്ള ഉദ്യോഗസ്ഥരെ പോലീസ് കമ്മീഷണർമാരായി നിയമിച്ച് ഉത്തരവായിട്ടുണ്ട്.

കേരളത്തിന്റെ സവിശേഷമായ സാഹചര്യത്തെക്കൂടി ഉൾക്കൊണ്ടുകൊണ്ടും പൊതുവായ അഭിപ്രായങ്ങൾകൂടി കണക്കിലെടുത്തും കൊണ്ടായിരിക്കും ഏതെല്ലാം അധികാരങ്ങൾ കൈമാറണമെന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുക.

## പുതിയ കെമിക്കൽ എക്സാമിനേഴ്സ് ലാബുകൾ

93 (5041) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം, കണ്ണൂർ ജില്ലകളിലേയ്ക്ക് അനുവദിക്കപ്പെട്ടിരിക്കുന്ന കെമിക്കൽ എക്സാമിനേഴ്സ് ലാബുകൾ എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പുതിയ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികൾ സ്ഥാപിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## തീരദേശത്ത് പോലീസ് സ്റ്റേഷനുകൾ

94 (5042) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരസുരക്ഷയുമായി ബന്ധപ്പെട്ട് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തീരദേശത്ത് പുതുതായി പോലീസ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) സർക്കാർ തീരസുരക്ഷയുമായി ബന്ധപ്പെട്ട് ചുവടെ കൊടുക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. കോസ്റ്റൽ സെക്യൂരിറ്റി സ്കീമിലുൾപ്പെടുത്തി 18 കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
2. 270 സേനാംഗങ്ങളുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.
3. തീരദേശ സുരക്ഷ വർദ്ധിപ്പിക്കുന്നതിനുവേണ്ടി തീരദേശത്ത് വസിക്കുന്ന 177 മത്സ്യത്തൊഴിലാളി യുവാക്കളെ കോസ്റ്റൽ വാർഡന്മാരായി കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി തെരഞ്ഞെടുത്ത് പരിശീലനം നൽകി വിവിധ തീരദേശ പോലീസ് സ്റ്റേഷനുകളിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.
4. തീരസുരക്ഷയുമായി ബന്ധപ്പെട്ട് പുതുതായി അനുവദിച്ച 6 (ആറ്) തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. തീരദേശ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് ഇൻഡ്യൻ കോസ്റ്റ് ഗാർഡിന്റെയും നാവികസേനയുടെയും പ്രത്യേക പരിശീലനം സിദ്ധിച്ചിട്ടുള്ള സേനാംഗങ്ങളെ ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്.

6. തീരദേശ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് അനുവദിച്ചിട്ടുള്ള ഇന്റർസെപ്റ്റർ ബോട്ടുകളുപയോഗിച്ച് കടലിൽ ബോട്ട് പട്രോളിംഗും തീരപ്രദേശത്ത് ബീറ്റ് പട്രോളിംഗും നിരന്തരം നടത്തിവരുന്നുണ്ട്.

7. ബോട്ടുകളുടെ റിപ്പയറിംഗിനും മെയിന്റനൻസിനുമായി കൊച്ചിൻ ഷിപ്പ് യാർഡുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

8. കോസ്റ്റൽ പോലീസിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി 18 സാറ്റ്ലൈറ്റ് ഫോണുകൾ നൽകിയിട്ടുണ്ട്.

9. രാജ്യസുരക്ഷ മുൻനിർത്തി തീരദേശ പോലീസ് സ്റ്റേഷനുകളിൽ ഇന്റലിജൻസ് ശേഖരണത്തിനായി ഇന്റലിജൻസ് വിംഗ് രൂപീകരിക്കുകയും ശേഖരിച്ച വിവരങ്ങൾ കോസ്റ്റ്ഗാർഡിന് കൈമാറി ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചുംവരുന്നു.

ഇതുകൂടാതെ വിവിധ സർക്കാർ - സർക്കാർ ഇതര ഏജൻസികളുടെയും നേവി, കോസ്റ്റ് ഗാർഡ് എന്നിവയുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ തീരദേശ ജില്ലാതലത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റി ഓൺ കോസ്റ്റൽ സെക്യൂരിറ്റിയും സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സ്റ്റേറ്റ് ലെവൽ കമ്മിറ്റി ഓൺ കോസ്റ്റൽ സെക്യൂരിറ്റിയും രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. തീരദേശവാസികളെ ഉൾപ്പെടുത്തി രൂപീകരിച്ച കടലോര ജാഗ്രതാ സമിതിയും തീരസുരക്ഷയ്ക്കായി പ്രവർത്തിക്കുന്നുണ്ട്.

(ബി) തീരദേശ സുരക്ഷാ പദ്ധതിയുടെ ഒന്നാം ഘട്ടം, രണ്ടാം ഘട്ടം എന്നിവയിലുൾപ്പെടുത്തി പ്രവർത്തനം ആരംഭിച്ച 18 തീരദേശ പോലീസ് സ്റ്റേഷനുകളിൽ 10 എണ്ണത്തിന്റെയും പ്രവർത്തനം ആരംഭിച്ചത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആണ്. അതുകൂടാതെ 6 പുതിയ തീരദേശ പോലീസ് സ്റ്റേഷനുകൾകൂടി പ്രസ്തുത പദ്ധതിപ്രകാരം അനുവദിച്ചിട്ടുണ്ട്.

## പോലീസ് സേനയുടെ നിലവാരം ഉയർത്താൻ നടപടി

95 (5043) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക പ്രബുദ്ധതയ്ക്ക് കീർത്തികേട്ട കേരളത്തിലെ പോലീസ് സേനയിലെ ചിലരിൽ നിന്നെങ്കിലും പൊതുജനത്തിന് സംസ്കാര ശൂന്യമായ പ്രവൃത്തികൾക്ക് ഇരയാകേണ്ടിവരുന്ന സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനമൈത്രി പോലീസ് സംവിധാനം വളരെ വിജയകരമായി നടപ്പിലാക്കുമ്പോഴും അതിന് അപവാദമായി ഒറ്റപ്പെട്ടതെങ്കിലും മോശമായ പ്രവൃത്തികൾ തുടരുന്ന പോലീസ് സേനാംഗങ്ങൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പോലീസ് സേനയെ പൊതുജന സംരക്ഷകർ എന്ന നിലയിൽ കൂടുതൽ ജനകീയവും നിലവാരം സൂക്ഷിക്കുന്നവരുമാക്കി മാറ്റുന്നതിന് പരിശീലനം ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ചില ഒറ്റപ്പെട്ട സംഭവങ്ങൾക്ക് കാരണമാകുന്നത് ഇതുമൂലമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജനങ്ങളുടെ അന്തസ്സ് സംരക്ഷിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും പോലീസ് സേനയ്ക്ക് കളങ്കം വരത്തക്കവിധത്തിലുള്ള സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതും ക്രിമിനൽ സ്വഭാവം വച്ചുപുലർത്തുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ വകുപ്പുതല നിയമനടപടികൾ സ്വീകരിച്ചും വരുന്നുണ്ട്.

(സി) പോലീസിനെ കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി ജനമൈത്രി സുരക്ഷാ പദ്ധതി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. പരമ്പരാഗത പോലീസ് പരിശീലനത്തിലെ പോരായ്മകൾ പരിഹരിച്ച് ഉന്നതനിലവാരം നിലനിർത്തുന്നതിനായി പോലീസ് സേനയുടെ പരിശീലന വിഷയങ്ങൾ, പരിശീലന പരിപാടികൾ എന്നിവ ശാസ്ത്രീയമായി പരിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

## പോലീസിൽനിന്നും മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ നടപടി

96 (5044) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സംവിധാനം അന്താരാഷ്ട്രനിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ആധുനിക

പോലീസ് സംവിധാനം വാർത്തെടുക്കാൻ പര്യാപ്തമാകും വിധം പരിശീലന പരിപാടിയിൽ സമഗ്രമാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർ, സ്ത്രീകൾ, വയോജനങ്ങൾ തുടങ്ങി സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് പോലീസിന്റെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ലഭ്യമാക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടോ;

(സി) പിങ്ക് പട്രോൾ പോലെയുള്ള പ്രത്യേക പദ്ധതികൾ ഫലപ്രദമായി നടക്കുന്നുണ്ടോ; പോലീസിൽ വനിതകളുടെ എണ്ണം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടി അറിയിക്കാമോ;

(ഡി) പരാതി നൽകുന്നതിനുൾപ്പെടെ പോലീസിൽ നിന്നുലഭിക്കുന്ന വിവിധ സേവനങ്ങൾക്കായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി സുതാര്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ഇ) പൊലീസിലെ അഴിമതി തുടച്ചുമാറ്റാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന പോലീസിന്റെ പ്രവർത്തനങ്ങളും സേവനങ്ങളും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി നിരവധി പരിഷ്കരണ നടപടികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ചിട്ടുണ്ട്. പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

അത്യാധുനിക പോലീസ് കൺട്രോൾ റൂമുകൾ (ഡയൽ 112 സംവിധാനം) സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു.

അത്യാധുനിക രീതിയിലും അന്താരാഷ്ട്ര നിലവാരമുള്ള ചോദ്യം ചെയ്യൽ മുറി സ്ഥാപിച്ചിട്ടുണ്ട്.

പോലീസ് സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ക്രമസമാധാനവും കുറ്റാന്വേഷണവും വേർതിരിക്കുന്നതിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി പോലീസ് ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്.

സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പിങ്ക് പട്രോൾ സംവിധാനം ഏർപ്പെടുത്തി.

ട്രാഫിക് പോലീസ് സ്റ്റേഷനുകളിൽനിന്നും കേസന്വേഷണ ചുമതല മാറ്റി ലോക്കൽ പോലീസിന് കൈമാറി ട്രാഫിക് എൻഫോഴ്സ്മെന്റ് കാര്യക്ഷമമാക്കി.

സൈബർ കുറ്റകൃത്യങ്ങൾ മുൻകൂട്ടി കണ്ടെത്താനും തടയാനുമായി സൈബർ ഡോമുകൾ സ്ഥാപിച്ചു.

ആധുനിക സൗകര്യങ്ങളോടുകൂടിയ ജി.പി.എസ്. ഘടിപ്പിച്ച വാഹനങ്ങൾ പോലീസ് സേനയ്ക്ക് ലഭ്യമാക്കി.

Body-worn ക്യാമറകളും വാഹനങ്ങളിൽ ഉറപ്പിക്കുന്ന ക്യാമറകളും ലഭ്യമാക്കി.

പൊതുജനങ്ങൾക്ക് തങ്ങളുടെ പരാതികൾ ഓൺലൈനായി സമർപ്പിക്കാനുള്ള 'തുണ' എന്ന സംവിധാനമൊരുക്കി.

പോലീസ് സ്റ്റേഷനുകളെ സ്മാർട്ട് പോലീസ് സ്റ്റേഷനുകളാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. എസ്.സി./എസ്.ടി. മോണിറ്ററിംഗ് കമ്മിറ്റി, ട്രൈബൽ ജനമൈത്രി, വനിതാ ഹെൽപ്പ് ഡെസ്ക്, വനിതകൾക്കുവേണ്ടി സെൽഫ് ഡിഫൻസ് എന്നീ പദ്ധതികൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് CCPWC പ്രോജക്റ്റ്. ഇതിന്റെ ഭാഗമായി കേരള പോലീസ് അക്കാദമിയിൽ ഒരു സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്.

(സി) പിങ്ക് പോലീസ് പട്രോൾ പോലെയുള്ള പ്രത്യേക പദ്ധതികൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. പോലീസിലെ വനിതാ പ്രാതിനിധ്യം ആദ്യഘട്ടത്തിൽ 10 ശതമാനമായും തുടർന്ന് 25 ശതമാനമായും വർദ്ധിപ്പിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിക്കുകയും അതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ആദ്യമായി പുതിയ വനിതാ പോലീസ് ബറ്റാലിയൻ ആരംഭിച്ചിട്ടുണ്ട്. ഇതിനായി 451 പുതിയ തസ്തികകൾ സൃഷ്ടിച്ചു. വനിതാ ബറ്റാലിയന്റെ ആസ്ഥാനമായി തിരുവനന്തപുരത്ത് മേനംകുളത്ത് 10 ഏക്കർ സ്ഥലം സർക്കാർ നൽകിയിട്ടുള്ളതും ആയതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. 2019-20 ബഡ്ജറ്റിൽ 4 വനിതാ പോലീസ് സ്റ്റേഷനുകൾ പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. പോലീസിലെ ഓൺലൈൻ സേവനങ്ങൾ (ഓൺലൈനായി പരാതി നൽകൽ, എംപ്ലോയി വെരിഫിക്കേഷൻ, മൈക്ക് പെർമിഷൻ, NOC അപേക്ഷ, സ്വഭാവ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ, സമ്മേളനങ്ങൾ, പ്രകടനങ്ങൾ, സമരങ്ങൾ എന്നിവയ്ക്കുള്ള അനുമതി അപേക്ഷ മുതലായവ) THUNA പോർട്ടൽ വഴി ലഭ്യമാക്കിവരുന്നു. പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിൽ e-VIP (പാസ്പോർട്ട് വെരിഫിക്കേഷൻ) CCTNS സംവിധാനം, വിവിധ മൊബൈൽ ആപ്ലിക്കേഷനുകൾ എന്നിവയും പ്രധാന പങ്കുവഹിക്കുന്നു.

(ഇ) അഴിമതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പോലീസുദ്യോഗസ്ഥർ നടത്തുന്നുണ്ടോ എന്നത് സംബന്ധിച്ച രഹസ്യാന്വേഷണ വിഭാഗത്തിന്റെ സഹായത്തോടെ രഹസ്യ നിരീക്ഷണം നടത്തിയും മേലുദ്യോഗസ്ഥർ തുടർ പരിശോധനകൾ നടത്തിയും അഴിമതി തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ ആഭ്യന്തര വിജിലൻസ് സെല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ എല്ലാ പോലീസ് ഓഫീസുകളിലും പൊതുജന ശ്രദ്ധയ്ക്കായി അഴിമതിക്കെതിരെ സന്ദേശങ്ങളും ഇക്കാര്യത്തിൽ പരാതി നൽകുന്നതിനാവശ്യമായ ഫോൺ നമ്പരും മറ്റും പ്രദർശിപ്പിച്ചിട്ടുണ്ട്.

## സുരക്ഷാ ക്രമീകരണങ്ങൾ ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ

97 (5045) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചാവേർ ആക്രമണം നടത്തുന്നതിന് ഐ.എസ്. പദ്ധതിയിട്ടിരുന്നതായിട്ടുള്ള റിപ്പോർട്ടുകൾ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) ശ്രീലങ്കയിൽ ഈസ്റ്റർ ദിനത്തിൽ ചാവേർ ആക്രമണം നടത്തിയവർ കേരളം ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പരിശീലനത്തിനായി സന്ദർശിച്ചിരുന്നുവെന്ന ശ്രീലങ്കൻ ആർമി ചീഫിന്റെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സുരക്ഷാക്രമീകരണങ്ങൾ ശക്തിപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) വിധ്വംസക പ്രവർത്തകർ സംസ്ഥാനത്ത് പല ഭാഗത്തും പ്രവർത്തിക്കുന്നതായും വിദേശ ഭീകരസംഘടനകളുമായി സംസ്ഥാനത്തുള്ള ഈ പ്രസ്ഥാനങ്ങൾക്ക് ബന്ധമുള്ളതായുമുള്ള റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ സംസ്ഥാനത്തെ ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് പഴുതടച്ച സംവിധാനം ഒരുക്കുന്നതിനെക്കുറിച്ച് ഗൗരവമായി പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പരിഗണിച്ചിട്ടുണ്ട്.

(ബി) ശ്രീലങ്കയിൽ ഈസ്റ്റർ ദിനത്തിലുണ്ടായ ചാവേർ ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കാൻ ജില്ലാ പോലീസ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ആക്രമണം നടത്തിയവർ കടൽമാർഗ്ഗം കേരളത്തിലേയ്ക്ക് എത്തിച്ചേരാനുള്ള സാധ്യതകൾ മുൻനിർത്തി തീരദേശത്ത് കർശന പട്രോളിംഗ് ഉറപ്പുവരുത്താൻ കോസ്റ്റൽ സെക്യൂരിറ്റി എ.ഡി.ജി.പി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിദേശ ഭീകര സംഘടനകളുമായി ബന്ധമുള്ളതെന്ന് ആരോപിക്കപ്പെട്ടിട്ടുള്ള പ്രസ്ഥാനങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും സൂക്ഷ്മമായി നിരീക്ഷിക്കാൻ ഇന്റലിജൻസിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ചാവേർ ആക്രമണത്തിന് നേതൃത്വം നൽകിയതായി സംശയിക്കുന്ന ശ്രീലങ്കൻ സംഘടനയായ National Towheed Jamaath-ന്റെ പ്രവർത്തനങ്ങളുമായി സാമ്യമുള്ള സംഘടനകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുവേണ്ട നടപടികൾ സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും ചെയ്തുവരുന്നു. തന്ത്രപ്രധാന മേഖലകൾക്കും ആരാധനാലയങ്ങൾക്കും പ്രത്യേക സുരക്ഷ ഏർപ്പെടുത്തുന്നതിന് വേണ്ട നിർദ്ദേശം അധികാരികൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ കോസ്റ്റ് ഗാർഡ്, നാവിക സേന, കേന്ദ്ര ഏജൻസികൾ എന്നിവർക്ക് വിവരങ്ങൾ കൈമാറുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നത് ഗൗരവമായിത്തന്നെയാണ് സർക്കാർ പരിഗണിക്കുന്നത്.

## മെട്രോപൊളിറ്റൻ കമ്മീഷണറേറ്റ്

98 (5046) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെട്രോപൊളിറ്റൻ കമ്മീഷണറേറ്റ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിൽ ജില്ലാ മജിസ്ട്രേറ്റിന്റെ അധികാരത്തോടെ മെട്രോപൊളിറ്റൻ കമ്മീഷണറേറ്റുകൾ സ്ഥാപിക്കുന്നത് ഏതെങ്കിലും പഠനത്തിന്റെയോ റിപ്പോർട്ടിന്റെയോ അടിസ്ഥാനത്തിലാണോ; വിശദമാക്കാമോ;

(സി) ഇതിന് വേണ്ടി പ്രത്യേക കേഡർ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത് മറികടക്കാൻ ചെയ്ത കാര്യങ്ങൾ വ്യക്തമാക്കാമോ;

(ഡി) മെട്രോപൊളിറ്റൻ കമ്മീഷണറേറ്റ് നിലവിൽ വരുമ്പോൾ ജില്ലാ കലക്ടർമാരിൽ നിക്ഷിപ്തമായ മജിസ്ട്രേറ്റിന്റെ അധികാരങ്ങൾ കൈമാറ്റം ചെയ്യുന്നത് ഏത് രീതിയിലെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) 23-1-2013-ലെ മന്ത്രിസഭാ തീരുമാനം ഐറ്റം നം. 2919 പ്രകാരം 2011-ലെ കേരള പോലീസ് ആക്ടിലെ 15(2), 15(3), 15(4) എന്നീ സെക്ഷനുകൾ ആധാരമാക്കി തിരുവനന്തപുരത്തും കൊച്ചിയിലും മെട്രോപൊളിറ്റൻ പോലീസ് സംവിധാനം ആരംഭിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച നിർദ്ദേശത്തിൽ 2007-ലെ കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ടിലെ 3(2) സെക്ഷൻ പ്രകാരമുള്ള അധികാരം ഒഴിവാക്കി, തിരുവനന്തപുരം/കൊച്ചി പോലീസ് കമ്മീഷണർക്ക് ജില്ലാ മജിസ്ട്രേറ്റിന്റെ അധികാരത്തോടുകൂടി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റായി നിയമിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചുകൊണ്ട് ഈ സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 29-1-2013-ലെ ജി.ഒ.(എം.എസ്.)നമ്പർ 29/2013/ആഭ്യന്തരം സർക്കാർ ഉത്തരവുപ്രകാരം തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ മെട്രോപൊളിറ്റൻ പോലീസ് സംവിധാനം കൊണ്ടുവന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നില്ല.

കമ്മീഷണറേറ്റ് നിലവിൽ വരുന്നതോടെ നഗരപരിധിയിലെ കുറ്റാന്വേഷണവും ക്രമസമാധാനപാലനവും കാര്യക്ഷമമാകുകയും കുറ്റകൃത്യം തടയുന്നതിന് നഗരത്തിലെ പോലീസിന് അധികാരവും ശക്തിയും കൂടുതൽ ലഭിക്കുന്നുവെന്നതാണ് ഇതിന്റെ സവിശേഷത. ഇതിലൂടെ സാധാരണ നിലയിൽ ക്രമസമാധാനം നഗരങ്ങളിൽ കൂടുതൽ ഭദ്രമാക്കി നിർത്താനാകും എന്നതാണ് ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനം.

കേന്ദ്രസർക്കാർ 1977-ൽ പോലീസ് സേനയുടെ വിവിധതരത്തിലുള്ള പ്രവർത്തനങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നാഷണൽ പോലീസ് കമ്മീഷനെ നിയമിച്ചിരുന്നു. പ്രസ്തുത കമ്മീഷൻ 1979 മുതൽ 1981 വരെ 8 റിപ്പോർട്ടുകൾ സമർപ്പിക്കുകയുണ്ടായി. അതിലെ ഒരു പ്രധാന ശിപാർശയാണ് അഞ്ച് ലക്ഷമോ അതിൽക്കൂടുതലോ ജനസംഖ്യയുള്ള നഗരങ്ങളിൽ പോലീസ് കമ്മീഷണറേറ്റ് സ്ഥാപിക്കണം എന്നത്. ഇതിനുപുറമേ ബഹുമാനപ്പെട്ട ജസ്റ്റിസ് കെ. ടി. തോമസ് ചെയർമാനായ കേരള പോലീസ് പെർഫോമൻസ് ആൻഡ്

അക്കൗണ്ടബിലിറ്റി കമ്മീഷൻ 21-3-2005-ൽ സമർപ്പിച്ച റിപ്പോർട്ടിൽ 3.42(സി) ശിപാർശപ്രകാരം തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി നഗരങ്ങളിലെ കമ്മീഷണർ ഓഫീസുകൾ പോലീസ് കമ്മീഷണറേറ്റുകളായി ഉയർത്തി ഡി.ഐ.ജി. റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥരെ കമ്മീഷണറായി നിയമിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

6-6-2019-ലെ ജി.ഒ. (ആർ.ടി.)നമ്പർ 3230/2019/പൊ.ഭ.വ. ഉത്തരവു പ്രകാരം ഈ നഗരങ്ങളിൽ ഐ.ജി. റാങ്കിലുള്ള ഉദ്യോഗസ്ഥരെ പോലീസ് കമ്മീഷണർമാരായി നിയമിച്ച് ഉത്തരവായിട്ടുണ്ട്.

കേരളത്തിന്റെ സവിശേഷമായ സാഹചര്യത്തെക്കൂടി ഉൾക്കൊണ്ടു കൊണ്ടും പൊതുവായ അഭിപ്രായങ്ങൾകൂടി കണക്കിലെടുത്തും കൊണ്ടായിരിക്കും ഏതെല്ലാം അധികാരങ്ങൾ കൈമാറണമെന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുക.

## രാത്രികാലങ്ങളിലെ ശബ്ദമലിനീകരണം

99 (5047) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാത്രി പത്തുമണിക്ക് ശേഷം മൈക്ക് ഉപയോഗിക്കുന്നതിന് ആർക്കൊക്കെയാണ്/ഏതെല്ലാം വിഭാഗത്തിലാണ് പോലീസ് വകുപ്പ് മൈക്ക് പെർമിഷൻ നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) രാത്രി പത്തുമണിക്ക് ശേഷം മൈക്ക് പെർമിഷൻ നൽകുന്നതിനാൽ ഉണ്ടാകുന്ന ശബ്ദമലിനീകരണം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) അനുവാദമില്ലാതെ രാത്രി പത്തുമണിക്ക് ശേഷം മൈക്ക് സെറ്റ് വച്ച് ശബ്ദമലിനീകരണം ഉണ്ടാക്കുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിന് എന്തെങ്കിലും മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) രാത്രികാലങ്ങളിലെ ശബ്ദമലിനീകരണം ഒഴിവാക്കുന്നതിന് ജില്ലാ കളക്ടർമാർക്കും പോലീസ് വകുപ്പിനും വ്യക്തമായ മാർഗ്ഗ നിർദ്ദേശം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ- ഡി) നിലവിലുള്ള നിയമ വ്യവസ്ഥകൾക്ക് വിധേയമായി അടച്ചു കെട്ടിയ ഓഡിറ്റോറിയം, കോൺഫറൻസ് മുറികൾ, കമ്മ്യൂണിറ്റി ഹാൾ, സദ്യാലയങ്ങൾ ഒഴികെ മറ്റൊരിടത്തും രാത്രി 10 മണി മുതൽ രാവിലെ 6 മണിവരെയുള്ള സമയത്ത് മൈക്രോഫോൺ പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകാൻ പാടില്ലാത്തതാണ്. അനുമതിയില്ലാതെ മൈക്ക് പ്രവർത്തിപ്പിക്കുന്നവർക്കെതിരെ Noise Pollution (Regulation & Control) Rules 2000, Kerala

Police Act Section 77 എന്നിവ പ്രകാരം നടപടികൾ സ്വീകരിക്കാൻ പോലീസ് ആസ്ഥാനത്തെ 28-11-2002-ലെ യു6-30380/ 2002 നമ്പർ നോട്ടിഫിക്കേഷൻ, 5-12-2002-ലെ 12/2002 നമ്പർ സർക്കുലർ എന്നിവ മുഖേന മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പുകൾ അനുബന്ധമായി (I&II) ചേർക്കുന്നു*.

## ശബരിമലയിൽ പ്രവേശിച്ച വനിതകൾക്ക് പോലീസ് സംരക്ഷണം

100 (5048) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മണ്ഡലകാലത്ത് പത്തിനും അമ്പതിനും ഇടയിൽ പ്രായമുള്ള എത്ര വനിതകളെയാണ് പോലീസ് സംരക്ഷണയിൽ ശബരിമലയിൽ പ്രവേശിപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇങ്ങനെ പ്രവേശിപ്പിച്ചവരിൽ എത്ര പേർക്ക് ഇപ്പോഴും പോലീസ് സംരക്ഷണം നൽകിവരുന്നുണ്ട്; അവർ ആരെല്ലാമാണെന്നും സംരക്ഷണം നൽകുന്നതിനുള്ള കാരണം എന്തെന്നും വിശദമാക്കുമോ;

(സി) ഇവർക്ക് ഏതു വിധത്തിലുള്ള സംരക്ഷണമാണ് ഏർപ്പെടുത്തി യിട്ടുള്ളതെന്നും ഏതൊക്കെ റാങ്കിലുള്ള എത്ര ഉദ്യോഗസ്ഥരെയാണ് ഇതിനായി നിയോഗിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ മണ്ഡലകാലത്ത് പത്തിനും അമ്പതിനും ഇടയിൽ പ്രായമുള്ള വനിതകളെ ആരെയും പ്രത്യേക പോലീസ് സംരക്ഷണം നൽകി ശബരിമലയിൽ പ്രവേശിപ്പിച്ചിട്ടില്ല.

(ബി & സി) ബാധകമല്ല.

## പോലീസ് വകുപ്പിലെ പരിശീലന കാലയളവ്

101 (5049) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ ഏതെല്ലാം തസ്തികകളിലെ പരിശീലന കാലയളവാണ് ഇൻ-സർവ്വീസ് കാലയളവായി പരിഗണിക്കുന്നതെന്ന് അറിയിക്കുമോ; ഇത്തരത്തിലുള്ള കാലയളവിന് മുൻകാല പ്രാബല്യം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവ് ലഭ്യമാക്കുമോ;

(ബി) ഇപ്രകാരമുള്ള പരിശീലന കാലയളവ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം പി.എസ്.സി. വഴി വകുപ്പ് മാറി നിയമനം ലഭിച്ചവർക്ക് പുതിയ വകുപ്പിൽ പ്രസ്തുത പരിശീലന കാലയളവ് ഇൻ-സർവ്വീസ് കാലയളവായി പരിഗണിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) പോലീസ് വകുപ്പിൽ ചീഫ് ഫോട്ടോഗ്രാഫർ, ഫോട്ടോഗ്രാഫർ, സയന്റിഫിക് ഓഫീസർ, എഫ്.എസ്.എൽ. ഫിംഗർ പ്രിന്റ് സെർച്ചർ, ഡ്രൈവർ പോലീസ് കോൺസ്റ്റബിൾ എന്നീ തസ്തികകളുടെ പരിശീലന കാലയളവ് നിലവിലുള്ള വിശേഷാൽ ചട്ടങ്ങൾ പ്രകാരം ഇൻ-സർവ്വീസ് കാലയളവായി പരിഗണിച്ചുവരുന്നു. മുൻകാല പ്രാബല്യം നൽകുന്നില്ല.

(ബി) പൊതുഖജനാവിൽനിന്നും ലക്ഷക്കണക്കിന് തുക ചെലവാക്കി പരിശീലനം നൽകുന്നതിനോടൊപ്പംതന്നെ പരിശീലന സമയത്ത് സ്റ്റൈപന്റും നൽകുന്നത് പൊതു ജനസേവനത്തിനായി സേനയെ സഹായിക്കുന്നതിനാണ്. എന്നാൽ പരിശീലനത്തിനുശേഷം സേവനത്തിനുള്ള ബോണ്ട് വ്യവസ്ഥ റദ്ദാക്കിയും ജോലി രാജിവച്ചും മറ്റും സേനയിൽനിന്നും മറ്റ് ജോലികൾക്ക് പോകുന്നവർക്ക് സേവനം നടത്താത്ത പ്രസ്തുത പരിശീലന കാലയളവ് സേവനമായി കണക്കാക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**പോലീസ് നവീകരണത്തിനായി വാങ്ങിയ സാധനസാമഗ്രികൾ**

102 (5050) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ ഡി.ജി.പി. ചുമതല ഏറ്റെടുത്തശേഷം പോലീസ് നവീകരണത്തിനായി എത്ര കോടി രൂപയുടെ സാധന സാമഗ്രികൾ വാങ്ങുകയുണ്ടായി; ആയതിന്റെ സാമ്പത്തികവർഷം തിരിച്ചുള്ള വിശദാംശം നൽകുമോ;

(ബി) സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമാണോ പ്രസ്തുത സാധനസാമഗ്രികൾ വാങ്ങിയിട്ടുള്ളത്; ഇല്ലെങ്കിൽ ആയതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പോലീസ് നവീകരണത്തിനായി സാധനസാമഗ്രികൾ വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുള്ള തുക സാമ്പത്തിക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക |
|---|---|
| 2016-17 | 24,40,93,482 |
| 2017-18 | 46,79,43,547 |
| 2018-19 | 78,79,20,001 |
| 2019-20 | 1,41,84,000 |
| ആകെ | 151,41,41,030 |

(ബി) സ്റ്റോർ പർച്ചേസ് റൂൾ പ്രകാരമാണ് സാധനസാമഗ്രികൾ വാങ്ങുന്നത്. കൂടാതെ അക്രെഡിറ്റഡ് ഏജൻസികൾ, സർക്കാർ, അർദ്ധസർക്കാർ, കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ മുഖാന്തരം സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് സാധനസാമഗ്രികൾ വാങ്ങുന്നത്. കൂടാതെ കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും പർച്ചേസ് പോർട്ടലുകളായ GeM, e-Procurement മുതലായവ മുഖേനയും സാധനസാമഗ്രികൾ വാങ്ങുന്നുണ്ട്.

## സായുധസേനയിലെ അസി. കമാണ്ടന്റ് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം

103 (5051) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര (എ) വകുപ്പിൽനിന്നുള്ള 10-12-2010 -ലെ ജി.ഒ. (പി) നമ്പർ 268/2010/ഹോം. നമ്പർ സ.ഉ. പ്രകാരം കേരള സിവിൽ പോലീസ് രൂപീകരിച്ചതുമൂലം ജില്ലാ സായുധ സേനയിലെ ഉദ്യോഗസ്ഥർക്ക് അസിസ്റ്റന്റ് കമാണ്ടന്റ് തസ്തികയിലേയ്ക്ക് അർഹതപ്പെട്ട സ്ഥാനക്കയറ്റം ലഭിക്കാത്തത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ഥാനക്കയറ്റത്തിന് പ്രതീക്ഷിക്കുന്ന തീയതി (ഇ.ഡി.പി.) കണക്കാക്കിയ സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവിലെ അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(സി) ഇ.ഡി.പി. പ്രകാരം സ്ഥാനക്കയറ്റം ലഭിക്കേണ്ട ഉദ്യോഗസ്ഥരുടെ ഡി.പി.സി. ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഇതുസംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ടി ഉത്തരവിൽ 2 ഉദ്യോഗസ്ഥരുടെ ജനനത്തീയതി തെറ്റായി രേഖപ്പെടുത്തിയത് സംബന്ധിച്ച അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് തിരുത്തി പ്രസിദ്ധീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആംഡ് റിസർവ് ക്യാമ്പിലെ ഒഴിവുകൾ

104 (5052) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റേഞ്ചിലെ ആംഡ് റിസർവ് ക്യാമ്പുകളിൽ കമാൻഡന്റ് മുതൽ എസ്.ഐ. വരെയുള്ള തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്യാമ്പുകളിൽനിന്ന് 2010 മുതൽ നാളിതുവരെ എത്രപേർ വിരമിച്ചു എന്നും എത്രപേരെ പ്രൊമോട്ട് ചെയ്തു എന്നും തസ്തിക, ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത റേഞ്ചിൽ തുടരാൻ എത്ര പോലീസുകാർ സമ്മതം നൽകിയിട്ടുണ്ട് എന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

### ഉത്തരം

(എ) തിരുവനന്തപുരം റേഞ്ചിലെ ആംഡ് റിസർവ് ക്യാമ്പുകളിൽ നിലവിലുള്ള ഒഴിവുകൾ ചുവടെ ചേർക്കുന്നു.

<table>
<tr><th rowspan="2">ജില്ല</th><th colspan="4">തസ്തിക</th></tr>
<tr><th>കമാണ്ടന്റ്</th><th>അസി. കമാണ്ടന്റ്</th><th>ആർ.ഐ.</th><th>ആർ. എസ്.ഐ.</th></tr>
<tr><td>തിരുവനന്തപുരം സിറ്റി</td><td>1</td><td>5</td><td>5</td><td rowspan="4">1-4-2010 മുതൽ ലോക്കൽ എ.ആർ. ഇന്റഗ്രേഷനശേഷം ക്ലോസ്ഡ്എ.ആർ.-ൽ അപ്പോൾ നിലവിലുള്ള അംഗസംഖ്യയാണ് അവിടത്ത sanctioned strength ആയി കണക്കാക്കുന്നത്. 10-12-2010-ലെ സ.ഉ.(പി)നമ്പർ 268/2010/ആഭ്യന്തരം നമ്പർ ഉത്തരവുപ്രകാരം</td></tr>
<tr><td>തിരുവനന്തപുരം റൂറൽ</td><td></td><td>1</td><td>2</td></tr>
<tr><td>കൊല്ലം സിറ്റി</td><td></td><td></td><td>1</td></tr>
<tr><td>പത്തനംതിട്ട</td><td></td><td></td><td></td></tr>
</table>

| | | | | |
|---|---|---|---|---|
| | | | | EDP അനുസരിച്ചാണ് എ.ആർ. ക്യാമ്പിൽ തുടരുന്നവർക്ക് പ്രൊമോഷൻ നൽകേണ്ടത് എന്നതിനാൽ വേക്കൻസി കണക്കാക്കാൻ കഴിയില്ല. |

(ബി) 2010 മുതൽ 2019 വരെ എ.ആർ. കേഡറിൽനിന്നും വിരമിച്ച ഉദ്യോഗസ്ഥരുടെ വിവരങ്ങൾ:

| യൂണിറ്റ് | തസ്തിക | | | | |
|---|---|---|---|---|---|
| | CMT | DC | AC | RI | RSI |
| തിരുവനന്തപുരം സിറ്റി | 3 | - | 9 | 13 | 38 |
| തിരുവനന്തപുരം റൂറൽ | - | - | 2 | 3 | 9 |
| കൊല്ലം സിറ്റി | - | 2 | 3 | 2 | 13 |
| പത്തനംതിട്ട | - | - | 1 | - | 5 |

2010 മുതൽ 2019 വരെ എസ്.ഐ. തസ്തിക മുതൽ പ്രൊമോഷൻ ലഭിച്ചവരുടെ വിവരങ്ങൾ:

| യൂണിറ്റ് | തസ്തിക | | | |
|---|---|---|---|---|
| | DC to CMT | AC to DC | RI to AC | RSI to RI |
| തിരുവനന്തപുരം സിറ്റി | - | 3 | 9 | 14 |
| തിരുവനന്തപുരം റൂറൽ | - | 1 | 1 | 1 |
| കൊല്ലം സിറ്റി | - | 1 | 2 | 4 |
| പത്തനംതിട്ട | - | - | | 2 |

(സി) തിരുവനന്തപുരം റേഞ്ചിൽ തുടരാൻ സമ്മതം നൽകിയിട്ടുള്ള പോലീസുകാരുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| ജില്ല | തസ്തിക | |
|---|---|---|
| | ഓഫീസർ | HC/PC |
| തിരുവനന്തപുരം സിറ്റി | 81 | 332 |
| തിരുവനന്തപുരം റൂറൽ | 15 | 88 |
| കൊല്ലം സിറ്റി | 39 | 160 |
| പത്തനംതിട്ട | 19 | 104 |

## ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളുടെ പരോൾ

105 (5053) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടി.പി.ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളിൽ ഓരോരുത്തർക്കും നാളിതുവരെ പരോൾ/സ്പെഷ്യൽ അവധി ഇനത്തിൽ എത്ര ദിവസം പരോൾ അനുവദിച്ചുവെന്ന് പ്രതികളുടെ പേര് സഹിതം വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത വധക്കേസിലെ പ്രതിയായ കുഞ്ഞനന്തൻ ആയുർവേദ ചികിത്സക്കായി എത്ര ദിവസം ആശുപത്രികളിൽ കഴിഞ്ഞുവെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾക്ക് അനുവദിച്ച അവധി സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തടവുകാരന്റെപേരും നമ്പരും | സാധാരണ അവധിയുടെ എണ്ണം | അടിയന്തരാവധിയുടെ എണ്ണം | ആകെ അവധിയുടെ എണ്ണം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | സുനിൽ കുമാർ,<br>സി. നമ്പർ 1610 | 60 | 0 | 60 |
| 2 | അനൂപ്, സി. നമ്പർ 1608 | 75 | 45 | 120 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | ഷിനോജ്, സി. നമ്പർ 1614 | 105 | 0 | 105 |
| 4 | മുഹമ്മദ് ഷാഫി, സി. നമ്പർ 1612 | 90 | 45 | 135 |
| 5 | മനോജ് @കിർമാണി മനോജ് സി. നമ്പർ 1609 | 75 | 45 | 120 |
| 6 | സിജിത്ത് @ അണ്ണൻ സിജിത്ത് സി. നമ്പർ 9328 | 51 | 135 | 186 |
| 7 | റഫീക്ക് സി. നമ്പർ 9330 | 99 | 26 | 125 |
| 8 | കെ.സി. രാമചന്ദ്രൻ സി. നമ്പർ 2490 | 185 | 20 | 205 |
| 9 | ടി. കെ. രജീഷ്, സി. നമ്പർ 705/17 | 90 | 0 | 90 |
| 10 | മനോജ് സി.നമ്പർ 56/18 | 90 | 27 | 117 |
| 11 | പി. കെ. കുഞ്ഞനന്തൻ സി. നമ്പർ 2492 | 135 | 122 | 257 |

(ബി) ജയിൽവാസത്തിനിടെ ശ്രീ. പി. കെ. കുഞ്ഞനന്തൻ (സി.നമ്പർ 2492) ആയുർവ്വേദ ചികിത്സയ്ക്കായി ആശുപത്രിയിൽ കഴിഞ്ഞിട്ടില്ല.

**തെരഞ്ഞെടുപ്പ് വിജയ സ്വീകരണ പരിപാടിക്ക് നേരെ നടന്ന ആക്രമണം**

106 (5054) ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പാർലമെന്റ് അംഗം എൻ.കെ. പ്രേമചന്ദ്രന്റെ സ്വീകരണ പരിപാടിക്ക് നേരെ പരവൂർ ഭൂതക്കുളത്ത് മൂന്നിടത്ത് വച്ച് ആക്രമണം ഉണ്ടായിട്ടുണ്ടോ; ഇതിന്റെ പേരിൽ എത്ര പേർക്കെതിരെ കേസെടുത്തു; ഏത് രാഷ്ട്രീയ പാർട്ടിയിൽപെട്ടവരാണ് പ്രതികൾ; വിശദവിവരം നല്കുമോ;

(ബി) രാഷ്ട്രീയപ്രേരിതമായ ഇത്തരം അക്രമങ്ങൾക്ക് ഉത്തരവാദി കളായവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) കൊല്ലം പാർലമെന്റംഗം ശ്രീ. എൻ. കെ. പ്രേമചന്ദ്രന്റെ സ്വീകരണ പരിപാടിക്കുനേരെ പരവൂർ ഭ്രതക്കുളം മുക്കട ജംഗ്ഷനിൽവച്ചും കരടിമുക്കിൽ വച്ചും രണ്ട് അക്രമ സംഭവങ്ങളുണ്ടായ കാര്യത്തിന് രണ്ടുകേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിലവിലെ നിയമ വ്യവസ്ഥകൾക്കനുസരിച്ച് കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ജസ്ന മരിയയുടെ തിരോധാനം**

107 (5055) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമാരി ജസ്ന മരിയയുടെ തിരോധാനത്തിന്റെ അന്വേഷണത്തെ സംബന്ധിച്ചുള്ള നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസ് ഇപ്പോൾ അന്വേഷിക്കുന്നത് ഏത് ഏജൻസിയാണ്; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കുമാരി ജസ്ന മരിയയുടെ തിരോധാനവുമായി ബന്ധപ്പെട്ട് വെച്ചൂച്ചിറ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 2018 നമ്പർ കേസ് 302/CB/KLM & PTA/2018 ആയി റീ നമ്പർ ചെയ്ത് നിലവിൽ പത്തനംതിട്ട ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി. ശ്രീ. കെ. എച്ച്. മുഹമ്മദ് കബീർ റാവുത്തരുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം അന്വേഷിച്ചുവരുന്നു. ടി കേസിലേയ്ക്ക് നാളിതുവരെ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിവിധ സ്ഥലങ്ങളിലും ജസ്നയുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെടാൻ സാധ്യതയുള്ളതും ഇതിലേയ്ക്ക് സംശയിക്കപ്പെടുന്നവരുമായ ആളുകളെ കേന്ദ്രീകരിച്ചും പ്രസ്തുത ആൾക്കാരുടെ മൊബൈൽ ഫോൺ വിശദാംശങ്ങളും നവമാധ്യമ വിവരങ്ങളും ഉൾപ്പെടെ പരിശോധനയ്ക്ക് വിധേയമാക്കി അന്വേഷണം നടത്തിയതിൽ കാണാതായ ജസ്നയെ കണ്ടെത്തുന്നതിന് ഉപകാരപ്രദമായ വിവരങ്ങൾ ഒന്നുംതന്നെ നാളിതുവരെ ലഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ടെക്നോപാർക്കിലെ വനിതാ ജീവനക്കാർ നേരിടുന്ന സുരക്ഷാ പ്രശ്നങ്ങൾ

108 (5056) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം ഭാഗത്തും തിരുവനന്തപുരം ടെക്നോപാർക്കിന്റെ സമീപ പ്രദേശങ്ങളിലും വനിതാ ജീവനക്കാർ ഉൾപ്പെടെയുള്ളവരുടെ സുരക്ഷിതത്വത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) ടെക്നോപാർക്കിലെ വനിതാ ജീവനക്കാർ നേരിടുന്ന സുരക്ഷാ പ്രശ്നങ്ങൾ സംബന്ധിച്ച് അവരിൽ നിന്നുതന്നെ പോലീസ് നിർദ്ദേശം സ്വീകരിക്കുന്നുണ്ടോ;

(സി) കൂടുതൽ സ്ഥലങ്ങളിൽ സി.സി.ടി.വി. സൗകര്യം ഒരുക്കിയും രാത്രി കാലങ്ങളിൽ കൂടുതൽ മഫ്ടി പോലീസിന്റെയും പിങ്ക് പോലീസിന്റെയും സേവനം ലഭ്യമാക്കിയും ഈ പ്രദേശത്തെ സാമൂഹ്യവിരുദ്ധ ശല്യം ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

### ഉത്തരം

(എ) കഴക്കൂട്ടത്തും ടെക്നോപാർക്കിന്റെ സമീപ പ്രദേശങ്ങളിലും വനിതാ ജീവനക്കാർ ഉൾപ്പെടെയുള്ളവരുടെ സുരക്ഷിതത്വത്തിനായി പോലീസ് മൊബൈൽ പട്രോളിംഗും ടൂവീലർ പട്രോളിംഗും 24 മണിക്കൂറും നടത്തിവരുന്നതും ടെക്നോപാർക്കിന്റെ സമീപ പ്രദേശങ്ങളിൽ കഴക്കൂട്ടം, തുമ്പ, ശ്രീകാര്യം എന്നീ പോലീസ് സ്റ്റേഷനുകളിൽനിന്നുള്ള പോലീസ് പട്രോളിംഗ് ശക്തിപ്പെടുത്തി പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പാക്കിയുംവരുന്നു. പ്രസ്തുത സ്ഥലത്തെ ഹോംസ്റ്റേ നടത്തിപ്പുകാരുടെ മീറ്റിംഗ് വിളിച്ചുചേർത്ത് സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനും പരിസരങ്ങളിൽ വെളിച്ചം ലഭിക്കുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുള്ളതുമാണ്.

(ബി) ഫലപ്രദമായ നിർദ്ദേശങ്ങൾ പോലീസ് സ്വീകരിക്കാറുണ്ട്.

(സി) ടെക്നോപാർക്കിന്റെ സമീപ പ്രദേശങ്ങളിൽ സി.സി.ടി.വി. സൗകര്യം ഒരുക്കിയും രാത്രികാലങ്ങളിൽ കൂടുതൽ മഫ്ടി പോലീസിന്റെയും പിങ്ക് പോലീസിന്റെയും സേവനം ലഭ്യമാക്കിയും പ്രദേശത്തെ സാമൂഹ്യവിരുദ്ധ ശല്യം ഒഴിവാക്കുന്നതിന് കർശന നടപടി സ്വീകരിച്ചുവരുന്നു.

## സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നൂതന പദ്ധതികൾ

109 (5057) ശ്രീമതി യു. പ്രതിഭ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നടപ്പിലാക്കിയിട്ടുള്ള നൂതനപദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി ആരംഭിച്ചിട്ടുള്ള പിങ്ക് പട്രോൾ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) നിലവിൽ ഏതെല്ലാം ജില്ലകളിലാണ് പിങ്ക് പട്രോൾ ആരംഭിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ഡി) പോലീസ് സേനയിലെ വനിതാപ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഇ) ഏതെല്ലാം ജില്ലകളിലാണ് നിലവിൽ വനിതാ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് താഴെപ്പറയുന്ന പ്രധാന നൂതന പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

- സംസ്ഥാനത്ത് 14 പോലീസ് ജില്ലകളിൽ (കൊല്ലം റൂറൽ, ഇടുക്കി, തൃശ്ശൂർ റൂറൽ, കോഴിക്കോട് റൂറൽ, വയനാട് എന്നീ ജില്ലകളൊഴികെ) പിങ്ക് പോലീസ് പട്രോൾ സംവിധാനം ആരംഭിച്ചിട്ടുണ്ട്.
- 1515 ട്രോൾ ഫ്രീ സംവിധാനത്തോടുകൂടി 24 മണിക്കൂറും പ്രവർത്തിക്കുന്ന പിങ്ക് കൺട്രോൾ റൂമുകൾ സംസ്ഥാനത്ത് 14 പോലീസ് ജില്ലകളിൽ (കൊല്ലം റൂറൽ, ഇടുക്കി, തൃശ്ശൂർ റൂറൽ, കോഴിക്കോട് റൂറൽ, വയനാട് എന്നീ ജില്ലകളൊഴികെ) ആരംഭിച്ചിട്ടുണ്ട്.
- സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി Cyber Crime Prevention Against Women and Children (CCPWC) Project ആരംഭിച്ചിട്ടുണ്ട്.

- പോലീസിന്റെ വനിതാ പ്രാതിനിധ്യം ആദ്യഘട്ടത്തിൽ 10 ശതമാനമായും തുടർന്ന് 25 ശതമാനമായും വർദ്ധിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി സംസ്ഥാനത്താദ്യമായി ഒരു വനിതാ ബറ്റാലിയൻ ആരംഭിച്ചിട്ടുണ്ട്.

- സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി സ്വയം പ്രതിരോധ പരിശീലന പരിപാടികൾ ഊർജ്ജിതമായി നടത്തിവരുന്നു. കൂടാതെ കോളേജ്, സ്കൂൾ, റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റ് എന്നിവയുമായി ചേർന്ന് ബോധവൽക്കരണ ക്ലാസുകളും നടത്തിവരുന്നു.

- 6 പോലീസ് സ്റ്റേഷനുകളിൽ ശിശു സൗഹൃദ പോലീസ് സ്റ്റേഷൻ സമ്പ്രദായം ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി 54 പോലീസ് സ്റ്റേഷനുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

- 2019-20 ബഡ്ജറ്റിൽ 4 വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

ഇതിനുപുറമേ 2018-19 സാമ്പത്തിക വർഷം 648 ലക്ഷം രൂപയും 2019-20-ൽ 600 ലക്ഷം രൂപയും സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി അനുവദിച്ചിട്ടുണ്ട്.

(ബി) ഏത് അടിയന്തരഘട്ടത്തിലും ബന്ധപ്പെടാവുന്ന Emergency Response Support System (ERSS) സംവിധാനം സംസ്ഥാനത്ത് പ്രാബല്യത്തിൽ വരുന്നതിനാൽ പിങ്ക് പട്രോൾ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) കൊല്ലം റൂറൽ, ഇടുക്കി, തൃശ്ശൂർ റൂറൽ, കോഴിക്കോട് റൂറൽ, വയനാട് എന്നീ ജില്ലകളൊഴികെ സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും പിങ്ക് പട്രോൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) പോലീസിലെ വനിതാ പ്രാതിനിധ്യം ആദ്യഘട്ടത്തിൽ 10 ശതമാനമായും തുടർന്ന് 25 ശതമാനമായും വർദ്ധിപ്പിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിക്കുകയും അതിനുള്ള നടപടികളാരംഭിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്താദ്യമായി ഒരു വനിതാ ബറ്റാലിയൻ ആരംഭിച്ചിട്ടുണ്ട്. ഇതിനായി 451 പുതിയ തസ്തികകൾ സൃഷ്ടിച്ചു. വനിതാ ബറ്റാലിയന്റെ ആസ്ഥാനമായി തിരുവനന്തപുരത്തെ മേനംകുളത്ത് 10 ഏക്കർ സ്ഥലം സർക്കാർ നൽകിയിട്ടുള്ളതും ആയതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്.

(ഇ) തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, ആലപ്പുഴ, കോട്ടയം, കൊച്ചി സിറ്റി, തൃശ്ശൂർ സിറ്റി, തൃശ്ശൂർ റൂറൽ, മലപ്പുറം, കോഴിക്കോട് സിറ്റി, കണ്ണൂർ എന്നിവിടങ്ങളിലായി 10 വനിതാ പോലീസ് സ്റ്റേഷനുകൾ നിലവിലുണ്ട്.

## കുട്ടികൾക്കുനേരെയുള്ള ആക്രമണം തടയുന്നതിന് നടപടി

110 (5058) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾക്ക് നേരെ ആക്രമണം വ്യാപകമാകുന്നത് പരിശോധിക്കുമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്നും മാതാപിതാക്കളോടൊത്ത് തെരുവുകളിൽ താമസിക്കുന്ന കുട്ടികൾ പലപ്പോഴും ലൈംഗിക അതിക്രമങ്ങൾക്ക് ഇരയാകുന്ന കാര്യം പരിശോധിക്കുമോ;

(സി) ഇത്തരം അക്രമണങ്ങൾ തടയുവാനും ആവർത്തിക്കാതിരിക്കുവാനും ആവശ്യമായ നടപടി സ്വീകരിക്കുവാൻ പോലീസിന് നിർദ്ദേശങ്ങൾ നൽകുമോ; ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നതിൽ പോലീസ് ഉദ്യോഗസ്ഥർക്ക് പലപ്പോഴും ഗുരുതരമായ വീഴ്ചയുണ്ടാകുന്ന കാര്യം പരിശോധിക്കുമോ;

(ഡി) മലപ്പുറം ജില്ലയിലെ എടപ്പാളിൽ ആക്രി പെറുക്കുവാൻ വന്ന ബാലികയെ ആക്രമിച്ചതുപോലുള്ള സംഭവങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) 2019 ജനുവരി മുതൽ ഇത്തരത്തിൽ കേരളത്തിലെ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരം ലഭ്യമാക്കുമോ; നിലവിൽ കേസിന്റെ സ്ഥിതി വിവരം ലഭ്യമാക്കുമോ;

(എഫ്) എത്ര കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികളെ കിട്ടാനുണ്ട്; വ്യക്തമാക്കുമോ;

(ജി) ഇത്തരം ആക്രമണങ്ങൾ തടയുന്നതിനായി നിലവിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ കൂട്ടായ്മ ഈ വിഷയത്തിൽ ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കുട്ടികൾക്കെതിരെ ആക്രമണങ്ങൾ വ്യാപകമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വർഷംതോറുമുള്ള കേസുകളുടെ എണ്ണം പരിശോധിച്ചാൽ നേരിയ തോതിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുട്ടികൾക്കെതിരെയുള്ള ആക്രമണങ്ങൾ തടയുന്നതിലേയ്ക്കായി ജുവനൈൽ പോലീസ് യൂണിറ്റ്, ഫാമിലി ക്രൈം പ്രിവെൻഷൻ സെന്റർ, ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്, സ്കൂൾ-കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ, ചൈൽഡ് ലൈൻ, ജനമൈത്രി പോലീസ് സംവിധാനം, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വാട്സ് ആപ്, ഫെയ്സ് ബുക്ക്, ട്വിറ്റർ തുടങ്ങിയ

സാമൂഹ്യമാധ്യമങ്ങളിൽ കുട്ടികൾക്കെതിരെ തെറ്റായ സന്ദേശം പ്രചരിപ്പിക്കുന്നവരെയും മറ്റ് സൈബർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെയും കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാന തലത്തിൽ ഹൈടെക് ക്രൈം എൻക്വയറി സെൽ, സൈബർ ക്രൈം പോലീസ് സ്റ്റേഷൻ, സൈബർ ഡോം എന്നിവയും ജില്ലാതലത്തിൽ സൈബർ സെല്ലുകളും പ്രവർത്തിച്ചുവരുന്നു.

(ബി&സി) ഇത്തരം ആക്രമണങ്ങൾ തടയുന്നതിലേയ്ക്കായി പോലീസ് പൊതുവായ നിരീക്ഷണങ്ങളും റിപ്പോർട്ടാകുന്ന സംഭവങ്ങളിൽ കർശന നിയമനടപടികളും സ്വീകരിക്കുന്നതിന് എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ലൈംഗിക അതിക്രമ കേസുകൾ കൈകാര്യം ചെയ്യുന്നതിൽ പോലീസ് ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം പരിശോധിച്ച് സമഗ്രമായി അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. എന്നാൽ ഇത്തരം സംഭവങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി-എഫ്) ഇതുസംബന്ധിച്ച് ചങ്ങരംകുളം പോലീസ് സ്റ്റേഷൻ Cr.No.162/2018 u/s 341, 324 IPC added 326 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രതിയെ നിയമാനുസൃതം അറസ്റ്റ് ചെയ്ത് നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. ഈ ഒരു കേസ് മാത്രമാണ് 2019 ജനുവരി മുതലുള്ള കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ജി) ചൈൽഡ് ലൈൻ ഉൾപ്പെടെയുള്ള വിവിധ ഏജൻസികളുമായി ചേർന്ന് ഇക്കാര്യത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

### കുട്ടികൾക്കെതിരെയുള്ള അക്രമം

111(5059) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുടനീളം കുട്ടികൾക്ക് സ്വന്തം വീടുകളിൽനിന്ന് ഉൾപ്പെടെ വ്യാപകമായ തോതിൽ അക്രമം നേരിടേണ്ടി വരുന്നത് തടയാൻ കർശനമായ നടപടികൾ ഉണ്ടാകുമോ;

(ബി) അന്യസംസ്ഥാനങ്ങളിലെ കുട്ടികളെ വീടുകളിൽ ജോലിക്ക് നിർത്തി ചൂഷണം ചെയ്യുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള അക്രമങ്ങൾ തടയുന്നതിനായി സാമൂഹ്യനീതി വകുപ്പ്, ജില്ല ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി, ചൈൽഡ് ലൈൻ എന്നീ ഏജൻസികളുമായി ചേർന്ന് ഫലപ്രദമായ രീതിയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ ഇത്തരം പ്രവൃത്തികൾ ഏതെങ്കിലും ഭാഗത്തുനിന്നുണ്ടാകുന്നപക്ഷം അത്തരം കുറ്റക്കാർക്കെതിരെ Indian Penal Code, Protection of Children from Sexual offence Act, Juvenile Justice Act എന്നീ നിയമങ്ങളിലെ വിവിധ വകുപ്പുകൾപ്രകാരം കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കേസുകളിൽ ഊർജ്ജിതമായ അന്വേഷണം നടത്തി കുറ്റക്കാർക്ക് പരമാവധി ശിക്ഷ ലഭിക്കത്തക്കവണ്ണം കുറ്റപത്രം തയ്യാറാക്കി കോടതിയിൽ സമർപ്പിച്ചുവരുന്നു. കൂടാതെ ഇത്തരത്തിൽ ചൂഷണത്തിനിരയാകുന്ന കുട്ടികളെ ചൈൽഡ് ലൈൻ പ്രവർത്തകരുടെ സഹായത്തോടെ പുനരധിവാസ കേന്ദ്രത്തിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**ആത്മഹത്യാ ശ്രമം നടത്തിയ വിദ്യാർത്ഥിനിക്കെതിരെ കേസ്**

112 (5060) <u>ശ്രീ. അൻവർ സാദത്ത് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനം തടസ്സപ്പെടുന്നതിൽ മനംനൊന്ത് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥിനി ആത്മഹത്യക്ക് ശ്രമിച്ച കേസിൽ പ്രസ്തുത വിദ്യാർത്ഥിനിക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയതിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വകുപ്പുകൾ പ്രകാരം എന്ന് അറിയിക്കാമോ;

(ബി) 2017-ലെ മാനസികാരോഗ്യ നിയമപ്രകാരം ആത്മഹത്യാശ്രമം കുറ്റകരമല്ലെന്നിരിക്കെ വിദ്യാർത്ഥിനിക്കെതിരെ കേസെടുത്തത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥിനി ആത്മഹത്യ ചെയ്യാൻ ശ്രമിച്ചതിന് തിരുവനന്തപുരം സിറ്റി കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 879/19 U/s 309 IPC പ്രകാരം FIR രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയത് അന്വേഷണ ഘട്ടത്തിലാണ്.

## വീട്ടിൽ അതിക്രമിച്ച് കടന്നുവെന്ന പ്രവാസിയുടെ പരാതി

113 (5061) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ താലൂക്കിൽ കയ്പമംഗലം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ താമസിക്കുന്ന പ്രവാസിയായ ബെന്നി എസ് മലയാറ്റിലിന്റെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രവാസിയായ ഇദ്ദേഹത്തിന്റെ വീട്ടിൽ അതിക്രമിച്ച കടന്ന് ഭീഷണിപ്പെടുത്തുകയും നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തവർക്കെതിരെ കയ്പമംഗലം പോലീസ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കയ്പമംഗലം പോലീസിൽ നിന്നും നീതി ലഭിക്കാതെ വന്നപ്പോൾ ഇത് സംബന്ധിച്ച് മുഖ്യമന്ത്രിക്കും ഡി.ജി.പി. ക്കും എൻ.ആർ.ഐ. സെല്ലിനും പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ലക്ഷ്വറി ടാക്സ് നൽകുന്ന പ്രവാസിയായ ഇദ്ദേഹത്തിന്റെ പരാതിയിൽ നടപടി സ്വീകരിക്കാത്ത കയ്പമംഗലം എസ്.ഐ.യ്ക്ക് എതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) പ്രവാസിയായ ഇദ്ദേഹത്തിന്റെ കുടുംബത്തിന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് കയ്പമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 245/2019 u/s 447, 294(b), 506 r/w 34 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) പ്രസ്തുത പരാതികൾ ലഭിച്ചതിനെത്തുടർന്ന് ടി പരാതി സംഗതിയെക്കുറിച്ച് നടത്തിയ അന്വേഷണത്തിൽ വിഷയം കുടുംബ ക്ഷേത്രവുമായി ബന്ധപ്പെട്ടതായതിനാൽ തുടർനടപടി സ്വീകരിക്കുന്നതിനായി ഇരിങ്ങാലക്കുട ആർ.ഡി.ഒ. കോടതി മുമ്പാകെ വിശദവിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആയതിന്മേൽ ഹിയറിംഗ് നടന്നുവരുന്നു.

(ഡി) പ്രവാസിയായ ബെന്നി എസ്. മലയാറ്റിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കയ്പമംഗലം എസ്.എച്ച്.ഒ. യഥാസമയം കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിനാൽ ടിയാനെതിരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

## എറണാകുളത്ത് സ്വകാര്യ ആശുപത്രിയിൽ ചികിത്സാ പിഴവുമൂലം സംഭവിച്ച മരണം

114 (5062) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്ത് സ്വകാര്യ ആശുപത്രിയിൽ സർജറിക്ക് വിധേയയായ റിൻസി വിനു എന്ന യുവതി മരിച്ചത് ചികിത്സാ പിഴവുമൂലമാണെന്ന് പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പരേതയുടെ പോസ്റ്റ്മാർട്ടം റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ മരണ കാരണം കണ്ടെത്തിയിട്ടുണ്ടോ;

(സി) ആശുപത്രി അധികൃതരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ് മരണ കാരണമെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ച എന്നറിയിക്കുമോ?

ഉത്തരം

(എ) എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ സർജറിക്ക് വിധേയയായ റിൻസി വിനു എന്ന യുവതി മരിച്ചത് ചികിത്സാ പിഴവുമൂലമാണെന്നുള്ള പരാതി ലഭിച്ചിട്ടുള്ളതാണ്. ടി പരാതിയുടെ അടിസ്ഥാനത്തിൽ എറണാകുളം ടൗൺ നോർത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 937/2019 U/s 304(A) IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് എറണാകുളം പോലീസ് അസിസ്റ്റന്റ് കമ്മീഷണർ അന്വേഷണം നടത്തിവരുന്നു.

(ബി) പ്രൈമറി പോസ്റ്റുമോർട്ടം റിപ്പോർട്ട് മാത്രമാണ് ലഭിച്ചിട്ടുള്ളത്. ലബോറട്ടറി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ യഥാർത്ഥ മരണ കാരണം വെളിവാകുകയുള്ളൂ.

(സി) മരണകാരണം കണ്ടെത്തിയിട്ടില്ല. ഇതിനായി Expert Panel opinion ലഭിക്കേണ്ടതുണ്ട്. ടി കേസിന്മേൽ അന്വേഷണം നടന്നുവരുന്നു.

## പ്രകൃതിവിരുദ്ധ പീഡന കേസിലെ പുനരന്വേഷണം

115 (5063) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെഞ്ഞാറമൂട് ആലിയാട് എ.പി.ആർ. നഗറിൽ പ്രവർത്തിച്ചുവരുന്ന, മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുവേണ്ടിയുള്ള ആശ്രയ എന്ന ആജീവനാന്ത പുനരധിവാസ കേന്ദ്രത്തിലെ കുട്ടികളെ പ്രകൃതിവിരുദ്ധ

പീഡനങ്ങൾക്ക് ഇരയാക്കിയ നിസ്സാർ എന്നയാൾക്കെതിരെ 2018 ജൂലൈ മാസം വെഞ്ഞാറമൂട് പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അന്വേഷണം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കേസിലെ പ്രതിയെ പിടികൂടിയിട്ടുണ്ടോ; എങ്കിൽ കേസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസ് അന്വേഷണം സംബന്ധിച്ച് എന്തെങ്കിലും പരാതി ഉണ്ടായിട്ടുണ്ടോ;

(ഡി) പ്രസ്തുത കേസിൽ ഉന്നതതല പുനരന്വേഷണം നടത്തി കുറ്റക്കാർക്ക് തക്കതായ ശിക്ഷ ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഈ സ്ഥാപനത്തിൽ മേലിൽ ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കുവാൻ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന മുൻകരുതൽ നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്. പരാതിയിന്മേൽ വെഞ്ഞാറമൂട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1048/18 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കേസിലെ പ്രതിയെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും കോടതി റിമാന്റ് ചെയ്തിട്ടുള്ളതുമാണ്. കേസിന്റെ ചാർജ് ഷീറ്റ് 29-9-2018-ൽ ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും സി.പി.140/2018 പ്രകാരം കോടതിയിൽ വിചാരണയിലുമാണ്.

(സി) പരാതി ലഭിച്ചിട്ടില്ല.

(ഡി) പ്രസ്തുത കേസ് സി.പി.140/2018 പ്രകാരം ബഹുമാനപ്പെട്ട കോടതിയിൽ വിചാരണയിലാണ്.

(ഇ) മുൻകരുതൽ എന്ന നിലയിൽ പുനരധിവാസ കേന്ദ്രങ്ങളിൽ ജോലിക്ക് നിയമിക്കുന്നവർക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്ത്രീകളെ ചുട്ടുകരിക്കുന്ന സംഭവങ്ങൾ

116 (5065) ശ്രീ. വി. ഡി. സതീശൻ:

ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളെ നടുറോഡിലിട്ട് ചുട്ടുകരിക്കുന്ന സംഭവങ്ങൾ ആവർത്തിക്കുന്നത് ഗുരുതരമായ സാഹചര്യം ഉളവാക്കിയതായി കരുതുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) ക്രമസമാധാനം പരിപാലിക്കേണ്ട പോലീസ് ഉദ്യോഗസ്ഥർ തന്നെ ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നത് സംസ്ഥാനത്തെ ക്രമസമാധാന നില തകർന്നിരിക്കുന്നു എന്നതിന്റെ തെളിവാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് മദ്യവും മയക്കുമരുന്നും വ്യാപകമാകുന്നത് ഇത്തരം ഹീനമായ കുറ്റകൃത്യങ്ങൾ വളരുന്നതിന്റെ കാരണമാകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇത്തരം കുറ്റകൃത്യങ്ങൾ പൊതുവായ ഒന്നല്ല. 25-5-2016 മുതൽ 19-6-2019 വരെ ഇത്തരത്തിലുള്ള ആകെ നാല് സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത് നിരന്തരം ആവർത്തിക്കുന്ന ഒരു കുറ്റകൃത്യമായി വിലയിരുത്തിയിട്ടില്ല. ഇത്തരം ഗുരുതരമായ കുറ്റകൃത്യങ്ങളെ സർക്കാർ ഗൗരവതരമായി കാണുന്നുണ്ട്. അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും കുറ്റവാളികളെ നിയമത്തിന് മുന്നിലെത്തിച്ച് ശിക്ഷ വാങ്ങിനൽകാനുമുള്ള ശക്തമായ നടപടികൾ കൈക്കൊണ്ടുവരുന്നു.

(ബി) ഒരു പോലീസുദ്യോഗസ്ഥൻ ഇത്തരം കുറ്റകൃത്യം നടത്തിയെന്നത് മുൻനിർത്തി അതുവഴി സംസ്ഥാനത്തിന്റെ മൊത്തം ക്രമസമാധാനം തകർന്നുവെന്ന് വിലയിരുത്തുന്നില്ല. ഒറ്റപ്പെട്ട സംഭവങ്ങളെ മുൻനിർത്തി ആയത് സംസ്ഥാനത്തിന്റെ പൊതുസ്ഥിതി എന്ന് വിലയിരുത്തുന്നത് യുക്തിസഹമല്ല.

(സി) കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ റിപ്പോർട്ട് ചെയ്ത 4 കേസുകളിലും പ്രണയനൈരാശ്യവും കുടുംബ പ്രശ്നങ്ങളുമാണ് ഈ കുറ്റകൃത്യങ്ങൾക്ക് കാരണമായിട്ടുള്ളത്.

**യു.എ.പി.എ. ചുമത്തുന്നതിലെ നയപരമായ തീരുമാനം**

117 (5066) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്ന സാഹചര്യത്തിൽ യു. എ. പി. എ. ചുമത്തുന്നതുമായി ബന്ധപ്പെട്ട് മുൻ സർക്കാരിൽനിന്ന് വ്യത്യസ്തമായി ഈ സർക്കാർ നയപരമായ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പഴയ സർക്കാർ ചുമത്തിയ യു. എ. പി. എ. കേസുകളിൽ ഏതെങ്കിലും കേസ്സുകൾ ഈ സർക്കാരിന്റെ കാലത്ത് വേണ്ടെന്ന് വെച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. മുൻകാലങ്ങളിൽ നിയമ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സമിതിയായിരുന്നു യു.എ.പി.എ. കേസുകളിന്മേൽ പ്രോസിക്യൂഷൻ അനുമതി നൽകുന്നതിനായി സർക്കാരിലേയ്ക്ക് ശിപാർശ നൽകിയിരുന്നത്. എന്നാൽ റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിനെ അദ്ധ്യക്ഷനാക്കി ഈ സമിതിയെ സർക്കാർ പുനഃസംഘടിപ്പിച്ചു. പ്രസ്തുത സമിതിയുടെ ശിപാർശ പ്രകാരം മാത്രമാണ് നിലവിൽ സർക്കാർ യു.എ.പി.എ. കേസുകളിൽ തുടർ നടപടികൾ കൈകൊള്ളുന്നത്.

(ബി) ഉണ്ട്. വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**വാഹന അപകടങ്ങൾ**

118 (T*5067) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു മാസം ശരാശരി എത്ര വാഹന അപകടങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇത്തരം അപടകങ്ങളിൽപ്പെട്ട് മരണപ്പെടുന്നവരുടെ ഒരു മാസത്തെ ശരാശരി കണക്ക് എത്രയെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഒരു മാസം ശരാശരി 3279 വാഹന അപകടങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്.

| വർഷം | റോഡപകട കേസുകൾ | ഒരു മാസത്തെ ശരാശരി റോഡപകട കേസുകൾ | മരണം | ഒരു മാസത്തെ ശരാശരി മരണം |
|---|---|---|---|---|
| 2016 | 39240 | 3285 | 4196 | 350 |
| 2017 | 38470 | 3205 | 4287 | 357 |
| 2018 | 40181 | 3348 | 4303 | 359 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഇത്തരം അപകടങ്ങളിൽപ്പെട്ട് ഒരു മാസം ശരാശരി 355 പേർക്ക് മരണം സംഭവിക്കുന്നു.

(സി) സംസ്ഥാനത്ത് റോഡപകടങ്ങൾ തടയുക, ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി 'ശുഭയാത്ര 2015' പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി ട്രാഫിക് പോലീസ്, ലോക്കൽ പോലീസ് എന്നിവർ വാഹന പരിശോധനകൾ നടത്തി ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. പ്രധാന റോഡുകൾ കേന്ദ്രീകരിച്ച് ഹൈവേ പട്രോളിംഗ് ശക്തമാക്കിയും റോഡപകടങ്ങൾ തടയുന്നതിനായി റഡാർ, ഇന്റർസെപ്റ്റർ എന്നിവ ഉപയോഗിച്ച് പരിശോധനകൾ ഊർജ്ജിതമാക്കിവരുന്നു. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി നഗര പ്രദേശങ്ങളിലും ദേശീയപാതകളിലും കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെയും ഹോം ഗാർഡുമാരെയും ട്രാഫിക് വാർഡന്മാരെയും നിയോഗിച്ചും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകളുടെ സേവനങ്ങളും ഉപയോഗിച്ചും നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂൾ വാഹനങ്ങൾ അപകടത്തിൽപ്പെടാതിരിക്കാൻ മുൻകരുതലെടുക്കുന്നതനായി ഓപ്പറേഷൻ സെയ്ഫ് പദ്ധതി നടപ്പിലാക്കി വരുന്നു. സ്കൂളുകളിലും കോളേജുകളിലും പൊതുജനങ്ങൾക്കും ഡ്രൈവർമാർക്കും ട്രാഫിക് ബോധവൽക്കരണ ക്ലാസുകൾ നടത്തിയും ഹൈവേ ജാഗ്രതാ സമിതികൾ, ആക്സിഡന്റ് റിവ്യൂ കമ്മിറ്റി, ട്രാഫിക് റെഗുലേറ്ററി കമ്മിറ്റികൾ എന്നിവ രൂപീകരിച്ചും റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

### വാഹന പരിശോധനയ്ക്കിടയിലെ അപകടങ്ങൾ

119 (5068) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഴിയോരങ്ങളിലെ വാഹന പരിശോധനയിൽ പോലീസിന്റെ അശ്രദ്ധമൂലം യാത്രക്കാർ അപകടത്തിൽപ്പെടുന്ന സംഭവങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ അപകടത്തിനിടയാക്കുന്ന പരിശോധകരായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കാറുണ്ടോ എന്നറിയിക്കാമോ;

(ബി) വാഹനപരിശോധനകൾക്കിടയിലെ അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്;

(സി) ഇത് പാലിക്കാത്ത പരിശോധകരെ സംബന്ധിച്ച് പൊതുജനങ്ങൾ നൽകുന്ന പരാതികളിന്മേൽ ഉന്നത ഉദ്യോഗസ്ഥർ നടപടികൾ സ്വീകരിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പരാതികളിന്മേൽ കർശന നടപടി സ്വീകരിക്കുമോ;

(ഡി) വാഹന പരിശോധനകൾക്കിടയിൽ അപകടത്തിൽപ്പെടുന്ന യാത്രക്കാർക്ക് യഥാസമയം അടിയന്തര ചികിത്സ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഒരു കേസ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംഭവവുമായി ബന്ധപ്പെട്ട് ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വാഹന പരിശോധനയ്ക്കിടയിൽ അപകടങ്ങൾ ഒഴിവാക്കാൻ പോലീസ് നിതാന്ത ജാഗ്രത പാലിച്ചുവരുന്നു. സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ച എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 07/2015, 51/2018, സർക്കുലർ നമ്പർ 05/2012, 06/2012, 11/2012, 11/2013, 02/2016 എന്നിവ പ്രകാരവും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും പാലിച്ചാണ് വാഹന പരിശോധന നടത്തിവരുന്നത്. ഗതാഗതത്തിരക്കുള്ള സ്ഥലങ്ങളിൽ അടിയന്തര സന്ദർഭങ്ങളിലല്ലാതെ വാഹന പരിശോധന നടത്തരുതെന്നും തിരക്കേറിയ ജംഗ്ഷനുകളിലും കൊടും വളവുകളിലും കയറ്റിറക്കങ്ങളിലും ഇടുങ്ങിയ റോഡുകളിലും പാലത്തിന്റെ മുകളിലും വാഹന പരിശോധന ഒഴിവാക്കേണ്ടതാണെന്നുള്ള നിർദ്ദേശം കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് നിരീക്ഷിച്ചുവരുന്നു. കൂടാതെ ഒരു സമയം ഒരു വാഹനം മാത്രം പരിശോധിക്കുക, ദൂരക്കാഴ്ച ലഭിക്കുന്ന സ്ഥലങ്ങളിൽ മാത്രം പരിശോധന നടത്തുക, ഡ്രൈവർമാരെ പുറത്തിറക്കാതെ ഡ്രൈവർമാരുടെ അടുത്തുചെന്ന് പരിശോധന നടത്തുക, വാഹന പരിശോധന വീഡിയോഗ്രാഫ് ചെയ്യുക, അമിത വേഗതയിൽ അശ്രദ്ധയിൽ ഓടിക്കുന്ന വാഹനങ്ങൾ പിന്തുടരാതിരിക്കുക, രാത്രികാലങ്ങളിൽ വെളിച്ചമുള്ള സ്ഥലങ്ങളിൽ നിന്നുമാത്രം പരിശോധന നടത്തുക തുടങ്ങിയ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥന്മാർക്ക് നൽകിയിട്ടുണ്ട്.

(സി) അത്തരത്തിലുള്ള പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വാഹന പരിശോധനയ്ക്കിടയിൽ യാത്രക്കാർക്ക് അപകടം സംഭവിക്കുന്ന സന്ദർഭങ്ങളിൽ അപകടത്തിൽപ്പെട്ടവരെ പോലീസ് ഉടൻതന്നെ അടുത്തുള്ള ഹോസ്പിറ്റലിൽ എത്തിച്ച് പ്രാഥമിക ചികിത്സ നൽകുകയും ഗുരുതരമായി പരിക്കേറ്റവരെ കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രികളിലേയ്ക്ക് കൊണ്ടുപോകുന്നതിന് എല്ലാ സജ്ജീകരണങ്ങളും ചെയ്തിട്ടുണ്ട്.

## ഗതാഗതം നിരീക്ഷിക്കാൻ സ്ഥാപിച്ച ക്യാമറകൾ

120 (5069) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡിലെ നിയമം തെറ്റിച്ചുള്ള ഗതാഗതം നിരീക്ഷിക്കാൻ സ്ഥാപിച്ച ക്യാമറകൾ പലയിടത്തും നിർജീവ സ്ഥിതിയിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ക്യാമറകൾ പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) മൂന്നാംകണ്ണ് നിരീക്ഷണ സംവിധാനം എവിടെയെല്ലാം നിലവിൽ വന്നിട്ടുണ്ടെന്നും പ്രസ്തുത നിരീക്ഷണ സംവിധാനത്തിലൂടെ എപ്രകാരമാണ് ഗതാഗത നിയമലംഘനങ്ങളിൽ നടപടി എടുക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റോഡ് സേഫ്റ്റി അതോറിറ്റിയുടെ സഹകരണത്തോടെ ക്യാമറകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഗതാഗത നിയമങ്ങൾ ലംഘിക്കുന്നവരെ കണ്ടെത്തുന്നതിനായി മൂന്നാം കണ്ണ് എന്ന പേരിൽ മോട്ടോർ വാഹന വകുപ്പ് പദ്ധതികൾ ഒന്നും തയ്യാറാക്കിയിട്ടില്ല. എന്നാൽ പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ (ഫോട്ടോഗ്രാഫ്, പരാതികൾ എന്നിവ) പരിഗണിച്ച് മോട്ടോർ വാഹന വകുപ്പ് സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്.

## ട്രാഫിക് കേസ്സുകൾ ലോക്കൽ സ്റ്റേഷനിലേയ്ക്ക് മാറ്റിയ നടപടി

121 (5070) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എച്ച്. ക്യൂ. സർക്കുലർ 21/2018 പ്രകാരം ട്രാഫിക് പോലീസ് സ്റ്റേഷനുകളിൽ കൈകാര്യം ചെയ്തിരുന്ന കേസുകൾ അടുത്തുള്ള ലോക്കൽ പോലീസ് സ്റ്റേഷനിലേക്ക് മാറ്റിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം നഗര പ്രദേശങ്ങളിലും ഹൈവേയ്ക്ക് അടുത്തുമുള്ള സ്റ്റേഷനുകൾ കേസുകളുടെ ബാഹുല്യംമൂലം ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ഡി) ട്രാഫിക് പോലീസ് സ്റ്റേഷനുകളിൽ കൈകാര്യം ചെയ്തിരുന്ന കേസുകൾ പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും പ്രസ്തുത ലോക്കൽ സ്റ്റേഷനുകളിലെ അംഗബലം കൂട്ടുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഇതുമൂലം കേസ്സുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും പോലീസ് സ്റ്റേഷനുകളുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അംഗബലം വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ നിലവിലില്ല.

## അപകടത്തിൽപ്പെടുന്ന ഇൻഷ്വറൻസ് ചെയ്യാത്ത വാഹനങ്ങളുടെ ലേലം

122 (T* 5071) <u>ശ്രീ. ഡി. കെ. മുരളി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അപകടങ്ങളിൽപ്പെടുന്ന ഇൻഷുറൻസ് ചെയ്യാത്ത വാഹനങ്ങൾ ഉടമയ്ക്ക് വിട്ടുനൽകാതെ ലേലം ചെയ്തുവിൽക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വ്യവസ്ഥ പ്രാബല്യത്തിൽ വന്നിട്ടുണ്ടെങ്കിൽ ആയതിനുശേഷം ഇപ്രകാരം എത്ര വാഹനങ്ങൾ ലേലം ചെയ്തിട്ടുണ്ടെന്നും,എത്ര രൂപ ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള മോട്ടോർ വാഹന ചട്ടങ്ങൾക്ക് 2018-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ള 391(A) ചട്ടപ്രകാരം അപകടങ്ങളിൽപ്പെടുന്ന തേർഡ് പാർട്ടി ഇൻഷ്വറൻസ് കവറേജ് ഇല്ലാത്ത വാഹനങ്ങൾ കോടതി ഉത്തരവില്ലാതെ പിടിച്ചെടുക്കാൻ മാത്രമേ പോലീസിന് അധികാരമുള്ളൂ. അത്തരം വാഹനങ്ങളുടെ ലേലം ഉൾപ്പെടെയുള്ള മറ്റ് നടപടികൾ സ്വീകരിക്കുന്നതിന് കോടതി ഉത്തരവ് ആവശ്യമാണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## നിയമസഭാ സാമാജികർക്കെതിരെ അധിക്ഷേപങ്ങൾ

123 (5073) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ സാമാജികർക്കെതിരെ സമൂഹ മാധ്യമങ്ങളിലൂടെ വ്യക്തിപരമായി അധിക്ഷേപങ്ങൾ നടത്തിയവർക്കെതിരെ എന്തൊക്കെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഓരോ സാമാജികരുടെയും വിശദവിവരങ്ങൾ പ്രത്യേകമായി ലഭ്യമാക്കുമോ;

(ബി) സമൂഹ മാധ്യമങ്ങളിലെ അധിക്ഷേപത്തിനെതിരെ കോഴിക്കോട് സൗത്ത് നിയോജകമണ്ഡലം സാമാജികൻ എത്ര പരാതികൾ നൽകിയിട്ടുണ്ട്;

(സി) പ്രസ്തുത പരാതികളിന്മേൽ ആർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) നിയമസഭാ സാമാജികർ നൽകിയ പരാതികൾക്ക് ആധാരമായ പോസ്റ്റുകൾ ഇപ്പോഴും നവമാധ്യമങ്ങളിൽ തുടരുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്എന്നറിയിക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## സമൂഹ മാധ്യമങ്ങളിലൂടെയുള്ള പരാമർശങ്ങൾ

124 (5074) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹമാധ്യമങ്ങളിലൂടെ അപകീർത്തികരമായ പരാമർശങ്ങൾ നടത്തുന്നവർക്കെതിരെ സ്വമേധയാ കേസെടുത്ത് അന്വേഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ;

(ബി) ഇത്തരം കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനും നടപടിയെടുക്കുന്നതിനും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ റിട്ട് പെറ്റീഷൻ (ക്രിമിനൽ നമ്പർ 167/2012) മേലുള്ള ഉത്തരവിൻ പ്രകാരം 66 (A) of Information Technology Act റദ്ദാക്കിയിട്ടുള്ളതിനാൽ സമൂഹ മാധ്യമങ്ങളിലൂടെ അപകീർത്തികരമായ പരാമർശങ്ങൾ നടത്തുന്നവർക്കെതിരെ സ്വമേധയാ കേസ്സെടുക്കാൻ നിലവിൽ നിർവ്വാഹമില്ലാത്തതാകുന്നു.

(ബി) സമൂഹ മാധ്യമങ്ങളിലൂടെ അപകീർത്തികരമായ പരാമർശങ്ങൾ നടത്തുന്നവർക്കെതിരെ പരാതി പ്രകാരമാണ് നിലവിൽ കേസ്സുകൾ രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കുന്നത്. ഇത്തരം കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനും നടപടിയെടുക്കുന്നതിനും നിലവിൽ എല്ലാ ജില്ലാ ആസ്ഥാനത്തും സൈബർ സെല്ലിന്റെ സേവനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്.

## പുതിയ പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാ പട്ടിക

125 (5075) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ പുതിയതായി ആരംഭിക്കാനുദ്ദേശിക്കുന്ന പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാ പട്ടിക ലഭ്യമാക്കാമോ?

ഉത്തരം

മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടില്ല.

## പോലീസ് സ്റ്റേഷനുകളുടെ ആധുനികവൽക്കരണം

126 (5076) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ എത്ര പോലീസ് സ്റ്റേഷനുകൾ ആധുനികവത്കരിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പാലക്കാട് ജില്ലയിലെ ഏതെല്ലാം പോലീസ് സ്റ്റേഷനുകളാണ് നവീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 100 പോലീസ് സ്റ്റേഷനുകളും 2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 50 പോലീസ് സ്റ്റേഷനുകളും സ്മാർട്ട് ആക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) പാലക്കാട് ജില്ലയിലെ ടൗൺ സൗത്ത്, മലമ്പുഴ, പുതുനഗരം, മണ്ണാർക്കാട്, കുഴൽമന്ദം, ഷൊർണ്ണൂർ എന്നീ ആറ് പോലീസ് സ്റ്റേഷനുകളാണ് സ്മാർട്ട് പോലീസ് സ്റ്റേഷനുകളായി നവീകരിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനം

127 (5077) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സർക്കാർ കാലയളവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്ന് അറിയിക്കാമോ;

(ബി) സ്വന്തമായി കെട്ടിടമില്ലാത്ത പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത് എന്ന് അറിയിക്കാമോ;

(സി) പാറശ്ശാല നിയോജകമണ്ഡലത്തിലെ മാരായമുട്ടം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടമില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മാരായമുട്ടം പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ പോലീസ് സ്റ്റേഷനുകളിൽ അവശ സൗഹൃദ ടോയ്‍ലെറ്റുകളും റാംപുകളും നിർമ്മിക്കുക, പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ-ശിശു സൗഹൃദ റിസപ്ഷൻ/റസ്റ്റ് റൂമുകൾ, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് എന്നിവ നിർമ്മിക്കുക, പോലീസ് സ്റ്റേഷനുകളിൽ വനിതാ സന്ദർശകർക്കായി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, പോലീസ് സ്റ്റേഷനുകളെ സ്മാർട്ട് സ്റ്റാൻഡേർഡിലേയ്ക്ക് ഉയർത്തുക തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ 36 പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ പുതുതായി നിർമ്മിക്കുന്നതിന് അനുമതിയും പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ആദ്യ ഗഡു ഫണ്ടും നൽകിയിട്ടുണ്ട്.

(ബി) പോലീസ് വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭിക്കുന്ന മുറയ്ക്ക് പോലീസ് സ്റ്റേഷൻ നിർമ്മിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. കേരള ഖാദി ബോർഡിന്റെ കൈവശമുള്ള 27 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

## വർക്കല പോലീസ് സ്റ്റേഷന് കെട്ടിടം

128 (5078) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

വർക്കലയിൽ പുതിയ ഒരു പോലീസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 14-11-2018-ലെ സ.ഉ. (സാധാ) നമ്പർ 3328/2018/ആഭ്യന്തരം പ്രകാരം 130 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതിൻപ്രകാരം 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യ ഗഡുവായി 29.9 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ടാം ഗഡുവായി 28.6 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## പുളിക്കീഴ് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

129 (5079) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുളിക്കീഴ് പോലീസ് സ്റ്റേഷൻ കെട്ടിടം ജീർണാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം പണിയുവാൻ ട്രാവൻകൂർ ഷുഗർ ഫാക്ടറിയുടെ സ്ഥലം ലഭ്യമായിട്ടുണ്ടോയെന്നറിയിക്കുമോ;

(സി) പുതിയ കെട്ടിടം പണിയുന്നതിനായി എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുളിക്കീഴ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി തിരുവല്ല താലൂക്കിൽ കടപ്ര വില്ലേജിൽ ബ്ലോക്ക് നമ്പർ 3-ൽ സർവ്വേ നമ്പർ 79-ൽ ഉൾപ്പെട്ട 75 സെന്റ് സ്ഥലം 8-1-2019-ലെ സ.ഉ. (കൈ) നമ്പർ 11/19 റവ പ്രകാരം പോലീസ് വകുപ്പിന് ഉപയോഗാനുമതി നൽകിയിട്ടുള്ളതാണ്.

(സി) പി.ഡബ്ല്യു.ഡി. ലഭ്യമാക്കിയ എസ്റ്റിമേറ്റ് സംസ്ഥാന പോലീസ് മേധാവി തലത്തിൽ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## യൂണിവേഴ്സിറ്റി കോളേജിൽ വിദ്യാർത്ഥിനി ആത്മഹത്യയ്ക്ക് ശ്രമിച്ച സംഭവം

130 (5080) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് കാമ്പസിൽ ആത്മഹത്യയ്ക്ക് ശ്രമിച്ച വിദ്യാർത്ഥിനിയുടെ ആത്മഹത്യാക്കുറിപ്പിൽ സൂചിപ്പിച്ചിട്ടുള്ള വിദ്യാർത്ഥി നേതാക്കൾക്കെതിരെ ആത്മഹത്യാ പ്രേരണാക്കുറ്റം ചുമത്തി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണ് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ കേസിൽ പെൺകുട്ടിയുടെ ബന്ധുക്കളെ സ്വാധീനിച്ച് മൊഴി മാറ്റിക്കുവാനുള്ള ശ്രമങ്ങൾ നടന്നതായുള്ള ആരോപണത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമാണ്;

(സി) യൂണിവേഴ്സിറ്റി കോളേജിൽ വിദ്യാർത്ഥി സംഘടനയുടെ നേതൃത്വത്തിൽ നടക്കുന്ന പീഡനങ്ങളെക്കുറിച്ച് സമഗ്രമായി അന്വേഷിക്കുന്നതിനും, കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് കാമ്പസിൽ വിദ്യാർത്ഥിനി ആത്മഹത്യയ്ക്ക് ശ്രമിച്ചതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സിറ്റി കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 879/19 U/s 309 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിന്റെ തുടരന്വേഷണത്തിൽ റാഗിംഗ് നിരോധന നിയമം അനുസരിച്ചോ മറ്റേതെങ്കിലും നിയമങ്ങളനുസരിച്ചോ ഉള്ള നടപടികൾ സാധ്യമാകുമോയെന്നും അല്ലെങ്കിൽ പ്രസ്തുത സംഗതികൾക്ക് പ്രത്യേകം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തേണ്ട ആവശ്യമുണ്ടോയെന്നും നിയമോപദേശം നൽകുന്നതിനായി ഈ കേസിന്റെ സി.ഡി. ഫയൽ സഹിതം തിരുവനന്തപുരം പബ്ലിക് പ്രോസിക്യൂട്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിയമോപദേശം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

(ബി) പെൺകുട്ടിയുടെ ബന്ധുക്കളെ സ്വാധീനിച്ച് മൊഴി മാറ്റിക്കാനുള്ള ശ്രമങ്ങൾ നടന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഏത് വിദ്യാഭ്യാസ സ്ഥാപനത്തിലും നടക്കുന്ന അക്രമസംഭവങ്ങൾക്ക് ഉത്തരവാദിയായവർക്കെതിരെ നിയമനടപടി സ്വീകരിക്കുക എന്നതാണ് സർക്കാർ നയം. ആയതുപ്രകാരമുള്ള നടപടികൾ ഈ സംഭവത്തിലും സ്വികരിച്ചിട്ടുണ്ട്. ഏതെങ്കിലും വിദ്യാർത്ഥി സംഘടനയുടെ നേതൃത്വത്തിൽ യൂണിവേഴ്സിറ്റി കോളേജിൽ ആക്രമണം നടക്കുന്നു എന്ന തരത്തിലുള്ള വിലയിരുത്തൽ സർക്കാർ നടത്തിയിട്ടില്ല.

## ബിന്ദു കുരുവിളയ്ക്ക് നേരെയുണ്ടായ ആക്രമണം

131 (5081) ശ്രീ. മാത്യു റ്റി.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല പടിഞ്ഞാറ്റതറ കല്ലേമണ്ണിൽ ബിന്ദു കുരുവിള മാരകമായി ആക്രമിക്കപ്പെട്ട സംഗതി സംബന്ധിച്ച അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഏത് ഏജൻസിയാണ് ഇപ്പോൾ അന്വേഷണം നടത്തുന്നതെന്ന് അറിയിക്കാമോ;

(സി) എന്നാണ് അക്രമണമുണ്ടായിട്ടുള്ളതെന്നും പ്രതികളെ ഇതിനകം കണ്ടെത്താനായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) ഇത് സംബന്ധിച്ച് 4-10-2018-ൽ നൽകിയ കത്തിന്റെ മറുപടിയായി 13-11-2018-ലെ നമ്പർ ജി 181000976/2018/സി.എം.ഒ കത്തിൽ സൂചിപ്പിച്ചിരിക്കുന്നതിൻ പ്രകാരം മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും നാളിതുവരെ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ?

### ഉത്തരം

(എ&ബി) തിരുവല്ല പടിഞ്ഞാറ്റതറ കല്ലേമണ്ണിൽ ബിന്ദു കുരുവിളയെ ആക്രമിച്ചത് സംബന്ധിച്ച് തിരുവല്ല പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം. 658/2018 എന്ന കേസ് ക്രൈം ബ്രാഞ്ചിൽ ക്രൈം നമ്പർ 114/CR/HHW-1/ TVPM/2018 ആയി റീ നമ്പർ ചെയ്ത് അന്വേഷണം നടത്തി വന്നിരുന്നതും തുടർന്ന് 14-1-2019-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവ് നമ്പർ WP(C) 40546/2018 പ്രകാരം അന്വേഷണം 27-2-2019-ൽ ക്രൈം ബ്രാഞ്ചിൽനിന്നും സി.ബി.ഐ.-യ്ക്ക് കൈമാറിയിട്ടുള്ളതുമാണ്.

(സി) ആക്രമണം നടന്നത് 7-4-2018-ൽ 23.25 മണിക്കാണ്. 27-2-2019 വരെയുള്ള അന്വേഷണത്തിൽ പ്രതികളെ കണ്ടെത്താനായിട്ടില്ല.

(ഡി) G181000976 ഡോക്കറ്റ് നമ്പർ പ്രകാരമുള്ള പരാതി ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി 11-10-2018-ന് സി.എം.ഒ. പോർട്ടൽ മുഖേന സംസ്ഥാന പോലീസ് മേധാവിക്ക് കൈമാറി നൽകിയിരുന്നു. പരാതിയിന്മേൽ പത്തനംതിട്ട ജില്ലാ പോലീസ് മേധാവി നടപടി സ്വീകരിച്ചിട്ടുണ്ട്.

## വയനാട് ജില്ലയിലെ റിസോർട്ടുകൾ

132 (5082) ശ്രീ .ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ആകെ എത്ര റിസോർട്ടുകൾ പ്രവർത്തിക്കുന്നു എന്ന കണക്ക് പോലീസ് വകുപ്പിൽ ലഭ്യമാണോ; എങ്കിൽ എത്ര റിസോർട്ടുകളാണ് പ്രവർത്തിക്കുന്നത് എന്നറിയിക്കാമോ;

(ബി) വയനാട് ജില്ലയിൽ പ്രവർത്തിക്കുന്ന ഹോം സ്റ്റേകളുടെ കണക്ക് ലഭ്യമാണെങ്കിൽ അറിയിക്കാമോ;

(സി) വയനാട് ജില്ലയിൽ അനധികൃത റിസോർട്ടുകൾ, ഹോം സ്റ്റേകൾ എന്നിവ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തടയാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വയനാട് ജില്ലയിൽ 19-6-2019 വരെ 156 റിസോർട്ടുകൾക്കും 322 ഹോം സ്റ്റേകൾക്കും പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്.

വിനോദസഞ്ചാര വകുപ്പിന്റെ ഹോം സ്റ്റേ ക്ലാസിഫിക്കേഷൻ ലഭിച്ച 13 യൂണിറ്റുകൾ നിലവിലുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മടിക്കൈ പഞ്ചായത്തിൽ പള്ളിക്ക് തീ വച്ച സംഭവം

133 (5083) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ മടിക്കൈ പഞ്ചായത്തിൽ എരിക്കുളം എന്ന സ്ഥലത്ത് ഈ വർഷമാദ്യം പള്ളിക്ക് തീ വച്ച സംഭവം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ എപ്പോഴാണ് ഈ സംഭവം ഉണ്ടായതെന്നും പോലീസ് കേസ് എടുത്തിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(സി) ഏത് പോലീസ് സ്റ്റേഷനിലാണ് ക്രൈം രജിസ്റ്റർ ചെയ്യപ്പെട്ടതെന്നും അതിന്റെ നമ്പർ എത്രയാണെന്നും ഏത് സെക്ഷൻ പ്രകാരമാണ് കേസ്സ് രജിസ്റ്റർ ചെയ്തത് എന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കേസ്സിലെ പരാതിക്കാരൻ ആരാണെന്നും പ്രതികൾ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഇ) കേസ്സിന്റെ അന്വേഷണ ചുമതല ആർക്കാണെന്നും കേസ്സ് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) എരിക്കുളം എന്ന സ്ഥലത്തുള്ള മസാലിഹുൽ ഇസ്ലാം പള്ളിയിലെ വരാന്തയിലുള്ള കാർപെറ്റും മേശയും മറ്റും തീ വച്ച് നശിപ്പിച്ച സംഭവം ഉണ്ടായിട്ടുണ്ട്.

(ബി&സി) 22-1-2019-ന് രാത്രി 10 മണിക്കും 23-1-2019-ന് രാവിലെ 2 മണിക്കും ഇടയ്ക്കുള്ള സമയത്താണ് ഈ സംഭവം ഉണ്ടായത്. നീലേശ്വരം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 44/2019 u/s 436 IPC പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ഡി) ടി പള്ളിയലെ ഉസ്താത് മുഹമ്മദ് ഹനീഫ് പി.ഐ.എസ്. ആണ് പ്രസ്തുത കേസിലെ പരാതിക്കാരൻ. ടി കേസിലെ പ്രതികളെക്കുറിച്ച് വ്യക്തമായ സൂചന ലഭിച്ചിട്ടില്ല.

(ഇ) കേസിന്റെ അന്വേഷണ ചുമതല നീലേശ്വരം പോലീസ് ഇൻസ്പെക്ടർക്കാണ്. നിലവിൽ കേസ്സിന്മേൽ അന്വേഷണം ഊർജ്ജിതമായി നടന്നുവരികയാണ്. പ്രതികളെക്കുറിച്ച് സൂചന ലഭിച്ചിട്ടില്ലാത്തതിനാൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല.

**ആത്മഹത്യ ചെയ്ത പോലീസുകാരന്റെ കുടുംബത്തിന് ആശ്രയം**

134 (5084) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 3-7-2001-ൽ തോപ്പുംപടി പോലീസ് സ്റ്റേഷനിൽ സ്പെഷ്യൽ ഡ്യൂട്ടിയിലായിരിക്കേ ആത്മഹത്യ ചെയ്ത കെ.എ.പി. -1-ാം ബറ്റാലിയൻ കോൺസ്റ്റബിൾ കെ.എസ്. നികേഷിന്റെ മാതാവ് കൊച്ചി പള്ളുരുത്തി, കണ്ണോത്ത് വീട്ടിൽ കെ.വി. അമ്മിണി ബോസ് കുടുംബ പെൻഷനും മരിച്ച നികേഷിന്റെ സഹോദരൻ നിജിഷ് ബോസ് ആശ്രിത നിയമനവും ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയലിൽ തീരുമാനമെടുക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ചുള്ള ഫയൽ നമ്പർ വെളിപ്പെടുത്താമോ;

(ഡി) ആശ്രിത നിയമനവും കുടുംബപെൻഷനും എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മാതാപിതാക്കൾക്ക് കുടുംബ പെൻഷൻ അനുവദിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 15,000 രൂപ ആയാണ് നിശ്ചയിച്ചിട്ടുള്ളത്. ശ്രീമതി അമ്മിണി ബോസിന്റെ വാർഷിക വരുമാനം 15,000 രൂപയിൽക്കൂടുതൽ ആയതിനാൽ കുടുംബ പെൻഷൻ അനുവദിക്കാൻ കഴിയില്ല എന്ന വിവരം അപേക്ഷകയെ അറിയിച്ചിരുന്നു.

സേവനത്തിലിരിക്കെ അന്തരിച്ച നികേഷ് വിവാഹിതനായിരുന്നതിനാൽ ടിയാന്റെ സഹോദരന് ആശ്രിത നിയമനം നൽകണമെന്ന ആവശ്യം ചട്ടപ്രകാരം അനുവദനീയമല്ല എന്ന കാരണത്താൽ പ്രസ്തുത അപേക്ഷ നിരസിച്ചിരുന്നു.

(ബി) ടി വിഷയവുമായി ബന്ധപ്പെട്ട ഫയൽ ഇതിനോടകം തീർപ്പാക്കിയിട്ടുള്ളതാണ്.

(സി)കുടുംബ പെൻഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ നമ്പർ 51707/എ 1/2013/ആഭ്യന്തരം.

ആശ്രിത നിയമനവുമായി ബന്ധപ്പെട്ട ഫയൽ നമ്പർ 19517/കെ3/2011/ ആഭ്യന്തരം.

(ഡി) മരിച്ച നികേഷിന്റെ മാതാവിന്റെ വാർഷിക വരുമാനം 15,000 രൂപയിൽ കൂടുതൽ ആയതിനാൽ കുടുംബ പെൻഷൻ അനുവദിക്കാൻ കഴിയില്ല എന്നറിയിച്ചിട്ടുണ്ട്. എന്നാൽ വരുമാന പരിധി ഉയർത്തി നിശ്ചയിച്ച സാഹചര്യത്തിൽ കുടുതൽ പരിശോധന അപേക്ഷയിൽ നടത്തുന്നതാണ്.

അന്തരിച്ച നികേഷ് വിവാഹിതനായിരുന്നതിനാൽ ടിയാന്റെ സഹോദരന് ആശ്രിത നിയമനം നൽകണമെന്ന ആവശ്യം ചട്ടപ്രകാരം അനുവദനീയമല്ല.

**പരുമലയിൽ പോലീസ് പട്രോളിംഗ് സംഘത്തിനുനേരെ ആക്രമണം**

135(5085) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേയ് ഏഴാം തീയതി രാത്രി തിരുവല്ല പരുമല ആശുപത്രിക്ക് മുൻവശം വച്ച് രാത്രി പട്രോളിംഗ് ഡ്യൂട്ടി ചെയ്യുകയായിരുന്ന പോലീസ് സംഘത്തിന് നേരെ ആക്രമണം ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ എത്ര പേർക്കെതിരെ കേസെടുത്തു; ഇവർ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ യുവജന സംഘടനാ പ്രവർത്തകരാണോ; എങ്കിൽ ഏത് സംഘടനയിൽപ്പെട്ടവരാണ് പ്രതികളെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആക്രമണം ഉണ്ടായിട്ടുണ്ട്.

(ബി) നാല് പേർക്കെതിരെ കേസെടുത്തിട്ടുണ്ട്. പ്രതികളുടെ രാഷ്ട്രീയം അറിവായിട്ടില്ല.

## വിരമിച്ച ഉദ്യോഗസ്ഥന് അനുവദിച്ച പെൻഷൻ ആനുകൂല്യങ്ങൾ

136 (5087) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-5-2019-ൽ തിരുവനന്തപുരം റൂറൽ ജില്ലാ ക്രൈം ബ്രാഞ്ച് ഡെപ്യൂട്ടി സൂപ്രണ്ടായി വിരമിച്ച ഡി.അശോകന് പെൻഷൻ, ഗ്രാറ്റുവിറ്റി, സറണ്ടർ എന്നിവ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥൻ എസ്.എച്ച്.ഒ.യായി ജോലി ചെയ്ത കാലയളവിൽ എ.ജി നടത്തിയ ഓഡിറ്റിൽ കണ്ടെത്തിയ വീഴ്ചകളും സാമ്പത്തിക ക്രമക്കേടും പരിശോധിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(സി) 2010 മുതൽ വിരമിക്കുന്നതുവരെ പ്രസ്തുത ഉദ്യോഗസ്ഥൻ യാത്രാബത്തയായി എത്ര രൂപയാണ് കൈപ്പറ്റിയിട്ടുള്ളത് എന്ന് വിശദാംശം സഹിതം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥൻ വിരമിക്കുമ്പോൾ നൽകിയ ഔദ്യോഗിക മേൽവിലാസം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ടിയാൻ നിലവിലുള്ള വ്യവസ്ഥ പ്രകാരം അപേക്ഷ സമർപ്പിച്ചാൽ മാത്രമേ പെൻഷനും ഗ്രാറ്റുവിറ്റിയും മറ്റും അനുവദിക്കാൻ നിർവ്വാഹമുള്ളൂ. ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടില്ല.

(ബി) പ്രസ്തുത ഉദ്യോഗസ്ഥൻ ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് പോലീസ് സ്റ്റേഷനിൽ എസ്.എച്ച്.ഒ. ആയി ജോലി നോക്കിയ 1998 കാലയളവിൽ യാതൊരു വീഴ്ചകളോ സാമ്പത്തിക ക്രമക്കേടുകളോ ഉള്ളതായി രേഖകൾ പരിശോധിച്ചതിൽ കാണുന്നില്ല. എന്നാൽ ടിയാൻ ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് സി.ഐ. ആയി ജോലി നോക്കിയ 2009 കാലയളവിൽ G.O. (Rt) No. 1616/2011/Home dated 30-5-2011 പ്രകാരം എ.ജി.-യുടെ ഓഡിറ്റ് റിമാർക്സിൽ 4,000 രൂപ ടിയാന്റെ ശമ്പളത്തിൽനിന്നും ഈടാക്കാൻ നിർദ്ദേശിച്ചിരുന്നു.

എന്നാൽ ടിയാൻ self drawing officer ആയിരുന്നതിനാൽ ടിയാന്റെ ശമ്പളം മാറിയിരുന്ന ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് ടി തുക റിക്കവറി നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(സി) 1-1-2010 മുതൽ 28-11-2014 വരെ തിരുവനന്തപുരം സിറ്റിയിൽ സി.ഐ. ആയി ജോലി നോക്കിയിരുന്ന കാലയളവിൽ യാത്രാബത്തയായി ടിയാൻ തുകയൊന്നും കൈപ്പറ്റിയിട്ടില്ല.

എസ്.ബി.സി.ഐ.ഡി. യൂണിറ്റിൽ ജോലി നോക്കിയിരുന്ന 28-11-2014 മുതൽ 29-5-2017 വരെയുള്ള കാലയളവിൽ ടി ഓഫീസിൽനിന്നും 2,475 രൂപ യാത്രാബത്തയായി കൈപ്പറ്റിയിട്ടുണ്ട്.

തിരുവനന്തപുരം റൂറൽ ജില്ലയിൽ ഡിവൈ.എസ്.പി.-യായി 5/2017 മുതൽ 31-5-2019 വരെ ജോലി നോക്കിയിരുന്ന കാലയളവിൽ യാത്രാബത്തയായി 11/2017-ൽ 9,575 രൂപയും 12/2017-ൽ 5,275 രൂപയും ഉൾപ്പെടെ ആകെ 14,850 രൂപ കൈപ്പറ്റിയിട്ടുണ്ട്.

(ഡി) വസന്ത വിലാസം, ഊളമ്പാറ, പേരൂർക്കട പി.ഒ., തിരുവനന്തപുരം

### വിരമിച്ച ജീവനക്കാരനെതിരായ അച്ചടക്ക നടപടി

137 (5088) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റൂറൽ ക്രൈം ബ്രാഞ്ച് ഡെപ്യൂട്ടി സൂപ്രണ്ടായി 31-5-2019 ന് വിരമിച്ച ഡി.അശോകൻ എന്നാണ് സർവ്വീസിൽ പ്രവേശിച്ചതെന്നും വിരമിക്കുന്ന തീയതിവരെ എപ്പോഴെങ്കിലും വകുപ്പിന്റെ അച്ചടക്കനടപടിക്ക് വിധേയനായിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഏതൊക്കെ സംഭവങ്ങളിലാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരനെ സർവ്വീസിൽനിന്നും എപ്പോഴെങ്കിലും സസ്പെന്റ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വകുപ്പ് നൽകിയ കുറ്റാരോപണ മെമ്മോയുടെ പകർപ്പ് സഹിതം വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രീ. ഡി. അശോകൻ സബ് ഇൻസ്പെക്ടർ ട്രെയിനിയായി 20-4-1995-ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളതായി ടിയാന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. ഡി. അശോകനെതിരെ വിരമിക്കൽ തീയതി വരെ താഴെപ്പറയുന്ന അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. Order No. A2/30/PR/97/LR തീയതി 5/98 പ്രകാരം സഞ്ചിത സ്വഭാവത്തോടെ ഒരു ഇൻക്രിമെന്റ് ആറ് മാസത്തേയ്ക്ക് തടഞ്ഞിട്ടുണ്ട്.
2. No. A2(a) 32/PR/2000 TR തീയതി 27-10-2011 പ്രകാരം ഗുരുതരമായ സ്വഭാവദൂഷ്യവും കൃത്യവിലോപവും നടത്തിയതിന് ശിക്ഷയായി ശമ്പളത്തിലെ അടുത്ത വേതന വർദ്ധനവ് സഞ്ചിതഫലത്തോടെ ഒരു വർഷത്തേയ്ക്ക് തടഞ്ഞിട്ടുണ്ട്.
3. No. A2(a) 10/PR/2000 തീയതി 23-5-2001 ഉത്തരവ് പ്രകാരം ഗുരുതരമായ അച്ചടക്കലംഘനവും കൃത്യവിലോപവും നടത്തിയതിന് അടുത്ത ശമ്പള വർദ്ധനവ് ഒരു വർഷത്തേയ്ക്ക് സഞ്ചിതസ്വഭാവത്തോടെ തടഞ്ഞിട്ടുണ്ട്.
4. ഉത്തരവ് No. H2/17/PR/2000TC തീയതി 7-11-2000 പ്രകാരം ഗുരുതരമായ അച്ചടക്ക ലംഘനം നടത്തിയതിന് സെൻഷ്വർ നൽകി ഉത്തരവായിട്ടുണ്ട്.
5. No. A2(a) 38/PR തീയതി 23-7-2002 പ്രകാരം അടുത്ത ശമ്പള വർദ്ധനവ് ഒരു വർഷത്തേയ്ക്ക് സഞ്ചിത സ്വഭാവത്തോടെ തടഞ്ഞുകൊണ്ട് ഉത്തരവായിട്ടുണ്ട്.
6. H1/PR/55/02/Kollam പ്രകാരം ഒരു ബ്ലാക്ക്മാർക്ക് ശിക്ഷയായി നൽകിയിട്ടുള്ളതാണ്.
7. No. A2(a)/9336/02/PR തീയതി 10-1-2002 പ്രകാരം സസ്പെൻഡ് ചെയ്യുകയും പോലീസ് ആസ്ഥാനത്തെ ഉത്തരവ് നമ്പർ G1/96689/02 തീയതി 19-1-2004 പ്രകാരം തിരികെ എടുത്തിട്ടുള്ളതും No. A2(a)/14/03/TR തീയതി 31/07/2006 പ്രകാരം സെൻഷ്വർ നൽകി ഉത്തരവായിട്ടുള്ളതാണ്.

(ബി) സസ്പെൻഡ് ചെയ്തിട്ടുണ്ട്. ടിയാൻ ചവറ പോലീസ് സ്റ്റേഷനിൽ എസ്.ഐ. ആയി ജോലി നോക്കിവരവെ 3-10-2002-ൽ വിജിലൻസ് ഡിപ്പാർട്ട്മെന്റിലെ മൂന്ന് പോലീസ് കോൺസ്റ്റബിൾമാരെ കസ്റ്റഡിയിൽ എടുത്തതിന് ടിയാനെ സർവ്വീസിൽനിന്ന് സസ്പെൻഡ് ചെയ്തിട്ടുണ്ട്. 2002-ലെ പ്രസ്തുത ഫയൽ വീണ്ടെടുക്കാൻ സാധിക്കാത്തതിനാൽ കുറ്റാരോപണ മെമ്മോയുടെ പകർപ്പ് ലഭ്യമല്ലെന്ന് പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽനിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## പൊൻമുടി വയർലസ് റിപ്പീറ്റർ സ്റ്റേഷനിലെ പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി

138 (5089) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതീവ സുരക്ഷ മേഖലയായ പൊൻമുടിയിലെ വയർലസ് റിപ്പീറ്റർ സ്റ്റേഷനിൽ പോലീസുകാർ ഉൾപ്പെടെയുള്ളവർ മദ്യസൽക്കാരം നടത്തിയതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പോലീസുദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

ഉത്തരം

(എ) കണ്ടെത്തിയിട്ടുണ്ട്.

(ബി) ഈ സംഭവത്തിൽ കുറ്റാരോപിതനായ ശ്രീ. അനിൽകുമാർ എസ്.എസ്.-എസ്.ഐ.എച്ച്. 1262, ശ്രീ. റജി ഐ.ആർ.-എസ്.ഐ.എച്ച് 1292, ശ്രീ. സതീഷ് ശിവനാരയണൻ-എച്ച്.സി.എച്ച്. 1617, ശ്രീ. സാം ജോർജ്-പി.സി.എച്ച്. 1928 എന്നീ പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്യുകയും ഇവർക്കെതിരെ ജോയിന്റ് ഓറൽ എൻക്വയറി നടത്തുന്നതിന് സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയിലെ എസ്.പി.-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## പുഴയ്ക്കൽ പാടം ജംഗ്ഷനിലെ ട്രാഫിക് സിഗ്നൽ

139 (T* 5090) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ - കുറ്റിപ്പുറം റോഡിൽ ദേശീയ പാതയിൽ പുഴയ്ക്കൽ പാടം ജംഗ്ഷനിൽ സ്ഥാപിച്ചിരിക്കുന്ന ട്രാഫിക് സിഗ്നൽ സംവിധാനം തകരാറിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം വാഹന ഗതാഗതത്തിന് തടസ്സമുണ്ടാകുന്നതിനാൽ പ്രസ്തുത സംവിധാനത്തിന്റെ തകരാർ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൃശ്ശൂർ കുറ്റിപ്പുറം ദേശീയ പാതയിൽ ടൗൺ വെസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിലെ പുഴയ്ക്കൽ പാടം ജംഗ്ഷനിൽ സ്ഥാപിച്ചിരിക്കുന്ന ട്രാഫിക് സിഗ്നൽ സംവിധാനം മോട്ടോർ വാഹന വകുപ്പിനുവേണ്ടി കെൽട്രോൺ സ്ഥാപിച്ചതാണ്. സിഗ്നൽ സംവിധാനത്തിന്റെ മെയിന്റനൻസ് കോൺട്രാക്ട് അവസാനിച്ചിട്ടുള്ളതാണ്. എങ്കിലും ടി തകരാർ പരിഹരിക്കാമെന്ന് കെൽട്രോൺ അറിയിച്ചിട്ടുണ്ട്.

**കായംകുളത്തെ റോഡ് അപകടങ്ങളുടെ വിവരങ്ങൾ**

140 (5091) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം, കരീലകുളങ്ങര, കനകകുന്ന്, കുറത്തികാട്, മാവേലിക്കര, വള്ളികുന്നം എന്നീ പോലീസ് സ്റ്റേഷനുകളുടെ പരിധിയിൽ 2015 വർഷം മുതൽ നാളിതുവരെ ഉണ്ടായ റോഡപകടങ്ങളുടെയും, അതിൽ പരിക്കേറ്റവരുടെയും മരണപ്പെട്ടവരുടെയും എണ്ണം സംബന്ധിച്ച കണക്കുകൾ വർഷം തിരിച്ച് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

കായംകുളം, കരീലക്കുളങ്ങര, കുറത്തിക്കാട്, കനകക്കുന്ന്, മാവേലിക്കര, വള്ളിക്കുന്നം എന്നീ പോലീസ് സ്റ്റേഷനുകളുടെ പരിധിയിൽ 2015 മുതൽ നാളിതുവരെ റിപ്പോർട്ട് ചെയ്ത വാഹനാപകട കേസ്സുകളുടെയും അതിൽ മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു*.

**അപകടത്തിൽ പരിക്കേറ്റയാൾക്ക് തസ്തികമാറ്റം**

141 (5092) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കോൺസ്റ്റബിൾ ആയിരിക്കെ അപകടത്തിൽപ്പെട്ട് ഗുരുതരമായി പരിക്ക് പറ്റിയ അശോകൻ (സി.പി.ഒ.ജി. 811) തസ്തികമാറ്റം അനുവദിക്കണമെന്നാവശ്യപ്പെട്ട് നൽകിയ അപേക്ഷയിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ആഭ്യന്തര വകുപ്പിന്റെ പരിഗണനയിലുള്ള എ 4/13/2017/ഹോം നമ്പർ ഫയലിൽ എത്രയും വേഗം നടപടി സ്വീകരിക്കുന്നത് പരിഗണിക്കുമോ;

(സി) സമാന വിഷയത്തിൽ മുൻകാലങ്ങളിൽ ആഭ്യന്തരവകുപ്പ് തസ്തികമാറ്റം അനുവദിച്ചിട്ടുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) തസ്തികമാറ്റം അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. അശോകൻ സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിക്കുകയും ടിയാന് ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നത് സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരായുകയും ചെയ്തിരുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടക്കുന്ന തസ്തികയിലെ ഒഴിവ് മറ്റ് രീതിയിൽ നികത്തുന്നത് ചട്ട വിരുദ്ധമായതിനാൽ പോലീസ് വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗത്തിൽ സൂപ്പർ ന്യൂമററി ആയി ക്ലർക്ക് തസ്തിക സൃഷ്ടിച്ച് ശ്രീ. അശോകന് നിയമനം നൽകാവുന്നതാണെന്ന് പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. അശോകന് നിയമനം നൽകുന്നതിനായി പോലീസ് വകുപ്പിൽ ഒരു ക്ലർക്ക് തസ്തിക കണ്ടെത്താൻ കഴിയുമോയെന്ന് അറിയിക്കാൻ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി കാര്യത്തിലെ മറുപടി ലഭ്യമായശേഷം ഇക്കാര്യത്തിൽ ഉചിതമായ നടപടി അനുവർത്തിക്കുന്നതാണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

**കരുനാഗപ്പള്ളി നഗരത്തിലെ ട്രാഫിക് പ്രശ്നങ്ങൾ**

142 (5093) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നഗരത്തിൽ സ്ഥാപിച്ചിട്ടുള്ള ട്രാഫിക് സിഗ്നൽ ലൈറ്റുകൾ പലപ്പോഴും ശരിയായ രീതിയിൽ പ്രവർത്തിക്കാത്തതും വൈകിട്ട് 6 മണിക്ക് പ്രവർത്തനം അവസാനിപ്പിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇവിടെ ദേശീയ പാതയുടെ ഓരങ്ങളിൽ അനധികൃതമായ വാഹന പാർക്കിംഗ് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(സി) ഇവിടെയുണ്ടാകുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി നഗരത്തിൽ സ്ഥാപിച്ചിട്ടുള്ള ട്രാഫിക് സിഗ്നൽ ലൈറ്റുകൾ മുൻപ് പലപ്പോഴും ശരിയായ രീതിയിൽ പ്രവർത്തിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സാഹചര്യത്തിൽ കെൽട്രോൺ എന്ന ഏജൻസിയുമായി ബന്ധപ്പെട്ട് ആയത് പരിഹരിച്ചിട്ടുണ്ട്. നിലവിൽ രാവിലെ 6 മണി മുതൽ വൈകിട്ട് 6 മണി വരെ സമയം ക്രമീകരിച്ച് കെൽട്രോൺ സ്ഥാപിച്ചിട്ടുള്ള ട്രാഫിക് സിഗ്നൽ സംവിധാനം ശരിയായ രീതിയിൽ പ്രവർത്തിച്ചുവരുന്നു.

(ബി&സി) ദേശീയ പാതയുടെ ഓരങ്ങളിൽ അനധികൃതമായ വാഹന പാർക്കിംഗ് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഹൈവേ പോലീസ്, കൺട്രോൾ റൂം വെഹിക്കിൾ, പോലീസ് സ്റ്റേഷൻ മൊബൈൽ എന്നിവയുടെ പട്രോളിംഗിലൂടെയും ഹോം ഗാർഡുമാരെയും പൊലീസ് ഉദ്യോഗസ്ഥന്മാരെയും ഡ്യൂട്ടിക്കായി നിയോഗിച്ചും അനധികൃത പാർക്കിംഗിനെതിരെ ശക്തമായ നടപടി സ്വീകരിച്ചുവരുന്നു.

**ജസ്റ്റിസ് മുഹമ്മദ് കമ്മീഷൻ**

143 (5094) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൈക്കോടതിക്ക് മുന്നിൽ അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിൽ നടന്ന സംഘർഷത്തെകുറിച്ച് അന്വേഷിക്കുന്ന ജസ്റ്റിസ് മുഹമ്മദ് കമ്മീഷനെ എന്നാണ് നിയമിച്ചത്; ഇതിനകം എത്ര തവണ കമ്മീഷന്റെ കാലാവധി നീട്ടി; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനത്തിന് ഇതിനകം എത്ര ലക്ഷം രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016 നവംബർ 8-ാം തീയതിയിലെ എസ്.ആർ.ഒ. നമ്പർ 686/2016 വിജ്ഞാപനം പ്രകാരം നിയമിച്ച ജസ്റ്റിസ് പി. എ. മുഹമ്മദ് കമ്മീഷന്റെ കാലാവധി 5 തവണയായി 30 മാസം വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. കമ്മീഷന്റെ ദീർഘിപ്പിച്ച കാലാവധി 13-11-2019-ൽ അവസാനിക്കും.

(ബി) 20-6-2019 വരെയുള്ള കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ആകെ 1,84,76,933 രൂപ (ഒരു കോടി എൺപത്തിനാല് ലക്ഷത്തി എഴുപത്താറായിരത്തി തൊള്ളായിരത്തി മുപ്പത്തിമൂന്ന് രൂപ) ചെലവഴിച്ചിട്ടുണ്ട്.

## ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിന്റെ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ

144 (5095) ശ്രീ. സി. ദിവാകരൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫയർ ആന്റ് റസ്ക്യൂ സർവ്വീസസിന്റെ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്ന ധാരാളം കെട്ടിടങ്ങൾ ഉണ്ടെന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത വകുപ്പിന്റെ എൻ.ഒ.സി. ഇല്ലാതെ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് നോട്ടീസ് നല്കിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തൊക്കെ തുടർനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് വലിയ കെട്ടിടങ്ങളിൽ തീപിടുത്തം ഉണ്ടാകാനുള്ള സാധ്യതയും ഉണ്ടായാൽ അത് കെടുത്തുന്നതിനുള്ള ഫയർഫോഴ്സിന്റെ ശേഷിയും പരിശോധിച്ചിട്ടുണ്ടോ;

(ഡി) വാട്ടർ ടെണ്ടറുകളും ഹൈഡ്രോളിക് റെസ്ക്യൂ ടൂളും ആവശ്യത്തിനുണ്ടോയെന്ന് അറിയിക്കുമോ;

(ഇ) ഇത്തരത്തിൽ ഉയർന്ന കെട്ടിടങ്ങളിലെയും ഫ്ലാറ്റുകളിലെയും അഞ്ചാം നിലക്ക് മുകളിൽ തീപിടുത്തം നേരിടുന്നതിന് ആവശ്യമായ യന്ത്രസാമഗ്രികൾ ഫയർഫോഴ്സിന്റെ കൈവശമുണ്ടോ; ഇല്ലെങ്കിൽ അവ വാങ്ങിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) പല കെട്ടിടങ്ങളിലും ഫ്ലാറ്റുകളിലും തീപിടുത്തമുണ്ടായാൽ ഫയർഫോഴ്സ് വാഹനങ്ങൾക്ക് അവിടെ എത്തുന്നതിന് ആവശ്യമായ വീതിയുള്ള റോഡ് ഇല്ലാത്ത കാര്യം പരിശോധിച്ചിട്ടുണ്ടോ; ഈ സ്ഥിതി പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നൽകിയിട്ടുണ്ട്. നോട്ടീസ് നൽകിയിട്ടും ഫയർ എൻ.ഒ.സി. എടുക്കാത്ത കെട്ടിടങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കും കത്ത് നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. അത്യാധുനിക സംവിധാനങ്ങളോടുകൂടിയ ഫോം ടെണ്ടർ, വാട്ടർ ബൗസർ എന്നിവ വകുപ്പിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) വകുപ്പിൽ നിലവിൽ 191 വാട്ടർ ടെണ്ടറുകളും 77 മിനി വാട്ടർ ടെണ്ടറുകളും 12 മിനിവാട്ടർ ടെണ്ടർ വിത്ത് വാട്ടർ മിസ്റ്റുകളും 35 വാട്ടർ മിസ്റ്റുകളും 10 വാട്ടർ ബൗസറുകളും 10 ഫോം ടെണ്ടറുകളും 35 വാട്ടർ ലോറികളും നിലവിലുണ്ട്. കൂടാതെ 92 ഹൈഡ്രോളിക് റെസ്ക്യൂ ടൂൾ സെറ്റുകളും നിലവിലുണ്ട്.

(ഇ) നിലവിൽ ലഭ്യമല്ല. 60 മീറ്റർ വരെ ഉയരത്തിലുള്ള ബഹുനില കെട്ടിടങ്ങളിൽ ഉണ്ടാകുന്ന തീപിടുത്തം പോലുള്ള അപകടങ്ങൾ നേരിടുന്നതിനായി 28 കോടി രൂപയ്ക്ക് രണ്ട് ടേൺ ടേബിൾ ലാഡർ (ടി.ടി.എൽ.) വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(എഫ്) പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ നടത്തിയ പരിശോധനയിൽ ചില ബഹുനില കെട്ടിടങ്ങളിലും ഫ്ലാറ്റുകളിലും രക്ഷാപ്രവർത്തനങ്ങൾക്കായി അഗ്നിശമന വാഹനങ്ങൾക്ക് കടന്നുപോകാൻ ആവശ്യമായ വീതിയുള്ള റോഡുകളില്ലായെന്ന് ബോധ്യപ്പെട്ടിരുന്നു. ആയത് പരിഹരിക്കുന്നതിനായി കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

## സ്വന്തമായി കെട്ടിടമില്ലാത്ത ഫയർ സ്റ്റേഷനുകൾ

145 (5096) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടം ഇല്ലാത്ത ഫയർ സ്റ്റേഷനുകൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ചെങ്ങന്നൂർ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 56 ഫയർ സ്റ്റേഷനുകൾ.

(ബി) ചെങ്ങന്നൂർ അഗ്നിരക്ഷാ നിലയത്തിന് ചെങ്ങന്നൂർ വില്ലേജിൽ ബ്ലോക്ക് 7 ന് സർവ്വേ നമ്പർ 13/4 ഉൾപ്പെട്ട ഗവൺമെന്റ് ജെ.ബി. സ്കൂൾ പരിസരത്തുള്ള 30 സെന്റ് ഭൂമി അഗ്നിരക്ഷാ വകുപ്പിന് കൈമാറ്റം ചെയ്ത് ലഭിക്കുന്നതിനായി വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തിയ അർത്ഥനാപത്രം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. സ്ഥലം കൈമാറ്റം ചെയ്ത് ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി മാത്രമേ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**ഫയർ ആന്റ് റെസ്ക്യൂ ജീവനക്കാർക്ക് ക്വാർട്ടേഴ്സ്**

146 (5097) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ഫയർ ആന്റ് റെസ്ക്യൂ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കോതമംഗലത്ത് ഫയർ ആന്റ് റെസ്ക്യൂ ജീവനക്കാർക്കായി ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കോതമംഗലം അഗ്നിരക്ഷാ നിലയത്തിന് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമാക്കിയ എസ്റ്റിമേറ്റ് "4216-01-106-98" എന്ന ശീർഷകത്തിൽ ഭരണാനുമതിക്കായി ഫയർ ആന്റ് റെസ്ക്യൂ ഡയറക്ടർ ജനറൽ ലഭ്യമാക്കിയിരുന്നു. സർക്കാർ ഉദ്യോഗസ്ഥരുടെ പൊതുവായ ക്വാർട്ടേഴ്സ് നിർമ്മാണത്തിനായുള്ള പ്രസ്തുത ശീർഷകത്തിൽനിന്നും ഭരണാനുമതി പ്രൊപ്പോസൽ സമർപ്പിക്കേണ്ടത് പൊതുമരാമത്ത് വകുപ്പ് (ബിൽഡിംഗ്സ് ആന്റ് ലോക്കൽ വർക്സ്) ചീഫ് എഞ്ചിനീയറാണ്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് ഫയർ ആന്റ് റെസ്ക്യൂ ഡയറക്ടർ ജനറൽ കത്ത് നൽകിയിട്ടുണ്ട്.

**ജയിൽ വകുപ്പിലെ ഒഴിവുകൾ**

147 (5098) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജയിൽ വകുപ്പിൽ ആകെ എത്ര നിയമനങ്ങൾ നടത്തി;

(ബി) തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) പ്രസ്തുത വകുപ്പിൽ നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജയിൽ വകുപ്പിൽ ആകെ 371 പേർക്ക് പി.എസ്.സി. മുഖേന നിയമനം നൽകിയിട്ടുണ്ട്.

(ബി)

| ക്രമ നമ്പർ | തസ്തിക | നിയമനം നടത്തിയവ |
|---|---|---|
| 1 | അസിസ്റ്റന്റ് പ്രിസൺ ഓഫീസർ | 263 |
| 2 | അസിസ്റ്റന്റ് പ്രിസൺ ഓഫീസർ കം ഡ്രൈവർ | 44 |
| 3 | അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ്-I | 26 |
| 4 | വെൽഫെയർ ഓഫീസർ ഗ്രേഡ്-II | 2 |
| 5 | ക്ലർക്ക് | 18 |
| 6 | എൽ.ഡി. ടൈപ്പിസ്റ്റ് | 6 |
| 7 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് -II | 2 |
| 8 | വീവർ | 1 |
| 9 | ബൂട്ട് ഫോർമാൻ | 1 |
| 10 | ടെയ്‌ലറിംഗ് ഇൻസ്ട്രക്ടർ | 2 |
| 11 | വാർഡർ അറ്റൻഡർ | 2 |
| 12 | ഓഫീസ് അറ്റൻഡന്റ് | 4 |
| | ആകെ | 371 |

(സി) വിവരം ശേഖരിച്ചുവരുന്നു.

**ജയിലുകളിൽ നിർമ്മിച്ച ഫർണിച്ചറുകളുടെയും മറ്റ് സാധനങ്ങളുടെയും വിൽപ്പന**

148 (5099) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിലുള്ള അന്തേവാസികൾ നിർമ്മിക്കുന്ന ഫർണിച്ചറുകളും മറ്റു സാധനങ്ങളും വില്പന നടത്തുന്നത് ഏത് വിധേനയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫർണിച്ചറുകളും ഉപകരണങ്ങളും വില്പന നടത്തുന്നത് പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ജയിലുകളിൽ നിർമ്മിച്ച ഫർണിച്ചറുകളും മറ്റ് ഉപകരണങ്ങളും വില്പന നടത്തിയ ഇനത്തിൽ 2016-17, 2017-18, 2018-19 സാമ്പത്തിക വർഷത്തിൽ എത്ര രൂപ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ജയിലുകളിലുള്ള അന്തേവാസികൾ നിർമ്മിക്കുന്ന ഫർണിച്ചറുകളും മറ്റ് സാധനങ്ങളും വിവിധ ജയിലുകളിലേയ്ക്ക് ബുക്ക് അഡ്ജസ്റ്റ്മെന്റ് പ്രകാരവും മറ്റ് സർക്കാർ സ്ഥാപനങ്ങൾക്ക് ചെലാൻ മുഖേനയും പൊതുജനങ്ങൾക്ക് വിൽപ്പന കൗണ്ടറുകളിൽ ടി.ആർ.-5 രസീതുകൾ മുഖേനയുമാണ് വില്പന നടത്തിവരുന്നത്. ജയിലുകളിലെ ഭക്ഷ്യ നിർമ്മാണ യൂണിറ്റുകളിൽനിന്നുള്ള ഉല്പന്നങ്ങൾ മൊബൈൽ യൂണിറ്റുകൾ വഴി വിൽപ്പന നടത്തുന്നു. എക്സിബിഷൻ സ്റ്റാളുകൾ മുഖേനയും അന്തേവാസികൾ നിർമ്മിക്കുന്ന ഫർണീച്ചറുകളും മറ്റ് സാധനങ്ങളും വിൽപ്പന നടത്തിവരുന്നു.

(ബി) വിവിധ ജയിലുകളിൽ നിർമ്മിച്ച് വിൽപ്പന നടത്തുന്ന ഉൽപ്പന്നങ്ങളെ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെടത്തക്ക വിധത്തിൽ വിൽപ്പന കൗണ്ടറുകളുടെ ഭാഗത്തും മൊബൈൽ യൂണിറ്റുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്.

(സി)

| സാമ്പത്തിക വർഷം | രൂപ |
|---|---|
| 2016-17 | 1,06,78,161 രൂപ |
| 2017-18 | 1,22,29,227 രൂപ |
| 2018-19 | 1,14,87,830 രൂപ |

**കെ.ബി.പി.എസ്.-ൽ പങ്കാളിത്ത പെൻഷൻ**

149 (5100) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബുക്ക്സ് ആന്റ് പബ്ളിക്കേഷൻസ് സൊസൈറ്റി (കെ.ബി.പി.എസ്.)-ക്ക് ഇപ്പോൾ സ്ഥിരമായി മാനേജിംഗ് ഡയറക്ടർ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഒരു സ്ഥിരം എം.ഡി.യെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ;

(ബി) കെ.ബി.പി.എസ്.-ൽ 2011 ൽ ആരംഭിച്ച പങ്കാളിത്ത പെൻഷൻ പദ്ധതിക്കുള്ള പോരായ്മകൾ പഠിക്കാൻ ഏതെങ്കിലും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ;

(സി) ഈ കമ്മിറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കാൻ കാലാവധി നിശ്ചയിച്ചിരുന്നോ;

(ഡി) ഈ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ഇ) ഇല്ലെങ്കിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിലുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; ഇത് അടിയന്തരമായി ലഭ്യമാക്കുന്നതിനും പെൻഷൻ പദ്ധതിയുടെ പോരായ്മകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സ്ഥിരം മാനേജിംഗ് ഡയറക്ടർ ഇല്ല എന്നതിനാൽ കെ.ബി.പി.എസ്.-ന്റെ പ്രവർത്തനത്തിന് എന്തെങ്കിലും തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കെ.ബി.പി.എസ്. ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങളിന്മേൽ വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചെയർമാനായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(സി) ഉത്തരവിന്റെ തീയതി മുതൽ 3 മാസ കാലാവധി നിശ്ചയിച്ചിരുന്നു.

(ഡി&ഇ) അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ചില നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ചുവരികയാണ്.

**തിരുവനന്തപുരം ഗവൺമെന്റ് പ്രസിലെ മെഷീനുകളുടെ ഗുണനിലവാരം**

150 (5101) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ 2017 -ൽ വാങ്ങിയ മെഷീനുകൾ ഗുണനിലവാരം കുറഞ്ഞവയാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് സർക്കാരിന് ലഭിച്ച പരാതികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പഞ്ചാബ് ആസ്ഥാനമായുള്ള ACME കമ്പനിയിൽനിന്നും വാങ്ങിയ ഫുള്ളി ഓട്ടോമാറ്റിക് സ്റ്റിച്ചിംഗ് മെഷീനുകളെല്ലാം പൂർണ്ണമായും ഓട്ടോമാറ്റിക് സംവിധാനത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ അത് സംബന്ധിച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ ?

ഉത്തരം

(എ&ബി) പരിശോധിച്ചിട്ടുണ്ട്.

തിരുവനന്തപുരം ഗവ. സെൻട്രൽ പ്രസ്സിൽ 2017-ൽ വാങ്ങിയ പ്രോഗ്രാമബിൾ കട്ടിംഗ് മെഷീൻ നിലവിൽ പ്രവർത്തിക്കുന്നില്ല. ACME-യുടെ ഓട്ടോമാറ്റിക് സ്റ്റിച്ചിംഗ് മെഷീനുകളും നിലവിൽ പ്രവർത്തിക്കുന്നില്ല. ഇക്കാര്യം കമ്പനിയെ നിരവധി തവണ അറിയിച്ചിരുന്നുവെങ്കിലും ടി കമ്പനി തകരാർ പരിഹരിക്കാൻ നടപടി സ്വീകരിക്കാത്ത സാഹചര്യത്തിൽ പേമെന്റ് നൽകിയിട്ടില്ല. ടി സ്ഥാപനത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കനോലി കനാൽ വീതികൂട്ടൽ**

151(T* 5102) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് നഗരത്തിലെ കനോലി കനാൽ വീതികൂട്ടി ഗതാഗത യോഗ്യമാക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

കോഴിക്കോട് നഗരത്തിലെ കനോലി കനാൽ വികസിപ്പിക്കുന്നതിനുള്ള പ്രാഥമിക പഠനങ്ങൾ പൂർത്തിയായിട്ടുണ്ട്. അന്തിമ രൂപരേഖ ആയിട്ടില്ല. പ്രസ്തുത കനാലിന്റെ ശുചീകരണ പ്രവൃത്തികൾ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL)-ന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം

152(T*5103) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 25-3-2017- ലെ സ.ഉ.(കൈ)നമ്പർ 01/2017/സി.എസ്.ഐ.എൻ.ഡി. നമ്പർ ഉത്തരവ് പ്രകാരം കൊച്ചി നഗരവുമായി ബന്ധപ്പെട്ട കനാലുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം എന്ന സമഗ്ര ജലഗതാഗത പദ്ധതി പ്രാവർത്തികമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം കനാലുകളെയാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കനാലുകളിലും അനുബന്ധകായലുകളിലും അടിഞ്ഞുകൂടിയിട്ടുള്ള എക്കലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 25-03-2017-ലെ സ.ഉ.(കൈ) നമ്പർ 01/2017/CSIND നമ്പർ ഉത്തരവ് പ്രകാരം കൊച്ചി നഗരവുമായി ബന്ധപ്പെട്ട കനാലുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് "ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം" എന്ന സമഗ്ര ജലഗതാഗത പദ്ധതി പ്രാവർത്തികമാക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ (KSINC) മുഖേന 'നാറ്റ്പാക്'-നെ നിയോഗിച്ച നടപടി സാധൂകരിച്ചുകൊണ്ടും നാറ്റ്പാക്കിന്റെ പഠന റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് കിഫ്ബി ധനസഹായത്തോടെ പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകുന്നതിനും പദ്ധതി കിഫ്ബി അംഗീകരിക്കുകയാണെങ്കിൽ പ്രസ്തുത പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനെ നിയമിക്കുന്നതിനും അനുമതി നൽകിയിരുന്നു. തുടർന്ന് 27-7-2018-ൽ കെ.എസ്.ഐ.എൻ.സി., നാറ്റ്പാക് തയ്യാറാക്കിയ പഠന റിപ്പോർട്ടും DPR-ഉം സർക്കാരിൽ സമർപ്പിച്ചിരുന്നു. സർക്കാർ ഇവ പരിശോധിക്കുകയും ഈ ബൃഹദ്പദ്ധതി നടപ്പിലാക്കുന്ന

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

തിനാവശ്യമായ പരിചയസമ്പത്തും സാധന സാമഗ്രികളും കെ.എസ്.ഐ.എൻ.സി-ക്ക് ഇല്ലാത്തതിനാൽ വാട്ടർ മെട്രോ പദ്ധതി നടപ്പിലാക്കുന്ന കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ (KMRL) SPV ആയി നിയമിച്ചുകൊണ്ട് കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് 12-11-2018-ൽ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിനായി 1,365.16 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പ്രസ്തുത പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കലും റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റും "ഭവനം ഫൗണ്ടേഷൻ കേരള" മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികളെടുത്തുവരുന്നു. കൂടാതെ കനാലുകളുടെ വീതി കൂട്ടി നവീകരിക്കുമ്പോഴുണ്ടാകുന്ന സാമൂഹികാഘാത പഠനവും കൊച്ചി മെട്രൊ റെയിൽ ലിമിറ്റഡ് നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 704 വീട്ടുകാരെ മാറ്റി ത്താമസിപ്പിക്കേണ്ടി വരുമെന്ന് സർവ്വേ പ്രകാരം കണക്കാക്കിയിട്ടുള്ളതും പ്രസ്തുത ആവശ്യത്തിനായി കാക്കനാട് വില്ലേജ്, കണയന്നൂർ താലൂക്കിൽ 7.33 ഏക്കർ ഭൂമി കണ്ടെത്തുകയും ഇതിൽനിന്നും മൂന്ന് ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങാനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്.

(ബി)

1. ഇടപ്പള്ളി കനാൽ
2. തേവര പെരണ്ടൂർ കനാൽ
3. ചിലവന്നൂർ തോട്
4. തേവര കനാൽ
5. മാർക്കറ്റ് കനാൽ

(സി) മേൽപ്പറഞ്ഞ അഞ്ച് കനാലുകളിൽ അടിഞ്ഞുകൂടിയ എക്കലും മണ്ണും നീക്കം ചെയ്ത് വീതിയും ആഴവും കൂട്ടി നവീകരിച്ച് ബോട്ട് ഗതാഗതം സാധ്യമാക്കാനാണ് പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത്.

## ഗെയിൽ പൈപ്പ്ലൈൻ പദ്ധതിക്ക് ഭൂമി ഏറ്റെടുത്ത വസ്തു ഉടമകൾക്കുള്ള നഷ്ടപരിഹാരം

153 (5104) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗെയിൽ പൈപ്പ് ലൈൻ പദ്ധതിക്ക് ഭൂമി ഏറ്റെടുത്ത വസ്തു ഉടമകൾക്ക് 2013-ലെ റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പേരൻസി ഇൻ ലാന്റ് അക്വിസിഷൻ നിയമപ്രകാരമുള്ള നഷ്ടപരിഹാരത്തിന് അർഹതയുണ്ടോ;

(ബി) ഉണ്ടെങ്കിൽ അപ്രകാരമുള്ള നഷ്ടപരിഹാരം പ്രസ്തുത ഭ്രവ്യടമകൾക്ക് നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ 1962-ലെ ആക്ടിന്റെ അടിസ്ഥാനത്തിലുള്ള നഷ്ടപരിഹാരം പല ഉടമകൾക്കും നൽകിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) അർഹതയില്ല. കേന്ദ്ര സർക്കാരിന്റെ 1962-ലെ പെട്രോളിയം & മിനറൽസ് ആക്ടിലെ വകുപ്പ് 10 പ്രകാരമാണ് ഭ്രവ്യടമകൾക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുന്നത്. പ്രസ്തുത നിയമപ്രകാരം ഭ്രവ്യടമകളിൽനിന്ന് പൈപ്പ്ലൈൻ വിന്യസിക്കാൻ ഭ്രമിയുടെ ഉപയോഗാവകാശം മാത്രമാണ് ഗെയിൽ ഏറ്റെടുക്കുന്നത്.

(ഡി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ റിട്ട് WP (C) നമ്പർ 11847/2019 ആയി ശ്രീമതി സുഹറ നൽകിയ കേസ് നിലവിലുണ്ട്.

**രാത്രിയാത്ര നിരോധനം**

154 (5105) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയപാത 766 ലെ (വയനാട് നിന്നും മൈസൂരിലേക്കുള്ള)രാത്രി യാത്ര നിരോധനം നീക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

കേരള-കർണ്ണാടക അതിർത്തിയിലെ രാത്രിയാത്രാ നിരോധിച്ചുകൊണ്ട് കർണ്ണാടക ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് സ്റ്റേ ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചിരുന്നു. ഇതിന്മേൽ 10-1-2018-ന് സുപ്രീംകോടതി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം കേന്ദ്ര ഗതാഗത സെക്രട്ടറിയുടെ (MoRTH) നേതൃത്വത്തിൽ കേരള-കർണ്ണാടക-തമിഴ്നാട് സർക്കാരുകളുടെ പ്രതിനിധികളും വനം പരിസ്ഥിതി മന്ത്രാലയത്തിനുകീഴിലുള്ള നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ പ്രതിനിധിയും ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം യാത്രാനിരോധനമുള്ള

മേഖലയിൽ ഒരു എലവേറ്റഡ് പാത നിർമ്മിക്കുന്നതിന് ശിപാർശ ചെയ്തിട്ടുള്ളതും ആയതിനുള്ള ചെലവ് ഏകദേശം 500 കോടി രൂപ വരുമെന്നും അതിന്റെ 50% തുക സംസ്ഥാന സർക്കാർ വഹിക്കണമെന്നുമാണ് ശിപാർശ ചെയ്തിട്ടുള്ളത്. സംസ്ഥാന സർക്കാർ ഈ ശിപാർശ സ്വാഗതം ചെയ്യുകയും പൂർണ്ണമായി അംഗീകരിക്കുകയും ചെയ്തുവെന്നു മാത്രമല്ല ഇതിനായി 2019-20 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തുകയും ചെയ്തു.

എന്നാൽ പ്രസ്തുത കമ്മിറ്റിയുടെ ശിപാർശ കർണ്ണാടക സർക്കാരും കേന്ദ്രം വനം പരിസ്ഥിതി മന്ത്രാലയവും എതിർത്തതിന്റെ പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി കാബിനറ്റ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു സമിതിയെ പ്രസ്തുത വിഷയത്തിൽ ശിപാർശ സമർപ്പിക്കുന്നതിന് നിയോഗിച്ചു. പ്രസ്തുത കമ്മിറ്റി രാത്രി യാത്രാനിരോധനവുമായി ബന്ധപ്പെട്ട് തൽസ്ഥിതി തുടരാവുന്നതാണെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി മുൻപാകെ റിപ്പോർട്ട് നൽകി. ഇതിനെ ശക്തമായി എതിർത്തുകൊണ്ടും കേന്ദ്ര ഗതാഗത സെക്രട്ടറി സമർപ്പിച്ച ശിപാർശ അംഗീകരിച്ച് നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ സുപ്രീംകോടതി അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ല.

## റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി

155 (T* 5106) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി നിലവിൽ വന്നിട്ടും അതിന്റെ ചെയർമാനേയും അംഗങ്ങളേയും നിയമിക്കാത്തത് പ്രസ്തുത മേഖലയിൽ ഉണ്ടാക്കിയിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകാമെന്ന് വാഗ്ദാനം നൽകി ഉപഭോക്താക്കളെ വഞ്ചിക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്;

(സി) നെസ്റ്റ് ഇൻഫോടെക് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി എന്ന സ്ഥാപനം കോട്ടയത്ത് 2013 ൽ നെസ്റ്റ് ഓർക്കിഡ് പാർക്കെന്ന ഫ്ലാറ്റ് സമുച്ചയം നിർമ്മിച്ച് നൽകാമെന്ന് വാഗ്ദാനം ചെയ്ത് ലക്ഷങ്ങൾ കൈപ്പറ്റിയിട്ടും ഫ്ലാറ്റ് കൈമാറിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉപഭോക്താക്കളുടെ താല്പര്യം സംരക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി നിലവിൽ വന്നിട്ടില്ല. എസ്.ആർ.ഒ. നം. 419/2018 ആയി പ്രസിദ്ധീകരിച്ച 18-6-2018-ലെ ജി.ഒ. (പി) നമ്പർ 46/2018/തസ്വഭവ ഉത്തരവ് പ്രകാരം കേരള റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ & ഡെവലപ്മെന്റ്) റൂൾസ്, 2018 വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി ചെയർമാനേയും അംഗങ്ങളെയും നിയമിക്കുന്നതിന് സത്വര നടപടി സ്വീകരിച്ചുവരുന്നു. 28-6-2018-ലെ സ.ഉ. (കൈ) നമ്പർ 87/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയെ ഇടക്കാല റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയായി നിയമിച്ചിട്ടുണ്ട്. റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി നിലവിൽ വരുന്നതോടുകൂടി ഈ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുന്നതാണ്.

(ബി) റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയും റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണലും നിലവിൽ വരുന്ന മുറയ്ക്ക് ഇവർക്കെതിരെ നടപടി സ്വീകരിക്കാവുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി നിലവിൽ വരുന്നതോടുകൂടി ഈ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സാധിക്കുന്നതാണ്.

**ആർ.സി.സി.-യിൽ ഏഴാം ശമ്പള പരിഷ്കരണം**

156 (5107) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.സി.സി.-യിലെ ജീവനക്കാർക്ക് കേന്ദ്രനിരക്കിലുള്ള ശമ്പളമാണോ നൽകി വരുന്നത്; എങ്കിൽ ഏഴാം ശമ്പള പരിഷ്കരണം ആർ.സി.സി.-യിൽ ഇതുവരെ നടപ്പിലാക്കാത്തതിന്റെ കാരണമെന്താണ്; വ്യക്തമാക്കാമോ;

(ബി) ഏഴാം ശമ്പള പരിഷ്കരണം എന്നുമുതൽ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ആർ.സി.സി.-യിലെ അക്കാഡമിക്, നോൺ അക്കാഡമിക് വിഭാഗത്തിന് കേന്ദ്ര നിരക്കിലുള്ള ആറാം ശമ്പള പരിഷ്കരണ പ്രകാരവും നഴ്സിംഗ്

അസിസ്റ്റന്റ്, ക്ലീനേഴ്സ് എന്നീ വിഭാഗത്തിന് സംസ്ഥാന സർക്കാരിന്റെ പത്താം ശമ്പള പരിഷ്കരണ പ്രകാരവുമുള്ള ശമ്പളമാണ് നൽകിവരുന്നത്. ഏഴാം ശമ്പള പരിഷ്കരണം സംബന്ധിച്ച് റീജിയണൽ ക്യാൻസർ സെന്റർ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

**ദേശീയ നിലവാരമുള്ള സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി**

157 (5108) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ ദേശീയ നിലവാരമുള്ള വിവിധ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസ്യൂട്ടിക്കൽ എഡ്യൂക്കേഷൻ ആന്റ് റിസർച്ച് എന്ന സ്ഥാപനം സംസ്ഥാനത്ത് അനുവദിക്കുവാൻ കേന്ദ്രത്തിനോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ&ബി) കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ വൈറൽ രോഗ നിർണ്ണയങ്ങൾക്കായി സ്റ്റേറ്റ് ലെവൽ വൈറൽ റിസർച്ച് ഡയഗ്നോസ്റ്റിക് ലാബ് പ്രവർത്തിക്കുന്നുണ്ട്. ഈ ലാബിനെ റീജിയണൽ ലെവൽ വൈറൽ ഡയഗ്നോസ്റ്റിക് ലാബാക്കി മാറ്റുന്നതിനായി BSL III ലാബ് നിർമ്മിക്കുന്നതിനായി 3.895 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. (നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2 കോടി രൂപയും ഉപകരണങ്ങൾ വാങ്ങുന്നതിന് 1.8 കോടി രൂപയും)

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ജില്ല/ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി/സ്പെഷ്യാലിറ്റി ചികിത്സാ വിഭാഗങ്ങൾ ആരംഭിച്ച് ഡോക്ടർമാരെയും ആധുനിക രീതിയിലുള്ള ചികിത്സാ ഉപകരണങ്ങളും ലഭ്യമാക്കുക വഴി ടി ആശുപത്രികളുടെ നിലവാരം ഉയർത്തുവാനുള്ള നടപടി എടുത്തുവരുന്നുണ്ട്.

(സി) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസ്യൂട്ടിക്കൽ എഡ്യൂക്കേഷൻ ആന്റ് റിസർച്ച് കേരളത്തിൽ അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ജില്ലാ ശിശുക്ഷേമ സമിതി അംഗങ്ങളുടെ യോഗ്യത

158 (5109) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ജില്ലാ ശിശുക്ഷേമ സമിതിയിൽ അംഗമാകുന്നതിനുവേണ്ട ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരമുള്ള യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കമ്മിറ്റിയിൽ ഇപ്പോൾ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടവർ പ്രസ്തുത ആക്ടിൽ നിഷ്ക്കർഷിച്ചിരിക്കുന്ന യോഗ്യതകൾ ഉള്ളവരാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) 2015-ലെ ജുവനൈൽ ജസ്റ്റിസ് ആക്ട് സെക്ഷൻ 27(4) പ്രകാരം ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ ചെയർപേഴ്സണേയും മെമ്പർമാരെയും തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ ചുവടെ ചേർക്കുന്നു.

ആരോഗ്യം, വിദ്യാഭ്യാസം അല്ലെങ്കിൽ കുട്ടികളുമായി ബന്ധപ്പെട്ട ക്ഷേമ പ്രവർത്തനങ്ങൾ എന്നീ മേഖലകളിൽ കുറഞ്ഞത് ഏഴ് വർഷമെങ്കിലും ക്രിയാത്മകമായി പ്രവർത്തിച്ച് പരിചയമുള്ളവർ

അല്ലെങ്കിൽ

ചൈൽഡ് സൈക്കോളജി സൈക്യാട്രി, നിയമം, സോഷ്യൽ വർക്ക്, സോഷ്യോളജി, ഹ്യൂമൻ ഡെവലപ്മെന്റ് എന്നിവയിൽ ഏതെങ്കിലും വിഷയത്തിലുള്ള ബിരുദത്തോടുകൂടി അതാത് മേഖലകളിൽ പ്രൊഫഷണൽ ആയി പ്രാക്ടീസ് ചെയ്യുന്നവർ.

(ബി) ഉണ്ട്. ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള ഇന്റർവ്യൂവിന് മുന്നോടിയായി ഇന്റർവ്യൂവിൽ പങ്കെടുക്കാനെത്തിയവരുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തിയിരുന്നു. നിശ്ചിത യോഗ്യതയുള്ളവരെ മാത്രമേ ഇന്റർവ്യൂവിൽ പങ്കെടുപ്പിച്ചിരുന്നുള്ളൂ.

## ആരോഗ്യ സംരക്ഷണത്തിന് സ്വീകരിച്ച നടപടികൾ

159 (5110) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വീണ്ടും നിപ വൈറസ് പ്രത്യക്ഷപ്പെട്ട സാഹചര്യത്തിൽ ആരോഗ്യ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) കോഴിക്കോട് കേന്ദ്രീകരിച്ച് വൈറോളജി ലാബ് സ്ഥാപിക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ അറിയിക്കാമോ; ഇതിന് കേന്ദ്ര ഫണ്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) രോഗ നിരീക്ഷണത്തിനും ഗവേഷണത്തിനുമായി യു.എസ്. ലെ സെന്റർ ഫോർ ഡിസീസ് കൺട്രോൾ മാതൃകയിൽ രോഗ നിരീക്ഷണ-ഗവേഷണ കേന്ദ്രം സംസ്ഥാനത്ത് സ്ഥാപിക്കേണ്ടത് അനിവാര്യമാണെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന് വേണ്ടി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ വർഷം കോഴിക്കോട് മെഡിക്കൽ കോളേജിൽ നിപ ഐസോലേഷൻ വാർഡിൽ ജോലി ചെയ്ത് പിരിച്ചുവിടപ്പെട്ട ജീവനക്കാർക്ക് സ്ഥിരനിയമനം നൽകണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; ഇതിനുവേണ്ടി ചെയ്ത കാര്യങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) രോഗം നേരത്തെതന്നെ കണ്ടെത്തുന്നതിന് രോഗ സ്ഥിരീകരണത്തിനാവശ്യമായ (വൈറോളജി ടെസ്റ്റുകൾ), ലാബ് സംവിധാനങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. എൻ.ഐ.വി. പൂനെയുടെ സഹായത്തോടെ കളമശ്ശേരി മെഡിക്കൽ കോളേജിൽ പോയിന്റ് ഓഫ് കെയർ ടെസ്റ്റ് ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തുകയുണ്ടായി. വൈറസ് വാഹകരായ ജീവികളെ കണ്ടുപിടിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. പൊതുജനങ്ങൾക്കിടയിൽ ഉചിതമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആശുപത്രികളിൽനിന്നുമുള്ള അണുബാധ തടയാനുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രോഗലക്ഷണങ്ങൾ പ്രകടമാവുന്ന രോഗിയുടെ രക്തം, മൂത്രം, തൊണ്ടയിലെയും മൂക്കിലെയും സ്രവം, സൂക്ഷ്മസ്രവം (സി.എസ്.എഫ്.) എന്നിവ വൈറോളി ടെസ്റ്റിനായി അയച്ചിരുന്നു. രോഗം സ്ഥിരീകരിച്ച രോഗിയെ ഐസൊലേറ്റ് ചെയ്യുകയും അവരുമായി അടുത്തിടപഴകിയവരുടെ ലിസ്റ്റ് തയ്യാറാക്കി അവരെയും നിരീക്ഷിക്കുകയും ചെയ്തു. ഇതിനോടൊപ്പംതന്നെ ബോധവൽക്കരണവും പ്രതിരോധ നടപടികളും ആരോഗ്യ പ്രവർത്തകർ വഴിയും സാമൂഹിക-വാർത്താ മാധ്യമങ്ങൾ വഴിയും ഉറപ്പാക്കി. ഡിസംബർ മുതൽ ജൂൺ വരെയുള്ള മാസങ്ങളിൽ വവ്വാലുകളുടെ പ്രജനന കാലഘട്ടത്തിലാണ് നിപ വൈറസ് വ്യാപനം നടക്കുന്നതെന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ നവംബർ-ഡിസംബർ മാസങ്ങളിൽത്തന്നെ ജില്ലകൾക്ക് ജാഗ്രതാ നിർദ്ദേശം നൽകുകയും ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ മുൻകൂട്ടി നടപ്പിലാക്കുകയും ചെയ്തിരുന്നു. ആവശ്യമായ മരുന്നുകളുടെയും വ്യക്തിഗത സുരക്ഷാ സാമഗ്രികളുടെയും ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്.

(ബി) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ ബയോസേഫ്റ്റി ലെവൽ -III വൈറോളജി ലാബ്, സിവിൽ വർക്കുകൾക്കായി 5.5 കോടി രൂപയും ഉപകരണങ്ങൾക്കായി 1.8 കോടി രൂപയും ചെലവഴിച്ച് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിനായി കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് റിസർച്ച് 3.89 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) കഴിഞ്ഞ വർഷം കോഴിക്കോട് മെഡിക്കൽ കോളേജിൽ നിപ ഐസൊലേഷൻ വാർഡിൽ ജോലി ചെയ്ത ജീവനക്കാർക്ക് സ്ഥിരനിയമനം നൽകണമെന്ന ആവശ്യം സർക്കാർ പരിശോധനയിലാണ്. നിപ നിയന്ത്രണത്തിൽ സജീവമായി ഇടപെട്ട് കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവർത്തിച്ച കരാർ/ദിവസ വേതനക്കാർക്ക് ഇപ്പോൾ കോഴിക്കോട് ജില്ലയിലെ വിവിധ ആശുപത്രികളിൽ തുടർച്ചയായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി നൽകിവരുന്നുണ്ട്.

## ശാരീരിക - മാനസിക വൈകല്യമുള്ളവർക്ക് ചികിത്സാസഹായം

160 (5111) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശാരീരിക വൈകല്യംമൂലം ജീവിതാവസാനം വരെ ചികിൽസ തേടേണ്ടി വന്നവർക്കും മാനസിക വൈകല്യമുള്ളവർക്കും ചികിത്സക്ക് വർഷംതോറും സഹായം അനുവദിക്കാൻ നടപടി ഉണ്ടാകുമോ; വ്യക്തമാക്കാമോ?

ഉത്തരം

മാരകരോഗങ്ങളാൽ (കാൻസർ, ഡയാലിസിസ്, Chronic liver diseases, ഹൃദയ ശസ്ത്രക്രിയ, മസ്തിഷ്ക ശസ്ത്രക്രിയ) അവശത അനുഭവിക്കുന്ന നിർദ്ധനരായ രോഗികൾക്ക് ഡോക്ടർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 50,000 രൂപ വരെ ഒറ്റത്തവണ മാത്രം ധനസഹായം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും Society for Medical Assistance to poor എന്ന പദ്ധതി മുഖേന നൽകിവരുന്നു. കൂടാതെ സംസ്ഥാനത്ത് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതി പ്രകാരം അംഗങ്ങളായ കുടുംബത്തിന് 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സാ സഹായം തെരഞ്ഞെടുത്ത സർക്കാർ/സ്വകാര്യ/സഹകരണ ആശുപത്രികൾ വഴി ലഭ്യമാകും. എന്നാൽ ജീവിതാവസാനം വരെ സാമ്പത്തിക ചികിത്സാ സഹായം നൽകുന്ന പദ്ധതികളൊന്നും ആരോഗ്യ വകുപ്പിൽ ഇപ്പോൾ നിലവിലില്ല.

## മഴക്കാല രോഗപ്രതിരോധം

161 (5112) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധയിനം പനി ബാധിച്ച് ധാരാളം പേർ ആശുപത്രികളിൽ ചികിത്സ തേടി എത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മഴയുടെ തുടക്കത്തിൽ തന്നെ ഡെങ്കിപ്പനി, എലിപ്പനി എന്നിവ പല സ്ഥലങ്ങളിലും റിപ്പോർട്ട് ചെയ്ത സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(സി) എങ്കിൽ മഴയോടും പ്രകൃതിക്ഷോഭത്തോടും ഒപ്പം സാധാരണ കടന്നു വരുന്ന രോഗങ്ങളായ ഛർദി, അതിസാരം, മലേറിയ, ചിക്കൻ ഗുനിയ, ജപ്പാൻ ജ്വരം, വിവിധ വൈറൽ പനികൾ എന്നിവയെ പ്രതിരോധിക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്;

(ഡി) വിവിധ പകർച്ചവ്യാധികൾ പകരാതിരിക്കാനും രോഗാണുക്കൾ പെരുകാതിരിക്കാനും എന്തൊക്കെ പ്രതിരോധ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) വിവിധയിനം പനി ബാധിച്ചവർ ആശുപത്രികളിൽ ചികിത്സ തേടി എത്തുകയും അവർക്ക് മികച്ച ചികിത്സകൾ നൽകിവരികയും ചെയ്യുന്നുണ്ട്.

(ബി) പരിശോധിച്ചിരുന്നു. ഡെങ്കിപ്പനി, എലിപ്പനി എന്നിവ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഇവ തടയുന്നതിന് ആരോഗ്യ ജാഗ്രത കർമ്മ പരിപാടിയുടെ അടിസ്ഥാനത്തിൽ ജാഗരൂകമായ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് നടത്തിവരുന്നു.

(സി&ഡി) കാലവർഷക്കാലത്തും അതിനെത്തുടർന്നും പകർച്ചവ്യാധികൾ പടർന്നുപിടിക്കാതിരിക്കാൻ "ആരോഗ്യജാഗ്രത" എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ആരോഗ്യ പ്രവർത്തകരുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. വാർഡ് തലത്തിൽ കർമ്മ പദ്ധതികൾ തയ്യാറാക്കി വാർഡുതല ആരോഗ്യ ശുചിത്വ സമിതിയുടെ നേതൃത്വത്തിൽ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

വയറിളക്ക രോഗങ്ങൾ, ഛർദ്ദി, അതിസാരം, മഞ്ഞപ്പിത്തം (എ) തുടങ്ങിയ ജലജന്യ രോഗങ്ങൾ പ്രതിരോധിക്കുന്നതിന് ആരോഗ്യപ്രവർത്തകൾ വീടുകൾ സന്ദർശിച്ച് വയറിളക്ക രോഗ നിരീക്ഷണം, മാലിന്യ നിർമ്മാർജ്ജനം, ജലസ്രോതസ്സുകളുടെ ക്ലോറിനേഷൻ, കുടിവെള്ള ഗുണനിലവാര പരിശോധന, ഒ.ആർ.എസ്. വിതരണം, ബോധവൽക്കരണം, ഒ.ആർ.എസ്. വാരാചരണം, ജലശുദ്ധീകരണ കാമ്പയിൻ തുടങ്ങിയവ നടത്തിവരുന്നു.

ഡെങ്കിപ്പനി, ചിക്കൻ ഗുനിയ, മലമ്പനി തുടങ്ങിയ കൊതുകുജന്യ രോഗങ്ങളെ പ്രതിരോധിക്കുന്നതിന് ആരോഗ്യ പ്രവർത്തകർ ഗൃഹസന്ദർശനം നടത്തി രോഗനിരീക്ഷണം, കൊതുകുനിരീക്ഷണം, ഡ്രൈഡേ ആചരണം, കൊതുകിന്റെ ഉറവിടങ്ങൾ നീക്കംചെയ്യുന്ന കാമ്പെയിൻ, തോട്ടങ്ങളിലെ കൊതുക് ഉറവിടങ്ങൾ ഇല്ലാതാക്കുന്ന കാമ്പെയിൻ, ജലശുദ്ധി കാമ്പെയിൻ മുതലായവയോടൊപ്പം സംയോജിത കൊതുക നിയന്ത്രണ പ്രവർത്തനങ്ങളും (സ്പ്രേയിംഗ്, ഫോഗിംഗ് ഉൾപ്പെടെ) നടപ്പിലാക്കിവരുന്നു. മഴക്കാലത്ത് പിടിപെടാൻ സാധ്യതയുള്ള രോഗങ്ങളെ സംബന്ധിച്ചും സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

എലിപ്പനിക്കെതിരെ ബോധവൽക്കരണം, ഡോക്സിസൈക്ലിൻ പ്രതിരോധ ചികിത്സ, ക്ലോറിനേഷൻ പ്രവർത്തനങ്ങൾ, കൃഷി വകുപ്പുമായി ചേർന്ന് എലിനശീകരണ പ്രവർത്തനങ്ങൾ മുതലായവ സംഘടിപ്പിക്കുന്നതോടൊപ്പം രോഗ നിരീക്ഷണം, ചികിത്സ എന്നിവയും കാര്യക്ഷമമായി നടത്തിവരുന്നു. പൊതുജനാരോഗ്യ നിയമപ്രകാരമുള്ള പരിശോധനകൾ ഭക്ഷണശാലകളിലും വീടുകളിലും സ്ഥാപനങ്ങളിലും നടത്തി ആവശ്യമെങ്കിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വായുജന്യ രോഗങ്ങളെ പ്രതിരോധിക്കാനായി ചുമ, തുമ്മൽ മുതലായവയുള്ളവർക്കുവേണ്ടി മൂന്നുപാളികളുള്ള മാസ്ക് ലഭ്യമാക്കാനായി (cough etiquette) കഫ് കോർണർ മുതലായവ ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുണ്ട്.

## ചികിത്സാ ധനസഹായ പദ്ധതി

162 (5113) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിന് കീഴിലുള്ള ചികിത്സാ ധനസഹായ പദ്ധതി പ്രകാരം ഏതൊക്കെ അസുഖങ്ങൾക്കാണ് സഹായം അനുവദിക്കുന്നത്; ആയതിലേയ്ക്കായി എവിടെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്; അപേക്ഷയ്ക്ക് നിശ്ചിത മാതൃകയുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ചികിത്സാ ധനസഹായത്തിന് അപേക്ഷിക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി)

1. സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് റ്റു പുവർ (SMAP)

ആരോഗ്യ വകുപ്പിൻകീഴിൽ SMAP (Society for Medical Assistance to Poor) പദ്ധതി മുഖേന മാരകരോഗങ്ങളാൽ അവശത അനുഭവിക്കുന്ന മൂന്ന് ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള നിർദ്ധനരായ രോഗികൾക്ക് ഡോക്ടർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഒറ്റത്തവണ പരമാവധി 50,000 രൂപ വരെ ധനസഹായം അനുവദിച്ചുവരുന്നു.

ടി പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിന് തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. എസ്.എം.എ.പി. പദ്ധതിയുടെ അപേക്ഷാഫോറവും മറ്റ് വിശദവിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.*

2. ക്ഷയരോഗത്തിനുള്ള ചികിത്സാ ധനസഹായം

ക്ഷയരോഗം സ്ഥിരീകരിച്ച് നിക്ഷയ് പോർട്ടലിൽ (NIKSHAY) രജിസ്റ്റർ ചെയ്യുമ്പോൾ പ്രതിമാസം 500 രൂപ വീതം (NIKSHAY POSHAN YOJANA) പദ്ധതി പ്രകാരം) പോഷകാഹാരത്തിനായി ചികിത്സാ കാലയളവിൽ ആ രോഗിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ലഭ്യമാകുന്നു. കേന്ദ്ര സർക്കാരിൽനിന്നുമാണ് ആ തുക ലഭിക്കുന്നത്. ഈ തുക ലഭിക്കുന്നതിന് വരുമാന പരിധിയില്ല.

അതത് സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര ശീർഷകത്തിൽ നിർദ്ധനരായ ക്ഷയരോഗികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി അനുവദിച്ചുകിട്ടുന്ന തുകയുടെ ലഭ്യതയനുസരിച്ച് സാമ്പത്തിക സഹായത്തിന് അർഹരായവരെ മുൻഗണനാക്രമത്തിൽ തെരഞ്ഞെടുത്ത് അവർക്ക് വിതരണം ചെയ്യുന്നു. ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന MDR-TB/XDR-TB patients-നാണ് ഈ തുക വിതരണം ചെയ്തുവരുന്നത്.

വില്ലേജ് ഓഫീസിൽനിന്ന് ലഭിക്കുന്ന വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ക്ഷയരോഗ ബാധിതന് സംസ്ഥാന സർക്കാരിന്റെ ക്ഷയരോഗബാധിതർക്കുള്ള പെൻഷന് അർഹതയുണ്ട്. ക്ഷയരോഗ ചികിത്സാ കാലയളവിലാണ് പെൻഷൻ ലഭിക്കുന്നത്. ഇതിനായുള്ള അപേക്ഷാ ഫോറം പൂരിപ്പിച്ച് ചികിത്സിക്കുന്ന മെഡിക്കൽ ഓഫീസറുടെ ഒപ്പും സീലും പതിച്ച് വില്ലേജ് ഓഫീസിലാണ് സമർപ്പിക്കേണ്ടത്. റവന്യൂ വകുപ്പ് വഴിയാണ് പ്രസ്തുത പെൻഷൻ നൽകിവരുന്നത്. മെഡിക്കൽ സർട്ടിഫിക്കറ്റ്, അപേക്ഷാഫോറം എന്നിവയുടെ മാതൃക അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. <u>കുഷ്ഠരോഗികൾക്കുള്ള ധനസഹായം</u>

സംസ്ഥാനത്തെ കുഷ്ഠരോഗ ബാധിതർക്ക് ചികിത്സാ കാലയളവിൽ പ്രതിമാസം 1,000 രൂപ (ആയിരം രൂപ) നിരക്കിൽ 2210-06-101-40 നോൺപ്ലാൻ ശീർഷകത്തിൽനിന്നും ധനസഹായം നൽകിവരുന്നുണ്ട്. വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ളവർക്കാണ് മേൽപ്പറഞ്ഞ പ്രകാരമുള്ള ധനസഹായം നൽകുന്നത്. ഇതിനുവേണ്ടി ജില്ലാ മെഡിക്കൽ ഓഫീസിലെ ജില്ലാ ലെപ്രസി ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷയ്ക്ക് നിശ്ചിത മാതൃകയില്ല. ഓരോ ജില്ലയിലെയും ജില്ലാ മെഡിക്കൽ ഓഫീസറും അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസറും ജില്ലാ ലെപ്രസി ഓഫീസറും അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റും ഉൾപ്പെടുന്ന ഒരു കമ്മിറ്റി തയ്യാറാക്കുന്ന അപേക്ഷാ ഫോറത്തിലാണ് ധനസഹായത്തിനുള്ള അഭ്യർത്ഥന നൽകേണ്ടത്. വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ളവർക്കാണ് പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നത്.

4. <u>കാൻസർ രോഗികൾക്കുള്ള ധനസഹായം</u>

ആരോഗ്യ വകുപ്പിന്റെ കീഴിൽ കാൻസറിന് ചികിത്സാ സഹായമായി പ്രതിമാസം 1,000 രൂപ നൽകിവരുന്നു. അപേക്ഷ സംബന്ധമായ മറ്റ് വിവരങ്ങൾ www.dhs.kerala.gov.in എന്ന വെബ്സൈറ്റിൽ SMAP എന്ന ലിങ്കിൽ ലഭ്യമാണ്. കാൻസർ ചികിത്സയ്ക്കായി നിലവിൽ വരുമാന പരിധി നിശ്ചയിച്ചിട്ടില്ല. കാൻസർ രോഗികളെ ബി.പി.എൽ. വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

5. <u>എച്ച്.ഐ.വി. അണുബാധിതർക്കുള്ള ധനസഹായം</u>

കേരളത്തിലെ എ.ആർ.ടി. കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത് ചികിത്സയെടുക്കുന്ന എച്ച്.ഐ.വി. അണുബാധിതർക്ക് ധനസഹായമായി പ്രതിമാസം 1,000 രൂപ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി മുഖേന നൽകിവരുന്നുണ്ട്. അർഹരായിട്ടുള്ള എച്ച്.ഐ.വി. അണുബാധിതർ എ.ആർ.ടി. ചികിത്സാ കേന്ദ്രങ്ങളിൽനിന്നും ലഭിക്കുന്ന അപേക്ഷ പൂരിപ്പിച്ച് അതാത് ചികിത്സാ കേന്ദ്രങ്ങളിൽ സമർപ്പിക്കുകയും തുടർന്ന് അംഗീകരിച്ച അപേക്ഷകൾ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിക്ക് നൽകുകയും സർക്കാരിൽനിന്നും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിക്ക് ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ഓരോ അംഗങ്ങളുടെയും അക്കൗണ്ടിലേയ്ക്ക് തുക നേരിട്ട് ട്രാൻസ്ഫർ ചെയ്തുവരുന്നു. അപേക്ഷാ ഫോറം അനുബന്ധം 3 ആയി ചേർക്കുന്നു.* പ്രസ്തുത ധനസഹായം ലഭിക്കുന്നതിന് വരുമാന പരിധിയില്ല. എ.ആർ.ടി. കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത് ചികിത്സയെടുക്കുന്ന എല്ലാ എച്ച്.ഐ.വി. അണുബാധിതരും ധനസഹായത്തിന് അർഹരാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചികിത്സാ ധനസഹായ പദ്ധതികൾ

163 (5114) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിന്റെ കീഴിൽ നടപ്പിലാക്കിവരുന്ന വിവിധ ചികിത്സാ ധനസഹായ പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം ആരംഭിച്ച വിവിധ ചികിത്സാ ധനസഹായ പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ;

(സി) താലോലം, ഹൃദ്യം, കെയർ പദ്ധതികളിൽ ഉൾപ്പെടുത്തി എത്ര ആളുകൾക്ക് ചികിത്സാസഹായം ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) മാരകരോഗങ്ങളാൽ (കാൻസർ, ഡയാലിസിസ്, Chronic liver diseases, ഹൃദയ ശസ്ത്രക്രിയ, മസ്തിഷ്ക ശസ്ത്രക്രിയ) അവശത അനുഭവിക്കുന്ന നിർദ്ധനരായ രോഗികൾക്ക് ഡോക്ടർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 50,000 രൂപ വരെ ഒറ്റത്തവണ മാത്രം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും Society for Medical Assistance to poor( SMAP) എന്ന പദ്ധതി മുഖേന ധനസഹായം നൽകിവരുന്നു.

(ബി) ഈ സർക്കാർ വന്നതിനുശേഷം പുതുതായി ചികിത്സാ ധനസഹായ പദ്ധതികൾ ഒന്നും ആരംഭിച്ചിട്ടില്ല. എന്നാൽ ഈ സർക്കാർ വന്നതിനുശേഷം സൗജന്യ ചികിത്സാ സഹായ പദ്ധതിയായ ഹൃദ്യം പദ്ധതി നടപ്പിലാക്കി.

(സി) ഹൃദ്യം പദ്ധതിയിലൂടെ 1,104 പേർക്കും താലോലം പദ്ധതിയിലൂടെ 15437 പേർക്കും സൗജന്യ ചികിത്സ നൽകിയിട്ടുണ്ട്.

## മലപ്പുറം ജില്ലയിൽ പ്രത്യേകതരം പനി

164 (5115) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയുടെ പല ഭാഗത്തും പ്രത്യേകതരം പനി പടർന്ന് പിടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പനിമൂലം 2019 മാർച്ച് മാസത്തിന് ശേഷം എത്ര മരണങ്ങൾ സംഭവിച്ചുവെന്നും പനിയുടെ കാരണം എന്താണെന്നും കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിനായി വിദഗ്ധർ അടങ്ങിയ പ്രത്യേക മെഡിക്കൽ സംഘത്തെ നിയോഗിക്കുമോ?

ഉത്തരം

(എ) ജില്ലയിൽ പ്രത്യേകതരം പനി പടർന്നുപിടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ രോഗനിരീക്ഷണം കാര്യക്ഷമമാക്കിയതിന്റെ ഭാഗമായി ജില്ലയുടെ പല ഭാഗത്തുനിന്നായി മാർച്ചിനുശേഷം ജൂൺ 24 വരെ 14 പേർക്ക് മെനിഞ്ചൈറ്റിസ്, 20 പേർക്ക് എൻസഫലിറ്റിസ് എന്നിവ ബാധിച്ചതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. കൂടാതെ ഒരാൾക്ക് വെസ്റ്റ്നൈൽ രോഗവും ബാധിച്ചിരുന്നു.

(ബി) 2019 മാർച്ചിനുശേഷം മെനിഞ്ചൈറ്റിസ് കാരണം രണ്ടുപേരും എൻസഫലിറ്റിസ്, വെസ്റ്റ്നൈൽ എന്നീ രോഗങ്ങൾ കാരണം ഒരാൾ വീതവും മരണപ്പെടുകയുണ്ടായി.

(സി) ആറ് വയസ്സുള്ള കുട്ടി വെസ്റ്റ്നൈൽ രോഗത്തെത്തുടർന്ന് മരണപ്പെട്ട സാഹചര്യത്തിൽ NCDC Delhi-യുടെ നേതൃത്വത്തിൽ EIS (Epidemic Intelligence Service) ടീമംഗങ്ങളും VCRC, Kottayam-ത്തിന്റെ നേതൃത്വത്തിൽ എന്റമോളജിക്കൽ സർവ്വേലൻസും നടത്തിയിരുന്നു. കൊതുകിൽ വെസ്റ്റ്നൈൽ വൈറസിന്റെ സാന്നിധ്യം കണ്ടെത്താൻ സാധിച്ചിരുന്നില്ല.

കൂടാതെ ജില്ലാതലത്തിൽ വിവിധ വകുപ്പുകൾ, സർക്കാർ സ്വകാര്യ ഡോക്ടർമാർ, ജില്ലാ പ്രോഗ്രാം ഓഫീസർമാർ, ദ്രുതകർമ്മസേനാംഗങ്ങൾ തുടങ്ങിയവരെ ഉൾപ്പെടുത്തി ഡി.എം.ഒ./ജില്ലാ കളക്ടർ തലങ്ങളിൽ യോഗം ചേർന്ന് സ്ഥിതിഗതികളും സ്വീകരിച്ച നടപടികളും അവലോകനം ചെയ്തു. ചികിത്സാ മാർഗ്ഗരേഖകളും ലഭ്യമാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പ്രത്യേക മെഡിക്കൽ സംഘത്തെ നിയോഗിക്കേണ്ട സാഹചര്യം തൽക്കാലം ജില്ലയിലില്ല.

## മെഡിക്കൽ കോളേജുകളിൽ കാൻസർ ചികിത്സ ലഭ്യമാക്കാൻ നടപടി

165 (5116) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. സി. കെ. ആശ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്ന് നിലവിലുള്ള കാൻസർ ചികിത്സാസൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കാൻസർ ചികിത്സാരംഗത്ത് ആർ.സി.സി. യിൽ ലഭ്യമാകുന്ന സൗകര്യങ്ങൾ മെഡിക്കൽ കോളേജുകളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് കാൻസർ രോഗ ചികിത്സയ്ക്കും നിയന്ത്രണത്തിനുമുള്ള കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) നിലവിൽ കാൻസർ ചികിത്സാരംഗത്തുള്ള പൊതുമേഖല, സ്വകാര്യമേഖല ആശുപത്രികളെ ബന്ധിപ്പിച്ച് ഏകീകൃത കാൻസർ ചികിത്സാ സംവിധാനങ്ങൾ എല്ലാ പ്രദേശങ്ങളിലുമുള്ളവർക്കും പ്രാപ്യമാക്കുന്ന കേരള കാൻസർ ഗ്രിഡ് രൂപീകരിക്കുമോ; എങ്കിൽ ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ഇ) സംസ്ഥാനത്തെ എല്ലാ കാൻസർ രോഗികളുടെയും വിവരങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള കാൻസർ രജിസ്ട്രി തയ്യാറായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ആരോഗ്യ വകുപ്പ് കാൻസർ കെയർ പദ്ധതിയിലൂടെ എല്ലാ ജില്ലകളിലും കാൻസർ നിർണ്ണയ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ കാൻസർ കെയർ പദ്ധതിക്ക് തുടക്കമിട്ടിരുന്നു. ആരോഗ്യ വകുപ്പിൽ കാൻസർ ചികിത്സാ വിദഗ്ദ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള അസിസ്റ്റന്റ് സർജന്മാർക്ക് റീജിയണൽ കാൻസർ സെന്ററുകളിൽ വിദഗ്ദ്ധ പരിശീലനം നൽകിയാണ് ഈ കേന്ദ്രങ്ങളിൽ വിന്യസിച്ചിരിക്കുന്നത്. ഇപ്പോൾ സംസ്ഥാനത്ത് 23 ആശുപത്രികളിൽ പ്രവർത്തിക്കുന്ന ഈ കേന്ദ്രങ്ങളിലൂടെ നാളിതുവരെ 60000-ത്തിൽപ്പരം കീമോ തെറാപ്പി നൽകുന്നതിനും 3000-ത്തിൽപ്പരം പുതിയ കേസ്സുകൾ കണ്ടെത്തുന്നതിനും സാധിച്ചിട്ടുണ്ട്. ഇത് മറ്റ് കേന്ദ്രങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

മെഡിക്കൽ കോളേജാശുപത്രികളിൽ കാൻസർ ചികിത്സയ്ക്കാവശ്യമായ കൊബാൾട്ട് തെറാപ്പി യൂണിറ്റുകൾ നിലവിലുണ്ട്. ഇതുകൂടാതെ തിരുവനന്തപുരം, തൃശ്ശൂർ, ആലപ്പുഴ മെഡിക്കൽ കോളേജുകളിലേയ്ക്ക് പുതിയ കൊബാൾട്ട് തെറാപ്പി യൂണിറ്റുകൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു. കാൻസർ ചികിത്സയ്ക്കുള്ള നൂതന ചികിത്സാ ഉപകരണമായ ലീനിയർ ആക്സിലറേറ്റർ കോഴിക്കോട്, കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ നിലവിലുണ്ട്. ഇതുകൂടാതെ തിരുവനന്തപുരം, തൃശ്ശൂർ, മെഡിക്കൽ കോളേജുകളിലേയ്ക്ക് ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഓങ്കോ

പാത്തോളജി, മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി വിഭാഗങ്ങളിൽ കാൻസർ ചികിത്സയ്ക്കെത്തുന്ന രോഗികൾക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനായി ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ മികച്ച ചികിത്സ ലഭ്യമാക്കിവരുന്നു. പുതുതായി തുടങ്ങിയ പാരിപ്പള്ളി മെഡിക്കൽ കോളേജ്, മഞ്ചേരി മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ മെഡിക്കൽ കാൻസർ ചികിത്സാ നിർണ്ണയത്തിനാവശ്യമായ മാമോഗ്രാഫി യൂണിറ്റുകൾ, അൾട്രാ സൗണ്ട് സ്കാനിംഗ് മെഷീൻ, സി.ടി. സ്കാനിംഗ് മെഷീൻ തുടങ്ങിയ സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ടെർഷ്യറി കെയർ സംവിധാനം ഒരുക്കുന്നതിനുള്ള ആശുപത്രി കെട്ടിട സമുച്ചയത്തിന്റെ ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തനസജ്ജമായി.

സർക്കാർ നിയന്ത്രണത്തിലുള്ള തിരുവനന്തപുരത്തെ റീജിയണൽ കാൻസർ സെന്ററിലും തലശ്ശേരിയിലെ മലബാർ കാൻസർ സെന്ററിലും നിലവിലുള്ള ചികിത്സാ സൗകര്യങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തുന്നു.* കൊച്ചിയിലെ കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിലും ലോകോത്തര നിലവാരത്തിലുള്ള രോഗനിർണ്ണയവും ചികിത്സയും നടത്തിവരുന്നു.

(ബി) നിലവിൽ കാൻസർ ചികിത്സാ സംവിധാനമുള്ള സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ മികച്ച സൗകര്യങ്ങൾ ലഭ്യമാണ്. മികച്ച ചികിത്സ നൽകുന്നതിനായി അഞ്ച് മെഡിക്കൽ കോളേജുകളിൽ സർജിക്കൽ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി, ഓങ്കോപതോളജി എന്നീ വിഭാഗങ്ങൾ രൂപീകരിക്കുന്നതിന് 105 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കാൻസർ രോഗം നിയന്ത്രിക്കുന്നതിനുവേണ്ടി ഒരു സമഗ്ര കാൻസർ നിയന്ത്രണ നയരേഖ [Kerala Cancer Control Strategy (2018-2030)] ലോകാരോഗ്യ സംഘടനയുടെ ഇന്ത്യൻ ഓഫീസുമായി സഹകരിച്ചുകൊണ്ട് തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിൽ ജീവിതശൈലിയിൽ വന്നിട്ടുള്ള മാറ്റങ്ങളും ഉയർന്ന ആയുർദൈർഘ്യവും കണക്കിലെടുത്താണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കാൻസർ ചികിത്സ സാർവ്വത്രികമാക്കുക, ആശുപത്രികളെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കാൻസർ ചികിത്സയെ വിവിധ തലങ്ങളാക്കി മാറ്റുക, കാൻസർ രോഗനിർണ്ണയം താഴെത്തട്ടിൽനിന്നും ആരംഭിക്കുക, കാൻസർ കൊണ്ടുള്ള മരണനിരക്ക് കുറയ്ക്കുക, കാൻസർ രോഗികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക തുടങ്ങിയ ഉദ്ദേശ്യ ലക്ഷ്യങ്ങളോടുകൂടിയാണ് ഇത് വിഭാവന ചെയ്തിരിക്കുന്നത്. കേരളത്തിലെ കാൻസർ ചികിത്സാ വിദഗ്ദ്ധരുടെയും (സർക്കാർ/സ്വകാര്യ ആശുപത്രികളിലെ)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംസ്ഥാന ആരോഗ്യ വകുപ്പിന്റെയും ലോകാരോഗ്യ സംഘടനയുടെയും നേതൃത്വത്തിൽ സംസ്ഥാനത്ത് 2030 വരെ കാൻസർ പ്രതിരോധ നിയന്ത്രണ മേഖലകളിൽ നടത്താൻ പ്രാപ്തരായിട്ടുള്ള പല കർമ്മപദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ട്.

(ഡി) കേരളത്തിലെ കാൻസർ രോഗം ചികിത്സിക്കുന്ന എല്ലാ ആശുപത്രികളെയും സമന്വയിപ്പിച്ചുകൊണ്ട് ഒരു കേരള കാൻസർ ഗ്രിഡ് രൂപീകരിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ കാൻസർ രോഗികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഭാരത സർക്കാരിന്റെ ധനസഹായത്തോടെ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ പ്രവർത്തന കേന്ദ്രമായി തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിൽ ജനസംഖ്യാടിസ്ഥാനത്തിലുള്ള കാൻസർ രജിസ്ട്രി 2006 മുതൽ പ്രവർത്തിച്ചുവരുന്നു.

മലബാർ കാൻസർ സെന്ററിൽ 2010 മുതൽ വരുന്ന രോഗികളെ കേന്ദ്രീകരിച്ച് Hospital Based Cancer Registry (HBCR) ആരംഭിക്കുകയും ഇതിനോടകം ആറ് റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കണ്ണൂർ, കാസർഗോഡ് ജില്ലകളെയും മാഹിയെയും കേന്ദ്രീകരിച്ച് 2014 ജനുവരി മുതൽ മലബാർ പോപ്പുലേഷൻ ബേസ്ഡ് കാൻസർ രജിസ്ട്രി (MBPCR) എന്ന പേരിൽ ഒരു ജനസംഖ്യാധിഷ്ഠിത അർബുദ രജിസ്ട്രി ആരംഭിച്ചിട്ടുണ്ട്. തുടർന്ന് ഈ രജിസ്ട്രി കോഴിക്കോട്, വയനാട്, മലപ്പുറം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുകയും വിവരശേഖരണം ജനുവരി 2018 മുതൽ ആരംഭിക്കുകയുമുണ്ടായി. പുതുതായി അർബുദം കണ്ടെത്തിയവരുടെയും അർബുദംമൂലം മരണമടഞ്ഞവരുടെയും വിവരമാണ് ഇപ്രകാരം ശേഖരിച്ചുവരുന്നത്.

## ഹെൽത്ത് ഇൻസ്പെക്ടർമാരുടെ യൂണിഫോം

166 (5117) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏകീകൃത പൊതുജനാരോഗ്യ നിയമത്തിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് നടപ്പിലാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പൊതുജനാരോഗ്യ വിഭാഗത്തിലെ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് യൂണിഫോം അനുവദിച്ചു നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർ ജോലി സമയങ്ങളിൽ യൂണിഫോം ധരിക്കുന്നതിനുള്ള നിർദ്ദേശം നടപ്പിലാക്കുമോ;

(സി) പൊതുജനാരോഗ്യ വിഭാഗം ജീവനക്കാരെ ഗ്രാമപഞ്ചായത്തുകളിലെ മറ്റ് ജോലികളിൽ നിയമിക്കുന്നതുമൂലം ആരോഗ്യ രംഗത്തെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ കഴിയാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഗ്രാമപഞ്ചായത്തുകളിൽ ആരോഗ്യ വിഭാഗം ജീവനക്കാരെ നിയമിക്കുന്നത് ഏത് ചട്ടപ്രകാരമാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള പബ്ലിക് ഹെൽത്ത് ബിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആരോഗ്യ വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് യൂണിഫോം അനുവദിച്ചിട്ടില്ല.

(സി) വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് പ്രധാന ആരോഗ്യ പ്രശ്നമായി മാറുന്ന പകർച്ചവ്യാധികളായ കൊതുകുജന്യ രോഗങ്ങൾ, ജലജന്യ രോഗങ്ങൾ, ജന്തുജന്യ രോഗങ്ങൾ എന്നിവയുടെ പ്രതിരോധത്തിനും നിയന്ത്രണത്തിനും "പ്രതിദിനം പ്രതിരോധം" ലക്ഷ്യമിട്ട് ആരോഗ്യ ജാഗ്രതാ പരിപാടിയിലൂടെ വിവിധ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇതിന്റെ ഭാഗമായി ഫീൽഡ് തലത്തിൽ കൊതുകിന്റെ ഉറവിടങ്ങൾ നീക്കം ചെയ്യുന്ന കാമ്പെയിൻ, തോട്ടം മേഖലകളിൽ ഉറവിടം നശീകരണ കാമ്പെയിൻ, ജലദൗർലഭ്യ പ്രദേശങ്ങളിൽ ജലം സുരക്ഷിതമായി സംഭരിക്കാനുള്ള ഇടപെടൽ, ഈഡിസ് ഹൈറിസ്ക് പ്രദേശങ്ങളിൽ സംയോജിത കൊതുക നിയന്ത്രണം, ജലശുദ്ധീകരണ കാമ്പെയിൻ, രോഗം പൊട്ടിപ്പുറപ്പെട്ടാൽ ഊർജ്ജിത നിയന്ത്രണം, ഹെൽത്ത് കേരള കാമ്പെയിൻ, പകർച്ചവ്യാധികളെപ്പറ്റിയുള്ള ആരോഗ്യബോധവൽക്കരണ പരിപാടികൾ, അതിഥി തൊഴിലാളികളുടെ വാസസ്ഥലങ്ങളിലെ ക്യാമ്പുകൾ, സ്കൂൾ കുട്ടികളുമായി ചേർന്നുള്ള കർമ്മപരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങളെല്ലാംതന്നെ പൊതുജനാരോഗ്യ വിഭാഗത്തിലെ ഫീൽഡ് വിഭാഗം ജീവനക്കാരുടെ ചുമതലകളാണ്. ഇതുകൂടാതെ സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ (മന്തുരോഗ നിവാരണ പ്രവർത്തനങ്ങൾ, മലമ്പനി നിവാരണ പ്രവർത്തനങ്ങൾ, കുഷ്ഠരോഗ നിവാരണം) ജീവിതശൈലീ രോഗങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള കിരൺ സർവ്വേ തുടങ്ങിയവയും മേൽപ്പറഞ്ഞ ജീവനക്കാരുടെ ചുമതലകളിൽപ്പെടുന്നു. പൊതുജനാരോഗ്യ വിഭാഗത്തിലെ ജീവനക്കാരെ ഗ്രാമപഞ്ചായത്തുകളിലെ മറ്റ് ജോലികളിൽ നിയമിച്ചാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും.

(ഡി) ഗ്രാമപഞ്ചായത്തുകളിൽ ആരോഗ്യ വിഭാഗം ജീവനക്കാരുടെ നിയമനം നടത്തുന്നത് തദ്ദേശസ്വയംഭരണ വകുപ്പാണ്.

## സർക്കാർ ആശുപത്രികളിൽ നേത്രപരിശോധകരുടെ കുറവ്

167 (5118) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ നേത്രപരിശോധകരുടെ കുറവ് നിമിത്തം രോഗികൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദേശീയ-സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകൾ ഒപ്റ്റോമെട്രിസ്റ്റുകളുടെ കുറവ് പരിഹരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) എല്ലാ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും താലൂക്ക് ആശുപത്രികളിലും ഒപ്റ്റോമെട്രിസ്റ്റുകളുടെ തസ്തിക നിലവിലുണ്ടോ?

### ഉത്തരം

(എ) ഇല്ല.

(ബി) സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 4-12-2018-ലെ എച്ച്.ആർ.എം.പി. നമ്പർ 7554/18/തിരു പെറ്റീഷന്റെ ഉത്തരവിൽ കേരളത്തിലെ സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലെല്ലാം ഒപ്റ്റോമെട്രിസ്റ്റുകളുടെ സേവനം ഉറപ്പുവരുത്തേണ്ടത് ആവശ്യമാണെന്നും ആയതിനാൽ അതിനാവശ്യമായ നടപടി ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിൽ നിലവിലുണ്ടായിരുന്ന എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സംസ്ഥാനതലത്തിൽ ഒപ്റ്റോമെട്രിസ്റ്റുകളുടെ ലിസ്റ്റ് ലഭ്യമാക്കാൻ എംപ്ലോയ്മെന്റ് ഡയറക്ടർക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

ഒപ്റ്റോമെട്രിസ്റ്റ് തസ്തിക നിലവിലില്ലാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽനിന്ന് ഒപ്റ്റോമെട്രിസ്റ്റിന്റെ സേവനം നിശ്ചിത ദിവസങ്ങളിൽ നൽകിവരുന്നുണ്ട്. ഒപ്റ്റോമെട്രിസ്റ്റിന്റെ കുറവ് പരിഹരിക്കുന്ന തിനായി എൻ.എച്ച്.എം. മുഖേന 32 ഒപ്റ്റോമെട്രിസ്റ്റുകളെ താൽക്കാലികാടി സ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ദേശീയ അന്ധതാ നിവാരണ പരിപാടിയുടെ ഭാഗമായി 2019-20 കാലയളവിൽ നാല് ഒപ്റ്റോമെട്രിസ്റ്റുകൾക്ക് താൽക്കാലികാടി സ്ഥാനത്തിൽ നിയമനം നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

(സി) ഇല്ല.

## രക്തബാങ്കുകളുടെ പ്രവർത്തനം

168 (5119) ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന ആവശ്യത്തിനനുസരിച്ച് രക്തം ലഭ്യമല്ലാത്ത അവസ്ഥ ആരോഗ്യ ചികിത്സാമേഖലയിലെ പ്രവർത്തനങ്ങളെ ബാധിക്കുന്നതായ വസ്തുത ഗൗരവമായി കാണുന്നുണ്ടോ;

(ബി) രക്തബാങ്കുകളുടെ പ്രവർത്തനങ്ങൾ കാലാനുസൃതമായി നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും ഈ സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിവരിക്കാമോ;

(സി) രക്തം ദാനം ചെയ്യുമ്പോൾ ഒരാളുടെ ജീവൻ രക്ഷിക്കുകയും രക്തദാതാവിന് ആരോഗ്യകരമായ ജീവിതം നയിക്കുന്നതിനുള്ള ശക്തിയാർജ്ജിക്കുകയും ചെയ്യുന്നതിനാൽ സന്നദ്ധ രക്തദാന പ്രവർത്തനത്തെ സംബന്ധിച്ച് അവബോധം സൃഷിക്കുന്നതിനുതകുന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുമോ;

(ഡി) രക്തബാങ്കുകൾ നവീകരിക്കുന്നതിനും രക്തശേഖരണം വ്യപിപ്പിക്കുന്നതിനും മൊബൈൽ രക്ത ശേഖരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആവശ്യാനുസരണം രക്തം ലഭ്യമല്ലെന്ന അവസ്ഥയുള്ളതായി റിപ്പോർട്ടുകളൊന്നും തന്നെ കിട്ടിയിട്ടില്ല.

(ബി) രക്തബാങ്ക് സജ്ജീകരിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും Drugs & Cosmetics Rules, 1945, Schedule F, Part XII B-ൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരമാണ്. പ്രസ്തുത ഷെഡ്യൂളിൽ കാലാകാലങ്ങളായി ആവശ്യാനുസരണമുള്ള ഭേദഗതികൾ വരുത്താറുണ്ട്. ഭേദഗതികൾക്കനുസരിച്ച് രക്തബാങ്കുകൾ നവീകരിച്ച് അവയുടെ പ്രവർത്തനം നടപ്പിൽവരുത്തുന്നുണ്ട്.

(സി) രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിനും അതിനുവേണ്ട ആരോഗ്യപരമായ ജീവിതശൈലി വളർത്തേണ്ടതിന്റെ ആവശ്യകതകൾക്കുമായി വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. ഇതിനായി നാഷണൽ

എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷനും കേരള ഗവൺമെന്റും ഫണ്ട് ലഭ്യമാക്കുന്നുണ്ട്. സന്നദ്ധ രക്തദാനം നടത്തുന്നതിനായി 2,500 രൂപ നിരക്കിൽ രക്തബാങ്കുകൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു. അതുപോലെ ഓരോ ദാതാവിനും 25 രൂപയുടെ ലഘുഭക്ഷണം ലഭ്യമാക്കുന്നുണ്ട്.

(ഡി) കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ കീഴിൽ 15 ബ്ലഡ് ട്രാൻസ്പോർട്ടേഷൻ വാനുകൾ 14 ജില്ലകളിലായി അനുവദിച്ചിട്ടുണ്ട്. രക്തബാങ്കുകളിലെത്തി രക്തം ദാനം ചെയ്യാൻ സാധിക്കാത്തവർക്കായി സംഘടിപ്പിക്കുന്ന രക്തദാന ക്യാമ്പുകളിൽനിന്നും ശേഖരിക്കുന്ന രക്തം സുരക്ഷിതമായി രക്തബാങ്കുകളിലെത്തിക്കുന്നതിനും രക്തബാങ്കുകളിൽനിന്നും രക്തയൂണിറ്റുകൾ വിവിധ രക്തസംഭരണ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും ഈ വാഹനം ഉപയോഗിച്ചുവരുന്നു. കൂടാതെ സന്നദ്ധ രക്തദാന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിലേയ്ക്കായി ഒരു മൊബൈൽ രക്ത സംഭരണ യൂണിറ്റ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ കീഴിൽ നിലവിലുണ്ട്. വിവിധ രക്തബാങ്കുകളും സന്നദ്ധ സംഘടനകളും ഈ മൊബൈൽ രക്തസംഭരണ യൂണിറ്റിന്റെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. മേൽപ്പറഞ്ഞതുകൂടാതെ സിറ്റിസൺ ഇന്ത്യ ഫൗണ്ടേഷൻ ലഭ്യമാക്കിയിട്ടുള്ള ഒരു ബ്ലഡ് മൊബൈൽ സന്നദ്ധ രക്തദാന ക്യാമ്പ് സംഘടിപ്പിക്കുന്നതിനായി 2018 ജൂൺ മുതൽ പ്രവർത്തിക്കുന്നുണ്ട്.

## ആർ.എസ്.ബി.വൈ. പദ്ധതി

169 (5120) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-2019 സാമ്പത്തിക വർഷം ആർ.എസ്.ബി.വൈ. (ബി.പി.എൽ. ആരോഗ്യ കാർഡ്) പദ്ധതിയിൽ ഇടപാടുകാരായ ഇൻഷ്വറൻസ് കമ്പനിയുടെ പേര് വെളിപ്പെടുത്തുമോ;

(ബി) 2018-2019 സാമ്പത്തിക വർഷം എത്ര രൂപയാണ് പ്രസ്തുത കമ്പനി മുഖേന ബി.പി.എൽ. രോഗികൾക്കുവേണ്ടി ചെലവഴിച്ചത്;

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രസ്തുത കമ്പനിക്ക് നൽകിയിട്ടുള്ള തുക എത്രയെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) ആർ.എസ്.ബി.വൈ. പദ്ധതിയെ പ്രസ്തുത കമ്പനി ഏറ്റെടുക്കുന്നതിനു മുൻപ് എത്ര രൂപയാണ് ഒരു വർഷം ബി.പി.എൽ. കാർഡ് ഉടമകൾക്ക് വിതരണം ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് എന്നാണ് ഇൻഷ്വറൻസ് കമ്പനിയുടെ പേര്.

(ബി) RSBY/CHIS ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ ഗുണഭോക്താക്കൾക്ക് തെരഞ്ഞെടുത്ത സർക്കാർ/സ്വകാര്യ/സഹകരണ ആശുപത്രികൾ മുഖേന സൗജന്യ ചികിത്സാ ആനുകൂല്യം നൽകിവരുന്നു. പദ്ധതി നടത്തിപ്പിനായി ടെണ്ടർ വഴി തെരഞ്ഞെടുക്കുന്ന ഇൻഷ്വറൻസ് കമ്പനി ആശുപത്രികളുമായി കരാർ ഒപ്പിടുന്നു. ചികിത്സ നടത്തിയതിന്റെ തുക ഇൻഷ്വറൻസ് കമ്പനി ആശുപത്രികൾക്കാണ് നേരിട്ടുനൽകുന്നത്. 2018-19 സാമ്പത്തിക വർഷം 368 കോടിയോളം രൂപയുടെ ചികിത്സാ ആനുകൂല്യം ഗുണഭോക്താക്കൾക്ക് നൽകിക്കഴിഞ്ഞു.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പദ്ധതിക്കായി ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളിൽനിന്നും ലഭിച്ച തുക പൂർണ്ണമായി വിനിയോഗിച്ചു.

| വർഷം | കേന്ദ്ര-സംസ്ഥാന വിഹിതത്തിന്റെ അനുപാതം | പ്രീമിയം നൽകിയത് (കോടി രൂപയിൽ) | | |
|---|---|---|---|---|
| | | കേന്ദ്രം | സംസ്ഥാനം | മൊത്തം |
| 2008-10 | 75:25 | 42.00 | 9.00 | 51.00 |
| 2010-11 | 75:25 | 43.00 | 37.00 | 80.00 |
| 2011-12 | 75:25 | 66.00 | 139.00 | 205.00 |
| 2012-13 | 75:25 | 129.00 | 181.00 | 310.00 |
| 2013-14 | 75:25 | 111 | 108 | 219.49 |
| 2014-15 | 75:25 | 115 | 121 | 236.00 |
| 2015-16 | 75:25 | 102.7 | 114 | 216.7 |
| 2016-17 | 60:40 | 67.43 | 99.6 | 167.03 |
| 2017-18 | 60:40 | 83.39 | 172.5 | 255.89 |
| 2018-19 | 60:40 | 86.90 | 215.91 | 302.81 |

(ഡി) ആർ.എസ്.ബി.വൈ. പദ്ധതി ഒരു സൗജന്യ ചികിത്സ പദ്ധതിയാകുന്നു. ടി പദ്ധതി വഴി ബി.പി.എൽ. ഗുണഭോക്താക്കൾക്ക് പണമായി ഒന്നും ലഭിക്കുന്നില്ല. പ്രസ്തുത കുടുംബങ്ങൾക്ക് റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ആർ.എസ്.ബി.വൈ. പദ്ധതി ഏറ്റെടുത്തതിന് മുൻപും ചികിത്സയായി മാത്രമേ ആനുകൂല്യം ലഭിച്ചിരുന്നുള്ളൂ.

**കാൻസർ പ്രതിരോധത്തിനായി ആയുർദീപ്തം പദ്ധതി**

170 (5121) ശ്രീ. പി. ടി. എ. റഹീം:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗബാധിതരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കാൻസറിനെതിരെ പ്രതിരോധം തീർക്കുവാനും കാൻസർ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കാൻസർ രോഗ നിർണ്ണയം തുടക്കത്തിൽ തന്നെ ആരംഭിക്കുന്നതിനും ചികിത്സ ഉറപ്പാക്കുന്നതിനും സമ്പൂർണ്ണ കാൻസർ രജിസ്റ്റർ തയ്യാറാക്കുന്നതിനുമായി ആയുർ ദീപ്തം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ കാൻസർ സെന്ററുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും എല്ലാ മെഡിക്കൽ കോളേജുകളിലും കാൻസർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ രോഗത്തെ പ്രതിരോധിക്കുന്നതിനും മുൻകൂട്ടി നിർണ്ണയിക്കുന്നതിനും ചികിത്സയും സാന്ത്വന പരിചരണവും നൽകുന്നതിനും സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തിരുവനന്തപുരത്തും തലശ്ശേരിയിലുമുള്ള കാൻസർ സെന്റർ ശാക്തീകരിക്കുന്നതിന് പുറമേ കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിനെ മികവുറ്റ കാൻസർ ചികിത്സാ കേന്ദ്രമാക്കി മാറ്റുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ ഓങ്കോളജി യൂണിറ്റുകൾ ആരംഭിച്ചുകൊണ്ട് സർക്കാർ മെഡിക്കൽ കോളേജുകളിൽ കാൻസർ ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുന്നതിന് സാധ്യമായിട്ടുണ്ട്. ജില്ലാ/താലൂക്ക് ആശുപത്രികളിൽ കീമോതെറാപ്പി

ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങൾ വിഭാവന ചെയ്യുന്ന ജില്ലാ കാൻസർ കെയർ പദ്ധതി കൂടുതൽ സ്ഥാപനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ ജില്ലാ ആശുപത്രികൾ കേന്ദ്രീകരിച്ച് പാലിയേറ്റീവ് കീമോ തെറാപ്പി വാർഡുകൾ അഭയം എന്ന പേരിൽ 14 ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ സർക്കാർ/സ്വകാര്യ ആരോഗ്യ കേന്ദ്രങ്ങളെ റീജിയണൽ കാൻസർ സെന്ററുകളുമായി കോർത്തിണക്കി കാൻസർ ഗ്രിഡിനും അതിലൂടെ സമ്പൂർണ്ണ കാൻസർ രജിസ്ട്രേഷൻ നടത്തുന്നതിനും നിർദ്ദേശം നൽകുന്ന കാൻസർ സ്ട്രാറ്റജി ആവിഷ്കരിക്കുന്നതിനും അതിലൂടെ ആശുപത്രികളെ അവയുടെ ചികിത്സാ സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ പല തലങ്ങളായി തിരിച്ചുകൊണ്ട് കാൻസർ ചികിത്സയ്ക്കുള്ള അടിസ്ഥാന സൗകര്യ വികസനം നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലയിൽ കാൻസർ പ്രതിരോധത്തിനായി ആയുർദീപ്തം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലാ പഞ്ചായത്തും മലബാർ കാൻസർ സെന്ററും ആരോഗ്യ വകുപ്പും ദേശീയ ആരോഗ്യ ദൗത്യവും സംയുക്തമായി ഇതിന്റെ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) നാഷണൽ കാൻസർ ഗ്രിഡ്, കേരള കാൻസർ ഗ്രിഡ് തുടങ്ങിയ കാൻസർ ചികിത്സാ മാർഗ്ഗരേഖകൾ കേരളത്തിൽ നടപ്പിലാക്കാൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കാൻസർ രോഗികൾക്ക് ശരിയായ ചികിത്സകൾ ഉറപ്പുവരുത്താൻ മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡ് (MDT) എല്ലാ കാൻസർ സെന്ററുകളിലും മെഡിക്കൽ കോളേജുകളിലും നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, മഞ്ചേരി, കോഴിക്കോട് സർക്കാർ ആശുപത്രികളിൽ റേഡിയോതെറാപ്പി വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്ലാനും അത്യാവശ്യംവേണ്ട ചികിത്സാ ഉപകരണങ്ങളുടെ ലിസ്റ്റും തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ റേഡിയോതെറാപ്പി വിഭാഗത്തെ ടെർഷ്യറി കാൻസർ കെയർ സെന്ററാക്കി മാറ്റുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കിവരുന്നു. രണ്ടാമത്തെ ലീനിയർ ആക്സിലറേറ്റർ മെഷീനും സി.ടി.സിമുലേറ്റർ മെഷീനും പ്രവർത്തനസജ്ജമായിക്കൊണ്ടിരിക്കുന്നു. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളജിൽ ലീനിയർ ആക്സിലറേറ്റർ മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ പുതിയതായി ഒരു ടെലി കൊബാൾട്ട് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടിയും നടന്നുവരുന്നു.

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ കാൻസർ വിഭാഗം മെച്ചപ്പെടുത്തുന്നതിനായി സർജിക്കൽ ഓങ്കോളജി, ഗൈനക്ക് ഓങ്കോളജി, ഓർത്തോ ഓങ്കോളജി എന്നീ യൂണിറ്റുകൾ പുതുതായി പ്രവർത്തനം ആരംഭിച്ചു.

## സുകൃതം പദ്ധതി

171 (5122) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ ചികിത്സയ്ക്കുള്ള സുകൃതം പദ്ധതിയുടെ വിശദവിവരങ്ങൾ അറിയിക്കുമോ;

(ബി) സുകൃതം പദ്ധതി മുഖേന ചികിത്സ ലഭിക്കേണ്ടതിന്റെ നടപടിക്രമങ്ങൾ വ്യക്തമാക്കാമോ;

(സി) സുകൃതം പദ്ധതിയിലൂടെ ചികിത്സ ലഭിക്കുന്ന ആശുപത്രികളുടെ വിവരം നൽകാമോ?

### ഉത്തരം

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കാൻസർ രോഗികൾക്ക് തെരഞ്ഞെടുത്ത ആശുപത്രികളിൽ സൗജന്യ സേവനം ഉറപ്പുവരുത്തുന്ന പദ്ധതിയാണ് സുകൃതം. 2014-ൽ ആരംഭിച്ച ഈ പദ്ധതി തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ - തലശ്ശേരി, തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങൾ മുഖാന്തരമാണ് നടപ്പിലാക്കിയിട്ടുള്ളത്.

കാൻസർ രോഗികൾക്ക് മൂന്നുലക്ഷം രൂപ വരെയുള്ള മരുന്ന്, ചികിത്സാ ചെലവ് എന്നിവയാണ് പദ്ധതിയിലൂടെ നൽകുന്നത്. ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനത്തിനായി തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിന് 12 കോടി രൂപയും മലബാർ കാൻസർ സെന്ററിന് 5 കോടി രൂപയും മെഡിക്കൽ കോളേജുകൾക്കും എറണാകുളം ജനറൽ ആശുപത്രിക്കും 2 കോടി രൂപ വീതവും കോർപ്പസ് ഫണ്ട് അനുവദിച്ചിരുന്നു.

പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി TVM/TC/1423/14 എന്ന നമ്പറിൽ കേരള കാൻസർ കെയർ സൊസൈറ്റി രജിസ്റ്റർ ചെയ്യുകയും സൊസൈറ്റിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ധനസമാഹരണത്തിന് മറ്റ് ധനസ്രോതസ്സുകളിൽനിന്നും പണം സ്വീകരിക്കുന്നതിനാണ് ഈ അക്കൗണ്ട് ആരംഭിച്ചിട്ടുള്ളത്. പദ്ധതിയുടെ പ്രയോജനം ജനങ്ങൾക്ക് വേഗത്തിൽ ലഭിക്കുന്നതിന് ആശുപത്രികളിൽ സുകൃതം കൗണ്ടർ ആരംഭിക്കുന്നതിനും കോ-ഓർഡിനേറ്ററെ നിയമിക്കുന്നതിനും നടപടി സ്വീകരിച്ചിരുന്നു.

(ബി) സുകൃതം പദ്ധതിയിൽനിന്നും സഹായം ലഭിക്കുന്നതിന് രോഗി കാൻസർ സ്ഥിരീകരിച്ച ആളായിരിക്കണം. ബി.പി.എൽ. കാർഡോ, ആർ.എസ്.ബി.വൈ. കാർഡോ ആവശ്യമെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാക്ഷ്യപത്രമോ ഉള്ളവർക്ക് മാത്രമേ ഇതിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ.

മൂന്നുലക്ഷം രൂപ വരെയുള്ള ധനസഹായമാണ് ഈ പദ്ധതിയിലൂടെ നൽകിവരുന്നത്. ഇതിന് മുകളിൽ ആവശ്യമായി വരുന്ന തുകയ്ക്ക് കേരള കാൻസർ കെയർ സൊസൈറ്റിയുടെ അനുമതി ആവശ്യമാണ്. മരുന്നും ചികിത്സാ ചെലവും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ഈ തുക ഉപയോഗിക്കാവുന്നതാണ്. ആശുപത്രിയിലെത്തുന്ന രോഗി സുകൃതം കൗണ്ടറിലെ കോ-ഓർഡിനേറ്ററുമായി ബന്ധപ്പെട്ട് അവശ്യരേഖകൾ സാക്ഷ്യപ്പെടുത്തി പദ്ധതിയിൽ ഗുണഭോക്താവായി രജിസ്റ്റർ ചെയ്യണം.

(സി) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, തലശ്ശേരി മലബാർ കാൻസർ സെന്റർ, തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നവയാണ് സുകൃതം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആശുപത്രികൾ.

## ഹൃദ്യം പദ്ധതി

172 (5123) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൃദയ വൈകല്യമുള്ള നവജാത ശിശുക്കൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന ഹൃദ്യം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഹൃദ്യം പദ്ധതിയിലൂടെ ചികിത്സ ലഭിക്കുന്നതിന് ശിശുവിന്റെ രക്ഷിതാക്കളും ആശുപത്രി അധികൃതരും സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കുട്ടികളിലുള്ള ജന്മനായുള്ള ഹൃദ്രോഗം യഥാസമയം കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും കാലതാമസം നേരിടുന്നു. യഥാസമയം കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കാനും ഫോളോ-അപ്പ് നടപടികളെ ഏകീകരിക്കാനും വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഹൃദ്യം. ഈ പദ്ധതിയിൽ ഒരു സോഫ്റ്റ്‌വെയർവഴി ഹൃദ്രോഗമുള്ള കുട്ടികളെ രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ നിരീക്ഷിക്കുകയും പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു.

(ബി) സർക്കാർ ആശുപത്രിയിൽ ജനിക്കുന്ന കുട്ടികളെ Comprehensive New Born Screening-ൽ ഹൃദയ തകരാറുകൾ കണ്ടെത്തിക്കഴിഞ്ഞാൽ ആശുപത്രിയിലെ ശിശുരോഗ വിദഗ്ദ്ധന്റെ നിർദ്ദേശ പ്രകാരം ECHO Report-കൾ എടുത്ത് കുട്ടികളുടെ രക്ഷിതാക്കൾക്ക് യാതൊരുവിധ ബുദ്ധിമുട്ടുകളും വരുത്താതെ ആശുപത്രി അധികൃതർതന്നെ കുട്ടികളെ (hridyam.in) ഹൃദ്യത്തിൽ രജിസ്റ്റർ ചെയ്യുന്നു. കൂടാതെ സ്വകാര്യ ആശുപത്രികളിൽ ജനിക്കുന്ന കുട്ടികളിൽ ഹൃദയ വൈകല്യം കണ്ടെത്തിക്കഴിഞ്ഞാൽ ഈ പദ്ധതിയുടെ ആനുകൂല്യം കിട്ടുന്നതിനായി hridyam.in എന്ന വെബ്സൈറ്റിൽ ആവശ്യമായ വിവരണങ്ങളും ECHO Report ചേർത്ത് കുട്ടിയുടെ മാതാപിതാക്കൾക്കുതന്നെ 'ഹൃദ്യ'ത്തിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ശേഷം രജിസ്റ്റർ ചെയ്ത കുട്ടികൾക്ക് അതാത് ജില്ലയിലെ DEIC (District Early Intervention Centre) മാനേജർ മുഖേന തുടർചികിത്സകൾക്കായി നടപടികൾ ആരംഭിക്കുന്നു.

**വയനാട് ജില്ലയിലെ വയോമിത്രം പദ്ധതി**

173 (5124) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വയോമിത്രം പദ്ധതി പ്രകാരം നടപ്പാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥരാണ് ജോലി ചെയ്തുവരുന്നത്;

(സി) പദ്ധതിക്കായി ജില്ലയിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും അവ ഏതെല്ലാം ഇനത്തിലാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വയനാട് ജില്ലയിൽ കല്പറ്റ നഗരസഭയിൽ 2011-ൽ ആരംഭിച്ച വയോമിത്രം പദ്ധതി 2018-ൽ സുൽത്താൻ ബത്തേരി, മാനന്തവാടി നഗരസഭകളിൽകൂടി ആരംഭിക്കുകയുണ്ടായി. മുതിർന്ന പൗരന്മാരുടെ ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി സൗജന്യമായി ജീവിതശൈലീ രോഗ നിർണ്ണയവും മരുന്നുകളും പാലിയേറ്റീവ് പരിചരണം, കൗൺസിലിംഗ്, ഹെൽപ്പ്ഡെസ്കിന്റെ സേവനം എന്നിവ ഈ പദ്ധതിപ്രകാരം നൽകുന്നുണ്ട്.

കല്പറ്റ നഗരസഭയിൽ 41 ക്ലിനിക്കുകളും സുൽത്താൻ ബത്തേരി നഗരസഭയിൽ 21 ക്ലിനിക്കുകളും മാനന്തവാടിയിൽ 20 ക്ലിനിക്കുകളും നടത്തിവരുന്നുണ്ട്. മൂന്ന് നഗരസഭയിലെയും എല്ലാ വാർഡുകളിലും ടി പദ്ധതി പ്രകാരമുള്ള ക്ലിനിക്കുകൾ നടത്തിവരുന്നുണ്ട്.

കൂടാതെ വിവിധ ദിനാചരണ പരിപാടികൾ, സൗജന്യ നേത്ര പരിശോധനാ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവയും വയോമിത്രം യൂണിറ്റ് തലത്തിൽ നടത്തിവരുന്നുണ്ട്.

(ബി) വയനാട് ജില്ലയിലെ മൂന്ന് യൂണിറ്റുകളിലായി 13 പേർ ജോലി ചെയ്തുവരുന്നുണ്ട്.

(സി) വയോമിത്രം പദ്ധതിക്കായി വയനാട് ജില്ലയിൽ നാളിതുവരെ ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ചെലവഴിച്ച തുക (രൂപ) |
|---|---|---|
| 1 | വേതനം | 1,31,64,647 |
| 2 | വാഹന വാടക | 42,51,410 |
| 3 | മരുന്ന് | 1,06,56,811 |
| 4 | ഓഫീസ് ചെലവ് | 48,090 |
| ആകെ | | 2,81,20,958 |

**സൗജന്യ ചികിത്സാപദ്ധതികൾ**

174(5125) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിർധന കുടുംബത്തിൽപ്പെടുന്ന രോഗികൾക്ക് എന്തെല്ലാം സൗജന്യ ചികിത്സാപദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

മാരകമായ രോഗങ്ങൾ കാരണം വിഷമിക്കുന്ന പാവപ്പെട്ട രോഗികളെ സാമ്പത്തികമായി സഹായിക്കുകയെന്ന ലക്ഷ്യത്തോടെ രൂപീകരിച്ച സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ (SMAP) കുടുംബവാർഷിക വരുമാനം 3 ലക്ഷം രൂപയിൽ താഴെയുള്ള നിർധന കുടുംബത്തിൽപ്പെടുന്ന ധനസഹായം നൽകുന്നതിനുവേണ്ടി നിശ്ചയിച്ചിട്ടുള്ള മാരക രോഗങ്ങളാൽ അവശത

അനുഭവിക്കുന്ന രോഗികൾക്ക് ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപ ഒറ്റത്തവണ ധനസഹായം നൽകുന്നു. ഒരു രോഗിക്ക് ഒരു തവണ മാത്രമേ ഇതിൻ പ്രകാരം ധനസഹായം ലഭിക്കാൻ വ്യവസ്ഥയുള്ളൂ. ഇതുകൂടാതെ SMAP-ന്റെ പരിധിയിൽ വരുന്ന രോഗികൾക്ക് മറ്റേതെങ്കിലും സർക്കാർ ആനുകൂല്യം ലഭ്യമായിട്ടുണ്ടെങ്കിൽ ചികിത്സയ്ക്ക് ആ തുകയേക്കാൾ അധികം വന്ന ചെലവ് രോഗിയുടെ പക്കൽനിന്നും ചെലവ് വന്നതായി ചികിൽസിക്കുന്ന ഡോക്ടർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപ വരെ അനുവദിക്കുന്നുണ്ട്. സംസ്ഥാനത്തെ 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽ ചികിത്സ നൽകുന്നതിനായി ആരോഗ്യ കിരണം RBSK (രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം) എന്നിവ നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ ഒരു വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ നൽകുന്നതിനായി JSSK എന്ന പദ്ധതി നടപ്പാക്കിവരുന്നു.

ഗർഭിണികൾക്ക് സർക്കാർ ആശുപത്രികളിൽ ചികിത്സ നൽകുന്നതിനായി JSSK എന്ന പദ്ധതി നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിയിൽ ഗർഭിണികൾക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ ആരോഗ്യ പരിശോധന, ലബോറട്ടറി പരിശോധന, ചികിത്സ എന്നിവ നൽകിവരുന്നു.

BPL കുടുംബങ്ങൾക്കായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ചികിത്സാ പദ്ധതിയാണ് RSBY. ഒരു കുടുംബത്തിന് 30,000 രൂപയുടെ ചികിത്സാ ആനുകൂല്യം ലഭിക്കുന്നുണ്ട്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ആയുഷ്മാൻ ഭാരത്-പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന (AB-PMJAY) പദ്ധതിയുമായി സംയോജിച്ചുകൊണ്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതിയാണ്. ഈ പദ്ധതി വഴി തെരഞ്ഞെടുത്ത ദുർബല വിഭാഗം ജനങ്ങൾക്ക് ഒരു വർഷം അഞ്ച് ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സ തെരഞ്ഞെടുത്ത സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ/സഹകരണ ആശുപത്രികൾ വഴി ലഭ്യമാകും. മാത്രമല്ല, ഗുണഭോക്താവിന് രാജ്യത്തെവിടെയും ആയുഷ്മാൻ ഭാരത് -പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആശുപത്രികൾ വഴിയും ചികിത്സ തേടാവുന്നതാണ്. നിലവിൽ 2019 മാർച്ച് 31 വരെ സാധുതയുള്ള ആർ.എസ്.ബി.വൈ. കാർഡ് ഉള്ളവർക്കോ 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസിൽ ദുർബല വിഭാഗം ആയവർക്കും പദ്ധതിയിൽ അംഗമാകാവുന്നതാണ്. പദ്ധതി 2019 ഏപ്രിൽ ഒന്ന് മുതൽ സംസ്ഥാനത്ത് നിലവിൽവന്നു.

## രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന പദ്ധതി

175 (5126) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര ഗുണഭോക്താക്കൾ നിലവിലുണ്ട്;

(സി) ഇതിന്റെ ഭാഗമായുള്ള തിരിച്ചറിയൽ കാർഡ് വിതരണം സുഗമമായി നടത്തുവാൻ സാധിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന ചികിത്സ, പരമാവധി അനുവദിക്കാവുന്ന തുക, ചികിത്സ ലഭിക്കുന്ന ആശുപത്രികളുടെ വിവരം എന്നിവ ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതിയിലൂടെ സ്വകാര്യ ആശുപത്രികൾക്കടക്കം ചെലവായ തുക നൽകുന്നതിന് തടസ്സം നേരിട്ടിട്ടുണ്ടോ; അറിയിക്കുമോ;

(എഫ്) നാളിതുവരെ ഈ ഇനത്തിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ-ഡി) രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (ആർ.എസ്.ബി.വൈ.) പദ്ധതിവഴി ഒരു കുടുംബത്തിലെ അഞ്ചുപേർക്ക് ഒരു വർഷം പരമാവധി മുപ്പതിനായിരം രൂപ വരെ ചികിത്സ നൽകുന്ന പദ്ധതിയാണ് ആർ.എസ്.ബി.വൈ. പ്രസ്തുത പദ്ധതി തെരഞ്ഞെടുത്ത സർക്കാർ/സ്വകാര്യ/സഹകരണ ആശുപത്രികൾവഴി സംസ്ഥാനത്ത് നടപ്പിലാക്കിയിരുന്നു. ടി പദ്ധതിയിൽ കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്തവർക്കായി സംസ്ഥാന സർക്കാർ ചിസ് എന്ന പദ്ധതി രൂപീകരിച്ചു. ആർ.എസ്.ബി.വൈ. പദ്ധതിയുടെ ആനുകൂല്യം വ്യാപിപ്പിച്ചിരുന്നു. ചിസ് പദ്ധതിയിൽ അംഗമായവരുടെ പ്രീമിയം തുക പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിച്ചിരുന്നു. എന്നാൽ ടി പദ്ധതി 2019 മാർച്ച് 31-ന് അവസാനിക്കുകയും ഇതിന്റെ സ്ഥാനത്ത് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) നിലവിൽ വരികയുമുണ്ടായി. കേന്ദ്ര സർക്കാർ ടി പദ്ധതി നിർത്തലാക്കിയതും പുതിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി അവതരിപ്പിച്ചതിനാലുമാണ് ആർ.എസ്.ബി.വൈ. പദ്ധതി 2019 മാർച്ച് 31-ന് സംസ്ഥാനത്ത് സമാപിച്ചത്.

ആർ.എസ്.ബി.വൈ./ചിസ് പദ്ധതി സംസ്ഥാനത്ത് നിർത്തലാക്കുന്ന ഘട്ടത്തിൽ 2157472 കുടുംബങ്ങൾ ആർ.എസ്.ബി.വൈ. പദ്ധതിയിലും 1938989 കുടുംബങ്ങൾ ചിസ് പദ്ധതിയിലും അംഗങ്ങളായിരുന്നു.

(ഇ) ആശുപത്രികൾക്ക് ക്ലെയിം ഇനത്തിൽ ലഭിക്കേണ്ട തുക, ക്ലെയിം ഉണ്ടായതിനുശേഷം മുപ്പത് ദിവസത്തിനകം തീർപ്പുകൽപ്പിക്കുന്നതിനാണ് ഇൻഷ്വറൻസ് കമ്പനിയും ആശുപത്രിയും തമ്മിലുള്ള ധാരണാപത്രം പ്രകാരം ചെയ്യേണ്ടത്. ഏതെങ്കിലും ക്ലെയിം ഇൻഷ്വറൻസ് കമ്പനി നിരാകരിച്ചിട്ടുണ്ടാകിൽ ആശുപത്രികളും ജില്ലാതല പരാതി പരിഹാര കമ്മിറ്റിയിലോ സംസ്ഥാനതല പരാതി പരിഹാര കമ്മിറ്റിയിലോ സമീപിച്ച് തീർപ്പ് കൽപ്പിക്കാവുന്നതാണ്.

(എഫ്) ആർ.എസ്.ബി.വൈ./ചിസ് പദ്ധതിക്കായി ഇൻഷ്വറൻസ് പ്രീമിയം ഇനത്തിൽ സർക്കാർ ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | കേന്ദ്ര സംസ്ഥാന വിഹിതത്തിന്റെ അനുപാതം | പ്രീമിയം നൽകിയത് (കോടി രൂപയിൽ) | | |
|---|---|---|---|---|
| | | കേന്ദ്രം | സംസ്ഥാനം | മൊത്തം |
| 2008-10 | 75:25 | 42.00 | 9.00 | 51.00 |
| 2010-11 | 75:25 | 43.00 | 37.00 | 80.00 |
| 2011-12 | 75:25 | 66.00 | 139.00 | 205.00 |
| 2012-13 | 75:25 | 129.00 | 181.00 | 310.00 |
| 2013-14 | 75:25 | 111.00 | 108.00 | 219.00 |
| 2014-15 | 75:25 | 115.00 | 121.00 | 236.00 |
| 2015-16 | 75:25 | 102.70 | 114.00 | 216.70 |
| 2016-17 | 60:40 | 67.43 | 99.60 | 167.03 |
| 2017-18 | 60:40 | 83.39 | 172.50 | 255.89 |
| 2018-19 | 60:40 | 86.90 | 215.91 | 302.81 |

**അമ്മയെയും കുഞ്ഞിനെയും പ്രസവശേഷം സൗജന്യമായി വീട്ടിലെത്തിക്കുന്ന പദ്ധതി**

176 (5127) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രസവശേഷം അമ്മയെയും കുഞ്ഞിനെയും സൗജന്യമായി വീട്ടിലെത്തിക്കുന്ന പദ്ധതി ഏതെല്ലാം ആശുപത്രികളിലാണ് ഇപ്പോൾ ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ ഭാഗമായി കോഴിക്കോട് മാതൃശിശുസംരക്ഷണ കേന്ദ്രത്തിൽനിന്നും എത്രപേർക്ക് സൗജന്യയാത്രാസഹായം നൽകി; ഇതിനായി ആകെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(സി) കോഴിക്കോട് മെഡിക്കൽ കോളേജിൽനിന്നും ഒരു ദിവസം ശരാശരി എത്ര പേർക്ക് ഇത്തരത്തിലുള്ള സഹായം നൽകുന്നുണ്ട്; എത്ര രൂപ ഇതിനായി ചെലവഴിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മാതൃയാനം എന്ന പദ്ധതിയിലൂടെ അമ്മയെയും കുഞ്ഞിനെയും സൗജന്യമായി വീട്ടിലെത്തിക്കുന്ന സ്ഥാപനങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കൂടാതെ ജെ.എസ്.എസ്.കെ. പദ്ധതിപ്രകാരം പ്രസവം നടക്കുന്ന എല്ലാ സർക്കാർ ആശുപത്രികളിലും ഒരു നിശ്ചിത യാത്രാ ബത്ത (500 രൂപ) നൽകിവരുന്നു.

(ബി) 2019 ജനുവരി മുതൽ 3048 അമ്മമാർക്ക് സൗജന്യ യാത്രാസഹായം നൽകി. ഇതിനായി 36,69,230 രൂപ ചെലവഴിച്ചു.

(സി) ഒരു ദിവസം ശരാശരി 20 പേർക്ക് ഈ സഹായം നൽകുന്നു. ഇതിനായി പ്രതിദിനം ശരാശരി ചെലവ് 26,000 രൂപയാണ്.

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

177 (5128) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19 വർഷങ്ങളിൽ ആരോഗ്യവകുപ്പിന് കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ലഭിച്ച തുക എത്രയെന്നും ഇതിൽ സംസ്ഥാന വിഹിതം എത്രയെന്നും ഈ വർഷങ്ങളിൽ ചെലവഴിക്കാത്ത തുക നഷ്ടപ്പെട്ടിട്ടുണ്ടോയെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ കൃത്യമായി നടപ്പിലാകാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മേപ്പടി വർഷങ്ങളിൽ കൃത്യമായി പ്രൊപ്പോസലുകൾ നൽകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) വളാഞ്ചേരി നഗരസഭയ്ക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ആരോഗ്യകേന്ദ്രം അനുവദിക്കണമെന്നുള്ള വിഷയത്തിൽ എൻ.യു.എച്ച്.എം. സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ഇ) നാഷണൽ അർബൻ ഹെൽത്ത് മിഷൻ, ഈ വർഷത്തെ പദ്ധതിയിൽ വളാഞ്ചേരി നഗരസഭയിൽ പുതിയ ആരോഗ്യകേന്ദ്രം അനുവദിക്കുന്ന കാര്യം ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് എൻ.യു.എച്ച്.എം. ഡയറക്ടറേറ്റിലെ ഫയലിന്റെ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ)

| വർഷം | ആകെ തുക | കേന്ദ്ര വിഹിതം (രൂപ കോടിയിൽ) | സംസ്ഥാന വിഹിതം (രൂപ കോടിയിൽ) | മുൻവർഷം ചെലവാക്കാത്ത തുക പ്രസ്തുത വർഷം അധികം അനുവദിച്ചു കിട്ടിയത് |
|---|---|---|---|---|
| <u>2016-17</u> പദ്ധതി അടങ്കൽ തുക | 506.41 | 304.21 | 202.2 | 62.23 |
| ലഭിച്ച തുക | 578.11 (മുൻ വർഷത്തെ ബാക്കി ലഭിക്കാനുള്ള തുക ഉൾപ്പെടെ) | 275.31 | 302.8 (മുൻ വർഷത്തെ ബാക്കി ലഭിക്കാനുള്ള തുക ഉൾപ്പെടെ) | - |
| <u>2017-18</u> പദ്ധതി അടങ്കൽ തുക | 530.88 | 318.53 | 212.35 | 106.51 |
| ലഭിച്ച തുക | 561.95 | 303.84 | 258.11 | |
| <u>2018-19</u> പദ്ധതി അടങ്കൽ തുക | 955.317 | 573.19 | 382.17 | 127.09 |
| ലഭിച്ച തുക | 1009.78 | 797.07 (മുൻ വർഷത്തെ കുടിശ്ശിക ഉൾപ്പെടെ) | 212.71 | |

ചെലവഴിക്കാത്ത തുക അടുത്ത വർഷങ്ങളിൽ നൽകുന്ന പദ്ധതികളിൽ അനുവദിച്ചുതരുന്നതിനാൽ തുക നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുന്നില്ല.

(ബി) എൻ.എച്ച്.എം.-ന് ഫണ്ട് ലഭിക്കാത്തതിനാൽ പദ്ധതികൾ നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം ഇതുവരെ ഉണ്ടായിട്ടില്ല.

(സി) എല്ലാ വർഷവും ജനുവരി-ഫെബ്രുവരി മാസങ്ങളിൽ പ്രൊപ്പോസൽ നൽകുകയും ആയതിൻപ്രകാരം അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ അർബൻ ഹെൽത്ത് മിഷന്റെ ഭാഗമായി ഒരു നഗരത്തെ ഉൾപ്പെടുത്തി അവിടെ നഗര പ്രാഥമികാരോഗ്യ കേന്ദ്രം (UPHC) സ്ഥാപിക്കണമെങ്കിൽ കുറഞ്ഞത് അൻപതിനായിരം ജനസംഖ്യ ഉണ്ടായിരിക്കണം (ജില്ലാ ആസ്ഥാനമായ നഗരങ്ങളിൽ കുറഞ്ഞത് മുപ്പതിനായിരവും). 2011-ലെ കാനേഷുമാരി അനുസരിച്ചാണ് ഈ പദ്ധതിക്കായി ജനസംഖ്യ പരിഗണിക്കുന്നത്. എന്നാൽ മലപ്പുറം ജില്ലയിലെ വളാഞ്ചേരി നഗരസഭയുടെ ജനസംഖ്യ (2011) 40318 ആയതിനാൽ ഈ നഗരസഭാ പ്രദേശത്ത് നഗര പ്രാഥമിക ആരോഗ്യ കേന്ദ്രം അനുവദിച്ചു കിട്ടാത്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ മഞ്ചേരിയിൽ രണ്ടെണ്ണം അടക്കം മലപ്പുറം ജില്ലയിലെ മറ്റ് 11 നഗരങ്ങളിലും ഈ പദ്ധതിയുടെ ഭാഗമായി നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ഇ) നാഷണൽ അർബൻ ഹെൽത്ത് മിഷന്റെ ഈ വർഷത്തെ പദ്ധതിയിൽ വളാഞ്ചേരി നഗരസഭയിൽ പുതിയ ആരോഗ്യകേന്ദ്രം അനുവദിക്കുന്ന കാര്യം ഉൾപ്പെടുത്തിയിട്ടില്ല.

**ആർദ്രം മിഷന്റെ ഭാഗമായി താലൂക്കാശുപത്രികളിലെ സൗകര്യങ്ങൾ**

178(5129) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർദ്രം മിഷന്റെ ഭാഗമായി എത്ര താലൂക്ക് ആശുപത്രികളെയാണ് ഉൾപ്പെടുത്തിയത്;

(ബി) പ്രസ്തുത ആശുപത്രികളിൽ എന്തൊക്കെ സേവനങ്ങളാണ് പുതുതായി ഉറപ്പുവരുത്തുന്നത്; വിശദീകരിക്കാമോ;

(സി) ആർദ്രം മിഷന്റെ ഭാഗമായി എത്ര തസ്തികകളാണ് പ്രസ്തുത താലൂക്ക് ആശുപത്രികളിൽ പുതുതായി സൃഷ്ടിച്ചത്; വിശദമാക്കാമോ;

(ഡി) കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ ഇതിന്റെ ഭാഗമായി എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; അവ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) താലൂക്കാശുപത്രിയുടെ പട്ടികയിൽ ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 75 ആശുപത്രികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. 2018-19-ൽ നിശ്ചിത സൗകര്യങ്ങളോടെയുള്ള വികസന പ്രവർത്തനങ്ങൾക്കായി 28 സ്ഥാപനങ്ങളെ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ടി ആശുപത്രികളിൽ മാനദണ്ഡമനുസരിച്ച് തസ്തികകൾ സൃഷ്ടിക്കൽ, സ്പെഷ്യാലിറ്റി സേവനം ഏർപ്പെടുത്തുക, അടിസ്ഥാന സൗകര്യ വികസനം, ഒ.പി. ട്രാൻസ്ഫർമേഷൻ സൗകര്യം മുതലായ സേവനങ്ങളാണ് ഏർപ്പെടുത്തുന്നത്.

(സി) ആർദ്രം മിഷന്റെ ഭാഗമായി പ്രസ്തുത താലൂക്കാശുപത്രികളിലായി 431 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) കൊയിലാണ്ടി താലൂക്കാശുപത്രിയിൽ ആർദ്രം പദ്ധതി പ്രകാരം സൃഷ്ടിച്ച തസ്തികകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തികകൾ | എണ്ണം |
|---|---|---|
| 1 | ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ) | 1 |
| 2 | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 2 |
| 3 | ഇ.സി.ജി. ടെക്നീഷ്യൻ | 1 |
| 4 | മെഡിക്കൽ റിക്കോർഡ് ലൈബ്രേറിയൻ | 1 |
| 5 | സ്റ്റാഫ് നഴ്സ് | 2 |

**ആർദ്രം പദ്ധതിയുടെ മൂന്ന് ഘട്ടങ്ങളുടെയും പൂർത്തീകരണം**

179 (5130) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാംഘട്ട ആർദ്രം പദ്ധതി എപ്പോഴാണ് ആരംഭിക്കുന്നതെന്നും അതിൽ എത്ര ആശുപത്രികളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത ഘട്ടം എപ്പോഴാണ് പൂർത്തീകരിക്കുന്നതെന്നും അറിയിക്കാമോ;

(ബി) രണ്ടാംഘട്ട പദ്ധതിയിൽ എത്ര സ്ഥിരം തസ്തികകൾ ഉണ്ട്; ഇതിൽ എത്ര ഫാർമസിസ്റ്റ് തസ്തികകൾ ഉണ്ട്; വ്യക്തമാക്കാമോ;

(സി) പദ്ധതി പ്രകാരം പുതുതായി സൃഷ്ടിച്ച തസ്തികകളിൽ നേഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ, ഒപ്റ്റോമെട്രിസ്റ്റ് എന്നിവ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എണ്ണം ലഭ്യമാക്കുമോ;

(ഡി) നവകേരള മിഷന്റെ മുഖമുദ്രയായ ആർദ്രം പദ്ധതിയുടെ മൂന്ന് ഘട്ടങ്ങളും പൂർത്തീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) സമഗ്രവും അടിസ്ഥാനപരവുമായ പരിഷ്കാരങ്ങളാണ് ആരോഗ്യ മേഖലയിൽ ഈ സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി പൊതുജനാരോഗ്യ സംരക്ഷണത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള ആരോഗ്യ സംവിധാനത്തിന്റെ പരിപൂർണ്ണ പരിവർത്തനമാണ് നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ആർദ്രം പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നത്. ഇതിന്റെ ഭാഗമായി ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ തെരഞ്ഞെടുത്ത് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ നിലവിൽ പുരോഗമിച്ചുവരികയാണ്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. ഇതുകൂടാതെ മിനിമം അംഗീകൃത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി ഒരു ജില്ലയിൽ രണ്ടുവീതം സംസ്ഥാനത്തെ 28 താലൂക്കാശുപത്രികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇവയ്ക്കുപുറമേ ഏഴ് ജില്ലാതല ആശുപത്രികളെയും ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുത്ത സ്ഥാപനങ്ങളിലേയ്ക്ക് അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ഗ്യാപ് അനാലിസിസ് നടത്തി തസ്തിക പുനഃക്രമീകരണം നടത്തുന്നതിനുള്ള പ്രവൃത്തികളും നടന്നുവരുന്നു. ആർദ്രം പദ്ധതിയുടെ എല്ലാ ഘട്ടങ്ങളും പൂർത്തിയാകുമ്പോൾ സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളെയും ആർദ്രം പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരിക എന്നതാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി&സി) ആർദ്രം പദ്ധതി പ്രകാരം സൃഷ്ടിച്ച തസ്തികകൾ എല്ലാംതന്നെ സ്ഥിരം തസ്തികകൾ ആണ്. ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ തസ്തികകൾ സൃഷ്ടിക്കുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പ്രസ്തുത വിഭാഗങ്ങളിൽ താഴെപ്പറയുന്ന എണ്ണം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| 1. | സ്റ്റാഫ് നഴ്സ് | - | 537 |
| 2. | ഫാർമസിസ്റ്റ് | - | 180 |
| 3. | ലാബ് ടെക്നീഷ്യൻ | - | 254 |
| 4. | ഒപ്റ്റോമെട്രിസ്റ്റ് | - | 7 |

(ഡി) സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളെയും ഘട്ടംഘട്ടമായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തിക സൃഷ്ടിച്ചും രോഗീസൗഹൃദമാക്കുക എന്നതാണ് സർക്കാർ നയം. ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തെ 170 ആരോഗ്യ സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ 504 ആരോഗ്യ സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് ഇവിടങ്ങളിൽ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ആർദ്രം പദ്ധതിയുടെ മൂന്ന് ഘട്ടങ്ങളും പൂർത്തിയാകുമ്പോൾ സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും എല്ലാ സൗകര്യങ്ങളും മെച്ചപ്പെടുത്താൻ കഴിയുന്നതാണെന്ന് പ്രതീക്ഷിക്കുന്നു.

### നിലമ്പൂർ മണ്ഡലത്തിലെ ആർദ്രം പദ്ധതി

180(5131) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്ന പി.എച്ച്.സി. കൾ ഏതെല്ലാമാണ്;

(ബി) ഓരോ പി.എച്ച്.സി.-യിലും ഇതിനായി ആവിഷ്കരിക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) മലയോര പ്രദേശമെന്ന നിലയിൽ നിലമ്പൂർ നിയോജകമണ്ഡലത്തിലെ പി.എച്ച്.സി. കളിലേക്ക് കൂടുതൽ ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ നിലമ്പൂർ മണ്ഡലത്തിലെ വഴിക്കടവ് പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ പ്രസ്തുത മണ്ഡലത്തിലെ എടക്കര, പോത്തുകൽ, കരുളായി, മൂത്തേടം എന്നീ ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ വഴിക്കടവ് പി.എച്ച്.സി.-യിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച്

നിയമനം നടത്തിയിട്ടുണ്ട്. ആസ്ത്മ/ശ്വാസം മുട്ടലിനുള്ള "ശ്വാസ് ക്ലിനിക്ക്", മാനസികാരോഗ്യ പരിചരണത്തിനുള്ള "ആശ്വാസ് ക്ലിനിക്ക്" എന്നിവ ആരംഭിച്ചിട്ടുണ്ട്. ടി കേന്ദ്രത്തിൽ വൈകുന്നേരം 6 മണിവരെ ഒ.പി. പ്രവർത്തിക്കുന്നുണ്ട്.

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കാൻ തെരഞ്ഞെടുത്ത പോത്തുകൽ, മുത്തേടം എന്നീ കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 14 ലക്ഷം രൂപ വീതവും എടക്കര, കരുളായി എന്നീ കേന്ദ്രങ്ങൾക്ക് എൻ.എച്ച്.എം. ഫണ്ടിൽനിന്ന് 15.5 ലക്ഷം രൂപ വീതവും അനുവദിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള നടപടികൾ എൻ.എച്ച്.എം. മുഖേന സ്വീകരിച്ചുവരുന്നു. ടി കേന്ദ്രങ്ങളിൽ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## ആർ.സി.സി. ഡയറക്ടറുടെ സെക്രട്ടറി തസ്തികയിലെ നിയമനം

181(5132) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.സി.സി.-യിൽ ഡയറക്ടറുടെ സെക്രട്ടറി രാജിവെച്ച സാഹചര്യത്തിൽ ആ തസ്തികയിൽ പുനർനിയമനം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികയ്ക്ക് വേണ്ട യോഗ്യതകൾ എന്തെല്ലാമാണ് ;

(സി) ഈ യോഗ്യതകളെല്ലാമുള്ള ആരെങ്കിലും ആർ.സി.സി.-യിൽ നിലവിൽ ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇപ്പോൾ ആർ.സി.സി.ഡയറക്ടറുടെ സെക്രട്ടറിയുടെ ജോലി ചെയ്യുന്നത് ആരാണ്; പ്രസ്തുത വ്യക്തിയുടെ യോഗ്യതയെന്താണെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ആർ.സി.സി.-യിൽ ഡയറക്ടറുടെ സെക്രട്ടറി രാജിവച്ച ഒഴിവിൽ പുനർനിയമനം നടത്തിയിട്ടില്ല.

(ബി) ഡയറക്ടറുടെ സെക്രട്ടറി തസ്തികയ്ക്ക് വേണ്ട യോഗ്യതകൾ താഴെപ്പറയുന്നവയാണ്.

അത്യന്താപേക്ഷിതം:

i. അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുമുള്ള ബിരുദം

ii. സെക്രട്ടേറിയൽ പ്രാക്ടീസിലുള്ള ഡിപ്ലോമ

iii. ക്ലാർക്ക്/അസിസ്റ്റന്റ്/സ്റ്റെനോഗ്രാഫർ/പി.എ./സെക്രട്ടറി എന്നീ തസ്തികകളിൽ ഏതെങ്കിലും 10 വർഷത്തെ പ്രവൃത്തി പരിചയം. ഇതിൽ മിനിമം നാലുവർഷം ഒരു ഉയർന്ന ഉദ്യോഗസ്ഥന്റെ പി.എ./സെക്രട്ടറി ആയി ജോലി ചെയ്തിട്ടുള്ള പ്രവൃത്തി പരിചയമായിരിക്കണം.

അഭിലഷണീയം:

ഒരു പ്രശസ്ത സ്ഥാപനത്തിൽ സെക്രട്ടറിയായി ജോലിചെയ്ത സേവന പരിചയം.

(സി) ഈ യോഗ്യതകളെല്ലാമുള്ള ആരും നിലവിൽ ആർ.സി.സി.-യിൽ ജോലി ചെയ്യുന്നില്ല.

(ഡി) ഇപ്പോൾ ഡയറക്ടറുടെ സെക്രട്ടറിയുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നതിനാൽ ഡയറക്ടറുടെ ഓഫീസ് ജോലികൾ ചെയ്യാൻവേണ്ടി ചുമതലപ്പെടുത്തിയിരിക്കുന്നത് സി.ആർ.എ. തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീ. സജീഷ് സി.കെ. എന്ന ഉദ്യോഗസ്ഥനെയാണ്. പ്രസ്തുത വ്യക്തി ആംഗലേയ സാഹിത്യത്തിൽ ബിരുദധാരിയാണ്.

## ആർ.സി.സി.-യിലെ മെഡിക്കൽ റിക്കാർഡ്സ് ഓഫീസർമാരുടെ വിവരങ്ങൾ

182 (5133) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.സി.സി.-യിൽ മെഡിക്കൽ റിക്കാർഡ്സ് ഓഫീസർ തസ്തികയിൽ ജോലി ചെയ്യുന്നവരുടെ എണ്ണവും അവരുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ; ഓരോരുത്തരും എന്നുമുതലാണ് ഈ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര കിടക്കകൾ വരെയുള്ള ആശുപത്രിക്കാണ് ഒരു മെഡിക്കൽ റിക്കാർഡ്സ് ഓഫീസർ ആവശ്യമായിട്ടുള്ളതെന്ന് അറിയിക്കുമോ ;

(സി) ആർ.സി.സി.-യിൽ നിലവിലുള്ള കിടക്കകളുടെ എണ്ണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആർ.സി.സി.-യിൽ മെഡിക്കൽ റിക്കാർഡ്സ് ഓഫീസർ തസ്തികയിൽ 2 പേർ ജോലി ചെയ്യുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീമതി ചന്ദ്രിക ഡി., മെഡിക്കൽ റെക്കോർഡ്സ് ഓഫീസർ-I

1-4-1987-ൽ ആർ.സി.സി.-യിൽ ജോലിയിൽ പ്രവേശിച്ചു. 2006-മുതൽ മെഡിക്കൽ റെക്കോർഡ്സ് ഓഫീസർ-I തസ്തികയിൽ ജോലി ചെയ്തുവരുന്നു.

2. ശ്രീ. കെ. അനിൽകുമാർ, മെഡിക്കൽ റെക്കോർഡ്സ് ഓഫീസർ-II

22-2-1991-ൽ ആർ.സി.സി.-യിൽ ജോലിയിൽ പ്രവേശിച്ചു. 31-1-2016 മുതൽ മെഡിക്കൽ റെക്കോർഡ്സ് ഓഫീസർ- II തസ്തികയിൽ ജോലി ചെയ്തുവരുന്നു.

(ബി&സി) Indian Public Health Standards (PHS)-Ministry of Health and Family Welfare Guidelines for District Hospitals പ്രകാരം 200 മുതൽ 300 വരെ കിടക്കകളുള്ള ആശുപത്രികൾക്കാണ് ഒരു മെഡിക്കൽ റെക്കോർഡ്സ് ഓഫീസർ ആവശ്യമായിട്ടുള്ളത്. ആർ.സി.സി.-യിൽ 432 കിടക്കകളാണുള്ളത്.

**പുതിയ മോർച്ചറി പ്രവർത്തനക്ഷമമാക്കുന്നത് സംബന്ധിച്ച്**

183 (5134) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിലെ പുതിയ മോർച്ചറിയുടെ നിർമ്മാണം പൂർത്തിയായി എങ്കിലും അത് പ്രവർത്തനക്ഷമമാക്കുവാൻ സാധിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോരായ്മകൾ പരിഹരിച്ച് മോർച്ചറി പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിൽ പുതുതായി നിർമ്മിച്ച മോർച്ചറി 12-06-2019 മുതൽ പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

### ആരോഗ്യ രംഗത്തെ പാളിച്ചകൾ

184(5135) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം മെഡിക്കൽ കോളേജിൽ കാൻസർ ഇല്ലാത്ത യുവതിക്ക് കീമോതെറാപ്പി നൽകിയതും മഞ്ചേരി മെഡിക്കൽ കോളേജിൽ ഏഴ് വയസ്സുകാരനെ ആളുമാറി ഹെർണിയ ശസ്ത്രക്രിയക്ക് വിധേയനാക്കിയതും ആരോഗ്യരംഗത്ത് നിലനിൽക്കുന്ന പാളിച്ചകളെയാണോ സൂചിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ?

#### ഉത്തരം

അല്ല. സർക്കാർ ആശുപത്രികളിലെ നിലവാരം മെച്ചപ്പെടുത്തുന്നതിനനുസരിച്ച് കൂടുതൽ ജനങ്ങൾ സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ഇത് രോഗികളുടെ ബാഹുല്യത്തിന് കാരണമായിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽവന്നയുടനെ തന്നെ വിശദമായ അന്വേഷണത്തിന് ഉത്തരവ് നൽകുകയും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

### ആരോഗ്യ മേഖലയിലെ ഗവേഷണ കേന്ദ്രങ്ങൾ

185(5136) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ സർക്കാർ നിയന്ത്രണത്തിലുള്ള ഗവേഷണ കേന്ദ്രങ്ങൾ നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം വിഭാഗങ്ങളെ അടിസ്ഥാനമാക്കിയുള്ള ഗവേഷണങ്ങളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതോടൊപ്പം മെഡിക്കൽ കോളേജുകളോട് അനുബന്ധമായി ഗവേഷണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് രോഗികളിൽ മരുന്നുകളും ചികിത്സാരീതികളും പരീക്ഷിക്കുന്നതിന് അനുമതിയുണ്ടോ;എങ്കിൽ പ്രസ്തുത അനുമതി നൽകുവാൻ നിയോഗിക്കപ്പെട്ടിട്ടുള്ള സമിതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണാധികാരമുള്ള സ്ഥാപനമാണ് തിരുവനന്തപുരത്തെ സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ - കേരള (എസ്.എച്ച്.എസ്.ആർ.സി.-കെ) ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഫണ്ടിംഗിലാണ് ഈ സ്ഥാപനം നിലനിൽക്കുന്നത്. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് നിർദ്ദേശിക്കുന്ന മേഖലകളിൽ ആരോഗ്യ വകുപ്പിന് സാങ്കേതിക നിർദ്ദേശങ്ങൾ നൽകുക എന്നതാണ് ഈ സ്ഥാപനത്തിന്റെ കർത്തവ്യം. നയപരമായ തീരുമാനങ്ങളെടുക്കുന്നതിനുവേണ്ടി നിർദ്ദേശങ്ങൾ കൊടുക്കുന്നതിനായി ഈ സ്ഥാപനം വിവിധതരം പദ്ധതികൾ അവലോകനം നടത്തുകയും ആരോഗ്യ വ്യവസ്ഥയെ സംബന്ധിച്ച് ഗവേഷണങ്ങൾ നടത്തുകയും ചെയ്യുന്നു. താഴെപ്പറയുന്ന മേഖലകളിലാണ് ഗവേഷണങ്ങൾ നടന്നുവരുന്നത്.

- ആരോഗ്യ മേഖലയിലെ ഗുണമേന്മ മെച്ചപ്പെടുത്തുക.
- ആരോഗ്യ രംഗത്തെ പ്രശ്നങ്ങൾ.
- ആരോഗ്യ പ്രവർത്തകരുടെ പ്രവർത്തനങ്ങളുടെ അവലോകനം.

പൊതുജനാരോഗ്യത്തെ നേരിട്ടോ അല്ലാതെയോ ബാധിക്കുന്ന വിഷയങ്ങൾ ഉദാ: ഭക്ഷ്യസുരക്ഷ, ജലലഭ്യത തുടങ്ങിയവ.

തെളിവധിഷ്ഠിതമായി ആയുർവ്വേദത്തെ വികസിപ്പിക്കുന്നതിനും ജൈവസാങ്കേതിക വിദ്യയുമായി ആയുർവ്വേദത്തെ ബന്ധപ്പെടുത്തി ഗവേഷണങ്ങൾ സംഘടിപ്പിക്കുന്നതിനുമായി കണ്ണൂർ ജില്ലയിലെ കല്യാട് ഇന്റർ നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവ്വേദ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ ഗവേഷണത്തിന് SBMR മുഖാന്തരം സർക്കാരിൽ നിന്നും ഫണ്ട് നൽകിവരുന്നുണ്ട്.

(സി) ഉണ്ട്. മെഡിക്കൽ കോളേജുകളിൽ ഒരു കൂട്ടം രോഗികളിൽ ഒരു പ്രത്യേക മരുന്നിന്റെ ഫലം പരീക്ഷിക്കുന്നത് താഴെപ്പറയും പ്രകാരമുള്ള സമിതിയുടെ നടപടിക്രമം വഴിയാണ്. പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ മരുന്ന് പരീക്ഷണം ചെയ്യുന്ന രീതികളും അത് ഏതുതരം രോഗികളിലാണ് ചെയ്യുന്നതെന്നും ടി മരുന്നിന്റെ എല്ലാവിധ വിശദാംശങ്ങളും എഴുതിയ പ്രോട്ടോക്കോൾ ആദ്യമായി ഇൻസ്റ്റിറ്റ്യൂഷണൽ റിസർച്ച് (IRC) കമ്മിറ്റിക്ക് നൽകുന്നതാണ്. IRC കമ്മിറ്റി അത് പരിശോധിച്ചതിനുശേഷം അതിന് അനുവാദം നൽകണം. എങ്ങനെ പരീക്ഷിക്കണം എന്ന മെത്തേഡിന്റെ അനുവാദമാണ് IRC നൽകുന്നത്. ഈ അനുവാദവും പ്രോട്ടോക്കോളും കൂടെ ഇൻസ്റ്റിറ്റ്യൂഷണൽ എഥിക്സ് കമ്മിറ്റിക്ക് (IEC) നൽകുന്നു. IEC കമ്മിറ്റിയിലെ അംഗങ്ങൾ അത് പരിശോധിച്ചശേഷം

അവർ അനുവാദം കൊടുക്കുന്നു. ഈ കമ്മിറ്റിയുടെ ഉദ്ദേശ്യം എന്തെന്നാൽ ഒരു കാരണവശാലും രോഗിക്ക് ഒരു രീതിയിലുമുള്ള ദോഷവും ഉണ്ടാകരുത് എന്നുള്ളതാണ്. ഇതിനോടുകൂടി പങ്കെടുക്കുന്ന ഓരോ രോഗിയും സ്വമനസ്സാലേ ഒരു രീതിയിലുമുള്ള നിർബന്ധവുമില്ലാതെ ഈ പഠനത്തിൽ പങ്കെടുക്കാൻ തയ്യാറാണ് എന്നത് എഴുതിത്തരുന്നുണ്ടോയെന്നും എഥിക്സ് കമ്മിറ്റി ഉറപ്പാക്കുന്നു. ഇൻഫോർമ്ഡ് കൺസെന്റുകളും രോഗികളുടെ സുരക്ഷിതത്വം ഉറപ്പാക്കുക എന്നുള്ളതുമാണ് എഥിക്സ് കമ്മിറ്റിയുടെ ചുമതല. എല്ലാ സർക്കാർ മെഡിക്കൽ ഡെന്റൽ കോളേജുകളിലും എഫിക്സ് കമ്മിറ്റികൾ നിലവിലുണ്ട്.

## മോർട്ടൽ കോൺഫറൻസുകൾ

186(5137) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സർക്കാർ മെഡിക്കൽ കോളേജുകളിൽ ഉണ്ടായ പനി മരണങ്ങളുടെ മോർട്ടൽ കോൺഫറൻസുകൾ നടന്നിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയം ഗൗരവമായി കണക്കിലെടുത്ത് മോർട്ടൽ കോൺഫറൻസുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) എല്ലാ സർക്കാർ മെഡിക്കൽ ആശുപത്രികളിലും മോർട്ടാലിറ്റി കോൺഫറൻസുകൾ നാല് മാസത്തിലൊരിക്കൽ നടത്തിവരുന്നു. കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഓരോ ഡിപ്പാർട്ട്മെന്റുകളിൽ നടക്കുന്ന മരണങ്ങൾ (പനി മരണങ്ങൾ ഉൾപ്പെടെ) മോർട്ടാലിറ്റി കോൺഫറൻസുകളിൽ വിശകലനം ചെയ്തുവരുന്നു. വകുപ്പ് മേധാവികളുടെ അദ്ധ്യക്ഷതയിൽ കൂടുന്ന മോർട്ടാലിറ്റി കോൺഫറൻസിൽ യൂണിറ്റ് ചീഫുമാർ ഉൾപ്പെടെയുള്ള ഡോക്ടർമാർ പങ്കെടുക്കുന്നു. പനിയുൾപ്പെടെയുള്ള മരണങ്ങളുടെ കാരണങ്ങൾ മോർട്ടാലിറ്റി കോൺഫറൻസ് വിശദമായി വിശകലനം ചെയ്യുന്നു. സാധാരണയായി കണ്ടുവരുന്ന ഡെങ്കിപ്പനി, ലെപ്റ്റോസ്പൈറോസിസ്, ടൈഫസ് പനി, ബ്രൂസലോസിസ്, ഹാൻഡാവൈറസ്, മലേറിയ, എച്ച് 1 എൻ1, ജാപ്പനീസ് എൻസെഫലൈറ്റിസ് തുടങ്ങിയ പനിയുമായി ബന്ധപ്പെട്ട് വരുന്ന കേസുകൾ വിശദമായി വിശകലനംചെയ്യുന്നു. പനി മരണങ്ങൾ തടയുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഇത് നടത്തപ്പെടുന്നത്.

## സി.എച്ച്.സി.-ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം

187(5138) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല പി.എച്ച്.സി.-കളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്തപ്പെട്ടിട്ടുണ്ടെങ്കിലും ഇപ്പോഴും ഇവയ്ക്ക് അടിസ്ഥാന സൗകര്യങ്ങളും സ്റ്റാഫും അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയോ മറ്റോ ഇത്തരം സി.എച്ച്.സി.-കളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളെയും ഘട്ടംഘട്ടമായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഇവിടങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തിക സൃഷ്ടിച്ചും രോഗീസൗഹൃദമാക്കുക എന്നതാണ് സർക്കാർ നയം.

ഇതിന്റെ ഭാഗമായി ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇവിടങ്ങളിൽ തസ്തിക സൃഷ്ടിക്കുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

നിലവിൽ ബ്ലോക്കുതല സി.എച്ച്.സി.-കളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആർദ്രം പദ്ധതി പൂർണ്ണതോതിൽ നടപ്പിൽ വരുന്നതോടെ സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലെയും സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ കഴിയുന്നതാണെന്ന് പ്രതീക്ഷിക്കുന്നു.

## പരിയാരം ആയുർവ്വേദ മെഡിക്കൽ കോളേജിലെ പ്രോജക്ടുകൾ

188(5139) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പരിയാരം ആയുർവേദ മെഡിക്കൽ കോളേജിൽ ഈ സാമ്പത്തികവർഷം വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തുന്നതിന് ഏതൊക്കെ പ്രോജക്ടുകളാണ് സമർപ്പിച്ചിരിക്കുന്നത്; പ്രസ്തുത പ്രോജക്ടുകളിൽ ഏതിനൊക്കെയാണ് ഭരണാനുമതി ലഭ്യമായിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ പരിയാരം ആയുർവ്വേദ മെഡിക്കൽ കോളേജിലെ വിവിധ പ്രവർത്തനങ്ങൾക്ക് 2019-20 സാമ്പത്തിക വർഷം വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തുന്നതിന് സമർപ്പിച്ചിരുന്ന എല്ലാ പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആശുപത്രിക്കുവേണ്ടി 10 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് പുതിയ ആംബുലൻസ് വാങ്ങുന്നതിന് ഭരണാനുമതി നൽകിയ പദ്ധതിക്ക് ധനകാര്യ വകുപ്പിന്റെ അനുമതികൂടി ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭരണാനുമതി നൽകിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## സ്റ്റാഫ് പാറ്റേൺ

189(5140) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജില്ലാ, താലൂക്ക് ആശുപത്രികളിലും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും വരുത്തിയിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ;

(ബി) ടി ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ തെരഞ്ഞെടുത്ത് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകയും ഇവിടങ്ങളിൽ ഡോക്ടർ, നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിക്കുകയും നിയമനം നടത്തുകയും ചെയ്തു. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന സ്ഥാപനങ്ങളിൽ ഒ.പി. സമയം വൈകുന്നേരം 6 മണി വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ടോക്കൺ സൗകര്യം, നഴ്സ് പ്രീ ചെക്ക്, ആരോഗ്യ ബോധവൽക്കരണത്തിനുള്ള ആധുനിക സംവിധാനങ്ങൾ, ജീവിത ശൈലീരോഗ ക്ലിനിക്, ശ്വാസ്, ആശ്വാസ് മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സൂപ്പർ സ്പെഷ്യാലിറ്റി കേഡർ സംസ്ഥാനത്ത് രൂപീകരിക്കുകയും ഡോക്ടർമാരെ നിയമിക്കുകയും ചെയ്തു. ജില്ലാതല ആശുപത്രികളിൽ കാർഡിയോളജി, കാത്ത് ലാബ് സൗകര്യങ്ങളും നെഫ്രോളജി, ന്യൂറോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളും ഏർപ്പെടുത്തി. താലൂക്കുതല ആശുപത്രികളിൽ ഡയാലിസിസ് സൗകര്യമുൾപ്പെടെയുള്ള സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തി. ആർദ്രം മിഷന്റെ ഭാഗമായി ജില്ലാ/താലൂക്കാശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്ന പ്രവർത്തനങ്ങളും ജില്ലാ/താലൂക്കാശുപത്രികളിൽ ഒ.പി. വിഭാഗങ്ങൾ രോഗീസൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലായി 4139 അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ആർദ്രം മാനദണ്ഡമനുസരിച്ച് ഉണ്ടായിരിക്കേണ്ട തസ്തികകൾ നിശ്ചയിക്കുകയും അതനുസരിച്ച് തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## ഹെൽത്ത് ഇൻസ്പെക്ടർ നിയമനം

190(5141) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പകർച്ച വ്യാധികൾ പടർന്ന് പിടിക്കാൻ സാധ്യതയുള്ള മൺസൂൺ സമയത്ത് നിലവിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ എൺപതോളം ഒഴിവുണ്ടായിട്ടും നിയമനം യഥാസമയത്ത് നടക്കുന്നില്ല എന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടായിട്ടും നാളിതുവരെ റാങ്ക് ലിസ്റ്റിൽ നിന്നും ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഒരു ജീവനക്കാരന് കാലാനുസൃതമായി വരുന്ന പ്രൊമോഷന് അനുസൃതമായി അവരുടെ വെയർ എബൗട്ട് ചോദിച്ചു കൊണ്ട് ഡി.എച്ച്.എസ്.-ൽ നിന്നും ഉത്തരവ് ഉണ്ടായിട്ടും അതിന് എല്ലാ ജില്ലകളിൽനിന്നും മറുപടി ലഭിച്ചിട്ടും കൂടി അർഹതപ്പെട്ട പ്രൊമോഷൻ നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി)) ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II തസ്തികയിലെ ഒഴിവുകൾ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിൽനിന്നും സ്ഥാനക്കയറ്റം മുഖേനയാണ് നികത്തുന്നത്. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ മാർച്ച് ആദ്യവാരത്തോടെ 2019-ലെ പൊതുസ്ഥലംമാറ്റ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ ടി തസ്തികയിൽ ജീവനക്കാരുടെ വിരമിക്കലിലൂടെയുണ്ടായ ഒഴിവുകളിലേയ്ക്ക് നിരവധി സ്ഥലംമാറ്റ അപേക്ഷകൾ ലഭ്യമായിരുന്നു. 2019 ലോകസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാൽ ടി ഒഴിവുകളിലേയ്ക്ക് സ്ഥലംമാറ്റം നൽകാൻ സാധിച്ചിരുന്നില്ല. സ്ഥലംമാറ്റ ഉത്തരവ് അടിയന്തരമായി പുറപ്പെടുവിക്കുന്നതിനും അതിനെ തുടർന്നുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം മുഖേന നിയമനം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

## കേരളത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ

191(5142) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സെന്ററുകളിലുള്ള സൗകര്യങ്ങളും സംവിധാനങ്ങളും വിവിധ വിഭാഗം ഡോക്ടർമാർ ഏതൊക്കെയാണെന്നും വിശദാംശം നൽകാമോ;

(സി) ഏതെല്ലാം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലാണ് ഡെന്റൽ ഡോക്ടർമാർ ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) സംവിധാനങ്ങളും ഡോക്ടർമാരും ഉണ്ടെങ്കിലും ഡെന്റൽ വിഭാഗം പ്രവർത്തിക്കാത്ത സി.എച്ച്.സി.-കൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) കാസർഗോഡ് നിയോജകമണ്ഡലത്തിൽ ബദിയഡുക്ക സി.എച്ച്.സി. യിൽ ഡെന്റൽ ടേബിളടക്കമുള്ള ഉപകരണങ്ങൾ ഉണ്ടായിട്ടും ഡോക്ടർമാർ ഇല്ലാത്തതുകൊണ്ട് രോഗികൾക്ക് പ്രയോജനമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്രകാലമായി ഈ ഡെന്റൽ ഉപകരണങ്ങൾ ഇവിടെ ഉപയോഗമില്ലാതെ കിടക്കുന്നുവെന്നും എത്ര രൂപയാണ് ഇതിന് മുടക്കിയതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ ആകെ 224 സാമൂഹികാരോഗ്യ കേന്ദ്രങ്ങളാണുള്ളത്. അവ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 22 |
| 2 | കൊല്ലം | 16 |
| 3 | പത്തനംതിട്ട | 12 |
| 4 | ആലപ്പുഴ | 16 |
| 5 | കോട്ടയം | 20 |
| 6 | ഇടുക്കി | 12 |
| 7 | എറണാകുളം | 23 |
| 8 | തൃശ്ശൂർ | 24 |
| 9 | പാലക്കാട് | 19 |
| 10 | മലപ്പുറം | 20 |
| 11 | കോഴിക്കോട് | 16 |
| 12 | വയനാട് | 9 |
| 13 | കണ്ണൂർ | 9 |
| 14 | കാസർഗോഡ് | 6 |

(ബി) പൊതുജനാരോഗ്യ പരിപാടിയുടെ ആസൂത്രണവും ഏകോപനവും നടപ്പാക്കലും ജനങ്ങൾക്ക് അടിസ്ഥാന ദ്വിതീയ ആരോഗ്യ സേവനം നൽകൽ എന്നിവയാണ് സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ കേന്ദ്രങ്ങളിൽ 30 കിടക്കകൾ, ലബോറട്ടറി, എക്സ്റേ, ഇ.സി.ജി., അൾട്രാസൗണ്ട്. ജനറൽ മെഡിസിൻ, ജനറൽ സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ്, അനസ്തേഷ്യോളജി എന്നീ സ്പെഷ്യാലിറ്റി ഡോക്ടർമാരും ജനറൽ കാറ്റഗറിയിൽ 2 ഡോക്ടർമാരും ഇത്രയും സൗകര്യങ്ങളാണ് സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ളത്. കേരളത്തിലെ സാഹചര്യത്തിൽ പ്രധാനമായും താലൂക്ക്, ജില്ലാതല ആശുപത്രികൾ വഴിയാണ് സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കിവരുന്നത്. അതുകൊണ്ട് സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഈ പാറ്റേണിലുള്ള തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ഓരോ സ്ഥാപനങ്ങളുടെ ചുറ്റുപാടുകളും ജനസംഖ്യയും ആശുപത്രിയെ ആശ്രയിക്കുന്ന രോഗികളുടെ എണ്ണവും കണക്കിലെടുത്താണ് തസ്തികകൾ സൃഷ്ടിക്കപ്പെടുന്നത്. ബ്ലോക്കുതല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം മിഷന്റെ ഭാഗമായി വികസിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നുണ്ട്.

(സി) ഡെന്റൽ ഡോക്ടർമാരുള്ള സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| 1 | സി.എച്ച്.സി., കേശവപുരം, തിരുവനന്തപുരം |
| 2 | സി.എച്ച്.സി., വിഴിഞ്ഞം, തിരുവനന്തപുരം |
| 3 | സി.എച്ച്.സി.,ഐരാണിമുട്ടം, തിരുവനന്തപുരം |
| 4 | സി.എച്ച്.സി., മലയിൻകീഴ്, തിരുവനന്തപുരം |
| 5 | സി.എച്ച്.സി., വിതുര, തിരുവനന്തപുരം |
| 6 | സി.എച്ച്.സി.,കുളത്തൂപ്പുഴ, കൊല്ലം |
| 7 | സി.എച്ച്.സി., മയ്യനാട്, കൊല്ലം |
| 8 | സി.എച്ച്.സി.,തുമ്പമൺ, പത്തനംതിട്ട |
| 9 | സി.എച്ച്.സി.,വെച്ചൂച്ചിറ,പത്തനംതിട്ട |
| 10 | സി.എച്ച്.സി.,ചമ്പക്കുളം, ആലപ്പുഴ |
| 11 | സി.എച്ച്.സി.,അരൂക്കുറ്റി, ആലപ്പുഴ |
| 12 | സി.എച്ച്.സി.,മുണ്ടക്കയം, കോട്ടയം |
| 13 | സി.എച്ച്.സി.,കുട്ടിക്കൽ, ആലപ്പുഴ |
| 14 | സി.എച്ച്.സി.,ചിത്തിരപുരം, ഇടുക്കി |
| 15 | സി.എച്ച്.സി.,വണ്ടൻമേട്, ഇടുക്കി |
| 16 | സി.എച്ച്.സി.,കരുണപുരം, ഇടുക്കി |
| 17 | സി.എച്ച്.സി., മറയൂർ, ഇടുക്കി |
| 18 | സി.എച്ച്.സി.,മുളന്തുരുത്തി, എറണാകുളം |
| 19 | സി.എച്ച്.സി.,കടയിരുപ്പ്, എറണാകുളം |
| 20 | സി.എച്ച്.സി.,വലപ്പാട്, തൃശ്ശൂർ |
| 21 | സി.എച്ച്.സി.,പെരിഞ്ഞനം, തൃശ്ശൂർ |
| 22 | സി.എച്ച്.സി., അഗളി, പാലക്കാട് |

| | |
|---|---|
| 23 | സി.എച്ച്.സി.,കടമ്പഴിപ്പുറം, പാലക്കാട് |
| 24 | സി.എച്ച്.സി.,ചെർപ്പുളശ്ശേരി, പാലക്കാട് |
| 25 | സി.എച്ച്.സി.,നെന്മാറ, പാലക്കാട് |
| 26 | സി.എച്ച്.സി.,താനൂർ, മലപ്പുറം |
| 27 | സി.എച്ച്.സി.,കരുവാരക്കുണ്ട്, മലപ്പുറം |
| 28 | സി.എച്ച്.സി.,നരിക്കുനി, കോഴിക്കോട് |
| 29 | സി.എച്ച്.സി.,തലക്കുളത്തൂർ, കോഴിക്കോട് |
| 30 | സി.എച്ച്.സി.,പെരുന്നന്നൂർ, വയനാട് |
| 31 | സി.എച്ച്.സി., പനമരം, വയനാട് |
| 32 | സി.എച്ച്.സി., പുൽപ്പള്ളി,വയനാട് |
| 33 | സി.എച്ച്.സി.(ട്രൈബൽ), നല്ലൂർനാട്,വയനാട് |
| 34 | സി.എച്ച്.സി., മയ്യിൽ,കണ്ണൂർ |
| 35 | സി.എച്ച്.സി.,പിണറായി,കണ്ണൂർ |
| 36 | സി.എച്ച്.സി., മഞ്ചേശ്വരം, കാസർഗോഡ് |
| 37 | സി.എച്ച്.സി., പൂടംകല്ല്, കാസർഗോഡ് |
| 38 | സി.എച്ച്.സി.,ബദിയടുക്ക,കാസർഗോഡ് |
| 39 | സി.എച്ച്.സി.,പനത്തടി, കാസർഗോഡ് |

(ഡി) ബദിയടുക്ക, (കാസർഗോഡ് ജില്ല).

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അസിസ്റ്റന്റ് ഡെന്റൽ സർജന്റെ തസ്തിക അനുവദിച്ചിട്ടുള്ള ബദിയടുക്ക സാമൂഹികാരേഗ്യ കേന്ദ്രത്തിൽ നിലവിൽ ദന്ത ഡോക്ടറുടെ സേവനം ലഭ്യമല്ല. പി.ജി. പഠനം തുടരുന്നതിനാൽ പ്രവേശന കാലാവധി ദീർഘിപ്പിച്ച് ഡോക്ടർമാർ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് കാസർഗോഡ് ബദിയടുക്ക സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് ഡെന്റൽ സർജൻ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് മാർച്ച് 2018-ൽ ഡെന്റൽ റൂമിലേയ്ക്ക് ആവശ്യമായ മെയിന്റനൻസ് വർക്ക് നടത്തിയിട്ടുണ്ട്. HMC ഫണ്ടിൽനിന്നും 1,01,786 രൂപ ചെലവഴിച്ചു. ഡെന്റൽ റൂമിലേയ്ക്ക് ആവശ്യമായ വയറിംഗ് 23-11-2018-ന് പൂർത്തിയാക്കിയിട്ടുണ്ട്.

26-6-2017-ന് dental unit-ലേയ്ക്ക് 17,142 രൂപയുടെ equipments അനുവദിച്ചിട്ടുണ്ട്. 30-6-2017-ന് TS431 fully loaded dental chair Electrically (Rs.1,28,850) Dental Air Compressor (Rs.20,475) എന്നിവ അനുവദിച്ചിട്ടുണ്ട്. 20-7-2017-ന് അവ സ്ഥാപിച്ചു. 2017-18 സാമ്പത്തിക വർഷം പ്ലാൻ ഫണ്ട് (Strengthening of dental units) 13,780 രൂപ ചെലവഴിച്ച് താഴെപ്പറയുന്ന equipments ലഭ്യമാക്കിയിട്ടുണ്ട് (13-01-2018).

1. Tooth Forceps set

2. Apex Elevator

3. Crayers Elevator

4. Cross Bar Elevator

5. Coupland Elevators

14-2-2019-ന് 17,291 രൂപയുടെ equipments KMSCL-ൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്.

19-2-2019-ന് 21,862 രൂപയുടെ equipments KMSCL-ൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്.

18-8-2019-ന് 11,069 രൂപയുടെ equipments KMSCL-ൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്.

27-5-2019-ന് 87,700 രൂപയുടെ vertical Autoclave Steam jacketed small model ESTA 106 A KMSCL-ൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. അങ്ങനെ ആകെ 3,18,169 രൂപയുടെ ഉപകരണങ്ങൾ ഈ യൂണിറ്റിലേയ്ക്ക് അനുവദിച്ചിട്ടുണ്ട്.

**പത്തനംതിട്ടയിലെ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ**

192(5143) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പത്തനംതിട്ട ജനറൽ ആശുപത്രിയിൽ എത്ര തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്; നിലവിലുള്ള സ്റ്റാഫ് പാറ്റേൺ എന്താണ്; ഏതൊക്കെ തസ്തികകൾ ഇനി ആവശ്യമുണ്ട്; വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ എത്ര തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്; നിലവിലുള്ള സ്റ്റാഫ് പാറ്റേൺ എന്താണ്; ഏതൊക്കെ തസ്തികകൾ ഇനി ആവശ്യമുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പത്തനംതിട്ട ജനറൽ ആശുപത്രിയിൽ അനുവദിച്ച തസ്തികകളും നിലവിലുള്ള സ്റ്റാഫ് പാറ്റേണും അനുബന്ധമായി ചേർക്കുന്നു.* ആർദ്രം പദ്ധതി പ്രകാരം ടി ആശുപത്രി ജില്ലാ ആശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെട്ടിട്ടുള്ളത്.

ഈ സർക്കാർ അധികാരമേറ്റതിനുശേഷം കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ അനുവദിച്ച തസ്തികകളും നിലവിലുള്ള സ്റ്റാഫ് പാറ്റേണും അനുബന്ധമായി ചേർക്കുന്നു*. ആർദ്രം പദ്ധതി പ്രകാരം ടി സ്ഥാപനം താലൂക്കുതല ആശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ജനറൽ-ജില്ലാ/താലൂക്കുതല ആശുപത്രികളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നുണ്ട്.

**മുക്കം സി.എച്ച്.സി.-യിൽ ഒ.പി. സമയം ദീർഘിപ്പിക്കാൻ നടപടി**

193(5144) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സി.എച്ച്.സി.-കളിലെ ഒ.പി. സമയം ആറ് മണി വരെ ആക്കുന്നതിന് പൊതുവായ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മുക്കം സി.എച്ച്.സി.-യിൽ ഒ.പി. സമയം ആറ് മണി വരെയാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത് നടപ്പിലാവാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഡി) ഒ.പി. സമയം ദീർഘിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സ.ഉ.(സാധാ) നമ്പർ 3668/2018/ആ.കു.വ, 13-12-2018 പ്രകാരം സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന് കീഴിലുള്ള നാലോ അതിലധിമോ ഡോക്ടർമാരുള്ള സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഒ.പി. സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെയാക്കി ഉത്തരവായിട്ടുണ്ട്.

(ബി-ഡി) തീരുമാനിച്ചിട്ടുണ്ട്. നഗരസഭയിൽനിന്നും ഡോക്ടർമാരെയും അനുബന്ധ സ്റ്റാഫിനേയും നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ഒ.പി. സമയം 6 മണി വരെയാക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വൈക്കം മണ്ഡലത്തിലെ ആശുപത്രികൾ**

194(5145) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിലൂടെ വൈക്കം നിയോജകമണ്ഡലത്തിൽ അനുവദിച്ച വിവിധ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) വൈക്കം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഡയാലിസിസ് യൂണിറ്റ് പ്രവർത്തിപ്പിക്കുവാൻ ഇനി എന്തൊക്കെ നടപടിക്രമങ്ങൾ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) വൈക്കത്ത് ആരംഭിക്കുന്ന അമ്മയും കുഞ്ഞും ആശുപത്രിയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയിലൂടെ വൈക്കം നിയോജകമണ്ഡലത്തിൽ അനുവദിച്ച വിവിധ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ആർദ്രം മിഷന്റെ ഒന്നാം ഘട്ടത്തിൽ ബ്രഹ്മമംഗലം പി.എച്ച്.സി.-യുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചുവരുന്നു.

2. രണ്ടാം ഘട്ടത്തിലെ ഉദയനാപുരം, മറവന്തുരുത്ത് എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രമായ കല്ലറയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. തലയാഴം, വെള്ളൂർ എന്നീ പി.എച്ച്.സി.-കളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.

3. വൈക്കം താലൂക്കാശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി 95,37,00,000 രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവിടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഒരു ജൂനിയർ കൺസൾട്ടന്റ് (സർജറി), ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി&സി) വൈക്കം താലൂക്കാശുപത്രിയിൽ ഡയാലിസിസ് കേന്ദ്രം അനുവദിക്കുന്നതിനുള്ള കെട്ടിട നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് മെസ്സേഴ്സ് കേരള ഹെൽത്ത് റിസർച്ച് വെൽഫയർ സൊസൈറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി അടിസ്ഥാന സൗകര്യ വികസന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിക്കഴിഞ്ഞാൽ ഡയാലിസിസ് യൂണിറ്റിനുവേണ്ട ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി വിതരണം ചെയ്ത് പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ഡി) വൈക്കത്ത് ആരംഭിക്കുന്ന അമ്മയും കുഞ്ഞും ആശുപത്രിയുടെ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ, ഒന്നാംനില എന്നിവയുടെ നിർമ്മാണം ഏകദേശം പൂർത്തിയായിട്ടുണ്ട്. രണ്ട്, മൂന്ന്, നാല്, അഞ്ച് നിലകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**അയിലൂർ, വടവന്നൂർ ഗ്രാമപഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറി**

195(5146) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ അയിലൂർ, വടവന്നൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറി ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേരള സംസ്ഥാനത്തെ സമ്പൂർണ്ണ ഹോമിയോപ്പതി സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാരിന്റെയോ എൻ.എച്ച്.എം.-ന്റെയോ, എസ്.സി.പി.-യുടെയോ ഡിസ്പെൻസറികൾ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഹോമിയോപ്പതി ഡിസ്പെൻസറികൾ ആരംഭിക്കുക എന്നതാണ് സർക്കാരിന്റെ നയം. പ്രസ്തുത നയം ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷം 10 ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്. ഹോമിയോ ഡിസ്പെൻസറികൾ നിലവിലില്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഘട്ടംഘട്ടമായി ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുമ്പോൾ പ്രസ്തുത പഞ്ചായത്തുകളെയും പരിഗണിക്കുന്നതാണ്.

## ആലത്തൂർ താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

196(5147) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) ആലത്തൂർ താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് മാന്ദ്യവിരുദ്ധ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഒരേ സമയം 5 രോഗികൾക്ക് ഡയാലിസിസ് ചികിത്സ ലഭ്യമാക്കുന്നതിനുള്ള ഡയാലിസിസ് സെന്റർ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള പ്രവൃത്തികൾ കെ.എം.എസ്.സി.എൽ. മുഖേന നടന്നുവരുന്നു. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

1. Bicarb Mixer-1

2. Over bed tab-2

3. A/C with stabilizer-3

4. Refrigerator-1

5. Blood Tubing -50

6. UPS with battery -50

7. TV

ഇതിന്റെ സിവിൽ ആൻഡ് ഇലക്ട്രിക്കൽ വർക്കുകൾ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പൂർത്തീകരിച്ചിട്ടുണ്ട്.

ഡയലിസിസ് യൂണിറ്റ് നടത്തിക്കൊണ്ടുപോകുന്നതിന് ഏകദേശം 15000 മുതൽ 18000 ലിറ്റർ വെള്ളം ആവശ്യമുണ്ട്. നിലവിൽ ആശുപത്രിയുടെ ജലസ്രോതസ്സുകളിൽ വെള്ളം കുറവായതിനാൽ ഇതിനെ ആശ്രയിച്ച് നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി സുലഭമായി വെള്ളം ലഭിക്കുന്ന ബോർവെൽ കുഴിക്കുന്നതിനായി സ്ഥലം കണ്ടെത്തുന്നതിന് ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു. ജലവിതരണം സുഗമമാക്കുന്നതിനും ഓവർഹെഡ് ടാങ്ക് നിർമ്മിക്കുന്നതിനും വിവിധ ഭാഗങ്ങളിലേയ്ക്ക് കണക്ഷൻ കൊടുക്കുന്നതിനുമായി ബ്ലോക്ക് പഞ്ചായത്തിന്റെ പുതിയ പ്രോജക്ടിൽ തുക വകയിരുത്തിയിട്ടുണ്ട്.

ജലവിതരണം സുഗമമാകുന്ന മുറയ്ക്ക് ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കോഴിക്കോട് മെഡിക്കൽ കോളേജിലെ താൽക്കാലിക ജീവനക്കാരുടെ സ്ഥിര നിയമനം

197(5148) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം നിപ ബാധിച്ച സമയത്ത് കോഴിക്കോട് മെഡിക്കൽ കോളേജിൽ ജോലി ചെയ്തിരുന്ന എത്ര താൽക്കാലിക ജീവനക്കാർക്ക് ആ പരിഗണനയിൽ സ്ഥിരം ജോലി നൽകി എന്നറിയിക്കാമോ;

(ബി) ഇനിയും പ്രസ്തുത പരിഗണന ലഭിക്കേണ്ടവർ ഉണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

### ഉത്തരം

(എ& ബി) കഴിഞ്ഞ വർഷം കോഴിക്കോട് മെഡിക്കൽ കോളേജിൽ നിപ ഐസൊലേഷൻ വാർഡിൽ ജോലിചെയ്ത ജീവനക്കാർക്ക് സ്ഥിര നിയമനം നൽകണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലാണ്. നിപ നിയന്ത്രണത്തിൽ സജീവമായി ഇടപെട്ട് കോഴിക്കോട് മെഡിക്കൽ കേളേജിൽ പ്രവർത്തിച്ച കരാർ/ ദിവസ വേതനക്കാർക്ക് ഇപ്പോൾ കോഴിക്കോട് ജില്ലയിലെ വിവിധ ആശുപത്രികളിൽ തുടർച്ചയായി താല്ക്കാലികാടിസ്ഥാനത്തിൽ ജോലി നൽകിവരുന്നുണ്ട്.

## പള്ളിക്കൽ പി.എച്ച്.സി.-യെ സി.എച്ച്.സി. ആയി ഉയർത്തുന്നതിന് നടപടി

198(5149) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിൽ നിലവിൽ സി.എച്ച്.സി. ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള പള്ളിക്കൽ പി.എച്ച്.സി.-യെ സി.എച്ച്.സി. ആയി ഉയർത്തണമെന്നാവശ്യപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം ഉൾപ്പെടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്താമോ; വിവിധതരം പനി പടർന്നുപിടിക്കുന്നത് തടയുന്നതിന് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന പള്ളിക്കൽ ഗ്രാമപഞ്ചായത്തിലാണ് പള്ളിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥിതിചെയ്യുന്നത് (24x7). ടി PHC-യുടെ 12 കിലോ മീറ്റർ ചുറ്റളവിൽ സ്ഥിതിചെയ്യുന്ന കൊണ്ടോട്ടി CHC-യെ താലൂക്കാശുപത്രിയായി ഉയർത്തി ഉത്തരവായിട്ടുണ്ട്. പദവി ഉയർത്തുകയല്ല മറിച്ച് സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.-കളെയും ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രദേശത്തെ ആകെ ജനവിഭാഗങ്ങളുടെയും ആരോഗ്യ പരിചരണവും രോഗ ചികിത്സയും ഉറപ്പാക്കി കുടുംബഡോക്ടർ എന്ന പദ്ധതിയിലേയ്ക്ക് എത്തുന്നതിനുള്ള മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീസൗഹൃദമാക്കുക എന്നതാണ് ആർദ്രം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ഇത്തരത്തിൽ ആർദ്രം പദ്ധതി പൂർണ്ണമായി നടപ്പിൽ വരുത്തുന്നതോടെ പള്ളിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ എല്ലാ സൗകര്യങ്ങളും മെച്ചപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പനി പടർന്നുപിടിക്കുന്നത് തടയുന്നതിന് ഫീൽഡ് വിഭാഗം ജീവനക്കാരുടെ നേതൃത്വത്തിൽ ശക്തമായ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## എഴുമറ്റൂർ സി.എച്ച്.സി. കെട്ടിട നിർമ്മാണം

199(5150) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഴുമറ്റൂർ സി.എച്ച്.സി. യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; പുതിയ കെട്ടിടത്തിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിച്ചിരിക്കുന്ന സൗകര്യങ്ങൾ വിശദമാക്കുമോ;

(ബി) നിർദിഷ്ട കെട്ടിടത്തിന്റെ പ്രതീക്ഷിത നിർമ്മാണച്ചെലവ് എത്രയാണ്; ആർക്കാണ് നിർമ്മാണച്ചുമതല നല്കിയിരിക്കുന്നതെന്നും കെട്ടിടനിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ആർദ്രം II-ാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ എഴുമറ്റൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നബാർഡ് RIDF XXV 2019-2020 പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനായി PWD ചീഫ് എഞ്ചിനീയർ price software-ൽ തയ്യാറാക്കി സമർപ്പിച്ച 22 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിൽ പരിശോധന യിലാണ്. രണ്ട് ബേസ്മെന്റ് ഫ്ലോറും 6 നിലകളും ഉൾപ്പെടെ ആകെ 8 നിലയുള്ള കെട്ടിടമാണ് പ്രൊപ്പോസലിൽ വിഭാവന ചെയ്തിരിക്കുന്നത്. ഐ.പി. സെക്ഷനുകളും സ്പെഷ്യാലിറ്റി യൂണിറ്റുകളും ഓപ്പറേഷൻ തിയേറ്ററുകളും ICU അടക്കമുള്ള ചികിത്സാ സൗകര്യങ്ങളും ലിഫ്റ്റ്, ജനറേറ്റർ, ഫയർ ഫൈറ്റിംഗ്, മഴവെള്ള സംഭരണി ഉൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങളും നിലവിൽ തയ്യാറാക്കി സമർപ്പിച്ചിരിക്കുന്ന പ്ലാനിലും പ്രൊപ്പോസലിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) നിർദ്ദിഷ്ട കെട്ടിടത്തിന് 22 കോടി രൂപയാണ് നിർമ്മാണച്ചെലവ് പ്രതീക്ഷിക്കുന്നത്. ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## മലപ്പുറത്തെ ജില്ലാ ആശുപത്രികൾ

200(5151) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറത്ത് നിലവിലുള്ള ജില്ലാ ആശുപത്രികൾ ഏതെല്ലാമാണ്;

(ബി) ഓരോ ആശുപത്രിയിലും നിലവിലുള്ള ചികിത്സാ വിഭാഗങ്ങളും സൗകര്യങ്ങളും വിശദീകരിക്കാമോ;

(സി) പുതിയ ജില്ലാ, താലൂക്ക് ആശുപത്രികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ 3 ജില്ലാ ആശുപത്രികളാണുള്ളത്.

1. ജില്ലാ ആശുപത്രി, നിലമ്പൂർ

2. ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ

3. ജില്ലാ ആശുപത്രി, തിരൂർ

(ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) നിലവിൽ സർക്കാർ ആശുപത്രികളെ ആർദ്രം മിഷനിൽ ഉൾപ്പെടുത്തി സൗകര്യങ്ങൾ വികസിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് ചെയ്തുവരുന്നത്. ഒരു ജില്ലയിൽ ഒരു ആശുപത്രിയെ ജില്ലാതല ആശുപത്രിയായി വികസിപ്പിക്കാനും ഒരു താലൂക്കിൽ ഒരു ആശുപത്രിയെ താലൂക്കുതല ആശുപത്രിയായി വികസിപ്പിക്കാനുമാണ് തീരുമാനിച്ചിട്ടുള്ളത്. ഇതനുസരിച്ച് മലപ്പുറം ജില്ലയിലെ തിരൂർ ആശുപത്രിയെയാണ് ജില്ലാ ആശുപത്രിയുടെ പദവിയിലേയ്ക്ക് സൗകര്യങ്ങൾ ഒരുക്കാൻ തെരഞ്ഞെടുത്തിട്ടുള്ളത്.

ആശുപത്രികളുടെ പദവി ഉയർത്തുക എന്നതല്ല മറിച്ച് ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്ന പ്രവർത്തനങ്ങളാണ് നിലവിൽ നടപ്പിലാക്കിവരുന്നത്.

## പള്ളുരുത്തി സിമെറ്റ് കോളേജ് ഓഫ് നഴ്സിംഗിലെ വിദ്യാർത്ഥികളുടെ ക്ലിനിക്കൽ പരിശീലനം

201(5152) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിന്റെ പള്ളുരുത്തിയിലെ സിമെറ്റ് കോളേജ് ഓഫ് നേഴ്സിംഗിലെ വിദ്യാർത്ഥികൾ ക്ലിനിക്കൽ പരിശീലനത്തിന് എറണാകുളം ജനറൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആശുപത്രിയിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് C3/207/2018 നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത നടപടികളുമായി ബന്ധപ്പെട്ട് നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) പള്ളുരുത്തിയിലെ സിമെറ്റ് നഴ്സിംഗ് കോളേജിലെ വിദ്യാർത്ഥികൾ ക്ലിനിക്കൽ പരിശീലനത്തിന് എറണാകുളം ജനറൽ ആശുപത്രിയിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച വിഷയം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സി3/207/2018/ആ.കു.വ. നമ്പർ ഫയലിൽ പരിശോധിച്ചു വരികയാണ്.

## പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന നടപടി

202(5153) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ ഇതേവരെ എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ടെന്നറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഇനി എത്ര പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാനുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ആലത്തൂർ മണ്ഡലത്തിലെ വണ്ടാഴി, കിഴക്കഞ്ചേരി എന്നീ ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ആലത്തൂർ മണ്ഡലത്തിലെ തേൻകുറിശ്ശി, കുനിശ്ശേരി എന്നീ കേന്ദ്രങ്ങളെ കുടുബാരോഗ്യകേന്ദ്രങ്ങളായി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും ഘട്ടം ഘട്ടമായി ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

## പത്തനംതിട്ടയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണം

203(5154) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ അനുവദിച്ച സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണത്തിനായുള്ള സ്ഥലം കണ്ടെത്തിയോ; കണ്ടെത്തിയെങ്കിൽ എവിടെയാണെന്ന് വ്യക്തമാക്കുമോ; നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിൽ അനുവദിച്ച സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ല.

(ബി) ടി നിർമ്മാണത്തിനായുള്ള സ്ഥലം നിർണ്ണയിച്ചിട്ടില്ല.

## ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ

204(5155) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പി.എച്ച്.സി.-യിൽ/പഞ്ചായത്തിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ എത്ര തസ്തികകൾ നിലവിലുണ്ട്; അറിയിക്കാമോ;

(ബി) ഒരു പി.എച്ച്.സി.-യിൽ/പഞ്ചായത്തിൽ എവിടെയെങ്കിലും ഒന്നിൽ കൂടുതൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക നിലവിലുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം; ജില്ലതിരിച്ചുള്ള പട്ടിക നൽകാമോ;

(സി) ആരോഗ്യകേന്ദ്രത്തിൽ ജെ.പി.എച്ച്.എൻ.-മാർ ശരാശരി എത്ര ജനസംഖ്യക്ക് ഒരാൾ എന്നാണ് കണക്കാക്കിയിട്ടുള്ളത്; ഓരോ ജില്ലയിലും ഉള്ള ജെ.പി.എച്ച്.എൻ. തസ്തികയുടെ എണ്ണം അറിയിക്കാമോ;

(ഡി) ഓരോ ജില്ലയിലും അനുവദിച്ച പി.എച്ച്.എൻ.എസ്. (പബ്ളിക് ഹെൽത്ത് നേഴ്സ്സൂപ്പർവൈസർ), എച്ച്.എസ്. (ഹെൽത്ത് സൂപ്പർ വൈസർ)എന്നീ തസ്തികകളുടെ എണ്ണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സാധാരണയായി ഒരു പി.എച്ച്.സി.-യിൽ/പഞ്ചായത്തിൽ ഒരു ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയാണ് നിലവിലുള്ളത്.

(ബി) ഒന്നിൽ കൂടുതൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തിക നിലവിലുള്ള പി.എച്ച്.സി./പഞ്ചായത്തുകളുടെ ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു:

| ജില്ല | സ്ഥാപനം |
|---|---|
| തിരുവനന്തപുരം | താലൂക്കാശുപത്രി, വിതുര |
| കൊല്ലം | പി.എച്ച്.സി. ചവറ,<br>പി.എച്ച്.സി. തെന്മല |
| പത്തനംതിട്ട | --- |
| ആലപ്പുഴ | പി.എച്ച്.സി. കലവൂർ,<br>പി.എച്ച്.സി. മണ്ണഞ്ചേരി (സൂപ്പർ ന്യൂമററി)<br>പി.എച്ച്.സി. ബുധനൂർ,<br>പി.എച്ച്.സി. കടമ്പൂർ |
| കോട്ടയം | ---- |
| ഇടുക്കി | പി.എച്ച്.സി. ദേവിയാർ കോളനി,<br>പി.എച്ച്.സി. വെള്ളത്തൂവൽ |
| എറണാകുളം | പി.എച്ച്.സി. കുട്ടമ്പുഴ |
| തൃശ്ശൂർ | --- |
| പാലക്കാട് | കുടുംബാരോഗ്യ കേന്ദ്രം കിഴക്കഞ്ചേരി,<br>സി.എച്ച്.സി. അഗളി |
| മലപ്പുറം | --- |
| കോഴിക്കോട് | സി.എച്ച്.സി. കോടഞ്ചേരി,<br>സി.എച്ച്.സി. തിരുവമ്പാടി,<br>സി.എച്ച്.സി. തിരുവങ്ങൂർ |
| വയനാട് | --- |
| കണ്ണൂർ | കുടുംബാരോഗ്യ കേന്ദ്രം മുഴിപ്പിലങ്ങാട്,<br>പിഎച്ച്.സി. പുളിങ്ങോം. |
| കാസർഗോഡ് | കുടുംബാരോഗ്യ കേന്ദ്രം കരിന്തളം,<br>പി.എച്ച്.സി. ബന്തടുക്ക,<br>താലൂക്ക് ആശുപത്രി ബേഡഡുക്ക. |

(സി) 5000 ജനസംഖ്യയ്ക്ക് ഒരു ജെ.പി.എച്ച്.എൻ. എന്നതാണ് അനുപാതം (ട്രൈബൽ ഏരിയയിൽ 3000). ഓരോ ജില്ലയിലുമുള്ള ജെ.പി.എച്ച്.എൻ. തസ്തികയുടെ എണ്ണം ചുവടെപറയുന്നു:

| | |
|---|---|
| തിരുവനന്തപുരം | 504 |
| കൊല്ലം | 427 |
| പത്തനംതിട്ട | 266 |
| ആലപ്പുഴ | 379 |
| കോട്ടയം | 341 |
| ഇടുക്കി | 314 |
| എറണാകുളം | 427 |
| തൃശ്ശൂർ | 484 |
| പാലക്കാട് | 515 |
| മലപ്പുറം | 589 |
| കോഴിക്കോട് | 419 |
| വയനാട് | 205 |
| കണ്ണൂർ | 426 |
| കാസർഗോഡ് | 249 |

(ഡി) ഓരോ ജില്ലയിലും അനുവദിച്ച പി.എച്ച്.എൻ.എസ്. (പബ്ളിക് ഹെൽത്ത് നഴ്സ് സൂപ്പർവൈസർ), എച്ച്.എസ്. (ഹെൽത്ത് സൂപ്പർവൈസർ), എന്നീ തസ്തികകളുടെ എണ്ണം ചുവടെപറയുന്നു:

| ജില്ല | പബ്ലിക് ഹെൽത്ത് നഴ്സ് സൂപ്പർവൈസർ | ഹെൽത്ത് സൂപ്പർവൈസർ |
|---|---|---|
| തിരുവനന്തപുരം | 12 | 23 |
| കൊല്ലം | 13 | 16 |
| പത്തനംതിട്ട | 9 | 10 |
| ആലപ്പുഴ | 13 | 13 |
| കോട്ടയം | 16 | 17 |
| ഇടുക്കി | 4 | 8 |
| എറണാകുളം | 17 | 17 |
| തൃശ്ശൂർ | 18 | 18 |
| പാലക്കാട് | 12 | 12 |
| മലപ്പുറം | 12 | 12 |
| കോഴിക്കോട് | 12 | 15 |
| വയനാട് | 3 | 3 |
| കണ്ണൂർ | 8 | 8 |
| കാസർഗോഡ് | 4 | 4 |

## നെന്മാറ നിയോജകമണ്ഡലത്തിലെ വിവിധ ആശുപത്രികളിലെ തസ്തികകൾ

205(5156) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ വിവിധ ആശുപത്രികളിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഓരോ ആശുപത്രിയിലും എത്ര ഡോക്ടർമാരുടെ സേവനമാണുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ വിവിധ ആശുപത്രികളിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി)

| ക്രമ നമ്പർ | സ്ഥാപനം | സിവിൽ സർജൻ | അസിസ്റ്റന്റ് സർജൻ |
|---|---|---|---|
| 1 | സി.എച്ച്.സി. നെന്മാറ | 2 | 5 |
| 2 | പി.എച്ച്.സി. നെല്ലിയാമ്പതി | - | 1 |
| 3 | പി.എച്ച്.സി. എലവഞ്ചേരി | - | 1 |
| 4 | പി.എച്ച്.സി. അയിലൂർ | - | 1 |
| 5 | പി.എച്ച്.സി. പുതുനഗരം | - | 1 |
| 6 | പി.എച്ച്.സി. വടവന്നൂർ | - | 2 |
| 7 | സി.എച്ച്.സി. കൊടുവായൂർ | 2 | 2 |
| 8 | പി.എച്ച്.സി.. മുതലമട | - | 1 |
| 9 | പി.എച്ച്.സി. പല്ലശ്ശന | - | 1 |
| 10 | പി.എച്ച്.സി. കൊല്ലങ്കോട് | 1 | 2 |

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ

206(5157) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ അനുവദിക്കപ്പെട്ടിരിക്കുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ എണ്ണം ഗ്രേഡ് തിരിച്ച് വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ജില്ലയിൽ ജോലി ചെയ്യുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പേരും നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനവും ഗ്രേഡ് തിരിച്ച് നൽകുമോ;

(സി) തിരുവനന്തപുരം ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം എത്രയെന്നും ഏതൊക്കെ സ്ഥാപനങ്ങളിലാണെന്നും ഗ്രേഡ് തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ആരോഗ്യവകുപ്പ് ഡയറക്ടറുടെ 6-2-2019-ലെ ഇ.ജി 2/40/2016 ആ.കു.വ. നം. പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ, പ്രൊമോഷൻ നൽകുന്നതിന് എത്ര പേരുടെ വിവരങ്ങളാണ് തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ആരോഗ്യവകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) അനുവദനീയമായ ബൈടാൻസ്ഥർ അനുപാതം ക്രമപ്പെടുത്തുന്നതുവരെ തിരുവനന്തപുരം ജില്ലയിൽ ജെ.എച്ച്.ഐ. ഗ്രേഡ് II (ബൈടാൻസ്ഥർ) തസ്തികയിൽ നിയമനം നടത്താൻ പാടില്ല എന്ന് ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി 14-2-2019-ന് സി 2/46/2019 ആ.കു.വ. നമ്പർ കത്തിലൂടെ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് കർശന നിർദ്ദേശം നൽകിയ സാഹചര്യത്തിൽ ബൈടാൻസ്ഥർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്നും ഇല്ലെങ്കിൽ കാരണവും വ്യക്തമാക്കുമോ;

(എഫ്) വിതുര താലൂക്ക് ആശുപത്രിയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ് II ബൈടാൻസ്ഥർ) 31-12-2018-ന് വിരമിച്ചതുമൂലമുണ്ടായ ഒഴിവ് നികത്തിയിട്ടുണ്ടോ; എങ്കിൽ എപ്രകാരമാണ് പ്രസ്തുത ഒഴിവ് നികത്തിയതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ - 312.

(ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I - 156, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II -156).

(ബി) ജില്ലയിൽ ജോലിചെയ്യുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ (ഗ്രേഡ് I & II) പേരും നിലവിൽ ജോലിചെയ്യുന്ന സ്ഥാപനവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) തിരുവനന്തപുരം ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിൽ നിലവിൽ ഒഴിവില്ല. ഗ്രേഡ് II തസ്തികയിൽ നിലവിലുള്ള 9 ഒഴിവുകൾ ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| സ്ഥാപനം | ഒഴിവ് |
|---|---|
| പ്രാഥമികാരോഗ്യകേന്ദ്രം, അഴൂർ | 1 |
| പ്രാഥമികാരോഗ്യകേന്ദ്രം, കാട്ടാക്കട (ന്യൂ), ആമച്ചൽ | 1 |
| താലൂക്കാശുപത്രി, വിതുര | 2 |
| കുടുംബാരോഗ്യകേന്ദ്രം, ചെമ്മരുതി | 1 |
| പ്രാഥമികാരോഗ്യകേന്ദ്രം, പെരുമാതുറ | 1 |
| പ്രാഥമികാരോഗ്യകേന്ദ്രം, കീഴാറ്റിങ്ങൽ | 1 |
| നെഞ്ചുരോഗാശുപത്രി, പുലയനാർകോട്ട | 1 |
| പ്രാഥമികാരോഗ്യകേന്ദ്രം, പരശുവയ്ക്കൽ | 1 |

(ഡി) 12. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഇ) ബൈ‌ടാൻസ്റ്റർ തസ്തികയിലെ 3 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 2 എണ്ണം പ്രതീക്ഷിത ഒഴിവുകളാണ്.

(എഫ്) ഇല്ല.

## റെസ്പിറേറ്ററി ടെക്നീഷ്യൻ

207(5158) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ റെസ്പിറേറ്ററി ടെക്നീഷ്യൻ തസ്തികയുടെ വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ അറിയിക്കാമോ; ഇത് സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പിലുള്ള ഫയലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത ചട്ടങ്ങളിൽ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന രണ്ട് വർഷത്തെ ഡിപ്ലോമ ഇൻ റെസ്പിറേറ്ററി ടെക്നീഷ്യൻ കോഴ്സ് അടിസ്ഥാന യോഗ്യതയാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ റെസ്പിറേറ്ററി ടെക്നീഷ്യൻ തസ്തികയ്ക്ക് കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) റെസ്പിറേറ്ററി ടെക്നീഷ്യൻ ഉൾപ്പെടെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ വിവിധ തസ്തികകൾക്കായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച കരട് വിശേഷാൽ ചട്ടം 'Secretaries Committee'-യിൽ ചർച്ച ചെയ്തിരുന്നു. Secretaries Committee തീരുമാനപ്രകാരം ഭേദഗതി വരുത്തി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച കരട് വിശേഷാൽ ചട്ടം ആരോഗ്യ വകുപ്പ് പരിശോധിക്കുകയും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായം തേടുകയും ചെയ്തിരുന്നു. നിലവിൽ കരട് വിശേഷാൽ ചട്ടം നിയമ വകുപ്പിന്റെ സൂക്ഷ്മപരിശോധനയ്ക്കായി അയച്ചിരിക്കുകയാണ്.

(ബി) കരട് വിശേഷാൽ ചട്ടത്തിൽ കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ നടത്തുന്ന Diploma in Respiratory Technology (DRT) കോഴ്സ് റെസ്പിറേറ്ററി ടെക്നീഷ്യൻ തസ്തികയുടെ യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഇല്ല.

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കൽ**

208(5160) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പ് ഡയറക്ടേറ്റിൽ നിന്നുള്ള പി.എൻ.സി.2-28278/17/ആ.വ.ഡ. നമ്പർ കത്ത് മുഖേന എത്ര ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലാണ് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ആരോഗ്യകുടുംബക്ഷേമ വകുപ്പിലെ ഏത് ഫയലിലാണ് ഈ പ്രൊപ്പോസൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രൊപ്പോസലിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ എന്നും ഫയലിന്റെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പടെ 527 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലാണ് ലഭിച്ചിട്ടുള്ളത്.

(ബി&സി) എം.1/19/2018 എന്ന ഫയലിൽ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. പ്രൊപ്പോസലിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**വയനാട് ജില്ലയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഒഴിവുകൾ**

209(5161) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നിലവിൽ എത്ര ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ പ്രസ്തുത തസ്തികയിലേക്ക് എത്ര നിയമനം നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 6 ജൂനിയർ പബ്ലിക് ഹെർത്ത് നഴ്സ് ഗ്രേഡ്-II ഒഴിവുകളുണ്ട്.

(ബി) 24 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-II തസ്തികയിലേയ്ക്ക് നിയമനം നടത്തിയിട്ടുണ്ട്.

(സി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിവുകൾ നികത്താതെ കിടക്കുകയാണെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ആരോഗ്യ വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ**

210(5162) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ എത്ര ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും എന്തുകൊണ്ടാണ് നിയമനം നൽകാത്തതെന്ന് വ്യക്തമാക്കാമോ;

(സി) ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് പ്രമോഷൻ നിർത്തിവെച്ചിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത തസ്തികയിലെ പ്രമോഷൻ സമയബന്ധിതമായി നല്കുന്നതിനുവേണ്ട അടിയന്തരനടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ നിലവിൽ 57 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 3 |
| കൊല്ലം | 3 |
| പത്തനംതിട്ട | 3 |
| ആലപ്പുഴ | 4 |
| കോട്ടയം | 1 |
| ഇടുക്കി | 5 |
| എറണാകുളം | 10 |
| തൃശ്ശൂർ | 5 |
| പാലക്കാട് | 4 |
| മലപ്പുറം | 2 |
| കോഴിക്കോട് | 9 |
| വയനാട് | 1 |
| കണ്ണൂർ | 5 |
| കാസർഗോഡ് | 2 |

(ബി) ജില്ലാ മെഡിക്കൽ ഓഫീസുകളിൽനിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിലുള്ള ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം മുഖേന ടി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-യിൽനിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലുണ്ടായ ഒഴിവുകളിലേയ്ക്ക് നിരവധി സ്ഥലംമാറ്റ അപേക്ഷകൾ ലഭിച്ചിരുന്നുവെങ്കിലും 2019-ലെ ലോകസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാൽ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല. നിലവിൽ പ്രസ്തുത മാറ്റം നടത്തുന്നതിനും ആയതിനുശേഷം ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II-ലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിലെ നിയമനം

211(5163) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണമംഗലം പി.എച്ച്.സി.-യുടെ കീഴിലുള്ള ചെങ്ങാനി ആരോഗ്യ ഉപകേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിന്റെ തസ്തിക ഒഴിഞ്ഞു കിടക്കുന്നതിനാൽ ജനങ്ങൾക്ക് ഈ ആരോഗ്യ ഉപകേന്ദ്രം പ്രയോജനപ്പെടുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കേന്ദ്രത്തിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ എഫ്.ഡബ്ല്യൂ.എ 1/37021/14, എഫ്.ഡബ്ല്യൂ.എ 1//3084/14, മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസിലെ സി 1/26090/13 എന്നീ ഫയലുകളുടെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കുമോ;

(ബി) കണ്ണമംഗലം പി.എച്ച്.സി.-യുടെ കീഴിൽ ഇപ്പോൾ എത്ര ആരോഗ്യ ഉപകേന്ദ്രങ്ങൾ ഉണ്ട്; ഇവ ജനസംഖ്യാനുപാതികമായാണോ അനുവദിച്ചിട്ടുള്ളത്; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) കണ്ണമംഗലം പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കീഴിലുള്ള ചെങ്ങാനി ആരോഗ്യ ഉപകേന്ദ്രത്തിൽ നിലവിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയില്ല. പ്രസ്തുത ഉപകേന്ദ്രം കണ്ണമംഗലം ഗ്രാമപഞ്ചായത്ത് ചില അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടെങ്കിലും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ സേവനം ലഭ്യമാകാത്തതിനാൽ ഈ സെന്റർ ഉപയോഗശൂന്യമായ രീതിയിലാണ് നിലനിൽക്കുന്നത്. തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട പരാമർശിത ഫയലുകൾക്ക് പകരം എഫ്.ഡബ്ല്യൂ.എ 1/96568/17/ആവഡ എന്ന ഫയലിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കണ്ണമംഗലം പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കീഴിൽ അഞ്ച് സബ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ചെങ്ങാനി ഉപകേന്ദ്രം നിലവിൽ പ്രവർത്തനരഹിതമാണ്. ഇവ ജനസംഖ്യാ ആനുപാതികമായിട്ടല്ല അനുവദിച്ചിട്ടുള്ളത്. കണ്ണമംഗലം ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 50450 ആണ്. അയ്യായിരം ജനസംഖ്യയ്ക്ക് ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്ന തോതിൽ 50450 ജനസംഖ്യയ്ക്ക് 10 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികകളാണ് ഉണ്ടാകേണ്ടത്. എന്നാൽ അഞ്ച് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയും മൂന്ന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയുമാണ് നിലവിലുള്ളത്.

## ഹെൽത്ത് ഇൻസ്പെക്ടർ ഹെൽത്ത് സൂപ്പർവൈസർ തസ്തികകളിലെ ഒഴിവുകൾ

212(5165) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യ വകുപ്പിൽ 2019 ഡിസംബർ 31 വരെ ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് സൂപ്പർവൈസർ എന്നീ തസ്തികകളിൽ എത്ര വീതം ഒഴിവുകൾ ഉണ്ടാകാനിടയുണ്ട് എന്നതിന്റെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

ആരോഗ്യ വകുപ്പിൽ 2019 ഡിസംബർ 31 വരെ ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് സൂപ്പർവൈസർ എന്നീ തസ്തികകളിൽ ഉണ്ടാകാനിടയുള്ള ഒഴിവുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ പറയുംപ്രകാരമാണ്.

| ജില്ല | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | ഹെൽത്ത് സൂപ്പർവൈസർ |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 7 | 1 |
| കൊല്ലം | 2 | 0 |
| പത്തനംതിട്ട | 1 | 0 |
| ആലപ്പുഴ | 4 | 0 |
| കോട്ടയം | 0 | 0 |
| ഇടുക്കി | 0 | 0 |
| എറണാകുളം | 1 | 2 |

| (1) | (2) | (3) |
|---|---|---|
| തൃശ്ശൂർ | 2 | 2 |
| പാലക്കാട് | 6 | 1 |
| മലപ്പുറം | 4 | 0 |
| കോഴിക്കോട് | 11 | 2 |
| വയനാട് | 0 | 0 |
| കണ്ണൂർ | 4 | 0 |
| കാസർഗോഡ് | 3 | 0 |
| ആകെ | 45 | 8 |

**സ്വകാര്യ മേഖലയിലെ ലാബുകളുടെ ഗുണനിലവാരം**

213(5166) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിലെ ലാബുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പരിശോധിയ്ക്കുന്നതിനും സർക്കാർ തലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; ഇവയുടെ പ്രവർത്തനപുരോഗതി പരിശോധിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതിനായി എന്തെങ്കിലും സംവിധാനങ്ങൾ സർക്കാർ തലത്തിൽ പ്രവർത്തിയ്ക്കുന്നുണ്ടോ; ഇവയുടെ പ്രവർത്തനം കാര്യക്ഷമമാണോ ; വ്യക്തമാക്കുമോ;

(സി) നിലവിൽ സ്വകാര്യ ലാബുകളുടെ അക്രെഡിറ്റേഷൻ നൽകുന്നത് ഏത് ഏജൻസികളാണ്; സർക്കാർ ഇത്തരത്തിൽ സ്വകാര്യ ലാബുകൾക്ക് ആക്രഡിറ്റേഷൻ നൽകുന്നുണ്ടോ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ&ബി) ഹെൽത്തി കേരളയുടെ ഭാഗമായി ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിലുള്ള സംഘം ലാബുകൾ പരിശോധിക്കാറുണ്ട്. പ്രസ്തുത പരിശോധനാ ടീം ഇൻഫെക്ഷൻ കൺട്രോൾ പ്രാക്ടീസസ്, ലാബ് ടെക്നീഷ്യന്മാരുടെ യോഗ്യത, ബയോ മെഡിക്കൽ വെയ്സ്റ്റ് മാനേജ്മെന്റിന്റെ കാര്യക്ഷമത, ലാബുകളുടെ മൊത്തത്തിലുള്ള ശുചിത്വം എന്നീ കാര്യങ്ങളാണ്

ശ്രദ്ധിക്കുക. ഇതിൽ എന്തെങ്കിലും വീഴ്ച സംഭവിക്കുന്നുണ്ടെങ്കിൽ പ്രസ്തുത വിവരം പഞ്ചായത്ത് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ടി സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യാൻവേണ്ട നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്യും. കൂടാതെ നിലവിൽ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരവും ലാബുകൾ രജിസ്റ്റർ ചെയ്യപ്പെടേണ്ടതാണ്.

(സി) ഇന്ത്യയിൽ സ്വകാര്യ ലാബുകൾക്ക് അക്രെഡിറ്റേഷൻ നൽകുന്നത് NABL (National Accreditation Board for Testing and Calibration Laboratories) ആണ്. ഇത് കേന്ദ്രസർക്കാരിന്റെ സയൻസ് ആൻഡ് ടെക്നോളജി വകുപ്പിന്റെ കീഴിൽ വരുന്ന സ്വതന്ത്ര ബോഡിയാണ്. സർക്കാർ നിലവിൽ സ്വകാര്യ ലാബുകൾക്ക് അക്രെഡിറ്റേഷൻ നൽകുന്നില്ല.

**വൈറോളജി ലാബ് രൂപീകരിക്കുന്നതിന് നടപടി**

214(5167) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വൈറോളജി ലാബ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതിനാവശ്യമായ മാർഗ്ഗരേഖകളും നിർദ്ദേശങ്ങളും വകുപ്പ് തലത്തിൽ തയ്യാറാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) വൈറൽ റിസർച്ച് ആൻഡ് ഡയഗ്നോസ്റ്റിക് ലബോറട്ടറി നെറ്റ്‌വർക്കിന്റെ ഭാഗമായി കോഴിക്കോട് മെഡിക്കൽ കോളേജിൽ റീജിയണൽ ലെവൽ വൈറോളജി ലാബ് പ്രവർത്തിക്കുന്നു. ഈ ലാബിനെ റീജിയണൽ ലെവൽ വൈറൽ ഡയഗ്നോസ്റ്റിക് ലാബാക്കി മാറ്റുന്നതിനായി ബയോസേഫ്റ്റി ലെവൽ III ലാബ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തൃശ്ശൂർ മെഡിക്കൽ കോളേജിൽ വൈറോളജി ലാബ് പ്രവർത്തനസജ്ജമാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മെഡിക്കൽ കോളേജ് ലെവൽ ലാബും പ്രവർത്തിക്കുന്നു.

(ബി) Indian Council for Medical Researches and Kerala State Aids Control Society എന്നിവയുടെ മാർഗ്ഗനിർദ്ദേശ പ്രകാരമാണ് പ്രവർത്തിച്ചുവരുന്നത്.

## ഭക്ഷ്യ വസ്തുക്കൾ മായം ചേർക്കാത്തതാണെന്ന് ഉറപ്പാക്കുന്നതിന് നടപടി

215(5168) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കമ്പോളങ്ങളിൽ വിൽക്കപ്പെടുന്ന ഭക്ഷ്യ വസ്തുക്കൾ മായം ചേർക്കാത്തതാണെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്തൊട്ടാകെ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന ഭക്ഷ്യ വസ്തുക്കൾ ഉൾപ്പെടെ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ഓണം, റംസാൻ, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ആഘോഷ വേളകളിലും ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം തുടങ്ങിയ ഉത്സവ സീസണുകളിലും പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കുടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ/ പ്രോസിക്യൂഷൻ/അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. പരിശോധന കളിൽ ഗുണനിലവാരമില്ലാത്തതും ആരോഗ്യത്തിന് ഹാനികരവുമായ ഭക്ഷ്യവസ്തു ക്കൾ കണ്ടെത്തുന്ന അവസരങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006-ൽ പരാമർശിക്കുന്ന പ്രകാരം ഭക്ഷ്യവസ്തുക്കൾ തിരിച്ച് വിളിക്കൽ (സെക്ഷൻ 28), ഇംപ്രൂവ്മെന്റ് നോട്ടീസ് (സെക്ഷൻ 34) എന്നീ വകുപ്പുകളും പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഭക്ഷ്യസുരക്ഷാ വകുപ്പ് ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതിന്റെ ദൂഷ്യവശങ്ങൾ വിശദീകരിച്ചുകൊണ്ട് നിരവധി അവബോധന ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ഈ വിഷയത്തിൽ ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള എളുപ്പമാർഗ്ഗങ്ങൾ സംബന്ധിച്ച് ഒരു ഡോക്യുമെന്ററി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ ഭക്ഷ്യ സുരക്ഷ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി SNF@School എന്ന പദ്ധതിയും

ഗ്രാമപ്രദേശങ്ങളിൽ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി മാതൃകാ ഗ്രാമ പഞ്ചായത്ത് പദ്ധതിയും മത്സ്യത്തിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയുന്നതിനായി 'ഓപ്പറേഷൻ സാഗർറാണി' എന്ന പദ്ധതിയും ശർക്കരയിലെ മായം കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ പനേല' എന്ന പദ്ധതിയും ആരാധനാലയങ്ങളിൽനിന്നും വിതരണം ചെയ്യുന്ന പ്രസാദത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുമായി സഹകരിച്ച് "BHOG" (Blissful Hygienic Offering to God) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

## ഫുഡ് സേഫ്റ്റി ഓഫീസറുടെ സേവനം ലഭ്യമാക്കാൻ നടപടി

216(5169) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര ഫുഡ് സേഫ്റ്റി ഓഫീസറുടെ അംഗീകൃത തസ്തികകൾ ഉണ്ട്;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ ഒഴിവുകളുണ്ടോ; ഉണ്ടെങ്കിൽ അത് നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മണലൂർ മണ്ഡലത്തിലെ ഫുഡ് സേഫ്റ്റി ഓഫീസ് ജീവനക്കാരുടെ വിശദാംശങ്ങൾ നൽകാമോ;

(ഡി) മുല്ലശ്ശേരി പഞ്ചായത്തിൽ ഫുഡ് സേഫ്റ്റി ഓഫീസ് പ്രവർത്തിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടും പ്രസ്തുത ഓഫീസിൽ ഫുഡ് സേഫ്റ്റി ഓഫീസറുടെ പൂർണ്ണമായ സേവനം ലഭ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മേപ്പടി ഓഫീസറുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ഭക്ഷ്യ സുരക്ഷാ വകുപ്പിൽ 160 ഭക്ഷ്യ സുരക്ഷാ ഓഫീസർ തസ്തിക നിലവിൽ അനുവദിച്ചിട്ടുണ്ട്.

(ബി) നിലവിൽ 15 ഒഴിവുകളുണ്ട്. ബഹു. കേരള ഹൈക്കോടതിയിലെ OP(KAT)342/18 നമ്പർ ഉത്തരവ് പ്രകാരം ടി ഒഴിവുകൾ നികത്തുന്നത് തടഞ്ഞിട്ടുണ്ട്. മറ്റ് ഒഴിവുകൾ നിലവിലില്ല. പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിൻപ്രകാരം നിയമന ശിപാർശ

ലഭ്യമായിട്ടുണ്ടെങ്കിലും ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലവിലുള്ളതിനാൽ നിയമന ശിപാർശ ചെയ്ത 15 ഒഴിവുകളിലേയ്ക്ക് നിയമന ഉത്തരവ് നൽകിയിട്ടില്ല.

(സി) മണലൂർ മണ്ഡലത്തിലെ ഭക്ഷ്യസുരക്ഷാ സർക്കിൾ കാര്യാലയത്തിലെ ജീവനക്കാരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ഭക്ഷ്യസുരക്ഷാ ഓഫീസർ - 1

ക്ലാർക്ക് -1

ഓഫീസ് അറ്റൻഡന്റ് -1

(ഡി) ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസിനായി അനുവദിച്ചിട്ടുള്ള കെട്ടിടത്തിൽ ഫർണ്ണീച്ചറും അനുബന്ധ സാമഗ്രികളും സജ്ജീകരിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ, ഇന്റർനെറ്റ് കണക്ഷൻ മുതലായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിട്ടില്ല. എന്നിരുന്നാലും അടിയന്തരമായി പുതിയ ഓഫീസ് കെട്ടിടത്തിലേയ്ക്ക് പൂർണ്ണമായും പ്രവർത്തനം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പച്ചക്കറികളിലെയും പഴങ്ങളിലെയും വിഷാംശം പരിശോധിക്കാനുള്ള സംവിധാനങ്ങൾ

217(5170) <u>ശ്രീ. കെ. കുഞ്ഞിരാമൻ:</u>
<u>ശ്രീ. എസ്. രാജേന്ദ്രൻ:</u>
<u>ശ്രീ. ഒ. ആർ. കേളു:</u>
<u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന പച്ചക്കറികളിലെയും പഴങ്ങളിലെയും വിഷാംശം, വെളിച്ചെണ്ണ, പാൽ തുടങ്ങിയവയിലെ മായം, വിവിധ കറിപൊടികൾ, മുളക്, മല്ലി, മഞ്ഞൾ, ധാന്യപ്പൊടികൾ മുതലായവയിലെ കൃത്രിമ നിറങ്ങൾ തുടങ്ങിയതെല്ലാം ഫലപ്രദമായി പരിശോധിക്കാൻ എന്തെല്ലാം അത്യാധുനിക സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) ഇതിനായി സജ്ജീകരിച്ചിട്ടുള്ള മൊബൈൽ ലാബുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം ലാബുകൾ അതിർത്തി ചെക്ക് പോസ്റ്റുകളിൽ സ്ഥാപിച്ച് പച്ചക്കറികൾ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കൾ അവിടെ വച്ച് തന്നെ പരിശോധിക്കുകയും വിഷാംശം കണ്ടെത്തിയാൽ ഇവ ശേഖരിച്ച സ്ഥലത്തേയ്ക്ക് തന്നെ തിരിച്ചയയ്ക്കുകയും ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് പരിശോധിക്കുമോ;

(ഡി) ഇത്തരം ഉല്പന്നങ്ങൾ സംസ്ഥാനത്ത് വില്പന നടത്തുന്നവർക്കെതിരെ എന്തെല്ലാം നിയമ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന പച്ചക്കറികളിലെയും പഴങ്ങളിലെയും കീടനാശിനികളുടെ സാന്നിധ്യം പരിശോധിക്കുന്നതിന് ഭക്ഷ്യ സുരക്ഷാ നിയമം 2006 പ്രകാരം സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലറ്റിക്കൽ ലബോറട്ടറികളിൽ GC MS (Gas Chromatograph Mass Spectrophotometer) എന്ന ആധുനിക ഉപകരണം നിലവിലുണ്ട്.

വെളിച്ചെണ്ണ, പാൽ തുടങ്ങിയവയിലെ മായം കണ്ടുപിടിക്കുന്നതിന് ആധുനിക രീതിയിലുള്ള ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിവിധ കറിപ്പൊടികൾ, മുളക്, മല്ലി, മഞ്ഞൾ, ധാന്യപ്പൊടികൾ മുതലായവയിലെ കൃത്രിമ നിറങ്ങൾ പരിശോധിക്കുന്നതിന് High Performance Liquid Chromatography (HPLC), Paper Chromatography എന്നീ പരിശോധനാ സംവിധാനങ്ങൾ പ്രസ്തുത അനലറ്റിക്കൽ ലബോറട്ടറികളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) മൊബൈൽ ലബോറട്ടറികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഓരോ ജില്ലയിലേയും ഭക്ഷ്യ സുരക്ഷാ സർക്കിളുകൾ കേന്ദ്രീകരിച്ച് ഭക്ഷ്യ വസ്തുക്കൾ പരിശോധിക്കുന്നതിനായി മൊബൈൽ ലാബുകളുടെ സേവനം ഉപയോഗിച്ചുവരുന്നു. കൂടാതെ അതിർത്തി ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് അന്യസംസ്ഥാനങ്ങളിൽനിന്നുവരുന്ന പാൽ, മത്സ്യം, വെളിച്ചെണ്ണ തുടങ്ങിയ ഭക്ഷ്യ വസ്തുക്കൾ പരിശോധിക്കുന്നുണ്ട്.

(സി) മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളിൽ പച്ചക്കറികളിലെ രാസസാന്നിധ്യം പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. എന്നാൽ അതിർത്തി ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് അന്യസംസ്ഥാനങ്ങളിൽനിന്ന് വരുന്ന പാൽ, മത്സ്യം, വെളിച്ചെണ്ണ തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ പരിശോധിക്കുന്നുണ്ട്.

(ഡി) ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന സാമ്പിളുകൾ അനലറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്കായി നൽകുകയും ടി പരിശോധനയിൽ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തുന്ന ഭക്ഷ്യവസ്തുക്കൾ വിൽപ്പന നടത്തുന്നവർക്കെതിരെ 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ചുള്ള അഡ്ജ്യൂഡിക്കേഷൻ/പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

## ഗുണനിലവാരമില്ലാത്ത ആഹാര സാധനങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി

218(5171) ശ്രീ. കെ. ദാസൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എം. മുകേഷ് :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരമില്ലാത്തതോ പഴകിയതോ മായം കലർന്നതോ ആയ ആഹാര സാധനങ്ങൾ വിൽക്കുന്നുവെന്ന് ഭക്ഷ്യസുരക്ഷാവകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തുന്ന ഹോട്ടലുകൾക്കെതിരെ എന്തെല്ലാം നിയമനടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്കെല്ലാം രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ലൈസൻസും രജിസ്ട്രേഷനും നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) പരിശോധനകളിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് പ്രവർത്തനം നിർത്തി വയ്പിക്കുന്ന സ്ഥാപനങ്ങൾ വീണ്ടും തുറന്ന് പ്രവർത്തിക്കുന്നതിന് അനുമതി നൽകുന്നതിനുമുമ്പ്, ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ എല്ലാ നിർദ്ദേശങ്ങളും ഗുണനിലവാര മാനദണ്ഡങ്ങളും പാലിക്കുന്നു എന്ന് ഉറപ്പ് വരുത്താനും അല്ലാത്ത പക്ഷം ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ സ്ഥിരമായി റദ്ദ് ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ നിശ്ചിത ഇടവേളകളിൽ ഹോട്ടലുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും പരിശോധനയിൽ ഗുണനിലവാരമില്ലാത്തതോ പഴകിയതോ ആയ ഭക്ഷണ പദാർത്ഥങ്ങൾ വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ടി സ്ഥാപനങ്ങൾക്കെതിരെ 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമമനുസരിച്ചുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ശുചിത്വമില്ലാതെയും ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും തുടർ പരിശോധനയിൽ മാനദണ്ഡങ്ങൾ പാലിക്കുന്നതായി ഉറപ്പുവരുത്തുകയും മാനദണ്ഡങ്ങൾ പാലിക്കാത്ത സ്ഥാപനത്തിന്റെ FSSAI ലൈസൻസ്/രജിസ്ട്രേഷൻ താൽക്കാലികമായി suspend ചെയ്യുകയും ചെയ്യുന്നുണ്ട്.

(ബി) 2006-ൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമവും 2011-ൽ ഭക്ഷ്യസുരക്ഷാ റൂൾസും അനുബന്ധ റെഗുലേഷനുകളും നിലവിൽ വരികയുണ്ടായി. ഇതിൽ ഭക്ഷ്യസുരക്ഷാ (ലൈസൻസിംഗ് & രജിസ്ട്രേഷൻ) 2011 പ്രകാരമാണ് ഭക്ഷ്യപദാർത്ഥങ്ങളുടെ ഉൽപ്പാദനത്തിലും വിതരണത്തിലും സംഭരണത്തിലും പാക്കിംഗിലും വിൽപ്പനയിലും ഏർപ്പെട്ടിരിക്കുന്നവർക്ക് ലൈസൻസും ചെറുകിട വ്യാപാരികൾക്ക് രജിസ്ട്രേഷനും നൽകുന്നത്. ടി നിയമപ്രകാരം സംസ്ഥാനത്തെ ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം, സംഭരണം, വിതരണം, വിൽപ്പന തുടങ്ങിയ എല്ലാ മേഖലകളിലുമുള്ള ഭക്ഷ്യസംരംഭകരെ രജിസ്ട്രേഷൻ/ലൈസൻസ് പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇത് സമ്പൂർണ്ണമാക്കാനും ഈ നിയമം അനുശാസിക്കുന്ന പ്രകാരം പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ഭക്ഷ്യസുരക്ഷാ വകുപ്പ് എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. അതിന്റെ ഭാഗമായി ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ നേടിയ ജില്ലയായി കൊല്ലം ജില്ലയെ 2018-ൽ പ്രഖ്യാപിക്കുകയുണ്ടായി. സംസ്ഥാനത്തെ മറ്റെല്ലാ ജില്ലകളും സമ്പൂർണ്ണ ലൈസൻസ്/രജിസ്ട്രേഷൻ നേടുന്ന ജില്ലകളായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടന്നുവരുന്നതിന്റെ ഭാഗമായി ലൈസൻസ്/രജിസ്ട്രേഷൻ മേളകൾ നടന്നുവരുന്നു. കൂടാതെ ഫുഡ് ബിസിനസ് സ്ഥാപനങ്ങളുടെ അടിസ്ഥാന വിവര ശേഖരണം നടത്തി രജിസ്ട്രേഷൻ/ ലൈസൻസ് ഇല്ലാത്തവർക്ക് നോട്ടീസ് നൽകി രജിസ്ട്രേഷൻ/ലൈസൻസ് നൽകിവരുന്നു.

(സി) വർഷത്തിൽ 12,00,000 രൂപയിൽ താഴെ വിറ്റുവരവുള്ളവർ രജിസ്ട്രേഷനും അതിന് മുകളിൽ വിറ്റുവരവുള്ളവർ ഭക്ഷ്യസുരക്ഷാ ലൈസൻസും എടുക്കേണ്ടതാണ്.

ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള രജിസ്ട്രേഷൻ ലഭിക്കുന്നതിന് അപേക്ഷകന്റെ ഫോട്ടോ, അഡ്രസ് പ്രൂഫ്, തിരിച്ചറിയൽ രേഖ എന്നിവ സമർപ്പിക്കേണ്ടതാണ്.

ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള ലൈസൻസ് ലഭിക്കുന്നതിന് അപേക്ഷകന്റെ ഫോട്ടോ, അഡ്രസ് പ്രൂഫ്, തിരിച്ചറിയൽ രേഖ, ഫോം-ബി, ഭക്ഷ്യപദാർത്ഥത്തിന്റെ തരം, ഭക്ഷ്യപദാർത്ഥത്തിന്റെ അനാലിസിസ് റിപ്പോർട്ട്, ഭക്ഷ്യപദാർത്ഥത്തിന്റെ ഉറവിടം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി., ഉപയോഗിക്കുന്ന വെള്ളം ടെസ്റ്റ് ചെയ്തതിന്റെ റിപ്പോർട്ട്, തൊഴിലാളികളുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് തുടങ്ങിയവ സമർപ്പിക്കേണ്ടതാണ്.

(ഡി) ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം നിർത്തിവയ്പ്പിക്കുന്ന സ്ഥാപനങ്ങൾ വീണ്ടും തുറന്നുപ്രവർത്തിക്കുന്നതിന് അനുമതി നൽകുന്നതിനുമുമ്പ് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ എല്ലാ നിർദ്ദേശങ്ങളും ഗുണനിലവാര മാനദണ്ഡങ്ങളും പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താനും അല്ലാത്തപക്ഷം നിയമാനുസൃതം നോട്ടീസ് നൽകി വിശദീകരണം കേട്ടതിനുശേഷം ആവശ്യമെങ്കിൽ ലൈസൻസ്/ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

## ബയോവേസ്റ്റ് പരിപാലനം

219(5172) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്വകാര്യ ആശുപത്രികളിലെയും ക്ലിനിക്കൽ സ്ഥാപനങ്ങളിലെയും ബയോവേസ്റ്റ് പരിപാലനത്തിന് ഇപ്പോൾ ഏതെങ്കിലും സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) എല്ലാ സ്ഥാപനങ്ങളും ഇത്തരത്തിൽ ബയോവേസ്റ്റ് പരിപാലനം നടത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരിസര മലിനീകരണം നടത്തുന്ന ആരോഗ്യ സ്ഥാപനങ്ങളുടെ പേരിൽ സ്വീകരിക്കുന്ന നടപടികൾ കർശനമാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) നിലവിൽ സംസ്ഥാനത്ത് ബയോമെഡിക്കൽ മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കുന്നതിനുള്ള ഒരു പൊതു സംവിധാനം പാലക്കാട് ജില്ലയിൽ കഞ്ചിക്കോട് ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന 'IMAGE ' എന്ന സംവിധാനമാണ്.

(ബി) ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരം ബയോ മെഡിക്കൽ മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് സംസ്കരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇത് ഉറപ്പുവരുത്തുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും അനുമതി/Authorisation നൽകിവരുന്നു. ഇത്തരത്തിൽ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016, പ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നുണ്ടോയെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.

(സി) ഉണ്ട്. ബഹു. ദേശീയ ഹരിത ട്രൈബ്യൂണൽ O.A.No.585/2018-ൽ 25-1-2019, 8-4-2019 എന്നീ തീയതികളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മലിനീകരണം നടത്തുന്ന ആരോഗ്യ സ്ഥാപനങ്ങൾക്കുമേൽ മലിനീകരണ നിയന്ത്രണ ബോർഡ് നടപടി സ്വീകരിച്ചുവരുന്നു.

**അർബുദ നിയന്ത്രണ പഠന കേന്ദ്രം**

220(5174) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് മംഗലപുരത്ത് പ്രവർത്തിക്കുന്ന അർബുദ നിയന്ത്രണ പഠന കേന്ദ്രത്തിൽ പ്രതിമാസം എത്ര പേർ രോഗ നിർണ്ണയത്തിനായി എത്തുന്നുവെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തന പരിധിയിൽ ജില്ലയിലെ ഏതെല്ലാം പ്രദേശങ്ങൾ ഉൾപ്പെടുന്നുവെന്ന് വിശദമാക്കാമോ;

(സി) സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം മംഗലപുരത്ത് ലോകാരോഗ്യ സംഘടനയുടെ കീഴിൽ പ്രവർത്തിക്കുന്ന ഇന്റർനാഷണൽ ഏജൻസി ഫോർ റിസർച്ച് ഓൺ കാൻസർ (IARC) എന്ന സംഘടനയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ഒരു ഗവേഷണ പദ്ധതി മാത്രമാണ്. ഈ ഗവേഷണ പദ്ധതിയിൽ പ്രതിമാസം ഏകദേശം

അറുപതോളം സ്ത്രീകൾ സ്തനാർബുദ നിർണ്ണയത്തിനായും ഏഴോളം സ്ത്രീകൾ ഗർഭാശയഗള പരിശോധനയ്ക്കായും എത്തുന്നുണ്ട്.

(ബി) പ്രശസ്ത ഗവേഷണ പദ്ധതിയുടെ പ്രവർത്തന പരിധിയിൽ ജില്ലയിലെ പതിനേഴ് പഞ്ചായത്തുകൾ ഉൾപ്പെടുന്നു. അണ്ടൂർക്കോണം, അഴൂർ, കടയ്ക്കാവൂർ, കഠിനംകുളം, കഴക്കൂട്ടം, പോത്തൻകോട്, വക്കം, അഞ്ചുതെങ്ങ്, ആറ്റിപ്ര, ചിറയിൻകീഴ്, കിഴുവലം, മംഗലപുരം, ശ്രീകാര്യം, മുദാക്കൽ, മാണിക്കൽ, മണമ്പൂർ, നെല്ലനാട് എന്നീ പഞ്ചായത്തുകളാണ് ഉൾപ്പെടുന്നത്.

(സി) ഇന്റർനാഷണൽ ഏജൻസി ഫോർ റിസർച്ച് ഓൺ കാൻസർ (IARC) ഇതിനുള്ള ധനസഹായം 2019 ഡിസംബർ മാസംവരെ പരിമിതപ്പെടുത്തിയിട്ടുണ്ട്.

## ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകളും ഫിസിയോതെറാപ്പിസ്റ്റുകളും നേരിടുന്ന പ്രശ്നങ്ങൾ

221(5175) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ഐ.പി.എം.ആർ., നിഷ് തുടങ്ങിയ സ്ഥാപനങ്ങളിൽ ഒക്കുപേഷണൽ തെറാപ്പി കോഴ്സ് ആരംഭിക്കുന്നത് സംബന്ധിച്ച നടപടി ഏത് ഘട്ടത്തിലാണ്; വിദ്യാർത്ഥികൾ പ്രസ്തുത കോഴ്സിനുവേണ്ടി മറ്റ് സംസ്ഥാനങ്ങളെ ആശ്രയിച്ചുതുടങ്ങിയ സാഹചര്യത്തിൽ ഇതുസംബന്ധിച്ച് സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഒക്കുപേഷണൽ തെറാപ്പിസ്റ്റുകൾക്കും ഫിസിയോതെറാപ്പിസ്റ്റുകൾക്കും ആർ.സി.ഐ.-യുടെ കീഴിൽ രജിസ്റ്റർ ചെയ്യാനാവാത്ത സാഹചര്യത്തിൽ രജിസ്ട്രേഷനും പ്രാക്ടീസിനും വേണ്ടി മറ്റുസംസ്ഥാനങ്ങളിലെ പോലെ കൗൺസിലുകൾ സ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; കൗൺസിലിന്റെ അഭാവംമൂലം പ്രസ്തുത തെറാപ്പിസ്റ്റുകൾക്ക് വിദേശ രാജ്യങ്ങളിൽ സേവനം അനുഷ്ഠിക്കുന്നതിന് തടസ്സം നേരിടുന്നതിനാൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കും; വ്യക്തമാക്കുമോ ;

(സി) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ ഒക്കുപേഷണൽ തെറാപ്പിയെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഡബ്ല്യു.എച്ച്.ഒ. പോലുള്ള സംഘടനകൾ പോലും ലോകവ്യാപകമായി ഒക്കുപേഷണൽ, ഫിസിയോ തെറാപ്പിസ്റ്റുകളുടെ സ്വതന്ത്ര പ്രാക്ടീസ് പിന്തുണക്കുകയും, രാജ്യത്തെ ഇതര സംസ്ഥാനങ്ങളിൽ ഇവർക്ക് സ്വതന്ത്ര പ്രാക്ടീസ് അനുവദിക്കുകയും ചെയ്യുമ്പോഴും, കേരളത്തിൽ മാത്രം ഇത് ഒരു സപ്പോർട്ടീവ് ചികിത്സാരീതിയായി നിലനിൽക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) ആർ.പി.ഡബ്ല്യൂ.ഡി. ആക്ട് 2016-ന്റെ സംസ്ഥാനതല ചട്ടങ്ങൾ രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; മെന്റൽ ഹെൽത്ത് കെയർ ആക്ട് 2017-ന്റെ സംസ്ഥാനതല ചട്ടങ്ങൾ രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതിൽ സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ഒക്കുപേഷണൽ തെറാപ്പിസ്റ്റുകളുടെ ചികിത്സാരീതികളെപ്പറ്റി പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ ഇത് ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാവും; അറിയിക്കുമോ ;

(ഇ) സംസ്ഥാന ഹെൽത്ത് സർവ്വീസിന്റെ കീഴിലെ മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളിലെ ഒക്കുപേഷണൽ തെറാപ്പിസ്റ്റുകൾ കുറഞ്ഞ വേതനം മൂലം രാജിവെച്ചൊഴിഞ്ഞതിനാൽ വേതനനിരക്ക് ഉയർത്തുന്നതിനും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനും എന്തെല്ലാം നടപടികൾ കൈക്കൊള്ളും; തിരുവനന്തപുരം മനസികാരോഗ്യകേന്ദ്രത്തിൽ ഒക്കുപേഷണൽ തെറാപ്പിസ്റ്റിന്റെ തസ്തികയിൽ ഫിസിക്കൽ ഡിസേബിൾഡ് വിഭാഗത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവിൽ നിയമനത്തിന് ഇതുവരെ പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ചിട്ടി ല്ലാത്തതിനാൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ ;

(എഫ്) തൃശ്ശൂർ, കോഴിക്കോട്,തിരുവനന്തപുരം എന്നീ സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഒക്കുപേഷണൽ തെറാപ്പിസ്റ്റിന്റെ അധിക തസ്തിക ഒഴിവുള്ളതായി അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ജി) എറണാകുളം,കോട്ടയം,ആലപ്പുഴ എന്നീ സർക്കാർ ജില്ലാ/ജനറൽ ആശുപത്രികളിൽ ഒക്കുപേഷണൽ തെറാപ്പിസ്റ്റിന്റെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനങ്ങളായ എൻ.ഐ.പി.എം.ആർ., നിഷ് എന്നിവിടങ്ങളിൽ ഒക്കുപ്പേഷണൽ തെറാപ്പിയിൽ ബിരുദ കോഴ്സ് (ബി.ടി.ഒ.) ആരംഭിക്കുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ചിരുന്നു. പ്രസ്തുത സ്ഥാപനങ്ങൾ ബി.ടി.ഒ. കോഴ്സിന്റെ കരട് സിലബസും കരിക്കുലവും തയ്യാറാക്കി കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയ്ക്ക് സമർപ്പിക്കുകയും സർവ്വകലാശാല ആയത് അംഗീകരിച്ച് കോഴ്സ് നോട്ടിഫൈ ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം എൻ.ഐ.പി.എം.ആർ., നിഷ് എന്നീ സ്ഥാപനങ്ങൾ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ അഫിലിയേഷനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല കോളേജും കോഴ്സും അംഗീകരിക്കുന്ന മുറയ്ക്ക് കോഴ്സ് ആരംഭിക്കുന്നതാണ്.

(ബി) ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകൾക്കും ഫിസിയോ തെറാപ്പിസ്റ്റുകൾക്കും മാത്രമായി പ്രത്യേക കൗൺസിലുകൾ സ്ഥാപിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

അംഗീകൃത സ്ഥാപനങ്ങളിൽ നിർണ്ണയിക്കപ്പെട്ട സിലബസിൽ നിയമാനുസൃതം ഒക്കുപ്പേഷണൽ തെറാപ്പി/ഫിസിയോ തെറാപ്പി കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവർക്ക് വിദേശ രാജ്യങ്ങളിൽ സേവനം അനുഷ്ഠിക്കുന്നതിലേയ്ക്കായി കേരള പാരാമെഡിക്കൽ കൗൺസിലിൽ രജിസ്ട്രേഷൻ നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(സി) സംസ്ഥാനത്തെ അംഗീകൃത ചികിത്സാ സമ്പ്രദായങ്ങളിൽ സേവനങ്ങൾ പ്രദാനം ചെയ്യുന്ന ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും നിയന്ത്രണത്തിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനാണ് 2018-ൽ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് കേരള നിയമസഭ പാസ്സാക്കിയിട്ടുള്ളത്. ഒക്കുപ്പേഷണൽ തെറാപ്പിയെ പ്രത്യേക ചികിത്സാ പദ്ധതിയായി അംഗീകരിക്കുന്നത് പ്രസ്തുത ആക്ടിന്റെ പരിധിയിൽ വരുന്ന വിഷയമല്ലാത്തതിനാലും ഒക്കുപ്പേഷണൽ തെറാപ്പി കൺസൾട്ടേഷൻ മാത്രമുള്ള വിഭാഗത്തിൽപ്പെടുന്നതിനാലും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ ഒക്കുപ്പേഷണൽ തെറാപ്പിയെ ഉൾപ്പെടുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

ഇന്ത്യൻ ഫിസിയോ തെറാപ്പി ഒരു പ്രത്യേക ചികിത്സാ പദ്ധതിയായി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ചിട്ടില്ല. നിലവിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ആക്ട് 1956-ൽ നിർദ്ദേശിച്ചിട്ടുള്ള യോഗ്യത നേടിയ ഡോക്ടർമാർക്ക് മാത്രമേ രോഗികളെ പരിശോധിക്കാനും രോഗനിർണ്ണയം നടത്താനും ചികിത്സ നിർദ്ദേശിക്കാനും നിയമപരമായ അവകാശമുള്ളൂ. ഫിസിയോ തെറാപ്പിസ്റ്റുകൾക്ക് ഇത് ഇപ്പോൾ ലഭ്യമല്ല. ഇന്ത്യയ്ക്കകത്തും പല വിദേശരാജ്യങ്ങളിലും ഫിസിയോ തെറാപ്പിസ്റ്റുകളെ നിലവിൽ "അലൈഡ് ഹെൽത്ത് പ്രൊഫഷണൽസ്" എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(ഡി) 2016-ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ടിന്റെ അടിസ്ഥാനത്തിൽ കരട് ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ആയത് പൊതുജനാഭിപ്രായത്തിനായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മെന്റൽ ഹെൽത്ത് കെയർ ആക്ട് 2017-ന്റെ സംസ്ഥാനതല ചട്ടങ്ങളുടെ കരട് സൂക്ഷ്മ പരിശോധനാ ഘട്ടത്താണ്. സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകളുടെ ചികിത്സാ രീതികൾ മെന്റൽ ഹെൽത്ത് കെയർ ആക്ടിനെ സംസ്ഥാനതല ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഇ) സംസ്ഥാന ഹെൽത്ത് സർവ്വീസിന്റെ കീഴിലെ ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകളുടെ വേതന നിരക്ക് ഉയർത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയില്ല.

നിലവിൽ കോഴിക്കോട്, തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രങ്ങളിലെ ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് തസ്തിക ഒഴിഞ്ഞുകിടക്കുന്നു. ഇതിൽ കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിലെ ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റിന്റെ ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റിന്റെ തസ്തികയുള്ള ഒരു ഒഴിവ് ഫിസിക്കലി ഡിസേബിൾഡ് വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്നു. നിലവിലുള്ള പി.എസ്.സി. റാങ്ക് പട്ടികയിൽ ടി വിഭാഗം ഉദ്യോഗാർത്ഥികൾ ഇല്ലാത്തതിനാൽ താൽക്കാലിക നിയമനം നടത്താവുന്നതാണെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

(എഫ്) തൃശ്ശൂർ, കോഴിക്കോട്, തിരുവനന്തപുരം എന്നീ സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റിന്റെ അധിക തസ്തികകൾ നിലവിലില്ല.

(ജി) എറണാകുളം, കോട്ടയം, ആലപ്പുഴ എന്നീ സർക്കാർ ജില്ലാ/ജനറൽ ആശുപത്രികളിൽ ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റിന്റെ അധിക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

## സർക്കാർ ആശുപത്രികളിൽ സ്പീച്ച് തെറാപ്പി, ലേണേഴ്സ് തെറാപ്പി തുടങ്ങിയ ചികിത്സ

222(5176) <u>ശ്രീ. മഞ്ഞളാംകുഴി അലി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടിസം, എ.ഡി.എച്ച്.ഡി., ഹൈപ്പർ ആക്റ്റിവിറ്റി തുടങ്ങിയ രോഗങ്ങൾക്കുള്ള സ്പീച്ച് തെറാപ്പി, ലേണേഴ്സ് തെറാപ്പി തുടങ്ങിയ ചികിത്സാരീതികൾ ഏതെങ്കിലും സർക്കാർ ആശുപത്രിയിൽ ലഭ്യമാണോ; എങ്കിൽ എവിടെയെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഇത്തരം ചികിത്സാ സൗകര്യങ്ങൾ ഒരുക്കാത്തതിനെതിരെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ എന്തെങ്കിലും ഉത്തരവ് നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത ചികിത്സാസൗകര്യങ്ങൾക്ക് പല സ്വകാര്യ ആശുപത്രികളും വലിയ തുക ഈടാക്കിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം ചികിത്സാസൗകര്യങ്ങൾ സർക്കാർ ആശുപത്രികളിൽ ഒരുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭ്യമാണ്. തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ, മഞ്ചേരി, കോട്ടയം, ആലപ്പുഴ, കൊല്ലം മെഡിക്കൽ കോളേജുകളിലും അനുബന്ധമായി* ചേർത്തിട്ടുള്ള സർക്കാർ ആശുപത്രികളിലും ചികിത്സ ലഭ്യമാണ്. കൂടാതെ തിരുവനന്തപുരം ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൽ ഓട്ടിസം എ.ഡി.എച്ച്.ഡി. ക്ലിനിക്കും പ്രവർത്തിക്കുന്നുണ്ട്. ഇവിടെ കുട്ടികൾക്ക് സ്പീച്ച് തെറാപ്പിയും ഡെവലപ്മെന്റൽ തെറാപ്പിയും നൽകിവരുന്നുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടില്ല.

(ഡി) ഉത്തരം (എ) ബാധകം.

## കോഴിക്കോട് ജില്ലയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II നിയമനം

223(5177) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) (കോഴിക്കോട് ജില്ല) കാറ്റഗറി നമ്പർ 665/2012 തീയതി 5-1-2017-ന് നിലവിൽ വന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് രണ്ടര വർഷം കഴിഞ്ഞിട്ടും ഒരാൾക്കുപോലും നിയമനം നൽകാത്തത് എന്തുകൊണ്ട്;

(ബി) പതിമൂന്ന് ജില്ലകളിലും ശരാശരി നിയമനം നടന്നു എന്നിരിക്കെ, കോഴിക്കോട് ജില്ലയിൽ മാത്രം എന്തുകൊണ്ടാണ് നിയമനം നടക്കാത്തതെന്ന് അറിയിക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I,ഗ്രേഡ് II തസ്തികകളിൽ പ്രൊമോഷൻ അകാരണമായി വൈകിപ്പിക്കുന്നത് എന്തുകൊണ്ട്; വ്യക്തമാക്കുമോ;

(ഡി) കോഴിക്കോട് ജില്ല മെഡിക്കൽ ഓഫീസർ P.S.C. യ്ക്ക് റിപ്പോർട്ട് ചെയ്ത 7 ഒഴിവിൽ ഏതിലെങ്കിലും നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; ഫിസിക്കൽ ഹാന്റികാപ്പ്ഡ് (P.H)ന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ P.S.C. മുഖാന്തരം ജോലി കൊടുക്കാറുണ്ടോ; ഇവർ ഈ തസ്തികയ്ക്ക് അപേക്ഷിക്കാൻ യോഗ്യരാണോ?

<u>ഉത്തരം</u>

(എ&ബി) കോഴിക്കോട് ജില്ലയിൽ ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയ്ക്ക് (കാറ്റഗറി നമ്പർ 665/2012) 5-1-2017-ന് റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം റിപ്പോർട്ട് ചെയ്ത രണ്ട് ഒഴിവുകളും DA-Hearing Impairment വിഭാഗത്തിലുള്ളതാണ്. നിലവിലെ റാങ്ക് ലിസ്റ്റിൽ ഈ വിഭാഗം ഇല്ലാത്തതിനാൽ അടുത്ത റാങ്ക് ലിസ്റ്റിൽനിന്നും ഈ വിഭാഗത്തെ നികത്തുന്നതിനുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നൽകുന്നതാണ്.

(സി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15-12-2018, 25-1-2019 എന്നീ തീയതികളിലെ ഇജി2-40/2016/ആ.വ.ഡ. നമ്പർ ഉത്തരവുകൾ പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലുള്ള 233 പേർക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിൽ ഇപ്പോൾ നിലവിലുള്ള 118 ഒഴിവുകളിൽ സ്ഥാനക്കയറ്റം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്.

ലോകസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാതൃകാ പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാൽ ടി തസ്തികകളിലെ പൊതുസ്ഥലംമാറ്റത്തിന്റെ അന്തിമ പട്ടിക പ്രസിദ്ധീകരിക്കാൻ കഴിഞ്ഞില്ല. നിലവിലുള്ള ഒഴിവുകളിൽ പൊതുസ്ഥലംമാറ്റം അനുവദിച്ചതിനുശേഷം മാത്രമേ സ്ഥാനക്കയറ്റം നൽകാൻ കഴിയുകയുള്ളൂ.

(ഡി) കോഴിക്കോട് ജില്ലയിൽ ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയ്ക്ക് (കാറ്റഗറി നമ്പർ 665/2012) 5-1-2017-ന് റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം റിപ്പോർട്ട് ചെയ്ത രണ്ട് ഒഴിവുകളും DA-Hearing Impairment വിഭാഗത്തിനുള്ളതാണ്. നിലവിലെ റാങ്ക് ലിസ്റ്റിൽ ഈ വിഭാഗം ഇല്ലാത്തതിനാൽ അടുത്ത റാങ്ക് ലിസ്റ്റിൽനിന്നും ഈ വിഭാഗത്തെ നികത്തുന്നതിനുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്.

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട DA-Hearing Impairment, DA-Ortho എന്നീ വിഭാഗങ്ങൾ മേൽ തസ്തികയ്ക്ക് അപേക്ഷിക്കാൻ യോഗ്യരാണ്. എന്നാൽ DA-Low vision വിഭാഗക്കാർ ഈ തസ്തികയ്ക്ക് അപേക്ഷിക്കാൻ യോഗ്യരല്ല.

**മെഡിക്കൽ കോളേജ് ആശുപത്രികൾക്ക് ഇൻഷ്വറൻസ് കമ്പനിയിൽനിന്നും ലഭിക്കാനുള്ള തുക**

224(5178) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന മെഡിക്കൽ കോളേജ് ആശുപത്രികളിലെ വിവിധ ഇൻഷ്വറൻസ് പദ്ധതികൾക്ക് 2017 മുതൽ റിലയൻസ് ഇൻഷ്വറൻസ് കമ്പനിയിൽനിന്നും കിട്ടാനുള്ള തുക എത്രയാണ്; ഓരോ മെഡിക്കൽ കോളേജ് ആശുപത്രിയ്ക്കും കിട്ടാനുള്ള തുക എത്ര വീതമാണ്; വിശദാംശം നൽകാമോ;

(ബി) ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി മെഡിക്കൽ കോളേജ് ആശുപത്രികൾ, കാരുണ്യ ഫാർമസികൾ, എച്ച്.ഡി.എസ്. ഫാർമസികൾ, എച്ച്.എൻ.എൽ. ഫാർമസികൾ എന്നിവയ്ക്ക് കൊടുത്ത് തീർക്കാനുള്ള കുടിശ്ശിക എത്ര വീതമാണ്; പ്രസ്തുത കുടിശ്ശിക കൊടുത്ത് തീർക്കാനുള്ള നടപടികൾ ഉടൻ സ്വീകരിക്കുമോ?

ഉത്തരം

(എ) മെഡിക്കൽ കോളേജ് ആശുപത്രികൾക്ക് റിലയൻസ് ഇൻഷ്വറൻസ് കമ്പനിയിൽനിന്നും ലഭിക്കാനുള്ള തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| മെഡിക്കൽ കോളേജ് | രൂപ |
|---|---|
| തിരുവനന്തപുരം | 20,37,91,619 |
| ആലപ്പുഴ | 5,72,90,883 |
| കോട്ടയം | 4,86,10,524 |
| തൃശ്ശൂർ | 5,21,22,187 |
| എറണാകുളം | 78,24,173 |
| മഞ്ചേരി | 30,83,124 |
| കോഴിക്കോട് | 30,65,93,217 |
| ആകെ | 67,93,15,127 |

(ബി) ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി മെഡിക്കൽ കോളേജ് ആശുപത്രികൾ കാരുണ്യ ഫാർമസി, എച്ച്.ഡി.എസ്., ഫാർമസികൾ, എച്ച്.എൽ.എൽ. ഫാർമസികൾ എന്നിവയ്ക്ക് നൽകാനുള്ള തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| **മെഡിക്കൽ കോളേജ്, തിരുവനന്തപുരം** | **രൂപ** |
| കാരുണ്യ ഫാർമസി | 58,83,436 |
| എച്ച്.ഡി.എസ്. ഫാർമസി | 1,48,88,405 |
| എച്ച്.എൽ.എൽ. ഫാർമസി | 1,96,80,908 |
| **ആകെ** | **4,04,52,749** |
| **മെഡിക്കൽ കോളേജ്, ആലപ്പുഴ** | **രൂപ** |
| കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി | 38,37,677 |
| എച്ച്.എൽ.എൽ. ഫാർമസി | 32,15,468 |
| **ആകെ** | **70,53,145** |
| **മെഡിക്കൽ കോളേജ്, കോഴിക്കോട്** | **രൂപ** |
| കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി | 3,54,733 |
| എച്ച്.ഡി.എസ്. ഫാർമസി | 6,18,60,664 |
| എച്ച്.എൽ. എൽ. ഫാർമസി | 8,33,211 |
| **ആകെ** | **6,30,48,608** |
| **മെഡിക്കൽ കോളേജ്, കോട്ടയം** | **രൂപ** |
| കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി | 35,00,000 |
| എച്ച്.ഡി.എസ്. ഫാർമസി | 6,44,28,309 |
| **ആകെ** | **6,79,28,309** |
| **മെഡിക്കൽ കോളേജ്, തൃശ്ശൂർ** | **രൂപ** |
| കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി | 7,46,138 |
| എച്ച്.ഡി.എസ്. ഫാർമസി | 90,90,181 |
| എച്ച്.എൽ.എൽ. ഫാർമസി | 3,22,487 |
| **ആകെ** | **1,01,58,806** |

| മെഡിക്കൽ കോളേജ്, എറണാകുളം | രൂപ |
|---|---|
| കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി | 15,00,000 |
| എച്ച്.എൽ.എൽ. ഫാർമസി | 8,00,000 |
| **ആകെ** | **23,00,000** |

ഫണ്ട് ലഭ്യതയനുസരിച്ച് കാരുണ്യ ഫാർമസികൾ, എച്ച്.ഡി.എസ്. ഫാർമസികൾ, എച്ച്.എൽ.എൽ. ഫാർമസികൾ എന്നിവയ്ക്കുള്ള കുടിശ്ശിക തുക കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഇടുക്കി മെഡിക്കൽ കോളേജിന്റെ നിർമ്മാണ പുരോഗതി**

225(5179) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി മെഡിക്കൽ കോളേജ് നിർമ്മാണത്തിനായി എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഓരോ നിർമ്മാണപ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) പദ്ധതിക്കായി നാളിതുവരെ എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി മെഡിക്കൽ കോളേജ് നിർമ്മാണത്തിനായി 129,27,36,055 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇടുക്കി മെഡിക്കൽ കോളേജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലാ ആശുപത്രിയുടെ നവീകരണം, ഡി.എം. ഓഫീസ് നവീകരിച്ച് പുതിയ അക്കാഡമിക് ബ്ലോക്ക് നിർമ്മാണം, ഹോസ്റ്റൽ സൗകര്യം എന്നിവ പൂർത്തീകരിച്ചു. പുതിയ അക്കാഡമിക് ബ്ലോക്കിന്റെ ഇലക്ട്രിഫിക്കേഷൻ ജോലികൾ നടന്നുകൊണ്ടിരിക്കുന്നു. പുതിയ ഹോസ്പിറ്റൽ ബ്ലോക്കുകളിൽ, താഴത്തെ ബ്ലോക്കിന്റെ സിവിൽ വർക്കുകൾ പൂർത്തികരിച്ചു, ഇലക്ട്രിക്കൽ വർക്കുകൾ പുരോഗമിക്കുന്നു. മുകളിലത്തെ ബ്ലോക്കിന്റെ ഫൗണ്ടേഷൻ നിർമ്മാണ പ്രവൃത്തികളും പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും ഹൗസ് സർജന്മാരുടെയും ഹോസ്റ്റൽ നിർമ്മാണവും ടീച്ചർമാരുടെ ക്വാർട്ടേഴ്സ് (3 ബെഡ്റൂം) നിർമ്മാണവും പുരോഗമിക്കുന്നു. ടീച്ചർമാരുടെ ക്വാർട്ടേഴ്സ് (2 ബെഡ്റൂം), ഡോക്ടേഴ്സ് ഒഴികെ മറ്റുള്ള

ജീവനക്കാർക്കായുള്ള ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) പദ്ധതിക്കായി നാളിതുവരെ 217,14,56,942 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

## കേരള ജനറിക്സിന് ആവശ്യമായ മരുന്നുപട്ടിക

226(5181) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജനറിക്സിന് ആവശ്യമായ മരുന്നുപട്ടിക തയ്യാർ ചെയ്യുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) ഗുണനിലവാരമുള്ള ജനറിക് മരുന്നുകൾ സംസ്ഥാനത്ത് കൂടുതൽ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും;

(സി) സംസ്ഥാനത്ത് നിലവിൽ ജനറിക് മരുന്നുകളുടെ വിപണന കേന്ദ്രങ്ങൾ എവിടെയെല്ലാമാണുള്ളത്?

ഉത്തരം

(എ) ഗുണഭോക്താക്കളിൽനിന്നും ലഭിക്കുന്ന കുറിപ്പടികൾ നിരീക്ഷണവിധേയമാക്കി Fast Moving Drugs തരംതിരിച്ച്, കേരളത്തിലെ ജനങ്ങളിൽ ഏറ്റവും കൂടുതൽ കണ്ടുവരുന്ന ജീവിതശൈലീരോഗങ്ങളായ പ്രമേഹം, രക്തസമ്മർദം ഹൃദ്രോഗങ്ങൾ തുടങ്ങിയവയ്ക്കുള്ള മരുന്നുകളും പൊതുവായുള്ള ആന്റിബയോട്ടിക്കുകളും ഉൾപ്പെടെ തെരഞ്ഞെടുക്കപ്പെട്ട 94 ഇനം ജനറിക് മരുന്നുകളാണ് ആദ്യഘട്ടത്തിൽ സംഭരിച്ചത്. രണ്ടാം ഘട്ടമായി 40 ഇനം ജനറിക് മരുന്നുകൾകൂടി സംഭരിച്ച് വിതരണം ചെയ്തുവരുന്നു.

(ബി) ജനറിക് മരുന്നുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി താഴെപറയുന്ന നിബന്ധനകൾ പാലിക്കുന്നു.

1. പ്രതിവർഷം 100 കോടി രൂപ വിറ്റുവരവുള്ള കമ്പനികളിൽനിന്നുമാണ് മരുന്ന് സംഭരിക്കുന്നത്.
2. ടി കമ്പനികൾക്ക് പൊതുവിപണിയിൽ 20 വർഷമെങ്കിലും പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം.
3. വിതരണം ചെയ്യുന്ന ഓരോ ബാച്ച് മരുന്നുകൾക്കും NABL certificate നിർബന്ധമായും ഉണ്ടായിരിക്കണം.
4. കമ്പനികൾ വിതരണം ചെയ്യുന്ന മരുന്നുകൾക്ക് വിതരണ സമയത്ത് 80 ശതമാനത്തിലധികം കാലാവധിയുണ്ടായിരിക്കണം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൂടാതെ ലോകാരോഗ്യ സംഘടനയുടെ നിബന്ധനകളായ WHO-GMP (World Health Organization-Good Manufacturing Practice), COPP (Certificate of Pharmaceutical Product) തുടങ്ങിയവ പാലിച്ചുകൊണ്ട് ഉൽപ്പാദിപ്പിക്കപ്പെടുന്ന മരുന്നുകൾമാത്രം പരിഗണിക്കുന്നതിനുള്ള ത്വരിത നടപടികളും സ്വീകരിച്ചുവരുന്നു.

(സി) തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലും സ്ഥിതിചെയ്യുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ, 2017 മുതൽ, ജനറിക് മരുന്നുകൾ വിൽക്കുന്നതിന് മാത്രമായി ഓരോ കൗണ്ടർ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിപ്രകാരം നിർവ്വഹിക്കുന്ന മരുന്ന് വിതരണത്തിലും ലഭ്യമായ ജനറിക് മരുന്നുകൾ ഉൾപ്പെടുത്തി, ജനറിക് മരുന്ന് വിതരണത്തിന്റെ ശാക്തീകരണം ഉറപ്പാക്കുന്നു.

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് നടത്തിവരുന്ന പ്രവർത്തനം

227(5182) ശ്രീ. രാജു എബ്രഹാം :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ദാസൻ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ അവശ്യ മരുന്നുകളും ജീവൻരക്ഷാ മരുന്നുകളും തടസ്സരഹിതമായി വിതരണം ചെയ്യുന്നതിനും ജനറിക് മരുന്നുകൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ നടത്തി വരുന്ന പ്രവർത്തനം വിശദമാക്കാമോ;

(ബി) വിദഗ്ദ്ധ ചികിത്സയ്ക്കായി മെഡിക്കൽ കോളേജുകളെ ആശ്രയിക്കുന്ന രോഗികൾക്ക് ചികിത്സക്ക് അന്ത്യന്താപേക്ഷിതമായ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി മരുന്നുകൾ സൗജന്യമായി നൽകാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(സി) രാജ്യത്ത് വിൽക്കപ്പെടുന്ന മരുന്നുകളിൽ വലിയൊരു ഭാഗം ഗുണനിലവാരമില്ലാത്തതാണെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ വാങ്ങുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ കൈക്കൊണ്ടുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(ഡി) ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിനും അവയുടെ പരിപാലനത്തിലും എന്ത് സംവിധാനമാണുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽനിന്നും ആരോഗ്യ-വിദ്യാഭ്യാസ വകുപ്പിൽനിന്നും ലഭിക്കുന്ന ഇൻഡന്റുകൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ആസ്ഥാനകാര്യാലയത്തിൽ വച്ച് ക്രോഡീകരിച്ച് നവംബർ മാസത്തോടെ ദർഘാസ് നടപടിക്രമങ്ങൾ ആരംഭിക്കുകയും സാങ്കേതിക പ്രമാണങ്ങളുടെ പരിശോധന, ഫാക്ടറി പരിശോധന, സാമ്പത്തിക ബിഡ്ഡുകളുടെ പരിശോധന തുടങ്ങിയ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മാർച്ച് മാസം ആദ്യവാരത്തോടെ വിതരണോത്തരവുകൾ നൽകുകയും ചെയ്യാറുണ്ട്. അതനുസരിച്ചുള്ള മരുന്നുകൾ കോർപ്പറേഷന്റെ വിവിധ ജില്ലാ മരുന്ന സംഭരണ കേന്ദ്രങ്ങളിൽ എത്തിച്ചേരുകയും ആയത് വിവിധ ജില്ലാ മരുന്ന സംഭരണ കേന്ദ്രങ്ങളിലൂടെ അതത് സർക്കാർ ആശുപത്രികൾക്ക് ഇൻഡന്റിന് അനുസൃതമായി വിതരണം നടത്തിവരികയുംചെയ്യുന്നു. ജീവിതശൈലീ രോഗ ചികിത്സയ്ക്കാവ ശ്യമായ മരുന്നുകൾ, പേവിഷ പ്രതിരോധ കുത്തിവയ്പിനുള്ള മരുന്നുകൾ, പാമ്പുവിഷ പ്രതിരോധ കുത്തിവയ്പ്, മാനസികാരോഗ്യ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ, പകർച്ചവ്യാധികൾ തടയുന്നതിനാവശ്യമായ മരുന്നുകൾ എന്നിവയും ആവശ്യാനുസരണം ഇൻഡന്റിന് അനുസൃതമായി ലഭ്യമാക്കുന്നുണ്ട്. ഇതിനുപുറമേ ചുവടെ ചേർത്തിരിക്കുന്ന ആരോഗ്യ പദ്ധതികൾക്കാവശ്യമായ മരുന്നുകളും ഉപഭോക്തൃ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം സംഭരിച്ചു നൽകിവരുന്നുണ്ട്.

1. Non-Communicable Disease Control Programme (NCDCP)
2. Mental Health Programmes (MHP)
3. Drug required for RCH Programme
4. National Vector Borne Disease Control Programme (NVBDCP)
5. Weekly Iron Folic Acid Supplementation Programme (WIFS)
6. Procurement of Vaccines such as MMR vaccine, Rubella vaccine.
7. Drug requirements of Kerala State Aids Control Socity (KSACS)
8. Supply of Albendazole Tablets for National De-worming day for DHS funded by NHM.
9. Drug requirement from UPHCs run by NHM etc.
10. Procurement of biolarvicides/insecticides for DHS Institutions.

11. Mass Drug Administration Programme (MDA) for DHS.
12. National Iron Plus Initiative Programme (NIPI) for NHM.
13. Supply of Vitamin-A oral solution & Zinc tablets for NHM
14. Drugs for Patients suffering from Blood disorders.
15. Procurement of Salt Testing Kit for NIDDCP funded by NHM
16. Procurement and supply of Sanitary Napkin to Adolescent Health Programme under NHM etc.

കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴിയുള്ള ജനറിക് മരുന്നുവില്പന

ഗുണഭോക്താക്കളിൽനിന്നും ലഭിക്കുന്ന കുറിപ്പടികൾ നിരീക്ഷണ വിധേയമാക്കി Fast Moving Drugs തരംതിരിച്ച് തെരഞ്ഞെടുക്കപ്പെട്ട 94 ഇനം ജനറിക് മരുന്നുകൾ സംഭരിക്കുകയും പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലും സ്ഥിതിചെയ്യുന്ന കാരുണ്യ ഫാർമസികളിൽ ജനറിക് മരുന്നുകൾ വിൽക്കുന്നതിന് മാത്രമായി ഒരു കൗണ്ടർ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടമായി 40 ഇനം ജനറിക് മരുന്നുകൾകൂടി സംഭരിച്ച് വിതരണം ചെയ്തു വരുന്നു. മൂന്നാം ഘട്ടമായി, ജനറിക് മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി WHO-GMP (World Health Organization-Good Manufacturing Practice), COPP (Certificate of Pharmaceutical Product) തുടങ്ങിയ നിബന്ധനകൾ പാലിച്ച് ഉൽപ്പാദിപ്പിക്കപ്പെടുന്ന മരുന്നുകൾമാത്രം പരിഗണിച്ച് 40 ഇനം ജനറിക് മരുന്നുകൾ വാങ്ങുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിച്ചുവരുന്നു. കാരുണ്യ ഫാർമസിവഴി വിൽക്കുന്നതിന് പുറമേ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിപ്രകാരം നിർവ്വഹിക്കുന്ന മരുന്ന് വിതരണത്തിലും ലഭ്യമായ ജനറിക് മരുന്നുകൾ ഉൾപ്പെടുത്തി, ജനറിക് മരുന്ന് വിതരണത്തിന്റെ ശാക്തീകരണം ഉറപ്പാക്കുന്നു.

(ബി) വിവിധ സ്പെഷ്യാലിറ്റികളിലെ വിദഗ്ദ്ധ ഡോക്ടർമാരുടെ യോഗം ചേർന്ന് സ്പെഷ്യാലിറ്റി മരുന്നുപട്ടികയ്ക്ക് രൂപം നൽകുകയും 2017-18 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലൂടെ ടി മരുന്നുകൾ സൗജന്യമായി നൽകിവരികയും ചെയ്യുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം (2019-20) സ്പെഷ്യാലിറ്റി മരുന്നുപട്ടികയിൽ ഉൾപ്പെട്ട 191 ഇനങ്ങളും അർബുദരോഗ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന 73 ഇനം മരുന്നുകളും മറ്റ് അവശ്യ

മരുന്നുകളും അനുബന്ധ സാമഗ്രികളും ഉൾപ്പെടെ 820-ഓളം ഇനങ്ങളാണ് സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലൂടെ വിതരണം നടത്തി വരുന്നത്. 2018-19 സാമ്പത്തിക വർഷം 7.11 കോടി രൂപയുടെ സ്പെഷ്യാലിറ്റി മരുന്നുകളാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സംഭരിച്ച് സൗജന്യ വിതരണത്തിനായി മെഡിക്കൽ കോളേജ് ആശുപത്രികൾക്ക് നൽകിയിരുന്നത്. നടപ്പു സാമ്പത്തിക വർഷം 23.99 കോടി രൂപയുടെ ഇൻഡന്റാണ് സ്പെഷ്യാലിറ്റി മരുന്നുകൾക്കായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ളത്.

(സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാനായി സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗുണനിലവാര പരിശോധനയുടെ ഭാഗമായി ദർഘാസ് ക്ഷണിക്കുമ്പോൾ തന്നെ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽനിന്നും ഫാർമസി കോളേജിൽ നിന്നുമുള്ള വിദഗ്ദ്ധർ ഉൽപ്പാദകരുടെ ഫാക്ടറി സന്ദർശിച്ച് ഔഷധ നിർമ്മാതാക്കൾ അവകാശപ്പെടുന്ന രീതിയിൽ മരുന്ന് ഉൽപ്പാദിപ്പിക്കാനും കാര്യക്ഷമത പരിശോധിക്കാനുമുള്ള സൗകര്യമുണ്ടെന്ന് ഉറപ്പുവരുത്തിയശേഷം ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ദർഘാസ് ഉടമ്പടിയിൽ പ്രസ്തുത ഔഷധ നിർമ്മാതാക്കളെ ഉൾപ്പെടുത്തുന്നത്. ഇപ്രകാരം ടെക്നിക്കൽ കമ്മറ്റി അംഗീകരിച്ച ഔഷധ നിർമ്മാതാക്കൾ മരുന്നുകൾ വിതരണം നടത്തുന്നതിനുമുമ്പ് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് പ്രകാരം ഇൻ-ഹൗസ് ലാബുകളിൽ പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്. കൂടാതെ ഇന്ത്യയിലെ ഏതെങ്കിലും എൻ.എ.ബി.എൽ. അംഗീകൃത ലാബ് (NABL Accredited lab) അല്ലെങ്കിൽ കേന്ദ്രമരുന്ന് പരിശോധനാ ലബോറട്ടറിയിൽ പരിശോധിച്ച റിപ്പോർട്ടും ഔഷധ നിർമ്മാതാക്കൾ നൽകേണ്ടതാണ്. മേൽ വിവരിച്ച പരിശോധനാ ഫലങ്ങൾ ക്വാളിറ്റി കൺട്രോൾ വിഭാഗം സൂക്ഷ്മ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയശേഷം മാത്രമാണ് മരുന്നുകളുടെ സംഭരണവും വിതരണവും നടത്തിവരുന്നത്.

2. ക്വാളിറ്റി കൺട്രോൾ വിഭാഗം ഗുണനിലവാരം ഉറപ്പാക്കുന്നതിന് അടുത്ത നടപടിയായി എംപാനൽഡ് ലാബുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ടി ലാബുകളിലെ പരിശോധനാഫലം ക്വാളിറ്റി കൺട്രോൾ വിഭാഗം നിരന്തരം സൂക്ഷ്മ പരിശോധന നടത്തുകയും ചെയ്യാറുണ്ട്.

3. ഓരോ വർഷവും കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽനിന്നും 10%-ത്തിൽ കുറയാതെ സാമ്പിളുകൾ ശേഖരിച്ചശേഷം (DDMS സോഫ്റ്റ്‌വെയർ തെരഞ്ഞെടുക്കുന്നു.) മരുന്നുകളുടെയും ഉൽപ്പാദകരുടെയും പേരും മറ്റു വിവരങ്ങളും ഒഴിവാക്കി കോർപ്പറേഷന്റെ DDMS സോഫ്റ്റ്‌വെയർ നൽകുന്ന സാമ്പിൾ കോഡ്/ലേബൽ പതിപ്പിക്കുകയും ഇങ്ങനെ ഡി കോഡ് ചെയ്യുന്ന സാമ്പിളുകളാണ് എംപാനൽഡ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിലേയ്ക്ക് അയച്ച് ഗുണനിലവാര പരിശോധന നടത്തിക്കൊണ്ടിരിക്കുന്നത്. എംപാനൽഡ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളെ പരിശോധനയ്ക്കായി തെരഞ്ഞെടുക്കുന്നതും DDMS സോഫ്റ്റ്‌വെയർ പ്രകാരമാണ്. എംപാനൽഡ് ലാബുകളിലെ ഗുണനിലവാര പരിശോധനയിൽ പരാജയപ്പെടുന്ന മരുന്നുകളെ സ്ഥിരീകരണ പരിശോധനയ്ക്കായി സംസ്ഥാന സർക്കാരിന്റ കീഴിൽ തിരുവനന്തപുരത്തുള്ള ഗുണനിലവാര പരിശോധനാ കേന്ദ്രത്തിലേക്ക് അയയ്ക്കുന്നു. പരിശോധനയിൽ ഗുണനിലവാര മില്ലെന്ന് കണ്ടെത്തിയാൽ ആ മരുന്നിന്റെ ഉപയോഗം (ഓൺലൈൻ സോഫ്റ്റ്‌വെയർ പ്രകാരം) നിർത്തലാക്കുകയും ചെയ്യുന്നു. ഗുണനിലവാരമുള്ളതായി കണ്ടെത്തിയാൽ പ്രസ്തുത മരുന്നിന് പുനരുപയോഗത്തിനുള്ള മോചനാനുമതി നല്കുന്നതാണ്.

4. കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ ഏതെങ്കിലും ഒരു മരുന്നിനെക്കുറിച്ച് പരാതി ഉയർന്നാൽ പരാതിയുടെ നിജസ്ഥിതി മനസ്സിലാക്കിയശേഷം പ്രസ്തുത ബാച്ചിൽപ്പെട്ട മരുന്നിന്റെ ഉപയോഗം ഓൺലൈൻ സോഫ്റ്റ്‌വെയർ പ്രകാരം മരവിപ്പിക്കുകയും (Freeze Memo), പരാതി ലഭിച്ച സ്ഥാപനത്തിൽനിന്നും ശേഖരിച്ച് വിശദമായ ഗുണനിലവാര പരിശോധനയ്ക്കായി സംസ്ഥാന സർക്കാരിന്റെ തിരുവനന്തപുരത്തുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അയച്ച് ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. പരിശോധനയിൽ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയാൽ ആ മരുന്നിന്റെ ഉപയോഗം നിർത്തലാക്കുകയും ചെയ്യും.ഗുണനിലവാരമുള്ളതായി കണ്ടെത്തിയാൽ പ്രസ്തുത മരുന്നിന് പുനരുപയോഗത്തിനുള്ള മോചനാനുമതി നൽകുന്നതാണ്.

5. കൂടാതെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ, കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് സ്റ്റാറ്റ്യൂട്ടറി അനാലിസിസ് നടത്തുകയും ചെയ്യുന്നുണ്ട്.

6. ഒരു ഉൽപ്പാദകൻ വിതരണം ചെയ്ത ഏതെങ്കിലും മരുന്നുകളുടെ മൂന്ന് ബാച്ചുകൾ ഗുണനിലവാരമില്ലാത്തതായി പരിശോധനാ കേന്ദ്രം അറിയിക്കുന്ന സാഹചര്യത്തിൽ ആ മരുന്നിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതാണ്.

7. ഒരു ഉൽപ്പാദകൻ വിതരണം ചെയ്ത ഏതെങ്കിലും രണ്ടോ അതിലധികമോ ഇനം മരുന്നുകൾ ഇങ്ങനെ കരിമ്പട്ടികയിൽപ്പെട്ടാൽ പ്രസ്തുത മരുന്ന് കമ്പനിയെ തന്നെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും മൂന്ന് വർഷത്തേയ്ക്ക് കോർപ്പറേഷന്റെ തുടർന്നുള്ള ദർഘാസ് നടപടിയിൽനിന്നും വിലക്കുകയും ചെയ്യുന്നു.

8. കോർപ്പറേഷൻ സംഭരിച്ച് വിതരണംചെയ്യുന്ന മരുന്നുകളിൽനിന്നും 10%-ത്തിൽ കുറയാതെ സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്കായി അയയ്ക്കുന്നതിനു പുറമേ കരിമ്പട്ടികയുടെ പരിധിയിൽ വരുന്ന മരുന്നുകളുടെ cc മറ്റ് ബാച്ചുകളുടെ ലഭ്യമായ സാമ്പിളുകൾ ഗുണനിലവാര പരിശോധന നടത്താനായി കേരള സർക്കാരിന്റെ തിരുവനന്തപുരത്തുള്ള ഗുണനിലവാര പരിശോധനാ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്നുണ്ട്.

9. ഒരു ഉൽപ്പാദകൻ വിതരണം ചെയ്യുന്ന ഒന്നോ അതിലധികമോ മരുന്നുകൾ കാഴ്ചയിൽ സമാനമാകാനോ നിറത്തിലോ മറ്റ് അടയാളങ്ങളിലോ തെറ്റിദ്ധാരണ ഉളവാക്കി തിരിച്ചറിയാൻ ബുദ്ധിമുട്ട് ഉണ്ടാക്കാനോ പാടില്ലെന്ന് നിലവിലെ ദർഘാസ് വ്യവസ്ഥയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ദർഘാസ് വ്യവസ്ഥ ലംഘിക്കുന്ന പക്ഷം പ്രസ്തുത ഉൽപ്പാദകനിൽനിന്നും പിഴ ഈടാക്കാറുമുണ്ട്. കോർപ്പറേഷന്റെ 2017-18-ലെ ദർഘാസ് മുതൽ കളർകോഡ് നിർബന്ധമാക്കിയിട്ടുണ്ട്.

10. ശീതസംഭരണ ഊഷ്മാവിലും ($2^0$-$8^0$), നാർകോട്ടിക് വിഭാഗത്തിലും സൂക്ഷിക്കുന്ന മരുന്നുകൾ ഗുണനിലവാര പരിശോധന നടത്തുന്നതിനായി സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ സഹായത്തോടുകൂടി നോയിഡയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോളജിക്കൽസിലും ഇതര സെൻട്രൽ ഡ്രഗ്സ് ലബോറട്ടറികളിലും അയയ്ക്കുന്നതിലേയ്ക്കായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

11. മരുന്നിന്റെ ഗുണനിലവാരം ഉറപ്പാക്കാനായി സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽനിന്നും അന്യത്രസേവനവ്യവസ്ഥയിൽ ഉന്നത ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. കൂടാതെ അദ്ദേഹത്തിന്റെ കീഴിൽ ഫാർമസിസ്റ്റുമാരേയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

12. കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി കേരള സ്റ്റേറ്റ് ഡ്രഗ്സ്& ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ NABL ലബോറട്ടറിയായ Pharma & Allied Testing Laboratory-യെ കോർപ്പറേഷന്റെ എംപാനൽഡ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുകീഴിലുള്ള ആശുപത്രികളിലേയ്ക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖാന്തരം ഉപകരണങ്ങൾ വാങ്ങുന്നത് ഇ-ദർഘാസ് നടപടികളിലൂടെയാണ്. ആശുപത്രികളിൽനിന്നും ലഭിക്കുന്ന ഉപകരണങ്ങളുടെ സാങ്കേതിക വിവരങ്ങൾ പ്രകാരം ഇ-ദർഘാസ് നടപടി ആരംഭിക്കുകയും ഉപകരണങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തിയതിനുശേഷം മാത്രം വിലവിവരപ്പട്ടിക തുറക്കുകയും ചെയ്യുന്നു. അപ്രകാരം ഗുണനിലവാരമുള്ള ഉപകരണം വളരെ സുതാര്യമായി ഇ-ദർഘാസ് വഴി വാങ്ങി വിതരണം നടത്തുന്നു. മാത്രമല്ല ഉപകരണത്തിന്റെ വാറന്റി കാലാവധി കഴിഞ്ഞതിനുശേഷം ഉപകരണം സുഗമമായി പ്രവർത്തിപ്പിക്കാൻ ആവശ്യമായ വാർഷിക മെയിന്റനൻസ് കരാറിന്റെ (AMC/CAMC) തുക ഉപകരണം വാങ്ങുമ്പോൾത്തന്നെ ഉറപ്പിക്കുകയും ചെയ്യുന്നു. കൂടാതെ വാറന്റിയുള്ള ഉപകരണങ്ങളുടെ വിൽപ്പനാനന്തര സേവനം ഉറപ്പുവരുത്തുന്നതിനും ദർഘാസിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ അതാത് കമ്പനികൾ നൽകുന്നുണ്ടോയെന്നും ഉറപ്പുവരുത്തുന്നതിനുമായി ഒരു സർവ്വീസ് വിഭാഗവും കോർപ്പറേഷനിൽ പ്രവർത്തിക്കുന്നുണ്ട്.

ആരോഗ്യ വകുപ്പിന് കീഴിലുള്ള പ്രൈമറി ഹെൽത്ത് സെന്ററുകൾ മുതൽ ജനറൽ ആശുപത്രിവരെയുള്ള എല്ലാ ആശുപത്രികളിലും നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്നതും ഉപയോഗശൂന്യമായി കിടന്നിരുന്നതുമായ എല്ലാ ബയോമെഡിക്കൽ ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ബയോമെഡിക്കൽ മെയിന്റനൻസ് പ്രോഗ്രാം എന്ന പേരിൽ ഒരു പദ്ധതിക്ക് ആരോഗ്യ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 7 അംഗ വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും പ്രസ്തുത സമിതി ചർച്ചചെയ്ത് ആകെ ഉപകരണങ്ങളുടെ എണ്ണവും വിലയും നിർണ്ണയിച്ച് എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് മെസ്സേഴ്സ് കിർലോസ്കർ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റ് എന്ന കമ്പനിക്ക് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ കാലാവധി അഞ്ച് വർഷമാണ്. ഈ പദ്ധതി പ്രകാരം കേടായ ഉപകരണങ്ങളുടെ സ്പെയർ മാറ്റി റിപ്പയർ ചെയ്തശേഷം അതാത് ആശുപത്രി അധികൃതർ, ഉപകരണങ്ങളുടെ പ്രവർത്തനം വിലയിരുത്തി റിപ്പോർട്ട് ഒപ്പിട്ട് നൽകുന്നു. ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി സാങ്കേതിക വിദഗ്ദ്ധരായ ബയോമെഡിക്കൽ എഞ്ചിനീയർമാരുടെ സേവനം കോർപ്പറേഷൻ ഉറപ്പുവരുത്തിയിട്ടുണ്ട്.

## പ്രകൃതി ചികിത്സാ സമ്പ്രദായം

228(5183) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ചികിത്സ സമ്പ്രദായം വികസിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ചികിത്സാപദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിലുള്ള ചികിത്സാകേന്ദ്രങ്ങളുടെ വിശദാംശം നൽകാമോ?

ഉത്തരം

(എ) പ്രകൃതി ചികിത്സാ സമ്പ്രദായം വികസിപ്പിക്കുന്നതിനായി ഭാരതീയ ചികിത്സാ വകുപ്പ് പ്ലാൻ പദ്ധതി പ്രകാരം 2016-2017 സാമ്പത്തിക വർഷം 29,79,486 രൂപയും 2017-2018 സാമ്പത്തിക വർഷം 55,00,000 രൂപയും 2018-2019 സാമ്പത്തിക വർഷം 4.35 കോടി രൂപയും 2019-2020 സാമ്പത്തിക വർഷം 75,00,000 രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിൽ പ്രകൃതി ചികിത്സാ ആശുപത്രികളുടെ കെട്ടിട നിർമ്മാണം, വർക്കല പ്രകൃതി ചികിത്സാ ആശുപത്രിയുടെ പേവാർഡ് നിർമ്മാണം എന്നിവ ഉൾപ്പെടുന്നു. ആയതിൻ പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ 50 കിടക്കകളുള്ള വർക്കല പ്രകൃതി ചികിത്സാ ആശുപത്രിയും കൊല്ലം ജില്ലയിലെ പുനലൂർ പ്രകൃതി ചികിത്സാ ഡിസ്പെൻസറിയും പാലക്കാട് ഒറ്റപ്പാലം ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയിൽ 10 കിടക്കകളുള്ള അറ്റാച്ച്ഡ് യൂണിറ്റും പ്രവർത്തിച്ചു വരുന്നു.

## വർക്കല പ്രകൃതി ചികിത്സാ ആശുപത്രിയുടെ വികസനം

229(5184) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശീയരും വിദേശീയരുമായ അനവധിപേർ ചികിത്സയ്ക്ക് എത്തുന്ന വർക്കല പ്രകൃതി ചികിത്സ ആശുപത്രിയിലെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ളതിനെക്കാൾ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിലെ കിടക്കകളുടെ എണ്ണം ഉയർത്തിക്കൊണ്ട് അധിക ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലുള്ളതിനേക്കാൾ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനായി 6.80 കോടി രൂപ പ്ലാൻ പദ്ധതിയിൽ വകയിരുത്തി മൂന്നുനില പേവാർഡ് കെട്ടിട നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.

2018-2019 സാമ്പത്തിക വർഷം '2210-02-101-66(പി) ഭാരതീയ ചികിത്സാ വകുപ്പ് സ്ഥാപനങ്ങളുടെ നിലവാരമുയർത്തലും ആധുനികവൽക്കരണവും' എന്ന ശീർഷകത്തിൽ വർക്കല പ്രകൃതി ചികിത്സാ ആശുപത്രിയെ 100 കിടക്കകളായി ഉയർത്തുന്നതിനായി 10 ലക്ഷം രൂപ വകയിരുത്തി ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ബി) വർക്കല പ്രകൃതി ചികിത്സാ ആശുപത്രിയിൽ കെട്ടിടം പണി പൂർത്തിയാക്കി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയശേഷം അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഓച്ചിറ ആയുർവ്വേദ ആശുപത്രിയുടെ വികസനം

230(5185) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓച്ചിറ ആയുർവേദ ആശുപത്രിയിൽ നിലവിൽ എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടെ കിടത്തി ചികിത്സ അനുവദിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) കൂടുതൽ ജീവനക്കാരെ നിയമിച്ച് കിടത്തി ചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഓച്ചിറ ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറിയിലെ ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു:

മെഡിക്കൽ ഓഫീസർ-1

ഫാർമസിസ്റ്റ്-1

അറ്റൻഡർ-1

പാർട്ട് ടൈം സ്വീപ്പർ-1.

(ബി&സി) നിലവിൽ കിടത്തിച്ചികിത്സ ഇല്ല. തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നും കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയുടെകൂടി അടിസ്ഥാനത്തിലാണ് ആശുപത്രിയായി ഉയർത്തുന്നത്.

**ആയുഷ് പദ്ധതി**

231(5186) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ് പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ ;

(ബി) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ആയുഷ് വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ആയുഷ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഭാരതീയ ചികിത്സാ സമ്പ്രദായം, ഹോമിയോപ്പതി, ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസം, ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം എന്നീ വകുപ്പുകളും നാഷണൽ ആയുഷ് മിഷനും നടപ്പിലാക്കി വരുന്ന പ്രധാനപ്പെട്ട പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ ഒരു ആശുപത്രിയും 10 ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നുണ്ട്. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 2019 വർഷത്തിൽ 12 മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും 1515 പേർക്ക് ക്യാമ്പിന്റെ പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 1 മുതൽ 10 വരെ ക്ലാസ്സിലെ സ്കൂൾ കുട്ടികളിലെ ഇരുമ്പിന്റെ അഭാവം മൂലമുണ്ടാകുന്ന അനീമിയ ക്രമപ്പെടുത്തുന്നതിനുള്ള സ്കൂൾ ഹെൽത്ത് പ്രോഗ്രാമായ 'പ്രസാദം' പദ്ധതി ചെങ്ങന്നൂർ ഗവ. ആയുർവ്വേദ ആശുപത്രിയിൽ ഫലപ്രദമായി നടപ്പിലാക്കിവരുന്നു.

ഇതിന് പുറമേ ചെങ്ങന്നൂർ ഗവ. ആയുർവ്വേദ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായി ആകെ 417 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവൃത്തികൾ നടന്നുവരികയും ചെയ്യുന്നു. നിലവിൽ കെട്ടിടത്തിന്റെ ഫൗണ്ടേഷൻ വർക്ക് ചെയ്യുന്നതിനായി മണ്ണ് എടുക്കുന്ന ജോലികളാണ് നടന്നുവരുന്നത്.

ഹോമിയോപ്പതി വകുപ്പിന്റെ കീഴിൽ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ തിരുവൻവണ്ടൂർ, പാണ്ടനാട്, ചെറിയനാട്, പുലിയൂർ, മാന്നാർ എന്നിവിടങ്ങളിൽ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറികളും ആല, മുളക്കുഴ, ബുധനൂർ, ചെങ്ങന്നൂർ, വീയപുരം എന്നിവിടങ്ങളിൽ ആയുഷ് പ്രൈമറി ഹോമിയോ ഹെൽത്ത്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിലൂടെ സമഗ്ര ഹോമിയോ ചികിത്സയും ഔഷധ വിതരണവും നടത്തിവരുന്നു. കാലാകാലങ്ങളിൽ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളും മെഡിക്കൽ ക്യാമ്പുകളും നടത്തുന്നു. പ്രളയ സമയത്ത് ചെങ്ങന്നൂർ താലൂക്കിൽ വിവിധ സ്ഥലങ്ങളിൽ കൂടുതൽ മെഡിക്കൽ ഓഫീസർമാരെ നിയമിച്ച് 26 മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചും ഔഷധ വിതരണം നടത്തിയും പ്രളയ ബാധിതരെ പരമാവധി സഹായിക്കാൻ കഴിഞ്ഞു. കൂടാതെ ടി കാലയളവിൽ ഫ്ലോട്ടിംഗ് ഡിസ്പെൻസറി മുഖേന നടത്തിയിരുന്ന പ്രവർത്തനങ്ങളും ചെങ്ങന്നൂർ മണ്ഡലത്തിലെ നിവാസികൾക്ക് വളരെയേറെ പ്രയോജനപ്പെട്ടിരുന്നു.

## കായംകുളം സർക്കാർ ആയുർവ്വേദ ആശുപത്രി

232(5187) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം സർക്കാർ ആയുർവ്വേദ ആശുപത്രിയുടെ കീഴിലുള്ള ചേരാവണി സബ് സെന്ററിനെ ഡിസ്പെൻസറിയായി ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ നിലവിലുള്ള കിടക്കകളുടെ എണ്ണം അൻപതായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ആശുപത്രിയുടെ സുഗമമായ നടത്തിപ്പിന് ക്ലാർക്ക് അടക്കമുള്ള തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## ആയുർവ്വേദ ചികിത്സാ സമ്പ്രദായത്തിന്റെ സ്വീകാര്യത വർദ്ധിപ്പിക്കാൻ നടപടി

233(5188) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ചികിത്സാസമ്പ്രദായത്തിന്റെ സ്വീകാര്യത വർദ്ധിപ്പിക്കുന്നതിന് ഭാരതീയ ചികിത്സാ വകുപ്പിന്റെ പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ സർക്കാർ ആയൂർവേദ ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ജീവിതശൈലീരോഗങ്ങൾ ചികിത്സിക്കുന്നതിനായി ആയൂർവേദ ഡിസ്പെൻസറികളിൽ നിലവിലുള്ള ചികിത്സാസൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഭാരതീയ ചികിത്സാ വകുപ്പിൽ പ്ലാൻ പദ്ധതി പ്രകാരം ആയുർവ്വേദ ചികിത്സാരംഗം കാര്യക്ഷമമാക്കുന്നതിന് ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

- പഞ്ചകർമ്മ യൂണിറ്റ്
- ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായുള്ള യോഗ യൂണിറ്റ്
- മാനസികപരമായിട്ടുള്ള അസുഖങ്ങൾ പരിഹരിക്കുന്നതിനായുള്ള മാനസിക യൂണിറ്റ്.
- സ്ത്രീകൾക്കായുള്ള പ്രസൂതിതന്ത്ര യൂണിറ്റ്.
- കുട്ടികൾക്കായുള്ള കൗമാരഭൃത്യം യൂണിറ്റ്.
- സ്കൂൾ കുട്ടികളിലെ നേത്ര രോഗങ്ങൾ പരിഹരിക്കുന്നതിനായി ദൃഷ്ടി പദ്ധതി.
- ഉദർശസ്സ്, പിസ്റ്റുല എന്നീ അസുഖങ്ങൾ പരിഹരിക്കുന്നതിനായി ക്ഷാരസൂത്ര യൂണിറ്റ്.
- വൃദ്ധജനങ്ങൾക്കായുള്ള സ്നേഹധാര പദ്ധതി.
- അട്ടപ്പാടി ആദിവാസി മേഖലയിലെ കുട്ടികൾക്കും ഗർഭിണികൾക്കുമായുള്ള ക്ഷേമജനനി (പാലക്കാട്).
- സിദ്ധ യൂണിറ്റ്.
- സിക്കിൾസെൽ യൂണിറ്റ് (വയനാട്).
- എൻഡോസൾഫാൻ ബാധിത മേഖലയിലെ ഗർഭിണികളായ അമ്മമാർക്കായുള്ള ചികിത്സാ പദ്ധതിയായ നിർവിഷ (കാസർഗോഡ്).
- കുട്ടികളുടെയും കൗമാരക്കാരുടെയും ആയുർവ്വേദ പരിചരണ കേന്ദ്രം (കോഴിക്കോട്).
- ആയുർവ്വേദ ഗവേഷണ പ്രവർത്തനങ്ങൾ.

- വിദ്യാലയ ആരോഗ്യപരിപാടികൾ (ഋതു, പ്രസാദം).
- തെരഞ്ഞെടുത്ത ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ ഇന്ത്യൻ സിസ്റ്റംസ് ഓഫ് സ്പോർട്സ് മെഡിസിനായുള്ള ഗവേഷണ വിഭാഗം.
- പകർച്ചവ്യാധിയും പ്രകൃതി ദുരന്തവും തടയൽ.
- ഡയബറ്റിക് അസുഖങ്ങൾ പരിഹരിക്കുന്നതിനുള്ള ജീവനി പദ്ധതി, പക്ഷാഘാതം മൂലമുണ്ടാകുന്ന അസുഖങ്ങൾ പരിഹരിക്കുന്നതിനായുള്ള പുനർന്നവ പദ്ധതി.

(ബി) സംസ്ഥാനത്തെ സർക്കാർ ആയുർവ്വേദ ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി Kerala Accreditation standards for Hospital (KASH) നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി ഭാരതീയ ചികിത്സാ വകുപ്പിൽ 2016-17 സാമ്പത്തിക വർഷം 70 ലക്ഷം രൂപയും 2017-18 സാമ്പത്തിക വർഷം 2,35,39,837 രൂപയും 2018-19 സാമ്പത്തിക വർഷം 2,00,40,328 രൂപയും 2019-20 സാമ്പത്തിക വർഷം 2.80 കോടി രൂപയും ആശുപത്രികളുടെ മെയിന്റനൻസ് റിനൊവേഷൻ എന്നീ വകയിൽ 1,37,67,867 രൂപയും വകയിരുത്തി നടപ്പിലാക്കിവരുന്നു. ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ജീവിതശൈലീ രോഗങ്ങൾ ചികിത്സിക്കുന്നതിനായി ആയുർവ്വേദ ഡിസ്പെൻസറികൾ മുഖേന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. ചികിത്സ ആവശ്യമായ രോഗികൾക്ക് ജീവിതശൈലീ രോഗ ക്ലിനിക്കുകൾ നിലവിലുള്ള മറ്റ് ആയുർവ്വേദ ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യുകയുമാണ് ചെയ്യുന്നത്.

**തിരുവനന്തപുരത്തെ ജൻ ഔഷധി കേന്ദ്രങ്ങൾ**

234(5189) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് ജൻ ഔഷധി കേന്ദ്രങ്ങൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ജൻ ഔഷധി കേന്ദ്രങ്ങൾ അനുവദിക്കുന്നതിന്റെ മാനദണ്ഡവും നടപടിക്രമവും വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ ആകെ 56 (അൻപത്തിയാറ്) ജൻ ഔഷധി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) സംസ്ഥാനത്ത് ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള അതേ മാനദണ്ഡങ്ങൾ തന്നെയാണ് ജൻ ഔഷധി കേന്ദ്രങ്ങൾ അനുവദിക്കുന്നതിനും ഡ്രഗ്സ് കൺട്രോൾ വകുപ്പ് അനുവർത്തിച്ച് പോരുന്നത്. ജൻ ഔഷധി കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള അനുമതി നൽകുന്നത് കേന്ദ്ര ഏജൻസിയായ Bureau of Indian Pharmacies Public Sector Undertaking of India (BPPI) ആണ്.

**ആശ്വാസ കിരണം**

235(5190) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ മികച്ച സാമൂഹ്യ ക്ഷേമ പദ്ധതികളിലൊന്നായ ആശ്വാസ കിരണം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ആശ്വാസ കിരണം പദ്ധതിയുടെ അപേക്ഷ സ്വീകരിക്കുന്നതിലും സാമ്പത്തിക സഹായം വിതരണം ചെയ്യുന്നതിലും കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ എന്ന് വെളിപ്പെടുത്തുമോ ;

(സി) നിലവിൽ അപേക്ഷ നൽകിയാൽ മിനിമം എത്ര മാസം കൊണ്ടാണ് അർഹത പരിശോധിച്ച് സാമ്പത്തിക സഹായം അനുവദിക്കുന്നത്;

(ഡി) ആശ്വാസ കിരണം പദ്ധതിയുടെ അപേക്ഷകൾക്ക് ഓൺ ലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ?

ഉത്തരം

(എ) തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരെയും 100% അന്ധത ബാധിച്ചവരെയും ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യംകൊണ്ടും കാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാകുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാകുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളെയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസ കിരണം.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018 ജൂലൈ മാസംവരെയുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) അപേക്ഷ നൽകുന്ന മുൻഗണനാക്രമം അനുസരിച്ചും ഫണ്ടിന്റെ ലഭ്യത അനുസരിച്ചുമാണ് സാമ്പത്തിക സഹായം അനുവദിക്കുന്നത്.

(ഡി) ഉണ്ട്. ഓൺലൈനിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. നിലവിൽ ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്ന 113717 ഗുണഭോക്താക്കളിൽ 80500 പേരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, ആധാർ വിവരങ്ങൾ എന്നിവ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ബാക്കിയുള്ളവരുടെ വിവരങ്ങൾ ഓൺലൈനിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**വയോജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി പ്രത്യേക വകുപ്പ്**

236(5191) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർദൈർഘ്യം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് വയോജനങ്ങളുടെ ജനസംഖ്യ കൂടിവരുന്നതിനാൽ അവരുടെ ക്ഷേമപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പുതിയ ഒരു വകുപ്പ് സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായി സാമൂഹ്യനീതി വകുപ്പിൽ പ്രൊപ്പോസലുകൾ എന്തെങ്കിലും തയ്യാറാക്കിയിട്ടുണ്ടോ;

(ബി) വിവിധ സർക്കാർ ആശുപത്രികളിൽ വയോജനങ്ങൾക്കായി പ്രത്യേക ക്യൂ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സാമൂഹ്യനീതി വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും വിഷയങ്ങൾ പ്രത്യേക വകുപ്പിൻ കീഴിലാക്കിയിട്ടുള്ളതിനാൽ വയോജനങ്ങളുടെയും ഭിന്നശേഷിക്കാരുടെയും ട്രാൻസ്ജന്റർമാരുടെയും വിഷയങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടാണ് വകുപ്പ് പ്രവർത്തിക്കുന്നത്. അതിനാൽ വയോജനങ്ങൾക്ക് മാത്രമായി ഒരു വകുപ്പ് രൂപീകരിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(ബി) സർക്കാർ ഓഫീസുകൾ, നികുതി കൗണ്ടറുകൾ തുടങ്ങി പൊതുജനങ്ങൾ ഇടപെടുന്ന എല്ലാ സേവന കേന്ദ്രങ്ങളിലും മുതിർന്ന പൗരന്മാർ, ഗുരുതരമായി രോഗം ബാധിച്ചവർ, ഭിന്നശേഷിക്കാർ എന്നിവർക്ക് ക്യൂ നിൽക്കാതെ മുൻഗണനയിൽ സേവനം ലഭ്യമാക്കേണ്ടതാണെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും 6-6-2019-ലെ സി.2/155/2019/സാ.നീ.വ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## മിശ്രവിവാഹിതർക്കുള്ള ആനുകൂല്യങ്ങൾ

237(5192) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മിശ്രവിവാഹിതർക്ക് സാമൂഹ്യനീതി വകുപ്പ് മുഖാന്തരം എന്തെല്ലാം ആനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുവാൻ എന്തെല്ലാം മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ടെന്നും ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത 1,00,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള മിശ്രവിവാഹിതരായ ദമ്പതിമാർക്ക് 30,000 രൂപയുടെ ഒറ്റത്തവണ ധനസഹായം നൽകിവരുന്നു.

(ബി) മിശ്രവിവാഹിതരായ ദമ്പതികൾ കഴിഞ്ഞ ഒരു വർഷമായി ഒരുമിച്ച് താമസിച്ചുവരികയാണെന്നുള്ള കോ-ലിവിംഗ് സർട്ടിഫിക്കറ്റ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നുള്ള അല്ലെങ്കിൽ സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരമുള്ള വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, വില്ലേജ് ഓഫീസിൽനിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്, മിശ്രവിവാഹ ദമ്പതിമാരുടെ ജാതി തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് എന്നിവ സഹിതം മിശ്രവിവാഹ ധനസഹായത്തിനു വേണ്ടിയുള്ള പൂരിപ്പിച്ച അപേക്ഷഫോറം വിവാഹശേഷം ഒരു വർഷംകഴിഞ്ഞ് രണ്ടു വർഷത്തിനുള്ളിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

## ഓട്ടിസം ബാധിച്ച കുട്ടികൾക്കുള്ള ആനുകൂല്യങ്ങൾ

238(5193) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടിസം ബാധിച്ച കുട്ടികൾക്ക് സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(ബി) ഓരോ ആനുകൂല്യവും ലഭിക്കുന്നതിന് ഏതൊക്കെ ഓഫീസുകൾ മുഖാന്തരമാണ് അപേക്ഷിക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഭിന്നശേഷിക്കാർക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന വിദ്യാജ്യോതി വിദ്യാകിരണം പദ്ധതി, അടിയന്തര സഹായം നൽകുന്ന പരിരക്ഷ പദ്ധതി, സ്കോളർഷിപ്പ് പദ്ധതി, സഹായ ഉപകരണം നൽകുന്ന പദ്ധതി, NGO സഹകരണത്തോടെ നടത്തുന്ന വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ, പകൽ പരിപാലന കേന്ദ്രങ്ങൾ എന്നിവ നടപ്പാക്കുന്നു. ടി ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഓട്ടിസം ബാധിതരുൾപ്പെടെയുള്ളവർക്ക് അർഹതയുണ്ട്. കൂടാതെ ഓട്ടിസം ബാധിതരുൾപ്പെടെയുള്ള മാനസിക വെല്ലുവിളി നേരിടുന്നവർക്കായി നിരാമയ ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി, ഇത്തരം വ്യക്തികളെ പരിപാലിക്കുന്നവർക്കുള്ള ആശ്വാസകിരണം പദ്ധതി എന്നിവയും സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കുന്നു.

ഓട്ടിസം ബാധിച്ച കുട്ടികൾക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2018-19 മുതൽ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന സമഗ്ര പദ്ധതിയാണ് സ്പെക്ട്രം (SPECTRUM).

സ്പെക്ട്രം പദ്ധതിയിലൂടെ നടത്തിവരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന ഓട്ടിസം ഉൾപ്പെടെയുള്ള ഭിന്നശേഷിത്വം ബാധിച്ച കുട്ടികൾക്ക് നൽകുന്ന ആനുകൂല്യങ്ങളെ കുറിച്ചുള്ള വിശദ വിവരം ചുവടെ ചേർക്കുന്നു:

(1) 12 വയസ്സിന് താഴെ പ്രായമുള്ള ഗുരുതര ഭിന്നശേഷിയുള്ള കുട്ടികൾക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി 20,000 രൂപ സ്ഥിര നിക്ഷേപമായി നൽകി വരുന്നു. 50 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ളതും പ്രതിവർഷം 1,00,000 രൂപയിൽ താഴെ കുടുംബ വരുമാനമുള്ള കുട്ടികൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്.

(2) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന 14 വയസ്സുമുതൽ പ്രായമുള്ള കുട്ടികളുടെ രക്ഷിതാക്കൾക്ക് 25 ലക്ഷം രൂപവരെ സ്വയംതൊഴിൽ വായ്പ നാമമാത്ര പലിശ നിരക്കിൽ നൽകുന്നു.

(3) നിബന്ധനകൾക്ക് വിധേയമായി സഹായോപകരണങ്ങൾ നൽകി വരുന്നു.

(4) എസ്.എസ്.എൽ.സി., പ്ലസ് ടു ഉന്നത വിജയം നേടുന്നവർക്ക് 5,000 രൂപ പ്രൊഫിഷ്യൻസി അവാർഡ് നിബന്ധനകൾക്ക് വിധേയമായി നൽകുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓരോ ആനുകൂല്യവും ലഭിക്കുന്നതിന് ജില്ലാ സാമൂഹ്യനീതി ഓഫീസുകൾ, ICDS ഓഫീസുകൾ, അങ്കണവാടി കേന്ദ്രങ്ങൾ എന്നിവ മുഖേന അപേക്ഷ നൽകാവുന്നതാണ്.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന പദ്ധതികളുടെ സേവനം ഗവ. മെഡിക്കൽ കോളേജുകൾ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ-തൃശ്ശൂർ എന്നിവിടങ്ങളിൽ ലഭ്യമാകുന്നതാണ്.

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ പദ്ധതികൾക്ക് കോർപ്പറേഷന്റെ പൂജപ്പുരയിൽ പ്രവർത്തിക്കുന്ന ഹെഡ്ഓഫീസ് മുഖാന്തരവും കോഴിക്കോട് സിവിൽ സ്റ്റേഷനിലും എറണാകുളം ഫോർട്ട് കൊച്ചിയിലും പ്രവർത്തിച്ചു വരുന്ന മേഖലാ ഓഫീസുകൾ മുഖാന്തരവും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

അപേക്ഷാഫോറവും വിശദാംശങ്ങളും www.hpwc.kerala.gov.in എന്ന വെബ്സൈറ്റ് വിലാസത്തിൽ ലഭ്യമാണ്.

**സമ്പുഷ്ടകേരളം പദ്ധതി**

239(5194) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പുഷ്ടകേരളം പദ്ധതി ആദ്യഘട്ടത്തിൽ ഏതെല്ലാം ജില്ലകളിലാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ ലക്ഷ്യപ്രാപ്തിയ്ക്കായി താഴെത്തട്ടിൽ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരെ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) സമ്പുഷ്ടകേരളം പദ്ധതി ആദ്യഘട്ടത്തിൽ മലപ്പുറം, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലാണ് ആരംഭിക്കുന്നത്.

(ബി) ഒരു ജീവിതചക്ര സമീപനത്തിലൂടെ തത്സമയ വളർച്ച നിരീക്ഷണവും യഥാസമയത്തുള്ള ഇടപെടലുകളും വഴി കൗമാരപ്രായക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, ആറു വയസ്സിന് താഴെയുള്ള കുട്ടികൾ എന്നിവരുടെ പോഷണ വൈകല്യങ്ങൾ പരിഹരിച്ച് ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിനാണ് ഈ പോഷണ ദൗത്യം ഊന്നൽ നൽകുന്നത്.

പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

വളർച്ച മുരടിപ്പ് (Stunting) (0-6 വയസ്സ് വരെയുള്ള കുട്ടികൾ) -6% കുറയ്ക്കുക

ഭാരക്കുറവ് (Under weight) (0-6 വയസ്സ് വരെയുള്ള കുട്ടികൾ)-6% കുറയ്ക്കുക

വിളർച്ച (Anemia) (6-59 മാസം)-9% കുറയ്ക്കുക

വിളർച്ച (15-49 വയസ്സ് മദ്ധ്യേയുള്ള സ്ത്രീകളിലും കൗമാരപ്രായക്കാരായ പെൺകുട്ടികളിലും) -9% കുറയ്ക്കുക

വളർച്ച ശോഷണം(Wasting)(0-6 വയസ്സ് വരെയുള്ള കുട്ടികൾ)-6% കുറയ്ക്കുക

ഈ ലക്ഷ്യങ്ങൾ മൂന്നുവർഷംകൊണ്ട് കൈവരിക്കേണ്ടവയാണ്.

(സി) പദ്ധതിയുടെ പ്രവർത്തനത്തിന് ജില്ലാതലത്തിൽ ജില്ലാ വനിത ശിശുവികസന വകുപ്പ് ഓഫീസർ, പ്രോഗ്രാം ഓഫീസർ, ശിശുവികസന പദ്ധതി ഓഫീസർ, സൂപ്പർവൈസർ എന്നിവർക്ക് പുറമേ ജില്ലാ കോ-ഓർഡിനേറ്റർ, പ്രോജക്ട് അസിസ്റ്റന്റ് എന്നിവരേയും ബ്ലോക്ക് തലത്തിൽ ബ്ലോക്ക് കോ-ഓർഡിനേറ്റർ, ബ്ലോക്ക് പ്രോജക്ട് അസിസ്റ്റന്റ് എന്നിവരേയും കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കാൻ വ്യവസ്ഥയുണ്ട്.

### ഭിന്നശേഷിക്കാർക്കുള്ള നിരാമയ ഇൻഷ്വറൻസ് പദ്ധതി

240(5195) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ കുട്ടികളുടെ ആരോഗ്യപരവും വിദ്യാഭ്യാസ പരവുമായ പുരോഗതിക്ക് വേണ്ടി നടപ്പിലാക്കിവരുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) നാഷണൽ ട്രസ്റ്റിന്റെ കീഴിലുള്ള നിരാമയ (NIRAMAYA) ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഭിന്നശേഷിക്കാർക്ക് ലഭിക്കാവുന്ന പരമാവധി സാമ്പത്തിക സഹായം എത്രയാണെന്നും അവ ഏതെല്ലാം ആവശ്യങ്ങൾക്കാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയിലെ സംസ്ഥാന വിഹിതം എത്ര ശതമാനമാണ്; ഈ സ്കീം പ്രകാരമുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) കുടുംബവരുമാനം അടിസ്ഥാനമാക്കിയാണോ ഭിന്നശേഷിക്കാർക്ക് പെൻഷൻ നൽകുന്നത്; ആണെങ്കിൽ ഭിന്നശേഷിക്കാരുടെ വരുമാനം പരിഗണിക്കാതെ ഇവർക്ക് പെൻഷൻ നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

## ഉത്തരം

(എ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്കായി പഠനോപകരണങ്ങൾ, യൂണിഫോം എന്നിവ നൽകുന്ന വിദ്യാജ്യോതി പദ്ധതി, ഒന്നാം ക്ലാസ്സുമുതൽ പ്രൊഫഷണൽ കോഴ്സ് വരെ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി, അടിയന്തര സഹായം നൽകുന്ന പരിരക്ഷ പദ്ധതി, സഹായ ഉപകരണം നൽകുന്ന പദ്ധതി, മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള നിരാമയ ഇൻഷ്വറൻസ് പദ്ധതി എന്നിവ ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള ആരോഗ്യപരവും വിദ്യാഭാസപരവുമായ പുരോഗതിക്കായി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കുന്നു.

കൂടാതെ, മാനസിക വെല്ലുവിളി നേരിടുന്നവരുടെ അവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27-11-2017-ൽ കൂടിയ യോഗ തീരുമാന പ്രകാരം മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി ഒരു സമഗ്ര ആശ്വാസ പാക്കേജ് തയ്യാറാക്കുകയും തുടർന്ന് 9-8-2018-ൽ ബഹു. മുഖ്യമന്ത്രിയുടെ ചേംബറിൽ കൂടിയ മീറ്റിംഗിൽ പ്രസ്തുത പാക്കേജ് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത പാക്കേജ് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഭിന്നശേഷിക്കാരായ കുട്ടികളുടെ ആരോഗ്യപരവും വിദ്യാഭ്യാസപരവുമായ പുരോഗതിക്കുവേണ്ടി കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. ഹസ്തദാനം സ്ഥിരനിക്ഷേപ പദ്ധതി.
2. എൻ.എച്ച്.എഫ്.ഡി.സി. വിദ്യാഭ്യാസ വായ്പാ പദ്ധതി .
3. കാഴ്ച പരിമിതിയുള്ള 18 വയസ്സിന് മുകളിൽ പ്രായമുള്ള വിദ്യാർത്ഥികൾക്ക് ശബ്ദാനുസരണ സോഫ്റ്റ്‍വെയറുള്ള ലാപ്ടോപ്പ്/ സ്മാർട്ട് ഫോൺ എന്നിവ പോലുള്ള ആധുനിക ഉപകരണങ്ങളുടെ സൗജന്യ വിതരണം നടത്തിവരുന്നു.
4. 40 ശതമാനമോ അതിന് മുകളിലോ ഭിന്നശേഷിത്വമുള്ളവരും വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കൂടാത്തവരും എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ബി ഗ്രേഡോ അതിന് മുകളിലോ വാങ്ങി പാസ്സായവരുമായ വിദ്യാർത്ഥികൾക്ക് 5,000 രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു. (ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന വിഭാഗത്തിന് മാർക്ക് നിബന്ധനയില്ല.)
5. ഭിന്നശേഷിക്കാരായ കുട്ടികൾക്കാവശ്യമായ സഹായോപകരണങ്ങൾ സൗജന്യമായി നിബന്ധനകൾക്ക് വിധേയമായി നൽകിവരുന്നു.

ഭിന്നശേഷിക്കാരായവർക്ക് വ്യത്യസ്ത സേവനങ്ങൾ ലഭ്യമാക്കുന്നതിനും സംസ്ഥാനത്തെ അംഗപരിമിത സൗഹൃദമാക്കുന്നതിനും വേണ്ടി 'അനുയാത്ര' എന്ന പദ്ധതി 2016 ജൂൺ മാസം മുതൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ (എസ്.ഐ.ഡി.) നടപ്പാക്കിവരികയാണ്. അംഗപരിമിത-മേഖലയിൽ നടപ്പാക്കേണ്ട പ്രതിരോധ പ്രവർത്തനങ്ങൾ മുതൽ പുനരധിവാസം വരെയുള്ള "സമഗ്ര ജീവിത ചക്ര സമീപനമാണ് " അനുയാത്രയിൽ സ്വീകരിച്ചിട്ടുള്ളത്.

(ബി) നിരാമയ (NIRAMAYA) ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഭിന്നശേഷിക്കാർക്ക് ലഭിക്കാവുന്ന പരമാവധി സാമ്പത്തിക സഹായം പ്രതിവർഷം ഒരു ലക്ഷം രൂപയാണ്. താഴെ കാണുന്ന പട്ടിക പ്രകാരമാണ് നിരാമയ ചികിത്സാ ആനുകൂല്യങ്ങൾ ലഭ്യമാകുന്നത്.

| | | |
|---|---|---|
| 1 | ഒ.പി. ചികിത്സ | 14,500 [സാധാരണ അസുഖങ്ങൾക്കുള്ള ചികിത്സ 8,000 രൂപ (സ്കാൻ/ലാബ് ടെസ്റ്റുകൾ/എക്സ്റേ മുതലായവ) വൈകല്യത്തെ തുടർന്നുള്ള റെഗുലർ ചെക്കപ്പുകൾക്ക് 4,000 രൂപ, പല്ല് സംബന്ധമായ ചികിത്സകൾക്ക് 2,500 രൂപ] |
| 2 | ഫിസിയോ/ ഒക്കുപ്പേഷണൽ/ സ്പീച്ച് തെറാപ്പി | 10,000 |
| 3 | ഹോമിയോ/ ആയുർവ്വേദം തുടങ്ങിയ ഇതര ചികിത്സ | 4,500 |
| 4 | ആംബുലൻസ്/ടാക്സി തുടങ്ങിയ യാത്രാ ചെലവുകൾ | 1,000 |
| 5 | ആശുപത്രിയിൽ കിടത്തിയുള്ള ചികിത്സ | 70,000 [ഓപ്പറേഷൻ-55,000 രൂപ, വൈകല്യങ്ങളുമായി ബന്ധപ്പെട്ട ഓപ്പറേഷൻ-40,000 രൂപ, മറ്റ് അസുഖങ്ങളെ/അപകടങ്ങളെ തുടർന്നുള്ള ഓപ്പറേഷൻ-15,000 രൂപ, സാധാരണ അസുഖങ്ങൾക്കുള്ള കിടത്തി ചികിത്സ-15,000] |
| | **മൊത്തം** | **1,00,000 രൂപ** |

(സി) ഇത് പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ നാഷണൽ ട്രസ്റ്റിന്റെ നേരിട്ടുള്ള പദ്ധതിയാണ്. പ്രസ്തുത പദ്ധതിയിൽ ചേരുന്നതിന് ഗുണഭോക്താക്കൾ പ്രീമിയം തുക അടയ്ക്കേണ്ടതാണ്. കേരളത്തിൽ പ്രസ്തുത പ്രിമിയം തുക എ.പി.എൽ./ ബി.പി.എൽ. ഭേദമില്ലാതെ പൂർണ്ണമായും സംസ്ഥാന സർക്കാരാണ് നൽകുന്നത്. ഈ സ്കീം പ്രകാരമുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

(ഡി) അതെ. ഭിന്നശേഷിക്കാരുടെ വരുമാനം പരിഗണിക്കാതെ പെൻഷൻ നൽകുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

## ആശ്രയ ആജീവനാന്ത പുനരധിവാസ കേന്ദ്രത്തിന്റെ ചട്ട ലംഘനം

241(5196) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, വെഞ്ഞാറമൂട്, ആലിയാട്, എ.പി.ആർ. നഗറിൽ പ്രവർത്തിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള 'ആശ്രയ' എന്ന ആജീവനാന്ത പുനരധിവാസ കേന്ദ്രം സർക്കാരിന്റെ അനുമതിയോടും അംഗീകാരത്തോടെയുമാണോ പ്രവർത്തനം നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ അനുവദനീയമായ സ്റ്റാഫ് സ്ട്രെങ്ത് എത്രയാണ്; തസ്തികകൾ ഇനം തിരിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിലെ ഏതെല്ലാം തസ്തികകളിൽ ഇപ്പോൾ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിന്റെ വാർഡൻ, നഴ്സിംഗ് സ്റ്റാഫ് എന്നീ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ തസ്തികകൾ നികത്തുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത സ്ഥാപനത്തിലെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ സംരക്ഷണച്ചുമതല ഇപ്പോൾ നിർവ്വഹിക്കുന്നത് ആരാണ്; ഇവരുടെ ഇക്കാര്യത്തിലുള്ള യോഗ്യതകൾ എന്തെല്ലാമാണ്; പ്രസ്തുത യോഗ്യതകൾ സർക്കാർ മാനദണ്ഡപ്രകാരം അനുവദനീയമാണോ എന്ന് വെളിപ്പെടുത്തുമോ;

(എഫ്) നിലവിലുള്ള ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിനെതിരെ സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ചട്ടവിരുദ്ധമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിനെതിരെ അന്വേഷണം നടത്തി, സ്ഥാപനത്തിലെ അന്തേവാസികളായ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി, ക്രമക്കേട് കാട്ടുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം, വെഞ്ഞാറമൂട്, ആലിയാട്, എ.പി.ആർ. നഗറിൽ പ്രവർത്തിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള 'ആശ്രയ' എന്ന ആജീവനാന്ത പുനരധിവാസ കേന്ദ്രം സംസ്ഥാന സർക്കാരിന്റെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ 16-3-2016-ലെ 2361/16 രജിസ്റ്റർ നമ്പർ പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനമാണ്. 16-3-2016 മുതൽ നാലു വർഷത്തേയ്ക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. ടി സ്ഥാപനം പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് പ്രകാരവും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി രജിസ്ട്രേഷന്റെ കാലാവധി 2-6-2019-ൽ അവസാനിച്ചു. അംഗീകാരം പുതുക്കുന്നതിനുള്ള അപേക്ഷ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സ്ഥാപനം സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സ്ഥാപനത്തിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 19-3-2018-ലെ 522/10/2018 നമ്പർ രജിസ്ട്രേഷനുമുണ്ട്.

(ബി-ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) ഈ സ്ഥാപനത്തിന് ഓർഫനേജ് കൺട്രോൾ ബോർഡ് രജിസ്ട്രേഷനും വിദ്യാഭ്യാസ വകുപ്പിന്റെ രജിസ്ട്രേഷനുമുണ്ട്. സ്ഥാപനത്തെക്കുറിച്ച് നിലവിൽ പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കോട്ടയം ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ ഇറക്കിയ സർക്കുലർ**

242(5197) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 8-4-2019-ന് ബി2/405/19 നമ്പരായി കോട്ടയം ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ പുറപ്പെടുവിച്ച സർക്കുലർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാരിന്റെ അംഗീകാരത്തോടെയാണോ ഇത് ഇറക്കിയതെന്ന് വ്യക്തമാക്കാമോ;

(സി) ചാരിറ്റി ഉദ്ദേശത്തോടെ അനാഥാലയങ്ങൾ സന്ദർശിക്കുന്നതിന് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസറുടെ മുൻകൂർ അനുമതി വേണമെന്ന നിർദ്ദേശം സംഭാവനകൾ കൊണ്ട് മാത്രം നടത്തുന്ന സ്ഥാപനങ്ങൾക്ക് ദോഷകരമായി ബാധിക്കുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ശിശുസൗഹൃദ അങ്കണവാടികൾ**

243(5198) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അങ്കണവാടികൾ ആണ് ഉള്ളത്; ഇവയിൽ എത്ര അധ്യാപക തസ്തികകൾ ഉണ്ട്; എത്ര തസ്തികകൾ ഇതിൽ ഒഴിഞ്ഞുകിടപ്പുണ്ട്; വിശദമാക്കാമോ;

(ബി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ അധ്യാപകരെ നിയമിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) പഞ്ചായത്തുകൾ തോറും ശിശുസൗഹൃദ അങ്കണവാടികൾ നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അങ്കണവാടികൾ - 33115

അങ്കണവാടി വർക്കർ തസ്തികകൾ - 33115

അങ്കണവാടി വർക്കർ തസ്തികകളിൽ ഒഴിവ് കിടപ്പില്ല. സ്ഥിരം അങ്കണവാടി വർക്കർമാർ ലീവിന് പ്രവേശിക്കുന്ന വേളയിൽ താൽക്കാലികക്കാരെ നിയമിച്ച് അങ്കണവാടി പ്രവർത്തനം മുടക്കം വരാതെ സുഗമമായി നടത്തിവരുന്നു. ഒഴിവുകൾ ഉണ്ടാകുന്ന പക്ഷം നിലവിലെ സർക്കാർ ഉത്തരവിൽ [സ.ഉ(സാധാ) നമ്പർ 254/18/സാനീവ, തീയതി. 30/04/2018] നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്തി വരുന്നുണ്ട്.

(ബി) സ.ഉ.(സാധാ) നമ്പർ 254/18/സാനീവ, തീയതി. 30-4-2018 പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് അങ്കണവാടികളിൽ നിയമനം നടത്തിവരുന്നത്. ടി മാനദണ്ഡത്തിൽ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനവും ഉൾപ്പെടുന്നു.

(സി) അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി ലഭിച്ചിട്ടുള്ള സ്ഥലങ്ങളെ, അവയുടെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേകം തയ്യാറാക്കിയ ഒരു ഏകീകൃത പ്ലാനും എസ്റ്റിമേറ്റും പ്രകാരം തരംതിരിച്ച് ആധുനിക സൗകര്യങ്ങളോടുകൂടിയ 'സ്മാർട്ട് അങ്കണവാടി' നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്വന്തമായി കെട്ടിടം ഉള്ള അങ്കണവാടികളിൽ, 2018-19 സാമ്പത്തിക വർഷത്തിൽ 1119 ശിശു സൗഹൃദ ടോയ്‌ലെറ്റുകൾ നിർമ്മിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 663 അങ്കണവാടികളിൽ കുടിവെള്ള സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

## സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ

244(5199) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികളുടെ വിശദാംശം ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അങ്കണവാടികൾക്ക് സ്വന്തം കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്തെ അങ്കണവാടികളുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനും ശിശുസൗഹൃദമാക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ഇ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത എത്ര അങ്കണവാടികൾ ഉണ്ട്; അവ ഏതെല്ലാം; പ്രസ്തുത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിച്ചുനൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ശേഖരിച്ചിട്ടുണ്ട്.

| | |
|---|---|
| തിരുവനന്തപുരം | - 1233 |
| കൊല്ലം | - 922 |
| പത്തനംതിട്ട | - 551 |
| ആലപ്പുഴ | - 1032 |
| കോട്ടയം | - 707 |
| ഇടുക്കി | - 174 |
| എറണാകുളം | - 820 |
| തൃശ്ശൂർ | - 524 |
| പാലക്കാട് | - 453 |
| മലപ്പുറം | - 892 |
| കോഴിക്കോട് | - 508 |
| വയനാട് | - 95 |
| കണ്ണൂർ | - 311 |
| കാസർഗോഡ് | - 91 |
| **ആകെ** | - 8313 |

(ബി) മൂന്ന് സെന്റോ അതിൽ കൂടുതലോ സ്ഥലം ലഭ്യമായാൽ മാത്രമേ അങ്കണവാടി കെട്ടിട നിർമ്മാണം നടത്താൻ കഴിയുകയുള്ളൂ. ഇത്തരത്തിൽ വിവിധ ജില്ലകളിലായി 210 സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ടി സ്ഥലങ്ങളിൽ സർക്കാർ തയ്യാറാക്കിയ ഏകീകൃത പ്ലാനിന്റെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കെട്ടിടം കെട്ടുന്നതിൽ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സർക്കാർ വക പുറമ്പോക്ക് ഭൂമി ലഭ്യമാക്കി ബന്ധപ്പെട്ട ജില്ലാ കളക്ടർമാരിൽ നിന്നും ഉപയോഗാനുമതി ലഭ്യമാക്കി അങ്കണവാടി കെട്ടിടം നിർമ്മിക്കാനും പദ്ധതി ആവിഷ്കരിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ആകെ 1229 അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്.

MGNREGS - പദ്ധതിയിൽ - 720 അങ്കണവാടികൾ

State Plan Fund

| | |
|---|---|
| 2016-17 | - 240 |
| 2017-18 | - 218 |
| NABARD | - 41 |
| MODEL ANGANWADI | - 10 |
| TOTAL | - 1229 |

(ഡി) അങ്കണവാടികളെ ശിശു സൗഹൃദമാക്കുന്നതിന്റെ ഭാഗമായി സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കുന്നതിനായി ഒരു ഏകീകൃത പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികളിൽ 2018-19 സാമ്പത്തിക വർഷം 1119 എണ്ണത്തിന് ശിശു സൗഹൃദ ടോയ്‌ലെറ്റ് പണിയുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിൽ ഫണ്ട് നൽകിയിട്ടുണ്ട്. ആയത് ശിശുവികസന പദ്ധതി ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. ശിശു സൗഹൃദ ടോയ്‌ലെറ്റുകളുടെ പണി പൂർത്തീകരിച്ചുവരുന്നു. അതോടൊപ്പം സ്വന്തമായി കെട്ടിടം ഉള്ള അങ്കണവാടികളിൽ കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിനായി 663 അങ്കണവാടികൾക്ക് കുടിവെള്ള സംവിധാനം ഒരുക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഇ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത 17 അങ്കണവാടികൾ ഉണ്ട്.

ശ്രീകൃഷ്ണപുരം ICDS

1. സെ.നമ്പർ 2 ചെട്ടിയങ്ങാടി അങ്കണവാടി - എം.എൽ.എ ഫണ്ട് ഉപയോഗിച്ച് കെട്ടിടം പണിയാൻ തീരുമാനിച്ചിട്ടുണ്ട്.
2. സെ. നമ്പർ 34 കടുങ്ങംചിറ – വകുപ്പ് ഫണ്ടും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടും ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്.
3. സെ. നമ്പർ 43 കല്ലുവഴി നോർത്ത് - ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

മണ്ണാർക്കാട് അഡീഷണൽ ICDS

4. സെ.നമ്പർ 154 തൊട്ടുകാപ്പ് അങ്കണവാടി - ടി അങ്കണവാടിക്ക് സ്വന്തമായി സ്ഥലം വാങ്ങാൻ തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

5. സെ. നമ്പർ 135 ചാമപ്പറമ്പ് അങ്കണവാടി - ടി അങ്കണവാടിക്ക് കെട്ടിടം പണിയാൻ ബ്ലോക്ക് പഞ്ചായത്തിൽ പ്രോജക്ട് അപ്രൂവ് ചെയ്തിട്ടുണ്ട്. കൂടാതെ സ്മാർട്ട് അങ്കണവാടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഒറ്റപ്പാലം ICDS

ലക്കിടി പേരൂർ പഞ്ചായത്തിൽ 4 അങ്കണവാടി സെന്ററുകൾക്ക് (സെ.നമ്പർ 23, 25, 27, 31) സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ല. സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സെന്റർ നമ്പർ 19-ന് സ്വന്തം കെട്ടിടം ഉപയോഗയോഗ്യമല്ലാത്തതാണ്. സ്ഥലം ലഭ്യമാക്കാനും കെട്ടിടത്തിന് ഫണ്ട് ലഭ്യമാക്കാനും നടപടി സ്വീകരിച്ചുവരുന്നു.

അമ്പലപ്പാറ പഞ്ചായത്തിൽ 2 അങ്കണവാടി സെന്ററുകൾക്ക് (സെ.നമ്പർ 70, 39) സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ല. സെന്റർ നമ്പർ 70, 39-ന് സ്ഥലം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സെന്റർ നമ്പർ 44-ന് കെട്ടിട നിർമ്മാണത്തിനായി 2019-20 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. സെന്റർ നമ്പർ 39 ഇപ്പോൾ പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിൽ സെന്റർ നമ്പർ 106, 110 എന്നിവയ്ക്ക് സ്ഥലവും കെട്ടിടവുമില്ല. സെന്റർ നമ്പർ 88, 112 എന്നിവയ്ക്ക് സ്വന്തമായി സ്ഥലമുള്ളതും കെട്ടിടമില്ലാത്തതുമാണ്. 88-ന് കെട്ടിട നിർമ്മാണാനുമതി റെയിൽവേ നൽകുന്നില്ല. 112 -ന് KLU ലഭ്യമല്ല.

## അങ്കണവാടി സൂപ്പർവൈസർ തസ്തിക

245(5200) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അങ്കണവാടി സൂപ്പർവൈസർ തസ്തികയിലേയ്ക്ക് അങ്കണവാടി വർക്കർമാർക്ക് സ്ഥാനക്കയറ്റം ലഭിക്കാറുണ്ടോ; ഇതിനായി എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിലുള്ളത്;

(ബി) പി.എസ്.സി.-യിൽ നിന്നുള്ളവരെയും സ്ഥാനക്കയറ്റം ലഭിക്കുന്നവരെയും ഏത് അനുപാതത്തിലാണ് നിയമിക്കുന്നതെന്ന് വിശദീകരിക്കാമോ;

(സി) നിലവിൽ സംസ്ഥാനത്ത് എത്ര സൂപ്പർവൈസർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രൊമോഷൻ ക്വാട്ടയിൽ നിയമനം ലഭിക്കേണ്ടവർക്ക് അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലേയ്ക്ക് അങ്കണവാടി വർക്കർമാർക്കായി നീക്കിവച്ചിട്ടുള്ള ക്വാട്ടയിലേയ്ക്ക് പി.എസ്.സി. വഴി നേരിട്ടുള്ള നിയമനം ആണ് നൽകുന്നത്. ആകെയുള്ള തസ്തികയുടെ 29% തസ്തികയിലേയ്ക്ക് എസ്.എസ്.എൽ.സി.-യും 10 വർഷത്തെ അങ്കണവാടി സേവനപരിചയമുള്ളവർക്കും 11% തസ്തികയിലേയ്ക്ക് ഡിഗ്രിയും 10 വർഷത്തെ അങ്കണവാടി സേവനപരിചയവുമുള്ള അങ്കണവാടി വർക്കർമാർക്കുമായി ആകെ 40% തസ്തികകളാണ് ഇപ്രകാരം നിയമനം നടത്തുന്നതിനായി നീക്കിവച്ചിട്ടുള്ളത്. അങ്കണവാടി വർക്കർമാർക്ക് ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകി നിയമിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

(ബി) നിലവിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ നിയമനം 10-8-2010-ലെ സ.ഉ. (പി) നമ്പർ 54/2010/SWD, 27-12-2012-ലെ സ.ഉ. (പി) നമ്പർ 78/2012/SJD എന്നിവ പ്രകാരമുള്ള വിശേഷാൽ ചട്ടങ്ങൾ പ്രകാരമാണ് നടത്തുന്നത്. പ്രസ്തുത ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പി.എസ്.സി. വഴി നേരിട്ടുള്ള നിയമനം-58%, എസ്.എസ്.എൽ.സി.-യും 10 വർഷത്തെ സേവന പരിചയവുമുള്ള അങ്കണവാടി വർക്കർമാരിൽ നിന്നും പി.എസ്.സി. വഴി നേരിട്ടുള്ള നിയമനം 29%, 10 വർഷത്തെ സേവനപരിചയവും അംഗീകൃത സർവ്വകലാശാല ബിരുദവുമുള്ള അങ്കണവാടി വർക്കർമാരിൽനിന്നും പി.എസ്.സി. വഴി നേരിട്ടുള്ള നിയമനം-11%, വകുപ്പിലെ വിവിധ കാറ്റഗറികളിൽനിന്നുമുള്ള പ്രൊമോഷൻ-2% എന്നിങ്ങനെയാണ് നടത്തുന്നത്.

(സി) വനിത-ശിശു വികസന വകുപ്പിൽ 123 സൂപ്പർവൈസർ തസ്തികകളിൽ നിലവിൽ ഒഴിവുണ്ട്. ഇതിൽ 72 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്നവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിയമനത്തിനായി നീക്കിവച്ചിട്ടുള്ള ഓരോ വിഭാഗത്തിലും ഉണ്ടാകുന്ന ഒഴിവുകൾ അതാത് സമയം പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്ത് പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## അങ്കണവാടികൾ പ്രൈമറി സ്കൂളുകളിൽ ലയിപ്പിക്കാൻ നടപടി

246(5201) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അങ്കണവാടികൾ പ്രീ-സ്കൂളിന്റെ ഭാഗമായി പ്രൈമറി സ്കൂളുകളിൽ ലയിപ്പിക്കുന്നതിന് ധാരണയായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അങ്കണവാടികൾ പ്രീ-സ്കൂളിന്റെ ഭാഗമായി പ്രൈമറി സ്കൂളുകളിൽ ലയിപ്പിക്കുന്നതിന് ധാരണയായിട്ടില്ല.

## നെടുമങ്ങാട് മണ്ഡലത്തിലെ അങ്കണവാടികൾ

247(5202) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ മാതൃക അങ്കണവാടി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ആകെ 283 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തുന്നു. *

(ബി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലെ 57-ാം നമ്പർ അങ്കണവാടിക്ക് മാതൃകാ അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ടി സ്ഥലം കെട്ടിട നിർമ്മാണത്തിന് അനുയോജ്യമല്ലാത്തതിനാൽ നെടുമങ്ങാട്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുനിസിപ്പാലിറ്റിയിൽത്തന്നെയുള്ള 78-ാം നമ്പർ അങ്കണവാടിയെ ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തീരുമാനമെടുത്തിരുന്നു. 2017-18 മുതൽ എം.എൽ.എ ഫണ്ടിൽനിന്നും തുക അനുവദിക്കുന്നത് ബന്ധപ്പെട്ട ജില്ലാ കളക്ടർ ആയതിനാൽ ബഹുമാനപ്പെട്ട എം.എൽ.എ ശിപാർശ ചെയ്തിരിക്കുന്ന തുക അനുവദിക്കുന്നത് സംബന്ധിച്ച് ജില്ലാ കളക്ടറിൽനിന്നും അംഗീകാരം വാങ്ങി ശിപാർശ സമർപ്പിക്കാൻ വനിത-ശിശു വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ എം.എൽ.എ. ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

## ചിറയിൻകീഴ് അഡീഷണൽ ഐ.സി.ഡി.എസ്.-ൽ അങ്കണവാടി വർക്കർമാരുടെ ഒഴിവുകൾ

248(5203) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് അഡീഷണൽ ഐസിഡിഎസ്-ൽ എത്ര അങ്കണവാടി വർക്കർമാരുടെ ഒഴിവുകൾ നിലവിലുണ്ട്; റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത്രനാളായിട്ടും റാങ്ക് ലിസ്റ്റ് തയ്യാറാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത് ആരൊക്കെ ചേർന്നാണ്;

(ബി) 2019 ജൂൺ മാസത്തിൽ ചിറയിൻകീഴ് അഡീഷണൽ ഐസിഡിഎസ്-ൽ അങ്കണവാടി വർക്കറുടെ നിയമനം നടക്കുകയുണ്ടായോ; ഉണ്ടെങ്കിൽ എത്ര വർക്കർമാരെ നിയമിച്ചു; നിയമനം ലഭിച്ച വർക്കർമാർ എല്ലാവരും ഹെൽപ്പർമാരിൽ നിന്നും സ്ഥാനക്കയറ്റം ലഭിച്ചവരാണോ; ഇവർ എല്ലാവരും പത്ത് വർഷം സർവ്വീസ് പൂർത്തിയാക്കിയിട്ടുള്ളവരാണോ;

(സി) മേൽപ്പറഞ്ഞ നിയമനംമൂലം താൽക്കാലികാടിസ്ഥാനത്തിൽ വർഷങ്ങളായി ജോലിചെയ്ത വർക്കർമാരുടെ അവസരം നഷ്ടമാകുകയും പ്രായാധിക്യം കാരണം നിയമനം ലഭിക്കാതെ വരികയും ചെയ്യുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) ചിറയിൻകീഴ് അഡീഷണൽ ഐസിഡിഎസ്-ൽ താൽക്കാലികാടിസ്ഥാനത്തിൽ വർഷങ്ങളായി ജോലി ചെയ്യുന്ന വർക്കർമാരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ; ഇല്ലെങ്കിൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) സാമൂഹികനീതി വകുപ്പിന്റെ 30-4-2018-ലെ സ.ഉ.(സാധാ) നമ്പർ 254/2018/സാനീവ. അനുസരിച്ച് ആകെയുള്ള അങ്കണവാടി വർക്കർ തസ്തികയുടെ 25 ശതമാനം എന്ന കണക്കിൽ ഓരോ നാലാമത്തെ ഒഴിവും 10 വർഷം സ്ഥിരസേവനവും എസ്.എസ്.എൽ.സി./ പത്താംതരം തുല്യതയും നേടിയിട്ടുള്ള ഹെൽപ്പർമാർക്ക് നൽകണമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ, യോഗ്യതയുള്ള ഹെൽപ്പർമാരെയാണോ വർക്കർമാരായി നിയമിച്ചത്;

(എഫ്) 2019 ജൂൺ മാസത്തിൽ ചിറയിൻകീഴ് അഡീഷണൽ ഐസിഡിഎസ്-ൽ അങ്കണവാടി വർക്കറുടെ നിയമനത്തിൽ നിലവിലെ സി.ഡി.പി.ഒ ക്രമരഹിതമായി ഇടപെടൽ നടത്തിയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ അന്വേഷണം നടത്തുമോ;

(ജി) നിലവിലെ സ്ഥാനക്കയറ്റം വഴിയുള്ള നിയമനം റദ്ദ് ചെയ്ത് റാങ്ക് ലിസ്റ്റ് തയ്യാറാക്കി സാമൂഹിക നീതി വകുപ്പിന്റെ 30-04-2018-ലെ സ.ഉ.(സാധാ) 254/2018 സാനീവ. നമ്പർ ഉത്തരവ് അനുസരിച്ച് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചിറയിൻകീഴ് അഡീഷണൽ ഐ.സി.ഡി.എസ്.-ൽ അങ്കണവാടി വർക്കർമാരുടെ 10 ഒഴിവുകൾ നിലവിലുണ്ട്. റാങ്ക് ലിസ്റ്റ് നിലവിലില്ല. 2016 ജൂൺ മാസത്തിൽ അങ്കണവാടി വർക്കർ, ഹെൽപ്പർ നിയമനത്തിനുള്ള അപേക്ഷ ക്ഷണിച്ചിരുന്നു. ബഹു. ഹൈക്കോടതി സ്റ്റേ പ്രകാരം സെലക്ഷൻ നടപടികൾ തുടരാൻ കഴിയാതെ വരികയും സ്റ്റേ നീങ്ങിയതിനുശേഷം 3-11-2017-ൽ സെലക്ഷൻ കമ്മിറ്റിയിലേയ്ക്കുള്ള സാമൂഹ്യ പ്രവർത്തകരുടെ ലിസ്റ്റ് അംഗീകരിച്ച് ലഭിക്കുകയും ചെയ്തു. എന്നാൽ ലോക് സഭാ ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലനിന്നതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല. നിലവിലുള്ള സെലക്ഷൻ കമ്മിറ്റിയുടെ കാലാവധി പൂർത്തിയായതിനാൽ പുതിയ സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനായി പഞ്ചായത്തുകളിൽ 21/06/2019-ന് കത്ത് നൽകിയിട്ടുണ്ട്. പുതിയ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചാലുടൻതന്നെ നിയമന നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) 2019 ജൂൺ മാസത്തിൽ ചിറയിൻകീഴ് അഡീഷണൽ ഐ.സി.ഡി.എസ്.-ൽ അങ്കണവാടി വർക്കറുടെ നിയമനം നടന്നു. രണ്ട് പേരെ നിയമിച്ചു. നിയമനം ലഭിച്ച രണ്ടുപേരിൽ ഒരാൾ മാത്രമാണ് ഹെൽപ്പർ തസ്തികയിൽ സ്ഥാനക്കയറ്റംവഴി നിയമനം ലഭിച്ചത്. ഹെൽപ്പർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയ ആൾ 10 വർഷ സേവനം പൂർത്തിയാക്കിയിട്ടുണ്ട്. നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിൽനിന്നും ഒരാളെ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലും 10 വർഷം തികഞ്ഞ എസ്.എസ്.എൽ.സി. തുല്യത പാസ്സായ ഒരാളെ ഹെൽപ്പർ തസ്തികയിൽനിന്നും വർക്കർ തസ്തികയിലെ നാലാമത്തെ ഒഴിവിലേയ്ക്ക് കിഴുവിലം പഞ്ചായത്തിലും നിയമിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചിറയിൻകീഴ് അഡീഷണൽ ഐ.സി.ഡി.എസ്.-ൽ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ മാത്രമേ സീനിയോറിറ്റി ലിസ്റ്റ് നിലവിലുള്ളൂ. 31-10-2010 വരെ 6 മാസം താൽക്കാലിക സേവനമനുഷ്ഠിച്ച അങ്കണവാടി ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് മാത്രമേ നിലവിൽ വ്യവസ്ഥയുള്ളൂ. ഇത്തരം സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ലാത്തിടങ്ങളിൽ സെലക്ഷൻ ലിസ്റ്റിൽനിന്നും നിയമനങ്ങൾ നടത്താനാണ് നിലവിലെ വ്യവസ്ഥ.

(ഇ) യോഗ്യതയുള്ള ഹെൽപ്പറെയാണ് വർക്കറായി നിയമിച്ചത്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുന്ന പക്ഷം ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ജി) നിലവിലെ സ്ഥാനക്കയറ്റം വഴിയുള്ള നിയമനങ്ങൾ 30-4-2018-ലെ സ.ഉ(സാധാ) നമ്പർ 254/2018/സാനീവ നമ്പർ ഉത്തരവ് അനുസരിച്ച് ആയതിനാൽ ടി നിയമനം റദ്ദ് ചെയ്യാൻ കഴിയില്ല. 30-4-2018-ലെ സ.ഉ(സാധാ) നമ്പർ 254/2018/സാ.നീ.വ. നമ്പർ ഉത്തരവ് അനുസരിച്ച് നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം 21-5-2019-ന് ഈ കാര്യാലയത്തിൽനിന്നും നൽകിയിട്ടുണ്ട്.

## കോട്ടയം ജില്ലാ ആശുപത്രിയിലെ ഒക്കുപ്പേഷണൽ തെറാപിസ്റ്റ് നിയമനം

249(5204) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനവൈകല്യം നിർണ്ണയിക്കുകയും, അതിന്റെ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്ന മെഡിക്കൽ ബോർഡിലെ അംഗങ്ങളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) കോട്ടയം ജില്ലാ ആശുപത്രിയിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെയും, പീഡിയാട്രീഷ്യന്റെയും സേവനം ലഭ്യമാണെങ്കിലും ഒക്കുപേഷണൽ തെറാപ്പിസ്റ്റിന്റെ അഭാവംമൂലം പ്രസ്തുത സർട്ടിഫിക്കറ്റ് ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത ആശുപത്രിയിൽ ഒക്കുപേഷണൽ തെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രശ്നപരിഹാരത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1. മെഡിക്കൽ സൂപ്രണ്ട്/ചീഫ് മെഡിക്കൽ ആഫീസർ

2. പീഡിയാട്രീഷ്യൻ /പീഡിയാട്രിക് ന്യൂറോളജിസ്റ്റ്

3. ക്ലിനിക്കൽ സൈക്കോളജിസ്റ്റ്

4.ഒക്കുപേഷണൽ തെറാപ്പിസ്റ്റ് /സ്പെഷ്യൽ

എഡ്യൂക്കേറ്റർ /എസ്.സി.ഡി. ട്രെയിനിംഗ് ലഭിച്ച ടീച്ചർ

(ബി&സി) കോട്ടയം ജില്ലാ ആശുപത്രിയിൽ ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റിന്റെ അനുവദനീയമായ തസ്തിക നിലവിലില്ല. ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റിന്റെ അഭാവത്തിലും സൂപ്രണ്ട്, പിഡിയാട്രീഷ്യൻ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നിവർ ചേർന്ന് മെഡിക്കൽ ബോർഡ് കൂടി സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്.

**സ്പെഷ്യൽ സ്കൂളുകൾക്കുള്ള ഗ്രാന്റ് വിതരണം**

250(5205) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾക്കുള്ള ഗ്രാന്റ് വിതരണവും സ്കൂളുകളുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങളും സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായോ;

(ബി) ഈ യോഗത്തിലുണ്ടായ തീരുമാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഈ സ്കൂളുകൾക്ക് നൽകിയിരുന്ന ഗ്രാന്റ് തുടർച്ചയായി മുടങ്ങിയിരിക്കുന്നതുമൂലം ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സ്കൂളുകൾക്കുള്ള ഗ്രാന്റ് അടിയന്തരമായി നൽകി ഇപ്പോഴത്തെ പ്രതിസന്ധി ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾക്കുള്ള ഗ്രാന്റ് വിതരണവും സ്കൂളുകളുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങളും സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 20-6-2019-ന് യോഗം ചേർന്നിട്ടുണ്ട്. ഈ യോഗത്തിന്റെ നടപടിക്കുറിപ്പ് അംഗീകരിക്കേണ്ടതായുണ്ട്.

(സി&ഡി) മാനസികവെല്ലുവിളി നേരിടുന്നവരുടെ അവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27-11-2017-ൽ കൂടിയ യോഗ തീരുമാന പ്രകാരം മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി ഒരു സമഗ്ര ആശ്വാസ പാക്കേജ് തയ്യാറാക്കുകയും തുടർന്ന് 9-8-2018-ൽ ബഹു: മുഖ്യമന്ത്രിയുടെ ചേംബറിൽ കൂടിയ മീറ്റിംഗിൽ പ്രസ്തുത പാക്കേജ് തത്വത്തിൽ അംഗീകരിക്കുകയുംചെയ്തു.

ആരോഗ്യ, വിദ്യാഭ്യാസ, തദ്ദേശസ്വയംഭരണ, സാമൂഹ്യനീതി, ധനകാര്യ വകുപ്പ് സെക്രട്ടറിമാരുടെ യോഗം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടി ആവശ്യമായ മാർഗ്ഗരേഖ തയ്യാറാക്കേണ്ടതാണെന്നും ടി മാർഗ്ഗരേഖ ബന്ധപ്പെട്ട മന്ത്രിമാരുടെ അംഗീകാരത്തോടെ ബഹു: മുഖ്യമന്ത്രിക്ക് അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണെന്നും ഈ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി.

സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിൽനിന്നും രജിസ്ട്രേഷൻ ലഭിച്ച 329 സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്കൂളുകൾക്ക് സംസ്ഥാന സർക്കാർ എല്ലാ വർഷവും സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. ഓരോ സ്കൂളുകളിലേയും കുട്ടികളുടെയും അദ്ധ്യാപകരുടെയും എണ്ണത്തിന് ആനുപാതികമായിട്ടാണ് സ്കൂളുകൾക്ക് തുക അനുവദിച്ച് നൽകുന്നത്. 2018-19 വർഷം 14 കോടി രൂപ സാമ്പത്തിക സഹായമായി നൽകിയിരുന്നു. 2019-20 വർഷം 14.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ഇതിനോടനുബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 20-6-2019-ന് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുടെ ആലോചനായോഗം നടന്നു. ഈ യോഗത്തിന്റെ തീരുമാനങ്ങൾക്ക് വിധേയമായി ടി സമഗ്ര പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്കായി സമഗ്ര പാക്കേജ്

251(5206) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ മാനദണ്ഡങ്ങൾക്ക് വിധേയമായി ഘട്ടം ഘട്ടമായി എയ്ഡഡ് ആക്കി മാറ്റാൻ നടപടികൾ സ്വീകരിക്കാതിരിക്കുകയും മുൻപ് നൽകിക്കൊണ്ടിരുന്ന ഗ്രാന്റ് നിർത്തലാക്കുകയും ചെയ്ത സാഹചര്യത്തിൽ പ്രസ്തുത കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്കായി ഒരു സമഗ്ര പാക്കേജ് നടപ്പാക്കുമെന്ന സർക്കാർ ഉറപ്പ് പാലിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾ പഠിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിക്കൊണ്ട് 9-2-2016-ലെ സ.ഉ(എം.എസ്)38/2016/പൊ.വി.വ പ്രകാരം ഉത്തരവായിരുന്നു. 1-1-2016 മുതൽ 30-4-2016 വരെയുള്ള മന്ത്രിസഭാ തീരുമാനങ്ങൾ പുനഃപരിശോധിച്ച് മന്ത്രിസഭാ ഉപസമിതി ഈ വിഷയം പുനഃപരിശോധിക്കാൻ നിർദ്ദേശിച്ചിരുന്നു. മാനസികവെല്ലുവിളി നേരിടുന്നവരുടെ അവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27-11-2017-ൽ കൂടിയ യോഗ തീരുമാന പ്രകാരം മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി ഒരു സമഗ്ര ആശ്വാസ പാക്കേജ് തയ്യാറാക്കുകയും തുടർന്ന് 9-8-2018-ൽ ബഹു. മുഖ്യമന്ത്രിയുടെ ചേംബറിൽ കൂടിയ മീറ്റിംഗിൽ പ്രസ്തുത പാക്കേജ് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തു.

ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 9-8-2018-ൽ ചേർന്ന യോഗത്തിൽ ആരോഗ്യ, വിദ്യാഭ്യാസ, തദ്ദേശസ്വയംഭരണ, സാമൂഹ്യനീതി, ധനകാര്യ വകുപ്പ് സെക്രട്ടറിമാരുടെ യോഗം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽക്കൂടി ആവശ്യമായ മാർഗ്ഗരേഖ തയ്യാറാക്കേണ്ടതാണെന്നും ടി മാർഗ്ഗരേഖ ബന്ധപ്പെട്ട മന്ത്രിമാരുടെ അംഗീകാരത്തോടെ ബഹു. മുഖ്യമന്ത്രിക്ക് അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണെന്നും തീരുമാനിക്കുകയുണ്ടായി.

ഇതിനോടനുബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 20-6-2019-ന് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുടെ ആലോചനായോഗം നടന്നു. ഈ യോഗത്തിന്റെ തീരുമാനങ്ങൾക്ക് വിധേയമായി ടി സമഗ്ര പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**പെട്രോൾ പമ്പുകളിൽ ഉപഭോക്താക്കൾക്കുള്ള സൗകര്യങ്ങൾ**

252(5207) ശ്രീ. എം. ഉമ്മർ:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. അബ്ദുൽ ഹമീദ് പി.:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പെട്രോൾ പമ്പുകളിൽ ഉപഭോക്താക്കൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ലായെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഉപഭോക്താക്കൾക്കായി സൗകര്യങ്ങൾ ഏർപ്പെടുത്താത്ത പമ്പുകളിൽ സംസ്ഥാന സർക്കാരിന് നിയമപരമായ എന്തെല്ലാം നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ കഴിയും എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പൊതുമേഖലാ എണ്ണക്കമ്പനികളുടെ കീഴിലുള്ള പെട്രോൾ പമ്പുകളിൽ ഉപഭോക്താകൾക്ക് വേണ്ട അവശ്യസൗകര്യങ്ങളായ കുടിവെള്ളം, ശുചിമുറി, സൗജന്യമായി ടയറിൽ വായുനിറയ്ക്കാനുള്ള സൗകര്യം എന്നിവ ലഭ്യമാക്കുന്നുണ്ട് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. സപ്ലൈകോ പെട്രോൾ പമ്പുകളിലും ഉപഭോക്താക്കൾക്ക് അവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എണ്ണക്കമ്പനികളുടെ ഫീൽഡ് ഓഫീസർമാരുടെ പീരിയോഡിക് പരിശോധനയിലും സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ പരിശോധനയിലും ടി സൗകര്യങ്ങൾ ലഭ്യമാക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തുന്നുണ്ട്.

(ബി &സി) പൊതുമേഖലാ എണ്ണക്കമ്പനികൾക്ക് കീഴിലുള്ള സംസ്ഥാനത്തെ പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നത് കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചാണ്. ഉപഭോക്താക്കൾക്കായി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത സൗകര്യങ്ങൾ ലഭ്യമാക്കാൻ പമ്പുകൾക്ക് അടിയന്തര നിർദ്ദേശങ്ങൾ നല്കുകയും ക്രമക്കേടുകൾ എണ്ണക്കമ്പനികളുടെ ശ്രദ്ധയിൽപ്പെടുത്താറുമുണ്ട്.

**അന്നപൂർണ്ണ വിഭാഗത്തിനുള്ള ഭക്ഷ്യധാന്യം**

253(5208) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര കുടുംബങ്ങൾക്കാണ് മുപ്പത്തഞ്ച് കിലോ ഭക്ഷ്യധാന്യം നൽകേണ്ടതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവരിൽ എല്ലാവർക്കും മുപ്പത്തഞ്ച് കിലോ ഭക്ഷ്യധാന്യം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ ശേഷിക്കുന്ന കുടുംബങ്ങൾക്ക് ലഭിക്കേണ്ട ഭക്ഷ്യധാന്യം എന്താണ് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) അന്നപൂർണ വിഭാഗത്തിനുള്ള അരിയും ഗോതമ്പും കിലോഗ്രാമിന് എത്ര രൂപ നിരക്കിലാണ് കേന്ദ്രം നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) അന്നപൂർണവിഭാഗത്തിൽനിന്ന് എത്ര കുടുംബങ്ങളെ ഒഴിവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(എഫ്) കുടുംബങ്ങൾ ഒഴിവാക്കപ്പെട്ട സാഹചര്യത്തിൽ കേന്ദ്രം കുറഞ്ഞ നിരക്കിൽ ഇവർക്കുകൂടി നൽകുന്ന അരി എന്ത് ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം 595800 കുടുംബങ്ങളെ സംസ്ഥാനത്തിന് എ.എ.വൈ. (അന്ത്യോദയ അന്നയോജന പദ്ധതി) വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്. ഈ കുടുംബങ്ങൾക്കാണ് പ്രതിമാസം 35 കിലോഗ്രാം ഭക്ഷ്യധാന്യം നല്കേണ്ടത്.

(ബി) മുൻഗണനാ പട്ടികയുടെ ശുദ്ധീകരണത്തിന്റെ ഭാഗമായി ഫീൽഡ് തല പരിശോധനകൾ നടത്തി അനർഹരായി കണ്ടെത്തിയ കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽനിന്ന് ഒഴിവാക്കിയതിനാൽ നിലവിൽ എ.എ.വൈ. പട്ടികയിൽ 595800 കുടുംബങ്ങളില്ല. നിലവിൽ എ.എ.വൈ. പട്ടികയിലുള്ള എല്ലാ കുടുംബത്തിനും 35 കിലോഗ്രാം ഭക്ഷ്യധാന്യം നല്കുന്നുണ്ട്.

(സി) പ്രസ്തുത ഭക്ഷ്യധാന്യം നീക്കിയിരിപ്പായി അവശേഷിക്കുന്നു.

(ഡി) അന്നപൂർണ്ണ വിഭാഗത്തിനുള്ള അരി കിലോഗ്രാമിന് 5.65 രൂപ നിരക്കിലാണ് കേന്ദ്രം നല്കുന്നത്. സംസ്ഥാനത്തിന് അന്നപൂർണ്ണ ഗോതമ്പ് ലഭിക്കുന്നില്ല.

(ഇ) 17596 കുടുംബങ്ങളെ അന്നപൂർണ്ണ വിഭാഗത്തിൽനിന്ന് ഭക്ഷ്യ ഭദ്രതാ നിയമം നിലവിൽ വന്നശേഷം ഒഴിവാക്കിയിട്ടുണ്ട്.

(എഫ്) പ്രസ്തുത ഭക്ഷ്യധാന്യം നീക്കിയിരിപ്പായി അവശേഷിക്കുന്നു.

## നിരാലംബരായവർക്ക് ഭക്ഷണം നൽകുന്ന വിശപ്പുരഹിത കേരളം പദ്ധതി

254(5209) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പ് രഹിത കേരളം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് നിലവിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് എന്നറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡം അറിയിക്കാമോ;

(ഡി) നിരാലംബരായവർക്ക് ഭക്ഷണം നൽകുന്ന പ്രസ്തുത പദ്ധതിയിൽ ഏറെ നിർദ്ധനരും അർദ്ധപട്ടിണിക്കാരുമായ തീരദേശ ജനത അധിവസിക്കുന്ന താനൂർ തീരദേശം കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം നല്കുകയും അതുവഴി സമൂഹത്തിൽനിന്ന് വിശപ്പ് നിർമ്മാർജ്ജനം ചെയ്യുക എന്നതുമാണ് വിശപ്പ് രഹിത കേരളം (സുഭിക്ഷ) പദ്ധതിയുടെ ലക്ഷ്യം.

(ബി) ആലപ്പുഴ, കോട്ടയം ജില്ലകളിൽ നിലവിൽ സുഭിക്ഷ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) നിരാലംബരും കിടപ്പുരോഗികളും ഒരു നേരത്തെപോലും ഭക്ഷണം പാചകം ചെയ്തുകഴിക്കാൻ ബുദ്ധിമുട്ടുന്നവർ, നിരാശ്രയർ, മറ്റു പട്ടിണി അനുഭവിക്കുന്നവർ എന്നിവർക്ക് ഇതിന്റെ ഗുണഫലം ലഭിക്കേണ്ടതാണ്. ഇത്തരക്കാർക്ക് ഗുണമേന്മയുള്ള ഭക്ഷണം മിതമായ നിരക്കിൽ ഈ പദ്ധതിയിലൂടെ ലഭ്യമാക്കുന്നുണ്ട്.

(ഡി) ടി പദ്ധതി കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ കൂടി നടപ്പിൽ വരുത്താനുള്ള നടപടികൾ പുരോഗമിക്കുകയാണ്. പദ്ധതിയുടെ പുരോഗതി വിലയിരുത്തി, ഇത് വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

### മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ നടപടി

255(5210) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ താലൂക്കിൽ കയ്പമംഗലം നിയോജകമണ്ഡലത്തിൽ സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്ത നിരവധി പേർക്ക് റേഷൻ കാർഡ് ലഭിച്ചിരിക്കുന്നത് പൊതുവിഭാഗത്തിലാണെന്നതുമൂലം ആവശ്യത്തിന് റേഷൻ സാധനങ്ങളും ചികിത്സ സൗജന്യങ്ങളും ലഭിക്കാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ആളുകളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(സി) കയ്പമംഗലം നിയോജകമണ്ഡലത്തിലെ അനർഹരായ വ്യക്തികളെ മുൻഗണന വിഭാഗത്തിൽ നിന്നും മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻവേണ്ടി താലൂക്ക് സപ്ലൈ ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ 18-9-2017-ലെ സ.ഉ.(സാധാ) നമ്പർ 320/17/ഭ.പൊ.വി.വ പ്രകാരം പരിശോധിച്ച് അർഹതയുള്ള പക്ഷം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി നിലവിൽ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനുള്ള പട്ടികയിൽ ക്രമമനുസരിച്ച് ഉൾപ്പെടുത്തുന്നതും അനർഹരെ കണ്ടെത്തി ഒഴിവാക്കുന്ന മുറയ്ക്ക് ഉണ്ടാകുന്ന ഒഴിവിൽ ക്രമമനുസരിച്ച് അർഹരെ ഉൾപ്പെടുത്തുകയും ചെയ്തുവരുന്നുണ്ട്.

(സി) മോട്ടോർ വെഹിക്കിൾ വകുപ്പിൽനിന്നും നാല് ചക്രവാഹനങ്ങളുടെ വിവരങ്ങളും തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും 1000 ച.അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുകളുള്ളവരുടെ വിവരങ്ങളും ലഭ്യമാക്കി ഡേറ്റാ മാപ്പിംഗ് നടത്തിയും കഴിഞ്ഞ 3 മാസമായി റേഷൻ വാങ്ങാത്തവരുടെ കാർഡുകളിൽ ഫീൽഡ് തല പരിശോധനകൾ നടത്തിയും അനർഹരെ കണ്ടെത്തിവരുന്നു. ഇങ്ങനെ കണ്ടെത്തുന്ന അനർഹരെ പൊതു വിഭാഗത്തിലേയ്ക്ക് മാറ്റുന്ന നടപടികൾ തുടർന്നുവരുന്നു.

**ഇ-പോസ് മെഷീൻ സംവിധാനം**

256(5211) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണത്തിലെ ക്രമക്കേടും അഴിമതിയും കുറയ്ക്കുവാൻ ഇ-പോസ് മെഷീൻ സംവിധാനം ഇടയാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ ;

(ബി) ഓൺലൈൻ സംവിധാനത്തിലെ സെർവർ തകരാർ, നെറ്റ് വർക്ക് തകരാർ മുതലായ കാരണങ്ങളാൽ റേഷൻ വിതരണം പലപ്പോഴും തടസ്സപ്പെടുന്നുവെന്ന ആക്ഷേപം ഒഴിവാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) റേഷൻ കടകൾ വഴി ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഇ-പോസ് മെഷീനുകൾക്ക് തകരാർ വരുന്ന മുറയ്ക്ക് മെഷീൻ നന്നാക്കി നൽകുകയോ പകരം മെഷീൻ നൽകുകയോ ചെയ്യുന്നുണ്ട്. നെറ്റ് വർക്ക് പ്രശ്നങ്ങൾ നിലനിൽക്കുന്ന ഒറ്റപ്പെട്ട പ്രദേശങ്ങളിൽ ഇ-പോസ് മെഷീനുകൾ ശരിയായി പ്രവർത്തിക്കാത്ത സമയങ്ങളിൽ മാന്വലായി റേഷൻ വിതരണം

നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. താലൂക്ക് തലത്തിൽ സർവ്വീസ് എഞ്ചിനീയർമാരുടെ സേവനം ഉറപ്പുവരുത്തുന്നുണ്ട്.

(സി) റേഷൻകടകളിലെ ഇ-പോസ് മെഷീൻ വഴി മൈക്രോ എ.ടി.എം. സംവിധാനം ആരംഭിക്കുന്നതിനായി വിവിധ ബാങ്കുകളുടെ Expression of Interest (EoI)പരിശോധിച്ചുവരുന്നു.

**റേഷൻ കാർഡ് വിതരണത്തിലെ അപാകതകൾ**

257(5212) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻകാർഡുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ; എത്ര അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കേണ്ടതായിട്ടുണ്ട്;

(ബി) റേഷൻ കാർഡുകളുടെ വിതരണത്തിലുള്ള അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അപാകതകൾ പരിഹരിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ & ബി) റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് സംസ്ഥാനം മുഴവൻ തയ്യാറാക്കിയ റേഷൻ കാർഡുകൾ വിതരണം ചെയ്തുകഴിഞ്ഞു. ഉടമസ്ഥർ കൈപ്പറ്റാതെ അവശേഷിച്ച ഇരുപതിനായിരത്തിലധികം കാർഡുകൾ വേണ്ടത്ര അറിയിപ്പുകൾ നൽകിയശേഷം ആർ.സി.എം.എസ്.-ൽനിന്നും നീക്കം ചെയ്തുവരുന്നു.

പുതിയ റേഷൻ കാർഡ്, പേര് ചേർക്കൽ, പേര് കുറവ് ചെയ്യൽ, കാർഡ് ഒരു താലൂക്കിൽനിന്നും മറ്റൊരു താലൂക്കിലേയ്ക്ക് മാറ്റൽ, തിരുത്തലുകൾ തുടങ്ങിയ ആവശ്യങ്ങൾക്കുള്ള അപേക്ഷകൾ സ്വീകരിക്കുകയും ആയത് തീർപ്പാക്കി വിതരണം നടത്തി വരികയുംചെയ്യുന്നു. മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി സംസ്ഥാനമൊട്ടാകെ ഇതുവരെ ആകെ ലഭിച്ച 26.68 ലക്ഷം അപേക്ഷകളിൽ 78872 അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിക്കുകയും 25.19 ലക്ഷം അപേക്ഷകളിൽ (97.29%) തീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ 23.47 ലക്ഷം റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. ആകെ ലഭിച്ചതിൽ 92% അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ച് വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. അവശേഷിച്ച അപേക്ഷകളിൽ എത്രയുംവേഗം തീർപ്പ് കൽപ്പിച്ച് വിതരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം തയ്യാറാക്കിയ അന്തിമ മുൻഗണനാ പട്ടികയിൽ അനർഹർ കടന്നുകൂടിയിട്ടുണ്ടെന്ന് ധാരാളം പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് മുൻഗണനാ/

മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിന് 18-9-2017-ലെ സ.ഉ (സാധാ)നമ്പർ 320/17/ഭ.പൊ.വി.വ പ്രകാരം മാനദണ്ഡങ്ങൾ പരിഷ്കരിച്ച് സംസ്ഥാനത്ത് ആകെ ലഭിച്ച 7.66 ലക്ഷം അപേക്ഷകളിന്മേൽ റേഷൻകട കേന്ദ്രീകരിച്ച് പ്രത്യേക അദാലത്തുകൾ നടത്തി ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി പട്ടിക തയ്യാറാക്കിയിട്ടുണ്ട്.

സ്വമേധയാ സറണ്ടർ ചെയ്തതിന് പുറമേ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നേടിയ റേഷൻ കാർഡുകൾ അന്വേഷണത്തിലൂടെ മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയ ആയതിനാൽ ശുദ്ധീകരണം നടന്നുവരുന്നു. തദ്ദേശസ്വയംഭരണം, മോട്ടോർ വാഹന വകുപ്പുകളുടെ ഡേറ്റയുമായി ആർ.സി.എം.എസ്. ഡേറ്റാ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട്.

**റേഷൻ വാങ്ങാത്ത മുൻഗണനാ കാർഡുടമകൾ**

258(5213) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണന റേഷൻ കാർഡുള്ളവരിൽ എത്ര പേർ കഴിഞ്ഞ മൂന്നുമാസക്കാലമായി റേഷൻ സാധനങ്ങൾ വാങ്ങുന്നില്ലായെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ അത്തരത്തിലുള്ള എത്രപേർ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുകയും സാധനങ്ങൾ വാങ്ങാതിരിക്കുകയും ചെയ്യുന്നവരെ മുൻഗണന വിഭാഗത്തിൽനിന്നും ഒഴിവാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) അത്തരത്തിൽ ഒഴിവാക്കപ്പെടുകയാണെങ്കിൽ പ്രസ്തുത കാർഡ് ഉടമയ്ക്ക് യഥാസമയം അറിയിപ്പ് കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; കാർഡ് ഉടമയിൽ നിന്നും വിശദീകരണം തേടുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) 2019 ജനുവരി മുതൽ മാർച്ച് വരെയുള്ള 3 മാസങ്ങളിൽ റേഷൻ വാങ്ങാത്ത എ.എ.വൈ./മുൻഗണനാ വിഭാഗത്തിൽപ്പെട്ട 73216 പേരുടെ പട്ടിക പരിശോധിച്ച് പ്രസ്തുത ഉണഭോക്താക്കൾക്ക് അറിയിപ്പ് നൽകി വിശദീകരണം വാങ്ങി ടി കാർഡുകളെ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റുകയോ കാർഡ് റദ്ദ് ചെയ്യുകയോ ചെയ്യുന്നതാണ്.

തിരുവനന്തപുരം ജില്ലയിൽ ഇത്തരത്തിൽ 10524 പേർ റേഷൻ വാങ്ങുന്നില്ല.

## ഗിവ്അപ് പദ്ധതിയിലെ മുൻഗണനാ കാർഡ് ഉടമകൾ

259(5214) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ഥിരമായി റേഷൻ വാങ്ങാത്ത എത്ര മുൻഗണന റേഷൻ കാർഡ് ഉടമകളുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇങ്ങനെ റേഷൻ വാങ്ങാത്ത എത്ര പേരോട് ഗീവ്അപ് പദ്ധതിയിലൂടെ റേഷൻ ഉപേക്ഷിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2019 ജനവരി മുതൽ മാർച്ച് വരെയുള്ള 3 മാസങ്ങളിൽ മുൻഗണനാ വിഭാഗത്തിൽ (എ.എ.വൈ, പി.എച്ച്.എച്ച്.) പ്പെട്ട 73216 റേഷൻ കാർഡുടമകൾ റേഷൻ കൈപ്പറ്റിയിട്ടില്ല. ഇതുസംബന്ധിച്ച് ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | എ.എ.വൈ. | പി.എച്ച്.എച്ച്. |
|---|---|---|
| ആലപ്പുഴ | 646 | 4594 |
| എറണാകുളം | 815 | 8453 |
| ഇടുക്കി | 1527 | 3752 |
| കണ്ണൂർ | 446 | 2281 |
| കാസർഗോഡ് | 192 | 1178 |
| കൊല്ലം | 858 | 8350 |
| കോട്ടയം | 498 | 3173 |
| കോഴിക്കോട് | 470 | 3586 |
| മലപ്പുറം | 367 | 3402 |
| പാലക്കാട് | 784 | 5917 |
| പത്തനംതിട്ട | 434 | 3823 |
| തിരുവനന്തപുരം | 990 | 9534 |
| തൃശ്ശൂർ | 702 | 5118 |
| വയനാട് | 467 | 859 |
| | 9196 | 64020 |
| ആകെ | 73216 | |

(ബി) അർഹതപ്പെട്ട റേഷൻ വിഹിതം സ്വയം വേണ്ടെന്ന് വയ്ക്കുക എന്നതാണ് 'ഗീവ് അപ്' പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയിലൂടെ റേഷൻ ഉപേക്ഷിക്കാൻ ആവശ്യപ്പെട്ടിട്ടില്ല.

'ഗീവ് അപ്' പദ്ധതിയിലൂടെ റേഷൻ ഉപേക്ഷിച്ചവരുടെ ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | 'ഗീവ് അപ്' പദ്ധതിയിലൂടെ റേഷൻ ഉപേക്ഷിച്ചവരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 90 |
| 2 | കൊല്ലം | 44 |
| 3 | പത്തനംതിട്ട | 40 |
| 4 | ആലപ്പുഴ | 27 |
| 5 | കോട്ടയം | 73 |
| 6 | ഇടുക്കി | 20 |
| 7 | എറണാകുളം | 76 |
| 8 | തൃശ്ശൂർ | 70 |
| 9 | പാലക്കാട് | 58 |
| 10 | മലപ്പുറം | 23 |
| 11 | കോഴിക്കോട് | 43 |
| 12 | വയനാട് | 4 |
| 13 | കണ്ണൂർ | 37 |
| 14 | കാസർഗോഡ് | 24 |
| | ആകെ | 629 |

**അർഹരായവരെ മുൻഗണനാ കാർഡിൽപെടുത്തുന്നതിന് നടപടി**

260(5215) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി അനർഹർ മുൻഗണന റേഷൻ കാർഡിൽ കയറിപ്പറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അർഹരായവരെ മുൻഗണന കാർഡിൽ ഉൾപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. സ്വമേധയാ സറണ്ടർ ചെയ്തതിന് പുറമേ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നേടിയ റേഷൻ കാർഡുകൾ അന്വേഷണത്തിലൂടെ മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയ ആയതിനാൽ ശുദ്ധീകരണം നടന്നു വരുന്നു. തദ്ദേശസ്വയംഭരണം, മോട്ടോർ വാഹന വകുപ്പുകളുടെ ഡേറ്റയുമായി ആർ.സി.എം.എസ്. ഡേറ്റാ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട്.

ഒഴിവാക്കൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നടന്ന പരിശോധനയിൽ 371952 കുടുംബങ്ങൾ ഉൾപ്പെട്ട പട്ടികയിൽനിന്നും സീനിയോരിറ്റി അനുസരിച്ച് അനർഹരെ കണ്ടെത്തിയ ഒഴിവിലേയ്ക്ക് അർഹരെ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. നാളിതുവരെ 316960 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് കഴിഞ്ഞ മൂന്ന് മാസമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റ് എടുത്ത് ഫീൽഡ്തല പരിശോധന നടത്തി, നിലവിലെ മുൻഗണനാ പട്ടികയിൽ ഇത്തരത്തിൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങാത്ത 70000 കുടുംബങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവരെ ഒഴിവാക്കി പകരം അർഹരായവരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്ന് ലഭ്യമാക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് പട്ടികയിൽനിന്ന് ഒഴിവാക്കുന്നതിനും നടപടികൾ തുടർന്നുവരുന്നു. കൂടാതെ വസ്തുതകൾ മറച്ചുവച്ച് മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും അനർഹമായി ഉൾപ്പെട്ട കാലയളവിലെ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**കോതമംഗലം മണ്ഡലത്തിലെ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടവർ**

261(5216) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ റേഷൻ കാർഡുകളിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരായവർ എത്രപേരുണ്ടെന്നും അർഹരായ എത്രപേർ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി അപേക്ഷ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ അനർഹരായ എത്രപേരെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിയെന്നും അർഹരായ എത്രപേരെ മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തിയെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) കോതമംഗലം മണ്ഡലത്തിൽ മുൻഗണനാ വിഭാഗത്തിൽ 1464 പേരെ അനർഹരാണെന്ന് കണ്ടെത്തി മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. നിലവിലുള്ള 1788 പേരുള്ള മുൻഗണനാ പട്ടികയിൽനിന്നും 966 പേരെ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

## ഇ-പോസ് സംവിധാനത്തിന്റെ ന്യൂനതകൾ

262(5217) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടകളിൽ ഇ-പോസ് സംവിധാനം ഏർപ്പെടുത്തിയത് പൊതുവിൽ ഗുണകരമാണെങ്കിലും വൃദ്ധരായ അംഗങ്ങൾ മാത്രമുള്ള കുടുംബങ്ങൾക്ക് ഇതിലൂടെ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റേഷൻകടകളിൽ നേരിട്ട് ഹാജരായി റേഷൻ വാങ്ങാൻ സാധിക്കാത്തതിനാൽ ഇവർക്ക് അർഹമായ റേഷൻ നഷ്ടപ്പെടുന്നത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(സി) ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. നേരിട്ട് റേഷൻ കടയിൽ പോകാൻ സാധിക്കാത്ത വൃദ്ധരും കിടപ്പിലായതും രോഗികളായവരുമായ കാർഡുടമകൾക്ക് പകരക്കാരെ (പ്രോക്സി) നിശ്ചയിക്കുന്നതിനും അർഹമായ റേഷൻ നഷ്ടപ്പെടുന്നത് പരിഹരിക്കുന്നതിനും സാധിക്കും. പ്രോക്സി ആയി നിയമിക്കുന്ന ആൾ അതേ റേഷൻ കടയിലെ കാർഡംഗം ആയിരിക്കണം. ഇതിനായി ടിയാളുടെ പേര്, ആധാർ, മൊബൈൽ നമ്പർ എന്നീ വിവരങ്ങൾ സഹിതം താലൂക്ക് സപ്ലൈ ഓഫീസർക്ക് അപേക്ഷ നൽകിയാൽ മതിയാകും. നാളിതുവരെ 26536 പേരെ പ്രോക്സി സംവിധാനം മുഖേന ഉൾപ്പെടുത്തിയിട്ടുണ്ട്.

## റേഷൻ വിതരണത്തിനായി പദ്ധതികൾ

263(5218) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റേഷൻ വിതരണത്തിനായി എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പിലാക്കി എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റേഷൻ സാധനങ്ങൾ പൊതുജനങ്ങൾക്ക് കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം ആരംഭിച്ചു.

2. റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഉപഭോക്താവിനുതന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കുന്നു. 97% കാർഡുടമകൾ ബയോമെട്രിക് സംവിധാനം ഉപയോഗിച്ച് റേഷൻ വാങ്ങുന്നുണ്ട്.

3. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും.

4. ഇടനിലക്കാരെ പൂർണ്ണമായി ഒഴിവാക്കി വാതിൽപ്പടി വിതരണം നിലവിൽ വന്നതോടെ ഈ രംഗത്തെ അഴിമതി പരമാവധി കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. വാതിൽപ്പടി വിതരണം നിരീക്ഷിക്കുന്നതിന് സപ്ലൈ ചെയിൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ ഉപയോഗിച്ചുവരുന്നു.

5. ഉപഭോക്താക്കൾക്ക് റേഷൻ വിഹിതം സംബന്ധിച്ച് എസ്.എം.എസ്. സന്ദേശം നൽകിവരുന്നു.

6. മൊബൈൽ ആപ്പ് വഴി റേഷൻ കാർഡ് വിവരങ്ങളും റേഷൻ സാധനങ്ങളുടെ വിവരങ്ങളും ലഭ്യമാക്കുന്നു.

7. ഡിജിലോക്കർ സംവിധാനത്തിൽ റേഷൻ കാർഡുകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

8. പരാതികൾ പരിഹരിക്കുന്നതിനായി സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിച്ചു.

9. സംസ്ഥാനത്തെ ഏത് റേഷൻ കടയിൽനിന്നും സാധനം വാങ്ങുന്നതിനായി പോർട്ടബിലിറ്റി സംവിധാനം ഏർപ്പെടുത്തി.

10. നേരിട്ടുപോയി റേഷൻ വാങ്ങാൻ കഴിയാത്തവർക്ക് പ്രോക്സി സംവിധാനം നിലവിലുണ്ട്.

കൂടാതെ റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം 10 കാർഡുകളെങ്കിലും പരിശോധിച്ച് പരിശോധനയുടെ അടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോ എന്നും റേഷൻ വ്യാപാരി കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോ എന്നും ഉറപ്പ് വരുത്തുന്നതിനും വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ന്റെ സെക്ഷൻ (29) പ്രകാരം പൊതുവിതരണ രംഗത്തെ കൃത്യതയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാന, ജില്ലാ, ബ്ലോക്ക്, റേഷൻ കട തല വിജിലൻസ് കമ്മിറ്റികൾ 17-8-2018-ലെ സ.ഉ.(സാധാ)നമ്പർ 417/2018/ഭ.സി.സ.വ, 418/2018/ ഭ.സി.സ.വ., 419/2018/ഭ.സി.സ.വ, 420/2018/ഭ.സി.സ.വ. എന്നിവ പ്രകാരം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

റേഷൻ പരമാവധി അർഹരിൽത്തന്നെ എത്തുന്നതിന് മേൽപ്പറഞ്ഞ സംവിധാനങ്ങൾ സഹായകമാകും.

**റേഷൻ കട ഉടമകൾക്കുള്ള പ്രളയാനന്തര സഹായങ്ങൾ**

264(5219) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയകാലത്ത് വെള്ളം കയറിയ റേഷൻ കടകളിലെ സാധനങ്ങൾ മറ്റൊരു സുരക്ഷിത കേന്ദ്രത്തിലേയ്ക്ക് മാറ്റി റേഷൻ വിതരണം നടത്തിയതിന് അധികമായി വന്ന ചെലവ് കടയുടമകൾക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) വൈക്കം താലൂക്കിലെ കല്ലറ പഞ്ചായത്തിൽ മാവേലി സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്ന കാര്യത്തിലെ നടപടിക്രമങ്ങൾ നീണ്ടുപോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) 24-8-2018-ലെ സ.ഉ.(സാധാ)നം. 436/18/ഭ.പൊ.വിവ. പ്രകാരം പൊതുവിതരണ കേന്ദ്രങ്ങൾ (റേഷൻ കടകൾ) പ്രവർത്തിപ്പിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന പ്രളയബാധിത പ്രദേശത്താണ് റേഷൻ കടകൾ

പ്രവർത്തിക്കുന്നതെങ്കിൽ, വെള്ളം കയറാത്ത ഉയർന്ന സ്ഥലങ്ങളിലുള്ള പൊതു സ്ഥാപനങ്ങളോ, സ്വകാര്യ കെട്ടിടങ്ങളോ സൗകര്യപ്പെടുത്തി അവിടെനിന്നും റേഷൻ വിതരണം നടത്തുന്നതിനുള്ള ഏർപ്പാടുകൾ ക്രമീകരിക്കുന്നതിന് ജില്ലാ കളക്ടർമാരുടെ സഹായത്തോടെ ജില്ലാ സപ്ലൈ ഓഫീസർമാർ/താലൂക്ക് സപ്ലൈ ഓഫീസർമാർ എന്നിവർക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രളയകാലത്ത് വെള്ളം കയറിയ റേഷൻ കടകളിലെ ഉപയോഗയോഗ്യമായ സാധനങ്ങൾ സുരക്ഷിത കേന്ദ്രങ്ങളിലേയ്ക്ക് മാറ്റുക, ഉപയോഗശൂന്യമായവ മറവ് ചെയ്യുക എന്നിവയ്ക്കും റേഷൻ കടകൾ ശുചീകരിച്ച് പ്രവർത്തനം പുനരാരംഭിക്കുന്നതിനുമായി 90,00,000 രൂപയും ഉപയോഗശൂന്യമായ റേഷൻ സാധനങ്ങളുടെയും ഉപകരണങ്ങളുടെയും (ഇ-പോസ്, ഇലക്ട്രോണിക് ത്രാസ്) നഷ്ടം വന്നതിലൂടെ 1.24 കോടി രൂപയും അങ്ങനെ ആകെ 2.14 കോടി രൂപ ചെലവ് വന്നിട്ടുണ്ട്. പ്രസ്തുത തുക ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്നത് സംബന്ധിച്ച ശിപാർശ റവന്യൂ വകുപ്പിൽ നൽകിയെങ്കിലും തീരുമാനമായിട്ടില്ല.

ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് റേഷൻ സാധനങ്ങൾ നൽകിയതിൽ ചെലവായ 64.82 ലക്ഷം രൂപ സംസ്ഥാന ദുരിതാശ്വാസ നിധിയിൽനിന്നും ലഭ്യമായിട്ടുണ്ട്.

(സി) 10-6-2019-ലെ എം5-15661/12 നമ്പർ കത്ത് പ്രകാരം വൈക്കം താലൂക്കിലെ കല്ലറ മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റ് ആക്കുന്നതിനായി കണ്ടെത്തിയ 2000 ച.അടി കെട്ടിടം ച.അടിക്ക് 16 രൂപ നിരക്കൽ 15 വർഷത്തേയ്ക്ക് ഓരോ മൂന്നുവർഷം കൂടുമ്പോഴും 15% വാടക വർദ്ധനവ് എന്ന നിരക്കിൽ ദീർഘകാല വ്യവസ്ഥയിൽ ഏറ്റെടുക്കുന്നതിനും മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്. നിർദ്ദിഷ്ട കെട്ടിടത്തിൽ സൂപ്പർ മാർക്കറ്റിനുവേണ്ട ഫർണിഷിംഗ് മറ്റ് അനുബന്ധ ജോലികളും താമസംവിനാ പൂർത്തിയാക്കി സൂപ്പർ മാർക്കറ്റ് തുറക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

### നാശനഷ്ടങ്ങൾ നേരിട്ട റേഷൻ കടകൾക്ക് നഷ്ടപരിഹാരം

265(5220) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ നാശനഷ്ടങ്ങൾ ഉണ്ടായ എല്ലാ റേഷൻ കടകൾക്കും നഷ്ടപരിഹാരം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം റേഷൻ കടകൾക്കാണ് നഷ്ടപരിഹാരം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) 24-8-2018-ലെ സ.ഉ.(സാധാ)നമ്പർ 436/18/ഭ.പൊ.വി.വ. പ്രകാരം പൊതുവിതരണ കേന്ദ്രങ്ങൾ (റേഷൻ കടകൾ) പ്രവർത്തിപ്പിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന പ്രളയബാധിത പ്രദേശത്താണ് റേഷൻ കടകൾ പ്രവർത്തിക്കുന്നതെങ്കിൽ, വെള്ളം കയറാത്ത ഉയർന്ന സ്ഥലങ്ങളിലുള്ള പൊതു സ്ഥാപനങ്ങളോ, സ്വകാര്യ കെട്ടിടങ്ങളോ സൗകര്യപ്പെടുത്തി അവിടെനിന്നും റേഷൻ വിതരണം നടത്തുന്നതിനുള്ള ഏർപ്പാടുകൾ ക്രമീകരിക്കുന്നതിന് ജില്ലാ കളക്ടർമാരുടെ സഹായത്തോടെ ജില്ലാ സപ്ലൈ ഓഫീസർമാർ/താലൂക്ക് സപ്ലൈ ഓഫീസർമാർ എന്നിവർക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രളയകാലത്ത് വെള്ളം കയറിയ റേഷൻ കടകളിലെ ഉപയോഗയോഗ്യമായ സാധനങ്ങൾ സുരക്ഷിത കേന്ദ്രങ്ങളിലേയ്ക്ക് മാറ്റുക, ഉപയോഗശൂന്യമായവ മറവ് ചെയ്യുക എന്നിവയ്ക്കും റേഷൻ കടകൾ ശുചീകരിച്ച് പ്രവർത്തനം പുനരാരംഭിക്കുന്നതിനുമായി 90,00,000 രൂപയും ഉപയോഗശൂന്യമായ റേഷൻ സാധനങ്ങളുടെയും ഉപകരണങ്ങളുടെയും (ഇ-പോസ്, ഇലക്ട്രോണിക് ത്രാസ്) നഷ്ടം വന്നതിലൂടെ 1.24 കോടി രൂപയും അങ്ങനെ ആകെ 2.14 കോടി രൂപ ചെലവ് വന്നിട്ടുണ്ട്. പ്രസ്തുത തുക ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്നത് സംബന്ധിച്ച ശിപാർശ റവന്യൂ വകുപ്പിൽ നൽകിയെങ്കിലും തീരുമാനമായിട്ടില്ല.

ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് റേഷൻ സാധനങ്ങൾ നൽകിയതിൽ ചെലവായ 64.82 ലക്ഷം രൂപ സംസ്ഥാന ദുരിതാശ്വാസ നിധിയിൽനിന്നും ലഭ്യമായിട്ടുണ്ട്.

ചെങ്ങന്നൂർ താലൂക്കിൽ പ്രളയത്തിൽ നഷ്ടം സംഭവിച്ച റേഷൻ കടകൾ താഴെ ചേർക്കുന്നു.

1, 6, 9, 10, 11, 12, 13, 14, 17, 19, 21, 25, 27, 32, 34, 36, 37, 46, 54, 55, 65, 66, 68, 95, 96, 97, 98, 99, 100, 101, 102, 103, 104, 105, 110, 114, 119, 120, 121, 122, 124, 125, 126, 130, 133, 135, 138, 142, 150, 151.

മാവേലിക്കര താലൂക്കിൽ പ്രളയം മൂലം നഷ്ടം സംഭവിച്ച കടകൾ താഴെ പറയുന്നവയാണ്.

31, 44.

## റേഷൻ സാധനങ്ങളുടെ ഗുണനിലവാരം

266(5221) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച് ഉപഭോക്താക്കളെ അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച വിശദാംശം അറിയിക്കുമോ?

ഉത്തരം

സംസ്ഥാനത്ത് റേഷൻകട വഴി വിതരണം ചെയ്യുന്നതിനായി എഫ്.സി.ഐ.-യിൽനിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധന എഫ്.സി.ഐ. അധികൃതർ ഉറപ്പ് വരുത്തി ആയതിന്റെ സാമ്പിൾ പായ്ക്കറ്റ് സഹിതമാണ് എൻ.എഫ്.എസ്.എ. ഗോഡൗണുകളിലേയ്ക്കും അവിടെനിന്നും റേഷൻ കടകളിലേയ്ക്കും ലഭ്യമാക്കുന്നത്. സാമ്പിൾ പായ്ക്കറ്റിൽ ഉള്ള ഭക്ഷ്യധാന്യങ്ങൾ തന്നെയാണ് ലഭ്യമാകുന്നതെന്ന് എൻ.എഫ്.എസ്.എ. ഗോഡൗണുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ ടി സാമ്പിൾ പായ്ക്കറ്റുകൾ റേഷൻ കടകളിൽ ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## സബ്സിഡി വിഭാഗങ്ങൾക്ക് അനുവദിച്ച റേഷൻ

267(5222) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അന്നപൂർണ മുൻഗണന വിഭാഗക്കാരുടെ റേഷൻ ഭക്ഷ്യവകുപ്പ് കൂടുതൽ വിലയ്ക്ക് സബ്സിഡി ഇതരവിഭാഗങ്ങൾക്ക് കഴിഞ്ഞ നാല് മാസമായി വിറ്റുവരുന്നതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ബി) അതിദരിദ്രരായ 5,95,000 കുടുംബങ്ങൾക്കാണോ 35 കിലോ ഭക്ഷ്യധാന്യം നൽകേണ്ടത് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എന്നാൽ 5,88,559 കുടുംബങ്ങൾക്ക് മാത്രമാണ് നിലവിൽ 35 കിലോ ഭക്ഷ്യധാന്യം നൽകുന്നുള്ളൂ എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ശേഷിക്കുന്ന ഏഴായിരത്തോളം കുടുംബങ്ങൾക്ക് ലഭിക്കേണ്ട 2.45 ലക്ഷം കിലോ ധാന്യമുൾപ്പെടെ 15.56 ലക്ഷം പേരുടെ ഭക്ഷ്യധാന്യം മറിച്ചു വിൽക്കുന്നതായ റിപ്പോർട്ടുകൾ അടിയന്തരമായി പരിശോധിക്കുമോ;

(ഡി) കുറ്റക്കാർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ അന്നപൂർണ്ണ മുൻഗണനാ വിഭാഗക്കാരുടെ റേഷൻ ഭക്ഷ്യ വകുപ്പ് കൂടുതൽ വിലയ്ക്ക് സബ്സിഡി ഇതരവിഭാഗങ്ങൾക്ക് കഴിഞ്ഞ നാല് മാസമായി വിറ്റുവരുന്നതായ റിപ്പോർട്ടുകൾ വസ്തുതാവിരുദ്ധമാണ്. അന്നപൂർണ്ണ, മുൻഗണനാ വിഭാഗങ്ങൾക്കുള്ള റേഷൻ വിഹിതം മറ്റ് സ്കീമുകളിലേയ്ക്ക് വകമാറ്റാൻ കഴിയില്ല.

(ബി) എ.എ.വൈ. വിഭാഗത്തിലെ ഓരോ കുടുംബങ്ങൾക്കും 35Kg. ഭക്ഷ്യധാന്യം ലഭിക്കുന്നതാണ്. ഭക്ഷ്യ ഭദ്രതാ നിയമം പ്രകാരം 595800 കുടുംബങ്ങളെ സംസ്ഥാനത്തിന് എ.എ.വൈ. വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണത്തിന്റെ ഭാഗമായി ഫീൽഡ് തല പരിശോധനകൾ നടത്തി അനർഹരെ പ്രസ്തുത പട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ഒഴിവിലേയ്ക്ക് അർഹരെ ഉൾപ്പെടുത്തുന്ന നടപടി സ്വീകരിച്ചുവരുന്നു.

(സി&ഡി) മുൻഗണനാ വിഭാഗത്തിൽ വന്നിട്ടുള്ള ഒഴിവുകൾക്കനുസൃതമായി അധികം വരുന്ന ഭക്ഷ്യധാന്യം നീക്കിയിരുപ്പായി അവശേഷിക്കുന്നുണ്ട്. അത് മറിച്ചുവിൽക്കുന്നു എന്ന രീതിയിലുള്ള റിപ്പോർട്ടുകൾ വസ്തുതാവിരുദ്ധമാണ്.

## മരിച്ചവരുടെ പേരിലുള്ള റേഷൻ വിഹിതം

268(5223) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡിൽ പേരുള്ള അരലക്ഷത്തോളം മരിച്ചവരുടെ പേരിലുള്ള റേഷൻ വിഹിതം 2014 മുതൽ നിർബാധം വാങ്ങുന്നതായ സാഹചര്യം ഭക്ഷ്യവകുപ്പ് കണ്ടെത്തിയോ;

(ബി) എങ്കിൽ ഇത് ന്യായവില വിതരണ സമ്പ്രദായത്തിന്റെ സമ്പൂർണ്ണ ദുരുപയോഗമാണെന്ന് കരുതുന്നുണ്ടോ;

(സി) റേഷൻ വാങ്ങാത്ത അനർഹർ മുൻഗണന പട്ടികയിൽ തുടരുന്നതും മരിച്ചവരുടെ പേരിൽ റേഷൻ വാങ്ങുന്നതും അവസാനിപ്പിക്കാൻ ഭക്ഷ്യവകുപ്പ് എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ & ബി) 2014 മുതൽ 2018 വരെ റേഷൻ കാർഡിൽ പേരുണ്ടായിരുന്ന മരിച്ചവരുടെ പട്ടിക പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2019 ജനുവരി മുതൽ മാർച്ച് വരെയുള്ള 3 മാസങ്ങളിൽ മുൻഗണനാ വിഭാഗത്തിൽപ്പെട്ട (എ.എ.വൈ., പി.എച്ച്.എച്ച്.) 73216 റേഷൻ കാർഡുടമകൾ റേഷൻ കൈപ്പറ്റിയിട്ടില്ല. പ്രസ്തുത ഗുണഭോക്താക്കൾക്ക് അറിയിപ്പ് നൽകി വിശദീകരണം വാങ്ങി ടി കാർഡുകളെ പൊതു വിഭാഗത്തിലേയ്ക്ക് മാറ്റുകയോ കാർഡ് റദ്ദ് ചെയ്യുകയോ ചെയ്യുന്നതാണ്. കൂടാതെ വസ്തുതകൾ മറച്ചുവച്ച് മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും അനർഹമായി ഉൾപ്പെട്ട കാലയളവിലെ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## ആശുപത്രികൾക്കും അഭയ കേന്ദ്രങ്ങൾക്കുമുള്ള റേഷൻ

269(5224) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക വെല്ലുവിളി നേരിടുന്നവർക്കായുള്ള ആശുപത്രികൾക്കും അഭയ കേന്ദ്രങ്ങൾക്കുമുള്ള സൗജന്യ നിരക്കിലുള്ള റേഷൻ നിർത്തലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത നടപടി പുനഃപരിശോധനക്ക് വിധേയമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ, സർക്കാർ ധർമ്മസ്ഥാപനങ്ങൾ, മാനസിക രോഗാശുപത്രികൾ, ത്വക്ക് രോഗ ചികിത്സാ കേന്ദ്രങ്ങൾ മുതലായവയ്ക്ക് എസ്റ്റാബ്ലിഷ്മെന്റ്/എ.പി.എൽ. പെർമിറ്റുകൾ പ്രകാരം നല്കിയിരുന്ന ഭക്ഷ്യധാന്യം 01/2019 മുതൽ നിർത്തിവച്ചിരുന്നു. ഇത്തരം പെർമിറ്റുകൾക്ക് മുൻഗണനേതര വിഭാഗത്തിനുള്ള ടൈഡ് ഓവർ വിഹിതത്തിൽനിന്നും വകമാറ്റിയാണ് ഭക്ഷ്യധാന്യ വിതരണം നടത്തിയിരുന്നത്. എന്നാൽ പ്രസ്തുത വിഹിതം അപര്യാപ്തമായതിനാൽ ഈ പെർമിറ്റ് താല്ക്കാലികമായി പുതുക്കിനല്കിയിരുന്നില്ല. എന്നാൽ ഇത്തരം സ്ഥാപനങ്ങളെക്കൂടി സംസ്ഥാനത്തെ ക്ഷേമ സ്ഥാപനങ്ങളായ അഗതി മന്ദിരങ്ങൾ, വൃദ്ധ സദനങ്ങൾ എന്നിവയ്ക്കും എസ്.സി./എസ്.റ്റി./ഒ.ബി.സി. ഹോസ്റ്റലുകൾ എന്നിവയ്ക്കും ഭക്ഷ്യധാന്യങ്ങൾ നല്കുന്ന കേന്ദ്ര സർക്കാരിന്റെ പരിഷ്കരിച്ച പദ്ധതിയിൽ ഉൾപ്പെടുത്തി വെൽഫെയർ പെർമിറ്റുപ്രകാരം ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കാൻ കഴിയുമോ എന്ന കാര്യം സജീവമായി പരിഗണിച്ചുവരുന്നു. സാമൂഹ്യ നീതി വകുപ്പിന്റെ ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്ത് സാക്ഷ്യപത്രം ഹാജരാക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും നിലവിൽ വെൽഫെയർ പെർമിറ്റ് അനുവദിച്ച് നല്കിയും ആയതിൻ പ്രകാരം ഭക്ഷ്യധാന്യം വിതരണം നടത്തുകയും ചെയ്യുന്നുണ്ട്.

## പ്രൈസ് മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം

270(5225) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിപണിയിലെ വില നിലവാരം നിയന്ത്രിക്കുന്നതിനായി രൂപീകരിച്ച പ്രൈസ് മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സെല്ലിൽ ഘടനാപരമായ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) രൂപീകൃതമായതിനു ശേഷം പ്രസ്തുത സെൽ എത്ര തവണ യോഗം ചേർന്നിട്ടുണ്ടെന്നും പ്രധാനപ്പെട്ട യോഗ തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോയെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറി ചെയർമാനായും സിവിൽ സപ്ലൈസ് ഡയറക്ടർ കൺവീനറായും പ്രവർത്തിച്ചുവരുന്ന പ്രൈസ് മോണിറ്ററിംഗ് സെല്ലിന്റെ യോഗം കാലാകാലങ്ങളിൽ ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തി വിലക്കയറ്റം തടയാൻ സർക്കാർ ഏജൻസികളും വകുപ്പുകളും നടത്തുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും പൊതുവിപണിയിലെ അവശ്യ ഭക്ഷ്യ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ വിലക്കയറ്റം തടയാനുള്ള ഉചിതമായ നിർദ്ദേശങ്ങൾ നൽകുക വഴി കരിഞ്ചന്ത, പൂഴ്ത്തിവെയ്പ് എന്നിവ തടയാനും സാധിച്ചിട്ടുണ്ട്.

(ബി) തൽക്കാലം പരിഗണനയിലില്ല.

(സി) പ്രൈസ് മോണിറ്ററിംഗ് സെൽ പ്രവർത്തനം ആരംഭിച്ചതിനുശേഷം 8 തവണ യോഗം ചേർന്ന് അവശ്യസാധനങ്ങളുടെ പൊതു വിപണിയിലെ വിലനിലവാരം നിരീക്ഷിക്കുകയും വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്കും ഏജൻസികൾക്കും (കേരഫെഡ്, ഹോർട്ടികോർപ്പ്) നിർദ്ദേശം നൽകിയിട്ടുമുണ്ട്. വിപണിയിൽ വില വർദ്ധനവ് ഉണ്ടാകാനിടയുള്ള സാഹചര്യം കണക്കിലെടുത്ത് സാധനങ്ങൾക്ക് അധികവില ഈടാക്കുന്നുണ്ടോ എന്ന് പരിശോധിക്കാനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് നടപടി

271(5226) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിപണിയിലെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന എന്തെല്ലാം രീതിയിലാണ് വിപണിയിടപെടൽ നടത്തുന്നതെന്ന് വിശദമാക്കാമോ;

(ബി) എന്തെല്ലാം സാധനങ്ങളാണ് വിപണിയിലിടപെട്ടുകൊണ്ട് സബ്സിഡി നിരക്കിൽ സിവിൽ സപ്ലൈസ് വില്പനശാലകൾ വഴി ലഭ്യമാക്കുന്നത്;

(സി) ഓരോ സാധനവും ഗുണഭോക്താക്കൾക്ക് എന്തുമാത്രം അളവിൽ ലഭിക്കുമെന്ന് വിശദമാക്കാമോ;

(ഡി) ഈ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്ത് സംവിധാനമാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാരിന്റെ പ്രഖ്യാപിത നയത്തിന്റെ ഭാഗമായി 14 ഇനം സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. സബ്സിഡി നിരക്കിൽ ഈ അവശ്യ സാധനങ്ങൾ ശരാശരി ഇരുപത് മുതൽ അൻപത് ശതമാനം വരെ വിലക്കുറവിലും 36 ഇനം നിത്യോപയോഗ സാധനങ്ങൾ ഫ്രീസെയിൽ സബ്സിഡി നിരക്കിലും ശബരി/FMCG (Fast moving consumer goods) സാധനങ്ങൾ പൊതുവിപണിയിലേതിനേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിലും പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഉപഭോക്താക്കളുടെ സൗകര്യാർത്ഥം കൂടുതൽ വിൽപ്പനശാലകൾ ആരംഭിക്കുകയും നിലവിലുള്ളവ നവീകരിച്ച് ഉപഭോക്തൃ സൗഹൃദ സ്ഥാപനങ്ങളാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ടെണ്ടർ, ഇ-ലേലം മുതലായ സുതാര്യമായ പർച്ചേസ് രീതികൾക്ക് പുറമേ, നാഫെഡ് മുതലായ കേന്ദ്ര സർക്കാർ ഏജൻസികളിൽനിന്നും ഭക്ഷ്യ സാധനങ്ങൾ സംഭരിക്കുന്നു. സബ്സിഡി സാധനങ്ങളുടെ ദുരുപയോഗം പൂർണ്ണമായി തടയുന്നതിനായി ഓൺലൈൻ സംവിധാനം ഉപയോഗിച്ചുള്ള ബില്ലിംഗ് ഏർപ്പെടുത്തുകയും വിപണന മേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഹോം അപ്ലയൻസസ് കച്ചവടവും കുപ്പിവെള്ള വിൽപ്പനയും ആരംഭിച്ചിട്ടുണ്ട്.

(ബി & സി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ഡി) സപ്ലൈകോ ഡിപ്പോകളിലെയും NFSA ഗോഡൗണുകളിലേയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റികൾ ഡിപ്പോകളിൽ ലഭിക്കുന്ന സബ്സിഡി സാധനങ്ങൾ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിയമ പ്രകാരമാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള പരിശോധന നടത്തിയതിനുശേ ഷമാണ് സാധനങ്ങൾ സ്വീകരിക്കുന്നത്. വിതരണത്തിനുമുൻപ് NABL ലാബുകളിൽ (നാഷണൽ അക്രിഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറി) സാധനങ്ങളുടെ പരിശോധന നടത്തുന്നതിനു പുറമേ, സപ്ലൈകോയുടെ ക്വാളിറ്റി വിഭാഗം സാധനങ്ങൾ കോന്നിയിലെ CFRD (Council for Food Research & Development) ലാബിൽ ഗുണനിലവാര പരിശോധന നടത്തി ഭക്ഷ്യയോഗ്യമാണോ എന്ന് ഉറപ്പ് വരുത്താറുണ്ട്. കോർപ്പറേഷൻ വിൽക്കുന്ന പായ്ക്കറ്റ് വസ്തുക്കൾക്ക് ISO22000/ HACCP (Hazard Analysis and Critical Control Point)/ FSSAI (Food Safety Standard Authority of India)/ AGMARK ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് നടപടി

272(5227) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിനായി സിവിൽ സപ്ലൈസ് വിതരണ കേന്ദ്രങ്ങളിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകുമോ?

ഉത്തരം

സർക്കാരിന്റെ പ്രഖ്യാപിത നയത്തിന്റെ ഭാഗമായി 14 ഇനം സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. സബ്സിഡി നിരക്കിൽ ഈ അവശ്യ സാധനങ്ങൾ ശരാശരി ഇരുപത് മുതൽ അൻപത് ശതമാനം വരെ വിലക്കുറവിലും 36 ഇനം നിത്യോപയോഗ സാധനങ്ങൾ ഫ്രീസെയിൽ സബ്സിഡി നിരക്കിലും ശബരി/FMCG (Fast moving consumer goods) സാധനങ്ങൾ പൊതുവിപണി യിലേതിനേക്കാൾ 5 മുതൽ 30 ശതമാനം വരെ വിലക്കുറവിലും പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഉപഭോക്താക്കളുടെ സൗകര്യാർത്ഥം കൂടുതൽ വിൽപ്പനശാലകൾ ആരംഭിക്കുകയും നിലവിലുള്ളവ നവീകരിച്ച് ഉപഭോക്തൃ സൗഹൃദ സ്ഥാപനങ്ങളാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ടെണ്ടർ, ഇ-ലേലം മുതലായ സുതാര്യമായ പർച്ചേസ് രീതികൾക്ക് പുറമേ, നാഫെഡ് മുതലായ കേന്ദ്ര സർക്കാർ ഏജൻസികളിൽനിന്നും ഭക്ഷ്യ സാധനങ്ങൾ സംഭരിക്കുന്നു. സബ്സിഡി സാധനങ്ങളുടെ ദുരുപയോഗം പൂർണ്ണമായി തടയുന്നതിനായി ഓൺലൈൻ സംവിധാനം ഉപയോഗിച്ചുള്ള ബില്ലിംഗ് ഏർപ്പെടുത്തുകയും വിപണന മേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഹോം അപ്ലയൻസസിന്റെയും കുപ്പിവെള്ളത്തിന്റെയും വിൽപ്പന ആരംഭിച്ചിട്ടുണ്ട്.

## ശബരി ബ്രാന്റ് ഉത്പന്നങ്ങളുടെ ഗുണനിലവാരം

273(5228) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരി ബ്രാന്റ് ഉല്പന്നങ്ങൾ സിവിൽ സപ്ലൈസ് വകുപ്പ് നേരിട്ട് ഉത്പാദിപ്പിക്കുന്നവയാണോ എന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ഉത്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും ഇവയെക്കുറിച്ച് പൊതുജനങ്ങൾക്ക് അറിവ് നൽകുന്നതിനുമായി നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ശബരി ബ്രാൻഡിൽ വിൽക്കുന്ന ഉൽപ്പന്നങ്ങളിൽ തേയില മാത്രം സപ്ലൈകോ നേരിട്ട് വാങ്ങുന്നു. ഇത് സപ്ലൈകോയുടെ ഗോഡൗണിലുള്ള ബ്ലെൻഡിങ് യൂണിറ്റിൽ ബ്ലെൻഡ് ചെയ്ത് സപ്ലൈകോ തന്നെ പായ്ക്ക് ചെയ്ത് സപ്ലൈകോയുടെ വിൽപ്പനശാലകളിലൂടെയും സ്വകാര്യ വിതരണക്കാരിലൂടെയും വിൽപ്പന നടത്തിവരുന്നു. എന്നാൽ മറ്റ് ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങളായ കാപ്പി, അരിപ്പൊടി, ഉപ്പ്, സോപ്പ്, ഏലം, വെളിച്ചെണ്ണ, കറിപൗഡർ, മസാല പൗഡർ, പുളി, കായം, നോട്ട് ബുക്ക് എന്നിവ ടെൻഡർ മുഖാന്തരം തെരഞ്ഞെടുത്ത വിതരണക്കാരിൽനിന്നും വാങ്ങി സപ്ലൈകോയുടെ വിൽപ്പന ശാലകളിലൂടെ വിൽക്കുന്നു.

(ബി & സി) ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി കരാറുകാരുടെ ഉൽപ്പാദന കേന്ദ്രങ്ങളിൽ ഗുണനിലവാര പരിശോധന നടത്തുന്നു. ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന് മുൻപായി NABL (National Accreditation Board for Testing and Calibration Laboratories) അംഗീകാരമുള്ള ലബോറട്ടറികളിൽ എല്ലാ മാസവും ഗുണനിലവാര പരിശോധന നടത്തുകയും സാധനങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് കോന്നിയിലുള്ള CFRD ലാബിൽ പരിശോധിക്കുകയും ചെയ്യുന്നുണ്ട്. നിലവാരം പൊതുജനങ്ങളെ അറിയിക്കുന്നതിനായി FSSAI/ISO/AGMARK തുടങ്ങിയ ഗവൺമെന്റ് അംഗീകൃത ഗുണനിലവാര മാനദണ്ഡങ്ങളുടെ വിവരങ്ങൾ പായ്ക്കറ്റുകളിൽ മുദ്രണം ചെയ്തിട്ടുണ്ട്.

**സപ്ലൈകോ വില്പനശാലകൾ നവീകരിക്കുന്നതിന് നടപടി**

274(5229) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലയിലുണ്ടായിട്ടുള്ള അഭൂതപൂർവ്വമായ വർദ്ധനവ് സാധാരണക്കാരുടെ ജീവിതം ദുസ്സഹമാക്കിയെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിനും വിപണിയിൽ ഇടപെടുന്നതിനും സപ്ലൈകോ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; അത് ഫലപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(സി) സപ്ലൈകോയുടെ വില്പന ശാലകൾ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) വില്പന ശാലകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ വില്പന ശാലകൾ തുറക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

ഉത്തരം

(എ) നിത്യോപയോഗ സാധനങ്ങളിൽ ചിലതിന് നേരിയ വില വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും കാര്യക്ഷമമായ വിപണിയിടപെടലിലൂടെ വില നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) സർക്കാരിന്റെ പ്രഖ്യാപിത നയത്തിന്റെ ഭാഗമായി 14 ഇനം സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. സബ്സിഡി നിരക്കിൽ ഈ അവശ്യ സാധനങ്ങൾ ശരാശരി ഇരുപത് മുതൽ അൻപത് ശതമാനം വരെ വിലക്കുറവിലും 36 ഇനം നിത്യോപയോഗ സാധനങ്ങൾ ഫ്രീസെയിൽ സബ്സിഡി നിരക്കിലും ശബരി/FMCG (Fast moving consumer goods) സാധനങ്ങൾ പൊതുവിപണിയിലേതിനേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിലും പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഉപഭോക്താക്കളുടെ സൗകര്യാർത്ഥം കൂടുതൽ വിൽപ്പനശാലകൾ ആരംഭിക്കുകയും നിലവിലുള്ളവ നവീകരിച്ച് ഉപഭോക്തൃ സൗഹൃദ സ്ഥാപനങ്ങളാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ടെണ്ടർ, ഇ-ലേലം മുതലായ സുതാര്യമായ പർച്ചേസ് രീതികൾക്ക് പുറമേ, നാഫെഡ് മുതലായ കേന്ദ്ര സർക്കാർ ഏജൻസികളിൽനിന്നും ഭക്ഷ്യ സാധനങ്ങൾ സംഭരിക്കുന്നു. സബ്സിഡി സാധനങ്ങളുടെ ദുരുപയോഗം പൂർണ്ണമായും തടയുന്നതിനായി ഓൺലൈൻ സംവിധാനം ഉപയോഗിച്ചുള്ള ബില്ലിംഗ് ഏർപ്പെടുത്തുകയും വിപണന മേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഹോം അപ്ലയൻസസ് കച്ചവടവും കുപ്പിവെള്ള വിൽപ്പനയും ആരംഭിച്ചിട്ടുണ്ട്. വിപണിയിടപെടലിനായി സപ്ലൈകോ സ്വീകരിച്ചിട്ടുള്ള നടപടികൾ വിലവർദ്ധനവ് തടയുന്നതിന് നല്ല നിലയിൽ സഹായിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) നിലവിലെ മാവേലി സ്റ്റോർ, സൂപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാർ, ഹൈപ്പർ മാർക്കറ്റ് എന്നിവയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ആധുനീകരിക്കുകയും പുതിയ റാക്കുകൾ, ഫർണീച്ചറുകൾ, വെയിംഗ് മെഷീൻ, സി.സി.ടി.വി., ജനറേറ്റർ, കമ്പ്യൂട്ടർ, പ്രിന്റർ, ബാർ കോഡ് റീഡർ, നെയിംബോർഡ് തുടങ്ങിയവ സ്ഥാപിച്ച് പെയിന്റിംഗ് നടത്തി നവീകരിക്കുകയും ചെയ്തിട്ടുണ്ട്.

നവീകരണ പദ്ധതിയുടെ ഭാഗമായി 2018-19 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി 86 സപ്ലൈകോ വിൽപ്പനശാലകൾ നവീകരിക്കുകയും ആയതിന് ഏകദേശം 7.07 കോടി രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2019-20 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ട് വിനിയോഗിച്ച് നൂറോളം വിൽപ്പനശാലകൾകൂടി നവീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സപ്ലൈകോ വിൽപ്പനശാലകൾ ഇല്ലാതിരുന്ന 17 പഞ്ചായത്തുകളിൽക്കൂടി വിൽപ്പനശാലകൾ ആരംഭിച്ചിട്ടുണ്ട്. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുയോജ്യമായ കെട്ടിടം ലഭ്യമാക്കി നൽകുന്ന മുറയ്ക്ക് മാവേലി സ്റ്റോറുകളില്ലാത്ത ശേഷിക്കുന്ന 21 പഞ്ചായത്തുകളിൽകൂടി അവ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## സപ്ലൈകോയുടെ നെല്ല് സംഭരണം

275(5230) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ നെല്ല സംഭരണം നടത്തിയ വകയിൽ ആലപ്പുഴ,പാലക്കാട്, കോട്ടയം ജില്ലകളിൽ കർഷകർക്ക് നൽകുവാനുള്ള കുടിശിക കൊടുത്തു തീർത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എത്ര രൂപ നിരക്കിലാണ് സപ്ലൈകോ നെല്ല് സംഭരിക്കുന്നതെന്നും ആയതിന്റെ കേന്ദ്ര-സംസ്ഥാന അനുപാതവും വ്യക്തമാക്കാമോ;

(സി) കേന്ദ്ര ഫണ്ട് യഥാസമയം കിട്ടുന്നുണ്ടോ; ഇല്ലെങ്കിൽ സംസ്ഥാന സർക്കാർ ഈ തുക ആദ്യമേ കർഷകർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) നെല്ലുവില ഉടനെ കർഷകർക്ക് ലഭിക്കുന്നതിന് സ്വീകരിച്ചുവരുന്ന സംവിധാനങ്ങൾ വ്യക്തമാക്കാമോ;

(ഇ) ആയത് യഥാർത്ഥ കർഷകന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവരുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഇല്ല. സപ്ലൈകോ നെല്ല് സംഭരണം നടത്തിയ വകയിൽ ആലപ്പുഴ, പാലക്കാട്, കോട്ടയം ജില്ലകളിൽ കർഷകർക്ക് നൽകാനുള്ള കുടിശ്ശിക താഴെപ്പറയും പ്രകാരമാണ്.

ആലപ്പുഴ - 70.40 കോടി രൂപ

കോട്ടയം - 68.76 കോടി രൂപ

പാലക്കാട് - 109.53 കോടി രൂപ

(ബി) 25.30 രൂപ/കിലോഗ്രാം എന്ന നിരക്കിലാണ് സപ്ലൈകോ കർഷകരിൽനിന്നും നെല്ല് സംഭരിച്ചുവരുന്നത്. ആയതിന്റെ കേന്ദ്ര വിഹിതം 17.50 രൂപ/കിലോഗ്രാമും സംസ്ഥാന വിഹിതം 7.80 രൂപ/കിലോഗ്രാമും ആണ്.

(സി) കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. സംഭരിച്ച നെല്ലിന്റെ പണം കർഷകർക്ക് സമയബന്ധിതമായി പി.ആർ.എസ്. ലോൺ മുഖേന ലഭ്യമാക്കുന്നതിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 16 ബാങ്കുകളുമായി സപ്ലൈകോ ധാരണയിലാകുകയും ഇപ്രകാരം സംഭരിച്ച നെല്ലിന്റെ വില താമസം കൂടാതെതന്നെ കർഷകർക്ക് ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) നെല്ലിന്റെ തുക കർഷകർക്ക് സമയബന്ധിതമായി നൽകുന്നതിനായി തുടങ്ങിയ പദ്ധതിയാണ് പി.ആർ.എസ്. വായ്പാ പദ്ധതി. ഈ പദ്ധതിപ്രകാരം സപ്ലൈകോയുമായി 16 ബാങ്കുകൾ ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. സപ്ലൈകോയ്ക്ക് നെല്ല് നൽകുന്ന കർഷകർ പാഡി റെസീപ്റ്റ് ഷീറ്റിന്റെ അസ്സൽ മേൽപ്പറഞ്ഞ ബാങ്കുകളിൽ ഹാജരാക്കുന്ന മുറയ്ക്ക് വായ്പയുടെ അർഹത പരിശോധിച്ച് ബാങ്കുകൾ കർഷകർക്ക് വായ്പാതുക ഉടൻതന്നെ നൽകുന്ന പദ്ധതിയാണിത്.

(ഇ) പാഡി റെസീപ്റ്റ് ഷീറ്റിന്റെ അസ്സൽ ബാങ്കുകളിൽ സമർപ്പിച്ചാൽ മാത്രമേ കർഷകൻ നൽകിയ നെല്ലിന്റെ വില ബാങ്കുകൾ വായ്പയായി നൽകുകയുള്ളൂ. നെല്ലിന്റെ വില യഥാർത്ഥ കർഷകന് ലഭിക്കുന്നുവെന്ന് ഇതുവഴി ഉറപ്പാക്കാവുന്നതാണ്.

**സപ്ലൈകോയുടെ പ്രവർത്തനം വിപുലപ്പെടുത്താൻ പദ്ധതികൾ**

276(5231) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ പദ്ധതികൾ ആവിഷ്കരിച്ചും നിലവിലുള്ള ഔട്ട് ലെറ്റുകൾ മോടി പിടിപ്പിച്ചും സപ്ലൈകോയുടെ പ്രവർത്തനം വിപുലപ്പെടുത്തുവാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സപ്ലൈകോയുടെ നിലവിലുള്ള വിറ്റുവരവ് പ്രതിവർഷം എത്രയാണ്; ഇത് വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) സപ്ലൈകോയുടെ കുപ്പിവെള്ള വില്പന പദ്ധതി വിജയകരമാണോ; റേഷൻ കടകൾ വഴി ഇത് കൂടുതൽ വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കുപ്പിവെള്ള കമ്പനികളുടെ ചൂഷണം അവസാനിപ്പിക്കുവാൻ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) നിലവിലെ മാവേലി സ്റ്റോർ, സൂപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാർ, ഹൈപ്പർ മാർക്കറ്റ് എന്നിവയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ആധുനീകരിക്കുകയും പുതിയ റാക്കുകൾ, ഫർണീച്ചറുകൾ, വെയിങ് മെഷീൻ, സി.സി.ടി.വി., ജനറേറ്റർ, കമ്പ്യൂട്ടർ, പ്രിന്റർ, ബാർ കോഡ് റീഡർ, നെയിംബോർഡ് തുടങ്ങിയവ സ്ഥാപിച്ച് പെയിന്റിങ് നടത്തി നവീകരിക്കുകയും ചെയ്തിട്ടുണ്ട്.

നവീകരണ പദ്ധതിയുടെ ഭാഗമായി 2018-19 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി 86 സപ്ലൈകോ വിൽപ്പനശാലകൾ നവീകരിക്കുകയും ആയതിന് ഏകദേശം 7.07 കോടി രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2019-20 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ട് വിനിയോഗിച്ച് നൂറോളം വിൽപ്പനശാലകൾകൂടി നവീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 19 വിൽപ്പനശാലകളോട് ചേർത്ത് ഗൃഹോപകരണ വിൽപ്പന ആരംഭിക്കുകയുണ്ടായി. 51 വിൽപ്പനശാലകളിൽക്കൂടി ഗൃഹോപകരണ വിൽപ്പന ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ കയർ ഉൽപ്പന്നങ്ങളും ജൈവ ഉൽപ്പന്നങ്ങളും സൂപ്പർ മാർക്കറ്റുകളിൽക്കൂടി വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ലിറ്ററിന് 11 രൂപ മാത്രം വില ഈടാക്കിക്കൊണ്ട് വിൽപ്പനശാലകളിലൂടെ കുപ്പിവെള്ളം വിതരണം നടത്തിവരുന്നു. റേഷൻ കടകളിലൂടെ സപ്ലൈകോയുടെ ശബരി ഉൽപ്പന്നങ്ങൾ, കുടിവെള്ളം എന്നിവ വിതരണം ചെയ്യുന്ന പദ്ധതിയും പുതിയ തലമുറയിലെ ഉപഭോക്താക്കളെ ആകർഷിക്കുന്നതിനായി ഷോപ്പിംഗ് സൗകര്യമൊരുക്കുന്ന ഇ-കൊമേഴ്സ് വികസിപ്പിക്കുന്നതിനുള്ള നടപടികളും സപ്ലൈകോയുടെ വിൽപ്പനശാലകളില്ലാത്ത 21 പഞ്ചായത്തുകളിൽക്കൂടി പുതിയ വിൽപ്പനശാലകൾ ആരംഭിക്കുന്നതിനുള്ള നടപടികളും പരിഗണനയിലാണ്. നോൺ മാവേലി സാധനങ്ങളുടെ വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനായി വിവിധ ബ്രാന്റഡ് കമ്പനികളുമായി ചേർന്ന് സെയിൽസ് പ്രൊമോഷൻ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) സപ്ലൈകോയുടെ കഴിഞ്ഞ വർഷത്തെ വിറ്റുവരവ് 3,717.27 കോടി രൂപയാണ്. ഈ സാമ്പത്തിക വർഷം 4,500 കോടി രൂപയുടെ വിറ്റുവരവാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി തെരഞ്ഞെടുത്ത വിൽപ്പനശാലകൾവഴി ഗൃഹോപകരണ വിൽപ്പന ആരംഭിച്ചും ആകർഷകമായ പരസ്യങ്ങളിലൂടെ ശബരി ബ്രാന്റ് ഉൽപ്പന്നങ്ങൾ ജനങ്ങളിലേയ്ക്കെത്തിക്കുന്നതിന് വിവിധ ബ്രാന്റഡ് കമ്പനികളുമായി ചേർന്ന് സെയിൽസ് പ്രമോഷൻ പദ്ധതികൾ നടപ്പിലാക്കിയും സപ്ലൈകോയുടെ ഉൽപ്പന്നങ്ങൾ റേഷൻ കടകൾവഴി വിതരണംചെയ്തും സപ്ലൈകോയുടെ ഈ വർഷത്തെ വിറ്റുവരവ് നാലായിരത്തി അഞ്ഞൂറ് കോടി രൂപയാക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടന്നുവരുന്നു.

(സി) സപ്ലൈകോയുടെ കുപ്പിവെള്ള പദ്ധതി വിജയകരമാണ്. റേഷൻ കടകൾ വഴി ഇത് കൂടുതൽ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) കുപ്പിവെള്ള കമ്പനികളുടെ ചൂഷണം അവസാനിപ്പിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകളിലൂടെയും ലിറ്ററിന് 11 രൂപ നിരക്കിൽ കുപ്പിവെള്ളം വിതരണം ചെയ്തുവരുന്നു.

## വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സപ്ലൈകോയുടെ ഇടപെടൽ

277(5232) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനെ വിലക്കയറ്റം പിടിച്ചുനിർത്താൻ കഴിയുന്ന തരത്തിൽ പൊതുവിപണിയിലിടപെടാൻ പ്രാപ്തമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം ആരംഭിച്ച മാവേലി സ്റ്റോർ, മാവേലി സൂപ്പർസ്റ്റോർ, പീപ്പിൾസ് ബസാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പൊതുവിപണിയിലേതുമായി താരതമ്യപ്പെടുത്തുമ്പോൾ സപ്ലൈകോ വിപണന ശാലകളിലെ അവശ്യസാധനങ്ങളുടെ വിലനിലവാരം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) മാവേലി സ്റ്റോറുകളിലെ അവശ്യസാധനങ്ങൾക്ക് വില വർദ്ധിപ്പിക്കില്ല എന്ന വാഗ്ദാനം പാലിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(ഇ) മാവേലി സ്റ്റോറുകളുടെ വിപണന ശൃംഖല പ്രയോജനപ്പെടുത്തി പുത്തൻ വ്യാപാരമേഖലകൾ തുറക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി, വിപണിയിടപെടൽ പ്രവർത്തനങ്ങൾക്കായി 2019-20 സാമ്പത്തിക വർഷം 150 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെയുള്ള വിപണിയിടപെടൽ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി മുൻകാലങ്ങളിലേതിനേക്കാൾ കൂടുതൽ തുക സപ്ലൈകോയ്ക്ക് നൽകുകയും സപ്ലൈകോ വിൽപ്പനശാലകളിൽനിന്നും മികവുറ്റ സേവനങ്ങൾ ലഭ്യമാക്കുന്നതിനും വിൽപ്പനശാലകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി പ്ലാൻ ഫണ്ടിൽ 5 കോടി രൂപ നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുമുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 41 മാവേലി സ്റ്റോറുകളും 8 സൂപ്പർ മാർക്കറ്റുകളും 5 മാവേലി സൂപ്പർ സ്റ്റോറുകളും പുതിയതായി ആരംഭിച്ചിട്ടുണ്ട്. 41 മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളായും 13 മാവേലി സ്റ്റോറുകളെ മാവേലി സൂപ്പർ സ്റ്റോറുകളായും ഉയർത്തിയിട്ടുണ്ട്. കൂടാതെ ഒരു മാവേലി സ്റ്റോറിനെയും 3 സൂപ്പർ മാർക്കറ്റുകളെയും പീപ്പിൾസ് ബസാറായി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

(സി) വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ഡി) സപ്ലൈകോ വിൽപ്പനശാലകളിലൂടെ വിതരണം ചെയ്യുന്ന 14 ഇനം സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. കൂടാതെ വാങ്ങൽവിലയിൽ കുറവുണ്ടായിട്ടുള്ള അവസരങ്ങളിൽ ആനുപാതികമായ കുറവ് സബ്സിഡി വിൽപ്പന വിലയിൽ വരുത്തിയിട്ടുമുണ്ട്.

(ഇ) സപ്ലൈകോയുടെ വിപണന ശൃംഖല പ്രയോജനപ്പെടുത്തി പുത്തൻ വ്യാപാര മേഖല തുറക്കുന്നതിന്റെയും ഉൽപ്പന്നവൈവിദ്ധ്യവൽക്കരണത്തിന്റെയും ഭാഗമായും ഗൃഹോപകരണ വിപണിയിലെ ഉപഭോക്തൃ ചൂഷണം അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടെയും സപ്ലൈകോ 2018-19 സാമ്പത്തിക വർഷം 19 വിൽപ്പനശാലകളോട് ചേർത്ത് ഗൃഹോപകരണ വിൽപ്പന ആരംഭിച്ചിട്ടുണ്ട്. 51 വിൽപ്പനശാലകളിൽക്കൂടി ഗൃഹോപകരണ വിൽപ്പന ആരംഭിക്കാനുള്ള നടപടിയെടുത്തുവരുന്നു.

**ഗോഡൗണുകളിൽനിന്നും കരിഞ്ചന്തയായി കടത്തുന്ന അരി**

278(5233) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഉൾപ്പെടെയുള്ള ഗോഡൗണുകളിൽ നിന്നും അരി സ്വകാര്യ മില്ലുകളിലേക്ക് കരിഞ്ചന്തയായി കടത്തുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഭക്ഷ്യവകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) വർക്കല ചാത്തൻപാറയിലെ ഗോഡൗണിൽ വെട്ടിപ്പ് നടന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ മറ്റ് ഗോഡൗണുകളിൽ പരിശോധന നടത്തുന്നതിനും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് തിരുവനന്തപുരം ജില്ലയിലെ വിവിധ ഗോഡൗണുകളിലും വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി NFSA ഗോഡൗണിലും പരിശോധന നടത്തിയിരുന്നു. സ്റ്റോക്കിൽ വ്യത്യാസം കണ്ടെത്തിയതിനെ തുടർന്ന് ഇതുസംബന്ധിച്ച നടപടി സ്വീകരിച്ചുവരുന്നു.

(സി) വർക്കല താലൂക്കിലെ ചാത്തൻപാറ NFSA ഗോഡൗണിൽ പരിശോധന നടത്തിയതിൽ ഭക്ഷ്യധാന്യങ്ങളുടെ അളവിൽ വ്യത്യാസം കണ്ടെത്തിയിട്ടുണ്ട്.

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ മറ്റ് ഗോഡൗണുകൾ പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തുകയാണെങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

## സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഹൈപ്പർ മാർക്കറ്റുകൾ

279(5234) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ സിവിൽ സപ്ലൈസ് ഹൈപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

സംസ്ഥാനത്ത് തിരുവല്ലയിലും കൊല്ലത്തും പുതിയ ഗോഡൗണുകളോടനുബന്ധിച്ചും പിറവത്ത് മുനിസിപ്പാലിറ്റി വിട്ടുനൽകിയ സ്ഥലത്തും ഹൈപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് നടപടികളെടുത്തുവരുന്നു. ഭൂമി വിട്ടുകിട്ടുന്ന മുറയ്ക്ക് ചമ്പക്കുളം, ചാലക്കുടി എന്നിവിടങ്ങളിൽക്കൂടി ഹൈപ്പർ മാർക്കറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.

## വയനാട് ജില്ലയിലെ മാവേലി സ്റ്റോറുകൾ

280(5235) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മാവേലി സ്റ്റോർ ഇല്ലാത്ത പഞ്ചായത്തുകളിൽ അത് തുടങ്ങുന്നതിന് ആലോചിക്കുന്നുണ്ടോ;

(സി) വയനാട് ജില്ലയിലെ മാവേലി മെഡിക്കൽ സ്റ്റോറുകളുടെ എണ്ണം വ്യക്തമാക്കുമോ;

(ഡി) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ മാവേലി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വയനാട് ജില്ലയിൽ വെങ്ങാപ്പള്ളി പഞ്ചായത്ത് ഒഴികെ എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. വെങ്ങാപ്പള്ളി പഞ്ചായത്തിൽ മൊബൈൽ മാവേലി സ്റ്റോറിന്റെ സേവനം ലഭ്യമാണ്. മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്ന പഞ്ചായത്തുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) മാവേലി സ്റ്റോറുകളില്ലാത്ത 21 പഞ്ചായത്തുകളിൽ ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ അനുയോജ്യമായ കെട്ടിടം ലഭ്യമാക്കി നൽകുന്ന മുറയ്ക്ക് മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) വയനാട് ജില്ലയിൽ മാവേലി മെഡിക്കൽ സ്റ്റോറുകൾ ഇല്ല.

(ഡി) കൽപ്പറ്റ മണ്ഡലത്തിൽ മാവേലി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## വയനാട് ജില്ലയിലെ സെയിൽസ് അസിസ്റ്റന്റ് നിയമനം

281(5236) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് സെയിൽസ് അസിസ്റ്റന്റ് തസ്തികയിൽ വയനാട് ജില്ലയിലെ നിലവിലുള്ള ഒഴിവുകളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) വയനാട് ജില്ലയിൽ മേൽ തസ്തികയിൽ പി.എസ്.സി. മുഖേനയല്ലാതെ ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ അവരുടേത് ഏത് തരത്തിലുള്ള നിയമനമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ സെയിൽസ് അസിസ്റ്റന്റ് തസ്തികയിൽ എത്ര നിയമനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) നിലവിൽ ഒഴിവുകൾ ഇല്ല.

(ബി & സി) വയനാട് ജില്ലയിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ പി.എസ്.സി. മുഖേന അല്ലാതെ ആരും ജോലി ചെയ്യുന്നില്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ 54 നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

## ചുങ്കത്തറ ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ

282(5237) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചുങ്കത്തറ ഗ്രാമപഞ്ചായത്തിലെ പള്ളിക്കുത്ത് എന്ന സ്ഥലത്ത് പുതുതായി മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

ജനസാന്ദ്രത കുറവായ പള്ളിക്കുത്തിന് സമീപം, 4 കിലോമീറ്റർ ചുറ്റളവിൽ സ്ഥിതിചെയ്യുന്ന ചുങ്കത്തറ, എരുമമുണ്ട എന്നിവിടങ്ങളിലായി 2 വിൽപ്പനശാലകൾ പ്രവർത്തിക്കുന്നതിനാൽ പുതിയ മാവേലി സ്റ്റോർ ഇവിടെ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

## സംസ്ഥാന ഭക്ഷ്യകമ്മീഷന്റെ പ്രവർത്തനം

283(5238) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. കെ. രാജൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിൽ അനുശാസിക്കുന്ന പ്രകാരമുള്ള സംസ്ഥാന ഭക്ഷ്യകമ്മീഷൻ നിലവിൽ വന്നിട്ടുണ്ടോ;

(ബി) സംസ്ഥാന ഭക്ഷ്യകമ്മീഷനിലേയ്ക്ക് ആവശ്യമായ അംഗങ്ങളെ നിയമിച്ചു കഴിഞ്ഞോ; അതിനായുള്ള നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) ഭക്ഷ്യകമ്മീഷന്റെ ചുമതലകളും ഭക്ഷ്യവിതരണം കാര്യക്ഷമമാക്കുന്നതിലുള്ള പങ്കും വിശദമാക്കുമോ;

(ഡി) ഭക്ഷ്യകമ്മീഷന്റെ പ്രവർത്തനം പൂർണ്ണതോതിൽ എന്ന് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ &ബി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 ന്റെ വകുപ്പ് 16, സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018-ന്റെ റൂൾ 31 എന്നിവയുടെ വ്യവസ്ഥകൾ പ്രകാരം യഥാക്രമം 21-12-2018-ലെ സ.ഉ(കൈ)നമ്പർ 50/18/ഭ.പെ.വി.വ പ്രകാരം സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിച്ച് ചെയർമാനെ നിയമിക്കുകയും 11-1-2019-ലെ സ.ഉ(സാധാ) നമ്പർ 190/19/പൊ.ഭ.വ പ്രകാരം മെമ്പർ സെക്രട്ടറിയേയും 31-5-2019-ലെ സ.ഉ(കൈ)നമ്പർ 14/19/ഭ.പൊ.വി.വ. പ്രകാരം കമ്മീഷൻ അംഗങ്ങളെയും നിയമിച്ചിട്ടുണ്ട്.

കമ്മീഷൻ ചെയർമാൻ, അംഗങ്ങൾ എന്നിവർ സത്യപ്രതിജ്ഞ ചെയ്ത് ചുമതല ഏറ്റു. സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ ഓഫീസ് കെട്ടിടം, ഓഫീസ് സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച ഫയലുകൾ പൊതുമരാമത്ത്, ധനകാര്യ വകുപ്പുകളുടെ പരിഗണനയിലാണ്.

(സി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ വകുപ്പ് 16(6) (അനുബന്ധമായി ചേർത്തിട്ടുണ്ട്*), സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018-ന്റെ ചട്ടം 36 (അനുബന്ധമായി ചേർത്തിട്ടുണ്ട്)+ എന്നിവ പ്രകാരമുള്ള ചുമതലകളാണ് സംസ്ഥാന ഭക്ഷ്യ കമ്മീഷനിൽ നിക്ഷിപ്തമായിരിക്കുന്നത്.

(ഡി) ഭക്ഷ്യ കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

### ഭക്ഷ്യയോഗ്യമായ റേഷൻ വിതരണത്തിന് നടപടി

284(5239) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം സിറ്റി റേഷനിംഗ് ഓഫീസിന് കീഴിലുള്ള രണ്ടാം നമ്പർ റേഷൻ കടയിൽ 93, 96 ബാച്ചുകൾ പ്രകാരം മേയ് മാസം വിതരണം ചെയ്ത മുപ്പത്തിയൊൻപത് ചാക്ക് കുത്തരിയിൽ പുഴുവിനെ കണ്ടതായും അത് ഭക്ഷ്യയോഗ്യമായിരുന്നില്ല എന്നുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രളയത്തിൽ നശിച്ച അരി ഡാമേജ്ഡ് റൈസ് എന്ന പേരിൽ കോയമ്പത്തൂരിന് സമീപമുള്ള മില്ലിലെത്തിച്ച് പോളിഷ് ചെയ്ത് വീണ്ടും വിതരണത്തിന് കൊണ്ടുവന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്. എറണാകുളം ജില്ലയിലെ സിറ്റി റേഷനിംഗ് ആഫീസിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന 2-ാം റേഷൻ ഡിപ്പോയിൽ വിതരണത്തിനായി എത്തിച്ച 39 ചാക്ക് കുത്തരി ഭക്ഷ്യയോഗ്യമല്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് ഇവ മാറ്റി പകരം ഭക്ഷ്യയോഗ്യമായ റേഷൻ ധാന്യങ്ങൾ വിതരണം നടത്തിയിട്ടുണ്ട്.

(ബി&സി) പ്രളയത്തിൽ നശിച്ച മില്ലുകളിലെ അരി ഡാമേജ്ഡ് റൈസ് എന്ന പേരിൽ ട്രിച്ചിയിലുള്ള അരിമില്ലുകളിൽ എത്തിച്ചത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. ട്രിച്ചിയിലുള്ള പളനി മുരുകൻ മോഡേൺ റൈസ് മില്ലിൽനിന്നും കേടായ അരി കണ്ടെത്തുകയും പ്രസ്തുത സ്ഥാപനം സീൽ ചെയ്തിട്ടുമുണ്ട്. കേടായ അരി വിട്ടെടുക്കാൻ കരാർ എടുത്തിരുന്ന M/s. സൈറസ് ട്രേഡേഴ്സ് നൽകിയ വിശദീകരണം പരിശോധിച്ച് ബഹു. ഹൈക്കോടതിയുടെ വിധിക്ക് വിധേയമായി മാത്രമാണ് വിൽപ്പനാ നടപടികൾ M/s. സൈറസ് ട്രേഡേഴ്സ് പൂർത്തീകരിച്ചത് എന്ന് ബോധ്യപ്പെട്ടതിനാൽ ടി സ്ഥാപനത്തെ മറ്റ് ശിക്ഷാനടപടികളിൽനിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

## നെല്ല് സംഭരിച്ച് അരിയാക്കി സിവിൽ സപ്ലൈസിന് കൈമാറുന്ന സംഘങ്ങൾ

285(5240) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരിൽ നിന്ന് നെല്ല് സംഭരിച്ച് അരിയാക്കി സിവിൽ സപ്ലൈസിന് കൈമാറുന്ന എത്ര സഹകരണ സംഘങ്ങളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ; ഇതിന്റെ ഗുണഫലങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ സംരംഭത്തിന് സർക്കാരിന്റെ സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) നെല്ല് സംഭരണത്തിന് അനുമതിക്കായി കൊടിയത്തൂർ സർവ്വീസ് സഹകരണ ബാങ്ക് നൽകിയ അപേക്ഷയുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ?

ഉത്തരം

(എ) വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതിപ്രകാരം കർഷകരിൽ നിന്ന് നെല്ല് സംഭരിച്ച് സംസ്കരിച്ച് അരിയാക്കി സിവിൽ സപ്ലൈസിന് കൈമാറുന്നതിനായി നിലവിൽ സഹകരണ സംഘങ്ങളെ ഒന്നുംതന്നെ നിയമിച്ചിട്ടില്ല.

(ബി) നെല്ല് സംഭരണ പദ്ധതിപ്രകാരം സംഭരിക്കുന്ന നെല്ലിന്റെ അടിസ്ഥാന താങ്ങുവിലയും സംസ്കരണ ചെലവും കേന്ദ്ര സർക്കാരും കർഷകർക്ക് നൽകുന്ന പ്രോത്സാഹന ബോണസ് ഇനത്തിലുള്ള തുക സംസ്ഥാന സർക്കാരും നൽകുന്നു.

(സി) നെല്ല് സംഭരണത്തിന് അനുമതിക്കായി കൊടിയത്തൂർ സർവ്വീസ് സഹകരണ ബാങ്ക് സമർപ്പിച്ച അപേക്ഷകൾ ഒന്നുംതന്നെ സർക്കാരിൽ ലഭ്യമായിട്ടില്ല.

## നെല്ല് സംഭരണത്തിന്റെ കയറ്റുകൂലി

286(5241) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിന്റെ നെല്ല് സംഭരണത്തിൽ കയറ്റു കൂലിയിനത്തിൽ നൽകുന്ന ചാർജ് എത്രയാണ്;

(ബി) പ്രസ്തുത നിരക്ക് പ്രാബല്യത്തിൽ വന്നത് എന്നാണ്;

(സി) ചുമട്ട് തൊഴിലാളികളുടെ കൂലിയിൽ വർദ്ധനവ് വന്ന സാഹചര്യത്തിൽ പ്രസ്തുത തുക അപര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(ഡി) പ്രസ്തുത തുക പുതുക്കി നിശ്ചയിക്കാൻ നടപടി എടുക്കുമോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) സപ്ലൈകോ വഴി സംഭരിക്കുന്ന നെല്ല് കർഷകരുടെ പാടശേഖരങ്ങളിൽനിന്നും മില്ലുകളിൽ എത്തിച്ച് സംസ്കരിച്ച് അരിയാക്കി മാറ്റി തിരികെ നൽകുന്നതുവരെയുള്ള പ്രവൃത്തികൾ ചെയ്യുന്നതിനാണ് മില്ലുടമകളുമായി സപ്ലൈകോ കരാർ വച്ചിരിക്കുന്നത്. നെല്ല് സംഭരിക്കുന്നതിനുള്ള ചാക്കുകൾ കൃഷിക്കാർക്ക് നൽകുക, നെല്ല് സംഭരിച്ച് വാഹനങ്ങളിൽ മില്ലുകളിൽ എത്തിക്കുക, സംസ്കരിച്ച് അരിയാക്കി പുതിയ ചണച്ചാക്കുകളിൽ നിറച്ച് തിരികെ നൽകുക തുടങ്ങിയ ജോലികളാണ് മില്ലുടമകൾ ചെയ്യുന്നത്. ഇതിന് 214 രൂപ/ക്വിന്റൽ പ്രകാരമാണ് മില്ലുടമകൾക്ക് നൽകുന്നത്. പാടശേഖരങ്ങളിൽനിന്നും നെല്ല് ചാക്കിൽ നിറച്ച് മില്ലുടമകളുടെ വാഹനത്തിൽ കയറ്റിക്കൊടുക്കുന്ന ജോലി കർഷകരാണ് ചെയ്യുന്നത്. അപ്രകാരം ചെയ്യുന്ന വകയിൽ കയറ്റുകൂലി ഇനത്തിൽ 12 രൂപ/ക്വിന്റൽ പ്രകാരം കർഷകർക്ക് മില്ലുടമകൾ നൽകിവരുന്നുണ്ട്. കയറ്റുകൂലി ഇനത്തിൽ യാതൊരു തുകയും സപ്ലൈകോ കർഷകർക്ക് നൽകുന്നില്ല.

(ബി) 214 രൂപ/ക്വിന്റൽ നിരക്കിലുള്ള പ്രോസ്സസ്സിംഗ് ചാർജ്ജ് മില്ലുടമകൾക്ക് നൽകി വരുന്നത് 2016-17 സംഭരണ സീസൺ മുതലാണ്. എന്നാൽ നെല്ല് സംഭരണം ആരംഭിച്ച 2005 മുതൽ മില്ലുടമകൾ 12 രൂപ/ക്വിന്റൽ കണക്കിലാണ് കർഷകർക്ക് നൽകിവരുന്നത്.

(സി) ചുമട്ടുതൊഴിലാളികളെ ഉപയോഗിച്ച് സപ്ലൈകോ നെല്ല് കയറ്റുന്നില്ല. പ്രസ്തുത ജോലി ചെയ്യിക്കുന്നത് കർഷകരാണ്.

(ഡി) നെല്ല് സംഭരിച്ച് മില്ലുടമകളുടെ വാഹനത്തിൽ കയറ്റിക്കൊടുക്കുന്ന ജോലി ചെയ്യുന്നത് കർഷകരാണ്. കൂലി വർദ്ധിപ്പിച്ചാൽ കർഷകർക്ക് കൂടുതൽ ബാദ്ധ്യത വരുന്ന സാഹചര്യത്തിൽ തുക വർദ്ധിപ്പിച്ചു നൽകാൻ സാധിക്കുകയില്ല. കർഷകരുടെ ഉല്പന്നങ്ങൾ കയറ്റിയിറക്കുന്ന ജോലിയിൽ ചുമട്ടുതൊഴിലാളി നിയമം ബാധകമല്ലാത്തതിനാൽ ചുമട്ടുതൊഴിലാളി നിയമം അനുസരിച്ച് കൂലി നിശ്ചയിച്ചുനൽകുന്നതിന് നിയമ തടസ്സം ഉണ്ട്.

**സംഭരിച്ച നെല്ലിന്റെ കുടിശ്ശിക തുക**

287(5242) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ഒരുപ്പൂകൃഷിയിൽ തൃശ്ശൂർ കോൾ മേഖലയിൽ നിന്നും എത്ര ടൺ നെല്ല് സംഭരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) സംഭരിച്ച നെല്ലിന്റെ വില മുഴുവൻ കൊടുത്തു തീർത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ ഇനത്തിൽ എത്ര തുക കുടിശ്ശികയുണ്ടെന്നും സംഭരണവില യഥാസമയം കൊടുത്ത് തീർക്കാൻ കഴിയാത്തതെന്തുകൊണ്ടാണെന്നും അറിയിക്കാമോ;

(സി) കുടിശ്ശികയുണ്ടെങ്കിൽ അത് കൊടുത്തു തീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ കോൾ മേഖലയിൽനിന്ന് 65055 ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.

(ബി & സി) 65055 ടൺ നെല്ലിന്റെ വിലയായ 164.58 കോടി രൂപയിൽ 130 കോടി രൂപ കർഷകർക്ക് നൽകിക്കഴിഞ്ഞിട്ടുണ്ട്. കുടിശ്ശിക തുകയായ 34.58 കോടി രൂപ പി.ആർ.എസ്. വായ്പാ പദ്ധതിയിലൂടെ കർഷകർക്ക് നൽകിവരുന്നു.

## പ്രളയത്തിൽ നശിച്ച റേഷൻ വസ്തുക്കൾ

288(5243) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ റേഷൻ ഭക്ഷ്യവസ്തുക്കൾ നശിച്ച സാഹചര്യമുണ്ടായിട്ടുണ്ടോ; എത്ര കോടി രൂപയുടെ നഷ്ടമാണ് ഉണ്ടായത്;

(ബി) ഇപ്രകാരം പ്രളയത്തിൽ നശിച്ച ഭക്ഷ്യ ധാന്യങ്ങളുടെ ഇൻഷ്വറൻസ് തുക ലഭിച്ചിട്ടുണ്ടോ; എത്ര തുകയാണ് ഇതിനകം ലഭിച്ചത്;

(സി) ഇൻഷ്വറൻസ് കമ്പനിയുമായി ചർച്ച നടത്തുവാൻ സപ്ലൈകോ ഏതെങ്കിലും ബ്രോക്കർ കമ്പനികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; ബ്രോക്കറേജ് ഇനത്തിൽ എന്ത് തുക അവർക്ക് നൽകി; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. പ്രളയത്തിൽ സപ്ലൈകോയുമായി കരാറിലുള്ള വിവിധ മില്ലുകളിലെയും NFSA ഗോഡൗണുകളിലെയും റേഷൻ ഭക്ഷ്യധാന്യങ്ങൾ നശിച്ചതുമൂലം 136,15,24,696 (നൂറ്റി മുപ്പത്തിയാറ് കോടി പതിനഞ്ച് ലക്ഷത്തി ഇരുപത്തിനാലായിരത്തി അറുനൂറ്റി തൊണ്ണൂറ്റിയാറ് രൂപ മാത്രം) രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

(ബി) പ്രളയ കാലത്ത് മില്ലുകളിൽ സൂക്ഷിച്ചിരുന്ന കേടായ ഭക്ഷ്യധാന്യങ്ങൾക്ക് ഇൻഷ്വറൻസ് കമ്പനി 25 കോടി രൂപ ആദ്യ ഗഡുവായി നൽകിയിട്ടുണ്ട്. ക്ലെയിം സെറ്റിൽ ചെയ്തിട്ടില്ല.

(സി) ഇൻഷ്വറൻസ് കമ്പനിയുമായി ചർച്ച നടത്താൻ സപ്ലൈകോ ഇൻഷ്വറൻസ് കൺസൾട്ടന്റായി കോസ്മോസ് ഇൻഷ്വറൻസ് ബ്രോക്കേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ നിയമിച്ചിട്ടുണ്ട്. ബ്രോക്കറേജ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെ അംഗങ്ങളുടെ വിരമിക്കൽ ആനുകൂല്യം

289(5244) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനിൽ അംഗങ്ങളായി നിശ്ചിത യോഗ്യതകാലം പൂർത്തിയാക്കിയ സർക്കാർ ഉദ്യോഗസ്ഥരല്ലാത്ത അംഗങ്ങൾക്ക് ധനകാര്യ വകുപ്പിന്റെ 28-11-2016-ലെ 175/2016/സർക്കാർ ഉത്തരവ് പ്രകാരം വിരമിക്കൽ ആനുകൂല്യം നിലവിലുണ്ടോ എന്നറിയിക്കുമോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സർക്കാർ ഉത്തരവും സിവിൽ സപ്ലൈസ് ഡയറക്ടറുടെ 4-3-2017-ലെ (സി.എസ്) സി.എ 2/2686/17 നമ്പർ കത്തും പ്രകാരം അഡ്വ. ശാന്തമ്മ തോമസ്, 11A, ഈശ്വരൻതമ്പി നഗർ, കല്ലയം പി.ഒ, മുക്കോല, തിരുവനന്തപുരം എന്ന മുൻഅംഗം വിരമിക്കൽ ആനുകൂല്യം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ എന്നും എന്നാണ് അപേക്ഷ സമർപ്പിച്ചതെന്നും അപേക്ഷയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 14-12-2016-ന് വിരമിച്ചവർക്ക് പെൻഷൻ ആനുകൂല്യം ലഭ്യമാക്കുന്നതിന് ഗ്രാന്റ്-ഇൻ-എയ്ഡ് അനുവദിക്കുന്നതിന് അഡ്വ. ശാന്തമ്മ തോമസിന്റെ വിവരങ്ങൾ അടങ്ങിയ വിശദമായ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**ഉപഭോക്തൃകാര്യ വകുപ്പിന്റെ സേവന പ്രവർത്തനങ്ങൾ**

290(5245) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സേവന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഉപഭോക്തൃകാര്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് ഉപഭോക്തൃ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് എല്ലാ ജില്ലകളിലും ഉപഭോക്തൃ സഹായ കേന്ദ്രങ്ങൾ തുടങ്ങാൻ നിശ്ചയിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഉപഭോക്തൃ സഹായകേന്ദ്രം പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിൽ ഉപഭോക്തൃ സഹായ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മറ്റു ജില്ലകളിൽ ഉപഭോക്തൃ സഹായ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്. 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിലെ ഒൻപതാം വകുപ്പ് പ്രകാരം ഉപഭോക്താവിനുള്ള പരാതിക്ക് പരിഹാരം തേടുന്നതിന് സംസ്ഥാനതലത്തിൽ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും ജില്ലാതലത്തിൽ പതിനാല് ജില്ലാ തർക്ക പരിഹാര ഫോറങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാന കമ്മീഷനിലും ജില്ലാ ഫോറങ്ങളിലും ഉപഭോക്താവിന് കുറഞ്ഞ ചെലവിൽ കുറഞ്ഞ കാലയളവിൽ പരാതിക്ക് പരിഹാരം തേടാവുന്നതാണ്. കമ്മീഷനിലും ഫോറങ്ങളിലും ഉപഭോക്താവിന് നേരിട്ട് പരാതി ഫയൽ ചെയ്യാവുന്നതാണ്. സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റെ ക്യാമ്പ് സിറ്റിംഗ് എല്ലാ മാസവും എറണാകുളത്ത് നടത്തിവരുന്നുണ്ട്. വടക്കൻ

ജില്ലകളിലെ ഉപഭോക്താക്കളുടെ യാത്രാ ബുദ്ധിമുട്ട് പരിഹരിക്കുന്നതിലേയ്ക്കും കേസുകൾ വേഗത്തിൽ തീർപ്പുകൽപ്പിക്കുന്നതിലേയ്ക്കുമാണ് ഇത്തരം സിറ്റിംഗ് നടത്തിവരുന്നത്.

ലീഗൽ മെട്രോളജി വകുപ്പിന്റെ സേവനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവും ആക്കുന്നതിന്റെ ഭാഗമായി വകുപ്പിൽനിന്നും നൽകിവരുന്ന പായ്ക്കർ/ ഇംപോർട്ടർ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ അളവുതൂക്ക ഉപകരണങ്ങളുടെ നിർമ്മാണ, വിതരണ, റിപ്പയർ ലൈസൻസുകൾ എന്നിവ പൂർണ്ണമായും ഓൺലൈനിലൂടെ നൽകുന്ന ലീഗൽ മെട്രോളജി ഓപ്പറേഷൻസ് മാനേജ്മെന്റ് സിസ്റ്റം (LMOMS) എന്ന പോർട്ടൽ സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ട്.

പൊതുജനങ്ങൾക്ക് പരാതികൾ നൽകുന്നതിനായി 'സുതാര്യം' എന്ന മൊബൈൽ ആപ്ലിക്കേഷൻ, കാൾ സെന്റർ, ജി.പി.എസ്. അധിഷ്ഠിത വാഹനങ്ങൾ, 0471-155300/9400198198 എന്ന ടോൾ ഫ്രീ നമ്പർ എന്നിവ വകുപ്പിൽ നിലവിലുണ്ട്. കൂടാതെ നവ മാധ്യമങ്ങളായ ഫെയ്സ്ബുക്ക്, ട്വിറ്റർ എന്നിവയിൽ വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ നൽകിയിട്ടുണ്ട്.

## ഡിജിറ്റൽ ടൈപ്പ് വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ

291(5246) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃത്യത കൂടിയതും (0.03 മി.ലി) കപ്പാസിറ്റി 17 മി.ലി./ 23 മി.ലി./ 30 മി.ലി. ഉള്ളതുമായ പിപ്പറ്റ് മെഷറുകൾ, വർക്കിംഗ് സ്റ്റാൻഡേർഡ് മെഷർ ആയി ഉപയോഗിക്കുന്നത് നിയമപരമാണോ എന്നത് ചട്ടവും ഉപചട്ടവും സഹിതം വിശദമാക്കുമോ;

(ബി) കേരളത്തിലെ വ്യാപാരികളുടെ 2 കി.ഗ്രാം കാരിരുമ്പ് കട്ടികൾ, 20 കി.ഗ്രാം കപ്പാസിറ്റി ഉള്ളതും e=100mg ഉള്ളതുമായ ഡിജിറ്റൽ ടൈപ്പ് വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ ഉപയോഗിച്ച് പുന:പരിശോധന നടത്തുന്ന ചില ലീഗൽ മെട്രോളജി ഉദ്യോഗസ്ഥരുടെ നടപടി 2011-ലെ ജനറൽ റൂൾസ് പ്രകാരം നിയമപരമാണോ എന്നതിന്റെ വിശദമായ വിവരം നൽകുമോ;

(സി) 2011-ലെ ജനറൽ റൂൾസ് 4-ാം ഷെഡ്യൂൾ ഭാഗം III പ്രകാരം വർക്കിംഗ് സ്റ്റാൻഡേർഡ് ആയി ഉപയോഗിക്കാവുന്ന ഡിജിറ്റൽ ടൈപ്പ് ബാലൻസുകളുടെ കപ്പാസിറ്റി 50 കി.ഗ്രാം, 20 കി.ഗ്രാം, 2 കി.ഗ്രാം അഥവാ 200 ഗ്രാം ആണെന്നിരിക്കെ, ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ടി കപ്പാസിറ്റിയിൽ അല്ലാത്ത എത്ര ഡിജിറ്റൽ ബാലൻസുകൾ വർക്കിംഗ് സ്റ്റാൻഡേർഡ് ആയി ഉപയോഗിക്കുന്നതിനായി വാങ്ങിയിട്ടുണ്ട്;

(ഡി) അവയുടെ കപ്പാസിറ്റിയുടെയും അവ വാങ്ങുന്നതിനു ഓരോന്നിനും ചെലവാക്കിയ തുകയുടെയും വിശദവിവരം നൽകുമോ?

ഉത്തരം

(എ) ലീഗൽ മെട്രോളജി ജനറൽ റൂൾ 2011-ന്റെ മൂന്നാം ഷെഡ്യൂളിൽ, പാർട്ട് III സീരിയിൽ നമ്പർ 5 പ്രകാരം പിപ്പറ്റ് മെഷറുകളുടെ കപ്പാസിറ്റി നിഷ്കർഷിച്ചിരിക്കുന്നത് 10 മി.ലി., 5 മി.ലി. എന്നിങ്ങനെയാണ്. ഇതിൽ ഗ്രാജുവേറ്റഡ് പിപ്പറ്റുകൾക്ക് കപ്പസാസിറ്റി 5 മി.ലി. ഗ്രാജുവേഷൻ 1/10th ഓഫ് കപ്പാസിറ്റി എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. മാക്സിമം കപ്പാസിറ്റി ഇതിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ മാക്സിമം കപ്പാസിറ്റി, പ്രിസ്ക്രൈബ്ഡ് കപ്പാസിറ്റിയേക്കാൾ അധികം ആകാവുന്നതാണ്.

(ബി) ലീഗൽ മെട്രോളജി ജനറൽ റൂൾ 2011-ൽ ഷെഡ്യൂൾ IV- ൽ പാർട്ട് III -ൽ ക്രമ നമ്പർ 3 പ്രകാരം 20.കി. ഗ്രാം കപ്പാസിറ്റിയുള്ള 0.1 ഗ്രാം (100 മി.ഗ്രാം) ഇ-വാല്യൂ ഉള്ളതുമായ ഡിജിറ്റൽ ബാലൻസിൽ 20.കി. ഗ്രാം മുതൽ 2 കി.ഗ്രാം വരെ നോൺ ബുള്യൺ വെയിറ്റ്സ് പുനഃപരിശോധന നടത്തുന്നത് നിയമപ്രകാരമാണ്.

(സി&ഡി) കട്ടികൾ പരിശോധിക്കുന്ന അവസരത്തിൽ നിയമപ്രകാരമുള്ള error മനസ്സിലാക്കണമെങ്കിൽ Maximum capacity, മേൽ ഷെഡ്യൂൾ പ്രകാരമുള്ള കപ്പാസിറ്റിയേക്കാൾ കൂടുതലായിരിക്കണം. ഇതിലേയ്ക്കായി Maximum capacity, ഷെഡ്യൂളിലെ കപ്പാസിറ്റിയേക്കാൾ കൂടുതൽ ഉള്ള ത്രാസ്സുകളാണ് ഈ സർക്കാരിന്റെ ഭരണകാലത്ത് വാങ്ങിയിട്ടുള്ളത്. Maximum capacity 52 കി.ഗ്രാം ഉള്ള 11 ത്രാസുകളും 3 കി.ഗ്രാമുള്ള 81 ത്രാസുകളും 220 ഗ്രാമുള്ള 20 ത്രാസുകളുമാണ് വാങ്ങിയിട്ടുള്ളത്.

| കപ്പാസിറ്റി | മാക്സിമം കപ്പാസിറ്റി | ഇ-വാല്യൂ | ത്രാസുകളുടെ എണ്ണം | ആകെ തുക |
|---|---|---|---|---|
| 50 കി.ഗ്രാം | 52 കി.ഗ്രാം | 1 ഗ്രാം | 11 | 15,77,400 |
| 2 കി.ഗ്രാം | 3 കി.ഗ്രാം | 0.01 ഗ്രാം | 81 | 8033,742 |
| 200 ഗ്രാം | 220 ഗ്രാം | 0.1 മി.ഗ്രാം | 20 | 20,55,360 |

**വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിലെ സാമൂഹിക പ്രതിബദ്ധത പാക്കേജ്**

292(5247) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ നിർമ്മാണം നടത്തുന്ന അദാനി ഗ്രൂപ്പ് നടപ്പിലാക്കുന്ന സാമൂഹിക പ്രതിബദ്ധത പാക്കേജിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ;

(ബി) ഇതിന്റെ ഭാഗമായി വിഴിഞ്ഞം വലിയ കടപ്പുറത്ത് ആധുനിക മത്സ്യബന്ധന തുറമുഖ നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(സി) ഈ പാക്കേജിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതി ബാധിതപ്രദേശത്ത് അടിസ്ഥാന സൗകര്യവികസനം, പൊതുജനാരോഗ്യം, സുസ്ഥിര വികസനം, തൊഴിൽ, നൈപുണ്യ പരിശീലനം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലാണ് സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്. നാളിതുവരെ നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തോടുചേർന്ന് വലിയ കടപ്പുറം ഭാഗത്ത് ഒരു ആധുനിക മത്സ്യബന്ധന തുറമുഖം സർക്കാർ ചെലവിൽ നിർമ്മിക്കുന്നതിനുള്ള ചുമതല അദാനി കമ്പനിക്ക് നൽകിയിട്ടുണ്ട്. 500 മീറ്റർ നീളമുള്ള ഫിഷ് ലാന്റിംഗ് ബെർത്ത്, ലേല ഹാൾ, ലോക്കൽ റൂം, നെറ്റ് മെന്റിംങ് ഷെഡ് തുടങ്ങിയ ആധുനിക സൗകര്യങ്ങളോടുകൂടിയ മത്സ്യബന്ധന തുറമുഖമാണ് വിഭാവന ചെയ്തിട്ടുള്ളത്. അന്താരാഷ്ട്ര തുറമുഖത്തിന്റെ പൂർത്തീകരണത്തോടുകൂടിത്തന്നെയാണ് മത്സ്യബന്ധന തുറമുഖത്തിന്റെയും നിർമ്മാണം പൂർത്തീകരിക്കേണ്ടത്. എന്നാൽ കരാർ പ്രകാരം മത്സ്യബന്ധന തുറമുഖ വികസനത്തിനായി അദാനി കമ്പനിക്ക് കൈമാറിയ ഭൂമിയിൽ പദ്ധതി പ്രദേശത്തെ മത്സ്യത്തൊഴിലാളികൾ ബോട്ടുകൾ കയറ്റി വച്ചിരിക്കുന്നതിനാൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇത് പരിഹരിച്ച് മത്സ്യബന്ധന തുറമുഖ നിർമ്മാണം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) അദാനി ഗ്രൂപ്പ് നടപ്പിലാക്കുന്ന സാമൂഹിക പ്രതിബദ്ധത പാക്കേജിൽ മത്സ്യത്തൊഴിലാളികളുടെ നഷ്ടപരിഹാരം ഉൾപ്പെടുന്നില്ല. മത്സ്യ ത്തൊഴിലാളികൾക്ക് നഷ്ടപ്പെടുന്നതിനുള്ള നഷ്ടപരിഹാരം നൽകുന്നത് സർക്കാരാണ്. നാളിതുവരെ ചിപ്പി/ലോബ്സ്റ്റർ, കരമടി, റിസോർട്ട് തൊഴിലാളികൾ, സ്വയം സഹായ സംഘങ്ങൾ, സൗജന്യ മണ്ണെണ്ണ വിതരണം എന്നീ വകയിൽ ജീവനോപാധി നഷ്ടപരിഹാരം എന്ന നിലയിൽ 2574 പേർക്ക് ഏകദേശം 81 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ഗുണഭോക്താക്കളെ കണ്ടെത്തി നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിലുള്ള ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിനെ (PIU) ചുമതലപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സാഗർമാല പദ്ധതി

293(5248) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. വി. ജോയി:
ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട തുറമുഖങ്ങളുടെ വികസനത്തിനായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഏതെല്ലാം ചെറുകിട തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വിവിധ തുറമുഖങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് വികസനം കാര്യക്ഷമമാക്കുന്നതിന് സാഗർമാല എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ;

(ഡി) എങ്കിൽ സംസ്ഥാനത്തെ ഏതെല്ലാം തുറമുഖങ്ങളുടെ വികസന പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ചെറുകിട തുറമുഖങ്ങളുടെ വിസനത്തിന്റെ ഭാഗമായി കണ്ണൂർ അഴീക്കൽ തുറമുഖം അന്താരാഷ്ട്ര നിലവാരത്തിലുള്ള തുറമുഖമാക്കി മാറ്റുന്നതിന് ബഹു. മുഖ്യമന്ത്രി ചെയർമാനായും ബഹു. തുറമുഖ വകുപ്പുമന്ത്രി വൈസ് ചെയർമാനായും അഴീക്കൽ പോർട്ട്സ് ലിമിറ്റഡ് എന്ന പേരിൽ പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ സാങ്കേതിക സാദ്ധ്യതാപഠനം, വിശദമായ പദ്ധതിരേഖ, പാരിസ്ഥിതിക പഠനം എന്നിവ പൂർത്തിയാക്കുന്നതിന് ടെക്നിക്കൽ കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്. പഠനം അന്തിമഘട്ടത്തിലാണ്. കൊല്ലം തുറമുഖത്ത് മൾട്ടി പർപ്പസ് ബർത്തിന്റെ നീളം 74 മീറ്റർ വർദ്ധിപ്പിക്കതിന് ഡി.പി.ആർ. തയ്യാറാക്കുന്നതിന് കിറ്റ്കോ-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളിലേയ്ക്കാവശ്യമായ അത്യാധുനിക സൗകര്യങ്ങളോടു കൂടിയ രണ്ട് ടഗ്ഗുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിൽ റോഡ്/റെയിൽ കണക്റ്റിവിറ്റി സ്ഥാപിക്കുന്നതിന് ടെക്നോ എക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR)/ഡീറ്റെയിൽഡ് പ്രോജക്ട്

റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിന് ഇൻഡ്യൻ പോർട്ട് റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (ഐ.പി.ആർ.സി.എൽ.)-നെ ചുമതലപ്പെടുത്തി നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ ചെറുകിട തുറമുഖങ്ങളുടെ വികസനത്തിനായി ഈ സർക്കാർ കേരളാ മാരിടൈം ബോർഡ് രൂപീകരിച്ച് വികസനപദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) കൊല്ലത്തെ പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

(സി) തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടിയാണ് കേന്ദ്രസർക്കാർ സാഗർമാല പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. ബർത്ത്, ഡ്രഡ്ജിംഗ്, ബ്രേക്ക് വാട്ടർ, മോഡേണൈസേഷൻ തുടങ്ങിയ വ്യത്യസ്ത ഘടകങ്ങൾക്ക് സാഗർമാല പദ്ധതിവഴി കേന്ദ്രസർക്കാർ 50% സാമ്പത്തിക സഹായം നൽകിവരുന്നു. കൊല്ലത്തെ പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

(ഡി) അഴീക്കലിൽ പുതിയ തുറമുഖത്തിനും കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിലേയ്ക്കുള്ള റോഡ് വികസനത്തിനും വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തേയ്ക്കുള്ള റെയിൽ വികസനത്തിനും സാഗർമാല പദ്ധതി പ്രകാരം തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയവയ്ക്കുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കിവരുന്നു. പദ്ധതിരേഖ പൂർത്തിയാകുന്നതോടെ കേന്ദ്രസർക്കാരിന്റെ അന്തിമ അനുമതിക്കുവേണ്ടി സമർപ്പിക്കുന്നതാണ്.

**തുറമുഖ വകുപ്പിന്റെ ഭൂമി പാട്ടത്തിനെടുത്തവരുടെ വിവരങ്ങൾ**

294(5249) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ തുറമുഖ ഓഫീസിൽ നിന്നും തുറമുഖ വകുപ്പിന്റെ അധീനതയിൽപ്പെട്ട എത്ര ഭൂമി സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകിയിട്ടുണ്ടെന്ന് വ്യക്തികളുടെ പേര്, മേൽവിലാസം, പാട്ട കാലാവധി എന്നിവ സഹിതം വിശദമാക്കുമോ;

(ബി) അവരിൽ ആരെങ്കിലും പാട്ടവ്യവസ്ഥ ലംഘിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ; ഉണ്ടെങ്കിൽ അവരുടെ വിശദാംശങ്ങൾ നൽകുമോ;

(സി) അവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ തുറമുഖ വകുപ്പിന്റെ ഭൂമി സ്വകാര്യ വ്യക്തികൾക്ക് പാട്ട വ്യവസ്ഥയിൽ നൽകിയിട്ടില്ല. നിശ്ചിത പ്രവർത്തനങ്ങൾ നടത്തുന്നതിന് ലൈസൻസ് വ്യവസ്ഥയിലാണ് ഭൂമി നൽകിയിട്ടുള്ളത്. ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി & സി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുന്നു.*

**മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ**

295(5250) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കേരള മാരിടൈം ബോർഡ് രൂപീകരിച്ച് ആയതിന്റെ നിയമം അവതരിപ്പിച്ചപ്പോൾ പ്രസ്തുത ബോർഡിന്റെ ചെയർമാനായി മുഖ്യമന്ത്രിയെയാണ് തീരുമാനിച്ചിരുന്നത് എന്നതും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രൂപീകരിച്ച മാരിടൈം ബോർഡിന്റെ ചെയർമാനായി മുഖ്യമന്ത്രിക്ക് പകരം മറ്റൊരാളെയാണ് നിയമിച്ചിരിക്കുന്നത് എന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) സർക്കാരിന് പുറത്തുനിന്നുള്ള ഒരു വ്യക്തിയെ പ്രസ്തുത ബോർഡിന്റെ ചെയർമാനായി നിയമിച്ചത് മാരിടൈം സുരക്ഷയ്ക്കുതന്നെ ഭീഷണി അകാൻ സാധ്യതയില്ലേ; വ്യക്തമാക്കാമോ;

(സി) കേരള മാരിടൈം ബോർഡിൽ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, വിജിലൻസ് ഓഫീസർ, ലീഗൽ അഡ്വൈസർ, സ്റ്റാന്റിംഗ് കൗൺസിൽ (രണ്ട് എണ്ണം) എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമായിരുന്നോ; അല്ലെങ്കിൽ മുൻകൂർ അനുമതി ലഭിക്കാതെ നിയമിച്ചവരെ പിരിച്ചുവിടുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(ഡി) കേരള മാരിടൈം ബോർഡ് രൂപീകരിച്ച ശേഷം തുറമുഖ വകുപ്പിലെ ജീവനക്കാരെ ബോർഡിലേക്ക് മാറ്റി നിയമിച്ചിട്ടുണ്ടോ; ഇപ്രകാരം മാരിടൈം ബോർഡിലേക്ക് മാറ്റി നിയമിച്ച തുറമുഖ വകുപ്പിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരായിത്തന്നെ നിലനിർത്തുമോ; ആയതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) കേരള മാരിടൈം ബോർഡ് എന്നാണ് നിലവിൽ വന്നത്; ആയത് നിലവിൽ വന്നശേഷം ഇതുവരെ എത്ര ബോർഡ് യോഗങ്ങൾ ചേർന്നു; ചേർന്ന യോഗങ്ങളിൽ എത്ര തീരുമാനങ്ങൾ എടുത്തു; ഇവയിൽ തുറമുഖ വികസനം, ചരക്കു നീക്കം എന്നിവ സംബന്ധിച്ച് എടുത്ത തീരുമാനങ്ങൾ എന്തൊക്കെ; പ്രസ്തുത തീരുമാനങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) തുറമുഖ വികസനം, ചരക്കു നീക്കം എന്നിവ സംബന്ധിച്ച തീരുമാനങ്ങൾ പ്രസ്തുത യോഗങ്ങളിൽ എടുത്തിട്ടില്ലെങ്കിൽ ഈ ബോർഡിന്റെ പ്രസക്തി നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ജി) കേരള മാരിടൈം ഡെവലെപ്മെന്റ് കോർപ്പറേഷൻ, കേരള മാരിടൈം സൊസൈറ്റി എന്നിവ മാരിടൈം ബോർഡിന് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് കൈമാറിയത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. 2017-ൽ കേരള നിയമസഭ പാസ്സാക്കിയ കേരള മാരിടൈം ബോർഡ് ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായാണ് ചെയർമാനേയും അംഗങ്ങളെയും നിയമിച്ചിട്ടുള്ളത്.

(സി) 2017-ലെ കേരള മാരിടൈം ബോർഡ് ആക്ട് 14(2) വകുപ്പ് പ്രകാരം സർക്കാരിന്റെ ലിഖിതമായ മുൻകൂർ അനുമതിയോടുകൂടി മാത്രമേ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് മാരിടൈം ബോർഡിന് കഴിയുകയുള്ളൂ. മുൻകൂർ അനുമതി തേടാതെ നിയമനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ സർക്കാർ പരിശോധിക്കുന്നതാണ്.

(ഡി) 2-5-2019-ലെ സ.ഉ.(പി) നമ്പർ 20/2019/മതുവ പ്രകാരം തുറമുഖ വകുപ്പിലെ ജീവനക്കാരെ ബോർഡിലെ ജീവനക്കാരായി നിയമിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മാരിടൈം ബോർഡിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ മാറ്റമില്ലാതെ നിലനിർത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.

(ഇ & എഫ്) കേരള നിയമസഭ 16-9-2017-ൽ പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് കേരള മാരിടൈം ബോർഡ് നിലവിൽ വന്നത്. 2-2-2018-ലെ ജി.ഒ(എം.എസ്) നമ്പർ 01/2018/മതുവ ഉത്തരവ് പ്രകാരം കേരള മാരിടൈം ബോർഡ് അംഗങ്ങളെ നിയമിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മാരിടൈം ബോർഡ് നിലവിൽ വന്ന ശേഷം ഇതുവരെ 5 യോഗങ്ങൾ ചേർന്നിട്ടുണ്ട്. യോഗങ്ങളുടെ മിനിട്ട്സ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ജി) ഈ സ്ഥാപനങ്ങൾ കേരള മാരിടൈം ബോർഡിന് കൈമാറുന്നതിന്റെ ഭാഗമായി സർക്കാരിൽ നിക്ഷിപ്തമാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## നീണ്ടകര മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട്

296(5251) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജക മണ്ഡലത്തിലെ നീണ്ടകരയിലെ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിനായി പണി കഴിപ്പിച്ച കെട്ടിടം പണി പൂർത്തിയായിട്ടും ഉദ്ഘാടനം നടത്തി പ്രവർത്തനം ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) കൂടുതൽ കോഴ്സുകൾ ആരംഭിച്ചുകൊണ്ട് പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ & ബി) ചവറ നീണ്ടകര മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ 85% പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. കരാർ പ്രകാരം 31-08-2019-ലാണ് പണികൾ പൂർത്തിയാക്കേണ്ടത്. പണി പൂർത്തിയായശേഷമേ കൂടുതൽ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## അഴീക്കോട് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട്

297(5252) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജക മണ്ഡലത്തിലെ അഴീക്കോട് നിർമ്മാണം പൂർത്തീകരിച്ച മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ എന്തെല്ലാം കോഴ്സുകളാണ് നടത്തിവരുന്നതെന്നും ഏതെല്ലാം കോഴ്സുകൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ;

(ബി) ഈ സ്ഥാപനത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് നാലുവർഷം കഴിഞ്ഞിട്ടും യഥാവിധം കോഴ്സുകൾ നടത്താത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സ്ഥാപനത്തിന്റെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇവിടെ കോഴ്സുകൾ നടത്താതെ വന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്കെതിരെ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കൊടുങ്ങല്ലൂരിലെ കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ 4 ദിവസത്തെ ബോട്ട് ക്രൂ ട്രെയിനിംഗ് സർട്ടിഫിക്കറ്റ് പ്രോഗ്രാം 3-9-2011 മുതൽ നടത്തിവരുന്നു. എന്നാൽ നീണ്ടകര, കൊടുങ്ങല്ലൂർ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് കൂടുതൽ മികച്ച കോഴ്സുകൾ തുടങ്ങുന്നതിന്റെ ഭാഗമായി ടി പ്രോഗ്രാം ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. Pre-Sea, Inland Certification, Basis Safety എന്നീ സിലബസുകളിൽ Director General of Shipping-ന്റെ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള കോഴ്സുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മ്യൂസിയങ്ങളുടെ ആധുനിക രീതിയിലുള്ള പുന:സംവിധാനം**

298(5253) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരക്ഷിത സ്മാരകങ്ങളായ മ്യൂസിയങ്ങളെ ആധുനിക രീതിയിൽ പുന:സംവിധാനം ചെയ്യുന്നതിനുള്ള പ്രവൃത്തികൾ നടക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം മ്യൂസിയത്തിന്റെ നവീകരണത്തിന് സ്വീകരിക്കുന്ന നടപടികളും മ്യൂസിയം വളപ്പിൽ നടക്കുന്ന മറ്റ് പ്രധാന പ്രവർത്തനങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ;

(സി) സംസ്ഥാനത്ത് ഏതൊക്കെ മ്യൂസിയങ്ങളിൽ 3 ഡി തീയേറ്റർ സംവിധാനം ഉണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംരക്ഷിത സ്മാരകങ്ങളെ തനതായ രീതിയിൽ പരിരക്ഷിച്ചു നിർത്തി, അതിന്റെ തനിമയ്ക്ക് കോട്ടംതട്ടാത്ത രീതിയിലുള്ള മ്യൂസിയം സജ്ജീകരണ പ്രവർത്തനമാണ് പുരാവസ്തു വകുപ്പ് നടപ്പിലാക്കുന്നത്. അതിനാൽ നൂറ് ശതമാനം ആധുനികത എന്നത് പുരാവസ്തു മ്യൂസിയങ്ങളിൽ പ്രായോഗികമല്ല. എന്നിരുന്നാലും നവീന സാങ്കേതിക വിദ്യകളും സന്ദർശക സൗഹൃദ രീതികളും പുരാവസ്തു വകുപ്പ്

അവലംബിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി മ്യൂസിയങ്ങൾ പലതും ഭിന്നശേഷി സൗഹൃദങ്ങളായിക്കഴിഞ്ഞു. സുരക്ഷയ്ക്കായി CCTV സംവിധാനങ്ങൾ, സന്ദർശകർക്കായി പുൽത്തകിടികൾ, ഇരിപ്പിട സൗകര്യങ്ങൾ, രാത്രികാലങ്ങളിലേയ്ക്ക് വെളിച്ചവിതാന സൗകര്യങ്ങൾ എന്നിവ ഒരുക്കിവരുന്നു. മ്യൂസിയങ്ങളിലെ പ്രധാന ഭാഗമായ ഗ്യാലറികളും മറ്റും നവീന രീതിയിൽ സജ്ജീകരിക്കാനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) മ്യൂസിയം വകുപ്പിന്റെ ആസ്ഥാനമായ തിരുവനന്തപുരത്ത് സ്ഥിതിചെയ്യുന്ന താഴെപ്പറയുന്ന മൂന്ന് പ്രധാനപ്പെട്ട മ്യൂസിയങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

<u>നേപ്പിയർ മ്യൂസിയം - നവീകരണം</u>

മ്യൂസിയം വകുപ്പിന് കീഴിൽ തിരുവനന്തപുരത്ത് സ്ഥിതിചെയ്യുന്ന നേപ്പിയർ മ്യൂസിയം 1980-ൽ സ്ഥാപിതമായതാണ്. ടി മ്യൂസിയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ നേതൃത്വത്തിൽ നേപ്പിയർ മ്യൂസിയം കെട്ടിടത്തിന്റെ നവീകരണവും കലാവസ്തുക്കളുടെ ആധുനിക രീതിയിലുള്ള പ്രദർശന സംവിധാനം അന്തർദേശീയ നിലവാരത്തിൽ സജ്ജമാക്കുന്നതിനുള്ള സമഗ്രമായ പദ്ധതികൾ ആരംഭിച്ചുകഴിഞ്ഞു.

<u>നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം നവീകരണം</u>

മ്യൂസിയം മൃഗശാലാ വകുപ്പിന്റെ തിരുവനന്തപുരം ഡയറക്ടറേറ്റിൽ സ്ഥിതിചെയ്യുന്ന നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം 1964-ലാണ് സ്ഥാപിതമായത്.

ജൈവഭൂമി ശാസ്ത്രപരമായി വേർതിരിച്ചിട്ടുള്ള ഡയറോമകൾ, ചരിത്രാതീതകാലം മുതൽ സമീപകാലയളവുവരെ ഭൂമിയിൽ ജീവിച്ചിരുന്നതും മനുഷ്യന്റെ ഇടപെടലുകൾ കാരണം പൂർണ്ണമായും വംശനാശം സംഭവിച്ചതുമായ നിരവധി ജീവികളുടെ ത്രിമാന രൂപങ്ങൾ പ്രദർശിപ്പിച്ചുകൊണ്ടുള്ള ഇടം എന്നിവയുടെ നിർമ്മാണം വംശനാശം നേരിട്ടതും അല്ലാത്തതുമായ അപൂർവ്വ ഇനം പക്ഷികളുടെ സ്പെസിമെനുകൾ സൂക്ഷിച്ചിട്ടുള്ള ഗ്യാലറിക്ക് പുതുജീവൻ നൽകികൊണ്ടുള്ള അന്തർദേശീയ നിലവാരത്തിലുള്ള അത്യാധുനിക രീതിയിൽ സ്പെസിമെൻ ബേർഡഡ് ഗ്യാലറി നിർമ്മാണം എന്നിവയും പുതിയ ഫ്ലോറിംഗ്, ഫാൾസ് സീലിംഗ്, ഇലക്ട്രിക്കൽ വർക്കുകൾ തുടങ്ങിയ ഇൻഫ്രാ സ്ട്രക്ക്ചർ

മോഡിഫിക്കേഷൻസ് ഇന്ററാക്ടീവ് മ്യൂസിയം പോളിസിയുടെ ഭാഗമായുള്ള ടച്ച് സ്ക്രീനുകൾ, ഇൻഫർമേഷൻ പാനലുകൾ, ക്യാബിനറ്റ് സ്പെസിമെനുകൾ സൂക്ഷിക്കുന്നതിനും പഠനാവശ്യത്തിനുമുള്ള ഒരു റിപ്പോസിറ്ററിയുടെ സജ്ജീകരണം എന്നിവയും മ്യൂസിയത്തിലെ ഗ്യാലറികളിൽ മ്യൂസിയത്തിന് അനുയോജ്യമായ തരത്തിൽ ശീതികരണ സംവിധാനം, മ്യൂസിയത്തിന്റെ സുരക്ഷയെ നിലനിർത്തിയുള്ള അഗ്നിസുരക്ഷാ സംവിധാനം സ്ഥാപിക്കുക തുടങ്ങിയ പ്രവൃത്തികളും നടന്നുവരുന്നു.

ശ്രീചിത്രാ ആർട്ട് ഗ്യാലറി - നവീകരണം

1935-ൽ സ്ഥാപിതമായ തിരുവനന്തപുരം ശ്രീ ചിത്രാ ആർട്ട് ഗ്യാലറി - വിശ്വപ്രസിദ്ധനായ ശ്രീ രാജാരവിവർമ്മ, റഷ്യൻ ചിത്രകാരന്മാരായ നിക്കോളാസ് റോറിച്ച് എന്നിവരുടേയും മറ്റ് പ്രമുഖ ചിത്രകാരന്മാരുടെ പെയിന്റിംഗുകളാൽ അലംകൃതമാണ്. പ്രസ്തുത പെയിന്റിംഗുകൾ സംരക്ഷിക്കുന്നതിനായി കേരള ചരിത്ര പൈതൃക മ്യൂസിയം ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ശ്രീചിത്രാ ആർട്ട് ഗാലറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കൽ

മ്യൂസിയം വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ മ്യൂസിയങ്ങൾ സന്ദർശിക്കുന്ന ഭിന്നശേഷിക്കാരായ സന്ദർശകർക്ക് ഭൗതിക സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി മ്യൂസിയങ്ങളിൽ സ്പെഷ്യൽ ടോയ്ലറ്റുകൾ, റാമ്പുകൾ, വാഹന പാർക്കിംഗ് സംവിധാനം, ലിഫ്റ്റ് എന്നിവ സജ്ജമാക്കുകയും ആയത് ഉപയോഗപ്രദമായ രീതിയിൽ സന്ദർശകർ ഉപയോഗിച്ചുവരികയും ചെയ്യുന്നു.

മ്യൂസിയം വളപ്പിൽ കുട്ടികൾക്കും വിദ്യാർത്ഥികൾക്കും മുതിർന്നവർക്കുമായി വിവിധ സർക്കാർ/സർക്കാരിതര സംഘടനകൾ നടത്തുന്ന ചിത്ര രചനാ മത്സരങ്ങൾ, സിനിമാ - സീരിയൽ ഷൂട്ടിംഗുകൾ, മെഡിക്കൽ ക്യാമ്പുകൾ, രക്തദാന ക്യാമ്പുകൾ എന്നിവയും നടത്തിവരുന്നു.

(സി) മ്യൂസിയം വകുപ്പിന് കീഴിൽ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ മ്യൂസിയങ്ങൾക്ക് അനുബന്ധമായി 3 ഡി തിയേറ്ററുകൾ പ്രവർത്തിച്ചുവരുന്നു.

## ബാസ്റ്റൺ ബംഗ്ലാവിൽ ജില്ലാ പൈതൃക മ്യൂസിയം

299(5254) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഫോർട്ട് കൊച്ചിയിൽ പ്രവർത്തിക്കുന്ന ബാസ്റ്റൻ ബംഗ്ലാവിൽ ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മ്യൂസിയം എന്നത്തേയ്ക്ക് പ്രവർത്തനസജ്ജമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ എറണാകുളം ഫോർട്ട് കൊച്ചിയിലുള്ള ബാസ്റ്റൺ ബംഗ്ലാവ് ജില്ലാ പൈതൃക മ്യൂസിയമായി സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ നോഡൽ ഏജൻസിയായ ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള മുഖേന ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്മാരകത്തിന്റെ ഘടനാപരമായിട്ടുള്ള സംരക്ഷണ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ പരിസര വികസനം, സന്ദർശകർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ, സി.സി.ടി.വി., തിയേറ്റർ സംവിധാനം, ഗ്യാലറികളുടെ ചെറിയ തോതിലുള്ള സജ്ജീകരണം എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. കൊച്ചിയുടെ സാംസ്കാരിക പൈതൃകം വിളിച്ചോതുന്ന തരത്തിൽ ഗ്യാലറികൾ സജ്ജീകരിക്കുന്നതിനും പ്രദർശന വസ്തുക്കളുടെ ക്രമീകരണത്തിനുമുള്ള വിശദമായ പദ്ധതി രൂപരേഖയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികളുടെ പൂർത്തീകരണത്തിനു വേണ്ടിയുള്ള നടപടികൾ ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള മുഖേന ആരംഭിച്ചിട്ടുണ്ട്.

ടി പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തിയാക്കി മ്യൂസിയം പ്രവർത്തനസജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നത്.

## മട്ടാഞ്ചേരി, ഫോർട്ടുകൊച്ചി മേഖലയിലെ പൈതൃക സ്ഥാപനങ്ങളുടെ സംരക്ഷണം

300(5255) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടാഞ്ചേരി, ഫോർട്ടുകൊച്ചി മേഖലയിലെ പൈതൃക സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പൈതൃക സ്ഥാപനങ്ങളുടെ സംരക്ഷണത്തിനായി ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയും സംസ്ഥാന പുരാവസ്തു വകുപ്പും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ആർക്കിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ നൽകിയതിനെത്തുടർന്ന് പുനരുദ്ധാരണ പ്രവർത്തനങ്ങൾ മുടങ്ങി ജീർണ്ണാവസ്ഥയിലായിക്കൊണ്ടിരിക്കുന്നതും ക്ഷുദ്രജീവികളുടെ ആവാസകേന്ദ്രവുമായിരിക്കുന്ന മട്ടാഞ്ചേരി കോടതിയുടെ സംരക്ഷണത്തിനായി പ്രസ്തുത വകുപ്പുകൾ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) കൊച്ചി താലൂക്കിൽ മട്ടാഞ്ചേരി വില്ലേജിൽ സ്ഥിതിചെയ്യുന്ന അരിയിട്ടു വാഴ്ച കൊട്ടാരം, ഫോർട്ട് കൊച്ചി വില്ലേജിൽ സ്ഥിതിചെയ്യുന്ന ബാസ്റ്റൺ ബംഗ്ലാവ് എന്നിവയാണ് മട്ടാഞ്ചേരി ഫോർട്ട് കൊച്ചി മേഖലയിലെ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങൾ.

(ബി) മട്ടാഞ്ചേരിയിലെ ബാസ്റ്റൺ ബംഗ്ലാവ് വളരെ നല്ല രീതിയിൽ സംരക്ഷിക്കപ്പെട്ടിട്ടുള്ള ഒരു സംരക്ഷിത സ്മാരകമാണ്. നിലവിൽ എറണാകുളം ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നത് ബാസ്റ്റൺ ബംഗ്ലാവിലാണ്. മ്യൂസിയം സജ്ജീകരണ പ്രവൃത്തികൾ ഉടൻ ആരംഭിക്കും. അതിനുവേണ്ട ഭരണാനുമതി നൽകിയിട്ടുണ്ട്. ബാസ്റ്റൺ ബംഗ്ലാവിന്റെ ഘടനാപരമായ സംരക്ഷണ പ്രവൃത്തികളും പരിസര വികസന പ്രവൃത്തികളും പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. മ്യൂസിയം സജ്ജീകരിച്ചതിനുശേഷം ബാസ്റ്റൺ ബംഗ്ലാവ് പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുന്നതാണ്.

കൊച്ചി രാജവംശത്തിലെ പ്രധാന ചടങ്ങായ അരിയിട്ടുവാഴ്ച നടന്നുവന്ന അരിയിട്ടുവാഴ്ച കൊട്ടാരവും മട്ടാഞ്ചേരിയിലാണ് സ്ഥിതിചെയ്യുന്നത്. അരിയിട്ടുവാഴ്ച കൊട്ടാരത്തിന്റെ സമഗ്ര സംരക്ഷണ പരിസര വികസന പ്രവൃത്തികൾ നടന്നുവരികയാണ്. 25 ലക്ഷത്തോളം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രവൃത്തികളിൽ കൊട്ടാരത്തിന്റെ ശാസ്ത്രീയ സംരക്ഷണം കൂടാതെ, നികന്നുപോയ കുളം പൂർവ്വസ്ഥിതിയിലാക്കൽ, അടിസ്ഥാനപരമായ സന്ദർശക സൗഹൃദ പദ്ധതികൾ എന്നിവ ഉൾപ്പെടുന്നുണ്ട്. ഒക്ടോബർ 2019 ഓടെ ഈ പദ്ധതികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിനുശേഷം അരിയിട്ടുവാഴ്ച കൊട്ടാരത്തിലേയ്ക്ക് സന്ദർശകരെ ആകർഷിക്കാൻ ആവശ്യമായ നടപടികൾ ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് നടപ്പിലാക്കുന്നതാണ്.

(സി) കേന്ദ്ര പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള സ്മാരകങ്ങൾക്ക് ചുറ്റുമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് കേന്ദ്ര സർക്കാർ 2010-ൽ നിയമം പാസ്സാക്കിയിട്ടുള്ളതാണ്. ഇത് നടപ്പിലാക്കുന്നതിനുള്ള ചുമതല ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയ്ക്കും നാഷണൽ മോണുമെന്റ് അതോറിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന കോംപീറ്റന്റ് അതോറിറ്റിക്കും ആണ്. സ്മാരകത്തിന് ചുറ്റുമുള്ള നിയന്ത്രിത പ്രദേശത്ത് അനുമതി ഇല്ലാതെ എതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയാണെങ്കിൽ സ്റ്റോപ്പ് മെമ്മോ നൽകുന്നത് ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയാണ്. ഇതിൽ സംസ്ഥാന പുരാവസ്തു വകുപ്പിന് യാതൊരു പങ്കുമില്ല. എന്നാൽ സ്മാരകത്തിന് ചുറ്റുമുള്ള നിയന്ത്രിത പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അപേക്ഷ സ്വീകരിക്കുന്നതും നടപടികൾ പൂർത്തീകരിച്ച് ടി അപേക്ഷ നാഷണൽ മോണുമെന്റ് അതോറിറ്റിക്ക് അയയ്ക്കുന്നതും കേരള പുരാവസ്തു വകുപ്പദ്ധ്യക്ഷൻ മേലധികാരിയായിട്ടുള്ള കോംപീറ്റന്റ് അതോറിറ്റിയാണ്. കോടതി മന്ദിരത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്ക് ആവശ്യമായ NOC ലഭ്യമാക്കുന്നതിലേയ്ക്കായുള്ള അപേക്ഷ കോംപീറ്റന്റ് അതോറിറ്റിക്ക് നൽകുന്ന പക്ഷം ആവശ്യമായിട്ടുള്ള പരിശോധന നടത്തി ഉചിതമാണെങ്കിൽ NOC നൽകുന്നതിലേയ്ക്ക് ഡൽഹിയിലുള്ള നാഷണൽ മോണുമെന്റ് അതോറിറ്റിയുടെ കാര്യാലയത്തിലേയ്ക്ക് അയച്ചു കൊടുക്കുന്നതാണ്.

## ചരിത്രസ്മാരകങ്ങൾ, മ്യൂസിയങ്ങൾ എന്നിവ കൈമാറുന്ന കേന്ദ്ര നടപടി

301(5256) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ രാജ്യത്തിന്റെ ചരിത്രസ്മാരകങ്ങൾ, മ്യൂസിയങ്ങൾ എന്നിവ സ്വകാര്യ കുത്തകകൾക്ക് കൈമാറാൻ തീരുമാനമെടുത്തതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ബി) ഇത്തരത്തിൽ കൈമാറാൻ തീരുമാനിച്ചവയിൽ കേരളത്തിലുള്ള ചരിത്രസ്മാരകങ്ങളും മ്യൂസിയങ്ങളും ഉൾപ്പെട്ടതായി അറിയാമോ; ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിലുള്ള നീക്കം നടക്കുന്നുണ്ടെങ്കിൽ അത് ചെറുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ രാജ്യത്തിന്റെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ എന്നിവ സ്വകാര്യ കുത്തകകൾക്ക് കൈമാറാൻ തീരുമാനമെടുത്തതായ പത്ര വാർത്തകൾ മാത്രമാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിയമപരമായി സാധ്യമായ ഇടപെടലുകൾ നടത്താൻ ശ്രമിക്കുന്നതാണ്.

## മൺപാത്ര നിർമ്മാണ യൂണിറ്റുകൾക്ക് ആർക്കിയോളജി വകുപ്പിന്റെ സഹായം

302(5257) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പ്രളയത്തിൽ തകർന്ന മൺപാത്ര നിർമ്മാണ യൂണിറ്റുകൾക്ക് ആർക്കിയോളജി വകുപ്പ് മുഖേന സാമ്പത്തിക സഹായം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരത്തിൽ ലഭിച്ച അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം പുരാവസ്തുപരമായും ചരിത്രപരമായും വാസ്തുവിദ്യാപരമായും പ്രധാന്യമുള്ളതും നൂറ് വർഷത്തിലേറെ പഴക്കമുള്ളതുമായ സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണവും അനുബന്ധ പ്രവർത്തനങ്ങളുമാണ് പുരാവസ്തു വകുപ്പ് ചെയ്തുവരുന്നത്. വയനാട് ജില്ലയിൽ പ്രളയത്തിൽ തകർന്ന മൺപാത്ര നിർമ്മാണ യൂണിറ്റുകൾക്ക് ധനസഹായം നൽകുന്ന വിഷയം കേരള പുരാവസ്തു വകുപ്പിന്റെ പ്രവർത്തനപരിധിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ടി വിഷയത്തിൽ പദ്ധതികളൊന്നും നിലവിൽ തയ്യാറാക്കിയിട്ടില്ല.

**ചെങ്ങന്നൂരിൽ പുരാവസ്തു വകുപ്പ് സ്തൂപവും ഫോട്ടോ മ്യൂസിയവും**

303(5258) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 -ലെ പ്രളയത്തിൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ആർക്കിയോളജി, ആർക്കൈവ്സ് വകുപ്പുകളുമായി ബന്ധപ്പെട്ടുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രളയവും അതിജീവനവും സംബന്ധിച്ച ഓർമ്മകൾ വരുംതലമുറയ്ക്ക് വ്യക്തമായ കാഴ്ചപ്പാടോടെ പകരുന്നതിന് ഒരു പ്രളയ സ്തൂപവും ഫോട്ടോ മ്യൂസിയവും ചെങ്ങന്നൂരിൽ ഉചിതമായ സ്ഥലത്ത് സ്ഥാപിക്കുന്നതിന് പുരാവസ്തു വകുപ്പ് നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പുരാവസ്തു വകുപ്പിന്റെ നാല് സംരക്ഷിത സ്മാരകങ്ങളാണ് നിലവിലുള്ളത്. മുതവഴി ശ്രീകുമാരമംഗലം സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം, ചാത്തൻ കുളങ്ങര നരസിംഹ ക്ഷേത്രം, മാന്നാർ തൃക്കുരട്ടി മഹാദേവ ക്ഷേത്രം, കുട്ടംപേരൂർ കാർത്ത്യായനി ക്ഷേത്രം എന്നിവ.

ഇവയിൽ 2018-ലെ മഹാപ്രളയത്തിൽ ചാത്തൻകുളങ്ങര നരസിംഹ സ്വാമി ക്ഷേത്രത്തിൽ പ്രളയ ജലം കയറിയിരുന്നു. എങ്കിലും സാരമുള്ളതോ വീണ്ടെടുക്കാൻ പറ്റാത്തവണ്ണമുള്ളതോ ആയ നാശനഷ്ടങ്ങൾ ഒന്നും സംഭവിച്ചിട്ടില്ല.

2018-ലെ പ്രളയത്തിൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ആർക്കൈവ്സ് വകുപ്പുമായി ബന്ധപ്പെട്ട് നാശനഷ്ടങ്ങൾ ഉണ്ടായിട്ടില്ല.

(ബി) ചെങ്ങന്നൂർ മ്യൂസിയവും സ്തൂപവും സജ്ജീകരിക്കുന്ന വിഷയം സംബന്ധിച്ച് നിലവിൽ പദ്ധതികൾ ഒന്നും തന്നെയില്ല.

## ചെന്നൈ ആർക്കൈവ്സിൽനിന്നും രേഖകൾ വീണ്ടെടുക്കാൻ നടപടി

304(5259) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഴയ കൊച്ചി രാജ്യത്തിന്റെ ചരിത്രത്തെയും അക്കാലത്തെ അടിമക്കച്ചവടത്തേക്കുറിച്ചും മറ്റുമുള്ള രേഖകൾ കേരളത്തിന്റെ ചരിത്ര പഠനത്തിന് ഉപകാരപ്രദമാവുമെന്നതിനാൽ ചെന്നൈ ആർക്കൈവ്സിൽ നിന്നും ആയത് വീണ്ടെടുക്കുന്നതിനായി സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പഴയ കൊച്ചി രാജ്യത്തിന്റെ ചരിത്രത്തേയും അക്കാലത്തെ അടിമക്കച്ചവടത്തെക്കുറിച്ചും മറ്റുമുള്ള രേഖകൾ ചെന്നൈ ആർക്കൈവ്സിൽനിന്നും വീണ്ടെടുക്കുന്നതിനായി ചെന്നൈ ആർക്കൈവ്സുമായി ബന്ധപ്പെട്ട് പുരാരേഖാ വകുപ്പിൽനിന്നും നടപടി സ്വീകരിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത 4948, 4951, 4960, 5009, 5011, 5020, 5035, 5064, 5072, 5086, 5159, 5164, 5173, 5180 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 A.M.]

## പ്രത്യേക പരാമർശം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്നലെ കൃഷി വകുപ്പിന്റെയും മറ്റ് ഡിമാന്റുകളുടെയും ചർച്ച അവസാനിച്ചതിനുശേഷം ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി പറഞ്ഞു. propriety - യുടെ പ്രശ്നമാണിത്. മുഖ്യമന്ത്രിക്കും പ്രതിപക്ഷനേതാവിനും ഏതുസമയത്തും സഭയിൽ കാര്യങ്ങൾ ഉന്നയിക്കാനുള്ള അവകാശത്തെ നിഷേധിക്കുന്നില്ല. അതുപോലെ മെമ്പർമാർക്കും സഭയിൽ അവരുടെ അഭിപ്രായം പറയാനുള്ള അവകാശമുണ്ട്. (......ബഹളം......) They can freely express their views cutting across political line. മുഖ്യമന്ത്രിക്ക് സംസാരിക്കാനുള്ള അവകാശമുള്ളതുപോലെ പാർലമെന്ററി ജനാധിപത്യത്തിൽ മെമ്പർമാർക്കും അവകാശമുണ്ട്. പക്ഷേ, നിരവധി മെമ്പർമാർ കോൺഗ്രസ് പാർട്ടിയേയും മുസ്ലീം ലീഗിനേയും ഞങ്ങളുടെ നയങ്ങളേയും ഞങ്ങളുടെ പാർലമെന്ററി പാർട്ടി ലീഡറെ തെരഞ്ഞെടുത്തതിനെക്കുറിച്ചും ശ്രീ. രാഹുൽ ഗാന്ധിയെക്കുറിച്ചുമൊക്കെ വളരെ മോശമായി പറയാറുണ്ട്. അതെല്ലാം ഞങ്ങളിവിടെ കേട്ടുകൊണ്ടിരിക്കുകയാണ്. അതിന് മറുപടി പറയാനുള്ള അവകാശം ഇപ്പുറത്തുള്ളവർക്കുമുണ്ട്. രണ്ട് മന്ത്രിമാർ ഒരു മണിക്കൂർ പ്രസംഗിച്ചിട്ടും ആരും ഇതൊന്നും പറഞ്ഞില്ല. അത് വളരെ ദൗർഭാഗ്യകരമാണ്. മുഖ്യമന്ത്രി സഭാനേതാവുകൂടിയാണ്. ഒരംഗത്തെ ഭീഷണിപ്പെടുത്തുന്ന തരത്തിൽ അദ്ദേഹം സംസാരിച്ചത് വളരെ ദൗർഭാഗ്യകരമാണ്. ഡിമാന്റിൽ ഇടപെട്ട് അതുമായി ബന്ധപ്പെട്ട ഏതെങ്കിലും കാര്യങ്ങൾ പറഞ്ഞിരുന്നെങ്കിൽ നമുക്ക് മനസ്സിലാകുമായിരുന്നു. അത്തരം കാര്യങ്ങൾ ബഹുമാനപ്പെട്ട സ്പീക്കർ നിയന്ത്രിക്കേണ്ടതാണ്. നാളെ അപ്പുറത്തുനിന്നും ഏതെങ്കിലുമൊരു മെമ്പർ സംസാരിക്കുമ്പോൾ ഞാൻ എഴുന്നേറ്റ് എനിക്കിഷ്ടമുള്ള കാര്യങ്ങൾ പറയാമോ? (...ബഹളം...) അത് ശരിയല്ല. അത് സഭയുടെ അന്തസ്സിന് നിരക്കുന്നതല്ല. അംഗങ്ങളുടെ സ്വതന്ത്രമായ അഭിപ്രായ പ്രകടനങ്ങൾക്കെതിരായുള്ള വിലക്കാണത്. ഒരു കാരണവശാലും പ്രതിപക്ഷം അതിനെ അംഗീകരിക്കുകയില്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇക്കാര്യം ഉന്നയിച്ച സാഹചര്യത്തിൽ ഒരു കാര്യം പറയാൻ ചെയർ ആഗ്രഹിക്കുകയാണ്. ധനാഭ്യർത്ഥന ചർച്ച യഥാർത്ഥത്തിൽ പ്രാതിനിധ്യ സ്വഭാവമുള്ളതാണ്. ഓരോ പാർട്ടികളും ചർച്ചയിൽ പങ്കെടുക്കുന്ന ആളുകളുടെ പേരും സമയവും നിശ്ചയിച്ച് തരുന്നതിന്റെ അടിസ്ഥാനത്തിലാണ് ചർച്ച നടക്കുന്നത്. ചർച്ചയുടെ സമയത്ത് ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കുറച്ച് പറയുകയും മറുപടി സമയത്ത് അതിലിടപെട്ട് ചോദ്യങ്ങൾ ചോദിച്ച് വിഷയങ്ങൾ കൊണ്ടുവരുന്ന രീതിയുമാണ്.

ഇവിടെ നടക്കുന്നത്. (...ബഹളം...) സാധാരണരീതിയിൽ എല്ലാക്കാലത്തുമുള്ള തെറ്റ് തുടർന്ന് വരണമെന്നില്ലല്ലോ. അത് നിർഭാഗ്യകരമായ ഒന്നാണ്. (...ബഹളം...) മൂന്ന് മണിക്കൂർ ചർച്ച നടന്ന സന്ദർഭത്തിൽ ദീർഘമായ പ്രസംഗം നടത്തുമ്പോഴും ബന്ധപ്പെട്ട വിഷയങ്ങളുടെ കാര്യങ്ങൾ പറയാനോ പറയാൻ ചുമതലപ്പെടുത്തിയ ആളുകളെ അതറിയിക്കാനോ അംഗങ്ങൾ ശ്രദ്ധിക്കുന്നില്ല. മന്ത്രി മറുപടി പറയുന്ന സമയത്ത് ചോദ്യങ്ങൾ ചോദിക്കുന്നുവെന്ന നിർഭാഗ്യകരമായ സാഹചര്യമുണ്ടെന്നുള്ളത് അങ്ങയെ ഓർമ്മപ്പെടുത്തുന്നു. (...ബഹളം...) അങ്ങനെയൊരു സാഹചര്യമുണ്ടാകുന്നത് സഭയുടെ അന്തസ്സിന് ചേരുന്ന കാര്യമല്ലെന്നാണ് ഞാൻ പറയാനുദ്ദേശിക്കുന്നത്. അതേസമയം ബഹുമാനപ്പെട്ട പി. ടി. തോമസ് പ്രസംഗിച്ചപ്പോൾ ഇടപെടുകയോ പ്രസംഗിക്കാൻ അവസരം കൊടുക്കാതിരിക്കുകയോ ചെയ്തിട്ടില്ല. ശ്രീ. പി. ജെ. ജോസഫ് ഇവിടെ ദീർഘമായ പ്രസംഗം നടത്തി. അദ്ദേഹത്തെയും തടസ്സപ്പെടുത്തുകയോ അവകാശങ്ങളിൽ ഇടപെടുകയോ ചെയ്തിട്ടില്ല. അതുപോലെ ഇവിടെ പറഞ്ഞ കാര്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മറുപടി പറയാനുള്ള അവകാശമുണ്ടെന്നുകൂടി ഓർമ്മിക്കണം. പ്രതിപക്ഷനേതാവ് ആവശ്യപ്പെടുന്ന സന്ദർഭങ്ങളിലെല്ലാം അങ്ങേയ്ക്ക് സംസാരിക്കാനുള്ള അവസരം നൽകാറുണ്ടെന്ന് അങ്ങും അംഗങ്ങളും ഓർമ്മിക്കണം. ഒരു സമയത്തും പ്രതിപക്ഷനേതാവിന് അവസരം നൽകാത്ത സാഹചര്യമുണ്ടാകാറില്ല. (...ബഹളം...) ബന്ധപ്പെട്ട വിഷയത്തിന്റെ ധനാഭ്യർത്ഥന ചർച്ചയിൽ ആ വിഷയം കൊണ്ടുവരാൻ ശ്രമിക്കുന്നത് ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും നല്ലതാണെന്നാണ് ഞാൻ പറയുന്നത്. (...ബഹളം...) സഭയുടെ നിലവാരത്തിനും അന്തസ്സിനും ചേരുന്നത് അതായിരിക്കും. അംഗങ്ങളെല്ലാം ഇരിക്കു. പ്ലീസ്...പ്ലീസ്... ഇരിക്കു. (...ബഹളം...) ശ്രീ. എ. പ്രദീപ്കുമാർ, ശ്രീ. റ്റി. വി. രാജേഷ്, പ്ലീസ്..... ഇരിക്കു. ആർക്കെങ്കിലും ഒരാൾക്ക് മൈക്ക് തരാം. പാർലമെന്ററികാര്യ വകുപ്പുമന്ത്രി സംസാരിക്കട്ടെ.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, മുഖ്യമന്ത്രി മൈതാന പ്രസംഗം നടത്തിയെന്നാണ് പറഞ്ഞത്. അപ്പോൾ എങ്ങനെ പ്രതികരിക്കാതിരിക്കും.

മി. സ്പീക്കർ: ഇത് നിർഭാഗ്യകരമായ സാഹചര്യമാണ്. പ്ലീസ്... ദയവായി ഇരിക്കു. (...ബഹളം...)

ശ്രീ. എ. കെ. ബാലൻ: സർ, ശ്രീ.ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ ഞങ്ങൾ എന്ത് പറഞ്ഞു. (...ബഹളം...)

മി. സ്പീക്കർ: അംഗങ്ങൾ ദയവായി ഇരിക്കു. (...ബഹളം...) ബഹുമാനപ്പെട്ട മന്ത്രിമാരെങ്കിലും ദയവായി ഇയർ ഫോൺ ഉപയോഗിക്കണം.

## II. തിരുത്തിയ ഉത്തരം

### നക്ഷത്രചിഹ്നമിടാത്ത 2210 -ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 13-6-2019-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2210-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.* (...ബഹളം...)

മി. സ്പീക്കർ: എന്തിനാണ് ഈ ബഹളമെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഡിമാന്റ് ചർച്ചയുടെ മറുപടിയിൽ മുഖ്യമന്ത്രിക്ക് സംസാരിക്കാൻ അവസരവും അവകാശവുമുണ്ട്. അദ്ദേഹം എന്ത് പറയണമെന്ന് ചെയറിന് തീരുമാനിക്കാൻ നിർവ്വാഹമില്ല. (...ബഹളം...) നിയമസഭ നന്നായി കൊണ്ടുപോകേണ്ടതിന്റെ ഉത്തരവാദിത്വം കൂടുതലുള്ളത് ഭരണപക്ഷത്തിനാണ്. (...ബഹളം...) പ്ലീസ്...ഇരിക്കു.

## III. അടിയന്തര പ്രമേയ നോട്ടീസ്

മി. സ്പീക്കർ: റൂൾ 50 പ്രകാരം കിട്ടിയിട്ടുള്ള നോട്ടീസിനെ സംബന്ധിച്ച് ചെയർ ഒരു അഭിപ്രായപ്രകടനം നടത്താൻ ഉദ്ദേശിക്കുകയാണ്. ബഹുമാനപ്പെട്ട അംഗത്തിന് ഉദ്ദേശിക്കുന്ന വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള എല്ലാ അവകാശവുമുണ്ട്, അത് അനുവദിക്കാവുന്നതുമാണ്. എന്നാൽ ഇത് ചട്ടം 50 പ്രകാരം ശരിയാകുമെന്ന് തോന്നുന്നില്ല. 2016 ജൂണിൽ സമർപ്പിച്ച റിപ്പോർട്ടുമായി ബന്ധപ്പെട്ട ഒരു വിഷയമാണ് അടിയന്തരപ്രമേയമായി കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് ഇത് ഒന്നാമത്തെ സബ്മിഷനായി അനുവദിക്കാം. അദ്ദേഹം ഉദ്ദേശിച്ച കാര്യങ്ങൾ സഭയുടെ മുൻപാകെ കൊണ്ടുവരാം. ദയവായി അതിനോട് സഹകരിക്കണം. ( ...ബഹളം...)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ സംഭവത്തിൽ അടിയന്തരമായ ഉത്തരവിറക്കിയിട്ടുള്ളത് അടുത്ത കാലത്താണ്. അതിന് പണം കൊടുക്കാൻ പോകുന്ന, അതിനുള്ള ഉത്തരവിറങ്ങിയിട്ടുണ്ട് എന്നതാണ് അടിയന്തര സാഹചര്യം. ഇവിടെ വൻതോതിൽ റിയൽ എസ്റ്റേറ്റ് മാഫിയയ്ക്കുവേണ്ടിയുള്ള ഭൂമി ഇടപാടായി സംശയിക്കപ്പെടുകയാണ്. അതുകൊണ്ട് ഇത് ചർച്ചയ്ക്ക് എടുത്തേ മതിയാകൂ; റൂൾ 50 ഞങ്ങളുടെ അവകാശമാണ്. ഇത് recent occurrence

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

തന്നെയാണ്. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല സ്ഥാപിച്ചത് 2016 - ലാണെന്നുള്ളത് ശരിയാണ്. അതിന് ഭൂമി എടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യം നടക്കുന്നത് ഇപ്പോഴാണ്. It is relevant, so kindly allow us to move it. ഇതൊരു ഓൺഗോയിംഗ് പ്രോസസ്സിന്റെ അവസാനഘട്ടം എത്തി നിൽക്കുന്ന ഒരു കാര്യമാണ്. അതുകൊണ്ട് ഇത് recent occurrence തന്നെയാണ്. റൂൾ 50-ൽ വരുന്ന കാര്യമാണിത്. അതുകൊണ്ട് അങ്ങ് ഇത് അനുവദിച്ചേ മതിയാകൂ. ഗവൺമെന്റിന് പറയാനുള്ളത് പറയാം. ഞങ്ങൾക്ക് പറയാനുള്ളത് പറയണം. അങ്ങനെയൊരു പിടിവാശി അങ്ങ് എടുക്കരുത്. ഇത് ശരിയായ നടപടിയല്ല.

മി. സ്പീക്കർ: കഴിഞ്ഞ രണ്ടുദിവസമായി ഈ വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പല രൂപത്തിൽ ഈ സഭയിൽ ഉയർന്നുവന്നു. ഇത് വർഷങ്ങളായി ഘട്ടംഘട്ടമായി നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രക്രിയയാണ്. 2014-2015 കാലഘട്ടത്തിൽ ആരംഭിച്ച ഒരു പ്രക്രിയയും 2016 ജൂണിൽ കൊടുത്ത ഒരു റിപ്പോർട്ടുമാണിത്. വളരെ അടിയന്തര പ്രാധാന്യത്തോടുകൂടി ചർച്ച ചെയ്യേണ്ട വിഷയം അതിലില്ല. എന്നാൽ അദ്ദേഹത്തിന് ആ വിഷയം സബ്മിഷനായി അവതരിപ്പിച്ച് പറയാനുള്ളതെല്ലാം പറയാം; മന്ത്രി മറുപടി പറയും. ദയവായി അതിന് സഹകരിക്കണം. അടിയന്തരപ്രമേയത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് മനസ്സിലാക്കാത്ത ഒരു നിലപാട് സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ട്. (...ബഹളം...)

ശ്രീ. രമേശ് ചെന്നിത്തല: സർ, 3-6-2019-ലെ G.O(Rt).No. 892/2019 ഉത്തരവുപ്രകാരം നെഗോസിയേഷൻ നടന്നത് ശരിയാണ്. 2016-ലാണ് മലയാളം സർവ്വകലാശാല രൂപീകരിക്കപ്പെട്ടത്. അതൊരു പ്രൈവറ്റ് ക്യാമ്പസിലെ വാടകക്കെട്ടിടത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. 2019 ആറാം മാസമിറങ്ങിയ ഉത്തരവിന് അടിയന്തര പ്രാധാന്യമുള്ളതാണ്. അവിടെയാണ് റിയൽ എസ്റ്റേറ്റ് മാഫിയയ്ക്കുവേണ്ട സഹായമുണ്ടാകുന്നത്. അത് ഇവിടെയല്ലാതെ ഞങ്ങൾ എവിടെയാണ് ഉന്നയിക്കേണ്ടത്? അങ്ങയുടെ നിലപാട് ശരിയല്ല. Recent ഉത്തരവാണിത്. ആ ഉത്തരവിനെയാണ് ചോദ്യം ചെയ്യുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ചെയറിന് ഈ വിഷയം സഭയിൽ വരുന്നതിന് യാതൊരു തടസ്സവുമില്ല. അതിന് എല്ലാ അനുവാദവും നൽകാവുന്നതാണ്. ഇവിടെ വളരെ കാലങ്ങളായി നടന്നുവരുന്നതാണിത്. അല്ലാതെ ഒരു സുപ്രഭാതത്തിൽ ഒരു ഓർഡർ ഇറങ്ങിയതല്ല. ഇതേ വിഷയം വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന ചർച്ചയിൽ വളരെ വിശദമായി ഉന്നയിക്കപ്പെട്ടു; അതിന് മറുപടി പറഞ്ഞു. ഇതേ വിഷയം ചോദ്യോത്തരവേളയിൽ ഉന്നയിക്കപ്പെട്ടു; അതിന് മറുപടി പറഞ്ഞു. അതേ കാര്യം വീണ്ടും അടിയന്തര

പ്രമേയമായി കൊണ്ടുവരുന്നതിൽ യുക്തിയില്ലെന്നാണ് പറയുന്നത്. നിങ്ങൾക്ക് സബ്മിഷനായി കൊണ്ടുവരാവുന്നതാണ്. ...പ്ലീസ്... സഹകരിക്കണം. (...ബഹളം...) എന്താണോ അദ്ദേഹത്തിന് പറയാനുള്ളത് അതെല്ലാം സബ്മിഷനിൽ ഉന്നയിക്കാം. അടിയന്തരപ്രമേയത്തിന്റെ ചട്ടത്തിന് വിരുദ്ധമായ ഒരു കാര്യം അനുവദിക്കാൻ ദയവായി സമ്മർദ്ദം ചെലുത്തരുത്. പ്ലീസ്...പ്ലീസ്... അനുസരിക്കുക. (...ബഹളം...) സബ്മിഷനിൽ എന്ത് വേണമെങ്കിലും ഉന്നയിക്കാം. അഴിമതിയാരോപണം എഴുതിത്തന്നിട്ട് ഉന്നയിക്കാം. പ്ലീസ്... ദയവായി നിർബന്ധിക്കരുത്. ഇക്കാര്യത്തിൽ ചെയർ ഒരു നിലപാടെടുത്തു കഴിഞ്ഞു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ഡയസിന് മുന്നിൽവന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## IV. ശ്രദ്ധക്ഷണിക്കൽ

### ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്

ശ്രീമതി സി. കെ. ആശ: സർ, കേന്ദ്രസർക്കാർ വിൽക്കാൻ തീരുമാനിച്ചിട്ടുള്ള കോട്ടയം ജില്ലയിലെ വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിൽ സാമ്പത്തിക പ്രതിസന്ധിമൂലം ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കാത്തതിൽ ജീവനക്കാർ അനുഭവിക്കുന്ന കടുത്ത ജീവിത പ്രതിസന്ധിയാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. കേന്ദ്രസർക്കാർ എച്ച്.എൻ.പി.എൽ.-നെ വിൽക്കാൻ തീരുമാനിച്ചതിനെത്തുടർന്ന് ധനകാര്യ സ്ഥാപനങ്ങളെല്ലാം കയ്യൊഴിയുകയും എച്ച്.എൻ.പി.എൽ. അതീവ ഗുരുതര സാമ്പത്തിക പ്രതിസന്ധിയിലകപ്പെട്ടിരിക്കുകയുമാണ്. സ്ഥിതി കൂടുതൽ വഷളാകുന്ന വിധത്തിൽ മാനേജിംഗ് ഡയറക്ടറുടെ ഭാഗത്തുനിന്നും നിഷേധാത്മകവും തൊഴിലാളി ദ്രോഹപരവുമായ നിലപാടുകളും തുടർച്ചയായി വന്നുകൊണ്ടിരിക്കുന്നു. ഇതിന്റെ ഫലമായി കമ്പനി പ്രവർത്തിക്കാതിരിക്കുകയാണ്. അസംസ്കൃത വസ്തുക്കൾ ശേഖരിക്കാൻ ക്രിയാത്മകമായ യാതൊരു നടപടിയും മാനേജ്മെന്റിന്റെ ഭാഗത്തുനിന്ന് കൈക്കൊള്ളുന്നില്ല. സംസ്ഥാന വനം വകുപ്പിൽനിന്നും ടണ്ണിന് 1,000 രൂപയ്ക്ക് ലഭിക്കുന്ന തടി എടുക്കാതെ നാലിരട്ടിയിലേറെ പണം കൊടുത്ത് ആന്ധ്രയിൽനിന്നും തടി കൊണ്ടു വന്ന ഇനത്തിൽ കമ്പനിക്ക് കോടികളുടെ നഷ്ടം മാനേജ്മെന്റ് വരുത്തിവച്ചു. ഗുണനിലവാരമില്ലാത്ത കൽക്കരി എടുത്തപ്പോഴും

കമ്പനി ഭീമമായ നഷ്ടത്തിലേയ്ക്കാണ് കൂപ്പുകുത്തിയത്. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരോധനത്തെത്തുടർന്ന് കമ്പനി മാസങ്ങളോളം നിർത്തിവച്ചതിനുശേഷം ബോർഡ് ചൂണ്ടിക്കാണിച്ച വിഷയങ്ങളെല്ലാം പരിഹരിച്ചതിനെത്തുടർന്ന് പ്രവർത്തനാനുമതി ലഭ്യമായിട്ടും ഉല്പാദനം നടത്താൻ മാനേജ്മെന്റ് ശ്രമിക്കുന്നില്ല. ഈ സാഹചര്യത്തിൽ ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും ശമ്പളം ലഭിക്കാതെയായിട്ട് 8 മാസം കഴിഞ്ഞിരിക്കുകയാണ്. ജീവനക്കാർ ആത്മഹത്യയുടെ വക്കിലാണ്. രണ്ട് തൊഴിലാളികൾ ആത്മഹത്യാശ്രമം നടത്തിയെന്നാണ് ഇന്നലെ അറിയാൻ കഴിഞ്ഞത്. ഈ കമ്പനി ഇപ്പോൾ കടുത്ത മനുഷ്യാവകാശ ലംഘനമാണ് ജീവനക്കാരോട് കാണിക്കുന്നത്. അവരുടെ പി.എഫ്., ഇ.എസ്.ഐ., പെൻഷൻ ഫണ്ട്, ഭവന വായ്പാ ഗഡുക്കൾ, ഇൻഷ്വറൻസ് പ്രീമിയം എന്നിവയെല്ലാം കുടിശ്ശികയായിരിക്കുന്നു. എച്ച്.എൻ.പി.എൽ.-ന്റെ ബാങ്കിന്റെയും ആശുപത്രിയുടെയും സൂപ്പർ മാർക്കറ്റിന്റെയും പ്രവർത്തനങ്ങൾ സാമ്പത്തിക പരാധീനതമൂലം അവതാളത്തിലായിരിക്കുന്നതിനാൽ അതിന്റെ സേവനമൊന്നും ഇപ്പോൾ അവിടത്തെ ജീവനക്കാർക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ ലഭ്യമാകുന്നില്ല. 30 കോടി രൂപയിലധികം വൈദ്യുതി ബില്ലും 1,000 രൂപ നിരക്കിൽ ആവശ്യമായ അസംസ്കൃതവസ്തുവായ തടി നൽകുന്നതിന്റെ വില അടയ്ക്കുന്നതിൽ സാവകാശം തുടങ്ങി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഏറെ സഹായകരമായ നിലപാടാണ് ഇക്കാര്യത്തിൽ എടുത്തിട്ടുള്ളത്. എച്ച്.എൻ.പി.എൽ.-ന്റെ സ്വകാര്യ വൽക്കരണത്തിനെതിരെ പ്രമേയം പാസ്സാക്കിയതുൾപ്പെടെ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ചെയ്യാവുന്ന കാര്യങ്ങൾ –ആർജ്ജവത്തോടെ ചെയ്യുന്നുണ്ടെന്ന് ഉത്തമ ബോദ്ധ്യമുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിന്റെ പൊതുമേഖലാവിരുദ്ധ നിലപാടും മാനേജിംഗ് ഡയറക്ടറുടെ എച്ച്.എൻ.പി.എൽ. വിരുദ്ധ നിലപാടുകളും ചേർന്ന് ആയിരക്കണക്കിന് തൊഴിലാളികളെയും കുടുംബാംഗങ്ങളെയും പട്ടിണിയിലേയ്ക്കും ജീവിത സമരത്തിലേയ്ക്കും തള്ളിവിട്ടിരിക്കുന്ന വസ്തുത ഞാൻ ശ്രദ്ധക്ഷണിക്കലിലൂടെ ഗവൺമെന്റിനുമുന്നിൽ അറിയിക്കുന്നു. കേരളത്തിന് അഭിമാനകരമാംവിധം പ്രവർത്തിക്കുന്ന എച്ച്.എൻ.പി.എൽ.-നെ വീണ്ടും പ്രവർത്തനക്ഷമമാക്കുന്നതിനും ആയിരക്കണക്കിന് തൊഴിലാളികളെയും കുടുംബാംഗങ്ങളെയും ആത്മഹത്യയിൽ നിന്ന് രക്ഷിക്കുന്നതിനും ഗവൺമെന്റ് അടിയന്തരമായി ഇടപെടണമെന്നുകൂടി ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്. (...ബഹളം....)

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനമാണ് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്. കേന്ദ്ര സർക്കാരിന്റെ ഉദാരവൽക്കരണ നയത്തിന്റെ ഭാഗമായി നീതി ആയോഗിന്റെ ശിപാർശ പ്രകാരം ലാഭത്തിലുള്ള കേന്ദ്ര-പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾപോലും വിറ്റഴിക്കുന്ന നയമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. ഇത് സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നതോടൊപ്പം ജീവനക്കാരുടെ തൊഴിലിനും ആനുകൂല്യങ്ങൾക്കും ഒട്ടനവധി പ്രതിസന്ധികളുണ്ടാക്കുകയും അനുബന്ധ വ്യവസായങ്ങളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ നിലനിർത്തി മത്സരക്ഷമത ഉളവാക്കുന്നതിനുള്ള നയമാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. അത്തരത്തിലുള്ളൊരു സ്വകാര്യവൽക്കരണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് എച്ച്. എൻ. പി. എൽ. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന്റെ സബ്സിഡിയറി യൂണിറ്റാണ് കോട്ടയത്തെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്. ഇതിന്റെ ഓഹരികൾ വിറ്റഴിക്കാനുള്ള നടപടികൾ ആരംഭിച്ചപ്പോൾ വിഷയം സംബന്ധിച്ച് സർവ്വകക്ഷിയോഗം ചർച്ച ചെയ്യുകയും ടി സ്ഥാപനം പൊതുമേഖലയിൽതന്നെ നിലനിർത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് പലതവണ കത്തുകൾ അയയ്ക്കുകയും നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിന് അയയ്ക്കുകയും ചെയ്തിട്ടുള്ളതുമാണ്. വ്യാവസായിക വികസനത്തിനായിട്ടാണ് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് സ്ഥാപിക്കുന്നതിന് സംസ്ഥാനം ആവശ്യമായ ഭൂമിയെല്ലാം ഏറ്റെടുത്ത് നൽകിയിട്ടുള്ളത്. കമ്പനിയുടെ ഉൽപ്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളും ജലവും വൈദ്യുതിയും വളരെ കുറഞ്ഞ നിരക്കിലാണ് സംസ്ഥാനം നൽകിവരുന്നത്. സംസ്ഥാന സർക്കാരിന് ഭൂമിയിലുള്ള അവകാശം കേന്ദ്ര സർക്കാരിനെയും എച്ച്.പി.സി.എൽ.-നെയും അറിയിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ നിലപാടിൽ ഒരു മാറ്റവുമുണ്ടാകാത്ത സാഹചര്യത്തിൽ എച്ച്.എൻ.പി.എൽ.-ന്റെ ആസ്തി ഒരു രൂപ നിരക്കിൽ ഏറ്റെടുക്കാൻ തയ്യാറാണെന്ന് കാണിച്ച് കത്തയച്ചിരുന്നു. അതിനിടെ ഹോൾഡിംഗ് കമ്പനിയായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന്റെ ലിക്വിഡേഷൻ ഉത്തരവ് National Company of Law Tribunal-ലേയ്ക്ക് അയയ്ക്കുകയും ചെയ്തു. സംസ്ഥാന സർക്കാരും എൻ.സി.എൽ.ടി. മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും ഇതിൽ സംസ്ഥാന സർക്കാർ കക്ഷിയല്ലാത്തതിനാൽ അത് പരിഗണിക്കാതെ പോയി. ഒഫിഷ്യൽ ലിക്വിഡേറ്ററെ ഇപ്പോൾ നിയമിച്ചിരിക്കുകയാണ്. ഇവിടെ ഏറ്റെടുക്കൽ നടപടി ഒരു തിരിച്ചടിയായി. എന്നിരുന്നാലും എച്ച്.എൻ.പി.എൽ.-ന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങളും

നിലവിലുള്ള ബാധ്യതകളും തീർക്കുന്നതിന് സുവ്യക്തമായ നിർദ്ദേശങ്ങളടങ്ങിയ വിശദമായ റിപ്പോർട്ട് സഹിതം എച്ച്.പി.സി.എൽ.-ന്റെ ഒഫിഷ്യൽ ലിക്വിഡേറ്ററെ സമീപിച്ചു. കോടതി മുഖാന്തരം എച്ച്.എൻ.പി.എൽ.-നെ ലിക്വിഡേഷനിൽനിന്നും ഒഴിവാക്കി ടി സ്ഥാപനത്തെ കേരള സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി വിശദമായി റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കാൻ റിയാബിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ശ്രീ. ഷാഫി പറമ്പിൽ സീറ്റിൽ ഇല്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങയോടുള്ള എല്ലാ ബഹുമാനത്തോടുംകൂടി ഞാനൊരു കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. അടിയന്തരപ്രമേയം പ്രതിപക്ഷത്തിന്റെ അവകാശമാണ്. Recent occurrence ആണ് ഞങ്ങൾ ഉന്നയിച്ചത്. 2016-ലാണ് തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല സ്ഥാപിച്ചത്. അതിന്റെ ക്യാമ്പസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ടി സർവ്വകലാശാലയ്ക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രോസസ്സാണെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. What is the recent occurrence? 3-6-2019-ലാണ് ഇതിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് അന്തിമമായ തീരുമാനമെടുത്തതെന്ന് ഇവിടെ ചൂണ്ടിക്കാണിച്ചു. (...ബഹളം...) ഞാൻ അതിന്റെ മെരിറ്റിലേയ്ക്ക് കടക്കുന്നില്ല. പക്ഷെ കോടി ക്കണക്കിന് രൂപയുടെ കമ്മീഷൻ പറ്റിയെന്നും ഭൂമി ഏറ്റെടുത്തത് സംബന്ധിച്ചും ആക്ഷേപങ്ങൾ നിലനിൽക്കുകയാണ്. ഇതുസംബന്ധിച്ച് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്.

മി.സ്പീക്കർ: ഇതെല്ലാം ഉന്നയിക്കാൻ അവസരം നൽകാമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇത് recent occurrence അല്ലെന്ന് അങ്ങ് പറഞ്ഞത് ശരിയായില്ലെന്നാണ് എനിക്ക് പറയാനുള്ളത്. അത് ദൗർഭാഗ്യകരമായിപ്പോയി. അങ്ങയുടെ റൂളിംഗിനെ ഞാൻ ബഹുമാനിക്കുന്നു. പക്ഷെ അങ്ങിത് പരിശോധിക്കേണ്ടതായിരുന്നു. It is a recent occurrence. അടുത്തഘട്ടമായി രണ്ടുമൂന്ന് ദിവത്തിനുള്ളിൽ ഈ ഭൂമിക്ക് പണം നൽകാൻ പോകുകയാണ്. ഇതൊരു recent occurrence ആയതുകൊണ്ടും ഇതിന്റെ നിജസ്ഥിതി ജനങ്ങളെ ബോധ്യപ്പെടുത്തേണ്ട ഉത്തരവാദിത്വം ഞങ്ങൾക്കുള്ളതുകൊണ്ടുമാണ് റൂൾ 50 ആയി ഇക്കാര്യം അനുവദിക്കണമെന്ന് അങ്ങയോട് ആവശ്യപ്പെട്ടത്. അങ്ങ് ഇത് അനുവദിക്കേണ്ടതായിരുന്നു.

മി. സ്പീക്കർ: ആദ്യത്തെ സബ്മിഷനായി ഇത് ഉന്നയിക്കാമെന്ന് ഞാൻ പറഞ്ഞല്ലോ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇക്കാര്യം ഡിമാന്റ് ചർച്ചയിൽ ഉയർന്നുവന്നത് ശരിയാണ്. പക്ഷെ ഇത് അടിയന്തര പ്രാധാന്യമുള്ളതല്ലെന്ന് അങ്ങ് പറഞ്ഞത് ശരിയായില്ലെന്നാണ് എനിക്ക് പറയാനുള്ളത്. ജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കേണ്ട വിഷയമാണ് സഭയിൽ ഞങ്ങൾക്ക് ഉന്നയിക്കാനുള്ളത്. അതുകൊണ്ട് ഇത് reconsider ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ഇത് ഒന്നാമത്തെ സബ്മിഷനായി അവതരിപ്പിക്കാൻ അനുവാദം നൽകാവുന്നതാണ്. ദയവായി പ്രതിപക്ഷനേതാവ് സഹകരിക്കണം.

(അടിയന്തപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## V. സബ്മിഷൻ

### (1) അഗ്നി രക്ഷാനിലയം

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ശബരിമലയുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രമാണ് പന്തളം. പന്തളത്ത് നേരത്തെ അനുവദിച്ച ഫയർ സ്റ്റേഷൻ തുടങ്ങാൻ കഴിഞ്ഞിരുന്നില്ല. നൂറുകണക്കിന് തദ്ദേശീയരും അന്യസംസ്ഥാന തീർത്ഥാടകരും ദിവസേന എത്തിക്കൊണ്ടിരിക്കുന്ന പന്തളത്ത് അച്ചൻകോവിലാറിന്റെ സമീപം വെള്ളപ്പൊക്ക ഭീഷണിയും ദേശീയപാത എം.സി. റോഡിന്റെ അപകട ബാഹുല്യവും ഭക്തജനത്തിരക്കും അനവധി അത്യാഹിതങ്ങളും നടക്കുന്നത് യഥാസമയം കൈകാര്യം ചെയ്യുന്നതിന് സാധിക്കാത്ത ദയനീയാവസ്ഥയാണുള്ളത്. സ്ഥലലഭ്യതയില്ലായ്മ കാരണമാണ് ഈ പദ്ധതി തുടങ്ങാൻ കഴിയാതിരുന്നത്. എന്നാൽ നിലവിൽ പന്തളം നഗരസഭ കുരമ്പാല വില്ലേജിൽ 37 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിന് മുനിസിപ്പൽ കൗൺസിൽ അനുമതി നൽകിയിട്ടുണ്ട്. അതിനോടൊപ്പം അതിനാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് വാടകയ്ക്ക് കെട്ടിടം എടുത്ത് നൽകാമെന്നും ഉറപ്പ് നൽകിയിട്ടുണ്ട്. സർക്കാരിന് സാമ്പത്തിക പരിമിതി ഉണ്ടെങ്കിലും ഫയർ സ്റ്റേഷൻ തുടങ്ങുന്നതിന് ആവശ്യമായ തസ്തികകൾ മാത്രം സൃഷ്ടിച്ച് ബാക്കിയുള്ളവ പുനഃക്രമീകരണത്തിലൂടെ സാധ്യമാക്കിയും സംസ്ഥാനത്തെ ശ്രദ്ധേയമായ തീർത്ഥാടന കേന്ദ്രമായ പന്തളത്ത് നിലവിലുള്ള ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുമാവശ്യമായ നടപടിയുണ്ടാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാനത്ത് പുതിയതായി അഗ്നിരക്ഷാനിലയങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച 17-1-2001-ലെ സർക്കാർ ഉത്തരവുപ്രകാരം അംഗീകരിച്ച പട്ടികയിൽ പന്തളവും ഉൾപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ അഗ്നിരക്ഷാ നിലയം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അഗ്നിരക്ഷാ നിലയം ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം പന്തളം കുരമ്പാല വില്ലേജിൽ കൈമാറ്റം ചെയ്ത് നൽകാൻ പന്തളം നഗരസഭാ കൗൺസിൽ സന്നദ്ധത അറിയിച്ചിട്ടുണ്ട്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട സ്ഥലമെന്ന നിലയിൽ പന്തളത്ത് പുതിയ അഗ്നിരക്ഷാ നിലയം ആരംഭിക്കേണ്ടത് പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. സംസ്ഥാനത്ത് പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് വകുപ്പുതല പഠനം നടത്തി ലഭ്യമാക്കിയ സ്ഥലങ്ങളുടെ മുൻഗണനാ ലിസ്റ്റ് പരിഗണിക്കുന്നതോടൊപ്പം പന്തളത്ത് അഗ്നിരക്ഷാ നിലയം ആരംഭിക്കുന്ന കാര്യവും ഉൾപ്പെടുത്തുന്നതാണ്.

### (2) ധനസഹായ അപേക്ഷകൾക്കുള്ള കാലാവധി

ശ്രീ. അൻവർ സാദത്ത്: സർ, സംസ്ഥാനത്തുണ്ടായ പ്രളയവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയത്തിൽ തർക്കമുണ്ടായാൽ അപ്പീൽ നൽകുന്നതിനുള്ള അവസാന തീയതി ജൂൺ 30 വരെയാണ്. അത് ജൂലൈ 31 വരെ നീട്ടിയാൽ മാത്രമേ അർഹരായവർക്ക് അവസരം ലഭിക്കുകയുള്ളൂ. പ്രളയദുരന്തത്തിൽ വീട് നഷ്ടമായവർക്ക് അപ്പീൽ സമർപ്പിക്കേണ്ട അവസാന തീയതി ജൂലൈ 31 വരെ നീട്ടിക്കൊടുക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. വീട്ടുപകരണങ്ങൾ ഉൾപ്പെടെയുള്ളവയ്ക്ക് നഷ്ടപരിഹാരം നൽകാൻ അപേക്ഷകൾ കൊടുക്കേണ്ട അവസാന തീയതി ജൂലൈ 31 വരെ നീട്ടിക്കൊടുക്കണമെന്നും അപേക്ഷിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, വളരെ ദീർഘമായ കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ ഉന്നയിച്ചിരിക്കുന്നത്. വീടിനും വീട്ടുപകരണങ്ങൾക്കും നാശനഷ്ടം സംഭവിച്ചാൽ അതിനുള്ള നഷ്ടപരിഹാരത്തുക കണക്കാക്കി നേരത്തെ കൊടുത്തുകഴിഞ്ഞിട്ടുണ്ട്. എന്തെങ്കിലും കാരണത്താൽ വിട്ടുപോയിട്ടുണ്ടെ ങ്കിൽ അപേക്ഷ നൽകാൻ ധാരാളം സന്ദർഭവും നൽകി. ബഹുമാനപ്പെട്ട ഹൈക്കോടതി ആവശ്യപ്പെട്ടതനുസരിച്ച് ജനുവരി 31 എന്നുള്ളത് മാർച്ച് 31 വരെ സമയം ദീർഘിപ്പിച്ചുകൊടുത്തു. അതിപ്പോൾ ജൂൺ 30 വരെ ദീർഘിപ്പിച്ചിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ദീർഘമായ മറുപടിക്ക് ഞാനില്ല.

സംസ്ഥാനത്ത് 2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിലുണ്ടായ പ്രളയത്തിൽ, രണ്ട് ദിവസത്തിലധികം വെള്ളം കെട്ടിക്കിടന്നതോ 75 ശതമാനമോ അതിലധികമോ നാശനഷ്ടം സംഭവിച്ചതോ ആയ വീടുകളിൽ താമസിച്ചിരുന്ന കുടുംബങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്ന് അനുവദനീയമായ 3,800 രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 6,200 രൂപയും ചേർത്ത് ആകെ 10,000 രൂപവീതം അടിയന്തര ദുരിതാശ്വാസം അനുവദിച്ചിരുന്നു. പ്രസ്തുത ദുരിതാശ്വാസം ലഭിക്കാത്തവരിൽനിന്നും അപേക്ഷകൾ സ്വീകരിക്കുന്നതിനും അത്തരം അപേക്ഷകൾ പരിശോധിച്ച് അർഹരായവർക്ക് തുക അനുവദിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും അതിനാവശ്യമായ സംവിധാനങ്ങളൊരുക്കുകയും ചെയ്തിരുന്നു. 692966 കുടുംബങ്ങൾക്കാണ് 10,000 രൂപയുടെ അടിയന്തര സഹായം നൽകിയത്. വെള്ളം കയറിയതുമൂലം വീടുകളിലെ സാധന സാമഗ്രികൾക്ക് നാശനഷ്ടം സംഭവിച്ച മുഴുവൻ കുടുംബാംഗങ്ങൾക്കും വാടകവീടുകളിൽ താമസിക്കുന്നവർക്കും ഇതിന് അർഹതയുണ്ട്. വീടുകൾക്കുണ്ടായ നാശനഷ്ടങ്ങൾക്ക് രാജ്യത്തുതന്നെ ആദ്യമായി ഉയർന്ന അളവിൽ മിനിമം റിലീഫ് കോഡ് നിർണ്ണയിക്കുകയും അതിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്ന് അനുവദനീയമായ തുകയ്ക്കുപുറമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുകൂടി തുക വകയിരുത്തിയുമാണ് ദുരന്തബാധിതർക്ക് ധനസഹായം അനുവദിച്ചിരിക്കുന്നത്. അതുപ്രകാരം പൂർണ്ണമായി തകർന്ന വീടുകൾക്ക് 4 ലക്ഷം രൂപയും ഭാഗികമായി തകർന്ന വീടുകളിൽ 15 ശതമാനം വരെയുള്ളതിന് 10,000 രൂപയും 16 മുതൽ 29 ശതമാനം വരെയുള്ളതിന് 60,000 രൂപയും 30 മുതൽ 59 ശതമാനം വരെയുള്ളതിന് 1,25,000 രൂപയും 60 മുതൽ 74 ശതമാനം വരെയുള്ളതിന് 2,25,000 രൂപയുമാണ് അനുവദിച്ചിരിക്കുന്നത്. ഇതുസംബന്ധിച്ച് കഴിഞ്ഞ ദിവസം വിശദീകരിച്ചതാണ്. 9933 പേരാണ് സ്വയം വീട് നിർമ്മിക്കാൻ തയ്യാറായത്. ഇവരിൽ 9737 പേർക്ക് ആദ്യഗഡു പണം നൽകി. 6756 കുടുംബങ്ങൾക്ക് രണ്ടാം ഗഡുവും 4544 കുടുംബങ്ങൾക്ക് മൂന്നാം ഗഡുവും നൽകി. 2995 വീടുകൾ പൂർത്തിയായി, 1990 വീടുകൾ കെയർ ഹോം പദ്ധതിയിലാണ് നിർമ്മിക്കുന്നത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം കാലാവധി നീട്ടാൻ മാത്രമേ ആവശ്യപ്പെട്ടിട്ടുള്ളൂ.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ഇതിൽ 1925 വ്യക്തികൾക്ക് ആദ്യ ഗഡു നൽകി. 1399 വീടുകളുടെ പണി പൂർത്തിയായി. 507 വീടുകൾ നിന്ന സ്ഥലം വാസയോഗ്യമല്ല. ഇവയിൽ 416 കുടുംബങ്ങൾക്കുള്ള സ്ഥലം കണ്ടെത്തി നൽകിക്കഴിഞ്ഞു. 1259 വീടുകൾ പുറമ്പോക്കിലായിരുന്നു. ഇതിൽ 743 കുടുംബങ്ങൾക്ക് സർക്കാർ ഭൂമി കണ്ടെത്തി നൽകി.

മി. സ്പീക്കർ: തീയതി നീട്ടി നൽകുന്നതുമായി ബന്ധപ്പെട്ടാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ ഇക്കാര്യങ്ങളൊന്നും ചോദിച്ചിട്ടില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അദ്ദേഹം ഇതൊക്കെ ചോദിച്ചിരിക്കുകയാണ്. അദ്ദേഹത്തിന്റെ സബ്മിഷനിൽ ഇക്കാര്യങ്ങളെല്ലാം എഴുതിത്തന്നിട്ടുണ്ട്. അതുകൊണ്ടാണ് ഈ മറുപടി ഞാൻ പറഞ്ഞത്. ഞാൻ ഒന്നുകൂടി ആവർത്തിക്കുന്നു, ജൂൺ 30-ാം തീയതിവരെയാണ് സമയം അനുവദിച്ചിരിക്കുന്നത്. അത് നീട്ടിക്കൊടുക്കുന്നതിന് യാതൊരു സാധ്യതയുമില്ല. അപ്പീൽ നൽകുന്നതിനുള്ള അവസാന തീയതി ജൂൺ 30 തന്നെയാണ്.

## (3) താലൂക്ക് രൂപീകരണം

ശ്രീ. പി. സി. ജോർജ്: സർ, ഈരാറ്റുപേട്ട കേന്ദ്രമായി പൂഞ്ഞാർ താലൂക്ക് രൂപീകരിക്കണമെന്നതാണ് എന്റെ സബ്മിഷന് ആധാരമായ വിഷയം. ഞാൻ ഈ സഭയിലേയ്ക്ക് ആദ്യമായി വന്നത് 1980-ലാണ്. 1981-ൽ—ഈ സഭയിൽ അവതരിപ്പിച്ച സബ്മിഷന് ആധാരമായതും ഈരാറ്റുപേട്ട കേന്ദ്രമായി പൂഞ്ഞാർ താലൂക്ക് എന്നതായിരുന്നു. ഇപ്പോഴത്തെ മന്ത്രിയുടെ നേതാവും കോട്ടയം ജില്ലക്കാരനും വൈക്കം സ്വദേശിയുമായ പി. എസ്. ശ്രീനിവാസൻ, ഞാൻ കൊടുത്ത സബ്മിഷന്റെ അടിസ്ഥാനത്തിൽ ഫയലുണ്ടാകുകയും പൂഞ്ഞാർ താലൂക്കും ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുക എന്നെഴുതി 1981-ൽ ഫയൽ താഴെത്തട്ടിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. അതിനാൽ ഈ വിഷയം പരിഗണിക്കാം, ആലോചിക്കാം എന്നതരത്തിൽ മറുപടി പറഞ്ഞിട്ട് കാര്യമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഇക്കാര്യം സ്പെഷ്യൽ കേസ്സായി പരിഗണിക്കണം. 38 വർഷമായി ഞാൻ ഈ വിഷയം സഭയിൽ ഉന്നയിക്കാൻ തുടങ്ങിയിട്ട്. അങ്ങ് ദീനാനുകമ്പ കാണിക്കണം. മീനച്ചിൽ താലൂക്ക് വിഭജിച്ച് ഈരാറ്റുപേട്ട കേന്ദ്രമായി പൂഞ്ഞാർ താലൂക്ക് രൂപീകരിക്കാനുള്ള നടപടിയുണ്ടാകണം. ന്യൂനപക്ഷ കമ്മീഷൻ റിപ്പോർട്ടിൽ കോട്ടയം ജില്ലയിലെ ഏക പ്രദേശമായി ഉൾപ്പെടുത്തിയിരിക്കുന്നത് ഈരാറ്റുപേട്ടയാണെന്ന കാര്യംകൂടി അങ്ങ് സ്മരിക്കണം. ആ പ്രാധാന്യംകൂടി ഞാൻ ഉൾപ്പെടുത്തുകയാണ്. ഈ വിഷയത്തിൽ പോസിറ്റീവായ മറുപടി ആഗ്രഹിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ ): സർ, ശ്രീ. പി. സി. ജോർജ് എം.എൽ.എ. ചൂണ്ടിക്കാണിച്ച നിർദ്ദേശം മുൻകാലങ്ങളിലും വന്നിട്ടുള്ളതാണ്. അതുസംബന്ധിച്ച് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന വിശദമായ

പരിശോധനയിൽ റവന്യൂ കമ്മീഷണർ ഉൾപ്പെടെയുള്ളവരുടെ റിപ്പോർട്ടുകൾ ലഭിക്കാൻ കാത്തിരിക്കുകയാണ്. കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിന്റെ ആകെ വിസ്തൃതി 70204.4281 ഹെക്ടർ ആണ്. ഇതിൽ 61994.2729 ഹെക്ടർ കരഭൂമിയാണ്. നിലവിൽ ഈ താലൂക്കിനെ 28 വില്ലേജുകളായി വിഭജിച്ചിട്ടുള്ളതാണ്. താലൂക്കിനെ ഫർക്ക അടിസ്ഥാനത്തിൽ തിരിച്ചിരുന്ന സമയത്ത് പൂഞ്ഞാർ, മീനച്ചിൽ, ഉഴവൂർ എന്നീ മൂന്ന് ഫർക്കകളായി തിരിച്ചിരുന്നു. പൂഞ്ഞാർ ഫർക്കയിൽ ഉണ്ടായിരുന്ന വില്ലേജുകൾ തലനാട് (പഴയ പൂഞ്ഞാർ വടക്കേക്കര), തീക്കോയി, മേലുകാവ്, മൂന്നിലവ്, പൂഞ്ഞാർ തെക്കേക്കര, പൂഞ്ഞാർ, പൂഞ്ഞാർ നടുഭാഗം, ഈരാറ്റുപേട്ട, കൊണ്ടൂർ, തലപ്പാലം എന്നിവയാണ്. മീനച്ചിൽ ഫർക്കയിൽ വന്നിരുന്നത് ഭരണങ്ങാനം, കടനാട്, ളാലം, മീനച്ചിൽ, പൂവരണി, പുലിയന്നൂർ, വള്ളിച്ചിറ എന്നീ വില്ലേജുകളും ഉഴവൂർ ഫർക്കയിൽ ബാക്കി വില്ലേജുകളും ഉൾപ്പെട്ടിരിക്കുന്നു. നിർദ്ദിഷ്ട താലൂക്കിന്റെ അതിരുകൾ, വടക്ക് - തൊടുപുഴ താലൂക്ക്, കിഴക്ക്- തൊടുപുഴ, പീരുമേട് താലൂക്കുകൾ, പടിഞ്ഞാറ് - കടനാട് ഭരണങ്ങാനം, പൂവരണി വില്ലേജുകൾ (മീനച്ചിൽ താലൂക്ക്), തെക്ക്- കാഞ്ഞിരപ്പള്ളി താലൂക്ക്.

ഇതിൽ പൂഞ്ഞാർ ഫർക്കയിൽ വരുന്ന വില്ലേജുകളുടെ ആകെ വിസ്തീർണ്ണം 30956.42 ഹെക്ടറാണ്. ഇതിൽ ഓരോ വില്ലേജുകളും കുന്നും മലയും നിറഞ്ഞ മലമ്പ്രദേശങ്ങളും പ്രകൃതിക്ഷോഭം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന സ്ഥലങ്ങളുമാണ്.

നിർദ്ദിഷ്ട പൂഞ്ഞാർ താലൂക്കിൽ ഉൾപ്പെട്ടുവരുന്ന മൂന്നിലവും മേലുകാവും വില്ലേജുകൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂരിപക്ഷമുള്ള വില്ലേജുകളാണ്. കോട്ടയം ജില്ലയിൽ വളരെയധികം പ്രകൃതിക്ഷോഭം നിലവിൽ അനുഭവപ്പെടുന്ന വില്ലേജുകളാണ് പൂഞ്ഞാർ നടുഭാഗം, പൂഞ്ഞാർ തെക്കേക്കര, തീക്കോയി, മൂന്നിലവ് പ്രദേശങ്ങൾ. പ്രസ്തുത വില്ലേജുകളിലെ പ്രകൃതിക്ഷോഭങ്ങൾക്ക് ദ്രുതഗതിയിൽ സഹായം എത്തിക്കുന്നതിനും ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പുതിയ താലൂക്കിന്റെ രൂപീകരണം സഹായിക്കും. നിർദ്ദിഷ്ട പൂഞ്ഞാർ താലൂക്കിൽ ഉൾപ്പെട്ടുവരുന്ന ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി കേരളത്തിലെ ഏറ്റവുമധികം ജനസാന്ദ്രതയേറിയ പ്രദേശങ്ങളിലൊന്നാണ്. നിലവിലുള്ള മീനച്ചിൽ താലൂക്കിലെ സീറോ ലാന്റ്ലെസ് പദ്ധതിയിൽ ആകെ നൽകുന്ന പട്ടയങ്ങളിൽ 90 ശതമാനത്തിനുമുകളിൽ പട്ടയം നൽകുന്നതും നിർദ്ദിഷ്ട പൂഞ്ഞാർ താലൂക്കിലെ പൂഞ്ഞാർ നടുഭാഗം, തീക്കോയി വില്ലേജുകളിൽ

ഉൾപ്പെട്ടുവരുന്ന സ്ഥലങ്ങളിലാണ്. നിലവിലെ താലൂക്കായ മീനച്ചിൽ താലൂക്കിൽനിന്നും നിർദ്ദിഷ്ട പൂഞ്ഞാർ താലൂക്കിലെ മിക്ക വില്ലേജുകളിലേയ്ക്കും 25 കിലോമീറ്ററിൽ കൂടുതൽ ദൂരമുണ്ട്. ഈ സാഹചര്യത്തിൽ പൂഞ്ഞാർ താലൂക്ക് രൂപീകരിക്കുന്നത് ടി താലൂക്കിന്റെ പരിധിയിൽ വരുന്ന ജനങ്ങൾക്ക് സൗകര്യപ്രദമാകുമെന്ന് കോട്ടയം ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെയടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ടീമിന്റെ റിപ്പോർട്ട് ലഭ്യമായതിനുശേഷം ഈ വിഷയത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

### (4) തുക അനുവദിക്കൽ

ശ്രീ. എ. പ്രദീപ് കുമാർ: സർ, സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ 2018-19 വർഷത്തിൽ അഭിമാനകരമായിട്ടുള്ള നേട്ടം കൈവരിക്കുകയുണ്ടായി. ജനകീയാസൂത്രണ ത്തിന്റെ 20 വർഷത്തെ ചരിത്രത്തിലാദ്യമായി 12 മാസവും പദ്ധതി നിർവ്വഹണത്തിന് മാറ്റിവയ്ക്കാനും പദ്ധതി ചെലവിൽ റെക്കോർഡ് സൃഷ്ടിച്ചുകൊണ്ട് അത് 93 ശതമാനത്തിലേയ്ക്ക് എത്തിക്കാനും ഈ കാലയളവിൽ സാധിച്ചിട്ടുണ്ട്. ഇതേ സാമ്പത്തിക വർഷം കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിയുടെ ഭാഗമായി അനുവദിക്കപ്പെട്ട 6,723.19 കോടി രൂപയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിനിയോഗിക്കാൻ കഴിഞ്ഞത് 5,693.08 കോടി രൂപയാണ്. അതായത്, 1,025.83 കോടി രൂപ മാത്രമാണ് ചെലവഴിക്കാൻ ബാക്കിയായി അവശേഷിച്ചത്. മാർച്ച് 23-ന് മുമ്പായി ബില്ലുകൾ സമർപ്പിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. പ്രോജക്ട് നിർവ്വഹണം പൂർത്തീകരിച്ചശേഷം സമർപ്പിച്ച ബില്ലുകളെല്ലാം ക്യൂവിൽ ഉൾപ്പെടുത്തുകയാണുണ്ടായത്. എന്നാൽ ഇപ്രകാരം ട്രഷറികളിൽ ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ട 846.55 കോടി രൂപയുടെ ബില്ലുകൾ മാർച്ച് 31-നകം മാറി നൽകുകയുണ്ടായില്ല. ഈ തുക 2019-20 വർഷത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കപ്പെട്ട ഒന്നാം ഗഡു തുകയിൽനിന്ന് നൽകുന്നതിനായി ധനകാര്യ വകുപ്പിൽനിന്നും ഉത്തരവ് നൽകുകയുണ്ടായി. ഇപ്രകാരം പ്രസ്തുത തുക ട്രഷറികളിൽനിന്ന് ഇപ്പോൾ നൽകിവരുന്നുണ്ട്. എന്നാൽ 2019-20 വർഷത്തെ പദ്ധതികൾക്ക് മുൻവർഷങ്ങളിൽനിന്ന് വ്യത്യസ്തമായി ഡിസംബർ 31-ന് മുമ്പുതന്നെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പദ്ധതികൾ തയ്യാറാക്കി ജില്ലാ ആസൂത്രണ

സമിതിക്ക് സമർപ്പിച്ചുകഴിഞ്ഞു. പ്രളയം ഉൾപ്പെടെയുള്ള വലിയ പ്രതിസന്ധികളും ബുദ്ധിമുട്ടുകളുമൊക്കെ കടന്നുവന്നിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ 2019-20 വർഷത്തെ പദ്ധതിയിൽനിന്ന് ക്യൂ ബിൽ തുക ഉൾപ്പെടെ നൽകേണ്ട സാഹചര്യമാണെന്ന തരത്തിലുള്ള പരാതികൾ എല്ലാവരും പറയുന്നുണ്ട്. സ്പിൽ ഓവർ തുകയുൾപ്പെടെ 120 ശതമാനം തുകയ്ക്ക് പദ്ധതി തയ്യാറാക്കുന്നതിന് ഗ്രാമ-ബ്ലോക്ക്-മുനിസിപ്പാലിറ്റികൾക്കും 130 ശതമാനം വരെ പദ്ധതി തയ്യാറാക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും അനുമതി നൽകിയിട്ടുണ്ട്. എങ്കിലും സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പുതിയ വാർഷിക പദ്ധതി രൂപീകരണത്തിൽ ഇപ്പോൾ നിരവധി ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. ചില തദ്ദേശഭരണ സ്ഥാപനങ്ങളിലെങ്കിലും 20 ശതമാനത്തിലധികം തുക ക്യൂ ബില്ലിൽ ഉൾപ്പെട്ട് നിൽക്കുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടേതല്ലാത്ത കാരണങ്ങൾകൊണ്ടാണ് ഇത്തരമൊരു പ്രതിസന്ധി വന്നിട്ടുള്ളത്. അത് പരിഗണിച്ചു കൊണ്ട് നിലവിൽ ക്യൂ ബില്ലിൽ ഉൾപ്പെട്ടിരുന്ന 846.55 കോടി രൂപയെങ്കിലും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേകമായി അനുവദിക്കുന്നതിനും അതുവഴി നിലവിലുള്ള പുതിയ വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രതിസന്ധി പരിഹരിക്കുന്നതിനും സഹായകരമായിട്ടുള്ള നിലപാട് ധനകാര്യ വകുപ്പ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇതുതന്നെയാണ് അടിയന്തരപ്രമേയമായി ഞങ്ങൾ കഴിഞ്ഞ ദിവസം കൊണ്ടുവന്നത്. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളെല്ലാം വികസനസ്തംഭനം നേരിടുകയാണ്.

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ് കുമാറിനും പറയാൻ അവകാശമുണ്ടല്ലോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പൂർണ്ണമായി ശ്രീ. എ. പ്രദീപ് കുമാറിനെ സപ്പോർട്ട് ചെയ്യുകയാണ്. സപ്പോർട്ട് ചെയ്യാനും സമ്മതിക്കില്ലേ; എതിർക്കുകയല്ല ചെയ്യുന്നത്. സപ്പോർട്ട് ചെയ്യുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഈ സബ്മിഷന്റെ പ്രമേയം അടിയന്തരപ്രമേയത്തിൽ അവതരിപ്പിച്ചിരുന്നപ്പോൾ അതിന് വ്യക്തമായ മറുപടിയും നൽകി. എന്നാൽ ഇപ്പോൾ സബ്മിഷൻ ഉന്നയിച്ച ശ്രീ. എ. പ്രദീപ് കുമാറിനും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനും ഞാൻ നൽകിയ ഉത്തരത്തെക്കുറിച്ച് സംശയങ്ങൾ ഇനിയും ബാക്കിയുണ്ടെന്ന് തോന്നുന്നു. ഒന്ന്, കഴിഞ്ഞവർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 85 ശതമാനം തുക ചെലവഴിച്ചത് റെക്കോർഡാണ്. രണ്ട്, എന്നിട്ടും 833 കോടി രൂപയുടെ ബില്ലുകൾ ട്രഷറിയിൽ ക്യൂവായി വയ്ക്കേണ്ടിവന്നു. അതുകൂടി ഉൾപ്പെടുത്തുകയാണെങ്കിൽ

ചെലവ് 94 ശതമാനമാണ്. മൂന്ന്, ഈ തുകയിൽ ഏതാണ്ട് 18 കോടി രൂപ ഒഴികെ ബാക്കിയെല്ലാ ബില്ലുകൾക്കും പണം നൽകിക്കഴിഞ്ഞു. നാല്, ഇങ്ങനെ കഴിഞ്ഞ വർഷം നൽകിയ തുക അധികമായി ഈ വർഷം നൽകുമെന്നുള്ളതിനു വേണ്ടിയാണ് 20 ശതമാനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അഡീഷണലായി അവരുടെ പ്ലാനിൽ ഉൾക്കൊള്ളിച്ച് പ്ലാൻ റിവൈസ് ചെയ്യാം എന്ന് ഉത്തരവ് നൽകിയിട്ടുള്ളത്. അപ്പോഴാണ് ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും ക്യൂ ബിൽ ഇതിനേക്കാൾ കൂടുതലുണ്ടാകുമെന്ന് പറഞ്ഞത്. അപ്പോൾ അവർക്ക് 30 ശതമാനമാക്കി. ഇതുകൊണ്ടും ഏതെങ്കിലും തദ്ദേശ ഭരണ സ്ഥാപനത്തിന് തികയുന്നില്ലെങ്കിൽ അവർക്ക് കൂടുതൽ തുക അനുവദിക്കാമെന്ന് അടിയന്തരപ്രമേയത്തിന് നൽകിയ മറുപടിയിൽ ഞാൻ പറഞ്ഞു. ഇതാണ് വളരെ വ്യക്തമായിട്ടുള്ള നിലപാട്. ദൗർഭാഗ്യവശാൽ ഞാൻ പറഞ്ഞത് ഇപ്പോഴും മനസ്സിലാകാത്തത് എന്തെങ്കിലുമുണ്ടെന്ന് തോന്നുന്നില്ല. അതുകൊണ്ടാണ് എണ്ണിയെണ്ണി കാര്യങ്ങൾ പറഞ്ഞത്. അതുകൊണ്ട് അങ്ങനെ ഒരു പ്രശ്നവുമില്ല.

ശ്രീ. പി. കെ. ബഷീർ: സർ, 20 ശതമാനത്തിന് മുകളിലാക്കിയതിന് ഉത്തരവുണ്ടോ?

മി. സ്പീക്കർ: ഇരിക്കൂ....ഇരിക്കൂ... സബ്മിഷന്റെ സമയത്ത് ഡിസ്കഷനില്ല.

ശ്രീ. പി. കെ. ബഷീർ: സർ, അങ്ങ് എല്ലാ അവകാശങ്ങളും നിഷേധിക്കുകയാണ്.

മി. സ്പീക്കർ: എന്ത് അവകാശം; സബ്മിഷൻ സമയത്ത് ഡിസ്കഷനുണ്ടോ; ഡിമാന്റ് ഡിസ്കഷൻ നടക്കുന്ന സമയത്ത് പറഞ്ഞോളൂ...(ബഹളം)...സബ്മിഷന്റെ സമയത്ത് അതിന് വകുപ്പില്ല ശ്രീ. പി. കെ. ബഷീർ... ഇരിക്കൂ... ശ്രീ. എസ്. ശർമ്മ.

## (5) സ്മാരകം

ശ്രീ. എസ്. ശർമ്മ: സർ, തിരു-കൊച്ചി സംസ്ഥാനത്തിന്റെ നവോത്ഥാന ചരിത്രത്തിൽ അവിസ്മരണീയമായ പങ്കുവഹിച്ചിട്ടുള്ള കവിതിലകൻ പണ്ഡിറ്റ് കെ. പി. കറുപ്പൻ മാസ്റ്റർക്ക് കൊച്ചി നഗരത്തിൽ ഉചിതമായ ഒരു സ്മാരകം നിർമ്മിക്കണമെന്ന് ആവശ്യപ്പെടുന്നതാണ് എന്റെ സബ്മിഷൻ. ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും സാംസ്കാരിക വകുപ്പുമന്ത്രിയോടും സംസാരിക്കുകയും ചെയ്തിട്ടുള്ളതാണ്. സാമൂഹ്യപരിഷ്കർത്താവും കവിയും നവോത്ഥാന നായകനും പത്രപ്രവർത്തകനും സാഹിത്യകാരനും മനുഷ്യാവകാശ പ്രവർത്തകനുമായിരുന്ന കറുപ്പൻ മാസ്റ്റർ അധഃസ്ഥിത വർഗ്ഗത്തിന്റെ

വിമോചനത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടി നടത്തിയ പോരാട്ടത്തിൽ നേതൃസ്ഥാനീയനായിരുന്നു. 104 വർഷങ്ങൾക്കുമുമ്പ് കൊച്ചി നഗരത്തിൽ പുലയർക്കും മറ്റ് പിന്നോക്ക വിഭാഗക്കാർക്കും പ്രവേശിക്കുന്നതിനുള്ള സ്വാതന്ത്ര്യമില്ലായിരുന്നു. എന്നാൽ അവർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക വിളകൾ രാജേന്ദ്ര മൈതാനത്ത് പ്രദർശത്തിന് വയ്ക്കും, രാജാവ് എഴുന്നള്ളും. പക്ഷേ ഉൽപ്പാദനം നടത്തിയ കൃഷിക്കാരെയും തൊഴിലാളികളെയും ജാതി വിവേചനത്തിന്റെ പേരിൽ നഗരത്തിലേയ്ക്ക് പ്രവേശിപ്പിക്കില്ല. അവരുണ്ടാക്കിയ ഉല്പന്നം അവർക്ക് കാണാനുള്ള സ്വാതന്ത്ര്യം ഹനിക്കപ്പെടുന്ന, തികച്ചും അപരിഷ്കൃതമായ അനീതിയോടും ജാതിചിന്തകളോടും ജാത്യാചാരങ്ങളോടും മതാന്ധതകളോടും കലഹിക്കുകയും പോരാടുകയും ചെയ്തുകൊണ്ടായിരുന്നു കേരളീയ ചരിത്രത്തിൽ സമാനതകളില്ലാത്ത വിധം 104 വർഷങ്ങൾക്കുമുമ്പ് കറുപ്പൻ മാസ്റ്ററുടെ നേതൃത്വത്തിൽ കൊച്ചി കായലിൽ വള്ളങ്ങൾ കെട്ടിയിട്ട് പുലയരെയും മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെടുന്നവരെയും സംഘടിപ്പിച്ചുകൊണ്ട് രാജാവ് എഴുന്നള്ളിയ സമയത്ത് പോരാട്ടത്തിന് നേതൃത്വം കൊടുത്തത്. കറുപ്പന് പറയാനുള്ളത് പറയാനുള്ള സന്ദർഭം തരാം എന്നുപറഞ്ഞു. രാജവേദിയിൽ കറുപ്പൻ അവശതയനുഭവിക്കുന്ന ജനങ്ങളുടെ നിസ്സഹായവസ്ഥയും അവകാശ ബോധത്തിന്റെ അർത്ഥവും കവിതയിലൂടെ ചൊല്ലിക്കൊടുത്തു. കൊച്ചി രാജാവ് അംഗീകരിച്ചു. അങ്ങനെയാണ് വൈപ്പിൻകരയിൽ വരുന്നവർക്കും മുളവുകാട്, പനമ്പുകാട്, വല്ലാർപാടം തുടങ്ങിയ ദ്വീപുകളിൽനിന്നുള്ള അധഃസ്ഥിതരായ ജനങ്ങൾക്കും നഗരപ്രവേശനം ഉറപ്പായത്. അത്തരമൊരു സാമൂഹ്യ പരിഷ്കർത്താവിന് ഉചിതമായ വിധത്തിൽ ഒരു സ്മാരകം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രി അതിന് മുൻകയ്യെടുക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് സംസാരിച്ചപ്പോൾ അദ്ദേഹം സമ്മതിച്ചിട്ടുണ്ട്. ഇക്കാര്യം പ്രത്യേകം പരിഗണിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സാംസ്കാരിക വകുപ്പിന്റെ കീഴിൽ ഈ രൂപത്തിലുള്ള സാംസ്കാരിക നവോത്ഥാനത്തിന് നേതൃത്വം കൊടുത്തവരുടെ പേരിൽ നമ്മുടെ കേരളത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ കാണാത്ത രൂപത്തിലുള്ള സ്മാരകങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. മാത്രമല്ല, ഇതുവരെ നമ്മുടെ ശ്രദ്ധയിൽപ്പെടാത്ത, എന്നാൽ പ്രാദേശികമായി വലിയ ജനകീയ അംഗീകാരമുള്ള, പൊതുധാരയിലേയ്ക്ക് വരാത്ത ഒട്ടേറെ കലാകാരന്മാരുണ്ട്. അവരെയൊക്കെ തെരഞ്ഞുപിടിച്ച് സ്മാരകങ്ങൾ ഇപ്പോൾ പണിതുകൊണ്ടിരിക്കുകയാണ്. ഇവിടെ പറഞ്ഞ പ്രശസ്ത കവിയും അദ്ധ്യാപകനും കൊച്ചി നിയമസഭാ മെമ്പറുമായിരുന്ന കവി തിലകൻ

പണ്ഡിറ്റ് കറുപ്പന്റെ സ്മരണാർത്ഥം എറണാകുളം ജില്ലയിൽ പള്ളിപ്പുറം ഗ്രാമത്തിൽ ചക്കരക്കടവ് എന്ന സ്ഥലത്ത് ഒരു സ്മാരകം നിർമ്മിക്കുന്നതിനും സ്ഥലം ഏറ്റെടുക്കുന്നതിനും മൊത്തം 1.27 കോടി രൂപ ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മുമ്പുതന്നെ ബഹുമാനപ്പെട്ട എസ്. ശർമ്മയും കറുപ്പൻ ട്രസ്റ്റിന്റെ ചെയർമാനും സെക്രട്ടറിയും അപേക്ഷ നൽകിയിരുന്നു. അതിന്റെ ഭാഗമായി പ്രസ്തുത ആവശ്യം വകുപ്പിലെ എ 2/104/2017-ാം നമ്പരായി സർക്കാർ പരിശോധിച്ച് വരികയാണ്. 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പണ്ഡിറ്റ് കറുപ്പൻ മെമ്മോറിയൽ, ചെറായിക്ക് പ്രത്യേക ധനസഹായമായി 50 ലക്ഷം രൂപ പ്രഖ്യാപിക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത അപേക്ഷയിലെ ആവശ്യം പരിഗണിക്കുന്നതിനായി ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടുപ്രകാരം സ്മാരക നിർമ്മാണത്തിന് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം സംബന്ധിച്ച വിശദവിവരങ്ങൾ, കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ്, ബിൽഡിംഗ് പ്ലാൻ, കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ട്രസ്റ്റിന് അനുവദിച്ച ഗ്രാന്റ്, ധനവിനിയോഗ സർട്ടിഫിക്കറ്റ്, ഓഡിറ്റ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കാൻ പ്രസ്തുത ട്രസ്റ്റിനോട് ആവശ്യപ്പെട്ടതിനെത്തുടർന്ന് 49,75,000 രൂപയ്ക്ക് സ്ഥലം വാങ്ങി സ്മാരകം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ ബന്ധപ്പെട്ട രേഖകൾ സഹിതം ട്രസ്റ്റ് ചെയർമാൻ സമർപ്പിച്ചു. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിക്കുകയും ടി ട്രസ്റ്റിന്റെ നേതൃത്വത്തിൽ എറണാകുളം ജില്ലയിലെ ചെറായി-പള്ളിപ്പുറം ഗ്രാമത്തിൽ ചക്കരക്കടവ് എന്ന സ്ഥലത്ത് പണ്ഡിറ്റ് കറുപ്പന്റെ സ്മാരകം 49,75,000 രൂപ ചെലവിൽ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇത് വൈപ്പിൻ മണ്ഡലത്തിലാണ്. കൊച്ചി നഗരത്തിൽ ഉചിതമായ ഒരു സ്മാരകം നിർമ്മിക്കണമെന്ന ആവശ്യമാണ് ഇപ്പോൾ ബഹുമാനപ്പെട്ട എസ്. ശർമ്മയുടെ ഭാഗത്തുനിന്നും വന്നിട്ടുള്ളത്. ഈ സാധ്യതകൂടി പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതിന് കൊച്ചി നഗരത്തിൽ ഉചിതമായ സ്മാരകം നിർമ്മിക്കുന്നതിന് കളക്ടറോട് റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെടാം. ആ റിപ്പോർട്ട് കിട്ടിയാൽ തുടർനടപടി സ്വീകരിക്കുന്നതാണ്. ഇതാണ് ഇതുമായി ബന്ധപ്പെട്ടുകൊണ്ട് സൂചിപ്പിക്കാനുള്ളത്.

## (6) ക്യാൻസർ ചികിത്സാ സൗകര്യം

ശ്രീ. കെ. ബാബു: സർ, നമ്മുടെ സംസ്ഥാനത്ത് ക്യാൻസർ ബാധിതരുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് ഏറെ ആശങ്കയ്ക്ക് ഇടവരുത്തുന്നതും വേദനാജനകവുമാണ്. ക്യാൻസർ ബാധിക്കുന്നവർക്ക് ആവശ്യമായ ചികിത്സാ സൗകര്യവും സഹായവും നൽകുന്ന എൽ.ഡി.എഫ്. സർക്കാരിനെയും പ്രത്യേകിച്ച്,

വകുപ്പിന് നേതൃത്വം കൊടുക്കുന്ന ആരോഗ്യ വകുപ്പുമന്ത്രിയെയും ഞാൻ അഭിനന്ദിക്കുകയാണ്. പാലക്കാട് ജില്ലയിൽ വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗബാധിതർക്ക് റേഡിയേഷൻ ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്ന ഗവൺമെന്റ് ആശുപത്രികളോ സ്വകാര്യ ആശുപത്രികളോ നിലവിൽ ഇല്ലാത്തതുകൊണ്ട് ദിനംപ്രതി നൂറുകണക്കിന് പേരാണ് അമൃതാ എക്സ്പ്രസ്സിൽ ഉൾപ്പെടെ തിരുവനന്തപുരത്തെ ആർ.സി.സി.-യിൽ ചികിത്സയ്ക്കെത്തുന്നത്. പാലക്കാട് ജില്ലാ ആശുപത്രിയിൽ പ്രതിമാസം ക്യാൻസർ ചികിത്സയ്ക്കെത്തുന്ന 400 മുതൽ 500 വരെ രോഗികളിൽ 50 ശതമാനത്തിലധികംപേർക്കും ഏതെങ്കിലുമൊരു ഘട്ടത്തിൽ റേഡിയേഷൻ ചികിത്സ ആവശ്യമായി വരുന്നുണ്ടെന്നാണ് അധികൃതർ പറയുന്നത്. ക്യാൻസർ ചികിത്സയിലെ കാലതാമസവും ജില്ലയ്ക്കു പുറത്തുള്ള റേഡിയേഷൻ സെന്ററുകളിൽനിന്ന് ലഭിക്കുന്ന ചികിത്സയ്ക്കുവേണ്ടിയുള്ള കാത്തിരിപ്പും പലപ്പോഴും രോഗം മൂർച്ഛിച്ച് മരണത്തിനും ഇടയാകുന്നുണ്ട്. റേഡിയേഷൻ ചികിത്സ നീണ്ടുനിൽക്കുന്നതിനാൽ രോഗിയും കുടുംബാംഗങ്ങളും ചികിത്സാ കേന്ദ്രത്തിനടുത്തുതന്നെ ദിവസങ്ങൾ താമസിക്കേണ്ടി വരുമ്പോഴുണ്ടാകുന്ന അധിക ചെലവ് രോഗം ബാധിച്ച് മാനസികമായി തളർന്നുനിൽക്കുന്ന കുടുംബത്തിന് ഏറെ സാമ്പത്തിക പ്രയാസമാണ് സൃഷ്ടിക്കുന്നത്. പാലക്കാട് ജില്ലാ ആശുപത്രിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ലാബും എക്സ്-റേ, സി.ടി. സ്കാൻ സൗകര്യങ്ങളും ആധുനിക സൗകര്യങ്ങളോടുകൂടിയ ഓപ്പറേഷൻ തിയേറ്ററും മാമോഗ്രാം സൗകര്യവുമുണ്ട്. റേഡിയേഷൻ തെറാപ്പി വിദഗ്ദ്ധനും ഫിസിഷ്യനുമുണ്ട്; കീമോതെറാപ്പിയും സർജറി ചികിത്സയും നടത്താനും ഇപ്പോൾ കഴിയുന്നുണ്ട്. വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗികളുടെ റേഡിയേഷൻ ചികിത്സയ്ക്കായി പാലക്കാട് ജില്ലാ ആശുപത്രിയിൽ ലീനിയർ ആക്സിലറേറ്റർ ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങളോടുകൂടിയ ക്യാൻസർ ചികിത്സാ കേന്ദ്രം തുടങ്ങണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, പാലക്കാട് ജില്ലാ ആശുപത്രി എല്ലാ അർത്ഥത്തിലും ശക്തമാക്കാനുള്ള നടപടി സ്വീകരിക്കുന്നതിന്റെകൂടെ ആധുനിക ക്യാൻസർ സെന്റർകൂടി സ്ഥാപിക്കാനുള്ള നടപടികളിലേയ്ക്ക് നീങ്ങുകയാണ്. പ്രതിദിനം ആയിരത്തിനാനൂറിലേറെ ഒ.പി.-യും നാനൂറ്റി അമ്പതോളം ഐ.പി.-യും വരുന്ന ആശുപത്രിയാണ് പാലക്കാട് ജില്ലാ ആശുപത്രി. അവിടെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ശക്തമാക്കുക എന്നതിനെ അടിസ്ഥാനമാക്കി കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി എന്നീ വിഭാഗത്തിലെല്ലാംതന്നെ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 25 പുതിയ തസ്തികകൾ ഈ ഗവൺമെന്റ്

വന്നതിനുശേഷം പാലക്കാട് ജില്ലാ ആശുപത്രിക്കുവേണ്ടി സൃഷ്ടിച്ചിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കാത്ത്‌ലാബ് ലഭ്യമായിട്ടുള്ള ആശുപത്രിയാണ്. ഇവിടെ ക്യാൻസർ ചികിത്സ കുറച്ചുകൂടി ശക്തമാക്കേണ്ടതായിട്ടുണ്ട്. ഗവൺമെന്റിന്റെ നയമനുസരിച്ച് നിലവിലുള്ള മൂന്ന് ക്യാൻസർ സെന്ററുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന്റെകൂടെ പുതിയ കൊച്ചിൻ ക്യാൻസർ സെന്റർ സ്ഥാപിക്കുന്നതടക്കമുള്ള കാര്യങ്ങൾ ചെയ്തുവരികയാണ്. എല്ലാ ജില്ലകളിലും കീമോതെറാപ്പിയും പാലിയേറ്റീവ് കെയറും ആരംഭിക്കാനുള്ള നടപടിയുടെ ഭാഗമായി പാലക്കാട് ജില്ലാ ആശുപത്രിയിലും അതിനുള്ള സൗകര്യം നിലവിൽ വന്നുകഴിഞ്ഞു. എന്നാൽ റേഡിയേഷൻ സൗകര്യം അവിടെ ഇപ്പോൾ ആരംഭിച്ചിട്ടില്ല. ഇതുകൂടി കണക്കിലെടുത്ത് അവിടെ ഇപ്പോൾ ലഭ്യമായിട്ടുള്ള സൗകര്യങ്ങൾ ഒന്നുകൂടി മെച്ചപ്പെടുത്തി 24 മണിക്കൂറും പ്രവർത്തിക്കുന്ന ലാബും എക്സ്-റേ, സി.ടി. സ്കാൻ, മാമോഗ്രാം അടക്കമുള്ള സൗകര്യങ്ങളും ഓപ്പറേഷൻ തിയേറ്ററുമെല്ലാം ലഭ്യമാക്കിയിട്ടുണ്ട്. ലീനിയർ ആക്സിലറേറ്റർ സ്ഥാപിച്ച് റേഡിയേഷൻ സൗകര്യം ഒരുക്കുന്നതിന് റേഡിയോതെറാപ്പി വിദഗ്ദ്ധന്റെ പോസ്റ്റും അനുവദിച്ചിട്ടുണ്ട്. ഇതിനുവേണ്ടി കൊച്ചിൻ ക്യാൻസർ സെന്ററും ഇറാം ഗ്രൂപ്പും സംയുക്ത പ്രോഗ്രാമായി അവരുടെ സി.എസ്.ആർ. ഫണ്ടിൽനിന്ന് തുക അനുവദിച്ച് ലിനാക് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. പ്രാഥമിക ചർച്ചകൾ കഴിഞ്ഞു, തീരുമാനമായിട്ടുണ്ട്. അധികം വൈകാതെ ലീനിയർ ആക്സിലറേറ്റർ സ്ഥാപിച്ച് ഒരു വിദഗ്ദ്ധ ക്യാൻസർ ചികിത്സാ കേന്ദ്രം പാലക്കാട് ജില്ലാ ആശുപത്രിയിൽ ഒരുക്കുന്നതാണ്.

### (7) മെഡിക്കൽ കോളേജിന്റെ നിർമ്മാണം

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, കാസർഗോഡുള്ള ദുരന്തം അനുഭവിക്കുന്ന അനേകായിരങ്ങൾക്കുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഇന്ന് ഒരു ജനത ജീവിക്കുന്ന രക്തസാക്ഷികളാണ്. നിരാലംബരായ ആ സാധുജനതയ്ക്കുവേണ്ടി കാസർഗോഡ് മെഡിക്കൽ കോളേജ് വളരെ പെട്ടെന്ന് യാഥാർത്ഥ്യമാക്കണമെന്ന് സർക്കാരിനോടും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോടും ഞാൻ അപേക്ഷിക്കുകയാണ്. കാസർഗോഡ് മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് 24-3-2012-ലാണ് അനുമതി നൽകിയത്. അടങ്കൽ തുക 282,68,93,000 രൂപയായിരുന്നു. 2013 നവംബർ 30-നാണ് കാസർഗോഡ് മെഡിക്കൽ കോളേജിന് മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി തറക്കല്ലിട്ടത്. ബഹുമാനപ്പെട്ട ഇപ്പോഴത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 2018 നവംബർ 25-ന് മറ്റൊരു ശിലാസ്ഥാപനവും നിർവ്വഹിച്ചു. ഗവൺമെന്റ് മെഡിക്കൽ കോളേജ്

നിർമ്മാണം എന്ന പ്രവൃത്തിക്ക് ഇതുവരെ 98.68 കോടി രൂപയുടെ അംഗീകാരം ലഭിച്ചു. അതിൽ 2014-15 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 30.23 കോടി രൂപയും നബാർഡ് സ്കീമിൽ ആശുപത്രി കെട്ടിട നിർമ്മാണത്തിന് 68.45 കോടി രൂപയുമാണ് വകയിരുത്തിയത്. ബാക്കിയുള്ള പ്രവൃത്തികൾക്ക് 217.48 കോടി രൂപ വേണം. അത് ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് സർക്കാരിൽനിന്നും അനുവദിക്കാനുള്ള കാര്യങ്ങൾ ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കാസർഗോഡ് മെഡിക്കൽ കോളേജിനോടൊപ്പം പ്രവൃത്തി ആരംഭിച്ച/അനുമതി ലഭിച്ച ബാക്കി എല്ലാ മെഡിക്കൽ കോളേജുകളുടെയും പണി തീരാറായി എന്നാണ് എനിക്കറിയാൻ സാധിച്ചത്. കേരളത്തിലെ മറ്റ് മെഡിക്കൽ കോളേജുകളേക്കാൾ വളരെ പെട്ടെന്ന് നിർമ്മാണം പൂർത്തീകരിക്കേണ്ടത് കാസർഗോഡ് മെഡിക്കൽ കോളേജാണെന്ന് നമുക്കെല്ലാവർക്കുമറിയാം. ഞാൻ നേരത്തെ പറഞ്ഞതുപോലെ രണ്ട് മുഖ്യമന്ത്രിമാർ വന്ന് തറക്കല്ലിട്ടു. ഞങ്ങൾക്ക് വേണ്ടത് പട്ടിക്ക് മൂത്രമൊഴിക്കാനുള്ള കല്ലുകളല്ല, മെഡിക്കൽ കോളേജാണ് കാസർഗോഡ് ജനതയ്ക്ക് ആവശ്യമെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ സജീവമായി ഇടപെടണം. അക്കാദമിക് ബ്ലോക്ക് ബഹുമാനപ്പെട്ട മന്ത്രി വന്നുകണ്ടതാണ്. മെഡിക്കൽ കോളേജിനുവേണ്ടിയുള്ള ബാക്കി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചില്ലെങ്കിലും 25 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച അക്കാദമിക് ബ്ലോക്കിൽ രാത്രീഞ്ചരന്മാർ വന്ന് താമസിച്ച് എല്ലാ സാധനങ്ങളും മോഷ്ടിച്ചുകൊണ്ടുപോകും. അതുകൊണ്ട് വളരെ പെട്ടെന്ന് ആ അക്കാദമിക് ബ്ലോക്കിൽ ഒ.പി. വിഭാഗം തുടങ്ങണമെന്നാണ് എനിക്ക് പറയാനുള്ളത്.

11.00 A.M.]

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഇവിടെ സൂചിപ്പിച്ചതുപോലെ അൽപ്പം ശ്രദ്ധ തെറ്റിയാൽ രാത്രിഞ്ചരന്മാർ വന്നുകയറാൻ സാധ്യതയുള്ളൊരു സ്ഥലമാണ് മെഡിക്കൽ കോളേജിനുവേണ്ടി തെരഞ്ഞെടുത്തത്. കാസർഗോഡ് ജില്ലയിൽ എല്ലാവർക്കും എത്തിച്ചേരാൻ എളുപ്പമല്ല. പക്ഷേ അതൊന്നും ഇനിയിപ്പോൾ ഈ ഗവൺമെന്റ് നോക്കുന്നില്ല. കാരണം, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അവിടെ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കാൻ തീരുമാനിക്കുകയും കുറച്ച് തുക ഇൻവെസ്റ്റ് ചെയ്യുകയും ചെയ്തതുകൊണ്ടാണ് ആ സ്ഥലം അനുയോജ്യമല്ലെന്ന് ഈ ഗവൺമെന്റ് പറയാത്തത്. അവിടെത്തന്നെ മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് ആവശ്യമായ നടപടിയിലേയ്ക്കാണ് ഈ ഗവൺമെന്റ് പോയിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 2014-ൽ 68.45 കോടി രൂപ നബാർഡിന്റെ ഒരു

പ്രവർത്തനത്തിന് എ.എസ്. ആയിരുന്നു. എന്നാൽ നേരത്തെതന്നെ ഒരു അക്കാദമിക് ബ്ലോക്ക് അവിടെയുണ്ട്. ആ പ്രവൃത്തി നടത്താനോ തുക അനുവദിക്കാനോ ഒന്നും പൂർണ്ണമായും കഴിഞ്ഞിരുന്നില്ല. കാരണം, റിവൈസ്ഡ് എസ്റ്റിമേറ്റ് 95.8 കോടി രൂപയായി മാറുകയാണ് ചെയ്തത്. അതിന് അനുമതി നൽകിയത് 2017-ൽ ഈ ഗവൺമെന്റ് വന്നതിനുശേഷമാണ്. അങ്ങനെ 95.8 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയ പ്രവൃത്തിക്കാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തറക്കല്ലിട്ടിട്ടുള്ളത്. ഈ ഗവൺമെന്റിന്റെ കാലത്ത് തറക്കല്ലിട്ട ഒരു തറക്കല്ലിനു മുകളിലും പട്ടി മൂത്രമൊഴിക്കാൻ ഇടയാക്കാത്തവിധം നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതമായി നടത്തുന്നതായാണ് അനുഭവം ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് അവിടെയും അതിന് അവസരം ഇല്ലാത്ത രീതിയിൽത്തന്നെ തറക്കല്ലിട്ട കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടക്കും. അതിനുള്ള നടപടികളെല്ലാം സ്വീകരിച്ചിട്ടുണ്ട്.—ഇതിന്റെ ഭാഗമായി ആദ്യഗഡു എന്ന നിലയിൽ 10.7 കോടി രൂപ കരാറുകാരന് അനുവദിച്ചുകഴിഞ്ഞു. നടപ്പുസാമ്പത്തിക വർഷം (2019-20) 4.99 കോടി രൂപകൂടി നിർമ്മാണ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്. ആശുപത്രി സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. അതുപോലെ കാസർഗോഡ് മെഡിക്കൽ കോളേജിന്റെ അക്കാദമിക് കെട്ടിടത്തിന്റെ പൂർത്തീകരണത്തിനായി 30.23 കോടി രൂപ കാസർഗോഡ് വികസന പാക്കേജിന്റെ ഭാഗമായും വകയിരുത്തിയിട്ടുണ്ട്. ഇതിൽനിന്ന് ഇതിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി 18 കോടി രൂപ ഇപ്പോൾ നിർമ്മാണ ഏജൻസിക്ക് നൽകിക്കഴിഞ്ഞിട്ടുണ്ട്. അടുത്തഘട്ടമായി 1.7 കോടി രൂപ കരാറുകാരന് നൽകുന്നതിന് കാസർഗോഡ് ജില്ലാ കളക്ടറോട് 14.06.2019-ന് കത്ത് മുഖേന മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടിട്ടുമുണ്ട്. നേരത്തെ പറഞ്ഞ ബ്ലോക്ക് പൂർത്തിയായിരുന്നില്ല. അവിടെ കെട്ടിടം പൂർത്തിയായിട്ടുണ്ട്. അതിന്റെ സ്കെലിട്ടൻ മാത്രമേ ആയിട്ടുള്ളൂ. മറ്റുകാര്യങ്ങളെല്ലാം ഇനിയും ചെയ്യേണ്ടതായിട്ടുണ്ട്. അതിനുള്ള ആദ്യഗഡുവാണ് അനുവദിച്ചത്. ഇനിയും പണം കണ്ടെത്തേണ്ടതുണ്ട്. ജലവിതരണത്തിന് കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി 8 കോടി രൂപയുടെയും ചുറ്റുമതിൽ, പ്രവേശന കവാടം മുതലായവയുടെ നിർമ്മിതിക്കുവേണ്ടി 2 കോടി 68 ലക്ഷം രൂപയുടെയും പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരികയാണ്. അതിന് അനുകൂലമായിട്ടുള്ള തീരുമാനം ഉണ്ടാകും. എലിവേറ്റർ വെന്റിലേഷൻ സിസ്റ്റം സ്ഥാപിക്കുന്നതിന് 1 കോടി 3 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണം സാധ്യമാകുന്നത്ര വേഗതയിൽ നടന്നുവരികയാണ്. മറ്റ് സൗകര്യങ്ങളും ഒരുക്കുന്നതാണ്.

## (8) ലക്ചറർ നിയമനം

ശ്രീ. എ. എൻ. ഷംസീർ: സർ, 1984-ൽ രാജീവ് ഗാന്ധിയുടെ കാലത്താണ് നാഷണൽ എഡ്യൂക്കേഷൻ പോളിസി കൊണ്ടുവന്നത്. അതിന്റെ ഭാഗമായി പ്രൈമറി എഡ്യൂക്കേഷൻ നവീകരിക്കാനാണ് DIET രൂപീകരിച്ചത്. NCERT, NCTE, SSA, RMSA എന്നിവ വിഭാവന ചെയ്യുന്ന നോഡൽ ഏജൻസിയാണ് DIET. അധ്യാപക പരിശീലനം, വിദ്യാഭ്യാസ രംഗത്തെ സർക്കാർ പദ്ധതികളുടെ നിർവ്വഹണം ഇതാണ് DIET-ന്റെ ചുമതല. 14 DIET കേന്ദ്രങ്ങളിലായി 252 തസ്തികകളാണ് ഉള്ളത്. 149 പോസ്റ്റ് ഇപ്പോൾ വേക്കന്റാണ്. 2008-ലാണ് അവസാനമായി DIET-ൽ നിയമനം നടന്നിട്ടുള്ളത്. 2015-ൽ ഡി.പി.ഐ. ലക്ചറർ നിയമനം വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും. അത് റദ്ദ് ചെയ്തു. ഇപ്പോൾ DIET-നകത്ത് ബൈട്രാൻസ്ഫർ വഴിയാണ് നിയമനം നടക്കുന്നത്. ഇതിൽ സ്പെഷ്യൽ റൂൾ അമെന്റ് ചെയ്തുകൊണ്ട് ഉദ്യോഗാർത്ഥികൾക്ക് അവസരം നൽകണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ഡയറക്ട് എൻട്രിക്കാരെ ഒഴിവാക്കാൻ സ്കൂൾ അധ്യാപകരാണ് DIET-ൽ വന്നുകൊണ്ടിരിക്കുന്നത്. ഇതിനുവേണ്ടി അധ്യാപക സംഘടനകൾ യോജിക്കുകയാണ്. അതേസമയം DIET-ലേയ്ക്ക് ലക്ചർഷിപ്പ് ക്വാളിഫിക്കേഷനുള്ള ചെറുപ്പക്കാർക്ക് അവസരം ലഭിക്കാത്ത സാഹചര്യമുണ്ട്. അതുമാത്രമല്ല, ബൈട്രാൻസ്ഫറുമായി വരുമ്പോൾ റിസർവ്വേഷൻ പോളിസി ഉൾപ്പെടെ അട്ടിമറിക്കപ്പെടുകയാണ്. ഇതിന് പരിഹാരമുണ്ടാക്കാൻ സ്പെഷ്യൽ റൂൾ അമെന്റ് ചെയ്യണം. ചില അധ്യാപക സംഘടനകൾ ഡെപ്യൂട്ടേഷനിൽ വന്നവരെ സ്ഥിരപ്പെടുത്താനുള്ള ശ്രമം നടത്തുന്നത് അടിയന്തരമായി പരിഹരിക്കണമെന്നും സ്പെഷ്യൽ റൂൾ അമെന്റ് ചെയ്തുകൊണ്ട് ക്വാളിഫൈഡായ ആളുകളെ നിയമിക്കാനാവശ്യമായ രീതിയിൽ വിജ്ഞാപനം ഇറക്കണമെന്നും ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, DIET-ൽ നിലവിലുള്ള വിശേഷാൽ ചട്ടപ്രകാരം ലക്ചറർ തസ്തികയിലെ 50 ശതമാനം നിയമനം ബൈട്രാൻസ്ഫർ വഴിയും 50 ശതമാനം പി.എസ്.സി. മുഖേനയുമാണ് നടക്കേണ്ടത്. സംസ്ഥാനത്തെ 14 DIET-കളിലുമായി 173 ലക്ചറർ തസ്തികകളും 97 സീനിയർ ലക്ചറർ തസ്തികകളുമാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. നിലവിലുള്ള സ്പെഷ്യൽ റൂളിൽ യോഗ്യത, പ്രായപരിധി, സർവ്വീസിന്റെ അഭാവം തുടങ്ങി നിരവധി അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ നിലവിലുള്ള സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനാവശ്യമായുള്ള ശിപാർശയിന്മേൽ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണ്. 173 DIET ലക്ചറർ തസ്തികകളിൽ 153

ഒഴിവുകളുണ്ടാകുകയും DIET-ലെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് തടസ്സം നേരിട്ട സാഹചര്യത്തിൽ പ്രസ്തുത ഒഴിവുകൾ താൽക്കാലികമായി അന്യത്ര സേവന വ്യവസ്ഥയിൽ നികത്തുന്നതിന് സർക്കാർ അനുമതി നൽകുകയും ചെയ്തിരുന്നു. ഇതുപ്രകാരം 143 അധ്യാപകരെ താൽക്കാലികമായി ലക്ചറർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ 16.11.2018-ലെ ഉത്തരവുപ്രകാരം നിയമിക്കുകയും ചെയ്തു. സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത് DIET ലക്ചറർ തസ്തികയിൽ സ്ഥിരനിയമനം നടത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരികയാണ്.

## (9) തടവുകാർ ജയിൽ ചാടിയ സംഭവം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അട്ടക്കുളങ്ങര വനിതാ ജയിലിൽനിന്ന് രണ്ട് വനിതാ തടവുകാർ ജയിൽ ചാടിയത് കേരളത്തെ ഞെട്ടിപ്പിച്ച സംഭവമാണ്. 48 മണിക്കൂർ കഴിഞ്ഞിട്ടും അവരെ പിടികൂടാൻ കഴിഞ്ഞിട്ടില്ല. പള്ളിച്ചൽ, നഗരൂർ പോലീസ് സ്റ്റേഷനുകളിലെ റിമാന്റ് പ്രതികളാണിവർ. സന്ധ്യ എന്ന സ്ത്രീ മോഷണക്കേസിലും ശിൽപ്പ വഞ്ചനക്കേസിലുമാണ് റിമാന്റ് ചെയ്യപ്പെട്ടത്. അവർ ജയിൽ ചാടിപ്പോയ സംഭവത്തിൽ ജയിൽ അധികൃതരുടെ ഭാഗത്ത് ഗുരുതരമായ വീഴ്ചയാണ് ഉണ്ടായിട്ടുള്ളത്. തടവുകാർക്ക് ഇവിടെ അമിതമായ സ്വാതന്ത്ര്യം അനുവദിച്ചു എന്നാണ് പത്രവാർത്തകളിലൂടെ അറിയുന്നത്. രാവിലെ 6 മണിക്ക് സെല്ലിൽനിന്നും തടവുകാരെ പുറത്തിറക്കി വൈകുന്നേരംവരെ ജയിൽവളപ്പിലെ ജോലിക്ക് നിയോഗിക്കാറുണ്ട്. 52 തടവുകാരെ നിരീക്ഷിക്കാൻ 10 ജയിൽ ജീവനക്കാർ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന സമയത്ത് ജയിലിൽനിന്ന് അവർ അതിവിദഗ്ദ്ധമായി രക്ഷപ്പെട്ടതെന്നാണ് വാർത്ത. കേരളത്തിലെ വനിതാ തടവുകാർ ആദ്യമായിട്ടാണ് ജയിലിൽനിന്ന് രക്ഷപ്പെടുന്നത്.

ഇന്നലെ മാധ്യമങ്ങളിൽ ഒരു വാർത്തവന്നു. ടി. പി. ചന്ദ്രശേഖരൻ കേസിലെ പ്രതിയായ കൊടി സുനി കൊടുവള്ളി മുനിസിപ്പൽ കൗൺസിലറെ ജയിലിൽ ഭീഷണിപ്പെടുത്തുന്നുവെന്ന്. കള്ളക്കടത്ത് സ്വർണ്ണം വാങ്ങാൻ നിർബന്ധിക്കുകയും വാങ്ങിയില്ലെങ്കിൽ കൗൺസിലറേയും കുടുംബത്തേയും വകവരുത്തി ക്കളയുമെന്നുമുള്ള ഐ.എസ്.ഡി. കോളാണ് വന്നത്. ഇത്തരത്തിലുള്ള ഭീതിജനകമായ വാർത്തകളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ജീവപര്യന്തത്തിന് ശിക്ഷിക്കപ്പെട്ട് ജയിലിൽക്കിടക്കുന്ന പ്രതികൾ ജനപ്രതിനിധികളെപ്പോലും വിളിച്ച് ഭീഷണിപ്പെടുത്തുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ എത്തുകയാണ്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ജയിലുകളിലെ

ഫോണും ആധുനിക ഉപകരണങ്ങളും പിടിക്കുന്നത് സംബന്ധിച്ച് വിശദമായി പറഞ്ഞതിനാൽ ഞാൻ അങ്ങോട്ട് കടക്കുന്നില്ല. കൊടുവള്ളിയിൽ ഉണ്ടായ സംഭവം, ഗൾഫിലിരിക്കുന്ന അദ്ദേഹത്തിന്റെ കുടുംബത്തെ മുഴുവൻ ഭീഷണിപ്പെടുത്തുന്ന തരത്തിലേയ്ക്ക് കൊടി സുനി ശ്രമിച്ചു എന്നത് വളരെ ഗൗരവതരമായ കാര്യമാണ്.

വനിതാ തടവുകാർ ആദ്യമായിട്ടാണ് ജയിലിൽനിന്ന് രക്ഷപ്പെടുന്നത്. ഇത് അങ്ങയുടെ സർക്കാരിന് ഒരു പൊൻതൂവലായി ചേർക്കാവുന്നതാണ്. തടവുചാടിയവരെ അടിയന്തരമായി കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ഇതിന് ഉത്തരവാദികളായ ജയിൽ അധികൃതരുടെ പേരിൽ അടിയന്തര നടപടി കൈക്കൊള്ളണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, തിരുവനന്തപുരം പള്ളിച്ചൽ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്ന ക്രൈം 656/19-ലെ പ്രതി അട്ടക്കുളങ്ങര വനിതാ ജയിലിലെ വിചാരണ തടവുകാരിയായ സന്ധ്യ ഏലിയാസ് സരിത, നഗരൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 520/19-ാം നമ്പർ കേസിലെ പ്രതി വിചാരണ തടവുകാരിയായ ശിൽപ്പ മോൾ എന്നിവർ 25-6-2019 വൈകിട്ട് 4.30-നും 5 മണിക്കും ഇടയ്ക്കുള്ള സമയം ജയിലിൽനിന്നും ഏതോവിധത്തിൽ തടവുചാടിയിട്ടുണ്ട്. ഇക്കാര്യത്തിൽ വനിതാ ജയിൽ സൂപ്രണ്ടിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം 1639/19 ആയി കേസ് രജിസ്റ്റർ ചെയ്ത് ഫോർട്ട് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ അന്വേഷണം നടത്തിവരുന്നു. ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് ഈ കേസിന്റെ തുടരന്വേഷണം നടത്തുന്നതാണ്. പ്രതികളെ കണ്ടെത്തുന്നതിലേയ്ക്ക് ഊർജ്ജിതമായ ശ്രമങ്ങൾ നടത്തിവരുന്നു. റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റുകൾ, പ്രതികൾ പോകാൻ ഇടയുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ശക്തമായ നിരീക്ഷണം ഏർപ്പെടുത്തി. രക്ഷപ്പെട്ടവർ എത്തിച്ചേരാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ അന്വേഷണ സംഘത്തിലെ അംഗങ്ങളെ നിയോഗിച്ചു. പ്രതികൾ ജയിലിൽ കഴിഞ്ഞ അവസരത്തിൽ ജയിലിൽനിന്നും ജയിൽ രജിസ്റ്റർ പ്രകാരം നടത്തിയിട്ടുള്ള ഫോൺ വിളികളുടെ വിവരങ്ങൾ ശേഖരിച്ച് പരിശോധനകൾ നടത്തിവരുന്നു. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പോലീസ് സ്റ്റേഷനുകളിൽ പ്രതികളുടെ ചിത്രങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ കൈമാറിയിട്ടുണ്ട്. പ്രതികൾക്ക് ജയിൽ ചാടുന്നതിന് ജയിലിനുള്ളിൽനിന്നോ പുറത്തുനിന്നോ ഏതെങ്കിലും വിധത്തിൽ സഹായം ലഭിച്ചിട്ടുണ്ടോ എന്ന കാര്യവും അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വനിതാ ജയിലിൽനിന്നും രണ്ട് തടവുകാർ ജയിൽചാടി രക്ഷപ്പെട്ട സംഭവത്തിൽ പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിനായി ജയിൽ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിനെ ചുമതലപ്പെടുത്തി

26.06.2019-ൽ ജയിൽ മേധാവി ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഈ ഉദ്യോഗസ്ഥൻ അന്വേഷണം നടത്തിവരുന്നു.

കൊടുവള്ളി സംഭവത്തെക്കുറിച്ച് അദ്ദേഹം പരാതി നൽകിയാൽ അതുമായി ബന്ധപ്പെട്ട് ഗൗരവമായി അന്വേഷിക്കാം.

## (10) പാരിസ്ഥിതിക പ്രശ്നം

ശ്രീ. വി. ഡി. സതീശൻ: സർ, പറവൂരിൽ കെ.എസ്.ഇ.ബി.എൽ. കെ.വി. ലൈൻ വലിക്കുന്നതുമായി ബന്ധപ്പെട്ട് വർഷങ്ങളായി പാരിസ്ഥിതിക പ്രാധാന്യം നിലനിൽക്കുന്ന ഒരു സ്വാഭാവിക വനം, ശാന്തിവനം തകർത്തതുമായി ബന്ധപ്പെട്ട് കേരളത്തിന്റെ ശ്രദ്ധ മുഴുവൻ ആകർഷിച്ചൊരു സമരം നടന്നതാണ്. പ്രകൃതിസ്നേഹികളായ ഒരു കുടുംബം കഴിഞ്ഞ നാലുതലമുറകളായി, നാഷണൽ ഹൈവേയുടെ പരിസരത്ത് 35-40 കോടിയോളം രൂപ വിലയുള്ള ഭൂമി സ്വാഭാവിക വനമായി സംരക്ഷിച്ചുവരികയായിരുന്നു. കെ.വി. ലൈൻ വലിക്കുന്നതിന് ഞങ്ങളാരും എതിരല്ല, ഞാൻ അവിടത്തെ ജനപ്രതിനിധിയാണ്, ഞങ്ങളെല്ലാം അതിന് പൂർണ്ണമായും പിൻതുണ കൊടുത്തതാണ്, കെ.വി. ലൈൻ വലിക്കേണ്ടതാണ്. കെ.എസ്.ഇ.ബി.എൽ. ചെയ്തത് ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി അറിയണം, ഈ സ്ഥലത്തിന്റെ തൊട്ടരികിൽ ലൈൻ വലിക്കാൻ സാധ്യതയുണ്ടായിരുന്നു. എ.ഡി.എം.-ന്റെ യോഗത്തിൽ അങ്ങനെയൊരു അഭിപ്രായം വന്നതാണ്. ആ സ്ഥലത്തിന്റെ അരികിൽക്കൂടി ലൈൻ വലിക്കാനുള്ള അലൈൻമെന്റുണ്ടായിട്ടും അത് ചെയ്യാതെ ഈ രണ്ടേക്കർ സ്ഥലത്തിന്റെ, സ്വാഭാവിക വനത്തിന്റെ നടുവിലൂടെയാണ് ലൈൻ വലിച്ചത്. ലൈൻ വലിക്കുക മാത്രമല്ല, ഇതിന്റെ ടവർ ഉണ്ടാക്കാൻ ഞങ്ങൾക്ക് മുക്കാൽ സെന്റ് സ്ഥലം മതി എന്നാണ് കെ.എസ്.ഇ.ബി.എൽ. പറഞ്ഞത്. മുക്കാൽ സെന്റ് സ്ഥലത്ത് ടവർ ഉണ്ടാക്കാൻ കയറിയിട്ട് ഈ സ്വാഭാവിക വനത്തിന്റെ 50 സെന്റ് സ്ഥലത്തെ വൃക്ഷങ്ങൾ മുഴുവൻ പൂർണ്ണമായും നശിപ്പിച്ചുകളഞ്ഞു. മാത്രമല്ല, അതിൽ ഏറ്റവും താഴെനിന്ന് എടുക്കുന്ന ഓക്സിജൻ ഇല്ലാത്ത ചെളി, ഒരു ചെടിപോലും വളരാത്ത മണ്ണ് മുഴുവൻ എടുത്ത് ആ കാവിലേയ്ക്ക് വിതറി. ഇതുപോലെ ഒരിക്കലും ചെയ്യാൻ പാടില്ലാത്ത, അമ്മയും മകളും മാത്രമുള്ള ഒരു കുടുംബത്തിന്റെ അടുക്കളയുടെ തൊട്ടുപുറകിൽ ടവർ സ്ഥാപിച്ചത് കണ്ടാൽ സഹിക്കാൻ പറ്റാത്ത ക്രൂരകൃത്യമാണ്. പല പരാതികളും പല രീതിയിലുമൊക്കെ കൊടുത്തെങ്കിലും അതെല്ലാം വൈകിപ്പോയി ഇലക്ഷന്റെ പീക്ക് സമയത്താണ് ഇത് ചെയ്തത്, പലർക്കും അത് ശ്രദ്ധിക്കാൻ പറ്റിയില്ല. അതുകൊണ്ട് ഇന്നിപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതി

വിധിയുടെ അടിസ്ഥാനത്തിൽ, പീച്ചിയിലെ കെ.എഫ്.ആർ.ഐ.-യുടെ മുൻപിൽ അവരുടെ മരങ്ങൾക്ക് ദോഷമുണ്ടാകുമെന്ന് പറഞ്ഞുകൊണ്ട്, അണ്ടർഗ്രൗണ്ട് കേബിൾ വലിക്കാനുള്ള ഡയറക്ഷൻ ഹൈക്കോടതി കൊടുത്തിരിക്കുകയാണ്, അത് കെ.എസ്.ഇ.ബി.എൽ. സമ്മതിച്ചിരിക്കുന്നു. ഏത് കാലത്താണ് നമ്മൾ ജീവിക്കുന്നത്, 21-ാം നൂറ്റാണ്ടിലാണ് ജീവിക്കുന്നത്, പാവപ്പെട്ട ആ മനുഷ്യരുടെ ജീവിതകാല സമ്പാദ്യമെന്ന് പറയുന്നത് അവർ താമസിക്കുന്ന സ്ഥലവും വീടുമാണ്, അതിനൊത്ത നടുവിലൂടെ, അവരുടെ നെഞ്ചിലൂടെ ഈ ടവർലൈൻ വലിച്ചാൽ പിന്നീട് ആ സ്ഥലം വിൽക്കാൻ സാധിക്കുകയില്ല. നാളെ മകളുടെ കല്യാണം നടത്താൻ അത് പണയപ്പെടുത്താൻ ബാങ്ക് പോലും സമ്മതിക്കാത്ത സ്ഥിതിയാണ്. ഇപ്പോൾ അണ്ടർഗ്രൗണ്ട് കേബിളിന്റെ കാലഘട്ടമാണ്. ഇത് സ്വാഭാവിക വനമാണ്, കേരളത്തിൽ ഇതുപോലെ ലൈൻ വലിച്ച് സാധാരണക്കാരുടെ കുടുംബം നശിപ്പിക്കുന്ന ഇത്തരം പരിപാടി അവസാനിപ്പിക്കേണ്ടതല്ലേ; എനിക്ക് പറയാനുള്ളത്, ഗവൺമെന്റ് അണ്ടർഗ്രൗണ്ട് കേബിളിനെക്കുറിച്ച് ആലോചിക്കണം. അതേ അവസരത്തിൽ മുക്കാൽ സെന്റ് സ്ഥലം മാത്രം മതിയെന്ന് പറഞ്ഞ്, 50 സെന്റ് സ്ഥലം പൂർണ്ണമായും തകർത്തുകളഞ്ഞ ആ കുടുംബത്തിന് ഇപ്പോൾ കൊടുക്കുന്ന നാമമാത്രമായ നഷ്ടപരിഹാരം കൂടാതെ കാര്യമായ നഷ്ടപരിഹാരം കൊടുക്കാൻ വൈദ്യുതി ബോർഡും ഗവൺമെന്റും തയ്യാറാകണമെന്നാണ് എന്റെ അഭ്യർത്ഥന.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, പള്ളിപ്പുറം, മുനമ്പം, ചെറായി, എടവനക്കാട് എന്നീ പ്രദേശങ്ങളിൽ നിരന്തരമായി ഉണ്ടാകുന്ന വൈദ്യുതി തടസ്സങ്ങളും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിന് 20 വർഷം മുൻപ് 1999 ഏപ്രിൽ മാസത്തിൽ ഭരണാനുമതി നൽകിയ പദ്ധതിയാണ് ചെറായി 110 കെ.വി. സബ്സ്റ്റേഷനും അതിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള മന്നം-ചെറായി പ്രസരണ ലൈനും. മന്നം സബ്സ്റ്റേഷനിൽനിന്നും ചെറായി വരെ 6 കിലോമീറ്റർ പ്രസരണ ലൈൻ നിർമ്മിക്കാനാണ് ഭരണാനുമതി നൽകിയത്. നാൽപ്പതിനായിരത്തിൽപ്പരം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന ഈ പദ്ധതിയുടെ സർവ്വേ ജോലികൾ 2000-ത്തിൽ തുടങ്ങിയതാണ്. 2008-ൽ ലൈനിന്റെ അലൈൻമെന്റ് അംഗീകരിച്ചെങ്കിലും അതിനുശേഷം നിരവധി പരാതികളും തർക്കങ്ങളും വന്നതിനെത്തുടർന്ന് പദ്ധതി പ്രവർത്തനം ആരംഭിക്കാൻ കഴിയാതെവന്നു. 2013-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഇക്കാര്യത്തിലുണ്ടായ തർക്കങ്ങൾ തീർപ്പാക്കാൻ എറണാകുളം എ.ഡി.എം.-നെ ചുമതലപ്പെടുത്തി.

ബഹുമാനപ്പെട്ട ഹൈക്കോടതി ഒരു അഡ്വക്കേറ്റ് കമ്മീഷനേയും സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിരുന്നു. ഇങ്ങനെ നിയമാനുസൃതം നടന്ന നടപടികളുടെ ഭാഗമായാണ് മന്നം-ചെറായി 110 കെ.വി. ലൈൻ റൂട്ട് ഫൈനലൈസ് ചെയ്തുകൊണ്ട് എ.ഡി.എം. ഉത്തരവ് പുറപ്പെടുവിക്കുകയും ലൈൻ നിർമ്മാണം ആരംഭിക്കുകയും ചെയ്തത്. ശാന്തിവനം ഭൂമിയുടെ ഉടമ, ശ്രീമതി മീനാ മേനോൻ 2013-ൽ ലൈൻ റൂട്ടിനെതിരെ ജില്ലാ കളക്ടർക്ക് പരാതി നൽകുകയും അതിന്മേൽ ഹിയറിംഗ് നടത്തുകയും ചെയ്തിരുന്നു. എന്നാൽ അതിൽ സ്ഥലമുടമയുടെ അഭ്യർത്ഥനപ്രകാരം എ.ഡി.എം.-ന്റെ നിർദ്ദേശമനുസരിച്ച് ശാന്തിവനം ഭൂമിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ടവർ ഭൂമിയുടെ വടക്കേ അതിർത്തിയിലേയ്ക്ക് മാറ്റിസ്ഥാപിക്കുന്ന ആൾട്ടർനേറ്റ് റൂട്ട് കെ.എസ്.ഇ.ബി.എൽ. സമർപ്പിച്ചെങ്കിലും ഇത് സ്ഥലമുടമ അംഗീകരിക്കുകയുണ്ടായില്ല. അതേത്തുടർന്ന് കെ.എസ്.ഇ.ബി.എൽ. നിർദ്ദേശിച്ച റൂട്ട് അംഗീകരിച്ചുകൊണ്ട് എ.ഡി.എം. ഉത്തരവിടുകയാണുണ്ടായത്. ഇതിനെതിരെ ഭൂവുടമ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹർജി നൽകിയെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതി എ.ഡി.എം. -ന്റെ ഉത്തരവ് അംഗീകരിച്ച് ലൈൻ നിർമ്മാണത്തിന് അനുമതി നൽകുകയാണുണ്ടായത്. ഇതിന് നിയമപരമായ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയാണ് 2018 മാർച്ചിൽ ലൈൻ നിർമ്മാണം തുടങ്ങിയത്. ലൈൻ നിർമ്മാണം ആരംഭിച്ചതിനുശേഷം 2019 ഏപ്രിൽ മാസത്തിൽ വീണ്ടും ജില്ലാ കളക്ടർക്ക് പരാതി കിട്ടിയതിന്റെ അടിസ്ഥാനത്തിൽ ജോലികൾ നിർത്തിവയ്ക്കുകയും കളക്ടർ സ്ഥലം സന്ദർശിക്കുകയും തെളിവെടുപ്പ് നടത്തുകയും ചെയ്തു. ജില്ലാ കളക്ടറുടെ നിർദ്ദേശാനുസരണം നാശനഷ്ടങ്ങൾ പരമാവധി കുറയ്ക്കുന്ന നിലയിൽ നിർമ്മാണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുകയുണ്ടായി. സാധാരണ ടവറുകളേക്കാൾ വിസ്തൃതി കുറഞ്ഞ ടവർ ഉപയോഗിച്ചാണ് ഇവിടെ നിർമ്മാണം നടത്തിയിട്ടുള്ളത്. ഇതിന് ആകെ ഒരു സെന്റിൽ താഴെ ഭൂമി മാത്രമേ ആവശ്യമായി വന്നിട്ടുള്ളൂ. ടവറിന്റെ ഉയരം 3 മീറ്റർ വർദ്ധിപ്പിക്കുകയും ചെയ്തു. സാധാരണ ടവറിനെക്കഴിഞ്ഞും 3 മീറ്റർ വർദ്ധിപ്പിച്ച്, നാശനഷ്ടങ്ങൾ കുറച്ച്, 48 മരങ്ങൾ മുറിച്ച് മാറ്റേണ്ടിയിരുന്നത്. ഒരു പൈൻ, ഒരു തെങ്ങ്, ഒരു കമുക് എന്നിങ്ങനെ മൂന്ന് മരങ്ങൾ മാത്രമായി കുറയ്ക്കാൻ ഇതുമൂലം കഴിഞ്ഞു. ലൈനിൽ തട്ടാതിരിക്കാൻ 5 മരങ്ങളുടെ ചില്ലകളും മുറിച്ചുമാറ്റേണ്ടി വന്നു. ഇങ്ങനെ പാരിസ്ഥിതിക നാശമില്ലാതെയാണ് ടവർ നിർമ്മാണം

പൂർത്തീകരിച്ചിരിക്കുന്നത്. ശാന്തിവനം ഭൂ ഉടമ ശ്രീമതി മീനാ മേനോൻ ഇവിടെയുള്ള മരങ്ങളും പച്ചപ്പും നശിച്ചുപോകാതെ കാത്തുസൂക്ഷിക്കുന്നതിൽ നല്ല ഇടപെടൽ നടത്തിയിട്ടുണ്ടെന്നത് വസ്തുതയാണ്. എന്നാൽ ശാന്തിവനം പ്രദേശം പരിസ്ഥിതി ലോല മേഖലയോ, നോട്ടിഫൈഡ് വനമേഖലയോ അല്ല. നിർമ്മാണ പ്രവർത്തനങ്ങൾ ഈ പ്രദേശത്തിന്റെ പരിസ്ഥിതിയെയോ, ജൈവ വൈവിദ്ധ്യത്തെയോ പ്രതികൂലമായി ബാധിച്ചിട്ടില്ല. ശ്രീമതി മീനാ മേനോന്റെ പരിസ്ഥിതി സംരക്ഷണത്തിനുള്ള താൽപര്യത്തെയും മരങ്ങൾ സംരക്ഷിച്ച് പച്ചപ്പ് നിലനിർത്താൻ സ്വീകരിച്ച ഇടപെടലുകളെയും ബഹുമാനിച്ചുകൊണ്ടാണ് പാരിസ്ഥിതിക നാശം പരമാവധി കുറയ്ക്കുന്ന നിലയിൽ ലൈൻ നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചത്. ചെറുതെങ്കിലും അവിടെ മുറിച്ചുനീക്കേണ്ടി വന്ന മരങ്ങൾക്കുപകരം പരിഹാരമായി വനവൽക്കരണമടക്കമുള്ള നടപടികൾ വൈദ്യുതി ബോർഡിന്റെ ഭാഗത്തുനിന്നും ഉണ്ടാകും. ടവർ സ്ഥാപിക്കുന്നതിനുവേണ്ടി ഉപയോഗിച്ച ഭൂമിക്കും മുറിച്ച് മാറ്റേണ്ടി വന്ന മരങ്ങൾക്കും നിയമാനുസൃതമുള്ള നഷ്ടപരിഹാരം നൽകുന്നതാണ്. നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ 20 വർഷങ്ങൾക്ക് മുൻപാണ് ഈ ലൈനിന്റെ അനുമതി നൽകുന്നത്. 2008-ൽത്തന്നെ സർവ്വേ ജോലികൾ കഴിഞ്ഞു. 2013 -ൽ ഉണ്ടായ തർക്കങ്ങളും കേസുകളുമൊക്കെ നിയമാനുസൃതം പരിഹരിച്ച് 2017-ൽ എ.ഡി.എം. ഉത്തരവിട്ടു. 2018 മാർച്ചിൽ പണി തുടങ്ങി, ഹൈക്കോടതിയിൽ ഹർജി സമർപ്പിക്കുകയും എ.ഡി.എം.-ന്റെ ഉത്തരവ് ശരിവച്ചുകൊണ്ട് ഹൈക്കോടതി ഉത്തരവുണ്ടാകുകയും ചെയ്തു. എന്നാൽ ലൈൻ നിർമ്മാണം -ശാന്തിവനത്തിലെ ഒരു ടവർ ഒഴിച്ച് മറ്റെല്ലാം പൂർത്തിയായ സന്ദർഭത്തിലാണ് ഈ വിഷയം ശ്രദ്ധയിൽ കൊണ്ടുവരുന്നത്. നിയമപരമായ എല്ലാ നടപടിക്രമങ്ങളും പൂർത്തിയായി ലൈൻ നിർമ്മാണം അന്തിമഘട്ടത്തിലായിരിക്കുമ്പോൾ എന്തെങ്കിലും മാറ്റം വരുത്താൻ കഴിയുന്ന സ്ഥിതി ഉണ്ടായിരുന്നില്ല. സർക്കാർ ഇക്കാര്യത്തിൽ തികച്ചും ന്യായയുക്തമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. ഇതുസംബന്ധിച്ച് പ്രമുഖ പാരിസ്ഥിതിക പ്രവർത്തകനായ ശ്രീ. ബി. എസ്. വിജയൻ ഈ ചർച്ചകളിലെല്ലാം പങ്കെടുത്തതാണ്. അതിൽ മന്ത്രിയെന്ന നിലയിൽ ഞാനും ഗവൺമെന്റും എടുത്ത നിലപാടിനെ പൊതുവേ അദ്ദേഹം അനുകൂലിക്കുകയാണ് ചെയ്തത്. തുടർന്ന് ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയാത്ത അവസ്ഥയിലാണ്. കോടതി നടപടികളെല്ലാം അവസാനിച്ചിട്ടുണ്ടെന്നുള്ള കാര്യവും ഈ അവസരത്തിൽ

അറിയിക്കാൻ ആഗ്രഹിക്കുകയാണ്. നിയമപരമായി അവർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കാവുന്നതാണ്. ആ കാര്യത്തിലൊക്കെ നല്ല മനോഭാവം മാത്രമേ ബോർഡും ഗവൺമെന്റും സ്വീകരിച്ചിട്ടുള്ളൂ. 40000 കുടുംബത്തിന്റെ കാര്യമാണ്; അവർക്ക് വൈദ്യുതി എത്തിക്കുന്നതിന് ഇത്തരം പ്രോജക്ടുകൾ വരുമ്പോൾ ചില ദോഷങ്ങൾ വരുമെന്നുള്ളത് സ്വാഭാവികം, അതിന് പരിഹാരമുണ്ടാക്കാൻ കഴിയാവുന്നിടത്തോളം ശ്രമിക്കുമെങ്കിലും പൊതുതാൽപ്പര്യമുള്ളതുകൊണ്ട് കഴിയുകയില്ലെന്നുള്ള കാര്യവും ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു.

## (11) കഞ്ചിക്കോട് - പുതുശ്ശേരി വ്യവസായ മേഖല

ശ്രീ. ഷാഫി പറമ്പിൽ: സർ, ജൂൺ 27 എന്നത് അന്താരാഷ്ട്ര തലത്തിൽ United Nations-ന്റെ ആഭിമുഖ്യത്തിൽ ഇന്റർ നാഷണൽ MSME (Micro, Small & Medium Enterprises) day അഥവാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ദിനമായി ആഘോഷിക്കുന്ന ദിവസമാണ്. മൂന്ന് പേർ പ്രവർത്തിക്കുന്ന സൂക്ഷ്മ വ്യവസായം മുതൽ അയ്യായിരം പേർക്ക് ജോലിയെടുക്കാവുന്ന വലിയ സംരംഭങ്ങൾ വരെയുള്ള സ്ഥലമാണ് പാലക്കാട് കഞ്ചിക്കോട് വ്യവസായ മേഖല. 2030-ൽ ലോകത്തിന്റെ Working age population -ന്റെ ഒരു ജോബ് ഡിമാന്റ് എന്നുപറയുന്നത് 600 മില്യൺ ആയിരിക്കും. അതിന്റെ 90 ശതമാനവും ഇത്തരം സ്ഥാപനങ്ങളിലൂടെ കടന്നുവരേണ്ടതാണെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. എന്നാൽ ആ വ്യവസായ മേഖലയിൽനിന്നും ഇപ്പോൾ കേൾക്കുന്ന വാർത്തകൾ പോസിറ്റീവല്ല എന്നുള്ളത് ഒരു പ്രധാനപ്പെട്ട ഘടകമാണ്. കഞ്ചിക്കോട് മുതൽ വാളയാർ വരെയുള്ള എട്ട് മുതൽ പത്ത് കി.മീറ്റർ പ്രദേശത്ത് അറുനൂറോളം വ്യവസായങ്ങളും പതിനായിരക്കണക്കിന് ആളുകൾ തൊഴിലെടുത്തിരുന്ന സ്ഥാപനങ്ങളുമുണ്ട്. പല കാരണങ്ങൾകൊണ്ട് അവിടെ വലിയ പ്രതിസന്ധി കളുണ്ടാകുകയും ചില സ്ഥാപനങ്ങൾ അടച്ചുപൂട്ടിപ്പോകുന്ന സാഹചര്യമുണ്ടാകുകയുമാണ്. പ്രത്യേകിച്ച് നോട്ട് നിരോധനം, ജി.എസ്.ടി.-യുടെ ഇംപ്ലിമെന്റേഷൻ തുടങ്ങിയവയ്ക്കുശേഷം വലിയ പ്രയാസങ്ങൾ അവിടെ സൃഷ്ടിക്കപ്പെടുകയാണ്. പത്ത് കി.മീറ്റർ അപ്പുറത്തേയ്ക്ക് യാത്രചെയ്താൽ കോയമ്പത്തൂരിന്റെ ഭാഗമായിട്ടുള്ള പ്രദേശങ്ങളുണ്ട്, അവിടേയ്ക്ക് എക്സ്പാൻഷനുവേണ്ടിയും മറ്റുകാര്യങ്ങൾക്കുമായും ഇവ പോകുകയാണ്. കഴിഞ്ഞ ദിവസം അടച്ചുപൂട്ടിയ Marico Ltd. Kanjikode-ൽ 110 സ്ഥിരം തൊഴിലാളികളും 60 കോൺട്രാക്ട് തൊഴിലാളികളുമുണ്ടായിരുന്നു. അവർ

കോയമ്പത്തൂരിലെ പെരുംതുറയിൽ ആളുകളെ ജോലിക്കുവച്ച് പുതിയ പ്ലാന്റ് തുടങ്ങുകയാണ്. വൈദ്യുതിയുമായി ബന്ധപ്പെട്ട് തൊഴിൽ തർക്കങ്ങളും മറ്റ് പ്രതിസന്ധികളുമായി ബന്ധപ്പെട്ടെല്ലാം ഇവിടെയുള്ള സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യങ്ങളുണ്ടാകുകയും ഇവിടെനിന്നും അടച്ചുപൂട്ടി മറ്റ് സുരക്ഷിത സ്ഥലങ്ങൾ തേടിപ്പോകുയും ചെയ്യുന്നത് നമ്മുടെ വ്യവസായ മേഖലയ്ക്ക് വലിയ കോട്ടങ്ങൾ സൃഷ്ടിക്കപ്പെടുകയും തൊഴിലവസരങ്ങൾക്ക് കുറവുകളുമുണ്ടാക്കുകയുമാണ്. 220 കെ.വി. ഫീഡർ സബ്സ്റ്റേഷനുകളിൽ ഏറ്റവും കൂടുതൽ ഫീഡറുകളുള്ള കഞ്ചിക്കോട് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 50 പ്രവൃത്തി ദിവസം വൈദ്യുതി തടസ്സപ്പെട്ടു. നമുക്ക് അഡീഷണൽ സബ്സ്റ്റേഷൻ ആവശ്യമാണ്, അടിയന്തരമായി ഇതൊരു Special Economic Zone ആക്കി മാറ്റാനുള്ള തീരുമാനമെടുക്കണം. അവിടെയുള്ള വ്യവസായികൾ, ജനപ്രതിനിധികൾ, തൊഴിലാളികൾ എന്നിവരുമായി ചർച്ച ചെയ്യണം. തൊഴിലാളികളുടെ അവകാശങ്ങൾ തീർച്ചയായും സംരക്ഷിക്കപ്പെടേണ്ടതാണ്. പക്ഷേ സംരംഭങ്ങൾ അടച്ചുപൂട്ടിപ്പോകുന്ന സ്ഥിതി ഒഴിവാക്കണം. 500 പേർക്ക് തൊഴിൽ തന്നിരുന്ന 'കിറ്റെക്സ്' അടച്ചുപൂട്ടിപ്പോയി. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തര ഇടപെടലുണ്ടാകണം. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം വിളിച്ചുചേർത്ത് ഇതിന് പരിഹാരമുണ്ടാക്കണം. നാന്നൂറിലധികം ഏക്കർ ഭൂമി ഏറ്റെടുത്ത കോച്ച്ഫാക്ടറി ഇനിയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അത് നൽകാൻ അവർ തയ്യാറല്ലെങ്കിൽ അവിടെയുള്ള ഐ.ഐ.ടി. ഉൾപ്പെടെയുള്ളവയുമായി കണക്ട് ചെയ്ത് Knowledge based city, സ്ഥാപിക്കണം. ഒരു ടൗൺഷിപ്പ് അവിടെ ഉണ്ടായാൽ പതിനായിരക്കണക്കിന് തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ സാധിക്കും. ഇക്കാര്യങ്ങളിൽ അടിയന്തരമായി ഇടപെട്ട് പരിഹാരം ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കഞ്ചിക്കോട്-പുതുശ്ശേരി വ്യവസായ മേഖലയിൽ വ്യവസായ ഭൂമി നിലവിലുള്ളത് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കിൻഫ്ര, കെ.എസ്.ഐ.ഡി.സി. എന്നീ ഏജൻസികളുടെ കീഴിലാണ്. പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ കീഴിൽ 667 ഏക്കറും കിൻഫ്ര, കെ.എസ്.ഐ.ഡി.സി. എന്നീ ഏജൻസികളുടെ കീഴിൽ 376 ഏക്കറും വ്യവസായ ഭൂമിയുണ്ട്. വ്യവസായ-വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിൽ കഞ്ചിക്കോട്-പുതുശ്ശേരി വ്യവസായ

ഏരിയകളിലായി നിലവിൽ 318 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മറ്റ് ഏജൻസികളുടെ കീഴിലുള്ള വ്യവസായ ഭൂമിയിൽ 93 സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിലെല്ലാംകൂടി ആകെ 16250 തൊഴിലാളികൾ ജോലി ചെയ്തുവരുന്നു. അടിസ്ഥാന സൗകര്യ വികസന മേഖലയിൽ ചില പ്രശ്നങ്ങൾ നിലവിലുണ്ട്. കഞ്ചിക്കോട്-പുതുശ്ശേരി വ്യവസായ ഏരിയയിൽ 22.76 കോടി രൂപയുടെ റോഡ് വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. പവർ സപ്ലൈ തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ട്. കൂടാതെ MSME, CDP പദ്ധതിയുടെ കീഴിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തമായി നടന്നുവരികയാണ്. നിലവിൽ കഞ്ചിക്കോട്-പുതുശ്ശേരി വ്യവസായ മേഖലയിൽ തൊഴിൽ പ്രശ്നംമൂലമുള്ള സമരങ്ങളോ, അടച്ചുപൂട്ടലോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചുരുക്കം ചില സ്ഥാപനങ്ങളിൽ കൂലി വർദ്ധനവ് ഉന്നയിച്ച് സംരംഭകരുടെമേൽ സമ്മർദ്ദം ചെലുത്തിയതിന്റെ അടിസ്ഥാനത്തിൽ, രണ്ട് സ്ഥാപനങ്ങളിൽ തൊഴിൽ വകുപ്പ് ഇടപെട്ട് ചർച്ച ചെയ്ത് പ്രശ്നം പരിഹരിച്ചിട്ടുണ്ട്. പ്രസ്തുത പ്രദേശങ്ങളിൽ സംരംഭം തുടങ്ങുന്നതിന് സ്ഥലമെടുക്കുന്നവർക്ക്, സ്ഥലവിലയുടെ 50% നൽകി സ്ഥലം ഏറ്റെടുക്കുന്നതിനും ബാക്കി 50% അടുത്ത 5 വർഷം കൊണ്ട് 4 തവണകളായി അടച്ചുതീർക്കുന്നതിനും പ്രസ്തുത കാലയളവിൽ നൽകേണ്ട പലിശ 9% നിരക്കിൽ സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾവഴി നൽകുന്നതിനുമുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കിൻഫ്രയുടെ കീഴിൽ കഞ്ചിക്കോട് വ്യവസായ പാർക്കിലെ സംരംഭവുമായി ബന്ധപ്പെട്ട് അവിടെയുള്ള സ്ഥാപനങ്ങളിലെ തൊഴിൽ പ്രശ്നങ്ങൾ ഉൾപ്പെടെ ചർച്ചചെയ്ത് പരിഹരിക്കുന്നതിനുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. 24-6-2019-ൽ അവിടെ അസുഖകരമായ ചില പ്രവണതകൾ രൂപപ്പെടുന്നുണ്ടെന്ന് മനസ്സിലായതിന്റെ അടിസ്ഥാനത്തിൽ കിൻഫ്ര മാനേജിംഗ് ഡയറക്ടറോട് അടിയന്തരമായി സന്ദർശിച്ച് അവിടെയുള്ള പ്രശ്നം എന്താണെന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഏതാണ്ട് 9-10 കി.മീറ്റർ അപ്പുറത്താണ് തമിഴ്നാട്. ആ ഒരു പ്രത്യേക സാഹചര്യം കൂടിയുള്ളതുകൊണ്ട് ചില വ്യവസായികളെ ഇവിടെനിന്നും അടർത്തിയെടുക്കാനും ഇവിടെ ചില പ്രശ്നങ്ങൾ സൃഷ്ടിച്ചെടുക്കാനും ചിലർ ബോധപൂർവ്വം ശ്രമിച്ചുവരികയാണ്. വ്യവസായങ്ങളുടെ മേൽ വലിയ സമ്മർദ്ദം ചെലുത്തി അനധികൃത ആനുകൂല്യങ്ങൾ നേടിയെടുക്കാനുള്ള ചില സംഘടനകളുടെ പ്രവർത്തനങ്ങൾ അവിടെ ദോഷകരമായി ബാധിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ചില വ്യവസായ സംരംഭകർ ആ പ്രദേശങ്ങളിൽനിന്നും മാറിപ്പോകാനുള്ള പ്രവണത വരുന്നുണ്ട്.

അവരെ അവിടെത്തന്നെ നിലനിർത്തി സംരംഭങ്ങൾ പ്രവർത്തിപ്പിക്കാനുള്ള എല്ലാ സൗകര്യങ്ങളും ഗവൺമെന്റും വ്യവസായ വകുപ്പും ചെയ്തുകൊടുക്കുകയാണ്. Industrial Special Economic Zone ആയി കേരളത്തിലെ ചില പ്രദേശങ്ങളെ മാറ്റിയെടുത്ത് വ്യവസായ സംരംഭകർക്ക് കൂടുതൽ പ്രചോദനം കൊടുക്കണം എന്ന നിർദ്ദേശം നേരത്തേതന്നെ ഗവൺമെന്റിന്റെ മുമ്പിലുണ്ട്, അത്തരമൊരു നിലപാട് സ്വീകരിച്ചിട്ടുമുണ്ട്. ആ വിഷയം ഇപ്പോഴും സജീവ പരിഗണനയിലുണ്ട് എന്നുള്ള കാര്യം അറിയിക്കുകയാണ്.

## VI റിപ്പോർട്ടുകളുടെ സമർപ്പണം

(1) സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

(2) വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, വനവും പരിസ്ഥിതിയും വിനോദ സഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, സമിതിയുടെ 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

(3) ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, സമിതിയുടെ 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

(4) ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, സമിതിയുടെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

(5) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനെട്ടും പത്തൊൻപതും റിപ്പോർട്ടുകൾ

ശ്രീ. മുരളി പെരുനെല്ലി: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനെട്ട്, പത്തൊമ്പത് റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

## VII ധനകാര്യം

### (1) 2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ്

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ആദ്യ ബാച്ച് ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## (2) 2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, പട്ടികജാതി/ പട്ടികവർഗ്ഗ മറ്റ് പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവുമെന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2019-2020 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2019-2020 | | | | |
|---|---|---|---|---|---|---|
| | | 7-2-2019-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| VIII | എക്സൈസ് | 99,46,72,000 | - | 198,93,44,000 | - | 198,93,44,000 |
| XXIV | തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 453,86,30,000 | 66,87,00,000 | 907,72,60,000 | 133,74,00,000 | 1041,46,60,000 |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| XXV | പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റ പിന്നാക്ക/ന്യൂന പക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 1001,20, 75,000 | 87,64,7 7,000 | 2002,41, 48,000 | 175,29,5 5,000 | 2177,71, 03,000 |

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സംസ്ഥാന നിയമസഭകൾ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയേയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയേയും എക്സൈസ് VIII-ാം നമ്പർ ധനാഭ്യർത്ഥനയേയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയേയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയേയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും പട്ടികജാതി/ പട്ടികവർഗ്ഗ/ മറ്റുപിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപുറത്തുവയ്ക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ VIII-എക്സൈസ്**

സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 198,93,44,000

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

1. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 198,93,44,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മയക്കുമരുന്നുകൾക്ക് അടിമപ്പെട്ടവർക്ക് ബോധവൽക്കരണം നടത്തി പുനരധിവസിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്)

2. ശ്രീ. റോജി എം. ജോൺ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 198,93,44,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സമൂഹത്തിന് ഭീഷണിയായി കഞ്ചാവും, മയക്കുമരുന്നും വ്യാപിക്കുന്നതിനെതിരെ ക്രിയാത്മകമായ നടപടി സ്വീകരിക്കാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

3. ശ്രീ. ടി. എ. അഹമ്മദ് കബീർ : സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 198,93,44,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കഞ്ചാവ് അടക്കമുള്ള ലഹരിവസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകൾ ആധുനികവൽക്കരിച്ച് ശക്തിപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന് )

4. ശ്രീ. എം. ഉമ്മർ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 198,93,44,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ലഹരിവിരുദ്ധ പദ്ധതിയായ 'വിമുക്തി'യുടെ പ്രവർത്തനം ഫലപ്രദമല്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് )

5. ശ്രീ. കെ. എം. ഷാജി: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 198,93,44,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവിൽപ്പനയിലെ അഴിമതി തടയുന്നതിന് നിലവിലെ സംവിധാനം ഫലപ്രദമല്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് )

6. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 198,93,44,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ജനവാസ കേന്ദ്രങ്ങളിൽ നിന്നും മദ്യഷാപ്പുകൾ മാറ്റണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന് )

7. ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 198,93,44,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മദ്യ വിൽപ്പന ശാലകളുടെ എണ്ണം കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന് )

8. ശ്രീ. വി. പി. സജീന്ദ്രൻ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 198,93,44,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സാമൂഹ്യവിപത്തായ മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും പടിപടിയായി കുറയ്ക്കുമെന്ന പ്രഖ്യാപനത്തിന് കടകവിരുദ്ധമായി, പൂട്ടിയ 370 ബാറുകൾ തുറക്കുന്നതിന് അനുമതി നൽകിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് )

9. ശ്രീ. പാറക്കൽ അബ്ദുല്ല: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 198,93,44,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ആരാധനാലയങ്ങളുടെയും വിദ്യാലയങ്ങളുടെയും അടുത്ത് പ്രവർത്തിക്കുന്ന മദ്യ വില്പനശാലകൾ മാറ്റണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്)

10. ശ്രീ. സണ്ണി ജോസഫ്: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 198,93,44,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ഫൈവ്സ്റ്റാർ, ഹെറിറ്റേജ് ഹോട്ടലുകളിലെ ബാറുകൾക്ക് സ്കൂളുകളിൽനിന്നുള്ള ദൂരപരിധി 200 മീറ്ററിൽ നിന്ന് 50 മീറ്ററായി കുറച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

11. ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 198,93,44,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മദ്യഷാപ്പുകൾ നിയന്ത്രിക്കുന്നതിനുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം കവർന്നെടുത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് )

12. ശ്രീ. അബ്ദുൽ ഹമീദ്. പി. : സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 198,93,44,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കള്ളവാറ്റ് തടയുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

13. ശ്രീ. മഞ്ഞളാംകുഴി അലി: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 198,93,44,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സ്പിരിറ്റ് ചേർത്ത വ്യാജ കള്ളിന്റെ വിതരണം തടയുന്നതിൽ വീഴ്ച ഉണ്ടായതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

14. ശ്രീ. പി. ഉബൈദുള്ള: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 198,93,44,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മദ്യനയം മദ്യ ഉപഭോഗം വർദ്ധിപ്പിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് )

15. ശ്രീ. ടി. വി. ഇബ്രാഹിം: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 198,93,44,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മദ്യ-മയക്കുമരുന്ന് മാഫിയകളെ നിയന്ത്രിക്കുന്നതിന് എക്സൈസ് വകുപ്പിന് പ്രത്യേക പരിശീലനം നൽകണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന് )

16. ശ്രീ. കെ. എൻ. എ. ഖാദർ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 198,93,44,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (എക്സൈസ് ചെക്ക് പോസ്റ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് )

**സൂചക വെട്ടിക്കുറയ്ക്കൽ**

സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 198,93,44,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

17. ശ്രീ. വി. ഡി. സതീശൻ
18. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
19. ശ്രീ. ഷാഫി പറമ്പിൽ
20. ശ്രീ. അൻവർ സാദത്ത്
21. ശ്രീ. കെ. സി. ജോസഫ്
22. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

## ധനാഭ്യർത്ഥന നമ്പർ XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 1041,46,60,000

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

1. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1041,46,60,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സംസ്ഥാനത്ത് അടഞ്ഞുകിടക്കുന്ന എഴുന്നൂറിൽപ്പരം സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിന് ക്രിയാത്മകമായ ഇടപെടൽ നടത്താത്തതുമൂലം തൊഴിലാളികൾ ഗുരുതരമായ പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് )

2. ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1041,46,60,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (തൊഴിലാളികളുടെ മിനിമം കൂലി അഞ്ഞൂറ് രൂപയാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് )

3. ശ്രീ. പി. ഉബൈദുള്ള: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1041,46,60,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ (തോട്ടം തൊഴിലാളികളുടെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് )

4. ശ്രീ. എൻ. ഷംസുദ്ദീൻ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1041,46,60,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (തോട്ടം തൊഴിലാളികളുടെ വേതന പരിഷ്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് )

5. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

വകകൊള്ളിച്ചിട്ടുള്ള 1041,46,60,000 രൂപ ഒരുരൂപയായി കുറവ് ചെയ്യേണ്ടതാണ്. (ദിവസവേതനാടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലുമുള്ള നിയമനങ്ങൾ വർദ്ധിച്ചുവരുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് )

6. ശ്രീ. എം. ഉമ്മർ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1041,46,60,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന് )

7. ശ്രീ. കെ. എം. ഷാജി: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1041,46,60,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് സംവിധാനം പുനഃസംഘടിപ്പിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് )

8. ശ്രീ. കെ. എൻ. എ. ഖാദർ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1041,46,60,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (തൊഴിൽ വകുപ്പിന്റെ വ്യവസ്ഥകളും നിർദ്ദേശങ്ങളും ലംഘിക്കുന്ന തൊഴിലുടമകൾക്കെതിരെ നിയമ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന് )

9. ശ്രീ. ടി. എ. അഹമ്മദ് കബീർ :സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1041,46,60,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്)

10. ശ്രീ. മഞ്ഞളാംകുഴി അലി: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1041,46,60,000 രൂപ ഒരു രൂപയായി കുറവ്

ചെയ്യേണ്ടതാണ്. (ഐ.റ്റി. മേഖലയിലെ തൊഴിൽ ചൂഷണം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് )

11. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1041,46,60,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സംസ്ഥാനത്തെ ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്)

12. ശ്രീ. ടി. വി. ഇബ്രാഹിം: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1041,46,60,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്ത് വിട്ടുനൽകിയ സ്ഥലത്ത് ഐ.ടി.ഐ. സ്ഥാപിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന് )

13. ശ്രീ. അബ്ദുൽ ഹമീദ്. പി: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1041,46,60,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനവും തൊഴിൽ സുരക്ഷയും ഉറപ്പാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് )

14. ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1041,46,60,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കിലയുടെ പ്രവർത്തനങ്ങളും പരിപാടികളും എല്ലാ ജില്ലകളിലും സംഘടിപ്പിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന് )

15. ശ്രീ. പാറക്കൽ അബ്ദുല്ല: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1041,46,60,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (വിദേശ രാജ്യങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ എത്തുന്ന പ്രവാസികളുടെ ക്ഷേമത്തിനായി നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് )

## സൂചക വെട്ടിക്കുറയ്ക്കൽ

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1041,46,60,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

16. ശ്രീ. റോജി എം. ജോൺ
17. ശ്രീ. എം. വിൻസെന്റ്
18. ശ്രീ. വി. ഡി. സതീശൻ
19. ശ്രീ. ഷാഫി പറമ്പിൽ
20. ശ്രീ. വി. പി. സജീന്ദ്രൻ
21. ശ്രീ. അൻവർ സാദത്ത്
22. ശ്രീ. കെ. സി. ജോസഫ്
23. ശ്രീ. സണ്ണി ജോസഫ്

## ധനാഭ്യർത്ഥന നമ്പർ XXV— പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 2177,71,03,000

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

1. ശ്രീ. എം. വിൻസെന്റ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2177,71,03,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പട്ടികജാതി പട്ടികവർഗ്ഗ അതിക്രമ നിരോധന നിയമപ്രകാരമുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിന് എല്ലാ ജില്ലകളിലും പ്രത്യേക കോടതികൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന് )

2. <u>ശ്രീ. കെ. എം. ഷാജി</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2177,71,03,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരമുള്ള പരിരക്ഷ ലഭിക്കുന്നില്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

3. <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2177,71,03,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്(പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന് അനുവദിച്ച പദ്ധതി തുക വെട്ടിക്കുറച്ചതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

4. <u>ശ്രീ. വി. ഡി. സതീശൻ</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2177,71,03,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (2018-19-ൽ പട്ടികജാതിക്കാരുടെ 20 ശതമാനവും പട്ടികവർഗ്ഗക്കാരുടെ 14 ശതമാനവും പ്ലാൻ ഫണ്ട് വെട്ടിക്കുറച്ചത് അവർക്കായുള്ള വികസന പ്രവർത്തനങ്ങളെ ബാധിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

5. <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2177,71,03,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെഡിക്കൽ-എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾ, മറ്റ് മത്സരപരീക്ഷകൾ എന്നിവയ്ക്ക് നൽകി വരുന്ന പരിശീലന പരിപാടി വ്യാപിപ്പിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്)

6. <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2177,71,03,000 രൂപ

ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള സ്കോളർഷിപ്പ് വിതരണം ചെയ്യാത്തതിനെത്തുടർന്നുണ്ടായതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

7. ശ്രീ. എം. ഉമ്മർ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2177,71,03,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഭവനരഹിതരായ മുഴുവൻ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും വീട് നിർമ്മിച്ചു നൽകാനുള്ള പദ്ധതി വിപുലീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്)

8. ശ്രീ. കെ. സി. ജോസഫ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2177,71,03,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പട്ടികജാതിക്കാരിലെ ഇരുപത്തിരണ്ടായിരം പേർക്ക് പുറമ്പോക്ക് ഭൂമി, മിച്ച ഭൂമി എന്നിവ വിതരണം ചെയ്യുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

9. ശ്രീ. കെ. എൻ. എ. ഖാദർ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2177,71,03,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പട്ടികവർഗ്ഗ വകുപ്പിനു കീഴിലുള്ള ഫാമുകളിലെ കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

10. ശ്രീ. ടി. വി. ഇബ്രാഹിം: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2177,71,03,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ കോട്ടാശ്ശേരി കോളനിയുടെ നവീകരണ പ്രവർത്തനങ്ങളിൽ തടസ്സമുണ്ടായതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

11. ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2177,71,03,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ആദിവാസി പുനരധിവാസ വികസന മിഷന്റെ വിവിധ പദ്ധതികളെക്കുറിച്ചും ആനുകൂല്യങ്ങളെക്കുറിച്ചും ആദിവാസികൾക്കിടയിൽ വേണ്ടത്ര അവബോധം ഉണ്ടാക്കുന്നതിൽ വീഴ്ചയുണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് )

12. ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2177,71,03,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പ്രളയംമൂലം നാശനഷ്ടം സംഭവിച്ച പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാനസൗകര്യ വികസനത്തിനും പുനർനിർമ്മാണത്തിനും നടപടികൾ സ്വീകരിക്കാത്ത തായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് )

13. ശ്രീ. മഞ്ഞളാംകുഴി അലി: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2177,71,03,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പെരിന്തൽമണ്ണ ബ്ലോക്കിലെ നെന്മിനി പ്രീ-മെട്രിക് ഹോസ്റ്റലിന്റെ കെട്ടിട നിർമ്മാണപ്രവൃത്തി പൂർത്തീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

14. ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2177,71,03,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ആദിവാസി മേഖലകളിൽ പോഷകാഹാരക്കുറവിനെത്തുടർന്ന് ശിശു മരണങ്ങൾ ഉണ്ടാകുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് )

15. ശ്രീ. അൻവർ സാദത്ത്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2177,71,03,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പട്ടികജാതി വികസന

പദ്ധതികൾ ആസൂത്രണം ചെയ്യാൻ വർഷത്തിലൊരിക്കൽ പഞ്ചായത്ത്/മുനിസിപ്പൽ തലത്തിൽ പട്ടികജാതിക്കാരുടെ പ്രത്യേക ഗ്രാമസഭ വിളിച്ച് ചേർക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന് )

16. ശ്രീ. പി. ഉബൈദുള്ള: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2177,71,03,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ന്യൂനപക്ഷവകുപ്പിനുകീഴിൽ തൊഴിൽ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന് )

17. ശ്രീ. പാറക്കൽ അബ്ദുല്ല: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2177,71,03,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന് )

**സൂചക വെട്ടിക്കുറയ്ക്കൽ**

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2177,71,03,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

18. ശ്രീ. റോജി എം. ജോൺ
19. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
20. ശ്രീ. ഷാഫി പറമ്പിൽ
21. ശ്രീ. വി. പി. സജീന്ദ്രൻ
22. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
23. ശ്രീ. സണ്ണി ജോസഫ്

<u>ശ്രീ. ബി. സത്യൻ</u>: സർ, എക്സൈസ്, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്നീ ധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. പട്ടികജാതി വികസന വകുപ്പ് നടത്തുന്ന പരിശീലന കേന്ദ്രത്തിൽനിന്നും ആദ്യമായി ഐ.എ.എസ്. കരസ്ഥമാക്കിയ വയനാട് സ്വദേശിയും തൊഴിലുറപ്പ് തൊഴിലാളിയുടെ മകളുമായ ശ്രീധന്യ സുരേഷിനെ ഈ ഡിമാന്റ് ചർച്ചാവേളയിൽ അഭിനന്ദിക്കുകയാണ്. ആ അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കാൻ സഹായിച്ച വകുപ്പുമന്ത്രിയേയും അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച ഉദ്യോഗസ്ഥരെയും അഭിനന്ദിക്കുകയാണ്. 1986-ൽ ആരംഭിച്ച ഈ അക്കാദമിയിൽനിന്നും ഒരു ഐ.എ.എസ്.-കാരെപ്പോലും കാണാൻ കഴിയുന്നില്ലല്ലോ എന്ന് എല്ലാവരും പറയുമായിരുന്നു. സമിതി മണ്ണന്തലയിലെ അംബേദ്കറുടെ നാമധേയത്തിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിവിൽ സർവ്വീസ് അക്കാദമിയിൽ പോയപ്പോൾ ശ്രീധന്യ സുരേഷ് തന്റെ പരാധീനതകളും പരാതികളുമൊക്കെ പറഞ്ഞിരുന്നു. ആ കുട്ടിക്ക് പരിശീലനത്തിനും യാത്രയ്ക്കുമായി സഹായം ചെയ്യണമെന്നാവശ്യപ്പെട്ടപ്പോൾ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ അതിനുവേണ്ട എല്ലാ സഹായവും ചെയ്തുകൊടുത്തു. ആ നേട്ടം ഈ സന്ദർഭത്തിൽ സഭയുടെ മുന്നിൽ സമർപ്പിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

നവോത്ഥാന മുന്നണി പടയാളിയും അയിത്തത്തിനും ജാതി ചിന്തക്കുമെതിരായ പോരാട്ടസമരങ്ങളിലെ വീരനായകനുമായിരുന്ന മഹാത്മാ അയ്യങ്കാളിയുടെ നാമധേയത്തിലുള്ള തിരുവനന്തപുരത്തെ വെങ്ങാനൂരിലെ സ്മൃതിമണ്ഡപം അടഞ്ഞുകിടക്കുകയാണ്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രി എ. കെ. ബാലന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഞങ്ങളെയെല്ലാം വിളിച്ച് സ്മൃതിമണ്ഡപം തർക്കം പരിഹരിച്ച് തുറന്നുപ്രവർത്തിപ്പിക്കാനുള്ള അനുമതി നൽകി. ഇക്കഴിഞ്ഞ ജൂൺ 17-ന് മഹാനായ അയ്യങ്കാളിയുടെ 78-ാം ചരമദിനമായിരുന്നു. അന്ന് അവിടെ ചേർന്ന മഹാസമ്മേളനത്തിൽ അതിനെ തീർത്ഥാടനകേന്ദ്രമായി പ്രിയപ്പെട്ട മുഖ്യമന്ത്രി ഔദ്യോഗികമായി പ്രഖ്യാപിച്ചു. മഹാരഥന്മാരുടെ പേരിൽ ഒരു ജില്ലയിൽ ഒരു കേന്ദ്രമെന്നത് അങ്ങ് ഈ ബഡ്ജറ്റ് ചർച്ചയിൽ സൂചിപ്പിക്കുകയുണ്ടായി. മഹാത്മാ അയ്യങ്കാളി സ്ഥാപിച്ച സ്കൂൾ സർക്കാരിന്റെ മാതൃകാ സ്കൂളായി ഉയർത്താനുള്ള നടപടി സ്വീകരിക്കുമെന്ന് അവിടെ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കുന്ന സമ്മേളനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. മഹാനായ അയ്യങ്കാളിയുടെ പേരിലുള്ള ആ കേന്ദ്രത്തിൽ

ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള മഹാന്മാരുടെ പേരിലുള്ള കേന്ദ്രം ആരംഭിക്കാൻ അങ്ങ് മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതുമായി ബന്ധപ്പെട്ട സംഘടനകളുടെ യോഗം പ്രിയപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിളിച്ചുചേർത്ത് അതിന് മുൻകയ്യെടുക്കണമെന്നും ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. അങ്ങനെ മഹാത്മാ അയ്യങ്കാളിയെ ഓർമ്മിക്കാനും അദ്ദേഹം ജനിച്ച മണ്ണിലേയ്ക്ക് ഈ രാജ്യത്തെ തീർത്ഥാടകർക്ക് കടന്നുവരാനും വഴിയൊരുക്കിയ പ്രിയപ്പെട്ട മന്ത്രിയെയും ഗവൺമെന്റിനെയും വിശിഷ്യാ, അതിനുവേണ്ടി മുൻകയ്യെടുത്ത സംഘടനകളെയും ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. രാജ്യത്താകെ ദളിത് സമൂഹവും ന്യൂനപക്ഷ വിഭാഗവും വേട്ടയാടപ്പെടുന്ന ഒരു കാലത്താണ് നമ്മൾ നിൽക്കുന്നത്. ഒരു കാലത്തും ഇല്ലാത്ത നിലയിൽ ഉത്തരേന്ത്യൻ നാടുകളിൽ ദളിത് വിഭാഗത്തിൽപ്പെട്ടവർ വേട്ടയാടപ്പെടുകയും ആൾക്കൂട്ടക്കൊലപാതകങ്ങൾ പെരുകുകയും ചെയ്യുന്ന കാലത്താണ് നമ്മൾ ജീവിക്കുന്നത്. ദളിത് വിഭാഗത്തിൽപ്പെട്ടവരുടെ മേലുള്ള കടന്നാക്രമണങ്ങൾ വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിലാണ് കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമം സംബന്ധിച്ചുള്ള കാര്യങ്ങൾ നമ്മുടെ പരിഗണനയ്ക്ക് വരുന്നത്. 2011-ലെ സെൻസസ് പ്രകാരം രാജ്യത്താകെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ 16 ശതമാനവും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ 8 ശതമാനവുമായി മൊത്തം 25 ശതമാനത്തിലേറെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ വരുന്നു. രാജ്യത്തെ ജനസംഖ്യയുടെ ഏതാണ്ട് നാലിലൊന്ന് വരുന്നവരാണ് രാജ്യത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം. പക്ഷേ അങ്ങ് ശ്രദ്ധിച്ചോ? ഇപ്പോൾ അധികാരത്തിൽ വന്ന ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അവരുടെ പദ്ധതിയും പരിപാടികളുമൊക്കെ പ്രഖ്യാപിച്ചു. എന്നാൽ, ഈ രാജ്യത്തെ നാലിലൊന്ന് വരുന്ന ജനസമൂഹത്തിനുവേണ്ടി ഒരക്ഷരം ഉരിയാടാൻ നരേന്ദ്ര മോദി സർക്കാർ തയ്യാറായില്ല എന്നത് ഭരണ-പ്രതിപക്ഷത്തുള്ള സുഹൃത്തുക്കൾ പരിഗണനയ്ക്ക് വിധേയമാ ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരളത്തിൽ 53 സമുദായങ്ങളിലായി ഏതാണ്ട് 30,39,573 പേരുണ്ടെന്നാണ് അവസാനത്തെ കനേഷുമാരി കണക്ക് സൂചിപ്പിക്കുന്നത്. ഏതാണ്ട് 9.10 ശതമാനം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും 1.4 ശതമാനത്തോളം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും ഉൾപ്പെടെയുള്ള ജനസമൂഹം നാട്ടിൽ വസിക്കുന്നുവെന്നുള്ളതാണ് കണക്ക്. സംസ്ഥാനത്തെ ആകെ വരുന്ന ജനസംഖ്യയുടെ ഏതാണ്ട് 57.1 ശതമാനം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ പാലക്കാട്, തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, മലപ്പുറം എന്നീ അഞ്ച് ജില്ലകളിലായാണ് വരുന്നത്. അപ്പോൾ പദ്ധതി ആസൂത്രണത്തിനും നടത്തിപ്പിനും സ്വാഭാവികമായും മുന്തിയ പരിഗണന

വേണ്ടിവരുമ്പോൾ ഏറ്റവുമധികം ആളുകൾ അധിവസിക്കുന്ന ഈ പ്രദേശങ്ങളിലേയ്ക്ക് വികസനത്തിന്റെ കാര്യങ്ങൾ ശ്രദ്ധയൂന്നണമെന്ന് ഈ അവസരത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. ഞാൻ ഈ വിഷയത്തിലേയ്ക്ക് കൂടുതൽ കടക്കുന്നില്ല. നമ്മുടെ സംസ്ഥാനത്ത് വിഹിതം നൽകുന്നതിൽ ഒരു കാലത്തുമില്ലാത്ത നിലയിൽ ധനകാര്യ വകുപ്പ് വലിയൊരു പരിഗണന ഈ കാലത്ത് നൽകാൻ തയ്യാറായി എന്നുള്ളത് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. രാജ്യത്താകെയുള്ള ഏതാണ്ട് 25 ശതമാനം വരുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആനുപാതികമായി നീക്കിവയ്ക്കേണ്ട തുക കേന്ദ്ര സർക്കാർ നീക്കിവച്ചിട്ടില്ല. ആ സന്ദർഭത്തിൽ കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തോട് നീതിപൂർവ്വം പെരുമാറുന്ന ഒരു ഗവൺമെന്റാണ് സംസ്ഥാനം ഭരിക്കുന്നത്. ഇവിടെ, അടങ്കൽ തുകയായി 2,599 കോടി രൂപയാണ് ഈ വർഷത്തേയ്ക്ക് നീക്കി വച്ചിരിക്കുന്നത്. അത് ആകെ 9.8 ശതമാനം വരും. പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഏതാണ്ട് 751 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഈ കാലത്തിനിടയിലുള്ള റിക്കാർഡ് വർദ്ധനവാണ് ഇക്കാര്യത്തിൽ വരുത്തിയിട്ടുള്ളത്. പദ്ധതി അടങ്കലിന് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 2.83 ശതമാനവും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 1.4 ശതമാനവും വർദ്ധനവാണ് വരുത്തിയിട്ടുള്ളതെന്ന് സൂചിപ്പിക്കുകയാണ്. കൂടുതൽ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഏറ്റവും അടിത്തട്ടിലേയ്ക്ക് എത്തിക്കാനുള്ള പരിശ്രമമാണ് നടത്തുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ മേഖലയിൽ നിരവധി കർമ്മ പരിപാടികൾ നടത്തി മുന്നോട്ടുപോകുന്നു. ഇപ്പോഴും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ അഭിമുഖീകരിക്കുന്ന ഏറ്റവും ഗൗരവമായ പ്രശ്നം ഭൂമിയും വീടും തന്നെയാണ്. ഈ ഗവൺമെന്റിന്റെ കാലയളവിനിടയിൽത്തന്നെ പൂർണ്ണമായും പൂർത്തീകരിക്കാൻ പരിശ്രമിക്കുമെന്ന് ഞാൻ കരുതുകയാണ്. തൊഴിൽ വകുപ്പിന് ഏറ്റവും അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞ ഒരു കാലയളവാണിത്. ഞങ്ങൾ ഉൾപ്പെടുന്ന തൊഴിലാളി പ്രസ്ഥാനങ്ങളും സംഘടനകളുമൊക്കെയായി ആലോചിച്ചുകൊണ്ട് തൊഴിൽ വകുപ്പ് ചരിത്രത്തിൽ ആദ്യമായി നടത്തിയ ഒട്ടനവധി നേട്ടങ്ങളുണ്ട്. പാവപ്പെട്ട തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും പരിശോധനകളില്ല, ഇഷ്ടമുള്ള കാര്യങ്ങൾ ഇഷ്ടംപോലെ ചെയ്യാം. അങ്ങനെ തൊഴിലാളിവിരുദ്ധമായി നടന്ന ഈ മേഖലയെ ഏകോപിപ്പിച്ച് നിരവധി കർമ്മ പരിപാടികൾ ഈ രംഗത്ത് കൊണ്ടുവരാനും ചരിത്രത്തിലാദ്യമായി മുപ്പത് വിവിധ മേഖലകളിലായി minimum wages പ്രഖ്യാപിക്കാനും തൊഴിൽ വകുപ്പിന് കഴിഞ്ഞു. ഏറ്റവും നല്ല പരിശീലനം സംസ്ഥാനത്തെ തൊഴിൽ വകുപ്പിന് കീഴിലുള്ള വ്യവസായ പരിശീലന കേന്ദ്രങ്ങളിൽ നൽകുകയും പത്ത്

ഐ.ടി.ഐ.-കൾ മികവിന്റെ കേന്ദ്രങ്ങളായി മാറുകയും ഐ.എസ്.ഒ. അംഗീകാരം നേടുകയും ചെയ്തു. രാജ്യത്തെ അന്താരാഷ്ട്ര നിലവാരമുള്ള ഐ.ടി.ഐ.-കളാക്കി മാറ്റിയെടുക്കാൻ എന്റെ മണ്ഡലത്തിലെ ആറ്റിങ്ങൽ ഐ.ടി.ഐ. പോലുള്ള സ്ഥാപനങ്ങൾക്ക് കഴിഞ്ഞു. പാവപ്പെട്ട കുട്ടികളാണ് ഇവിടെ പഠനത്തിനെത്തുന്നത്. ഏറ്റവും മിടുക്കന്മാരായി വളർന്നുവരാനുള്ള അവസരമൊരുക്കിക്കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ഏതാണ്ട് 1912-ഓളം കുട്ടികൾക്ക് പുതുതായി അഡ്മിഷൻ കിട്ടാനുള്ള അവസരമുണ്ടാക്കി. NCVT(National Council for Vocational Training)-യിൽ ഏതാണ്ട് 27,694 കുട്ടികൾക്ക് കടന്നുവരാനുള്ള അവസരമുണ്ടാക്കുകയും SCVT (State Council for Vocational Training)-യുടെ കീഴിൽ കോഴ്സുകൾ ആരംഭിക്കുകയും ചെയ്തു. 7,179 ട്രെയിനികൾക്ക് placement ലഭിച്ചു. ഐ.ടി.ഐ.-കൾ വഴി മിടുക്കന്മാരായ കുട്ടികൾക്ക് സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളിൽ placement കിട്ടാനുള്ള അവസരമുണ്ടാക്കി. ഈ ട്രെയിനിംഗ് സെന്ററുകളെ കൂടുതൽ നൈപുണ്യ കേന്ദ്രങ്ങളാക്കി വളർത്തിക്കൊണ്ടുവരാൻ കഴിഞ്ഞു. ആ നിലയിൽ തൊഴിൽ മേഖലയെയും തൊഴിൽ പരിശീലനത്തെയും വിപുലപ്പെടുത്താൻ കഴിഞ്ഞു. ന്യൂനപക്ഷ മേഖലകളിലും വിവിധതരത്തിലുള്ള വികസന പദ്ധതികൾ ആവിഷ്കരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് ഈ സന്ദർഭത്തിൽ ഞാൻ അങ്ങയെ ഓർമ്മിപ്പിക്കുകയാണ്.

ഒരു ഘട്ടത്തിൽ അഴിമതിയുടെ കൂത്തരങ്ങായി മാറിയിരുന്ന ഒരു മേഖലയായിരുന്ന എക്സൈസ് എന്ന കാര്യം ഇവിടെ സൂചിപ്പിച്ചതാണ്. ആ വകുപ്പിനെ ക്രമീകരിച്ചെടുക്കാനും ശാക്തീകരിക്കാനും ജനോപകാരപ്രദമാക്കി മാറ്റിയെടുക്കാനും കഴിഞ്ഞു. എക്സൈസ് വഴി ലഭിക്കുന്ന വരുമാനത്തിന്റെ ഒരു വിഹിതം ഈ സംസ്ഥാനത്തെ പാവപ്പെട്ടവരെയും രോഗം ബാധിച്ചവരെയും സഹായിക്കാനായി ആ വകുപ്പിന് കഴിഞ്ഞു. ഒരു വെള്ളാനപോലെ പ്രവർത്തിച്ചിരുന്ന വകുപ്പിനെ ജനകീയമാക്കി മാറ്റിയെടുക്കാനുള്ള പരിശ്രമം നടത്താൻ കഴിഞ്ഞു. സ്കൂളുകൾ കേന്ദ്രീകരിച്ച് കുട്ടികളെയും ചെറുപ്പക്കാരെയും ബാധിക്കുന്ന വലിയൊരു വിപത്താണ് മയക്കുമരുന്ന്. ഇതിനെതിരെയുള്ള ബോധവൽക്കരണ പരിപാടിയും അതിനുള്ള ആത്മാർത്ഥമായ പരിശ്രമവും എക്സൈസ് വകുപ്പ് നടത്തുന്നുണ്ട്. ആ നിലയിൽ ഈ വകുപ്പുകളെയെല്ലാം ഏകോപിപ്പിച്ചുകൊണ്ട്, നമ്മുടെ പ്രിയപ്പെട്ട മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ നേതൃത്വം നൽകുന്ന സർക്കാർ നാലാം വർഷത്തിലേയ്ക്ക് കടക്കുന്ന ഈ സന്ദർഭത്തിൽ, ഈ വകുപ്പുകൾ വഴിയും അതുവഴി നാട്ടിലെ പാവപ്പെട്ടവർക്കും സാധാരണക്കാർക്കുമൊക്കെ ആശ്വാസമെത്തിക്കാൻ കഴിയുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഈ കാലയളവിൽ ഈ ധനാഭ്യർത്ഥനകളെയെല്ലാം ഞാൻ സ്വാഗതം ചെയ്യുന്നു.

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടിജാതി ഘടക പദ്ധതിയുടെ കീഴിൽ 2016-17-ൽ അനുവദിച്ച 2,354.4 കോടി രൂപയിൽ 1,820.54 കോടി രൂപയാണ് ചെലവഴിച്ചത്. അതായത്, ഏകദേശം 77 ശതമാനം മാത്രമാണ് ചെലവഴിച്ചത്. 2017-18-ൽ അനുവദിച്ച 2,599.65 കോടി രൂപയിൽ 2,217.97 കോടി രൂപയാണ് ചെലവഴിക്കാൻ കഴിഞ്ഞത്. 2018-19-ൽ അനുവദിച്ച 2,859.62 കോടി രൂപയിൽ 1,565.49 കോടി രൂപ മാത്രമാണ് 25-1-2019 വരെ ചെലവഴിച്ചിട്ടുള്ളത്. അതുപോലെ, പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉപപദ്ധതിയുടെ ഭാഗമായി 2016-17-ൽ പട്ടികവർഗ്ഗ വികസന വകുപ്പിന് 544.48 കോടി രൂപ അനുവദിച്ചതിൽ 519.57 കോടി രൂപയും 2017-18-ൽ അനുവദിച്ച 583.63 കോടി രൂപയിൽ 517.98 കോടി രൂപയും 2018-19-ൽ അനുവദിച്ച 650.36 കോടി രൂപയിൽ 362.05 കോടി രൂപയുമാണ് ചെലവഴിച്ചത്. പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉപപദ്ധതിയുടെ ഭാഗമായി 2016-17-ൽ പൊതുമരാമത്ത് വകുപ്പിന് 48.90 കോടി രൂപ അനുവദിച്ചതിൽ 16.30 കോടി രൂപയും 2017-18-ൽ അനുവദിച്ച 47.95 കോടി രൂപയിൽ 13.88 കോടി രൂപയും 2018-19-ൽ അനുവദിച്ച 44 കോടി രൂപയിൽനിന്നും 10.84 കോടി രൂപയുമാണ് ചെലവഴിച്ചത്. പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉപപദ്ധതിയുടെ ഭാഗമായി 2016-17-ൽ ഗ്രാമ വികസന വകുപ്പിന് 65.35 കോടി രൂപ അനുവദിച്ചതിൽ 36.5 കോടി രൂപയും 2017-18-ൽ അനുവദിച്ച 75.95 കോടി രൂപയിൽ 12.90 കോടി രൂപയും 2018-19-ൽ അനുവദിച്ച 52.80 കോടി രൂപയിൽ 3.2 കോടി രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. 2018-19-ലെ പട്ടികജാതി വിഭാഗത്തിന്റെ പദ്ധതി വിഹിതം 1,491.3 കോടി രൂപയായിരുന്നു. അതിൽ 31.01.2019 വരെ 861.3 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. ഈ തുകയിൽ ഇരുപത് ശതമാനത്തിന്റെ കുറവാണ് ഉണ്ടായിരിക്കുന്നത്. 2018-19-ൽ പട്ടികവർഗ്ഗ വിഭാഗത്തിന്റെ പദ്ധതി വിഹിതം 597.12 കോടി രൂപയായിരുന്നു. അതിൽ 30.01.2019 വരെ 373.47 കോടി രൂപയാണ് ചെലവഴിച്ചത്. ഇതിലും 14 ശതമാനം കുറവ് വരുത്തുകയാണ്. സമൂഹത്തിലെ ഏറ്റവും പാർശ്വവൽക്കരിക്കപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്ലാൻ ഫണ്ടിൽപ്പോലും പ്രളയത്തിന്റെ പേരിൽ വെട്ടിക്കുറവ് വരുത്തി സർക്കാർ നിലവിൽ വന്നതിന്റെ ആയിരം ദിവസങ്ങൾ ആഘോഷിക്കുന്നതിനുവേണ്ടി 10 കോടിയോളം രൂപ ചെലവഴിക്കുകയാണ്. പരസ്യത്തിനുമാത്രമായി കോടിക്കണക്കിന് രൂപ ചെലവഴിക്കുന്നു. പ്രളയത്തിന്റെ പേരിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ പ്ലാൻ ഫണ്ട് പോലും വെട്ടിക്കുറയ്ക്കുന്ന നിലപാടാണ് എടുത്തിരിക്കുന്നത്. വാഗ്ദാനങ്ങളൊക്കെ നിറവേറ്റി ഇനി നവകേരളനിർമ്മാണം എന്ന പരസ്യവാചകം സംസ്ഥാനത്തെ 5000 ബസ്സുകളിൽ ഒട്ടിച്ചവകയിൽ 1.5 കോടി രൂപ ചെലവഴിച്ചു. എന്നാൽ, തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ അതെല്ലാം

ഒരാഴ്ചയ്ക്കുശേഷം പൊളിച്ച് മാറ്റേണ്ട സ്ഥിതിയുണ്ടായി. റീബിൽഡ് കേരളയുടെയും കിഫ്ബിയുടെയും പേരിൽ പണം ധൂർത്തടിക്കുന്ന ഇവർ പട്ടിണിപ്പാവങ്ങളായ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ പിച്ചച്ചട്ടിയിൽ കയ്യിട്ട് വാരുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. എനിക്ക് അങ്ങയോട് ബഹുമാനമുണ്ട്. എന്റെ അമ്മാവൻ കെ. ആർ. നാരായണനെതിരെ മത്സരിച്ചയാളാണ് അങ്ങ്. അദ്ദേഹത്തിനോട് ഒരിക്കൽ ഞാൻ ശ്രീ. എ. കെ. ബാലൻ എങ്ങനെയുണ്ടെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി He is a gentleman എന്നായിരുന്നു. അമ്മാവൻ gentleman എന്നുപറഞ്ഞ ആ വാചകം മരുമകനായ എന്നെക്കൊണ്ട് അങ്ങ് മാറ്റി പറയിപ്പിക്കരുത്. എനിക്ക് ഒരു കാര്യം പറയാനുള്ളത് അങ്ങ് ഈ സംസ്ഥാന കമ്മിറ്റിക്ക് പോകരുതെന്നാണ്. പോയിക്കഴിഞ്ഞാൽ അങ്ങയെ ഏതെങ്കിലും ഒരു കമ്മീഷനായി വിടും. കാരണം പട്ടികജാതി/പട്ടികവർഗ്ഗം, പാർലമെന്ററി കാര്യം, സാംസ്കാരികം എന്നീ വകുപ്പുകളിലായി അങ്ങേയ്ക്ക് നൂറുകണക്കിന് ജോലിയുണ്ട്. പാവമായതുകൊണ്ട് അങ്ങയെ കമ്മീഷനായി വയ്ക്കും. ഇപ്പോഴത്തെ രാഷ്ട്രീയ സാഹചര്യമനുസരിച്ച് എവിടെയൊക്കെ പോകേണ്ടി വരും? ആന്ധ്ര, മുംബൈ, ആസാം, ബംഗാൾ, ദുബായ്, ബീഹാർ എന്നിങ്ങനെ എല്ലാ സ്ഥലത്തും പോകേണ്ടിവരും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ദയവ് ചെയ്ത് കമ്മീഷനായി മാറരുത്. ഞാൻ കുറേകാലം നെടുമങ്ങാട് കോടതിയിൽ പ്രാക്ടീസ് ചെയ്തയാളാണ്. ഇവിടെയിപ്പോൾ ശ്രീ. ഐ. ബി. സതീഷ് ഇല്ല; അദ്ദേഹത്തിന്റെ ചേട്ടന്റെ ഓഫീസിലാണ് പ്രാക്ടീസ് ചെയ്തത്. അദ്ദേഹത്തിന്റെ ചേട്ടൻ ശ്രീ. ബാബുരാജ്, ബാബുരാജിന്റെ ചേട്ടൻ ശ്രീ. സതീഷ് കുമാർ. ഞാൻ ഉച്ചയ്ക്കുശേഷം കാര്യങ്ങളൊക്കെ പഠിക്കാൻ മുൻസിഫ് കോടതിയിൽ പോകും. അപ്പോൾ എന്നെ പിടിച്ച് കമ്മീഷനാക്കും. അങ്ങനെ എല്ലാ ആഴ്ചയിലും ഞാൻ കമ്മീഷനാകും. 500 രൂപ നമുക്ക് അപ്പോൾത്തന്നെ കിട്ടുകയും കാറിൽ കൊണ്ടുപോയി സ്ഥലമൊക്കെ കാണിച്ചിട്ട് വീട്ടിൽ കൊണ്ടുവിടുകയും ചെയ്യും. വളരെ സുഖമുള്ള ഒരു ഏർപ്പാടാണ്. അങ്ങനെ എല്ലാ ആഴ്ചയിലും എനിക്ക് കമ്മീഷൻ കിട്ടാൻ തുടങ്ങിയപ്പോൾ എന്നോട് അഡ്വ. സതീഷ് കുമാർ പറഞ്ഞത്, പണിയില്ലാത്തവർക്ക് കിട്ടുന്ന പണിയാണിതെന്നും നമ്മുടെ ഓഫീസിന് ഒരു സ്റ്റാറ്റസുണ്ട്, അതുകൊണ്ട് ആ സ്റ്റാറ്റസ് വച്ച് വല്ലപ്പോഴും കമ്മീഷനായി പോയാൽ മതി എന്നുമാണ്. അതുകൊണ്ട് എനിക്ക് ശ്രീ. എ. കെ. ബാലനോട് പറയാനുള്ളത് സംസ്ഥാന കമ്മിറ്റി കൂടുമ്പോൾ പനിയാണെന്ന് വിളിച്ച് പറഞ്ഞാൽ മതിയെന്നാണ്. ജമീല ഡോക്ടർ അത്യാവശ്യം അങ്ങേയ്ക്കുവേണ്ടി കള്ളമൊക്കെ പറയാൻ തയ്യാറാണ്. അങ്ങ് പനിയാണെന്ന് പറഞ്ഞ് ഒഴിവായാൽ മതി. എനിക്ക് വലിയ ആഗ്രഹമുണ്ട് അങ്ങ് ഒരു പോളിറ്റ് ബ്യൂറോ മെമ്പറാകണമെന്ന്. പക്ഷേ അത് നടക്കുമെന്ന് തോന്നുന്നില്ല. ബംഗാളിൽ നിന്നൊക്കെ ഇപ്പോൾ കുറച്ച് ഒഴിവുകൾ വന്നിട്ടുണ്ട്. അങ്ങനെയെങ്കിൽ ചിലപ്പോൾ അങ്ങേയ്ക്കും സാധിക്കും.

പക്ഷേ അങ്ങയെ രാജ്യം വാഴ്ത്താൻ പോകുന്നത് മുൻമന്ത്രിയെന്ന നിലയിലോ ഭാവിയിൽ പോളിറ്റ്ബ്യൂറോ അംഗം എന്ന നിലയിലോ അല്ല. അങ്ങ് അറിയപ്പെടാൻ പോകുന്നത് തീവ്രത അളക്കുന്ന ഒരു മെഷീൻ കണ്ടുപിടിച്ചയാൾ എന്ന നിലയിലാണ്. റേഡിയോ കണ്ടുപിടിച്ച മാർക്കോണിയെപ്പോലെ, വിമാനം കണ്ടുപിടിച്ച റൈറ്റ് സഹോദര ന്മാരെപ്പോലെ തീവ്രതയളക്കുന്ന മെഷീൻ കണ്ടുപിടിച്ചയാളായി അങ്ങ് ചരിത്രത്തിന്റെ ഭാഗമായി മാറുകയാണ്. അങ്ങ് ചരിത്രത്തിന്റെ ഭാഗമാകുന്നതിലൊന്നും കുഴപ്പമില്ല. പക്ഷേ ഇപ്പോൾ ഈ വകുപ്പുമായി ബന്ധപ്പെട്ട് ഞാൻ കുറേ കണക്കുകൾ പറഞ്ഞു. ആ കണക്കുകൾ അങ്ങ് ഒന്ന് പരിശോധിക്കണം. ഇവിടെ കുമാരി ശ്രീധന്യ സുരേഷിനെ അഭിനന്ദിച്ചു. ഞാനും അഭിനന്ദിക്കുകയാണ്. കാരണം ആദിവാസി മേഖലയിൽനിന്നും വളർന്നുവന്ന ഒരു കുട്ടിയാണ്. എന്റെ കയ്യിൽ ഒരു പരാതിയുണ്ട്; അങ്ങേയ്ക്കും കിട്ടിക്കാണുമെന്ന് വിചാരിക്കുന്നു. മുഖ്യമന്ത്രിക്കും പ്രതിപക്ഷനേതാവിനും കിട്ടിയിട്ടുണ്ട്. കുമളിയിലുള്ള ശ്രീ. എസ്. സുഭാഷിന് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഒന്നാം റാങ്കാണുള്ളത്. ആദിവാസിയായ പാവപ്പെട്ട സുഭാഷിന് സി.പി.ഐ.(എം)-ന്റെ നിയന്ത്രണത്തിലിരിക്കുന്ന എറണാകുളത്തെ Greater Cochin Development Authority (GCDA)-യിൽ നിയമനം ലഭിച്ചില്ല. അവിടെ ചെയർമാൻ സി.പി.ഐ.(എം)-ന്റെ ആളാണല്ലോ; ടൗൺ പ്ലാനിംഗ് ഓഫീസർ തസ്തികയിൽ ഒന്നാം റാങ്ക് ലഭിച്ചിട്ടും നിയമനം കൊടുക്കുന്നില്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവുണ്ടായിട്ടും കൊടുക്കു ന്നില്ല. അതുകൂടാതെ ഡെപ്യൂട്ടി ടൗൺ പ്ലാനിംഗ് തസ്തികയിലേയ്ക്ക് എസ്.സി./ എസ്.ടി. വിഭാഗത്തിൽപ്പെട്ട ഒന്നും രണ്ടും റാങ്ക് വാങ്ങിയ ശ്രീമതി ലീലാവതിക്കും ശ്രീമതി ഹിന്ദുജയ്ക്കും അഡ്വൈസ് ലഭിച്ചിരുന്നു. അവർക്കും GCDA-യിൽ നിയമനം ലഭിച്ചിട്ടില്ല. എന്നാൽ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെടാത്ത ആറാം റാങ്കുകാരിക്ക് നിയമനം കൊടുത്തിരിക്കു കയാണ്. ഇത് വളരെ ഗൗരവമുള്ള വിഷയമാണ്, അങ്ങ് പരിശോധിക്കണം. നവോത്ഥാനം എന്നുപറഞ്ഞാൽ മതിൽ കെട്ടുക മാത്രമല്ല. ഇവിടെ ശ്രീധന്യ സുരേഷ് സ്വന്തം കഴിവുകൊണ്ടാണ് റാങ്ക് നേടിയത്. പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റിൽ മൂന്നുപേർക്ക് ടൗൺ പ്ലാനിംഗ് ഓഫീസറായും ഡെപ്യൂട്ടി ടൗൺ പ്ലാനിംഗ് ഓഫീസറായും നിയമനം നൽകിയിട്ടും ഇവർക്ക് രണ്ടുപേർക്ക് മാത്രം ഇതുവരെ നിയമനം നൽകാൻ സാധിക്കാത്തത് ഗൗരവമായിട്ടുള്ള കാര്യമാണ്. എനിക്ക് ശ്രീ. എം. എം. മണിയുടെ വകുപ്പുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യങ്ങൾ പറയാനുണ്ട്. അദ്ദേഹം ഇവിടെയില്ല. എനിക്ക് പറയാനുള്ളത് അദ്ദേഹം ഈ വൈദ്യുതി വകുപ്പ് ഏറ്റെടുക്കണമെന്നാണ്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ശ്രീ. സുരേഷ് ഗോപി തൃശ്ശൂരിൽ മത്സരിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് 'ഞാൻ തൃശ്ശൂർ ഇങ്ങ് എടുക്കുകയാണ്' എന്നാണ്. അതുപോലെ അദ്ദേഹവും ഈ ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ചെയർമാനെയും ബോർഡ്

അംഗങ്ങളെയും വിളിച്ചുകൂട്ടി ഞാൻ ഈ വൈദ്യുതി വകുപ്പ് ഇങ്ങ് എടുക്കുകയാണെന്ന് പറയണം. ഞാൻ ഇനി തരില്ല എന്ന് വേണമെങ്കിൽ പറഞ്ഞോളൂ. പക്ഷേ രണ്ടേ രണ്ട് വർഷം മാത്രമേയുള്ളൂ. ആ രണ്ട് വർഷമെങ്കിലും മണിയാശാൻ ആ വകുപ്പ് ഏറ്റെടുത്ത് നന്നായി കൊണ്ടുപോകാൻ നോക്കണം. നൂറ് ശതമാനം വൈദ്യുതീകരണം നടന്നുവെന്ന് പറഞ്ഞു. അത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും നടത്തിക്കൊണ്ടുവന്നതാണ്. വൈദ്യുതി വകുപ്പിന്റെ എത്ര പണം മുടക്കി. ഞങ്ങൾ എം.എൽ.എ.-മാർ ഉൾപ്പെടെയുള്ള ആളുകൾ മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കേണ്ട ഫണ്ടുകൂടി ചെലവഴിച്ചിട്ടാണ് നടത്തുന്നത്. ഞാൻ എം.എൽ.എ. ഫണ്ടിൽനിന്നും ഒന്നും എടുത്തിട്ടില്ല. ഞാൻ അവിടത്തെ ചില സ്ഥാപനങ്ങളിലെ സി.എസ്.ആർ. ഫണ്ട് വച്ചാണ് അത് പൂർത്തീകരിച്ചത്. അപ്പോൾ എനിക്ക് ബഹുമാനപ്പെട്ട മണിയാശാനോട് പറയാനുള്ളത് സമ്പൂർണ്ണ വൈദ്യുതീകരണം ഈ ഗവൺമെന്റിന്റെ മാത്രം നേട്ടമല്ലെന്നാണ്. ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ വകുപ്പുമന്ത്രിയായിരുന്നപ്പോഴും സമ്പൂർണ്ണ വൈദ്യുതീകരണം നടന്നതാണ്. അത് വലിയ മെച്ചമായി പറയാൻ കഴിയില്ല. ശ്രീ. എ. കെ. ബാലൻ മന്ത്രിയായിരുന്നപ്പോഴും സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയിരുന്നു. വൈദ്യുതി വകുപ്പുമന്ത്രി ആരായിരുന്നാലും അന്നത്തെ സമയത്ത് സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയൊക്കെ നടപ്പിലാക്കുമായിരുന്നു. മണിയാശാൻ വിചാരിക്കുന്നത് അദ്ദേഹം മാത്രമാണ് ഇതൊക്കെ നടപ്പിലാക്കിയത് എന്നാണ്. എനിക്ക് ഒന്നുകൂടി പറയാനുള്ളത് സുരേഷ് ഗോപിക്ക് ആരാണ് തൃശ്ശൂർ എടുക്കാൻ അനുമതി നൽകിയത്? റവന്യൂ വകുപ്പുമന്ത്രി അതിനെതിരെ ഒരു വാക്ക് മിണ്ടിയില്ലല്ലോ? തൃശ്ശൂർ ജില്ലയിൽനിന്ന് എന്റെ നിയോജകമണ്ഡലമായ ചാലക്കുടികൂടി എടുത്തുകൊണ്ടുപോയോ എന്നറിയാൻ ശ്രീ. ബെന്നി ബഹനാനോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് അതവിടെ വച്ചിട്ടുണ്ട് എന്നാണ്. 'തൃശ്ശൂർ ഞാൻ ഇങ്ങ് എടുക്കുവാ, കൊണ്ടുപോകുവാ, തരില്ല' എന്നൊക്കെ പറയാൻ ഇവിടെ ആർക്കാണ് അധികാരമുള്ളത്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മണിയാശാനോട് പറയാനുള്ളത് ഈ വകുപ്പ് അങ്ങ് കുറച്ച് മാസം ഏറ്റെടുക്കണമെന്നാണ്.

തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് '2018-ലെ നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ' സഭ ഐകകണ്ഠ്യേന പാസ്സാക്കിയതാണ്. എന്നിട്ട് ഇവിടെ ഒരു നിക്ഷേപം കൊണ്ടുവരാൻ ആർക്കെങ്കിലും കഴിയുന്നുണ്ടോ? സാജൻ എന്നുപറയുന്ന മനുഷ്യൻ ആന്തൂരിൽ നഗരസഭ ചെയർപേഴ്സൺ പി. കെ. ശ്യാമളയുടെ ക്രൂര പീഡനത്തിനെതിരെ ആത്മഹത്യ ചെയ്യുകയല്ലേ ചെയ്തത്? ഇനിയും അത് ആവർത്തിക്കാൻ പാടില്ല. നമ്മൾ നിയമം പാസ്സാക്കിയിട്ടും നോക്കുകൂലി നിരോധിച്ചിട്ടും കാര്യമില്ല.

അതോടൊപ്പം അവർ നിക്ഷേപിക്കാൻ ഇങ്ങോട്ട് വരുമ്പോൾ അതിനുള്ള സൗകര്യംകൂടി ഒരുക്കിക്കൊടുക്കുകയാണ് വേണ്ടത് എന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വർഗ്ഗീയ വിപത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും സൃഷ്ടിയായ ജനവിരുദ്ധ തൊഴിലാളിദ്രോഹ നയങ്ങളെ പ്രതിരോധിക്കാൻ തൊഴിലാളിവർഗ്ഗ ബഹുജന ഐക്യം ശക്തിപ്പെടുത്തുന്നതിനൊപ്പം പ്രളയം തകർത്ത കേരളത്തെ പുനർനിർമ്മിക്കുന്ന മഹാദൗത്യത്തിന് കരുത്ത് പകരുകയാണ് കേരളം. കേന്ദ്ര ഗവൺമെന്റിന്റെ തൊഴിലാളിവിരുദ്ധ നടപടികൾ കോടിക്കണക്കിന് തൊഴിലെടുക്കുന്നവരുടെയും കുടുംബങ്ങളുടെയും നിലനിൽപ്പ് അപകടത്തിലാക്കിയിരിക്കുകയാണ്. ബി.ജെ.പി. സർക്കാർ തൊഴിൽ നിയമങ്ങൾ കോർപ്പറേറ്റ് താൽപ്പര്യ സംരക്ഷണത്തിനായി മാറ്റിയെഴുതുന്നു. സ്ഥിരം തൊഴിൽ എന്നത് സങ്കൽപ്പം മാത്രമായി മാറുകയാണ്. സംഘടിക്കാനും അവകാശങ്ങൾ നേടിയെടുക്കാനുമുള്ള സ്വാതന്ത്ര്യവും കവർന്നെടുക്കുന്നു. വേതനം വെട്ടിക്കുറയ്ക്കുകയും മിനിമം വേതനം നൽകാതിരിക്കുകയും ചെയ്യുന്നു. തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷാ ഫണ്ടുകൾ കോർപ്പറേറ്റ് താൽപ്പര്യങ്ങൾക്ക് കീഴടങ്ങി ഓഹരി വിപണിയുടെ ചൂതാട്ടത്തിന് വിട്ടുകൊടുക്കുകയാണ് ബി.ജെ.പി. സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. കോൺഗ്രസ്സിനും ഇതിൽനിന്നും മാറിനിൽക്കാൻ കഴിയില്ല. കോൺഗ്രസ്സാണ് ഇത് തുടങ്ങിവച്ചത്. ഇന്ത്യൻ തൊഴിലാളി മേഖലയിൽ വൻ പ്രതിസന്ധിയാണ് രൂപപ്പെട്ടുകൊണ്ടിരിക്കുന്നത്. ഐ.എൽ.ഒ. ഉൾപ്പെടെ വിവിധ ഏജൻസികളുടെ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത് ഭാവി അശുഭകരം എന്നാണ്. സെന്റർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ ഇക്കണോമി റിപ്പോർട്ട് പ്രകാരം യുവാക്കളിലെ തൊഴിലില്ലായ്മ 39 ശതമാനമായി ഉയർന്നിരിക്കുകയാണ്. 2018-ൽ മാത്രം 1.10 കോടി തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. തൊഴിലില്ലായ്മ രാഷ്ട്രീയ സാമൂഹ്യ ജീവിതത്തിലും ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്നുണ്ട്. നിരാശയിലാണ്ട യുവാക്കളിൽ പലരും വർഗ്ഗീയ തീവ്രവാദ സംഘങ്ങളുടെയും ക്രിമിനൽ സംഘങ്ങളുടെയും ഇരകളായി മാറിക്കൊണ്ടിരിക്കുകയാണ്. ഇടതുപക്ഷത്തിന് മാത്രമേ ഈ പ്രതിസന്ധിയെ മറികടന്ന് തൊഴിലാളി താൽപ്പര്യം ഉയർത്തിപ്പിടിക്കാനാകൂ. അതാണ് കേരളം കാണിച്ചുതരുന്ന ബദൽ. പരിമിത വിഭവങ്ങളും അധികാരവുമാണുള്ളതെങ്കിലും ജനങ്ങൾക്കൊപ്പംനിന്ന് ക്ഷേമത്തിന്റെയും വികസനത്തിന്റെയും പുതിയ ചരിത്രമെഴുതുകയാണ് ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാർ.

12.00 Noon]

മൂന്നുവർഷം പിന്നിട്ട ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുള്ള എല്ലാ സമ്മർദ്ദങ്ങളെയും അതിജീവിച്ച് നവകേരളം കെട്ടിപ്പടുക്കുകയാണ്. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചും ആരോഗ്യകരമായ തൊഴിൽ സംസ്കാരം വളർത്തിയെടുത്തും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിച്ചും ക്ഷേമ സാമൂഹിക സുരക്ഷാ പദ്ധതികൾ നടപ്പാക്കിയും കേരളം തൊഴിൽ മേഖലയിൽ രാജ്യത്തിന് മാതൃകയാകുകയാണ്. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന സ്ത്രീകളുൾപ്പെടെയുള്ള ലക്ഷക്കണക്കിന് ജീവനക്കാർക്ക് ഇരിപ്പിടം അവകാശമാക്കിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. ജീവനക്കാർക്ക് ആഴ്ചയിൽ ഒരു ദിവസം വേതനത്തോടുകൂടിയ അവധി ഉറപ്പുവരുത്തി. രാജ്യത്ത് ഏറ്റവും ഉയർന്ന മിനിമം വേതനം നിലവിലുള്ള സംസ്ഥാനമാണ് കേരളം. മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുന്ന 80 തൊഴിൽ മേഖലയിൽ കാലാവധി പൂർത്തിയായ 26 മേഖലയിലും ഇതിനകം മിനിമം വേതനം പുതുക്കി നിശ്ചയിച്ചു. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലെത്തിയ അതിഥി തൊഴിലാളികളുൾപ്പെടെയുള്ള എല്ലാ വിഭാഗം തൊഴിലാളികൾക്കും ഇന്ന് ഈ സർക്കാരിന്റെ സംരക്ഷണ കവചമുണ്ട്. പെൻഷൻ 600 രൂപയായിരുന്നത് 1,200 രൂപയായി വർദ്ധിപ്പിച്ചു. ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആവാസ് ഇൻഷ്വറൻസ് പദ്ധതിയിലൂടെ 15,000 രൂപയുടെ സൗജന്യ ചികിത്സയും രണ്ട് ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസും നൽകുന്നു. നമ്മൾ ഏറ്റവും പ്രധാനമായി ശ്രദ്ധിക്കേണ്ട തോട്ടം തൊഴിലാളി മേഖലയിൽ നിരവധി പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. അവരുടെ ലയങ്ങളെല്ലാം തകർന്നുകിടക്കുകയാണ്. അവ പുതുക്കിപ്പണിഞ്ഞ് ഭവന പദ്ധതി ആരംഭിക്കുമെന്ന് പറഞ്ഞെങ്കിലും അത് വേഗത്തിലാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പൂട്ടിക്കിടക്കുന്ന ലയങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികളുടെ ശമ്പള പരിഷ്കരണം എത്രയും പെട്ടെന്ന് നടപ്പാക്കാനുംവേണ്ട നടപടികളുണ്ടാകണം. അതോടൊപ്പം തൊഴിലാളികൾക്ക് ലഭ്യമാക്കുന്ന ആനുകൂല്യങ്ങളായ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം, ആശ്രിതർക്ക് മരണാനന്തര ധനസഹായം, മക്കൾക്ക് ഉന്നത വിദ്യാഭ്യാസ ധനസഹായം എന്നിവയുടെ വിതരണം വേഗത്തിലാക്കി എത്രയുംവേഗം നടപ്പാക്കാൻവേണ്ടിയുള്ള പരിശ്രമമുണ്ടാകണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. ഇൻകം ടാക്സ് സപ്പോർട്ട് സ്കീം പ്രകാരം ഈറ്റ, കാട്ടുവള്ളി, കയർ, കൈത്തറി, ഖാദി, മത്സ്യബന്ധനം തുടങ്ങിയ പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് സഹായം നൽകിക്കൊണ്ട് ഈ

ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ഇ.എസ്.ഐ. പദ്ധതി സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പാക്കിവരികയാണ്. ഇ.എസ്.ഐ. പദ്ധതിയിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണം 2016 മേയിൽ 7.8 ലക്ഷമായിരുന്നത് ഇപ്പോൾ ഈ ഗവൺമെന്റ് വന്നതിനുശേഷം 11.2 ലക്ഷമായി വർദ്ധിച്ചിട്ടുണ്ട്. സ്ത്രീകളുടെ പദവി ഉയർത്താനും സമത്വവും തുല്യനീതിയും ഉറപ്പുവരുത്താനും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഇന്ന് ഇന്ത്യയ്ക്ക് മാതൃകയായിക്കൊണ്ടിരിക്കുകയാണ്. കർഷകത്തൊഴിലാളികൾ നാടിന്റെ സമ്പത്താണ്. നല്ല ഭക്ഷണം കഴിക്കണമെങ്കിൽ തീർച്ചയായും കർഷകത്തൊഴിലാളികൾ നാടിന് ആവശ്യമാണ്. അവരെ സംരക്ഷിക്കേണ്ട ബാധ്യത നമ്മൾ ഓരോരുത്തർക്കുമുള്ളതാണ്. അവരെ സംരക്ഷിക്കുന്നതിനും സഹായിക്കുന്ന തിനും സഖാവ് ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്നപ്പോൾ കേരളത്തിൽ നടപ്പാക്കിയ കർഷകത്തൊഴിലാളി ക്ഷേമനിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിനെ ഉയർത്തിക്കൊണ്ടുവരികയും അവരുടെ കുടിശ്ശിക പണം കൊടുക്കുകയും ചെയ്തു. എന്നാൽ കഴിഞ്ഞ അഞ്ച് വർഷം കേരളത്തിൽ അധികാരത്തിലിരുന്ന യു.ഡി.എഫ്. സർക്കാരിന് ആ രംഗത്ത് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. എനിക്ക് സൂചിപ്പിക്കാനുള്ളത് കർഷകത്തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ ആനുകൂല്യം ഇപ്പോൾ പരിമിതമാണ്. വിവാഹ ധനസഹായം 2,000 രൂപ, മരണാനന്തര ധനസഹായം 2,000 രൂപ, പ്രസവ ധനസഹായം 15,000 ത്തിൽ ബോർഡ് കൊടുക്കുന്നത് 1,000 രൂപ മാത്രമാണ്. ചികിത്സാ സഹായം അഞ്ച് വർഷത്തിലൊരിക്കൽ 2,500 രൂപയാണ് കൊടുക്കുന്നത്. 40 വർഷം തുടർച്ചയായി പണം അടച്ചുകഴിഞ്ഞ് വിരമിക്കുമ്പോൾ 25,000 രൂപ മാത്രമാണ് അവർക്ക് കിട്ടുന്നത്. അതുകൊണ്ട് ഈ ആനുകൂല്യം വർദ്ധിപ്പിക്കണം. ക്ഷേമനിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ഇപ്പോൾ നൽകുന്ന ആനുകൂല്യങ്ങൾ വളരെ പരിമിതമാണെന്ന് മനസ്സിലാക്കിക്കൊണ്ട് ആനുകൂല്യം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ആനുകൂല്യം കുറഞ്ഞതുകൊണ്ടുതന്നെ അംഗത്വം പുതുക്കുന്ന കാര്യത്തിലും പുതിയ അംഗങ്ങൾ രജിസ്റ്റർ ചെയ്യുന്ന കാര്യത്തിലും വലിയ താല്പര്യം കാണിക്കുന്നില്ല. അതുകൊണ്ട് ഈ രംഗത്തെ പ്രവർത്തനം ശക്തിപ്പെടുത്തണം. തൊഴിലാളികളുടെ അംശദായം ഇപ്പോൾ 5 രൂപയാണ്. അത് 20 രൂപയായി വർദ്ധിപ്പിക്കണം. അതോടൊപ്പംതന്നെ മാച്ചിംഗ് ഗ്രാന്റ്, നേരത്തെ കർഷകത്തൊഴിലാളി ക്ഷേമനിധി ആക്ടിൽ പറഞ്ഞിരിക്കുന്നത് തൊഴിലാളി അടയ്ക്കുന്ന വിഹിതത്തിനനുസൃതമായി

ഗവൺമെന്റും ഒരു വിഹിതം അടയ്ക്കണമെന്നാണ്. അതുകൊണ്ട് തൊഴിലാളികളുടെ അംശദായം 20 രൂപയായി വർദ്ധിപ്പിക്കുമ്പോൾ ഗവൺമെന്റും 20 രൂപ അടയ്ക്കേണ്ടതുണ്ട്. അതോടൊപ്പം ഭൂവുടമാ വിഹിതം കൃത്യമായി തിരിച്ചടയ്ക്കാനും അങ്ങനെ ഈ ക്ഷേമനിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും കഴിയണം. അതോടൊപ്പം ഭൂമി ക്രയവിക്രയം ചെയ്യുമ്പോൾ വാങ്ങുന്ന സെസ്സ് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകിയാൽ ഇന്നത്തെ പ്രതിസന്ധിക്ക് പരിഹാരം കണ്ടെത്താൻ കഴിയും. 2010 മുതൽ 2018 മാർച്ച് 31 വരെ 47 കോടി രൂപ മാച്ചിംഗ് ഗ്രാന്റായി നൽകാനുണ്ട്. അത് എത്രയുംപെട്ടെന്ന് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കർഷകത്തൊഴിലാളി പെൻഷന് അപേക്ഷിക്കാൻ ചില നിബന്ധനകൾ വച്ചിട്ടുണ്ട്. ഒരു ലക്ഷം രൂപയ്ക്ക് മേൽ വരുമാനമുള്ള കർഷകത്തൊഴിലാളി കുടുംബത്തിനോ ആ കുടുംബത്തിൽ ഏതെങ്കിലും ഒരാൾ സർക്കാർ ഉദ്യോഗസ്ഥനോ ആയിട്ടുണ്ടെങ്കിൽ അവർക്ക് പെൻഷൻ കൊടുക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. അത് ഒഴിവാക്കണം. രാജ്യത്തിനുവേണ്ടി നൽകിയ സേവനത്തിനുള്ള സഹായമാണ് പെൻഷൻ. സർക്കാർ ഉദ്യോഗസ്ഥർ പെൻഷൻ പറ്റിയാൽ അവർക്ക് കൃത്യമായി പെൻഷൻ കൊടുക്കുന്നുണ്ട്. അവിടെ വേറെ ഒരു സർക്കാർ ഉദ്യോഗസ്ഥനുണ്ടെങ്കിൽ അവരുടെ പെൻഷൻ തടയുന്നില്ല. പക്ഷെ കർഷകത്തൊഴിലാളിയെ സംബന്ധിച്ചിടത്തോളം അധ്വാനിക്കുന്ന ആ വിഭാഗത്തിന് കൊടുക്കുന്ന പെൻഷന് ഈ മാനദണ്ഡം വയ്ക്കുന്നത് ഒരുതരത്തിലും ന്യായീകരിക്കാൻ കഴിയില്ല. ആ മാനദണ്ഡം പൂർണ്ണമായും ഒഴിവാക്കി കർഷകത്തൊഴിലാളികൾക്ക് യാതൊരു മാനദണ്ഡവുമില്ലാതെ പെൻഷൻ കൊടുക്കാൻ കഴിയുന്ന സ്ഥിതി വിശേഷമുണ്ടാകണം. അതുപോലെ കർഷകത്തൊഴിലാളി ക്ഷേമനിധിയിൽനിന്ന് റിട്ടയർ ചെയ്യുന്ന അംഗങ്ങൾ പെൻഷന് അപേക്ഷിക്കുമ്പോൾ അവർ കർഷകത്തൊഴിലാളിയാണോ അല്ലയോ എന്ന് പരിശോധിക്കാൻ കൃഷി ഓഫീസർമാർക്ക് ഇപ്പോൾ കൊടുത്തിരിക്കുന്ന അനുമതി ഒഴിവാക്കി ഈ രംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്നാണ് എനിക്ക് അങ്ങയോട് സൂചിപ്പിക്കാനുള്ളത്. ഐ.റ്റി.ഐ. രംഗത്ത് നിരവധി പ്രശ്നങ്ങളുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിരവധി ഐ.റ്റി.ഐ.-കൾ തുടങ്ങുന്നതിനും നിലവിലുള്ളവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുംവേണ്ടി നല്ല നിലപാടുകളാണ് സ്വീകരിച്ചിട്ടുള്ളത്. ഐ.റ്റി.ഐ.-കളിലെ തെരഞ്ഞെടുക്കപ്പെട്ട മിടുക്കരായ കുട്ടികൾക്ക് വിദേശത്ത് വിദഗ്ദ്ധ പരിശീലനം നൽകുന്നതോടൊപ്പം പരിശീലനം പൂർത്തീകരിച്ച കുട്ടികൾക്ക് ജോലിയുൾപ്പെടെ കൊടുക്കാൻ ഗവൺമെന്റ് സഹായിക്കുന്നുണ്ട്. പക്ഷെ ഈ മേഖലയിൽ ഒന്നുരണ്ട് പ്രശ്നങ്ങളുള്ളത്, ഐ.റ്റി.ഐ.-കളിലെ ഇൻസ്ട്രക്ടർമാരുടെ

ശമ്പള പരിഷ്കരണത്തിൽ അപാകതയുണ്ട്. ആ അപാകതമൂലം രണ്ടാം ഗ്രേഡിൽനിന്നും മൂന്നാം ഗ്രേഡിലേയ്ക്ക് തരംതാഴ്ത്തപ്പെട്ടവരെ പുന:പരിശോധിച്ച് ഗ്രേഡ് പുനഃസ്ഥാപിക്കണം. വ്യവസായ പരിശീലന വകുപ്പിലെ ജീവനക്കാരുടെ അർഹമായ ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നതിന് കാരണമായ വകുപ്പിലെ പതിറ്റാണ്ടുകൾക്കുമുമ്പുള്ള സ്പെഷ്യൽ റൂൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും ആവശ്യമായ നടപടികളുണ്ടാകണം എന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

ഏറ്റവും പ്രധാനമായി ശ്രദ്ധിക്കേണ്ട ഒന്നാണ് എക്സൈസ്. ഇന്ന് വിദേശ മദ്യഷാപ്പുകൾ ഇഷ്ടംപോലെ അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ ഈ വിഷയം ഉന്നയിച്ചതാണ്. സ്വാഭാവികമായും നല്ല മദ്യം കൊടുക്കേണ്ടത് ആവശ്യമാണ്. എന്നാൽ അതോടൊപ്പം മദ്യവിപത്തിനെതിരായി, അതായത് മദ്യം, മയക്കുമരുന്ന്, കഞ്ചാവ് ഇതിനെല്ലാം വിദ്യാർത്ഥികളടക്കമുള്ളവർ അടിമകളായിക്കൊണ്ടിരിക്കുകയാണ്. അതിനെതിരെ എക്സൈസ് വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്ന ബോധവൽക്കരണ പരിപാടിയെ ഞാൻ അഭിനന്ദിക്കുകയാണ്. എന്നാൽ ഏറ്റവും പ്രധാനമായി നമ്മൾ ശ്രദ്ധിക്കേണ്ടത് കള്ള് വ്യവസായമാണ്. പണ്ട് ബ്രിട്ടീഷ് ഭരണകാലത്ത് അബ്കാരി ആക്ട് നടപ്പാക്കിയത് ചെത്ത് തൊഴിലാളികളെയും കള്ള് വ്യവസായത്തെയും കൂച്ചുവിലങ്ങിട്ട് നിയന്ത്രിക്കാനും ആ സ്ഥാനത്ത് വിദേശ ബ്രൂവറിയിൽ നിർമ്മിക്കുന്ന മദ്യത്തിന്റെ മാർക്കറ്റ് കണ്ടെത്താനുമായിരുന്നു. അതേ നിയമം ഈ വ്യവസായത്തെ ഇന്നും വേട്ടയാടുകയാണ്. അതുകൊണ്ട് കള്ള് വ്യവസായത്തിന് മാത്രമായി ഒരു പുതിയ നിയമത്തെപ്പറ്റി ചിന്തിക്കണം. കേരളത്തിലെ വളരെ പ്രമുഖവും പരമ്പരാഗതവുമായ വ്യവസായമാണ് കള്ള് ചെത്ത് വ്യവസായം. ഇതിന്റെ സുവർണ്ണകാലത്ത് പ്രത്യക്ഷമായും പരോക്ഷമായും ഒരുലക്ഷം തൊഴിലാളികൾ ഈ രംഗത്ത് പണിയെടുത്തിരുന്നു. റവന്യൂ മേഖലയിൽ ഏറ്റവും കൂടുതൽ വരുമാനം കിട്ടിയിരുന്നത് കള്ള് വിൽപ്പനയിൽ നിന്നായിരുന്നു. ഇന്ന് ആ വ്യവസായത്തിന്റെ സ്ഥിതി വളരെ ദയനീയമാണ്. ഏതാണ്ട് 25,000-ത്തിൽ താഴെ ആളുകളാണ് ഇപ്പോൾ ജോലിചെയ്യുന്നത്. 5185 ഷാപ്പുകളിൽ ഏകദേശം 1400 ഷാപ്പുകൾ തുറന്നുപ്രവർത്തിക്കുന്നില്ല. മറ്റെല്ലാ മദ്യങ്ങളിൽ നിന്നും വ്യത്യസ്തവും പ്രകൃതിദത്തവുമായ ഒരു മദ്യം കള്ള് മാത്രമാണ്. ലഹരി കുറവെന്ന് മാത്രമല്ല ഒട്ടേറെ പോഷകമൂല്യങ്ങളടങ്ങിയ പാനീയമാണ് കള്ള്. ഇതുകൂടാതെ ഔഷധ ഗുണവുമുണ്ട്. സംശുദ്ധമായ കള്ളും അതിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ജനങ്ങൾക്ക് ലഭ്യമാക്കണം. വിദേശ-ദേശീയ ടൂറിസ്റ്റുകൾക്ക് കള്ള് പരിചയപ്പെടുത്തണം. കള്ളിന് മാന്യമായ സ്ഥാനം നൽകണം. കള്ള് വ്യവസായത്തെ പൂർണ്ണമായും

പൊതുമേഖലയിൽ കൊണ്ടുവരണം. കള്ള്ഷാപ്പിന്റെ ദൂരപരിധി പുന:പരിശോധിച്ച് ഈ വ്യവസായത്തെ സംരക്ഷിക്കണം. അതോടൊപ്പം സ്കൂൾ പാചക ത്തൊഴിലാളികൾക്ക് സർക്കാർ വാഗ്ദാനം ചെയ്ത ആനുകൂല്യങ്ങൾ എത്രയുംപെട്ടെന്ന് വിതരണം ചെയ്യണം. അവരുടെ മിനിമം കൂലി വിജ്ഞാപനം നടപ്പിലാക്കണം. കൂലി കുടിശ്ശിക കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. തൊഴിൽ, എക്സൈസ് രംഗങ്ങളിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വമ്പിച്ച പുരോഗതി കൈവരിക്കാൻ കഴിഞ്ഞുവെന്നത് ഏറ്റവും സ്വാഗതാർഹമായിട്ടുള്ള കാര്യമാണ്.

ഇന്ത്യൻ ഭരണഘടന എല്ലാ പൗരന്മാർക്കും സാമൂഹികവും സാമ്പത്തികവുമായ നീതി ഉറപ്പാക്കുകയും സമൂഹത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെയും മറ്റ് ദുർബല ജനവിഭാഗങ്ങളുടെയും വിദ്യാഭ്യാസവും സാമ്പത്തികവുമായ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനോടൊപ്പം സാമൂഹിക പിന്നോക്കാവസ്ഥ ഇല്ലാതാക്കുന്നതിനാവശ്യമായ സംരക്ഷണവും ഉറപ്പ് നൽകുന്നുണ്ട്. ഇന്ത്യയിൽ ബി.ജെ.പി.-യും കോൺഗ്രസ്സും ഭരിക്കുന്ന സംസ്ഥാനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജീവിതം ദുരിതപൂർണ്ണവും ഭയാനകവുമായി മുന്നേറുകയാണ്. കേരളം അതിൽ നിന്നെല്ലാം വിഭിന്നമായി ആ വിഭാഗങ്ങളെ സംരക്ഷിക്കുന്നതിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇടതുപക്ഷവും നിശ്ചയദാർഢ്യത്തോടെയാണ് പ്രവർത്തിക്കുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ വികസന മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളുമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. എനിക്കുമുമ്പ് ഇവിടെ സംസാരിച്ച ശ്രീ. വി. പി. സജീന്ദ്രൻ പറഞ്ഞതു പോലെയല്ല. ശ്രീ. വി. പി. സജീന്ദ്രന്റെ ചോദ്യത്തിന് ബഹുമാന്യനായ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമന്ത്രി 30-1-2019-ൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന മേഖലയിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നതെന്നതിനെ സംബന്ധിച്ച് വളരെ വ്യക്തമായി ഉത്തരം നൽകിയിട്ടുണ്ട്. ശ്രീ. വി. പി. സജീന്ദ്രന്റെ അറിവിലേയ്ക്കായി ഞാൻ അത് മേശപ്പുറത്ത് വയ്ക്കുകയാണ്. പട്ടികജാതി- പട്ടികവർഗ്ഗ വികസന മേഖലയിൽ നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച് വളരെ വിശദമായി സൂചിപ്പിച്ചിട്ടുണ്ട്. അതിനെ സംബന്ധിച്ച് യാതൊരു ബോധവുമില്ലാതെയാണ് ശ്രീ. വി. പി. സജീന്ദ്രൻ സംസാരിച്ചതെന്ന് ഞാൻ മനസ്സിലാക്കുന്നു. അദ്ദേഹത്തിനോട് എനിക്ക് പറയാനുള്ളത് ബഹുമാന്യനായ ശ്രീ. എ. കെ. ബാലനെ പോളിറ്റ് ബ്യൂറോയിൽ എടുക്കുന്നതിനെക്കാളും നല്ലത്, എ.ഐ.സി.സി. പ്രസിഡന്റ് സ്ഥാനം ഒഴിഞ്ഞുകിടപ്പുണ്ട്, ശ്രീ. വി. പി. സജീന്ദ്രൻ അതിന് അപേക്ഷിച്ചാൽ ഒരുപക്ഷെ അത് കിട്ടുന്നതാണ്. അതിനാണ് ശ്രീ. വി. പി. സജീന്ദ്രൻ മുൻകയ്യെടുക്കേണ്ടത്.

എ.ഐ.സി.സി. പ്രസിഡന്റ് സ്ഥാനം മാത്രമല്ല എ.ഐ.സി.സി. തന്നെ പിരിച്ചു വിട്ടിരിക്കുകയാണ്. തീർച്ചയായും കേരളത്തിൽ നിരവധി കോൺഗ്രസ്സുകാർക്ക് അവിടെ ഇടമുണ്ടാകും. അതിനുവേണ്ടി ശ്രീ. വി. പി. സജീന്ദ്രൻ മുൻകയ്യെടുത്താൽ ഞങ്ങൾകൂടി സപ്പോർട്ട് ചെയ്യാം. ശ്രീ. വി. പി. സജീന്ദ്രൻ എ.ഐ.സി.സി.-യുടെ പ്രസിഡന്റ് ആകുമെന്നുകൂടി ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗ വികസന മേഖലയിൽ ഈ ഗവൺമെന്റ് മൂന്ന് വർഷംകൊണ്ട് നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; നിങ്ങൾക്ക് കാണാൻ കഴിയുന്നില്ലേ; ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. വലിയ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്. പട്ടികജാതി-പട്ടികവർഗ്ഗ വികസന മേഖലയിൽ, പട്ടികവർഗ്ഗ-പട്ടികജാതി കോളനികൾ നവീകരിക്കുന്നതിനും ഇവർക്ക് പുതിയ വീടുകൾ നിർമ്മിച്ചു കൊടുക്കുന്നതിനും വിദ്യാഭ്യാസ മേഖലയിൽ അവരെ മുന്നോട്ടുകൊണ്ടു പോകുന്നതിനുമൊക്കെ നിരവധി വികസന പദ്ധതികൾ നടപ്പിലാക്കി. ഐ.റ്റി.ഐ.-കളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനും വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും നൽകാനും കഴിഞ്ഞു. ഐ.റ്റി.ഐ. പാസ്സായവർക്ക് ജോബ്ഫെയറിലൂടെ ജോലി നൽകി. ചെറിയ വീടുകളിൽ പഠിക്കാൻ ബുദ്ധിമുട്ട് അനുഭവിക്കുന്ന പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 'പഠനവീട് ' നിർമ്മിച്ച് നൽകി. ഹോസ്റ്റലുകളെയും എം.ആർ.എസ്.-കളെയും ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തി. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിച്ചു. പട്ടികജാതി കോളനികൾ നവീകരിച്ചു. പട്ടികജാതി പെൺകുട്ടികളുടെ സമഗ്ര വികസനത്തിന് 'വാത്സല്യനിധി' ഇൻഷ്വറൻസ് ഏർപ്പെടുത്തി. പട്ടികവിഭാഗത്തിന് കടാശ്വാസമായി 89 കോടി രൂപ അനുവദിച്ചു. 101 പട്ടികവർഗ്ഗ കോളനികളിൽ സമഗ്രവികസന പദ്ധതികൾ നടപ്പിലാക്കി. പട്ടികജാതി വിഭാഗത്തിന് 6200 വീടുകളും പട്ടികവർഗ്ഗ വിഭാഗത്തിന് 22481 വീടുകളും നിർമ്മിച്ച് നൽകി. 'ഗോത്ര വാത്സല്യ നിധി' നടപ്പിലാക്കി. ആദിവാസി വീടുകളിൽ സമ്പൂർണ്ണ വൈദ്യുതീകരണവും പോലീസിലും എക്സൈസിലും ആദിവാസികൾക്ക് പ്രത്യേക നിയമനവും നൽകി. ആറളം ഫാമിൽ 42 കോടി രൂപയുടെ വികസനവും മുത്തങ്ങ സമരത്തിൽ പങ്കെടുത്ത 211 കുടുംബങ്ങൾക്ക് ഭൂമി നൽകുകയും ചെയ്തു. ഊരുകളിൽ 500 സാമൂഹിക പഠനമുറികൾ - ഗോത്ര ഭാഷ അറിയുന്നവരെ അദ്ധ്യാപകരായി നിയമിച്ചു. അട്ടപ്പാടി ഊരുകളിൽ 192 കമ്മ്യൂണിറ്റി കിച്ചനുകൾ ആരംഭിച്ചു; പ്രൈമറി സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി ഗോത്രബന്ധു മെന്റർ അദ്ധ്യാപകരെ നിയമിച്ചു. 'വനമിത്ര' പദ്ധതി നടപ്പിലാക്കി. പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നിശ്ചയദാർഢ്യത്തോടെയാണ് ഈ ഗവൺമെന്റ്

പ്രവർത്തിക്കുന്നത്. ഈ ഗവൺമെന്റിനെ/ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ/ കമ്മ്യൂണിസ്റ്റ് പാർട്ടിയെ പ്രകോപനം സൃഷ്ടിക്കുന്ന തരത്തിൽ എപ്പോഴും പ്രസംഗിക്കുകയും കമ്മ്യൂണിസത്തെയും സോഷ്യലിസത്തെയും സോഷ്യലിസ്റ്റ് രാജ്യങ്ങളെയും പ്രസംഗത്തിലൂടെ ആക്രമിക്കുകയും പരമാവധി ഭീഷണിപ്പെടുത്തുകയും എതിർക്കുകയും ചെയ്യുന്ന –കോൺഗ്രസ്സുകാരോട് എനിക്ക് ഒന്നേ പറയാനുള്ളൂ. അയൽക്കാരുടെ ചുമര് എരിയുമ്പോൾ നിങ്ങളുടെ ജീവനും അപകടത്തിലാകുന്നുവെന്ന കാര്യം ഓർത്താൽ നിങ്ങൾക്ക് നല്ലതെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ഒ. ആർ. കേളു: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. നമ്മുടെ രാജ്യത്ത് പട്ടികജാതി-പട്ടികവർഗ്ഗ- ന്യൂനപക്ഷ വിഭാഗങ്ങൾക്കെതിരെ കേന്ദ്രം ഭരിച്ചുകൊണ്ടിരിക്കുന്ന ബി.ജെ.പി. ഗവൺമെന്റ് അതിശക്തമായ ഭീകരപ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ അവസരത്തിലാണ് കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് വളരെ മാതൃകപരമായി ഇത്തരം വിഭാഗങ്ങളെ പരിരക്ഷിക്കുന്നതിന് പുതിയ തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത്. ഈ ധനാഭ്യർത്ഥനകൾ ഇവിടെ ചർച്ചയ്ക്കെടുക്കുമ്പോൾ ആദിവാസികളുടെയും ന്യൂനപക്ഷ വിഭാഗങ്ങളുടെയും വിഷയത്തെ സംബന്ധിച്ച് ക്രിയാത്മകമായിട്ടുള്ള ചർച്ച നടത്തുന്നതിന് യു.ഡി.എഫ്.-ന് സാധിക്കുന്നില്ലെന്നുള്ളതാണ് കോൺഗ്രസ്സിന്റെ അംഗമായിട്ടുള്ള ശ്രീ. വി. പി. സജീന്ദ്രൻ പ്രസംഗിച്ചതിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. ഈ വിഭാഗത്തെ അവഹേളിച്ചുകൊണ്ടുള്ള ഒരു പ്രസംഗം എന്ന തരത്തിലാണ് അതിനെ കാണാൻ കഴിയുന്നത്. വളരെ മോശമായ സമീപനമാണ് ഈ ചർച്ചയിൽ യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളത്. നമ്മുടെ ഗവൺമെന്റ് കേരളത്തിലെ പട്ടികജാതി- പട്ടികവർഗ്ഗത്തിന് അനുകൂലമായ ഒട്ടനവധി പദ്ധതികൾ നടത്തുന്നുണ്ട്. അതിൽ പ്രധാനമായും കോഴിക്കോട് കേന്ദ്രീകരിച്ചിരിക്കുന്ന ക്രസ്റ്റ് (സെന്റർ ഫോർ റിസർച്ച് ആന്റ് എഡ്യുക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ)-ന്റെ പ്രവർത്തനം കാര്യക്ഷമമായാണ് നടക്കുന്നത്. അവിടെ കുട്ടികൾക്ക് പരിശീലനം നൽകി കേരളത്തിനകത്തും പുറത്തും വിദേശത്തുമൊക്കെ ഉന്നത വിദ്യാഭ്യാസം നടത്തുന്നതിനുവേണ്ടിയിട്ടുള്ള സാഹചര്യമാണ് കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് നടപ്പാക്കി ക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ ആദിവാസികൾക്ക് കേരള സർവ്വീസിൽ ജോലികൊടുക്കണമെന്നുള്ളത് ഈ സർക്കാരിന്റെ നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ള ഒരു പ്രധാനപ്പെട്ട കാര്യമാണ്. ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ

പട്ടികവിഭാഗങ്ങൾക്ക് ജോലി കൊടുക്കുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഈ ഗവൺമെന്റ് പരിഗണിച്ചുവരുന്നു. അതോടൊപ്പം വയനാട് ജില്ലയിലെ അട്ടപ്പാടി, പാലക്കാട്, മലപ്പുറം എന്നിവിടങ്ങളിൽ 'ഗോത്രബന്ധു' പദ്ധതിപ്രകാരം ഒട്ടനവധി ഉദ്യോഗാർത്ഥികൾക്ക് ടീച്ചർ ജോലി ലഭ്യമാക്കുന്നതിന് ഈ സർക്കാരിന് കഴിഞ്ഞു. പോലീസിലും എക്സൈസിലും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒട്ടനവധി യുവതീ യുവാക്കൾക്ക് ജോലി ലഭ്യമാക്കാൻ ഈ സർക്കാരിന് കഴിഞ്ഞത് അഭിമാനകരമായ കാര്യമാണ്. അവരുടെ ഉപജീവനമാർഗ്ഗവും ജീവിതവും കരുപ്പിടിപ്പിക്കുന്നതിനുവേണ്ടി ഗദ്ദിക പോലുള്ള മേളകൾ സംഘടിപ്പിച്ച് അവരുടെ പരമ്പരാഗത ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള ഒരു മാർക്കറ്റും അവരുടെ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ വരുമാനം കണ്ടെത്തുന്നതിനും ആ വരുമാനത്തിലൂടെ ആദിവാസി വിഭാഗത്തിന്റെ ജീവിതം മെച്ചപ്പെടുത്തുന്നതിനും മറ്റൊരു ക്രിയാത്മക പദ്ധതികൂടി ഈ സർക്കാർ നടപ്പാക്കുന്നതായി നമുക്ക് കാണാൻ സാധിക്കും. ആദിവാസി വിഭാഗത്തിലെ ആളുകളെ വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായി ഒട്ടനവധി കേന്ദ്രങ്ങൾ ഇന്ന് കേരളത്തിൽ അങ്ങോളമിങ്ങോളം പ്രവർത്തിക്കുന്നുണ്ട്. ഇതിൽക്കൂടിയാണ് ശ്രീധന്യയ്ക്ക് മാത്രമല്ല ആദിവാസി വിഭാഗത്തിനുതന്നെ അഭിമാനകരമായ നേട്ടം കൈവരിക്കാൻ സാധിച്ചത്. ഈ സാമ്പത്തിക വർഷം ഏകദേശം 300-ലധികം കുട്ടികൾക്ക് സിവിൽ സർവ്വീസിന് ചേർന്ന് പഠിക്കുവാനുള്ള സാഹചര്യം ഈ ഗവൺമെന്റ് ഒരുക്കിക്കഴിഞ്ഞു. ഒട്ടനവധി കുട്ടികൾക്ക് അതിൽ മെച്ചപ്പെട്ട പ്രവർത്തനം നേടിയെടുക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. ഗ്രാമീണ മേഖലയിലെ ആദിവാസികളുടെ വീടുകളൊക്കെ വലിയ സൗകര്യങ്ങളൊന്നുമില്ലാത്തവയാണ്. ഇത്തരത്തിലുള്ള വീടുകളിൽ അവർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നടത്താനുള്ള സാഹചര്യമില്ല. അതുകൊണ്ടാണ് ഈ ഗവൺമെന്റ് വളരെ ദീർഘവീക്ഷണം നടത്തി സാമൂഹ്യ പഠനമുറികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. നൂറുകണക്കിന് ആദിവാസി വീടുകളിൽ സാമൂഹ്യ പഠനമുറികൾ ക്രമീകരിച്ച് പഠിക്കാനുള്ള സാഹചര്യം ഈ ഗവൺമെന്റ് സൃഷ്ടിച്ചുവരികയാണ്. ആദിവാസി മേഖലയിലെ പരമ്പരാഗത കാർഷിക മേഖലയിലെ ജോലികളൊക്കെ ഇപ്പോൾ നഷ്ടപ്പെട്ടു. അവർക്കിപ്പോൾ ജോലി കുറവാണ്. അവർക്ക് ജോലി ലഭ്യമാക്കുന്നതിന് ഈ സർക്കാർ 'ഗോത്രജീവിക' എന്ന പദ്ധതി ആവിഷ്കരിച്ചു. ഇത്തരത്തിൽ അവർക്ക് തൊഴിൽ നൽകുന്ന ഒരു പദ്ധതികൂടി ഈ ഗവൺമെന്റ് നടപ്പാക്കി വരുന്നുവെന്നുള്ളത് ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അവർക്ക് അത്തരം കാര്യങ്ങളിൽ കഴിവില്ലെന്നുള്ളത് ആദിവാസികളുടെ ഇടയിൽ എപ്പോഴും നമുക്ക് കാണാൻ കഴിയുന്നൊരു കാര്യമാണ്. അത്തരം ആൾക്കാർക്കുകൂടി സ്കിൽ

ലഭ്യമാക്കുന്നതിന് വിവിധ സ്കിൽ ഡെവലപ്മെന്റ് പദ്ധതികൾ ആദിവാസി യുവതീ-യുവാക്കൾക്കുവേണ്ടി ഈ ഗവൺമെന്റ് സംഘടിപ്പിച്ചു വരുന്നുണ്ട്. ആദിവാസി യുവതീ-യുവാക്കൾക്ക് വിദേശത്ത് ജോലി നേടാൻവേണ്ടിയുള്ള മറ്റൊരു പദ്ധതിയും സർക്കാർ ഇവിടെ നടപ്പിലാക്കുന്നുണ്ട്. വിദേശ രാജ്യങ്ങളിൽ പോകാൻ സാമ്പത്തിക ശേഷിയില്ലാത്ത ഉദ്യോഗാർത്ഥികൾക്ക് ഏകദേശം 25-30 ലക്ഷം രൂപവരെ സഹായം കൊടുത്തുകൊണ്ട് അവരെ വിദേശത്തയച്ച് അവർക്ക് ജോലിയും വരുമാനവും നേടിയെടുക്കാൻ സാധിക്കുന്നതിനുള്ള പദ്ധതിയും ഈ ഗവൺമെന്റ് നടപ്പാക്കുന്നുണ്ട്. ദീർഘവീക്ഷണത്തോടുകൂടി, ആദിവാസി വിഭാഗത്തോട് നീതി പുലർത്തുന്നൊരു ഗവൺമെന്റാണ് ഇന്ന് കേരളം ഭരിച്ചുകൊണ്ടിരിക്കുന്നത്. വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ബി.ജെ.പി. എടുക്കുന്ന അതേ നയസമീപനം തന്നെയാണ് കോൺഗ്രസ്സിനും ഈ വിഭാഗക്കാരോടുള്ളത്. വേട്ടപ്പട്ടികളെ വേട്ടയാടുന്നപോലെ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഈ വിഭാഗത്തോടുള്ള ക്രൂരത നിറഞ്ഞ പീഡനങ്ങളും കാണാൻ കഴിയുന്നുണ്ട്. അതിനെതിരെ കോൺഗ്രസ് എന്തുകൊണ്ടാണ് ചെറുവിരൽപോലും അനക്കാത്തത്? അത്തരം ആൾക്കാർക്ക് ഇത്തരം കാര്യങ്ങളോട് ഇങ്ങനെയൊരു സമീപനം എടുക്കാനേ സാധിക്കുകയുള്ളു, ഇതിനെയൊരു തമാശയായി മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. ഈ സമൂഹത്തിന്റെ താഴെത്തട്ടിൽനിന്നുകൊണ്ട് രാജ്യത്തിനുവേണ്ടി അദ്ധ്വാനിക്കുന്നവരാണ് ആദിവാസി വിഭാഗം. അവരെ തീർച്ചയായും നമുക്ക് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരണം. ശ്രീമതി സി. കെ. ജാനുവിന്റെ കാര്യമിവിടെ പരാമർശിച്ചു. അവർ ബി. ജെ. പി.-യിൽ ചേർന്നു, കുറേക്കാലം കോൺഗ്രസിൽ പ്രവർത്തിച്ചു. ഈ രാജ്യത്തിലെ അടിസ്ഥാന വർഗ്ഗമായ പട്ടികജാതി/പട്ടികവർഗ്ഗത്തെ സംരക്ഷിക്കുന്നതിനോട് ആഭിമുഖ്യമുള്ളത് ഇടതുപക്ഷ പ്രസ്ഥാനവും ഇടതുപക്ഷ ഗവൺമെന്റുമാണെന്ന് അതിനുശേഷം അവർ മനസ്സിലാക്കി ഇടതുപക്ഷ പ്രസ്ഥാനത്തിനോട് ചേർന്നുനിൽക്കാൻ തയ്യാറായിരിക്കുകയാണ്. മുത്തങ്ങ സമരമുണ്ടാക്കിയത് ഇടതുപക്ഷ ഗവൺമെന്റല്ല. വയനാടിലെ മുത്തങ്ങ എന്ന സ്ഥലത്ത് ശ്രീമതി സി. കെ. ജാനുവിനോട് ഭൂമി കയ്യേറാനും ഭൂമി കയ്യേറിയവരെ വെടിവയ്ക്കാനും വെടിവയ്പിൽ ജോഗി മരിക്കാനുമൊക്കെ ആരാണ് കാരണമായത്? ഇക്കാര്യം പലപ്പോഴും ഇവിടെ ചർച്ചയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ചരിത്രത്തിൽ ആദ്യമായി ഒരു ആദിവാസിയെ വെടിവച്ച് കൊന്നത് കോൺഗ്രസ് ഗവൺമെന്റാണെന്നുള്ളത് ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള കാര്യമാണ്. നമുക്കത് ഒരിക്കലും മറക്കാൻ സാധിക്കില്ല. ഇതാണ് ബി.ജെ. പി.-യുടെയും കേൺഗ്രസ്സിന്റെയും സമീപനവും. അതേസമയം വളരെ വ്യത്യസ്തമായ, അനുകൂല നിലപാടാണ് കേരളത്തിലെ

ഇടതുപക്ഷ ഗവൺമെന്റ് ആദിവാസി വിഭാഗത്തോട് സ്വീകരിക്കുന്നതെന്ന് കാണാൻ സാധിക്കും. തൊഴിലുമായി ബന്ധപ്പെട്ട് നമ്മുടെ രാജ്യത്ത് കടമുറികളിലും തുണിക്കടകളിലും സ്വർണ്ണക്കടകളിലും തയ്യൽ കടകളിലുമൊക്കെ ഒട്ടനവധി തൊഴിലാളികൾ തൊഴിലെടുത്ത് ജീവിക്കുന്നുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം അവർക്കൊരു ഗാരന്റി കൊടുക്കുന്നത് കാണാൻ സാധിക്കും. ഇരിപ്പിടം പോലുമില്ലാത്ത രീതിയിലാണ് നമ്മുടെ രാജ്യത്ത് പല തൊഴിലാളികളും കടകളിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. അവർക്കൊരു ഇരിപ്പിടമുണ്ടാക്കി കൊടുക്കാനുള്ള സാഹചര്യം സൃഷ്ടിക്കുന്ന നിലപാടാണ് തൊഴിൽ വകുപ്പ് കേരളത്തിൽ സ്വീകരിച്ചിട്ടുള്ളതെന്നത് സന്തോഷകരമായി കാണാൻ കഴിയുന്ന കാര്യമാണ്. അതോടനുബന്ധിച്ച് അവർക്ക് മറ്റ് ക്ഷേമ പദ്ധതികളും ഈ ഗവൺമെന്റ് നടപ്പിലാക്കുന്നുണ്ട്. പ്രവാസികാര്യവും ന്യൂനപക്ഷത്തിന്റെ കാര്യങ്ങളുമായി ബന്ധപ്പെട്ട് അവർക്കും അനുകൂലമായ നിലപാടും പരിരക്ഷയും കൊടുക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് കാര്യക്ഷമമായ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ഈ പദ്ധതികളൊക്കെ നടപ്പാക്കുന്നതിന് മുന്നോട്ടുവച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഐകകണ്ഠ്യേന പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിവിധ വകുപ്പുകളുടെ ചർച്ച ഇന്ന് നടക്കുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമവുമായി ബന്ധപ്പെട്ട് ഏറ്റവും പ്രധാനപ്പെട്ടൊരു പ്രശ്നം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. പാവപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്ക് വീട് നഷ്ടപ്പെട്ട പ്രശ്നം. പ്രളയാനന്തര കേരളത്തിന്റെ പുനർസൃഷ്ടിയെപ്പറ്റി നമ്മൾ പറയുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് മൂന്ന് വർഷമാകുന്നു. പ്രളയം കഴിഞ്ഞിട്ട് ഒരു വർഷവും. നമുക്ക് ഇതിനോടകം എത്ര വീടുകൾ കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അങ്ങ് പരിശോധിക്കണം. വളരെ വലിയ കാലതാമസം ഇക്കാര്യത്തിൽ നേരിടുകയാണ്. ഇത് പരിഹരിക്കുന്നതിനാവശ്യമായ ഇടപെടൽ ഗവൺമെന്റ് നടത്തേണ്ടതുണ്ട്. ബഹുമാനപ്പെട്ട പട്ടികജാതി ക്ഷേമ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള ഒരു നിർദ്ദേശം, ഒരു വാർഡിൽ ഒരാൾക്ക് ഒരു വീട് കൊടുക്കുകയാണ്. മന്ത്രിമാരുടെയും എം.എൽ.എ.-മാരുടെയും മുന്നിൽ അനവധി നിവേദനങ്ങളാണ് വരുന്നത്. നമ്മൾ കോടിക്കണക്കിന് രൂപ ഓരോ വർഷവും പട്ടികവിഭാഗങ്ങളുടെ ക്ഷേമത്തിന് വിനിയോഗിക്കുന്നു. അടിസ്ഥാനപരമായ നിരവധി കാര്യങ്ങൾ വകുപ്പുതലത്തിൽ നടക്കുന്നുവെന്നത് സമ്മതിക്കുന്നു. പക്ഷെ വീടില്ലാത്ത പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടും

സ്ഥലവും കൊടുക്കുമെന്ന് പ്രഖ്യാപനമുണ്ടായി. ഇത് പ്രഖ്യാപനത്തിൽ നിൽക്കുന്നതല്ലാതെ ഒരു വീട് ഒരു വാർഡിൽ എന്നുപറയുമ്പോൾ 20 വാർഡുകൾ ഒരു പഞ്ചായത്തിലുണ്ടെങ്കിൽ 20 വീട് കൊടുക്കാൻ പറ്റും. ഇതുകൊണ്ട് പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമം എങ്ങനെ നടപ്പാക്കാനാണ്? ഞാൻ പറയുന്നത്, എത്ര കോടി രൂപ വായ്പയെടുത്താലും കേരളത്തിലെ മുഴുവൻ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്കും സ്വന്തമായി വീടുവച്ചുകൊടുക്കാനുള്ള ബൃഹത്തായ ഒരു പ്രോജക്ടിന് രൂപം കൊടുക്കാൻ തയ്യാറാകുമോ? ഈ കാലഘട്ടത്തിൽ ഇത്രയും വലിയൊരു മാറ്റം കേരളത്തിലുണ്ടായിട്ടും ഇന്നും നമുക്ക് അഡ്രസ് ചെയ്യാൻ കഴിയാത്തൊരു മേഖല, ഒരു ചടങ്ങെന്നപോലെ ഒരോ വീട് കൊടുക്കുന്നൊരു കാര്യം മാത്രം നടക്കുകയാണ്. നിർഭാഗ്യകരമായ ഈ സാഹചര്യം തിരുത്തിക്കുറിക്കേണ്ടതുണ്ട്. ഒരു മാറ്റത്തിനുവേണ്ടിയുള്ള നിലപാട് അങ്ങ് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, വീട് വയ്ക്കുന്നതിന് നൽകുന്ന തുക തികച്ചും അപര്യാപ്തമാണ്. ഇന്നത്തെ നിർമ്മാണച്ചെലവിന്റെ അടിസ്ഥാനത്തിൽ 5 ലക്ഷം രൂപയെങ്കിലുമാക്കി ഈ തുക വർദ്ധിപ്പിക്കണമെന്നതിനോട് അങ്ങ് യോജിക്കുന്നുണ്ടോ?

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഒരു വീട് പൂർത്തിയാക്കാൻ 6 ലക്ഷം രൂപ വേണം എന്നുള്ളതാണ് ഇന്ന് കേരളം പൊതുവേ അംഗീകരിച്ചിരിക്കുന്നത്. ഗവൺമെന്റും ഇക്കാര്യം അംഗീകരിച്ചിട്ടുണ്ട്. 6 ലക്ഷം രൂപയിലേയ്ക്ക് ഈ തുക വർദ്ധിപ്പിക്കുകയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ആവശ്യം എന്നുകൂടി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇന്ന് കേരളത്തിൽ മദ്യം ഒഴുക്കുകയാണ്. കേരളം മുഴുവൻ മദ്യമൊഴുക്കുക എന്നതായി മാറിയിരിക്കുന്ന ഗവൺമെന്റിന്റെ നയം. യു.ഡി.എഫ്. ഗവൺമെന്റ് മദ്യം നിയന്ത്രിക്കാനുള്ള ശ്രമം നടത്തി. രാവിലെ ഞാൻ ഇവിടെയൊരു അടിയന്തര ചോദ്യമുന്നയിച്ചു. കുട്ടികളെ സ്വാധീനിക്കുന്ന മണിചെയിൻ റാക്കറ്റുകൾ രംഗത്ത് വരുന്നു. ശ്രീ. പി. ടി. തോമസ് ഇവിടെ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ സ്കൂളുകളുടേയും കോളേജുകളുടേയും ചുറ്റും മദ്യ വ്യാപാരവും മയക്കുമരുന്ന് വ്യാപാരവും പോലെയുള്ള വിഷയങ്ങൾ കൊണ്ടുവന്നു. മദ്യവ്യാപനം കുറച്ചുകൊണ്ടുവരാൻ എക്സൈസ് ഡിപ്പാർട്ട്മെന്റ് എല്ലാ വർഷവും ക്യാമ്പയിൻ നടത്തുന്നതിന്റെ ഭാഗമായി ഒരു ജില്ലയിലെ ഒരു സ്കൂളിൽ ഒരു സെമിനാർ നടത്തുകയാണ്. ഇതുകൊണ്ട് എന്ത് കാര്യമാണുള്ളത്; ഇവിടെ ഫലപ്രദമായൊരു ഇടപെടൽ നടത്താൻ കഴിയുന്നുണ്ടോ; കുട്ടികളെയെങ്കിലും ബോധവൽക്കരിക്കാൻ തയ്യാറാകണം. മയക്കുമരുന്ന്, മദ്യം എന്നിവ ഉപയോഗിക്കരുത് എന്ന് ആത്മാർത്ഥതയോടെ പറയാൻ കഴിയുന്നില്ല എന്നത് സത്യമാണ്. ഇതിനൊരു

മാറ്റം വരുത്താൻ കഴിയണം. കേരളത്തിൽ മദ്യ നിരോധനം നടക്കില്ലായെന്ന് നമുക്കെല്ലാവർക്കുമറിയാം. ഇന്ന് കേരളത്തിൽ കൊടുക്കുന്നത് വീര്യം കൂടിയ മദ്യമാണ്. ആളുകൾ ജീവിച്ചിരിക്കുന്നുവെങ്കിലും അവരുടെ ആത്മാവ്, ശരീരം എല്ലാം നശിക്കുകയാണ്. ആളുകളെ കൊല്ലുന്ന വിധത്തിലുള്ള ഈ മദ്യം സാമ്പത്തിക ലാഭത്തിനുവേണ്ടി, വീര്യം കൂടിയ മദ്യം മലയാളികൾ ആഗ്രഹിക്കുന്നുവെന്നത് വസ്തുതയാണ്. വീര്യം കുറഞ്ഞ മദ്യത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിയുന്നൊരു സാഹചര്യമുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. പി. ജെ. ജോസഫ് കള്ളിന്റെ വിഷയത്തെക്കുറിച്ച് ചൂണ്ടിക്കാണിച്ചതാണ്. ശ്രീ. ചിറ്റയം ഗോപകുമാറും ആ വിഷയം ഇന്നിവിടെ പറയുകയുണ്ടായി. കള്ള് വ്യാപകമാക്കുന്നത് വിദേശികളെയടക്കം ആകർഷിക്കപ്പെടുന്നൊരു വിഷയമാണ്. അതൊരു ദേശീയ പാനീയമെന്ന നിലയിൽത്തന്നെ കൊണ്ടുവരുന്നതുപോലും വീര്യം കൂടിയ മദ്യം ഉപയോഗിക്കുന്നതിൽനിന്നും ആൾക്കാരെ മോചിപ്പിക്കാൻ സഹായിക്കുമെന്ന് കരുതിയാണ്. കള്ളിനകത്തും കലർപ്പും കളവുമുണ്ടെന്നുള്ളത് വേറെ കാര്യം. കള്ളിനകത്ത് കഞ്ചാവ് കലക്കിയാണ് വരുന്നതെന്നുള്ള ആക്ഷേപം വേറെ നിൽക്കുകയാണ്. ശുദ്ധമായ കള്ള് നൽകാൻ കഴിയുന്ന വിധത്തിലുള്ള സാഹചര്യം കേരളത്തിൽ ഡെവലപ് ചെയ്യുക എന്നുള്ളത് നമ്മുടെ സംസ്ഥാനത്തിന്റെ തെങ്ങുകൃഷിയെ ഉൾപ്പെടെ പ്രോത്സാഹിപ്പിക്കാൻ കഴിയുന്നൊരു കാര്യമാണ്. വീതി കൂടിയ റോഡിന്റെ ഇരുവശങ്ങളിലും തീരപ്രദേശങ്ങളിലുമെല്ലാം തെങ്ങ് വച്ചുപിടിപ്പിക്കാൻ വലിയ സാദ്ധ്യതകളുണ്ട്. തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കാൻ കഴിയുന്ന വിധത്തിലും ഗുണമേന്മയുള്ള ശുദ്ധമായ കള്ള് നൽകാൻ കഴിയുന്ന വിധത്തിലുമുള്ളൊരു പുനർചിന്തനം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത് നല്ലതാണെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് ഏറ്റവും പ്രധാനപ്പെട്ടൊരു വിഷയം ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. കോട്ടയം ജില്ലയിലെ വെള്ളൂർ H.N.L. (Hindustan Newsprint Limited)-നെ സംബന്ധിച്ച് ബഹുമാനപ്പെട്ട ശ്രീമതി സി. കെ. ആശ, എം.എൽ.എ. ശ്രദ്ധക്ഷണിക്കൽ കൊണ്ടുവന്നു. ഞാനും നോട്ടീസ് നൽകിയിരുന്നു. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി മറുപടി പറയണം. 1500-ഓളം തൊഴിലാളികളുടെ പ്രശ്നമാണ്. ഗവൺമെന്റിന്റെ പൊതുപ്രശ്നമായി ഇതിനെ പരിഗണിക്കേണ്ടതാണ് കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനം, ഇന്ത്യയിൽ ഏറ്റവും ലാഭകരമായി പ്രവർത്തിച്ച വെള്ളൂർ എച്ച്.എൻ.എൽ.-ന് അടച്ചുപൂട്ടൽ ഭീഷണി മാത്രമല്ല കഴിഞ്ഞ എട്ട് മാസമായി ശമ്പളവും നൽകാൻ കഴിയുന്നില്ല. ഏറ്റവും നല്ല പ്രൊഡക്ഷനുണ്ടായിരുന്ന സ്ഥാപനത്തിൽ ഇന്ന് യാതൊരു വിധ പ്രൊഡക്ഷനുമില്ല. വ്യവസായം, തൊഴിൽ എന്നീ വകുപ്പുകൾ സംയുക്തമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വെള്ളൂർ

എച്ച്.എൻ.എൽ.-നെ തൊഴിൽ വകുപ്പ് ശിപാർശ ചെയ്ത്, ഗവൺമെന്റ് ഏറ്റെടുത്താലല്ലാതെ ഇന്ന് ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കില്ല. കേന്ദ്ര ഗവൺമെന്റ് കൈവിട്ടിരിക്കുകയാണ്. ഇന്ന് ആ സ്ഥാപനത്തെ വിൽക്കാനിട്ടിരിക്കുകയാണ്. കേരള ഗവൺമെന്റും കൈവിട്ടാൽ എന്തുചെയ്യും? 1500 തൊഴിലാളികളാണ് അവിടെ ജോലി ചെയ്യുന്നത്. കഴിഞ്ഞ ദിവസം ഒരു മാനേജരും ഒരു തൊഴിലാളിയും കമ്പനിയിലെത്തി ആത്മഹത്യയ്ക്ക് ശ്രമിച്ചു. എട്ടുമാസമായി ജീവനക്കാർക്ക് ശമ്പളമോ, പി.എഫ്., ഇ.എസ്.ഐ. ആനുകൂല്യങ്ങളോ ഒന്നുമില്ല. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ടൊരു സ്ഥാപനത്തിൽ ഇങ്ങനെയൊരു സാഹചര്യമുണ്ടായിട്ടും സംസ്ഥാന ഗവൺമെന്റിന് അഡ്രസ്സ് ചെയ്യാൻ കഴിയുന്നുണ്ടോ? സംസ്ഥാന ഗവൺമെന്റ് കയ്യുംകെട്ടി നോക്കിനിന്നാൽ എങ്ങനെ പ്രശ്നപരിഹാരമുണ്ടാകും. തൊഴിലാളികൾ മരിക്കുന്ന രീതിയിലുള്ള ഗുരുതരമായൊരു സ്ഥിതിവിശേഷമുണ്ടായിട്ടും തൊഴിലാളികൾ പട്ടിണിയിലാണെന്ന് പറഞ്ഞിട്ടും അവർക്ക് ഒരു പരിഹാര നടപടിയും ചെയ്യാൻ കഴിയുന്നില്ലെങ്കിൽ പിന്നെന്തിനാണ് ഒരു ഗവൺമെന്റെന്ന് തൊഴിലാളികളും ജീവനക്കാരും ചോദിക്കുകയാണ്. അവിടെ കാഷ്വൽ തൊഴിലാളികൾ മുതൽ മുഴുവൻപേരും പട്ടിണിയിലാണ്. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഇടപെട്ട് മൂന്ന് മാസത്തെ ശമ്പളമെങ്കിലും ഈ തൊഴിലാളികൾക്ക് നൽകാൻ കഴിയുന്ന തരത്തിലുള്ള ഒരു നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നൊരു അഭ്യർത്ഥന ഈയവസരത്തിൽ മുന്നോട്ട് വയ്ക്കുകയാണ്. വെള്ളൂർ എച്ച്.എൻ.എൽ.-ന്റെ കാര്യത്തിൽ തൃപ്തികരമായൊരു പരിഹാരത്തിനുവേണ്ടി, തൊഴിലാളികളെ സഹായിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ട് വരണമെന്ന് അഭ്യർത്ഥിക്കുന്നു. ഗവൺമെന്റിന്റെ വിവിധ വകുപ്പുകളിൽ സ്വീകരിച്ചിട്ടുള്ള നിഷേധാത്മകമായ നിലപാടുകളിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, ഒരു സമൂഹത്തിന്റെ വളർച്ചയെന്നു പറയുന്നത് എല്ലാ വിഭാഗങ്ങളുടെയും കൂട്ടായ വളർച്ചയാണ്. ഏതെങ്കിലുമൊരു വിഭാഗം പിന്നോട്ട് പോയാൽ ആ സമൂഹത്തിന്റെ വളർച്ച പൂർണ്ണമാണെന്ന് പറയാൻ സാധിക്കുകയില്ല. ഇക്കാര്യത്തിൽ എല്ലാ സമൂഹത്തെയും ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള നല്ല ഇച്ഛാശക്തിയാണ് ഇടതുപക്ഷം പ്രകടിപ്പിച്ചിട്ടുള്ളതെന്ന് പറയാൻ ആഗ്രഹിക്കുന്നതുകൊണ്ടാണ് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നത്. General Education (F) Department-ൽനിന്ന് 2007 ജൂൺ മാസം 13-ാം തീയതി പുറപ്പെടുവിച്ചൊരു സർക്കാർ ഉത്തരവ് ഇവിടെ വായിക്കാൻ ഉദ്ദേശിക്കുകയാണ്. അത് ഇങ്ങനെയാണ് തുടങ്ങുന്നത്. 'Government as per Government Order read above appointed a Committee to suggest guidelines for opening of new schools, upgradation of existing schools,

recognition of unaided schools, grant of NOC for CBSE/ICSE Schools, sanctioning of new courses/batches in Higher Secondary Schools and Vocational Higher Secondary Schools. The committee has submitted its report with following suggestions for the consideration of Government.' ഇതിൽ പ്രസ്തുത കമ്മിറ്റിയുടെ രണ്ട് നിർദ്ദേശങ്ങൾ കൂടി ഞാൻ വായിക്കുകയാണ്.

I. Sanctioning and upgrading Government or Aided Schools

'…..The objective and scientific criteria for identification of schools for sanction and upgradation will be as follows:

…..High schools will be upgraded as Higher Secondary Schools in Palakkad, Malappuram, Kozhikode, Wayanad, Kannur and Kasaragod Districts where it is found that the number of students who have qualified themselves for higher studies is higher than the number of seats available in Higher Secondary and Vocational Higher Secondary Schools. Government schools will be given priority for upgradation…. '

II. Recognition of Unaided Schools and NOC for CBSE/ICSE Schools:

'….. In order to overcome the educational backwardness of the Muslim Community, recognition will be granted and NOC for starting CBSE/ICSE schools shall be issued to those unaided schools satisfying the following conditions apart from those specified in the Kerala Education Rules as the Government are convinced that extreme educational backwardness among the members of the Muslim Community persists in certain area of Malappuram, Kozhikode, Kasaragod, Kannur and Wayanad Districts. Accordingly applications will be limited to the above district alone…..'

ഇങ്ങനെയൊരു ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എല്ലാ പഞ്ചായത്തുകളിലും ഒരു ഹയർ സെക്കന്ററി സ്കൂൾ വേണമെന്ന തീരുമാനം ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചത്. ഈ ഉത്തരവുണ്ടായിരുന്നിട്ടുപോലും മലപ്പുറം ജില്ലയും കോഴിക്കോട് സർവ്വകലാശാലയും കൊണ്ടുവന്നത് ഇ.എം.എസ്.-ന്റെ

ഗവൺമെന്റാണെങ്കിലും മുസ്ലീം ലീഗിന്റെ സംരക്ഷണമുണ്ടായിട്ടാണ് അതെല്ലാം കൊണ്ടുവന്നതെന്ന് ബഹുമാനപ്പെട്ട ചില മെമ്പർമാർ ഇവിടെ സൂചിപ്പിച്ചതുകൊണ്ടാണ് ഈ ഉത്തരവ് ഇവിടെ വായിക്കാൻ തയ്യാറായത്. മലബാറിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ അവസാനിപ്പിക്കുന്നതിന് നല്ല തീരുമാനമെടുക്കുകയും അതിനനുസരിച്ച് ഗവൺമെന്റ് വളരെ അർത്ഥവത്തായ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. അതിനുശേഷം അധികാരത്തിൽ വന്ന ഗവൺമെന്റ് ഈ ഉത്തരവിനെ അപ്പാടെ അവഗണിച്ചുകൊണ്ട് സമതുലിതമായി രൂപീകരിച്ചുകൊണ്ടുവന്ന സംവിധാനങ്ങളെ തകർക്കുകയാണുണ്ടായത്. എല്ലാകാലത്തും ഇങ്ങനെതന്നെയാണ് കാര്യങ്ങൾ നടന്നിരുന്നത്. സ്വാതന്ത്ര്യത്തിനുശേഷം മലപ്പുറത്ത് നടന്ന രാമസിംഹൻ കൊലക്കേസിനോടനുബന്ധിച്ച് മാറാട് ഉണ്ടായതുപോലുള്ള സ്ഥിതി വിശേഷങ്ങളാണ് ഏറനാട് പോലുള്ള പ്രദേശങ്ങളിലും അന്നുണ്ടായിരുന്നത്. അക്കാലത്ത് പുറത്തിറങ്ങാൻ സാധിക്കാതിരുന്ന ആ സമൂഹത്തെ, രണ്ട് ലേഖനങ്ങൾ മാതൃഭൂമിയിൽ എഴുതി ഇ.എം.എസ്. ആണ് അവരെ പുറത്തിറങ്ങാൻ പ്രേരിപ്പിച്ചതെന്നുള്ളത് മറക്കാൻ സാധിക്കുന്നൊരു കാര്യമല്ല. ഇവിടെ കോഴിക്കോട് സർവ്വകലാശാലയും മലപ്പുറം ജില്ലയുമെല്ലാം രൂപീകരിച്ചത് ലീഗിന്റെ സംരക്ഷണത്തിലാണെന്ന് പറയുന്നവർ ഒരു കാര്യം മനസ്സിലാക്കണം. അന്ന് മലബാറിലെ മദ്യനിരോധനം എടുത്തുകളഞ്ഞതും ആ മന്ത്രിസഭയായിരുന്നു. നിങ്ങളുടെ സ്വാധീനംകൊണ്ടാണോ അത് ഉണ്ടായതെന്നുകൂടി വ്യക്തമാക്കുന്നത് നന്നായിരിക്കും. മലപ്പുറം ജില്ലാ രൂപീകരണ സമയത്ത് കോൺഗ്രസിന്റെ നേതൃത്വത്തിൽ നിലമ്പൂർ വഴിക്കടവിൽനിന്നൊരു ജാഥ ആരംഭിച്ചപ്പോഴുണ്ടായ സംഭവവികസങ്ങളെക്കുറിച്ചൊന്നും ഞാൻ പ്രത്യേകിച്ച് പറയേണ്ടതില്ല. ജനസംഘത്തിന്റെ അഖിലേന്ത്യാ സമ്മേളനം കോഴിക്കോട് നടന്നു. ആ സമ്മേളനത്തിൽ അവർ വിളിച്ച മുദ്രാവാക്യമെന്തായിരുന്നു എന്ന് എല്ലാവർക്കുമറിയാം. 'ഊപ്പർ ദേഖോ മസ്ജിദ് മസ്ജിദ്, നീച്ചേ ദേഖോ മസ്ജിദ് മസ്ജിദ്, സാമ്നേ ദേഖോ മസ്ജിദ് മസ്ജിദ് ' എന്ന് പറഞ്ഞുകൊണ്ട് മലപ്പുറം ജില്ലയ്ക്കെതിരായി ജനസംഘം അഖിലേന്ത്യാ സമ്മേളനം കോഴിക്കോട് നടത്തിയപ്പോൾ കോൺഗ്രസ്സിന്റെ നേതാക്കന്മാർ അതിനനുകൂലമായ രീതിയിലുള്ള പ്രകടനങ്ങളാണ് മലപ്പുറം ജില്ലയിൽ നടത്തിയത്. താനൂർ കടപ്പുറത്ത് പാകിസ്ഥാന്റെ കപ്പൽ വരുമെന്നാണ് അന്ന് കോൺഗ്രസ്സ് നേതാക്കൾ പ്രസംഗിച്ചതെന്ന് നമ്മൾ മറന്നുപോകാൻ പാടില്ല. ഇതുപോലെ നിരവധി കാര്യങ്ങൾ നമുക്ക് പറയാൻ സാധിക്കും. എന്റെ വീടിനടുത്തൊരു പള്ളിയുണ്ട്. ഞാൻ ജനിക്കുമ്പോൾ അവിടെ പള്ളി ഇല്ല, ചെറിയൊരു സ്രാമ്പിയാണുള്ളത്.

അവിടെയൊരു പള്ളി നിർമ്മിക്കാൻ വേണ്ടിയുള്ള നാട്ടുകാരുടെ ശ്രമം വിഫലമായതിനെത്തുടർന്ന് അവർ രണ്ട് നിലകളുള്ള ഒരു കെട്ടിടം നിർമ്മിച്ച് അതിന്റെ താഴത്തെ നിലയിൽ ഇലപ്പുകയിലയുടെ ഗോഡൗണുണ്ടാക്കി അതിന്റെ മുകളിൽ ഒരു സംഘം ഓഫീസിന്റെ ബോർഡ് വച്ച് അവിടെയാണ് നിസ്കരിച്ചിരുന്നത്. കാരണം, അന്ന് പള്ളി നിർമ്മിക്കാൻ പാടില്ലായിരുന്നു. ഇ.എം.എസ്. മന്ത്രിസഭ അധികാരത്തിൽ വന്ന് ആ നിരോധനം നീക്കിയപ്പോഴാണ് ഇലയും പുകയിലയും എടുത്ത് മാറ്റി മിഅ്റാബിന് പകരം പെയിന്റുകൊണ്ട് ഒരു മിഅ്റാബ് വരച്ച് അവിടെ നിസ്കരിക്കാൻ തുടങ്ങിയതെന്ന് എനിക്ക് ഇന്നുമറിയാം. അതുകൊണ്ട് ഇടതുപക്ഷത്തെ അത്ര മോശമായി കാണണം എന്നുപറയാൻ സാധിക്കുകയില്ല.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. ഷംസുദ്ദീൻ)

ബഹുമാനപ്പെട്ട ഡോ. കെ. ടി. ജലീലിനോടുള്ള വിരോധമെന്താണെന്ന് ആർക്കാണ് അറിയാത്തത്? ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ ഉദ്ഘാടനം ചെയ്തു, ശ്രീ. പാലോളി മുഹമ്മദ് കുട്ടി അദ്ധ്യക്ഷം വഹിക്കുന്ന എന്നെഴുതിയ ഒരു കല്ലുള്ള ഹജ്ജ് ഹൗസിൽ കയറണമെന്ന് ലീഗുമാർ ആഗ്രഹിച്ചിട്ടില്ലെങ്കിൽ അതിന് നമുക്ക് കുറ്റം പറയാൻ സാധിക്കില്ല. ഉദ്ഘാടനം ശ്രീ. വി. എസ്. അച്ചുതാനന്ദനാണെന്ന് അവിടെ കയറുമ്പോൾത്തന്നെ കാണുകയാണ്. അതാണ് അവരുടെ ഏറ്റവും വലിയ ദേഷ്യം. എങ്ങനെയോ എല്ലാവരുംകൂടി അതിനെ കൊച്ചിയിൽ കൊണ്ടുവന്നു. ബഹുമാനപ്പെട്ട ജലീൽ സാഹിബ് വന്നപ്പോൾ അത് വീണ്ടും കോഴിക്കോട് കൊണ്ടുവന്നു. കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടുത്ത മാസം 6-ാം തീയതി ഹജ്ജ് ക്യാമ്പ് ഉദ്ഘാടനം ചെയ്യാൻ പോവുകയാണ്. 7-ാം തീയതി ഡോ. കെ. ടി. ജലീൽ ആ വിമാനത്തിനുമുമ്പിൽനിന്ന് കൊടി വീശുന്ന ചിത്രം കാണാൻ ലീഗുകാർക്ക് ത്രാണിയും ശേഷിയും ഇല്ലാത്തതു കൊണ്ടാണ് ആവശ്യമില്ലാത്ത കാര്യങ്ങളൊക്കെ ഇവിടെ പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്നത്.

ന്യൂനപക്ഷക്ഷേമ വകുപ്പ് ഒരുപാട് നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ന്യൂനപക്ഷ മേഖലയിൽ ഗവേഷണ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടുകൊണ്ട് മലപ്പുറം ജില്ലയിലെ വാഴയൂർ വില്ലേജിൽ International Institute for Minority Studies, Kerala എന്ന സ്ഥാപനം തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരികയാണ്. സംസ്ഥാനത്ത് മദ്രസ്സ അദ്ധ്യാപകർക്ക് അദ്ധ്യാപക പരിശീലനവും ഐഡന്റിറ്റി കാർഡ് വിതരണവും സമ്പൂർണ്ണ ക്ഷേമനിധി അംഗത്വവും എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കാൻ പോവുകയാണ്. കുടുംബശ്രീ മിഷൻ വഴി നടപ്പാക്കുന്ന ഡി.ഡി.യു.ജി.കെ.വൈ. (ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന)

എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഗുണഭോക്താക്കൾ 60% ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട ആളുകളാകണമെന്ന വ്യവസ്ഥ കേന്ദ്രം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ന്യൂനപക്ഷക്ഷേമ വകുപ്പും കുടുംബശ്രീയും ചേർന്ന് നടത്തുന്ന ജില്ലാതല മൊബിലൈസേഷൻ ക്യാമ്പയിൻ എല്ലാ ജില്ലകളിലും നടത്തുന്നതിന്റെ പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതി എത്രയുംവേഗം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത് ഞാനിവിടെ വായിക്കാനുള്ള കാരണം, കേന്ദ്രത്തിന്റെ പല പദ്ധതികളും ഐ.എ.വൈ. ഉൾപ്പെടെ ജനസംഖ്യാനുപാതികമായി കൊടുക്കണമെന്ന് വ്യവസ്ഥയുണ്ടായിരുന്നു. പട്ടികജാതി- പട്ടികവർഗ്ഗക്കാരുടേയും ന്യൂനപക്ഷങ്ങളുടെയും ജനസംഖ്യ കണക്കാക്കി കൊടുക്കണമെന്നുള്ള വ്യവസ്ഥ നേരത്തെതന്നെ ഉണ്ടായിരുന്നു. ഐ.എ.വൈ. പദ്ധതിയിൽ വീട് വന്നപ്പോൾ ഈ മാനദണ്ഡം പാലിക്കാൻ കഴിഞ്ഞ ഗവൺമെന്റ് തയ്യാറായില്ല. കേന്ദ്രം ആ മാനദണ്ഡംതന്നെ വേണമെന്ന് പറഞ്ഞിട്ടുപോലും അന്നത്തെ ഗവൺമെന്റ് അത് പാലിക്കാൻ തയ്യാറായില്ല എന്നുള്ളത് നമുക്കെല്ലാവർക്കും ഓർമ്മയുള്ള കാര്യമാണ്. അതിനെതിരായി കേരളത്തിലെ ന്യൂനപക്ഷ സംഘടനകളെല്ലാം ബഹുമാനപ്പെട്ട അന്നത്തെ മുഖ്യമന്ത്രിയുടെ വീടിനുമുൻപിൽ സമരം നടത്തിയത് ഞാൻ ഓർക്കുകയാണ്. അന്ന് എന്റെയും ബഹുമാനപ്പെട്ട ഡോ. കെ. ടി. ജലീലിന്റെയും പേരിൽ കേസെടുക്കുകപോലും ചെയ്തിട്ടുണ്ട്. അങ്ങനെ നിഷേധാത്മകമായൊരു സമീപനം സ്വീകരിച്ചിരുന്ന പഴയ സർക്കാരിന്റെ ചെയ്തികളിൽനിന്നും തികച്ചും വ്യത്യസ്തമായ രീതിയിലുള്ള പ്രവർത്തനങ്ങളുമായാണ് ന്യൂനപക്ഷക്ഷേമ വകുപ്പ് മുന്നോട്ടുപോകുന്നത്. തീർച്ചയായും പാലോളി കമ്മിറ്റിയുടെ ശിപാർശകൾ അനുസരിച്ച് നമുക്കിനിയും ഒരുപാട് കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ട്. എക്സൈസ് വകുപ്പിനെ സംബന്ധിച്ച് സൂചിപ്പിക്കാനുള്ള ഏറ്റവും പ്രധാനപ്പെട്ട വിഷയം, സ്കൂളുകളുടെ പരിസരത്ത് ലഹരി വസ്തുക്കൾ വിൽക്കുന്നത് തടയാനാവശ്യമായ നടപടി സ്വീകരിക്കണം. അക്കാര്യത്തിൽ ശക്തമായ ബോധവൽക്കരണ നടപടികളുമായാണ് മുന്നോട്ടുപോകുന്നത്. അതുപോലെ എസ്.സി/എസ്.ടി. വകുപ്പും നല്ല പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നതെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. യു. ആർ. പ്രദീപ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. കാരണം ഈ ഗവൺമെന്റ് സർവ്വമേഖലയിലും നല്ലരീതിയിൽ ശ്രദ്ധിച്ചുകൊണ്ട് ഓരോ വകുപ്പുകളും മത്സരാടിസ്ഥാനത്തിൽ മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ പ്രളയം, ഓഖി, നിപ തുടങ്ങിയ ദുരന്തങ്ങൾ വന്നപ്പോൾ, കേന്ദ്ര ഗവൺമെന്റ് നൽകുന്ന സഹായംപോലും വേണ്ടത്ര ലഭിക്കാതിരുന്നിട്ടും സംസ്ഥാനത്തിന്റെ

ക്ഷേമപദ്ധതികളെല്ലാം മികച്ച രീതിയിൽ നടത്തികൊണ്ടിരിക്കുന്നൊരു ഗവൺമെന്റാണിത്. പട്ടികജാതി കുടുംബങ്ങളെ സഹായിക്കാൻ വകുപ്പ് സ്വീകരിച്ച നടപടി ചെറുതല്ല. കഴിഞ്ഞ പ്രളയത്തിൽ ധാരാളം പ്രയാസങ്ങൾ കേരളത്തിലുണ്ടായി. ആ പ്രയാസത്തിൽ പട്ടികജാതി കുടുംബങ്ങളെ സഹായിക്കാൻ ഗവൺമെന്റ് ഇടപെട്ട രീതി ചെറുതല്ല. 62466 പട്ടികജാതി കുടുംബങ്ങൾക്ക് താൽക്കാലിക ആശ്വാസമെന്ന നിലയ്ക്ക് ഏതാണ്ട് 5,000 രൂപ വച്ച് വലിയൊരു സംഖ്യ സഹായം കൊടുത്തിട്ടുണ്ട്. മാത്രമല്ല, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക്, ഏതാണ്ട് 3555 കുടുംബങ്ങളെ സഹായിക്കാൻ 10,000 രൂപ വീതം നൽകി അടിയന്തര ഇടപെടൽ ഈ ഗവൺമെന്റ് നടത്തിയിട്ടുണ്ട്. പ്രളയം പൂർണ്ണമായി തകർത്ത 273 കുടുംബങ്ങൾക്ക് വീടുവച്ചുകൊടുക്കാൻ ഈ ഗവൺമെന്റ് മികച്ച ഇടപെടൽ നടത്തി അത് പൂർത്തീകരിക്കുകയും ചെയ്തു. വീടിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സംഖ്യ കുറവാണ്, അത് വർദ്ധിപ്പിക്കണമെന്ന ആവശ്യം ചില അംഗങ്ങൾ ഇവിടെ പറയുകയുണ്ടായി. അതിനൊന്നും തർക്കമില്ല. എന്നാൽ കഴിഞ്ഞ അഞ്ച് കൊല്ലം ഈ സംസ്ഥാനം ഭരിച്ചിട്ടും അത്തരം കാര്യങ്ങൾ ആലോചിച്ചില്ലെന്നുമാത്രമല്ല എത്ര ആളുകളുടെ വീട് പകുതിവഴിയിൽ കഴിഞ്ഞ അഞ്ച് കൊല്ലത്തിനിടയിൽ നിൽക്കുകയുണ്ടായി. കൃത്യമായ മോണിറ്ററിംഗ് നടത്താത്തതിന്റെ ഭാഗമായി എത്ര ആളുകൾ പണം ലഭിക്കാതെ പകുതിവഴിയിൽ വീട് പണി നിർത്തിവയ്ക്കുകയുണ്ടായി. ഈ ഗവൺമെന്റ് വന്നശേഷം വളരെ കൃത്യമായ ഇടപെടൽ നടത്തി പട്ടികജാതി വിഭാഗത്തിലെ ആളുകൾക്ക് 23801 വീടുകൾ അനുവദിച്ചതിൽ ഏതാണ്ട് 15171 വീടുകൾ പൂർത്തിയായി. അതുമാത്രമല്ല ലൈഫ് മിഷൻ പദ്ധതിയിലൂടെ ഗവൺമെന്റ് വീണ്ടും 6130 വീടുകൾ അനുവദിച്ചു. ഏതാണ്ട് 29931 വീടുകൾ ഈ ഗവൺമെന്റ് വന്നതിനുശേഷം കൊടുക്കാൻ കഴിഞ്ഞു. ഇത് ചെറിയ കാര്യമാണോ; സർവ്വകാല റെക്കോർഡല്ലേ; ഇക്കാര്യത്തിൽ നല്ലപോലെ ഗവൺമെന്റ് ഇടപെട്ടെന്ന് മാത്രമല്ല, ബഹുമാനപ്പെട്ട മന്ത്രി കൃത്യമായി ജില്ലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് നടത്തുകയും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നല്ലരീതിയിൽ ഇടപെടുകയും ചെയ്തു. എന്റെ മണ്ഡലമുൾപ്പെടെയുള്ള സ്ഥലങ്ങളിൽ ധാരാളം വീടുകൾ അതിന്റെ ഭാഗമായി നിർമ്മിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രദ്ധിക്കാത്തതിന്റെ ഭാഗമായി 16360 വീടുകൾ സ്പിൽ ഓവറായി. ഈ ഗവൺമെന്റ് വന്നപ്പോൾ അക്കാര്യത്തിലും മികച്ചരീതിയിൽ ഇടപെട്ട് 10000 വീടുകൾ പൂർത്തീകരിക്കാൻ അടിയന്തരമായി ഇടപെടുകയും ചെയ്തു. ബാക്കി വരുന്ന എസ്റ്റിമേറ്റുകളെടുത്ത് ആവശ്യമായ സംഖ്യ കൊടുത്ത് അത് പൂർത്തീകരിക്കാൻ നല്ലരീതിയിൽ ഇടപെട്ടു.

പട്ടികജാതി വിഭാഗത്തിലെ കുട്ടികളെ സഹായിക്കാൻ മികച്ച രീതിയിൽ ഈ ഗവൺമെന്റ് പുതിയ പദ്ധതികൾ കൊണ്ടുവന്നു. നിലവിലുള്ളതിനേക്കാൾ 25% സംഖ്യ വർദ്ധിപ്പിച്ചുകൊണ്ടാണ് കുട്ടികളുടെ പഠന ആവശ്യങ്ങളിൽ ഇടപെട്ടത്. മാത്രമല്ല പട്ടികജാതി കുട്ടികൾക്ക് വിദേശത്ത് പോകാൻ പ്രത്യേക പരിശീലനം നൽകി അവർക്കാവശ്യമായ ഇടപെടൽ ഈ ഗവൺമെന്റ് നല്ല രീതിയിൽ നടത്തി. ശ്രീ. ഒ. ആർ. കേളു, എം.എൽ.എ. പറഞ്ഞതുപോലെ, സിവിൽ സർവ്വീസ് പരീക്ഷ എഴുതാൻവേണ്ടി ഏതാണ്ട് 300-ലധികം കുട്ടികൾക്ക് ട്രെയിനിംഗ് കൊടുത്ത് പഠിപ്പിക്കുന്നതിന് നല്ലരീതിയിലുള്ള ഇടപെടലുകളാണ് ഈ ഗവൺമെന്റ് നടത്തുന്നത്. അതിനെ ചെറുതായി കാണാൻ കഴിയില്ല. സാമ്പത്തിക അരാജകത്വമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത് എന്നാണ് പറഞ്ഞത്. ഞാൻ ചോദിക്കട്ടെ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിങ്ങൾ ജനസമ്പർക്ക പരിപാടിയിൽ നടത്തിയ അഴിഞ്ഞാട്ടം എന്തെല്ലാമായിരുന്നു? സർക്കാരിന്റെ എത്രപണമാണ് ചെലവഴിക്കപ്പെട്ടത്? ന്യായമായ രീതിയിലാണോ പണം ചെലവഴിക്കപ്പെട്ടത്? വഴിയേ പോകുന്ന ആളുകൾക്കെല്ലാം വെള്ളപേപ്പറിൽ എഴുതിവാങ്ങി കാശുകൊടുത്ത് നിങ്ങളെത്ര പണം ധൂർത്തടിച്ചു? ഞങ്ങളെല്ലാം പഞ്ചായത്തിലുള്ള സമയത്ത് നേരിട്ട് കണ്ട കാഴ്ചയായിരുന്നു. ഇടനിലക്കാരെ കൊണ്ടുവന്ന് ചികിത്സാസഹായം വാങ്ങി തൊട്ടുമുമ്പിൽ വച്ചുതന്നെ പങ്ക് വച്ചുകൊടുക്കുന്ന ഏർപ്പാട് കേരളത്തിൽ നാം കണ്ടതല്ലേ. എന്നാൽ ഇപ്പോൾ ഈ രംഗത്ത് നല്ല രീതിയിൽ ഇടപെട്ട് സത്യസന്ധമായി അപേക്ഷിച്ച ഓരോരുത്തർക്കും അക്കൗണ്ട് വഴി പണം കൃത്യമായും സമയബന്ധിതമായും എത്തിച്ചുകൊടുക്കുന്നു. ഒരു ഇടനിലക്കാരും അതിനകത്തില്ല. ഇന്നും മാറാത്ത ചെക്കുകൾ കയ്യിൽ പിടിച്ചുനടക്കുന്ന ആളുകളുണ്ട്. പറയാതിരിക്കാൻ കഴിയില്ല. എന്നാൽ, ഏതാണ്ട് 100 കോടി രൂപ ഇതിനായി മാറ്റിവച്ച് 60000 ആളുകൾക്ക് ചികിത്സാസഹായം സർക്കാരിന്റെ ഈ കുറഞ്ഞ സമയത്തിനുള്ളിൽ കൊടുക്കാൻ കഴിഞ്ഞുവെന്നത് ചെറിയ കാര്യമല്ല. പ്രധാന വരുമാനമുള്ള കുടുംബനാഥൻ മരണപ്പെട്ടാൽ കഴിഞ്ഞ കാലങ്ങളിൽ 50,000 രൂപ നൽകിയിരുന്നത് ഏതാണ്ട് 2 ലക്ഷം രൂപയായി ഈ ഗവൺമെന്റ് വർദ്ധിപ്പിച്ചു. അത് ചെറിയ കാര്യമല്ല. ഗവൺമെന്റ് ഈ രംഗത്ത് നല്ലതുപോലെ ഇടപെട്ടുവെന്നുള്ളതിന്റെ തെളിവാണ് ഞാനിവിടെ പറഞ്ഞത്. എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ ഇടപെടലിനെ സംബന്ധിച്ച് ഇവിടെ നേരത്തെ സംസാരിച്ച അംഗങ്ങൾ രാഷ്ട്രീയപരമായി ഈ സർക്കാരിനെ താഴ്ത്താൻവേണ്ടി പറയുന്നതാണോയെന്നറിയില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം എക്സൈസ് ഡിപ്പാർട്ടുമെന്റ് വളരെ നല്ല രീതിയിലാണ്

ഇടപെടുന്നത്. കേരളത്തിൽ മദ്യത്തിന്റെ ഉപയോഗം ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരണമെന്ന ലക്ഷ്യം വച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് ഇടപെട്ടുകൊണ്ടിരിക്കുന്നത്. എന്നാൽ ആ രംഗം പരിശോധിച്ചാൽ വിവിധ പത്രങ്ങൾ റിപ്പോർട്ടുചെയ്ത കാര്യങ്ങളുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനവരി 31 വരെ ഏതാണ്ട് 16190 കേസ്സുകൾ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഏതാണ്ട് 5012 കേസ്സുകൾ മാത്രമാണ് എടുക്കാൻ കഴിഞ്ഞിട്ടുള്ളത്. എത്രത്തോളം താൽപ്പര്യം ഇതിനകത്തുണ്ട്, ഈ രണ്ട് ഗവൺമെന്റുകളുടെയും ഇടപെടൽ എത്രത്തോളമുണ്ടെന്ന് ഇതിലൂടെ നമുക്ക് മനസ്സിലാക്കാൻ കഴിയും. എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ നന്നായി പ്രവർത്തിക്കുന്നുവെന്നതിന്റെ തെളിവായി മറ്റൊരു വാർത്തയുണ്ട്. കടലിൽ ചാടിയ കഞ്ചാവ് വിൽപ്പന നടത്തുന്ന പ്രതിയെ എക്സൈസ് ഉദ്യോഗസ്ഥൻ പുറകെ ചാടി പിടിച്ചുവെന്ന വാർത്തയും പത്രത്തിൽ വന്നിട്ടുണ്ട്. എത്ര ആത്മാർത്ഥമായാണ് നമ്മുടെ ഉദ്യോഗസ്ഥർ ഇവിടെ പ്രവർത്തിക്കുന്നുണ്ടെന്നതിന്റെ തെളിവാണിത്. മറ്റൊരു വിഷയം ട്രെയിൻ മാർഗ്ഗം കഞ്ചാവ് കടത്ത് വർദ്ധിക്കുന്നുവെന്ന ഒരു വാർത്ത സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് അന്വേഷിക്കുമ്പോൾ ഡിപ്പാർട്ടുമെന്റുതലത്തിൽ റെയിൽവേയുടെ സഹകരണം ലഭിക്കുന്നില്ല എന്നൊരു വിഷമം അറിയാൻ കഴിഞ്ഞു. അതുമായി ബന്ധപ്പെട്ട് എന്തുചെയ്യാൻ സാധിക്കുമെന്നത് വകുപ്പ് ആലോചിക്കണം. റെയിൽവേയുമായി ബന്ധപ്പെട്ട് യോജിച്ച് പ്രവർത്തിക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം. മറ്റ് മേഖലകളിലെല്ലാം നല്ല ഇടപെടൽ നടത്തുന്നുണ്ട്. എന്നാലും മൊത്തത്തിൽ എക്സൈസ് വകുപ്പ് നല്ല രീതിയിൽ, മാതൃകാപരമായ പ്രവർത്തനത്തിലൂടെ വലിയ മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്; അതിന് ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. പട്ടികജാതി ജനസംഖ്യ ഓരോ മണ്ഡലത്തിലും വ്യത്യസ്തമാണ്. എന്നാൽ എല്ലാ മണ്ഡലങ്ങളിലും പദ്ധതികൾ ഒരുപോലെയാണ് നൽകുന്നത്. കുറ്റംപറയുന്ന ആളുകളും മന്ത്രിയോട് ആവശ്യങ്ങൾ പറയുന്ന കാഴ്ച നമുക്ക് കാണാൻ കഴിയും. പട്ടികജാതി ജനസംഖ്യ അധികമുള്ള മണ്ഡലങ്ങളിൽ അതിനനുസരിച്ച് പദ്ധതികൾ വിഭജിച്ച് നൽകാൻ സാധിക്കുമോ എന്നത് ആലോചിക്കണം. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങളെയും സംബന്ധിക്കുന്ന വിഷയങ്ങളാണ് ഇന്നത്തെ ധനാഭ്യർത്ഥനയിലുള്ളത്.

അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് നമ്മുടെ നാട്ടിലെ പ്രവാസികളും അവരുടെ ക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങളും. ഇൻഡ്യാ രാജ്യത്തിന്റെ സമ്പത്തിന്റെ നട്ടെല്ലാണ് പ്രവാസികൾ. ഇന്ന് ആഗോളതലത്തിൽ വലിയ രീതിയിലുള്ള സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നുണ്ട്. അതോടൊപ്പം പല രാജ്യങ്ങളിലും വ്യവസായ-വാണിജ്യ മേഖലകളിലും റീട്ടെയിൽ മേഖല, ആരോഗ്യ പരിപാലനം, സാങ്കേതികം എന്നീ മേഖലകളിലും സ്വദേശിവൽക്കരണം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന് പല കാരണങ്ങളുണ്ട്. ആ പ്രദേശത്ത്, പ്രത്യേകിച്ച് അറബ് രാജ്യങ്ങളിലുള്ള സ്വദേശികളുടെ തൊഴിലില്ലായ്മ വർദ്ധിച്ചു. അഭ്യന്തരമായ സാമ്പത്തിക പ്രതിസന്ധി, എണ്ണ വ്യാപാരരംഗത്തുണ്ടായ പ്രതിസന്ധികൾ, ആഭ്യന്തര യുദ്ധങ്ങളും കലാപങ്ങളും മറ്റ് പ്രതിസന്ധികൾ എന്നിവയൊക്കെയാണ് ഈ രീതിയിലുള്ള സ്വദേശിവൽക്കരണത്തിന് പ്രധാനപ്പെട്ട കാരണങ്ങളായിട്ടുള്ളത്. അതുകൊണ്ടുതന്നെ കേരളത്തിലടക്കമുള്ള, ഇൻഡ്യയിലെ പ്രവാസികളുടെ തൊഴിൽ നഷ്ടപ്പെടുന്നതിന്റെ എണ്ണം വർദ്ധിച്ചുവരികയാണ്. തൊഴിൽ നഷ്ടം രണ്ടുവർഷം കൊണ്ട് രണ്ടുലക്ഷം ആയി. നിതാഖത്ത്മൂലം 25 ലക്ഷം പേർ സൗദി അറേബ്യയിൽനിന്നടക്കം പുറത്തേയ്ക്ക് വരികയാണ് എന്നുള്ള വാർത്തകളൊക്കെ നമ്മൾ കാണുകയും അതിന്റെ അനുഭവങ്ങളിലൂടെ നമ്മൾ കടന്നുപോകുകയും ചെയ്യുന്നു. 1970-കളിൽ തുടങ്ങിയ പ്രവാസികളുടെ വലിയൊരു ഗൾഫ് ബൂമിനുശേഷം ഏറ്റവും പ്രതിസന്ധിയിലേയ്ക്ക് പോകുന്ന ഈ സമയത്ത് അവരുടെ ക്ഷേമത്തിന് ഏറ്റവും പ്രാധാന്യം കൽപ്പിക്കേണ്ടതുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് പ്രവാസികൾക്ക് അവരുടെ സാന്ത്വനം പരിപാടിക്കുവേണ്ടി 25 കോടി രൂപ അനുവദിച്ചതും നോർക്കവഴി അവരുടെ ക്ഷേമത്തിനും മറ്റുമായി ഈ ബഡ്ജറ്റിൽത്തന്നെ 81 കോടി രൂപ അനുവദിച്ചതും പ്രവാസി സംരംഭങ്ങൾക്കുവേണ്ടി 15 കോടി രൂപ, പെൻഷൻ പദ്ധതി 2,000 രൂപയായി വർദ്ധിപ്പിച്ചത്, കെ.എസ്.എഫ്.ഇ.-യിലെ പ്രവാസി ചിട്ടികൾ, മരണപ്പെട്ട പ്രവാസികളുടെ മൃതദേഹം നാട്ടിലെത്തിക്കാനുള്ള പ്രത്യേകമായ പരിപാടി എന്നിങ്ങനെ നിരവധി പരിപാടികൾ ഈ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. അതിലേറ്റവും പ്രധാനപ്പെട്ടതും പ്രവാസികളെല്ലാവരും പറയുന്നതുമായ കാര്യം പ്രധാനപ്പെട്ട സീസണുകളിലൊക്കെയുണ്ടാകുന്ന വിമാന ടിക്കറ്റിന്റെ ചാർജ് വർദ്ധനവാണ്. കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് വിമാന ടിക്കറ്റുകളുടെ നിരക്ക് കുറയ്ക്കാനുള്ള പ്രവർത്തനങ്ങളിൽ സർക്കാർ ഇടപെട്ടുവെങ്കിലും കേന്ദ്രസർക്കാർ അതിൽ കാര്യമായ തീരുമാനം എടുത്തിട്ടില്ല. കാരണം, കേന്ദ്ര സർക്കാരിനെ സംബന്ധിച്ചിടത്തോളം സാധാരണ പ്രവാസികളുടെ

കാര്യങ്ങളേക്കാൾ വലിയ രീതിയിൽ പണക്കാരായിട്ടുള്ള പ്രവാസികളുടെ കാര്യമാണ് അവർ ശ്രദ്ധിക്കാറുള്ളത്. അതാണ് പ്രവാസി ദിനാചരണവുമായി ബന്ധപ്പെട്ടൊക്കെ സാധാരണ പ്രവാസികളെ ഉൾപ്പെടുത്താതെ വലിയ മുതലാളിമാരായ ആളുകളെ മാത്രം വിളിക്കുന്നത് നമ്മൾ കണ്ടത്. പല സ്ഥലത്തുനിന്നും പല അഭിപ്രായങ്ങൾ വരുന്നുണ്ട്. അതിലൊന്ന്, നമുക്ക് സ്വന്തമായി വിമാന കമ്പനി ആരംഭിക്കുകയെന്നുള്ളതാണ്. ഇത് കേൾക്കാൻ നല്ല സുഖമുള്ള കാര്യമാണെങ്കിലും പ്രാക്ടിക്കലാകുമെന്ന് തോന്നുന്നില്ല. ജെറ്റ് എയർവേയ്സ് ഇപ്പോൾ അടച്ചുപൂട്ടിയിരിക്കുകയാണ്. വലിയ രീതിയിലുള്ള സാമ്പത്തിക പ്രതിസന്ധിയാണ്. ഇത്തിഹാദ് ഷെയർ എടുത്തിട്ടുപോലും ജെറ്റ് എയർവേയ്സിന് മുന്നോട്ടുപോകാൻ സാധിക്കാത്തത് നമ്മൾ കണ്ടതാണ്. അതുകൊണ്ട് ഒരു വിമാനക്കമ്പനി എന്നതിനേക്കാൾ മിഡിൽ ഈസ്റ്റിലുള്ള വിമാന കമ്പനികളിൽ കേരള സർക്കാർ ഷെയർ എടുത്തുകൊണ്ട് ഇവിടത്തെ പ്രവാസികൾക്കുവേണ്ടി പ്രത്യേകമായ സ്കീം അനുവദിക്കുകയാണെങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. പ്രവാസികൾ നേരിടുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് വിസ തട്ടിപ്പ്. ഇവിടെനിന്ന് ആദ്യമായി ഗൾഫിലേയ്ക്ക് പോകുന്ന ആളുകൾ പലതരത്തിലുള്ള വിസ തട്ടിപ്പിൽ ഉൾപ്പെടാറുണ്ട്. നോർക്കവഴി പല പദ്ധതികളുണ്ടെങ്കിലും ഇവിടെ നിന്നൊരാൾ തൊഴിലിനുവേണ്ടി വിദേശത്തേയ്ക്ക് പോകുമ്പോൾ അത് ഏതുതരത്തിലുള്ള വിസയാണെന്ന് കൃത്യമായി പരിശോധിക്കാൻ സാധിക്കുന്ന ഒരു സംവിധാനമുണ്ടാകണം. അത് ഉറപ്പുവരുത്തിയതിനു ശേഷംമാത്രം ഇവിടെനിന്നും ആളുകൾ പുറത്തേയ്ക്ക് പോകുന്ന ഒരു സംവിധാനം ആവിഷ്കരിക്കേണ്ടതുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. പ്രവാസികളുടെ പുനരധിവാസത്തിനുള്ള പദ്ധതികളും നമ്മൾ നടപ്പിലാക്കുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്വയംതൊഴിൽ സംരംഭങ്ങൾക്കുവേണ്ടി 30 ലക്ഷം രൂപവരെ വായ്പ നൽകുന്ന പദ്ധതിയിൽ 3 ലക്ഷം രൂപവരെ സബ്സിഡിയാണ്. 3 ശതമാനം പലിശയുടെ സബ്സിഡികൂടി ലഭിക്കുന്ന രീതിയിലാണ് ഇത് ലഭ്യമാകുന്നത്. നടപടിക്രമങ്ങളും മറ്റുമായി എളുപ്പത്തിൽ ലഭ്യമാകാതിരിക്കാൻ പല കാരണങ്ങളുമുണ്ട്. നോർക്ക വഴിയോ പ്രത്യേക ഫെസിലിറ്റേഷൻ സെന്റർ വഴിയോ ഇവ എളുപ്പത്തിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുകയാണെങ്കിൽ പ്രവാസികൾക്ക് കൂടുതൽ പ്രയോജനകരമാകുമെന്നാണ് എനിക്ക് തോന്നുന്നത്. സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ആന്തൂരിൽ ഒരു പ്രവാസി സഹോദരന്റെ മരണം നമ്മൾ കണ്ടതാണ്. ആന്തൂർ സംഭവം ഇവിടെ വലിയ രീതിയിലുള്ള രാഷ്ട്രീയ ചർച്ചകൾക്ക് കാരണമായിട്ടുണ്ട്. ഇത് ഒറ്റപ്പെട്ട സംഭവമല്ലെന്ന് നമുക്കറിയാം. ഒരു ക്രിയാത്മകമായ പ്രതിപക്ഷമായല്ല, 'അവസരം കിട്ടി എന്നാൽ അതൊന്ന് മുതലാക്കാം' എന്നുള്ള

രീതിയിലാണ് ഇതുപയോഗിച്ചത്. സി.പി.ഐ.(എം.) അല്ലെങ്കിൽ എൽ.ഡി.എഫ്. ഭരിക്കുന്ന ഒരു പഞ്ചായത്താണ് എന്നുള്ളതുകൊണ്ട് അതിനെ ടാർഗറ്റ് ചെയ്തുകൊണ്ടുള്ള ഒരു പ്രവർത്തനമാണ് നടത്തിയത്. അതുകൊണ്ട് ഇവിടത്തെ പ്രവാസികൾക്കോ അല്ലെങ്കിൽ ഇവിടെ സംരംഭം ആരംഭിക്കുന്നവർക്കോ യാതൊരു തരത്തിലുള്ള ഗുണവും ലഭിക്കില്ല. നമുക്കറിയാം, ഈ സംഭവത്തിൽ ഇതാരംഭിക്കുന്ന സമയത്ത് ഇളവുകൾ ചെയ്തുകൊടുത്തിരുന്നുവെങ്കിൽ ഇതേ പ്രതിപക്ഷംതന്നെ ഇതേ നിയമസഭയിൽ അടിയന്തരപ്രമേയം അവതരിപ്പിക്കുന്നത് ഈ പഞ്ചായത്ത് നിയമങ്ങൾ തിരുത്തിക്കൊണ്ട് 15 കോടി രൂപയിലധികം വരുന്ന ഒരു സംരംഭത്തിന്, മുതലാളിക്ക് അവസരം കൊടുത്തു, അത് അഴിമതിയാണ് എന്നുപറഞ്ഞായിരിക്കും. ഇപ്പോൾ എന്റെ മണ്ഡലത്തിൽതന്നെ യു.ഡി.എഫ്. ഭരിക്കുന്ന വല്ലപ്പുഴ ഗ്രാമപഞ്ചായത്തിൽ പ്രവാസി സഹോദരന്മാർ 1.25 കോടി രൂപ ചെലവഴിച്ച് ഒരു കെട്ടിടം പണിതിട്ട് അനുമതിക്കുവേണ്ടി 9 വർഷമായി കാത്തിരിക്കുകയാണ്.

1.00 P.M.]

30 വർഷത്തെ പ്രവാസി ജീവിതത്തിനുശേഷം നാട്ടിൽവന്നാണ് ആ കെട്ടിടം പണിതത്. ആദ്യം കെട്ടിടം നിർമ്മിക്കാനുള്ള അനുമതി ലഭിച്ചതിനെത്തുടർന്ന് അതിന്റെ വർക്ക് നടത്തി. അവസാനഘട്ടത്തിൽ അതിന് ലൈസൻസ് കൊടുക്കേണ്ട സമയത്ത് 30 സെന്റീമീറ്റർ റോഡിൽനിന്ന് അധികമായിട്ടുണ്ടെന്നു പറഞ്ഞ് അത് അനുവദിക്കാതിരിക്കുകയാണ് ചെയ്തത്. ഞാൻ ഇതിവിടെ പറയാൻ കാരണം, യു.ഡി.എഫ്. ഭരിക്കുന്നോ എൽ.ഡി.എഫ്. ഭരിക്കുന്നോ എന്നുള്ളതല്ല, പല സ്ഥലങ്ങളിലും ഇതൊരു വിഷയമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സെക്രട്ടറിമാരുടെ അധികാരത്തിലും അതുപോലുള്ള കാര്യങ്ങളിലൊക്കെ വളരെ ക്രിയാത്മകമായ നടപടി സ്വീകരിച്ചതിനെ സ്വാഗതം ചെയ്യുകയാണ്. അതോടൊപ്പം ഇത്തരത്തിലൊരു സംരംഭം ആരംഭിക്കുന്ന സമയത്ത് നിയമത്തിന്റെയും ചട്ടക്കൂടുകളുടെയും കാര്യംപറഞ്ഞ് അതിനെ എങ്ങനെ പൊളിക്കാൻ കഴിയുമെന്ന ചിന്തയാണ് പലപ്പോഴും നമ്മുടെ ഉദ്യോഗസ്ഥർക്കുള്ളത്. അത്തരത്തിലുള്ള ചട്ടക്കൂടുകളും നിയമങ്ങളും ലഘൂകരിച്ച് ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ, പ്രത്യേകിച്ച് പ്രവാസികളായിട്ടുള്ള ആളുകൾ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് പ്രത്യേക പ്രൊട്ടക്ഷൻ കൊടുക്കാൻ നോർക്ക വഴി അതിനുള്ളൊരു ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുകയാണെങ്കിൽ വളരെ നന്നായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. അത്തരത്തിലുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകണം. അതുപോലെ യുവജനങ്ങൾ ഏറ്റവും കൂടുതൽ

അനുഭവിക്കുന്ന പ്രശ്നമാണ് തൊഴിലില്ലായ്മ. കേരളം ഏറ്റവും കൂടുതൽ നേരിടുന്ന ഒരു വെല്ലുവിളിയും തൊഴിലില്ലായ്മയാണ്. ഇന്ത്യയിൽ തൊഴിലില്ലായ്മ വർദ്ധിച്ചിട്ടുള്ള സംസ്ഥാനങ്ങളിൽ ഒന്നായി കേരളം നിൽക്കുമ്പോൾ, ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഇതരസംസ്ഥാന തൊഴിലാളികൾ ജോലിചെയ്യുന്ന, ഏതാണ്ട് 50 ലക്ഷത്തോളം വരുന്ന ആളുകൾക്ക് തൊഴിൽ കൊടുക്കുന്ന സംസ്ഥാനം കൂടിയാണ് കേരളം. ഇത് വളരെ വ്യത്യസ്തമായ ഒരു പ്രശ്നമാണ്. അഭ്യസ്തവിദ്യരായ ആളുകൾക്കിടയിലാണ് തൊഴിലില്ലായ്മ ഏറ്റവും കൂടുതൽ വർദ്ധിച്ചിട്ടുള്ളത്. 2011-12-ൽ തൊഴിലില്ലായ്മ 6.1 ശതമാനം ആയിരുന്നു. എന്നാൽ 2015-16 ആയപ്പോൾ 12.5 ശതമാനത്തിലേയ്ക്ക് അത് വർദ്ധിച്ചു. ഈ ഗവൺമെന്റ് വന്നതിനുശേഷം അത് കുറയുന്ന രീതിയിലേയ്ക്കാണ് പോയിട്ടുള്ളത്. 2017-18-ൽ ഏതാണ്ട് 11.4 ശതമാനമായി കുറഞ്ഞിട്ടുണ്ട്. പക്ഷെ ഇനിയും തൊഴിലില്ലായ്മ വലിയൊരു പ്രശ്നം തന്നെയാണ്. അതിനുവേണ്ടി നിരവധി തൊഴിൽ പ്രവർത്തനങ്ങൾ നമ്മൾ നടത്തുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അപ്രഖ്യാപിത നിയമന നിരോധന മുണ്ടായിരുന്നെങ്കിൽ ഈ സർക്കാർ വന്നതിനുശേഷം ഒരു ലക്ഷത്തിലധികം ആളുകൾക്ക് പി.എസ്.സി. വഴി തൊഴിൽ കൊടുത്തുകൊണ്ടാണ് നയം വ്യക്തമാക്കുന്നത്. അതോടൊപ്പം തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനായി നിരവധി പദ്ധതികൾ നടത്തിയിട്ടുണ്ട്. ആ പദ്ധതികളുടെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. അതിൽ ഭിന്നശേഷിക്കാരായ ആളുകൾക്കുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് കൈവല്യ പദ്ധതി. ഭിന്നശേഷിക്കാർക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനും മറ്റുമായിട്ടുള്ളൊരു പദ്ധതിയാണത്. ഈ പദ്ധതി വളരെ നല്ല രീതിയിൽ നടക്കുന്നുണ്ട്. എങ്കിലും ബഡ്സ് സ്കൂളിൽനിന്നും ട്രെയിനിംഗ് കഴിഞ്ഞ് പുറത്തിറങ്ങുന്ന കുട്ടികൾക്ക് അവരുടെ രക്ഷകർത്താക്കളുമായി ചേർന്നുകൊണ്ട് ഒരു സംരംഭം ആരംഭിക്കാനുള്ള സഹായകമായി ഈ പദ്ധതിയെ വിപുലീകരിക്കണമെന്നാണ് എന്റെ അഭിപ്രായം. അതോടൊപ്പം ഐ.ടി.ഐ അടക്കമുള്ള സ്ഥലങ്ങളിൽ അതിന്റെ കോഴ്സുകൾക്ക് വളരെ കാലോചിതമായ മാറ്റം വരേണ്ടതുണ്ട്. ഈ സർക്കാർ അതിൽ ഇടപെടുന്നുണ്ട്. പലപ്പോഴും കോഴ്സുകളും സിലബസ്സുകളും തീരുമാനിക്കുന്നത് NCVT (National Council on Vocational Training) ആണ്. NCVT ദേശീയ തലത്തിലുള്ള ഒരു സ്ഥാപനമെന്ന നിലയ്ക്കാണ് അതിന്റെ കാര്യങ്ങൾ ചെയ്യുന്നത്. എന്നാൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം വിലയിരുത്തി കൂടുതൽ തൊഴിൽ സാധ്യതകളുള്ള മേഖലകളിലേയ്ക്ക് കോഴ്സ് ഡിസൈൻ ചെയ്ത് അത് NCVT-യെക്കൊണ്ട് അംഗീകരിപ്പിക്കാൻ കഴിയുന്ന രീതിയിൽ കാര്യങ്ങൾ ചെയ്യണം. പ്രത്യേകിച്ചും ടൂറിസം, വേസ്റ്റ് മാനേജ്മെന്റ്, റീസൈക്ലിംഗ്, ആരോഗ്യം, ബയോ മെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ തുടങ്ങിയ മേഖലകളിലൊക്കെ ധാരാളം സാധ്യതകളാണുള്ളത്. നിലവിൽ ഐ.ടി.ഐ.-യിൽ

ഒരുലക്ഷത്തോളം കുട്ടികൾ പഠിച്ചിറങ്ങിയ സാനിട്ടറി ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന് വലിയ സാധ്യതയില്ലെന്നറിഞ്ഞതുകൊണ്ടാകാം നിർത്തലാക്കി യിട്ടുണ്ട്. എന്നാൽ ആ കോഴ്സ് നിർത്തലാക്കിയെങ്കിലും ധാരാളം കുട്ടികൾ അത് പഠിച്ചിറങ്ങി സർട്ടിഫിക്കറ്റുമായി ഒരു ജോലിക്കും അപേക്ഷിക്കാൻ കഴിയാതെ, പി.എസ്.സി. അംഗീകാരമില്ലാതിരിക്കുന്ന സാഹചര്യമുണ്ട്. ആ കുട്ടികൾ ആരോഗ്യ മേഖലയിലും അതുപോലെ രോഗ പ്രതിരോധത്തിലും ശുചീകരണത്തിലുമൊക്കെയാണ് പരിശീലനം നേടിയിട്ടുള്ളത്. അതുകൊണ്ട് അത്തരം മേഖലകളിൽ ഇവർക്ക് തൊഴിൽ കൊടുക്കാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യണം. എൽ.ഡി.ക്ലാർക്കുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു വർഷത്തെ ലിസ്റ്റിൽ പി.എസ്.സി. ഏതാണ്ട് 2651-ലധികം ഉദ്യോഗാർത്ഥികളെ പോസ്റ്റ് ചെയ്തിട്ടുണ്ട്. ആശ്രിത നിയമനത്തിന് ആനുപാതികത്തിനപ്പുറത്തേയ്ക്ക് ആളുകളെ എടുത്തിട്ടുണ്ടെന്നൊരു പരാതി ആ റാങ്ക് ലിസ്റ്റിലുള്ളവർക്കുണ്ട്. അത് പരിശോധിച്ച് അർഹരായിട്ടുള്ളവർക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. നമ്മുടെ നാട് നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നമാണ് ലഹരി ഉപയോഗം. ലഹരിയുമായി ബന്ധപ്പെട്ട് ധാരാളം ജീവനുകളാണ് പൊലിയുന്നത്. തിരുവനന്തപുരത്ത് കരമനയിൽ അനന്തു ഗിരീഷ് എന്ന 21 വയസ്സുകാരന്റെ കൊലപാതകം, മണിക്കുട്ടൻ എന്നൊരാൾ കുത്തേറ്റ് മരിച്ചത്, തൊടുപുഴയിൽ ഏഴ് വയസ്സുള്ള ഒരു കുട്ടിയെ അമ്മയുടെ കാമുകൻ പീഡിപ്പിച്ച് കൊന്നത്, കഴിഞ്ഞ ദിവസം കാസർഗോഡ് കുമ്പളയിലെ ഒരു കുടുംബത്തെ ബംഗ്ലൂരുവിൽവച്ച് കൊന്നത്, ഇവരൊക്കെ ലഹരിക്ക് അടിമപ്പെട്ടവരാണെന്നാണ് മനസ്സിലാക്കുന്നത്. ഇങ്ങനെ മയക്കുമരുന്ന് കേസുകൾ വളരെയേറെ കൂടിക്കൊണ്ടിരിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മയക്കുമരുന്ന് കേസുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്യുന്നതും ആളുകളെ പിടിക്കുന്നതും കൂടിയിട്ടുണ്ട്. സ്റ്റാമ്പ് രൂപത്തിലാണ് കുട്ടികൾ ഇതുപയോഗിക്കുന്നത്. കുടുംബത്തിലെ അമ്മമാർക്കുപോലും കുട്ടികളെ ഭയക്കേണ്ട അവസ്ഥയാണുള്ളത്. പ്രത്യേകിച്ച് 16 വയസ്സുമുതൽ 30 വയസ്സുവരെയുള്ള ആളുകളാണ് ഇതിന് അടിമപ്പെട്ടുകൊണ്ടിരിക്കുന്നത്. അതിന് സ്കൂൾ, കോളേജ് തലങ്ങളിൽ പ്രത്യേക പരിപാടികൾ ഉണ്ടാകുകയും അതോടൊപ്പം സ്കൂളുകളിൽ മെയിൽ കൗൺസിലേഴ്സ് ഉൾപ്പെടെയുള്ളവരെ പ്രത്യേകം ട്രെയിൻ ചെയ്ത് നടപ്പിലാക്കുകയും വേണം. ഈ സാമൂഹ്യ വിപത്തിനെതിരെ കേവലം ക്യാമ്പയിനുകൾ മാത്രമല്ലാതെ ജനകീയ കൂട്ടായ്മകൾ കൂടുതൽ വിപുലമാക്കി ഇത് നിർത്താനും ഡീ-അഡിക്ഷൻ സെന്ററുകൾ കൂടുതൽ ആധുനികവൽക്കരിച്ചുകൊണ്ട് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കാനുംവേണ്ട നടപടി സ്വീകരിക്കണം എന്നുപറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. കാരാട്ട് റസാഖ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. സമസ്ത മേഖലയിലും നന്മയും വികസനവും കൈമുതലാക്കി പ്രവർത്തിക്കുന്ന ഈ സർക്കാരിന്റെ ധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുകയാണ്. നമ്മുടെ രാജ്യം വലിയ ഭീഷണിയിലാണ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ന്യൂനപക്ഷങ്ങൾക്കും ദളിത് സമൂഹത്തിനും ജീവിക്കാൻ കഴിയാത്തൊരു സാഹചര്യമാണ് ഇന്ത്യാരാജ്യത്ത് നിലനിൽക്കുന്നത്. ബി.ജെ.പി.-യുടെ വർഗ്ഗീയ വാദികൾ അകാരണമായി ഈ സമൂഹത്തെ കൊന്നൊടുക്കുകയാണ്. കേന്ദ്രം ഭരിക്കുന്ന ശ്രീ. നരേന്ദ്ര മോദി സർക്കാർ ഇത്തരം അക്രമികൾക്ക് പിന്തുണ നൽകിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ മനസ്സാക്ഷിയുള്ള മനുഷ്യസമൂഹം ഉണർന്ന് പ്രവർത്തിക്കേണ്ടതും ഇത്തരം ഭരണ ഭീകരതയ്ക്കെതിരെ ശക്തമായി നിലകൊള്ളേണ്ടതും ആവശ്യമാണെന്നാണ് ആദ്യമായി എനിക്ക് സൂചിപ്പിക്കാനുള്ളത്. നമുക്കറിയാം പ്രവാസി സാജന്റെ മരണം. വളരെയധികം വേദനയോടുകൂടിയാണ് നമ്മൾ കണ്ടിട്ടുള്ളത്. ഒരു പ്രവാസി വ്യവസായി തന്റെ എല്ലാ സമ്പാദ്യവും ഉപയോഗിച്ച് കേരളത്തിൽ ഒരു സംരംഭം തുടങ്ങുന്നതിനുവേണ്ടി പദ്ധതി ആവിഷ്കരിച്ചപ്പോൾ അതിന് ഉദ്യോഗ വിഭാഗം സഹകരിക്കാതെ സാജനെ ആത്മഹത്യയിലേയ്ക്ക് എത്തിക്കുന്നൊരു സാഹചര്യം സൃഷ്ടിച്ചിരിക്കുകയാണ്. അദ്ദേഹം ആത്മഹത്യ ചെയ്തതോടുകൂടി അദ്ദേഹത്തിന്റെ കുടുംബം അനാഥയായി. പ്രവാസി സമൂഹം ഞെട്ടലോടുകൂടിയാണ് അതിനെ കാണുന്നത്. നമ്മുടെ ഉദ്യോഗസ്ഥ വിഭാഗത്തിൽ പലരും വളരെ മോശമായ നിലപാടുകളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. വളരെ സത്യസന്ധമായും ആത്മാർത്ഥമായും ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ നമ്മുടെ രാജ്യത്തുണ്ട്. എന്നാൽ സത്യസന്ധതയില്ലാത്ത, ശമ്പളത്തോട് കൂറ് പുലർത്താത്ത, കൃത്യമായി ജോലി ചെയ്യാത്ത, ആളുകളെ വട്ടം കറക്കുന്ന, സമൂഹത്തിന്റെ ഇത്തരം നല്ല ആവശ്യങ്ങളെ തിരസ്കരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കാൻ ഗവൺമെന്റിന് സാധിക്കണം. എന്റെ നിയോജക മണ്ഡലത്തിലെ കൊടുവള്ളി മുനിസിപ്പാലിറ്റിയിൽ നേരത്തെ ഒരു ബിൽഡിംഗിന് നമ്പരിട്ടിരുന്നത് പുതുക്കാൻ ചെന്നപ്പോൾ അവിടത്തെ ഉദ്യോഗസ്ഥർ കൈക്കൂലി ആവശ്യപ്പെട്ടു. ആ ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുക്കുന്നതിനുവേണ്ടി എം.എൽ.എ.-യുടെ കവറിംഗ് ലെറ്ററിൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്ക് ആ ബിൽഡിംഗിന്റെ ഉടമ പരാതി കൊടുത്തെങ്കിലും ഇതുവരെയും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. പരാതി കൊടുത്തതിനാൽ ആ ബിൽഡിംഗ് പൊളിച്ചുമാറ്റണമെന്ന നിലപാടിലാണ് ഉദ്യോഗസ്ഥർ ഇപ്പോഴുള്ളത്. ഇത്തരം ആളുകൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ സാധിക്കണം. 2006-ൽ ശ്രീ. പി. റ്റി. എ. റഹീം കൊടുവള്ളി എം.എൽ.എ. ആയതിനുശേഷം കൊണ്ടുവന്ന പാലങ്ങൾക്കുവേണ്ടി 13 വർഷമായി

ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഒരു പ്രവർത്തനവും ഉണ്ടാകുന്നില്ല. ഇപ്പോഴും ഒരു ചെറുവിരൽ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാത്ത രൂപത്തിൽ സർക്കാർ പദ്ധതികൾ അങ്ങനെതന്നെ കിടക്കുകയാണ്. എനിക്ക് സൂചിപ്പിക്കാനുള്ളത്, ഓരോ ബഡ്ജറ്റിലും സർക്കാർ നൽകുന്ന പദ്ധതികൾ പ്രാവർത്തികമാക്കാൻ ഉന്നത ഉദ്യോഗസ്ഥർക്ക് സാധിക്കേണ്ടതുണ്ട്. താഴേത്തട്ടിലുള്ള ഉദ്യോഗസ്ഥരുടെ അവഗണനകളെ മാറ്റിവച്ചുകൊണ്ട് എത്രയുംപെട്ടെന്ന് ഓരോ പദ്ധതികളും നടപ്പിലാക്കാനുള്ള പ്രവൃത്തികൾക്ക് ഉന്നത ഉദ്യോഗസ്ഥർ നേതൃത്വം കൊടുത്താൽ മാത്രമേ സർക്കാരിന്റെ പദ്ധതികൾ നടപ്പിലാകുകയുള്ളൂ. സർക്കാരിന്റെ പദ്ധതികൾ നടപ്പിലായാൽ മാത്രമേ ജനങ്ങൾക്ക് അതിൽ പ്രയോജനമുള്ളൂ, നാടിന് അതൊരു നേട്ടമാകാനും ഗവൺമെന്റിന് അതൊരു മുതൽക്കൂട്ടാവാനും സാധ്യമാവുകയുള്ളൂ. അത്തരമൊരു സാഹചര്യം സൃഷ്ടിക്കാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. ഈ ഗവൺമെന്റിന്റെ ഒട്ടനവധി പദ്ധതികളാണ് എന്റെ നിയോജകമണ്ഡലത്തിൽ ലഭിച്ചിട്ടുള്ളത്. അവയെല്ലാം പൂർത്തീകരിച്ചാൽ മാത്രമേ അത് ജനങ്ങൾക്കും നാടിനും നേട്ടമാവുകയുള്ളൂ. വെറുതേ പുസ്തകത്തിൽ മാത്രം എഴുതിവച്ചതുകൊണ്ട് കാര്യങ്ങൾ നടക്കുകയില്ല. അത്തരം ഉദ്യോഗസ്ഥരെ നിലയ്ക്കുനിർത്താനും ഉദ്യോഗസ്ഥരുടെ സമീപനങ്ങളിൽ മാറ്റം വരുത്താനുമുള്ള സാഹചര്യം സൃഷ്ടിക്കാൻ സാധിക്കേണ്ടതുണ്ട്. കേരളത്തിലെ ഏറ്റവും വലിയ കൺവെൻഷൻ സെന്ററാണ് എന്റെ നിയോജകമണ്ഡലത്തിൽ വരാൻ പോകുന്നത്. അതിന് പഞ്ചായത്തിന്റെ അനുമതി ലഭിച്ചുവെങ്കിലും ഇപ്പോൾ അതിന് തടസ്സം സൃഷ്ടിച്ചിരിക്കുകയാണ്. കോടികൾ മുടക്കി കൺവെൻഷൻ സെന്ററുകൾ ആരംഭിക്കുമ്പോൾ നിസ്സാര കാര്യങ്ങൾ പറഞ്ഞുകൊണ്ട്, അല്ലെങ്കിൽ ചില ആളുകളുടെ പരാതികൊണ്ട് അതിനെ തടയുന്ന സാഹചര്യമുണ്ടായാൽ നാട്ടിൽ വികസനവും പുരോഗതിയുമുണ്ടാകില്ല, ജനങ്ങൾക്ക് അതുകൊണ്ട് ഒരു നേട്ടവുമുണ്ടാകില്ല എന്നാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്. നിർത്തലാക്കിയ കോഴിക്കോട് നിന്നുള്ള ഹജ്ജ് യാത്ര 7-ാം തീയതിയോടുകൂടി പുനരാരംഭിക്കുകയാണ്. ഈ സർക്കാരാണ് അതിന് ഏറ്റവും വലിയ പങ്ക് വഹിച്ചിട്ടുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർത്തലാക്കിയ ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കൊച്ചിക്ക് പുറമേ കോഴിക്കോടും ആരംഭിക്കുന്നു എന്നുള്ള വിവരം അറിയിക്കാൻ ഈ അവസരം ഞാൻ ഉപയോഗപ്പെടുത്തുകയാണ്. ന്യൂനപക്ഷ വിഭാഗങ്ങളിലെ വിധവകൾക്ക് സൗജന്യമായി വീടുകൾ നൽകുന്ന ഇമ്പിച്ചി ബാവ ഭവന പദ്ധതി 138 കോടി രൂപ ചെലവിൽ 3,038 വീടുകൾ നൽകിയിരിക്കുകയാണ്. ന്യൂനപക്ഷ കേന്ദ്രീകൃത സ്ഥലങ്ങളിൽ 13.5 കോടി രൂപ ചെലവിൽ 30,000 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന കുടിവെള്ള പദ്ധതികൾ ഈ സർക്കാർ

നടപ്പിലാക്കിയിരിക്കുകയാണ്. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട 40,000 കുട്ടികൾക്ക് സൗജന്യ വ്യക്തിത്വ കരിയർ ഗൈഡൻസ് ക്യാമ്പ് നടന്നുകൊണ്ടിരിക്കുകയാണ്. കോഴിക്കോട് ആസ്ഥാനമായി മദ്രസാ ക്ഷേമനിധി ബോർഡ് രൂപീകരിച്ചിരിക്കുകയാണ്. കോഴിക്കോട് രാമനാട്ടുകരയിൽ 40 കോടി രൂപ ചെലവിൽ മൈനോരിറ്റി സ്റ്റഡീസ് എന്ന സ്ഥാപനത്തിന്റെ രൂപരേഖയായി. വകുപ്പിന്റെ സ്വത്തുക്കൾ തിരിച്ചുപിടിക്കുന്നതിനായി വകുപ്പ് സർവ്വേ ആരംഭിച്ചിരിക്കുകയാണ്. സിവിൽ സർവ്വീസ് പ്രവേശനം തേടുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസായി 10,000 രൂപയും ഹോസ്റ്റൽ ഫീസായി 20,000 രൂപയും നൽകിക്കൊണ്ടിരിക്കുകയാണ്. ബിരുദ കോഴ്സുകൾ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പിന്റെ പ്രയോജനം 32,061 പേർക്ക് ലഭിച്ചു. ന്യൂനപക്ഷ വകുപ്പ് കേസുകൾക്ക് മാത്രമായി കോഴിക്കോട് ആസ്ഥാനമായി പ്രത്യേക ട്രിബ്യൂണൽ ആരംഭിച്ചിരിക്കുകയാണ്. ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി പുതിയ ഏഴ് പി.എസ്.സി. കോച്ചിംഗ് സെന്ററുകളും ന്യൂനപക്ഷ യുവാക്കൾക്കായി 14 പുതിയ പരിശീലന കേന്ദ്രങ്ങളും ആരംഭിച്ചതുൾപ്പെടെ ഒട്ടനവധി കാര്യങ്ങളാണ് ന്യൂനപക്ഷ വകുപ്പിൽ നടന്നുകൊണ്ടിരിക്കുന്നത്. വിമാന ടിക്കറ്റിന്റെ ചാർജ്ജ് വർദ്ധന പ്രവാസികളെ സംബന്ധിച്ചിടത്തോളം വലിയ പ്രയാസങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്.

പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് ഒട്ടനവധി ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പക്ഷെ അത് പൂർണ്ണമാകണമെങ്കിൽ ഓരോ കോളനിക്കും പ്രത്യേക പാക്കേജുകൾ നൽകിയാൽ മാത്രമേ സാധ്യമാകുകയുള്ളൂ. അത്തരത്തിലുള്ള പ്രത്യേക പാക്കേജുകൾ നടപ്പിലാക്കി മുന്നോട്ട് പോയാൽ ഇപ്പോൾ ഗവൺമെന്റ് നടപ്പിലാക്കുന്ന ഒട്ടനവധി പദ്ധതികൾക്ക് വലിയ സഹായകരമാകുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

കേരളത്തെ തൊഴിലാളി-നിക്ഷേപ സൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പുതിയ തൊഴിൽ നയം തൊഴിൽ വകുപ്പ് രൂപീകരിച്ചിരിക്കുകയാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ മിനിമം വേതനമുള്ള സംസ്ഥാനമാണ് കേരളം. 80 മേഖലകളെ മിനിമം വേതനത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. അങ്ങനെ ഏത് മേഖല പരിശോധിച്ചാലും ഒന്നിനൊന്ന് മെച്ചമായിട്ടുള്ള സംവിധാനമാണ് ഈ സർക്കാരിന്റെ കാലത്തുള്ളത്. ജനങ്ങൾ അത് വളരെയധികം ഉൾക്കൊണ്ടിരിക്കുകയാണ്. പ്രതിപക്ഷ നിര ഈ സർക്കാരിനെ അടിച്ചമർത്താൻ എത്ര ശ്രമിച്ചാലും ഈ സർക്കാർ നടത്തിയിട്ടുള്ള ക്ഷേമ പ്രവർത്തനങ്ങളും വികസനങ്ങളും ജനങ്ങൾ തിരിച്ചറിയും. ലോക്സഭാ

തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ന് കിട്ടിയിട്ടുള്ള വിജയംകണ്ട് ഒരിക്കലും അവർ അഹങ്കരിക്കേണ്ടതില്ല. അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ ഈ പ്രാവശ്യം ലഭിച്ചതിനെക്കാൾ മഹാഭൂരിപക്ഷത്തോടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വരുമെന്നത് സംശയമില്ലാത്ത കാര്യമാണ്. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ ദിവസങ്ങളിൽ യു.ഡി.എഫ്.-കാരുടെ ചില സംസാരങ്ങൾ കേട്ടപ്പോൾ മഹാനായ തിരുവള്ളുവരുടെ ഒരു വചനമാണ് എനിക്ക് ഓർമ്മ വന്നത്. നല്ല വാക്ക് പറയാൻ സാധിക്കുമ്പോൾ അത് ചെയ്യാതെ അസ്വീകാര്യമായ വർത്തമാനം പറയുന്നത് മധുരപ്പഴം നിൽക്കെ പച്ചപ്പഴം ഭക്ഷിക്കുന്നതുപോലെയാണ് എന്നാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹത്തിന്റെ ദീർഘ വീക്ഷണമാണ് എന്നെ അത്ഭുതപ്പെടുത്തുന്നത്. യു.ഡി.എഫ്. എന്ന ആഭാസ പ്രതിഭാസം കേരളത്തിൽ ഉത്ഭവിക്കുമെന്ന് എത്രമാത്രം ദീർഘവീക്ഷണത്തോടുകൂടിയാണ് അദ്ദേഹം കണ്ടത്. അല്ലെങ്കിൽ നാട്ടിൽ നാല് നല്ല കാര്യങ്ങൾ ചെയ്യാൻ നാട്ടുകാരുടെ പണം സർക്കാർ അഭ്യർത്ഥിക്കുമ്പോൾ അവിടെയും ഉടക്ക് വയ്ക്കുന്നവർ ഭരണകൂടത്തിന്റെ ഭാഗമായി ജനപ്രതിനിധികളായി വന്നിരിക്കുകയാണ്. സർക്കാരിന്റെ പണമെടുത്ത് ഏതെങ്കിലും നല്ല കാര്യം ചെയ്യാൻ തീരുമാനിച്ചാൽ, അതാണല്ലോ ഈ ബഡ്ജറ്റും ധനാഭ്യർത്ഥനയും, അതിനും ഉടക്കാണ്. എന്താണ് ഇവരുടെ കുത്തിത്തിരിപ്പിന് കാരണം? എന്ത് കുറ്റമാണ് ഈ ഗവൺമെന്റ് ചെയ്തത്. തൊഴിൽ വകുപ്പിന്റെ നയമുണ്ട്. വിയർക്കുന്നവന്റെ കൂടെ നിൽക്കുന്നതാണ് തൊഴിൽ നയം. അതുകൊണ്ടാണല്ലോ ലോകത്തിൽ ഏറ്റവും ഉയർന്ന മിനിമം കൂലിയായ 600 രൂപ ഈ സംസ്ഥാനത്ത് ലഭ്യമാകുന്നത്. അത് ഏതെങ്കിലും ഒരു സംസ്ഥാനത്തുണ്ടോ? കോൺഗ്രസ് ഒരുപാട് കാലം ഈ നാട് ഭരിച്ചതാണല്ലോ, നിരവധി നാടുകൾ ഭരിച്ചതാണ്. എവിടെയാണ് മിനിമം കൂലിയുള്ളത്. ഇവർ ഭരിച്ചുമുടിച്ചു എന്നതുകൊണ്ടാണ് അന്യ നാടുകളിൽ നിന്നൊക്കെ ആളുകൾ ഇങ്ങോട്ട് വന്നുകൊണ്ടിരിക്കുന്നത്. അങ്ങനെ ഇതര സംസ്ഥാനത്ത് നിന്നുവരുന്ന തൊഴിലാളികളെ ആദരവോടുകൂടി, അതിഥികളെപ്പോലെ സ്വീകരിക്കുന്ന ഒരു സംസ്കാരമാണ് കേരളത്തിലുള്ളത്. അങ്ങനെയൊരു സംസ്കാരം കേരളത്തിലുണ്ടാക്കിയത് ഇടതുപക്ഷമാണ്. കാരണം, ഇടതുപക്ഷത്തിന്റെ സംസ്കാരം അതിഥികൾ വീട്ടിൽ വന്നാൽ സിറ്റൗട്ടിൽ ഇരുത്തി പച്ചവെള്ളം കൊടുക്കാതെ പറഞ്ഞുവിടുന്നതല്ല. അതിഥികളെ അഭിമാനപൂർവ്വം സ്വീകരിക്കുന്നതാണ്. അതുകൊണ്ടാണ് തൊഴിൽ വകുപ്പ് അപ്നാ ഘർ പദ്ധതി

നടപ്പിലാക്കിയത്. കാണാത്തവർ കഞ്ചിക്കോട് വന്നാൽ അപ്നാ ഘറിലെ അതിഥികളെ കാണാം. ബംഗാളിൽ നിന്നുമാത്രമല്ല നിങ്ങൾ ഭരിച്ച എല്ലാ സംസ്ഥാനത്ത് നിന്നുമുണ്ട്. ഇവർ ഭരിച്ചുമുടിച്ചതുകൊണ്ട് പണി നഷ്ടപ്പെട്ട് വരുന്നവരെ മനസ്സിലാക്കാം. പക്ഷെ, ഇപ്പോഴത്തെ പുതിയ പ്രവണത പണി പോവാൻ സാധ്യതയുണ്ടെന്ന് മനസ്സിലാക്കി ചില മാന്യന്മാരും ഉത്തർപ്രദേശിൽ നിന്ന് ഇങ്ങോട്ട് വരികയാണ്. അങ്ങനെ ഒരാൾ വയനാട് ചുരം കയറി വന്നപ്പോൾ അപ്പോഴും അതിഥി ദേവോ ഭവ: എന്ന് മലയാളി പറഞ്ഞു. അതുകൊണ്ട് രക്ഷപ്പെട്ടു. അതാണ് ഈ നാടിന്റെ സംസ്കാരം. ഇന്ത്യൻ സ്ത്രീകളുടെ ഇന്നത്തെ ചിന്താ വിഷയം ഇനിയൊരു ജന്മമുണ്ടെങ്കിൽ ശ്രീ. പിണറായി വിജയൻ ഭരിക്കുന്ന ഈ കേരളത്തിൽ ജനിക്കണമെന്നതാണ്. തൊഴിൽ ചെയ്യുന്ന സ്ഥലത്താണെങ്കിലും തൊഴുന്ന സ്ഥലത്താണെങ്കിലും ഇന്ത്യൻ സ്ത്രീയുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന ഒരു നാട് ഈ കേരളം മാത്രമാണ്. അതുകൊണ്ടാണ് അവർ അങ്ങനെ ആലോചിക്കുന്നത്. ഇത്തിരിനേരം ഇരിക്കാൻപോലും ഇരിപ്പിടം കിട്ടാതിരുന്ന ഈ നാട്ടിലെ തൊഴിൽ മേഖലയിലെ സ്ത്രീകൾക്ക് ഇരിപ്പിടം ഒരുക്കിക്കൊടുത്ത ഇടതുപക്ഷ സർക്കാരിന്റെ തൊഴിൽ നയത്തെ നിങ്ങൾ എന്തിനാണ് ശപിക്കുന്നത്? ഈ സർക്കാരിന്റെ മദ്യനയം സർക്കാരിന് മറ്റൊരു എ പ്ലസ് കൂടി നേടിക്കൊടുത്ത ഒന്നാണ്. മദ്യാസക്തിക്കെതിരെ ഈ ഗവൺമെന്റ് ശാസ്ത്രീയമായ സമീപനമാണ് സ്വീകരിച്ചത്. വിമുക്തി പദ്ധതിയിലൂടെ കേരളം മയക്കുമരുന്നിൽനിന്ന് വിമുക്തി നേടിക്കൊണ്ടിരിക്കുകയാണ്. 14 ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചു; മൂന്ന് മേഖലാ കൗൺസിലിംഗ് സെന്ററുകൾ ആരംഭിച്ചു; ഇതാണ് ഈ സർക്കാരിന്റെ നയങ്ങൾ. യു.ഡി.എഫ്.-ന്റെ കാലത്ത് മദ്യനയം എന്നുപറഞ്ഞാൽ വോട്ടെണ്ണൽ മെഷീനുമായി ഒരു സംസ്ഥാന ജാഥയാണ്. അതിന്റെ മുദ്രാവാക്യം, ഇപ്പോൾ പൊട്ടും, ഇപ്പോൾ പൊട്ടും, എന്നാണ്. സ്വീകരണം എവിടെയാണ്? ബാറുകളുടെ മുന്നിലാണ്. പണപ്പിരിവാണ് ഏർപ്പാട്. അങ്ങനെ പിരിച്ച പണം പങ്കിടുന്ന സമയം വന്നപ്പോൾ വലിയ തർക്കമായി, സംഘർഷമായി, ആ ഏടാകൂടത്തിൽപ്പെട്ട് ബാറുകളെല്ലാം അടച്ചുപൂട്ടി. പിന്നെ മയക്കുമരുന്നിന്റെ പറുദീസയായി ഈ കേരളം മാറി. മയക്കുമരുന്ന് കേന്ദ്രത്തിൽനിന്നും മോചിപ്പിക്കാനുള്ള പരിശ്രമമല്ലേ എക്സൈസ് വകുപ്പ് ഇപ്പോൾ നടത്തുന്നത്. മൂന്നുവർഷം കൊണ്ട് മയക്കുമരുന്ന് മാഫിയയ്ക്ക് മൂക്കുകയറിട്ടു. എണ്ണൂറ് കോടിയിലധികം രൂപ വില വരുന്ന ലഹരി വസ്തുക്കൾ കഴിഞ്ഞവർഷം മാത്രം പിടിച്ചെടുത്തു. അത് ഈ സർക്കാരിന്റെ നേട്ടമല്ലേ. മറ്റൊരു മഹത്തായ നേട്ടം നടപ്പാക്കിയ വകുപ്പാണ് എസ്.സി. വകുപ്പ്. എത്രയെത്ര കാര്യങ്ങൾ ഇവിടെ അംഗങ്ങൾ സൂചിപ്പിച്ചു. പതിനായിരക്കണക്കിന് വീടുകൾ കൊടുത്ത കണക്ക് ഇവിടെ പറഞ്ഞു, അവയെല്ലാം ആദ്യത്തെ രണ്ടുവർഷം നൽകിയ കണക്കുകളാണ്.

അതിനുപുറമെ എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് ആയിരക്കണക്കിന് ഏക്കർ ഭൂമിയാണ് വിതരണം ചെയ്തത്. നിക്ഷിപ്ത വനഭൂമി വിതരണ പദ്ധതിപ്രകാരം പാലക്കാട് ജില്ലയിൽ മാത്രം 517 പേർക്ക് 483 ഏക്കർ കൊടുത്ത മന്ത്രിയാണ് ഇവിടെ ഇരിക്കുന്നത്. ആ മന്ത്രിയോട് ഞാൻ ഒരു അഭ്യർത്ഥന വയ്ക്കുകയാണ്. ആലത്തോട് താലൂക്കിലെ മംഗൽഡാം വില്ലേജിൽ മൂർത്തിക്കുന്നിൽ താമസിക്കുന്ന അന്തേവാസികളായ ആദിവാസികൾക്ക് അടിയന്തരമായി ഭൂമി ലഭ്യമാക്കാൻ ഈ മന്ത്രിസഭയ്ക്ക് കഴിയുമെന്ന് ഞാൻ വിശ്വസിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മൂന്നാം വർഷത്തിൽ എല്ലാവർക്കും വീട് കൊടുക്കുന്ന പദ്ധതി ആരംഭിച്ചപ്പോൾ പ്രത്യേകമായി വകുപ്പിന് പണം കൊടുക്കേണ്ട കാര്യമില്ലല്ലോ. എല്ലാവർക്കും വീട് കൊടുക്കുകയാണ്. ഓലപ്പുരപോലും സ്വന്തമായില്ലാതിരുന്ന മലയപ്പുലയന്മാരുടെ പിന്മുറക്കാർക്ക് വാഴ നടാൻ ഇത്തിരി മണ്ണും അന്തിയുറങ്ങാൻ വീടും അന്തസ്സോടെ ജീവിക്കാൻ ജോലിയും കൊടുക്കുന്ന ചേതോവികാരമാണ് ഇടതുപക്ഷത്തെ നയിക്കുന്നത്. അതാണ് നിങ്ങൾ കണ്ടുകൊണ്ടിരിക്കുന്നത്. ഇവിടെ ശ്രീ. മോൻസ് ജോസഫ് പ്രസംഗിക്കുമ്പോൾ വീടിന് പണം കൊടുക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. സണ്ണി ജോസഫിന്റെ ഒരു തർക്കം നടന്നു. ആറ് ലക്ഷം രൂപ കൊടുക്കാൻ പറഞ്ഞുകൂടേയെന്നതാണ് വിഷയം. വീട് പണിയുന്നതിന് നാല് ലക്ഷം രൂപ നൽകുന്ന മറ്റൊരു സംസ്ഥാനം ഈ രാജ്യത്ത് മറ്റൊരിടത്ത് നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാൻ സാധിക്കുമോ? പട്ടികജാതി വിഭാഗത്തിന് ആറ് ലക്ഷം രൂപ കൊടുക്കുന്ന ഏതെങ്കിലുമൊരു നാട് നിങ്ങൾക്ക് ഈ രാജ്യത്ത് ചൂണ്ടിക്കാണിക്കാൻ സാധിക്കുമോ? ഞങ്ങളാണ് അത് കൊടുക്കുന്നത്. നിങ്ങൾ കേന്ദ്രം ഭരിച്ചവരാണ്, ഇപ്പോൾ ഭരിക്കുന്നത് ബി.ജെ.പി.-യാണ്. കേന്ദ്ര ഗവൺമെന്റ് വീട് പണിയാൻ കൊടുക്കുന്ന പണം എത്രയാണ്? പ്രധാനമന്ത്രി ഗ്രാമീൺ ആവാസ് യോജനയിലൂടെ നൽകുന്നത് 72,000 രൂപയാണ്. നിങ്ങൾ ഭരിക്കുമ്പോൾ അതിന്റെ പേര് IAY (ഇന്ദിരാ ആവാസ് യോജന) എന്നായിരുന്നു. എത്ര രൂപയായിരുന്നു അന്നത്തെ കേന്ദ്ര വിഹിതം? 42,000 രൂപ, കോഴിക്കൂട് പണിയാൻ തികയുമോ? എന്നിട്ടാണ് കേന്ദ്ര ഗവൺമെന്റിന്റെ പരസ്യം, വീടിനോട് ചേർന്ന് ശൗചാലയമില്ലെങ്കിൽ കെട്ടിയവന്റെ വീട്ടിൽനിന്ന് ഇറങ്ങിവന്നോളാൻ ആഹ്വാനം. ആ നാണംകെട്ട പരസ്യം നമ്മൾ കാണേണ്ടിവരികയാണ്. അത്തരത്തിലുള്ള ആശയം നടപ്പാക്കിയവരാണ് കേന്ദ്രം ഭരിച്ചവരും ഭരിക്കുന്നവരും. ഇന്ന് കാലം മാറി, വീട് മാത്രമല്ല, വീടിനോട് ചേർന്ന് പഠനമുറികൾ നൽകുന്ന സർക്കാരായി ഇത് മാറുകയാണ്. 10,000 പഠനമുറികൾ എസ്.സി. വിഭാഗത്തിന് കൊടുത്തു.

100 സാമൂഹ്യ പഠനകേന്ദ്രങ്ങൾ എസ്.ടി. വിഭാഗത്തിനായി നടപ്പാക്കി. വിദ്യാഭ്യാസ രംഗത്തെ മറ്റുകാര്യങ്ങളൊന്നും നോക്കണ്ട, ഒറ്റക്കാര്യം ശ്രദ്ധിച്ചാൽ പോരെ, പാലക്കാട് മെഡിക്കൽ കോളേജ്. കരുണാ മെഡിക്കൽ കോളേജിന്റെയും അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിന്റെയും അനുഭവം നമ്മൾ എത്രകാലം ചർച്ച നടത്തിയതാണ്. പാലക്കാട് മെഡിക്കൽ കോളേജിന്റെ സ്ഥിതി ഇപ്പോൾ എന്താണ്? എസ്.സി. വകുപ്പിന്റെ നേതൃത്വത്തിൽ അത്ഭുതകരമായ അതിജീവന പ്രവർത്തനം നടത്തിക്കൊണ്ട് ആ മെഡിക്കൽ കോളേജിനെ പുനരുജ്ജീവിപ്പിച്ചു. അതിന് നേതൃത്വം കൊടുത്ത മന്ത്രിയാണ് ശ്രീ. എ. കെ. ബാലൻ. അദ്ദേഹത്തിന് മാന്യൻ എന്ന സർട്ടിഫിക്കറ്റ് കൊടുക്കാൻ, ജെന്റിൽമാൻ എന്ന സർട്ടിഫിക്കറ്റ് ശ്രീ. വി. പി. സജീന്ദ്രന്റെ കയ്യിൽനിന്ന് വാങ്ങാൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ലെന്നുകൂടി ഇപ്പോൾ ഓർമ്മപ്പെടുത്തുകയാണ്. കേരളത്തിലെ പാവപ്പെട്ടവരുടെ ജീവചരിത്രം, അതിജീവന ചരിത്രം പഠിച്ചാണ് ഇടതുപക്ഷം അധികാരത്തിലേയ്ക്ക് കയറിവന്നതെന്ന് നിങ്ങൾ മനസ്സിലാക്കണം. ദളിതനും പിന്നോക്കക്കാരനും അക്ഷരമുച്ചരിച്ചാൽ നാവ് പിഴുതെടുത്തിരുന്ന, പ്രാണൻ പോയിരുന്ന, മന്ത്രമുരുവിടുന്നത് കേട്ടാൽ അവന്റെ ചെവിയിൽ ഈയം ഉരുക്കിയൊഴിച്ചിരുന്ന പഴയ കേരളത്തെ മുന്നോട്ടുനയിച്ചത് ഇടതുപക്ഷമാണ്. ആ ഇടതുപക്ഷമാണ് ഇന്ന് കേരളം ഭരിക്കുന്നതെന്ന് നിങ്ങൾ ഓർക്കണം. അങ്ങനെ മക്കളെ പഠിപ്പിച്ചുവെന്നു മാത്രമല്ല പഠിച്ചവർക്ക് പണി കൊടുക്കുന്നതും ഇടതുപക്ഷത്തിന്റെ നയമാണ്. എക്സൈസ്, പോലീസ് വകുപ്പുകളിൽ സ്പെഷ്യൽ ഡ്രൈവ് നടത്തിയാണ് നൂറ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ കൊടുത്തത്. ആ കൂട്ടത്തിൽ കേരളത്തിന്റെ എല്ലാ കാലത്തെയും നൊമ്പരമായി അവശേഷിക്കുന്ന മധുവിന്റെ പ്രിയപ്പെട്ട സഹോദരിയുടെ പേരുമുണ്ടെന്ന് ഓർക്കണം. അത് ഈ ഗവൺമെന്റ് ഭരിക്കുന്നതുകൊണ്ട് മാത്രം സംഭവിച്ചതാണ്. മക്കളോട് മാത്രമല്ല അവരുടെ രക്ഷിതാക്കളെയും സംരക്ഷിക്കുന്ന നിലപാട് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. 250 എസ്.സി. സങ്കേതങ്ങൾ അംബേദ്കർ ഗ്രാമങ്ങളായി സമഗ്ര വികസനത്തിന്റെ പാതയിലെത്തിച്ചു. ഇനിയും ഒരുപാട് ചെയ്യാനുണ്ട്; അതെല്ലാം ചെയ്യുമെന്ന് പ്രഖ്യാപിക്കുന്ന ഗവൺമെന്റാണ് ഇവിടെ ഭരിക്കുന്നത്. മറ്റൊന്ന് മറുനാടൻ മലയാളികളെ കൈകാര്യം ചെയ്യുന്ന വകുപ്പാണ്. മറ്റുള്ളവർക്കുവേണ്ടി സ്വയം എരിഞ്ഞടങ്ങുന്ന മെഴുകുതിരിക്ക് സമാനമായ ജീവിതം നയിക്കുന്ന പ്രവാസി സമൂഹത്തിന് കരുതലോടെ കാവൽക്കാരായി ഞങ്ങളുണ്ടെന്ന് പ്രഖ്യാപിച്ച പിണറായി സർക്കാരാണ് കേരളം ഭരിക്കുന്നത്. അതുകൊണ്ടാണ് ധൈര്യമായി തിരികെ വന്നോളൂവെന്ന് കേരളീയ സമൂഹം പറയുന്നത്. നിരവധി ഉദാഹരണങ്ങളുണ്ട്. ഞാൻ അത് ഇവിടെ പറയുന്നില്ല. അത്തരത്തിൽ തിരികെ വന്നവർക്കും തിരിച്ചുപോകുന്നവർക്കും

മാത്രമല്ല സർവ്വർക്കും സവർക്കറുടെ കൊലയാളി സംഘത്തെ ഭയപ്പെടാതെ സധൈര്യം ജീവിക്കാനുള്ള അന്തരീക്ഷം ഉണ്ടാക്കിയത് സഖാവ് പിണറായി വിജയന്റെ സർക്കാരാണ്. അടിപതറാതെ നിലപാടുകളിൽ ഉറച്ചുനിന്ന് നാളത്തെ നന്മകളെ നാട്ടുകാർക്കുവേണ്ടി ഇക്കാലത്തുതന്നെ ഇന്നാട്ടിലെത്തിക്കാൻ പ്രവർത്തിക്കുന്ന ഇടതുപക്ഷ സർക്കാരിന്റെ എല്ലാ പ്രവർത്തനങ്ങളുടെയും സാക്ഷാത്കാരത്തിനു വേണ്ടി ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. സി. മമ്മൂട്ടി:</u> സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. ഇന്നിവിടെ ചർച്ച ചെയ്യുന്ന വിഷയങ്ങളുടെ ഭാഗമായിത്തന്നെ വളരെ ഗൗരവത്തോടുകൂടി ചില കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുകയാണ് . മലയാള ഭാഷയുടെ പിതാവ് എന്നറിയപ്പെടുന്ന തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ നാമധേയത്തിൽ ഒരു സർവ്വകലാശാല സ്ഥാപിക്കുക എന്നത് നമ്മുടെയെല്ലാം ആഗ്രഹമായിരുന്നു. ആ ആഗ്രഹം പൂർണ്ണമായും നിറവേറ്റിക്കൊണ്ട് അദ്ദേഹത്തിന്റെ ജന്മംകൊണ്ട് അനുഗ്രഹീതമായ തിരൂരിൽത്തന്നെ സ്ഥാപിക്കുമെന്ന് കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിക്കുകയും കൃത്യസമയത്ത്, നവംബർ 1-ന് അതിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. നന്നായി മുന്നോട്ടുപോകുന്ന ആ സ്ഥാപനത്തിന്റെ സ്പെഷ്യൽ ഓഫീസറായും പിന്നീട് വൈസ് ചാൻസലറായും ശ്രീ. കെ. ജയകുമാർ ചുമതലയേൽക്കുകയും ആ യൂണിവേഴ്സിറ്റി മറ്റെല്ലാവർക്കും മാതൃയാകുന്ന രീതിയിൽ കുറഞ്ഞ കാലംകൊണ്ട് എല്ലാ കാര്യങ്ങളും കൃത്യമായി നടത്തി ജനങ്ങളുടെയും നാടിന്റെയുമെല്ലാം അംഗീകാരം വാങ്ങിയെടുക്കാനും സാധിച്ചു. മറ്റുള്ളവർക്ക് മാതൃകയായ ഒരു യൂണിവേഴ്സിറ്റിയായി അത് മാറി. അതിന് സ്വന്തമായി ഒരു കെട്ടിടം വാടകയ്ക്കെടുക്കുന്നത് സംബന്ധിച്ച് ആലോചിച്ചപ്പോൾ പ്രീ-ഫ്രാബ്രിക്കേറ്റഡായ ഒരു കെട്ടിടമുണ്ടായാൽ മതിയെന്ന് തീരുമാനിക്കുകയും നൂറ് ദിവസംകൊണ്ട് യൂണിവേഴ്സിറ്റിക്കാവശ്യമായ കെട്ടിടമുണ്ടാക്കുകയും ചെയ്തു. സ്ഥലമെടുക്കാൻ തീരുമാനിച്ചപ്പോൾ വിയർപ്പിന്റെ ഗന്ധമുള്ള നാണയത്തുട്ടുകൾ സ്വരൂപിച്ച് കടലോരമക്കൾ വെട്ടത്ത് തുഞ്ചൻ മെമ്മോറിയൽ ഗവൺമെന്റ് കോളേജ് സ്ഥാപിക്കുന്നതിനുവേണ്ടി വാങ്ങിയ 25 ഏക്കർ ഭൂമിയിൽനിന്ന് അഞ്ചേക്കർ ഭൂമി ഒരു പ്രത്യേക ഉത്തരവിലൂടെ മലയാളം സർവ്വകലാശാലയ്ക്ക് നൽകി. അവിടെയാണ് പ്രീ-ഫ്രാബ്രിക്കേറ്റഡായ മനോഹരമായ ഒരു കെട്ടിടമുണ്ടാക്കിയത്. അതിലെ കോഴ്സുകളെല്ലാം പൂർണ്ണതയിലേയ്ക്ക് എത്തിയപ്പോഴാണ് ഇതിന് സ്ഥിരമായ ഒരു കെട്ടിടമുണ്ടാകാൻ നടപടി വേണമെന്നും ഉടൻതന്നെ അതുണ്ടാകുമെന്നും ഉദ്ഘാടനവേളയിൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പ്രഖ്യാപിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ 100 ഏക്കർ ഭൂമി ആതവനാട്

വില്ലേജിലുണ്ടെന്നറിഞ്ഞതിനെ തുടർന്ന് ഉത്തരവ് കൊടുത്തു. ആ ഉത്തരവനുസരിച്ച് അവിടെ പരിശോധന നടത്തി. പരിശോധന നടത്തിയപ്പോൾ ജനങ്ങളുടെ എതിർപ്പുണ്ടാകുകയും വിവാദഭൂമി ഏറ്റെടുത്ത് ഗവൺമെന്റിന് ഒരു സ്ഥാപനമുണ്ടാക്കുന്നതിന് താല്പര്യമില്ലെന്ന് പറയുകയും ആ സ്ഥലം ഒഴിവാക്കുകയും ചെയ്തു. പിന്നീട് മലയാളം സർവ്വകലാശാല വൈസ് ചാൻസലർ 30 ഏക്കർ ഭൂമി വെട്ടം പഞ്ചായത്തിൽ തന്നെയുണ്ടെന്ന് പറയുകയും അത് ഏറ്റെടുക്കാൻ ശ്രമിച്ചപ്പോൾ പരിസരവാസികളുടെ എതിർപ്പിനെത്തുടർന്ന് അതും ഉപേക്ഷിക്കുകയുണ്ടായി. മൂന്നാമതായി മറ്റൊരു പ്രൊപ്പോസൽ വൈസ് ചാൻസലർ തയ്യാറാക്കി ഗവൺമെന്റിലേയ്ക്ക് കൊടുക്കുകയും നടപടി സ്വീകരിക്കാൻ റവന്യൂ അധികാരികളെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇതുസംബന്ധിച്ച് ബന്ധപ്പെട്ടവരെ വിളിച്ച് ചർച്ച ചെയ്തതിനുശേഷം ഗവൺമെന്റിലേയ്ക്ക് റിപ്പോർട്ടയച്ചു. 16-6-2017-ൽ കളക്ടർ അയച്ച കത്തിന്റെ രേഖയാണ് എന്റെ കയ്യിലുള്ളത്. അതിൽ പറയുന്നത്, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാലയ്ക്കുവേണ്ടി മലപ്പുറം ജില്ലയിലെ തിരൂർ താലൂക്ക് ആതവനാട് വില്ലേജിൽനിന്നും റീസർവ്വേ 184 തുടങ്ങിയ സർവ്വേ നമ്പറുകളിൽ 100 ഏക്കറോളം ഭൂമിയെടുക്കുന്നതിന് ഒന്നാം സൂചന ഗവൺമെന്റ് ഉത്തരവുപ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും രണ്ടാം സൂചന ഗവൺമെന്റ് ഉത്തരവ് പ്രകാരം ഹൈലെവൽ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമായിട്ടുള്ളതുമാകുന്നു. എന്നാൽ മലയാളം സർവ്വകലാശാല നിർവ്വാഹക സമിതിയും പൊതുസഭയും ആതവനാട് വില്ലേജിൽ ഭൂമി ഏറ്റെടുക്കലുമായി മുന്നോട്ടുപോകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടെന്നും ആയതിനാൽ ആതവനാട് വില്ലേജിൽ നേരത്തെ ആരംഭിച്ച ഭൂമി ഏറ്റെടുക്കൽ നടപടി അവസാനിപ്പിക്കാൻ തിരൂർ താലൂക്കിലെ വെട്ടം വില്ലേജിലെ റീസർവ്വേ നമ്പർ 172, 173 എന്നിവയിൽപ്പെട്ട ഏകദേശം 30 ഏക്കർ ഭൂമി സർവ്വകലാശാല യോഗം ചേർന്ന് ആലോചിച്ച് കണ്ടെത്തിയിട്ടുണ്ടെന്നും പ്രസ്തുത ഭൂമി പൊന്നുംവിലയ്ക്കെടുക്കുന്ന നടപടി ആരംഭിക്കാനും മൂന്നാം സൂചന കത്തുപ്രകാരം മലയാളം സർവ്വകലാശാല വൈസ് ചാൻസലർ അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത ഭൂമിയിൽ തിരൂർ ലാന്റ് അക്വിസിഷൻ ഓഫീസർ പ്രാഥമിക പരിശോധന നടത്തുന്ന വേളയിൽ പരിസരവാസികളുടെ എതിർപ്പുകാരണം സർവ്വേ നടത്താൻ സാധിക്കാതെ വരികയും പ്രസ്തുത വിവരം മലയാളം സർവ്വകലാശാല വൈസ് ചാൻസലറെ അറിയിക്കുകയും ഭൂമി ഏറ്റെടുക്കേണ്ടതില്ലെന്ന് 6-6-2017-ലെ തീരുമാനപ്രകാരം തീരുമാനിക്കുകയും ചെയ്തു. അതാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. ഇപ്പോൾ വൈസ് ചാൻസലറുടെ 9-12-2014-ലെ 228/2014/വി.സി. നമ്പർ കത്തുപ്രകാരം വെട്ടം വില്ലേജിലെ 341/56311 തുടങ്ങിയ സർവ്വേ നമ്പരിൽ 17.21 ഏക്കർ ഭൂമി

ഏറ്റെടുക്കുന്നതിന് അർത്ഥനാപത്രം ലഭ്യമായിട്ടുള്ളതും ആയത് നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കാൻ അനുമതി നൽകി അഞ്ചാം സൂചനപ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതുമാകുന്നു . മലയാളം സർവ്വകലാശാലയ്ക്കുവേണ്ടി ആസ്ഥാനം നിർമ്മിക്കുന്നതിനായി വെട്ടം വില്ലേജിൽനിന്നും ഏറ്റെടുക്കുന്ന മേൽ സർവ്വേ നമ്പരുകളിൽ 17.21 ഏക്കർ ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് ആറാം സൂചനപ്രകാരം അനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്. ലാന്റ് അക്വിസിഷൻ ഓഫീസറുടെ BVR അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയുടെ വില നിശ്ചയിക്കുന്നതിനായി 17-2-2016-ൽ ജില്ലാതല വിലനിർണ്ണയസമിതി യോഗം ചേരുകയും ഭൂമി സെന്റൊന്നിന് 1.70 ലക്ഷം രൂപ വില വച്ച് SLEC അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് 23-6-2016-ലെ LA4/57943/12 നമ്പർ കത്ത് പ്രകാരം സമർപ്പിച്ചിരുന്നു. അതായത് ഇപ്പോൾ പറയുന്ന ഭൂമി ഈ പറയുന്ന ഉത്തരവ് കൊടുത്ത് ഭൂമി കണ്ടെത്തി അതിന്റെ നിജസ്ഥിതി പരിശോധിച്ച് നെഗോഷ്യേറ്റ് ചെയ്ത് വിവരം എന്താണെന്ന് അറിയിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഈ ഭൂമിയുടെ റിപ്പോർട്ട് കളക്ടർ രേഖപ്രകാരം അറിയിക്കുന്നത് 23-6-2016-ലാണ്. അങ്ങനെ ജില്ലാതല വിലനിർണ്ണയ കമ്മിറ്റി നിശ്ചയിച്ചപ്രകാരം അയച്ചിരുന്നു. ഈ സമയത്താണ് പൊതുസമൂഹം ഈ വിവരം അറിയുന്നത്. മാർച്ച് 1-ന് തെരഞ്ഞെടുപ്പ് ചട്ടം നിലവിൽ വന്നു. അതിനുശേഷം ഈ റിപ്പോർട്ട് സമർപ്പിക്കുന്നത് ജൂൺ മാസം23-ാം തീയതിയാണ്. ഇങ്ങനെ സമർപ്പിച്ചതിന് പുറമേ ഇവിടെ വില കൂടുതലാണ്, ഇത് പരിശോധിക്കണം, ക്രമക്കേട് നടന്നിട്ടുണ്ടെന്ന് പറഞ്ഞ് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവർകൾക്കും റവന്യൂ വകുപ്പുമന്ത്രിക്കും വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കും റവന്യൂ, ധനകാര്യ സെക്രട്ടറിമാർ ഉൾപ്പെടെയുള്ളവർക്ക് ഞാൻ പരാതി നൽകി. രണ്ട് മാസങ്ങൾക്കുശേഷം ബഹു. പ്രതിപക്ഷ നേതാവും ഇക്കാര്യത്തെ സംബന്ധിച്ച് അന്വേഷിക്കണമെന്ന് മുഖ്യമന്ത്രിക്ക് കത്തുകൊടുത്തു. അതിനുശേഷം ഈ ഭൂമിയുടെ നടപടിക്രമം എന്താണെന്ന് ഞങ്ങൾ കാത്തിരിക്കുകയാണ്. അതിനിടയ്ക്ക് ഒരുപാട് ആളുകൾ ഭൂമിയ്ക്ക് അപേക്ഷ കൊടുക്കുക, പരിശോധിക്കുക അങ്ങനെയുള്ള പ്രക്രിയകളൊക്കെ നടക്കുന്നുണ്ട് . ഈ സമർപ്പണം കഴിഞ്ഞ് വില നോക്കിയപ്പോൾ 1.70 ലക്ഷം രൂപയെന്ന് ശിപാർശ ചെയ്തത് പരാതി കിട്ടിയതിനുശേഷം ഇവയുടെ വിശദമായ റിപ്പോർട്ടിനുവേണ്ടി കൊടുത്തു. അങ്ങനെ ഈ ഭൂമിയുടെ വില 1.60 ലക്ഷം രൂപയായി കുറച്ചുവെന്ന് പറഞ്ഞ് രണ്ടാമത് യോഗം ചേർന്നു. ഇതിൽ ഇവർ പറയുന്ന കാര്യം, ഭൂമി സെന്റൊന്നിന് വില സമർപ്പിക്കുകയും അതിനെക്കാൾ കുറഞ്ഞ വിലയ്ക്ക് ഭൂമി വിട്ടുനൽകാൻ

തയ്യാറാണെന്ന് തിരൂരിലെ ബെഞ്ച്മാർക്ക് എഡ്യൂക്കേഷണൽ ട്രസ്റ്റ്, സർക്കാരിലേയ്ക്ക് അപേക്ഷ നൽകുകയും 25-7-2016-ന് ഗവൺമെന്റ് കത്ത് പ്രകാരം റിപ്പോർട്ടിനായി കളക്ടർക്ക് അയച്ചുകൊടുക്കുകയും ചെയ്തു. ഇതുപ്രകാരം അതിനെപ്പറ്റിയുള്ള ചർച്ച നടക്കുകയും എസ്.എൽ.ഇ.സി. മുമ്പാകെ പ്രൊപ്പോസൽ പ്രകാരമുള്ള ഭൂമി അനുയോജ്യമാണെന്ന് 02.06.2016-ലെ 228/2014/വി.സി. നമ്പർ കത്ത് പ്രകാരം സർവ്വകലാശാല വി.സി. അറിയിച്ചിരുന്നു. പ്രസ്തുത വിവരം 20-4-2017-ന് എൽ.എ. കത്ത് പ്രകാരം സർക്കാരിലേയ്ക്ക് റവന്യൂ വകുപ്പ് അയച്ചിരുന്നു. ഈ ഭൂമി സംബന്ധിച്ച് പറയുന്ന റിപ്പോർട്ടിൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യം, മലയാളം സർവ്വകലാശാല അനുയോജ്യമാണെന്ന് കണ്ടെത്തിയ തിരൂർ താലൂക്കിലെ വെട്ടം വില്ലേജിലെ വിവിധ സർവ്വേകളിൽപ്പെട്ട 17.21 ഏക്കർ ഭൂമിയുടെ വില സംബന്ധിച്ച് റീ-നെഗോഷ്യേറ്റ് ചെയ്തപ്പോൾ നിശ്ചയിച്ച വിലയിൽനിന്ന് പരമാവധി എത്ര കുറയ്ക്കാനാകുമെന്ന വിവരം അറിയിക്കാൻ സൂചന പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. ആയതിൻപ്രകാരം 30-5-2017-ൽ ജില്ലാതല വിലനിർണ്ണയ സമിതി യോഗം ചേരുകയും സെന്റൊന്നിന് 1.70 ലക്ഷം രൂപയിൽനിന്ന് വില കുറച്ച് 1.60 ലക്ഷം രൂപ പ്രകാരം ഭൂവുടമ സമ്മതപത്രം ഒപ്പിട്ടുവയ്ക്കുകയും ചെയ്തു. ഇനിയുള്ളതാണ് പ്രധാനപ്പെട്ട പോയിന്റ്. ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമി ജില്ലാഭരണകൂടം കണ്ടെത്തിയ ഭൂമിയല്ല. അർത്ഥനാധികാരിയായ മലയാളം സർവ്വകലാശാല വി.സി. സമർപ്പിച്ച അഭ്യർത്ഥനയുടെ അടിസ്ഥാനത്തിലാണ്. പ്രതിപക്ഷം കണ്ടെത്തിയ ഭൂമിയാണെന്ന് നേരത്തേ സഭയിൽ മന്ത്രി പരാമർശം നടത്തിയതുകൊണ്ട് പറയുകയാണ്. ഇതിനുശേഷം 30-5-2017-ന് രണ്ടാമത് നെഗോഷ്യേറ്റ് ചെയ്യുകൊണ്ട് ഒരു യോഗം ചേരുകയാണ്. അത് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ യോഗത്തിൽ ശ്രീ . ഹബീബ് റഹ്മാൻ, ശ്രീ. അബ്ദുൾ ജലീൽ, ശ്രീ. ജംഷീദ് റഫീഖ് , ശ്രീ . മുഹമ്മദ് കാസിം, ശ്രീ. യാസർ കെ.കെ.പി., ശ്രീ. അബ്ദുൾ സലാം, ശ്രീ. ഇൻജാസ് , ശ്രീ . അബ്ദുൾ ഖഫൂർ, ശ്രീ. നിയാസ് എന്നിങ്ങനെയുള്ള ആളുകൾ സന്നിഹിതരായ യോഗത്തിൽ വച്ച് ചർച്ച ചെയ്യുകയും ഇതിന്റെ അടിസ്ഥാനത്തിൽ 1.60 ലക്ഷം രൂപ എന്ന് തീരുമാനിക്കുകയും ചെയ്തു. ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമിയുടെ വില സംബന്ധിച്ച് നെഗോഷ്യേറ്റ് ചെയ്ത് ഇപ്പോൾ നിശ്ചയിച്ച വിലയിൽനിന്ന് പരമാവധി കുറയ്ക്കാനാകുമോയെന്നും നല്ല കാര്യത്തിനുവേണ്ടിയുള്ളതായതിനാൽ വില കുറച്ച് നൽകണമെന്നും അദ്ധ്യക്ഷൻ ഭൂവുടമകളോട് ആവശ്യപ്പെട്ടെങ്കിലും അവർ തയ്യാറായില്ല. കളക്ടറുടെ റിപ്പോർട്ടിൽ പറയുന്നത്, സ്ഥല പരിശോധനയിൽ വെള്ളക്കെട്ടുള്ള പ്രദേശമാണെന്ന് ഫിനാൻസ് ഓഫീസറും ഡെപ്യൂട്ടി കളക്ടറും അഭിപ്രായപ്പെട്ടിട്ടുണ്ടെന്നാണ്. ഭൂമിയെ സംബന്ധിച്ച് വില നിശ്ചയിച്ചുകൊണ്ട്

റവന്യൂ ഡിപ്പാർട്ട്മെന്റ് 9-11-2018-ന് ജില്ലാ കളക്ടർക്ക് അയച്ച കത്താണിത്. 'The Distirct Collector, as per letter read as 4th paper above has submitted the proposal of District Level Fair compensation, rehabilitation and resettlement Committee (DLFC) with regard to acquisition of an extent of 5.7638 Hectares of land comprised in Vettam village in Tirur Taluk of Malappuram District for Malayalam University as detailed below:' ഇതിൽ പറയുന്നത്, 1.42 ഹെക്ടർ ഭൂമി തെങ്ങിൻ തോപ്പാണെന്നാണ്. 3 ഏക്കർ പാഡി ലാന്റ് എന്നുപറഞ്ഞ് 5.7 ഹെക്ടറിന്റെ കണക്ക് ഗവൺമെന്റിലേയ്ക്ക് അയച്ചപ്പോൾ റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ സ്റ്റേറ്റ് ലെവൽ കമ്മിറ്റി 1.42 ഹെക്ടർ ഭൂമി മാത്രമാണ് കോക്കനട്ട് ലാന്റുള്ളതെന്നും ബാക്കി 3 ഹെക്ടർ ഭൂമി പാഡി ലാന്റാണെന്നുമാണ് പറഞ്ഞത്. 1.45 ഹെക്ടർ ഭൂമിയാണ് കെട്ടിടം നിർമ്മിക്കാൻ സാധിക്കുന്നത്. 17 കോടി രൂപ കൊടുത്താൽ കിട്ടുന്നത് ഒന്നര ഹെക്ടർ ലാന്റാണെങ്കിൽ, ഇപ്പോൾ മലയാളം സർവ്വകലാശാലയ്ക്ക് സൗജന്യമായി ലഭിച്ച അഞ്ചര ഏക്കർ ഭൂമിയിൽ നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഒന്നര ഹെക്ടർ ഭൂമി എന്നുപറഞ്ഞാൽ നാല് ഏക്കറിൽ താഴെ മാത്രമേയുള്ളൂ. നാലേക്കർ ഭൂമി 17 കോടി രൂപ വില കൊടുത്തു വാങ്ങിയാൽ എങ്ങനെ ഈ സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ സാധിക്കും? 2011 ഏപ്രിൽ 11-ാം തീയതി ഈ പറഞ്ഞ ഉടമകളിൽപ്പെട്ട നിയാസ് സെന്റിന് 9,000 രൂപ എന്ന തോതിൽ തീരുവില നിശ്ചയിച്ച് ഒന്നാം പാർട്ടി രണ്ടാം പാർട്ടിക്ക് വിലയ്ക്കെടുക്കുന്ന എഗ്രിമെന്റാണ് എന്റെ കയ്യിലുള്ള രേഖ. അതിനുമുമ്പ് നെഗോഷ്യേറ്റ് നടന്ന സമയത്ത് ഈ ഭൂമി ഇവരുടെ കയ്യിലില്ല. ഇവർ രജിസ്റ്റർ ചെയ്ത ആധാരത്തിൽ ഫെയർ വാല്യൂ 3,000 രൂപയാണ്. ഇത് യഥാർത്ഥ ഭൂമിയല്ല. ഇത് വെള്ളക്കെട്ടാണെന്ന് റവന്യൂ റിപ്പോർട്ടിൽ പറയുന്നു. ഡെപ്യൂട്ടി കളക്ടറും ഫിനാൻസ് ഓഫീസറും ഭൂമി യോജിച്ചതല്ലായെന്ന് പറയുന്നു. റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ റിപ്പോർട്ട് പ്രകാരം ഒന്നര ഹെക്ടറിൽ ഈ കെട്ടിടം എങ്ങനെ നിർമ്മിക്കും, ബാക്കിയുള്ള ഭൂമി വെള്ളക്കെട്ടല്ലേ. ഇപ്പോൾ മഴ പെയ്താൽ വെള്ളം നിറയുന്നു. നിങ്ങൾ ഈ ഭൂമി എടുക്കുന്നതിൽ വിരോധമില്ല. പക്ഷെ, ഒരു വർഷം മുമ്പ് 9,000 രൂപയ്ക്കും 7,000 രൂപയ്ക്കും 2,000 രൂപയ്ക്കും വാങ്ങിയ ഭൂമിയുടെ ആധാരമാണിത്. ഇപ്പോൾ നൽകാമെന്ന് പറയുന്ന വില 1,60,000 രൂപയാണ്. അങ്ങനെ വരുമ്പോൾ ഒരു സെന്റിന് 1,50,000 രൂപയ്ക്ക് മുകളിലാണ് വ്യത്യാസം വരുന്നത്. 1,50,000 രൂപ വച്ച് ഒരേക്കറിന് 1,50,00,000 രൂപ വരും. 1,50,00,000 രൂപ വച്ച് 11 ഏക്കറിന് എത്ര കോടി രൂപ വേണ്ടിവരും? ഈ ഭൂമി എടുക്കുന്നതിന് ഞങ്ങൾക്ക് വിരോധമില്ല. പക്ഷേ മാന്യമായ വില വേണം. 3,000

രൂപയാണ് ഫെയർ വാല്യൂ. വെട്ടം പഞ്ചായത്തിൽ ഗവൺമെന്റ് കോളേജിന് പാവപ്പെട്ട കടലോരത്തിന്റെ മത്സ്യത്തൊഴിലാളികൾ പണം പിരിവെടുത്ത് 25 ഏക്കർ കൊടുത്ത സ്ഥലത്താണ് 9,000 രൂപയ്ക്ക് വാങ്ങിയ ഭൂമി 1,50,00,000 രൂപവച്ച് കൊടുക്കുന്നതാരാണ്? കഴിഞ്ഞതവണ ഇടതുപക്ഷ സ്ഥാനാർത്ഥിയായി മത്സരിച്ച ലില്ലി ഗഫൂർ, (ഗഫൂർ പി. ലില്ലി) അദ്ദേഹത്തിന്റെ സഹോദരന്മാർ, ഭരണകക്ഷിയിൽപ്പെട്ട എം.എൽ.എ.-യുടെ സഹോദരപുത്രന്മാർ എന്നിവരാണ്. അവർ കച്ചവടം ചെയ്യുന്നതിൽ വിരോധമില്ല. പക്ഷെ, ന്യായമായ വിലയ്ക്ക് കൊടുക്കണ്ടേ? ഒന്നര ഹെക്ടർ ഭൂമിയിൽ മാത്രമേ കെട്ടിടം നിർമ്മിക്കാൻ പറ്റൂ. അതും വെള്ളക്കെട്ടുള്ള ഭൂമിയാണെങ്കിൽ പറ്റില്ല. അഞ്ചേക്കർ ഭൂമി സൗജന്യമായി ഗവൺമെന്റ് വെട്ടം കോളേജിനുണ്ട്. നിങ്ങൾ ഈ ഭൂമി വിലയ്ക്കെടുത്തോ ഒരു വിരോധവുമില്ല. പക്ഷെ, ന്യായമായ വില കൊടുത്തല്ലാതെ വാങ്ങാൻ പറ്റില്ല. ഇവിടെ പണം കൊടുക്കാൻ പോകുന്നതേയുള്ളൂ. പണം കൊടുക്കുന്ന സമയത്ത് ഇത്രയും വലിയ വ്യത്യാസം വരുമ്പോൾ ഇതിന്റെ പിന്നിൽ അഴിമതിയല്ലാതെ മറ്റെന്തെങ്കിലുമുണ്ടോ? ഈ നിയമസഭയിൽ ഗവൺമെന്റ് രേഖ വച്ചാണ് ഞാൻ പറയുന്നത്. വാങ്ങിയ വിലയും ഫെയർ വാല്യൂവും വാങ്ങിയ ആധാരവും എഗ്രിമെന്റിന്റെ കോപ്പിയും ഇവിടെയുണ്ട്. ഇതുവച്ച് ഞാൻ പറയുന്നു, ഇത്രയും ഭീമമായകൊള്ള നടത്തിയതിന്റെ പേരിൽ ആദ്യമായി അഴിമതിയാരോപണം സഭയിൽ ഉന്നയിക്കുന്നതിൽ ഖേദമുണ്ട്. ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾ പവിത്രമായ തുഞ്ചത്ത് എഴുത്തച്ഛന്റെ പേരിലുള്ള മലയാളം സർവ്വകലാശാലയ്ക്ക് ഭൂമി എടുക്കാമായിരുന്നു. ഭൂമി എടുക്കുന്നത് സുതാര്യമായിരിക്കണം. സുതാര്യമായതേ പറ്റുള്ളൂ. പാഡി ലാന്റിൽ നിർമ്മിക്കാൻ പറ്റുമോ? ഈ നിയമസഭയിലെ എല്ലാ പാർട്ടി നേതാക്കന്മാരും ഉൾക്കൊള്ളുന്ന ഒരു സംഘം സ്ഥലം സന്ദർശിക്കണം. ഇതിൽ എതിരഭിപ്രായമില്ല. ഭൂമി എടുക്കണ്ട എന്ന് പറയുന്നില്ല. ഇന്ന ഭൂമി എടുക്കണമെന്ന് ഞങ്ങൾ പറയുന്നില്ല. ഈ തീവെട്ടി കൊള്ള മലയാളം സർവ്വകലാശാലയുടെ പേരിൽ അനുവദിക്കാൻ പറ്റില്ലായെന്ന് മാത്രമല്ല, രാജ്യത്തോട് ചെയ്യുന്ന, ജനങ്ങളോട് ചെയ്യുന്ന ഏറ്റവും വലിയ ക്രൂരതയാണ്. ഞാൻ എന്റെ കയ്യിൽനിന്നും ഒന്നും ചേർത്തല്ല പറയുന്നത്. റവന്യൂ റെക്കോർഡ് അനുസരിച്ച് നിങ്ങൾ ഉണ്ടാക്കിയ എഗ്രിമെന്റ് പ്രകാരമാണ് സ്പീക്കർ അനുവദിക്കുകയാണെങ്കിൽ ഈ രേഖ ഞാൻ മേശപ്പുറത്തുവയ്ക്കാൻ തയ്യാറാണ്. അതുകൊണ്ട് അഴിമതി നടത്തിയിട്ടുള്ള ഈ പ്രവണതയിൽ നിന്ന് പിന്മാറി ന്യായമായ വിലയ്ക്ക് ഭൂമി എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാനും ഇതുസംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി സത്യാവസ്ഥ പുറത്തുകൊണ്ടുവന്ന് ന്യായമായ വിലയ്ക്ക് മാത്രമേ ഭൂമി എടുക്കാവൂ. ഇതുവരെ റവന്യൂ

വകുപ്പ് പണം കൊടുത്തിട്ടില്ല. പണം കൊടുക്കുന്നതിനുമുമ്പ് അത് ഉറപ്പുവരുത്തി മാത്രമേ കൊടുക്കാവൂ. പ്രത്യേകിച്ച് സാമ്പത്തിക ഞെരുക്കത്തിൽപ്പെട്ട് ഉഴലുന്ന ഈ ഘട്ടത്തിൽ പ്രളയത്തിനുവേണ്ടി പാവങ്ങളോട് പിരിവെടുത്ത് മുന്നോട്ട് പോകുന്ന ഘട്ടത്തിൽ, ഒരു ചെറിയ മഴ പെയ്താൽ മുഴുവൻ വെള്ളക്കെട്ടായി നിൽക്കുന്ന ഈ ഭൂമി, ചുളുവിലയ്ക്കെടുക്കേണ്ട ഭൂമി, വലിയ വില കൊടുത്ത് സാമ്പത്തിക നഷ്ടം വരുന്നതിൽനിന്ന് പിന്മാറണമെന്ന് ശക്തമായി അഭ്യർത്ഥിച്ചുകൊണ്ടും ഈ ധനാഭ്യർത്ഥനയെ എതിർ<u>ത്തു</u>കൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ഡിമാന്റിന്റെ ചർച്ചാവേളയിലാണ് ആരോപണം ഉന്നയിക്കാൻ അങ്ങ് അനുമതി ചോദിച്ചത്. ഡിമാന്റുമായി ബന്ധപ്പെട്ട് അങ്ങ് ഒന്നും പറഞ്ഞില്ലാ എന്നുള്ളത് നിർഭാഗ്യകരമാണ്. (...ബഹളം...)

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. എന്റെ പോയിന്റ് ഓഫ് ഓർഡറിൽ എന്തെങ്കിലും relevance ഉണ്ടെങ്കിൽ മാത്രം ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് തന്നാൽ മതി. ഇന്ന് ചർച്ച ചെയ്യുന്ന ഡിമാന്റുകളിലൊന്നും വിദ്യാഭ്യാസ വകുപ്പില്ല. മലയാളം സർവ്വകലാശാല ഇന്നത്തെ ചർച്ചയിൽ ഉൾപ്പെട്ടത് ഓർഡറിലല്ല. കുറഞ്ഞ വിലയ്ക്ക് ഭൂമി വാങ്ങിയ ഉടമകളിൽ നിന്നും അമിതവില നൽകി ഭൂമി ഏറ്റെടുക്കുന്നതിലൂടെ കോടിക്കണക്കിന് രൂപ സർക്കാരിന് നഷ്ടം വരികയും ഇതുവഴി വസ്തു ഉടമസ്ഥർക്ക് അമിതലാഭം ലഭിക്കുന്ന സാഹചര്യവും ഉണ്ടായിട്ടുണ്ട്. അധികാരസ്ഥാനങ്ങളിലെ ഉന്നതതലങ്ങളിൽ നടക്കുന്ന ഗൂഢാലോചനയുടെ ഫലമായിട്ടാണ് ഇത്തരത്തിൽ അമിത വിലയ്ക്ക് വസ്തു വാങ്ങുന്നത്. സ്പെസിഫിക്കായി ഒരാളുടെ പേരിൽ അഴിമതി ആരോപണം ഈ നോട്ടീസിലില്ല. ഉത്തരത്തിനുവേണ്ടിയുള്ള സംഗതിയെപ്പറ്റി അന്വേഷണം നടത്താൻ മന്ത്രിക്ക് സാധിക്കത്തക്കവണ്ണം, ബന്ധപ്പെട്ട മന്ത്രിക്കുംകൂടി മുൻകൂട്ടി നോട്ടീസ് നൽകുകയും ചെയ്യണം. ഇത് ഈ ഡിമാന്റിന്റെ ചർച്ചയിൽ വരേണ്ടതല്ല, മാത്രവുമല്ല, സ്പെസിഫിക്കായി ഒരു ആരോപണം ബഹുമാനപ്പെട്ട സ്പീക്കർക്ക് അഡ്രസ് ചെയ്തുകൊണ്ട് ശ്രീ. സി. മമ്മൂട്ടി ഇവിടെ നൽകിയതുമില്ല. ഇത് ഓർഡറിലാണോ എന്നുള്ളത് സംബന്ധിച്ച് സ്പീക്കർ പരിശോധിച്ച് റൂളിംഗ് നൽകിയാൽ മതി.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി അങ്ങയെ തെറ്റിദ്ധരിപ്പിക്കുകയാണ്. റൂളിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. മലയാളം സർവ്വകലാശാലയുടെ ഭൂമിയെടുപ്പുമായി

ബന്ധപ്പെട്ട സ്പെസിഫിക്കായ ആരോപണമാണിത്. അത് അഴിമതി ആരോപണമായി ചട്ടപ്രകാരം അദ്ദേഹം എഴുതിത്തന്നിട്ടാണ് ഉന്നയിച്ചത്. അല്ലാതെ hear say അല്ല. അതിന്റെ എല്ലാ രേഖകളും അദ്ദേഹത്തിന്റെ കയ്യിലുണ്ട്. കേരളം കണ്ട ഏറ്റവും വലിയ അഴിമതിയാണിത്, ഒരു കുംഭകോണമാണിത്. ഇതിനെ സംബന്ധിച്ച് സമഗ്രമായൊരു അന്വേഷണത്തിന് പാർലമെന്ററികാര്യ വകുപ്പുമന്ത്രി തയ്യാറാവുകയാണ് വേണ്ടത്. അല്ലാതെ അതിൽനിന്നും ഒഴിഞ്ഞുമാറാൻ ശ്രമിക്കുകയാണ്. അതുകൊണ്ട് ഇത് ചട്ടപ്രകാരം ഓർഡറിലാണ് അവതരിപ്പിച്ചിട്ടുള്ളത്. ധനാഭ്യർത്ഥന ചർച്ചയിൽ എന്താണ് പ്രസംഗിക്കേണ്ടതെന്ന് ശ്രീ. എ. കെ. ബാലൻ ഞങ്ങളെ പഠിപ്പിക്കണ്ട. ഞങ്ങൾക്കിഷ്ടമുള്ളത് ഞങ്ങൾ സംസാരിക്കും.

ശ്രീ. എ. കെ. ബാലൻ: സർ, ഇവിടെ ആരെയും പഠിപ്പിക്കേണ്ട കാര്യമൊന്നും എനിക്കില്ല. (...ബഹളം...) ചട്ടപ്രകാരമാണ് ഞാൻ സംസാരിക്കുന്നത്, അല്ലാതെ പ്രതിപക്ഷനേതാവിന്റെ ഔദാര്യം കൊണ്ടല്ല. ബാലൻ പഠിപ്പിക്കണ്ടെന്ന് പറയണ്ട. ചട്ടം 285 പ്രകാരം സ്പെസിഫിക്കായി ഒരു മന്ത്രിക്കെതിരായി ആരോപണം വേണം. ഈ നോട്ടീസിൽ ഒരു മന്ത്രിക്കെതിരായി ആരോപണമുണ്ടോ? അതിന് ബാലൻ പഠിപ്പിക്കണ്ടെന്ന് പറയുന്നതിൽ എന്താണർത്ഥം? (...ബഹളം...) ഒരു മന്ത്രിക്കെതിരായി ആരോപണം വേണ്ടേ? മന്ത്രി മറുപടി പറയണമെങ്കിൽ ആ മന്ത്രിക്കെതിരായി ആരോപണം വേണം. എന്തും പറയാമെന്നാണോ? (...ബഹളം...)

ശ്രീ. എസ്. ശർമ്മ: സർ, നിയമസഭയുടെ നടപടി ക്രമങ്ങളനുസരിച്ചാണ് കാര്യങ്ങൾ നടക്കുന്നത്. ഇതുപോലെയുള്ള പ്രശ്നങ്ങൾ വന്നാൽ നടപടിക്രമം എന്താണെന്ന് സൂക്ഷ്മമായി നിരീക്ഷിച്ചിട്ടാണ് ചെയ്യുന്നത്. അങ്ങനെ നോക്കുമ്പോൾ ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി പറഞ്ഞ പോയിന്റ് വളരെ ശരിയാണ്. ഞാൻ വളരെ സിമ്പിളായി ചോദിക്കുകയാണ്, ശ്രീ. സി. മമ്മൂട്ടി, നിങ്ങൾ ആർക്കെതിരായിട്ടാണ് ഈ ആരോപണം ഉന്നയിച്ചത്? ഇവിടെ അഴിമതിയെന്ന് ഉന്നയിച്ചത് സ്പെസിഫിക്കായി എഴുതിത്തന്നിട്ടുണ്ടെന്ന് പറഞ്ഞു. അതാണ് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി വായിച്ചത്. അങ്ങനെ എഴുതിത്തന്നതിൽ അഴിമതിയില്ല. അദ്ദേഹം പ്രസംഗിച്ചപ്പോൾ പറഞ്ഞതുമില്ല. (...ബഹളം....)

മി. സ്പീക്കർ: ഇനി ഇതിന് ചർച്ചയൊന്നുമില്ല. ഞാൻ പറയട്ടെ.

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ഈ അലിഗേഷൻ കൊടുക്കുന്നത് ചട്ടം 285 അനുസരിച്ചാണ്. അത് ഒരു മിനിസ്റ്റർക്കെതിരെയെന്ന് പ്രത്യേകമായി പറയുന്നില്ല. No allegation of a defamatory or incriminatory

nature shall be made by a member, അത് ശ്രീ. സി. മമ്മൂട്ടിയാണ്, against any person unless the member has given to the Speaker and also to the Minister concerned so that the Minister may be able to make an investigation..... ഇത് നേരത്തെ നോട്ടീസ് കൊടുത്തിട്ട് മന്ത്രിക്കെതിരെ തന്നെ ആരോപണം വേണമെന്ന് റൂളിൽ പറയുന്നില്ല. രണ്ട്, അതിന്റെ പ്രൊവൈസോയുമുണ്ട്. ആ പ്രൊവൈസോയിൽ സ്പീക്കർക്ക് ഒരു ഡിസ്ക്രീഷൻ കൊടുക്കുന്നുണ്ട്. Provided that the Speaker may at any time prohibit any member from making any such allegation if he is of opinion that such allegation is derogatory to the dignity of the Assembly or that no public interest is served by making such allegation. സ്പീക്കർക്ക് നേരത്തെ നോട്ടീസ് കൊടുക്കുകയും സ്പീക്കർ അദ്ദേഹത്തിന്റെ ഡിസ്ക്രീഷൻ ഉപയോഗിച്ച് ഇത് പബ്ലിക്ക് ഇന്ററസ്റ്റിന് അനുകൂലമായിട്ടുള്ള ഒരു കാരണമാണ്, ഈ സംഭവം വരേണ്ടതാണ്, അതിന് റൂളിൽ പറയുന്ന യാതൊരുവിധ തടസ്സവുമില്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അത് പ്രൊഹിബിറ്റ് ചെയ്യാതെ മെമ്പർക്ക് ഇവിടെ സംസാരിക്കാനുള്ള അനുവാദം കൊടുത്തതാണ്. ഇതിവിടെ അനുവദിച്ച സ്പീക്കറുടെ അധികാരത്തെ ചോദ്യം ചെയ്യാൻ പാർലമെന്ററികാര്യ വകുപ്പുമന്ത്രിക്ക് ഒരുധികാരവുമില്ല. മാത്രമല്ല, തുടർച്ചയായി പാർലമെന്ററികാര്യ വകുപ്പുമന്ത്രി സ്പീക്കറുടെ അധികാരത്തിൽ കൈകടത്തിക്കൊണ്ട് സംസാരിക്കുകയാണ്. അങ്ങ് അത് നിയന്ത്രിക്കണം.

മി. സ്പീക്കർ: പാർലമെന്ററികാര്യ വകുപ്പുമന്ത്രിക്ക് മാത്രമല്ല ഈ സഭയിലെ ഏത് അംഗങ്ങൾക്കും ചട്ടവുമായി ബന്ധപ്പെട്ട് അവരവരുടെ അഭിപ്രായങ്ങൾ പറയാനും ക്രമപ്രശ്നങ്ങൾ ഉന്നയിക്കാനുമുള്ള അവകാശമുണ്ട്. ആ അവകാശമാണ് അദ്ദേഹം വിനിയോഗിച്ചത്, ഇതിന് ഇനിയൊരു ചർച്ചയില്ല. ഇതിൽ നിങ്ങളെല്ലാവരുംകൂടി അഭിപ്രായം പറയേണ്ട കാര്യമെന്താണ്?

ശ്രീ. കെ. സി. ജോസഫ്: സർ, ഇന്നലെ ഈ സഭയിൽ ശ്രീ. എ. കെ. ബാലൻ പറഞ്ഞത് ബിസിനസ് കഴിയാതെ.......

മി. സ്പീക്കർ: അതിന് ഇന്നലെ റൂളിംഗ് പറഞ്ഞതല്ലേ. ഇന്ന് ആ കാര്യങ്ങൾ വീണ്ടും ഉന്നയിക്കുന്നതെന്തിനാണ്? ഇരിക്കൂ.... ഇന്നലെ പറഞ്ഞതിന് ഞാൻ റൂളിംഗ് കൊടുത്തു. ഇന്നത് ഉന്നയിക്കുന്നതിൽ എന്താണ് യുക്തിയുള്ളത്? അങ്ങ് ഇരിക്കൂ.... ഞാൻ പറയട്ടെ.... പ്ലീസ്...അങ്ങ് ഇരിക്കൂ.... അങ്ങ് പ്രസംഗം അവസാനിപ്പിച്ചതല്ലേ; ഇതിൽ ചർച്ചയില്ല. (...ബഹളം...) ഡിമാന്റിന്റെ ചർച്ചാവേളയിൽ തന്റെ കയ്യിലുള്ള രേഖകളുടെയും വിവരങ്ങളുടെയും... (...ബഹളം...) ഞാൻ പറഞ്ഞുകഴിയട്ടെ. അദ്ദേഹം (ശ്രീ. സി. മമ്മൂട്ടി) 19 മിനിട്ട് സംസാരിച്ചില്ലേ; ഡിമാന്റിന്റെ ചർച്ചാവേളയിൽ തന്റെ കയ്യിലുള്ള വസ്തുതകളുടെയും രേഖകളുടെയും

അടിസ്ഥാനത്തിൽ തനിക്കൊരു അഴിമതിയാരോപണം ഉന്നയിക്കാനുണ്ടെന്ന് എഴുതി നൽകി. അദ്ദേഹം എന്ത് ഉന്നയിക്കണമെന്നോ ഏത് മന്ത്രിക്കെതിരെ ഉന്നയിക്കണമെന്നോ പറയാനുള്ള ഉത്തരവാദിത്വം ചെയറിനില്ല. ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് അദ്ദേഹം ഉന്നയിച്ചത്. അതിന് മറുപടി പറയാൻ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അവസരം നൽകും. ചർച്ച അവസാനിച്ചതിനുശേഷം അങ്ങേയ്ക്ക് മറുപടി പറയാം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, പോയിന്റ് ഓഫ് ഓർഡർ. (....ബഹളം......)

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ ആണ് ഉന്നയിക്കുന്നത്. (...ബഹളം...) പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ പാടില്ലേ? നിങ്ങൾ എന്താണ് പറയുന്നത്? (...ബഹളം...) അദ്ദേഹം എന്താണ് ഉന്നയിക്കുന്നതെന്ന് കേൾക്കൂ. (...ബഹളം...)

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പാർലമെന്ററികാര്യ വകുപ്പുമന്ത്രി ചട്ടപ്രകാരം ഒരു കാര്യം സഭയിൽ ഉന്നയിക്കുന്നു. അത് സ്പീക്കറുടെ അധികാരപരിധിയിൽ കടന്നുകയറാനോ സ്പീക്കറെ നിയന്ത്രിക്കാനോ അല്ല. (...ബഹളം...) ഒരു കാര്യം പറയുമ്പോൾ എല്ലാവരുംകൂടി പ്രശ്നമുണ്ടാക്കുന്നത് എന്തിനാണ്? പാർലമെന്ററികാര്യ വകുപ്പുമന്ത്രി ചട്ടപ്രകാരമുള്ള ക്രമപ്രശ്നം ഉന്നയിക്കുമ്പോൾ അത് സ്പീക്കറെ നിയന്ത്രിക്കാൻ വേണ്ടിയാണ് ഇടപെടൽ നടത്തുന്നതെന്ന ദുരുദ്ദേശപരമായ പരാമർശം നടത്തിയത് തെറ്റാണ്. പാർലമെന്ററികാര്യ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിന്റെ ഭാഗമായി ചട്ടങ്ങൾ ഉദ്ധരിച്ചുകൊണ്ട് സംസാരിക്കുമ്പോൾ സ്പീക്കറെ നിയന്ത്രിക്കാൻ വേണ്ടിയാണെന്ന നിലയിലേയ്ക്ക് അതിനെ വ്യാഖ്യാനിക്കുന്നത് ശരിയാണോയെന്നത് സംബന്ധിച്ച് അങ്ങ് റൂളിംഗ് നൽകണം.

മി. സ്പീക്കർ: ഇക്കാര്യത്തിൽ വ്യക്തമായ റൂളിംഗ് നൽകിക്കഴിഞ്ഞല്ലോ. ഈ സഭയിലെ ഏത് അംഗത്തിനും ചട്ടങ്ങളുടെയും കീഴ്വഴക്കങ്ങളുടെയും അടിസ്ഥാനത്തിൽ അഭിപ്രായങ്ങൾ പറയാനുള്ള അവകാശമുണ്ട്. അദ്ദേഹം പറയട്ടെ. അതിന്റെ മുകളിൽ പ്രത്യേകിച്ച് ചർച്ച ആവശ്യമില്ല. സ്പീക്കർക്ക് പ്രത്യേക സംരക്ഷണം വേണ്ട. ചട്ടങ്ങളുടെയും—കീഴ്വഴക്കങ്ങളുടെയും സംരക്ഷണം മാത്രമേ സ്പീക്കർക്ക് ആവശ്യമുള്ളൂ.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, എക്സൈസ്, തൊഴിലും തൊഴിലാളിക്ഷേമം, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ഇവിടെ ഒരു വിലാപകാവ്യം കേട്ടു. ആ വിലാപകാവ്യം

കൊണ്ടൊന്നും പാലാരിവട്ടം പാലവുമായി ബന്ധപ്പെട്ട അഴിമതിയുടെ കറ കഴുകിക്കളയാൻ കഴിയുമെന്ന് ഞാൻ കണക്കാക്കുന്നില്ല. എറണാകുളത്ത് സമരം നടന്നുകൊണ്ടിരിക്കുകയാണ്. പാലാരിവട്ടം പാലം മാത്രമല്ല എറണാകുളം ജില്ലയിലും മറ്റ് ചില ജില്ലകളിലുമുള്ള നിരവധി പാലങ്ങളുമായും അതിന്റെ നിർമ്മാണങ്ങളുമായും ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള ആരോപണങ്ങളിൽനിന്നും ആക്ഷേപങ്ങളിൽനിന്നും രക്ഷപെടാൻ ഈ വിലാപകാവ്യം കൊണ്ടൊന്നും കഴിയില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

2.00 P.M.]

(അദ്ധ്യക്ഷ വേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. റ്റി. വി. രാജേഷ്)

ശ്രീകൃഷ്ണനെ വകവരുത്താൻവേണ്ടിയാണ് പൂതന അവതരിച്ചത്. പൂതന തന്റെ വിഷലിപ്തമായ മുലപ്പാൽ കൃഷ്ണന് കൊടുത്ത് കൊല്ലാൻ വന്നതാണ്. ഇവിടെ മാർക്സിസ്റ്റ് വിരോധമെന്ന വിഷം ഉള്ളിൽ വച്ച് മാർക്സിസ്റ്റ് വിരുദ്ധ മുലപ്പാൽ കുടിച്ച് വളർന്നുവന്ന ഒരു വിഷജന്തുവിന്റെ പ്രസംഗം ഇന്നലെ ഈ സഭ കേട്ടു. ആ വിഷജന്തുവിന്റെ പ്രസംഗം അടിമുടി മാർക്സിസ്റ്റ് വിരുദ്ധമായിരുന്നു. അദ്ദേഹത്തിന്റെ വർത്തമാനത്തിൽ മാത്രമല്ല, ഉച്ഛ്വാസ വായുവിൽപ്പോലും മാർക്സിസ്റ്റ് വിരുദ്ധതയാണ് ഉണ്ടായിരുന്നത്. അദ്ദേഹത്തിന്റെ മാർക്സിസ്റ്റ് വിരോധത്തിന് അടിസ്ഥാനമായിട്ടുള്ളത് എന്താണ്? അദ്ദേഹം ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട് ചില കാര്യങ്ങളൊക്കെ പറഞ്ഞു. അദ്ദേഹത്തിന്റെ നേതാവ് ഭരിച്ചിരുന്ന കാലഘട്ടത്തിലല്ലേ രാജാക്കാട് പോലീസ് സ്റ്റേഷനിൽ ഒരു പാവപ്പെട്ട മനുഷ്യനെ മലം തീറ്റിച്ചത്? അദ്ദേഹത്തിന്റെ കാലഘട്ടത്തിലല്ലേ തിരുവനന്തപുരത്ത് ഉദയകുമാർ എന്നുപറയുന്ന ഒരു ചെറുപ്പക്കാരനെ പോലീസ് ഉരുട്ടിക്കൊലപ്പെടുത്തിയത്?

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ, ഇന്നലെ ഇവിടെ ബഹുമാനപ്പെട്ട പി. ടി. തോമസ് സംസാരിക്കുമ്പോൾ അദ്ദേഹത്തിന്റെ കമ്മ്യൂണിസ്റ്റ് വിരുദ്ധ പ്രസംഗത്തിന്റെ ഭാഗമായി ടിയാനൻമെൻ സ്ക്വയറിലെ കൂട്ടക്കൊലയെപ്പറ്റി പറയുകയുണ്ടായി. ഞങ്ങളാരും ടിയാനൻമെൻ സ്ക്വയറിലെ കൂട്ടക്കൊലയെ ന്യായീകരിക്കുന്നവരല്ല. പക്ഷെ, 1984-ൽ ഇന്ദിരാഗാന്ധി കൊലചെയ്യപ്പെട്ടതിനുശേഷം ഡൽഹി പട്ടണത്തിലെ ഓട്ടോറിക്ഷക്കാരും റിക്ഷാവാലകളുമായിട്ടുള്ള ആയിരക്കണക്കിന് സിക്കുകാരെ കൂട്ടക്കൊല ചെയ്തതിന്റെ ഉത്തരവാദിത്വം കോൺഗ്രസ് എന്നുപറയുന്ന രാഷ്ട്രീയ പാർട്ടിക്കല്ലേ; അതിന്റെ പേരിൽ കോൺഗ്രസ് നേതാക്കന്മാരെ ജയിൽശിക്ഷയ്ക്ക് വിധിക്കപ്പെട്ടതിന്റെ ചരിത്രം ശ്രീ. പി. ടി. തോമസ് മറന്നുപോയോ? ഇന്ദിരാഗാന്ധിയുടെ കൊലപാതകത്തെതുടർന്ന് ഈ രാജ്യത്ത് 2000-ത്തിലധികം വരുന്ന പാവപ്പെട്ട സിക്കുകാരായിട്ടുള്ളവരെ കൂട്ടക്കൊല ചെയ്ത ഒരു രാഷ്ട്രീയ പാർട്ടിയുടെ നേതൃത്വത്തിൽ ഏറ്റവും വലിയ

കൂട്ടക്കൊലയ്ക്ക് നേതൃത്വം കൊടുത്ത പാർട്ടിയും കൂടിയാണ് കോൺഗ്രസ്സ് എന്ന കാര്യവും ശ്രീ. പി. ടി. തോമസ് മറന്നുപോകാൻ പാടില്ല. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, അതുമാത്രമല്ല, ഒരു വൻമരം വീണുകഴിഞ്ഞാൽ കുറേ മണ്ണ് തെറിച്ചുപോകുമെന്നാണ് അന്ന് രാജീവ്ഗാന്ധി ആ കൂട്ടക്കൊലയെ ന്യായീകരിച്ചത്. അത്തരം ഒരു നാണംകെട്ട കൊലപാതകത്തിന്റെ രക്തക്കറ കയ്യിലുള്ള പാർട്ടിയുടെ ആളുകളാണ് ഇവിടെ പ്രസംഗിച്ചത്. ഈ സഭയിൽ ബഹുമാനപ്പെട്ട രണ്ട് മന്ത്രിമാരുണ്ട്. ഒന്ന്, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ആണ്. 1974 കാലഘട്ടത്തിൽ എസ്.എഫ്.ഐ.-യുടെ പ്രവർത്തകനായിരുന്ന ഡോ. ടി. എം. തോമസ് ഐസക്കിനെ കൊലപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി അന്നത്തെ കോൺഗ്രസ്സിന്റെ കെ.പി.സി.സി. ഓഫീസിൽ വച്ച് ഗൂഢാലോചന നടത്തുകയും ഒരുപറ്റം ഗുണ്ടകളെ കൊച്ചിയിൽനിന്നും കൊണ്ടുവരികയും ചെയ്തു. അദ്ദേഹത്തെപ്പറ്റി അവർ പറഞ്ഞ ലക്ഷണം, കണ്ണടവച്ച കൊലുന്നനെയുള്ള ഒരാളാണ് എസ്.എഫ്.ഐ. നേതാവ് ഡോ. തോമസ് ഐസക് എന്നാണ്. എന്നാൽ അവർ കൊന്നത് ഡോ. തോമസ് ഐസക്കിനെയല്ല, ആളുമാറി ലക്ഷദ്വീപിൽനിന്ന് പഠിക്കാൻ വന്ന മുത്തുക്കോയ എന്ന ആളെയാണ് കൊന്നത്. ലക്ഷദ്വീപിലെ മുത്തുക്കോയ എന്ന ആ നിരപരാധിയെ കൊന്നതിന്റെ പാപക്കറ കോൺഗ്രസ്സുകാരുടെ കൈകളിൽനിന്ന് മാറുമോ? ഇവിടെ താടിക്ക് കയ്യും കൊടുത്ത് ഒരാൾ ഇരിപ്പുണ്ട്. അയാളടക്കമുള്ള ആളുകൾ അത്തരത്തിൽ രക്തക്കറ പുരണ്ട ആളുകളാണ്.

ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരന്റെ പ്രിയപ്പെട്ട സഹോദരൻ ജി. ഭുവനേശ്വരനെ അടിച്ച് അവശനാക്കി കോളേജ് കെട്ടിടത്തിന്റെ മുകളിൽ നിന്ന് വലിച്ചെറിഞ്ഞ് കൊല്ലുകയായിരുന്നു. അത്തരത്തിൽ 100 കണക്കിന് പാവപ്പെട്ട മനുഷ്യരെ കൊന്നുവീഴ്ത്തിയ ആ രക്തക്കറ കഴുകിക്കളയാൻ ഏത് ഗംഗാജലം ഉപയോഗിച്ചാലും സാധ്യമല്ലെന്നുള്ള കാര്യം നിങ്ങൾ മനസ്സിലാക്കണം. അതുകൊണ്ട് ഞങ്ങൾ ഈ വിഷലിപ്തമായ വിഷജന്തുക്കളുടെ പ്രസംഗങ്ങൾ അവഗണിക്കുകയാണ്. ഞങ്ങൾ ഈ നാട്ടിലെ ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നവരാണ്. അതുകൊണ്ടുതന്നെ ഞങ്ങളുടെ ഭാഗത്ത് പിശകുണ്ടെങ്കിൽ, ജനങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ ഞങ്ങൾ അത് തിരുത്താറുണ്ട്. കഴിഞ്ഞ മൂന്നുവർഷത്തെ അനുഭവത്തിന്റെ വെളിച്ചത്തിലാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനായി ബഹുമാനപ്പെട്ട മന്ത്രി ധനാഭ്യർത്ഥന കൊണ്ടുവന്നിട്ടുള്ളത്. നമ്മുടെ രാജ്യത്ത് ജാതിയുമായി ബന്ധപ്പെട്ട ഒട്ടേറെ

വിവേചനങ്ങൾ ഇപ്പോഴും തുടരുകയാണ്. വിവേചനങ്ങൾ തുടരുന്നുവെന്ന മാത്രമല്ല, ജാതിക്കോമരങ്ങൾക്കെതിരെ സമരം ചെയ്യുന്ന നിരവധി ആളുകളെ വെട്ടിയും കുത്തിയും കൊലപ്പെടുത്തുന്ന സംഭവങ്ങൾ അരങ്ങേറി. തിരുനെൽവേലിയിൽ ഡി.വൈ.എഫ്.ഐ.-യുടെ നേതാവായ സഖാവ് അശോകനെ ഈ ജൂൺ മാസം 15-ാം തീയതിയാണ് കൊലപ്പെടുത്തിയത്. അത്തരത്തിലുള്ള ജാതി മേധാവിത്വത്തിന്റെ കോമരങ്ങൾ ഉറഞ്ഞുതുള്ളുന്ന ഒരു രാജ്യത്ത് നമ്മൾ ജീവിക്കുമ്പോൾ, ജാതിയിൽ ഏറ്റവും താഴ്ന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണ് ഇവിടെയുള്ളത്. ആ ഗവൺമെന്റിന്റെ ഒട്ടേറെ നേട്ടങ്ങൾ ഇവിടെ വിവരിച്ചിട്ടുണ്ട്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ആംഗ്ലോ-ഇൻഡ്യൻ സമുദായത്തിൽനിന്ന് നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരംഗമാണ് ഞാൻ. മൈക്രോ മൈനോറിറ്റി സമുദായമാണത്. ആ സമുദായത്തിന്റെ ചില പ്രശ്നങ്ങൾ ഇനിയും പരിഹരിക്കേണ്ടതായിട്ടുണ്ട്. അതിനുവേണ്ടി അടിയന്തരമായ ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണം എന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തിലെ ദളിത് ക്രൈസ്തവർ മുന്നോട്ടുവച്ചിട്ടുള്ള നിരവധി പ്രശ്നങ്ങളുണ്ട്. അത് പരിഹരിക്കാനാവശ്യമായ നടപടിയുണ്ടാകണം. ഭാഷാ ന്യൂനപക്ഷമെന്ന നിലയ്ക്ക് കൊങ്കിണി ഭാഷ സംസാരിക്കുന്നവരുണ്ട്. അവരുടെ കുട്ടികൾക്ക് പഠിക്കാൻ കൊങ്കിണി ഭാഷയിലുള്ള പാഠപുസ്തകങ്ങൾ അടിയന്തരമായി നൽകാനുള്ള സമീപനം സ്വീകരിക്കണം.

കഴിഞ്ഞ മൂന്നുകൊല്ലം കേരളത്തിൽ വിഷമദ്യ ദുരന്തം ഉണ്ടായിട്ടില്ല. അതുകൊണ്ടുതന്നെ എക്സൈസ് വകുപ്പിനെ നയിക്കുന്നത് കർമ്മശേഷി യോടുകൂടിയതും സത്യസന്ധതയുള്ളതുമായ വകുപ്പുമന്ത്രിയും ഉദ്യോഗസ്ഥരുമാണെന്ന് പറയാൻ കഴിയും. യു.ഡി.എഫ്.-ന്റെ കാലത്ത് കേരളത്തിൽ നടന്നിട്ടുള്ള വിഷമദ്യ ദുരന്തങ്ങളുടെ കഥകളൊക്കെ പറഞ്ഞാൽ, സമയമില്ലാത്തതുകൊണ്ട് ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. എന്നാൽ നമ്മുടെ നാട്ടിൽ ഇപ്പോൾ കണ്ടുവരുന്ന ഒരു പ്രവണത, ഏറ്റവും ഹൈടെക് സംവിധാനം ഉപയോഗപ്പെടുത്തി മയക്കുമരുന്ന് ലോബി അവയുടെ വ്യാപനം ശക്തിപ്പെടുത്തിയിരിക്കുകയാണ്. അത് കണ്ടെത്താൻ ജാഗ്രതയോടുകൂടി എക്സൈസ് വകുപ്പ് ഇടപെടുന്നുണ്ട്. ഇത്തരം കുറ്റങ്ങളെ കണ്ടെത്താനും നടപടി സ്വീകരിക്കാനും കഴിയത്തക്കവണ്ണം എക്സൈസ് വകുപ്പിൽത്തന്നെ ഒരു ക്രൈംബ്രാഞ്ച് വിംഗ് രൂപീകരിക്കണം. എക്സൈസ് വകുപ്പിനെ നവീകരിക്കുകയും ഹൈടെക് നിലയിലേയ്ക്ക് മാറ്റുകയും ചെയ്യാനുള്ള തീരുമാനമുണ്ടാകണം. ബിവറേജസ് കോർപ്പറേഷനിൽ ലേബൽ തൊഴിലാളികളെ

സ്ഥിരം തൊഴിലാളികളായി അംഗീകരിച്ചിട്ടുണ്ട്. അവരുടെ സേവന-വേതന വ്യവസ്ഥകളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള തീരുമാനം അടിയന്തരമായി ഉണ്ടാകണം. വരുംകാലങ്ങളിൽ പ്രത്യേകിച്ച് കേരളത്തിലെ കച്ചവട സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന സ്ത്രീകൾ ഈ സർക്കാരിനെയും ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണനെയും നോക്കിക്കാണുന്നത് തങ്ങൾക്ക് ഇരിക്കാനുള്ള അവകാശം നേടിത്തന്ന ഒരു വകുപ്പുമന്ത്രിയെന്ന നിലയ്ക്കായിരിക്കും. അത്തരത്തിൽ എക്സൈസ് വകുപ്പിലും തൊഴിൽ വകുപ്പിലും വലിയ മാറ്റം ഉണ്ടാക്കിക്കൊണ്ട് മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ഞാൻ പിന്താങ്ങുകയാണ്.

ഇടതുപക്ഷ ജനാധിപത്യമുന്നണിയെ തകർക്കാൻ നോക്കുന്ന ചില ആളുകൾ സമീപ ദിവസങ്ങളിൽ ഉയർത്തിക്കൊണ്ടുവന്ന രാഷ്ട്രീയമായ ചില വിഷയങ്ങളെ സംബന്ധിച്ച് ഇവിടെ പലരും സംസാരിക്കുകയുണ്ടായി. ഇടതുപക്ഷ ജനാധിപത്യമുന്നണിയെ സംബന്ധിച്ചിടത്തോളം, കഴിഞ്ഞ മൂന്നുവർഷക്കാലത്തെ ഗവൺമെന്റിന്റെ നേട്ടങ്ങളെ മുൻനിർത്തിക്കൊണ്ടാണ് ഞങ്ങൾ ഈ കേരളീയ സമൂഹത്തിൽ പ്രവർത്തിക്കുന്നത്. അങ്ങനെ പ്രവർത്തിക്കുമ്പോൾ കേരളത്തിലെ ജനങ്ങൾ ഞങ്ങളെ കൂടുതൽ അംഗീകരിക്കുന്ന സാഹചര്യത്തിലാണ് ഇപ്പോൾ പുകമറ സൃഷ്ടിക്കാനായി ചിലർ അഴിമതികളുടെ ആക്ഷേപങ്ങളുമായി രംഗത്ത് വന്നിട്ടുള്ളത്.

കഴിഞ്ഞ അഞ്ചുകൊല്ലം എക്സൈസ് അടക്കമുള്ള വകുപ്പുകളിൽ നടന്ന ക്രമക്കേടുകളും അഴിമതികളും എന്താണ്? ബാർ കോഴ ഇടപാട് എന്ന ഒരൊറ്റ കാര്യം മാത്രം മതി കേരളം എല്ലാകാലത്തും യു.ഡി.എഫ്.-ന്റെ അഴിമതിയെ ഓർത്തിരിക്കാൻ. യഥാർത്ഥത്തിൽ ബാർ ഉടമകളിൽനിന്നും പണം പിരിക്കുന്നതുമായി ബന്ധപ്പെട്ടും അതിന്റെ വിഹിതം നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ടും ഗവൺമെന്റും ഗവൺമെന്റിനെ നയിച്ചിരുന്ന വിശ്വസ്തരായ ആളുകളും തമ്മിലുള്ള നിരവധി കൊടുക്കൽ വാങ്ങലുമായി ബന്ധപ്പെട്ട തർക്കമല്ലേ അന്ന് ഉയർന്നുവന്നത്? അത്തരത്തിൽ ഒരു മന്ത്രിയെ അടച്ചാക്ഷേപിച്ചുകൊണ്ട് സമൂഹമധ്യത്തിൽ മോശപ്പെട്ടവരായി ചിത്രീകരിച്ചുകൊണ്ട് നടത്തിയ നീക്കങ്ങൾ ഈ കേരളം മറന്നിട്ടുണ്ടോ; ബാർ കോഴയുമായി ബന്ധപ്പെട്ട് ഇപ്പോഴും കേരളീയരുടെ മനസ്സുകളിലെ വിശ്വാസം എന്താണ്? അന്നത്തെ മുഖ്യമന്ത്രിയും മുഖ്യമന്ത്രിയുടെ വിശ്വസ്തനമായിട്ടുള്ള എക്സൈസ് വകുപ്പുമന്ത്രിയുമടക്കമുള്ളവർ നടത്തിയ കേരളം കണ്ട ഏറ്റവും വലിയ കൊടിയ അഴിമതി, ആ അഴിമതിയുടെ കറ ഇപ്പോഴും നിങ്ങളെ വിഴുങ്ങിക്കൊണ്ടിരിക്കുകയല്ലേ? എന്നിട്ട് വാസവദത്തയുടെ

ചാരിത്ര്യപ്രസംഗം നടത്തുന്ന നിങ്ങളെ ഈ കേരളം ഒരുകാലത്തും രക്ഷിക്കാൻ പോകുന്നില്ലെന്ന് മാത്രം പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരള നിയമസഭ തെരഞ്ഞെടുപ്പ് 2016-ലെ എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയാണ് എന്റെ കയ്യിൽ ഇരിക്കുന്നത്. 'മദ്യം കേരളത്തിൽ ഗുരുതരമായ വിപത്തായി മാറിയിട്ടുണ്ട്. മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാൻ സഹായകമായ സമീപനമായിരിക്കും ഇടതുപക്ഷ സർക്കാർ സ്വീകരിക്കുക' എന്ന് പ്രകടനപത്രികയിലെ 552-ാം നമ്പർ പാരഗ്രാഫിൽ പറയുന്നുണ്ട്. ഇതാണ് എൽ.ഡി.എഫ്.-ന്റെ മാനിഫെസ്റ്റോയിൽ പറയുന്നതെങ്കിൽ സംഭവിക്കുന്നത് നേരെ വിരുദ്ധമായിട്ടാണ്. കേരളത്തിന്റെ സമീപകാല ചരിത്രത്തിൽ മദ്യത്തിന്റെ ലഭ്യത ഇത്രയേറെ വ്യാപകമായൊരു കാലമുണ്ടായിട്ടില്ല. കേരളത്തിൽ വ്യാപകമായി മദ്യമൊഴുകുന്ന നയമാണ് ഈ വകുപ്പ് സ്വീകരിച്ചിരിക്കുന്നത്. അത് എൽ.ഡി.എഫ്.-ന്റെ സമീപനമാണോയെന്ന് എനിക്കറിയില്ല. മദ്യത്തിന്റെ ലഭ്യത കുറയ്ക്കാൻ ശ്രമിക്കേണ്ട അങ്ങ് അത് എല്ലായിടത്തും വ്യാപിപ്പിച്ചു. ബാർ ലൈസൻസ് നൽകുന്നതിന് യാതൊരു നിയന്ത്രണവുമില്ല. ഇത് തെറ്റായ നീക്കമാണ്. അങ്ങ് കേരളത്തെ മദ്യത്തിൽ മുക്കികൊല്ലാൻ ശ്രമിക്കുകയാണ്. മദ്യം മാത്രമല്ല, മയക്കമരുന്നുകളുടെ ഉപയോഗവും ഇന്ന് കേരളത്തിലെ സ്കൂളുകളിലും കോളേജുകളിലും വ്യാപിച്ചിരിക്കുന്നുവെന്ന് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. സ്കൂളുകളിൽ മദ്യത്തിനെതിരായ ബോധവൽക്കരണം നടത്തുമെന്ന് എൽ.ഡി.എഫ്. ഗവൺമെന്റ് പറയുന്നുണ്ട്. ഇതിനെതിരെ ശക്തമായ രീതിയിലുള്ള ക്യാമ്പയിൻ ഉണ്ടായില്ലെങ്കിൽ ശോഭിക്കുന്ന യൗവ്വനം മയങ്ങുന്ന യൗവ്വനമായി മാറും. ഇന്ന് കോളേജുകളിൽ പെൺകുട്ടികൾപോലും ഡ്രഗ്സിന് അടിമകളായി മാറുന്നു. അതുകൊണ്ട് അങ്ങയുടെ വകുപ്പ് മുൻകയ്യെടുത്ത് കേരളത്തിലെ സ്കൂളുകളിലും കോളേജുകളിലും സമഗ്രമായ ആന്റി ഡ്രഗ്സ് ക്യാമ്പയിൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനാഭ്യർത്ഥന നമ്പർ XXIV - തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും ആണ്. പ്രവാസികാര്യ വകുപ്പുമന്ത്രി ബഹുമാന്യനായ മുഖ്യമന്ത്രിയാണ്. അദ്ദേഹത്തെ ഇവിടെ കാണുന്നില്ല. ഇതുതന്നെയാണ് നോർക്ക വകുപ്പിന്റെയും അവസ്ഥ. നോർക്ക വകുപ്പിന് നാഥനില്ല. ഈ വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയിലെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഹാജരാകേണ്ടതല്ലേ? അത്

തെറ്റായിപ്പോയി. അദ്ദേഹം ഹാജരാകേണ്ടതായിരുന്നു. ഇതിന് ഉത്തരം പറയാൻ അദ്ദേഹം ബാധ്യസ്ഥനാണ്. പല എം.എൽ.എ.-മാരും മുൻകാല പ്രവാസികളാണ്. നമ്മൾ മറുനാട്ടുകളിൽ പോകാറുണ്ട്. നിങ്ങൾ നാട്ടിലേയ്ക്ക് വന്ന് ഇവിടെ ഇൻവെസ്റ്റ് ചെയ്യണമെന്ന് നമ്മൾ അവരോട് പറയും. സമ്പത്തുണ്ടാക്കി നാട്ടിൽ വന്ന് വ്യവസായം ആരംഭിക്കണമെന്നാണ് ഏതൊരു പ്രവാസിയുടെയും ആഗ്രഹം. ഇന്ന് കേരളത്തിലെ വ്യാവസായിക അന്തരീക്ഷം പ്രവാസികൾക്ക് അനുകൂലമാണോ? ഏത് ഇൻവെസ്റ്ററുടെയും പ്രൈമറി കൺസേൺ എന്താണ്? മുടക്കുന്ന പണം തിരിച്ചുകിട്ടാൻ സാധിക്കണം. ഇന്ന് മുടക്കുന്ന പണം മാത്രമല്ല മുടക്കുന്ന ആളിന്റെ (ഇൻവെസ്റ്ററുടെ) ജീവൻപോലും അപകടത്തിലാണ്. ഈ സർക്കാരിന്റെ കാലത്ത് നടന്ന രണ്ട് ആത്മഹത്യകൾ, 25-02-2018-ൽ പത്തനാപുരത്ത് വിളക്കുടിയിൽ സുഗതൻ ആത്മഹത്യ ചെയ്തിട്ട് 16 മാസമായി. ഇന്നുവരെ സുഗതന്റെ വ്യവസായ സ്ഥാപനത്തിന് ലൈസൻസ് നൽകാൻ സാധിച്ചിട്ടുണ്ടോ; അതിനുശേഷം ആന്തൂരിലെ സാജൻ ആത്മഹത്യ ചെയ്തിട്ട് ഇപ്പോൾ പത്ത് ദിവസം കഴിഞ്ഞു. സാജന്റെ ആത്മഹത്യയെക്കുറിച്ച് സഭ ചർച്ച ചെയ്തതാണ്. അദ്ദേഹത്തിന്റെ ആത്മാവിനോട് നീതി കാണിക്കണം. 24 മണിക്കൂറിനുള്ളിൽ ലൈസൻസ് നൽകണമായിരുന്നു. ലൈസൻസ് ക്രമാനുഗതമാണ്, ചട്ടങ്ങൾ പാലിച്ചാണ് നൽകുന്നതെന്ന് എല്ലാവരും പറയുന്നു. ഇക്കാര്യത്തെക്കുറിച്ച് നല്ല ബോധ്യമുള്ളയാളാണ് എന്റെ സ്നേഹിതൻ തളിപ്പറമ്പ് എം.എൽ.എ. ശ്രീ. ജെയിംസ് മാത്യു. സാജൻ ആത്മഹത്യചെയ്ത് പത്ത് ദിവസമായിട്ടും ആ വ്യവസായ സ്ഥാപനത്തിന് ലൈസൻസ് നൽകാൻ സാധിച്ചിട്ടില്ല. ഇത് എന്ത് മെസേജാണ് നൽകുന്നത്? ഇങ്ങനെയുള്ളൊരു പശ്ചാത്തലത്തിൽ ഏതെങ്കിലും പ്രവാസി വ്യവസായത്തിനായി കേരളത്തിലേയ്ക്ക് വരുമോ? പ്രവാസികളുടെ ഇൻവെസ്റ്റുമെന്റിന് സുരക്ഷയില്ല. അനാവശ്യ ചട്ടങ്ങൾ അടിച്ചേൽപ്പിക്കുന്നു. ഇത്തരത്തിലുള്ളൊരു സമീപനം സ്വീകരിക്കുമ്പോൾ ഒരു കാര്യം മനസ്സിലാക്കണം, എന്ത് ആഹ്വാനം ചെയ്താലും കേരളത്തിൽ പ്രവാസികളുടെ ഇൻവെസ്റ്റുമെന്റ് ഉണ്ടാകുന്നതിൽ ഒരു തെറ്റായ മെസേജാണ് നിങ്ങൾ നൽകുന്നത്.

ഈ ഗവൺമെന്റിന്റെ നേട്ടങ്ങളെപ്പറ്റി ശ്രീ. പി. സി. ജോർജിന്റെ ചോദ്യത്തിന് സഭയിൽ നൽകിയ ഉത്തരത്തിൽ പറയുന്നത് 'ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവാസികൾക്കായി നടപ്പിലാക്കിയ പദ്ധതികൾ - വിമാനത്താവളങ്ങളിൽ അടിയന്തര ആംബുലൻസ് സേവനം, ഓൺലൈൻ രജിസ്ട്രേഷൻ സമ്പ്രദായം, നോർക്കാ റൂട്ട്സിന്റെ നവീകരിച്ച കോൾ സെന്റർ.' പ്രവാസികളെല്ലാം വിമാനത്താവളത്തിലേയ്ക്ക് വരുന്നത് ആംബുലൻസിന് വേണ്ടിയാണല്ലോ. കഴിഞ്ഞ സർക്കാർ ആരംഭിച്ച് നടപ്പിലാക്കിയ കാര്യങ്ങളാണ്

നിങ്ങൾ ഇപ്പോൾ പറയുന്നതെന്ന കാര്യം മനസ്സിലാക്കണം. നിങ്ങൾ എന്തുചെയ്തു? നിങ്ങൾ നോർക്ക റൂട്ട്സിന്റെ കോൾ സെന്റർ സ്വകാര്യവൽക്കരിച്ചു. തൈക്കാട് നോർക്ക ഓഫീസിൽ 24x7 മണിക്കൂറും പ്രവർത്തിച്ചിരുന്ന നോർക്ക റൂട്ട്സിന്റെ കോൾ സെന്റർ സ്വകാര്യവൽക്കരിച്ച് ഒരു സ്വകാര്യ വ്യക്തിക്ക് കൈമാറി. അതാണ് നിങ്ങളുടെ ഒരു നേട്ടം. നോർക്ക ഓഫീസിൽ ഉണ്ടായിരുന്ന നോർക്കാ ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി) ഞങ്ങൾ ആരംഭിച്ചതാണ്. അതും നിങ്ങൾ നേട്ടങ്ങളായി പറയുന്നു. അതും സ്വകാര്യ മേഖലയ്ക്ക് കൈമാറികൊടുത്തു. ഇപ്പോൾ ആ സേവനവും ലഭ്യമല്ല, ഇങ്ങനെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഓരോ പദ്ധതികളും ചൂണ്ടിക്കാണിച്ചുകൊണ്ടാണ് നിങ്ങൾ അവകാശങ്ങൾ ഉന്നയിക്കുന്നത്. മടങ്ങിവരുന്നവർക്കുവേണ്ടിയുള്ള പ്രവാസി ക്ഷേമപദ്ധതികളെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പലപ്പോഴും പറയുന്നത് കേട്ടിട്ടുണ്ട്. സ്വയം തൊഴിൽ സംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി NDPREM പദ്ധതി ആരാണ് ആരംഭിച്ചത്? 11-3-2013-ലെ ജി.ഒ. നം. 75/2013. പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് NDPREM (Norka Department Project for Returned Emigrants) ആരംഭിച്ചത്. ആ പദ്ധതിയനുസരിച്ച് വ്യവസായികൾക്ക് 10 ശതമാനം ക്യാപിറ്റൽ സബ്സിഡി, 20 ലക്ഷം രൂപവരെ മൂലധനച്ചെലവ്, ആദ്യ നാല് വർഷം പലിശ സബ്സിഡി എന്നിവ നൽകുമായിരുന്നു. നിങ്ങൾ ആ സമ്പ്രദായത്തിൽ ഒരു മാറ്റവും വരുത്തിയില്ല. ഇപ്പോൾ പരമാവധി വായ്പ 20 ലക്ഷം രൂപയിൽനിന്നും 30 ലക്ഷം രൂപയാക്കിയെന്ന് പറയുന്നു. 30 ലക്ഷം രൂപയാക്കിയെന്ന് പറയുന്നതല്ലാതെ 30 ലക്ഷം രൂപ കേരളത്തിലെ ഒരു ബാങ്കുകളിൽനിന്നും വായ്പയായി കൊടുത്തിട്ടില്ല. മൂന്നുകൊല്ലം കൊണ്ട് യു.ഡി.എഫ്.-ന്റെ കാലത്ത് 1104 പേർക്ക് വായ്പ കൊടുത്തു. നിങ്ങൾ മൂന്നുകൊല്ലം കൊണ്ട് 1500 പേർക്ക് വായ്പ കൊടുത്തു. 300 എണ്ണം കൂടുതൽ കൊടുത്തു. NDPREM പദ്ധതി നടപ്പിലാക്കുന്നതിൽ നിങ്ങൾ പരാജയപ്പെട്ടില്ലേ? ഗൾഫ് രാജ്യങ്ങളിൽ ജോലി അവസരം കുറഞ്ഞുകൊണ്ടുവരികയാണെന്ന കാര്യം മനസ്സിലാക്കണം. നിതാഖത്തും സ്വദേശിവൽക്കരണവും വരുന്നു. വിദേശത്തുനിന്നും മടങ്ങിവരുന്നവരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്നു. മടങ്ങിവരുന്നവർക്ക് അവിടെയുണ്ടായിരുന്ന അവരുടെ സാങ്കേതിക പരിചയം വച്ചുകൊണ്ട് വ്യവസായം ആരംഭിക്കാൻ അനുകൂലമായ സാഹചര്യമുണ്ടാകണമെങ്കിൽ നയങ്ങളിൽ മാറ്റം വരുത്തണം. പ്രസംഗങ്ങളും വാചക കസർത്തുമല്ലാതെ ഒരു ആത്മാർത്ഥതയും നിങ്ങൾ കാണിക്കുന്നില്ല. ഇതിനുവേണ്ടി ഫണ്ട് മാറ്റിവച്ചു. നിങ്ങളുടെ കാലത്ത്, 2016-17-ൽ അനുവദിച്ചത് 12 കോടി രൂപ, ചെലവഴിച്ചത് 3 ¾ കോടി രൂപ.

2017-18-ൽ അനുവദിച്ചത് 16.35 കോടി രൂപ, ചെലവഴിച്ചത് 5 കോടി രൂപ. ബഡ്ജറ്റ് പ്രഖ്യാപനം വരുമ്പോൾ 15-ഉം 20-ഉം കോടി അനുവദിക്കുന്നതല്ലാതെ പണം ചെലവഴിക്കുന്നതിൽ നോർക്ക വകുപ്പ് ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണ്. ഗൾഫ് രാജ്യങ്ങളിലെ മലയാളികൾ മരണപ്പെട്ടാൽ മൃതദേഹം വീട്ടിലെത്തിക്കുന്നതിനുള്ള ചെലവ് നോർക്ക വഹിക്കുമെന്നാണ് 2019-20-ലെ ബഡ്ജറ്റിൽ പറയുന്നത്. ഇത് പുതിയ കാര്യമല്ല. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഞങ്ങൾ നടപ്പിലാക്കിയതാണത്. വിദേശങ്ങളിൽ മരിക്കുന്ന ആളുകളുടെ മൃതദേഹം കൊണ്ടുവരാൻ എംബസികളോ സ്പോൺസറോ പണം കൊടുത്തില്ലെങ്കിൽ കാരുണ്യ പദ്ധതിയിലൂടെ 50,000 രൂപ നോർക്ക കൊടുക്കുമായിരുന്നു. നിങ്ങൾ കാരുണ്യം എന്ന പേര് മാറ്റി മറ്റെന്തോ പുതിയ പേരിട്ടു. ഒരു പൈസപോലും അധികം കൊടുത്തിട്ടില്ല. ഇന്ത്യയ്ക്കകത്താണെങ്കിൽ മൃതദേഹം കൊണ്ടുവരുന്ന ആൾ 20,000 രൂപ കൊടുക്കുമായിരുന്നു. അതിലും ഒരു മാറ്റവും വരുത്തിയിട്ടില്ല. അതുപോലെ സാന്ത്വനം പദ്ധതി, മടങ്ങിവരുന്നവർക്കുള്ള സഹായങ്ങൾ നൽകുന്ന പദ്ധതിയാണത്. ഇത് യു.ഡി.എഫ്.-ന്റെ കാലത്ത് ആരംഭിച്ചതാണ്. 2005-ലാണ് സാന്ത്വനം പദ്ധതി ആരംഭിച്ചത്. ഞങ്ങൾ അത് വിപുലീകരിച്ചു. മരണപ്പെട്ട പ്രവാസികളുടെ ആശ്രിതർക്ക് നൽകുന്ന മരണാനന്തര സഹായം 50,000 രൂപയിൽനിന്നും ഒരു ലക്ഷം രൂപയായും രോഗ ചികിത്സയ്ക്കുവേണ്ടി നൽകിയിരുന്ന 25,000 രൂപ - 50,000 രൂപയായും മറ്റ് രോഗങ്ങളുടെ ചികിത്സയ്ക്കുവേണ്ടി നൽകിയിരുന്ന 10,000 രൂപ 20,000 രൂപയായും ഞങ്ങൾ വർദ്ധിപ്പിച്ചു. മൂന്ന് വർഷമായിട്ടും നിങ്ങൾ ഈ തുകയിൽ ഒരു പൈസപോലും വർദ്ധിപ്പിച്ചിട്ടില്ല. നോർക്ക ചെയർമാനായ മുഖ്യമന്ത്രിക്ക് ബോധ്യമാകുന്ന കേസ്സുകളിൽ ചികിത്സയ്ക്കായി നോർക്ക ചെയർമാൻ ഫണ്ട് അനുവദിക്കുമായിരുന്നു. അതും കോൾഡ് സ്റ്റോറേജിലായി. ഇന്ന് പ്രവാസി സമൂഹത്തിന്റെ പ്രയാസങ്ങൾ പറയാൻ ഒരു വേദിയില്ല. യു.ഡി.എഫ്. ഭരിക്കുമ്പോൾ 24 മണിക്കൂറും പ്രാപ്യനായ മുഖ്യമന്ത്രി കേരളത്തിനുണ്ടായിരുന്നു. അദ്ദേഹത്തെ ഏത് സാധാരണക്കാരനും ഏത് പ്രവാസിക്കും ടെലിഫോണിലൂടെ ബന്ധപ്പെടാൻ സാധിക്കുമായിരുന്നു. നോർക്ക വകുപ്പുമന്ത്രി ഫോണിൽ അവയിലബിളായിരുന്നു. ഇന്ന് ആളുകൾ പറയുന്നത്, കേരളത്തിലെ മുഖ്യമന്ത്രിയെ പ്രവാസികൾക്ക് പോയിട്ട് എൽ.ഡി.എഫ്. എം.എൽ.എ.-മാർക്കുപോലും വിളിക്കാൻ സാധിക്കുന്നില്ല. മുഖ്യമന്ത്രി പ്രാപ്തനല്ല. ഇവിടെ എല്ലാ പദ്ധതികളും പരാജയപ്പെട്ടിരിക്കുന്നു. ലോക കേരളസഭ നടത്തിയിട്ട് ഒരു വർഷം കഴിഞ്ഞു. മൂന്ന് മാസംമുമ്പ് ദുബായിൽ വച്ച് പശ്ചിമ ഏഷ്യൻ മേഖലാ സമ്മേളനം നടത്തി. ലോക കേരളസഭയുടെ 48 ശിപാർശകളിൽ ഒരെണ്ണമെങ്കിലും നടപ്പിലായിട്ടുണ്ടോ? ശിപാർശകൾ

നടപ്പിലാക്കാൻ നടപടി സ്വീകരിക്കുന്നില്ല. ലോക കേരളസഭ പരാജയമായി മാറി. ആന്തൂറിലെ സാജൻ എന്ന പ്രവാസിയുടെ മരണത്തിനിടയാക്കിയ സാഹചര്യങ്ങളും നിങ്ങളുടെ സമീപനവും അവഗണനയും കണക്കിലെടുത്തുകൊണ്ടാണ് പ്രതിപക്ഷനേതാവും യു.ഡി.എഫ്. നേതാക്കന്മാരും ലോകകേരളസഭയിൽനിന്ന് രാജിവയ്ക്കാൻ തീരുമാനിച്ചത്. ഈ സർക്കാരിന്റെ പ്രവാസികളോടുള്ള സമീപനം തെറ്റാണ്. ദയവായി ഈ നയങ്ങൾ തിരുത്തണം. കേരളത്തിന്റെ സമ്പദ്ഘടനയിൽ വലിയ പങ്കുവഹിക്കുന്ന പ്രവാസികളോടുള്ള സമീപനത്തിൽ ആത്മാർത്ഥത കാണിക്കണം. അവരെ വെറും കറവപ്പശുക്കളായി കാണാതെ, രാഷ്ട്രീയക്കാർക്കും നേതാക്കന്മാർക്കും പണം പിരിക്കാനുള്ള സോഴ്സായി കാണാതെ, അവരുടെ വിഷയങ്ങളിൽ ആത്മാർത്ഥത കാണിക്കാൻ തയ്യാറാകണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ദേശീയതലത്തിൽ തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഒരു യോജിച്ച സമരവേദി ബി.എം.എസ്. ഒഴികെയുള്ള എല്ലാ ട്രേഡ് യൂണിയൻ സംഘടനകളുടെയും പങ്കാളിത്തത്തോടെ നടപ്പിലാക്കി വരികയാണ്. തൊഴിലാളികളുടെ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള നിരവധി പ്രക്ഷോഭങ്ങളാണ് ട്രേഡ് യൂണിയൻ ഐക്യവേദി സംഘടിപ്പിച്ചുവരുന്നത്. കേന്ദ്രനയം അങ്ങേയറ്റം തൊഴിലാളിവിരുദ്ധമാണെന്ന സമീപനമാണ് തൊഴിലാളി സംഘടനകളുടെ യോജിച്ച നില വ്യക്തമാക്കുന്നത്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഇതിൽനിന്നെല്ലാം വ്യത്യസ്തമായ നിലയിൽ ഒരു തൊഴിലാളിവർഗ്ഗ ബദൽ മുന്നോട്ടുവച്ചുകൊണ്ടുള്ള നിലപാടാണ് സ്വീകരിച്ചുവരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു വർഷത്തിൽ രണ്ടുതവണയെങ്കിലും കേരളത്തിലെ എല്ലാ ട്രേഡ് യൂണിയൻ സംഘടനകളുടെയും യോഗങ്ങൾ ചേർന്ന് തൊഴിൽ മേഖലയിൽ പ്രാവർത്തികമാക്കേണ്ട വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യാറുണ്ട്. ഞാൻ ഇവിടെ വ്യക്തമാക്കുന്നത്, കേരളത്തിലെ ട്രേഡ് യൂണിയൻ സംഘടനകളുമായി ചർച്ച നടത്തി യോജിപ്പുണ്ടാക്കിക്കൊണ്ടാണ് വിവിധ പ്രശ്നങ്ങളിൽ ഗവൺമെന്റ് നിലപാടുകളെടുക്കുന്നത്. അതുകൊണ്ടുതന്നെ ഐക്യത്തിന്റെ സന്ദേശം സഭയിൽ പ്രതിഫലിക്കേണ്ടതാണ്. ഏതൊരു വിഭാഗത്തിന്റെ പ്രശ്നങ്ങളാണോ ഇവിടെ ചർച്ച ചെയ്യുന്നത് ആ പ്രാധാന്യം തുടക്കത്തിൽത്തന്നെ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ ആ ജനവിഭാഗത്തോടുള്ള നീതി പുലർത്തലാണോ വിവിധ പ്രശ്നങ്ങളെ സമീപിച്ചുകൊണ്ടെടുത്ത നിലപാട് എന്നുള്ളത് പരിശോധിക്കേണ്ട കാര്യമാണ്. ആരോഗ്യകരമായ തൊഴിലാളി-തൊഴിലുടമ ബന്ധം ശക്തിപ്പെടുത്തുന്നതിന് സഹായകരമായ നിലപാടാണ്

ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തിയും തൊഴിലും തൊഴിലവകാശങ്ങളും സംരക്ഷിച്ചുമാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ആഗോളതലത്തിൽ തൊഴിൽമേഖലയിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായ നൈപുണ്യശേഷി തൊഴിലാളികളിൽ വർദ്ധിപ്പിച്ചെടുക്കുന്നതിന് സഹായകരമായ പദ്ധതിയാണ് ഇവിടെ നടപ്പിലാക്കി വരുന്നത്. തൊഴിലാളികളുടെ മിനിമംകൂലി സംബന്ധിച്ച് അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. കേരളത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം 30 മേഖലകളിൽ മിനിമംകൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പതിമൂന്ന് മേഖലകളിൽ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചുകഴിഞ്ഞു. കാലാവധി പൂർത്തിയാക്കിയിട്ടുള്ള എല്ലാ മേഖലകളിലും മിനിമം വേജസ് പുതുക്കി നിശ്ചയിക്കുന്നതിനുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

തോട്ടം തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ ഇവിടെ ഉന്നയിക്കപ്പെട്ടു. എല്ലാ പ്രശ്നങ്ങളോടും അനുകൂലമായ സമീപനമാണ് ഈ ഗവൺമെന്റിനുള്ളത്. അവരുടെ കൂലി വർദ്ധനവുമായി ബന്ധപ്പെട്ട പ്രശ്നം പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ പരിഗണനയിലാണ്. ചർച്ച നീണ്ടുപോയ ഘട്ടത്തിൽ പ്ലാന്റേഷൻ സെക്ടറിൽ ജോലി ചെയ്യുന്ന എല്ലാ തൊഴിലാളികൾക്കും ഒരു ദിവസം 50 രൂപ എന്ന നിലയിൽ ഇടക്കാലാശ്വാസം നൽകി തൊഴിലാളികളെ സഹായിക്കാൻ ശ്രമിച്ചിട്ടുണ്ട്. തോട്ടം മേഖല കടുത്ത പ്രതിസന്ധി നേരിടുകയാണ്. എങ്ങനെ പിടിച്ചുനിൽക്കാൻ കഴിയുമെന്ന സ്ഥിതിയിലാണ് തോട്ടം മേഖല. അവിടെ കൂടിയാലോചനയിലൂടെ, പരസ്പരം കാര്യങ്ങൾ മനസ്സിലാക്കി, തോട്ടം മേഖലയുടെ നിലനിൽപ്പിന് അടിസ്ഥാനമായ സമീപനത്തിൽ നിന്നുകൊണ്ട്, തൊഴിലാളികളുടെ ആനുകൂല്യങ്ങൾ കൈകാര്യം ചെയ്യുന്നതിനാണ് ഗവൺമെന്റ് ശ്രമിക്കുന്നതെന്നും ഈ സന്ദർഭത്തിൽ ഞാൻ വ്യക്തമാക്കുകയാണ്. നവഉദാരവൽക്കരണത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ നിയമഭേദഗതികളിലൂടെ തൊഴിലാളികളുടെ അവകാശങ്ങൾ ഒന്നൊന്നായി കവർന്നെടുത്തുകൊണ്ടിരിക്കുന്നു. അടുത്ത കാലത്തെ കേന്ദ്ര തൊഴിൽ നിയമ ഭേദഗതികളെല്ലാം തൊഴിലാളികളുടെ നിലനിൽപ്പ് അപകടത്തിലാക്കുന്നതും കോർപ്പറേറ്റുകളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതുമാണെന്ന് കാണാം. നാൽപ്പതോളം തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ച് നാല് കോഡുകളാക്കി മാറ്റാൻ ശ്രമിച്ചുവരികയാണ്. ഈ മാറ്റത്തിലൂടെ തൊഴിലാളിക്ക് ലഭിച്ചുവരുന്ന സംരക്ഷണങ്ങൾ പരിമിതപ്പെടുത്തും. തൊഴിലാളികളുടെ അവകാശങ്ങൾ ഇല്ലാതാക്കുക എന്നതാണ് കേന്ദ്രസർക്കാരിന്റെ ഇപ്പോഴത്തെ ലക്ഷ്യം. ഇന്ന് കേരളത്തിൽ വളരെ പ്രശംസനീയമായ നിലയിൽ

പ്രവർത്തിച്ചുവരുന്നതാണ് തൊഴിലാളി ക്ഷേമനിധി ബോർഡുകൾ. അവയുടെ നിലനിൽപ്പുപോലും ചോദ്യം ചെയ്യപ്പെടുന്ന നടപടിയാണിത്. തൊഴിലാളിവിരുദ്ധ നടപടികളോടുള്ള സംസ്ഥാന ഗവൺമെന്റിന്റെ ശക്തമായ എതിർപ്പ് കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഈ എതിർപ്പ് ഗവൺമെന്റിന്റെ മാത്രം എതിർപ്പല്ല, കേരളത്തിൽ ജോലി ചെയ്യുന്ന എല്ലാ വിഭാഗം തൊഴിലാളികളുടെയും സംഘടനകളുടെയും എതിർപ്പാണ് എന്നുള്ളതുകൂടി വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കേന്ദ്രനയത്തിൽനിന്നും വിഭിന്നമായി തൊഴിലാളിപക്ഷ ബദൽനയങ്ങൾ ഉയർത്തിപ്പിടിച്ചാണ് സംസ്ഥാന സർക്കാർ രാജ്യത്തിനുതന്നെ മാതൃകയായി പ്രവർത്തിക്കുന്നതെന്നുള്ളതും ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, തോട്ടം മേഖല കടുത്ത പ്രതിസന്ധിയിലാണെന്ന് അങ്ങ് മറുപടിയിൽ പറഞ്ഞു. 1925-കളിൽ രൂപീകൃതമായ നയത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോഴും തോട്ടം മേഖലയുടെ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുപോരുന്നത്. ഈ പ്രതിസന്ധി മറികടക്കുന്നതിന് പ്ലാന്റേഷൻ മേഖലയുമായി ബന്ധപ്പെട്ട് ഗവൺമെന്റ് പുതിയൊരു നയം ആവിഷ്കരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, അത് സംബന്ധിച്ചുള്ള തീരുമാനം നേരത്തേ വ്യക്തമാക്കിയിട്ടുള്ളതാണ്. ഒരു പുതിയ പോളിസി ഇക്കാര്യത്തിൽ ആവിഷ്കരിക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിലാണ് ഗവൺമെന്റ്. ഒരു പുതിയ നയം ആവിഷ്കരിച്ച് നടപ്പിലാക്കുക തന്നെ ചെയ്യും. ഇവിടെ തൊഴിൽ വകുപ്പിന്റെ കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ ക്ഷേമനിധി ബോർഡുകളും തൊഴിൽ വകുപ്പിന്റെ കീഴിലല്ല പ്രവർത്തിക്കുന്നത്. 16 ക്ഷേമനിധി ബോർഡുകളിലായി നിലവിലുള്ള അംഗസംഖ്യ 87,28,248 ആണ്. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ പതിനഞ്ചര ലക്ഷം തൊഴിലാളികൾ ക്ഷേമനിധി ബോർഡുകളിൽ അധികം അംഗങ്ങളായി ചേർന്നിട്ടുണ്ട്. ഇത് ശ്രദ്ധേയമായ ഒരു കാര്യമാണ്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പെൻഷൻ 600 രൂപയായിരുന്നു. ഇപ്പോൾ പെൻഷൻ 1,200 രൂപയാണ്. കർഷകത്തൊഴിലാളി രംഗത്തുള്ള പ്രശ്നങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട ചിറ്റയം ഗോപകുമാർ ഇവിടെ പരാമർശിക്കുകയുണ്ടായി. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കർഷകത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ കൊടുക്കുന്നതിനുവേണ്ടി ഒരു രൂപപോലും കൊടുത്തില്ല. 300 കോടി രൂപ കുടിശ്ശികയായിരുന്നു. അധിവർഷാനുകൂല്യങ്ങൾ കൊടുക്കാതെ 300 കോടി രൂപ കുടിശ്ശികയായി നിന്നു. ആ കുടിശ്ശികയിലേയ്ക്ക് ഈ ഗവൺമെന്റ്

കഴിഞ്ഞ 2 വർഷങ്ങളിലായി 130 കോടി രൂപ നൽകിയിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കുടിശ്ശിക ഇട്ടതാണെങ്കിലും മുഴുവൻ കുടിശ്ശികയും കൊടുത്ത് തീർക്കുന്നതിനുവേണ്ടിയുള്ള നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത് എന്നുള്ളതും ഈ സന്ദർഭത്തിൽ ഞാൻ വ്യക്തമാക്കുകയാണ്.

ഇതര സംസ്ഥാനങ്ങളിൽനിന്നും ഇവിടെ വന്ന് ജോലി ചെയ്യുന്ന തൊഴിലാളികൾ കേരളത്തിന്റെ സമ്പദ്ഘടനയിൽ, തൊഴിൽ മേഖലയിൽ ഒരു പ്രധാനപ്പെട്ട ഘടകമാണ്. കേരളത്തിലുള്ള തൊഴിലാളികൾക്കുള്ള എല്ലാ നിയമ സംരക്ഷണവും ഈ തൊഴിലാളികൾക്കും നൽകുന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ആവാസ് എന്നൊരു പദ്ധതി ഈ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരം 2 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് ആനുകൂല്യം അപകടമരണങ്ങൾക്ക് ലഭിക്കും. അതോടൊപ്പം 15,000 രൂപയ്ക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന പദ്ധതി ഇവിടെ പ്രാവർത്തികമാക്കുകയാണ്. ഈ പദ്ധതി ലോകത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റിയിട്ടുള്ളതാണ്. നാല് ലക്ഷം തൊഴിലാളികൾ ഇപ്പോൾ അംഗങ്ങളായി ചേർന്നുകഴിഞ്ഞിട്ടുണ്ട്. ശേഷിക്കുന്ന അംഗങ്ങളെയും ഇതിൽ അംഗങ്ങളാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് താമസിക്കുന്നതിനുള്ള സൗകര്യമൊരുക്കുന്ന പദ്ധതിയാണ് 'അപ്നാ ഘർ'. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ആ പദ്ധതി ആരംഭിച്ചത്. ഈ ഗവൺമെന്റ് ഈ പദ്ധതി കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുവേണ്ടിയുള്ള നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് കഞ്ചിക്കോട്ടുള്ള 'അപ്നാ ഘർ' പദ്ധതി പ്രകാരം പണി പൂർത്തീകരിച്ച് തൊഴിലാളികൾക്ക് വിതരണം ചെയ്തു. 596 തൊഴിലാളികൾ ഇപ്പോൾ അവിടെ താമസിക്കുന്നുണ്ട്. തിരുവനന്തപുരം, പെരുമ്പാവൂർ, കോഴിക്കോട് എന്നീ മേഖലകളിലെല്ലാം ഇതുപോലുള്ള താമസ സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത് കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി ആനുകൂല്യങ്ങളിലും ഈ തൊഴിലാളികളെ ലക്ഷ്യംവച്ചുകൊണ്ടുള്ള വലിയ തോതിലുള്ള വർദ്ധനവ് വരുത്തിയിട്ടുണ്ട്. തൊഴിലാളി പക്ഷത്തുനിന്നുകൊണ്ടുള്ള നിയമഭേദഗതികളാണ് ഈ ഗവൺമെന്റ് കൊണ്ടുവരുന്നത് എന്നുള്ളത് ഈ കഴിഞ്ഞ വർഷങ്ങളിലെ ഭരണാനുഭവം തെളിയിക്കുന്നതാണ്. കേന്ദ്രത്തിൽനിന്ന് തികച്ചും വ്യത്യസ്തമായ നിലപാടാണ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നത് എന്നുള്ളത് നമുക്ക് മനസ്സിലാക്കാം. അതിൽപ്പെട്ട

ചില കാര്യങ്ങളാണ് ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങളിൽ ചിലരെല്ലാം ചൂണ്ടിക്കാണിച്ചത്. സ്ത്രീകളുൾപ്പെടെയുള്ള തൊഴിലാളികൾക്ക് ഇരിക്കുന്നതിനുള്ള അവകാശത്തിലും മിനിമം വേജസ് നൽകുന്നതിലും വീഴ്ച വരുത്തുകയോ നിയമലംഘനം നടത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ 500 രൂപയിൽനിന്നും 2 ലക്ഷം രൂപയായി പിഴ ഉയർത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മിനിമം കൂലി വർദ്ധിപ്പിക്കും എന്ന നിർദ്ദേശം പ്രകടനപത്രികയിൽ ഉണ്ടായിരുന്ന ഒരു കാര്യമാണ്. തൊഴിലാളികളുടെ മിനിമം കൂലി വർദ്ധിപ്പിക്കുമെന്നായിരുന്നു നേരത്തേ പറഞ്ഞിരുന്നത്. ഇതുവരെയും അത് വർദ്ധിപ്പിച്ചിട്ടില്ല എന്ന് തൊഴിലാളി സംഘടനകൾ പറയുന്നു. അതിനുള്ള നടപടി സ്വീകരിക്കുമോ; അതുമായി ബന്ധപ്പെട്ട നിലപാട് എന്താണ്?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഞാനത് ആരംഭത്തിൽത്തന്നെ സംസാരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ശ്രദ്ധയിൽ വരാത്തതുകൊണ്ടായിരിക്കാം. 30 മേഖലകളിൽ മിനിമം കൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. എല്ലാം വർദ്ധനവാണ്. മാത്രമല്ല, 13 മേഖലകളുടെ മിനിമം കൂലി നിശ്ചയിക്കുന്നതിനുവേണ്ടിയുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. കാലാവധി പൂർത്തിയായിട്ടുള്ള എല്ലാ മേഖലകളിലും മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. മിനിമം കൂലി വർദ്ധിപ്പിക്കുക തന്നെയാണ് ചെയ്തിട്ടുള്ളത്. തൊഴിൽ മേഖലയുടെ സ്ഥിതികൂടി പരിഗണിക്കുന്നുണ്ട്. ഒരു തൊഴിലാളിയുടെ കുറഞ്ഞ കൂലി 600 രൂപയായി ഉയർത്തണം എന്നതാണ് ഗവൺമെന്റിന്റെ പൊതുനയം. അതിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടക്കുന്നുണ്ട്. പ്രായോഗികതകൂടി പരിശോധിച്ചുകൊണ്ടുള്ള ഒരു സമീപനമാണ് ഇക്കാര്യത്തിൽ ഗവൺമെന്റ് സ്വീകരിക്കുന്നത്. സെയിൽസ് പ്രൊമോഷൻ തൊഴിലാളികളെ വ്യവസായ തർക്ക നിയമത്തിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടിയുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ നിയമപ്രകാരമുള്ള രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഓൺലൈനായി അപേക്ഷ ലഭിക്കുന്ന ദിവസം തന്നെ വിതരണം ചെയ്യാൻ സാധിക്കത്തക്ക നിലയിലുള്ള നിയമഭേദഗതിയും കേരളത്തിൽ അംഗീകരിച്ചിട്ടുണ്ട്. തൊഴിൽ നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഈ മേഖലയിൽ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. ടെക്സ്റ്റൈൽ, ജ്വവലറി, സ്വകാര്യ ആശുപത്രി, കടകൾ, വാണിജ്യ സ്ഥാപനങ്ങൾ, മാളുകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിലെല്ലാം പരിശോധന തുടർന്നുകൊണ്ടിരിക്കുകയാണ്. തൊഴിൽ തർക്കങ്ങളിലെല്ലാം ഗവൺമെന്റ് ഫലപ്രദമായി ഇടപെട്ട് വരുന്നുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 14,693 തർക്കങ്ങൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉയർന്നുവന്നു. അതിൽ

11,249 എണ്ണത്തിനും ചർച്ചകളിലൂടെ പരിഹാരം കണ്ടു. മറ്റ് വിഷയങ്ങളും ചർച്ചയിലൂടെ പരിഹാരം കാണുന്നതിനുവേണ്ടിയുള്ള നടപടികളാണ് സ്വീകരിക്കുന്നത്. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ വേതനം ഉറപ്പുവരുത്തുന്നതിനുവേണ്ടി സുരക്ഷാ പദ്ധതി കൊണ്ടുവന്നു. നിയമം നടപ്പിലാക്കുക എന്നുള്ള നടപടിയുടെ ഭാഗമായി ഇവിടെ ഗ്രേഡിംഗ് സമ്പ്രദായം കൊണ്ടുവരുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ ജോബ് ഫെയറുകൾ നടത്തി എത്രയാളുകൾക്ക് തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്; അതിൽ സാങ്കേതിക വിദ്യാഭ്യാസമുള്ള, സാങ്കേതിക ഡിഗ്രിയുള്ള, സാധാരണക്കാർ ഉൾപ്പെടെ തരംതിരിച്ചുള്ള കണക്ക് അങ്ങയുടെ കയ്യിലുണ്ടോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, എന്റെ പ്രസംഗത്തിൽ അത് പറയാൻ ഉദ്ദേശിക്കുന്നുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബി.ജെ.പി.-യുടെ നേതൃത്വത്തിൽ ആരുമറിയാതെ ജോബ് ഫെയർ നടത്തുകയാണ്. അത് തൊഴിൽ വകുപ്പുകൂടി അറിഞ്ഞിട്ടാണോ; സംസ്ഥാന തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ടാണോ അത് നടത്തുന്നത്; പല സ്ഥലങ്ങളിലും ബി.ജെ.പി.-യുടെ നേതൃത്വത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഉദ്യോഗസ്ഥരെയൊക്കെ വിളിച്ച് പാർട്ടി അടിസ്ഥാനത്തിൽ ജോബ് ഫെയർ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ഈ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബി.ജെ.പി. നടത്തുന്ന ജോബ് ഫെയറിന് കേരള ഗവൺമെന്റുമായി യാതൊരു ബന്ധവുമില്ല. ഗവൺമെന്റുമായി ആലോചിച്ചിട്ടുമല്ല ഇത് നടത്തുന്നത്. കേരളത്തിൽ കേരള ഗവൺമെന്റ് തന്നെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ജോബ് ഫെയർ നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട മുൻമന്ത്രി പറഞ്ഞ വിഷയം ഞാൻ എന്റെ പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത് പിന്നീട് സംസാരിക്കും. ഇവിടെ മികച്ച തൊഴിലാളികൾക്ക്, ഗ്രേഡിംഗ് നടത്തുന്ന സമയത്ത് ഏറ്റവും നല്ല നിലയിൽ നിയമവിധേയമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് നമ്മൾ അവാർഡ് കൊടുക്കുന്നു. അവർക്ക് മാത്രമല്ല, അതിനേക്കാൾ പ്രധാനപ്പെട്ട പരിഗണന തൊഴിലാളികൾക്കും കൊടുക്കുന്നുണ്ട്. തൊഴിലാളികളുടെ സേവനം കൂടി പരിശോധിച്ച് കേരളത്തിലെ 12 തൊഴിൽ മേഖലകളിൽ മികച്ച തൊഴിലാളികൾക്ക് തൊഴിലാളി ശ്രേഷ്ഠ അവാർഡ് നൽകുന്നതിനുള്ള നടപടികളും ഗവൺമെന്റ് സ്വീകരിച്ച് അതിന്റെ

പരിശോധനകൾ പൂർത്തിയായി വരികയാണ്. തോട്ടം തൊഴിലാളികൾക്കായുള്ള ഭവന പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണത്തിന് ഇടുക്കി ജില്ലയിൽ കുറ്റ്യാർവാലിയിൽ തുടക്കം കുറിച്ചിട്ടുണ്ട്; പ്രവൃത്തി തുടങ്ങിക്കഴിഞ്ഞു. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ഗവൺമെന്റ് ആവിഷ്കരിച്ച പദ്ധതിയുടെ അടിസ്ഥാനത്തിൽ കൂടുതൽ തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാം.

ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് താമസിക്കാനുള്ള സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായിട്ടുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ഇടുക്കി അടിമാലിയിൽ ജനനി ഭവന പദ്ധതിയുടെ ഭാഗമായി പൂർത്തീകരിച്ച താമസ സമുച്ചയം 217 കുടുംബങ്ങൾക്ക് ലൈഫ് മിഷൻ വഴി സൗജന്യമായി കൈമാറ്റം ചെയ്തുകഴിഞ്ഞിട്ടുണ്ട്. എറണാകുളം പോഞ്ഞാശ്ശേരിയിൽ 74 കുടുംബങ്ങൾക്കുള്ള താമസ സമുച്ചയം - ലോ ഇൻകം ഗ്രൂപ്പിൽപ്പെടുന്ന തൊഴിലാളികളെ താമസിപ്പിക്കാൻ വിലയ്ക്ക് കൊടുക്കുന്ന ഫ്ലാറ്റ് നിർമ്മാണം - പൂർത്തിയായി വരികയാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് കൂടുതൽ അവസരമൊരുക്കുന്നതിന് 17 പുതിയ ഐ.ടി.ഐ.-കൾ ഇക്കാലയളവിൽ സ്ഥാപിച്ചിട്ടുണ്ട്. ഐ.ടി.ഐ.-കളുടെ നിലവാരമുയർത്താനും ആധുനിക കാലത്തിനനുസൃതമായ ട്രേഡുകൾ ആരംഭിക്കാനും നടപടി എടുത്തുവരുന്നുണ്ട്. ഇവിടെ ചർച്ചയിൽ ഒരു വിഷയം ഉന്നയിക്കുകയുണ്ടായി. കൂടുതൽ തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ, പുതിയ തൊഴിൽ സാധ്യതയുള്ള ട്രേഡുകൾ, എൻ.സി.വി.റ്റി.-യുടെ അംഗീകാരം വാങ്ങി പ്രാവർത്തികമാക്കാനുള്ള ട്രേഡുകൾ എന്നിവയോടെല്ലാം ഗവൺമെന്റിന് തത്വത്തിൽ യോജിപ്പാണുള്ളത്. അതിനനുസൃതമായിട്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സാനിട്ടറി ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് നടത്തുന്നതിന്റെ സാധ്യതയെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ പരിശോധന നടത്താൻ ഗവൺമെന്റ് സന്നദ്ധമാണ്. ഐ.ടി.ഐ.-കളിലെ ഇൻസ്ട്രക്ടർമാരുടെ ശമ്പളപരിഷ്കരണം, അവരുടെ സ്പെഷ്യൽ റൂൾസ് എന്നീ കാര്യങ്ങളെല്ലാം ഗവൺമെന്റിന്റെ പരിഗണനയിലുള്ള വിഷയമാണ് എന്നതുകൂടി ഈ സന്ദർഭത്തിൽ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴിയിൽ 2013-ൽ ഒരു ഐ.ടി.ഐ. ആരംഭിച്ചതാണ്. 1.7 ഏക്കർ സ്ഥലമുണ്ടെങ്കിലും സ്വന്തമായി കെട്ടിടമില്ല. റവന്യൂ വകുപ്പിൽനിന്നും ഐ.ടി.ഐ.-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. 5 ഇൻസ്ട്രക്ടർമാർ

വേണ്ടിടത്ത് 2 പേർ മാത്രമേയുള്ളൂ. പുതിയ കോഴ്സുകളും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഡി.റ്റി.പി. എന്നീ രണ്ട് കോഴ്സുകളാണ് ഇക്കാലമത്രയും തുടർന്നുവരുന്നത്. തൊഴിൽ സാധ്യതയുള്ള മെക്കാനിക്ക്, മോട്ടോർ വെഹിക്കിൾ, വെൽഡർ എന്നീ കോഴ്സുകൾക്കൂടി ആരംഭിക്കണം. ഐ.ടി.ഐ.-യിൽ പ്രിൻസിപ്പൽ ഇല്ല, വൈസ് പ്രിൻസിപ്പലിനാണ് ചാർജ്. അത്തരത്തിലുള്ള അപാകതകൾ പരിഹരിച്ച് കെട്ടിടനിർമ്മാണം നടത്തി ഐ.ടി.ഐ. ശാക്തീകരിക്കാനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ:</u> എല്ലാ ഐ.ടി.ഐ.-കളുടെയും പ്രവർത്തനങ്ങൾ പരിശോധിച്ച് പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കേരളത്തിലെ മുഴുവൻ ഐ.ടി.ഐ.-കൾക്കും നല്ല പരിഗണന നൽകിക്കൊണ്ടുള്ള സമീപനം തന്നെയാണ് ഇക്കാര്യത്തിൽ ഗവൺമെന്റ് സ്വീകരിക്കുക. ഐ.ടി.ഐ.-യിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ട്രെയിനീസ് എന്ന നിലയിൽ സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിനെ സംസ്ഥാന നൈപുണ്യ വികസന മിഷനായി ചുമതലപ്പെടുത്തി. നിർമ്മാണ മേഖലയിൽ ആഗോളതലത്തിൽ ഉയർന്നുവരുന്ന തൊഴിൽ സാധ്യത പ്രയോജനപ്പെടുത്താൻ ചവറയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ പ്രവർത്തനം ആരംഭിച്ചു. തൊഴിലന്വേഷകർക്ക് കൂടുതൽ അവസരം കണ്ടെത്തുന്നതിനുള്ള ജോബ് പോർട്ടലും തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആധുനികവൽക്കരിക്കുകയും തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്താൻ ഉദ്യോഗാർത്ഥികൾക്കായി വിവിധ പദ്ധതികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ ഇപ്പോൾ 11 ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകളുണ്ട്. അത് മൂന്ന് ജില്ലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കാനുള്ള ശ്രമം നടത്തുകയാണ്. കൂടുതൽ തൊഴിലവസരങ്ങൾക്കും ഉദ്യോഗാർത്ഥികൾക്ക് സഹായം നൽകുന്നതിനും വിദ്യാർത്ഥികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനും കരിയർ ഡെവലപ്മെന്റ് സെന്റർ കേരളത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നാല് ജില്ലകളിൽ ഇപ്പോൾ തുടങ്ങിക്കഴിഞ്ഞു. മറ്റ് ജില്ലകളിലേയ്ക്കുകൂടി ഇത് വ്യാപിപ്പിക്കുന്നതിനുള്ള ശ്രമം നടത്തുകയാണ്. ഉന്നത പഠനത്തിന് സഹായിക്കുന്ന 'ധനുസ്' എന്ന പദ്ധതിക്കും രൂപം നൽകിയിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി 35,800 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. എംപ്ലോയബിലിറ്റി സെന്റർ, മോഡൽ കരിയർ സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ, ഐ.ടി.ഐ.-കൾ തുടങ്ങിയവയിലൂടെയുള്ള ജോബ് ഫെയറുകളിലൂടെ

50,646 പേർക്ക് സ്വകാര്യ മേഖലയിൽ നിയമനം ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. മാത്രമല്ല ജോബ് ഓഫറും ലഭിച്ചിട്ടുണ്ട്. ജോബ് ഓഫറിന്റെ അടിസ്ഥാനത്തിൽ എത്ര പേർക്ക് തൊഴിൽ ലഭിക്കുന്നുവെന്നുള്ളതും സർക്കാരിന്റെ പരിശോധനയിൽ നിൽക്കുന്ന കാര്യങ്ങളാണ്. വിധവകൾക്കും അശരണരായ സ്ത്രീകൾക്കുമായി 'ശരണ്യ', ഭിന്നശേഷിക്കാർക്കുവേണ്ടി 'കൈവല്യ' എന്നിവയിലൂടെ സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. 'ശരണ്യ' മുഖേന 52 കോടി രൂപയും കൈവല്യയിലൂടെ 3.78 കോടി രൂപയും ഇതിനകം നൽകിയിട്ടുണ്ട്. ഒഡെപെക് മുഖേന വർഷം ശരാശരി 400 പേരെ വിദേശത്തേയ്ക്ക് റിക്രൂട്ട് ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കിവരികയാണ്. നഴ്സുമാർക്ക് യു.കെ.-യിൽ ജോലിയോടൊപ്പം പരിശീലനവും ലഭിക്കുന്ന പ്രത്യേക റിക്രൂട്ട്മെന്റ് പ്രോഗ്രാം ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്. ശരാശരി 8.5 കോടി രൂപ വാർഷിക വിറ്റുവരവുള്ള ട്രാവൽ ഡിവിഷൻ ഒഡെപെക്കിനുണ്ട്. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് എല്ലാവരുടെയും ശ്രദ്ധയ്ക്ക് വിധേയമാകുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഈ പ്രശ്നവുമായി ബന്ധപ്പെട്ട് ഒരു ചോദ്യം സഭയിൽ നേരത്തെ വന്നതും ബഹുമാനപ്പെട്ട അംഗങ്ങൾ ഓർക്കുന്നുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇ.എസ്.ഐ. ആനുകൂല്യങ്ങൾ പരമാവധി ലഭിക്കുന്നതിന് സഹായകരമായ സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. കേരളമാകെ ഇ.എസ്.ഐ. പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. 2017 ഫെബ്രുവരി 1 മുതൽ ഇ.എസ്.ഐ. പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കിവരികയാണ്. ഇ.എസ്.ഐ. ആശുപത്രികളിലും ഡിസ്പെൻസറികളിലും മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കാനും ആവശ്യമായ മരുന്നുകൾ ഉറപ്പുവരുത്താനും നടപടിയെടുത്തിട്ടുണ്ട്. ഇ.എസ്.ഐ. കോർപ്പറേഷനിൽനിന്നും ലഭ്യമായ കണക്കുകൾ അനുസരിച്ച് 2018 മാർച്ച് 31 വരെ 10,91,291 പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 3,19,030 പേർ പുതുതായി ഇ.എസ്.ഐ.-യിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2018-19-ലെ രജിസ്ട്രേഷന്റെ കണക്ക് ഇപ്പോഴും ലഭ്യമായിട്ടില്ല. ഉടമകളുടെ വിഹിതത്തിൽ വൻ കുറവ് വരുത്താനുള്ള തീരുമാനം ഇ.എസ്.ഐ. പദ്ധതി ദുർബലപ്പെടുത്തുന്നതിനാണ് സഹായിക്കുക. അതിനുള്ള നീക്കമാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് നടത്തിയിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ പക്ഷത്ത് ഉറച്ചുനിൽക്കുന്ന ബി.എം.എസ്.-ന്റെ പ്രതിനിധി, ഇ.എസ്.ഐ. കോർപ്പറേഷൻ അംഗംകൂടിയായ ശ്രീ. വി. രാധാകൃഷ്ണൻ കേന്ദ്ര ഗവൺമെന്റിന്റെ ഈ നീക്കത്തെ പരസ്യമായി വിമർശിച്ച് സ്റ്റേറ്റ്മെന്റ് ഇറക്കിയിട്ടുണ്ട്. എല്ലാ ട്രേഡ് യൂണിയൻ സംഘടനകളും ഈ പുതിയ നിർദ്ദേശത്തിന് എതിരാണ്. അതുകൊണ്ട് ഇ.എസ്.ഐ. ആനുകൂല്യങ്ങൾ സംരക്ഷിച്ചുനിർത്തുന്നതിനുള്ള ശക്തമായ

ഇടപെടൽ എല്ലാ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ ഉറച്ച സമീപനമാണ് സ്വീകരിക്കുന്നത്. ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന് കത്തയച്ചിട്ടുണ്ട്. കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ മുമ്പിൽ ഈ പ്രശ്നത്തിൽ പുനഃപരിശോധന നടത്തണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഇ.എസ്.ഐ. ആശുപത്രികളിൽ ആവശ്യമായ തസ്തികകളെല്ലാം നികത്തുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. 7 ആശുപത്രികളിൽ ഫാർമസി ഔട്ട്ലെറ്റുകൾ, 9 ആശുപത്രികളിൽ കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ, പേരൂർക്കടയിൽ മരുന്ന് പരിശോധനാ ലാബ് ഇതെല്ലാം പുതുതായി ഏർപ്പെടുത്തിയിട്ടുണ്ട്. തോട്ടട ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനുള്ള തീരുമാനവും തത്വത്തിൽ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. ജീവിതശൈലീ രോഗ ചികിത്സയ്ക്കായി 14 എൻ.സി.ഡി. ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. മുക്കത്തും കട്ടപ്പനയിലും പുതിയ ഡിസ്പെൻസറികൾ പ്രവർത്തിച്ചുതുടങ്ങി. കയർ, കശുവണ്ടി, മത്സ്യസംസ്കരണം, ക്രഷർ, പാക്കിംഗ് മേഖലകളിലെ തൊഴിലാളികളിൽ തൊഴിൽജന്യ രോഗനിർണ്ണയ സർവ്വേ നടത്തുന്നതിനുള്ള നടപടികളും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഒരു പുതിയ പദ്ധതികൂടി ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ കീഴിൽ കേരളത്തിൽ ഇപ്പോൾ നടപ്പിലാക്കുന്നുണ്ട്. അപകട സാധ്യത കൂടിയ ഫാക്ടറികളിൽ വിഷവാതക ചോർച്ച, തീപിടിത്തം, പൊട്ടിത്തെറി എന്നിവ ഉണ്ടായാൽ സമീപവാസികൾക്ക് മുൻകൂർ ജാഗ്രതാ നിർദ്ദേശം നൽകുന്നതിനായി മൊബൈൽ ആപ്പോടുകൂടി Remote Sensing Enabled Online Chemical Emergency Response System നടപ്പിലാക്കുന്നതിന് ഇന്ദിരാഗാന്ധി അറ്റോമിക് റിസർച്ച് കേന്ദ്രവുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഫാക്ടറി ലൈസൻസ് പുതുക്കൽ, രജിസ്ട്രേഷൻ എന്നിവ പൂർണ്ണമായി ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

കള്ള് ചെത്ത് വ്യവസായവുമായി ബന്ധപ്പെട്ട ചില പരാമർശങ്ങൾ ഉണ്ടായി. കള്ള് ചെത്ത് വ്യവസായം പൂർണ്ണമായി സംരക്ഷിക്കണം എന്നതാണ് ഗവൺമെന്റിന്റെ നിലപാട്. മദ്യനയത്തിന്റെ ഭാഗമായിത്തന്നെ സ്റ്റാർ ഹോട്ടലുകളിൽ കള്ള് വിൽക്കുന്നതിനുവേണ്ടി ഹോട്ടൽ മാനേജ്മെന്റ് സന്നദ്ധത പ്രകടിപ്പിച്ചുകഴിഞ്ഞാൽ അവർക്ക് അനുവാദം നൽകാമെന്നുള്ളത് ഗവൺമെന്റിന്റെ നയമായി അംഗീകരിക്കുകയും അത് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്റ്റാർ ഹോട്ടലുകളിൽ കള്ള് വിതരണം ചെയ്യുന്നതിനുള്ള നിലപാടുകൾ സ്വീകരിക്കാൻ ഉടമകൾ സന്നദ്ധമായിട്ടില്ലെന്നതാണ് വസ്തുത. ഗവൺമെന്റ് എല്ലാ തലങ്ങളിലും സംരക്ഷണം കൊടുക്കുന്നുണ്ട്. ഇപ്പോൾ toddy വ്യവസായത്തിലുള്ള പ്രശ്നങ്ങൾക്ക്

പരിഹാരം കാണുന്നതിനുള്ള നിർദ്ദേശത്തിന്റെ ഭാഗമായാണ് കള്ള് വ്യവസായത്തിലെ എല്ലാ ട്രേഡ് യൂണിയൻ സംഘടനകളുടെയും ആവശ്യംകൂടി പരിഗണിച്ചുകൊണ്ട് toddy board രൂപീകരിക്കുന്നതിനുള്ള നിലപാട് ഗവൺമെന്റ് സ്വീകരിക്കുന്നത്. അതിന്റെ കരട് നിയമം തയ്യാറായിട്ടുണ്ട്. തൊഴിലാളി സംഘടനകളിൽ ഈ പ്രശ്നങ്ങൾ ചർച്ച നടത്തി അഭിപ്രായ സമന്വയമുണ്ടാക്കി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. തെങ്ങുകൃഷി വർദ്ധിപ്പിക്കുന്നതിനുള്ള സമീപനവും ഇതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുണ്ട്. ശ്രീ. കെ. സി. ജോസഫ്, ശ്രീ. വി. പി. സജീന്ദ്രൻ എന്നീ ബഹുമാന്യരായ അംഗങ്ങൾ എക്സൈസ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസാരിച്ചപ്പോൾ കേരളത്തിൽ മദ്യം ഒഴുക്കുകയാണെന്ന് പറയുകയുണ്ടായി. അത് ഒരർത്ഥത്തിലും മനസ്സിലാകുന്നില്ല. കേരളത്തിൽ ബിവറേജസ് കോർപ്പറേഷനും കൺസ്യൂമർഫെഡ്ഡും നടത്തുന്ന ഔട്ട്ലെറ്റുകൾ ഒരെണ്ണംപോലും വർദ്ധിപ്പിച്ചിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടത്തിയതിനെക്കാൾ രണ്ടെണ്ണം കുറവാണ്. ത്രീ സ്റ്റാർ മുതൽ കേരളത്തിൽ നടന്നിരുന്ന ബാർ ഹോട്ടലുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ അത് ബിവറേജസിന്റെ വിൽപ്പനയിൽ കാണേണ്ടതല്ലേ; ബിവറേജസിൽ വിദേശ മദ്യത്തിന്റെ വിൽപ്പനയിൽ കുറവാണ് അനുഭവപ്പെടുന്നത്. വരുമാനം മാത്രം നോക്കിയിട്ട് കാര്യമില്ല. കേസുകളുടെ എണ്ണം കുറഞ്ഞു വരികയാണ് ചെയ്യുന്നത്. കേരളത്തിൽ ലഹരിവർജ്ജനത്തെ മുൻനിർത്തി ക്കൊണ്ടുള്ള പ്രചാരണത്തിന് സ്വാധീനം ലഭിച്ചു എന്നുതന്നെയാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. കേരളത്തിൽ നടപ്പിലാക്കിവരുന്ന എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ എന്താണെന്ന് പഠിക്കാനും ഇവിടത്തെ അനുഭവങ്ങൾ പരിശോധിക്കുന്നതിനും ആസ്സാം, ആന്ധ്രാപ്രദേശ്, തെലങ്കാന, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിലെ എക്സൈസ് ഉദ്യോഗസ്ഥർ അവിടത്തെ ഗവൺമെന്റിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇവിടെ വരികയും ഇവിടെ ഉദ്യോഗസ്ഥ തലത്തിൽ ചർച്ച നടത്തി പ്രശ്നങ്ങൾ മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. എൻഫോഴ്സ്മെന്റ് രംഗത്ത് ശക്തമായ നിലപാടിന് തന്നെയാണ് ശ്രമിക്കുന്നത്. എക്സൈസ് വകുപ്പ് മയക്കുമരുന്നടക്കമുള്ള ലഹരി വസ്തുക്കൾക്കെതിരായ നടപടിയിൽ സർവ്വകാല റെക്കോർഡാണ് കേരളത്തിൽ ഇപ്പോൾ സൃഷ്ടിച്ചിട്ടുള്ളത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരമേറ്റശേഷം 2019 മേയ് 31 വരെ 53,753 അബ്കാരി കേസുകളും 18,868 NDPS കേസുകളും 2,15,516 കോട്പ കേസുകളും (Ciggarattes and Other Tobacco Products Act) രജിസ്റ്റർ ചെയ്തുകഴിഞ്ഞിട്ടുണ്ട്. 31 കിലോഗ്രാം എം.ഡി.എം.എ.യും 118 കിലോഗ്രാം

ഹാഷിഷ് ഓയിലും ഉൾപ്പെടെ വകുപ്പിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ അളവ് മയക്കുമരുന്നുകളാണ് ഇക്കാലയളവിൽ പിടിച്ചെടുത്തത്. മയക്കുമരുന്നുവേട്ട ഊർജ്ജിതമാക്കാൻ എക്സൈസ് കമ്മീഷണറുടെ ചുമതലയിൽ മൂന്ന് സ്ക്വാഡുകൾ പ്രത്യേകമായി കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ ഒരു പുതിയ സ്പെഷ്യൽ സ്ക്വാഡുകൂടി രൂപപ്പെടുത്തി പ്രവർത്തിക്കുന്നുണ്ട്. ആ സ്ക്വാഡാണ് ബാംഗ്ലൂർ മുതൽ കേരളംവരെ തുടർച്ചയായി പിന്തുടർന്ന് ഒരു പ്രധാനപ്പെട്ട സംഘത്തെ പിടികൂടിയത്. 20 കോടി രൂപയുടെ ഹാഷിഷ് ഓയിലും കഞ്ചാവുമാണ് ഈ സ്പെഷ്യൽ സ്ക്വാഡ് പിടിച്ചെടുത്തത് എന്നുള്ളത് ഈ സന്ദർഭത്തിൽ വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഒരു ഡിമാന്റ് ഇവിടെ ഉയർന്നുവന്നിട്ടുണ്ട്. മയക്കുമരുന്നിനും വ്യാജ ലഹരി പദാർത്ഥങ്ങൾക്കുമെതിരെ കർശനമായ നടപടികൾ സ്വീകരിക്കാനും എക്സൈസ് വകുപ്പിനെ കൂടുതൽ കാര്യക്ഷമമാക്കാനും ക്രൈം ബ്രാഞ്ച് രൂപീകരിക്കണമെന്ന നിർദ്ദേശം അംഗീകരിക്കുകയാണ്. എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് കേരളത്തിൽ എക്സൈസ് വകുപ്പിന്റെ നിയന്ത്രണത്തിൽ കേസുകൾ കൈകാര്യം ചെയ്യുന്നതിന് ഒരു പ്രത്യേക ക്രൈം ബ്രാഞ്ച് രൂപീകരിക്കുമെന്നുള്ളത് ഈ സഭയ്ക്ക് ഉറപ്പ് നൽകുകയാണ്.

ഇവിടെ ലഹരിപദാർത്ഥങ്ങളുടെ വർദ്ധിച്ചുവരുന്ന ഉപയോഗം വളരെ ഗൗരവത്തിൽത്തന്നെയാണ് സംസ്ഥാന ഗവൺമെന്റ് കാണുന്നത്. ഇന്ന് രാവിലെ ഒരു ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഗവൺമെന്റിന്റെ സമീപനം ഇക്കാര്യത്തിൽ വ്യക്തമാക്കിക്കഴിഞ്ഞിട്ടുണ്ട്. കേരള ലഹരി വർജ്ജന മിഷൻ-വിമുക്തി, അത് ബോധവൽക്കരണത്തിനുള്ള പുതിയ പ്രസ്ഥാനമായി വളർന്നുകഴിഞ്ഞിട്ടുണ്ട്. എല്ലാ മേഖലകളിലും എല്ലാവരുടെയും സഹകരണത്തോടെ ലഹരിവർജ്ജന പ്രസ്ഥാനം ശക്തിപ്പെടുത്തുക എന്നുതന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിനനുസൃതമായി എക്സൈസ് വകുപ്പും കൂടുതൽ ശക്തിയാർജ്ജിക്കേണ്ടതുണ്ട്. തീർച്ചയായും ഇക്കാര്യങ്ങൾ സർക്കാർ ഗൗരവമായി പരിശോധിക്കും എന്നുതന്നെയാണ് വ്യക്തമാക്കുന്നത്. ആവശ്യം വേണ്ട തസ്തികകളെല്ലാം എക്സൈസ് വകുപ്പിൽ അനുവദിച്ച് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

മുൻ ഗവൺമെന്റിന്റെ കാലത്ത് അഞ്ച് വർഷം കൊണ്ട് 11 കോടി രൂപയുടെ പദ്ധതി വിഹിതമാണ് എക്സൈസിന് അനുവദിച്ചത്. ഇപ്പോൾ മൂന്ന് വർഷത്തിനിടയ്ക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് 41.52 കോടി രൂപ വകുപ്പിന്റെ പ്രവർത്തനങ്ങൾ സാമൂഹ്യ പ്രതിബദ്ധതയോടെ ഉയർത്തിക്കൊണ്ടുവരുന്നതിനുവേണ്ടി അനുവദിച്ചിട്ടുണ്ടെന്നുള്ളതും വ്യക്തമാക്കുകയാണ്.

വിദ്യാർത്ഥികളിൽ ഉയർന്നുവരുന്ന പ്രശ്നങ്ങളെക്കുറിച്ച് ഉത്കണ്ഠ പ്രകടിപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത് ലഹരി പദാർത്ഥങ്ങൾ വിതരണം ചെയ്യുന്നത് കണ്ടെത്തിയാൽ കർശന നടപടി സ്വീകരിക്കുമെന്ന് നേരത്തെതന്നെ മുഖ്യമന്ത്രി വ്യക്തമാക്കിയിട്ടുള്ളതും ഇന്ന് സഭയിൽ അക്കാര്യം ആവർത്തിച്ചിട്ടുമുണ്ട്. ലഹരി പദാർത്ഥങ്ങൾ കണ്ടെത്തുന്ന ഏതെങ്കിലും സ്ഥാപനം പിന്നീടൊരിക്കലും പ്രവർത്തിപ്പിക്കാത്ത നിലയിൽ എക്സൈസ് ഡിപ്പാർട്ടുമെന്റും പോലീസും ചേർന്ന് നടപടികൾ സ്വീകരിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ രണ്ട് വിഭാഗത്തിലെയും ഉദ്യോഗസ്ഥരെ പ്രത്യേകം വിളിച്ചിരുത്തി ഈ മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നമുക്കെല്ലാം ഒറ്റക്കെട്ടായി, കക്ഷിരാഷ്ട്രീയഭേദമെന്യേ സഭയാകെ ഒന്നുചേർന്ന് ലഹരിയിൽനിന്ന് ഈ നാടിനെ മോചിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങളിൽ ഒന്നിച്ച് മുന്നോട്ടുപോകത്തക്ക നിലയിലുള്ള നിലപാടെടുക്കണം. അതിന് സർക്കാർ മുൻകയ്യെടുത്ത് ആവശ്യമായ നേതൃത്വം നൽകി പദ്ധതികൾ ആവിഷ്കരിക്കും. എല്ലാവരുടേയും അഭിപ്രായങ്ങൾ പരിഗണിച്ചുകൊണ്ടുള്ള സമീപനമാണ് ഇക്കാര്യത്തിൽ സ്വീകരിക്കുക എന്നതുകൂടി ഈ സന്ദർഭത്തിൽ വ്യക്തമാക്കുകയാണ്.

ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. ഈ വകുപ്പുമായി ബന്ധപ്പെട്ട് ഈ ഡിമാന്റ് അംഗീകരിക്കുമ്പോൾ ഒന്നുരണ്ട് കാര്യങ്ങൾകൂടി ഇവിടെ വ്യക്തമാക്കേണ്ടതുണ്ട്. ഇ.എസ്.ഐ. പദ്ധതിയിൽ അംഗമായ തൊഴിലാളിക്കും ആശ്രിതരായ കുടുംബാംഗങ്ങൾക്കും എംപാനൽ ചെയ്ത ആശുപത്രികളിൽ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കുന്നതിന് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കുള്ള വ്യവസ്ഥകൾ ബാധകമാക്കിയിരുന്നു. ഇത് തൊഴിലാളികൾക്ക് ഏറെ ബുദ്ധിമുട്ട് സൃഷ്ടിച്ചിരുന്നു. ഈ സാഹചര്യത്തിൽ ഈ വ്യവസ്ഥകൾ ഒഴിവാക്കി പദ്ധതിയിൽ തൊഴിലാളി അംഗമാകുന്ന ദിവസം മുതൽ reasonable medical care വിഭാഗത്തിൽ ഉൾപ്പെടുത്തി സ്പെഷ്യാലിറ്റി ചികിത്സ അനുവദിച്ച് സർക്കാർ ഇതിനകം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ തോട്ടട ഇ.എസ്.ഐ. ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റിയായി ഉയർത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പേരൂർക്കട, ഫറൂക്ക് എന്നീ ആശുപത്രിയിൽ കീമോതെറാപ്പി യൂണിറ്റുകൾ ഉടൻ പ്രവർത്തനം ആരംഭിക്കും. 2019-20 സാമ്പത്തിക വർഷത്തെ project implementation plan-ൽ ഉൾപ്പെടുത്തി ഒൻപത് ആശുപത്രികളിൽ ഐ.സി.യു. ആരംഭിക്കും. മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിൽ 5 ബെഡ്

ഡയാലിസിസ് യൂണിറ്റ് ആരംഭിക്കും. ഒളരിക്കര ആശുപത്രിയിൽ കീമോതെറാപ്പി യൂണിറ്റും 8 ആശുപത്രികളിൽ സി.സി.റ്റി.വി.-യും സ്ഥാപിക്കും. മലപ്പുറം ജില്ലയിൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് 30 കിടക്കകളുള്ള ആശുപത്രി സ്ഥാപിക്കും. മലപ്പുറം ജില്ലയിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ഏഴ് ഡിസ്പെൻസറികൾക്ക് സ്വന്തമായി സ്ഥലമില്ല. ഈ സ്ഥലം ലഭ്യമാക്കുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ.മാരും ശ്രദ്ധിക്കേണ്ടതുണ്ട്. മലപ്പുറം ജില്ലയിൽ നമുക്കാവശ്യമായ സ്ഥലം കിട്ടുന്ന മുറയ്ക്ക് ആശുപത്രി തുടങ്ങുന്നതിനുള്ള നടപടികളിലേയ്ക്കും പോകുന്നതാണ്. എറണാകുളം ഇ.എസ്.ഐ. ആശുപത്രി 100 ബെഡ്ഡുള്ള ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തും.

അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സർവ്വേ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ 35 ലക്ഷത്തിൽപ്പരം ആളുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ തൊഴിൽ ഇല്ലാത്തവരായി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും അവിടെ എല്ലാവർക്കും തൊഴിൽ ഇല്ലാത്ത സ്ഥിതിയല്ല. രജിസ്റ്റർ ചെയ്തവരിൽ തൊഴിൽ ഉള്ളവരെത്ര; തൊഴിൽ ഇല്ലാത്തവരെത്ര; ആർക്കെല്ലാം ഇനി ഏതെല്ലാം മേഖലയിൽ തൊഴിൽ ലഭ്യമാക്കണം എന്നീ കാര്യങ്ങളെക്കുറിച്ചുള്ള വിശദമായ സർവ്വേ നടത്തുന്നതിന് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥർക്കാവശ്യമായ നിർദ്ദേശങ്ങളും ഇക്കാര്യത്തിൽ കൊടുത്തിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കേരളത്തിലെ ആദ്യത്തെ ഇ.എസ്.ഐ. ആശുപത്രികളിലൊന്നാണ് വടവാതൂർ ഇ.എസ്.ഐ. ആശുപത്രി. അവിടെ സഫിഷ്യന്റായ സ്ഥലവും മറ്റ് ഇൻഫ്രാസ്ട്രക്ചറും എല്ലാമുണ്ട്. പക്ഷേ അത് ഇഫക്ടീവായി പോകുന്നില്ല. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ ശ്രദ്ധചെലുത്തി തൊഴിലാളികൾക്ക് ആനുകൂല്യം ഫലപ്രദമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

3.00 P.M.]

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ അങ്ങയുടെ മണ്ഡലത്തിലുള്ള ആശുപത്രിയിൽ അങ്ങുമായി ചേർന്ന് അവിടെ വന്ന് പരിശോധിച്ച്, ഗവൺമെന്റിന് ഏതെല്ലാം തരത്തിൽ ഇടപെടാൻ കഴിയുമെന്നതിനെക്കുറിച്ച് ചർച്ച നടത്തി ഇക്കാര്യങ്ങളിൽ വ്യക്തത വരുത്തി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തുമെന്ന് അങ്ങേയ്ക്ക് ഉറപ്പുനൽകുകയാണ്. രണ്ട് മാസത്തിനകം ഞാൻ അങ്ങയെ അറിയിച്ചിട്ട് അവിടെ വന്ന് ഇക്കാര്യങ്ങൾ പരിശോധിക്കാൻ തയ്യാറാണ്. കേരളത്തിലുള്ള എല്ലാ ഇ.എസ്.ഐ. ആശുപത്രികളുടെയും പ്രവർത്തനം പരിശോധിക്കുന്നതിനു

വേണ്ടിയുള്ള തീരുമാനം എടുത്തുകഴിഞ്ഞിട്ടുണ്ട്. ഇ.എസ്.ഐ. കോർപ്പറേഷനും സ്റ്റേറ്റ് സർവ്വീസും ചേർന്ന് ഈ പരിശോധന നടത്തണമെന്നുള്ളതാണ് തീരുമാനിച്ചിട്ടുള്ളത്. എല്ലാ ജില്ലകളിലും എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിപ്പിക്കുകയും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് പുതിയ എക്സൈസ് റേഞ്ചുകൾ സ്ഥാപിക്കാനും വിമുക്തിയുടെ പ്രവർത്തനം കേരളത്തിൽ വിപുലമായി വ്യാപിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാനും ഉദ്ദേശിക്കുന്നുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇവിടെ അവതരിപ്പിച്ച ധനകാര്യ ബില്ലിൽ പൊതുവിൽപ്പന നികുതി ആക്ടിൽ 5-ാം വകുപ്പിൽ 2-ാം ഉപവകുപ്പായി എക്സൈസ് വകുപ്പിന്റെ ഒരു ശിപാർശ ചേർത്തിട്ടുണ്ട്. 2014-15-ലെ സർക്കാരിന്റെ അബ്കാരി നയത്തെത്തുടർന്ന് എക്സൈസ് വകുപ്പിന്റെ ഉത്തരവുപ്രകാരം ഒരു വിദേശമദ്യ വ്യാപാരി കൈമാറ്റം ചെയ്തതോ അല്ലെങ്കിൽ കയ്യൊഴിച്ചതോ ആയ വിദേശ മദ്യത്തിന്റെ വിറ്റുവരവിന്മേൽ വാറ്റ് ചുമത്താൻ പാടുള്ളതല്ലെന്നാണ്. വൻതോതിൽ ബാർ ഉടമകൾക്കും വിദേശമദ്യം വിൽക്കുന്നവർക്കുമുള്ള ഒരു വലിയ കൺസെഷനാണിത്. ഇത് എക്സൈസ് വകുപ്പിന്റെ ശിപാർശ പ്രകാരമാണോ; ആണെങ്കിൽ അതിന് വകുപ്പിനെ പ്രേരിപ്പിച്ച ഘടകമെന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, അങ്ങേയ്ക്ക് ഉറപ്പ് ഞാൻ നൽകാം, വഴിവിട്ട ഒരു സഹായവും ഒരു മുതലാളിക്കും ചെയ്യില്ല. ചില സമയങ്ങളിൽ മദ്യത്തിന് ഏറ്റവും കൂടുതൽ വിലയുണ്ടാകുന്നത് കേരളത്തിലായിരിക്കും. നമ്മൾ ടാക്സ് ചുമത്തുകയാണ്. ഇത് സർക്കാരിന്റെ വരുമാനത്തിന്റെ ഒരു പ്രധാന ഘടകമാണ്. അതുകൊണ്ട് ടാക്സ് ചുമത്തി പരമാവധി വരുമാനം സംസ്ഥാനത്തിന് ലഭ്യമാക്കത്തക്ക നിലയിലുള്ള ഒരു നിലപാടാണ് എടുക്കുന്നത്. അങ്ങ് ചൂണ്ടിക്കാണിച്ച കാര്യങ്ങളിലെ വസ്തുതയെന്താണെന്നുള്ളത് ഒന്നുകൂടി പരിശോധിക്കാൻ തയ്യാറാണ്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ധനാഭ്യർത്ഥനകൾ പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ജൂതന്മാരുടെ കൂട്ടക്കൊലയ്ക്കുശേഷം M. S. Golwalkar എഴുതിയ We or Our

Nationhood Defined (നമ്മൾ അല്ലെങ്കിൽ നമ്മുടെ ദേശീയത നിർവ്വചിക്കപ്പെടുന്നു) എന്ന പുസ്തകത്തിൽ പറയുന്നത്, ഹിന്ദുസ്ഥാനെ നമുക്ക് പഠിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യാവുന്ന നല്ലൊരു പാഠമാണിതെന്നാണ്. Bunch of Thoughts (വിചാരധാര) എന്ന പുസ്തകത്തിൽ പറയുന്നത് മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ, കമ്മ്യൂണിസ്റ്റുകാർ ആഭ്യന്തര ശത്രുക്കളാണെന്നാണ്. അവരെ വർഗ്ഗീയ സംഘർഷങ്ങളിലൂടെയും അല്ലാതെയും കൊലപ്പെടുത്താമെന്നും പറയുന്നുണ്ട്. ഹിന്ദുത്വത്തിന് അധീനപ്പെട്ട് ജീവിക്കുക, അല്ലെങ്കിൽ രാജ്യം വിടുക ഇതൊക്കെയാണ് മതന്യൂനപക്ഷങ്ങളോട് ഈ പുസ്തകത്തിൽ പറയുന്നത്. ഇതിനൊക്കെയുള്ള അടിസ്ഥാനം മനുസ്മൃതിയാണ്. അതിൽ ഒരു രൂപത്തിലും അംഗീകരിക്കപ്പെടാത്തവരാണ് നമ്മുടെ രാജ്യത്തിലെ പാവപ്പെട്ട ദളിത് വിഭാഗങ്ങൾ. ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്ര എന്നീ നാല് വിഭാഗങ്ങളേ അവരുടെ അജണ്ടയിലുള്ളൂ. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ പഞ്ചമൻ എന്ന ഇനത്തിലാണ്. അവരെ മനുഷ്യരായിപ്പോലും അംഗീകരിക്കുന്നില്ല. അതിന്റെ ഭാഗമായാണ് ഇപ്പോൾ ഔപചാരിക തലത്തിൽ ഭരണസ്വാധീനത്തിന്റെ തണലിൽ നമ്മുടെ രാജ്യത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക-മത-ന്യൂനപക്ഷങ്ങൾ നേരിടുന്ന ഈ അവസ്ഥയ്ക്ക് കാരണം. കേരളത്തിന് അതിൽനിന്ന് ഒട്ടേറെ മുന്നോട്ട് പോകാൻ സാധിക്കുകയും മാറിമാറി വന്ന ഗവൺമെന്റുകൾ അതിന് സഹായിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടാണ് കേരളത്തിലെ മതന്യൂനപക്ഷങ്ങളും ദളിത് വിഭാഗങ്ങളും ഇന്ന് നട്ടെല്ലോടുകൂടി ജീവിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വമ്പിച്ച സാമ്പത്തിക തകർച്ചയുണ്ടായിരുന്നു. അതിനെ നേരിടാൻ ഒരു പരിധിവരെ നമുക്ക് കഴിഞ്ഞുവെങ്കിലും പൂർണ്ണമായും സാധിച്ചിട്ടില്ല. പ്രളയത്തിന്റെ അന്തരീക്ഷത്തിൽ ഇത് കുറേക്കൂടി രൂക്ഷമാകുകയും ചെയ്തു. വലിയ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോയിട്ടും പട്ടികജാതി-പട്ടികവർഗ്ഗ മേഖലകളിൽ എടുത്തുപറയാവുന്ന നേട്ടങ്ങളുണ്ടാക്കാൻ സാധിച്ചു. എസ്.സി. വിഭാഗത്തിൽ 93 ശതമാനവും എസ്.ടി. വിഭാഗത്തിൽ 100 ശതമാനവും ഒ.ബി.സി. വിഭാഗത്തിൽ 94.7 ശതമാനവും പദ്ധതിപ്രവർത്തനം പൂർത്തീകരിക്കാൻ കഴിഞ്ഞു. ഈ വകുപ്പിന് നീക്കിവയ്ക്കുന്ന തുകയിൽ, ഇപ്പോൾ ഡിമാന്റായി വന്നിരിക്കുന്ന 21,77,71,03,000 കോടി രൂപയിൽ 45 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2.04 ശതമാനം വേറെയുമുണ്ട്, പി.ഡബ്ല്യു.ഡി.-ക്കുവേണ്ടി 3.78 ശതമാനം. ഇതിന്റെ പകുതി തുകമാത്രമേ എസ്.സി. വകുപ്പിനുള്ളൂ. എസ്.സി. ജനസംഖ്യയുടെ 11-12 ശതമാനം ബഡ്ജറ്റ് വിഹിതത്തിൽ നമുക്ക് ലഭിക്കുന്നുണ്ട്. അത് ജനസംഖ്യയേക്കാളും കുറച്ചുകൂടി കൂടുതലാണ്. അഖിലേന്ത്യാതലത്തിൽ നോക്കുമ്പോൾ 25 ശതമാനം വരുന്ന

പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 8-10 ശതമാനം വരെയാണ് കേന്ദ്ര ഗവൺമെന്റ് നീക്കിവയ്ക്കുന്നത്. ഇവിടെ ജനസംഖ്യ മൊത്തത്തിൽ 10.5 ശതമാനമാണെങ്കിൽപ്പോലും 11-12 ശതമാനം തുക ബഡ്ജറ്റിൽ വയ്ക്കുന്നുണ്ട്. 20 ശതമാനം പ്ലാൻ കട്ട് വരുത്താൻ നിർബന്ധിക്കപ്പെട്ടത് നേരത്തെ ഞാൻ സൂചിപ്പിച്ച കാര്യങ്ങളാണ്. എസ്.സി. വിഭാഗത്തിൽ 3039573 പേരും എസ്.ടി. വിഭാഗത്തിൽ 484839 പേരുമാണുള്ളത്. എസ്.സി. വിഭാഗത്തിൽ തന്നെ 53 വിഭാഗങ്ങളും എസ്.ടി. വിഭാഗത്തിൽ 37 വിഭാഗങ്ങളുമുണ്ട്. എസ്.ടി. വിഭാഗത്തിൽ 5 വിഭാഗങ്ങൾ കാടർ, കൊറകർ, കാട്ടുനായ്ക്കർ, ചോലനായ്ക്കർ, കുറുമ്പർ എന്നിവ P.V.T.G. (Particularly Vulnerable Tribal Groups) പ്രത്യേക ദുർബല വിഭാഗങ്ങളാണ്. ഇതുവരെ കണ്ട ഒരു പ്രതിഭാസം ഈ വിഭാഗങ്ങളിൽ എലിമിനേഷൻ നടക്കുന്നു, ചില സമൂഹങ്ങൾ ഇല്ലാതാകുന്നുവെന്നുള്ളതാണ്. അതിൽ ഒരു മാറ്റം കാണാൻ കഴിയുന്നത് ഇപ്പോൾ ബെർത്ത് റേറ്റ് കൂടുകയും മരണ നിരക്ക് കുറഞ്ഞുകൊണ്ടിരിക്കുന്നതും വളരെ പോസിറ്റീവായ ഒരു കാര്യമാണ്. ലിറ്ററസി നിരക്ക് എസ്.സി. 94 ശതമാനവും എസ്.ടി. 74.44 ശതമാനവുമാണ്. എസ്.ടി. വിഭാഗത്തിന്റേത് 100 ശതമാനത്തിലേയ്ക്ക് എത്തിക്കുന്നതിന് സാക്ഷരതാ തുടർപ്രവർത്തനം ഏറ്റവും ശക്തമായി നടത്തിക്കൊണ്ടിരിക്കുകയാണ്. സമൂഹത്തിലെ അടിസ്ഥാന ദുർബല വിഭാഗമാണിവരെന്ന് നമുക്കെല്ലാവർക്കുമറിയാം. മറ്റു സമൂഹങ്ങളോടൊപ്പം ചരിത്രപരമായ കാരണങ്ങളാൽ ഇവർ ഇപ്പോഴും പിന്നോക്കാവസ്ഥയിലാണ്. അതിനുള്ള പ്രധാനപ്പെട്ട കാരണം ഭൂമി, വിദ്യാഭ്യാസം, തൊഴിൽ മേഖലയിലെ നിഷേധം എന്നിവയായിരുന്നു. ഇത് പരിഹരിക്കാൻ നമ്മൾ കാലാകാലങ്ങളായി ചെയ്യുന്ന ഒരു പരിഹാരമാർഗ്ഗം പരമാവധി വ്യക്തിഗത ആനുകൂല്യങ്ങൾ നൽകി സഹായിക്കുകയെന്നതാണ്. പക്ഷെ അതുകൊണ്ട് സ്ഥായിയായ, സസ്റ്റെയിനബിളായ ഡെവലപ്മെന്റ് കാണാൻ കഴിയില്ല. അതിൽനിന്നുള്ള ഒരു മാറ്റമാണ് ഇപ്പോൾ ഗവൺമെന്റ് ആലോചിക്കുന്നത്. അതിന്റെ നേട്ടം ഇപ്പോൾ കണ്ടുതുടങ്ങിയിട്ടുണ്ട്. അതിനുള്ള പ്രധാനപ്പെട്ട കാരണം ഗുണമേന്മയുള്ള വിദ്യാഭ്യാസവും മെച്ചപ്പെട്ട തൊഴിലവസരങ്ങളും ഈ മേഖലയിൽ നൽകാൻ ഗവൺമെന്റിന് കഴിഞ്ഞുവെന്നുള്ളതാണ്. എസ്.എസ്.എൽ.സി. വിജയശതമാനം ജനറലായി 98 ശതമാനമാണ്. അതിൽ എസ്.സി. വിഭാഗത്തിന് 91.95 ശതമാനവും എസ്.ടി. വിഭാഗത്തിന് 87 ശതമാനവുമുണ്ട്. എസ്.എസ്.എൽ.സി. ജനറൽ വിഭാഗത്തോട് ഏറെക്കുറെ അടുത്തെത്തുന്ന സ്ഥിതിയാണ് എസ്.സി.-എസ്.ടി. വിഭാഗത്തിൽ ഇപ്പോഴുള്ളത്. വളരെ ശ്രദ്ധിക്കപ്പെടുന്ന ഒരു ഭാഗം ഞാൻ കാണുന്നത്, ഹയർസെക്കന്ററി പ്ലസ് ടു റിസൽറ്റ് താരതമ്യം ചെയ്യുമ്പോഴാണ്. 2015-16 വർഷം എസ്.സി. വിഭാഗത്തിന്

57.77 ശതമാനമായിരുന്നത് ഇപ്പോൾ 66.21 ശതമാനമായി വർദ്ധിച്ചു. 2015-16-ൽ എസ്.ടി. വിഭാഗത്തിന് 58.12 ശതമാനമായിരുന്നത് 65.24 ശതമാനമായി വർദ്ധിച്ചു. ഇത് പൊതു വിദ്യാഭ്യാസത്തോടുള്ള ഗവൺമെന്റിന്റെ സമീപനത്തിന്റെ ഭാഗമാണ്. നമ്മളാരും വിചാരിക്കാത്ത രൂപത്തിലുള്ള എൻറോൾമെന്റാണ് ഈ വിഭാഗത്തിൽ താഴെത്തട്ടിൽ കാണാൻ കഴിയുന്നത്. നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെ 3039573 അംഗങ്ങളുള്ള എസ്. സി. വിഭാഗത്തിൽനിന്നും 4,34,330 കുട്ടികളാണ് വിദ്യാലയങ്ങളിൽ എത്തുന്നത്. ഏതാണ്ട് 10 ശതമാനത്തോളം വിദ്യാർത്ഥികളെത്തി. എസ്.ടി. ജനസംഖ്യ 4,84,939 ആണ്. അതിൽ വിദ്യാലയങ്ങളിൽ എത്തുന്നത് 94,154 പേരാണ്. ഏതാണ്ട് 20 ശതമാനത്തോളം വിദ്യാർത്ഥികൾ വിദ്യാലയങ്ങളിൽ എത്തുന്നുണ്ട്. ഇതൊരു വമ്പിച്ച മാറ്റമാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഹോസ്റ്റലിൽ താമസിച്ചുപഠിക്കുന്ന കുട്ടികളെയാണ് ഇപ്പോൾ കേന്ദ്രീകരിക്കുന്നത്. എസ്.സി. വിഭാഗത്തിൽ 19873 കുട്ടികൾ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നുണ്ട്. 112 ഗവൺമെന്റ് ഹോസ്റ്റലുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളുമുണ്ട്. 148 പ്രീമെട്രിക്, പോസ്റ്റ്മെട്രിക്, എം.ആർ.എസ്. ഹോസ്റ്റലുകളിലായി എസ്.ടി. വിഭാഗത്തിൽ 11372 കുട്ടികൾ താമസിക്കുന്നുണ്ട്. അതിനുപുറമേ മറ്റ് സ്ഥാപനങ്ങളിലും താമസിച്ചുപഠിക്കുന്നുണ്ട്. ഇവിടെയാണ് ഇപ്പോൾ വലിയതോതിലുള്ള ഇടപെടൽ നടത്തുന്നത്. ഹോസ്റ്റലുകളിൽ താമസിച്ചുപഠിക്കുന്ന വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി പ്രത്യേക സംവിധാനങ്ങൾ ഒരുക്കുന്നുണ്ട്. ഹോസ്റ്റലുകളുടെ പശ്ചാത്തലസൗകര്യം വികസിപ്പിക്കൽ, ആകർഷകമായ അന്തരീക്ഷം, നല്ല ഭക്ഷണം, പ്രത്യേകമായ കോച്ചിംഗ് എന്നീ സൗകര്യങ്ങളുണ്ട്. ഇവരുടെ ആനുകൂല്യം 50% വർദ്ധിപ്പിച്ചു. ഇതിനുപുറമേ വീട്ടിൽ പഠിക്കാൻ സൗകര്യമില്ലാത്തതും എന്നാൽ ഹോസ്റ്റലിൽ പോകാത്തതുമായ കുട്ടികൾക്കായി ഗവൺമെന്റ് പുതുതായി രൂപം കൊടുത്ത പദ്ധതിയാണ് 'പഠനമുറി'. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സാമൂഹ്യ പഠനമുറിയും പട്ടികജാതി വിഭാഗങ്ങൾക്ക് വീടിനോടനുബന്ധിച്ചുള്ള പഠനമുറിയും നിർമ്മിച്ചുനൽകുന്നുണ്ട്. എസ്.സി. വിഭാഗത്തിൽ പതിനാറായിരം പഠനമുറികൾ അനുവദിച്ചതിൽ 6000 എണ്ണത്തിന്റെ പണി പൂർത്തീകരിച്ചുകഴിഞ്ഞു. എസ്.ടി. വിഭാഗത്തിൽ 500 കമ്മ്യൂണിറ്റി പഠനമുറികളാണ് എടുക്കാനുദ്ദേശിക്കുന്നത്. ഇതിൽ 100 എണ്ണത്തിന്റെ പണി പൂർത്തിയായി, 150 എണ്ണത്തിന്റെ പ്രവൃത്തി പുരോഗമിച്ചുവരികയാണ്. 150 കോടി രൂപ ചെലവഴിച്ചു. ഞാൻ ഇതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു പ്രോജക്ട് തയ്യാറാക്കി കേന്ദ്രമന്ത്രിമാരായ ശ്രീ. അർജ്ജുൻ

മുണ്ടെയെയും ശ്രീ. തവാർചന്ദ് ഗെഹലോട്ടിനെയും കണ്ടിരുന്നു. അവർക്ക് വലിയ തിരക്കുണ്ടായിരുന്നെങ്കിലും ഈ പദ്ധതിയുടെ വിശദാംശം പറഞ്ഞപ്പോൾ ഏതാണ്ട് ഒന്നര മണിക്കൂർ ചർച്ച ചെയ്തു, അപ്പോഴാണ് ഇതിന്റെ ഗൗരവത്തെ സംബന്ധിച്ച് അവർ മനസ്സിലാക്കുന്നത്. യഥാർത്ഥത്തിൽ ഇന്ത്യാ രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിലടക്കം ബാധകമാക്കാവുന്ന ഏറ്റവും നല്ലൊരു പദ്ധതിയാണിതെന്ന് അവർ പറയുകയും പദ്ധതിയെ പ്രകീർത്തിക്കുകയും ചെയ്തു. കുറച്ച് പണം ലഭ്യമാകുമോ എന്നറിയാനായിരുന്നു പോയത്. അക്കാര്യം പരിശോധിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. നേരത്തെ കൊഴിഞ്ഞുപോക്കുണ്ടായിരുന്നത് ഗോത്ര വിഭാഗങ്ങളിലായിരുന്നു. അവിടെ മെന്റർ ടീച്ചർ എന്ന പദ്ധതിക്ക് രൂപം കൊടുത്തു. ടി.ടി.സി., ബി.എഡ്. എന്നിവ പാസ്സായ എല്ലാ ആദിവാസി അഭ്യസ്തവിദ്യർക്കും തൊഴിൽ കൊടുത്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് വയനാട്ടിൽ ഉദ്ഘാടനം നിർവ്വഹിച്ചത്. അതുകൊണ്ട് രണ്ട് ഗുണങ്ങളുണ്ടായി, ഡ്രോപ്പ്ഔട്ട് കുറയ്ക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞു. ഇതൊരു നൂതന പദ്ധതിയാണ്. ഈ പദ്ധതി വരുന്നതിനുമുമ്പേ ആദിവാസി മേഖലയിലെ കൊഴിഞ്ഞുപോക്കിന്റെ നിരക്ക് 2.04% ആയിരുന്നത് ഇപ്പോൾ 1.42 ശതമാനമാക്കി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. മെന്റർ ടീച്ചർ സംവിധാനം സംസ്ഥാനമൊട്ടാകെ സാർവ്വത്രികമാക്കാനാണ് ഉദ്ദേശിക്കുന്നത്. അങ്ങനെ വരുമ്പോൾ ടി.ടി.സി.-യും ബി.എഡ്.-ഉം പാസ്സായ ഒരൊറ്റ അഭ്യസ്തവിദ്യനും തൊഴിലില്ലാതെ ആദിവാസി മേഖലയിൽ ഉണ്ടാകില്ല. തൊഴിൽ കിട്ടിയ കുട്ടികൾ നമ്മെ വിളിച്ച് പറയുമ്പോഴാണ് ഇതിന്റെയൊരു പ്രാധാന്യം മനസ്സിലാകുന്നത്. വയനാട്ടിൽ ഈ പരിപാടിയുടെ ഉദ്ഘാടനത്തിന്റെ പിറ്റേദിവസം രാത്രി ഒരു പെൺകുട്ടി എന്നെ വിളിച്ച് പറഞ്ഞു, 'ഞാൻ ഇതുവരെ എന്റെ ഡിഗ്രി എന്താണെന്ന് പറഞ്ഞിരുന്നില്ല, കാരണം അന്യന്റെ വീട്ടിൽ തൊഴിലെടുക്കുകയാണ്, വീട്ടുപണിയെടുക്കുകയാണ്. ഇതുപറഞ്ഞു കഴിഞ്ഞാൽ ആ പണിക്ക് എന്നെ ഏൽപ്പിക്കില്ല. പക്ഷേ ഈ പദ്ധതിവന്നതോടെ ഞാനൊരു ടീച്ചറായി എന്ന് ആ വീട്ടുകാർ അറിഞ്ഞതോടുകൂടി എനിക്കുണ്ടായിട്ടുള്ള അന്തസ്സും അഭിമാനവും അനുഭൂതിയുമൊന്നും പറഞ്ഞറിയിക്കാൻ കഴിയില്ല.' ഇതാണ് അനുഭവം. ഇതോടൊപ്പം വിദ്യാഭ്യാസ നിലവാരമുയർത്തുന്നതിനായി ഐ.എച്ച്.ആർ.ഡി.-യുമായി ബന്ധപ്പെട്ട് റെമഡിയൽ കോച്ചിംഗ് നടത്തുന്നുണ്ട്. നേരത്തെ സൂചിപ്പിച്ചുപോലെ ഐ.ടി. മേഖലയിൽ പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും നൽകുന്നുണ്ട്. ഈ രംഗത്തെ കുറേക്കൂടി ശ്രദ്ധിക്കുന്നതിനായി നൂതനമായ ഒട്ടേറെ പദ്ധതികൾക്ക് ഗവൺമെന്റ് രൂപം കൊടുക്കുകയാണ്. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിനായി 300 കുട്ടികളെ ഇപ്പോൾ തെരഞ്ഞെടുത്തിട്ടുണ്ട്.

പഴയ ശൈലിക്ക് മാറ്റം വരുത്തിയിട്ടുണ്ട്. സിവിൽ സർവ്വീസിലെ പ്രഗത്ഭരായ അദ്ധ്യാപകരെ കൊണ്ടുവന്ന് അവർക്ക് മാന്യമായ ശമ്പളം കൊടുത്ത് ഇവർക്ക് പ്രത്യേകിച്ച് കോച്ചിംഗ് നൽകുകയാണ്. പി.എച്ച്.ഡി., എം.ഫിൽ, കംപ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ് ബിരുദം തുടങ്ങിയ വിദ്യാർത്ഥികൾക്ക് പുതിയതായി ലാപ്ടോപ്പ് അനുവദിച്ചു. സ്വകാര്യ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥിക്ക് പ്രതിമാസം 4,500 രൂപ ഗ്രാന്റ് അനുവദിക്കുന്നുണ്ട്. അതുകൊണ്ട് ഗവൺമെന്റ് ഹോസ്റ്റലുകളിൽ സീറ്റ് കിട്ടുന്നില്ലെങ്കിൽപ്പോലും ഒരു കുട്ടിക്കും യാതൊരു ബുദ്ധിമുട്ടും ഉണ്ടാകില്ല. ഹോസ്റ്റലുകളും മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുമെല്ലാം നവീകരിച്ചു. ഹോസ്റ്റലുകളിൽ റസിഡന്റ് ട്യൂട്ടർമാരെ നിയമിച്ചു. എം.ആർ.എസ്.-കളിൽ സ്മാർട്ട് ക്ലാസ്സുകൾ ഒരുക്കിയതിന്റെ ഭാഗമായി എം.ആർ.എസ്.-കളിലെ വിജയശതമാനം നൂറായിക്കഴിഞ്ഞു. ഇതിൽത്തന്നെ നിരവധിപേർക്ക് എ പ്ലസ് ലഭിക്കുകയാണ്. ഐ.ടി.ഐ.-കൾ മികവിന്റെ കേന്ദ്രങ്ങളാക്കിമാറ്റി. 'ക്രസ്റ്റ് ' മുഖേന വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനുള്ള പ്രത്യേക പരിശീലനം, 'ക്രസ്റ്റ്' സ്ഥാപനവുമായി ബന്ധപ്പെട്ടുകൊണ്ട് ടീച്ചർമാരെ ഇവിടെ വരുത്തി പരിശീലിപ്പിക്കുകയാണ്. ഒന്നുമുതൽ എട്ടുവരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് നാമമാത്രമായ ലംപ്സം ഗ്രാന്റായിരുന്നു ലഭിച്ചിരുന്നത്. ഇതിൽ വലിയ ആക്ഷേപം ഉണ്ടായിരുന്നു, ഇപ്പോൾ നിലവിലുള്ള ലംപ്സം ഗ്രാന്റിനുപുറമേ പ്രതിവർഷം രണ്ടായിരം രൂപവീതം അനുവദിച്ചു. 11276 പഠനമുറികൾ നിർമ്മാണഘട്ടത്തിലാണ്, ഇതിൽ 6000 കൂടി ഇപ്പോൾ പൂർത്തീകരിക്കാൻ പോകുകയാണ്. തൊഴിൽ മേഖലയിലാണ് കാര്യമായ ഇടപെടൽ നടത്തിയത്. ഏതാണ്ട് 1350 അഭ്യസ്തവിദ്യരായ, ഏറ്റവും നല്ല ട്രെയിനിംഗ് കിട്ടിയ കുട്ടികൾ വിവിധ മേഖലകളുമായി ബന്ധപ്പെട്ട് നമുക്കുണ്ട്. ഇതിൽ ഇരുന്നൂറ്റി ചില്വാനം കുട്ടികളെ വിദേശത്തേയ്ക്കയച്ചു. ഇന്ത്യാരാജ്യത്ത് മറ്റൊരു സംസ്ഥാന ഗവൺമെന്റിനും കഴിയാത്ത കാര്യമാണിത്. ഈ വർഷം 700 കുട്ടികളെ അയയ്ക്കും. അവിടെയുള്ള തൊഴിൽദാതാക്കളും ഞങ്ങളും തമ്മിൽ എഗ്രിമെന്റ് വയ്ക്കും. വിസയും പാസ്പോർട്ടും റെഡിയാക്കിക്കൊടുക്കുകയും ഒരു ലക്ഷം രൂപ പോകാൻ കൊടുക്കുകയും ചെയ്യും. പ്രവാസി മേഖലകളിൽ പട്ടികജാതി/പട്ടിവർഗ്ഗ വിഭാഗങ്ങൾ ഉണ്ടായിരുന്നില്ല, ഏതെങ്കിലും ഒന്നോരണ്ടോ ആളുകൾ ഉണ്ടായിരുന്നെങ്കിൽ എങ്ങനെയാണോ പോയത്, അതുപോലെ തിരിച്ചുവരികയും ചെയ്യും. എന്നാൽ ഇപ്പോഴത്തെ സ്ഥിതി അതല്ല. പത്ത് സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തിയാണ് ഇവർക്ക് പ്രത്യേക ട്രെയിനിംഗ് കൊടുക്കുന്നത്. അതുപോലെ തന്നെ 'ഗോത്രജീവിക' എന്ന പദ്ധതിക്ക് ഞങ്ങൾ രൂപം കൊടുത്തു. അതിന്റെ ഭാഗമായി ഗുണഭോക്താക്കളെ വച്ചുകൊണ്ട് 56 ലേബർ കോൺട്രാക്ട് സൊസൈറ്റികൾ

രൂപീകരിക്കുകയും അവ മുഖേന പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്തു. അട്ടപ്പാടി മേഖലയിൽ അപ്പാരൽ പാർക്ക് കൊണ്ടുവന്നു, അത് കാണേണ്ടതാണ്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ആ സംരംഭം പോയിക്കണ്ടിട്ടുണ്ട്. ആധുനിക വസ്ത്ര നിർമ്മാണ മേഖലയിൽ ഇവരുടെ സാംസ്കാരികമായ കല ഉപയോഗപ്പെടുത്തിക്കൊണ്ടുതന്നെ വസ്ത്രനിർമ്മാണം നടത്താൻ കഴിയും. 250 പേർ അവിടെയുണ്ട്. ഇവർക്കൊക്കെ ഇപ്പോൾ തൊഴിൽ കൊടുക്കാൻ പോകുകയാണ്. നമ്മുടെ എം.ആർ.എസ്.-കളിലേയ്ക്കും പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലേയ്ക്കും വസ്ത്രം വാങ്ങാൻ പോകുന്നത് ഇവരിൽനിന്നാണ്. വിദേശത്തുള്ള പലരും ഇപ്പോൾ ഇവ ആവശ്യപ്പെടുന്നുണ്ട്. ഇതിന്റെ വിപണി വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയെടുക്കുന്നുണ്ട്. 134 നഴ്സിംഗ് ബിരുദധാരികൾക്ക് സർക്കാർ ആശുപത്രികളിൽ ദ്വിവത്സര തൊഴിൽ പരിചയ പരിപാടിക്ക് തുടക്കമിട്ടു. 1641 പേർക്ക് സ്വയംതൊഴിൽ ആരംഭിക്കാനുള്ള സഹായം നൽകി. പട്ടികജാതി വികസന കോർപ്പറേഷൻ മുഖാന്തരം 15432 പേർക്ക് സ്വയംതൊഴിൽ വായ്പ നൽകി. ഉല്പന്ന വിപണനം വിപുലമാക്കുന്നതിന് ഗദ്ദികമേള നടത്തി. ബഹുമാനപ്പെട്ട സ്പീക്കർ ആ മേള കണ്ടതാണ്. ആയിരക്കണക്കിന് ആളുകളെയാണ് അത് ആകർഷിച്ചത്. ഏതാണ്ട് ഓരോ വർഷവും 80 ലക്ഷം രൂപ മുതൽ 1 കോടി രൂപ വരെ വിറ്റുവരവുണ്ടായിട്ടുണ്ട്. അത് അവർക്കുതന്നെയാണ് നൽകിയത്. ഇതിനൊരു ആഗോള മാർക്കറ്റ് ഉണ്ടാക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി ആഗോള ഓൺലൈൻ മാർക്കറ്റിംഗ് ശൃംഖലയായ 'ആമസോൺ'-ൽ നമ്മുടെ പരമ്പരാഗത ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ ഓൺലൈനിൽ ബുക്കുചെയ്താൽ ലോകത്തിന്റെ ഏതുഭാഗത്തും സാധനം ലഭ്യമാകും. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വകുപ്പ് അനുവദിച്ച 23801 വീടുകളിൽ 16845 എണ്ണം പൂർത്തിയായി. 6956 വീടുകളുടെ പ്രവൃത്തി നടന്നുവരികയാണ്. സ്പിൽഓവറായിരുന്ന 16360 വീടുകളിൽ 9269 വീടുകൾ പൂർത്തിയായിക്കഴിഞ്ഞു. 12952 പട്ടികജാതി കുടുംബങ്ങൾക്ക് വീടുവയ്ക്കുന്നതിനായി സ്ഥലം ലഭ്യമാക്കി. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഒരു പെൺകുട്ടി ജനിച്ചാൽ അപ്പോൾത്തന്നെ ഗവൺമെന്റ് ആ കുട്ടിയെ ഇൻഷ്വർ ചെയ്യുക എന്നൊരു പുതിയ പദ്ധതി ഞങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ട്. ആ കുട്ടിക്ക് 18 വയസ് തികയുമ്പോൾ 3 ലക്ഷം രൂപ കുട്ടിയുടെ അക്കൗണ്ടിൽ വരും. അതിന്റെ പ്രീമിയം നാല് പ്രാവശ്യമായി വകുപ്പ് നൽകും, ഒന്നുമില്ലെങ്കിൽ കല്യാണത്തിനെങ്കിലും ആ പണം ഉപയോഗിക്കാൻ കഴിയും. വാത്സല്യനിധി എന്ന പേരിലാണ് ഇത് അറിയപ്പെടുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖാന്തരം വനിതാ ശാക്തീകരണ പദ്ധതിയിൽ വനിതാ അയൽക്കൂട്ടങ്ങൾക്ക്

3 ലക്ഷം രൂപ വീതം നൽകുന്ന പദ്ധതിക്കും രൂപം കൊടുത്തിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഏറ്റവും നല്ല പ്രകടനമാണ് അവിടെ നടത്തിയത്. 2018-19-ൽ ഇന്ത്യയിലെ ഏറ്റവും മികച്ച പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനുള്ള അംഗീകാരവും ലഭിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നം ഭൂമിയാണ്. ഇനിയും പതിനൊന്നായിരത്തോളം ആദിവാസികൾക്ക് സ്ഥലം കൊടുക്കേണ്ടതുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം 2499 പേർക്ക് 1742 ഏക്കർ ഭൂമി വിതരണം ചെയ്തു. കേന്ദ്ര വനാവകാശ നിയമപ്രകാരം ഇരുപത്തിയാറായിരം പേർക്ക് ഇപ്പോൾത്തന്നെ ഭൂമികൊടുത്തിട്ടുണ്ട്. ശ്രീമതി ജാനുവും അതുപോലെ ആദിവാസി സംഘടനകളും നടത്തിയ പ്രക്ഷോഭത്തിന്റെ ഭാഗമായി ബഹുമാനപ്പെട്ട എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സമയത്ത് കേന്ദ്രത്തിൽ നിന്നുകിട്ടിയ നിക്ഷിപ്ത വനഭൂമിയാണ്. മാറിമാറി വന്ന ഗവൺമെന്റുകൾക്ക് പല കാരണങ്ങളാൽ അത് കൊടുക്കാൻ കഴിഞ്ഞില്ല. ഏതാണ്ട് മൂവായിരം ഏക്കർ ഭൂമി മാത്രമേ കൊടുക്കാൻ കഴിഞ്ഞുള്ളൂ. വനം വകുപ്പിന്റെ ഭാഗത്തുനിന്നുള്ള സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മൂന്നുപ്രാവശ്യം യോഗം കൂടിയിട്ടുണ്ട്. വീണ്ടും ജൂലൈ 1-ാം തീയതി യോഗം കൂടാൻ തീരുമാനിച്ചിട്ടുണ്ട്. വനം വകുപ്പിന് കൊടുത്തത് വെറ്റ് ചെയ്ത ഭൂമിയാണ്. യഥാർത്ഥത്തിൽ സുപ്രീംകോടതി വിധി വന്നതിനുശേഷം ആ ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് തരേണ്ട നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ പോകുകയാണ്. അതിന്റെ ഭാഗമായി കുറഞ്ഞത് ആറായിരം ആദിവാസി കുടുംബങ്ങൾക്കും നാലായിരത്തോളം പേർക്കും കേന്ദ്രവനാവകാശ നിയമ പ്രകാരം വീട് കൊടുക്കാൻ സാധിക്കും. പിന്നെ 1000-1500-ഓളം പേർക്കുള്ളത് വിലകൊടുത്ത് വാങ്ങിയാൽ മതിയാകും. അതോടുകൂടി ഇന്ത്യാരാജ്യത്ത് ആദിവാസി മേഖലകളിലെ ഭൂമിപ്രശ്നം പരിഹരിക്കുന്ന ആദ്യത്തെ സംസ്ഥാനം കേരളമായിരിക്കും.

ശ്രീ. പി. ടി. തോമസ്: സർ, ആദിവാസികൾക്ക് കൊടുത്ത ചിന്നക്കനാലിലെ ഭൂമി കാട്ടാന പരിപാലനത്തിന് വിട്ടുകൊടുക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; അങ്ങനെ ഒരു പത്രവാർത്ത കണ്ടിരുന്നു. അത് വ്യക്തമാക്കുമോ;

ശ്രീ. എ. കെ. ബാലൻ: സർ, എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്തായാലും അവരെ സംബന്ധിച്ചിടത്തോളം ചിന്നക്കനാലിൽ ഒരു ബുദ്ധിമുട്ടും ഉണ്ടാകില്ല. ഈ സർക്കാർ വന്നതിനുശേഷം നിരവധി പദ്ധതികൾക്കാണ് രൂപം നൽകിയത്. ഭരണ-പ്രതിപക്ഷകക്ഷിയിലുള്ളവർ പറയുന്നൊരു കാര്യം പട്ടികജാതി/

പട്ടികവർഗ്ഗ മേഖലയിലെ വീടുകളെ സംബന്ധിച്ചാണ്. ചില വീടുകൾ ലൈഫ് പദ്ധതിയിൽ എടുത്തിട്ടുണ്ടാകില്ല. പേരിന് വീടുമുണ്ടാകും. റിപ്പയർ ചെയ്യാൻ സാധിക്കാത്തതുകൊണ്ട് ഏതുസമയത്തും ഇടിഞ്ഞുവീഴാം. അങ്ങനെയുള്ള അയ്യായിരം വീടുകളാണ് നമ്മുടെ മുമ്പിലുള്ളത്. ഒന്നര ലക്ഷം രൂപവരെ ധനസഹായം നൽകി അവ റിപ്പയർ ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കുകയാണ്. വകുപ്പിന്റെ കീഴിൽ 200 വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരിശീലനം ആരംഭിക്കും. ഐ.എ.എസ്.-ലേയ്ക്ക് കൂടുതൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കാനുള്ള സാധ്യത ഏറി വരികയാണ്. നമ്മുടെ നിയന്ത്രണത്തിലല്ലാതെ ഒരു സ്വകാര്യ സ്ഥാപനത്തിൽ പോയി ഐ.എ.എസ്. കോച്ചിംഗ് നടത്തണമെന്ന് തോന്നുന്ന കുട്ടികൾക്കുവേണ്ടി ലക്ഷ്യ എന്ന പേരിൽ ഒരു പ്രത്യേക പരിപാടി ആരംഭിച്ചിട്ടുണ്ട്. 30 വിദ്യാർത്ഥികൾക്ക് സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നേടുന്നതിനുള്ള സംവിധാനവും ഇതിന്റെ ഭാഗമായി ആരംഭിച്ചു. അവർക്ക് 1,55,000 രൂപ വരെ കൊടുക്കും. പ്ലസ് ടു പാസ്സായവർക്ക് എഞ്ചിനീയറിംഗ്, മെഡിക്കൽ തുടങ്ങിയ പരീക്ഷകൾക്ക് കോച്ചിംഗ് നൽകുന്നതിനുവേണ്ടിയുള്ള പുതിയ പദ്ധതികൾ ആരംഭിക്കും. പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് തൊഴിൽ വായ്പ അനുവദിക്കും. പാലക്കാട് വടക്കാഞ്ചേരിയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 70 സീറ്റുള്ള ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഈ വർഷം ആരംഭിക്കും. അടുത്തമാസം ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി അത് ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. അതിൽ 42 സീറ്റ് പട്ടികജാതി വിഭാഗത്തിനും 11 സീറ്റ് പട്ടികവർഗ്ഗ വിഭാഗത്തിനും 17 സീറ്റ് പൊതുവിഭാഗത്തിനുമായിരിക്കും. ഇപ്പോൾത്തന്നെ ജോലി കൊടുക്കാമെന്ന് പലരും പറയുന്നു. ഇതെല്ലാം ഹോട്ടൽ മാനേജ്മെന്റുമായും ഹോസ്പിറ്റാലിറ്റിയുമായും ബന്ധപ്പെട്ട കോഴ്സുകളാണ്. പാലക്കാട് മെഡിക്കൽ കോളേജിനെ സംബന്ധിച്ച് കഴിഞ്ഞ വർഷം സാംഗ്ഷനും ലൈസൻസും റദ്ദാക്കി, ഇന്ത്യൻ മെഡിക്കൽ കൗൺസിലിൽ പ്രവേശിപ്പിക്കേണ്ടെന്നും പറഞ്ഞു. വല്ലാത്തൊരു അവസ്ഥയായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതനുസരിച്ച് കേന്ദ്രമന്ത്രിയെ കണ്ട് പറഞ്ഞു. അങ്ങനെ ഞാൻ കേന്ദ്രമന്ത്രിയെ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു 'ഞാൻ വിചാരിച്ചാൽ ഇനി ഒന്നും ചെയ്യാൻ സാധിക്കില്ല, കാരണം ഞാൻ ഒപ്പിട്ടുകൊടുത്തു, ജോയിന്റ് സെക്രട്ടറിയുടെ റെക്കമെന്റേഷനാണ്, On the basis of the recommendation by the Indian Medical Council.., എനിക്കിപ്പോൾ എന്ത് ചെയ്യാൻ സാധിക്കും' എന്ന് പറഞ്ഞു. ഒരു റിട്ട് കൊടുക്കാം, അതിന് അനുകൂലമായ

സമീപനം നിങ്ങളെടുത്താൽ മതിയെന്ന് ഞാൻ പറഞ്ഞു. ഇപ്പോഴുള്ള ബി.ജെ.പി. ആക്ടിംഗ് പ്രസിഡന്റാണ് അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി, അദ്ദേഹം സഹായിച്ചു. അങ്ങനെ നമുക്ക് പെർമനന്റ് അംഗീകാരവും ലഭിച്ചു. അതിന്റെ ഔപചാരിക ഉദ്ഘാടനം ഈ വരുന്ന 9-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കാൻ പോകുകയാണ്. കുറച്ചുപേരെ വിദേശത്ത് വിവിധ സ്ഥാപനങ്ങളിൽ പ്ലേസ്മെന്റിലൂടെ നിയമിച്ചിട്ടുണ്ട്. 750 പേർക്കുകൂടി ഈ വർഷം പുതിയതായി പരിശീലനം നൽകി വിദേശത്ത് തൊഴിൽ ലഭ്യമാക്കും. 1500 പേർക്ക് ഈ കാലഘട്ടത്തിൽ വിദേശത്ത് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. മലേഷ്യ, ഇൻഡോനേഷ്യ, തായ്‌ലാന്റ്, യു.എ.ഇ. തുടങ്ങിയ രാജ്യങ്ങളിൽ 200 പേർ പോയിക്കഴിഞ്ഞു. ബാക്കി ഈ മാസവും അടുത്തമാസവുമായി പോകും. മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങളുള്ള 200 സങ്കേതങ്ങളെ പുതിയതായി അംബേദ്കർ ഗ്രാമം പരിപാടിയിൽ ഉൾപ്പെടുത്തുന്നതാണ്. കിഫ്ബിയിൽ ഉൾപ്പെടുത്തിയ കോഴിക്കോട് മരുതോങ്കര, പയ്യന്നൂരിലെ പെരിങ്ങോം എന്നീ എം.ആർ.എസ്.-കളുടെ പ്രവൃത്തി പൂർത്തീകരിക്കും. കിഫ്ബിയിൽ ഉൾപ്പെടുത്തിയ ആലുവ കൊഴിഞ്ഞാമ്പാറ, കണ്ണൂർ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ കെട്ടിടങ്ങൾ, വെട്ടിക്കവല, ആറ്റിപ്ര ഐ.ടി.ഐ. കെട്ടിടങ്ങൾ, അഴീക്കോട് വി.ഇ.ടി.സി. എന്നിവയുടെ പ്രവൃത്തികളും ഈ വർഷം ആരംഭിക്കുന്നതാണ്. ബി.ടെക് പരീക്ഷ പാസ്സാകാത്ത വിദ്യാർത്ഥികൾക്ക് പ്രത്യേക റെമഡിയൽ കോച്ചിംഗ് ഐ.എച്ച്.ആർ.ഡി. മുഖേന നൽകും. ഇതിനുപുറമേ, സ്വന്തം നിലയിൽ വിദേശരാജ്യങ്ങളിൽ തൊഴിൽ കണ്ടെത്താൻ താൽപ്പര്യമുള്ള ഏതെങ്കിലും പട്ടികജാതി-പട്ടികവർഗ്ഗക്കാരനുണ്ടെങ്കിൽ തൊഴിൽ ദാതാക്കളുമായി അവർ നേരിട്ട് ബന്ധപ്പെട്ട് തൊഴിൽ കിട്ടുമെങ്കിൽ അവരുടെ വിസ, എയർ ചാർജ് എന്നിവയ്ക്കായി ഒരുലക്ഷം രൂപ വീതം ആയിരം പേർക്ക് നൽകുന്നതാണ്. കൃഷി വകുപ്പുമായി ബന്ധപ്പെട്ട് നെന്മാറയിൽ കാർഷിക സർവ്വകലാശാലയുടെ കീഴിൽ ഒരു പുതിയ കാർഷിക കോളേജ് ആരംഭിക്കാൻ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി തയ്യാറാവുകയും ബെനിഫിഷ്യറിയായി ഭൂരിപക്ഷവും പട്ടികജാതി-പട്ടികവർഗ്ഗക്കാരെ എടുക്കാമെന്ന് പറയുകയും ചെയ്തു. അത് ഗവൺമെന്റിന്റെ പരിഗണനയിൽ വരാൻ പോകുന്നതേയുള്ളൂ. കാർഷിക സർവ്വകലാശാല ഇത്തരത്തിലുള്ള ഒരു പ്രൊപ്പോസൽ വച്ചിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലയിൽ കുടുംബത്തിൽ ഒരാൾക്ക് സ്ഥിരവരുമാനമുള്ള ജോലി നൽകുന്നതിനുള്ള നടപടികൾ ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട—ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതാണ്. ആറളം ഫാം, ചീങ്ങേരി ഫാം, അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാം എന്നിവിടങ്ങളിലെ കൃഷിഭൂമി ഉപയോഗിച്ച് ഓർഗാനിക് ഫാമിംഗ് ആരംഭിക്കും.

സ്വന്തമായി ഒരേക്കറോ അതിൽ കൂടുതലോ ഭൂമിയുള്ള പട്ടികവർഗ്ഗക്കാരുടെ 30 വീടുകൾ അടങ്ങുന്ന സംഘം രൂപീകരിച്ച് പാരമ്പര്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതുമാണ്. മഹാത്മാഗാന്ധി റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി പദ്ധതിപ്രകാരം 100 തൊഴിൽദിനങ്ങളായിരുന്നു നൽകിയിരുന്നത്. കഴിഞ്ഞ വർഷം മുതൽ 200 ദിവസമായി വർദ്ധിപ്പിച്ചിട്ടുണ്ട്. അത് ഈ വർഷവും തുടരും. ഈ വർഷം 25000 പേർക്ക് ഈ രൂപത്തിൽ അധിക തൊഴിൽ ദിനങ്ങൾ ലഭ്യമാകും. അതുപോലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പോലീസ്, എക്സൈസ് എന്നീ വിഭാഗങ്ങൾ നടപ്പിലാക്കുന്ന സ്പെഷ്യൽ ഡ്രൈവ് മാതൃകയിൽ മറ്റു വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്പെഷ്യൽ ഡ്രൈവ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിപാടിയിലൂടെ 1400 പേർക്ക് പ്ലേസ്മെന്റ് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കും. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പദ്ധതിയിൽ 100 കോളനികൾ പുതിയതായി ഏറ്റെടുക്കും. 250 സാമൂഹ്യ പഠന മുറികൾ ഈ വർഷം പൂർത്തിയാക്കും. കൃഷി വകുപ്പുമായി ചേർന്ന് മില്ലറ്റ് കൃഷി നടപ്പിലാക്കും. മണ്ണിനോട് ആദിവാസികൾക്കുള്ള ബന്ധം എന്താണെന്ന് നേരിട്ട് കാണാൻ കഴിഞ്ഞത് ഈ പദ്ധതി ആവിഷ്കരിച്ചതിനുശേഷമാണ്. ഏതാണ്ട് 1700 ഏക്കർ ഭൂമിയിലാണ് പാരമ്പര്യകൃഷിയായ ചാമ, ചോളം, മുത്താറി തുടങ്ങിയവ ആരംഭിച്ചിട്ടുള്ളത്. വലിയ രൂപത്തിലുള്ള സ്വീകാര്യത അതിന് ലഭിച്ചു. അതുതന്നെയാണിപ്പോൾ അതിരപ്പിള്ളിയിലും നടപ്പിലാക്കാൻ പോകുന്നത്. ഇതിന്റെ മറ്റൊരു പതിപ്പ് 'ഗോത്രരശ്മി'-യുടെ രണ്ടാം ഘട്ടമായി ഇടുക്കിയിൽ കാർഷിക വികസന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ പോകുകയാണ്. ആദിവാസി മേഖലയിൽ ഏതാണ്ട് 10-15 ആദിവാസി വിഭാഗങ്ങളെ ഉപയോഗപ്പെടുത്തി പാരമ്പര്യ കൃഷിരീതി നേതൃത്വ പരിശീലനം 60 പേർക്ക് ഇപ്പോൾ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. 5 ഗോത്രവിഭാഗത്തിൽനിന്നാണ് ഇവരെ തെരഞ്ഞെടുത്തത്. ഇതിന്റെ ഭാഗമായി പരിശീലനം കിട്ടുന്ന ആദിവാസികൾ വലിയ തോതിൽ ആ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് അവരുടെ മൗലികമായിട്ടുള്ള കാഴ്ചപ്പാടോടുകൂടി പ്രവർത്തിക്കും. കിഫ്ബിയിൽ ആരംഭിച്ച, തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചലിലെയും കണ്ണൂർ ജില്ലയിലെ ആറളത്തെയും എം.ആർ.എസ്.-കളുടെയും കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ, ബേഡഡുക്ക, കൊല്ലം ജില്ലയിലെ അച്ചൻകോവിൽ എന്നിവിടങ്ങളിലെ പ്രീ-മെട്രിക് ഹോസ്റ്റലുകളുടെയും നിർമ്മാണപ്രവൃത്തി ഇപ്പോൾ പൂർത്തീകരിക്കും. ഈ വർഷം ആറളം, കൊച്ചി, ഷോളയൂർ (രണ്ടെണ്ണം), മുള്ളങ്കൊല്ലി, ഇരുമ്പുപാലം, ആനവായ് എന്നിങ്ങനെ ആറ് പ്രീമെട്രിക് ഹോസ്റ്റലുകളും പൂക്കോട് എം.ആർ.എസ്.-ഉം പ്രവർത്തനം ആരംഭിച്ചു.

മി. സ്പീക്കർ: യെസ് മിനിസ്റ്റർ... അങ്ങേയ്ക്ക് ഇനി എത്ര സമയം വേണം?

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ പെട്ടെന്ന് അവസാനിപ്പിക്കാം. ഇതൊരു അടിസ്ഥാന വിഭാഗത്തിന്റെ പ്രശ്നമായതിനാൽ പറയാതിരിക്കാൻ പറ്റില്ല.

മി. സ്പീക്കർ: അതെ.

ശ്രീ. എ. കെ. ബാലൻ: സർ, തിരുവനന്തപുരം ജില്ലയിലെ കട്ടേല, പാലക്കാട് ജില്ലയിലെ അഗളി, കോഴിക്കോട്, വയനാട് തൊണ്ടർനാട്, തൃശ്ശൂർ ജില്ലയിലെ വെറ്റിലപ്പാറ, കണ്ണൂർ ജില്ലയിലെ ചെമ്പകാവ്, പാലക്കാട് ജില്ലയിലെ അയിരൂർ എന്നിവിടങ്ങളിൽ പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ പ്രവൃത്തി ആരംഭിക്കും. ആദിവാസികൾക്കുവേണ്ടി മാത്രം ഒരു സ്പോർട്സ് സ്കൂൾ സ്ഥാപിക്കുന്ന കാര്യം ബഹുമാനപ്പെട്ട പാലക്കാട് എം.എൽ.എ. സൂചിപ്പിച്ചിട്ടുണ്ട്. അത് പാലക്കാട് ജില്ലയിൽ കൊടുക്കും. ഏത് മണ്ഡലത്തിൽ വേണമെന്നുള്ളത് പിന്നീട് തീരുമാനിക്കും. പാലക്കാട് ജില്ലയിൽ ഒരു സ്പോർട്സ് സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടി എടുക്കും. അട്ടപ്പാടിയിൽ ഒരു എം.ആർ.എസ്.-ഉം ആരംഭിക്കും. അൻപത് കോടിയോളം രൂപ അടങ്കലുള്ള ആറളം സമഗ്ര വികസന പരിപാടിയുടെ നടപടികൾ ആരംഭിച്ചു. പ്രത്യേകിച്ച്, ആനശല്യം ഉൾപ്പെടെയുള്ളവ ഒഴിവാക്കുന്നതിനും ഏറ്റവും നല്ല ആശുപത്രി, ഏറ്റവും നല്ല എം.ആർ.എസ്. എന്നിവയെല്ലാം അടങ്ങുന്ന ഒരു വലിയ സമഗ്ര വികസന പദ്ധതിയാണ് അവിടെ ഉദ്ദേശിക്കുന്നത്. നേരത്തേ ഞാൻ സൂചിപ്പിച്ചതുപോലെ, വയനാട് ജില്ലയിൽ ആരംഭിച്ച 'ഗോത്രബന്ധു' എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കും. പിന്നാക്ക വിഭാഗ മേഖലയുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യങ്ങൾകൂടി പറയാനുണ്ട്. പറ്റില്ല. ഇരുപത് ഓഫീസുകൾ ഈ ഗവൺമെന്റ് വരുമ്പോൾ ഉണ്ടായിരുന്നുവെങ്കിൽ പത്തെണ്ണം കൂടി വർദ്ധിപ്പിച്ചു, അതായത് അൻപത് ശതമാനം വർദ്ധിപ്പിച്ചു. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി, പത്തനാപുരം, ആലപ്പുഴ ജില്ലയിലെ ചേർത്തല, ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ, പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, കണ്ണൂർ ജില്ലയിലെ തലശ്ശേരി, കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് എന്നിവയാണ് ആ പത്തെണ്ണം. 'റിട്ടേൺ' എന്ന പേരിൽ പ്രവാസികൾക്കുവേണ്ടി ഒരു പദ്ധതി തുടങ്ങുന്നു. ഇരുപത് ലക്ഷം രൂപ അഞ്ച് ശതമാനം പലിശയ്ക്ക് കൊടുക്കും. അഞ്ച് ശതമാനമേ പലിശ ഉള്ളൂ. അതിൽ മൂന്ന് ലക്ഷം രൂപ സബ്സിഡിയാണ്. ശേഷിക്കുന്ന പതിനേഴ് ലക്ഷം രൂപയ്ക്കേ ഇവർ

അഞ്ച് ശതമാനം പലിശ കൊടുക്കേണ്ടതുള്ളൂ. അതായത് വാങ്ങിയ കാശ് മാത്രം കൊടുത്താൽ മതി. അത് ഒരു നല്ല പദ്ധതിയാണ്. അതുപോലെ സ്റ്റാർട്ട് അപ് മിഷൻ. സ്റ്റാർട്ട് അപ് സംരംഭങ്ങൾക്ക് മുപ്പത് ലക്ഷം രൂപയാണ്. അത് മതന്യൂനപക്ഷങ്ങൾ അടക്കമുള്ളവർക്കാണ്. അതിൽ മൂന്ന് ലക്ഷം രൂപ സബ്സിഡിയാണ്. ഇരുപത്തിയേഴ് ലക്ഷം രൂപയ്ക്ക് അഞ്ച് ശതമാനം പലിശ കൊടുത്താൽമതി. ഇതിന്റെ ഔപചാരിക ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയായിരുന്നു നിർവ്വഹിച്ചത്. ഇതിനിപ്പോൾ ഭയങ്കര തിരക്കാണ്. ഇത്രയും കാര്യങ്ങളാണ് ഈ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് പൊതുവിൽ സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. എം. വിൻസെന്റ്:</u> സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മഹാത്മാ അയ്യങ്കാളിയുടെ സ്മാരകം തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചു. അത് വികസിപ്പിക്കുന്നതിനുവേണ്ടി സർക്കാർ പദ്ധതി നടപ്പിലാക്കണമെന്ന അഭിപ്രായം രാവിലെ ചർച്ചയിൽ വന്നതാണ്. അങ്ങ് അതേപ്പറ്റി മറുപടിയിലൊന്നും പറഞ്ഞില്ല. അത് പ്രത്യേകമായി പരാമർശിച്ചാൽ നന്നായിരുന്നു.

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, അവിടെ അത് വികസിപ്പിച്ച് എം.ആർ.എസ്. ആക്കുന്ന കാര്യം പരിശോധിക്കാമെന്ന് ധനകാര്യ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞതാണ്. ഇതൊരു തീർത്ഥാടന കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നടപടിയും ആരംഭിക്കും. അത് എങ്ങനെയാണെന്ന് പറഞ്ഞാൽ, അയ്യങ്കാളിയുടെ പേരിലാണ് ഞങ്ങൾ സാംസ്കാരിക സമുച്ചയം (Cultural Complex) നിർമ്മിക്കാൻ പോകുന്നത്. അതിന്റെ ഭാഗമായി ഇത് നമുക്ക് ക്ലബ്ബ് ചെയ്യാൻ സാധിക്കും. അപ്പോൾ ജില്ലയിൽ ഒരു സാംസ്കാരിക സമുച്ചയം എന്ന പദ്ധതിയിൽ ഇത് പരിഗണിക്കാൻ പറ്റും. ശ്രീ. വി. പി. സജീന്ദ്രൻ എം.എൽ.എ. പറഞ്ഞത് വളരെ ഗൗരവമായ ഒരു കാര്യമാണ്. GCDA (Greater Cochin Development Authority)-യിൽ നിയമനത്തിന് പ്രവൃത്തി പരിചയം വേണമെന്ന നിഷ്കർഷയുള്ളതുകൊണ്ടാണ് യഥാർത്ഥത്തിൽ ആ നിയമനം കിട്ടാതിരുന്നത്. പക്ഷെ യഥാർത്ഥത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രവൃത്തി പരിചയമില്ലെങ്കിലും നിയമനം നൽകാം എന്നുള്ള കാര്യം അവർക്ക് ബോധ്യപ്പെട്ടിട്ടില്ല എന്നു തോന്നുന്നു. സുഭാഷിന് പ്രവൃത്തി പരിചയമില്ല എന്ന കാരണത്താൽ അങ്ങനെ ചെയ്തത് ശരിയാണോ തെറ്റാണോ എന്നതിനെ സംബന്ധിച്ച് പരിശോധിക്കും. അർഹതപ്പെട്ട, മെറിറ്റിൽ വന്ന ഏതെങ്കിലും ഒരു കുട്ടിയെ ബോധപൂർവ്വം ഒഴിവാക്കുന്നുണ്ടെങ്കിൽ അവർക്ക് ഗവൺമെന്റ് സർവ്വീസിൽ സ്ഥാനമുണ്ടാകില്ല. അതേ ഇപ്പോൾ പറയാൻ പറ്റൂ. മറ്റ്

കാര്യത്തെ സംബന്ധിച്ച് ആലോചിക്കും. ബഹുമാനപ്പെട്ട എം.എൽ.എ. സമർപ്പിച്ച അപേക്ഷയുണ്ട്. അത് തുടർനടപടികൾക്കായി ഗവൺമെന്റ് പരിശോധിക്കും. ഒരു കാര്യം സൂചിപ്പിക്കാനുള്ളത് പ്രളയവുമായി ബന്ധപ്പെട്ടാണ്. പ്രളയത്തിൽ പട്ടികജാതിക്കാർക്ക് നഷ്ടപ്പെട്ട വീടുകൾ 2733 ആണ്. 243 വീടുകളാണ് വകുപ്പ് അനുവദിച്ചത്. ബാക്കിയുള്ളത് റീബിൽഡ് കേരളയുടെ ഭാഗമായി എടുക്കുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിന് നഷ്ടപ്പെട്ട വീടുകൾ 639 ആണ്. വകുപ്പിൽനിന്നും അനുവദിച്ചത് 450 വീടുകളും. ബാക്കിയുള്ളത് റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി ചെയ്യുകയാണ്. വയനാട്ടിൽ 141 പേർക്കും മലപ്പുറത്ത് 33 പേർക്കും പത്ത് സെന്റ് വീതം ഭൂമിയും അനുവദിച്ചിട്ടുണ്ട്. ഇവ വാസയോഗ്യമാക്കിത്തീർക്കുന്നതിനുള്ള നടപടിയാണ് എടുക്കുന്നത്. അതിനുള്ള കുറവുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

<u>ശ്രീ. അനിൽ അക്കര</u>: സർ, വടക്കാഞ്ചേരി എം.ആർ.എസ്. ഏറ്റവും നന്നായി പ്രവർത്തിക്കുന്ന സ്കൂളാണ്. അത് ഒരു പ്രത്യേക സ്ഥലത്തായതുകൊണ്ട് അവിടേയ്ക്ക് വരുന്ന വഴിയിൽ വീടുകളൊന്നുംതന്നെ ഇല്ല എന്നത് ഒരു വിഷയമാണ്. അതുകൊണ്ട് മുനിസിപ്പാലിറ്റിക്ക് അത് നന്നാക്കാൻ ബുദ്ധിമുട്ടാണ്. നേരത്തേ നബാർഡ് വഴി കിട്ടിയ റോഡാണത്. ആ റോഡ് ഇപ്പോൾ വളരെ മോശമായി കിടക്കുകയാണ്. എം.ആർ.എസ്.-ലേയ്ക്ക് മാത്രമാണ് ആളുകൾ പോകുന്നത്. അതിന് പ്രത്യേകമായി ഫണ്ട് അനുവദിക്കാമോ?

<u>ശ്രീ. എ. കെ. ബാലൻ</u>:സർ, അക്കാര്യം പരിശോധിക്കാം.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് പറയാനുള്ളത്. പാലക്കാട് മെഡിക്കൽ കോളേജിൽ ഇത്തവണ എൺപത് കുട്ടികൾ പരീക്ഷ എഴുതിയതിൽ എഴുപത്തിമൂന്ന് കുട്ടികളും പാസ്സായിരിക്കുകയാണ്. ദളിതനെതിരെ ഇന്ത്യാ രാജ്യത്ത് പലയിടത്തും അക്രമം നടക്കുമ്പോൾ ഇത്രയും പേരെ ഒരുമിച്ച് ഡോക്ടർമാരാക്കുന്ന ഒരു സ്ഥാപനം ഇന്ത്യാ രാജ്യത്ത് കേരളത്തിൽ മാത്രമേ ഉള്ളൂ; നമ്മുടെ മെഡിക്കൽ കോളേജ് അങ്ങ് പറഞ്ഞ എം.ആർ.എസ്., അത് സ്പോർട്സ് എം.ആർ.എസ്., സിന്തറ്റിക് ട്രാക്ക് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ പാലാക്കാട് ഹെഡ് ക്വാർട്ടേഴ്സിൽ ലഭ്യമാണ്. അതിനോട് ചേർന്ന് സ്ഥലവുമുണ്ട്. അവിടെത്തന്നെ അനുവദിച്ചാൽ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് അത് ഉപകാരപ്രദമാകും. ഇതിനായി പാലക്കാട് തന്നെ പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: സർ, പട്ടാമ്പി കോളേജിനോട് ചേർന്ന പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ കുട്ടികൾ ഇല്ലാത്തതിനാൽ തൽക്കാലം ഇത് പൂട്ടിയിട്ടിരിക്കുകയാണ്. അവിടെ മെഡിക്കൽ/എഞ്ചിനീയറിംഗ്/സിവിൽ സർവ്വീസ് കോച്ചിംഗോ അങ്ങനെ എന്തെങ്കിലും ആരംഭിക്കാൻ കഴിയുമോ? അതോടൊപ്പം സ്പോർട്സ് സ്കൂളിനുവേണ്ട സ്ഥലം വിട്ടുതന്നാൽ പട്ടാമ്പിയിൽ ആരംഭിക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, പട്ടാമ്പി കോളേജിനോടനുബന്ധിച്ചുള്ള ഈ ഹോസ്റ്റൽ കുട്ടികളെ കിട്ടാത്തതുകൊണ്ട് ഉപയോഗശൂന്യമായി കിടക്കുകയാണ്. അവിടെ എന്തെങ്കിലും തുടങ്ങാൻ പറ്റുമോ എന്നുള്ളതിനെ സംബന്ധിച്ച് ആലോചിക്കാം. അതിനെപ്പറ്റി പ്രിൻസിപ്പൽ സെക്രട്ടറിയോടും ഡയറക്ടറോടും അവിടെ ആവശ്യമായ എന്തെങ്കിലും പദ്ധതി തുടങ്ങാൻ പറ്റുമോ എന്നുള്ളത് പരിശോധിക്കണമെന്ന് പറഞ്ഞിട്ടുണ്ട്.

ബഹുമാനപ്പെട്ട ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞത് വളരെ കറക്ടാണ്. സ്ഥലത്തിന്റെ ചെറിയ ഒരു പ്രശ്നം ഇപ്പോൾ വന്നിട്ടുണ്ട്. കാരണം, ഐ.ടി.ഐ.-യുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസ് നിലവിലിരിക്കുന്ന സമയത്ത് തന്നെയാണ് നമ്മൾ മെഡിക്കൽ കോളേജ് തുടങ്ങിയത്. അതിന്റെ അടിസ്ഥാനത്തിൽ ആ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി എടുക്കുന്നുണ്ട്. ഭൂമി കിട്ടിയതിനുശേഷം നമുക്ക് പരിശോധിക്കാം. ബഹുമാനപ്പെട്ട ശ്രീ. പി. ടി. തോമസിന്റെ പ്രസംഗം ഞാൻ ഇന്നലെയും കേട്ടതാണ്. ഞങ്ങളെപ്പോലെയുള്ളവർ കെ.എസ്.യു.-വിൽ നിന്നും എസ്.എഫ്.ഐ.-യിൽ നിന്നുമൊക്കെ വന്നവരാണ്. പക്ഷെ ശ്രീ. പി. ടി. തോമസിനെ സംബന്ധിച്ച് ഒരു കുറ്റബോധം ഉണ്ടാകുമെന്നത് എനിക്കുറപ്പാണ്. കാരണം, കേരളത്തിലെ വിദ്യാർത്ഥി രംഗത്ത് ഒരു കാലഘട്ടത്തിൽ ശക്തമായ ഒരു സംഘടനയായിരുന്നു കെ.എസ്.യു., ഏഷ്യയിലെ ഏറ്റവും വലിയ വിദ്യാർത്ഥി സംഘടന. അതിനുശേഷം ഓരോ വർഷവും എസ്.എഫ്.ഐ. നടത്തിയ ഐതിഹാസികമായ പോരാട്ടത്തിന്റെ ഭാഗമായി, പൊതുസമൂഹത്തിന്റെ അംഗീകാരത്തോടുകൂടി ആ സംഘടന നടത്തിയ ഇടപെടലിന്റെ ഭാഗമായി, പൊതുസമൂഹം വിദ്യാർത്ഥികളുടെ ഏറ്റവും ശക്തമായ ഒരു സംഘടനയാക്കി എസ്.എഫ്.ഐ.-യെ വളർത്തിയെടുത്തു. അതിനിടയിൽ 33 എസ്.എഫ്.ഐ.-ക്കാരാണ് കൊല ചെയ്യപ്പെട്ടത്. ഇതിൽ ഏതെങ്കിലും ഒരു കൊലപാതകവുമായി ബന്ധപ്പെട്ട് എന്തെങ്കിലും guilty conscious (കുറ്റബോധം) ശ്രീ. പി. ടി. തോമസിനുണ്ടോ എന്നുള്ളത് അദ്ദേഹം പരിശോധിച്ചാൽ മതി. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ സംസാരിക്കുന്ന സമയത്ത് ഞാൻ ഇവിടെ പറഞ്ഞതാണ്.

ശ്രീ. പി. ടി. തോമസ്: സർ, കൊലപാതകവുമായി ബന്ധപ്പെട്ട് ശ്രീ. പി. ടി. തോമസിന് എന്തെങ്കിലും കുറ്റബോധമുണ്ടോ എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ചോദിച്ചത്. എനിക്ക് യാതൊരു കുറ്റബോധവുമില്ലെന്ന് മാത്രമല്ല നിങ്ങളുടെ കൊലയാളി രാഷ്ട്രീയത്തിനെതിരെ തീവ്ര ദുഃഖം എനിക്കുണ്ട്. എനിക്കൊരു കുറ്റബോധവുമില്ല.

ശ്രീ. എ. കെ. ബാലൻ: സർ, ശ്രീ. പി. ടി. തോമസിന്റെ ആ പരാമർശത്തിന് ഞാൻ മറുപടി പറയുന്നില്ല. ഉണ്ടോയെന്നുള്ളത് പരിശോധിച്ചാൽ മതിയെന്നേ ഞാൻ പറഞ്ഞിട്ടുള്ളൂ. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ അടിയന്തരാവസ്ഥ കാലഘട്ടത്തിൽ കേരളത്തിന്റെ സമാരാധ്യനായിട്ടുള്ള ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അനുഭവിക്കേണ്ടിവന്ന പീഡനത്തിന്റെയും മർദ്ദനത്തിന്റെയും കഥ എല്ലാവർക്കുമറിയാം. അങ്ങനെയുള്ള ഒരാൾ ആ ഓർമ്മ പുതുക്കിക്കൊണ്ട് ഇവിടെ മറുപടി പറയുന്ന സമയത്ത് ഇതൊരു മൈതാന പ്രസംഗമാണെന്ന് പറയാൻ എങ്ങനെയാണ് ഇവർക്ക് മനസ്സ് വന്നത്? ഞാൻ മന്ത്രിയായതിനുശേഷം എനിക്ക് തലശ്ശേരിയിൽ ഒരു സ്വീകരണമുണ്ടായിരുന്നു. അതിൽ പ്രസംഗിച്ചത് ശ്രീ. മമ്പറം ദിവാകരനായിരുന്നു. അദ്ദേഹം അവിടെ വച്ച് പറഞ്ഞു 'പിണറായി വിജയനെ കൊലപ്പെടുത്തുന്നതിന് ഗൂഢാലോചന നടത്തിയ ഒരാളാണ് ഞാൻ, പക്ഷെ കിട്ടിയില്ല' എന്ന്. ഒരു കാര്യം കൂടി ഞാൻ പറയുകയാണ്, ശ്രീ. പിണറായി വിജയനെ നശിപ്പിക്കാൻ ഇവർ നടത്തിയിട്ടുള്ള ഗൂഢാലോചന എന്തെന്ന് പറഞ്ഞുകഴിഞ്ഞാൽ ഇന്ത്യൻ രാഷ്ട്രീയത്തിലുള്ള ഒരു നേതാവും ഇതേവരെ അനുഭവിക്കാത്ത, കേട്ടുകേൾവിയില്ലാത്ത സംഭവങ്ങളാണ്. മക്കളെയടക്കം തട്ടിക്കൊണ്ടുപോകാൻ നേതൃത്വം കൊടുത്തു. പക്ഷെ അവരുടെ ഇടയിൽത്തന്നെയുള്ള ചില ആൾക്കാർ ഈ രഹസ്യം ചോർത്തിത്തന്നതുകൊണ്ട് മക്കളെ തട്ടിക്കൊണ്ടുപോകാൻ കഴിഞ്ഞില്ല. ഞങ്ങൾ പറയുകയാണ്, നിങ്ങളുടെ ഔദാര്യത്തിന്റെ മുകളിലൊന്നുമല്ല കേരളത്തിലെ ഇടതുപക്ഷ-കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വളർന്നുവന്നത്. ഇവിടെ ശ്രീ. ഇ. പി. ജയരാജൻ ഉൾപ്പെടെയുള്ള പലരും അവരുടെയൊക്കെതന്നെ ശരീരത്തിൽനിന്നും തെറിച്ചുവീണ രക്തത്തുള്ളികളുണ്ടല്ലോ, അതൊന്നും അവർക്ക് ആലോചിക്കാൻ പറ്റില്ല. ആരുടെയും ഔദാര്യത്തിന്റെ ഭാഗമായിട്ടല്ല ഞങ്ങൾ വളർന്നുവന്നത്. ഇവർക്ക് ഒരേയൊരു ലക്ഷ്യമേയുള്ളൂ. മുഖ്യമന്ത്രിയുടെ ഇമേജിനെ ഇല്ലാതാക്കുക. അതുവഴി ശ്രീ. പിണറായി വിജയനെ ഒറ്റപ്പെടുത്തുക. അതുകൊണ്ട് ഗവൺമെന്റ് എന്ത് ചെയ്തുകഴിഞ്ഞാലും ജനങ്ങളിലേയ്ക്കെത്തിക്കാൻ പറ്റില്ല. 'ഒന്നും ചെയ്യാത്ത ഗവൺമെന്റ്, ഒന്നിനും പറ്റാത്ത ഗവൺമെന്റ്' ഈ സന്ദേശമാണ് അവർ

കൊടുക്കുന്നത്. അത് കേരളത്തിലെ ജനത തിരിച്ചറിയുമെന്നുമാത്രമല്ല ഇതിനെതിരായിട്ടുള്ള ശക്തമായ പ്രതികരണം ഇനി ഈ കേരളം കാണാൻ പോകുന്നുവെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ ഡിമാന്റ് പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ പ്രവാസി ക്ഷേമവുമായി ബന്ധപ്പെട്ട് ചുരുക്കം പ്രശ്നങ്ങൾ മാത്രമേ വന്നിട്ടുള്ളൂ. ഒന്ന് Norka Department Project for Return Emigrants (NDPREM). അത് മടങ്ങിയെത്തുന്ന പ്രവാസി മലയാളികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട പദ്ധതിയാണ്. അതിൽ ലോൺ കിട്ടാനുള്ള കാലതാമസം ഒഴിവാക്കണമെന്ന് പറയുകയുണ്ടായി. ഈ പദ്ധതിയിൽ ഇപ്പോൾത്തന്നെ ധനകാര്യ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇനിയും ഇതിന്റെ ആവശ്യകത പരിശോധിച്ചുകൊണ്ട് വിപുലീകരിക്കാവുന്നതാണ്. ബാങ്കുകളുടെ എണ്ണം ഇതിൽ കൂട്ടുക എന്നുള്ളതാണ് പ്രധാനം. അതിന് ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്. എന്തെങ്കിലും കാലതാമസമുണ്ടെങ്കിൽ അത് ഒഴിവാക്കാൻ കഴിയുന്നതാണ്. മറ്റൊരു പ്രശ്നം പറഞ്ഞത്, വിമാനയാത്രാക്കൂലി വർദ്ധനവാണ്. അത് നമ്മൾ എത്രയോ ചർച്ച ചെയ്തതാണ്. ഞാൻ വീണ്ടും ആവർത്തിക്കേണ്ടതായിട്ടില്ല. ഇത് കുറേ വർഷങ്ങളായി കണ്ടുവരുന്ന ഒരു പ്രവണതയാണ്. കേന്ദ്ര ഗവൺമെന്റിനോട് നമ്മൾ നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അനുകൂലമായ തീരുമാനം ഇതുവരെ ഉണ്ടായിട്ടില്ല. അതുപോലെ വിസ ചീറ്റിംഗ് നടക്കുന്നതുകൊണ്ട് അതിനെതിരെയുള്ള ബോധവൽക്കരണവും വിസ വെരിഫൈ ചെയ്യാനുള്ള സൗകര്യവും വേണമെന്ന ആവശ്യം ഉയരുകയുണ്ടായി. വിസ ചീറ്റിംഗ് തടയുന്നതിന് തൊഴിൽ അന്വേഷിച്ച് പോകുന്നവർക്കായി പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നുണ്ട്, അത് വിപുലപ്പെടുത്താവുന്നതാണ്. ബിസിനസ്സ് സംരംഭങ്ങൾ തുടങ്ങാൻ ഏകജാലക സംവിധാനത്തിന്റെ കാര്യം പറയുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്. എങ്ങനെ ഇത് കൂടുതൽ കാര്യക്ഷമമാക്കാൻ സാധിക്കുമെന്ന് നോക്കാം. ലോക കേരളസഭ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ സർക്കാർ പരിശ്രമിച്ചില്ലെന്ന് പറയുകയുണ്ടായി. അത് വസ്തുതയല്ല. 48 നിർദ്ദേശങ്ങളാണ് ലോക കേരളസഭ മുന്നോട്ടുവച്ചിരുന്നത്. ഇത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരുടെ യോഗം വിശദമായി പരിശോധിക്കുകയുണ്ടായി. ഇതിൽ സമിതി നൽകിയ ശിപാർശകളിൽ 10 പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. ഇപ്പോൾ അതിന്റെ വിവിധ ഘട്ടങ്ങളിലാണ് നിൽക്കുന്നത്. ഇവിടെ പുതിയ പദ്ധതിയും കാഴ്ചപ്പാടും അവതരിപ്പിച്ചില്ല, പകരം കഴിഞ്ഞ സർക്കാരിന്റെ

പദ്ധതികൾ തന്നെയാണ് അവതരിപ്പിക്കുന്നതെന്ന് പറയുകയുണ്ടായി. നമ്മുടെ സംസ്ഥാനം മാത്രമല്ല, രാജ്യവും ലോകവും ശ്രദ്ധിച്ച ഒന്നായിരുന്നു ലോക കേരളസഭയുടെ രൂപീകരണം. അതുതന്നെ നല്ല രീതിയിൽ പ്രവാസ ലോകമാകെ അംഗീകരിച്ച ഒന്നാണ്. നമ്മുടെ നാടിന്റെ വികസന പ്രക്രിയയിൽ പ്രവാസികൾക്കുകൂടി പങ്കാളിത്തം നൽകുക എന്നതാണ് ലോക കേരളസഭയുടെ പ്രധാന ലക്ഷ്യമായി നാം കണ്ടത്. അത്തരമൊരു കാഴ്ചപ്പാടോടെ ആ പദ്ധതി നടപ്പിലാക്കിയപ്പോൾ വിവിധ മേഖലകളിലെ വിദഗ്ദ്ധരുടെ സഹായവും സേവനവും നമുക്ക് ലഭ്യമാകുന്നുണ്ടെന്നാണ് കാണാൻ സാധിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ്: സർ, പ്രവാസികളുടെ പുനരധിവാസം പ്രധാനപ്പെട്ട പദ്ധതിയാണ്. ശ്രീ. കെ. വി. അബ്ദുൾ ഖാദർ ചെയർമാനായ പ്രവാസി സമിതി സഭയിൽ സമർപ്പിച്ച 5-ാമത് റിപ്പോർട്ടിൽ പറയുന്നത്, 2016-17 കാലയളവിൽ, അങ്ങയുടെ ഗവൺമെന്റിന്റെ ഒന്നാം വർഷം അനുവദിച്ചത് 12 കോടി രൂപയും ചെലവഴിച്ചത് 3.75 കോടി രൂപയുമാണെന്നാണ്. 2017-18-ൽ അനുവദിച്ചത് 16.35 കോടി രൂപയും ചെലവഴിച്ചത് 5 കോടി രൂപയുമാണ്. പണം അനുവദിക്കുന്നുണ്ട്. പക്ഷെ ചെലവഴിക്കുന്നില്ല. അങ്ങ് ഇക്കാര്യം പരിശോധിക്കണം.

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ പുതിയ ചില പദ്ധതികൾ ഈ ഘട്ടത്തിൽ നടപ്പിലാക്കാൻ നമ്മൾ ഉദ്ദേശിക്കുന്നുണ്ട്. അതിലൊന്നാണ് എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനി അതോടൊപ്പം എൻ.ആർ.ഐ. കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരണം, എൻ.ആർ.ഐ. കൺസ്ട്രക്ഷൻ കമ്പനി, വനിതാ എൻ.ആർ.ഐ. സെൽ, മൈഗ്രേഷൻ ഫെസിലിറ്റേഷൻ സെന്റർ, പ്രീ എംബാർക്കേഷൻ ഓറിയന്റേഷൻ സെന്റർ, തൊഴിൽ മേഖലയിലുള്ള നമ്മുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള ഹൈപവർ കമ്മിറ്റി, അന്താരാഷ്ട്ര മൈഗ്രേഷൻ സെന്റർ, നോർക്ക ഫെയർ, റിക്രൂട്ട്മെന്റ് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ, പ്രവാസി നിയമസഹായ പദ്ധതി ഇതെല്ലാം പുതിയ പദ്ധതികളാണ്. ഇത് നടപ്പാക്കാനുള്ള വിവിധ ഘട്ടങ്ങളിൽ നിൽക്കുകയാണിപ്പോൾ. ഇവിടെ എല്ലാത്തരം നിക്ഷേപവും കൊണ്ടുവരുന്നതിനും വർദ്ധിപ്പിക്കുന്നതിനുമുള്ള ശ്രമം തന്നെയാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. Ease of Doing Business വഴി K-Swift എന്നുള്ള സോഫ്റ്റ്‌വെയർ മുഖാന്തരം നടപടിക്രമങ്ങളെല്ലാം ലഘൂകരിച്ചിട്ടുണ്ട്. ഇത് യഥാർത്ഥത്തിൽ ഏകജാലക നടപടിയാണ്. ഏതാണ്ട് 165 അപേക്ഷകളാണ് ഇപ്പോൾ ഇത് മുഖാന്തരം തീരുമാനിച്ചു കഴിഞ്ഞിരിക്കുന്നത്. പ്രവാസികൾക്കുവേണ്ടി പ്രത്യേകമായി ഒരു എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ്

കമ്പനി രൂപീകരിക്കാനുള്ള നടപടിക്രമങ്ങളും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനി ബോർഡിൽ പ്രവാസി മലയാളികൾക്കാണ് പ്രാധാന്യം നൽകുന്നത്. ഇതോടൊപ്പം കേരളത്തിലെ നിക്ഷേപ അവസരങ്ങളെക്കുറിച്ച് പ്രവാസികൾക്കിടയിൽ ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ പരിപാടി വ്യവസായ വകുപ്പുമായി ചേർന്ന് നടത്താനാണ് സർക്കാർ ആലോചിക്കുന്നത്.

കേരളത്തിന്റെ വികസന കാര്യങ്ങളിലുള്ള ദൗർബല്യങ്ങൾ പരിഹരിക്കുക, കൂടുതൽ വിദഗ്ദ്ധരുടെ സേവനം ലഭ്യമാകുക എന്നീ ഉദ്ദേശങ്ങളോടെയാണ് ലോക കേരളസഭ രൂപീകരിച്ചത്. അതോടൊപ്പം പ്രവാസികളുടെ പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കി അവ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാരിന് എന്തൊക്കെ ചെയ്യാനാകും എന്നീ കാര്യങ്ങൾകൂടി പരിശോധനാ വിഷയങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. കേരള വികസനത്തിന് പ്രവാസികൾ വലിയ പങ്കാണ് വഹിച്ചിരിക്കുന്നത്. കക്ഷി രാഷ്ട്രീയത്തിനതീതമായി വികസന പ്രവർത്തനം ജനപക്ഷത്തുനിന്നുകൊണ്ട് സംഘടിപ്പിക്കുക എന്ന സമീപനം തന്നെയാണ് സർക്കാരിനുള്ളത്. നമ്മൾ മുന്നോട്ടുവച്ച ഈ കാഴ്ചപ്പാടിന് പ്രവാസികളിൽനിന്ന് വലിയ പിന്തുണയാണ് ലഭിച്ചത്. അതുകൊണ്ടുതന്നെയാണ് ലോക കേരളസഭ രൂപീകരണം കക്ഷി രാഷ്ട്രീയ ഭേദമെന്യേ സ്വാഗതം ചെയ്തത്. ലോക കേരളസഭയിലെ ക്രിയാത്മകമായ ചർച്ചയിലുയർന്നുവന്ന കാര്യങ്ങൾ പ്രാവർത്തികമാക്കാനുള്ള പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാർ നടപ്പാക്കിവരികയാണ്. ഇതൊരു ദീർഘകാല കാഴ്ചപ്പാടിലുള്ള ഇടപെടലും നമ്മുടെ വികസനത്തിന് തുടർച്ചയായി നടക്കേണ്ട ഒന്നുമാണ്. അതിനെ മുന്നോട്ടുകൊണ്ടുപോകുകയെന്നത് കേരളത്തെയും നമ്മുടെ നാട്ടിൽനിന്നും പുറത്തുപോയി നമ്മുടെ നാടിനെ പോറ്റിവളർത്തുന്ന പ്രവാസികളെ ഏറെ സ്നേഹിക്കുകയും ചെയ്യുന്ന ആരും ഏറ്റെടുക്കേണ്ട ഉത്തരവാദിത്വമാണ്. പ്രവാസികളുടെ നിക്ഷേപ സാധ്യതകളെ പ്രയോജനപ്പെടുത്തി സർക്കാർ മുന്നോട്ടുപോകുന്ന അവസരത്തിലാണ് ആന്തൂർ മുനിസിപ്പാലിറ്റിയിലെ കെട്ടിടനിർമ്മാണ പ്രശ്നവുമായി ബന്ധപ്പെട്ടുകൊണ്ട് സാജൻ എന്ന പ്രവാസി ആത്മഹത്യ ചെയ്ത ദാരുണമായ സംഭവമുണ്ടായത്. ഇത് ശ്രദ്ധയിൽപ്പെട്ടപ്പോൾതന്നെ സർക്കാർ ഗൗരവമായ നടപടികൾ സ്വീകരിച്ചു. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തുകൊണ്ട് അന്വേഷണം നടക്കുകയാണ്. അതുമാത്രമല്ല കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വരുത്തേണ്ട ഭേദഗതികളെ സംബന്ധിച്ചും സംസ്ഥാന സർക്കാർ പുതിയ ചട്ടങ്ങൾ നിർമ്മിക്കുന്നതിന് തയ്യാറെടുക്കുന്ന കാര്യവും സഭയിൽ വ്യക്തമാക്കിയിട്ടുണ്ട്. നിയമത്തിൽ

എന്തൊക്കെ മാറ്റങ്ങൾ വരുത്തണം, പ്രവാസി നിക്ഷേപ സൗഹൃദമായി നമ്മുടെ സംസ്ഥാനത്തെ എങ്ങനെ മാറ്റാം, ഇത്തരത്തിലുള്ള പൊതുവായ ചർച്ചകൾ നല്ല നിലയ്ക്ക് രൂപപ്പെടുത്തിയെടുക്കേണ്ട ഉത്തരവാദിത്വപൂർണ്ണമായ ഒരു സമീപനം സ്വീകരിക്കേണ്ടത് ഈ ഘട്ടത്തിലാണ്. അത്തരത്തിലുള്ള ഉത്തരവാദിത്ത ബോധത്തിലേയ്ക്ക് എല്ലാവരും വരേണ്ടതുണ്ടെന്നാണ് എനിക്ക് ഈ ഘട്ടത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ഇത്രയും ഞാൻ പറഞ്ഞത് നിർഭാഗ്യകരമായ ഒരു കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാണ്. നേരത്തെ ഒരു കത്ത് എന്റെ കയ്യിൽ ലഭിക്കുകയുണ്ടായി. അതിൽ പ്രതിപക്ഷ എം.എൽ.എ.-മാരൊക്കെ ലോക കേരളസഭയുമായി ബന്ധപ്പെട്ട സമിതികളിൽനിന്നും പിന്മാറുന്നുവെന്നാണ് പറഞ്ഞിട്ടുള്ളത്. ആന്തൂർ മുനിസിപ്പാലിറ്റിയിൽ മാത്രമല്ല ഏത് മുനിസിപ്പാലിറ്റിയിലായാലും ലൈസൻസ് നൽകുന്ന കാര്യത്തിൽ ഉദ്യോഗസ്ഥർക്ക് മാത്രമാണ് അധികാരമെന്നത് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. പക്ഷെ നഗരസഭ ചെയർപേഴ്സണിനെതിരായി നടപടിയെടുക്കണമെന്ന വിചിത്രവാദമാണ് ഇവിടെ ഉന്നയിക്കപ്പെട്ടത്. ഇത്തരമൊരു സമീപനം എല്ലായിടത്തും സ്വീകരിച്ചാൽ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള ജനപ്രതിനിധികൾ ഏതെല്ലാം കാര്യത്തിൽ കുറ്റവാളികളായി മാറുമെന്ന് നാം ആലോചിക്കേണ്ടതായിട്ടുണ്ട്. രാഷ്ട്രീയ മുദ്രാവാക്യം നമുക്ക് എപ്പോഴും ഉയർത്താം. 'ആന്തൂർ ചെയർപേഴ്സൺ രാജി വയ്ക്കണം" എന്നത് ഒരു രാഷ്ട്രീയ മുദ്രാവാക്യമാണ്. വസ്തുതകളുമായി ബന്ധമില്ലാത്തതാണെങ്കിലും അത്തരമൊരു മുദ്രാവാക്യം ഉയർത്തുന്നതിനുവേണ്ടിയുള്ള അവകാശം എപ്പോഴും പ്രതിപക്ഷത്തിനുണ്ട്. പക്ഷെ അത്തരം രാഷ്ട്രീയ താല്പര്യങ്ങളെ വികസന പ്രശ്നങ്ങളുമായി കൂട്ടിക്കുഴയ്ക്കുന്നത് ശരിയല്ല. വികസനത്തിന്റെ കാര്യത്തിൽ കക്ഷി രാഷ്ട്രീയത്തിനതീതമായി യോജിച്ചുനിൽക്കുമെന്ന് ലോക കേരളസഭയിൽ പ്രവാസികൾക്ക് നൽകിയ സന്ദേശത്തിൽനിന്നുള്ള പിന്നോട്ടുപോക്കായി ഇത് മാറും.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ലോക കേരളസഭയിൽനിന്ന് ഞാൻ രാജിവച്ചതും യു.ഡി.എഫ്. എം.എൽ.എ.-മാർ മാറിനിന്നതും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പരാമർശിക്കുകയുണ്ടായി. അങ്ങേയ്ക്കും അറിയാം ലോക കേരളസഭ ഉണ്ടായപ്പോൾ വ്യത്യസ്ത അഭിപ്രായങ്ങളുണ്ടായിരുന്നെങ്കിലും ആ ഉദ്ദേശങ്ങൾ സമൂഹത്തിനും പ്രവാസി ലോകത്തിനും പ്രയോജനപ്പെടുമെന്നുള്ളതുകൊണ്ടാണ് പൂർണ്ണമായി സഹകരിക്കാൻ തീരുമാനിച്ചത്. പക്ഷെ അതിനുശേഷം കേരളത്തിനുണ്ടായിട്ടുള്ള സംഭവ വികാസങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് രണ്ട് പ്രവാസികളായ, പത്തനാപുരത്ത് സുഗതന്റെയും ഇപ്പോൾ ആന്തൂറിലുമുണ്ടായ സംഭവവുമാണ്. വാസ്തവത്തിൽ അന്ന്

മുഖ്യമന്ത്രി ഇവിടെ പറഞ്ഞ ഒരു കാര്യവും സുഗതന്റെ കാര്യത്തിലും ആന്തൂറിലെ കാര്യത്തിലും ഉണ്ടായിട്ടില്ല. അദ്ദേഹം ഉത്തരവാദിത്വം മുഴുവൻ ഉദ്യോഗസ്ഥരുടെ തലയിൽ കെട്ടിവയ്ക്കുകയാണ് ചെയ്തത്. അവിടെ ഭരണനേതൃത്വത്തിന് പിഴവുപറ്റിയെന്ന് വളരെ ഉത്തരവാദിത്തപ്പെട്ട അങ്ങയുടെ പാർട്ടിയിൽപ്പെട്ട നേതാക്കന്മാർപോലും പരസ്യമായി പൊതുയോഗത്തിൽ സമ്മതിച്ചിട്ടും ഞങ്ങളെ എന്തിനാണ് ഇക്കാര്യത്തിൽ കുറ്റപ്പെടുത്തുന്നത്? അത് മാത്രമല്ല സംസ്ഥാനത്തെ പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ, നമ്മുടെ നാട്ടിൽ മുതൽമുടക്കാൻ വരുന്ന ആളുകൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ അതിനെ ഇങ്ങനെയാണ് കാണുന്നതെങ്കിൽ നാളെ ആരാണ് ഇവിടെ മുതൽമുടക്കാനായി വരുന്നത്? അപ്പോൾ നിങ്ങളുടെ ആറ്റിറ്റ്യൂഡാണ് ഏറ്റവും പ്രധാനം. എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ചൂണ്ടിക്കാണിക്കാം. ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധി മനസ്സിലാക്കിക്കൊണ്ടാണ് ഞങ്ങൾ സഹകരിക്കാൻ തീരുമാനിച്ചത്. പക്ഷെ ഇത്രയും വലിയൊരു സംഭവമുണ്ടായിട്ട് അതിനെ നിസ്സാരവൽക്കരിക്കുകയും ഏതാനും ഉദ്യോഗസ്ഥരെമാത്രം പ്രതിക്കൂട്ടിൽ നിർത്തി മുനിസിപ്പൽ നേതൃത്വത്തെ മുഴുവൻ സംരക്ഷിക്കുകയുംചെയ്ത ഈ നടപടിവഴി അങ്ങ് പ്രവാസി ലോകത്തിന് എന്ത് സന്ദേശമാണ് നൽകുന്നത്? അതുകൊണ്ട് ആ നിലപാടിൽ പ്രതിഷേധിച്ചാണ് ഞങ്ങൾ രാജിവച്ചത്. പ്രവാസികളോടുള്ള ഞങ്ങളുടെ കടപ്പാട് വളരെ വ്യക്തമാണ്, അതവർക്കറിയാവുന്നതാണ്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്താണ് പ്രത്യേക വകുപ്പുണ്ടാക്കി ഒരു മന്ത്രിയെത്തന്നെ ചുമതലപ്പെടുത്തിയത്. അതുകൊണ്ട് ഇക്കാര്യങ്ങളിൽ ഗവൺമെന്റ് ആവർത്തിച്ചെടുക്കുന്ന നിഷേധാത്മകമായ നയംകൊണ്ടാണ് ഞങ്ങൾക്ക് രാജിവയ്ക്കേണ്ടിവന്നത് എന്ന് അങ്ങയിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും സമൂഹത്തെയും അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ സഭയിൽ കാര്യങ്ങൾ അവതരിപ്പിക്കുമ്പോൾ കുറച്ചുകൂടി വസ്തുതാപരമായി പറയണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരളത്തിൽ പ്രവാസി ഡിപ്പാർട്ട്മെന്റ് ആദ്യമായി ഉണ്ടാക്കുന്നത് ഇ. കെ. നായനാർ 1996-ൽ അധികാരത്തിൽ വന്നപ്പോഴാണെന്നുള്ള കാര്യം അദ്ദേഹം മനസ്സിലാക്കണം. രണ്ട്, പ്രവാസികൾക്കുവേണ്ടി എല്ലാ കാര്യങ്ങളും ചെയ്യുമെന്ന് പറഞ്ഞല്ലോ, പ്രവാസികളുടെ പെൻഷൻ വർദ്ധിപ്പിക്കണമെന്ന ആവശ്യം അഞ്ച് വർഷം യു.ഡി.എഫ്. ഭരിച്ചിട്ടും പരിഗണിച്ചില്ല; പക്ഷെ ശ്രീ. പിണറായി വിജയൻ കേരളത്തിന്റെ മുഖ്യമന്ത്രിയായശേഷമാണ് മൂന്നിരട്ടിയായി വർദ്ധിപ്പിച്ചത് എന്നകാര്യംകൂടി ഓർക്കണം.

ശ്രീ. പിണറായി വിജയൻ: സർ, സർക്കാരിന്റെ ഉദ്ദേശശുദ്ധിയെക്കുറിച്ച് പ്രതിപക്ഷനേതാവ് സംശയിക്കേണ്ടതേയില്ല. ഇക്കാര്യത്തിൽ നേരത്തെ സഹകരിക്കുമ്പോഴുള്ളതെന്താണോ അതേ ഉദ്ദേശശുദ്ധിയോടെതന്നെയാണ് സർക്കാർ ഇപ്പോഴും നിൽക്കുന്നത്. ഇവിടെ ഞാൻ പറഞ്ഞുവന്നത് പ്രവാസികളുടെ വൈദഗ്ദ്ധ്യവും നിക്ഷേപവുമൊക്കെ നമ്മുടെ വികസന കാര്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് ആവശ്യമായ ചർച്ചയാണ് ലോക കേരളസഭയിൽ നാം നടത്തിയത്. അതിനെ തകർക്കുന്ന ഒരു സമീപനമായി ഇത് മാറുമെന്നാണ് ഞാൻ ഉദ്ദേശിച്ചത്. കക്ഷിരാഷ്ട്രീയ താല്പര്യത്തിന്റെ പേരിൽ, ഒരു രാഷ്ട്രീയ മുദ്രാവാക്യത്തിന്റെ പേരിൽ ഇത്തരം സമിതികളിൽനിന്ന് രാജിവയ്ക്കുന്ന നിലപാട് നമ്മുടെ നാടിനെക്കുറിച്ചും നമ്മുടെ കേരളത്തെക്കുറിച്ചും തെറ്റായ സന്ദേശം ലോകമെമ്പാടും നൽകുന്നതിന് മാത്രമേ സഹായിക്കുകയുള്ളൂ. അത്തരമൊരു സമീപനം സ്വീകരിക്കുന്നതുവഴി വികസന പ്രവർത്തനങ്ങളിൽനിന്നും കക്ഷിരാഷ്ട്രീയ താല്പര്യങ്ങളുടെ പേരിൽ പിന്തിരിഞ്ഞ് നിൽക്കുന്നവരാണ് കേരളീയർ എന്ന് ഭാവി കേരളം കുറ്റപ്പെടുത്തുന്നതിലേയ്ക്കാണ് നയിക്കുക. അതുകൊണ്ട് പ്രതിപക്ഷനേതാവും പ്രതിപക്ഷാംഗങ്ങളും ഈ സമിതികളിൽനിന്നും പിന്മാറുന്ന തീരുമാനത്തിൽ മാറ്റംവരുത്തുമെന്ന പ്രതീക്ഷയാണ് എനിക്കുള്ളത്. അതിനുള്ള അഭ്യർത്ഥനയാണ് അവരോട് ഈ ഘട്ടത്തിൽ എനിക്ക് നടത്താനുള്ളത്.

4.00 P.M.]

നാടിന്റെ വികസനത്തിനുവേണ്ടി പ്രവാസി മൂലധനം ലഭ്യമാക്കുന്നതിന് ഏതെല്ലാം തരത്തിലുള്ള മാറ്റങ്ങൾ നിയമങ്ങളിലും മറ്റും നടത്താൻ കഴിയുമെന്നത് കൂടുതൽ കാര്യക്ഷമമായി ആലോചിക്കുകയാണ് വേണ്ടത്. അതിന്റെ അടിസ്ഥാനത്തിൽ ലോക കേരള സഭയുടെ ചർച്ചകളെ ക്രിയാത്മകമാക്കി, എന്തെങ്കിലും തരത്തിലുള്ള നിഷേധപ്രശ്നങ്ങൾ ഇല്ലാതാക്കാനുള്ള സമഗ്രമായ സംഭാവനയാണ് ഉത്തരവാദിത്വമുള്ള പ്രതിപക്ഷാംഗങ്ങളിൽനിന്നും നാട് പ്രതീക്ഷിക്കുന്നത്. അത് നിറവേറ്റുന്നതിനുള്ള സമീപനമാണ് പ്രതിപക്ഷാംഗങ്ങൾ സ്വീകരിക്കേണ്ടത്. സമിതികളിൽനിന്ന് പിന്മാറാനുള്ള തീരുമാനം ഏറ്റെടുത്ത ഉത്തരവാദിത്വത്തിൽനിന്നും പ്രവാസികൾക്ക് നൽകിയ ഉറപ്പിൽനിന്നുമുള്ള പിന്മാറ്റമായി മാത്രമേ ജനങ്ങൾ കാണുകയുള്ളൂ. അതുകൊണ്ട് ലോക കേരള സഭയിൽനിന്നും പിന്മാറാനുള്ള പ്രതിപക്ഷ എം.എൽ.എ.-മാരുടെയും പ്രതിപക്ഷ നേതാവിന്റെയും തീരുമാനം പുനഃപരിശോധിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്, അതിനായി ഒന്നുകൂടി അഭ്യർത്ഥിക്കുകയാണ്. നേരത്തെ ഇവിടെ ബഹുമാന്യനായ

കെ. സി. ജോസഫ് ഉന്നയിച്ച ഒരുകാര്യം, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചെലവഴിച്ചതിനേക്കാൾ കൂടുതൽ തുക ഈ സർക്കാർ ചെലവഴിച്ചുവെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നതെന്ന്. 2015-16-ൽ 22 കോടി 4 ലക്ഷം രൂപയാണ് ചെലവഴിച്ചത്. 2016-17-ൽ ചെലവഴിച്ചത് 25 കോടി 19 ലക്ഷം രൂപയാണ്. 2017-18-ൽ ചെലവഴിച്ചത് 36 കോടി 68 ലക്ഷം രൂപയാണ്. 2018-19-ൽ ചെലവഴിച്ചത് 51 കോടി 97 ലക്ഷം രൂപയാണ്. ഇതാണ് കണക്കുകൾ വ്യക്തമാക്കുന്ന കാര്യം. അദ്ദേഹം പറയുകയുണ്ടായി, നോർക്കയ്ക്ക് ഇപ്പോൾ നാഥനില്ലാത്ത അവസ്ഥയാണെന്ന്. പ്രവാസി വകുപ്പിന് നാഥനില്ലാത്ത അവസ്ഥയുണ്ടെന്ന് ആരും പറയുകയില്ല. ഏത് ഘട്ടത്തിലും പ്രവാസികൾക്ക് ബന്ധപ്പെടാനുള്ള കോൾ സെന്റർ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. കോൾ സെന്റർ നല്ല രീതിയിൽ പ്രവർത്തിക്കുകയാണ്. മറ്റ് കാര്യങ്ങളിലേയ്ക്ക് ഞാൻ ഈ ഘട്ടത്തിൽ കടക്കുന്നില്ല. ലോക കേരള സഭയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രതിപക്ഷാംഗങ്ങൾ സ്വീകരിച്ചിട്ടുള്ള സമീപനത്തിൽനിന്ന് പിന്മാറണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഇവിടെ ഉയർന്നുവന്ന രാഷ്ട്രീയ കാര്യങ്ങളെ സംബന്ധിച്ച് അഭിപ്രായം പറയാൻ ചെയർ ആഗ്രഹിക്കുന്നില്ല. ജനാധിപത്യത്തെ സംബന്ധിച്ചിടത്തോളം നമ്മൾ ലോകത്തിന് മുമ്പിൽ പ്രദർശിപ്പിച്ച ഏറ്റവും ഉത്തമമായ ഉദാഹരണങ്ങളിൽ ഒന്നായിരുന്നു ലോക കേരള സഭ. മലയാളികളുള്ള സ്ഥലങ്ങളിലെല്ലാം കേരളമുണ്ട് എന്നൊരു സന്ദേശം നമുക്ക് നൽകാൻ സാധിച്ചു. ഒരുപക്ഷെ മലയാളികൾക്ക് ഒരുമിച്ച് നിൽക്കാൻ കഴിയുന്ന ഏക ഫോറവുമായിരിക്കും ലോക കേരള സഭ. വ്യത്യസ്തമായ അഭിപ്രായങ്ങൾ ഉണ്ടെങ്കിലും ലോക കേരള സഭയുമായി വിട്ടു നിൽക്കാനുള്ള തീരുമാനം പിൻവലിക്കണമെന്ന് ചെയർകൂടി അഭ്യർത്ഥിക്കുകയാണ്. അതിനാവശ്യമായ, നിങ്ങളുടെ വ്യത്യസ്ത അഭിപ്രായങ്ങൾക്ക് സമവായം ഉണ്ടാക്കാൻ ചെയർ മുൻകയ്യെടുക്കും. ദയവായി സഹകരിക്കണമെന്നുള്ള അഭ്യർത്ഥന ചെയറിന്റെ ഭാഗത്തുനിന്ന് വയ്ക്കുകയാണ്.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ മതന്യൂനപക്ഷങ്ങൾ ഇത്രമേൽ ആശങ്കയിലും അസ്വസ്ഥതയിലും ജീവിച്ച കാലം കഴിഞ്ഞ നാലഞ്ച് വർഷങ്ങളാണ്. അത് ഇപ്പോഴും തുടരുന്നുവെന്നുള്ളത് അത്യന്തം ഖേദകരമാണ്. ജീവിക്കാനുള്ള അവകാശംപോലും അവർക്ക്

നിഷേധിക്കപ്പെടുകയാണ്. ബൈക്ക് മോഷണക്കുറ്റം ആരോപിച്ച് ആൾക്കൂട്ടം ഇടിച്ചും അടിച്ചും കൊന്ന ചെറുപ്പക്കാരന്റെ മുഖം മതേതര മനസ്സുള്ളവരെ എത്രമാത്രമാണ് വേദനിപ്പിക്കുന്നതെന്ന് വാക്കുകളിൽ വിവരിക്കാൻ കഴിയില്ല. കുടിയേറ്റക്കാരെന്നും അനധികൃതമായി ജീവിക്കുന്നവരെന്നും മുദ്രകുത്തി ലക്ഷക്കണക്കിന് മനുഷ്യരെയാണ് മതത്തിന്റെ പേരിൽ രാജ്യത്തുനിന്ന് ആട്ടിയോടിക്കാൻ അണിയറയിൽ കേന്ദ്ര ഭരണകൂടം തകൃതിയായി ഒരുക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് എല്ലാവിഭാഗം ജനങ്ങളും സ്നേഹത്തിലും സൗഹൃദത്തിലും ജീവിക്കുന്ന കേരളമെന്ന ചുവന്ന തുരുത്തിൽ ന്യൂനപക്ഷങ്ങളുടെ സമുദ്ധാരണ പദ്ധതികളെക്കുറിച്ചുള്ള ചർച്ച നടക്കുന്നത്. കേരളത്തിലെ എല്ലാവരെയുംപോലെ സുരക്ഷിതരും സംതൃപ്തരുമാണ് മതന്യൂനപക്ഷങ്ങൾ. ഈ അവസ്ഥ ഉണ്ടാക്കിയെടുക്കുന്നതിൽ എല്ലാ മതേതര രാഷ്ട്രീയ പാർട്ടികൾക്കും വിശിഷ്യാ ഇടതുപക്ഷ പാർട്ടികൾക്കുമുള്ള പങ്ക് അനിഷേധ്യമാണ്. ഈ സർക്കാർ വന്നതിനുശേഷം കഴിഞ്ഞ നാല് വർഷമായി സോഷ്യൽ വെൽഫെയർ ഗ്രാന്റ് എന്ന പേരിൽ 5 കോടി 50 ലക്ഷം രൂപയാണ് വഖഫ് ബോർഡിന് നൽകിയിട്ടുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 5 വർഷംകൊണ്ട് നൽകിയ ഗ്രാന്റ് 5 കോടി 57 ലക്ഷം രൂപയായിരുന്നു. ഇക്കഴിഞ്ഞ നാല് വർഷം അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് 4 കോടി 16 ലക്ഷം രൂപയാണ് നൽകിയതെങ്കിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അഞ്ച് വർഷം കൊണ്ട് നൽകിയത് 4 കോടി 11 ലക്ഷം രൂപയാണ്. മൂന്നംഗ വഖഫ് ട്രിബ്യൂണൽ കോഴിക്കോട് ആസ്ഥാനമായി 2019 ജനുവരി 19-ന് പ്രവർത്തനം ആരംഭിച്ചു. വഖഫ് കേസുകൾ മാത്രം കൈകാര്യം ചെയ്യുന്നതിന് കോടതി എന്നുള്ള വളരെയേറെ കാലത്തെ ആവശ്യമാണ് അതിലൂടെ നിവർത്തിക്കപ്പെട്ടത്. അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ കണ്ടെത്തുന്നതിനായി സർവ്വേ കമ്മീഷനെ നിയമിച്ചു. 40 ശതമാനം വഖഫ് സ്വത്തുക്കൾ അന്യാധീനപ്പെട്ട് പോകുന്നത് തടയുന്നതിനുള്ള സർവ്വേ പ്രവൃത്തികൾ ഇതിനകം പൂർത്തിയായി ക്കഴിഞ്ഞിരിക്കുകയാണ്. 1995-ലെ കേന്ദ്ര നിയമമായ വഖഫ് ആക്ടിന് അനുസൃതമല്ലാത്ത ചട്ടങ്ങളായിരുന്നു നിലവിലുണ്ടായിരുന്നത്. ആയത് പരിഷ്കരിച്ച് 2013-ലെ വഖഫ് ചട്ടങ്ങൾ പിൻവലിച്ച്, പുതിയ ചട്ടം 2019 ജനുവരി 7-ന് വിജ്ഞാപനം വഴി പ്രസിദ്ധപ്പെടുത്തി. വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനായുള്ള നടപടികൾ അതിന്റെ അന്തിമഘട്ടത്തിലേയ്ക്ക് നീങ്ങുകയാണ്. കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ആസ്ഥാന മന്ദിരമായ ഹജ്ജ് ഹൗസിനോടനുബന്ധിച്ച് 5 കോടി രൂപ ചെലവിട്ട് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തിൽ വനിതാ ബ്ലോക്കിന്റെ നിർമ്മാണം ആരംഭിക്കാൻ പോകുകയാണ്. വരുന്ന 6-ാം തീയതി (06-07-2019) പ്രസ്തുത

ബ്ലോക്കിന്റെ ശിലാസ്ഥാപനം ബഹുമാന്യനായ മുഖ്യമന്ത്രി നിർവ്വഹിക്കും. ഹജ്ജ് ഹൗസിന്റെ നിർമ്മാണവും വി. എസ്. സർക്കാരിന്റെ കാലത്താണ് നടന്നതെന്നുള്ളത് സാന്ദർഭികമായി ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നു. 2019-ലെ ബഡ്ജറ്റ് വിഹിതമാണ് ഈ പ്രവൃത്തിക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നത്. ഹജ്ജ് എംബാർക്കേഷൻ നാല് വർഷത്തിനുശേഷം കോഴിക്കോട് തിരിച്ചെത്തുകയാണ്. കോഴിക്കോടുനിന്നും കൊച്ചിയിൽനിന്നും ഈ പ്രാവശ്യം ഹാജിമാർ ഹജ്ജിന് യാത്രയാകുന്നുവെന്നുള്ളതാണ് വസ്തുത. 22 ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങളാണ് സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിക്കുന്നത്. കണ്ണനെല്ലൂർ, പട്ടാമ്പി, തലശ്ശേരി എന്നിവിടങ്ങളിൽ ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങൾ അടുത്തമാസം പ്രവർത്തനം ആരംഭിക്കും. 28 ഉപകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 8 പുതിയ പരിശീലന കേന്ദ്രങ്ങൾ തുടങ്ങാൻ കഴിഞ്ഞു. മലപ്പുറം-ആലത്തിയൂർ, കണ്ണൂർ-തലശ്ശേരി, കോഴിക്കോട്-പേരാമ്പ്ര, മലപ്പുറം-വളാഞ്ചേരി, പാലക്കാട്-പട്ടാമ്പി, എറണാകുളം-മട്ടാഞ്ചേരി, ആലപ്പുഴ-കായംകുളം, കൊല്ലം-കണ്ണനല്ലൂർ എന്നീ എട്ട് കേന്ദ്രങ്ങളാണ്. കൂടാതെ പുതിയതായി 7 പരിശീലന കേന്ദ്രങ്ങൾകൂടി തുടങ്ങാനുള്ള പദ്ധതി അവസാന ഘട്ടത്തിലാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി, പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, ഡോ. എ. പി. ജെ. അബ്ദുൾകലാം സ്കോളർഷിപ്പ്, മദർതെരേസ സ്കോളർഷിപ്പ് എന്നീ 4 പുതിയ പദ്ധതികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഏറ്റവും നൂതനമായിട്ടുള്ളൊരു പദ്ധതിയാണ് പ്രീ-മാരിറ്റൽ കൗൺസലിംഗ്. മണ്ഡലാടിസ്ഥാനത്തിൽ ഒന്ന് എന്ന രൂപത്തിൽ എല്ലാ സ്ഥലത്തും പ്രീ-മാരിറ്റൽ കൗൺസലിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് ന്യൂനപക്ഷക്ഷേമ വകുപ്പ് മുൻകയ്യെടുത്തുവരികയാണ്. കോഴിക്കോട് ആസ്ഥാനമായി മദ്രസ അദ്ധ്യാപക ക്ഷേമനിധി ബോർഡ് രൂപീകരിച്ചു. ബോർഡിന് 49,45,000 രൂപ സർക്കാർ ഗ്രാന്റായി നൽകുകയും ചെയ്തു. മദ്രസ അദ്ധ്യാപക ക്ഷേമനിധിയിൽ ഇക്കാലമത്രയും 11113 ആയിരുന്ന അംഗത്വമെങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ പതിനായിരത്തിലധികം ആളുകളെ കൂടുതലായി ചേർത്ത് 21412 ആക്കി വർദ്ധിപ്പിക്കാനായിട്ടുണ്ട്.

ഇവിടെ ബഹുമാന്യനായ അംഗം സി. മമ്മൂട്ടി മലയാളം സർവ്വകലാശാലയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ പറയുകയുണ്ടായി. അദ്ദേഹം എന്റെ പേര് പറഞ്ഞിട്ടില്ല. അദ്ദേഹം വളരെയധികം തപ്പിത്തടഞ്ഞാണ് സംസാരിച്ചത്.

കാരണം ഒരു കളവ് സത്യമാണെന്ന് സ്ഥാപിക്കാൻ ഒരുപാട് പ്രയാസപ്പെടേണ്ടിവരും. അത് അദ്ദേഹം അനുഭവിക്കുന്നത് ഈ സഭ കണ്ടതാണ്. ഇക്കാര്യത്തിൽ ഒരു തരത്തിലുള്ള മാൽപ്രാക്ടീസും അഴിമതിയും നടന്നിട്ടില്ല. 2012 നവംബർ മാസം 1-ാം തീയതിയാണ് മലയാളം സർവ്വകലാശാല നിലവിൽ വരുന്നത്. അതിന്റെ തലേദിവസം 31-10-2012-ൽ G.O.(MS) 537/2012 പ്രകാരം ആതവനാട് വില്ലേജിലെ 100 ഏക്കർ ഭൂമി സർവ്വകലാശാലയ്ക്കുവേണ്ടി ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകി ഉത്തരവായി. അതിന്റെ പേരിൽ പ്രസ്തുത സ്ഥലത്ത് വലിയ പ്രശ്നങ്ങളുണ്ടായി. ആളുകൾ പ്രതിഷേധമുയർത്തി രംഗത്ത് വന്നു. ഇതിനെത്തുടർന്ന് സർവ്വകലാശാലയുടെ വൈസ് ചാൻസലറായിരുന്ന ശ്രീ. കെ. ജയകുമാർ സ്ഥലം സന്ദർശിച്ചു. യു.ഡി.എഫ്. ഭരണകാലത്ത് നമ്മുടെ എല്ലാപേരുടേയും consensus-ൽ നിയമിതനായിട്ടുള്ളത ആളാണ് ശ്രീ. കെ. ജയകുമാർ. അദ്ദേഹം പ്രസ്തുത സ്ഥലം സന്ദർശിച്ചതിനുശേഷം ഒരു നിഗമനത്തിലെത്തുകയുണ്ടായി. സ്ഥലമുടമകളുടെ പ്രതിഷേധവും അഗാധമായ ഗർത്തങ്ങളും കുന്നുകളും പാറക്വാറികളുമുള്ള ഈ സ്ഥലം സർവ്വകലാശാലയുടെ നിർമ്മാണത്തിന് ഒട്ടും അനുയോജ്യമല്ലെന്നും ഈ വസ്തു ലെവൽ ചെയ്യുന്നതിന് വലിയ തുക ചെലവാക്കേണ്ടി വരുമെന്നുള്ളതുകൊണ്ടും അതിനായുള്ള തുടർനടപടികൾ നിർത്തിവയ്ക്കണമെന്നും 6-11-2013-ൽ അദ്ദേഹം മലപ്പുറം ജില്ലാ കളക്ടർക്ക് കത്ത് നൽകി. അങ്ങനെയാണ് 12-3-2015-ന് ചേർന്ന സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ അംഗീകരിച്ചുകൊണ്ട് മലയാളം സർവ്വകലാശാലയ്ക്കുവേണ്ടി വെട്ടം വില്ലേജിലെ 696.48 ആർ. ഭൂമി നെഗോഷിയേറ്റഡ് പർച്ചേസ് വഴി ഏറ്റെടുക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 22-4-2015-നാണ് റവന്യൂ വകുപ്പിൽനിന്നും ഉത്തരവ് പുറത്തിറങ്ങിയത്. ഇപ്പോൾ ഭൂമി ഏറ്റെടുത്തത് പ്രസ്തുത ഉത്തരവുപ്രകാരമാണ്. ഇതേത്തുടർന്ന് പ്രസ്തുത സ്ഥലം പരിവർത്തനം ചെയ്യുന്നതിന്, അതിൽ paddy land ഉണ്ടായിരുന്നു. നമുക്കറിയാം നമ്മുടെ നാട്ടിൽ വലിയ തെങ്ങുകളുള്ള തെങ്ങുംപറമ്പുവരെ നിലം എന്നുള്ള കാറ്റഗറിയിലാണ് ഉൾപ്പെടുത്തപ്പെട്ടിട്ടുള്ളത്. അതുകൊണ്ടുതന്നെ ഇതിലും അത്തരത്തിലുള്ള സ്ഥലങ്ങളും ചതുപ്പുനിലവും കണ്ടൽക്കാടുകളും എല്ലാമുണ്ടായിരുന്നു. അവ പരിവർത്തനം ചെയ്യുന്നതിന് 9-7-2015-ന് കൃഷി വകുപ്പിൽനിന്ന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അതിന്റെ കോപ്പിയും ഇവിടെയുണ്ട്. അത് ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്[1]. 23-9-2015-ലെ G.O.(RT)No.2507/2015 ഉത്തരവ് അനുസരിച്ച് തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലയ്ക്ക് ഭൂമി വാങ്ങുന്നതിന് രജിസ്ട്രാർക്ക്

1 ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അനുമതി നൽകുകയും തിരൂർ താലൂക്കിൽ വെട്ടം വില്ലേജിൽ സ്ഥലം നെഗോഷിയേറ്റ് ചെയ്ത് വാങ്ങുന്നതിന് 25 കോടി രൂപയുള്ള ഭരണാനുമതി ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്ന് പുറപ്പെടുവിക്കു കയും ചെയ്തു. മലപ്പുറം ജില്ലാ കളക്ടർ അദ്ധ്യക്ഷനായ വില നിർണ്ണയ സമിതി 22-2-2016-ന് യോഗം ചേർന്ന് പ്രസ്തുത സ്ഥലത്തിന് സെന്റ് ഒന്നിന് 1,70,000 രൂപ നിരക്കിൽ വില നിശ്ചയിച്ചു. എന്നും സർക്കാർ കാര്യത്തിനുവേണ്ടി ഏറ്റെടുക്കണമെങ്കിലുള്ള നടപടിക്രമങ്ങൾ പാലിച്ചതിനു ശേഷമാണ് 1,70,000 രൂപയെന്നത് നിശ്ചയിച്ചത്. ഇതേസമയം ഈ വില കൂടുതലാണെന്നും സർവ്വകലാശാലയ്ക്ക് ആവശ്യമായ സ്ഥലം തിരൂർ മുനിസിപ്പാലിറ്റിയിൽത്തന്നെ സെന്റൊന്നിന് 1,20,000 രൂപയ്ക്ക് നൽകാൻ തയ്യാറാണെന്നും അറിയിച്ച് ബെഞ്ച്മാർക്ക് എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന സ്ഥാപനം, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 17-6-2016-ന് സർക്കാരിന് നിവേദനം നൽകി. ഇതുസംബന്ധിച്ച് 10-7-2017-ന് യു.ഡി.എഫ്.-കാലത്ത് നിയമിതനായ സർവ്വകലാശാല വൈസ് ചാൻസലർ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ 11.11.2016-ന് സർവ്വകലാശാല രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി മേൽപരാമർശിച്ച രണ്ട് സ്ഥലങ്ങളുടെയും താരതമ്യ യോഗ്യത വിലയിരുത്തി വെട്ടം വില്ലേജിലെ നിർദ്ദിഷ്ട ഭൂമിയാണ് സർവ്വകലാശാലയ്ക്ക് അനുയോജ്യമെന്ന് റിപ്പോർട്ട് നൽകിയ വിവരം അറിയിക്കുകയുണ്ടായി. പ്രസ്തുത വിദഗ്ദ്ധ സമിതിയിൽ താഴെപ്പറയുന്നവരായിരുന്ന അംഗങ്ങൾ:-

1. പ്രൊഫ. ടി. പി. സോമസുന്ദരൻ, എൻ.ഐ.ടി., കോഴിക്കോട്.
2. പ്രൊഫ. ആർ. എസ്. ചന്ദ്രശേഖര നാടാർ, എൻ.ഐ.ടി., കാലിക്കറ്റ്.
3. ശ്രീ. പി. എസ്. സലാഹുദ്ദീൻ, പ്രിൻസിപ്പാൾ, എസ്.എസ്.എം. പോളിടെക്നിക്ക് (കുട്ടി അഹമ്മദ് കുട്ടി സാഹിബ് സെക്രട്ടറിയായിട്ടുള്ള പോളിടെക്നിക്ക്)
4. ഡോ. കെ. എം. ഭരതൻ, രജിസ്ട്രാർ, മലയാളം യൂണിവേഴ്സിറ്റി.
5. ഡോ. എം. ശ്രീനാഥൻ, മലയാളം യൂണിവേഴ്സിറ്റി.
6. ഡോ. ടി. അനിതകുമാരി, പ്രൊഫസർ, മലയാളം യൂണിവേഴ്സിറ്റി.
7. ശ്രീ. ജയരാജൻ, വകുപ്പ് മേധാവി, ബ്രിട്ടീഷ് സെൻട്രൽ ലൈബ്രറി, ഡൽഹി
8. ശ്രീ. മോഹനനാഥ ബാബു, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

ഇവരിൽ 5 പേരും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അവരിരിക്കുന്ന പദവികളിൽ വന്നിട്ടുള്ളവരാണ്. കൂടാതെ നേരത്തെ ഏറ്റെടുക്കാൻ നിശ്ചയിച്ചിരുന്ന സ്ഥലത്തിന്റെ വിലക്കൂടുതൽകൊണ്ടും കുറഞ്ഞവിലയ്ക്ക് സ്ഥലം ലഭ്യമാണെന്ന അവകാശവാദം നിലനിൽക്കുന്നതിനാലും പരിസ്ഥിതി പ്രശ്നങ്ങൾ ഉയർത്തി പ്രാദേശിക പ്രതിഷേധങ്ങളുണ്ടായത് കണക്കിലെടുത്തും മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിലും ടി രണ്ട് സ്ഥലങ്ങളും പരിശോധിച്ച് അനുയോജ്യതാ റിപ്പോർട്ട് നൽകുന്നതിന് താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി സർക്കാർ 9-11-2017-ന് ഒരു വിദഗ്ദ്ധ സമിതിയെക്കൂടി നിയമിച്ചു.

1. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.

2. ചെയർമാൻ, ജൈവ വൈവിധ്യ ബോർഡ്.

3. ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്.

ഇവർ മൂന്നുപേരായിരുന്നു പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ. ഈ കമ്മിറ്റി സർക്കാരിന് നൽകിയ റിപ്പോർട്ടിലും അനുയോജ്യത, വില എന്നിവ പരിഗണിച്ച് വെട്ടം വില്ലേജിലെ ഭൂമി സർവ്വകലാശാല ആസ്ഥാനം നിർമ്മിക്കുന്നതിന് ഉചിതമാണെന്ന് ശിപാർശ ചെയ്യുകയുണ്ടായി. ചുരുക്കത്തിൽ യു.ഡി.എഫ്. കാലത്ത് നിയമിച്ച ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി യു.ഡി.എഫ്. നിയമിച്ച വൈസ് ചാൻസലർ നിയോഗിച്ച സമിതിയും 9-11-2017-ന് ഈ സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതിയും ശിപാർശ ചെയ്ത സ്ഥലം ഒന്നുതന്നെയായിരുന്നു. ഇതേത്തുടർന്ന് 30-5-2017-ൽ ചേർന്ന മലപ്പുറം ജില്ലാ കളക്ടർ അദ്ധ്യക്ഷനായ വിലനിർണ്ണയ സമിതിയാണ് വീണ്ടും നെഗോഷിയേറ്റ് ചെയ്ത് ഭൂമിയുടെ വില സെന്റൊന്നിന് പതിനായിരം രൂപവീതം കുറച്ച് 1,60,000 രൂപയായി നിശ്ചയിച്ചത്. ഇതുവഴി ഖജനാവിന് 1,10,00,000 രൂപയുടെ നേട്ടമാണുണ്ടായത്. 1,70,000 രൂപ എന്നുള്ളത് 1,60,000 രൂപയായി കുറച്ചത് അഴിമതിയാണെങ്കിൽ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിൽ എനിക്ക് യാതൊരു മടിയുമില്ല. ഈ സന്ദർഭത്തിൽ 31-10-2012-ന് സർക്കാർ ഭരണാനുമതി നൽകിയ ആതവനാട് വില്ലേജിലെ ഭൂമി സർവ്വകലാശാലയുടെ നിർമ്മാണത്തിനായി ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് W.P.C No. 15/427/2018 ആയി ശ്രീ. അലിയും മറ്റ് അഞ്ച് പേരും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്യുകയുണ്ടായി.

9-1-2019-ലെ ഉത്തരവുപ്രകാരം പരാതിക്കാരെ കേട്ടതിനുശേഷം ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ ബഹുമാനപ്പെട്ട ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിച്ചു. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ അപ്പീൽ നൽകിയതിനെത്തുടർന്ന് വെട്ടം വില്ലേജിലെ ഭൂമി ഏറ്റെടുക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും നിയമപരമായി തടസ്സമില്ലെന്ന് വ്യക്തമാക്കി ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബെഞ്ച് 29-3-2019-ൽ ഉത്തരവിട്ടു. ഇതനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് ആദ്യ ഗഡുവായി സർക്കാർ ഒൻപത് കോടി രൂപ അനുവദിച്ച് തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. 2012-ൽ ഭരണാനുമതി നൽകിയ ആതവനാട് വില്ലേജിലെ ഭൂമി ഏറ്റെടുക്കുന്നതിനെ എതിർത്ത സ്ഥലമുടമകൾതന്നെ പിന്നീട് അതേസ്ഥലം ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് രംഗത്തുവരികയും നിയമനടപടികൾ കൈക്കൊള്ളുകയും ചെയ്തതിനുപിന്നിൽ നിക്ഷിപ്ത താൽപ്പര്യക്കാരുടെ സാമ്പത്തികമോഹവും സർക്കാരിന്റെ പണം തട്ടിയെടുക്കാനുള്ള ഗൂഢലക്ഷ്യവുമായിരുന്നുവെന്നത് വ്യക്തമാണ്. സർവ്വകലാശാലയുടെ സ്ഥാപനത്തിന് ഒട്ടും അനുയോജ്യമല്ലെന്ന് വൈസ് ചാൻസലറും സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി ജനറൽ കൗൺസിലും ശക്തിയുക്തം അഭിപ്രായപ്പെട്ട സ്ഥലംതന്നെ വാങ്ങി സർവ്വകലാശാല സ്ഥാപിക്കണമെന്ന് അഭിപ്രായപ്പെടുന്നവരുടെയും അതിന് വക്കാലത്തേറ്റെടുക്കുന്നവരുടേയും താൽപ്പര്യമെന്താണെന്ന് ഞാൻ പറയാതെതന്നെ നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടാകും. നമ്മുടെ ഭാഷാ പിതാവായ തുഞ്ചത്തെഴുത്തച്ഛന്റെ നാമധേയത്തിൽ ആരംഭിച്ച മലയാളം സർവ്വകലാശാലയ്ക്ക് NAAC (National Assessment and Accreditation Council) അക്രെഡിറ്റേഷൻ നേടിയെടുക്കാനും മലയാളം സർവ്വകലാശാലയെ നമ്മുടെ സംസ്ഥാനത്തിന്റെ അഭിമാനസ്തംഭമായി വളർത്തിയെടുക്കാനുമുള്ള സത്വര നടപടികളുമായി സർക്കാർ മുന്നോട്ട് പോകുകയാണ്. ഇത്തരമൊരു ഘട്ടത്തിൽ ഇങ്ങനെയൊരു ആരോപണം എന്തിനാണ് ഉന്നയിച്ചതെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഈ സ്ഥലം കണ്ടെത്തിയതും വിലനിർണ്ണയിച്ചതും ഈ സർക്കാരല്ല. എല്ലാ നടപടിക്രമങ്ങളും പാലിച്ചാണ് സ്ഥലം നൽകപ്പെട്ടിട്ടുള്ളത്. 22-2-2016-ൽ വിലനിർണ്ണയ സമിതി ഭൂമിയുടെ വില 1,70,000 രൂപയാണെന്ന് തീരുമാനിച്ച് ഒൻപത് മാസം കഴിഞ്ഞ്

29-11-2016-ലാണ് ബഹുമാനപ്പെട്ട അംഗം സി. മമ്മൂട്ടി ഭൂമിയുടെ വില കൂടുതലാണ് അത് പുനഃപരിശോധിക്കണം എന്നുപറഞ്ഞ് സംസ്ഥാന സർക്കാരിന് കത്ത് നൽകുന്നത്. ഇങ്ങനെയാണെങ്കിൽ നമ്മുടെ സംസ്ഥാനത്ത് ഒരു സർക്കാർ സ്ഥാപനത്തിനും സ്ഥലമേറ്റെടുക്കാൻ കഴിയില്ല. കാരണം, നമ്മൾ ഒരു തീരുമാനത്തിലേയ്ക്ക് അടുത്തുകൊണ്ടിരിക്കുമ്പോൾ വേറെ ഏതെങ്കിലും ആളുകൾ മറ്റൊരു ഓഫർ പറയും. അവയൊന്നും യാഥാർത്ഥ്യമാവില്ല. കാരണം, നേരത്തെതന്നെ അതിന്റെ എല്ലാ പരിശോധനകളും നടന്നിരുന്നു. പിന്നെ ഇവിടെ സൂചിപ്പിച്ചത് ആധാരത്തിലെ വിലയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് അറിയാമല്ലോ; ആധാരത്തിലെ വിലയ്ക്ക് ആരെങ്കിലും ഈ ഭൂമുഖത്ത് അവരുടെ സമ്പത്ത് നൽകുമോ? ഞാൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവർകളോട് ചോദിക്കുന്നു, അങ്ങയുടെ ആധാരത്തിൽ പറഞ്ഞ വില നൽകി അങ്ങയുടെ സ്വത്ത് മുഴുവൻ ഏറ്റെടുക്കാൻ ഇവിടെ എത്രയോ ആളുകൾ തയ്യാറുണ്ടാകും. അതല്ല പ്രശ്നം, നെഗോഷിയബിൾ പർച്ചേസ് എന്നുപറയുന്നത് ഒരു കളക്ടർക്കും/ഉദ്യോഗസ്ഥനും സ്വന്തമായി ചെയ്യാൻ സാധിക്കുന്നതല്ല. അതിന് നടപടിക്രമങ്ങളുണ്ട്. അതെല്ലാം പാലിച്ചാണ് യു.ഡി.എഫ്. ഭരണകാലത്ത് നടന്നത്. ഇത് യാഥാർത്ഥ്യമാകുന്നത് ഈ സർക്കാരിന്റെ കാലത്താണെന്ന വ്യത്യാസമല്ലാതെ മറ്റൊന്നുമില്ലെന്ന് ഞാൻ ഈ സഭയെ അറിയിക്കുന്നു. 1,70,000 രൂപ എന്നത് 1,60,000 രൂപയാക്കി ചുരുക്കിയെന്നുള്ള ഒരു അപരാധം മാത്രമേ ഞങ്ങൾ ചെയ്തിട്ടുള്ളൂ.

ശ്രീ. സി. മമ്മൂട്ടി: സർ, ഇവിടെ പറഞ്ഞത്, കളക്ടറുടെ റിപ്പോർട്ട് ലഭിച്ചാൽ മാത്രമാണ് അവിടെ നെഗോഷിയേഷൻ നടന്നത് എന്നാണെന്നും റേറ്റ് എന്താണെന്നും അറിയുകയുള്ളൂ എന്നാണ്. 2016 ജൂൺ മാസത്തിലാണ് റിപ്പോർട്ട് നൽകിയതെന്ന് കളക്ടർ റിപ്പോർട്ടിൽത്തന്നെ പറയുന്നുണ്ട്. അത് ലഭിച്ച് വിവരം അറിഞ്ഞപ്പോഴാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻ പരാതി നൽകുകയും അദ്ദേഹം അന്വേഷിക്കാമെന്ന് പറയുകയും ചെയ്തത്. രജിസ്റ്റർ ചെയ്തുകൊടുത്ത ഉടമയും വാങ്ങിയ ആളും തമ്മിലുള്ള എഗ്രിമെന്റാണിത്. സെന്റിന് 9,000 രൂപ പ്രകാരം കച്ചവടം നടത്തിയെന്നു പറയുന്ന എഗ്രിമെന്റാണിത്.(എഗ്രിമെന്റിന്റെ കോപ്പി ഉയർത്തിക്കാണിച്ചു.)

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചു, അതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു. അന്തിമ തീരുമാനമെടുക്കൽ ഇവിടെ സാധിക്കുകയില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പരാതി ഉയർന്ന സന്ദർഭത്തിൽ, ഞാൻ തന്നെയാണ് 2017 ജൂലൈ 7-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എന്റെ കവറിംഗ് ലെറ്റർ ഉൾപ്പെടെ ശ്രീ. സി. മമ്മൂട്ടി, എം.എൽ.എ.-യുടെ കത്ത് നൽകുന്നത്. ഇത് തർക്കിക്കാൻ പറയുന്നതല്ല. മലയാളം സർവ്വകലാശാല ആരംഭിച്ചതും അത് തിരൂർ തുഞ്ചൻ പറമ്പിൽ വേണമെന്ന് നിർദ്ദേശിച്ചതും ഉമ്മൻ ചാണ്ടി സർക്കാരാണ്. ഭൂമിയുടെ വിലയുമായി ബന്ധപ്പെട്ടാണ് ഇവിടെ പ്രശ്നം. 9,000 രൂപയെന്നുള്ളത് പ്രമാണത്തിൽ കാണിച്ചുവെന്ന് ഞാൻ പറയുന്നില്ല. 1,70,000 രൂപയിൽ പതിനായിരം രൂപ കുറച്ചുവെന്നും അത് വലിയ നേട്ടമാണെന്ന് പറഞ്ഞ് 17 കോടി രൂപ നഷ്ടപ്പെടുത്തിയ മന്ത്രിയാണ് ഈ കാര്യങ്ങളിവിടെ വിശദീകരിക്കുന്നത്. മാത്രവുമല്ല, പ്രസ്തുത ഭൂമിയിലെ 5.76 ഹെക്ടർ ഭൂമി കണ്ടൽക്കാടും ചതുപ്പുനിലവും ഒഴിച്ചുനിർത്തിയാൽ, 1.42 ഹെക്ടർ ഭൂമിയിൽ മാത്രമേ കെട്ടിടം പണിയാൻ സാധിക്കൂ. ഈ ഭൂമിയിൽ എങ്ങനെ കെട്ടിടം നിർമ്മിക്കും? വളരെ ബോധപൂർവ്വം റിയൽ എസ്റ്റേറ്റിൽ താൽപര്യമുള്ള ആളുകളെ സഹായിക്കാൻ ഈ ഭൂമിയെടുത്തു എന്നതാണ് പ്രശ്നം. അതാണ് ഇവിടെ അഴിമതിയുണ്ടെന്ന് നമ്മൾ ചൂണ്ടിക്കാണിക്കുന്നത്. ഇതുസംബന്ധിച്ച് ഒരന്വേഷണത്തിന് മുഖ്യമന്ത്രി തയ്യാറാകണം. 1971-ൽ സി. അച്യുതമേനോൻ മുഖ്യമന്ത്രി ആയിരുന്നപ്പോൾ വെള്ളാനിക്കരയിലെ എസ്റ്റേറ്റ് എടുത്തതുമായി ബന്ധപ്പെട്ട് സ്വന്തം പാർട്ടിക്കാർക്കെതിരെ ആരോപണമുണ്ടായി. അദ്ദേഹമാണ് റവന്യൂ ഒന്നാം നമ്പർ മെമ്പർ രാമൻകുട്ടിയെ അന്വേഷണത്തിനായി നിയോഗിച്ചത്. റിപ്പോർട്ട് ലഭിക്കുകയും അതിനെപ്പറ്റി ജുഡീഷ്യൽ അന്വേഷണം നടത്താൻ ആർജ്ജവവും കാണിച്ച സി. അച്യുതമേനോന്റെ പാത ശ്രീ. പിണറായി വിജയൻ പിൻതുടരുമോ എന്നാണ് അറിയേണ്ടത്.

ഡോ. കെ. ടി. ജലീൽ: സർ, 30-5-2017-ലാണ് സ്ഥലം ഉടമകളുൾപ്പെടെ 15 പേരും വെട്ടം ഗ്രാമപഞ്ചായത്തിലെ കോൺഗ്രസ്സിന്റെ പഞ്ചായത്ത് അംഗവുമുൾപ്പെടെ കളക്ടറുടെ ചേമ്പറിൽ ഡെപ്യൂട്ടി കളക്ടർമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി യോഗം ചേർന്ന് 1,60,000 എന്ന തുക തീരുമാനിക്കുന്നത്. ഈ സർക്കാരല്ല. 1,70,000 രൂപയ്ക്കാണ് യു.ഡി.എഫ്. ഭരണകാലത്ത് തീരുമാനിച്ചത്.

അതേ ഭൂമിയാണ് ഇപ്പോൾ ഏറ്റെടുത്തിരിക്കുന്നത്. അല്ലാതെ പുതിയതായി ഇതിലൊന്നും ഈ സർക്കാർ ചെയ്തിട്ടില്ല. ഞാനൊരു പറമ്പ് കച്ചവടക്കാരനല്ല. ഞാൻ ഇന്നുവരെ ഒരു കമ്മീഷൻ വാങ്ങിയിട്ടുമില്ല. യഥാർത്ഥത്തിൽ സംഭവിച്ചത് ഇവരുമായിട്ടൊക്കെയുള്ള ബന്ധത്തിൽ ചില അസ്വാരസ്യങ്ങൾ പിന്നീടുണ്ടായി, അതേത്തുടർന്നാണ് പ്രസ്തുത ഭൂമി ഏറ്റെടുക്കേണ്ടെന്നുള്ള നിലയിലേയ്ക്ക് ഇവിടെയുള്ള ചില ആളുകളെ കരുവാക്കി ചില കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതെന്ന് മാത്രമേ അതുസംബന്ധിച്ച് പറയുന്നുള്ളൂ. ഇതൊരുതുറന്ന പുസ്തകമാണ്, ഞങ്ങൾക്ക് ഇതിൽ ഒരു ഭയപ്പാടുമില്ല. കാരണം, യഥാർത്ഥത്തിൽ ഈ അടിയന്തരപ്രമേയം ബഹുമാനപ്പെട്ട അബ്ദു റബ്ബ് സാഹിബിനെതിരായി ശ്രീ. സി. മമ്മൂട്ടി സാഹിബ് കൊണ്ടുവന്നതാണെന്ന വിശ്വാസമാണ് എന്നെ സംബന്ധിച്ചിടത്തോളമുള്ളത്. ശ്രീ. അബ്ദു റബ്ബ് സാഹിബാണ് ഇക്കാര്യത്തിൽ എല്ലാ തീരുമാനവുമെടുത്തതെന്ന കാര്യവുംകൂടി ഞാൻ സഭയെ അറിയിക്കുന്നു. ഇത് അസംബന്ധമാണ്. ശ്രീ. കെ. ജയകുമാർ ജീവിച്ചിരിപ്പുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, അങ്ങ് ഇഷ്ടപ്പെടുന്ന ഒരു ഉദ്യോഗസ്ഥനല്ലേ അദ്ദേഹം. ഇതിൽ എന്തെങ്കിലും തരത്തിലുള്ള ഇടപെടൽ എന്റെ ഭാഗത്തുനിന്നോ, പ്രൊഫ. സി. രവീന്ദ്രനാഥിന്റെ ഭാഗത്തുനിന്നോ ഈ മൂന്ന് വർഷത്തിനിടയിൽ ഉണ്ടായിട്ടുണ്ടോയെന്ന് അങ്ങ് ശ്രീ. കെ. ജയകുമാറിനോട് അന്വേഷിച്ച് മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഒരു ആരോപണമുന്നയിക്കണമെന്ന് ശ്രീ. സി. മമ്മൂട്ടി എഴുതി ആവശ്യപ്പെടുകയും ഉന്നയിക്കുകയും ബഹുമാനപ്പെട്ട മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അതിൽ പ്രതികരിച്ചു. ആരോപണത്തിന്റെ സ്ഥിതിവിവരക്കണക്ക് നോക്കി സത്യാവസ്ഥ പരിശോധിക്കേണ്ട സ്ഥലമല്ല നിയമസഭ. ഇത് ഉന്നയിക്കപ്പെടാനുള്ള സൗകര്യമൊരുക്കൽ മാത്രമേ ഇവിടെ നടക്കുകയുള്ളൂ. നിരന്തരമായി പരസ്പരം ചർച്ച നടത്തി അന്തിമ തീരുമാനമെടുക്കാൻ ഇവിടെ കഴിയില്ല. അത് പ്രായോഗികമല്ല. നിയമസഭയിൽ ഇത് ഉന്നയിക്കാം, സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാം. മറുപടി ലഭിച്ചു. ബാക്കി നിയമപരമായുള്ള നടപടികൾ സ്വീകരിക്കാം. ഇവിടെ നമുക്ക് തീർപ്പ് കൽപ്പിക്കാൻ കഴിയുകയില്ല.

ഡോ. എം. കെ. മുനീർ: സർ,.....

<u>മി. സ്പീക്കർ</u>: പ്ലീസ്... പ്ലീസ്.... ഇരിക്കു... ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീൽ കൺക്ലൂഡ് ചെയ്യൂ. നിങ്ങളുടെ എല്ലാവരുടേയും ചോദ്യോത്തരത്തിനുള്ള സ്ഥലമല്ല, പ്ലീസ്.. അത് ശരിയല്ല. സാദ്ധ്യമല്ല. ബഹുമാനപ്പെട്ട മന്ത്രി കൺക്ലൂഡ് ചെയ്യൂ. പ്ലീസ്...ഏതെങ്കിലുമൊരു ആരോപണം സഭയിൽ വച്ച് അന്തിമ തീർപ്പ് കൽപ്പിക്കാൻ കഴിയുമോ? ഇനിയും ഉന്നയിക്കാം. അന്തിമതീർപ്പ് കൽപ്പിക്കാൻ കഴിയുമോ? കഴിയില്ല. പ്രതിപക്ഷനേതാവ് സംസാരിച്ചു. പ്ലീസ്... ഇരിക്കു... അങ്ങനെയൊരു രീതിയില്ല.

(മലയാളം സർവ്വകലാശാല ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട വിഷയത്തിൽ മന്ത്രി നടത്തിയ പരാമർശത്തിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

## ധനാഭ്യർത്ഥന നമ്പർ VIII എക്സൈസ്

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ പ്രസ്സ് ചെയ്യപ്പെട്ടില്ല)

<u>മി. സ്പീക്കർ</u>: ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIV തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ പ്രസ്സ് ചെയ്യപ്പെട്ടില്ല)

<u>മി. സ്പീക്കർ</u> : ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXV

## പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ പ്രസ്സ് ചെയ്യപ്പെട്ടില്ല)

മി. സ്പീക്കർ : ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ചർച്ചകൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ

മി. സ്പീക്കർ: സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനുമെന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടേയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പലവക സാമ്പത്തിക സർവ്വീസുകളെന്ന എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും നഷ്ടപരിഹാരവും അവകാശകൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2019-2020 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ധനാഭ്യത്ഥനകൾ പാസ്സായിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 ജൂൺ മാസം 28-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.33-ന് പിരിഞ്ഞു.)

## അനുബന്ധം

### 13-6-2019-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2210-ന് നൽകിയ പുതുക്കിയ മറുപടി

### ക്ഷേത്രങ്ങൾ സംരക്ഷിക്കാൻ പുരാവസ്തു വകുപ്പ് നടപടി

ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അത്യപൂർവ്വമായ കൊത്തുപണികൾകൊണ്ടും ചുവർചിത്രമെഴുത്ത് കൊണ്ടും പ്രശസ്തമായ മടിയൻകൂലോം ഉദിനൂർ ക്ഷേത്രപാലക ക്ഷേത്രം, ചെറുവത്തൂർ വീരഭദ്രക്ഷേത്രം എന്നിവ സംരക്ഷിക്കാൻ പുരാവസ്തു വകുപ്പിൽനിന്നും നടപടിയുണ്ടാകുമോ എന്നറിയിക്കാമോ?

### ഉത്തരം

കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ സ്ഥിതിചെയ്യുന്ന മടിയൻ കൂലോംക്ഷേത്രം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിനായി ടി ക്ഷേത്രത്തിന്റെ റവന്യൂ വിശദവിവരം പുരാവസ്തു വകുപ്പ് ഡയറക്ടർ കാസർഗോഡ് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ജില്ലാ കളക്ടർ ലഭ്യമാക്കിയ റവന്യൂ വിശദവിവരത്തിൽ അപാകതയുള്ളതിനാൽ ആയത് പരിഹരിച്ച് എഫ്.എം.ബി. സ്കെച്ച്, പ്ലാൻ എന്നിവയുൾപ്പെടെ റിപ്പോർട്ട് ലഭ്യമാക്കാൻ 26-11-2018-ന് വീണ്ടും കത്ത് നൽകിയിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമായാലുടൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഉദിനൂർ ക്ഷേത്രപാലക ക്ഷേത്രം കൊട്ടാരം 2011 മുതൽ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാണ്.

ചെറുവത്തൂർ വീരഭദ്രക്ഷേത്രം നിലവിൽ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമല്ല. ആയത് 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം പരിശോധിച്ച് സംരക്ഷിതയോഗ്യമാണെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്.